# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### രണ്ടാം സമ്മേളനം

### 2016 ഒക്ടോബർ 26, ബുധൻ

# ഔദ്യോഗിക റിപ്പോർട്ട്

## വാല്യം 163 - നമ്പർ 16

വില : ₹ 50

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

2016 ഒക്ടോബർ 26, ബുധൻ

സ്പീക്കർ
**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

ഡെപ്യൂട്ടി സ്പീക്കർ
**ശ്രീ. വി. ശശി**

സെക്രട്ടറി
**ശ്രീ. വി. കെ. ബാബുപ്രകാശ്**

ചീഫ് എഡിറ്റർ
**ശ്രീ. ബി. മഹേന്ദ്ര കുമാർ**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

1136/2017.

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. പിണറായി വിജയൻ |
| പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ബാലൻ |
| റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : | ശ്രീ. ഇ. ചന്ദ്രശേഖരൻ |
| തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | : | ഡോ. കെ. ടി. ജലീൽ |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. മാത്യു ടി. തോമസ് |
| മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി | : | ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ |
| സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി | : | ശ്രീ. എ. സി. മൊയ്തീൻ |
| വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി | : | ശ്രീ. കെ. രാജു |
| തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി | : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| തൊഴിലും എക്സൈസും വകുപ്പുമന്ത്രി | : | ശ്രീ. റ്റി. പി. രാമകൃഷ്ണൻ |
| വിദ്യാഭ്യാസ വകുപ്പുമന്ത്രി | : | പ്രൊഫ. സി. രവീന്ദ്രനാഥ് |
| ഗതാഗത വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ശശീന്ദ്രൻ |
| ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി | : | ശ്രീമതി കെ. കെ. ശൈലജ ടീച്ചർ |
| പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : | ശ്രീ. ജി. സുധാകരൻ |
| കൃഷി വകുപ്പുമന്ത്രി | : | ശ്രീ. വി. എസ്. സുനിൽ കുമാർ |
| വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി | : | ശ്രീ. കടകംപള്ളി സുരേന്ദ്രൻ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി | : | ശ്രീ. പി. തിലോത്തമൻ |
| ധനകാര്യവും കയറും വകുപ്പുമന്ത്രി | : | ഡോ. ടി. എം. തോമസ് ഐസക് |

# ഉള്ളടക്കം


*പേജ്*

**I ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ ..1
2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ ..27

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ ..27
(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ ..70

**II അറിയിപ്പ്**

നിയമസഭാ സമിതി റിപ്പോർട്ട് ചർച്ച ചെയ്യുന്നത് സംബന്ധിച്ച് ..278

**III അടിയന്തരപ്രമേയം**

ഭക്ഷ്യഭദ്രതാ നിയമം

(അവതരണാനുമതി നിഷേധിച്ചു) ..278

**IV ക്രമപ്രശ്നം**

1. അംഗങ്ങൾ സീറ്റു മാറി ഇരിക്കുന്നതു സംബന്ധിച്ച്-
പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും
സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി
-ശ്രീ. എ. കെ. ബാലൻ ..288

2. പ്രമേയാവതാരകനായ ഏകാംഗത്തിന് വാക്കൗട്ട് പ്രസംഗം
നടത്തുന്നതിനുള്ള അനുമതി സംബന്ധിച്ച്
-ശ്രീ. ഇ. പി. ജയരാജൻ
-ശ്രീ. കെ. ബി. ഗണേഷ് കുമാർ ..297

**റൂളിംഗ്** - മി. സ്പീക്കർ ..288

**V ശ്രദ്ധ ക്ഷണിക്കൽ**

1. ലഹരി മാഫിയ പ്രവർത്തനം

-ശ്രീ. മുല്ലക്കര രത്നാകരൻ ..303

2. കൊച്ചി മെട്രോ റെയിൽ പദ്ധതി

-ശ്രീ. ഹൈബി ഈഡൻ ..307

*പേജ്*

**VI സബ്മിഷൻ**

1. ജയിലിലെ മൊബൈൽ ഫോൺ ഉപയോഗം

-ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ..311

2. ജലജയുടെ കൊലപാതകം

-ശ്രീ. കെ. ബി. ഗണേഷ് കുമാർ ..314

3. സംഗീത ഗ്രാമം

-ശ്രീ. കോവൂർ കുഞ്ഞുമോൻ ..315

4. തടയണ നിർമ്മാണം

-ശ്രീ. യു. ആർ. പ്രദീപ് ..317

5. പാലം നിർമ്മാണം

-ശ്രീ. പി. കെ. ബഷീർ ..319

6. റീ-സർവ്വേ

-ശ്രീ. അനിൽ അക്കര ..320

7. ശാരീരിക പീഡകൾ

-ശ്രീ. കെ. രാജൻ ..322

8. ആശുപത്രി വികസന പ്രവർത്തനങ്ങൾ

-ശ്രീ. കെ. ആൻസലൻ ..325

9. റോഡ് പുനരുദ്ധാരണം

-ശ്രീ. എൻ. ഷംസുദ്ദീൻ ..327

10. ബ്ലാവനക്കടവ് പാലം നിർമ്മാണം

-ശ്രീ. ആന്റണി ജോൺ ..328

**VII ധനകാര്യം** ..329

*പേജ്*

**VIII ക്രമപ്രശ്നം**

ഗവർണറുടെ മുൻകൂർ അനുമതി സംബന്ധിച്ച്

-ശ്രീ. കെ. എം. മാണി ..329

**റൂളിംഗ്**- മി. സ്പീക്കർ ..331

**IX നിയമനിർമ്മാണകാര്യം**

2016-ലെ കേരള ധനകാര്യ ബിൽ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയം ..332

**X ചട്ടം 205 (ബി) പ്രകാരമുള്ള ചർച്ച**

ഭരണ നവീകരണ പരിപാടി സംബന്ധിച്ച എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ പതിനാറാമത് റിപ്പോർട്ട് ..404

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### രണ്ടാം സമ്മേളനം

*2016 ഒക്ടോബർ 26, ബുധൻ*

വാല്യം 163] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 16

നിയമസഭ 2016 ഒക്ടോബർ മാസം 26-ാം തീയതി ബുധനാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

## 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ.................ഓർഡർ............ചോദ്യം നമ്പർ (*511.) ശ്രീ. എം. സ്വരാജിനുപകരം ശ്രീ. കെ. ദാസൻ നേരത്തെ ഓതറൈസേഷൻ തന്നിട്ടുണ്ട്.

**ജലനയം**

1 (*511) ശ്രീ. കെ. ദാസൻ:
ശ്രീമതി പി. അയിഷാ പോറ്റി:
ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ:
ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലനയം ആവിഷ്കരിക്കാൻ ആലോചിക്കുന്നുണ്ടോ; എങ്കിൽ അതിന്റെ അടിസ്ഥാന കാഴ്ചപ്പാട് എല്ലാവർക്കും ഉറപ്പാക്കുന്ന തരത്തിലുള്ളതായിരിക്കുമോ;

(ബി) ജലസ്രോതസ്സുകളും ജലാശയങ്ങളും സംരക്ഷിക്കുവാൻ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെയും പൊതുജനങ്ങളുടെയും ഇടപെടൽ ഉറപ്പിക്കാനായി സർക്കാരിന്റെ ഭാഗത്തുനിന്നും ശ്രമമുണ്ടാകുമോ;

(സി) കാലാവസ്ഥാ വ്യതിയാനം കൊണ്ടുണ്ടാകുന്ന വരൾച്ച പ്രതിരോധിക്കാൻ തക്കവിധത്തിൽ ഭൂഗർഭജലവും മഴവെള്ളവും സംരക്ഷിക്കുവാൻ നടപടി ഉണ്ടാകുമോ;

1136/2017.

(ഡി) ജലവിഭവം സംസ്ഥാന വിഷയമായതിനാൽ ജലം ഒരു ചരക്കായി കണക്കാക്കി തയ്യാറാക്കിയിട്ടുള്ള ദേശീയ ജലനയത്തിൽനിന്നും വിഭിന്നമായ സംസ്ഥാനനയം രൂപീകരിക്കാൻ നടപടിയുണ്ടാകുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): സർ,

(എ) സർക്കാർ ഉത്തരവ് (പി) നമ്പർ 31/2008/ജല.വി.വ. തീയതി 19-7-2008 പ്രകാരം അംഗീകരിച്ച് ഉത്തരവായി. സാഹചര്യങ്ങളിൽ ഉണ്ടായ മാറ്റങ്ങളെ അടിസ്ഥാനപ്പെടുത്തി ജലനയം പുതുക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. ജലലഭ്യത ഒരു മനുഷ്യാവകാശമാണ്. അടിസ്ഥാന ആവശ്യങ്ങൾക്ക് നീതിപൂർവ്വമായി ജലം ലഭിക്കുവാനുള്ള ഓരോ പൗരന്റെയും അവകാശത്തെ നിയമംവഴി ഉറപ്പുവരുത്തേണ്ടത് പരമപ്രധാനമാണ്. 2008-ലെ ജലനയം അനുസരിച്ച് വെള്ളത്തിന്റെ നിയന്ത്രിത ഉപയോഗവും സംരക്ഷണത്തിന്റെ ഉത്തരവാദിത്വവും ഓരോ പൗരനിലും നിക്ഷിപ്തമാണ്.

(ബി) ജലസ്രോതസ്സുകളും ജലാശയങ്ങളും സംരക്ഷിക്കുവാൻ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ മേൽനോട്ടത്തിൽ മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി മഴക്കുഴി നിർമ്മാണം, മഴവെള്ള സംഭരണി, കിണർ റീ-ചാർജ്ജിംഗ്, പൊതുകിണറുകളുടെയും കുളങ്ങളുടെയും സംരക്ഷണം എന്നീ ഹ്രസ്വകാല- ദീർഘകാല പദ്ധതികൾ നടപ്പിലാക്കുവാൻ നടപടികൾ സ്വീകരിച്ചുവരുന്നു. ഇതു കൂടാതെ, സംസ്ഥാനത്തെ നഗരസഭാ പരിധിയിലുള്ള എല്ലാ ജലസ്രോതസ്സുകളും സംരക്ഷിക്കുന്നതിനും അവയുടെ കയ്യേറ്റങ്ങൾ തടയുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനും കയ്യേറ്റങ്ങൾ നടത്തുന്നില്ലായെന്ന് ഉറപ്പുവരുത്തേണ്ടതാണെന്നും എല്ലാ നഗരസഭാ സെക്രട്ടറിമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ജലാശയങ്ങൾ പൊതുസ്വത്തായതിനാൽ അവ സംരക്ഷിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അതീവ ജാഗ്രത പുലർത്തിവരുന്നുണ്ട്.

(സി) കാലാവസ്ഥാ വ്യതിയാനം കൊണ്ടുണ്ടാകുന്ന വരൾച്ച പ്രതിരോധിക്കാൻ തക്കവിധത്തിൽ ഭൂഗർഭ ജലവും മഴവെള്ളവും സംരക്ഷിക്കുന്നതിന് ആവശ്യമായ നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നുണ്ട്. ഇതിനായി ജലനിധി പദ്ധതി നടപ്പാക്കുന്ന വിവിധ ഗ്രാമപഞ്ചായത്തുകളിൽ ഭൂഗർഭജല പരിപോഷണ മാർഗ്ഗങ്ങൾ ജലനിധി സ്വീകരിച്ചുവരുന്നു. കെ.ആർ.ഡബ്ല്യു.എസ്.എ.യുടെ കീഴിലുള്ള മഴകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ കഴിഞ്ഞ മൂന്നുവർഷങ്ങളിലായി 4000-ത്തോളം 10,000 ലിറ്റർ ശേഷിയുള്ള വ്യക്തിഗത മഴവെള്ള സംഭരണികൾ നിർമ്മിച്ച് വിവിധ ഗ്രാമപഞ്ചായത്തുകളിലെ ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടുണ്ട്. "ജല സൗഹൃദ വിദ്യാലയം പദ്ധതി"എന്ന പേരിൽ ഈ പദ്ധതി കഴിഞ്ഞ വർഷം മുതൽ വിദ്യാലയങ്ങളിലേയ്ക്കും വ്യാപിപ്പിച്ചിട്ടുണ്ട്. ഭൂജലവകുപ്പും ഈ ആവശ്യത്തിലേയ്ക്കായി പദ്ധതികൾ നടപ്പാക്കുന്നുണ്ട്. മഴക്കാലത്ത് കൃത്രിമ മാർഗ്ഗങ്ങളിലൂടെ കൂടുതൽ മഴവെള്ളം ഭൂമിയ്ക്കടിയിലേയ്ക്ക് താഴ്ത്തി ഭൂജലവിതാനം

ഉയർത്തുന്നതിനായി തടയണകൾ, അടിയണകൾ, തുറന്ന കിണർ വഴിയുള്ള ഭൂജലസംപോഷണം എന്നിവ വകുപ്പ് നടപ്പാക്കി വരുന്ന പദ്ധതികളാണ്.

മണ്ണ് പര്യവേക്ഷണ-മണ്ണ് സംരക്ഷണ വകുപ്പ് നടപ്പാക്കിവരുന്ന പദ്ധതികളിലെ പ്രവൃത്തികളായ കല്ല് കയ്യാല, മൺകയ്യാല, മഴക്കുഴികൾ, ട്രെഞ്ചുകൾ, ചെക്ക് ഡാമുകൾ, കുളങ്ങൾ തുടങ്ങിയവയെല്ലാംതന്നെ ഈ ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ടാണ് നടപ്പാക്കുന്നത്. കൂടുതൽ മഴവെള്ളം ഭൂമിക്കടിയിൽ താഴ്ന്നിറങ്ങാൻ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ ബണ്ടുകൾ നിർമ്മിക്കുകയും തോടുകൾ, കുളങ്ങൾ എന്നിവ ആഴം കൂട്ടുകയും, തടയണകൾ നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്. സ്വാഭാവിക ജലസംഭരണ സംവിധാനങ്ങളായ കുളങ്ങൾ, വയലുകൾ, പൊതുകിണറുകൾ എന്നിവ നിലനിർത്തുന്നതിനായി സമയബന്ധിതമായി അവയുടെ അറ്റകുറ്റപ്പണികൾ നടത്തിവരുന്നുണ്ട്. കൂടാതെ 1999-ലെ കേരള മുനിസിപ്പാലിറ്റി (കെട്ടിടനിർമ്മാണ) ചട്ടങ്ങളിലെ ചട്ടം 109 (എ), 109 (ബി) (അദ്ധ്യായം 16 എ) എന്നിവ പ്രകാരം പുതിയ കെട്ടിടങ്ങൾ പണിയുമ്പോൾ നിബന്ധനകൾക്കുവിധേയമായി മഴവെള്ള സംഭരണ സംവിധാനങ്ങൾ നിർബന്ധമാക്കിയിട്ടുണ്ട്. 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 340 (എ) പ്രകാരം ജലസ്രോതസ്സുകൾ മലിനപ്പെടുത്തുന്നത് നിരോധിച്ചിട്ടുണ്ട്. കിണറുകളിലെ ജലശേഷി വർദ്ധിപ്പിക്കുന്നതിനായി കിണർ റീചാർജ്ജ് ചെയ്യുന്ന പദ്ധതിയും നടപ്പിലാക്കി വരുന്നുണ്ട്. പുരയിടത്തിൽ ലഭിക്കുന്ന മഴവെള്ളത്തെ കിണറിനുചുറ്റുമുള്ള മഴക്കുഴികളിലേയ്ക്കും ചാലുകളിലേയ്ക്കും ഒഴുക്കിവിടുന്ന ഒരു കൃത്രിമ ഭൂജല പരിപോഷണമാണ് തദ്ദേശസ്വയം ഭരണ വകുപ്പ് നടപ്പാക്കുന്ന അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയിലൂടെയുള്ള കിണർ റീ-ചാർജ്ജിംഗ് പദ്ധതി. മേൽക്കൂരയിൽ ലഭിക്കുന്ന വെള്ളത്തേയും പാത്തി, പൈപ്പ് സംവിധാനങ്ങൾവഴി കിണറുകളുടെ ചുറ്റുവട്ടത്തേയ്ക്ക് തിരിച്ചുവിടുകയാണ് ഈ പദ്ധതിയിലൂടെ ചെയ്യുന്നത്. 13-10-2016-ൽ മുഖ്യമന്ത്രിയുടെ കോൺഫറൻസ് ഹാളിൽചേർന്ന യോഗത്തിൽ കാലാവസ്ഥാ വ്യതിയാനം കൊണ്ടുണ്ടാകുന്ന വരൾച്ച പ്രതിരോധിക്കാൻ തക്കവിധത്തിൽ ഭൂഗർഭജലവും മഴവെള്ളവും സംരക്ഷിക്കുന്നതിനു വേണ്ട നിർദ്ദേശങ്ങൾ ബന്ധപ്പെട്ടവർക്ക് നൽകിയിട്ടുണ്ട്. അടുത്ത ചോദ്യത്തിന് ഉത്തരമായി ഇത് വരുന്നതുകൊണ്ട് അതിന്റെ വിശദാംശങ്ങളിലേയ്ക്ക് കടക്കുന്നില്ല.

(ഡി) സംസ്ഥാന താല്പര്യങ്ങളും കാഴ്ചപ്പാടുകളും പരമാവധി ഉൾക്കൊണ്ടുകൊണ്ട് സംസ്ഥാന ജലനയം(2008) പുതുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

ശ്രീ. എം. സ്വരാജിനുവേണ്ടി ശ്രീ. കെ. ദാസൻ: സർ, ജലനയം രൂപീകരിക്കുന്നതിന്റെ ഭാഗമായി ജലവിഭവ വിനിയോഗത്തിന്റെ കരുതൽ ജനകീയമാക്കാൻ ജലസാക്ഷരതായജ്ഞം ആരംഭിക്കുന്നതിനും പ്രാദേശിക ജലവിഭവ സ്രോതസ്സുകളെ മാലിന്യമുക്തമാക്കി സംരക്ഷിക്കാനും അതിനുവേണ്ടി ജനകീയ ജലസഭകൾ രൂപീകരിക്കാനും പദ്ധതികൾ ആവിഷ്കരിക്കുമോ?

<u>ശ്രീ. മാത്യു ടി. തോമസ്:</u> സർ, കഴിഞ്ഞ ദിവസം ധനാഭ്യർത്ഥന ചർച്ചയിൽ ഉയർന്നുവന്ന പ്രധാനപ്പെട്ട ഒരു നിർദ്ദേശം ജലസാക്ഷരതയ്ക്കുവേണ്ടി കൂടുതൽ യജ്ഞം ഈ സംസ്ഥാനത്തുണ്ടാകണമെന്നതാണ്. ഗവൺമെന്റ് അത് പൂർണ്ണമായും ഉൾക്കൊള്ളുന്നു. അമൂല്യനിധിയായി; നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന സ്വത്തായി ജലത്തെ കണ്ടുകൊണ്ട് അത് സംരക്ഷിക്കുവാനും പരിപോഷിപ്പിക്കുവാനും എന്തെല്ലാം നടപടികൾ ആവശ്യമുണ്ടോ അതെല്ലാം സ്വീകരിക്കുന്നതാണ്. പൊതുജനങ്ങളിൽ സാമൂഹ്യാവബോധവും ഉത്തരവാദിത്വവും വളർത്തിയെടുക്കാനുള്ള പദ്ധതികൾക്ക് മുൻഗണന കൊടുക്കുന്നതാണ്.

<u>ശ്രീ. കെ. ദാസൻ:</u> സർ, രൂക്ഷമായ വരൾച്ച ഉണ്ടാകാനിടയുള്ളതിനാൽ വേനൽക്കാലത്ത് കുടിവെള്ളത്തിന് വളരെയേറെ ബുദ്ധിമുട്ട് അനുഭവപ്പെടുമെന്നാണ് കരുതുന്നത്. കോഴിക്കോട് ജില്ലയിലെ കുറ്റ്യാടി, പെരുവണ്ണാമൂഴി പുഴകളിൽ ധാരാളം വെള്ളമുണ്ട്. അത് ജനവാസപ്രദേശങ്ങളിലേയ്ക്ക് കൊണ്ടുവരുന്നതിനാവശ്യമായ കനാലിന്റെ അറ്റകുറ്റപ്പണികൾ ഇതുവരെ നടത്തിയിട്ടില്ല. ദുർബ്ബലമായ കനാലിലൂടെ വെള്ളം കടത്തിവിടുന്നതുമൂലം നല്ലൊരു ശതമാനം വെള്ളവും പാഴായിപ്പോകുകയാണ്. ആ വെള്ളം സംരക്ഷിക്കാനാവശ്യമായ നടപടി സ്വീകരിച്ച് കുറ്റ്യാടി കനാലിൽനിന്നും പെരുവണ്ണാമൂഴി പുഴയിൽ നിന്നുമുള്ള വെള്ളം എല്ലാവർക്കും എത്തിക്കുന്നതിനുള്ള സൗകര്യമുണ്ടാക്കുമോ?

<u>ശ്രീ. മാത്യു ടി. തോമസ്:</u> സർ, കേരളത്തിലുടനീളം പരിഹരിക്കപ്പെടേണ്ടതായ നിരവധി പ്രശ്നങ്ങളെയാണ് ഈ കനാലുകളുടെ ഇന്നത്തെ അവസ്ഥയിലൂടെ വെളിവാക്കപ്പെടുന്നത്. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച കനാലുകളുടെ കാര്യം മാത്രമല്ല, കനാലുകളിൽ വെള്ളം ചോരുന്നുവെന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. സാധാരണക്കാരായ ആളുകൾ മനസ്സിലാക്കുന്നത് കനാലുകളിലൂടെ ചോർന്നെത്തുന്ന വെള്ളം കാരണം അവരുടെ കിണറുകൾ നിറയുന്നുവെന്നാണ്. പക്ഷേ അത് മാത്രം പോര. വേനൽക്കാലത്തിനുമുമ്പ് എല്ലാ കനാലുകളുടെയും കേടുപാടുകൾ തീർക്കുക എന്നത് അപ്രായോഗികമായിരിക്കും. പക്ഷേ ഘട്ടംഘട്ടമായി കനാലുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിന് ഗവൺമെന്റ് കൂടുതൽ ശ്രദ്ധ പതിപ്പിക്കുന്നതാണ്.

<u>ശ്രീമതി പി. അയിഷാ പോറ്റി:</u> സർ, മതിയായ ജലസ്രോതസ്സുകൾ ഉണ്ടായിട്ടും പമ്പുസെറ്റുകളും വിതരണപൈപ്പുകളും കേടായിരിക്കുന്ന സ്ഥിതിവിശേഷം ഒരുപാട് സ്ഥലത്ത് നിലനിൽക്കുന്നുണ്ട്. വരാൻപോകുന്ന വരൾച്ചയെ നേരിടുന്നതിനുവേണ്ടി കേടായ പൈപ്പ് ലൈനുകൾ പുനഃസ്ഥാപിച്ചും വാട്ടർ റീചാർജ്ജിംഗ് സംവിധാനം കാര്യക്ഷമമാക്കിയും അറ്റകുറ്റപ്പണികൾ അടിയന്തരമായി നടത്തി ജലസ്രോതസ്സുകളെ സംരക്ഷിച്ച് ജലവിതരണം സുഗമമാക്കാനുള്ള സംവിധാനമുണ്ടാക്കുമോ?

<u>ശ്രീ. മാത്യു ടി. തോമസ്:</u> സർ, തെക്കുപടിഞ്ഞാറൻ കാലവർഷത്തിലുണ്ടായ കുറവും വടക്കുകിഴക്കൻ തുലാവർഷം ലഭിക്കാതെ വന്നതും വരൾച്ചയുണ്ടാകാനുള്ള സാദ്ധ്യത കൂട്ടുതലാണ്. അത് മുന്നിൽ കണ്ടുകൊണ്ടുതന്നെ ചില നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അടുത്ത ചോദ്യത്തിനുത്തരമായി അക്കാര്യം വിശദമായി പറയുന്നുണ്ട്. വാട്ടർ അതോറിറ്റി ഉല്പാദിപ്പിച്ച് ശുദ്ധീകരിച്ചെടുക്കുന്ന വെള്ളം വിതരണം ചെയ്യുന്നതിനാവശ്യമായ വിതരണശൃംഖലയില്ല എന്നുള്ള പോരായ്മയുണ്ട്. അതുകൂടാതെ മറ്റു പല തടസ്സങ്ങളുമുണ്ടാകുന്നുണ്ട്. ബഹുമാനപ്പെട്ട അംഗത്തിന്റെ മണ്ഡലത്തിൽ ആവശ്യത്തിനുള്ള വെള്ളം ശുദ്ധീകരിച്ചിട്ടുണ്ട്. പക്ഷേ ഒരു പ്രത്യേക പഞ്ചായത്തിലൂടെ കടന്നുപോകാൻ സമ്മതിക്കുന്നില്ല. ആലപ്പുഴ പട്ടണത്തിലും ഈ പ്രശ്നമുണ്ട്. അതുകൊണ്ട് ഓരോ പ്ലാന്റിന്റെയും പരമാവധി ശേഷിയിൽ ശുദ്ധീകരിക്കുന്ന ജലം വിതരണത്തിന് സജ്ജമാകുന്ന രീതിയിൽ പൈപ്പുകൾ സ്ഥാപിക്കാൻ ജനപ്രതിനിധികളുടെ എല്ലാവരുടെയും സഹകരണം അഭ്യർത്ഥിക്കുകയാണ്.

<u>ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ:</u> സർ, 'ഒന്നിനുമില്ല നില ഉന്നതമായ കുന്നും എന്നല്ല ആഴിയും ഒരിക്കൽ നശിക്കുമോർത്താൽ' എന്ന് മഹാകവി കുമാരനാശാൻ പാടിയ അവസ്ഥയാണ് ഇന്ന് കേരളത്തിലുള്ളത്. തോടുകളും തണ്ണീർത്തടങ്ങളും പുഴകളുമെല്ലാം ഇന്ന് നാശത്തിന്റെ വക്കിലാണ്. അതുകൊണ്ട് ഇവിടെ അവശേഷിക്കുന്ന കുളങ്ങളെയെല്ലാം സംരക്ഷിക്കുന്നതിനുവേണ്ടി കുറ്റമറ്റ രീതിയിൽ ഒരു ഡാറ്റാ ബാങ്ക് തയ്യാറാക്കുമോ എന്നതാണ് എന്റെ ചോദ്യം.

<u>ശ്രീ. മാത്യു ടി. തോമസ്:</u> സർ, നമ്മുടെ പക്കൽ ജലത്തിന്റെ ലഭ്യതയും തോടുകളുടെ വിവരങ്ങളുമൊക്കെയുണ്ട്, ഡാറ്റാ ബാങ്കായി രൂപപ്പെടുത്തിയിട്ടില്ലെന്നേയുള്ളൂ. തോടുകൾ നശിച്ചുകൊണ്ടിരിക്കുന്നുവെന്നത് യാഥാർത്ഥ്യമാണ്. അതുകൊണ്ട് തോടുകളിലെയും നദികളിലെയും പുഴകളിലേയുമെല്ലാം ജലസാന്നിദ്ധ്യം ഉറപ്പാക്കാൻ തക്കവണ്ണം ജനകീയ പങ്കാളിത്തമുള്ള പദ്ധതികൾ 'ഹരിതകേരളം' മിഷനിൽ ഉന്നം വയ്ക്കുന്നുണ്ട്. അത് നാടിന്റെ ആവശ്യമായി കണ്ട് കൂട്ടായ പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കാൻ എല്ലാവരും മുന്നോട്ടുവരണമെന്നാണ് എന്റെ അഭിപ്രായം.

<u>ശ്രീ. കെ. ഡി. പ്രസേനൻ:</u> സർ, നദികളുടെയും വിവിധ ജലസ്രോതസ്സുകളുടെയും അവകാശവും ഉത്തരവാദിത്വവും വിവിധ വകുപ്പുകളിൽ നിക്ഷിപ്തമാണ്. ഇത് ജലവിഭവ വകുപ്പിൽ പൂർണ്ണമായും നിക്ഷിപ്തമാക്കുകയും ജലസംരക്ഷണവും സുരക്ഷയും ഉറപ്പാക്കുന്നതിന്റെ ഉത്തരവാദിത്വം അവരുടെ കടമയാക്കുകയും ചെയ്യാവുന്ന രീതിയിൽ ജലവിഭവ വകുപ്പിനെ നദീതട അടിസ്ഥാനത്തിൽ പുനഃസംഘടിപ്പിക്കുന്നതിനും ഭൂഗർഭ ജലവകുപ്പിനെ ഇതുമായി ബന്ധിപ്പിച്ച് നീർത്തടം മുതൽ വിവിധ തലങ്ങളിൽ പ്രാദേശിക സർക്കാർ ഉൾപ്പെടെയുള്ള സംവിധാനങ്ങൾക്ക് സാങ്കേതിക സഹായങ്ങൾ നൽകുന്നതിനും ജലസ്രോതസ്സുകളുടെ സംരക്ഷണത്തിനും ജലവിനിയോഗ നിയന്ത്രണം ഉറപ്പാക്കുന്നതിനും കഴിയാവുന്ന രീതിയിൽ ഈ വകുപ്പിൽ സമഗ്രമായ പരിഷ്കാരത്തിന് ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. മാത്യു ടി. തോമസ്: സർ, ജലവിഭവ വകുപ്പിനെ നീർത്തട അടിസ്ഥാനത്തിൽ പുനഃസംഘടിപ്പിക്കുക എന്നുള്ളത് ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ തെരഞ്ഞെടുപ്പ് പ്രകടനപത്രികയിലെ വാഗ്ദാനമാണ്. അത് പ്രായോഗികമാക്കുന്നതിന് നിരവധി പ്രശ്നങ്ങളുണ്ട്. ആ പ്രശ്നങ്ങളടക്കം പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. ജലത്തിന്റെ സാന്നിദ്ധ്യവും അതിന്റെ നീതിയുക്തമായ ഉപയോഗവും ഉറപ്പാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതിന് സംസ്ഥാന സർക്കാരും ബന്ധപ്പെട്ട വകുപ്പും പൂർണ്ണമായും ശ്രദ്ധ പതിപ്പിക്കുന്നതാണ്.

ശ്രീ. റോജി എം. ജോൺ : സർ, ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിച്ചതു പോലെ സംസ്ഥാനം ഒരു വരൾച്ചയെയാണ് ഈ വർഷം അഭിമുഖീകരിക്കാൻ പോകുന്നത്. കനാലുകൾ വൃത്തിയാക്കുന്ന ജോലി, ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ നടക്കുന്ന കുളങ്ങൾ വൃത്തിയാക്കുന്ന ജോലി ഇവയൊക്കെ എല്ലാ വർഷവും തൊഴിലുറപ്പുപദ്ധതിയിൽ ഉൾപ്പെടുത്തിയാണ് ചെയ്തുകൊണ്ടിരിക്കുന്നത്. പക്ഷേ ഈ വർഷം കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിരിക്കുന്ന പുതിയ മാർഗ്ഗനിർദ്ദേശങ്ങളനുസരിച്ച് കനാലുകൾ വൃത്തിയാക്കുന്ന ജോലി തൊഴിലുറപ്പ് പദ്ധതിയിൽ ചെയ്യാൻ സാധിക്കുകയില്ലെന്ന് വിജ്ഞാപനം പുറപ്പെടുവിച്ചിരിക്കുകയാണ്. കനാലുകൾ വൃത്തിയാക്കൽ ജോലി, അറ്റകുറ്റപ്പണികൾ എന്നിവ ഒരു സ്ഥലത്തും നടന്നിട്ടില്ല. അതുകൊണ്ട് വെള്ളം തുറന്നുവിടാൻ പല പ്രദേശങ്ങളിലും സാധിച്ചിട്ടില്ല. ഇതിന് എന്ത് നടപടി സ്വീകരിക്കാൻ സാധിക്കും; പഞ്ചായത്തുകളുമായി ബന്ധപ്പെട്ടുകൊണ്ട് കനാലുകൾ വൃത്തിയാക്കാനുള്ള അടിയന്തര നിർദ്ദേശം നൽകുവൻ സാധിക്കുമോ?

ശ്രീ. മാത്യു ടി. തോമസ് : സർ, എൻ.ആർ.ഇ.ജി.പി.യുടെ പദ്ധതി മാർഗ്ഗ നിർദ്ദേശങ്ങളിൽ ചില വ്യതിയാനങ്ങൾ വന്നത് ഇത്തരം പ്രവർത്തനങ്ങളെ ദോഷകരമായി ബാധിക്കുമെന്ന് ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചത് ശരിയാണ്. കനാലുകളും മറ്റ് പദ്ധതികളും നിന്നുപോകാനും അതിന്റെ പ്രയോജനം ജനങ്ങൾക്ക് ലഭ്യമാകാതിരിക്കാനുമുള്ള സാഹചര്യം ഉണ്ടാകരുത്. ഏതെല്ലാം തരത്തിൽ ബദൽ മാർഗ്ഗങ്ങൾ സ്വീകരിക്കാൻ കഴിയുമോ അതെല്ലാം ആലോചനയിലുണ്ട്. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട അംഗങ്ങളുടെ നിർദ്ദേശങ്ങൾ സ്വീകരിക്കാൻ സർക്കാർ തയ്യാറാണ്.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ : സർ, പൊന്നാനി-കൊച്ചി കനോലി കായൽ കേരളത്തിലെ ജലസ്രോതസ്സുകളിൽ ഏറ്റവും പ്രധാനപ്പെട്ടതാണ്. കഴിഞ്ഞകാലത്ത് ജനങ്ങൾ കുളിക്കാനും പാത്രം കഴുകാനുമെല്ലാം ഇതിലെ വെള്ളം ഉപയോഗിച്ചിരുന്നു. എന്നാൽ ഇന്ന് കനോലി കായലിലെ വെള്ളംതൊട്ടാൽ ത്വക്കുരോഗം പിടിപെടുന്ന അവസ്ഥയാണ്. ബഹുമാനപ്പെട്ട സ്പീക്കറുടെ മണ്ഡലംകൂടി ഉൾക്കൊള്ളുന്ന പ്രദേശമാണിത്. ബഹുമാനപ്പെട്ട സ്പീക്കറുടെ നേതൃത്വത്തിൽ 'സേവ് കനോലി കനാൽ' എന്നുപറയുന്ന പ്രസ്ഥാനം ആരംഭിക്കുന്നതിനെക്കുറിച്ച് തീരുമാനം എടുത്തിട്ടുണ്ട്. ഈ കനാലിലേയ്ക്ക് ഉപ്പുവെള്ളം കയറുന്നത് തടയാൻ ചേറ്റുവായിലും വെളിയങ്കോടിലും ഓരോ ലോക്കുകളുണ്ട്. കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ചേറ്റുവായിലേത് പുനർനിർമ്മിച്ചു.

പക്ഷേ, വെളിയങ്കോട് പണി ബാക്കി നിൽക്കുകയാണ്. അത് പുനർനിർമ്മിക്കുന്നതിനുള്ള നടപടി ഗവൺമെന്റ് അടിയന്തരമായി എടുക്കുന്നില്ലെങ്കിൽ കനോലി കനാൽ സംരക്ഷിക്കുന്നതിനുള്ള പദ്ധതി പൂർത്തീകരിക്കാൻ കഴിയില്ല. ബഹുമാനപ്പെട്ട സ്പീക്കർക്കുകൂടി താൽപ്പര്യമുള്ള കാര്യമാണ്. അതിന് ഗവൺമെന്റ് നടപടി സ്വീകരിക്കുമോ;

ശ്രീ. മാത്യു ടി. തോമസ്: സർ, നദികളിലേയ്ക്കും മറ്റ് ജലസ്രോതസ്സുകളിലേയ്ക്കും ഉപ്പുവെള്ളം കയറുന്നത് തടയാനാവശ്യമായ നടപടികൾക്ക് പ്രത്യേക പദ്ധതികളുണ്ട്. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലെ കനോലി കനാലിന്റെ കാര്യത്തിൽ പ്രത്യേക ശ്രദ്ധ കൊടുക്കാം. വരൾച്ചയുടെ പശ്ചാത്തലത്തിൽ മാത്രമല്ല, ഒരു പൊതു ആവശ്യമെന്ന നിലയിൽ എവിടെയൊക്കെ ജലം സംരക്ഷിക്കാനുള്ള പദ്ധതികൾ മുടങ്ങിക്കിടക്കുന്നുവോ അതെല്ലാം പുനരാരംഭിക്കാനുള്ള സത്വരമായ നീക്കമാണ് ഗവൺമെന്റ് ഭാഗത്തുനിന്നുണ്ടാവുക. വരൾച്ചയ്ക്കുമുമ്പ് എല്ലാ പദ്ധതികളും പൂർത്തീകരിക്കാൻ കഴിയുമെന്ന പ്രതീക്ഷയില്ല.

മി. സ്പീക്കർ: വെളിയങ്കോട് ലോക്കിന്റെ കാര്യമാണ് ബഹുമാനപ്പെട്ട അംഗം ചോദിച്ചത്?

ശ്രീ. മാത്യു ടി. തോമസ് : സർ, വെളിയങ്കോട് ലോക്കിനെ സംബന്ധിച്ച് കൃത്യമായ ഉത്തരം എനിക്ക് ഉടനെ പറയാൻ കഴിയില്ല. തീർച്ചയായും അതടക്കമുള്ള കാര്യങ്ങളിൽ ഇടപെടൽ നടത്താം.

ശ്രീ. റ്റി. എ. അഹമ്മദ് കബീർ : സർ, കുടിവെള്ള സ്രോതസ്സുകൾ സംരക്ഷിക്കുന്ന രീതിയിലായിരിക്കണം കുടിവെള്ളപദ്ധതികൾക്ക് രൂപംകൊടുക്കേണ്ടത്. ഉദാഹരണത്തിന്, മൂർക്കനാട് കുടിവെള്ള പദ്ധതി സി.ആർ.ഡബ്ല്യു.എസ്.എസ്. (Central Regional Waster Water System) ആണ്. അതിന്റെ സ്രോതസ്സ് തൂതപ്പുഴയിലാണ്. അവിടെ ഒരു ആർ.സി.ബി. പണിതില്ലെങ്കിൽ 100 കോടി രൂപയോളം ചെലവിട്ടത് നഷ്ടമാകും. കടലുണ്ടിപ്പുഴയിൽ കൂട്ടിലങ്ങാടി പഞ്ചായത്തിൽ പൊറ്റമ്മൽ-ആനപ്പാറ ഭാഗത്ത് ഒരു ചെക്ക് ഡാമും പണിയേണ്ടതുണ്ട്. ഇതുരണ്ടും പണിതില്ലെങ്കിൽ മങ്കട മണ്ഡലത്തിൽ മാത്രമല്ല തൊട്ടടുത്ത പ്രദേശങ്ങളിലും കുടിവെള്ളക്ഷാമം അതീവ ഗുരുതരമാകും. ഈ രണ്ട് കാര്യങ്ങളിലും ബഹുമാനപ്പെട്ട മന്ത്രിക്ക് കത്തുകൾ നൽകുകയും നേരിട്ട് പറയുകയും ചെയ്തിട്ടുണ്ട്. അക്കാര്യത്തിൽ താങ്കളുടെ പ്രത്യേക ശ്രദ്ധയുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. മാത്യു ടി. തോമസ് : സർ, കുടിവെള്ള പദ്ധതികളുടെ സ്രോതസ്സുകൾ സംരക്ഷിച്ചാൽ മാത്രമേ കുടിവെള്ള വിതരണം സുഗമമായി നടത്താൻ കഴിയൂവെന്ന ബോദ്ധ്യം നമുക്കെല്ലാവർക്കുമുള്ളതാണ്. പല സ്ഥലങ്ങളിലും ഉപ്പുവെള്ളം കയറുന്നതും

വെള്ളത്തിന്റെ ലഭ്യത കുറഞ്ഞുവരുന്നതും സ്രോതസ്സുകൾ മലിനപ്പെടുന്നതുമായ പ്രശ്നങ്ങളുണ്ടാകാറുണ്ട്. അതിന് തടയണകൾ പരമാവധി നിർമ്മിക്കാൻ ആഗ്രഹിക്കുന്നുണ്ട്. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചത്, അദ്ദേഹത്തിന്റെ മണ്ഡലത്തിലെ പ്രധാനപ്പെട്ട ആവശ്യമാണ്. കുടിവെള്ള സ്രോതസ്സുകൾ സംരക്ഷിക്കുന്നതിനുവേണ്ടി പല രൂപത്തിലുള്ള പദ്ധതികൾ രൂപപ്പെടുത്തേണ്ടതുണ്ട്. അങ്ങ് ചൂണ്ടിക്കാണിച്ച ആർ.സി.ബി. പണിയുന്ന കാര്യത്തിൽ പ്രത്യേക ശ്രദ്ധ കൊടുക്കാവുന്നതാണ്. പക്ഷേ, ഒരു പൊതു ആവശ്യമെന്ന നിലയിൽ മുൻഗണന കൊടുക്കേണ്ട കാര്യങ്ങൾക്ക് മുൻഗണന കൊടുത്ത് പ്രവൃത്തികൾ ഏറ്റെടുക്കാവുന്നതാണ്.

<u>ശ്രീമതി ഗീതാ ഗോപി</u> : സർ, കേരളം അതിരൂക്ഷമായ വരൾച്ചയെ നേരിടാൻ പോവുകയാണ്. കേരളത്തിൽ കഴിഞ്ഞ പത്തുവർഷത്തിനുള്ളിൽ 15 മുതൽ 35 ശതമാനംവരെ മഴ കുറഞ്ഞു. അതിരൂക്ഷമായ വരൾച്ച കേരളത്തിന്റെ തീരദേശ മേഖലയിലെ കുടിവെള്ള പ്രശ്നത്തെ അതിരൂക്ഷമായി ബാധിക്കുകയാണ്. 22 കോടി രൂപയുടെ ദേശീയ ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതിക്ക് ഭരണാനുമതിയും സാമ്പത്തികാനുമതിയും ലഭിച്ചുകഴിഞ്ഞു. ടെക്നിക്കൽ സാങ്ഷനുവേണ്ടി സംസ്ഥാന സർക്കാരിന്റെ ജലവിഭവവകുപ്പിലേയ്ക്ക് അയച്ചിട്ടുണ്ട്. അതുമായി ബന്ധപ്പെട്ട് എന്തെങ്കിലും കാര്യങ്ങൾ അന്വേഷിക്കുന്നതിനുവേണ്ടി ഫോൺ ചെയ്താൽ വാട്ടർ അതോറിറ്റി ഡിപ്പാർട്ട്മെന്റുമായി ബന്ധപ്പെട്ട തൃശ്ശൂരിലേയും നാട്ടിക നിയോജക മണ്ഡലത്തിലേയും എ.എക്സ്.ഇ.മാർ ഫോൺ എടുക്കാറില്ല. അതേസമയം വാട്ടർ അതോറിറ്റിയുടെ എം.ഡി.യെ വിളിച്ചാൽ നിമിഷനേരംകൊണ്ട് വിവരങ്ങൾ അന്വേഷിച്ച് നമുക്കുവേണ്ട കാര്യങ്ങൾ ചെയ്തുതരും. വാട്ടർ അതോറിറ്റിയിലെ എം.ഡി. കാണിക്കുന്ന ഇച്ഛാശക്തി വളരെ സ്വാഗതാർഹമാണ്. ഈ മേഖലയിൽ നല്ല സേവനമാണ് മന്ത്രിയുടെ ഭാഗത്തുനിന്നും ഉണ്ടാകുന്നത്. കേരളത്തിന്റെ ജലനയം വരും വർഷകാലങ്ങളിൽ വളരെ ശക്തമായി മുന്നോട്ടുപോകണം. പദ്ധതികൾ കടലാസ്സിൽ ഒതുങ്ങിയാൽ ജനത്തിന് ദാഹം മാറില്ല. 22 കോടി രൂപയുടെ ദേശീയ ഗ്രാമീണ ശുദ്ധജല പദ്ധതി നാട്ടിക മണ്ഡലത്തിലെ പത്ത് പഞ്ചായത്തുകൾക്ക് കിട്ടിയിട്ടുണ്ട്. വരൾച്ചയെ നേരിടുന്ന പ്രശ്നം സമയബന്ധിതമായി പരിഹരിക്കാൻ കഴിയുമോ?

<u>മി. സ്പീക്കർ</u>: അടുത്ത ചോദ്യമാണ് കുടിവെള്ളവുമായി ബന്ധപ്പെട്ടുള്ളത്. ഇത് ജലനയമാണ് ചോദ്യം.

<u>ശ്രീ. മാത്യു ടി. തോമസ്</u> : സർ, ബഹുമാനപ്പെട്ട അംഗം ഫോൺ വിളിച്ചാൽ എടുക്കുന്നവരുടെ ലിസ്റ്റിൽ എം.ഡി. മാത്രം എന്നുപറഞ്ഞുകൊണ്ട് അവസാനിപ്പിച്ചതിൽ എനിക്ക് വിഷമമുണ്ട്. ഞാനും ഫോൺ എടുക്കാറുണ്ട്.

ദേശീയ ഗ്രാമീണ ശുദ്ധജല പദ്ധതിക്ക് വന്നിരിക്കുന്ന ഒരു പോരായ്മ, കേന്ദ്രം അതിന്റെ വിഹിതം വെട്ടിക്കുറച്ചിരിക്കുകയാണ് എന്നതാണ്. 179 കോടി രൂപവരെ ലഭിച്ചിരുന്ന സ്ഥാനത്ത് 42 കോടി രൂപ നൽകാമെന്നാണ് ആദ്യം പറഞ്ഞത്. ഞാനും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുംചേർന്ന് കേന്ദ്രമന്ത്രിക്ക് നിവേദനം കൊടുത്തിരുന്നു. ഇപ്പോൾ 50 കോടി രൂപ വരെ തരാമെന്ന് പറഞ്ഞിട്ടുണ്ട്. എങ്കിൽപോലും നാലിലൊന്നായി പദ്ധതി വിഹിതം കുറഞ്ഞിരിക്കുകയാണ്. മാത്രവുമല്ല ചില പ്രത്യേക പ്രദേശങ്ങളിൽ മാത്രമേ ഈ കുടിവെള്ള പദ്ധതി നടപ്പിലാക്കുവെന്ന നിഷ്കർഷയും കേന്ദ്ര ഗവൺമെന്റ് മുന്നോട്ടുവച്ചിട്ടുണ്ട്. ഫ്ലൂറൈഡിന്റെ സാന്നിദ്ധ്യമുള്ള സ്ഥലങ്ങളിലും അതുപോലെ ഓരോ പ്രദേശത്തെയും എം.പി.മാർ തെരഞ്ഞെടുക്കുന്ന 'SAGY' - (സൻസദ് ആദർശ് ഗ്രാം യോജൻ) പഞ്ചായത്തുകളിൽ മാത്രമാണ് ഇനി ദേശീയ ഗ്രാമീണ ശുദ്ധജല പദ്ധതി നടപ്പിലാക്കാൻ അനുവാദമുള്ളൂ. ആ പരിമിതിയുണ്ടെന്ന വിവരം ബഹുമാനപ്പെട്ട അംഗത്തെയും സഭയെയും ഞാൻ അറിയിക്കുകയാണ്.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, എന്റെ ചോദ്യം കുടിവെള്ളത്തെ കുറിച്ചാണ്. നമുക്കൊരു ജലനയം വേണ്ടേ? മഴയില്ല, തുലാവർഷവും ഇല്ലാതെ പോകുന്ന ലക്ഷണമാണ് കാണുന്നത്. കടുത്ത വരൾച്ചയായിരിക്കുമെന്ന കാര്യത്തിൽ മുന്നറിയിപ്പ് ലഭിച്ചിട്ടുണ്ട്. വെള്ളം ശേഖരിക്കുന്ന കാര്യത്തിൽ, ഉദാഹരണമായി തടയണകൾ നിർമ്മിക്കണം. ഒരു തടയണയുണ്ടാക്കണമെങ്കിൽ മണൽ ചാക്കിട്ട് വെള്ളംകെട്ടി നിർത്തിയാൽ മതി. അതിന് എന്തൊക്കെ പ്രൊസീഡ്യുവറാണ് പാലിക്കേണ്ടി വരുന്നത്. അത് പൂർത്തിയായിവരുമ്പോഴേയ്ക്കും തടയണ ഉണ്ടാക്കാൻ കഴിയില്ല. ഒരു വർഷം വേനൽക്കാലം ആരംഭിച്ചാൽ അടുത്ത വരൾച്ചയിലും പൂർത്തിയാകില്ല. ഒഴുകിപ്പോകുന്ന വെള്ളം കെട്ടിനിർത്തൽ, റീചാർജ്ജിംഗ് അതുപോലെ അപൂർവ്വമായി കിട്ടുന്ന മഴവെള്ളം ശേഖരിക്കാൻ കഴിയുന്ന കാര്യങ്ങൾ ചെയ്തുകൊണ്ട് പ്രൊസീഡ്യുവർ സിംപ്ലിഫൈ ചെയ്ത് പുതിയ നയം കൊണ്ടുവരണം. അത് കാമ്പയിൻ ആക്കുകയും വേണം. മന്ത്രിസഭചേർന്ന് ആലോചിക്കേണ്ട സമയമായി. ഓരോ സ്ഥലത്തും ഓരോ മന്ത്രിമാർക്ക് ചാർജ്ജ് കൊടുത്തുകൊണ്ടോ മറ്റോ കാര്യങ്ങൾ തീരുമാനിക്കണം. അല്ലെങ്കിൽ വണ്ടിയിൽ കൊടുക്കാനോ ടാങ്കിൽ കൊടുക്കാനോപോലും സോഴ്സിൽ വെള്ളമുണ്ടാകില്ല. ഇപ്പോൾത്തന്നെ വിഷയം സീരിയസ്സായി. ഈ വർഷം വരൾച്ചയുണ്ടെങ്കിൽ അതിനെ നേരിടാനുള്ള തയ്യാറെടുപ്പ് ഗവൺമെന്റ് ഭാഗത്തുനിന്നുണ്ടാകണം. നിലവിലുള്ള വെള്ളം ശേഖരിച്ച് സേവ് ചെയ്തുവയ്ക്കാനുള്ള അപ്രോച്ച് ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടാകണ്ടേ?

ശ്രീ. മാത്യു ടി. തോമസ് : സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞ ജല സാക്ഷരത വളരെ പ്രസക്തമായ വിഷയമാണ്. നിലവിലുള്ള വെള്ളം യുക്തിസഹമായി ശേഖരിച്ച് ഉപയോഗിക്കാൻ കഴിയുന്നവണ്ണം കാര്യങ്ങൾ നീക്കേണ്ടിയിരിക്കുന്നു. ഗവൺമെന്റ് നയത്തെ സംബന്ധിച്ച് ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചു. നാം മുന്തിയ പരിഗണന കൊടുക്കേണ്ടത് കുടിവെള്ളത്തിനായിരിക്കണം. കുടിവെള്ളം, ഗാർഹികാവശ്യം, കൃഷി ഇവ കഴിഞ്ഞുമാത്രമേ ജലം വ്യവസായങ്ങൾക്കും മറ്റ് കാര്യങ്ങൾക്കും ഉപയോഗിക്കാവൂ എന്ന പ്രയോറിറ്റി നിശ്ചയിക്കലാണ് ജലനയത്തിൽ അടിസ്ഥാനപരമായി വേണ്ടത്. വാട്ടർ അതോറിറ്റിയുടെ പൈപ്പിലൂടെ ശുദ്ധീകരിച്ച വെള്ളം, ഗാർഹിക ആവശ്യത്തിന് ഉപയോഗിക്കേണ്ട വെള്ളം, മറ്റാവശ്യങ്ങൾക്കുള്ള വെള്ളം എന്നിങ്ങനെ വേർതിരിച്ച് കൊടുക്കാൻ കഴിയില്ല. ശുദ്ധീകരിച്ച വെള്ളമാണ് കുടിക്കാനും അടുക്കളയിൽ പാത്രം കഴുകാനും കാലികളെ കുളിപ്പിക്കാനും ഉപയോഗിക്കുന്നത്. വെള്ളം വേർതിരിച്ച് കൊടുക്കാൻ കഴിയുകയില്ല എന്നുള്ളതാണ് ഏറ്റവും വലിയ പ്രശ്നം. അങ്ങ് ചൂണ്ടിക്കാണിച്ച രണ്ടാമത്തെ പ്രശ്നം, താൽക്കാലിക തടയണകൾ നിർമ്മിക്കുക എന്നതാണ്. കുടിവെള്ള സ്രോതസ്സുകളിൽ താൽക്കാലിക തടയണകൾ ജനുവരി, ഫെബ്രുവരി മാസങ്ങളിൽ നിർമ്മിക്കാറുണ്ട്. ഇത്തവണ ഇപ്പോൾത്തന്നെ നിർമ്മിക്കുകയാണ്. അതിലൊരു റിസ്കുണ്ട്. തുലാവർഷം നല്ല രീതിയിൽ പെയ്താൽ ഈ തടയണകൾ നഷ്ടപ്പെടാൻ സാദ്ധ്യതയുണ്ട്. അങ്ങനെ നഷ്ടപ്പെടുന്നെങ്കിൽ പോകട്ടെ എന്ന ചിന്തയോടുകൂടിത്തന്നെ അടിയന്തരമായി വാട്ടർ അതോറിറ്റിയുടെ ഇൻടേക്ക് വെല്ലുകളുടെ സമീപം ആവശ്യമുള്ള സ്ഥലങ്ങളിലെല്ലാം തടയണകൾ നിർമ്മിക്കാൻ തീരുമാനം എടുത്തുകഴിഞ്ഞിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം മൂന്നാമതായി ചൂണ്ടിക്കാണിച്ച പ്രശ്നം, മന്ത്രിസഭ ഉടനെ കൂടി ഇക്കാര്യങ്ങൾ ചർച്ച ചെയ്യണമെന്നാണ്. മന്ത്രിസഭായോഗം ചേർന്നില്ലെങ്കിലും മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ഒക്ടോബർ മാസം 13-ാം തീയതി തന്നെ ബന്ധപ്പെട്ട എല്ലാ മന്ത്രിമാരും ഉദ്യോഗസ്ഥരും പങ്കെടുത്ത് ചില തീരുമാനങ്ങൾ എടുത്തിട്ടുണ്ട്. അടുത്ത ചോദ്യത്തിൽ ആ തീരുമാനങ്ങളുടെ വിശദാംശങ്ങൾ വരുന്നതുകൊണ്ട് ഞാൻ ഇവിടെ ആവർത്തിക്കുന്നില്ല.

മി. സ്പീക്കർ: ഇവിടത്തെ വിഷയം, ജലവും ജലനയവും കുടിവെള്ളവും ആയതുകൊണ്ട് എല്ലാവരും കൈ ഉയർത്തിയിരിക്കുകയാണ്. ചെയറിന് മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ വിളിക്കാൻ മാത്രമേ കഴിയൂ. ഏറ്റവും കുറഞ്ഞ ഉപചോദ്യങ്ങൾ കിട്ടിയവർക്ക് പരിഗണന കൊടുക്കാൻ മാത്രമേ സാധിക്കൂ.

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, മലബാറിൽ 25 നദികളുണ്ട്. ഒന്നോ അരയോ പ്രോജക്ട് അല്ലാതെ ഒറ്റ പ്രോജക്ടും മലബാറിൽ ഇല്ല. കഴിഞ്ഞ 20 വർഷമായി ഇറിഗേഷൻ വകുപ്പ് ഒരൊറ്റ പ്രോജക്ടും എടുത്തിട്ടുമില്ല. ഏകദേശം ഏഴോ എട്ടോ ചീഫ് എഞ്ചിനീയർമാരുള്ള ഇറിഗേഷൻ വകുപ്പ് മലബാർ മേഖലയെ പാടെ

അവഗണിച്ചിരിക്കുകയാണ്. അവിടെ പുതിയ പ്രോജക്ടുകൾക്കുള്ള ധാരാളം സാദ്ധ്യതകളുണ്ട്. ജലം ലഭ്യമാക്കിയാൽ നാണ്യവിളകളുടെ ഉല്പാദനം ഇന്നുള്ളതിന്റെ ഇരട്ടിയായും രണ്ടിരട്ടിയായും വർദ്ധിപ്പിക്കാൻ സാധിക്കും. ജലനയം രൂപീകരിക്കുമ്പോൾ, 25 നദികളുള്ള മലബാറിലെ പ്രോജക്ടുകളില്ലാത്ത നദികൾക്ക് മുന്തിയ പരിഗണന കൊടുക്കാൻ ശ്രമിക്കുമോ?

ശ്രീ. മാത്യു ടി. തോമസ്: സർ, പുതിയ പ്രോജക്ടുകളിലേയ്ക്ക് പോകണമെന്ന നിർദ്ദേശം വളരെ സ്വാഗതാർഹമാണ്. ദശാബ്ദങ്ങൾ കഴിഞ്ഞിട്ടും ഏറ്റെടുത്ത പ്രോജക്ടുകൾ പൂർത്തീകരിക്കാൻ കഴിയുന്നില്ല എന്നതാണ് ഒരു ശാപമായി നിൽക്കുന്നത്. മലബാർ പ്രദേശത്ത് പ്രത്യേകിച്ച് പാലക്കാട് ജില്ലയിലടക്കം കൃഷി കൂടുതലായി നടക്കുന്ന സ്ഥലത്ത് കാർഷികാവശ്യത്തിന് ജലം എത്തിക്കാൻ നടപടി സ്വീകരിക്കുന്നതാണ്. പുതിയ പ്രോജക്ടുകൾ എടുക്കുമ്പോൾ പ്രാദേശികമായ സന്തുലിതാവസ്ഥ ഉറപ്പുവരുത്തൽ ഒരു മാനദണ്ഡമായി സ്വീകരിക്കാവുന്നതാണ്.

ശ്രീ. റോഷി അഗസ്റ്റിൻ: സർ, വരൾച്ചയെ സംബന്ധിച്ച് ഇവിടെ സൂചിപ്പിച്ചു. ജലനയവുമായി ബന്ധപ്പെട്ടുവരുന്നതല്ലെങ്കിലും കുടിവെള്ളവുമായി ബന്ധപ്പെട്ട പ്രശ്നമായതിനാൽ ചോദിക്കാതിരിക്കാൻ സാധിക്കില്ല. ഇടുക്കി പോലെയുള്ള പ്രദേശങ്ങളിൽ ജലനിധി പദ്ധതികൊണ്ട് കുടിവെള്ളപ്രശ്നം പരിപൂർണ്ണമായും പരിഹരിക്കാൻ കഴിയുന്ന സാഹചര്യമില്ല. ജലനിധി പദ്ധതി പ്രവർത്തനക്ഷമമല്ലെന്നു കാണുന്ന മേഖലകളിൽ വാട്ടർ അതോറിറ്റിയും അതുപോലെയുള്ള ഡിപ്പാർട്ട്മെന്റുകളും മറ്റ് തരത്തിലുള്ള നീക്കങ്ങൾ നടത്താൻ വിസമ്മതം അറിയിക്കുന്നുണ്ട്. ഇടുക്കി പോലെയുള്ള ഭൂപ്രദേശങ്ങളിൽ ഈ വിഷയങ്ങളുടെ ഗൗരവം മനസ്സിലാക്കി വാട്ടർ അതോറിറ്റിയുടെയും ജലവകുപ്പിന്റെയും ക്രമീകരണങ്ങളോടുകൂടി കുടിവെള്ളം എത്തിക്കുന്നതിനും മെയിന്റനൻസ് വർക്കുകൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. മാത്യു ടി. തോമസ് : സർ, വളരെയധികം തുക ചെലവഴിച്ചാണ് സംസ്ഥാനത്ത് കുറേ വർഷങ്ങളായി ജലനിധി പദ്ധതികൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. ജലനിധി പദ്ധതികൾ നിലനിൽക്കുന്ന സ്ഥലങ്ങളിൽ വാട്ടർ അതോറിറ്റി പുതിയ പ്രോജക്ടുകൾ ഏറ്റെടുക്കുന്നില്ലെന്നുള്ളത് കഴിഞ്ഞ ഗവൺമെന്റിന്റെ കാലംമുതൽ തുടർന്നുവരുന്ന നയമാണ്. ഇതിന് പുതിയൊരു കാഴ്ചപ്പാട് ആവശ്യമാണ്. ജലനിധി പദ്ധതികൾ നിലനിൽക്കുന്ന സ്ഥലങ്ങളിൽ ജലം ആവശ്യത്തിന് ലഭ്യമാകുന്നില്ലായെങ്കിൽ ജലനിധി പദ്ധതികൾക്ക് വാട്ടർ അതോറിറ്റി ബൾക്ക് വാട്ടർ നൽകുകയും അത് ഫലപ്രദമായി വിതരണം ചെയ്യുകയും ചെയ്യുന്ന ഒരു സംവിധാനത്തിലേയ്ക്ക് പോകണം. കോടിക്കണക്കിന് രൂപ ചെലവഴിച്ച് നിർമ്മിച്ച പദ്ധതികൾ പെട്ടെന്ന് വേണ്ടെന്നുവച്ച് നശിപ്പിച്ചുകളയാനാവില്ല. അതുകൊണ്ട് ജലനിധി പദ്ധതികൾ ഫലപ്രദമായി ഉപയോഗിക്കുന്നതിന് വെള്ളം ലഭ്യമാകാത്ത

സ്ഥലങ്ങളിൽ വാട്ടർ അതോറിറ്റി ബൾക്ക് വാട്ടർ എത്തിച്ചുകൊടുക്കുന്ന ഒരു സമീപനം സ്വീകരിക്കുന്നതായിരിക്കും ഉചിതമെന്നാണ് തോന്നുന്നത്.

ശ്രീ. ജെയിംസ് മാത്യു : സർ, കണ്ണൂർ ജില്ലയിൽ ആയിരക്കണക്കിന് ഹെക്ടർ ഭൂമി കൃഷിയോഗ്യമാക്കുന്നതിനുവേണ്ടി ആരംഭിച്ച പദ്ധതിയാണ് പഴശ്ശി പദ്ധതി. കണ്ണൂർ ജില്ലയിലെ പ്രധാനപ്പെട്ട പല പ്രദേശങ്ങളിലും കുടിവെള്ളത്തിനുവേണ്ടി അത് ഉപയോഗപ്പെടുത്തുന്നുണ്ട്. കഴിഞ്ഞ നിരവധി വർഷമായി ഒരു തുള്ളി വെള്ളംപോലും ജലസേചനത്തിന് ഉപയോഗിക്കാൻ സാധിക്കുന്നില്ല. വളരെ ഫലപ്രദമായ രീതിയിൽ ഈ പദ്ധതി പ്രയോജനപ്പെടുത്താൻ തയ്യാറായാൽ കുടിവെള്ളത്തോടൊപ്പം ജലസേചനത്തിനും കൃഷിക്കും ഉപയോഗപ്പെടുത്താൻ സാധിക്കുമെന്നാണ് വിദഗ്ദ്ധരുടെ അഭിപ്രായം. കോടിക്കണക്കിന് രൂപയാണ് ഈ പദ്ധതിക്കുവേണ്ടി ചെലവാക്കിയിട്ടുള്ളത്. അതിന്റെ നൂറിലൊരംശം പ്രയോജനം പോലുമില്ല. കുടിവെള്ളത്തിന് പ്രയോജനപ്പെടുന്നുണ്ട്. കുടിവെള്ളത്തിനുവേണ്ടി മാത്രമായി ഇങ്ങനെയൊരു പദ്ധതി ആവശ്യമുണ്ടായിരുന്നില്ല. ആയിരക്കണക്കിന് കിലോമീറ്റർ കനാൽ ഇതിന്റെ ഭാഗമായി നിഷ്പ്രയോജനമായി കിടക്കുന്നു. ഇത് പുനരുജ്ജീവിപ്പിക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിക്കുമോ?

ശ്രീ. മാത്യു ടി. തോമസ് : സർ, പഴശ്ശി പദ്ധതിയുടെ പൂർത്തീകരണം സാദ്ധ്യമായിട്ടില്ലെന്നുള്ളത് യാഥാർത്ഥ്യമാണ്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതു പോലെ നിരവധി കുടിവെള്ള പദ്ധതികൾക്ക് ആ സ്രോതസ്സിൽനിന്നും വെള്ളം എടുക്കാൻ കഴിയുന്നുണ്ട്. പഴശ്ശി പദ്ധതിയുമായി ബന്ധപ്പെട്ട് വളരെയധികം ഭൂമി ജലവിഭവ വകുപ്പിന്റെ കൈവശമുണ്ട്. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതു പോലെ പഴശ്ശി പദ്ധതി കൃഷിക്കാർക്കടക്കം പ്രയോജനപ്പെടുന്ന രൂപത്തിലുള്ള സംവിധാനങ്ങളെക്കുറിച്ച് ആലോചിക്കാൻ ഒരു പ്രത്യേക യോഗം വിളിച്ചു ചേർക്കുന്നതിന് ഗവൺമെന്റ് സന്നദ്ധമാണ്.

ശ്രീ. എൽദോസ് കുന്നപ്പിള്ളി : സർ, ഓക്സിജൻ ഇല്ലാതായാൽ മനുഷ്യൻ ഉടൻ പിടഞ്ഞുവീണ് മരിക്കുകയേയുള്ളൂ. പക്ഷേ വെള്ളം ഇല്ലാതായാൽ കുടുംബങ്ങളിൽ കലഹവും ബഹളവും കൊലപാതകവുമൊക്കെ ഉണ്ടാകും. ഇപ്പോൾ ശുദ്ധജലം ലഭിക്കുന്ന നദികളിൽ കക്കൂസ് മാലിന്യവും അറവുമാലിന്യങ്ങളും നിക്ഷേപിക്കുന്ന കാര്യം നമുക്കറിയാം. അറവുമാലിന്യങ്ങളും കക്കൂസ് മാലിന്യങ്ങളും പുഴകളിൽ നിക്ഷേപിക്കുന്നത് തടയുന്നതിന് ശാസ്ത്രീയമായ ഏതെങ്കിലും മാർഗ്ഗങ്ങൾ സർക്കാർ അവലംബിച്ചിട്ടുണ്ടോ; കേസ്സുകൾ എന്തെങ്കിലും എടുത്തിട്ടുണ്ടോ; ഇതുമായി ബന്ധപ്പെട്ട് ഗവൺമെന്റിന്റെ നിലപാട് എന്താണ്?

<u>ശ്രീ. മാത്യു ടി. തോമസ്</u> : സർ, മുനിസിപ്പാലിറ്റി ആക്ടിലും പഞ്ചായത്തീരാജ് ആക്ടിലും ജലസ്രോതസ്സുകൾ മലിനീകരിക്കുന്നതിനെതിരെ ശക്തമായ നിയമ നടപടികളുണ്ട്. എന്നാൽ കേരള ഇറിഗേഷൻ ആന്റ് വാട്ടർ കൺസർവേഷൻ ആക്ടിൽ വളരെ ലോലമായ ശിക്ഷ മാത്രമാണ് നിഷ്കർഷിച്ചിട്ടുള്ളത്. കേരള ഇറിഗേഷൻ ആന്റ് വാട്ടർ കൺസർവേഷൻ ആക്ടിൽ ഇതിന്റെ ശിക്ഷ കൂടുതൽ കടുത്തതാക്കി മാറ്റാനുള്ള ഒരു നിയമ ഭേദഗതി കൊണ്ടുവരുന്നതിന് ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടെന്ന് ഞാൻ കഴിഞ്ഞ ദിവസം സഭയിൽ ഉറപ്പ് നൽകിയിട്ടുണ്ട്. അതിനുള്ള നിർദ്ദേശങ്ങൾ കൊടുത്തിട്ടുണ്ട്.

<u>ശ്രീ. സി. ദിവാകരൻ</u> : സർ, കുടിവെള്ളത്തിന്റെ ലഭ്യതയും ജലനയവുമാണ് ഇവിടെ ചർച്ച ചെയ്യുന്നത്. തിരുവനന്തപുരം നഗരത്തിൽ ഗുരുതരമായ കുടിവെള്ള പ്രശ്നമില്ലാത്ത ഒരു ദിവസവുമില്ല. ഇവിടെ ലഭിക്കുന്ന വെള്ളം അരുവിക്കര ഡാമിൽ നിന്നും വരുന്നതാണ്. അച്യുതമേനോന്റെ കാലത്ത് അരുവിക്കര ഡാമിൽ വെള്ളം അപര്യാപ്തമായപ്പോൾ പേപ്പാറ ഡാം ഉണ്ടാക്കി. അവിടെ ഇപ്പോഴും പൈപ്പ് പൊട്ടുന്നു, കുടിവെള്ളമില്ല എന്നുള്ള വാർത്തയല്ലാതെ യാതൊന്നും കേൾക്കാനില്ല. വെള്ളം ശേഖരിച്ച് കേരളം മുഴുവൻ വിതരണം ചെയ്യാൻ കഴിയുന്ന പേപ്പാറ ഡാമിന്റെയും അരുവിക്കര ഡാമിന്റെയും അടുത്തുകിടക്കുന്ന നെടുമങ്ങാട് മണ്ഡലത്തിൽ കഴിഞ്ഞ ഓണക്കാലത്ത് രണ്ടാഴ്ച കുടിവെള്ളമില്ലായിരുന്നു. ഇതിന് ശാസ്ത്രീയമായി എന്തെങ്കിലും പരിഹാരം കാണുമോ?

<u>ശ്രീ. മാത്യു ടി. തോമസ്</u> : സർ, സംസ്ഥാനത്തുടനീളം പൈപ്പുകൾ പൊട്ടുന്ന സ്ഥിതിയുണ്ട്. തിരുവനന്തപുരത്തിന് മുൻഗണന കൊടുത്തുകൊണ്ട് സ്ഥിരമായി പൊട്ടുന്ന പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിന് വാട്ടർ അതോറിറ്റി ഏറ്റവും കൂടുതൽ പ്രാധാന്യം കൊടുത്തുകൊണ്ടിരിക്കുകയാണ്. നെടുമങ്ങാട് മണ്ഡലത്തിലെ ശുദ്ധജല വിതരണത്തിന് ചില പോരായ്മകളുണ്ട്. ബഹുമാനപ്പെട്ട അംഗം ആ വിഷയം എന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിരുന്നു. അതിനുവേണ്ടി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിൽ ഒരു പ്രത്യേക യോഗം ചേർന്നിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പറുടെ സാന്നിദ്ധ്യത്തിൽതന്നെ ചില നടപടികൾ സ്വീകരിക്കാനുള്ള നിർദ്ദേശം ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുമുണ്ട്.

**കുടിവെള്ളം മുടങ്ങാതിരിക്കാനും ജലസേചനത്തിനുമായി മുൻകരുതൽ**

2(*512) <u>ശ്രീ. രാജു എബ്രഹാം</u> :
<u>ശ്രീ. എസ്. ശർമ്മ</u> :
<u>ശ്രീ. കാരാട്ട് റസാഖ്</u> :
<u>ശ്രീ. എം. മുകേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്ത് രൂക്ഷമായ വരൾച്ച ഉണ്ടാകാനിടയുള്ള സാഹചര്യത്തിൽ കുടിവെള്ളം മുടങ്ങാതിരിക്കാനും ജലസേചനത്തിനുമായി എന്തൊക്കെ മുൻകരുതൽ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) ജലസ്രോതസ്സുകളുടെ സംരക്ഷണത്തിനും പരിപോഷണത്തിനും അവ മലിനപ്പെടുത്താതിരിക്കാനുമായി കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാമാണ്;

(സി) ഈ ഉദ്ദേശ്യത്തോടെ മുൻസർക്കാർ പ്രഖ്യാപിച്ച 700 തടയണ നിർമ്മാണ പദ്ധതി, ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതി തുടങ്ങിയവയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്) : സർ,

(എ) കാലവർഷത്തിലുണ്ടായ കുറവ് കണക്കിലെടുത്ത് ജലദൗർലഭ്യത്തിനുള്ള സാദ്ധ്യത പരിഗണിച്ച് വേണ്ട കരുതൽനടപടികൾ സ്വീകരിച്ചുവരുന്നു. രൂക്ഷമാകാനിടയുള്ള വരൾച്ചയെ നേരിടുവാനുള്ള നടപടികളെപ്പറ്റി ആലോചിക്കുവാൻ 13-10-2016-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിളിച്ചുചേർത്ത യോഗത്തിൽ റവന്യൂ, കൃഷി, ധനകാര്യം, തദ്ദേശ സ്വയംഭരണം, ജലവിഭവം എന്നീ വകുപ്പുകൾ കൈകാര്യംചെയ്യുന്ന മന്ത്രിമാരും ബന്ധപ്പെട്ട ഉദ്യോഗസ്ഥരും പങ്കെടുത്ത് താഴെപ്പറയുന്ന തീരുമാനങ്ങൾ എടുത്തിട്ടുണ്ട്.

1. സ്രോതസ്സുകളിൽ തടയണ കെട്ടിയും നീർച്ചാലുകൾ നിർമ്മിച്ചും കൂടുതൽ ജലലഭ്യത ഉറപ്പുവരുത്തുക.

2. ഇറിഗേഷൻ, വൈദ്യുത വകുപ്പുമായി സഹകരിച്ച് അവരുടെ ഉടമസ്ഥതയിലുള്ള അണക്കെട്ടുകളിലെ ജലം പരമാവധി കുടിവെള്ള ആവശ്യത്തിനായി വിവിധ സ്രോതസ്സുകളിൽ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

3. അടിക്കടി ലീക്കുമൂലം നഷ്ടം സംഭവിക്കുന്ന വിതരണ ലൈനുകൾ മാറ്റി പകരം പുതിയവ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

4. ജലലഭ്യതയുള്ള സ്ഥലങ്ങളിൽ പൈപ്പുലൈൻ ദീർഘിപ്പിച്ച് ജലം എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

5. വാട്ടർ അതോറിറ്റി കിണറുകളിലെ ചെളിയും മണ്ണും നീക്കംചെയ്ത് പമ്പിംഗ് സ്റ്റേഷനുകളിൽ ജലലഭ്യത ഉറപ്പുവരുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

6. റവന്യൂ, തദ്ദേശസ്വയംഭരണ വകുപ്പുകളുടെ സഹകരണത്തോടെ ആവശ്യമായ സ്ഥലങ്ങളിൽ കിയോസ്കുകൾ സ്ഥാപിച്ച് ടാങ്കറുകൾ മുഖേന പരമാവധി ശുദ്ധജല വിതരണ സൗകര്യം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

7. പമ്പിംഗ് കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി കേടുവന്ന പമ്പു സെറ്റുകളുടെ അറ്റകുറ്റപ്പണികൾ സമയബന്ധിതമായി നടത്തുന്നതിനും, കൂടുതൽ പമ്പിംഗ് ആവശ്യമാണെങ്കിൽ അഡീഷണൽ ഷിഫ്റ്റുകൾ ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിച്ചുവരുന്നു.

8. ആവശ്യമാകുന്നപക്ഷം വാൽവുകൾ നിയന്ത്രിച്ച് കരുതൽ നടപടി സ്വീകരിക്കുന്നതിനും ഉദ്ദേശിക്കുന്നു.

9. പണികൾ അവസാനഘട്ടത്തിൽ എത്തിനിൽക്കുന്ന പദ്ധതികൾ അടിയന്തരമായി പൂർത്തീകരിച്ച് ജലവിതരണം ആരംഭിക്കും.

ജലശുദ്ധീകരണശാലകളുടെ സ്ഥാപിതശേഷി പൂർണ്ണമായും ഉപയോഗിക്കുന്നതിന് ആവശ്യമായ പുനരുദ്ധാരണ പ്രവൃത്തികൾ നടപ്പിലാക്കി ശുദ്ധജലലഭ്യത ഉറപ്പാക്കും.

ജലനിധി പദ്ധതികളുടെ ജലസ്രോതസ്സുകളിൽ കുടിവെള്ള ലഭ്യത ഉറപ്പാക്കുന്നതിന് ജല സംരക്ഷണം, ഭൂജല പരിപോഷണം എന്നീ കർമ്മ പദ്ധതികളും ജലനിധി ആവിഷ്കരിച്ചിട്ടുണ്ട്. ജലസ്രോതസ്സുകളിൽ കുടിവെള്ള ലഭ്യത ഉറപ്പുവരുത്തുന്നതിനായി ഭൂജല പരിപോഷണ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്.

വൻകിട/ഇടത്തരം ജലസേചന പദ്ധതികളുടെ റിസർവോയറിൽ നിന്നും ജലസേചന കലണ്ടറിന്റെ അടിസ്ഥാനത്തിൽ വാർഷിക അറ്റകുറ്റപ്പണികൾ നടത്തി കനാലുകളിലൂടെ കാർഷിക ആവശ്യങ്ങൾക്കായി വെള്ളം തുറന്നുവിടുന്നുണ്ട്. ഇതുവഴി ഭൂഗർഭ ജലവിതാനം താഴാതെ നിലനിർത്തുവാൻ കഴിയുന്നതാണ്. ജലത്തിന്റെ ലഭ്യതയനുസരിച്ച് കുടിവെള്ളത്തിനും മറ്റ് പ്രാദേശിക ആവശ്യങ്ങൾക്കുമായി നിയന്ത്രിതമായി ജലം നൽകുന്നതിനുള്ള നടപടികൾ എടുത്തു വരുന്നു.

(ബി) സംസ്ഥാനത്തെ നദികൾ, തോടുകൾ, കായലുകൾ എന്നിവയുടെ സംരക്ഷണച്ചുമതല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും റവന്യൂ വകുപ്പിനുമാണ്. പക്ഷേ ജലഅതോറിറ്റിയുടെ കുടിവെള്ള സ്രോതസ്സുകൾക്ക് സമീപം മലിനീകരണം ശ്രദ്ധയിൽപ്പെട്ടാൽ ജില്ലാഭരണകൂടത്തിന്റെയും ആരോഗ്യ വകുപ്പിന്റെയും പോലീസിന്റെയും

സഹകരണത്തോടുകൂടി ആവശ്യമായ നടപടികൾ സ്വീകരിക്കാറുണ്ട്. ജലഅതോറിറ്റിയുടെ നദീതട സ്രോതസ്സുകളിൽ ജലലഭ്യത ഉറപ്പാക്കുവാനായി തടയണകൾ നിർമ്മിക്കുന്നുണ്ട്.

വിവിധ കാരണങ്ങളാൽ നാശോന്മുഖമായിക്കൊണ്ടിരിക്കുന്ന കുളങ്ങൾ പുനരുജ്ജീവിപ്പിക്കുന്നതിനായുള്ള ഹരിതകേരളം പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. നിലവിലുള്ള ജലസ്രോതസ്സുകളുടെ നവീകരണവും ശുദ്ധീകരണവും ഉറപ്പാക്കുന്നതു വഴി പ്രാദേശികതലത്തിൽ ജലസേചനത്തിനും കുടിവെള്ള വിതരണത്തിനും ഉതകുന്ന ഒരു പുതിയ ജലഉപയോഗ സംസ്കാരം രൂപപ്പെടുത്തുന്നതിനാണ് ഹരിതകേരളം പദ്ധതി ഊന്നൽ നൽകുന്നത്.

(സി) ജലനിധി രണ്ടാംഘട്ട പദ്ധതിയിൽ 175 തടയണകൾ നിർമ്മിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കി. അതിൽ 127 എണ്ണം പൂർത്തീകരിച്ചു.

2013-'14 സാമ്പത്തിക വർഷത്തിൽ വരൾച്ച നേരിടുന്നതിനായി ബജറ്റിൽ പ്രഖ്യാപിച്ച 700 തടയണകൾ നിർമ്മിക്കുന്നതിനുള്ള പദ്ധതി ഘട്ടംഘട്ടമായി നടപ്പിലാക്കുന്നതിന് 400 കോടി രൂപ വകയിരുത്തുകയുണ്ടായി. ഇതിന്റെ ഒന്നാംഘട്ടമായി സർക്കാർ ഉത്തരവ് നമ്പർ GO(RT)No.416/2014/WRD dtd 25/04/2014, GO(RT)No. 1112/2014/WRD/ dtd 24/11/2014 പ്രകാരം 190 തടയണകൾ നിർമ്മിക്കുന്നതിനായി 111 കോടി രൂപ അനുവദിച്ചതിൽ 45 തടയണകൾ പൂർത്തിയാക്കി. 131 തടയണകൾ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. 'ഒരു പഞ്ചായത്തിൽ ഒരു കുളം' പദ്ധതിക്കായി 2012-13 സാമ്പത്തിക വർഷത്തിൽ 354 കുളങ്ങൾ നവീകരിക്കുന്നതിനായി 72.758 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചു. ഇതിൽ 220 കുളങ്ങൾ നവീകരിച്ചിട്ടുണ്ട്.

ശ്രീ. രാജു എബ്രഹാം : സർ, സമയബന്ധിതമായി പദ്ധതികൾ പൂർത്തിയാക്കുകവഴി ഇന്ന് നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ ഒരു പരിധിവരെ സാധിക്കും. ഇവിടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ നടന്ന യോഗ തീരുമാനങ്ങളെയെല്ലാം സ്വാഗതം ചെയ്യുന്നു. 20 വർഷത്തിലധികമായി തുടങ്ങിയതും പണി പൂർത്തിയാകാത്തതുമായ കുടിവെള്ള വിതരണ പദ്ധതി എന്റെ നിയോജക മണ്ഡലത്തിലുണ്ട്. ഇവിടെ ബഹുമാനപ്പെട്ട മന്ത്രി നൽകിയ ഉത്തരത്തിൽ, 2013-ൽ 400 തടയണകൾ നിർമ്മിക്കാൻ തീരുമാനിച്ചുവെന്ന് പറഞ്ഞു. അതിൽ 45 തടയണകൾ മാത്രമാണ് പൂർത്തിയായിട്ടുള്ളത്. 1000 കുളങ്ങൾ നിർമ്മിക്കാൻ തീരുമാനിച്ചതിൽ 220 കുളങ്ങൾ മാത്രമാണ് പൂർത്തീകരിച്ചത്. ആ അവസ്ഥ നമുക്കുണ്ടാകാൻ പാടില്ല. ഇതാണ് നമ്മൾ നേരിടുന്ന പ്രധാനപ്പെട്ട ഒരു പ്രശ്നം. സമയബന്ധിതമായി ഇത്തരം പദ്ധതികൾ പൂർത്തിയാക്കാൻ കഴിഞ്ഞാൽ 80 ശതമാനം കുടിവെള്ള പ്രശ്നവും പരിഹരിക്കാൻ കഴിയും. അതിനുള്ള ഒരു തീരുമാനമെടുത്ത് നടപടികൾ തുടങ്ങാൻ അങ്ങയുടെ കാലഘട്ടത്തിൽ സാധിക്കുമോ?

ശ്രീ. മാത്യു ടി. തോമസ് : സർ, വാട്ടർ അതോറിറ്റിയുടെ കുടിവെള്ള പദ്ധതികളെ സംബന്ധിച്ചുള്ള അവലോകന യോഗങ്ങൾ ജില്ലാടിസ്ഥാനത്തിൽ നടന്നുകൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട അംഗങ്ങളെല്ലാവരും നല്ലരീതിയിൽ സഹകരിക്കുന്നുണ്ട്. ബഹുമാനപ്പെട്ട അംഗം, അദ്ദേഹത്തിന്റെ മണ്ഡലത്തിലെ 20 വർഷമായി മുടങ്ങിക്കിടക്കുന്ന പദ്ധതിയെ സംബന്ധിച്ച് ഇന്നലെ നടന്ന അവലോകന യോഗത്തിൽ സൂചിപ്പിക്കുകയുണ്ടായി. അത് പൂർത്തീകരിക്കാനുള്ള നടപടികൾക്ക് ഇന്നലെത്തന്നെ നിർദ്ദേശം കൊടുത്തിട്ടുണ്ട്. ജല അതോറിറ്റിയുടെയും സംസ്ഥാന സർക്കാരിന്റെയും സാമ്പത്തിക പരിമിതി ഒരു തടസ്സമാണ്. എന്നാൽപോലും പുതിയതായി രൂപീകരിക്കുന്ന കിഫ്ബിയിൽ വാട്ടർ അതോറിറ്റിയുടെ ജലം ലഭ്യമാക്കിക്കൊടുക്കാനുള്ള നിരവധി പദ്ധതികൾ ഏറ്റെടുക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

ശ്രീ. രാജു എബ്രഹാം : സർ, കേരളത്തിലെ ആകെ ജനസംഖ്യയെക്കാൾ കൂടുതൽ ജനങ്ങൾ എത്തുന്ന കേന്ദ്രമാണ് ശബരിമല. പമ്പ, സന്നിധാനം, നിലയ്ക്കൽ എന്നിവിടങ്ങളിൽ കുപ്പിവെള്ളം ഹൈക്കോടതി പൂർണ്ണമായി നിരോധിച്ചു. അതിനു പകരം ഒരു സംവിധാനം ഉണ്ടാക്കാൻ ഇതുവരെ കഴിഞ്ഞിട്ടില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പമ്പയിൽ നടന്ന അവലോകന യോഗത്തിൽ പറഞ്ഞ ഒരു സന്ദേശമുണ്ട്. കേരളത്തിലെ എല്ലാ നദികളിലെയും വെള്ളം നേരിട്ട് കുടിക്കാൻ കഴിയുന്ന രൂപത്തിലേക്ക് അതിന്റെ നിലവാരം ഉയർത്തുന്ന നയങ്ങൾ രൂപീകരിക്കണം എന്ന്. അതിനെ സ്വാഗതം ചെയ്യുന്നതോടൊപ്പംതന്നെ നിലയ്ക്കൽ, പമ്പ, സന്നിധാനം എന്നിവിടങ്ങളിൽ ഹൈക്കോടതിയുടെ ഉത്തരവ് നിലനില്ക്കുന്ന സാഹചര്യത്തിൽ ഇവിടെ വരുന്ന കോടിക്കണക്കിന് തീർത്ഥാടകർക്ക് എങ്ങനെയാണ് വെള്ളം കൊടുക്കാൻ കഴിയുകയെന്നും അതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ?

ശ്രീ. മാത്യു ടി. തോമസ് : സർ, ഹൈക്കോടതിവിധിയുടെ പശ്ചാത്തലത്തിൽ ആവശ്യമായ നടപടികളിലേയ്ക്ക് വാട്ടർ അതോറിറ്റി നീങ്ങിയിട്ടുണ്ട്. പ്രധാനമായും ആർ.ഒ. പ്ലാന്റുകൾ സ്ഥാപിച്ച് വെള്ളം അതാത് സ്ഥലത്തുതന്നെ ശുദ്ധീകരിച്ച് കിയോസ്കുകൾവഴി വിതരണം ചെയ്യാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. അതേസമയം നിലയ്ക്കൽ എന്ന സ്ഥലത്ത് ടാങ്കറുകൾ വേണ്ടിവന്നാൽ, അവ സ്ഥാപിച്ച് അവിടെ ശുദ്ധജലം എത്തിച്ചുകൊടുക്കുന്നതാണ്. ശബരിമല സീസൺ സമയത്ത് തീർത്ഥാടകർക്ക് ശുദ്ധജലത്തിന്റെ കാര്യത്തിൽ ഒരു പ്രയാസവും ഉണ്ടാകാത്ത രീതിയിലുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. എസ്. ശർമ്മ : സർ, കേരളം ജലത്തിന്റെ കാര്യത്തിൽ അസാധാരണമായ ഒരു സ്ഥിതിവിശേഷത്തെ അഭിമുഖീകരിക്കേണ്ടി വരികയാണ്. അത് എങ്ങനെ അഡ്രസ്സ് ചെയ്യാമെന്നുള്ളതാണ് ഏറ്റവും വലിയ പ്രശ്നം? ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ

നേതൃത്വത്തിൽ യോഗംചേർന്ന് സ്വീകരിച്ചിട്ടുള്ള കരുതൽ നടപടികളെ സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ വിശദീകരിക്കുകയുണ്ടായി. കേരളത്തിന്റെ ജലസമ്പത്തായിട്ടുള്ള 44 നദികളുടെയും സ്വാഭാവികമായ ഒഴുക്ക് നഷ്ടപ്പെട്ടു കഴിഞ്ഞിരിക്കുന്നുവെന്നാണ് 2015-ൽ പബ്ലിഷ് ചെയ്ത പാർലമെന്റ് കമ്മിറ്റി നടത്തിയ പഠനത്തിൽ വ്യക്തമാക്കുന്നത്. നമ്മുടെ ജലസ്രോതസ്സിന്റെ ഒഴുക്ക് സ്വാഭാവികമായും നഷ്ടപ്പെട്ടുക്കഴിഞ്ഞാൽ കുളങ്ങളും തടാകങ്ങളും ചെറുപുഴകളും കായലുകളുമെല്ലാം വറ്റിവരണ്ടുപോകുന്ന സ്ഥിതിവിശേഷം വരും. കാലാവസ്ഥാവ്യതിയാനം പ്രതികൂല ഘടകമാണ്. മറ്റൊരു പഠനത്തിൽ പറയുന്നത്, കേരളത്തിൽ 10 വർഷത്തിനിടയിൽ ആറരലക്ഷത്തോളംവരുന്ന കിണറുകൾ നശിച്ചുപോയിരിക്കുന്നുവെന്നാണ്. പൈപ്പ്ലൈൻ വന്നതോടുകൂടി വീട്ടുമുറ്റത്തുള്ള കിണറിന്റെ സംരക്ഷണത്തിൽനിന്നും നാം ഒഴിഞ്ഞുമാറുകയോ അല്ലെങ്കിൽ അറിഞ്ഞോ അറിയാതെയോ മാറ്റപ്പെടുകയോ ആണുണ്ടായത്. ഈ സന്ദർഭത്തിൽ മനുഷ്യ ജീവിതത്തിലെ ഒരു ദിനചര്യ എന്നപോലെ ജലസംരക്ഷണത്തിനും ഭൂഗർഭ ജലപരിപോഷണത്തിനും സ്വീകരിക്കുന്ന നടപടികൾ ജലസുരക്ഷയുടെ ഭാഗമായി കണക്കാക്കി പ്രത്യേകം പദ്ധതികൾ ആവിഷ്കരിക്കുന്നതിന് മുൻകൈ എടുക്കുമോ?

ശ്രീ. മാത്യു ടി. തോമസ് : സർ, ജലസംരക്ഷണവും ജല സംപോഷണവും ലക്ഷ്യമിട്ടുള്ള നിരവധി പ്രവർത്തനങ്ങളാണ് വിശദീകരിക്കാൻ ഞാൻ ശ്രമിച്ചത്. കിണറുകൾ ശ്രദ്ധിക്കാതെ പോകാൻ പാടില്ല. മഴവെള്ള സംഭരണികളും മഴവെള്ളം ഉപയോഗിച്ചുള്ള കിണർ റീ ചാർജ്ജിംഗ് അടക്കമുള്ള പദ്ധതികളിലേയ്ക്ക് വേഗത്തിൽ നീങ്ങേണ്ടതായിട്ടുണ്ട്. കിണറുകളുടെ അടുത്തുതന്നെ മഴക്കുഴികൾ സ്ഥാപിച്ച് വെള്ളം ഭൂമിയിൽ ആഴ്ന്നിറങ്ങാനുള്ള സംവിധാനമൊരുക്കണമെന്ന ലക്ഷ്യവും ഗവൺമെന്റിനുണ്ട്. ഹരിതകേരളം പദ്ധതിയിൽ അത്തരം നിരവധി പദ്ധതികൾ ഉൾക്കൊള്ളിക്കാൻ ആഗ്രഹിക്കുന്നു. പുതിയതായി നിർമ്മിക്കുന്ന കെട്ടിടങ്ങളുടെ മേൽക്കൂരയിൽനിന്നും വീഴുന്ന വെള്ളം പാഴായിപ്പോകാതെ ഭൂമിയിൽ ആഴ്ന്നിറങ്ങാൻ തക്കവണ്ണമുള്ള ക്രമീകരണങ്ങൾ നിർബന്ധമാക്കിക്കൊണ്ട് കെട്ടിട നിർമ്മാണ ചട്ടങ്ങളിൽതന്നെ ചില വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. നാം അഭിമുഖീകരിക്കുന്ന ജലദൗർലഭ്യത്തിന്റെ പ്രശ്നങ്ങളെ അഡ്രസ്സ് ചെയ്യാൻ എല്ലാ സംവിധാനങ്ങളും ഗവൺമെന്റ് ഒരുക്കും. അതേസമയം ഈ സ്ഥിതിവിശേഷത്തെ കൈകാര്യം ചെയ്യാൻ ജനകീയ അവബോധത്തോടുകൂടിയും പങ്കാളിത്തത്തോടുകൂടിയും മാത്രമേ കഴിയുകയുള്ളൂ. അംഗങ്ങളുടെ മാത്രമല്ല പൊതുസമൂഹത്തിന്റെയും ജനപ്രതിനിധികളുടെയും പിന്തുണ ഇത്തരം കാര്യങ്ങൾക്കാവശ്യമാണ്. അതിന് ആവശ്യമായ അവബോധം സമൂഹത്തിൽ സൃഷ്ടിച്ചെടുക്കാൻ ജനപ്രതിനിധികളുടെ സഹകരണം ഞാൻ വിനയപൂർവ്വം അഭ്യർത്ഥിക്കുന്നു.

<u>ശ്രീ. കാരാട്ട് റസാഖ്</u> : സർ, നമ്മുടെ സംസ്ഥാനത്ത് നല്ല മഴ ലഭിക്കുന്ന കാലഘട്ടത്തിൽപോലും രൂക്ഷമായ കുടിവെള്ളപ്രശ്നം നിലനിൽക്കുന്നുണ്ട്. സംസ്ഥാനത്ത് ഈ വർഷം മഴ വളരെ കുറവാണ്. അയൽസംസ്ഥാനങ്ങളുമായി നദീജല കരാർ ഉണ്ടാക്കിയിട്ടുണ്ടോ; അങ്ങനെ വെള്ളം മറ്റു സംസ്ഥാനങ്ങൾക്ക് വിട്ടുകൊടുക്കേണ്ടതായിട്ടുണ്ടോ; ഇപ്പോൾ ഈ സംസ്ഥാനത്ത് മഴയുടെ ലഭ്യതക്കുറവുള്ളത് അയൽസംസ്ഥാനങ്ങളുമായി ചർച്ച ചെയ്തിട്ടുണ്ടോ തുടങ്ങിയ കാര്യങ്ങളാണ് എനിക്ക് ചോദിക്കാനുള്ളത്.

<u>ശ്രീ. മാത്യു ടി. തോമസ്</u> : നമ്മുടെ സംസ്ഥാനം നേരത്തേ ഏർപ്പെട്ട പല അന്തർ സംസ്ഥാന കരാറുകളുമുണ്ട്. ആ കരാറുകൾ രൂപപ്പെടുത്തുന്ന സമയത്ത് നദികളിൽ ഉണ്ടായിരുന്ന ജലലഭ്യത ഇന്നുണ്ടോയെന്നുള്ളത് വിശദമായി പരിശോധിക്കേണ്ട വിഷയമാണ്. ഇല്ലായെന്നാണ് നമുക്ക് പറയാൻ കഴിയുക. ആ കരാറുകളിലെ വ്യവസ്ഥകൾ പലപ്പോഴും പാലിക്കപ്പെടുന്നില്ല. പറമ്പിക്കുളം-ആളിയാർ പ്രശ്നം കഴിഞ്ഞ ദിവസം നമ്മൾ ചർച്ചചെയ്തു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ ഇക്കാര്യത്തിൽ ഇടപെട്ടു. നേരത്തേ നൽകിയ കത്തിന്റെ അടിസ്ഥാനത്തിൽ ഇന്ന് പറമ്പിക്കുളം ആളിയാർ കരാറിന്റെ ജോയിന്റ് റെഗുലേറ്ററി ബോർഡ് പാലക്കാടുവച്ച് യോഗം ചേരുകയാണ്. നമുക്ക് ലഭിക്കേണ്ട വെള്ളത്തിൽവന്ന കുറവ് പരിഹരിക്കാൻ നടപടികളുണ്ടാകണമെന്ന് ശക്തമായി ആവശ്യപ്പെടുകയാണ്. കരാറുകൾ പുനരവലോകനം ചെയ്യണമെന്നത് കേരളത്തിന്റെ ആവശ്യമാണ്. ഉഭയസമ്മതപ്രകാരം പുനരവലോകനം ചെയ്യാമെന്നാണ് കരാറിലെ വ്യവസ്ഥ. മറ്റു സംസ്ഥാനങ്ങളുമായി സഹകരിച്ചുകൊണ്ട് കരാറുകൾ റിവ്യൂ ചെയ്യാനുള്ള നടപടികളും ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുകയാണ്.

<u>ശ്രീ. എം. മുകേഷ്</u> : സർ, എന്റെ മണ്ഡലമടക്കം കൊല്ലം ജില്ല ഇപ്പോൾതന്നെ വലിയ കുടിവെള്ളക്ഷാമം നേരിട്ടുകൊണ്ടിരിക്കുകയാണ്. മാർച്ച്, ഏപ്രിൽ മാസത്തോടുകൂടി അത് അതീവ ഗുരുതര സ്ഥിതിയിലേക്ക് പോകും. കൊല്ലം ജില്ല കുടിവെള്ളത്തിനായി ശാസ്താംകോട്ട കായലിനെയാണ് ആശ്രയിക്കുന്നത്. ഗുരുതരമായ പാരിസ്ഥിതികപ്രശ്നം നേരിടുന്ന ശാസ്താംകോട്ട കായലിന്റെ സംരക്ഷണത്തിനായി സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയാണ്? ഒരു കുടിവെള്ള സ്രോതസ്സ് എന്ന നിലയിൽ കായൽ ഇന്ന് നേരിടുന്ന പ്രതിസന്ധികളുടെ പശ്ചാത്തലത്തിൽ കൊല്ലം നഗരസഭാ പ്രദേശങ്ങളിലെയും സമീപ പഞ്ചായത്തുകളിലെയും കുടിവെള്ള വിതരണത്തിനായി വകുപ്പ് അടിയന്തരമായി സ്വീകരിക്കാൻ പോകുന്ന നടപടികൾ എന്തൊക്കെയാണെന്ന് അറിഞ്ഞാൽ കൊള്ളാം.

<u>ശ്രീ. മാത്യു ടി. തോമസ്</u> : ഓരോ ജില്ലയിലും പ്രത്യേകമായി അവലോകന യോഗങ്ങൾ ചേർന്ന് ഓരോ സ്ഥലത്തെയും പ്രശ്നങ്ങൾ ചർച്ച ചെയ്തിട്ടുണ്ട്. കൊല്ലം പട്ടണത്തിലും സമീപപ്രദേശങ്ങളിലും കുടിവെള്ളവിതരണം നടത്തിക്കൊണ്ടിരുന്നത് ശാസ്താംകോട്ടക്കായൽ എന്ന ജലസ്രോതസ്സിനെ ആശ്രയിച്ചാണ്. എന്നാൽ

ശാസ്താംകോട്ട കായലിനെ ആശ്രയിച്ച് കുടിവെള്ള വിതരണ പദ്ധതി മുന്നോട്ട് പോകാൻ കഴിയാത്ത ഒരു അവസ്ഥയാണ് ഇപ്പോഴുള്ളത്. ഇക്കഴിഞ്ഞ മാസങ്ങളിൽ കൊല്ലത്തും സമീപ പ്രദേശങ്ങളിലും വെള്ളം കൊടുക്കാൻ കഴിഞ്ഞത് കല്ലട ഇറിഗേഷൻ പ്രോജക്ടിൽനിന്നാണ്. ശാസ്താംകോട്ട കായൽ പുനരുദ്ധരിക്കുന്നതിനുള്ള പദ്ധതിയെക്കുറിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ സഭയിൽ ഉറപ്പുനൽകിയിട്ടുള്ളതാണ്. അതിന്റെ വിശദാംശങ്ങൾ ഇപ്പോൾ എന്റെ കൈവശമില്ല. ബഹുമാനപ്പെട്ട അംഗം ആവശ്യപ്പെടുന്നപക്ഷം അത് ലഭ്യമാക്കുകയും അതിനനുസൃതമായ നടപടികൾ നടത്തിക്കൊടുക്കുകയും ചെയ്യുന്നതാണ്.

ശ്രീ. ഷാഫി പറമ്പിൽ : സർ, കഴിഞ്ഞ വേനലിൽ 42 ഡിഗ്രി ചൂടാണ് പാലക്കാട് രേഖപ്പെടുത്തിയത്. കഠിനമായ വരൾച്ച ഗ്രാമപ്രദേശങ്ങളിലും നഗരങ്ങളിലും ഒരുപോലെ അനുഭവപ്പെടുകയാണ്. നമ്മുടെ ഡാമുകളുടെ കപ്പാസിറ്റി വലിയ ഇഷ്യൂവാണ്. ഡാം ബിൽഡ് ചെയ്തപ്പോൾ ഉദ്ദേശിച്ചിരുന്ന കപ്പാസിറ്റി ഇപ്പോൾ ഇല്ല. ഡാമിൽ ചെളിയും മണ്ണും അടിഞ്ഞുകൂടി ഡാമിന്റെ കപ്പാസിറ്റിക്കനുസരിച്ച് സ്റ്റോർ ചെയ്യാനാകാതെ, വെള്ളം ജനങ്ങളിലേയ്ക്ക് എത്തിക്കാൻ കഴിയാതെ പോകുന്നതിന്റെ പ്രയാസം പാലക്കാട്ടെ ജനങ്ങൾ അനുഭവിക്കുന്നുണ്ട്. ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി ഒരിക്കൽ അതിനുവേണ്ടി ഒരു പദ്ധതി തയ്യാറാക്കിയതായിരുന്നു. വേനലിൽ കേരളത്തിൽ ഏറ്റവും കൂടുതൽ ചൂട് രേഖപ്പെടുത്തുന്ന പ്രദേശങ്ങളിൽ ഒന്നായതുകൊണ്ട് പാലക്കാടിന് പ്രത്യേക പരിഗണന നൽകി ഡാമിന്റെ കപ്പാസിറ്റി കൂട്ടി ആ പദ്ധതി പുനരാവിഷ്കരിക്കാൻ ഗവൺമെന്റ് ആലോചിക്കുന്നുണ്ടോ; പാലക്കാടിനുവേണ്ടി പ്രത്യേക കുടിവെള്ള പദ്ധതികൾ നടപ്പിലാക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. മാത്യു ടി. തോമസ് : വരൾച്ചക്കാലത്ത് ഏറ്റവും കൂടുതൽ ചൂട് അനുഭവപ്പെടുന്ന ജില്ലയാണ് പാലക്കാടും അതിന്റെ പരിസര പ്രദേശങ്ങളും. ഭൂഗർഭ ജലം ഏറ്റവുമധികം താഴ്ന്നിരിക്കുന്ന ഒരു പ്രദേശമാണ് പാലക്കാട് എന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ഭൂഗർഭ ജലത്തിന്റെ ദൗർലഭ്യം കണക്കാക്കി സംസ്ഥാനത്തെ എല്ലാ ബ്ലോക്കുകളെയും നാലായി തരംതിരിച്ചിട്ടുണ്ട്. അതിൽ over exploited ആയി കണക്കാക്കിയിരിക്കുന്നതാണ് ചിറ്റൂർ ബ്ലോക്കും കാസർഗോഡ് ബ്ലോക്കും. വളരെ ഗുരുതരമായ ഈ പ്രശ്നം സംസ്ഥാനത്തൊട്ടാകെയുണ്ടെങ്കിലും ഏറ്റവും രൂക്ഷമായി അനുഭവപ്പെടുന്നത് പാലക്കാട് ജില്ലയിലാണ്. ഡാമിലെ ചെളിയും മറ്റും നീക്കം ചെയ്യുന്നത് സംബന്ധിച്ച നിർദ്ദേശമാണ് ബഹുമാനപ്പെട്ട അംഗം മുന്നോട്ട് വച്ചത്. പല വകുപ്പുകൾ ഒരുമിച്ചുചേരേണ്ടുന്ന വിഷയമാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇതുസംബന്ധിച്ച് ഒരു യോഗം അടുത്തയാഴ്ച വിളിച്ചുചേർക്കാൻ നോട്ടീസ് നൽകിക്കഴിഞ്ഞു. ഈ വിഷയം പൊതുവായ ഒരു വിഷയമെന്ന നിലയിൽ ആലോചിക്കുന്നതാണ്.

ശ്രീ. എൽദോ എബ്രഹാം : കനാലുകളെ മാത്രം ആശ്രയിച്ച പ്രവർത്തിക്കുന്ന നിരവധി കുടിവെള്ള പദ്ധതികൾ നമ്മുടെ സംസ്ഥാനത്തുണ്ട്. രൂക്ഷമായ വേനലിനെ തുടർന്ന് നിരവധി കുടിവെള്ള പദ്ധതികൾ ഒരു മാസത്തിലേറെയായി അടച്ചുപൂട്ടപ്പെട്ടു കഴിഞ്ഞു. ഈ വിഷയത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിലോ ജില്ലാ ഭരണകൂടത്തിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലോ അത്യാവശ്യംവേണ്ട കേന്ദ്രങ്ങളിൽ കുടിവെള്ളം ടാങ്കിൽ സ്ഥാപിച്ച് നൽകുവാൻ നടപടി സ്വീകരിക്കുമോ എന്നുള്ളതാണ് എന്റെ ചോദ്യം.

ശ്രീ. മാത്യു ടി. തോമസ് : കുടിവെള്ള പദ്ധതികൾ അടച്ചുപൂട്ടപ്പെട്ടതായി എന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചാൽ അടിയന്തരമായി തന്നെ നടപടി സ്വീകരിക്കാം. ഗവൺമെന്റ് സ്വീകരിച്ചിരിക്കുന്ന പൊതുനയം, പരമാവധി സ്ഥലങ്ങളിൽ നിലവിലിരിക്കുന്ന ജലസ്രോതസ്സുകളെ ആശ്രയിച്ച് കുടിവെള്ളം വിതരണം നടത്തുക, അതിന് കഴിയാതെവരുന്ന സ്ഥലങ്ങളിൽ ടാങ്കർ ലോറികളിൽ വെള്ളം വിതരണം ചെയ്യുന്നതിൽനിന്നും വ്യത്യസ്തമായി ഓരോ വാർഡുകളിലും കിയോസ്കുകൾ സ്ഥാപിച്ച് അവിടെ വാട്ടർ അതോറിറ്റി ശുദ്ധജലം എത്തിച്ചുകൊടുക്കുക എന്നതാണ്. വരൾച്ച രൂക്ഷമായി വരുന്ന സമയം ആണ് ലക്ഷ്യം വച്ചിരിക്കുന്നത്.

ശ്രീ. വി. എസ്. ശിവകുമാർ : സർ, തലസ്ഥാന നഗരമായ തിരുവനന്തപുരം അതിരൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവിക്കുകയാണ്. 1991-ൽ കെ. കരുണാകരൻ മുഖ്യമന്ത്രിയായിരുന്ന സമയത്താണ് അരുവിക്കരയിൽനിന്നും അഡീഷണലായി വെള്ളം കൊണ്ടുവന്ന് ശുദ്ധജല വിതരണത്തിനുവേണ്ടിയുള്ള പദ്ധതി പൂർത്തീകരിച്ചത്. അന്ന് തിരുവനന്തപുരം നഗരത്തിലെ ജനസംഖ്യ അഞ്ചുലക്ഷമായിരുന്നു. ഇന്ന് 12 ലക്ഷത്തിലധികമായി ജനസംഖ്യ. എല്ലാ പ്രദേശങ്ങളിലും രൂക്ഷമായ കുടിവെള്ള ക്ഷാമം അനുഭവിക്കുന്നുണ്ട് എന്നുള്ളത് യാഥാർത്ഥ്യമാണ്. തിരുവനന്തപുരം നഗരത്തിൽ ജപ്പാൻ കുടിവെള്ള പദ്ധതിയുടെയും ജെൻറം പദ്ധതിയുടെയും അടിസ്ഥാനത്തിൽ തലസ്ഥാന നഗരത്തെ 8 സോണുകളായി തിരിച്ച് ഏകദേശം 165 കിലോമീറ്റർ പൈപ്പുകൾ ഇട്ടിട്ടുണ്ട്. പക്ഷേ ആ പദ്ധതി ഇതുവരെ പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല. പല സ്ഥലങ്ങളിലും ഇന്റർ കണക്ഷൻ കൊടുക്കാൻ കഴിയാത്തതുകാരണം കുടിവെള്ളം എത്തുന്നില്ല. തീരദേശ മേഖലയിലും മറ്റു പ്രദേശങ്ങളിലും കുടിവെള്ളമെത്താത്ത ഗുരുതരമായ സാഹചര്യം നിലനിൽക്കുകയാണ്. റോഡുകൾ വെട്ടിക്കുഴിക്കുക എന്നതാണ് ഏറ്റവും പ്രധാന പ്രശ്നം. ബഹുമാന്യനായ പി.ഡബ്ല്യു.ഡി. മന്ത്രിയുമായി സംസാരിച്ച് അടിയന്തര നടപടി സ്വീകരിക്കേണ്ടതാണ്. എം.എൽ.എ. ഫണ്ടും എം.പി. ഫണ്ടും അനുവദിച്ചിട്ടും ഈയൊരു പ്രശ്നം കാരണം കുടിവെള്ളം വിതരണം ചെയ്യാൻ സാധിക്കുന്നില്ല. തലസ്ഥാന നഗരിയിലെ പ്രധാന

പദ്ധതിയായ നെയ്യാർ ഡാമിൽനിന്നും ശുദ്ധജലം മാറനല്ലൂരിൽ കൊണ്ടുവന്ന് തിരുവനന്തപുരം പി.ടി.പി. നഗറിൽ 100 എം.എൽ.ഡി. പ്ലാന്റ് സ്ഥാപിച്ച് നഗരത്തിലേയ്ക്ക് വിതരണംചെയ്യുന്ന 300 കോടി രൂപയുടെ ഒരു പദ്ധതി കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ആരംഭിച്ചു. അത് അടിയന്തരമായി പൂർത്തീകരിക്കുന്നതിന് വേണ്ടിയുള്ള നടപടികൾ സ്വീകരിക്കുമോ എന്നുകൂടി ബഹുമാനപ്പെട്ട മന്ത്രിയോട് ചോദിക്കുകയാണ്.

<u>ശ്രീ. മാത്യു ടി. തോമസ്</u> : ബഹുമാനപ്പെട്ട അംഗം വി.എസ്. ശിവകുമാർ ചോദിച്ച ചോദ്യത്തിന് മറുപടി പറയുന്നതിനുമുൻപ് ശ്രീ. എൽദോ എബ്രഹാം ചോദിച്ച ചോദ്യത്തിന് മറുപടി പറയാനുണ്ട്. ബഹുമാനപ്പെട്ട എൽദോ ഇവിടെ ചൂണ്ടിക്കാണിച്ചത് പ്രായോഗികമായ പ്രശ്നങ്ങൾ ഉണ്ടാകുന്നുവെന്നുള്ളതാണ്. പ്രായോഗിക പ്രശ്നങ്ങൾ ഉണ്ടാകുമ്പോൾ ആ സമയത്ത് പരിഹാരം ഉണ്ടാക്കാവുന്നതാണ്.

ശ്രീ. വി. എസ്. ശിവകുമാർ ചൂണ്ടിക്കാണിച്ചതുപോലെ അരുവിക്കര പദ്ധതിയിൽ നിന്നും വെള്ളം ലഭ്യമാക്കാനുള്ള നടപടികൾ നടക്കുന്നുണ്ട്. ഇന്റർ കണക്ഷന്റെ ചില പ്രശ്നങ്ങളുണ്ട്. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചത് ശരിയാണ്. ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിയും ഞാനും പല തവണ ഈ വിഷയം സംബന്ധിച്ച് സംസാരിച്ചിട്ടുണ്ട്. റോഡുകൾ പണിതുകഴിഞ്ഞാലുടൻതന്നെ അവ വെട്ടിപ്പൊളിക്കേണ്ട സാഹചര്യം വരുമ്പോൾ ആ വകുപ്പിനുമാത്രമല്ല ജനങ്ങൾക്കും ബുദ്ധിമുട്ടുണ്ടാകുന്നുണ്ട്. റോഡ് പണിയുന്നതിനുമുൻപ് വാട്ടർ അതോറിറ്റിയുടെ വർക്കുകൾ പൂർത്തീകരിക്കണമെന്നാണ് ഇപ്പോൾ വാട്ടർ അതോറിറ്റിക്ക് കൊടുത്തിരിക്കുന്ന നിർദ്ദേശം. ആ പണി പൂർത്തീകരിച്ചതിനുശേഷം റോഡ് പണികൾ ചെയ്യാൻ തക്കവണ്ണമുള്ള ക്രമീകരണങ്ങളാണ് ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്നത്. ചില സ്ഥലങ്ങളിൽ റോഡ് പൊളിക്കേണ്ടതായിവരും. അങ്ങനെയുള്ള സ്ഥലങ്ങളിൽ സ്വീകരിക്കേണ്ട നടപടിക്രമങ്ങളെ സംബന്ധിച്ച് രണ്ടുമന്ത്രിമാരും കൂടി തീരുമാനിച്ച് ചില നിർദ്ദേശങ്ങൾ ബന്ധപ്പെട്ട വകുപ്പുകൾക്ക് നൽകിയിട്ടുണ്ട്.

<u>ശ്രീ. കോവൂർ കുഞ്ഞുമോൻ</u> : സർ, വാട്ടർ അതോറിറ്റി നടപ്പിലാക്കുന്ന വിവിധ കുടിവെള്ള പദ്ധതികളിലെ പൈപ്പിടുന്നതുമായി ബന്ധപ്പെട്ട പണികൾ ഇപ്പോൾ മുടങ്ങിക്കിടക്കുകയാണ്. റോഡ് മുറിക്കലാണ് പ്രധാന വിഷയം, പി.ഡബ്ല്യൂ.ഡി നിർദ്ദേശിക്കുന്ന തുക വാട്ടർ അതോറിറ്റിക്ക് പലപ്പോഴും അടയ്ക്കാൻ കഴിയുന്നില്ല. അതുകൊണ്ട് പി.ഡബ്ല്യൂ.ഡി.യും വാട്ടർ അതോറിറ്റിയും സംയുക്തമായി പ്രവർത്തിച്ചാൽ മാത്രമേ ഇത്തരം പദ്ധതികൾ പൂർത്തീകരിക്കപ്പെടുകയുള്ളൂ. എന്റെ മണ്ഡലത്തിലുൾപ്പെടെ കേരളത്തിലെ വിവിധ പദ്ധതികൾ ഇപ്പോൾ സ്തംഭനാവസ്ഥയിലാണ്. ഇത് പുനരാരംഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ശ്രീ. മാത്യു ടി. തോമസ് : സർ, ഈ രണ്ട് വകുപ്പുകളും തമ്മിലുള്ള ഏകോപനം കാര്യക്ഷമമാക്കാനും കൂടുതൽ ജനസൗഹൃദമാക്കാനും രണ്ടു മന്ത്രിമാരുടെയും നേതൃത്വത്തിൽ ആലോചന നടന്നിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നിർദ്ദേശം ഇക്കാര്യത്തിലുണ്ട്. ഈ വിഷയം ഞങ്ങൾ പരിശോധിക്കാം.

ബഹുമാനപ്പെട്ട ശിവകുമാർ ചോദിച്ച ചോദ്യത്തിന് മറുപടി പറയാൻ വിട്ടുപോയതാണ്. നെയ്യാർ ഡാമിൽനിന്നും 120 എം.എൽ.ടി.യുടെ ഒരു പദ്ധതിക്ക് സാംഗ്ഷൻ കൊടുത്തിട്ടുണ്ട്. അതിന്റെ സാമ്പത്തിക സ്രോതസ്സ് കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. അത് കിഫ്ബിയിലേയ്ക്ക് കൊടുക്കാനാണ് ഇപ്പോൾ ഉദ്ദേശിക്കുന്നത്.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : സർ, ഭാരതപ്പുഴ കടന്നുപോകുന്ന കോട്ടയ്ക്കൽ മണ്ഡലത്തിലെ ഇരുമ്പിളിയം-കുറ്റിപ്പുറം പഞ്ചായത്തുകളേയും പാലക്കാട് തൃത്താല മണ്ഡലത്തേയും ബന്ധിപ്പിക്കുന്ന കാങ്കക്കടവ് പദ്ധതിയിൽ ആർ.സി.ബി. നിർമ്മിക്കാനായി നിർദ്ദേശമുണ്ടായിരുന്നു. അതിന്റെ ഫീസിബിലിറ്റി സ്റ്റഡി നടന്നിട്ടുണ്ടെന്നാണ് അറിയുന്നത്. ഏകദേശം അഞ്ച് പഞ്ചായത്തുകളിലെയെങ്കിലും കുടിവെള്ളപ്രശ്നം പരിഹരിക്കാൻ ഈ പദ്ധതിയിലൂടെ സാധിക്കും. ആ പദ്ധതി ഗവൺമെന്റ് ഏറ്റെടുത്ത് നടപ്പിലാക്കാൻ ശ്രമിക്കുമോ?

ശ്രീ. മാത്യു ടി. തോമസ്: സർ, ഒരു പ്രത്യേക സ്ഥലത്തെ ആർ.സി.ബി.യുടെ നിർമ്മാണവുമായി ബന്ധപ്പെട്ട ചോദ്യമാണിത്. അതിന്റെ വിശദവിവരം എന്റെ കൈവശം ഇപ്പോൾ ഇല്ല. ഇക്കാര്യം അന്വേഷിച്ച് അങ്ങയെ അറിയിക്കുന്നതാണ്.

ശ്രീ. കെ. ആൻസലൻ : സർ, എന്റെ മണ്ഡലമായ നെയ്യാറ്റിൻകരയുമായി ബന്ധപ്പെട്ട വിഷയമാണ്, 2004-ൽ ആരംഭിച്ച കാളിപ്പാറ ശുദ്ധജല പദ്ധതിയിലെ വെള്ളം നെയ്യാറ്റിൻകര റെയിൽവേ ബ്രിഡ്ജിൽവന്ന് തടസ്സപ്പെട്ടിരിക്കുകയാണ്. നെയ്യാറ്റിൻകര നഗരസഭയിലേയും സമീപത്തെ ആറ് പഞ്ചായത്തുകളിലേയും കുടിവെള്ള പ്രശ്നം പരിഹരിക്കുന്ന ഈ പദ്ധതി റെയിൽവേയുടെ അനുമതി ലഭ്യമല്ലാത്തതിനാൽ തടസ്സപ്പെടുന്ന അവസ്ഥയാണ്. കേന്ദ്രഗവൺമെന്റുമായി ബന്ധപ്പെട്ട് അക്കാര്യത്തിൽ ശക്തമായ നടപടി സ്വീകരിക്കുമോ; ഇറിഗേഷൻ വകുപ്പിന്റെ ശ്രദ്ധയില്ലാത്തിനാൽ കനാലുകളിൽ വെള്ളം ലഭ്യമാകാതിരിക്കുന്നതുകൊണ്ട് കിണറുകളിൽ വലിയതോതിൽ ജലക്ഷാമം അനുഭവപ്പെടുകയാണ്. ബഹുമാനപ്പെട്ട മന്ത്രിയുടെ ഇടപെടൽ ഇക്കാര്യത്തിലും ഉണ്ടാകുമോ?

ശ്രീ. മാത്യു ടി. തോമസ്: സർ, കാളിപ്പാറ പദ്ധതിയെക്കുറിച്ചുള്ള ചോദ്യത്തിന് വ്യക്തമായ ഉത്തരം നൽകുന്നതിന് കുറച്ചുകൂടി ഡീറ്റെയിൽസ് ആവശ്യമാണ്. ബഹുമാനപ്പെട്ട അംഗമടക്കം തിരുവനന്തപുരം ജില്ലയിലെ എല്ലാ ജനപ്രതിനിധികളേയും നിയമസഭാസമ്മേളനം കഴിഞ്ഞ് അടുത്തദിവസം ഒരു അവലോകന യോഗത്തിന് ക്ഷണിച്ചുകൊണ്ടുള്ള കത്ത് ഇന്ന് നൽകുന്നതാണ്. ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിൽ പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ നടപടി സംബന്ധിച്ച് പ്രസ്തുത യോഗത്തിൽ ചർച്ച ചെയ്യാം.

## ലഹരിവിമുക്ത ചികിത്സാകേന്ദ്രങ്ങൾക്ക് ധനസഹായം

3 (*513) ശ്രീ. അടൂർ പ്രകാശ്:
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. എം. വിൻസെന്റ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബിവറേജസ് കോർപ്പറേഷന്റെ വരുമാനത്തിൽനിന്നും സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ലഹരിവിമുക്ത ചികിത്സാകേന്ദ്രങ്ങൾക്ക് ധനസഹായം നൽകുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഈ സർക്കാർ അധികാരമേറ്റശേഷം എത്ര സ്ഥാപനങ്ങൾക്ക് ധനസഹായം നൽകി; വിശദാംശം നൽകുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): സർ,

(എ) ഇല്ല. എന്നാൽ 19-7-2012-ാം തീയതിയിലെ സർക്കാർ ഉത്തരവ് (എം.എസ്) 130/2012/ടി.ഡി. നമ്പർ പ്രകാരമുള്ള അബ്കാരി നയത്തിൽ, കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷന്റെ സാമൂഹിക പ്രതിബദ്ധതയുടെ ഭാഗമായി ലഹരിവിമുക്ത കേന്ദ്രങ്ങൾക്ക് സാമ്പത്തികസഹായം നൽകണമെന്ന് നിർദ്ദേശിക്കുകയും 2012-13 സാമ്പത്തിക വർഷത്തിൽ ലഹരിവിമുക്ത കേന്ദ്രങ്ങൾക്കും മറ്റ് സാമൂഹിക പ്രതിബദ്ധതാ പദ്ധതികൾക്കും സാമ്പത്തിക സഹായം നൽകുന്നതിനായി 3.5 കോടി രൂപ (മൂന്നരക്കോടി രൂപ മാത്രം) കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ വകയിരുത്തുകയും ചെയ്തിരുന്നു. ടി തുകയിൽ നിന്നും 9-6-2014-ാം തീയതിയിലെ സർക്കാർ ഉത്തരവ് (എം.എസ്) 86/2014/ടി.ഡി. നമ്പർ പ്രകാരം 11 ലഹരി വിമുക്തകേന്ദ്രങ്ങൾക്കായി 1,00,35,840 രൂപ (ഒരു കോടി മുപ്പത്തയ്യായിരത്തി എണ്ണൂറ്റി നാല്പത് രൂപ മാത്രം) അനുവദിക്കുകയും 19-6-2014-ാം തീയതിയിൽ എക്സൈസ് കമ്മീഷണർക്ക് കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷനിൽനിന്നും ഈ തുക നൽകുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ലഹരിവിമുക്ത കേന്ദ്രങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ലഹരി വിമുക്തകേന്ദ്രങ്ങൾ | തുക (രൂപ) |
|---|---|---|
| 1 | വചനജ്യോതി ഡീ-അഡിക്ഷൻ സെന്റർ, പിലാത്തറ, കണ്ണൂർ | 7,82,400 |
| 2 | സാന്ത്വനം ഡീ-അഡിക്ഷൻ സെന്റർ, കോഴിക്കോട് | 14,34,240 |
| 3 | സ്വാമി വിവേകാനന്ദ മെഡിക്കൽ മിഷൻ, അട്ടപ്പാടി, പാലക്കാട് | 8,68,800 |
| 4 | നവചൈതന്യ, ആളൂർ, കല്ലേറ്റുംകര, തൃശ്ശൂർ- 680683 | 8,68,800 |
| 5 | സഞ്ജല ട്രസ്റ്റ് ഹോസ്പിറ്റൽ, ഒലിയപ്പുറം പി.ഒ., കൂത്താട്ടുകുളം, എറണാകുളം | 8,68,800 |
| 6 | ഡീ-അഡിക്ഷൻ യൂണിറ്റ്, ഡിപ്പാർട്ട്മെന്റ് ഓഫ് സൈക്യാട്രി, കൊച്ചിൻ മെഡിക്കൽ കോളേജ്, എറണാകുളം | 8,68,800 |
| 7 | ഡയർ, ലഹരി വിമോചന കേന്ദ്രം പീരുമേട് പി.ഒ., ഇടുക്കി | 8,68,800 |
| 8 | ലിബറേഷൻ സോഷ്യൽ ചാരിറ്റബിൾ സൊസൈറ്റി, വഴിത്തല, തൊടുപുഴ, ഇടുക്കി | 8,68,800 |
| 9 | ഹോളിക്രോസ് മെന്റൽ ഹെൽത്ത് &ഡി-അഡിക്ഷൻ സെന്റർ, കുവപ്പള്ളി (പി.ഒ), കാഞ്ഞിരപ്പള്ളി, കോട്ടയം - 686 518 | 8,68,800 |
| 10 | മാർ അപ്രേം മെഡിക്കൽ സെന്റർ, ചിറക്കടവ്, മണ്ണംപ്ലാവ്, കോട്ടയം - 686 520 | 8,68,800 |
| 11 | അഗാപ്പെ ഡീ-അഡിക്ഷൻ സെന്റർ, ചീങ്കൽത്തടം പി.ഒ., മൈലപ്ര, പത്തനംതിട്ട | 8,68,800 |
| | ആകെ | 10035840 |

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം ലഹരിവിമുക്ത ചികിത്സാ കേന്ദ്രങ്ങൾക്ക് ധനസഹായം നൽകിയിട്ടില്ല.

ശ്രീ. അടൂർ പ്രകാശ് : സർ, സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ലഹരി വിമുക്ത ചികിത്സാകേന്ദ്രങ്ങൾക്ക് ബിവറേജസ് കോർപ്പറേഷനിൽനിന്നും ധനസഹായം നൽകുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ എന്ന എന്റെ ചോദ്യത്തിന് ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടി ഇല്ല എന്നാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ, 23-6-2013-ൽ പുറപ്പെടുവിച്ച ജി.ഒ. (എം.എസ്) 147-ാം നമ്പർ ഉത്തരവ് ഇന്ന് നിലനിൽക്കുന്നുണ്ടോ; അത് പിൻവലിച്ചിട്ടുണ്ടോ; ടി ഉത്തരവ് റദ്ദാക്കിയതിന്റെ അടിസ്ഥാനത്തിലാണോ ഈ മറുപടി നൽകിയതെന്ന് വ്യക്തമാക്കുമോ?

ശ്രീ. റ്റി. പി. രാമകൃഷ്ണൻ : സർ, കഴിഞ്ഞ ഗവൺമെന്റിന്റെ ഇക്കാര്യത്തിലുള്ള ഉത്തരവ് റദ്ദ് ചെയ്തിട്ടില്ല. അത് നിലനിൽക്കുന്നുണ്ട്. ആ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തു പണം നൽകിയിട്ടുള്ളത്. ഒരു പുതിയ പദ്ധതി ഗവൺമെന്റ് ആവിഷ്കരിച്ച് നടപ്പിലാക്കാൻ പോകുകയാണ്. ഒരു ആശങ്കയും വേണ്ട, കഴിഞ്ഞ ഗവൺമെന്റ് നടപ്പിലാക്കിയതിനേക്കാൾ ഫലപ്രദമായി, ലഹരിവിമുക്ത കേരളം എന്നുള്ള ലക്ഷ്യം വച്ചുകൊണ്ട് പുതിയ പദ്ധതികൾ തയ്യാറാക്കിവരുന്നു. അത് തയ്യാറാകുന്ന മുറയ്ക്ക് മറ്റു നടപടികളിലേയ്ക്ക് പോകും.

ശ്രീ. അടൂർ പ്രകാശ് : സർ, കൂടുതൽ പരിശോധനകൾക്കായി ജില്ലാ തലങ്ങളിലും സംസ്ഥാനതലത്തിലും കമ്മിറ്റികൾ രൂപീകരിക്കാനുള്ള നിർദ്ദേശം കൊടുത്തു എന്ന് ഒരു ഉത്തരവിൽ കണ്ടു. ആ കമ്മിറ്റികൾ രൂപീകരിച്ചതിന്റെ അടിസ്ഥാനത്തിലാണ് ഡീ-അഡിക്ഷൻ സെന്ററുകൾ തെരഞ്ഞെടുക്കപ്പെട്ടത്. എന്റെ നിയോജകമണ്ഡലത്തിലെ അഗപ്പെ ഡീ-അഡിക്ഷൻ സെന്റർ, ചീങ്കൽത്തടം, മൈലപ്ര എന്നിവയ്ക്ക് പണം അനുവദിച്ചുകൊടുത്തിട്ടുണ്ട്. ബിവറേജസ് കോർപ്പറേഷന്റെ സാമൂഹിക ബാദ്ധ്യതയുടെ ഭാഗമായാണ് ഈ പണം നീക്കിവയ്ക്കാൻ തീരുമാനമെടുത്തിട്ടുള്ളത്. അപ്രകാരം തീരുമാനമെടുത്തതിന്റെ അടിസ്ഥാനത്തിൽ, തുടർനടപടികളുമായി മുന്നോട്ടുപോകാനുള്ള ശ്രമങ്ങൾ നടത്തുമോ? അങ്ങ് ഇപ്പോൾ ഒരു പുതിയ പദ്ധതിയെക്കുറിച്ച് പറഞ്ഞു. അന്ന് ആരംഭിച്ച പദ്ധതികളെ അട്ടിമറിക്കാനുള്ള ശ്രമമാണോ അങ്ങ് നടത്തുന്നത്. അതോ അതുതന്നെ തുടർന്നുപോകാനുള്ള നടപടികളാണോ സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ശ്രീ. റ്റി. പി. രാമകൃഷ്ണൻ : സർ, കഴിഞ്ഞ ഗവൺമെന്റ് സ്വീകരിച്ച ഡീ-അഡിക്ഷനുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ കൂടുതൽ ശക്തമായി നടത്താൻ തന്നെയാണ് ഈ ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. അങ്ങ് ചൂണ്ടിക്കാണിച്ച ചീങ്കൽത്തടം കേന്ദ്രത്തിന് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് 8,68,800 രൂപ നൽകിയിട്ടുണ്ട്. ഇതുപോലുള്ള 11 കേന്ദ്രങ്ങൾക്ക് പണം നൽകിയിട്ടുണ്ട്. ഈ ഗവൺമെന്റ് വന്നതിനുശേഷം പുതിയ പദ്ധതികളുമായി മുന്നോട്ടുപോകാനാണ് ഉദ്ദേശിക്കുന്നത്. സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ലഹരിവിമുക്ത ചികിത്സാ കേന്ദ്രങ്ങളുണ്ട്. സർക്കാർ ആശുപത്രികളുമായി ബന്ധപ്പെട്ടുകൊണ്ടും ചികിത്സാ കേന്ദ്രങ്ങളുണ്ട്. ഇത് കൂടുതൽ ശക്തമാക്കാൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. എല്ലാ ജില്ലാകേന്ദ്രങ്ങളിലും ആരോഗ്യവകുപ്പുമായി സഹകരിച്ച് ഗവൺമെന്റിന്റെ നിയന്ത്രണത്തിൽ തന്നെ ഡീ-അഡിക്ഷൻ സെന്ററുകൾ സ്ഥാപിക്കാനുള്ള പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് നിശ്ചയിച്ചിട്ടുണ്ട്. അതിന്റെ നടപടികളെക്കുറിച്ച് ഉദ്യോഗസ്ഥ തലത്തിൽ യോഗംചേർന്ന് തീരുമാനമെടുത്തു കഴിഞ്ഞിട്ടുണ്ട്. കൂടാതെ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ മൂന്ന് ജില്ലാകേന്ദ്രങ്ങളിൽ പ്രത്യേക ഡീ-അഡിക്ഷൻ സെന്റർ സ്ഥാപിക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നുണ്ട്. അതിൽ ഒരെണ്ണത്തിന്റെ പ്രവർത്തനം അതിവേഗം ആരംഭിക്കുന്നതിനെക്കുറിച്ചാണ് ഗവൺമെന്റ് ആലോചിക്കുന്നത്. ഇക്കാര്യത്തിൽ കേന്ദ്ര ഗവൺമെന്റിൽ നിന്നും സഹായം ലഭ്യമാക്കുന്നതിനുള്ള നടപടികളും ഗവൺമെന്റ് സ്വീകരിച്ചുവരികയാണ്.

ശ്രീ. കെ. എസ്. ശബരീനാഥൻ : സർ, സംസ്ഥാനത്തെ ലഹരി പദാർത്ഥങ്ങളുടെ, പ്രത്യേകിച്ച് ഡ്രഗ്സുകളുടെ ഉപഭോഗം ക്രമാതീതമായി വർദ്ധിച്ചിരിക്കുകയാണ്. അതിനെതിരെ നിയമനടപടികളും ഡ്രഗ്സ്വേട്ടയും എക്സൈസ് വകുപ്പ് നടത്തുന്നുണ്ട്. ഡ്രഗ്സ്വേട്ടയിലും മറ്റും നർക്കോട്ടിക് സംവിധാനവും എക്സൈസ് സംവിധാനവും സർക്കാർ സംവിധാനവും up to date അല്ല എന്നതാണ് പ്രധാന പ്രശ്നം. മൊബൈൽ ടെക്നോളജി മാറുന്നതുപോലെയാണ് പുതിയ ഡ്രഗ്സുകൾ വരുന്നത്. ഡ്രഗ്സ്വേട്ട up to date ആക്കാനും ഡ്രഗ്സിനെക്കുറിച്ച് കൂടുതൽ പഠിക്കാനും ആവശ്യമായ നടപടികൾ എക്സൈസ് വകുപ്പ് സ്വീകരിക്കുമോ?

ശ്രീ. റ്റി. പി. രാമകൃഷ്ണൻ : സർ, ബഹുമാനപ്പെട്ട അംഗത്തിന്റെ നിർദ്ദേശം ഗവൺമെന്റ് പരിഗണിക്കുന്നതാണ്. എൻ.ഡി.പി.എസ്. ആക്ട് കേന്ദ്രത്തിന്റെ നിയന്ത്രണത്തിലായതിനാൽ ഇക്കാര്യത്തിൽ സംസ്ഥാനത്തിന് പരിമിതികളുണ്ട്. ഈ നിയമപ്രകാരം ഒരു കിലോഗ്രാം വരെ കഞ്ചാവ് കൈവശം വച്ചതിന് അറസ്റ്റ് ചെയ്യപ്പെട്ട ഒരാളിന് ജാമ്യത്തിലിറങ്ങാം. നിയമവിരുദ്ധ ലഹരി പദാർത്ഥങ്ങൾ ഉപയോഗിക്കുന്നതിനെ തടയാൻ നിലവിലെ നിയമം പൂർണ്ണമായും ശക്തമല്ല. ഇക്കാര്യത്തിൽ കേന്ദ്രനിയമത്തിൽ ഭേദഗതി വരുത്തണമെന്നാവശ്യപ്പെട്ട് ഞങ്ങൾ ബഹുമാനപ്പെട്ട പ്രധാനമന്ത്രിക്കും കേന്ദ്രമന്ത്രിമാർക്കും നിവേദനം നൽകിയിട്ടുണ്ട്. കേന്ദ്രം അനുകൂലമായിട്ടാണ് ഇക്കാര്യത്തിൽ പ്രതികരണം പ്രകടിപ്പിച്ചിട്ടുള്ളത്. ഇതിന്റെ പ്രായോഗികമായ നടപടികളിലേയ്ക്ക് പോകേണ്ടതുണ്ട്. അതിന് സാധ്യമായ എല്ലാ നടപടികളും സംസ്ഥാന ഗവൺമെന്റ് സ്വീകരിക്കുന്നതാണ്.

(ചോദ്യോത്തരസമയം കഴിഞ്ഞു. )

## 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

### (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

#### സമഗ്ര ക്ഷീരവികസന പദ്ധതി

4 (*514) ശ്രീ. ജെയിംസ് മാത്യു :
ശ്രീ. കെ. ആൻസലൻ :
ശ്രീ. ജോർജ് എം. തോമസ് :

ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമഗ്ര ക്ഷീരവികസന പദ്ധതി (മിൽക്ക് ഷെഡ്) പ്രകാരം നടപ്പിലാക്കാനുദ്ദേശിക്കുന്ന കാര്യങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ; പ്രസ്തുത പദ്ധതി ഏതൊക്കെ ജില്ലകളിലാണ് നടപ്പിലാക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(ബി) മുൻ സർക്കാർ കഴിഞ്ഞ വർഷം ക്ഷീരവികസനത്തിനായി നീക്കിവച്ചിരുന്ന തുക എത്രയെന്നും അതിൽ ചെലവഴിച്ച തുക എത്രയെന്നും അറിയിക്കാമോ;

(സി) രാഷ്ട്രീയ കൃഷി വികാസ് യോജന പ്രകാരം മൃഗസംരക്ഷണത്തിനും ക്ഷീരവികസനത്തിനുമായി കേന്ദ്രസർക്കാർ സഹായം ലഭ്യമാണോ; എങ്കിൽ ആയത് ഏതൊക്കെ ആവശ്യത്തിനാണെന്ന് അറിയിക്കാമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു):

(എ) M.S.D.P. (മിൽക്ക് ഷെഡ് വികസന പദ്ധതി) പദ്ധതിയുടെ ഭാഗമായ സമഗ്ര ക്ഷീരവികസന പദ്ധതി (IDDP) പ്രകാരം ഡെയറി യൂണിറ്റ്, കാലിത്തൊഴുത്ത് നിർമ്മാണം, കറവയന്ത്രം, ആവശ്യാധിഷ്ഠിത സഹായം, തീറ്റപ്പുൽ കൃഷി എന്നിവയ്ക്ക് ധനസഹായം നൽകുന്നു. 2016-17 വർഷം എറണാകുളം, കൊല്ലം ജില്ലകളിൽ ആണ് ഈ പദ്ധതികൾ നടപ്പിലാക്കുന്നത്.

(ബി) 2015-16 വർഷം 7900 ലക്ഷം രൂപ ക്ഷീര വികസനത്തിനായി നീക്കിവച്ചിരുന്നു. ഇതിൽ 7775.09 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. കൂടാതെ കേരള മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷന് (മിൽമ) കേന്ദ്ര വിഹിതമായി വിവിധ പദ്ധതികൾക്കായി 2488.240 ലക്ഷം രൂപയും നൽകിയിട്ടുണ്ട്.

(സി) ലഭ്യമാണ്. ആർ.കെ.വി.വൈ. (രാഷ്ട്രീയ കൃഷി വികാസ് യോജന) പദ്ധതി പ്രകാരം ലഭ്യമായ തുക ഒരു ലക്ഷം യുവജനങ്ങൾക്കുള്ള തൊഴിൽദാന പദ്ധതി, ശുദ്ധമായ പാലുല്പാദന കിറ്റ്, നിറവ് പദ്ധതി, ഡെയറി യൂണിറ്റ് സ്ഥാപിക്കൽ എന്നിവയ്ക്കാണ് ഫണ്ട് വിനിയോഗിച്ചത്. ആർ.കെ.വി.വൈ. പദ്ധതി പ്രകാരം മൃഗസംരക്ഷണ വകുപ്പിന് താഴെപ്പറയുന്ന കാര്യങ്ങൾക്ക് സഹായം ലഭ്യമാണ്.

1. പാൽ ഉല്പാദനം
2. മുട്ട ഉല്പാദനം, മാംസം ഉല്പാദനം
3. ആട്ട വളർത്തൽ, പന്നി വളർത്തൽ
4. മൃഗചികിത്സ സേവനം
5. കന്നുകാലികളുടെ ജനിതക ക്ഷമത വർദ്ധിപ്പിക്കൽ
6. തീറ്റപ്പുൽകൃഷി
7. ഫാമുകളുടെ ശാക്തീകരണം
8. വാക്സിൻ നിർമ്മാണം
9. കൃത്രിമ ബീജധാനം
10. രോഗ നിർണ്ണയം

ഡെയറികളുടെയും കാലിത്തീറ്റ ഫാക്ടറികളുടെയും വികസന പ്രവർത്തനങ്ങൾക്കായി രാഷ്ട്രീയ കൃഷി വികാസ് യോജന പ്രകാരം (RKVY) മിൽമക്കും കേന്ദ്ര സർക്കാർ സഹായം ലഭ്യമാക്കുന്നുണ്ട്. 2015-16 വർഷത്തിൽ മൊത്തത്തിൽ 1471 ലക്ഷം രൂപ രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതി പ്രകാരം മിൽമയ്ക്ക് ലഭിച്ചിട്ടുണ്ട്.

## സ്കിൽ ഡെവലപ്‌മെന്റ് മിഷൻ

5 (*515) ശ്രീ. സണ്ണി ജോസഫ് :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്കിൽ ഡെവലപ്‌മെന്റ് മിഷൻ രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് മിഷൻ വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിവരിക്കുമോ;

(സി) എന്തെല്ലാം പ്രവർത്തനങ്ങളാണ് മിഷൻ നടത്തിയിട്ടുള്ളത്; വിശദാംശം വ്യക്തമാക്കുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ):

(എ&സി) സംസ്ഥാനത്ത് സ്കിൽ ഡെവലപ്‌മെന്റ് മിഷൻ രൂപീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി&സി) സ്കിൽ മിഷൻ രൂപീകരിക്കുന്നത് സംബന്ധിച്ച് കേന്ദ്ര സർക്കാർ നിർദ്ദേശം ചുവടെ ചേർക്കുന്നു:

- മിനിസ്ട്രി ഓഫ് സ്കിൽ ഡെവലപ്‌മെന്റ് ആന്റ് എന്റർപ്രണർഷിപ്പ് (MSDE)-നെ നൈപുണ്യ വികസന പ്രവർത്തനങ്ങളുടെ പ്രാഥമിക അധികാര കേന്ദ്രമാക്കി ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി, ഭാരതത്തിലുടനീളമുള്ള എല്ലാ നൈപുണ്യ വികസന മേഖലകളുടെയും പ്രവർത്തനം ഏകോപിപ്പിക്കുന്നതിനും സംസ്ഥാനങ്ങളുടെ നൈപുണ്യ വികസന പ്രവർത്തനങ്ങളുടെ ഏകോപനം സാധ്യമാക്കുന്ന രീതിയിൽ പ്രവർത്തിക്കുന്ന നോഡൽ ഏജൻസിയായി സംസ്ഥാന സ്കിൽ ഡെവലപ്‌മെന്റ് മിഷൻ (SSDM) സ്ഥാപിച്ച് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുക.
- നൈപുണ്യ പരിശീലകർ മുഖേന നൈപുണ്യ വികസന പ്രവർത്തനങ്ങളുടെ ഗുണനിലവാരവും പ്രസക്തിയും മെച്ചപ്പെടുത്തുക.
- സ്ത്രീകൾക്കും പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗങ്ങൾക്കും നൈപുണ്യ പരിശീലനം പ്രാപ്യമാക്കുക.

- പൊതു-സ്വകാര്യ പങ്കാളിത്തത്തോടുകൂടി നൈപുണ്യ പരിശീലനം വിപുലപ്പെടുത്തുക.

ടി ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായി സംസ്ഥാനത്തിന്റെ എല്ലാവിധ നൈപുണ്യ വികസന പദ്ധതികളും ഏകോപിപ്പിച്ച് കേന്ദ്രീകൃത സ്ഥാപനം (ഒരു സിംഗിൾ പോയിന്റ് കോൺടാക്ട്) ആയിട്ടായിരിക്കും സംസ്ഥാന സ്കിൽ ഡെവലപ്മെന്റ് മിഷൻ പ്രവർത്തിക്കുക. അതുവഴി വിവിധ നൈപുണ്യ വികസന പദ്ധതികളും പ്രോഗ്രാമുകളും ആസൂത്രണം ചെയ്തു നടപ്പിലാക്കുന്നതിനും സംസ്ഥാന സ്കിൽ ഡെവലപ്മെന്റ് മിഷനു സാധിക്കും. കേന്ദ്ര സർക്കാരുമായി സഹകരിച്ച് 2025-ഓടുകൂടി 25 ലക്ഷം യുവജനങ്ങളെ നിപുണരാക്കുന്നതിനും വിവിധ വകുപ്പുകൾ നടപ്പിലാക്കുന്ന നൈപുണ്യ വികസന പദ്ധതികൾ ഫലപ്രദമായി ഏകോപിപ്പിക്കുക, നിരീക്ഷിക്കുക, കൂട്ടായ പ്രവർത്തനത്തിലൂടെ അവ നടപ്പിലാക്കുക എന്നിവ സംസ്ഥാന സ്കിൽ ഡെവലപ്മെന്റ് മിഷന്റെ ലക്ഷ്യങ്ങളിൽപ്പെടുന്നു.

## പട്ടികജാതി - പട്ടികവർഗ്ഗ കോളനികളിൽ കുടിവെള്ളം എത്തിക്കാൻ നടപടി

6 (*516.) ശ്രീ. ജി. എസ്. ജയലാൽ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. കെ. രാജൻ :
ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി - പട്ടികവർഗ്ഗ കോളനികളിലേക്ക് കുടിവെള്ളം എത്തിക്കുന്നതിനായി കോടിക്കണക്കിന് രൂപ ചെലവഴിച്ചിട്ടും കുടിവെള്ളം കിട്ടാത്ത അവസ്ഥ വിലയിരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ കാരണങ്ങൾ വിശദമാക്കുമോ;

(ബി) പട്ടികജാതി - പട്ടികവർഗ്ഗ കോളനികളിൽ കുടിവെള്ളം എത്തിക്കുന്നതിന് എന്തൊക്കെ പരിഹാര നടപടികളാണ് ആലോചിക്കുന്നതെന്ന് വ്യക്തമാക്കുമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ) :

(എ) ഉണ്ട്. തിരുവനന്തപുരം, കൊല്ലം, ഇടുക്കി, മലപ്പുറം, പാലക്കാട്, കോഴിക്കോട്, വയനാട്, കണ്ണൂർ എന്നീ ജില്ലകളിലെ ചില പ്രദേശങ്ങളിൽ വേനൽക്കാലത്ത് കുടിവെള്ളക്ഷാമം രൂക്ഷമാകാറുണ്ട്. കൂടാതെ കുടിവെള്ള പദ്ധതികൾ പൂർത്തീകരിച്ച ചില പട്ടികജാതി കോളനികളിൽ പദ്ധതികളുടെ അറ്റകുറ്റപ്പണികൾ ചെയ്യാതെയും ഗുണഭോക്തൃ സമിതി വൈദ്യുതി ചാർജ്ജ്

യഥാസമയം ഒടുക്കാതെയും വരുന്ന സാഹചര്യത്തിൽ കുടിവെള്ള പദ്ധതി നിലച്ചുപോകുന്ന സാഹചര്യവും തന്മൂലം കുടിവെള്ള ക്ഷാമവും അനുഭവപ്പെടുന്നു.

പട്ടികവർഗ്ഗ മേഖലകളിൽ അടിക്കടി ഉണ്ടാകുന്ന വൈദ്യുതി തടസ്സം, കൃത്യസമയത്ത് അറ്റകുറ്റപ്പണികൾ നടത്തുന്നതിലുണ്ടാകുന്ന വീഴ്ച, പട്ടികവർഗ്ഗക്കാർക്ക് മാത്രമായി നടപ്പിലാക്കുന്ന പദ്ധതികളിൽ വൈദ്യുതി ചാർജ്ജ് അടയ്ക്കാതെ കണക്ഷൻ വിച്ഛേദിക്കപ്പെട്ടതുമൂലം ജലവിതരണം തടസ്സപ്പെടുക, വനമേഖലയോട് ചേർന്ന പ്രദേശങ്ങളിൽ വന്യമൃഗങ്ങളുടെ ശല്യംമൂലം ജലവിതരണ പൈപ്പ് ലൈനുകളിൽ ഉണ്ടാകുന്ന കേടുപാടുകൾ എന്നിവമൂലം കുടിവെള്ളം കിട്ടാത്ത അവസ്ഥ ഉണ്ടാകാറുണ്ട്.

(ബി) ത്രിതല പഞ്ചായത്തുകളുടെ എസ്.സി.പി. ഫണ്ട്, പട്ടികജാതി വികസന വകുപ്പിന്റെ കോർപ്പസ് ഫണ്ട് എന്നിവ വിനിയോഗിച്ച് കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്ന കോളനികളിൽ പട്ടികജാതി കുടുംബങ്ങൾക്ക് വ്യക്തിഗത കുടിവെള്ള കണക്ഷൻ ലഭിക്കത്തക്ക വിധത്തിൽ കുടിവെള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. കൂടാതെ രാജീവ് ഗാന്ധി കുടിവെള്ള പദ്ധതി, ജപ്പാൻ കുടിവെള്ള പദ്ധതി എന്നിവയിലുൾപ്പെടുത്തിയും കുടിവെള്ള പദ്ധതികൾ നടപ്പിലാക്കുന്നു.

പട്ടികവർഗ്ഗ കോളനികളിൽ ശുദ്ധജല വിതരണം ഉറപ്പാക്കുന്നതിനായി പട്ടികവർഗ്ഗ വികസന വകുപ്പ് വിവിധ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. എല്ലാ കുടുംബങ്ങൾക്കും വീട്ടുപടിക്കൽ ശുദ്ധജലം എത്തിക്കുന്നതിനായി ദീർഘകാല പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. വൻബന്ധു കല്യാൺ യോജന എന്ന പദ്ധതിയിലുൾപ്പെടുത്തി 12.85 കോടി രൂപയുടെ പദ്ധതി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. കേരള സ്റ്റേറ്റ് റിമോട്ട് സെൻസിംഗ് ഏജൻസിയുമായി സഹകരിച്ച് ജലസ്രോതസ്സുകളെ സാറ്റലൈറ്റ് മാപ്പിംഗ് ചെയ്യുവാനും അവ തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി സംരക്ഷിച്ച് കുടിവെള്ള ലഭ്യത ഉറപ്പുവരുത്തുന്നതിനുമുള്ള പദ്ധതിയും പരിഗണനയിലാണ്. ജലനിധിയുമായി സഹകരിച്ച് പരമാവധി പട്ടികവർഗ്ഗ മേഖലകളിൽ ശുദ്ധജലം എത്തിക്കുന്ന പദ്ധതികൾ പുരോഗമിച്ചുവരുന്നു. ഇതുകൂടാതെ മോഡൽ കോളനികൾ, എ.ടി.എസ്.പി., ഹാംലെറ്റ് എന്നീ പദ്ധതികളിലുൾപ്പെടുത്തി വിവിധ ജലവിതരണ പദ്ധതികൾ നടപ്പിലാക്കി വരുന്നു. കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, വാട്ടർ അതോറിറ്റി എന്നിവ മുഖേന ലഭിക്കുന്ന പദ്ധതികൾക്കാവശ്യമായ തുക അനുവദിക്കുന്നതിന്, കോർപ്പസ് ഫണ്ട്, വൻബന്ധു കല്യാൺ യോജന, ഭരണഘടനയുടെ ആർട്ടിക്കിൾ 275 (1) എന്നീ പദ്ധതികളിലുൾപ്പെടുത്തി കുടിവെള്ള പദ്ധതിക്ക് ആദ്യ പരിഗണന നൽകണമെന്ന നിർദ്ദേശം പട്ടികവർഗ്ഗ വികസന

വകുപ്പിന്റെ എല്ലാ ജില്ലാതല ഉദ്യോഗസ്ഥർക്കും നൽകിയിട്ടുള്ളതിനാൽ കുടിവെള്ളം ലഭ്യമല്ലാത്ത എല്ലാ ഊരുകളിലും കുടിവെള്ള ലഭ്യത ഉറപ്പാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

**അംബേദ്കർ സ്വാശ്രയ ഗ്രാമം പദ്ധതി**

7 (*517) ശ്രീ. കാരാട്ട് റസാഖ് :
ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ :
ശ്രീ. വി. ജോയി :
ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടിസ്ഥാന സൗകര്യങ്ങളില്ലാത്ത പട്ടികജാതി സങ്കേതങ്ങളുടെയും കോളനികളുടെയും സമഗ്ര പുരോഗതിക്കായി അംബേദ്കർ സ്വാശ്രയ ഗ്രാമം എന്ന പുതിയ പദ്ധതി ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ; ഏത് ഏജൻസി മുഖേനയാണ് ഇത് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ;

(സി) ഇതിനായി എത്ര രൂപ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) പട്ടികജാതി ക്ഷേമത്തിനായി പട്ടികജാതി വികസന വകുപ്പും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ ധനസഹായ തുക ഏകീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ) :

(എ) അടിസ്ഥാന സൗകര്യങ്ങളില്ലാത്ത പട്ടികജാതി സങ്കേതങ്ങളുടെയും കോളനികളുടെയും സമഗ്ര പുരോഗതിക്കായി അംബേദ്കർ സ്വാശ്രയ ഗ്രാമം എന്ന പുതിയ പദ്ധതി ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

(ബി) ആരംഭിച്ചിട്ടില്ല. പ്രസ്തുത പദ്ധതിയുടെ അന്തിമ രൂപം തയ്യാറാക്കി മാനദണ്ഡങ്ങൾ നിശ്ചയിച്ചതിനുശേഷം തീരുമാനിക്കുന്നതാണ്.

(സി) കോർപ്പസ് ഫണ്ടിൽനിന്നും ഇതിന് ആവശ്യമായ തുക കണ്ടെത്തുന്നതാണ്.

(ഡി) ഇക്കാര്യത്തിൽ തദ്ദേശസ്വയംഭരണ വകുപ്പുമായി ആലോചിച്ച് തീരുമാനമെടുക്കുന്നതാണ്.

**തോട്ടം തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങൾ**

8 (*518) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. എൻ. എ.നെല്ലിക്കുന്ന് :
ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തോട്ടം മേഖലയിലെ തൊഴിലാളികളെ സംബന്ധിച്ചും അവരുടെ തൊഴിൽ പ്രശ്നങ്ങൾ സംബന്ധിച്ചുമുള്ള കാര്യങ്ങൾ കൈകാര്യം ചെയ്യാൻ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനമെന്താണെന്ന് വിശദമാക്കുമോ;

(ബി) തോട്ടം തൊഴിലാളികൾക്ക് ഇപ്പോൾ നിശ്ചയിച്ചിട്ടുള്ള മിനിമം ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) പൂട്ടിക്കിടക്കുന്ന തോട്ടങ്ങളുടെ കാര്യത്തിൽ തൊഴിലാളി താല്പര്യം സംരക്ഷിക്കാൻ 2016-ൽ എന്തൊക്കെ നടപടികൾ പ്രസ്തുത സംവിധാനം വഴി സ്വീകരിച്ചു എന്ന് വെളിപ്പെടുത്തുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ):

(എ) തോട്ടം മേഖലയിലെ തൊഴിലാളികളുടെ ക്ഷേമത്തിനായി 1951-ലെ പ്ലാന്റേഷൻ ലേബർ ആക്ട്, 1959-ലെ കേരളാ പ്ലാന്റേഷൻ ലേബർ റൂൾസ് എന്നിവയിൽ അനുശാസിക്കുന്ന ക്ഷേമപ്രവർത്തനങ്ങൾ പ്ലാന്റേഷൻ ചീഫ് ഇൻസ്പെക്ടറും ചീഫ് ഇൻസ്പെക്ടറുടെ കീഴിൽ പ്രവർത്തിക്കുന്ന 11 പ്ലാന്റേഷൻ ഇൻസ്പെക്ടർമാരും മുഖേന നടപ്പിലാക്കി വരുന്നു. തൊഴിലാളിക്ക് ജോലി നിഷേധിക്കൽ, മറ്റു സേവന വേതന വ്യവസ്ഥ സംബന്ധിച്ച തൊഴിൽ തർക്കങ്ങൾ തുടങ്ങിയവ പരിഹരിക്കുന്നതിന് ജില്ലാ ലേബർ ഓഫീസർ, റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർ, ലേബർ കമ്മീഷണർ എന്നീ ഉദ്യോഗസ്ഥരെയും നിയമിച്ചിട്ടുണ്ട്. ഗ്രാറ്റുവിറ്റി, ബോണസ് സംബന്ധമായ തർക്കങ്ങൾ പരിഹരിക്കുന്നതിന് ഡെപ്യൂട്ടി ലേബർ കമ്മീഷണറെ നിയമിച്ചിട്ടുണ്ട്.

കൂടാതെ അനുരഞ്ജനത്തിലൂടെ പരിഹരിക്കാനാവാത്ത തൊഴിൽ തർക്കങ്ങളിൽ തീർപ്പു കൽപ്പിക്കുന്നതിന് ലേബർ കോടതികളും ഇൻഡസ്ട്രിയൽ ട്രൈബ്യൂണലുകളും സംസ്ഥാനത്ത് സ്ഥാപിച്ച് പ്രവർത്തനം നടത്തിവരുന്നു.

സംസ്ഥാനത്ത് രണ്ട് ഹെക്ടറിൽ താഴെ വിസ്തീർണ്ണമുള്ള ചെറുകിട തോട്ടങ്ങളിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് കേരളാ ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്യാവുന്നതും ബോർഡ് നൽകിവരുന്ന

ആനുകൂല്യങ്ങളായ പെൻഷൻ, വിവാഹ ധനസഹായം, പ്രസവാനുകൂല്യം, വിദ്യാഭ്യാസ ധനസഹായം, ചികിത്സാ ധനസഹായം, മരണാനന്തര ധനസഹായം എന്നീ ആനുകൂല്യങ്ങൾക്ക് അർഹതയുണ്ടായിരിക്കുന്നതുമാണ്. എന്നാൽ പ്ലാന്റേഷൻ ലേബർ ആക്ടിന് കീഴിൽവരുന്ന തോട്ടങ്ങളിലെ തൊഴിലാളികൾക്ക് ഈ ക്ഷേമപദ്ധതിയിൽ രജിസ്റ്റർ ചെയ്യാൻ കഴിയില്ല.

(ബി) 1959-ലെ കേരളാ പ്ലാന്റേഷൻ ലേബർ റൂൾസ് പ്രകാരം തോട്ടം മേഖലയിലെ തൊഴിലാളികൾക്ക് ആവശ്യമായ മിനിമം വേതനം, കുടിവെള്ള സൗകര്യം, മെഡിക്കൽ സൗകര്യം, ആശുപത്രി, ക്യാന്റീൻ, ക്രഷ്, വിദ്യാഭ്യാസം, താമസ സൗകര്യം, ഓവർടൈം വേജസ്, നാഷണൽ & ഫെസ്റ്റിവൽ ഹോളിഡേയ്സ്, ആനുവൽ ലീവ്, സിക്ക്നെസ് ബെനിഫിറ്റ്, മെറ്റേണിറ്റി ബെനിഫിറ്റ്, വെദർ പ്രൊട്ടക്റ്റീവ് തുടങ്ങിയവ ലഭിക്കുന്നതിന് വ്യവസ്ഥയുണ്ട്. ഇതിനുപുറമേ മരണപ്പെടുന്ന തൊഴിലാളികളുടെ നിയമാനുസൃത ആശ്രിതർക്ക് 2013-ലെ എസ്റ്റേറ്റ് തൊഴിലാളികളുടെ ദുരിതാശ്വാസ പദ്ധതി പ്രകാരം 25,000 രൂപ വീതം ധനസഹായം സർക്കാർ നൽകുന്നു.

17-5-2016-ലെ സർക്കാർ ഉത്തരവ് (അച്ചടി) നമ്പർ 76/2016/തൊഴിൽ പ്രകാരം മിനിമം വേതന വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ഈ ഉത്തരവ് പ്രകാരമുള്ള കൂലിയും ക്ഷാമബത്തയും തൊഴിലാളികൾക്ക് ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നുണ്ട്.

(സി) പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികളുടെ ക്ഷേമ പ്രവർത്തനങ്ങൾ നടത്തുന്നതിന് ഇടുക്കി ജില്ലയിൽ ജില്ലാ കളക്ടർ ചെയർമാനായും പ്ലാന്റേഷൻ ചീഫ് ഇൻസ്പെക്ടർ കൺവീനറും തൊഴിലാളി പ്രതിനിധികളും ഉൾപ്പെട്ട പ്ലാന്റേഷൻ വർക്കേഴ്സ് റിലീഫ് ഫണ്ട് കമ്മിറ്റി പ്രവർത്തിച്ചുവരുന്നു. തിരുവനന്തപുരം, പാലക്കാട്, വയനാട് എന്നീ ജില്ലകളിൽ ജില്ലാ കളക്ടർ ചെയർമാനും ജില്ലാ ലേബർ ഓഫീസർമാർ കൺവീനറും അതാത് പ്ലാന്റേഷൻ ഇൻസ്പെക്ടർമാരും തൊഴിലാളി പ്രതിനിധികളും അംഗങ്ങളായി പ്രവർത്തിച്ചുവരുന്നു. താഴെപ്പറയുന്ന ആനുകൂല്യങ്ങൾ തോട്ടം തൊഴിലാളികൾക്കായി നടപ്പാക്കിവരുന്നു.

ഇടുക്കി ജില്ലാ പ്ലാന്റേഷൻ വർക്കേഴ്സ് റിലീഫ് ഫണ്ട് കമ്മിറ്റിയിൽനിന്നും വിവാഹ ധനസഹായം, ഉന്നത വിദ്യാഭ്യാസ ധനസഹായം, മെഡിക്കൽ ക്യാമ്പ്, മരണാനന്തര ധനസഹായം, ചികിത്സാ ധനസഹായം, സ്കൂൾ വിദ്യാർത്ഥികൾക്ക് യൂണിഫോം, പഠനോപകരണങ്ങൾ തുടങ്ങിയ ആനുകൂല്യങ്ങളാണ് നൽകിവരുന്നത്. വിവാഹ ധനസഹായത്തിന് 10,000 രൂപയും മരണാനന്തര ധനസഹായത്തിന് 10,000 രൂപയും വിദ്യാഭ്യാസ ധനസഹായത്തിന് സ്വാശ്രയ വിഭാഗത്തിൽ

പഠിക്കുന്ന വിദ്യാർത്ഥികൾക്ക് 60,000 രൂപ വരെയും മെറിറ്റടിസ്ഥാനത്തിൽ പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് അവരുടെ ട്യൂഷൻ ഫീസിന്റെയും ഹോസ്റ്റൽ ഫീസിന്റെയും യഥാർത്ഥ തുക രസീതുകൾ പരിശോധിച്ചും നൽകിവരുന്നു. 20-2-2016-ൽ നടന്ന ഇടുക്കി ജില്ലാ പ്ലാന്റേഷൻ വർക്കേഴ്സ് റിലീഫ് ഫണ്ട് കമ്മിറ്റിയുടെ യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ വിവാഹ ധനസഹായ ഇനത്തിൽ 10,000 രൂപ വീതം 55 പേർക്കും വിദ്യാഭ്യാസ ധനസഹായ ഇനത്തിൽ 1,19,050 രൂപ ഒരാൾക്കും മരണാനന്തര ധനസഹായ പദ്ധതി ഇനത്തിൽ 10,000 രൂപ ഒരാൾക്കും ആനുകൂല്യങ്ങൾ നൽകുകയുണ്ടായി.

25-7-2016 തീയതിയിൽ നടന്ന ഇടുക്കി ജില്ലാ പ്ലാന്റേഷൻ വർക്കേഴ്സ് റിലീഫ് ഫണ്ട് കമ്മിറ്റിയുടെ യോഗത്തിൽ വിവാഹ ധനസഹായ ഇനത്തിൽ 28 പേർക്ക് വിവാഹ ധനസഹായവും 6 പേർക്ക് വിദ്യാഭ്യാസ ധനസഹായവും ഒരാൾക്ക് ടി വിദ്യാർത്ഥി പഠിക്കുന്നത് സ്വാശ്രയ കോളേജിലാണോ എന്നത് അന്വേഷിച്ച് വിദ്യാഭ്യാസ ധനസഹായം നൽകുന്നതിനും തീരുമാനമെടുത്തിട്ടുണ്ട്.

## എക്സൈസ് ഹെൽപ് ഡെസ്കുകൾ

9 (*519) ശ്രീ. അൻവർ സാദത്ത് :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എക്സൈസ് വകുപ്പ് സംസ്ഥാന വ്യാപകമായി ഹെൽപ് ഡെസ്കുകൾ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) എവിടെയെല്ലാമാണ് ഹെൽപ് ഡെസ്കുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത്; ഇതിനാവശ്യമായ സ്ഥലം കണ്ടെത്തിയിട്ടുണ്ടോ;

(സി) ഹെൽപ് ഡെസ്കുകളുടെ പ്രവർത്തന രീതി നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) ഇവയുടെ ചുമതല ഏതു തലത്തിലുള്ള ഉദ്യോഗസ്ഥരെ ഏൽപ്പിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ):

(എ&ബി) ഉണ്ട്. എക്സൈസ് ഹെഡ്ക്വാർട്ടേഴ്സിലും എല്ലാ ഡിവിഷൻ ഓഫീസുകളിലും ഹെൽപ്പ്ഡെസ്കുകൾ സ്ഥാപിച്ചിട്ടുണ്ട്. ഇത് കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു.

(സി) പൊതുജനങ്ങൾ പല ആവശ്യങ്ങൾക്കായി ഓഫീസിൽ എത്തുമ്പോൾ അവർക്ക് ആവശ്യമായ സഹായങ്ങൾ ചെയ്തുകൊടുക്കുന്നതിനും സംശയ നിവാരണത്തിനുമായാണ് ഹെൽപ്പ് ഡെസ്ക് സ്ഥാപിച്ചിട്ടുള്ളത്. ഹെൽപ്പ്ഡെസ്കിൽ നിന്നും പൊതുജനങ്ങൾക്ക് ഓഫീസ് സംബന്ധമായ സംശയങ്ങൾക്ക് ഫോൺ മുഖാന്തരം മറുപടി നൽകുന്നുണ്ട്.

(ഡി) എല്ലാ ഓഫീസുകളിലും പ്രവർത്തിച്ചുവരുന്ന ഹെൽപ്പ്ഡെസ്കിന്റെ ചുമതല അതാത് മേലധികാരികളുടെ മേൽനോട്ടത്തിലാണ്.

**ആദിവാസി വിഭാഗങ്ങൾക്കിടയിൽ മദ്യാസക്തി**

10 (*520) ശ്രീ. അബ്ദുൽ ഹമീദ്. പി. :
ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി :
ശ്രീ. ടി. വി. ഇബ്രാഹിം :
ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസി വിഭാഗങ്ങൾക്കിടയിൽ മദ്യാസക്തി വർദ്ധിച്ചുവരുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽ വന്നിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(ബി) എങ്കിൽ മദ്യവിമുക്തി ലക്ഷ്യമിട്ട് അവർക്കിടയിൽ എന്തൊക്കെ പ്രവർത്തനങ്ങൾ നടത്തി വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഈ ലക്ഷ്യം കൈവരിക്കാൻ ആദിവാസി സ്ത്രീകളുടെ ശാക്തീകരണം നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന് നടപടി സ്വീകരിക്കുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ):

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ആദിവാസി മേഖലകൾ കേന്ദ്രീകരിച്ച് വിപുലവും വൈവിദ്ധ്യവുമായ ബോധവൽക്കരണ പ്രചാരണ പരിപാടികളാണ് എക്സൈസ് വകുപ്പ് സംഘടിപ്പിച്ചുവരുന്നത്. ഇതിന്റെ ഭാഗമായി പാലക്കാട്, വയനാട്, ഇടുക്കി എന്നീ ജില്ലകളിലെ ആദിവാസി മേഖലകളിൽ പ്രത്യേക ബോധവൽക്കരണ പരിപാടികൾ നടത്തിവരുന്നു. പാലക്കാട് ജില്ലയിലെ അട്ടപ്പാടിയിലെ കാവുണ്ടിക്കൽ, വടകോട്ടത്തറ എന്നീ ഊരുകളെ തെരഞ്ഞെടുത്ത് ലഹരി വിമുക്തമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു. ആദിവാസി ഊരുകളിൽനിന്നും തെരഞ്ഞെടുത്ത 31 പേർക്ക് തൃശ്ശൂർ എക്സൈസ് അക്കാഡമിയിൽ പരിശീലനം നൽകി ലഹരി വിരുദ്ധ വോളണ്ടിയർമാരായി

ഊരുകളിൽ നിയോഗിച്ചിട്ടുണ്ട്. അട്ടപ്പാടി, വയനാട് എന്നിവിടങ്ങളിൽ ജനമൈത്രി എക്സൈസ് രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നുണ്ട്. കൂടാതെ അട്ടപ്പാടി ആദിവാസി മേഖലയിലെ വിദ്യാർത്ഥികളിൽ ലഹരിക്കെതിരെ അവബോധം സൃഷ്ടിക്കുന്നതിനായി ഷോളയൂർ ട്രൈബൽ ഹൈസ്കൂളിലെ ലൈബ്രറിക്ക് 20,000 രൂപയുടെ പുസ്തകങ്ങൾ വാങ്ങി നൽകിയിട്ടുണ്ട്.

(സി) ആദിവാസി സ്ത്രീകൾക്കിടയിൽ ശാക്തീകരണം നടത്തുന്നത് സംബന്ധിച്ച വിഷയം പരിശോധിക്കുന്നതാണ്. സംസ്ഥാനത്തെ ലഹരിവിരുദ്ധ ക്യാംപെയിനിന്റെ ഭാഗമായി കുടുംബശ്രീ, സംസ്ഥാന ലൈബ്രറി കൗൺസിൽ, മദ്യവർജ്ജന സമിതി, സന്നദ്ധ സംഘടനകൾ, വിദ്യാർത്ഥി യുവജന-മഹിളാ സംഘടനകൾ എന്നിവയുടെ പങ്കാളിത്തത്തോടുകൂടി മദ്യവർജ്ജനത്തിന് ഊന്നൽ നൽകി ലഹരിവിമുക്ത കേരളം എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനുവേണ്ടി കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ 'വിമുക്തി' എന്ന ബൃഹത്തായ പദ്ധതിക്ക് ജി.ഒ. (എം.എസ്.) 94/16/നി.വ. തീയതി 6-10-2016 പ്രകാരം സർക്കാർ രൂപം നൽകിയിട്ടുണ്ട്.

**പെപ്സി, കൊക്കക്കോള കമ്പനികളുടെ ഭൂഗർഭ ജലചൂഷണം**

11 (*521) ശ്രീ. കെ. വി. വിജയദാസ് :

ശ്രീ. പി. ഉണ്ണി :

ശ്രീ. പി. കെ. ശശി :

ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്ലാച്ചിമടയിൽ കൊക്കക്കോള കമ്പനി നടത്തിയ ഭൂഗർഭജല ചൂഷണത്തിന്റെ ഇരകൾക്ക് നഷ്ടപരിഹാരം നൽകാൻ ഉദ്ദേശിച്ചുകൊണ്ടുള്ള ട്രൈബ്യൂണൽ രൂപീകരണം പോലും മുൻസർക്കാരിന്റെ പിടിപ്പുകേടുകൊണ്ട് അസാധ്യമായ സാഹചര്യത്തിൽ, ഇരകൾക്ക് ധനസഹായത്തിനായി എന്തുമാർഗ്ഗമാണ് ഉദ്ദേശിക്കുന്നത്;

(ബി) സമാനരീതിയിൽ പാലക്കാട് ജില്ലയിലെ പുതുശ്ശേരി പഞ്ചായത്തിൽ പെപ്സി കമ്പനി നടത്തുന്ന ഭൂഗർഭജല ചൂഷണം സമീപവാസികളുടെ കുടിവെള്ളം മുട്ടിക്കുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈ കമ്പനിയുടെ ജലചൂഷണം നിയന്ത്രിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്) :

(എ) 2010-ലെ ദേശീയ ഹരിത ട്രൈബ്യൂണൽ ആക്ടിൽ വിഭാവനം ചെയ്തിട്ടുള്ള വ്യവസ്ഥകൾ The Plachimada Coca-cola Victims Relief and Compensation Claims Special Tribunal Bill, 2011-ലെ വ്യവസ്ഥകൾ ഉൾക്കൊണ്ടവയാണെന്നും മറ്റും ചൂണ്ടിക്കാട്ടി ബിൽ പിൻവലിക്കുവാൻ കേന്ദ്ര ആഭ്യന്തര മന്ത്രാലയം നിർദ്ദേശിക്കുകയും തുടർന്ന് ബിൽ മടക്കി അയയ്ക്കുകയും ചെയ്തിരുന്നു. ഇത്തരത്തിൽ തിരികെ അയച്ചതിലെ ന്യൂനതകൾ ചൂണ്ടിക്കാട്ടി പ്രസ്തുത ബിൽ രാഷ്ട്രപതിയുടെ അംഗീകാരത്തിനായി വീണ്ടും അയയ്ക്കുകയുണ്ടായി. എന്നാൽ ബില്ലിൽ "I withhold assent from this Bill" എന്ന് രേഖപ്പെടുത്തി ബഹുമാനപ്പെട്ട രാഷ്ട്രപതി പ്രസ്തുത ബിൽ തിരികെ അയയ്ക്കുകയായിരുന്നു. പ്രസ്തുത സാഹചര്യത്തിൽ പ്ലാച്ചിമടയിൽ നാശനഷ്ടങ്ങൾക്കിരയായവർക്ക് എപ്രകാരം നഷ്ടപരിഹാരം ലഭ്യമാക്കാൻ കഴിയുമെന്നതിന്റെ നിയമവശങ്ങൾ സർക്കാർ വിശദമായി പരിശോധിച്ചുവരികയാണ്.

(ബി&സി) പാലക്കാട് ജില്ലയിലെ പുതുശ്ശേരി പഞ്ചായത്തിൽ പെപ്സി കമ്പനി അമിതമായി ഭൂഗർഭജലം ഊറ്റുന്നതിന് നിയന്ത്രണമേർപ്പെടുത്തിയ സർക്കാർ നടപടിക്കെതിരെ പെപ്സി കമ്പനി ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ WP(C) No. 20693/2010 പ്രകാരം കേസ് ഫയൽ ചെയ്തു. ഹൈക്കോടതി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ രൂപീകരിച്ച വിദഗ്ദ്ധ സമിതി ഇക്കാര്യത്തിൽ വിശദമായ പഠനം നടത്തുകയും റിപ്പോർട്ട് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ സമർപ്പിക്കുകയും ചെയ്തു. പ്രതിദിനം 2.34 ലക്ഷം ലിറ്റർ ഭൂഗർഭ ജലം ഊറ്റുന്നതിന് അനുമതി നൽകാനാണ് വിദഗ്ദ്ധ സമിതി ശിപാർശ ചെയ്തിട്ടുള്ളത്. എന്നാൽ വിദഗ്ദ്ധ സമിതി ശിപാർശയ്ക്കെതിരെ പെപ്സി കമ്പനി ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ സത്യവാങ്മൂലം ഫയൽ ചെയ്തു. ഇതിനെതിരെ സർക്കാർ വസ്തുതാവിവരണ പത്രിക സമർപ്പിച്ചിരിക്കുകയാണ്. ഈ വിഷയം ഇപ്പോഴും ഹൈക്കോടതിയുടെ പരിഗണനയിലാണ്.

**മദ്യ വിപത്തിനും വർദ്ധിച്ചുവരുന്ന മദ്യാസക്തിക്കുമെതിരെ അവബോധം**

12 (*522) ശ്രീ. സി. കെ. ഹരീന്ദ്രൻ :
ശ്രീ. സി. കൃഷ്ണൻ :
ശ്രീ. വി. കെ. സി. മമ്മത് കോയ :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മദ്യ വിപത്തിനും വർദ്ധിച്ചുവരുന്ന മദ്യാസക്തിക്കുമെതിരെ ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളുടെ വിശദാംശം നൽകുമോ;

(ബി) ഇതിനായി വിദ്യാർത്ഥികൾ, യുവാക്കൾ, സ്ത്രീകൾ, സർക്കാരിതര സംഘടനകൾ മുതലായവരെ അണിനിരത്തി ഏകോപിപ്പിച്ച പ്രവർത്തനം സാധ്യമാകുമോ;

(സി) എൻഫോഴ്സ്മെന്റ് വിഭാഗം ശക്തിപ്പെടുത്തി വ്യാജമദ്യ ലഭ്യത തടയുന്നതിനും ലഹരിക്കായി ആയുർവ്വേദ മരുന്നുകളും അലോപ്പതി മരുന്നുകളും ദുരുപയോഗം ചെയ്യുന്നത് തടയുന്നതിനും നടപടി സ്വീകരിക്കുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ):

(എ) ലഹരിയുടെ ഉപയോഗം സമൂഹത്തിൽ ഉണ്ടാക്കുന്ന ദൂഷ്യഫലങ്ങളെയും മഹാവിപത്തിനെയും കുറിച്ച് എല്ലാ വിഭാഗം ജനങ്ങളെയും ബോധവൽക്കരിക്കുന്നതിന്റെ ഭാഗമായി കുടുംബശ്രീ, റസിഡന്റ്സ് അസോസിയേഷനുകൾ, നാഷണൽ സർവ്വീസ് സ്കീം, എസ്.പി.സി., സംസ്ഥാന ലൈബ്രറി കൗൺസിൽ, ക്ലബ്ബുകൾ, മദ്യവർജ്ജന സമിതി, വിദ്യാർത്ഥി-യുവജന-മഹിളാ സംഘടനകൾ, വിവിധ എൻ.ജി.ഒ.-കൾ എന്നിവയുമായി ചേർന്ന് വിവിധ ലഹരിവിരുദ്ധ ബോധവൽക്കരണ സെമിനാറുകളും ലഹരിവിരുദ്ധ ആശയങ്ങൾ അടങ്ങിയ ഹ്രസ്വചിത്രങ്ങളും പ്രദർശിപ്പിച്ചുവരുന്നുണ്ട്.

റെയിൽവേ സ്റ്റേഷനുകളിലെയും കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷനുകളിലെയും CCTV വഴിയും കെ.എസ്.ആർ.ടി.സി. ബസ്സുകളുടെ സൈഡ് പാനലുകളിലൂടെയും എഫ്.എം. റേഡിയോ വഴിയും സോഷ്യൽ മീഡിയകൾ വഴിയും മദ്യ-ലഹരി വിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. കൂടാതെ എക്സൈസ് വകുപ്പിലെ ലാന്റ് ഫോണുകൾ വഴിയും മൊബൈൽ ഫോണുകൾ വഴിയും റിംഗ്ടോണായി ലഹരി വിരുദ്ധ ആശയങ്ങൾ പ്രചരിപ്പിച്ചുവരുന്നു. മദ്യവർജ്ജനത്തിന്റെ ഭാഗമായി എല്ലാ ജില്ലകളിലും ശക്തവും വിപുലവുമായ ബോധവൽക്കരണ പരിപാടികളാണ് നടത്തിവരുന്നത്. റാലികൾ, ഡോക്യുമെന്ററി പ്രദർശനം, പോസ്റ്റർ പ്രദർശനം, ക്വിസ് മത്സരം, ചിത്രരചനാ മത്സരം, പ്രസംഗമത്സരം, എക്സിബിഷനുകൾ, ലഹരിവിരുദ്ധ സന്ദേശ ബോർഡുകൾ സ്ഥാപിക്കൽ മുതലായവ ഇതിനോടനുബന്ധിച്ച പ്രവർത്തനങ്ങളാണ്. ഓണാഘോഷം, സംസ്ഥാന സ്കൂൾ യുവജനോത്സവം, പൂരം, മറ്റ് ആഘോഷ പരിപാടികൾ തുടങ്ങിവ ഉത്സവങ്ങളോടനുബന്ധിച്ച് ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്.

നവീന സാമൂഹിക മാധ്യമങ്ങളിലൂടെ ബഹുജനങ്ങൾക്ക് ലഹരിക്കെതിരെയുള്ള പ്രവർത്തനങ്ങളെ സഹായിക്കാനാവും. ഈ ലക്ഷ്യത്തോടെ പൊതുജനങ്ങൾക്ക് എക്സൈസ് കമ്മീഷണറുമായി 24 മണിക്കൂറും ബന്ധപ്പെടുന്നതിന് ഒരു വാട്ട്സ്-ആപ്പ് ഹെൽപ്പ്ലൈൻ നമ്പരും മൊബൈൽ ഫോൺ നമ്പരും നിലവിലുണ്ട്.

(ബി) സ്കൂൾ കോളേജ് ലഹരിവിരുദ്ധ ക്ലബ്ബുകൾ, നാഷണൽ സർവ്വീസ് സ്കീം, കുടുംബശ്രീ, സംസ്ഥാന ലൈബ്രറി കൗൺസിൽ, സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്, മദ്യവർജ്ജന സമിതി, സന്നദ്ധ സംഘടനകൾ, വിദ്യാർത്ഥി-യുവജന-മഹിളാ സംഘടനകൾ എന്നിവയുടെ പങ്കാളിത്തത്തോടുകൂടി ലഹരി വിമുക്ത കേരളം എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനുവേണ്ടി കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ വിമുക്തിക്ക് രൂപം നൽകിയിട്ടുണ്ട്. ഈ വിഷയത്തിലെ ഏകോപിപ്പിച്ചുള്ള പ്രവർത്തനങ്ങൾ വിമുക്തി മുഖേന സംഘടിപ്പിക്കുന്നതാണ്.

(സി) സംസ്ഥാനത്ത് വ്യാജമദ്യം, സ്പിരിറ്റ്, മദ്യ-മയക്കുമരുന്ന് എന്നിവയുടെ ഉല്പാദനം, വിപണനം, കടത്ത് എന്നിവ തടയുന്നതിന് എക്സൈസ് വകുപ്പ് ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്. നിലവിൽ മയക്കുമരുന്ന് വ്യാപനം തടയുന്നതിനായി എക്സൈസ് ഷാഡോ സംവിധാനം ഉൾപ്പെടെയുള്ള പ്രവർത്തനങ്ങളിലൂടെ എൻഫോഴ്സ്മെന്റ് ശക്തമാക്കിയിട്ടുണ്ട്. എക്സൈസ് കമ്മീഷണറുടെ നേതൃത്വത്തിലുള്ള സ്ക്വാഡും കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു. അന്യസംസ്ഥാനങ്ങളിൽനിന്നും അനധികൃത മദ്യവും ലഹരി പദാർത്ഥങ്ങളും സംസ്ഥാനത്തേയ്ക്ക് കടത്തിക്കൊണ്ടുവരുന്നത് തടയുന്നതിനായി എക്സൈസ് ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനവും അതിർത്തി പ്രദേശങ്ങളിൽ ബോർഡർ പട്രോളിംഗ് യൂണിറ്റുകളുടെ പ്രവർത്തനവും ശക്തിപ്പെടുത്തിയിട്ടുണ്ട്. ട്രെയിൻ മുഖാന്തരമുള്ള മദ്യത്തിന്റെയും ലഹരി വസ്തുക്കളുടെയും കടത്ത് തടയുന്നതിന് പോലീസ്, റെയിൽവേ, ആർ.പി.എഫ്. വിഭാഗങ്ങളുമായി സഹകരിച്ച് കർശനമായ പരിശോധനകൾ നടത്തുന്നുണ്ട്. ലൈസൻസ് കൂടാതെ ആൾക്കഹോൾ, ലഹരി മരുന്ന് എന്നിവ അടങ്ങിയ ആയുർവ്വേദ മരുന്നുകൾ ഉൽപ്പാദിപ്പിക്കുകയും വിപണനം നടത്തുകയും ചെയ്യുന്ന സ്ഥാപനങ്ങൾക്കെതിരെ കർശന നിയമനടപടികൾ സ്വീകരിച്ചുവരുന്നു. ലൈസൻസ് സ്ഥാപനങ്ങളിൽ കൃത്യമായ ഇടവേളകളിൽ പരിശോധനകൾ നടത്തുകയും സാമ്പിളുകൾ ശേഖരിച്ച് രാസപരിശോധനയ്ക്ക് വിധേയമാക്കുകയും പ്രസ്തുത സ്ഥാപനങ്ങളിൽ അനധികൃത മദ്യം വിൽക്കുന്നില്ലായെന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നുണ്ട്. ഡ്രഗ്സ് കൺട്രോൾ വകുപ്പുമായി ചേർന്ന് മെഡിക്കൽ സ്റ്റോറുകളിൽ പരിശോധന നടത്തുകയും ലഹരിക്കായി ദുരുപയോഗം ചെയ്യപ്പെടുന്ന മരുന്നുകളുടെ അനധികൃത വിൽപ്പന തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നുണ്ട്.

വ്യാജമദ്യം, മയക്കുമരുന്നുകൾ, പുകയില ഉൽപ്പന്നങ്ങൾ മുതലായവയുടെ ഉൽപ്പാദനം, കടത്ത്, വിപണനം, വിൽപ്പന, ഉപഭോഗം തുടങ്ങിയ അബ്കാരി/ എൻ.ഡി.പി.എസ്./ എം.&റ്റി.പി./ കോട്പ കുറ്റകൃത്യങ്ങൾ സംബന്ധിച്ച വിവരങ്ങളും പരാതികളും പൊതുജനങ്ങളിൽനിന്നും സോഷ്യൽ മീഡിയ അടക്കമുള്ള വിവിധ മാർഗ്ഗങ്ങളിലൂടെ

സ്വീകരിച്ച് സമയബന്ധിതമായ നടപടികൾ കൈക്കൊള്ളുന്നുണ്ട്. ശക്തമായ ബോധവൽക്കരണ പ്രവർത്തനങ്ങളിലൂടെ പൊതുജനങ്ങളിൽ മദ്യത്തിനും മയക്കുമരുന്നിനും എതിരായി അവബോധം ഉണ്ടാക്കുകയും മേൽപ്രകാരം പ്രവർത്തനങ്ങളിൽ പൊതുജനങ്ങളുടെ സഹകരണം ഉറപ്പുവരുത്തുകയും ചെയ്യുന്നുണ്ട്. അയൽ സംസ്ഥാനങ്ങളിൽ എൻഫോഴ്സ്മെന്റ് ഏജൻസികളുമായി ചേർന്ന് അതിർത്തി പ്രദേശങ്ങളിൽ പരിശോധനകൾ നടത്തിവരുന്നു. സംസ്ഥാനത്തിനകത്ത് പോലീസ്, ഫോറസ്റ്റ്, റവന്യൂ വകുപ്പുകളുമായി ചേർന്ന് സംയുക്ത റെയ്ഡുകൾ സംഘടിപ്പിച്ചുവരുന്നു.

**കുടിവെള്ളത്തിന്റെ ശുദ്ധതയും ലഭ്യതയും ഉറപ്പുവരുത്താൻ കർമ്മ പദ്ധതി**

13 (*523) ശ്രീ. അനിൽ അക്കര :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടിവെള്ളത്തിന്റെ ശുദ്ധതയും ലഭ്യതയും ഉറപ്പുവരുത്താൻ എന്തെല്ലാം കർമ്മ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഇത് ഉറപ്പുവരുത്തുന്നതിനുള്ള ഗവൺമെന്റിന്റെ ശാസ്ത്രീയ വീക്ഷണവും നിലപാടുകളും എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനം ഈ വർഷം രൂക്ഷമായ വരൾച്ചയിലേക്ക് നീങ്ങുമെന്ന റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ശുദ്ധമായ കുടിവെള്ളം ലഭ്യമാക്കുന്നതിന് വാട്ടർ അതോറിറ്റി എന്തെങ്കിലും മുൻകരുതൽ നടത്തിയിട്ടുണ്ടോ;

(ഡി) ഇതിനായി ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്) :

(എ&ബി) വാട്ടർ അതോറിറ്റി വിതരണം ചെയ്യുന്ന കുടിവെള്ളം അനുയോജ്യമായ ശാസ്ത്രീയ മാർഗ്ഗങ്ങൾ ഉപയോഗിച്ച് ശുദ്ധീകരിച്ച് അണുവിമുക്തമാക്കി ഗുണനിലവാരം ഉറപ്പുവരുത്തിയതിനുശേഷമാണ് വിതരണം ചെയ്യുന്നത്. സംസ്ഥാനത്ത് ജലഗുണ നിലവാര പരിശോധനയ്ക്കുവേണ്ടി കേരള വാട്ടർ അതോറിറ്റിക്ക് പ്രത്യേക ക്വാളിറ്റി കൺട്രോൾ വിഭാഗം ഉണ്ട്. ഇതിലേയ്ക്കായി 33 സബ് ഡിവിഷൻ ലാബുകളും 14 ജില്ലാതല ലാബുകളും സ്റ്റേറ്റ് റഫറൽ ഇൻസ്റ്റിറ്റ്യൂട്ടും ഇപ്പോൾ പ്രവർത്തിച്ചുവരുന്നു. ജല ശുദ്ധീകരണ

ശാലകളോടനുബന്ധിച്ച് ലാബുകൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഗുണനിലവാര പരിശോധനയുടെ ഭാഗമായി ക്വാളിറ്റി കൺട്രോൾ വിഭാഗത്തിൽ പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥർ വിവിധ കുടിവെള്ള പദ്ധതികളിൽനിന്നും സാമ്പിളുകൾ ശേഖരിച്ച് ആവശ്യമായ പരിശോധനകൾ നടത്തി ഗുണനിലവാരം ഉറപ്പുവരുത്താനുള്ള നിർദ്ദേശങ്ങൾ നൽകുന്നു. പൊതുജനങ്ങൾ ആശ്രയിക്കുന്ന കിണറുകൾ മുതലായ കുടിവെള്ള സ്രോതസ്സുകളിലെ ജല പരിശോധനയും മേൽപ്പറഞ്ഞ ലാബുകളിൽ നടത്തിവരുന്നു. ഈ ലാബുകളിലെല്ലാം ബ്യൂറോ ഓഫ് ഇൻഡ്യൻ സ്റ്റാൻഡേർഡ് : 10500 (2012) നിഷ്കർഷിക്കുന്ന രീതിയുടെ അടിസ്ഥാനത്തിലാണ് ഗുണനിലവാര പരിശോധന നടത്തുന്നത്.

കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടെ NRDWP-യിൽ ഉൾപ്പെടുത്തി കേരളത്തിലെ 44 നദികളിലെ 126 നിർദ്ദിഷ്ട സ്ഥലങ്ങളിലെ ജലസാമ്പിളുകളുടെ ഗുണനിലവാര പരിശോധനയും പ്രസ്തുത ലാബുകളിൽ നടത്തിവരുന്നുണ്ട്.

എല്ലാവർക്കും ശുദ്ധമായ കുടിവെള്ളം ആവശ്യമായ അളവിൽ എല്ലായ്പ്പോഴും ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് കേരള ജല അതോറിറ്റി പ്രവർത്തിക്കുന്നത്. ഗ്രാമീണ മേഖലയിൽ 100 ലിറ്ററും നഗരമേഖലയിൽ 150 ലിറ്ററും ആളോഹരി പ്രതിദിനം ലഭ്യമാക്കാൻ ആവശ്യമായ പദ്ധതികളാണ് ഇപ്പോൾ രൂപകൽപ്പന ചെയ്തുവരുന്നത്. സംസ്ഥാന സർക്കാരിന്റെയും കേന്ദ്ര സർക്കാരിന്റെയും നബാർഡ്, ജിക്ക തുടങ്ങിയ ധനകാര്യ സ്ഥാപനങ്ങളുടേയും ധനസഹായത്തോടെയാണ് കുടിവെള്ള പദ്ധതികൾ ഏറ്റെടുക്കുന്നത്. ഇതിനുപുറമേ ജലനിധി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയും ശുദ്ധജല വിതരണത്തിനായി പദ്ധതി നടപ്പിലാക്കിവരുന്നു. കേരള വാട്ടർ അതോറിറ്റിയിൽ ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ചെറുതും വലുതുമായ പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ വേണ്ടി വിവിധ തലങ്ങളിൽ അവലോകന യോഗങ്ങൾ കൂടുകയും തടസ്സങ്ങൾ നീക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു.

വേനൽക്കാലത്ത് താൽക്കാലിക തടയണകൾ നിർമ്മിച്ച് കുടിവെള്ള പദ്ധതികളുടെ സ്രോതസ്സുകളിൽ ജല ലഭ്യത ഉറപ്പാക്കുന്നു. കൂടാതെ പുതിയ പദ്ധതിക്കും നിലവിലുള്ളവയ്ക്കും സ്ഥിരം തടയണകൾ ആവശ്യാനുസരണം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കുടിവെള്ള പദ്ധതികൾ വിഭാവനം ചെയ്യുമ്പോൾ ആദ്യ പരിഗണന സുരക്ഷിതവും സുസ്ഥിരമായതും ദീർഘകാലം ആശ്രയിക്കാവുന്നതുമായ സ്രോതസ്സുകൾ കണ്ടെത്തുന്നതിനാണ്. നമ്മൾ പ്രധാനമായും ആശ്രയിക്കുന്നത് നദികളെയും അണക്കെട്ടുകളുടെ

സംഭരണികളെയുമാണ്. എന്നാൽ വേനൽക്കാലത്ത് പല നദികളിലും നീരൊഴുക്ക് കുറയുന്നതും ഉപ്പുവെള്ളം കലരുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നദീജല സംരക്ഷണത്തിനായി പ്രധാനമായും ആശ്രയിക്കുന്നത് റഗുലേറ്റർ-കം-ബ്രിഡ്ജ്, തടയണകൾ, അടിയണകൾ മുതലായ നിർമ്മിതികളാണ്.

ജലനിധി പദ്ധതികളിൽ കുടിവെള്ള സ്രോതസ്സുകളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനായി ശാസ്ത്രീയമായ പരിശോധനകൾ Yield test ഉൾപ്പെടെ നടത്തുന്നുണ്ട്. കൂടാതെ കുടിവെള്ളത്തിന്റെയും കുടിവെള്ള സ്രോതസ്സിന്റെയും ഗുണമേന്മ ഉറപ്പുവരുത്തുന്നതിനായി വാട്ടർ ക്വാളിറ്റി ടെസ്റ്റുകളും വാട്ടർ ക്വാളിറ്റി പ്രശ്നങ്ങൾ ഉള്ളയിടങ്ങളിൽ ഫിൽറ്ററേഷൻ സംവിധാനങ്ങളും വാട്ടർ ട്രീറ്റ്മെന്റ് സംവിധാനങ്ങളും നടത്തിപ്പോരുന്നു. കൂടാതെ കുടിവെള്ളത്തിൽ ഇരുമ്പിന്റെ അംശം അധികമായി കണ്ടുവരുന്നയിടങ്ങളിൽ Iron Removal Plant-കളും സ്ഥാപിച്ചുവരുന്നു.

ജലനിധി പദ്ധതികളിൽ ഗുണഭോക്തൃ സംഘടനകൾ വഴിയാണ് പദ്ധതിയുടെ നടത്തിപ്പ്. തുടർച്ചയായ വാട്ടർ ക്വാളിറ്റി പരിശോധന വഴി കുടിവെള്ളത്തിന്റെ ഗുണമേന്മ ഉറപ്പുവരുത്തുന്നു. പ്രശ്നസാധ്യതയുള്ള സ്ഥലങ്ങളിൽ ഗുണഭോക്തൃ സംഘടനകൾക്കുതന്നെ വെള്ളത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് വാട്ടർ ക്വാളിറ്റി ടെസ്റ്റിംഗ് കിറ്റുകളും നൽകിപ്പോരുന്നു.

(സി&ഡി) കാലവർഷത്തിലുണ്ടായ കുറവ് പരിഗണിച്ച് വിവിധ നദികളിലെ ജല ദൗർലഭ്യത്തിനുള്ള സാധ്യത കണക്കിലെടുത്ത് വേണ്ട കരുതൽ നടപടികൾ സ്വീകരിക്കുന്നതാണ്. സാധാരണ മാർച്ച്-ഏപ്രിൽ മാസങ്ങളിൽ സ്വീകരിക്കാറുള്ള സംരക്ഷണ പ്രവർത്തനങ്ങൾ ഈ വർഷം മുൻകൂട്ടി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

1. സ്രോതസ്സുകളിൽ തടയണ കെട്ടിയും നീർച്ചാലുകൾ നിർമ്മിച്ചും കൂടുതൽ ജലലഭ്യത ഉറപ്പുവരുത്തുവാൻ ഉദ്ദേശിക്കുന്നു.

2. ഇറിഗേഷൻ, വൈദ്യുത വകുപ്പുമായി സഹകരിച്ച് അവരുടെ ഉടമസ്ഥതയിലുള്ള അണക്കെട്ടുകളിലെ ജലം പരമാവധി കുടിവെള്ള ആവശ്യത്തിനായി വിവിധ സ്രോതസ്സുകളിൽ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

3. അടിക്കടി ലീക്കുമൂലം നഷ്ടം സംഭവിക്കുന്ന വിതരണ ലൈനുകൾ മാറ്റി പകരം പുതിയവ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

4. ജലലഭ്യതയുള്ള സ്ഥലങ്ങളിൽ പൈപ്പ്ലൈൻ ദീർഘിപ്പിച്ച് ജലം എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

5. വാട്ടർ അതോറിറ്റി കിണറുകളിലെ ചെളിയും മണ്ണും നീക്കം ചെയ്ത് പമ്പിംഗ് സ്റ്റേഷനുകളിൽ ജലലഭ്യത ഉറപ്പുവരുത്തുന്നതാണ്.

6. ആവശ്യമായ സ്ഥലങ്ങളിൽ കിയോസ്കുകൾ സ്ഥാപിച്ച് റവന്യൂ, തദ്ദേശ സ്വയംഭരണ വകുപ്പുകൾ വഴി ടാങ്കറുകൾ മുഖേന പരമാവധി ശുദ്ധജല വിതരണ സൗകര്യം ഏർപ്പെടുത്തുന്നതാണ്.

7. പമ്പിംഗ് കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി കേടുവന്ന പമ്പ് സെറ്റുകളുടെ അറ്റകുറ്റപ്പണികൾ സമയബന്ധിതമായി നടത്തി പൂർണ്ണതോതിലുള്ള പ്രവർത്തനം ഉറപ്പാക്കും.

8. കൂടുതൽ പമ്പിംഗ് ആവശ്യമാണെങ്കിൽ അഡീഷണൽ ഷിഫ്റ്റുകൾ ഏർപ്പെടുത്തുന്നതാണ്.

9. ആവശ്യമാകുന്ന പക്ഷം വാൽവുകൾ നിയന്ത്രിച്ച് കരുതൽ നടപടി സ്വീകരിക്കുന്നതാണ്.

10. പണികൾ അവസാന ഘട്ടത്തിൽ എത്തിനിൽക്കുന്ന പദ്ധതികൾ അടിയന്തരമായി പൂർത്തീകരിച്ച് ജല വിതരണം ആരംഭിക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ജലശുദ്ധീകരണ ശാലകളുടെ സ്ഥാപിത ശേഷി പൂർണ്ണമായും ഉപയോഗിക്കുന്നതിന് ആവശ്യമായ പുനരുദ്ധാരണ പ്രവൃത്തികൾ നടപ്പിലാക്കി ശുദ്ധജല ലഭ്യത ഉറപ്പാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

**തൊഴിൽ വകുപ്പിന് കീഴിലുള്ള എൻഫോഴ്സ്മെന്റ് വിഭാഗത്തിന്റെ പ്രവർത്തനം**

14 (*524) ശ്രീ. വി. ജോയി :
ശ്രീ. പി. ടി. എ. റഹീം :
ശ്രീമതി യു. പ്രതിഭ ഹരി :
ശ്രീ. എം. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ വകുപ്പിന് കീഴിലുള്ള എൻഫോഴ്സ്മെന്റ് വിഭാഗത്തിന്റെ പ്രവർത്തനം ശക്തിപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) മെഡിക്കൽ സ്റ്റോർ ഉൾപ്പെടെയുള്ള കടകളിലും മറ്റ് വാണിജ്യ സ്ഥാപനങ്ങളിലും തൊഴിലെടുക്കുന്നവർക്ക് ന്യായമായ വേതനവും മറ്റു സേവനാവകാശങ്ങളും കൃത്യമായി നടപ്പിലാക്കുന്നുണ്ടോ; ഇതുറപ്പാക്കാൻ എൻഫോഴ്സ്മെന്റ് വിഭാഗത്തിന് സാധ്യമായിട്ടുണ്ടോ;

(സി) കേന്ദ്രസർക്കാരിന്റെ തൊഴിൽ നിയമ ഭേദഗതി ഇത്തരം തൊഴിലാളികളെ കൂടുതൽ ദുരിതത്തിലാക്കുമെന്നത് കണക്കിലെടുത്ത് സംസ്ഥാന സർക്കാരിന് ഇക്കാര്യത്തിൽ ചെയ്യാൻ സാധിക്കുന്ന കാര്യങ്ങൾ എന്തൊക്കെയെന്ന് അറിയിക്കുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ):

(എ) ഉണ്ട്. വിവിധ തൊഴിൽ നിയമങ്ങൾ പ്രകാരമുള്ള രജിസ്ട്രേഷൻ, റിന്യൂവൽ, ഭേദഗതി എന്നിവയ്ക്ക് ഓൺലൈൻ സംവിധാനം മുഖേന അപേക്ഷിക്കുന്നതിനായി ലേബർ കമ്മീഷണറേറ്റ് ഓട്ടോമേഷൻ സിസ്റ്റം (LCAS) നടപ്പിലാക്കിയിട്ടുണ്ട്. അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് മിനിമം വേതനം ലഭ്യമാക്കുന്നതിനായി വേതന സുരക്ഷാ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ടി പദ്ധതി തിരുവനന്തപുരം ജില്ലയിൽ പൈലറ്റ് അടിസ്ഥാനത്തിൽ വിജയകരമായി നടപ്പിലാക്കുകയും മറ്റ് ജില്ലകളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതി വഴി തൊഴിലാളികൾക്ക് ബാങ്ക് മുഖേന വേതനം ലഭ്യമാക്കുന്നതോടൊപ്പം നിയമം അനുശാസിക്കുന്ന കുറഞ്ഞ വേതനം യഥാസമയം തൊഴിലാളികൾക്ക് ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും കൂടാതെ തൊഴിലാളികൾക്ക് വേജ് സ്ലിപ്പ് നേരിട്ട് ഓൺലൈൻ മുഖേന ലഭ്യമാക്കുന്നതിനും കഴിയുന്നതാണ്. 1948-ലെ മിനിമം വേതന നിയമപ്രകാരവും 1936-ലെ വേതനം കൊടുക്കൽ നിയമപ്രകാരവും നിശ്ചയിക്കപ്പെട്ട വേതനം തൊഴിലാളികൾക്ക് കൃത്യസമയത്ത് ലഭ്യമാകുന്നുണ്ടോയെന്ന് തൊഴിൽ വകുപ്പിലെ ഇൻസ്പെക്ടർമാർക്ക് ഓൺലൈൻ ആയിത്തന്നെ പരിശോധിക്കുന്നതിനും ഇതിൽ വീഴ്ച വരുത്തുന്ന സ്ഥാപനങ്ങൾക്കെതിരെ നിയമനടപടികൾ സ്വീകരിക്കുവാനും കഴിയും. തൊഴിൽ വകുപ്പ് ആരംഭിച്ച കോൾസെന്റർ മുഖേന വകുപ്പിനെ സംബന്ധിച്ചുള്ള സംശയങ്ങളും പരാതികളും 155214/180042555214 എന്നീ നമ്പരുകളിൽ രാവിലെ 7 മണി മുതൽ വൈകുന്നേരം 7 മണിവരെ വിളിച്ച് പരിഹരിക്കാവുന്നതാണ്. എല്ലാ ഇൻസ്പെക്ടർമാർക്കും CUG സിം കാർഡ് നൽകിയിട്ടുണ്ട്. ഹെൽപ്പ്ലൈനിലൂടെ ലഭിക്കുന്ന പരാതികൾ തത്സമയം രജിസ്റ്റർ ചെയ്യപ്പെടുകയും അതാത് ഇൻസ്പെക്ടർമാർക്ക് യഥാസമയം പരാതികൾ പരിഹരിക്കുന്നതിനും കഴിയുന്നു.

(ബി) ഉണ്ട്. തൊഴിൽ വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗം ഉദ്യോഗസ്ഥർ, സ്വകാര്യ സ്ഥാപനങ്ങളിൽ പരിശോധന നടത്തി വിവിധ തൊഴിൽ നിയമപ്രകാരമുള്ള ആനുകൂല്യങ്ങൾ ജീവനക്കാർക്ക് ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താറുണ്ട്. കൂടാതെ തൊഴിലാളികൾക്ക് തൊഴിൽ പരിരക്ഷ ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി ജീവനക്കാർക്ക് വിശ്രമത്തിനും വിശ്രമ വേളകളിൽ ഇരിക്കാനുമുള്ള സൗകര്യം കൂടി തൊഴിലുടമ സ്ഥാപനത്തിൽ നൽകണമെന്ന വ്യവസ്ഥയും ക്രെഷ്, ടോയ്ലറ്റ്

സൗകര്യം സജ്ജീകരിക്കണമെന്ന വ്യവസ്ഥയും ഉൾപ്പെടുത്തി 1961-ലെ കേരള ഷോപ്പ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് (ചട്ടങ്ങളിൽ) ഭേദഗതി പുറപ്പെടുവിച്ചിട്ടുണ്ട്. സംസ്ഥാനത്ത് സ്വകാര്യ മേഖലകളിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ വേതനം ബാങ്ക് വഴി നൽകുന്നതിനായുള്ള വേതന സുരക്ഷാ പദ്ധതിയും (ഇ-പേമെന്റ്) വകുപ്പ് നടപ്പിലാക്കിയിട്ടുണ്ട്. ഇത് പൂർണ്ണതോതിൽ നടപ്പാക്കുന്നതോടെ ഈ മേഖലയിലെ തൊഴിലാളികൾക്ക് ന്യായമായ വേതനവും മറ്റ് സേവനാവകാശങ്ങളും ഉറപ്പാക്കാൻ തൊഴിൽ വകുപ്പിന് കഴിയുന്നതാണ്.

(സി) കേരളത്തിൽ നിലവിലുള്ള ഷോപ്പ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമപ്രകാരം ഒരു തൊഴിലാളി മാത്രമായാലും പ്രസ്തുത നിയമത്തിന്റെ പരിധിയിൽ വരും. എന്നാൽ കേന്ദ്രം കൊണ്ടുവരുന്ന ബില്ലിൽ പത്തോ അതിൽ കൂടുതൽ തൊഴിലാളികളോ ജോലി ചെയ്യുന്ന സ്ഥാപനങ്ങൾ മാത്രമേ ഈ ബില്ലിന്റെ പരിധിയിൽ വരികയുള്ളൂ. നിലവിൽ അസംഘടിത മേഖലയിലുള്ള തൊഴിലാളികളെ ഈ വ്യവസ്ഥ സാരമായി ബാധിക്കും. കേന്ദ്ര സർക്കാർ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ഷോപ്പ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് (റെഗുലേഷൻ ഓഫ് എംപ്ലോയ്മെന്റ് ആന്റ് കണ്ടീഷൻസ് ഓഫ് സർവ്വീസസ്സ്) ബിൽ 2015-ലെ ചില വ്യവസ്ഥകൾ സംസ്ഥാനത്ത് നിലവിൽ പ്രാബല്യത്തിലുള്ള കേരള ഷോപ്പ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട്, 1960 പ്രകാരം തൊഴിലാളികൾക്ക് വിഭാവന ചെയ്തിട്ടുള്ള തൊഴിൽ സുരക്ഷ ഇല്ലാതാക്കാനുള്ള സാദ്ധ്യതയുണ്ടെന്ന് 9-8-2016-ൽ കേന്ദ്ര തൊഴിൽ വകുപ്പ് സെക്രട്ടറിയുമായി നടത്തിയ വീഡിയോ കോൺഫറൻസിൽ വ്യക്തമാക്കിയിരുന്നു. മോഡൽ ഷോപ്പ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് ബിൽ നടപ്പിലാക്കുന്നത് സംബന്ധിച്ചുള്ള സംസ്ഥാനത്തിന്റെ ആശങ്കയും കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ട്.

**ലയങ്ങളിലെ വീടുകൾ പുനർനിർമ്മിച്ച് നൽകുന്നതിനുള്ള ഭവന പദ്ധതി**

15 (*525) ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. ഒ. ആർ. കേളു :
ശ്രീ. എസ്. ശർമ്മ :
ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലയങ്ങളിലെ വീടുകളെല്ലാം പുനർനിർമ്മിച്ച് നൽകുന്നതിനുള്ള ഭവന പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ അവ എപ്രകാരം നിർമ്മിച്ചു നൽകാനാണ് ഉദ്ദേശിക്കുന്നത്;

(സി) ലയങ്ങളുടെ ഉടമസ്ഥത വിവിധ മാനേജ്മെന്റുകളിൽ നിക്ഷിപ്തമായതിനാൽ അവിടെയുള്ള വീടുകൾ സർക്കാർ ചെലവിൽ നിർമ്മിച്ച നൽകുമ്പോൾ തൊഴിലാളികൾ വിരമിച്ച് പോകുന്ന സമയത്ത് ഉടമസ്ഥതാ പ്രശ്നം ഉണ്ടാകുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇത്തരം തൊഴിലാളികൾക്ക് വേറെ ഭൂമി കണ്ടെത്തി അവിടെ വീടുകൾ നിർമ്മിച്ച നൽകി പ്രസ്തുത പ്രശ്നം പരിഹരിയ്ക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ):

(എ) ഇല്ല.

(ബി&സി) ലയങ്ങളുടെ ശോചനീയാവസ്ഥയ്ക്ക് പരിഹാരം കാണുന്നതിനുള്ള പദ്ധതി തോട്ടം ഉടമകളുമായി ചർച്ച ചെയ്ത് ആവിഷ്കരിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

(ഡി) ഭവനം ഫൗണ്ടേഷൻ കേരള തോട്ടം മേഖലയിൽ സ്വന്തം വീട് എന്ന പദ്ധതി ആണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. സ്വന്തമായി കുറഞ്ഞത് മൂന്ന് സെന്റ് സ്ഥലമുണ്ട് എന്നാൽ വീട് ഇല്ലാത്തവർക്കും സ്വന്തമായി സ്ഥലവും വീടുമില്ലാത്തവർക്കും വീട് വയ്ക്കുന്നതിന് ആവശ്യമായ സഹായം നൽകുന്നതിനുവേണ്ടിയുള്ള ഈ പദ്ധതി സർക്കാരിന്റെ പരിഗണനയിലാണ്.

**കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ്**

16 (*526) ശ്രീ. ടി. വി. ഇബ്രാഹിം :
ശ്രീ. പി. കെ. അബ്ദു റബ്ബ് :
ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി :
ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1989-ലെ കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ആക്ട് പ്രകാരം രൂപീകൃതമായ ബോർഡിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) തൊഴിലാളികളിൽ നിന്നും അംശദായമിനത്തിൽ പ്രതിവർഷം ലഭിക്കുന്ന ശരാശരി തുക എത്രയാണെന്ന് വ്യക്തമാക്കുമോ;

(സി) തൊഴിലാളികൾക്കുള്ള ആനുകൂല്യവിതരണക്കാര്യത്തിൽ കുടിശ്ശികയുണ്ടായിട്ടുണ്ടോ; എങ്കിൽ അതുസംബന്ധിച്ച വിശദവിവരം നൽകുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ):

(എ) ഉണ്ട്. 1989-ലെ കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി നിയമ പ്രകാരം 1989 മേയ് 4-ാം തീയതി മുതൽ നിലവിൽ വന്ന കേരള കൈത്തറി

തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ഭരണച്ചുമതല വഹിക്കുന്നത് നിയമത്തിലെ 6-ാം വകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട അഞ്ച് വീതം തൊഴിലാളി, തൊഴിലുടമ, സർക്കാർ പ്രതിനിധികൾ അടങ്ങിയ ബോർഡ് ആണ്.

ബോർഡിന്റെ വരുമാനത്തിലെ 85%-ത്തോളം വരുന്ന വ്യാപാരി അംശദായം പിരിക്കുന്നത് ബഹുമാനപ്പെട്ട ഹൈക്കോടതി 22-2-2002-ൽ റദ്ദാക്കിയതിനെത്തുടർന്ന് ബോർഡ് സാമ്പത്തിക പ്രതിസന്ധിയിലാണ്. 2002-ലെ കോടതി വിധി മറികടക്കുന്നതിനായി, 2006-ൽ കേരള കൈത്തറി തൊഴിലാളി ക്ഷേമ സെസ്സ് ഓർഡിനൻസും 2007-ൽ കേരള കൈത്തറി തൊഴിലാളി ക്ഷേമ സെസ്സ് നിയമവും 2008-ൽ കേരള കൈത്തറി തൊഴിലാളി ക്ഷേമ സെസ്സ് പദ്ധതിയും നിലവിൽ വന്നു. ഈ നിയമ പ്രകാരം 5 ലക്ഷം രൂപയിൽ കൂടുതൽ വാർഷിക വിറ്റുവരവുള്ള സംസ്ഥാനത്തെ വസ്ത്ര-നൂൽ ഉൽപ്പാദകർ, സംഭരണം നടത്തുന്നവരും വിൽക്കുന്നതും കയറ്റുമതി ചെയ്യുന്നതുമായ സ്ഥാപനങ്ങൾ എന്നിവർ അവരുടെ വാർഷിക വിറ്റുവരവിന്റെ 0.25% സെസ്സ് നൽകാൻ ബാധ്യസ്ഥരാണ്. ഇതിനായി ജില്ലാ ലേബർ ഓഫീസർമാരെ അസസ്സിംഗ് ഓഫീസർമാരായി നിയമിക്കുകയും ചെയ്തിട്ടുണ്ടെങ്കിലും സെസ്സ് പിരിവിനെതിരെ വ്യാപാരികൾ ബഹുമാനപ്പെട്ട ഹൈക്കോടതിയെ സമീപിച്ചതിനാൽ സെസ്സ് പിരിച്ചെടുക്കാനുള്ള നടപടിക്രമങ്ങൾ നിലച്ചിരിക്കുകയാണ്.

പരമ്പരാഗത മേഖലയിലെ ഏറ്റവും പിന്നോക്കം നിൽക്കുന്ന വ്യവസായമായ കൈത്തറി മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് ആനുകൂല്യങ്ങളും പെൻഷനും നൽകിവരുന്നു. ഓണത്തോടനുബന്ധിച്ച് സർക്കാർ ലഭ്യമാക്കിയ ഫണ്ട് ഉപയോഗിച്ച് പരമാവധി പെൻഷൻകാർക്കും ഓണത്തിനുമുമ്പുതന്നെ പെൻഷൻ വിതരണം ചെയ്തിട്ടുണ്ട്.

ക്ഷേമനിധി ആനുകൂല്യങ്ങൾക്ക് പുറമേ സ്വയംതൊഴിൽ വിഭാഗത്തിൽപ്പെടുന്ന കൈത്തറി തൊഴിലാളികൾക്ക് ഇൻകം സപ്പോർട്ട് സ്കീം പ്രകാരമുള്ള ആനുകൂല്യവും ബോർഡ് വഴി നൽകിയിട്ടുണ്ട്. ആനുകൂല്യങ്ങൾ യഥാസമയം നൽകുന്നതിനെയോ, തൊഴിലാളി ക്ഷേമവുമായി ബന്ധപ്പെട്ട ബോർഡിന്റെ പ്രവർത്തനത്തെയോ ബാധിക്കാതെ കുറ്റമറ്റ രീതിയിൽ ബോർഡ് പ്രവർത്തിച്ചുവരുന്നു.

(ബി) അംശദായ ഇനത്തിൽ ബോർഡിന് പ്രതിവർഷം 14 ലക്ഷം രൂപയോളം ശരാശരി ലഭിക്കുന്നുണ്ട്.

(സി) 2015 ആഗസ്റ്റ് മാസം മുതലുള്ള പെൻഷൻ കുടിശ്ശികയായിരുന്നു. അത് കുടിശ്ശിക തീർത്ത് 2016 ഒക്ടോബർ മാസം വരെയുള്ള പെൻഷൻ ഓണത്തിനോടനുബന്ധിച്ച്

സർക്കാർ അനുവദിച്ച് നൽകിയ ഫണ്ട് ഉപയോഗിച്ച് വിതരണം ചെയ്തുകഴിഞ്ഞിട്ടുണ്ട്. വിവാഹ ധനസഹായം, എക്സ്ഗ്രേഷ്യ ധനസഹായം, ആശ്രിത ധനസഹായം, പ്രസവാനുകൂല്യം എന്നീ ക്ഷേമനിധി ആനുകൂല്യങ്ങൾ നൽകുന്നതിലും നിലവിൽ കുടിശ്ശികയില്ല. അപേക്ഷ ലഭ്യമാകുന്ന മുറയ്ക്കുതന്നെ ഇവ അനുവദിച്ചു നൽകുന്നുണ്ട്. ജൂൺ, ജൂലായ്, ആഗസ്റ്റ് മാസങ്ങളിലായി ലഭിച്ച 2016-17 വർഷത്തെ വിദ്യാഭ്യാസ ധനസഹായ അപേക്ഷകളിന്മേലുള്ള ധനസഹായ വിതരണവും ആരംഭിച്ചിട്ടുണ്ട്.

**വനഭൂമി കയ്യേറ്റങ്ങൾ ഒഴിപ്പിക്കാൻ സ്വീകരിച്ച നടപടികൾ**

17 (*527) ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. എം. രാജഗോപാലൻ :
ശ്രീ. ഡി. കെ. മുരളി :
ശ്രീ. എം.എം. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1977 ജനുവരി 1-ന് ശേഷമുള്ള വനഭൂമി കയ്യേറ്റങ്ങൾ ഒഴിപ്പിക്കാൻ 2015 സെപ്റ്റംബർ മാസം കേരള ഹൈക്കോടതി ഉത്തരവിട്ടതിന്റെയടിസ്ഥാനത്തിൽ മുൻസർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയായിരുന്നുവെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇക്കാലയളവിലെ വനഭൂമി കയ്യേറ്റത്തിന്റെ കണക്ക് സർക്കാരിന്റെ പക്കലുണ്ടെങ്കിൽ അതിന്റെ വിശദാംശം അറിയിക്കുമോ;

(സി) കയ്യേറ്റഭൂമി തിരിച്ചുപിടിക്കാനായി വനം വകുപ്പ് എന്തു നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു):

(എ) 1977 ജനുവരി 1-നുശേഷമുള്ള വനഭൂമി കയ്യേറ്റങ്ങൾ ഒഴിപ്പിക്കാൻ 2015 സെപ്റ്റംബർ മാസം 4-ാം തീയതി ബഹുമാനപ്പെട്ട കേരള ഹൈക്കോടതി 1957-ലെ കേരള ലാന്റ് കൺസർവൻസി ആക്ട്, 1961-ലെ കേരള ഫോറസ്റ്റ് ആക്ട് എന്നിവയനുസരിച്ച് നടപടി സ്വീകരിക്കുവാൻ ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ വനം കയ്യേറ്റം ഒഴിപ്പിക്കുന്നതിനായി കയ്യേറ്റക്കാർക്ക് നോട്ടീസ് നൽകുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ആയതിലേയ്ക്കായി വനം കയ്യേറ്റക്കാരുടെ പേരുവിവരങ്ങൾ ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) 1-1-1977-നുശേഷമുള്ള ഒഴിപ്പിക്കാനുള്ള വനം കയ്യേറ്റം 7289.3377 ഹെക്ടർ വനഭൂമിയാണ്.

(സി) 4-9-2015-ലെ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ കയ്യേറ്റക്കാരുടെ പേരുവിവരങ്ങൾ അടങ്ങിയ ലിസ്റ്റ് ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക് നൽകിയിട്ടുള്ളതാണ്. കയ്യേറ്റം ഒഴിപ്പിക്കുന്നതിനുള്ള നോട്ടീസ് നൽകുന്നതുൾപ്പെടെയുള്ള നടപടികൾ ദ്രുതഗതിയിൽ നടന്നുവരുന്നു.

**വനബന്ധു കല്യാൺ യോജന**

18 (*528) ശ്രീ. പി. വി. അൻവർ :

ശ്രീ. കെ. വി. വിജയദാസ് :

ശ്രീ. ഒ. ആർ. കേളു :

ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 'വനബന്ധു കല്യാൺ യോജന' നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയ്ക്കായി സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിലേയ്ക്ക് നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത പദ്ധതിയുടെ ലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ഡി) പദ്ധതിയിൽ പ്രതിപാദിക്കുന്ന ഘടകങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ) :

(എ) ഉണ്ട്. പുതിയ പദ്ധതിയായി 2016-17-ൽ പദ്ധതി നടപ്പിലാക്കുന്നതിന്റെ പ്രാരംഭ ഘട്ടത്തിലാണ്.

(ബി) ഉണ്ട്. 2015-16 വർഷം മുതൽ 2019-20 വരെ പ്രസ്തുത പദ്ധതി നടത്തിപ്പിനായി 3600.24 കോടി രൂപയുടെ പ്രൊപ്പോസൽ സംസ്ഥാന സർക്കാർ മുഖേന കേന്ദ്ര സർക്കാരിലേക്ക് സമർപ്പിച്ചിട്ടുണ്ട്. (വിശദവിവരം അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു*.) ആയതിന്റെ അടിസ്ഥാനത്തിൽ ആദ്യഘട്ടമായി കേവലം 3 കോടി രൂപയാണ് കേന്ദ്ര സർക്കാരിൽനിന്നും അനുവദിച്ചിട്ടുള്ളത്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പട്ടികവർഗ്ഗ കുട്ടികളുടെ കായികാഭിരുചി പരിപോഷിപ്പിക്കുന്നതിന് വകുപ്പിന്റെ സ്കൂളുകളിൽ മൾട്ടി പർപ്പസ് സ്റ്റേഡിയം നിർമ്മാണത്തിന് ഒരു കോടി രൂപ 18-11-2015-ലും പ്രിയദർശിനി പാരാ മെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് വഴി പാരാ മെഡിക്കൽ കോഴ്സ് നടത്തുന്നതിന് രണ്ട് കോടി രൂപ 30-3-2016-ലും അനുവദിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. 2016-17 വർഷം വനബന്ധു കല്യാൺ യോജന എന്ന പേരിൽ കേന്ദ്രാവിഷ്കൃത പദ്ധതിയായി ബജറ്റിൽ 10 കോടി രൂപ വകയിരുത്തിയിട്ടുള്ളതും ബജറ്റ് പ്രകാരമുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയും ചെയ്യുന്നു.

(സി) പട്ടികവർഗ്ഗക്കാരെ മറ്റ് ജനങ്ങളോടൊപ്പം ഉയർത്തിക്കൊണ്ടുവന്ന് രാജ്യത്തിന്റെ സമഗ്ര വികസനത്തിന്റെ ഭാഗമാക്കുകയാണ് ഈ പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നത്.

(ഡി) വിവരങ്ങൾ അനുബന്ധം-2 ആയി ഉള്ളടക്കം ചെയ്യുന്നു*.

## എല്ലാവർക്കും ശുദ്ധജലം

19 (*529) പ്രൊഫ. കെ. യു. അരുണൻ :

ശ്രീ. എം. എം. മണി :

ശ്രീ. കെ. ജെ. മാക്സി :

ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ശുദ്ധമായ കുടിവെള്ളം ലഭ്യമല്ലാത്തവരുടെ എണ്ണം കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ എത്ര ശതമാനം എന്ന് അറിയിക്കുമോ;

(ബി) എല്ലാവർക്കും ശുദ്ധജലം ലഭ്യമാക്കുക എന്ന ലക്ഷ്യം കേരള വാട്ടർ അതോറിറ്റിയ്ക്കുണ്ടോ; എങ്കിൽ അതിനുവേണ്ടി എന്തൊക്കെ പദ്ധതികളാണ് ഉള്ളതെന്നും ഇക്കാര്യത്തിൽ നിലവിലെ പുരോഗതിയും അറിയിക്കുമോ;

(സി) പ്രസ്തുത ലക്ഷ്യം നേടാനായി ഉദ്ദേശിക്കുന്ന ചെലവ് എത്രയെന്നും ഈ തുക ഏതു വിധത്തിൽ സമാഹരിക്കാൻ ഉദ്ദേശിക്കുന്നുവെന്നും വ്യക്തമാക്കുമോ; എത്ര കാലത്തിനുള്ളിൽ ലക്ഷ്യം കൈവരിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദാംശം നൽകുമോ?

---
* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്) :

(എ) കേരള വാട്ടർ അതോറിറ്റി ഇപ്പോൾ നിലവിലുള്ള ശുദ്ധജല വിതരണ പദ്ധതികളിലായി 18.12 ലക്ഷം ഗാർഹിക കണക്ഷനുകൾ വഴിയും 2.02 ലക്ഷം പൊതുടാപ്പുകൾ വഴിയും ഏകദേശം 50 ശതമാനം ജനങ്ങൾക്ക് ജലവിതരണം നടത്തുന്നു എന്നാണ് കണക്കാക്കിയിരിക്കുന്നത്.

(ബി) കേരളത്തിലെ എല്ലാ മുനിസിപ്പാലികളിലും പഞ്ചായത്തുകളിലും ശുദ്ധീകരിച്ച കുടിവെള്ളം എത്തിക്കുക എന്ന ലക്ഷ്യത്തോടെയാണ് കേരള വാട്ടർ അതോറിറ്റി പദ്ധതികൾ ആസൂത്രണം ചെയ്യുന്നത്. നിലവിൽ 6 കോർപ്പറേഷനുകളിലും 66 മുനിസിപ്പാലിറ്റികളിലും 471 പഞ്ചായത്തുകളിലും ശുദ്ധീകരണ ശാലയിൽ ശുദ്ധീകരിച്ച ജലമാണ് വിതരണം നടത്തിവരുന്നത്. കൂടാതെ 12 മുനിസിപ്പാലിറ്റികളിലും 168 പഞ്ചായത്തുകളിലും ചെറുകിട ജലവിതരണപദ്ധതികളിൽ നിന്നും ജലവിതരണം നടത്തിവരുന്നു. ഇത്തരം പദ്ധതികൾ, നദീതടത്തിലുള്ള ഇൻഫിൽട്രേഷൻ ഗ്യാലറി, കുഴൽക്കിണർ തുടങ്ങിയ സ്രോതസ്സുകളിൽ നിന്നും ശേഖരിക്കുന്ന ജലം അണുവിമുക്തമാക്കിയാണ് വിതരണം ചെയ്യുന്നത്.

ഇപ്പോൾ നിർമ്മാണം പുരോഗമിച്ചു വരുന്ന പദ്ധതികൾ പൂർത്തിയാകുമ്പോൾ 8 മുനിസിപ്പാലിറ്റികളിലും 211 പഞ്ചായത്തുകളിലുംകൂടി ശുദ്ധീകരണ ശാലകളിൽനിന്നുള്ള കുടിവെള്ളം ലഭ്യമാകും. ഏകദേശം 6276.37 കോടി രൂപ അടങ്കൽ തുകയുള്ള പദ്ധതികൾ പൂർത്തീകരണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്.

(സി) നിലവിൽ ശുദ്ധീകരണ ശാലകളില്ലാത്ത പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും മുൻഗണന നൽകിയ എല്ലാവർക്കും ശുദ്ധജലം നൽകുക എന്ന ലക്ഷ്യത്തോടെ പദ്ധതികൾ തയ്യാറാക്കിവരുന്നു. നിലവിൽ 13 മുനിസിപ്പാലിറ്റിയിലും 259 പഞ്ചായത്തിലും ശുദ്ധീകരണശാല അധിഷ്ഠിതമായുള്ള പദ്ധതികളില്ല. കേന്ദ്ര സംസ്ഥാന സർക്കാരിന്റെ ഫണ്ടും KIIFB, NABARD, NRDWP തുടങ്ങി മറ്റ് ധനകാര്യ ഏജൻസികൾ മുഖേന പുതിയ പദ്ധതികൾ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്. ആളോഹരി പ്രതിദിനം ഗ്രാമീണ മേഖലയിൽ 100 ലിറ്ററും നഗരമേഖലയിൽ 150 ലിറ്ററും കുടിവെള്ളം ലഭ്യമാക്കണമെങ്കിൽ ഇപ്പോഴത്തെ നിരക്കിൽ ഏകദേശം 20,000 കോടി രൂപ ആവശ്യമായി വരും എന്നും പ്രതീക്ഷിക്കുന്നു.

മേൽ ലക്ഷ്യം കൈവരിക്കുന്നതിന് ചുരുങ്ങിയത് 5 വർഷം വേണ്ടി വരും. പണലഭ്യതയും മതിയായ ജല സ്രോതസ്സുകളുടെ ലഭ്യതയും വെല്ലുവിളികളാണ്.

**പട്ടികവർഗ്ഗ വിഭാഗത്തിലെ പെൺകുട്ടികൾക്ക് വിവാഹ ധനസഹായം**

20 (*530) ശ്രീ. പുരുഷൻ കടലുണ്ടി :

ശ്രീ. സി. കൃഷ്ണൻ :

ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നിർദ്ധന കുടുംബങ്ങളിൽപ്പെട്ട പട്ടികവർഗ്ഗ വിഭാഗത്തിലെ പെൺകുട്ടികൾക്ക് വിവാഹ ധനസഹായം നൽകുന്നതിനുള്ള പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനായി എത്ര തുകയാണ് നീക്കി വച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ധനസഹായം അർഹരായവർക്കുതന്നെ ലഭിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്താനായി എസ്.ടി. പ്രൊമോട്ടർമാരുടെ സേവനം പ്രയോജനപ്പെടുത്തുമോയെന്ന് വ്യക്തമാക്കുമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ) :

(എ) ഉണ്ട്.

(ബി) 2016-17 വർഷം നിർദ്ധനരായ പട്ടികവർഗ്ഗ വിഭാഗത്തിലെ പെൺകുട്ടികൾക്ക് വിവാഹ ധനസഹായം നൽകുന്നതിനായി 1,75,00,000 രൂപയാണ് (ഒരു കോടി എഴുപത്തിയഞ്ച് ലക്ഷം രൂപ മാത്രം) നീക്കിവച്ചിട്ടുള്ളത്.

(സി) ബന്ധപ്പെട്ട ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ, എസ്.ടി. പ്രൊമോട്ടർമാർ മുഖേന പട്ടികവർഗ്ഗക്കാർക്കിടയിൽ വ്യാപകമായ പ്രചരണം നടത്തി അപേക്ഷയും ബന്ധപ്പെട്ട രേഖകളും സ്വീകരിച്ചാണ് വിവാഹ ധനസഹായം നൽകിവരുന്നത്. അപേക്ഷ തയ്യാറാക്കുന്നതിനും ആയത് കൃത്യസമയത്ത് ബന്ധപ്പെട്ട ഓഫീസിൽ നൽകുന്നതിനും ആവശ്യമായ സഹായങ്ങൾ ചെയ്തുനൽകുന്നത് എസ്.ടി. പ്രൊമോട്ടർമാരാണ്. ടി ആവശ്യത്തിലേയ്ക്ക് എസ്.ടി. പ്രൊമോട്ടർമാരുടെ സേവനം പരമാവധി പ്രയോജനപ്പെടുത്തുന്നുണ്ട്.

## സ്കിൽ മിഷൻ രൂപീകരണം

21 (*531) ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. ഐ. ബി. സതീഷ് :
ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കിൽ മിഷൻ രൂപീകരിക്കുന്നത് സംബന്ധിച്ച് കേന്ദ്ര സർക്കാർ നിർദ്ദേശം എന്തായിരുന്നുവെന്ന് വിശദമാക്കാമോ;

(ബി) കേന്ദ്ര സർക്കാരിന്റെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലാണോ കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് സ്ഥാപിച്ചിരിക്കുന്നത്; ഇതിനായി കേന്ദ്രസർക്കാരിൽ നിന്നും ലഭിക്കുന്ന സഹായങ്ങൾ എന്തെല്ലാം; അക്കാദമി പ്രവർത്തനം ആരംഭിച്ചോ;

(സി) ഈ സ്ഥാപനം വഴി ഉദ്യോഗാർത്ഥികൾക്ക് ഏതൊക്കെ തരത്തിലുള്ള സേവനമാണ് ഉദ്ദേശിക്കുന്നതെന്നും ഇതുവരെ എത്രപേർക്ക് പ്രയോജനം ലഭിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(ഡി) കരകൗശല മേഖലയിലും മറ്റു പരമ്പരാഗത തൊഴിൽ മേഖലയിലും വൈദഗ്ധ്യ വികസനത്തിനായി പദ്ധതിയുണ്ടെങ്കിൽ വിശദാംശം അറിയിക്കുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ):

(എ) സ്കിൽ മിഷൻ രൂപീകരിക്കുന്നത് സംബന്ധിച്ച് കേന്ദ്ര സർക്കാർ നിർദ്ദേശം ചുവടെ ചേർക്കുന്നു:

- മിനിസ്ട്രി ഓഫ് സ്കിൽ ഡെവലപ്മെന്റ് ആന്റ് എന്റർപ്രണർഷിപ്പ് (MSDE)-നെ നൈപുണ്യ വികസന പ്രവർത്തനങ്ങളുടെ പ്രാഥമിക അധികാര കേന്ദ്രമാക്കി ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി, ഭാരതത്തിലുടനീളമുള്ള എല്ലാ നൈപുണ്യ വികസന മേഖലകളുടെയും പ്രവർത്തനം ഏകോപിപ്പിക്കുന്നതിനും സംസ്ഥാനങ്ങളുടെ നൈപുണ്യ വികസന പ്രവർത്തനങ്ങളുടെ ഏകോപനം സാധ്യമാക്കുന്ന രീതിയിൽ പ്രവർത്തിക്കുന്ന നോഡൽ ഏജൻസിയായി സംസ്ഥാന സ്കിൽ ഡെവലപ്മെന്റ് മിഷൻ സ്ഥാപിച്ച് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുക.
- നൈപുണ്യ പരിശീലകർ മുഖേന നൈപുണ്യ വികസന പ്രവർത്തനങ്ങളുടെ ഗുണനിലവാരവും പ്രസക്തിയും മെച്ചപ്പെടുത്തുക.

- സ്ത്രീകൾക്കും പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗങ്ങൾക്കും നൈപുണ്യ പരിശീലനം പ്രാപ്യമാക്കുക.
- പൊതു-സ്വകാര്യ പങ്കാളിത്തത്തോടുകൂടി നൈപുണ്യ പരിശീലനം വിപുലപ്പെടുത്തുക.

(ബി) അല്ല. KASE നടപ്പിലാക്കി വരുന്ന വിവിധ നൈപുണ്യ വികസന പദ്ധതികൾക്കായി കേന്ദ്ര സഹായം ലഭ്യമാക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു.

കേരളത്തിലെ ചെറുപ്പക്കാരുടെ തൊഴിൽശക്തി വികസിപ്പിക്കുന്നതിനും അന്താരാഷ്ട്ര നിലവാരത്തിൽ ഉയർത്തിക്കൊണ്ടുവന്ന് ഇന്ത്യയിലും വിദേശത്തും ജോലി കിട്ടാൻ പ്രാപ്തരാക്കുന്ന തരത്തിലുള്ള പരിശീലനം നൽകുന്നതിനും കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE) 2012-ൽ രൂപീകരിച്ച് പ്രവർത്തനമാരംഭിച്ചു.

(സി) KASE നടപ്പിലാക്കിവരുന്ന വിവിധ പ്രവർത്തനങ്ങളുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു:

### 1. സെന്റർ ഓഫ് എക്സലൻസസ്

- NICE (നഴ്സിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കരിയർ എൻഹാൻസ്മെന്റ്)

നഴ്സിംഗ് മേഖലയിൽ നൈപുണ്യ വികസനത്തിനായി NICE (നഴ്സിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കരിയർ എൻഹാൻസ്മെന്റ്) എന്ന സ്ഥാപനം തിരുവനന്തപുരം ജില്ലയിലെ കിൻഫ്രയിൽ 2-7-2015 മുതൽ പ്രവർത്തിച്ചുവരുന്നു. NICE-ന്റെ ഒന്നാമത്തെ ബാച്ചിലെ പരിശീലനം പൂർത്തിയാക്കിയ 116 ഉദ്യോഗാർത്ഥികളിൽ 74 പേർ ജോലിയിൽ പ്രവേശിച്ചു. മറ്റ് ഉദ്യോഗാർത്ഥികളുടെ വിസ നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു. 21 പേരടങ്ങിയ രണ്ടാമത്തെ ബാച്ചിന്റെ പരിശീലനം വിജയകരമായി പൂർത്തിയാവുകയും 74 പേർ ഉൾപ്പെട്ട മൂന്നാമത്തെയും നാലാമത്തെയും ബാച്ചിന്റെ പരിശീലനം നിലവിൽ നടന്നുവരികയും ചെയ്യുന്നു.

- CATS (സെന്റർ ഫോർ അഡ്വാൻസ്ഡ് ട്രെയിനിംഗ് ഇൻ സെക്യൂരിറ്റി)

സെക്യൂരിറ്റി (നാഷണൽ) മേഖലയിൽ നൈപുണ്യ വികസനത്തിനായി CATS (സെന്റർ ഫോർ അഡ്വാൻസ്ഡ് ട്രെയിനിംഗ് ഇൻ സെക്യൂരിറ്റി) എന്ന സ്ഥാപനം തിരുവനന്തപുരം ജില്ലയിലെ കിൻഫ്രയിൽ 29-9-2015 മുതൽ പ്രവർത്തിച്ചുവരുന്നു. 24 പേരടങ്ങിയ വിദ്യാർത്ഥികൾ ഉൾപ്പെടുന്ന ആദ്യ ബാച്ചിന്റെ പരിശീലനം പൂർത്തിയാക്കി 17 പേർക്ക് നിയമന പത്രിക വിതരണം ചെയ്തു. 26 പേർ അടങ്ങിയ രണ്ടാമത്തെ ബാച്ചിന്റെ പരിശീലനം നടന്നുവരുന്നു.

- ESPOiR (എൻലൈറ്റൻ സ്കിൽസ് പ്രോഗ്രാം ഫോർ ഓയിൽ & റിഗ്)

ഓയിൽ & റിഗ് മേഖലയിൽ മികവിന്റെ കേന്ദ്രമായ [എൻലൈറ്റൻ സ്കിൽസ് പ്രോഗ്രാം ഫോർ ഓയിൽ & റിഗ് (ESPOiR)] എറണാകുളം ജില്ലയിലെ അങ്കമാലിയിലുള്ള ഇന്റർനാഷണൽ സ്കിൽസ് പാർക്കിൽ 6-12-2015 മുതൽ പ്രവർത്തിച്ചുവരുന്നു. ഓയിൽ & റിഗ് മേഖലയിലെ മികവിന്റെ കേന്ദ്രമായ ESPOiR-ന്റെ ആദ്യ ബാച്ചിലെ 85 പേർക്കും നിയമന പത്രിക ലഭ്യമായി. രണ്ടാം ബാച്ചിൽ 100 പേർ പ്രവേശനം നേടി. ഇവരുടെ പരിശീലനം ഏപ്രിൽ മാസം ആരംഭിക്കുകയും ജൂലൈ മാസം പൂർത്തിയാകുകയും ചെയ്തു. 79 വിദ്യാർത്ഥികൾ ഉൾപ്പെടുന്ന മൂന്നാം ബാച്ചിന്റെ പരിശീലനം പൂർത്തിയാക്കി. 60 പേരടങ്ങിയ നാലാമത്തെ ബാച്ചിന്റെ പരിശീലനം നവംബർ മാസത്തോടെ ആരംഭിക്കുന്നതാണ്.

- CRETT (സെന്റർ ഫോർ റിസർച്ച് ഇൻ എഡ്യൂക്കേഷൻ ആന്റ് ടീച്ചർ ട്രെയിനിംഗ്)

ടീച്ചിംഗ് മേഖലയിലെ മികവിന്റെ കേന്ദ്രമായ CRETT (സെന്റർ ഫോർ റിസർച്ച് ഇൻ എഡ്യൂക്കേഷൻ ആന്റ് ടീച്ചർ ട്രെയിനിംഗ്) കോഴിക്കോട് ജില്ലയിലെ വെള്ളിപ്പറമ്പിലെ സദ്ഭാവന ക്യാമ്പസിൽ 2-2-2016-ന് പ്രവർത്തനം ആരംഭിച്ചു. അദ്ധ്യാപകരുടെ നൈപുണ്യ വികസനത്തിനായി ആരംഭിച്ച CRETT-ന്റെ 18 പേരടങ്ങിയ ആദ്യ ബാച്ചിന്റെ പരിശീലനം നവംബർ മാസത്തോടെ പൂർത്തിയാകും.

- CEED (സെന്റർ ഓഫ് എക്സലൻസ് ഇൻ എന്റർപ്രണർഷിപ്പ് ഡെവലപ്മെന്റ്)

തൊഴിൽരഹിതരായ ചെറുപ്പക്കാർക്ക് പുതിയ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിലേയ്ക്കുവേണ്ടി എന്റർപ്രണർഷിപ്പ് ഡെവലപ്പ്മെന്റ് ഇന്ത്യ, അഹമ്മദാബാദ് എന്ന സ്ഥാപനവുമായി ചേർന്ന് സെന്റർ ഓഫ് എക്സലൻസ് ഇൻ എന്റർപ്രണർഷിപ്പ് ഡെവലപ്മെന്റ് (CEED) എന്ന മികവിന്റെ കേന്ദ്രം എറണാകുളം ജില്ലയിലെ അങ്കമാലിയിലുള്ള ഇന്റർനാഷണൽ സ്കിൽസ് പാർക്കിൽ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് ഉദ്ഘാടനം ചെയ്തു. എന്റർപ്രണർഷിപ്പ് ഡെവലപ്മെന്റ് ഇന്ത്യ, അഹമ്മദാബാദുമായി സഹകരിച്ച് CEED-ന്റെ പ്രവർത്തനം ആരംഭിക്കാനുള്ള ചർച്ചകൾ പുരോഗമിച്ചുവരുന്നു.

## 2. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ ആന്റ് കൺസ്ട്രക്ഷൻ (IIIC)

കൺസ്ട്രക്ഷൻ മേഖലകളിൽ ഉരുത്തിരിയുന്ന തൊഴിലവസരങ്ങളെ പ്രയോജനപ്പെടുത്താൻ ശാസ്ത്രീയമായി തയ്യാറാക്കിയ പ്രത്യേക പരിശീലന പദ്ധതികളിലൂടെ തീവ്ര പരിശീലനം നൽകി അതിവിദഗ്ധ തൊഴിൽ പ്രൊഫഷണലുകളെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെ കൊല്ലം ജില്ലയിലെ ചവറയിൽ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ ആന്റ് കൺസ്ട്രക്ഷൻ (IIIC)-ന്റെ ആദ്യഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായി വരുന്നു. IIIC-ൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള കൺസ്ട്രക്ഷൻ എഞ്ചിനീയറിംഗ് ആന്റ് മാനേജ്മെന്റ് കോഴ്സുകളും മേസണറി, കാർപ്പെന്ററി, പ്ലംബിംഗ്, ഇലക്ട്രിക്കൽ, ഡ്രാഫ്റ്റ്സ്മാൻ, സൂപ്പർവൈസർ, സൈറ്റ് മാനേജർ എന്നീ വ്യത്യസ്ത മേഖലകളിൽ നൈപുണ്യ വികസനത്തിനുതകുന്ന കോഴ്സുകളും ലഭ്യമാക്കുന്നുണ്ട്. ഐ.ടി.ഐ. സർട്ടിഫിക്കറ്റ്/ഡിപ്ലോമാ എഞ്ചിനീയറിംഗ് ബിരുദധാരികൾക്ക് രാജ്യത്തിനകത്തും പുറത്തും തൊഴിൽ ലഭ്യത ഉറപ്പുവരുത്തുവാൻ IIIC-യിലൂടെ സാധിക്കും. ബിൽഡിംഗ് കൺസ്ട്രക്ഷൻ അക്കാഡമി ഓഫ് സിംഗപ്പൂർ, നാഷണൽ കൺസ്ട്രക്ഷൻ കോളേജ് ഓഫ് യുണൈറ്റഡ് കിംഗ്ഡം തുടങ്ങിയ അന്താരാഷ്ട്ര സ്ഥാപനങ്ങളുടെ അതേ നിലവാരത്തിലുള്ള പഠന സൗകര്യങ്ങളാണ് IIIC-ൽ ഒരുക്കുന്നത്. ഇതിനായി അനുയോജ്യരായ ഓപ്പറേറ്ററെ കണ്ടെത്താനുള്ള RFP ക്ഷണിക്കുകയും എന്നാൽ ഓപ്പറേറ്ററെ കണ്ടെത്താൻ കഴിയാത്തതിനാൽ വ്യവസ്ഥകളിൽ ഇളവ് വരുത്തി പുതിയ RFP വിളിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

## 3. കൗശൽ കേന്ദ്രകൾ

നൈപുണ്യ വികാസത്തിനും വ്യക്തിത്വ വികസനത്തിനും തൊഴിൽ നേടുന്നതിനും വേണ്ടിയുള്ള ലോകോത്തര നിലവാരം പുലർത്തുന്ന സ്ഥാപനമാണ് കൗശൽ കേന്ദ്ര. ഗ്രാമീണ മേഖലയിലെ സ്കൂൾ/കോളേജ് വിദ്യാർത്ഥികൾ ഉൾപ്പെടുന്ന യുവസമൂഹത്തിന് തൊഴിൽ നൈപുണ്യ പരിശീലനം ഉറപ്പാക്കുന്നതോടൊപ്പം ആഗോള മത്സര രംഗത്ത് അവരെ മുൻനിരയിലെത്തിക്കാൻ പ്രാപ്തരാക്കുക കൂടിയാണ് കൗശൽ കേന്ദ്രയിലൂടെ ലക്ഷ്യമാക്കുന്നത്.

സ്കൂൾ/കോളേജ് തലത്തിലുള്ള വിദ്യാർത്ഥികളുടെ തൊഴിൽ അഭിരുചി മനസ്സിലാക്കി അവർക്ക് ഉചിതമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനുള്ള അസ്സസ്സ്മെന്റ് ആന്റ് കരിയർ ഗൈഡൻസ് സെൽ, ഇംഗ്ലീഷ് ഭാഷയിൽ നൈപുണ്യ പരിശീലനം നേടുന്നതിനുള്ള ലാംഗ്വേജ് ലാബ് ഉൾപ്പെട്ട കമ്മ്യൂണിക്കേഷൻ സ്കിൽ ഡെവലപ്മെന്റ് സെൽ, എംപ്ലോയബിലിറ്റി സ്കിൽ ഡെവലപ്മെന്റ് സെന്റർ വിവിധ

മേഖലകളിൽ അത്യന്താധുനിക സാങ്കേതിക പരിശീലന സൗകര്യത്തോടൊപ്പം വീഡിയോ കോൺഫറൻസിംഗ് സംവിധാനം എന്നിവ കൗശൽ കേന്ദ്രയിൽ ഒരുക്കിയിരിക്കുന്നു. കേരളത്തിലെ യുവ സമൂഹത്തിന് ഈ സേവനങ്ങൾ വേണ്ട വിധത്തിൽ ഉപയോഗപ്പെടുത്താവുന്നതാണ്.

കൊല്ലം ജില്ലയിലെ ചവറയിൽ 11-7-2015-നും കോഴിക്കോട് ജില്ലയിലെ മാനാഞ്ചിറയിൽ 15-9-2015-നും പാലക്കാട് ജില്ലയിലെ കുറ്റനാട് 27-2-2016-നും കൗശൽ കേന്ദ്രങ്ങൾ പ്രവർത്തനമാരംഭിച്ചുകഴിഞ്ഞു. കൗശൽ കേന്ദ്രങ്ങളിലൂടെ 3513 പേർ രജിസ്റ്റർ ചെയ്യുകയും കരിയർ ഡിസിഷൻ മേക്കിംഗ് (CDM), ഡിജിറ്റൽ ലൈബ്രറി എന്നീ സൗകര്യങ്ങൾ പ്രയോജനപ്പെടുത്തുകയും ചെയ്തു. 942 പേർക്ക് ലാംഗ്വേജ് ലാബ് മുഖേന പരിശീലനം ലഭ്യമാക്കി.

## 4. എംപ്ലോയബിലിറ്റി സെന്ററുകൾ

തൊഴിലന്വേഷകരുടെ അഭിരുചിക്കനുസരിച്ച് തൊഴിൽ നേടിയെടുക്കുവാൻ അവരെ പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെ കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ്, ഡയറക്ടറേറ്റ് ഓഫ് എംപ്ലോയ്മെന്റുമായി സഹകരിച്ച് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ എംപ്ലോയബിലിറ്റി സെന്ററുകളാക്കി മാറ്റി നൈപുണ്യ വികസന പദ്ധതി നടത്തിവരുന്നു. ഇതുപ്രകാരം എംപ്ലോയബിലിറ്റി സെന്ററുകളിൽ രജിസ്റ്റർ ചെയ്യുന്ന ഉദ്യോഗാർത്ഥികൾക്ക് അവരുടെ യോഗ്യതയും കഴിവും അഭിരുചിയും മനസ്സിലാക്കി കുറവുകൾ പരിഹരിക്കുന്നതിന് ആവശ്യമായ തരത്തിലുള്ള പരിശീലനങ്ങൾ നൽകി തൊഴിലിന് പ്രാപ്തരാക്കുകയും എംപ്ലോയബിലിറ്റി സെന്ററിനകത്തും പുറത്തുമായി ചെറുതും വലുതുമായ തൊഴിൽമേളകൾ സംഘടിപ്പിച്ച് സ്വകാര്യ മേഖലയിൽ തൊഴിൽ നേടിയെടുക്കുവാൻ അവരെ സഹായിക്കുകയും ചെയ്യുന്നു. നിലവിൽ കൊല്ലം, എറണാകുളം, കോഴിക്കോട്, പാലക്കാട്, കണ്ണൂർ, കോട്ടയം, ആലപ്പുഴ ജില്ലകളിൽ എംപ്ലോയബിലിറ്റി സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്. മലപ്പുറം ജില്ലയിലും തൃശ്ശൂർ ജില്ലയിലും നവംബർ മാസം എംപ്ലോയബിലിറ്റി സെന്ററുകൾ ആരംഭിക്കുന്നതാണ്. എംപ്ലോയബിലിറ്റി സെന്ററുകളിലൂടെ 41267 പേരുടെ അഭിരുചി മനസ്സിലാക്കി കരിയർ കൗൺസിലിംഗ് നൽകുകയും 40975 പേർക്ക് പരിശീലനം നൽകി അതിൽ 30551 പേർക്ക് തൊഴിൽ ലഭ്യമാക്കുകയും ചെയ്തു.

## 5. കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ (KSID)

ഡിസൈൻ രംഗത്ത് ഊർജ്ജസ്വലരായ ഒരു സമൂഹത്തെ സൃഷ്ടിക്കുന്നതിനുവേണ്ടിയാണ് കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ സ്ഥാപിച്ചത്. കരകൗശല വിഭാഗങ്ങൾ, പ്രൊഫഷണൽ ഡിസൈനർമാർ, പൊതുജനങ്ങൾ എന്നിവരുടെ

പങ്കാളിത്തത്തോടെയാണ് ഇത് രൂപകൽപ്പന ചെയ്തത്. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ (NID, AHMEDABAD)-ന്റെ സഹായത്തോടെയാണ് ഇത് ആരംഭിച്ചത്. ഡിസൈൻ വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കലാണ് KSID-യുടെ പ്രാഥമിക ലക്ഷ്യം. ഇന്റഗ്രേറ്റഡ് ടെക്സ്റ്റൈൽ & അപ്പാരൽ ഡിസൈൻ, ഐ.ടി. ഇന്റഗ്രേറ്റഡ് കമ്മ്യൂണിക്കേഷൻ ഡിസൈൻ, ഇന്റഗ്രേറ്റഡ് ലൈഫ് സ്റ്റൈൽ പ്രോഡക്ട് ഡിസൈൻ തുടങ്ങിയ പി.ജി. ഡിപ്ലോമാ കോഴ്സുകൾ നിലവിൽ നടന്നുവരുന്നു.

(ഡി) ഡിസൈൻ രംഗത്ത് ഊർജ്ജസ്വലരായ ഒരു സമൂഹത്തെ സൃഷ്ടിക്കുന്നതിനുവേണ്ടി നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ (NID, AHMEDABAD)-ന്റെ സഹായത്തോടെ കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ സ്ഥാപിതമായി. കരകൗശല വിഭാഗങ്ങൾ, പ്രൊഫഷണൽ ഡിസൈനർമാർ, പൊതുജനങ്ങൾ എന്നിവരുടെ പങ്കാളിത്തത്തോടെയാണ് ഇത് രൂപകൽപ്പന ചെയ്തത്. ഉചിതമായ ശിപാർശകൾ ലഭിക്കുന്ന മുറയ്ക്ക് കരകൗശല മേഖലയിലും പരമ്പരാഗത തൊഴിൽ മേഖലകളിലും വൈദഗ്ദ്ധ്യ വികസന പദ്ധതി ആരംഭിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

**ഭവനരഹിതരായ പട്ടിക വർഗ്ഗ കുടുംബങ്ങൾക്ക് വീട് നിർമ്മാണ പദ്ധതി**

22 (*532) <u>ശ്രീ. വി. അബ്ദുറഹിമാൻ</u> :
<u>ശ്രീ. സി. കെ. ശശീന്ദ്രൻ</u> :
<u>ശ്രീ. കെ. കുഞ്ഞിരാമൻ</u> :
<u>ശ്രീ. കെ. ബാബു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭവന രഹിതരായ പട്ടിക വർഗ്ഗ കുടുംബങ്ങൾക്ക് പുതിയ വീട് നിർമ്മിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളതെന്ന് അറിയിക്കുമോ;

(ബി) ഇപ്രകാരമുള്ള ഓരോ വീടിനും എത്ര രൂപയാണ് നൽകുന്നതെന്നും പ്രസ്തുത തുക എത്ര ഗഡുക്കളായാണ് നൽകുന്നതെന്നും വെളിപ്പെടുത്തുമോ;

(സി) വാസയോഗ്യമല്ലാത്ത വീടുകൾ പുനരുദ്ധാരണം നടത്തുന്നതിനും അധിക മുറികൾ നിർമ്മിക്കുന്നതിനും ധനസഹായം നൽകുന്നുണ്ടോ; എങ്കിൽ എത്ര രൂപയാണ് നൽകുന്നതെന്ന് വെളിപ്പെടുത്തുമോ;

(ഡി) 2016-17 വർഷത്തിൽ പ്രസ്തുത പദ്ധതിയിൽ എത്ര കുടുംബങ്ങളെ ഉൾപ്പെടുത്തുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ) :

(എ) പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന ജനറൽ ഹൗസിംഗ്, ഹഡ്കോ ഭവന നിർമ്മാണ പദ്ധതി, എ.ടി.എസ്.പി. ഭവന നിർമ്മാണ പദ്ധതി, ഗ്രാമവികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന ഐ.എ.വൈ. പദ്ധതി, ഇ.എം.എസ്. പദ്ധതി എന്നീ പദ്ധതികൾ പ്രകാരം ഭവനരഹിതരായ പട്ടികവർഗ്ഗ വിഭാഗക്കാർക്ക് പുതിയ വീട് അനുവദിച്ചുവരുന്നു.

(ബി) പട്ടികവർഗ്ഗ വികസന വകുപ്പ് മുഖാന്തരം നടപ്പിലാക്കി വരുന്ന ഭവന നിർമ്മാണ പദ്ധതികൾക്കുള്ള ഗ്രാന്റ് തുക 1-4-2015 മുതൽ 3.50 ലക്ഷം രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. നാല് ഗഡുക്കളായാണ് നിലവിൽ ഭവനനിർമ്മാണ ഗ്രാന്റ് നൽകിവരുന്നത്. ആയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ഇൻസ്റ്റാൾമെന്റ് | ശതമാനം | വ്യവസ്ഥ | തുക |
|---|---|---|---|---|
| 1 | 1 | 15 | അടിത്തറ പൂർത്തീകരിക്കൽ | 52,500 |
| 2 | 2 | 30 | ബെൽറ്റ്, ഭിത്തി നിർമ്മാണം പൂർത്തീകരിക്കൽ | 1,05,000 |
| 3 | 3 | 40 | ലിന്റിൽ ലെവൽ പൂർത്തീകരണം | 1,40,000 |
| 4 | 4 | 15 | മൊത്തം പണി പൂർത്തീകരിക്കൽ | 52,500 |

(സി) ഉണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന വിവിധ ഭവനനിർമ്മാണ പദ്ധതികൾ പ്രകാരം ആറുവർഷം മുമ്പ് അനുവദിച്ചതും നിലവിൽ പണി പൂർത്തിയാകാത്തതുമായ വീടുകൾ വാസയോഗ്യമാം വിധം പൂർത്തീകരിക്കുന്നതിന് പരമാവധി ഒരു ലക്ഷം രൂപ വരെ അനുവദിക്കുന്നു. 12 വർഷം മുമ്പ് അനുവദിച്ചതും പുതുക്കി പണിയാൻ സാധ്യമാകാത്തതുമായ വീടുകൾക്ക് പകരം മുൻഗണനാക്രമത്തിൽ പുതിയ വീടുകൾ അനുവദിച്ചുവരുന്നു. പട്ടികവർഗ്ഗ വികസന വകുപ്പും വിവിധ സർക്കാർ ഏജൻസികളും മുൻ വർഷങ്ങളിൽ അനുവദിച്ച് നൽകിയിട്ടുള്ളതും നിർമ്മാണം പൂർത്തിയാകാത്തതുമായ വീടുകളുടെ അറ്റകുറ്റപ്പണി/നവീകരണം,

അധിക മുറികൾ നിർമ്മാണം എന്നിവയ്ക്കായി പരമാവധി ഒരു ലക്ഷം രൂപ വരെ അനുവദിച്ചുവരുന്നു.

(ഡി) നടപ്പുസാമ്പത്തിക വർഷം 5000 കുടുംബങ്ങളെ ഭവന നിർമ്മാണ പദ്ധതിയിലുൾപ്പെടുത്തി ധനസഹായം അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

**ഇതരസംസ്ഥാന തൊഴിലാളികൾക്കായി നടപ്പിലാക്കിയ ക്ഷേമ പ്രവർത്തനങ്ങൾ**

23 (*533.) ശ്രീ. ബി. സത്യൻ :
ശ്രീ. ജെയിംസ് മാത്യു :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതരസംസ്ഥാന തൊഴിലാളികൾക്കായി നടപ്പിലാക്കിയ ക്ഷേമ പ്രവർത്തനങ്ങൾ എന്തൊക്കെ യാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇവർക്കായി 'ആവാസ് 'എന്ന പേരിൽ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(സി) ഇതിന്റെ ഉദ്ദേശ്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ഡി) ഇതരസംസ്ഥാന തൊഴിലാളികളുടെ ദൈനംദിന പ്രവർത്തനങ്ങൾക്ക് സഹായം നൽകാനും രജിസ്ട്രേഷൻ നടപടികൾക്കുമായി എല്ലാ ജില്ലാ ലേബർ ഓഫീസുകളിലും ഫെസിലിറ്റേഷൻ സെന്ററുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) ഇവർക്ക് മെച്ചപ്പെട്ട പാർപ്പിട സൗകര്യം ഒരുക്കുന്നതിന് എന്തെങ്കിലും പദ്ധതി വിഭാവനം ചെയ്തിട്ടുണ്ടോ; വിശദാംശം നൽകുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ):

(എ) ഇതര സംസ്ഥാന തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന ലേബർ ക്യാമ്പുകളിലെ ജീവിത/ശുചിത്വ നിലവാരം പരിതാപകരമാണെന്ന് ബോധ്യപ്പെട്ടതിനെത്തുടർന്ന് തൊഴിലാളികളുടെ സൗകര്യവും ശുചിത്വവും ഉറപ്പുവരുത്തുന്നതിനായി 9 നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി 3-8-2016-ൽ സ.ഉ. (സാധാ) 960/16/തൊഴിൽ നമ്പരായി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു*. ടി ഉത്തരവിലെ നിർദ്ദേശങ്ങൾ കർശനമായി നടപ്പിലാക്കാൻ എല്ലാ ജില്ലാ ലേബർ ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇവർക്ക് മെഡിക്കൽ ക്യാമ്പ് നടത്തുവാനും വിവിധ വിഷയങ്ങളിൽ ബോധവൽക്കരണം നടത്തുവാനുമായി 50 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി&സി) ഇതര സംസ്ഥാന തൊഴിലാളികളുടെ രജിസ്ട്രേഷനും ആരോഗ്യ പരിരക്ഷയും ലക്ഷ്യമിട്ട് 'ആവാസ്' എന്ന പേരിൽ ഒരു ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്ന കാര്യം സജീവമായ പരിഗണനയിലാണ്. പദ്ധതി പ്രാബല്യത്തിൽ വരുന്നതോടുകൂടി ഇൻഷ്വറൻസ് പദ്ധതി മുഖേന ഇതര സംസ്ഥാന തൊഴിലാളികളുടെ ആരോഗ്യ സുരക്ഷിതത്വം ഉറപ്പുവരുത്താനും അതോടൊപ്പം വിവരശേഖരണം നടത്തി ഡാറ്റാബാങ്ക് തയ്യാറാക്കുവാനും തിരിച്ചറിയൽ കാർഡ് വിതരണം ചെയ്യുവാനും കഴിയും.

(ഡി) ഉണ്ട്.

(ഇ) തൊഴിൽ വകുപ്പിന്റെ കീഴിലുള്ള 'ഭവനം ഫൗണ്ടേഷൻ കേരള' നടപ്പിലാക്കി വരുന്ന ഭവന പദ്ധതികളിലൊന്നാണ് 'അപ്നാഘർ' പദ്ധതി. ഇതര സംസ്ഥാന തൊഴിലാളികൾക്കുവേണ്ടി ഹോസ്റ്റൽ രീതിയിലുള്ള പാർപ്പിട സമുച്ചയമാണ് ഈ പദ്ധതി വഴി നടപ്പിലാക്കുന്നത്. ഇതിന്റെ ആദ്യ സ്കീം പാലക്കാട് ജില്ലയിലെ കിൻഫ്ര, കഞ്ചിക്കോട് ആരംഭിച്ചിട്ടുണ്ട്. 768 പേർക്ക് എല്ലാവിധ സൗകര്യങ്ങളുമുള്ള ഹോസ്റ്റലാണ് ഇവിടെ പണിഉവരുന്നത്. ടി മാതൃകയിൽ തിരുവനന്തപുരം/എറണാകുളം/കോഴിക്കോട് നഗരങ്ങളിലും ഇതര സംസ്ഥാന തൊഴിലാളികൾക്കുവേണ്ടി പാർപ്പിട സൗകര്യം നിർമ്മിക്കുന്നതിനുള്ള പദ്ധതി സർക്കാരിന്റെ പരിഗണനയിലാണ്.

### വന ഉല്പന്നങ്ങളുടെ 'ഇ-ലേലം'

24 (*534) <u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ</u> :
<u>ശ്രീ. ചിറ്റയം ഗോപകുമാർ</u> :
<u>ശ്രീമതി ഗീതാ ഗോപി</u> :
<u>ശ്രീ. എൽദോ എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലമ്പൂർ തേക്ക്, ചന്ദനം എന്നിവയുൾപ്പെടെയുള്ള വന ഉല്പന്നങ്ങളുടെ ലേലം ഏത് തരത്തിലാണ് നടക്കുന്നതെന്നറിയിക്കുമോ;

(ബി) വനോല്പന്നങ്ങൾ വിൽക്കുന്നതിന് 'ഇ-ലേലം' നടക്കുന്നുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ;

(സി) നിലവിൽ എത്ര വന ഉല്പന്നങ്ങളാണ് ഇ-ലേലത്തിലൂടെ വില്പന നടത്തുന്നതെന്നും ഇതിൽ പങ്കെടുക്കുന്നതിനുള്ള നടപടി ക്രമങ്ങൾ എന്തൊക്കെയാണെന്നും വിശദമാക്കുമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (<u>ശ്രീ. കെ. രാജു</u>):

(എ) 18-3-2014 തീയതിയിലെ *സർക്കാർ ഉത്തരവ് (ആർ.റ്റി.)നമ്പർ 132/2014/വനം അനുസരിച്ചാണ് തേക്ക്, ചന്ദനം എന്നിവയുൾപ്പെടെയുള്ള വന ഉൽപ്പന്നങ്ങളുടെ 'ഇ-ലേലം' നടക്കുന്നത്.

(ബി) 'ഇ-ലേലം' നടക്കുന്നുണ്ട്. കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ M/s. MSTC Ltd.-ന്റെ സേവനങ്ങൾ പ്രയോജനപ്പെടുത്തിക്കൊണ്ടാണ് സംസ്ഥാന വനം വകുപ്പ് 'ഇ-ലേലം' നടപ്പിലാക്കി വരുന്നത്.

(സി) ടിംബർ, പോൾസ്, ബില്ലറ്റ്സ്, ഫയർവുഡ്, ചന്ദനം, കോഫി, കുരുമുളക് തുടങ്ങിയ വനോൽപ്പന്നങ്ങൾ ഇ-ലേലം വഴി വിറ്റുവരുന്നു. ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ കേരള വനം വകുപ്പിന്റെ www.forest.kerala.gov.in എന്ന വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്ത് Buyer number ലഭിച്ചതിനുശേഷം ആവശ്യമെങ്കിൽ ലേലത്തിന് മുമ്പായി ഡിപ്പോകളിലെത്തി ആവശ്യമുള്ള തടികൾ കണ്ടെത്തി പരിശോധിച്ച് ബോധ്യപ്പെടുകയും തേക്ക് തടികൾക്കാണെങ്കിൽ 50,000 രൂപയും മറ്റ് പല ജാതി തടികൾക്ക് 25,000 രൂപയും ഇ.എം.ഡി. തുകയായി നെറ്റ് ബാങ്കിംഗ് സംവിധാനത്തിലൂടെ MSTC കമ്പനിക്ക് അയച്ചു കൊടുക്കാവുന്നതോ ഇ-ട്രഷറി മുഖാന്തരം അതാത് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ പേരിൽ ഒടുക്കാവുന്നതോ ആണ്. ഇപ്രകാരം ഇ.എം.ഡി. ഒടുക്കുമ്പോൾ ഏത് ലേലത്തിനാണ് പങ്കെടുക്കുന്നതെന്ന് സൂചിപ്പിച്ച് ഒരു ഇ-മെയിൽ M/s. MSTC Ltd-നോ ബന്ധപ്പെട്ട സെയിൽസ് ഡിവിഷനിലോ നൽകേണ്ടതാണ്. ലേല ദിവസം Username, Password എന്നിവ ഉപയോഗിച്ച് വെബ്സൈറ്റ് തുറന്ന് ലേലത്തിൽ പങ്കെടുക്കാവുന്നതാണ്.

**തിയേറ്റർ സമുച്ചയ നിർമ്മാണ പദ്ധതി**

25 (*535) ശ്രീ. സി. എഫ്. തോമസ് :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. മോൻസ് ജോസഫ് :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയാള സിനിമയുടെ പുരോഗതി മുൻനിർത്തി സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ മുഖാന്തരം നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ വ്യക്തമാക്കുമോ;

(ബി) കെ.എസ്.എഫ്.ഡി.സി.യുടെ കീഴിൽ നിലവിലുള്ള തിയേറ്ററുകൾക്കു പുറമേ കൂടുതൽ തിയേറ്റർ ശൃംഖല സ്ഥാപിക്കുന്നതിന് പദ്ധതി വിഭാവനം ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ഇപ്രകാരം തിയേറ്റർ സമുച്ചയങ്ങൾ നിർമ്മിക്കുന്നതിനുള്ള മൂലധനം എപ്രകാരം സമാഹരിയ്ക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) നടപ്പു സാമ്പത്തിക വർഷം ഇതിനായി തുക വകയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ) :

(എ) മലയാള സിനിമയുടെ പുരോഗതി മുൻനിർത്തി കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ വിവിധ പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്. ആയതിന്റെ ഭാഗമായി പുതിയ സാങ്കേതിക വിദ്യയും നവീന ആശയങ്ങളും യോജിപ്പിച്ച് കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന്റെ ചിത്രാഞ്ജലി സ്റ്റുഡിയോ ഫിലിം സിറ്റിയായി ഉയർത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു. അതോടൊപ്പം നല്ല മലയാള ചലച്ചിത്രങ്ങൾ പ്രേക്ഷകരിൽ ഒരേ സമയം എത്തിക്കുക എന്ന ലക്ഷ്യം മുൻനിർത്തി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തിയേറ്റർ നിർമ്മാണത്തിന് സ്ഥലം ലഭ്യമാക്കുന്ന എല്ലാ നിയോജകമണ്ഡലങ്ങളിലും തിയേറ്റർ സമുച്ചയം നിർമ്മിക്കുക എന്ന പദ്ധതി കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ പരിശോധിക്കുന്നതാണ്.

(ബി&സി) ഇക്കാര്യം പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

(ഡി) തിയേറ്റർ സമുച്ചയങ്ങൾ നിർമ്മിക്കുന്നതിന് നടപ്പുസാമ്പത്തിക വർഷം തുക വകയിരുത്തിയിട്ടില്ല.

**തെരുവുനായ വംശവർദ്ധന നിയന്ത്രണ പദ്ധതി**

26 (*536) ശ്രീ. എൽദോസ് കുന്നപ്പിള്ളി :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. പി. ടി. തോമസ് :
ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൃഗസംരക്ഷണ വകുപ്പ് തെരുവുനായ വംശവർദ്ധന നിയന്ത്രണ പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഏതെല്ലാം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ചാണ് പ്രസ്തുത പദ്ധതി നടപ്പാക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെക്കൂടാതെ സന്നദ്ധസംഘടനകളുടെ പങ്കാളിത്തം പദ്ധതിയുടെ നടത്തിപ്പിൽ ഉൾപ്പെടുത്തുമോയെന്ന് വ്യക്തമാക്കാമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു) :

(എ) ആനിമൽ ബർത്ത് കൺട്രോൾ (എ.ബി.സി.) പദ്ധതി നടപ്പിലാക്കി തെരുവുനായ്ക്കളുടെ വംശവർദ്ധനവ് നിയന്ത്രിക്കുന്നതിനുള്ള നടപടി വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ആരംഭിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പിന്റെ ഭാഗമായ ശസ്ത്രക്രിയ ചെയ്യുന്നതിനുള്ള സൗകര്യം മൃഗസംരക്ഷണ വകുപ്പിന്റെ തെരഞ്ഞെടുത്ത 51 മൃഗാശുപത്രികളിൽ ഒരുക്കിയിട്ടുണ്ട്.

(ബി) ജില്ലാ പഞ്ചായത്തുകളുടെ നേതൃത്വത്തിലാണ് പദ്ധതി നടപ്പിലാക്കുന്നത്. സംസ്ഥാനത്തെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ടി പദ്ധതി നടപ്പിലാക്കുവാൻ 27-8-2016-ലെ 45151/ആർ.സി3/2014/തസ്വഭവ. നമ്പർ സർക്കുലർ പ്രകാരം തെരുവുനായ വംശവർദ്ധനവ് തടയുന്നത് സംബന്ധിച്ച് നിർദ്ദേശം നൽകിയിട്ടുണ്ട്. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു*.)

(സി) സന്നദ്ധ സംഘടനകളുടെ സഹകരണം ഉറപ്പുവരുത്താൻ ടി സർക്കുലറിൽ നിർദ്ദേശം നൽകിയിട്ടുണ്ട്.

**ക്ഷീരകർഷകർക്ക് ധനസഹായം**

27 (*537) ശ്രീ. എം. രാജഗോപാലൻ :
ശ്രീ. ജോർജ് എം. തോമസ് :
ശ്രീ. മുരളി പെരുനെല്ലി :
ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ക്ഷീരകർഷകർ നേരിടുന്ന പ്രശ്നങ്ങൾ എന്തൊക്കെയാണെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ബി) കറവക്കാരുടെ കുറവ് പരിഹരിക്കുന്നതിനായി കറവയന്ത്രം വാങ്ങുന്നതിന് ധനസഹായം നൽകുന്നതിനുള്ള പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(സി) ഇതിനായി എത്ര രൂപയാണ് വകയിരുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) തീറ്റപ്പുൽ കൃഷിയ്ക്കായി ക്ഷീരകർഷകർക്ക് ധനസഹായം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു):

(എ&ബി) ഉണ്ട്.

(സി) 2016-17 സാമ്പത്തിക വർഷത്തിൽ 650 കർഷകർക്ക് കറവയന്ത്രം വാങ്ങുന്നതിനുള്ള ധനസഹായം നൽകുന്നതിനായി ക്ഷീര വികസന വകുപ്പ് 162.50 (ഒരു കോടി അറുപത്തിരണ്ട് ലക്ഷത്തി അൻപതിനായിരം രൂപ മാത്രം) ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

മിൽമയുടെ തിരുവനന്തപുരം മേഖലാ യൂണിയൻ 2016-17 വർഷത്തിലേയ്ക്ക് 50% ബെനിഫിഷ്യറി കോൺട്രിബ്യൂഷൻ ഉൾപ്പെടെ കറവ യന്ത്രം വാങ്ങുന്നതിനായി 90 (തൊണ്ണൂറ് ലക്ഷം രൂപ മാത്രം) ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. എറണാകുളം മേഖലാ യൂണിയൻ നടപ്പു സാമ്പത്തിക വർഷം 50 കറവ യന്ത്രങ്ങൾക്ക് 10,000 രൂപ നിരക്കിൽ ധനസഹായം ചെയ്യുന്നതിന് അഞ്ച് ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. മലബാർ മേഖലാ യൂണിയൻ 2016-17 വർഷം മിൽമ നടപ്പാക്കുന്ന ഫാം സപ്പോർട്ട് പദ്ധതി വഴി 155 കറവയന്ത്രങ്ങൾ വാങ്ങുന്നതിന് കറവയന്ത്രം ഒന്നിന് 15,000 രൂപ സബ്സിഡി കണക്കാക്കി 23.25 (ഇരുപത്തിമൂന്ന് ലക്ഷത്തി ഇരുപത്തി അയ്യായിരം രൂപ മാത്രം) ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(ഡി) നടപടി സ്വീകരിച്ചിട്ടുണ്ട്. 2016-17 വർഷം മിൽമയുടെ തിരുവനന്തപുരം മേഖലാ യൂണിയന്റെ കീഴിലുള്ള തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, പത്തനംതിട്ട എന്നീ ജില്ലകളിലായി പുൽക്കൃഷി സംരംഭക പദ്ധതി എന്ന പേരിൽ ഒരു പദ്ധതി നടപ്പാക്കുന്നുണ്ട്.

എറണാകുളം മേഖലാ യൂണിയന്റെ 2016-17 വർഷത്തെ ബജറ്റിൽ വാണിജ്യാടിസ്ഥാനത്തിൽ തീറ്റപ്പുൽ കൃഷി ചെയ്യുന്നതിന് ഒരു ഫോഡർ ഗ്രിഡ് സ്ഥാപിക്കുന്നതിന് 10 (പത്ത് ലക്ഷം രൂപ മാത്രം) ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

മലബാർ മേഖലാ യൂണിയൻ പുൽക്കൃഷി ചെയ്യുന്നതിന് ആവശ്യമായ വിത്തുകൾ കേരള ലൈവ് സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡിൽനിന്നും സംഭരിച്ച് സൗജന്യമായി കർഷകർക്ക് വിതരണം ചെയ്യുന്നു. 2015-16-ൽ 27155 കിലോ വിത്തും 2016-17-ൽ 23990 കിലോ വിത്തും വിതരണം ചെയ്തിട്ടുണ്ട്.

## സാമൂഹ്യ വനവൽക്കരണ പദ്ധതി

28 (*538) ശ്രീ. കെ. എസ്. ശബരീനാഥൻ :

ശ്രീ. കെ. മുരളീധരൻ :

ശ്രീ. എൽദോസ് കുന്നപ്പിള്ളി :

ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യ വനവൽക്കരണ മേഖലയിൽ പുതുതായി എന്തെങ്കിലും പദ്ധതി ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ;

(ബി) ഇതിനകം നടപ്പിലാക്കിയ സാമൂഹ്യ വനവൽക്കരണ പദ്ധതികളെ സോഷ്യൽ ഓഡിറ്റിംഗിന് വിധേയമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന് നടപടി സ്വീകരിക്കുമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു):

(എ) സാമൂഹ്യ വനവൽക്കരണ മേഖലയിൽ പുതിയ പദ്ധതികൾ ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. "ചന്ദനവൽക്കരണം" എന്ന പേരിൽ ചന്ദന മരങ്ങൾ അനുയോജ്യമായ വനേതര സ്ഥലങ്ങളിൽ വച്ചുപിടിപ്പിക്കുന്ന ഒരു പദ്ധതിയും നഗരപ്രദേശങ്ങൾ നേരിടുന്ന അമിതമായ പരിസരമലിനീകരണം ചെറുക്കുന്നതിനും ആഗോളതാപനത്തെ നിയന്ത്രിക്കുന്നതിനും നഗരപ്രദേശത്തെ ഹരിതാഭമാക്കുന്നതിനും ലക്ഷ്യമാക്കി "നഗരഹരിതവൽക്കരണം" എന്ന പേരിൽ ഒരു വനവൽക്കരണ പദ്ധതിയും സംസ്ഥാനത്ത് നദീതീരങ്ങൾ നേരിടുന്ന അനിയന്ത്രിതമായ മണ്ണൊലിപ്പ് തടയുവാൻ അനുയോജ്യമായ മുള, വൃക്ഷത്തൈകൾ എന്നിവ നട്ടുപിടിപ്പിച്ച് തീരങ്ങളെ സംരക്ഷിക്കുന്നതിന് സമഗ്രമായ ഒരു പദ്ധതിയും ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നു.

(ബി) വനം വകുപ്പ് നടപ്പിലാക്കിവരുന്ന എല്ലാ വനവൽക്കരണ പദ്ധതികളും സ്കൂൾ/കോളേജ് വിദ്യാർത്ഥികൾ, പൊതുജനങ്ങൾ, വിവിധ സർക്കാർ/അർദ്ധ സർക്കാർ/സർക്കാരിതര സ്ഥാപനങ്ങൾ, മത സംഘടനകൾ, യുവജന സംഘടനകൾ, മീഡിയ സ്ഥാപനങ്ങൾ എന്നിവരുടെ പങ്കാളിത്തത്തോടെയും സഹായത്തോടെയും നടപ്പിലാക്കുന്നതിലൂടെ ടി പദ്ധതികളിൽ സോഷ്യൽ ഓഡിറ്റിംഗ് ഉറപ്പാക്കി വരുന്നുണ്ട്. സോഷ്യൽ ഓഡിറ്റിംഗ് കൂടുതൽ ശക്തമാക്കുന്നതിന് ആവശ്യമായ നടപടികൾ വനം വകുപ്പ് സ്വീകരിക്കുന്നതാണ്.

**തൊഴിൽ വൈദഗ്ദ്ധ്യമുള്ള പട്ടികവർഗ്ഗ യുവതീയുവാക്കളുടെ അഭാവം**

29 (*539) ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. പി. ഉബൈദുള്ള :
ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ വൈദഗ്ദ്ധ്യമുള്ളവരുടെ അഭാവംമൂലം, പട്ടികവർഗ്ഗക്കാർക്കായി സംവരണം ചെയ്ത പല തസ്തികകളിലും അർഹതപ്പെട്ടവരില്ലാത്ത അവസ്ഥ, ഈ വിഭാഗത്തിലെ യുവതീയുവാക്കളുടെ അവസരം നഷ്ടപ്പെടുത്തുവാൻ ഇടയാക്കുന്നുണ്ടെന്ന വസ്തുത ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് പരിഹരിക്കാനായി എന്തൊക്കെ നടപടികൾ സ്വീകരിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) അഭ്യസ്ത വിദ്യരായ പട്ടികവർഗ്ഗത്തിൽപെട്ട ചെറുപ്പക്കാർക്ക് വിദഗ്ദ്ധ തൊഴിൽ മേഖലകളിൽ പരിശീലന/തൊഴിൽപരിചയ സൗകര്യങ്ങളൊരുക്കാൻ എന്തൊക്കെ സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ടെന്ന് വിശദമാക്കുമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ) :

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ഈ പ്രശ്നം പരിഹരിക്കുന്നതിനായി പ്രത്യേക നിയമനം നടത്തുന്നതിന് സർക്കാർ തലത്തിൽ ഹൈലെവൽ കമ്മിറ്റി വിളിച്ചുചേർക്കുകയും ഈ കമ്മിറ്റിയുടെ നിർദ്ദേശ പ്രകാരം അഭ്യസ്തവിദ്യരായ പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികളുടെ യോഗ്യത തിരിച്ചുള്ള "DATA BANK" പ്രോജക്ട് ഓഫീസ്, ട്രൈബൽ ഡെവലപ്മെന്റ് ഓഫീസുകൾ മുഖേന തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. ആയത് പ്രത്യേക നിയമനത്തിന് പരിഗണിക്കുന്നതിനായി മറ്റ് വകുപ്പുകളിലേയ്ക്ക് നൽകിയിട്ടുണ്ട്.

(സി) പട്ടികവർഗ്ഗക്കാർക്ക് തൊഴിൽ പരിശീലനം നൽകുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ 15 സ്വയംതൊഴിൽ പരിശീലന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു. 8 തയ്യൽ പരിശീലന കേന്ദ്രങ്ങളും 2 മരപ്പണി പരിശീലന കേന്ദ്രങ്ങളും ഒരു പ്രൊഡക്ഷൻ കം ട്രെയിനിംഗ് സെന്ററും രണ്ട് ഫാഷൻ ഡിസൈനിംഗ് & ഗാർമെന്റ് ടെക്നോളജിക്കൽ സ്കൂളുകളും രണ്ട് ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകളുമാണ് പ്രവർത്തിക്കുന്നത്.

കൂടാതെ ബാംഗ്ലൂർ ആസ്ഥാനമായുള്ള നെട്ടൂർ ടെക്നിക്കൽ ട്രെയിനിംഗ് ഫൗണ്ടേഷൻ (NTTF) വഴി പട്ടികവർഗ്ഗ യുവതീയുവാക്കൾക്ക് നൈപുണ്യ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി മൂന്നുവർഷത്തെ ഡിപ്ലോമാ കോഴ്സുകളും ഒരു വർഷത്തെയും രണ്ടുവർഷത്തെയും സർട്ടിഫിക്കറ്റ് കോഴ്സുകളും പട്ടികവർഗ്ഗ വികസന വകുപ്പ് നടത്തിവരുന്നു.

കെൽട്രോണിന്റെ സഹായത്തോടെ നെറ്റ്‌വർക്ക് എഞ്ചിനീയറിംഗ്, കമ്പ്യൂട്ടറൈസ്ഡ് ഇൻസ്ട്രുമെന്റേഷൻ എന്നിവയിൽ ട്രെയിനിംഗ്, ഗവ. അംഗീകൃത സ്ഥാപനങ്ങളിൽനിന്നും മോട്ടോർ ഡ്രൈവിംഗ് പരിശീലനം, കെ.ടി.ഡി.സി.-യുമായി സഹകരിച്ച് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ്, ഹോട്ടൽ മാനേജ്മെന്റ് ട്രെയിനിംഗ്, കേന്ദ്ര ഗവൺമെന്റിന്റെ ടെക്സ്റ്റൈൽ മന്ത്രാലയം സ്പോൺസർ ചെയ്യുന്ന വസ്ത്ര നിർമ്മാണ മേഖലയിൽ പരിശീലനം എന്നിവ നടത്തിവരുന്നു.

**ജന്മാവകാശവും പട്ടയ അവകാശവും ഉള്ള ഭൂമി**

30 (*540) ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. ആർ. രാമചന്ദ്രൻ :
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ആളുകൾക്ക് ജന്മാവകാശവും പട്ടയ അവകാശവും ഉള്ള ഭൂമി, ഇതരവിഭാഗക്കാർ കൈവശപ്പെടുത്തിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരത്തിൽ യഥാർത്ഥ ഉടമകളിൽ നിന്ന് അനധികൃതമായി കൈവശപ്പെടുത്തിയിട്ടുള്ള ഭൂമി യഥാർത്ഥ അവകാശികൾക്ക് തന്നെ തിരികെ ലഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ;

(സി) പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ടവർക്ക് ജന്മാവകാശം ലഭിച്ചതോ, സർക്കാരിൽ നിന്ന് പട്ടയം ലഭിച്ചതോ ആയ സ്ഥലം വിൽക്കാൻ പാടില്ലെന്ന നിയമം നിലവിലുണ്ടോ; ഉണ്ടെങ്കിൽ എത്ര വർഷത്തേക്കാണ് ഈ വിലക്കുള്ളത് എന്നറിയിക്കുമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ) :

(എ) ഉണ്ട്.

(ബി) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ ഉടമസ്ഥതയിലുള്ള ഭൂമി അനധികൃതമായി കൈവശപ്പെടുത്തുന്നവർക്കെതിരെ 1989-ലെ പട്ടികജാതികളും പട്ടികവർഗ്ഗങ്ങളും (അതിക്രമങ്ങൾ തടയൽ) നിയമത്തിലെ വകുപ്പുകൾ 3 (1), (IV, V) / 2015-ലെ ഭേദഗതി നിയമം 4(1) (f, g) വകുപ്പുകൾ എന്നിവ പ്രകാരം നടപടി സ്വീകരിക്കുവാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ അനധികൃതമായി കൈവശപ്പെടുത്തിയ ഭൂമി യഥാർത്ഥ അവകാശികൾക്ക് തിരികെ ലഭ്യമാക്കുന്നതിന് ബന്ധപ്പെട്ട റവന്യൂ, പോലീസ് അധികാരികളുമായി ചേർന്ന് നടപടി സ്വീകരിക്കാറുണ്ട്.

(സി) പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് ജന്മാവകാശമായി ലഭിച്ച ഭൂമി വിൽക്കുന്നതിന് നിയമ തടസ്സമില്ല. എന്നാൽ പട്ടികജാതി വികസന വകുപ്പ് മുഖേന ധനസഹായം കൈപ്പറ്റി വാങ്ങിയ ഭൂമി വിൽക്കാൻ പാടില്ലെന്ന് നിയമം നിലവിലുണ്ട്. നിലവിലുള്ള വ്യവസ്ഥ പ്രകാരം പട്ടികജാതി ഗുണഭോക്താവ് കൈവശം വച്ച് അനുഭവിക്കുന്ന ഭൂമി കാലശേഷം മാത്രമേ അനന്തരാവകാശികൾക്ക് കൈമാറാൻ കഴിയുകയുള്ളൂ.

സർക്കാർ ഭൂമി പതിച്ച് നൽകുന്ന കേസ്സുകളിൽ കേരള ഭൂ പതിവ് ചട്ടം 8-ൽ (1964) (IA) പ്രകാരം 25 വർഷത്തേക്ക് ഭൂമി കൈമാറ്റം ചെയ്യാൻ പാടില്ല. പട്ടികവർഗ്ഗക്കാർക്ക് ലഭിച്ച ഭൂമി കൈമാറ്റം ചെയ്താൽ അവർ ഭൂരഹിതരാകുന്നില്ലെന്ന് ഉറപ്പുവരുത്തി ജില്ലാ കളക്ടർമാരുടെ പ്രത്യേക അനുമതി വാങ്ങിയശേഷം മാത്രമേ ഭൂമി കൈമാറ്റത്തിന് അനുമതി നൽകുകയുള്ളൂ.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### പാതയോരത്ത് അന്തിയുറങ്ങുന്ന പട്ടികജാതിക്കാരുടെ പുനരധിവാസം

1 (4557) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർ പാതയോരത്ത് അന്തിയുറങ്ങുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇവരെ പുനരധിവസിപ്പിക്കാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## പട്ടികജാതി വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ

2 (4558) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വാശ്രയ കോളേജുകളിൽ പഠിക്കുന്ന പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് എന്തെല്ലാം വിദ്യാഭ്യാസ ആനുകൂല്യങ്ങളാണ് പട്ടികജാതി വകുപ്പിൽ നിന്നും നൽകി വരുന്നത്; വിശദാംശം വ്യക്തമാക്കുമോ;

(ബി) 2016-17 വർഷം എത്ര രൂപ ഇതിനായി വകയിരുത്തിയിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിൽ സർക്കാർ മെറിറ്റ്/റിസർവേഷൻ സീറ്റുകളിൽ പ്രവേശനം നേടി പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് താഴെപ്പറയുന്ന വിദ്യാഭ്യാസ ആനുകൂല്യങ്ങൾ അനുവദിച്ചു വരുന്നുണ്ട്.

1. ലംപ്സം ഗ്രാന്റ്
2. സ്റ്റൈപ്പെന്റ്/എ. ബി. എൽ. സി. (Actual Boarding and Lodging Charges)
3. ട്യൂഷൻ ഫീസ്
4. സ്പെഷ്യൽ ഫീസ്
5. പരീക്ഷാഫീസ്.

സ്വാശ്രയ ആർട്സ് & സയൻസ് കോളേജുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് മേൽ ആനുകൂല്യങ്ങൾ അനുവദിക്കുന്നില്ല.

എന്നാൽ അംഗീകൃത സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്ന $2^{1/2}$ ലക്ഷം രൂപയിൽ താഴെ കുടുംബവാർഷിക വരുമാനമുള്ള പട്ടികജാതി വിദ്യാർത്ഥികൾക്ക് ഗവൺമെന്റ് ഓഫ് ഇന്ത്യ സ്കോളർഷിപ്പ് അനുവദിച്ചുവരുന്നു.

(ബി) സ്വാശ്രയ കോളേജുകളിൽ പഠിക്കുന്ന പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് പോസ്റ്റ് മെട്രിക് സ്കോളർഷിപ്പിനായി 2016-17 വർഷം വകയിരുത്തിയ 260 കോടി രൂപയിൽ നിന്നാണ് ആനുകൂല്യങ്ങൾ അനുവദിക്കുന്നത്.

**മിശ്രവിവാഹിതർക്ക് നൽകിവരുന്ന ധനസഹായം**

3 (4559) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർ മിശ്രവിവാഹം കഴിച്ചതുമൂലം സാമൂഹ്യമായ ഒറ്റപ്പെടുത്തലിനും, പീഡനങ്ങൾക്കും വിധേയമാകുന്നതിന് ആശ്വാസ നടപടി എന്ന നിലയിൽ നൽകിവരുന്ന ധനസഹായം എത്ര രൂപയാണ്;

(ബി) ഇത് കാലോചിതമായി ഉയർത്തി നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) വിവാഹം കഴിഞ്ഞ് ഒരു വർഷത്തിനുശേഷവും 3 വർഷത്തിനുള്ളിലും അപേക്ഷിക്കണം എന്ന വ്യവസ്ഥ ഇക്കാര്യത്തിൽ ഉണ്ടോ;

(ഡി) പല ദമ്പതികൾക്കും അജ്ഞതമൂലവും മറ്റും യഥാസമയം അപേക്ഷിയ്ക്കാൻ കഴിയാറില്ല എന്നതു കണക്കിലെടുത്ത് 1 വർഷത്തിനുശേഷവും 5 വർഷത്തിനുള്ളിലും എന്നാക്കി മാറ്റി, അപേക്ഷിക്കാൻ വേണ്ട സൗകര്യം ചെയ്തുകൊടുക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

(എ) മിശ്രവിവാഹ ധനസഹായമായി 50,000 രൂപ അനുവദിക്കുന്നുണ്ട്.

(ബി) പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) ഉണ്ട്.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

**"സ്വയംപര്യാപ്ത ഗ്രാമം" പദ്ധതി**

4 (4560) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) "സ്വയംപര്യാപ്ത ഗ്രാമം" പദ്ധതി പ്രകാരം കാസർഗോഡ് അസംബ്ലി മണ്ഡലത്തിൽ എത്ര പട്ടികജാതി കോളനികളുടെ നവീകരണം പൂർത്തീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) നവീകരണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ലെങ്കിൽ കാലതാമസത്തിന് കാരണം എന്താണെന്നും, എപ്പോൾ പൂർത്തീകരിക്കുമെന്നും വ്യക്തമാക്കുമോ;

(സി) കാസർഗോഡ് മണ്ഡലത്തിൽ എത്ര പട്ടികജാതി /പട്ടികവർഗ്ഗ കോളനികളിൽ നവീകരണ പ്രവർത്തനങ്ങൾ നടക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ; ഏത് പദ്ധതി പ്രകാരം ആണ് ഈ പ്രവർത്തനങ്ങൾ നടക്കുന്നത് എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) " സ്വയംപര്യാപ്ത ഗ്രാമം" പദ്ധതി പ്രകാരം കാസർഗോഡ് അസംബ്ലി മണ്ഡലത്തിലെ ഒരു കോളനിയെ തെരഞ്ഞെടുത്തെങ്കിലും നവീകരണം പൂർത്തീകരിച്ചിട്ടില്ല.

(ബി) ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡ് എന്ന സർക്കാർ അക്രെഡിറ്റഡ് ഏജൻസിയെയാണ് ഏല്പിച്ചത്. ഏജൻസിയുടെ മനുഷ്യവിഭവ ശേഷിക്കുറവും കോളനിക്കാരുടെ ആവശ്യ പ്രകാരം ആദ്യ എസ്റ്റിമേറ്റിൽ മാറ്റങ്ങൾ വരുത്തേണ്ടി വന്നതും കാരണം കോളനിയുടെ നവീകരണ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ കഴിഞ്ഞില്ല.

(സി) കാസർഗോഡ് മണ്ഡലത്തിൽ ഒരു പട്ടികജാതി കോളനിയിൽ നവീകരണ പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. സ്വയംപര്യാപ്ത ഗ്രാമം പദ്ധതി പ്രകാരമാണ് ഈ പ്രവർത്തനം നടക്കുന്നത്. പട്ടികവർഗ്ഗ വികസന വകുപ്പ് ഈ പദ്ധതി നടപ്പിലാക്കിയിട്ടില്ല.

## പ്രീ - മെട്രിക് ഹോസ്റ്റലുകൾ

5 (4561) <u>ശ്രീ. മഞ്ഞളാംകുഴി അലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വന്തമായി കെട്ടിടങ്ങളില്ലാത്ത എത്ര പ്രീ-മെട്രിക് ഹോസ്റ്റലുകൾ പട്ടികജാതി വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്നുണ്ട്;

(ബി) വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന പ്രീ-മെട്രിക് ഹോസ്റ്റലുകളിൽ പലതും ശോച്യാവസ്ഥയിലുള്ളതും ഹോസ്റ്റലുകൾ പ്രവർത്തിക്കുന്നതിന് അനുയോജ്യമല്ലാത്തവയുമാണെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) വകുപ്പിന് കീഴിലുള്ള പല പ്രീ-മെട്രിക് ഹോസ്റ്റലുകളിലും സർക്കാർ നിഷ്കർഷിച്ചിട്ടുള്ള അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമല്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇത്തരം ഹോസ്റ്റലുകളിലെ അടിസ്ഥാന സൗകര്യം ഉറപ്പുവരുത്തുന്നതിനും സ്വന്തമായി കെട്ടിടമില്ലാത്ത ഹോസ്റ്റലുകൾക്ക് കെട്ടിടം നിർമ്മിച്ചു നൽകുന്നതിനുമാവശ്യമായ നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) സ്വന്തമായി കെട്ടിടമില്ലാത്ത 9 പ്രീ-മെട്രിക് ഹോസ്റ്റലുകൾ ഉണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രീ-മെട്രിക് ഹോസ്റ്റലുകൾ തദ്ദേശസ്ഥാപനങ്ങൾക്ക് കൈമാറിയ സ്ഥാപനങ്ങൾ ആകയാൽ അറ്റകുറ്റപ്പണികൾ അതത് സ്ഥാപനങ്ങൾ നിർവ്വഹിക്കേണ്ടതാണ്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) നടപടി സ്വീകരിച്ചിട്ടുണ്ട്. ഹോസ്റ്റലുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനും ഹോസ്റ്റൽ നവീകരണത്തിനുമായി യഥാസമയം നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഹോസ്റ്റലുകൾക്ക് സ്വന്തമായി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനും സ്ഥലം കണ്ടെത്തുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്രീ-മെട്രിക് ഹോസ്റ്റലുകൾ തദ്ദേശ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുള്ള സ്ഥാപനമായതിനാൽ (ബ്ലോക്ക് പഞ്ചായത്ത്, കോർപ്പറേഷൻ, നഗരസഭ) അവരുടെ പ്ലാൻ ഫണ്ടിൽ നിന്നും പ്രോജക്ട് വച്ച് അടിസ്ഥാന സൗകര്യ വികസനത്തിനായി നടപടി സ്വീകരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

## മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലും എസ്.സി/എസ്.ടി ഹോസ്റ്റലുകളിലും അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്താൻ നടപടി

6 (4562) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലും എസ്.സി./എസ്.ടി. ഹോസ്റ്റലുകളിലും അടിസ്ഥാന സൗകര്യങ്ങൾ വളരെ കുറവാണെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അടിസ്ഥാന സൗകര്യങ്ങളുടെ കാര്യത്തിൽ നിശ്ചിത നിലവാരങ്ങൾ ഏർപ്പെടുത്തി പ്രസ്തുത കുറവുകൾ നികത്തുവാൻ സമയബന്ധിതമായ ഒരു പദ്ധതി ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) ഇതു സംബന്ധിച്ച് 24-6-2016-ലെ ബഹു. ഗവർണറുടെ നിയമസഭയിലെ പ്രസംഗം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി ആകെ 29 എം.ആർ.എസ്.-കളാണ് ഉള്ളത്. ആകെ 213 ഹോസ്റ്റലുകളും നിലവിലുണ്ട്. ഇവയിൽ പലതും നല്ല നിലയിൽ നടക്കുന്നുണ്ട്. ചില ഹോസ്റ്റലുകളിലും എം.ആർ.എസ്.-കളിലും അടിസ്ഥാന സൗകര്യങ്ങൾ കുറവാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പട്ടികജാതി വിഭാഗത്തിൽ എം.ആർ.എസിലും, എല്ലാ ഹോസ്റ്റലിലും അടിസ്ഥാന സൗകര്യങ്ങളുടെ കാര്യത്തിൽ പ്രസ്തുത കുറവുകൾ നികത്തുവാൻ സമയബന്ധിതമായ ഒരു പദ്ധതി ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. ഹോസ്റ്റലുകളിൽ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച്, UNICEF മാനദണ്ഡപ്രകാരവും ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ടിന്റെ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും നിശ്ചിത നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനുള്ള പദ്ധതി നടപ്പിലാക്കാൻ നടപടി സ്വീകരിച്ചുവരുന്നുണ്ട്. എം.ആർ.എസ്.-കളിൽ സ്മാർട്ട് ക്ലാസ്സ്റൂം, ISO സർട്ടിഫിക്കേഷൻ തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കാനുള്ള നടപടിയും സ്വീകരിച്ചുവരുന്നു.

പട്ടികവർഗ്ഗ വിഭാഗത്തിൽ, ടി സ്ഥാപനങ്ങളിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി ഹോസ്റ്റലുകളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ പദ്ധതിയിൽ ഉൾപ്പെടുത്തി വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു.

ഹോസ്റ്റലുകളിലെ അടിസ്ഥാന സൗകര്യങ്ങൾക്കായി മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നതിന് ഒരു വിദഗ്ദ്ധ സമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. വിദഗ്ദ്ധ സമിതി മാനദണ്ഡങ്ങൾ നിശ്ചയിക്കുകയും ടി മാനദണ്ഡങ്ങൾ പ്രകാരം സൗകര്യങ്ങൾ ഇല്ലാത്ത ഹോസ്റ്റലുകളുടെ നിലവാരം ഉയർത്തുന്നതിന് ബന്ധപ്പെട്ട ജില്ലാ മേധാവികളിൽ നിന്ന് പ്രൊപ്പോസലുകൾ ലഭ്യമാക്കി ഹോസ്റ്റലുകളുടെ നിലവാരം ഉയർത്താനുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുമുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

## പഠനമുറി

7 (4563) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സർക്കാർ /എയ്ഡഡ് സ്കൂളുകളിൽ 1 മുതൽ 10 വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിച്ച് നൽകാനുള്ള പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന വിവരവും ഈ പദ്ധതിയുടെ വിശദാംശവും ലഭ്യമാക്കുമോ?

ഉത്തരം

പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിക്കുന്നതിന് ധനസഹായം അനുവദിക്കുന്ന പദ്ധതിയിൽ I മുതൽ VII വരെയുള്ള ക്ലാസ്സുകളിലെ വിദ്യാർത്ഥികളെ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നില്ല. സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ VIII, IX, X ക്ലാസ്സുകളിൽ പഠിക്കുന്ന (ഹൈസ്കൂൾ തലത്തിൽ) പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിക്കുന്നതിന് ധനസഹായം അനുവദിക്കുന്നതിനായുള്ള പ്രൊപ്പോസൽ സർക്കാർ പരിഗണനയിലാണ്. ഒരു ലക്ഷം രൂപയിൽ താഴെ കുടുംബ വാർഷിക വരുമാനമുള്ളതും ഹൈസ്കൂൾ തലത്തിൽ പഠിക്കുന്നതുമായ വിദ്യാർത്ഥികൾക്കാണ് ആനുകൂല്യം നൽകാൻ ഉദ്ദേശിക്കുന്നത്. ഈ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളിൽ ഭൂരിഭാഗം പേർക്കും അവരുടെ വീടുകളിൽ സ്വസ്ഥമായിരുന്ന് പഠിക്കുന്നതിന് ഒരിടം അല്ലെങ്കിൽ പ്രത്യേകമുറി ഇല്ലാത്തത് അവരുടെ പഠനത്തെ ബാധിക്കുന്നു എന്ന പ്രശ്നം പരിഹരിക്കുന്നതിനായി നിലവിൽ വാസയോഗ്യമായ വീടുള്ള പട്ടികജാതി വിദ്യാർത്ഥികൾക്ക് വീടിനോട് ചേർന്ന് 120 സ്ക്വയർ ഫീറ്റ് വിസ്തൃതിയുള്ള, മേൽക്കൂര കോൺക്രീറ്റ് ചെയ്ത, തറ ടൈൽസ് പാകിയ മുറിയിൽ പുസ്തകം സൂക്ഷിക്കുന്നതിനുള്ള ഭിത്തി അലമാര (രണ്ട് കുട്ടികൾക്കാവശ്യമുള്ളത്) ലൈറ്റ്, ഫാൻ, സ്റ്റഡി ഡെസ്ക്, 3 പ്ലാസ്റ്റിക് കസേരകൾ, കമ്പ്യൂട്ടർ, കമ്പ്യൂട്ടർ ടേബിൾ എന്നീ സൗകര്യങ്ങൾ ഒരുക്കുന്നതിന് 2,00,000 രൂപ ആനുകൂല്യം നൽകാനാണ് ഉദ്ദേശിക്കുന്നത്.

## പാരലൽ കോളേജുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ

8 (4564) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാരലൽ കോളേജുകളിൽ പഠിക്കുന്ന പട്ടികജാതി വിഭാഗങ്ങളിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് എന്തെല്ലാം വിദ്യാഭ്യാസ ആനുകൂല്യങ്ങളാണ് പട്ടികജാതി വകുപ്പിൽ നിന്നും നൽകിവരുന്നത്; വിശദാംശം വ്യക്തമാക്കുമോ;

(ബി) ആനുകൂല്യങ്ങൾ ലഭിയ്ക്കുന്നതിനുള്ള അപേക്ഷ എവിടെയാണ് നൽകേണ്ടത്; അതോടൊപ്പം നൽകേണ്ട രേഖകൾ എന്തൊക്കെയാണ്; ഇതിനായി 2016-17 വർഷം എത്ര രൂപ വകയിരുത്തിയിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) പാരലൽ കോളേജുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് റഗുലർ സ്ഥാപനങ്ങളിൽ പഠിക്കുന്നവരുടെ നിരക്കിൽ ലംപ്സംഗ്രാന്റ്, സ്റ്റൈപ്പെന്റ്, കൂടാതെ 1250 രൂപ ട്യൂഷൻ ഫീസ്, യൂണിഫോം, പരീക്ഷാ ഫീസ് എന്നിവയും നൽകിവരുന്നുണ്ട്.

(ബി) കുട്ടി പഠിക്കുന്ന പാരലൽ കോളേജ് മേധാവി മുഖാന്തരം ബ്ലോക്ക്/മുനിസിപ്പൽ/കോർപ്പറേഷൻ പട്ടികജാതി വികസന ആഫീസർക്കാണ് അപേക്ഷ നൽകേണ്ടത്. ജാതി/വരുമാന സർട്ടിഫിക്കറ്റുകൾ, സർക്കാർ/ എയ്ഡഡ് സ്ഥാപനങ്ങളിൽ അപേക്ഷിച്ചിട്ടും അഡ്മിഷൻ ലഭിച്ചിട്ടില്ല എന്ന നോഡൽ ഓഫീസറുടെ സാക്ഷിപത്രം, വിദ്യാഭ്യാസ യോഗ്യത സംബന്ധിച്ച സർട്ടിഫിക്കറ്റുകൾ എന്നിവയാണ് അപേക്ഷയോടൊപ്പം നൽകേണ്ട രേഖകൾ. പോസ്റ്റ് മെട്രിക് ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നാണ് പാരലൽ കോളേജ് വിദ്യാർത്ഥികൾക്ക് ആനുകൂല്യം അനുവദിച്ചു വരുന്നത്.

**മധുരവേലി ഐ.ടി.സി.യുടെ കെട്ടിട നിർമ്മാണം**

9 (4565) <u>ശ്രീ. മോൻസ് ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി നിയോജക മണ്ഡലത്തിലെ പട്ടികജാതി വകുപ്പിനുകീഴിലുള്ള മധുരവേലി ഐ.ടി.സി. യുടെ കെട്ടിട നിർമ്മാണം സംബന്ധിച്ച് 7-9-2016 ലെ വർക്കിംഗ് ഗ്രൂപ്പ് തീരുമാനം വ്യക്തമാക്കാമോ;

(ബി) മേഖലാ ട്രെയിനിംഗ് ഇൻസ്പെക്ടറുമായുള്ള ആശയ വിനിമയം പൂർത്തിയായിട്ടുണ്ടോ; ഫയൽ സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ സമർപ്പിച്ച തീയതി, ഫയൽ നമ്പർ എന്നിവ വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) മധുരവേലി ഐ.ടി.സിയുടെ കെട്ടിട നിർമ്മാണം സംബന്ധിച്ച പ്രൊപ്പോസൽ 7-9-2016-ലെ വർക്കിംഗ് ഗ്രൂപ്പിൽ സമർപ്പിച്ചിട്ടില്ല.

(ബി) ഈ വിഷയത്തിൽ മേഖല ട്രെയിനിംഗ് ഇൻസ്പെക്ടർമാരുമായുള്ള ആശയവിനിമയം പൂർത്തിയാക്കിയിട്ടുണ്ട്. ഫയൽ സർക്കാരിന് സമർപ്പിച്ചിട്ടില്ല.

**ചികിത്സാ ധനസഹായം**

10 (4566) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-2016 വർഷത്തിൽ പട്ടികജാതിക്ഷേമ വകുപ്പിൽ നിന്നും എത്ര തുകയാണ് ചടയംമംഗലം നിയോജകമണ്ഡലത്തിൽ ചികിത്സാ ധനസഹായമായി നൽകിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(ബി) ഇത്തരത്തിലുള്ള എത്ര അപേക്ഷകൾ നിലവിൽ തീർപ്പ് കൽപ്പിക്കാനായി അവശേഷിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ; ചികിത്സാ ധനസഹായം ലഭിക്കുന്നതിനുള്ള മാനദണ്ഡം വിശദീകരിക്കുമോ?

ഉത്തരം

(എ) 2011-16 കാലത്ത് പട്ടികജാതി വികസന വകുപ്പിൽ നിന്നും 43,56,000 രൂപ ചടയമംഗലം മണ്ഡലത്തിൽ ചികിത്സാ ധനസഹായമായി നൽകിയിട്ടുണ്ട്.

(ബി) നിലവിൽ തീർപ്പ് കൽപ്പിക്കാനായി അപേക്ഷകൾ അവശേഷിക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നതാണ്. 50,000 രൂപയിൽ താഴെ വാർഷിക വരുമാനമുള്ള, രോഗ ബാധിതരായ പട്ടികജാതിക്കാർക്ക് വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ചികിൽസാ ധനസഹായം അനുവദിച്ചു വരുന്നു.

**കോതമംഗലം മണ്ഡലത്തിലെ ആദിവാസി കോളനികൾ**

11(4567) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ എത്ര ആദിവാസി കോളനികൾ ഉണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ കോളനിയിലും എത്ര കുടുംബങ്ങൾ താമസിക്കുന്നുണ്ട് എന്ന് വ്യക്തമാക്കുമോ;

(സി) ആദിവാസി ക്ഷേമത്തിനായി എന്തെങ്കിലും പുതിയ പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

<u>ഉത്തരം</u>

(എ) കോതമംഗലം മണ്ഡലത്തിൽ 11 പട്ടികവർഗ്ഗ കോളനികളുണ്ട്.

(ബി) കോതമംഗലം മണ്ഡലത്തിലെ ഓരോ കോളനിയിലേയും പട്ടികവർഗ്ഗ കുടുംബങ്ങളുടെ എണ്ണം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കോളനി | കുടുംബങ്ങൾ |
|---|---|---|
| 1 | പിണവൂർക്കുടി | 314 |
| 2 | വെള്ളാരംകുന്ന് | 225 |
| 3 | മേട്പാംപാറ | 90 |
| 4 | ഇളംപ്ലാശ്ശേരി | 175 |
| 5 | തേര | 25 |
| 6 | വാരിയം | 67 |
| 7 | ഉറിയംപെട്ടി | 75 |
| 8 | തലവെച്ചപാറ | 70 |
| 9 | കുഞ്ചിപ്പാറ | 96 |
| 10 | താളുകണ്ടം | 42 |
| 11 | പന്തപ്ര | 67 |

(സി) ആദിവാസി മേഖലകൾക്കു പുറത്ത് എല്ലാ ജില്ലകളിലും ചിന്നിച്ചിതറി താമസിക്കുന്ന ആദിവാസികുടുംബങ്ങളുടെ ഉന്നമനത്തിനായി ബജറ്റ് പ്രസംഗത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രകാരം മൈക്രോ പ്ലാനുകൾ രൂപീകരിച്ച് എ.ടി.എസ്.പി പദ്ധതിയിൽ നിന്നും 25 കോടി രൂപ വകയിരുത്തി പി.കെ.കാളൻ കുടുംബ പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടി സ്വീകരിച്ചുവരുന്നു.

പട്ടികവർഗ്ഗ കുട്ടികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിനും അവരുടെ ഭാഷാ പ്രശ്നം പരിഹരിക്കുന്നതിനും കോർപ്പസ് ഫണ്ടിൽ നിന്നും 4 കോടി രൂപ വകയിരുത്തി വയനാട്ടിലെ പ്രൈമറി ക്ലാസ്സുകളുള്ള 241 സ്കൂളുകളിൽ ദിവസവേതന അടിസ്ഥാനത്തിൽ ഒരു ആദിവാസി ടീച്ചറെ നിയമിക്കുന്നതിനുള്ള പദ്ധതിയുടെ പ്രാരംഭ നടപടികൾ സ്വീകരിച്ചു വരുന്നു.

**പാലക്കാട് മെഡിക്കൽ കോളേജ്**

12 (T*4568) ശ്രീ. കെ. കൃഷ്ണൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് മെഡിക്കൽ കോളേജിൽ എത്ര ഡോക്ടർമാർ നിലവിൽ ജോലി ചെയ്യുന്നുണ്ട്; അവർ ഓരോരുത്തരുടേയും പേരും ക്വാളിഫിക്കേഷനും പ്രതിമാസ ശമ്പളവും മറ്റ് അലവൻസുകളും എത്രയാണെന്ന് വ്യക്തമാക്കാമോ; ഇതിൽ സ്ഥിരതസ്തിക, ദിവസവേതന തസ്തിക, കോൺട്രാക്ട് തസ്തിക എന്നിവ എത്രവീതമെന്ന് വ്യക്തമാക്കാമോ;

(ബി) പാലക്കാട് മെഡിക്കൽ കോളേജിൽ നിലവിൽ എത്ര എം.ബി.ബി.എസ്. സീറ്റുകളും പി.ജി. സീറ്റുകളും അനുവദിച്ച് കിട്ടിയിട്ടുണ്ട്; ഓരോ വർഷവും എത്ര വിദ്യാർത്ഥികൾ പഠിക്കുന്നു എന്ന് വ്യക്തമാക്കാമോ;

(സി) പാലക്കാട് മെഡിക്കൽ കോളേജ് നിർമ്മാണത്തിനുള്ള സ്ഥലം ഏറ്റെടുക്കൽ, കെട്ടിട നിർമ്മാണം എന്നിവയ്ക്കായി സർക്കാർ ഇന്നേവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ഡി) പാലക്കാട് മെഡിക്കൽ കോളേജിന്റെ കെട്ടിട നിർമ്മാണ പ്ലാൻ (ആർക്കിടെക്ചറൽ പ്ലാൻ), എസ്റ്റിമേറ്റ് തുക, ഇലക്ട്രിക്കൽ പ്ലാൻ, ബയോമെഡിക്കൽ എക്യുപ്മെന്റ് പ്ലാൻ എന്നിവ ലഭ്യമാക്കാമോ?

ഉത്തരം

(എ) 116 ഡോക്ടർമാരുടെ പേരും, ക്വാളിഫിക്കേഷനും, പ്രതിമാസ ശമ്പളവും മറ്റ് അലവൻസുകളും ചേർന്ന ലിസ്റ്റ് അനുബന്ധം (എ) ആയി ചേർക്കുന്നു*.

രണ്ട് ഡോക്ടർമാർ കോൺട്രാക്ട് അടിസ്ഥാനത്തിലും ശേഷിക്കുന്നവർ ദിവസവേതന അടിസ്ഥാനത്തിൽ ഉള്ളവരുമാണ്.

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) 100 എം.ബി.ബി.എസ്സ്. സീറ്റുകൾ വീതം 2014, 2015, 2016 വർഷങ്ങളിൽ അനുവദിച്ചിട്ടുണ്ട്. പി.ജി. സീറ്റുകൾ കോളേജിൽ അനുവദിച്ചിട്ടില്ല. അനുവദിച്ചിട്ടുള്ള മുഴുവൻ സീറ്റുകളിലും വിദ്യാർത്ഥികൾ പഠിക്കുന്നുണ്ട്.

(സി) കെട്ടിട നിർമ്മാണത്തിനുള്ള 50 ഏക്കർ സ്ഥലം റവന്യൂ ഡിപ്പാർട്ട്മെന്റ് അനുവദിച്ചു തന്നിട്ടുള്ളതാണ്. ആയതിന് വിലയൊന്നും നാളിതുവരെ കൊടുത്തിട്ടില്ല. കെട്ടിട നിർമ്മാണത്തിനുവേണ്ടി ഏകദേശം 30.39 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

(ഡി) എസ്റ്റിമേറ്റ് തുക 559.68 കോടി രൂപ. മെഡിക്കൽ കോളേജിന്റെ കെട്ടിട നിർമ്മാണ പ്ലാൻ, ഇലക്ട്രിക്കൽ പ്ലാൻ എന്നിവയുടെ പകർപ്പ് അനുബന്ധം (ബി)ആയി ചേർക്കുന്നു*. മെഡിക്കൽ കോളേജിന്റെ ആശുപത്രി കെട്ടിടം പ്രവർത്തനം ആരംഭിച്ചിട്ടില്ലാത്തതിനാൽ ബയോ മെഡിക്കൽ എക്യുപ്മെന്റ് പ്ലാൻ നിലവിലില്ല.

## പട്ടികജാതി കോളനികളിലെ നഴ്സറി സ്കൂളുകളുടെ ഭൗതിക സൗകര്യം മെച്ചപ്പെടുത്തൽ

13 (4569) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി കോളനികളിലെ കുട്ടികളുടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിനായി പട്ടികജാതി വികസന വകുപ്പിന് കീഴിൽ എത്ര നഴ്സറി സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്; അതിൽ എത്ര നഴ്സറി സ്കൂളുകളിലാണ് നിഷ്കർഷിച്ച പ്രകാരമുള്ള കുട്ടികൾ ഇല്ലാത്തത്;

(ബി) ഈ നഴ്സറി സ്കൂളുകളിൽ പലതിലും ആവശ്യത്തിന് ഭൗതിക സാഹചര്യമില്ലാത്തത് ഇവയുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുള്ള ഇത്തരം നഴ്സറിസ്കൂളുകളുടെ ഭൗതിക സൗകര്യം മെച്ചപ്പെടുത്തുന്നതിനും വിദ്യാഭ്യാസനിലവാരം ഉയർത്തുന്നതിനും പട്ടികജാതി വികസന വകുപ്പ് ഏതെങ്കിലും തരത്തിലുള്ള സഹായങ്ങൾ നൽകുന്നുണ്ടോ; എങ്കിൽ അവ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) പട്ടികജാതി വികസന വകുപ്പിന് കീഴിൽ 58 നഴ്സറികൾ പ്രവർത്തിക്കുന്നു. ഇതിൽ 35 നഴ്സറികളിൽ നിഷ്കർഷിച്ച പ്രകാരമുള്ള കുട്ടികൾ ഇല്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നഴ്സറി സ്കൂളുകൾ പട്ടികജാതി വികസന വകുപ്പ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് കൈമാറ്റം ചെയ്ത സ്ഥാപനങ്ങളാണ്. ഈ സ്ഥാപനങ്ങളുടെ ഭൗതികസാഹചര്യങ്ങൾ ഏർപ്പെടുത്തേണ്ടത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ്.

(സി) ഒരു കുട്ടിക്ക് ഒരു ദിവസത്തെ ഉച്ചഭക്ഷണത്തിന് 30 രൂപയും ഒരു വർഷം യൂണിഫോം തുണി വാങ്ങുന്നതിന് 300 രൂപയും ലംപ്സം ഗ്രാന്റ് 190 രൂപയും വകുപ്പിൽ നിന്നും അനുവദിച്ചു വരുന്നു.

## പട്ടികജാതി കുടുംബങ്ങളുടെ ഭവന പുനരുദ്ധാരണത്തിന് പദ്ധതി

14 (4570) ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പട്ടികജാതി കുടുംബങ്ങളുടെ ഭവനത്തിന്റെ പുനരുദ്ധാരണത്തിന് പദ്ധതി നടപ്പിലാക്കി വരുന്നുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) ഇതിന്റെ ഗുണഭോക്താക്കളെ എങ്ങനെയാണ് കണ്ടെത്തുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) ഇതിനായി ബജറ്റിൽ എന്തു തുക വകയിരുത്തിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്. 5 മുതൽ 25 വർഷം വരെ പഴക്കം ചെന്ന വീടുകളുടെ പുനരുദ്ധാരണത്തിനായി വകുപ്പ് 50,000 രൂപ അനുവദിക്കുന്നുണ്ട്.

(ബി) പട്ടികജാതി വിഭാഗക്കാരുടെ കാലപ്പഴക്കം ചെന്ന വീടുകൾ പൂർണ്ണമായും വാസയോഗ്യമാക്കുന്നതിനും തദ്വാരാ അവരുടെ സാമൂഹ്യസുരക്ഷ ഉറപ്പാക്കുകയും ചെയ്യുക എന്നതാണ് ഇതു വഴി ഉദ്ദേശിക്കുന്നത്.

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് ലഭിക്കുന്ന ഗ്രാമസഭ ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും ഇത്തരം ലിസ്റ്റില്ലാത്ത സ്ഥലങ്ങളിൽ പത്ര പരസ്യത്തിലൂടെയും അപേക്ഷ ക്ഷണിച്ച് ഗുണഭോക്താക്കളെ കണ്ടെത്തുന്നു.

(ഡി) ഭവന നിർമ്മാണ ധനസഹായം, ഭവനപുനരുദ്ധാരണ ധനസഹായം എന്നിവയ്ക്കായി 2016-17 വർഷം ബജറ്റിൽ 265 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

## പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായ ക്ഷേമ പദ്ധതികൾ

15 (4571) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായങ്ങളുടെ ക്ഷേമത്തിനായി നിലവിലുള്ള പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) ഓരോ പദ്ധതിയും അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിക്കുമോ;

(സി) നിലവിലുള്ള പദ്ധതികളല്ലാതെ മറ്റെന്തെങ്കിലും പദ്ധതികൾ ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ ?

### ഉത്തരം

(എ) പട്ടികജാതി സമുദായങ്ങളുടെ ക്ഷേമത്തിനായി നിലവിലുള്ള പദ്ധതികൾ അനുബന്ധം 1 ആയി ചേർക്കുന്നു*.

പട്ടികവർഗ്ഗ സമുദായങ്ങളുടെ ക്ഷേമത്തിനായി നിലവിലുള്ള പദ്ധതികൾ അനുബന്ധം 2 ആയി ചേർക്കുന്നു*.

പിന്നോക്ക സമുദായങ്ങളുടെ ക്ഷേമത്തിനായി നിലവിലുള്ള പദ്ധതികൾ അനുബന്ധം 3 ആയി ചേർക്കുന്നു*.

(ബി) പട്ടികജാതി സമുദായങ്ങളുടെ ക്ഷേമത്തിനായുള്ള പദ്ധതികൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ അനുബന്ധം 4 ആയി ചേർക്കുന്നു*.

പട്ടികവർഗ്ഗ സമുദായങ്ങളുടെ ക്ഷേമത്തിനായുള്ള പദ്ധതികൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ അനുബന്ധം 5 ആയി ചേർക്കുന്നു*.

പിന്നോക്ക സമുദായങ്ങളുടെ ക്ഷേമത്തിനായുള്ള പദ്ധതികൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ അനുബന്ധം 6 ആയി ചേർക്കുന്നു*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) പട്ടികജാതി സമുദായങ്ങളുടെ ക്ഷേമത്തിന് ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ അനുബന്ധം 7 ആയി ചേർക്കുന്നു*.

പട്ടികവർഗ്ഗ സമുദായക്ഷേമത്തിന് ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച ആദിവാസി മേഖലകൾക്ക് പുറത്ത് എല്ലാ ജില്ലകളിലും ചിന്നിച്ചിതറി താമസിക്കുന്ന ഒറ്റപ്പെട്ട ആദിവാസി കുടുംബങ്ങളുടെ ഉന്നമനത്തിന് മൈക്രോപ്ലാനുകൾ തയ്യാറാക്കി എ.റ്റി.എസ്.പി. പദ്ധതിയിൽ നിന്നും 25 കോടി രൂപ വകയിരുത്തി പി.കെ. കാളൻ കുടുംബ പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു.

പട്ടികവർഗ്ഗ കുട്ടികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിനും അവരുടെ ഭാഷാപ്രശ്നം പരിഹരിക്കുന്നതിനും വയനാട്ടിലെ പ്രൈമറി ക്ലാസ്സുകളുള്ള 241 സ്കൂളുകളിൽ ദിവസവേതനാടിസ്ഥാനത്തിൽ ഒരു ആദിവാസി ടീച്ചറെ നിയോഗിക്കുന്നതിന് 4 കോടി രൂപ കോർപ്പസ് ഫണ്ടിൽ നിന്നും വകയിരുത്തിയിട്ടുണ്ട്. ടി പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

പിന്നോക്ക വികസന വകുപ്പിന്റെ കീഴിൽ ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്ന പുതിയ പദ്ധതികളുടെ പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.

## പട്ടികജാതി വകുപ്പുമന്ത്രിയുടെ പേരിലുള്ള ദുരിതാശ്വാസ ധനസഹായം

16 (4572) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വകുപ്പിന് കീഴിൽ വകുപ്പുമന്ത്രിയുടെ പേരിലുള്ള ദുരിതാശ്വാസ ധനസഹായം ലഭിക്കുന്നതിനുള്ള അപേക്ഷകൾ എത്രയെണ്ണം ഈ സർക്കാരിൻെറ കാലത്ത് (30-9-2016 വരെ) ലഭിച്ചിട്ടുണ്ട്;

(ബി) അതിൽ എത്ര അപേക്ഷകൾ അനുവദിച്ചു;

(സി) എത്ര തുക വിതരണം ചെയ്തു; വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാരിന്റെ കാലത്ത് 30-9-2016 വരെ സ.ഉ.(കൈ)നമ്പർ128/12/പജപവവിവ, തീയതി 20/12/2012 പ്രകാരം വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസ ധനസഹായം ലഭിക്കുന്നതിനായി 5308 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(ബി) നാളിതുവരെ 2378 അപേക്ഷകൾ അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

(സി) മേൽ അപേക്ഷകളിൽ 4,35,40,800 രൂപ വിതരണം ചെയ്തിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## പട്ടികജാതി വിദ്യാർത്ഥികൾക്ക് മാത്രമായുള്ള ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകൾ

17 (4573) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി വിദ്യാർത്ഥികൾക്ക് മാത്രമായി എസ്.സി. വകുപ്പിനുകീഴിൽ എത്ര ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഈ ഐ.റ്റി.ഐ.കളിലെ വിജയശതമാനം കുറവാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന് കാരണമെന്താണെന്ന് വിശദീകരിക്കുമോ;

(സി) പ്രസ്തുത ഐ.റ്റി.ഐ. കളിൽ നിന്നും വിജയിക്കുന്ന വിദ്യാർത്ഥികൾ തൊഴിൽ മേഖലയിൽ എത്തിപ്പെടുന്നുണ്ടോയെന്ന കാര്യം ഏതെങ്കിലും രീതിയിൽ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ ഏത് രീതിയിലാണ് വിലയിരുത്തൽ നടത്തുന്നതെന്ന് വ്യക്തമാക്കുമോ; ഇല്ലെങ്കിൽ ഇതിനായി നടപടി സ്വീകരിക്കുമോ;

(ഡി) ഇത്തരം ഐ.റ്റി.ഐ. കളിലെ പഠന നിലവാരം ഉയർത്തുന്നതിനും, വിദ്യാർത്ഥികളുടെ വിജയശതമാനം വർദ്ധിപ്പിക്കുന്നതിനും ,തൊഴിൽ നേടാൻ പ്രാപ്തരാക്കുന്നതിനും വേണ്ടി പ്രത്യേക ശ്രദ്ധ നൽകുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പട്ടികജാതി വികസന വകുപ്പിനുകീഴിൽ 44 ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) ചില ഐ.ടി.ഐ.കളിൽ വിജയശതമാനം കുറവുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സാമൂഹികമായും സാമ്പത്തികമായും വളരെ പിന്നാക്കം നിൽക്കുന്ന കുട്ടികളാണ് ഈ സ്ഥാപനങ്ങളിൽ പ്രവേശനം നേടുന്നത്. ഇവരുടെ കുടുംബ പശ്ചാത്തലവും മറ്റ് പിന്നാക്കാവസ്ഥയും പഠനത്തിന് താൽപ്പര്യക്കുറവുണ്ടാക്കുകയും തദ്വാര വിജയ ശതമാനം കുറയുന്നതിനും കാരണമാകുന്നു.

(സി) ഉണ്ട്. പ്രസ്തുത ഐ.ടി.ഐ.കളിൽ നിന്നും വിജയിക്കുന്ന വിദ്യാർത്ഥികൾ സ്വദേശത്തും, വിദേശത്തും തൊഴിൽ മേഖലകളിൽ എത്തിപ്പെടുന്നുണ്ട്.

ഐ.ടി.ഐ.ട്രെയിനിംഗ് സൂപ്രണ്ടുമാർ വിവിധ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് പ്ലെയ്സ്മെന്റ് നൽകുന്നുണ്ട്. ഇത് ട്രെയിനിംഗ് ഇൻസ്പെക്ടർമാർ മേഖലാതലത്തിൽ വിലയിരുത്താറുണ്ട്. പാസ്സാകുന്ന ട്രെയിനികളെ സംഘടിപ്പിച്ചുകൊണ്ട് സംസ്ഥാന

തലത്തിൽ വിവിധ കമ്പനികളെ ഉൾപ്പെടുത്തി ഒരു സെലക്ഷൻ റിക്രൂട്ട്മെന്റ് നടത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ട്.

(ഡി) ഇക്കാര്യത്തിൽ പ്രത്യേക ശ്രദ്ധ നൽകുന്നതാണ്.

**പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള സ്റ്റൈപ്പന്റ് വിതരണം**

18 (4574) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള സ്റ്റൈപ്പന്റ് വിതരണം ചെയ്യുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) സ്റ്റൈപ്പന്റ് കുടിശ്ശിക എന്നത്തേയ്ക്ക് വിതരണം ചെയ്യാനാകുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 2016-17 അദ്ധ്യയന വർഷം പ്രീ-മെട്രിക് കോഴ്സുകൾക്ക് 29.6 കോടി രൂപയും പോസ്റ്റ്മെട്രിക് കോഴ്സുകൾക്ക് 84 കോടി രൂപയും വിതരണം ചെയ്തിട്ടുണ്ട്.

(ബി) നിലവിൽ കുടിശ്ശിക ഇല്ല.

**വിജയരാഘവപുരം ഐ.ടി.ഐ.യിൽ ഇലക്ട്രീഷ്യൻ കോഴ്സ്**

19 (4575) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചാലക്കുടി വി. ആർ. പുരം പട്ടികജാതി വകുപ്പിന് കീഴിലുള്ള ഐ.ടി.ഐ.യിൽ പുതുതായി ഇലക്ട്രീഷ്യൻ കോഴ്സ് ഉടൻ ആരംഭിക്കുന്നതിനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

ചാലക്കുടി വി.ആർ.പുരം ഐ.ടി.ഐ.-യിൽ ഇലക്ട്രീഷ്യൻ കോഴ്സ് ഉടൻ ആരംഭിക്കുന്നതിനാവശ്യമായ അടിയന്തര നടപടി സ്വീകരിക്കുന്നതാണ്. ഇവിടെ ഇലക്ട്രീഷ്യൻ ട്രേഡ് കോഴ്സ് തുടങ്ങുന്നതിനും ഇതിലേയ്ക്കാവശ്യമായ ആവർത്തന അനാവർത്തനച്ചെലവുകൾ റിലീസ് ചെയ്യുന്നതിനും പട്ടികജാതി വികസന വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകിയിട്ടുണ്ട്.

## ചങ്ങനാശ്ശേരി മണ്ഡലത്തിൽ ഇടപ്പള്ളി കോളനിയിൽ സ്വയം പര്യാപ്ത ഗ്രാമപദ്ധതി

20 (4576) ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിൽപ്പെട്ട മാടപ്പള്ളി പഞ്ചായത്തിലെ 'ഇടപ്പള്ളി പട്ടികജാതി കോളനിയിൽ' സ്വയംപര്യാപ്ത ഗ്രാമപദ്ധതിയിൽപ്പെടുത്തി നടത്തുന്ന ജോലികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) നിർമ്മാണ പ്രവർത്തനങ്ങൾ എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) വനിതാ സാംസ്കാരിക നിലയത്തിന്റെ കോൺക്രീറ്റിംഗ്, സെമിത്തേരിയുടെ ചുറ്റുമതിൽ നിർമ്മാണം എന്നിവ പൂർത്തിയായി. കുടിവെള്ള പദ്ധതിക്കുള്ള കിണർ കുഴിച്ചപ്പോൾ ഒരു വിഭാഗം കോളനി നിവാസികൾ പണി തടസ്സപ്പെടുത്തുകയും പിന്നീട് കമ്മിറ്റി വിളിച്ചു ചേർത്തപ്പോൾ കോളനിക്കാർ പുതിയ പദ്ധതികൾ നിർദ്ദേശിച്ചതിൻ പ്രകാരം നിർവ്വഹണ ഏജൻസി പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

(ബി) നടപ്പുസാമ്പത്തിക വർഷം പദ്ധതി പൂർത്തീകരിക്കണമെന്ന് നിർവ്വഹണ ഏജൻസിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## ഭവനനിർമ്മാണത്തിനായി നൽകിയിരുന്ന ധനസഹായം

21 (4577) ശ്രീ. കെ. മുരളീധരൻ :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്ക് ഭവനനിർമ്മാണത്തിനായി നൽകിയിരുന്ന ധനസഹായം 3 ലക്ഷം രൂപയായി മുൻ സർക്കാരിന്റെ കാലത്ത് വർദ്ധിപ്പിച്ചിരുന്നോ;എങ്കിൽഎന്നാണ് വർദ്ധനവ് ഉത്തരവായത്;

(ബി) പ്രസ്തുത വർദ്ധനവ് ഐ.എ.വൈ. ഗുണഭോക്താക്കൾക്കും ബാധകമാക്കിയിരുന്നോ; വ്യക്തമാക്കുമോ;

(സി) ഇതിൽ സംസ്ഥാന സർക്കാരിന്റെ വിഹിതം എത്രയായിരുന്നു; നിലവിൽ കുടിശ്ശിക ഉണ്ടോ;വെളിപ്പെടുത്തുമോ;

(ഡി) കുടിശ്ശിക തുക പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമവകുപ്പിൽ നിന്നും അനുവദിച്ച് വീടുകളുടെ പണി അടിയന്തരമായി പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) പട്ടികജാതി പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിനായി നൽകിയിരുന്ന ധനസഹായം യഥാക്രമം 3,00,000 രൂപയായും 3,50,000 രൂപയായും മുൻ സർക്കാരിന്റെ കാലത്ത് വർദ്ധിപ്പിച്ചിരുന്നു. യഥാക്രമം 11-7-2014-ലും 14-5-2015-ലുമാണ് വർദ്ധനവ് ഉത്തരവായത്.

(ബി) ബാധകമാക്കിയിരുന്നു. 17-7-2015-ലെ സ.ഉ (സാധാ) നമ്പർ 2174/15/തസ്വഭവ. ഉത്തരവ് പ്രകാരം പ്രസ്തുത വർദ്ധനവ് IAY ഗുണഭോക്താക്കൾക്കും ബാധകമാക്കിയിട്ടുണ്ട്.

(സി) IAY പദ്ധതിയിൽ വീടൊന്നിന് സർക്കാർ വിഹിതം 1,00,000 രൂപയാണ്. നിലവിൽ കുടിശ്ശികയുണ്ട്. നിലവിൽ 247.39 കോടി രൂപ കുടിശ്ശികയുണ്ട്. (പട്ടികജാതി 203 കോടി രൂപ, പട്ടികവർഗ്ഗം 44.39 കോടി രൂപ)

(ഡി) ഫണ്ടിന്റെ ലഭ്യതയനുസരിച്ച് വീടുകളുടെ പണി പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കുന്നതാണ്.

**മീനാക്ഷിപുരത്തെ വനിതാ ട്രൈബൽ ഹോസ്റ്റലിന്റെ നിർമ്മാണം**

22 (4578) <u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ പെരുമാട്ടി പഞ്ചായത്തിൽ മീനാക്ഷിപുരത്ത് പണികഴിപ്പിക്കാൻ ഉദ്ദേശിക്കുന്ന വനിതാ ട്രൈബൽ ഹോസ്റ്റലിന്റെ നിർമ്മാണത്തിനായി എത്ര തുക നീക്കിവച്ചിട്ടുണ്ട്; ഇതിന് ഭരണാനുമതിയും സാങ്കേതിക അനുമതിയും നൽകിയിട്ടുണ്ടോ;

(ബി) ഇതിന്റെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ; ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള കാലതാമസത്തിന് എന്തെങ്കിലും കാരണങ്ങളുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദീകരിക്കുമോ?

## ഉത്തരം

(എ) പാലക്കാട് ജില്ലയിലെ മീനാക്ഷിപുരത്ത് പണികഴിപ്പിക്കാൻ ഉദ്ദേശിക്കുന്ന വനിതാ ട്രൈബൽ ഹോസ്റ്റലിന്റെ നിർമ്മാണത്തിനായി 7,32,00,000 രൂപ (ഏഴ് കോടി മുപ്പത്തിരണ്ട് ലക്ഷം രൂപ മാത്രം) അനുവദിച്ചിട്ടുണ്ട്. ടി ഹോസ്റ്റൽ നിർമ്മാണത്തിനായി ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്.

(ബി) ഉണ്ട്. ടി ഹോസ്റ്റൽ നിർമ്മാണത്തിനായി ഇ-ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത കരാറുകാരനുമായി കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡ് ഉടമ്പടി ഒപ്പുവച്ചിട്ടുണ്ട്. പ്രസ്തുത നിർമ്മാണ പ്രവൃത്തികൾക്കായി റവന്യൂ വകുപ്പിൽ നിന്ന് 20 സെന്റ് സ്ഥലം ലഭ്യമാകാത്തതും പ്രസ്തുത സ്ഥലത്തെ മരങ്ങൾ മുറിച്ചുമാറ്റാത്തതുമാണ് ടി നിർമ്മാണ പ്രവർത്തികളുടെ കാലതാമസത്തിന് കാരണം. ടി കാലതാമസം പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ടി ഹോസ്റ്റൽ നിർമ്മാണത്തിനായുള്ള സ്ഥലം റവന്യൂ വകുപ്പ്, പെരുമാട്ടി ഗ്രാമപഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് എന്നിവയുടെ ഉടമസ്ഥതയിലുള്ളതാണ്. സ്ഥലം കൈമാറുന്നതിലേയ്ക്കായി ടി ഓഫീസുകളിൽ നിന്നും നിരാക്ഷേപപത്രം ലഭ്യമായിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി നടക്കുന്ന സ്ഥലത്ത് മരങ്ങൾ ഉള്ളതിനാൽ അത് മുറിച്ചുമാറ്റുന്നതിന് പാലക്കാട് ജില്ലാ കളക്ടർ പെർമിസീവ് സാംഗ്ഷൻ ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത മരങ്ങൾ മുറിച്ചുമാറ്റിയതിനുശേഷം നിർമ്മാണ പ്രവർത്തനങ്ങൾ ഉടനെ ആരംഭിക്കുന്നതാണെന്ന് കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ അധികൃതർ അറിയിച്ചിട്ടുണ്ട്.

## വനാവകാശ നിയമം

23 (4579) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനഭൂമിയിൽ ആദിവാസികൾക്ക് കൂടുതൽ അധികാരം നൽകുന്ന വനാവകാശ നിയമം അടിയന്തരമായി നടപ്പിലാക്കാൻ കേന്ദ്രം കേരളത്തോടാവശ്യപ്പെടുകയുണ്ടായോ;

(ബി) എന്നാൽ ഇതുസംബന്ധിച്ച് അവസാന നിർദ്ദേശം കേന്ദ്രത്തിൽ നിന്ന് എന്നാണ് സംസ്ഥാനത്തിന് ലഭിച്ചതെന്ന് വ്യക്തമാക്കുമോ;

(സി) നിയമം സമയബന്ധിതമായി നടപ്പാക്കുന്നതിന് ഒരു സെൽ രൂപീകരിക്കാൻ കേന്ദ്രം നിർദ്ദേശിക്കുകയുണ്ടായോ;

(ഡി) എങ്കിൽ ഇതുസംബന്ധമായി ഇതിനകം കൈക്കൊണ്ട നടപടികൾ എന്തൊക്കെ; നിയമം എന്നത്തേയ്ക്ക് നടപ്പാക്കാനാകും എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 2006-ൽ വനാവകാശ നിയമം നിലവിൽ വന്നയുടൻ തന്നെ കേരളത്തിൽ ഈ നിയമം നടപ്പാക്കിയിട്ടുള്ളതാണ്. അഖിലേന്ത്യാതലത്തിൽ നിയമത്തിന്റെ നടത്തിപ്പ് അവലോകനം ചെയ്യാൻ ബഹുമാനപ്പെട്ട പ്രധാനമന്ത്രി 22-4-2014-ന് വിളിച്ച അവലോകന യോഗത്തിലെ തീരുമാനപ്രകാരം 10-6-2015-ന് ഇതുസംബന്ധിച്ച ഒരു കത്ത് ലഭിക്കുകയുണ്ടായി.

(ബി) മിനിസ്ട്രി ഓഫ് ട്രൈബൽ അഫയേഴ്സ് സെക്രട്ടറിയുടെ 10-6-2015-ലെ ഡി.ഒ.23011/18/2015 കത്ത് പ്രകാരം അർഹരായ ഗുണഭോക്താക്കൾക്ക് എഫ്.ആർ.എ. നിയമപ്രകാരം ആർ.ഒ.ആർ. 31-12-2015-നകം വിതരണം ചെയ്യണമെന്ന് നിർദ്ദേശിച്ചിരുന്നു.

(സി) നിയമം സമയബന്ധിതമായി നടപ്പിലാക്കുന്നതിന് സെൽ രൂപീകരിക്കുവാൻ മിനിസ്ട്രി ഓഫ് ട്രൈബൽ അഫയേഴ്സ് സെക്രട്ടറിയുടെ 10-6-2015 ഡി.ഒ.23011/18/2015 നമ്പർ കത്തിൽ നിർദ്ദേശിച്ചിട്ടുണ്ട്.

(ഡി) വനാവകാശ നിയമം ഫലപ്രദമായും കാര്യക്ഷമമായും നടപ്പിലാക്കുന്നതിന് എസ്.ടി. പ്രൊമോട്ടർമാർ, എസ്.ഡി.എൽ.സി./ ഡി.എൽ.സി.മെമ്പർമാർ, എഫ്.ആർ.സി. അംഗങ്ങൾ എന്നിവർക്ക് പരിശീലന പരിപാടി സംഘടിപ്പിക്കേണ്ടത് അനിവാര്യമാണെന്ന് ബോധ്യപ്പെട്ട സാഹചര്യത്തിൽ പ്രോജക്ട് ഓഫീസർമാർ/ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർമാർ തലത്തിൽ പരിചയ സമ്പന്നരായ എൻ.ജി.ഒ.കളെ ഉൾപ്പെടുത്തി ഏകദിന സെമിനാർ നടത്തിയിട്ടുണ്ട്.

2015-16 -ലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ തെരഞ്ഞെടുപ്പിലൂടെ തെരഞ്ഞെടുക്കപ്പെട്ട ബ്ലോക്ക്/ജില്ലാ പഞ്ചായത്ത് മെമ്പർമാരെ ഉൾപ്പെടുത്തി സബ് ഡിവിഷണൽ ലെവൽ കമ്മിറ്റി/ഡിവിഷണൽ ലെവൽ കമ്മിറ്റി പുനഃസംഘടിപ്പിക്കേണ്ടതുണ്ട്. ആയതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇത് പൂർത്തിയായതിനുശേഷമേ വനാവകാശ നിയമപ്രകാരം ഇപ്പോൾ ലഭിച്ചിട്ടുള്ള എല്ലാ അപേക്ഷകളിലും തീർപ്പാക്കാൻ കഴിയുകയുള്ളൂ. ഇതുവരെ ലഭിച്ച അപേക്ഷകളിന്മേൽ 31-12-2016-നകം അന്തിമ തീരുമാനമെടുത്ത് കൈവശാവകാശം നൽകുന്നതിന് ലക്ഷ്യമിട്ടാണ് പ്രവർത്തനം ചിട്ടപ്പെടുത്തിയിരിക്കുന്നത്.

**ആദിവാസി കോളനിയിലേയ്ക്ക് സഞ്ചാരയോഗ്യമായ റോഡ് നിർമ്മാണം**

24 (4580) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോങ്ങാട് മണ്ഡലത്തിലെ വെറ്റിലച്ചോല ആദിവാസി കോളനിയിലേയ്ക്ക് സഞ്ചാരയോഗ്യമായ റോഡ് നിർമ്മിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) ടി കോളനിയിലേയ്ക്ക് റോഡ് നിർമ്മിയ്ക്കുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) അടിയന്തരമായി വാഹന ഗതാഗതം സാധ്യമാക്കുന്ന തരത്തിൽ ഒരു റോഡ് ടി കോളനിയിലേയ്ക്ക് നിർമ്മിയ്ക്കുന്നതിന് നടപടി സ്വീകരിയ്ക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ടി കോളനിയിൽ മുഡുഗർ വിഭാഗത്തിൽപ്പെട്ട 67 കുടുംബങ്ങൾ താമസിച്ചുവരുന്നു. രോഗികളെ ആശുപത്രിയിൽ കൊണ്ടുപോകുന്നതിനും കുട്ടികൾക്ക് സ്കൂളിൽ പോകുന്നതിനും മറ്റും യാത്രാസൗകര്യം ലഭ്യമല്ല.

(ബി&സി) ആരംഭിച്ചിട്ടുണ്ട്. ടി. കോളനിയിൽ 2.5 കിലോമീറ്റർ ദൂരം റോഡ് നിർമ്മിക്കുന്നതിനായി കാഞ്ഞിരപ്പുഴ എൽ.എസ്.ജി.ഡി. അസിസ്റ്റന്റ് എഞ്ചിനീയർ തയ്യാറാക്കിയ 95 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് ജില്ലാതല വർക്കിംഗ് ഗ്രൂപ്പിന്റെ അനുമതി ലഭ്യമാക്കിയിട്ടുണ്ട്.

**കോങ്ങാട് പാമ്പൻതോട് എസ്.ടി. കോളനി സമഗ്രവികസന പദ്ധതി**

25 (4581) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോങ്ങാട് മണ്ഡലത്തിലെ പാമ്പൻതോട് എസ്.ടി. കോളനിയുമായി ബന്ധപ്പെട്ട സമഗ്രവികസന പദ്ധതി നടപ്പാക്കാതെ കാലതാമസം വരുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പട്ടികവർഗ്ഗ വികസന വകുപ്പിലെ ബന്ധപ്പെട്ട ഫയലുകൾ വിളിപ്പിച്ച് പരിശോധന നടത്തി അടിയന്തര നടപടി സ്വീകരിക്കുമോ;

(ബി) പ്രസ്തുത കോളനിയിലേയ്ക്ക് ഒരു റോഡ് നിർമ്മിക്കുന്നതിന് പോലും വകുപ്പിൽ നിന്ന് അനാസ്ഥ വന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പരിശോധിച്ച് നടപടി സ്വീകരിക്കുമോ;

(സി) അടിയന്തരമായി പ്രസ്തുത കോളനിയിലേയ്ക്ക് റോഡ് നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 2016-17 വർഷത്തെ ഹാംലെറ്റ് വികസന പദ്ധതിയിൽ പാമ്പൻതോട് പട്ടികവർഗ്ഗ കോളനിയും ഉൾപ്പെടുത്തുന്നതിന് പാലക്കാട് ട്രൈബൽ ഡെവലപ്മെന്റ് ഓഫീസിൽ നിന്നും ശിപാർശ ലഭ്യമായിട്ടുണ്ട്. ഈ വർഷം പാമ്പൻതോട് പട്ടികവർഗ്ഗ കോളനിയും പരിഗണിക്കുന്നതാണ്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) പാമ്പൻതോട് കോളനി റോഡ് നിർമ്മാണം നബാർഡ് ആർ.ഐ.ഡി.എഫ്. പദ്ധതിയിൽ ഉൾപ്പെടുത്തി കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനെ ഏൽപ്പിച്ചിട്ടുണ്ട്. വനം വകുപ്പിന്റെ അനുമതിക്കായി മണ്ണാർക്കാട് ഫോറസ്റ്റ് ഡിവിഷണൽ ഓഫീസർക്ക് കത്ത് നൽകിയിട്ടുണ്ട്.

**വലിയക്കാല-ചാത്തൻകോട് ആദിവാസി മേഖലയിൽ ഹാംലെറ്റ് പദ്ധതി**

26 (4582) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസികളുടെ ക്ഷേമ പ്രവർത്തനങ്ങൾക്കും വികസനത്തിനുമായി ഹാംലെറ്റ് പദ്ധതി പ്രകാരം അനുവദിയ്ക്കുന്ന തുക വിനിയോഗിക്കുന്നതിന്റെ പൊതു മാനദണ്ഡം എന്താണ്; ഇതിനുള്ള നടപടിക്രമങ്ങൾ വിശദമാക്കുമോ;

(ബി) വിതുര ഗ്രാമപഞ്ചായത്തിലെ ആദിവാസി മേഖലയായ വലിയക്കാല - ചാത്തൻകോട് മേഖലയിൽ ഈ പദ്ധതിയിൽ ഉൾപ്പെടുത്തി തുക അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നാണ് അനുവദിച്ചിട്ടുള്ളത്;

(സി) ഇതോടനുബന്ധിച്ച് ആദിവാസി ഊരു കൂട്ടത്തിന്റെ തീരുമാനം എന്നാണ് എടുത്തിട്ടുള്ളതെന്നും തീരുമാനങ്ങൾ എന്താണെന്നും വ്യക്തമാക്കുമോ ;

(ഡി) ആദിവാസി ഊരു കൂട്ടത്തിന്റെ തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ എന്ത് തുടർനടപടികൾ സ്വീകരിച്ചു; ഇതിൽ കാലതാമസം ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ഇ) ആദിവാസി ഊരു കൂട്ടത്തിന്റെ തീരുമാനത്തിന് പകരമായി മറ്റ് പദ്ധതികൾ ആലോചിയ്ക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഇതിനുള്ള കാരണം വിശദമാക്കുമോ?

ഉത്തരം

(എ) ഹാംലെറ്റ് വികസന പദ്ധതിയിൽ തെരഞ്ഞെടുത്ത സങ്കേതങ്ങളിൽ ഓരോ കോടി രൂപ ചെലവഴിച്ച് പദ്ധതി നടപ്പിലാക്കി വരുന്നു. ഹാംലെറ്റ് വികസന പദ്ധതി നടപ്പിലാക്കുന്നതിന് 27-12-2013-ലെ സ.ഉ.(എം.എസ്) നമ്പർ107/2013/ പജപവവിവ. നമ്പർ ഉത്തരവ് പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു*.

(ബി) ഉണ്ട്. വലിയകാല പട്ടികവർഗ്ഗ സങ്കേതത്തിൽ മൂന്ന് പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് ഒരു കോടി രൂപയുടെ പദ്ധതിക്ക് ഭരണാനുമതി നൽകുകയും ഇതിൽ ആദ്യ ഗഡുവായി 20,00,000 രൂപ (ഇരുപത് ലക്ഷം രൂപ മാത്രം) 29-3-2016-ന് പദ്ധതി നിർവ്വഹണ ഏജൻസിയായ വെള്ളനാട് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിക്ക് നെടുമങ്ങാട് പ്രോജക്ട് ഓഫീസർ അനുവദിച്ച് നൽകുകയും ചെയ്തിട്ടുണ്ട്.

(സി) ഇതിലേയ്ക്കായി ബഹുമാനപ്പെട്ട അരുവിക്കര എം.എൽ.എ. യുടെ അദ്ധ്യക്ഷതയിൽ 17-7-2015-ന് സ്പെഷ്യൽ ഊരുകൂട്ടം കൂടിയിട്ടുള്ളതാണ്. പ്രസ്തുത ഊരുകൂട്ട തീരുമാനങ്ങൾ ചുവടെ ചേർക്കുന്നു.

1. റോഡ് നിർമ്മാണം
2. ആനക്കിടങ്ങ് നിർമ്മാണം
3. കമ്മ്യൂണിറ്റി ഹാൾ നിർമ്മാണവും അനുബന്ധ ക്രമീകരണങ്ങളും
4. റോഡിന്റെ നിർമ്മാണത്തിനും ഗതാഗതയോഗ്യമാക്കുന്നതിനും വനം വകുപ്പിന്റെ അനുമതി വാങ്ങാൻ തീരുമാനിച്ചു.
5. സോളാർ ഫെൻസിംഗ് നിർമ്മാണത്തിനുള്ള പദ്ധതി നടപ്പിലാക്കുന്നതിന് തീരുമാനിച്ചു.
6. പദ്ധതി നിർവ്വഹണത്തിനായി വെള്ളനാട് ബ്ലോക്ക് പഞ്ചായത്തിനെ ചുമതലപ്പെടുത്താൻ തീരുമാനിച്ചു.

(ഡി) ഊരുകൂട്ട തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ ചുവടെ പറയുന്ന മൂന്ന് പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി ഒരു കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു.

1. കമ്മ്യൂണിറ്റി ഹാൾ നിർമ്മാണവും അനുബന്ധ ക്രമീകരണവും : 25 ലക്ഷം രൂപ
2. ആനക്കിടങ്ങ് നിർമ്മാണം : 25 ലക്ഷം രൂപ
3. റോഡ് നിർമ്മാണം : 50 ലക്ഷം രൂപ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

റോഡ് നിർമ്മാണം ആരംഭിച്ച അവസരത്തിൽ ടി സങ്കേതത്തിൽ മുഴുവനായും സഞ്ചാരയോഗ്യമായ റോഡ് വേണമെന്ന സങ്കേത നിവാസികളുടെ ആവശ്യത്തെത്തുടർന്ന് പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടി വന്നതിനാൽ പദ്ധതി നടത്തിപ്പിന് കാലതാമസം നേരിട്ടിട്ടുണ്ട്.

(ഇ) ഇല്ല.

**അതിരപ്പിള്ളി പഞ്ചായത്തിലെ അരയ്ക്കാപ്പ്, വെട്ടുവിട്ടകാട് ട്രൈബൽ കോളനി**

27 (4583) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അതിരപ്പിള്ളി പഞ്ചായത്തിലെ അരയ്ക്കാപ്പ്, വെട്ടുവിട്ടകാട് ട്രൈബൽ കോളനികളിൽ ലൈൻ വലിച്ച് വൈദ്യുതി എത്തിക്കുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും ഫണ്ട് അനുവദിക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇതിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷയിൽ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ &ബി) തൃശ്ശൂർ ജില്ലയിലെ അതിരപ്പിള്ളി ഗ്രാമപഞ്ചായത്തിലുൾപ്പെടുന്ന അരയ്ക്കാപ്പ് പട്ടികവർഗ്ഗ സങ്കേതം വൈദ്യുതീകരിക്കുന്നതിന് 1,12,46,253 രൂപയും വെട്ടുവിട്ടകാട് പട്ടികവർഗ്ഗ സങ്കേതം വൈദ്യുതീകരിക്കുന്നതിന് 1,29,11,500 രൂപയും ആവശ്യമുണ്ടെന്ന് കെ.എസ്.ഇ.ബി. അറിയിച്ചിട്ടുണ്ട്. അതിനായി കെ.എസ്.ഇ.ബി.യിൽ നിന്നും detailed എസ്റ്റിമേറ്റ് ലഭ്യമാക്കി പട്ടികവർഗ്ഗ വികസന വകുപ്പിൽനിന്നും ഫണ്ട് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിലുള്ള ഐ.ടി.ഐ.കൾ**

28 (4584) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിലുള്ള ഐ.ടി.ഐ. കൾ ജനറൽ ഐ.ടി.ഐ.യ്ക്കു കീഴിൽ ആക്കുന്നതിനായി എന്തെങ്കിലും ശിപാർശകൾ നിലവിലുണ്ടോ;

(ബി) പ്രസ്തുത നിർദ്ദേശങ്ങൾ നടപ്പാക്കൽ സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(സി) സംസ്ഥാനത്ത് പട്ടികവർഗ്ഗ വകുപ്പിനുകീഴിലുള്ള ഐ.ടി.ഐ.കളിൽ കാര്യക്ഷമമായ പരിശീലനവും വിദ്യാർത്ഥികൾക്ക് താമസസൗകര്യവും സ്ഥിരം ജീവനക്കാരെ നിയമിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഉണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിലുള്ള നാട്ടുകാണി, കുട്ടമല എന്നീ പട്ടികവർഗ്ഗ ഐ.ടി.ഐ. കൾ 11-11-2013-ലെ സ.ഉ (എം.എസ്) നമ്പർ 139/2013/എൽ.ബി.ആർ., 7-6-2014-ലെ സ.ഉ (എം.എസ്) നമ്പർ 64/2014/എൽ.ബി.ആർ. എന്നീ ഉത്തരവുകൾ പ്രകാരം ഉടമസ്ഥാവകാശം പട്ടികവർഗ്ഗ വികസന വകുപ്പിൽ നിലനിർത്തിയും നിലവിലുള്ളതുപോലെ വിദ്യാർത്ഥി പ്രവേശനത്തിൽ 80 ശതമാനം സീറ്റുകൾ പട്ടികവർഗ്ഗക്കാർക്ക് നൽകിക്കൊണ്ടും വ്യാവസായിക പരിശീലന വകുപ്പിന് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) പട്ടികവർഗ്ഗ വികസന വകുപ്പിന്റെ നിയന്ത്രണത്തിൽ തിരുവനന്തപുരം കുട്ടമലയിലും ഇടുക്കി നാട്ടുകാണിയിലുമായി രണ്ട് ഐ.ടി.ഐ.കൾ പ്രവർത്തിക്കുന്നു.

നിലവിൽ കുട്ടമലയിൽ ഇലക്ട്രീഷ്യൻ, കാർപ്പെന്ററി എന്നീ ട്രേഡുകളാണ് ഉള്ളത്. ഇലക്ട്രീഷ്യനിൽ 3 കുട്ടികളും കാർപ്പെന്ററിയിൽ 13 കുട്ടികളും (ആകെ 16 പരിശീലനം നടത്തുന്നു.)

നാട്ടുകാണി ഐ.ടി.ഐ.യിൽ ഇലക്ട്രീഷ്യൻ ട്രേഡിൽ 21 കുട്ടികളും പ്ലംബർ ട്രേഡിൽ 21 കുട്ടികളും (ആകെ 42) പരിശീലനം നടത്തുന്നു.

ഇലക്ട്രീഷ്യൻ കോഴ്സിന്റെ കാലാവധി രണ്ടുവർഷവും കാർപ്പെന്ററി, പ്ലംബർ ട്രേഡുകളുടെ പരിശീലന കാലാവധി ഒരു വർഷവുമാണ്.

കാർപ്പെന്ററി, ഇലക്ട്രീഷ്യൻ ട്രേഡുകൾക്ക് എൻ.സി.വി.ടി. അംഗീകാരവും പ്ലംബർ ട്രേഡിന് എസ്.സി.വി.ടി. അംഗീകാരവുമുണ്ട്.

വ്യാവസായിക പരിശീലന വകുപ്പ് പ്രസ്തുത ഐ.ടി.ഐ. കൾ ഏറ്റെടുക്കുന്ന പക്ഷം ഐ.ടി.ഐ.കളിലെ അടിസ്ഥാന സൗകര്യവികസനം, കാര്യക്ഷമമായ പരിശീലനം എന്നിവ നടപ്പിലാക്കുന്നതിനും സ്ഥിരം ജീവനക്കാരെ നിയമിക്കുന്നതിനുമുള്ള നടപടികൾ വ്യാവസായിക പരിശീലന വകുപ്പ് കൈക്കൊള്ളുന്നതാണ്.

## ആദിവാസികൾക്കിടയിലെ പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിന് നടപടി

29 (4585) ശ്രീമതി ഇ.എസ്.ബിജിമോൾ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. ഇ. കെ. വിജയൻ :
ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസികൾക്കിടയിലെ പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് നടപ്പാക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(ബി) ആദിവാസികൾക്കിടയിലെ പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിന് വേണ്ടി ആരംഭിച്ച കമ്മ്യൂണിറ്റി കിച്ചൻ പദ്ധതിയെക്കുറിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; ഇപ്പോഴും ഈ പദ്ധതി തുടരുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി ഏതൊക്കെ ഏജൻസികളെയാണ് ചുമതലപ്പെടുത്തിയിരുന്നതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) പട്ടികവർഗ്ഗക്കാർക്കിടയിൽ കണ്ടുവരുന്ന പോഷകാഹാരക്കുറവ് മൂലമുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പ്, സാമൂഹ്യനീതി വകുപ്പ്, ആരോഗ്യ വകുപ്പ് എന്നിവ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു.

പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിൽ ഭക്ഷ്യ സഹായപദ്ധതി, ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കുമായി ജനനി-ജന്മരക്ഷാ പദ്ധതി എന്നിവ നടപ്പിലാക്കി വരുന്നു. സാമൂഹ്യനീതി വകുപ്പിനുകീഴിൽ അംഗൻവാടി മുഖേന ഗർഭിണികൾക്കും കുട്ടികൾക്കും പ്രത്യേകം പോഷകാഹാരം നൽകുന്ന പദ്ധതി, പ്രീ-സ്കൂൾ കുട്ടികൾക്ക് പാൽ, മുട്ട എന്നിവ വിതരണം ചെയ്യുന്ന പദ്ധതി, ശിശുക്കൾക്കായി അമൃതം ന്യൂട്രിമിക്സ് വിതരണം ചെയ്യുന്ന പദ്ധതി എന്നിവയും നടപ്പാക്കുന്നു. പെൺകുട്ടികൾക്ക് പൂരക പോഷകാഹാരം വിതരണം ചെയ്യുന്ന ശബല പദ്ധതിയും പോഷകാഹാര അപര്യാപ്തതയുള്ളവരെ കണ്ടെത്തി സപ്ലിമെന്ററി ന്യൂട്രീഷ്യൻ പ്രോഗ്രാം പദ്ധതിയും നടപ്പിലാക്കി വരുന്നു.

മേൽപ്പറഞ്ഞവ കൂടാതെ ആദിവാസി ശിശുമരണങ്ങൾ കൂടുതലായി കണ്ടെത്തിയിട്ടുള്ള അട്ടപ്പാടി മേഖലയിൽ ആരോഗ്യ വകുപ്പിനുകീഴിൽ മൂന്ന് ന്യൂട്രീഷ്യൻ റീഹാബിലിറ്റേഷൻ സെന്ററുകൾ പ്രവർത്തിക്കുന്നു. പ്രസ്തുത സെന്ററുകളിൽ പോഷകാഹാരക്കുറവുള്ളവരെ കണ്ടെത്തി സെന്ററുകളിൽ കൊണ്ടുവന്ന് ആവശ്യമായ പരിചരണവും ചികിത്സയും നൽകുന്നു.

പട്ടികവർഗ്ഗ വികസന വകുപ്പിന്റെയും സാമൂഹ്യനീതി വകുപ്പിന്റെയും സംയുക്താഭിമുഖ്യത്തിൽ അട്ടപ്പാടി മേഖലയിൽ കമ്മ്യൂണിറ്റി കിച്ചനുകളും പ്രവർത്തിക്കുന്നു. പോഷകാഹാരക്കുറവുമൂലം ഉണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങൾ തരണം ചെയ്യുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പ്, ആരോഗ്യ വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ് എന്നിവയുടെ സഹായത്തോടെ കൗൺസലിംഗും ബോധവൽക്കരണ പരിപാടികളും സംഘടിപ്പിച്ചുവരുന്നു.

(ബി) ഉണ്ട്. തുടരുന്നുണ്ട്.

2013-ൽ സാമൂഹ്യനീതി വകുപ്പിന്റെ ആഭിമുഖ്യത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പ്, സാമൂഹ്യ സുരക്ഷാമിഷൻ, കുടുംബശ്രീ മിഷൻ എന്നിവയുടെ സഹകരണത്തോടെ അട്ടപ്പാടിയിലെ 192 ഊരുകളിൽ പോഷകാഹാരക്കുറവ് പരിഹരിക്കുക എന്ന ലക്ഷ്യത്തോടുകൂടിയാണ് കമ്മ്യൂണിറ്റി കിച്ചൻ പദ്ധതി ആരംഭിച്ചത്. ഗുണമേന്മയുള്ള ഭക്ഷണം പാചകം ചെയ്ത് ഊരുകളിൽ ലഭ്യമാക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ആദ്യഘട്ടത്തിൽ ഐ.സി.ഡി.എസ്. മുഖേനയാണ് നടപ്പിലാക്കിയിരുന്നത്. എന്നാൽ ഈ പദ്ധതിക്ക് വിവിധ കാരണങ്ങളാൽ പോരായ്മകൾ സംഭവിക്കുകയും പല ഊരുകളിലും കമ്മ്യൂണിറ്റി കിച്ചന്റെ പ്രവർത്തനം നിലയ്ക്കുന്ന അവസ്ഥ ഉണ്ടാകുകയും ചെയ്തു. അവശ്യ സാധനങ്ങളുടെ ദൗർലഭ്യം, പദ്ധതിയുടെ തുടക്കത്തിലെ ബാലാരിഷ്ടതകൾ എന്നിവ പദ്ധതി പൂർണ്ണതോതിൽ പ്രാവർത്തികമാക്കുന്നതിന് തടസ്സം സൃഷ്ടിച്ചു.

പോരായ്മകൾ പരിഹരിച്ച് പദ്ധതി മുടക്കമില്ലാതെ തുടർന്നുകൊണ്ടുപോകുന്നതിന് നിലവിൽ കുടുംബശ്രീയെയാണ് ചുമതല ഏൽപ്പിച്ചിരിക്കുന്നത്. 192 ഊരുകളിലും പദ്ധതി മുടക്കമില്ലാതെ നടപ്പിലാക്കുന്നതിനായി 3.5 കോടി രൂപ ഈ സാമ്പത്തിക വർഷം പട്ടികവർഗ്ഗ വികസനവകുപ്പ് സാമൂഹ്യനീതി വകുപ്പിന് അനുവദിച്ച് നൽകിയിട്ടുണ്ട്. 93 ഊരുകളിൽ കമ്മ്യൂണിറ്റി കിച്ചനുകൾ നിലവിൽ പ്രവർത്തിക്കുന്നു. ബാക്കിയുള്ള 99 ഊരുകളിൽ കൂടി പദ്ധതി ആരംഭിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) കമ്മ്യൂണിറ്റി കിച്ചൻ പദ്ധതിയുടെ നടത്തിപ്പിനായി സർക്കാർ ഏജൻസിയായ കുടുംബശ്രീയെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്.

## കുറിച്ചി സചിവോത്തമപുരം കോളനി നിർമ്മാണം

30 (4586) ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിൽ സ്വയം പര്യാപ്ത ഗ്രാമം പദ്ധതിയിൽപ്പെടുത്തി നിർമ്മാണം നടക്കുന്ന കുറിച്ചി സചിവോത്തമപുരം കോളനിയിലെ ജോലി പൂർത്തീകരിക്കുന്നതിൽ ഉണ്ടായിട്ടുള്ള കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ കാര്യത്തിൽ എന്തു നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കുറിച്ചി സചിവോത്തമപുരം കോളനിയിലെ വികസന പ്രവർത്തനങ്ങൾ നടത്തുന്നതിന് കേരള ലാന്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ ആദ്യം തയ്യാറാക്കി സമർപ്പിച്ച എസ്റ്റിമേറ്റ് അംഗീകരിച്ച് ജോലികൾ ആരംഭിച്ചുവെങ്കിലും കോളനിക്കാരുടെ ആവശ്യപ്രകാരം പ്രവൃത്തികളിൽ ഇടയ്ക്കുവച്ച് മാറ്റങ്ങൾ വരുത്തേണ്ടിവന്നു. അപ്രകാരം തയ്യാറാക്കിയ എസ്റ്റിമേറ്റ് ഡയറക്ടർ പരിശോധിച്ചു വരുന്നു. ടി എസ്റ്റിമേറ്റ് അംഗീകരിച്ചശേഷം പ്രവൃത്തികൾ അടിയന്തിരമായി പൂർത്തീകരിക്കുന്നതിന് ബന്ധപ്പെട്ട ഏജൻസിക്ക് നിർദ്ദേശം നൽകുന്നതാണ്.

## പി.കെ. കാളൻ കുടുംബ പദ്ധതി

31 (4587) ശ്രീ. ഐ.സി.ബാലകൃഷ്ണൻ :
ശ്രീ. വി. പി.സജീന്ദ്രൻ :
ശ്രീ. അനിൽ അക്കര :
ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസി കുടുംബങ്ങൾക്കായി പി. കെ. കാളൻ കുടുംബ പദ്ധതി ആരംഭിച്ചിട്ടുണ്ടോ;

(ബി) ഈ പദ്ധതിയുടെ ലക്ഷ്യങ്ങൾ വിശദമാക്കുമോ; ഇതിനായി എത്ര കോടി രൂപ വകയിരുത്തിയിട്ടുണ്ട്?

ഉത്തരം

(എ) ആദിവാസി കുടുംബങ്ങൾക്കായി പി. കെ. കാളൻ പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രോജക്ട് ആവിഷ്കരിച്ചുവരുന്നു.

(ബി) ആദിവാസി മേഖലകൾക്ക് പുറത്ത് എല്ലാ ജില്ലകളിലും ചിന്നിച്ചിതറി താമസിക്കുന്ന ഒറ്റപ്പെട്ട ആദിവാസി കുടുംബങ്ങളുടെ സമഗ്ര വികസനത്തിന് മൈക്രോ പ്ലാനുകൾ തയ്യാറാക്കി ഇത്തരം കുടുംബങ്ങളെ ദാരിദ്ര്യത്തിൽ നിന്ന് കരകയറ്റുക എന്നതാണ് പി.കെ. കാളൻ കുടുംബ പദ്ധതികൊണ്ട് ലക്ഷ്യമിടുന്നത്. ഇതിനായി നടപ്പ് സാമ്പത്തിക വർഷത്തെ എ.ടി.എസ്.പി. പദ്ധതിയിൽ 25 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

## ലംപ്സം ഗ്രാന്റ് തുക

32 (4588) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് (എൽ.പി., യു.പി., എച്ച്.എസ്. വിഭാഗം) നൽകുന്ന ലംപ്സം ഗ്രാന്റ് തുക എത്രയാണ്;

(ബി) ഇതേ വിഭാഗത്തിൽപ്പെടുന്ന ഒ.ബി.സി., ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് ലഭിക്കുന്ന തുക എത്രയാണ്;

(സി) പ്രസ്തുത തുകകൾ തമ്മിലുള്ള വ്യത്യാസം പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) ലംപ്സം ഗ്രാന്റ് തുകകൾ വർദ്ധിപ്പിക്കുന്നതിന് ആലോചിക്കുന്നുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) എൽ.പി. മുതൽ ഹൈസ്കൂൾ വിഭാഗംവരെയുള്ള പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് നൽകുന്ന ലംപ്സം ഗ്രാന്റ് തുകയുടെ വിവരം ചുവടെ ചേർക്കുന്നു:

എൽ.പി. വിഭാഗം - 320 രൂപ

യു.പി. വിഭാഗം - 630 രൂപ

എച്ച്.എസ്. വിഭാഗം - 940 രൂപ

ഇതിൽ 1 മുതൽ 4 വരെയുള്ള വിദ്യാർത്ഥികൾക്ക് പ്രതിവർഷം 2000 രൂപ വരെ പ്രൈമറി എഡ്യൂക്കേഷൻ എയ്ഡ് നൽകി വരുന്നുണ്ട്.

| | | | |
|---|---|---|---|
| (ബി) | I മുതൽ V വരെ | - | 750 രൂപ |
| | VI മുതൽ VIII വരെ | - | 900 രൂപ |
| | IX, X | - | 1000 രൂപ |

എന്നിങ്ങനെ പ്രതിവർഷം 44500 രൂപ വരുമാന പരിധിയിൽ ഒ.ബി.സി. വിദ്യാർത്ഥികൾക്ക് നൽകിവരുന്നു. ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് ലംപ്സം ഗ്രാന്റ് നൽകുന്നില്ല.

(സി) വ്യത്യസ്ത മാനദണ്ഡങ്ങൾ അനുസരിച്ചാണ് SC/ST, OBC ന്യൂനപക്ഷ ആനുകൂല്യങ്ങൾ നൽകി വരുന്നത്. ഇവ ഏകീകരിക്കുന്നതിനെപ്പറ്റി ആലോചിച്ചിട്ടില്ല.

(ഡി) ആലോചിക്കുന്നുണ്ട്. നിലവിലുള്ള നിരക്ക് 25 ശതമാനം വർദ്ധിപ്പിച്ചു. ഇനി 25 ശതമാനം കൂടി വർദ്ധിപ്പിച്ച് നിരക്കിന്റെ 50 ശതമാനം വർദ്ധിപ്പിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

## ന്യൂനപക്ഷ വികസന കോർപ്പറേഷൻ ധനസഹായം

33 (4589) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> :
<u>ശ്രീ. എ. പി. അനിൽ കുമാർ</u> :
<u>ശ്രീ. അൻവർ സാദത്ത്</u> :
<u>ശ്രീ. ഷാഫി പറമ്പിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉപേക്ഷിക്കപ്പെട്ടതോ, വിവാഹമോചനം നടത്തിയതോ, വിധവകളോ ആയ സ്ത്രീകൾക്ക് വീട് വയ്ക്കുന്നതിന് ന്യൂനപക്ഷ വികസന കോർപ്പറേഷൻ ധനസഹായം നൽകുന്ന പദ്ധതി നിലവിലുണ്ടോ;

(ബി) എത്ര രൂപ ധനസഹായം നൽകും, ഏത് ഏജൻസി വഴിയാണ് പദ്ധതി നടപ്പിലാക്കുന്നത്;

(സി) സ്വന്തമായി സ്ഥലം ഇല്ലാത്തവരെയും ഈ പദ്ധതിയിൽ പരിഗണിക്കുമോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ-സി) ഉപേക്ഷിക്കപ്പെട്ടതോ വിവാഹമോചനം നടത്തിയതോ വിധവകളോ ആയ സ്ത്രീകൾക്ക് വീട് വയ്ക്കുന്നതിന് ന്യൂനപക്ഷ വികസന കോർപ്പറേഷൻ മുഖേന ധനസഹായം നൽകുന്ന പദ്ധതി നിലവിലില്ല. എന്നാൽ മേൽ വിഭാഗത്തിൽപ്പെട്ട ന്യൂനപക്ഷ സമുദായാംഗങ്ങൾക്ക് ന്യൂനപക്ഷ ക്ഷേമ വകുപ്പ് മുഖേന ഭവന

നിർമ്മാണത്തിന് വീടൊന്നിന് രണ്ടര ലക്ഷം രൂപ ക്രമത്തിൽ ധനസഹായം നൽകുന്ന പദ്ധതി നിലവിലുണ്ട്. സ്വന്തം പേരിൽ രണ്ട് സെന്റ് ഭൂമിയെങ്കിലും ഉള്ളവരെയാണ് ടി പദ്ധതിയിൽ ധനസഹായം നൽകുന്നതിനായി പരിഗണിക്കുന്നത്.

## കാസർഗോഡ് നിയോജകമണ്ഡലത്തിലെ പട്ടികജാതി-പട്ടികവർഗ്ഗ കോളനികൾ

34 (4590) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് നിയോജകമണ്ഡലത്തിലെ പട്ടികജാതി-പട്ടികവർഗ്ഗ കോളനികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കോളനികളിൽ താമസിക്കുന്ന കുടുംബങ്ങളുടെ എണ്ണം എത്രയാണെന്ന് വ്യക്തമാക്കുമോ;

(സി) ടി കോളനികളിൽ ഇതുവരെ നടപ്പിലാക്കിയ വികസന/ക്ഷേമ പ്രവർത്തനങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ഡി) ഈ കോളനികളിൽ അല്ലാതെ കാസർഗോട് നിയോജകമണ്ഡലത്തിലെ മറ്റു സ്ഥലങ്ങളിൽ താമസിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ കുടുംബങ്ങളുടെ കണക്ക് വ്യക്തമാക്കുമോ?

### ഉത്തരം

(എ) കാസർഗോഡ് നിയോജകമണ്ഡലത്തിലെ പട്ടികജാതി പട്ടികവർഗ്ഗ കോളനികളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.*

(ബി) പ്രസ്തുത കോളനികളിൽ താമസിക്കുന്ന കുടുംബങ്ങളുടെ എണ്ണം - 4918 (പട്ടികജാതി കുടുംബങ്ങൾ - 2340, പട്ടികവർഗ്ഗ കുടുംബങ്ങൾ 1578)

(സി) ടി. കോളനികളിൽ ഇതുവരെ നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങൾ

1. ഭവന നിർമ്മാണം
2. ഭവന പുനരുദ്ധാരണം
3. ഫുട്പാത്ത് ആന്റ് ഡ്രെയിനേജ്
4. റോഡ് ടാറിംഗ്/ഇംപ്രൂവ്മെന്റ്
5. കുടിവെള്ള പദ്ധതികൾ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ക്ഷേമ പ്രവർത്തനങ്ങൾ

1. വിദ്യാഭ്യാസ സ്കോളർഷിപ്പുകൾ
2. ചികിത്സാ ധനസഹായ പദ്ധതി
3. വിവാഹ ധനസഹായ പദ്ധതി
4. വിദ്യാഭ്യാസാനുകൂല്യങ്ങൾ
5. ജനനീ ജന്മ രക്ഷ

(ഡി) കോളനികളിൽ അല്ലാതെ കാസർഗോഡ് നിയോജകമണ്ഡലത്തിലെ മറ്റു സ്ഥലങ്ങളിൽ താമസിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ കുടുംബങ്ങളുടെ എണ്ണം 848.

**ഭവനരഹിതരായ പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങൾ**

35 (4591) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭവനരഹിതരായ എത്ര പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങളാണ് സംസ്ഥാനത്തുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഇവർക്ക് വീട് നിർമ്മിച്ച് നൽകാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് നിലവിൽ ഭവനരഹിതരായ 26210 പട്ടികജാതി കുടുംബങ്ങളും 15149 പട്ടികവർഗ്ഗ കുടുംബങ്ങളുമുണ്ട്.

(ബി) ഭവനരഹിതരായ പട്ടികജാതി വിഭാഗക്കാർക്ക് വീട് നിർമ്മിക്കുന്നതിന് പട്ടികജാതി വികസന വകുപ്പിന്റെ ഭവന നിർമ്മാണ ധനസഹായ പദ്ധതി പ്രകാരം മൂന്ന് ലക്ഷം രൂപ അനുവദിച്ചു നൽകുന്നുണ്ട്. ഓരോ വർഷവും ഇതിലേയ്ക്ക് നിശ്ചിത തുക ബജറ്റിൽ വകയിരുത്തുകയും നിശ്ചിത എണ്ണം പട്ടികജാതി വിഭാഗക്കാർക്ക് വീട് നിർമ്മിക്കുന്നതിന് ടാർജറ്റ് നിശ്ചയിച്ചു നൽകുകയും ആയതിൻപ്രകാരം ധനസഹായം അനുവദിച്ചു നൽകുകയും ചെയ്യുന്നു. 2016-17 വർഷം 7500 പട്ടികജാതി കുടുംബങ്ങൾക്ക് ഭവന നിർമ്മാണ ധനസഹായം അനുവദിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ബ്ലോക്ക് പഞ്ചായത്ത് സ്ഥാപനങ്ങൾ മുഖേന ഐ.എ.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി പട്ടികജാതി വിഭാഗക്കാർക്ക് ഭവനനിർമ്മാണ ധനസഹായം അനുവദിച്ചുവരുന്നുണ്ട്.

സംസ്ഥാനത്തെ ഭവനരഹിതരായ മുഴുവൻ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും വീട് അനുവദിക്കുന്നതിനായി സമ്പൂർണ്ണ ഭവന നിർമ്മാണ പദ്ധതി നടപ്പിലാക്കി വരുന്നു. ടി പദ്ധതിയിലുൾപ്പെടുത്തി ജനറൽ ഹൗസിംഗ്, ഹഡ്കോ ഭവനനിർമ്മാണ പദ്ധതി, എ.ടി.എസ്.പി. ഭവന നിർമ്മാണ പദ്ധതി എന്നിവ പ്രകാരം സംസ്ഥാനത്തെ ഭവനരഹിതരും അർഹരുമായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് മുൻഗണനാക്രമത്തിൽ വീട് അനുവദിച്ചുവരുന്നു. കൂടാതെ ഗ്രാമവികസന വകുപ്പ് മുഖാന്തരം ഐ.എ.വൈ., ഇ.എം.എസ്. പദ്ധതിപ്രകാരവും വീടുകൾ അനുവദിച്ചുവരുന്നു.

## പ്രീ-മെട്രിക്/പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ, മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ എന്നിവയുടെ നവീകരണം

36 (4592) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ, പ്രീ-മെട്രിക്/ പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ എന്നിവയിൽ കുട്ടികളുടെ പഠനസഹായത്തിനും ആരോഗ്യ സംരക്ഷണത്തിനും മറ്റു കാര്യങ്ങൾക്കുമായി നിലവിൽ നടത്തി വരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാം; വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ഹോസ്റ്റലുകളിൽ മതിയായ ട്യൂട്ടർമാരുൾപ്പെടെയുള്ള ജീവനക്കാരുടെ അഭാവവും ജീവനക്കാർ കുട്ടികളോടുള്ള പെരുമാറ്റത്തിൽ കാണിയ്ക്കുന്ന അലംഭാവവും കുറ്റകരമായ പ്രവൃത്തികളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(സി) പ്രസ്തുത പരാതികൾ പരിഹരിയ്ക്കാനും കുറ്റക്കാർക്ക് ശിക്ഷ ഉറപ്പു വരുത്താനും ഈ സർക്കാർ എന്തു നടപടികൾ സ്വീകരിച്ചു വരുന്നുവെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പ്രീ-മെട്രിക് / പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ, മോഡൽ റസിഡൻഷ്യൻ സ്കൂളുകൾ എന്നിവയുടെ ആധുനീകരണത്തിനും നവീകരണത്തിനുമായി ഈ സർക്കാർ എന്ത് തുക നീക്കി വച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) പട്ടികജാതി വികസന വകുപ്പിൽ വിദ്യാർത്ഥികളുടെ പഠനസഹായത്തിനായി 5, 6, 7 ക്ലാസ്സുകളിൽ ഒന്നുവീതവും ഹൈസ്കൂൾ വിഭാഗത്തിൽ സയൻസ് (2)കണക്ക് (1) ഹിന്ദി (1) ഇംഗ്ലീഷ് (1) സോഷ്യൽ സ്റ്റഡീസ് (1) വീതവും ട്യൂട്ടർമാരുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിൽ പഠനസഹായത്തിനായി റസിഡന്റ് ട്യൂട്ടർമാരുടെ സേവനം ഉറപ്പാക്കിയിട്ടുണ്ട്. ഹോസ്റ്റൽ അന്തേവാസികളുടെ

ആരോഗ്യസംരക്ഷണത്തിനായി ന്യൂട്രീഷ്യൻ ബോർഡിന്റെ മെനു അനുസരിച്ച് ഭക്ഷണവും നൽകിവരുന്നു. കൂടാതെ ഹോസ്റ്റലും പരിസരവും വൃത്തിയായി സൂക്ഷിക്കുന്നു. വ്യക്തി ശുചിത്വം പാലിക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. പെൺകുട്ടികളുടെ ഹോസ്റ്റലിൽ സാനിട്ടറി നാപ്കിൻ ഡിസ്പോസർ സ്ഥാപിച്ചിട്ടുണ്ട്.

പ്രീ-മെട്രിക് ഹോസ്റ്റലുകളിൽ ഭക്ഷണത്തിനായി ഒരു വിദ്യാർത്ഥിക്ക് പ്രതിമാസം 2,000 രൂപയും 130 രൂപ പോക്കറ്റ് മണിയും അനുവദിച്ചുവരുന്നു. കൂടാതെ യൂണിഫോം, ബാഗ്, ചെരുപ്പ് മുതലായവ വാങ്ങുന്നതിന് മറ്റ് അലവൻസുകൾ അനുവദിച്ചുവരുന്നു. പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളിൽ ഭക്ഷണത്തിനായി ഒരു വിദ്യാർത്ഥിക്ക് പ്രതിമാസം 2,300 രൂപയും 190 രൂപ പോക്കറ്റ് മണിയും അനുവദിച്ച് വരുന്നു. ഓണം,ക്രിസ്തുമസ് അവധിക്ക് വീട്ടിൽ പോയി വരുന്നതിന് യാത്രാക്കൂലിയും അനുവദിച്ചുവരുന്നു.

പട്ടികവർഗ്ഗ വിഭാഗത്തിൽ മോഡൽ റസിഡൻഷ്യൽ സ്കൂൾ, പ്രീ-മെട്രിക്/പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ എന്നിവയിൽ വിദ്യാർത്ഥികളുടെ പഠനസഹായത്തിനും അടിസ്ഥാനസൗകര്യ വികസനത്തിനുമായി വിവിധ പദ്ധതികൾ പട്ടികവർഗ്ഗ വികസനവകുപ്പ് ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു. എം.ആർ.എസ്.-ൽ കുട്ടികളുടെ പഠന സഹായത്തിനായി സ്കൂൾ പഠന സമയത്തിനുശേഷവും അദ്ധ്യാപകർ സ്പെഷ്യൽ ക്ലാസ്സുകൾ എടുത്തുവരുന്നു. 5, 6, 7 ക്ലാസ്സുകളിലെ പഠനത്തിൽ പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് സ്പെഷ്യൽ കോച്ചിംഗ് ക്ലാസ് നൽകിവരുന്നു. ഇംഗ്ലീഷ് ഭാഷയുടെ പഠനത്തിനായി സ്പോക്കൺ ഇംഗ്ലീഷ് ക്ലാസ്സും 5-ാം ക്ലാസ്സിലേയ്ക്ക് പ്രവേശനം നേടുന്ന വിദ്യാർത്ഥികൾക്ക് ഇംഗ്ലീഷ്, സയൻസ്, കണക്ക് എന്നീ വിഷയങ്ങൾക്ക് സ്പെഷ്യൽ ട്യൂഷനും നൽകിവരുന്നു. എം.ആർ.എസ്.-കളിലെ +1, +2 വിദ്യാർത്ഥികൾക്കായി എൻട്രൻസ് കോച്ചിംഗ് ക്ലാസ്സും നടത്തിവരുന്നു. വിദ്യാർത്ഥികളുടെ കലാകായികപരമായ വികസനത്തിനായി സംഗീതം, നൃത്തം, പി.ടി., ഡ്രോയിംഗ്, മാർഷ്യൽ ആർട്സ് എന്നിവയ്ക്ക് പ്രത്യേകം ടീച്ചർമാരുടെ സേവനം ലഭ്യമാണ്. വിദ്യാർത്ഥികളുടെ പഠന സഹായത്തിനായി മാനേജർ കം റസിഡൻഷ്യൽ ട്യൂട്ടറുടെ സേവനം എം.ആർ.എസ്.-ന്റെ ഹോസ്റ്റലുകളിലും ലഭ്യമാണ്. വിദ്യാർത്ഥികളുടെ മാനസിക പഠനനിലവാരം ഉയർത്തുന്നതിലേയ്ക്ക് ഹോസ്റ്റലുകളിലും എം.ആർ.എസ്.-കളിലും സ്റ്റുഡന്റ് കൗൺസിലർമാരെ നിയമിച്ചുവരുന്നുണ്ട്. പഠനനിലവാരം മെച്ചപ്പെടുത്തുന്നതിനായി സ്കൂൾ/ഹോസ്റ്റൽ എന്നിവിടങ്ങളിൽ ലൈബ്രറികൾ തുടങ്ങിയിട്ടുണ്ട്. അദ്ധ്യാപകരുടെ നേതൃത്വത്തിൽ രാത്രികാല പഠനം 6.30 മുതൽ 8 മണിവരെ നടത്തുന്നു. ഓരോ

ക്ലാസ്സിലും പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികളെ കണ്ടെത്തി അവർക്ക് പ്രത്യേക പഠന സഹായികളുപയോഗിച്ച് പഠന പ്രവർത്തനങ്ങൾ നടത്തിവരുന്നു. പഠന സഹായത്തിനായി പ്രീ-മെട്രിക് ഹോസ്റ്റലുകളിൽ പാർട്ട് ടൈം ട്യൂട്ടർമാരുടെയും വാർഡന്റെയും സഹായത്തോടെ ട്യൂഷൻ നൽകിവരുന്നു. ഹോസ്റ്റൽ ജീവനക്കാർ വിദ്യാർത്ഥികൾക്ക് പഠനത്തിനാവശ്യമായ അന്തരീക്ഷം ഹോസ്റ്റലുകളിൽ ഒരുക്കി നൽകുന്നു. എസ്.എസ്.എൽ.സി., +2, പരീക്ഷയ്ക്ക് മുമ്പായി ദ്വിദിന എക്സാം ഓറിയന്റേഷൻ ക്ലാസ് സംഘടിപ്പിക്കുന്നു. എസ്.എസ്.എൽ.സി., +2, വിദ്യാർത്ഥികൾക്ക് രാവിലെയും വൈകിട്ടും പ്രത്യേക പരിശീലനം നൽകുന്നു.

വിദ്യാർത്ഥികളുടെ ആരോഗ്യ സംരക്ഷണത്തിനായി പോഷകസമൃദ്ധവും രുചികരവുമായ രീതിയിൽ മെനു പ്രകാരം ഭക്ഷണം യഥാസമയത്ത് നൽകിവരുന്നു. രോഗം ബാധിച്ച വിദ്യാർത്ഥികളെ ഡോക്ടറെ കാണിച്ച് ചികിത്സ തേടുന്നു. രോഗികളായ അന്തേവാസികളെ നിരീക്ഷിക്കുന്നതിന് സിക്ക്റൂം സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. മാസത്തിലൊരിക്കൽ വകുപ്പിന്റെ മൊബൈൽ മെഡിക്കൽ യൂണിറ്റ് വിദ്യാലയങ്ങൾ സന്ദർശിച്ച് പരിശോധന നടത്തി മരുന്ന് വിതരണം ചെയ്യുന്നു. ഹെൽത്ത് ഇൻസ്പെക്ടർമാരുടെ സേവനം ആവശ്യമുള്ളപ്പോഴെല്ലാം ലഭ്യമാക്കുന്നുണ്ട്. എം.ആർ.എസ്. വിദ്യാർത്ഥിനികൾക്ക് ജൂനിയർ പബ്ലിക് ഹെൽത്ത് നെഴ്സുമാരുടെ സേവനവും വകുപ്പ് നൽകുന്നുണ്ട്. യഥാസമയം ഹോമിയോ ഡിപ്പാർട്ട്മെന്റിന്റെയും ആരോഗ്യവകുപ്പിന്റെയും പ്രതിരോധ മരുന്നുകൾ നൽകിവരുന്നു. കൗമാരപ്രായക്കാരായ പെൺകുട്ടികൾക്ക് ആരോഗ്യവകുപ്പ് (ആയുർവ്വേദം) " ഋതു" പ്രോജക്ട് നടത്തി പ്രശ്നപരിഹാരം നൽകിവരുന്നുണ്ട്. വിദ്യാർത്ഥികളുടെ ആരോഗ്യ സംരക്ഷണത്തിനായി പി.എസ്.സി./സി.എച്ച്.സി. മുഖേന മെഡിക്കൽ ക്യാമ്പുകളും ബോധവൽക്കരണ ക്ലാസ്സുകളും നടത്തി വരുന്നുണ്ട്. ആവശ്യമായ ഘട്ടങ്ങളിൽ ആശുപത്രികളിൽ ചികിത്സ ലഭ്യമാക്കുകയും ചികിത്സാ ചെലവ് വകുപ്പ് നൽകുകയും ചെയ്യുന്നുണ്ട്.

(ബി) പട്ടികജാതി വിഭാഗത്തിൽ ട്യൂട്ടർമാർ ഉൾപ്പെടെയുള്ള ജീവനക്കാരുടെ അഭാവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയത് നികത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. ജീവനക്കാർ കുട്ടികളോടുള്ള പെരുമാറ്റത്തിൽ കാണിക്കുന്ന അലംഭാവം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഹോസ്റ്റലുകളിൽ നിരുത്തരവാദപരമായ പ്രവൃത്തികൾ ശ്രദ്ധയിൽപ്പെട്ടാൽ ടി ജീവനക്കാർക്കെതിരെ തക്ക സമയത്ത് തന്നെ നടപടി സ്വീകരിക്കുന്നുമുണ്ട്.

പട്ടികവർഗ്ഗ വിഭാഗത്തിൽ ഹോസ്റ്റലുകളിൽ അന്തേവാസികളുടെ പഠനത്തിന് സഹായിക്കുന്നതിനായി മതിയായ ട്യൂട്ടർമാരുൾപ്പെടെ ജീവനക്കാരെ നിയമിച്ചിട്ടുണ്ട്.

ജീവനക്കാർ അന്തേവാസികളോടുള്ള പെരുമാറ്റത്തിൽ അലംഭാവം കാണിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) പട്ടികജാതി വിഭാഗത്തിൽ ഗുരുതരമായ കൃത്യവിലോപം നടത്തിയിട്ടുള്ള ജീവനക്കാർക്ക് സസ്പെൻഷൻ അടക്കമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

പട്ടികവർഗ്ഗ വിഭാഗത്തിൽ അന്തേവാസികളോട് അനുഭാവപൂർവ്വം പെരുമാറുന്നതിന് ജീവനക്കാർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. വീഴ്ച വരുത്തുന്ന ജീവനക്കാർക്കെതിരെ നിയമാനുസൃതമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) പട്ടികജാതി വകുപ്പിന്റെ മൊത്തം സ്ഥാപനങ്ങളുടെ നവീകരണത്തിനായി 2016-17 വർഷം 4225-01-800-89(1) ശീർഷകത്തിൽ 1,500 ലക്ഷം രൂപയും 2225-01-277-57-34(പി) എന്ന ശീർഷകത്തിൽ 300 കോടി രൂപയും എം.ആർ.എസ്. നവീകരണത്തിനായി 2225-01-277-58 (പി) എന്ന ശീർഷകത്തിൽ 1,500 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. ജില്ലാ പട്ടികജാതി വികസന ഓഫീസർമാരുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ആവശ്യാനുസരണം തുക ചെലവഴിച്ച് വരുന്നുമുണ്ട്.

പ്രീ-മെട്രിക് ഹോസ്റ്റലുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് കൈമാറിയ പദ്ധതിയായതിനാൽ പ്രീ-മെട്രിക് ഹോസ്റ്റലുകളുടെ പുരോഗതിക്കായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

പട്ടികവർഗ്ഗ വിഭാഗത്തിൽ പ്രീ-മെട്രിക്/പോസ്റ്റ്മെട്രിക് ഹോസ്റ്റലുകൾ, എം.ആർ.എസ്., എന്നിവയുടെ പ്രവർത്തനത്തിനും ആധുനീകരണത്തിനും നവീകരണത്തിനുമായി നടപ്പ് സാമ്പത്തികവർഷം വിവിധ ശീർഷകങ്ങളിൽ 57,25,00,000 രൂപ (അമ്പത്തിയേഴ് കോടി ഇരുപത്തിയഞ്ച് ലക്ഷം രൂപ മാത്രം) വിവിധ ശീർഷകങ്ങളിലായി നീക്കിവച്ചിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 1 | 2225-02-277-49-Management cost for MRS | 50,00,00,000 |
| 2 | 2225-02-277-73-Post matric hostels | 1,25,00,000 |
| 3 | 2225-02-277-52-Improving facilities of hosters | 5,00,00,000 |
| 4 | 2225-02-102-800-VKY | 1,00,00,000 |
| | TOTAL | Rs. 57,25,00,000 |

ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ ബജറ്റ് പ്രസംഗത്തിനനുസരിച്ച് പട്ടികവർഗ്ഗ വികസനവകുപ്പിന് കീഴിലുള്ള എം.ആർ.എസ്. ഹോസ്റ്റലുകളുടെ നവീകരണത്തിനായി 100 കോടി രൂപയുടെ പദ്ധതികൾ KIIFB യിൽ സമർപ്പിച്ചിട്ടുണ്ട്.

**ആദിവാസികൾക്ക് ഭൂമി**

37 (4593) <u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പെട്ട ആദിവാസി കുടുംബങ്ങൾക്ക് മൈക്രോ പ്ലാനുകൾ നടപ്പിലാക്കാൻ തുടങ്ങിയ പി. കെ. കാളൻ കുടുംബ പദ്ധതി പ്രവർത്തനം ഇപ്പോൾ ഏതു ഘട്ടത്തിലാണ്; വിശദാംശം വ്യക്തമാക്കുമോ;

(ബി) ആദിവാസികൾക്ക് എത്ര ഏക്കർ ഭൂമി വീതം നല്കാനാണ് ഈ സർക്കാർ ഉദ്ദേശിക്കുന്നതെന്നും, ഇതിനായി എത്ര തുക വകയിരുത്തി, എന്തു നടപടികൾ സ്വീകരിച്ചുവരുന്നു എന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ;

(സി) പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് ഭൂമിവാങ്ങുവാനും ഭവന നിർമ്മാണത്തിനും എന്തു പദ്ധതികളാണ് പ്രഖ്യാപിച്ചത് എന്നും, എത്ര തുക ഇതിനായി വകയിരുത്തിയിട്ടുണ്ട് എന്നും, നാളിതുവരെ എന്തു നടപടികൾ സ്വീകരിച്ചു എന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഒറ്റപ്പെട്ട് താമസിക്കുന്ന ആദിവാസി കുടുംബങ്ങൾക്കായി പി. കെ. കാളൻ പദ്ധതി നടപ്പിലാക്കുന്നതിനുള്ള രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്.

(ബി) ഭൂരഹിത പട്ടികവർഗ്ഗക്കാർക്ക് ഒരേക്കറിൽ കുറയാതെയും ഭൂമിയുടെ ലഭ്യതയ്ക്ക് അനുസരിച്ച് പരമാവധി 5 ഏക്കർ വരെയും നൽകുന്ന പദ്ധതിയാണ് ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന നടപ്പിലാക്കി വരുന്നത്. ഭൂമി ഒട്ടും ലഭ്യമല്ലാത്ത സ്ഥലങ്ങളിൽ ഗുണഭോക്താക്കളുടെ കൂടി സമ്മതത്തോടെ ഒരു ഏക്കറിൽ കുറച്ച് ഭൂമിയും നൽകിയിട്ടുണ്ട്. 25 സെന്റിൽ കുറയാതെയും ഒരു ഏക്കറിൽ കവിയാതെയും പരമാവധി 10 ലക്ഷം രൂപയിൽ അധികരിക്കാത്ത ഭൂമി വിലയ്ക്ക് വാങ്ങി നൽകുന്ന പദ്ധതിയും ഇപ്പോൾ നടപ്പിലാക്കി വരുന്നുണ്ട്. ഒരേക്കർ എങ്കിലും ഭൂമി നൽകുന്നതിനായി നടപ്പ് സാമ്പത്തികവർഷം 42 കോടി രൂപ ഭൂമി വാങ്ങുന്നതിനും ഇപ്രകാരം ലഭ്യമാക്കുന്ന ഭൂമിയിലെ അടിസ്ഥാന സൗകര്യ വികസനത്തിനും വകയിരുത്തിയിട്ടുണ്ട്.

(സി) ഭൂരഹിത പട്ടികവർഗ്ഗക്കാർക്ക് പത്ത് ലക്ഷം രൂപയ്ക്ക് 25 സെന്റിൽ കുറയാതെ ഒരു ഏക്കർ വരെ ഭൂമി വാങ്ങി നൽകുന്ന പദ്ധതി നടപ്പിലാക്കി വരുന്നു. കൂടാതെ 2016-17 സാമ്പത്തിക വർഷം ഭൂമി വാങ്ങുന്നതുൾപ്പെടെയുള്ള പുനരധിവാസ പ്രവർത്തനങ്ങൾക്കായി 42 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. നാളിതുവരെ ഭൂരഹിതരായ 558 പട്ടികവർഗ്ഗക്കാർക്ക് ഭൂമി വാങ്ങുന്നതിനായി (194.458 ഏക്കർ) 51,03,37,089 രൂപ ചെലവഴിച്ചിട്ടുണ്ട്. ഭവന നിർമ്മാണത്തിനായി ജനറൽ ഹൗസിംഗ്, എ.ടി.എസ്.പി., ഹഡ്കോ എന്നീ പദ്ധതികൾ മുഖേന 3.50 ലക്ഷം രൂപാ വീതം ഗ്രാന്റായി അനുവദിച്ചുവരുന്നു. പട്ടികവർഗ്ഗക്കാരുടെ ഭവന നിർമ്മാണത്തിനായി 2016-17 വർഷം 50 കോടി രൂപ ജനറൽ ഹൗസിംഗിനും 150 കോടി രൂപ എ.ടി.എസ്.പി. ഹൗസിംഗിനും വകയിരുത്തിയിട്ടുണ്ട്. 5,000 വീടുകൾ നിർമ്മിക്കുന്നതിനായി ഹഡ്കോയിൽ നിന്നും 135 കോടി രൂപ വായ്പയെടുത്തിട്ടുണ്ട്. ഹഡ്കോയിൽ നിന്നും ആദ്യ ഗഡുവായി ലഭിച്ച 50 കോടി രൂപ ഉപയോഗിച്ച് 2015-16 സാമ്പത്തിക വർഷം 2,000 വീടുകൾ സംസ്ഥാനത്തൊട്ടാകെ അനുവദിച്ചിട്ടുണ്ട്. നടപ്പുസാമ്പത്തിക വർഷം ഹഡ്കോ ഭവന നിർമ്മാണപദ്ധതി പ്രകാരം ഭവനരഹിതരായ പട്ടികവർഗ്ഗക്കാർക്ക് 3000 വീടുകളും ജനറൽ ഹൗസിംഗ് പദ്ധതി പ്രകാരം 2,000 വീടുകളും അനുവദിക്കുന്നതിനായി ലക്ഷ്യമിടുന്നു. നടപ്പ് സാമ്പത്തിക വർഷം ജനറൽ ഹൗസിംഗ്, എ.ടി.എസ്.പി. ഭവന നിർമ്മാണം എന്നിവയ്ക്കായി വകയിരുത്തിയിട്ടുള്ള തുക മുൻവർഷം അനുവദിച്ച വീടുകളുടെ പൂർത്തീകരണത്തിനായി ചെലവഴിച്ചുവരുന്നു.

**പിന്നോക്ക വിഭാഗങ്ങളുടെ സമഗ്ര വികസനം**

38 (4594) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിന്നോക്കവിഭാഗങ്ങളുടെ ത്വരിത ഗതിയിലുള്ള സാമൂഹ്യ, സാമ്പത്തിക വളർച്ചയ്ക്ക് മുഖ്യതടസ്സം വിദ്യാഭ്യാസ പിന്നോക്കാവസ്ഥയാണെന്ന് മനസ്സിലാക്കി, അവരുടെ വിദ്യാഭ്യാസ വികസനത്തിന് പ്രാമുഖ്യം നൽകുവാൻ നടപടി സ്വീകരിക്കുമോ;

(ബി) പിന്നോക്ക വിഭാഗങ്ങളായ പട്ടികജാതി - പട്ടികവർഗ്ഗം, ഒ.ബി.സി., ഒ.ഇ.സി., വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പും സഹായവും തൊഴിലവസരവും വർദ്ധിപ്പിയ്ക്കുവാൻ പുതിയ പദ്ധതികൾ ആവിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) കേരള സംസ്ഥാന പിന്നോക്ക വികസന കോർപ്പറേഷൻ, കേരള സ്റ്റേറ്റ് ഡെവലപ്മെൻറ് കോർപ്പറേഷൻ ഫോർ ക്രിസ്ത്യൻ കൺവേർട്ട്സ് ഫ്രം എസ്.സി. ആന്റ് അതർ റെക്കമൻഡഡ് കമ്മ്യൂണിറ്റീസ് എന്നിവ മുഖാന്തരം നൽകിവരുന്ന ധനസഹായത്തിന്റെ തോത് കുറവാണെന്നത് മനസ്സിലാക്കി സഹായത്തിന്റെ വ്യാപ്തി കൂട്ടുതലാക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിയ്ക്കുമോ; വിശദമാക്കുമോ?

ഉത്തരം

(എ) പിന്നോക്ക വിഭാഗങ്ങളുടെ വിദ്യാഭ്യാസ പുരോഗതിക്കായി വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

(ബി) പട്ടികജാതി-പട്ടികവർഗ്ഗം, മറ്റ് അർഹ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ആനുകൂല്യം 25 ശതമാനം വർദ്ധിപ്പിച്ചുകൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്. 25 ശതമാനം കൂടി വർദ്ധിപ്പിച്ച് ആകെ വർദ്ധനവ് 50 ശതമാനമാക്കി വർദ്ധിപ്പിക്കുന്നതാണ്. പുതിയ മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ, ഹോസ്റ്റലുകൾ എന്നിവ ആരംഭിക്കുന്നതാണ്. പട്ടികവർഗ്ഗ വിദ്യാർത്ഥികളെ തൊഴിലധിഷ്ഠിത കോഴ്സുകൾ പഠിപ്പിക്കുന്നതിന് നിലവിൽ പട്ടികവർഗ്ഗ വകുപ്പിന് കീഴിൽ 16 സ്ഥാപനങ്ങൾ പ്രവർത്തിച്ചുവരുന്നുണ്ട്. നിലവിൽ ഒ.ബി.സി., ഒ.ഇ.സി., വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പും ധനസഹായങ്ങളും തൊഴിലവസരവും വർദ്ധിപ്പിക്കാൻ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. കൂടാതെ കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശിപാർശിത വിഭാഗ വികസന കോർപ്പറേഷന്റെ ലക്ഷ്യ വിഭാഗത്തിൽപ്പെട്ടവർക്കായി പ്രൊഫഷണൽ കോഴ്സുകൾക്ക് ഒരു വർഷം 1,25,000 രൂപ വച്ച് പരമാവധി 4 വർഷത്തേയ്ക്ക് 5,00,000 രൂപ വരെ 4.5 ശതമാനം പലിശനിരക്കിൽ വിദ്യാഭ്യാസ വായ്പയും എസ്.എസ്.എൽ.സി. പരീക്ഷയിൽ ഫസ്റ്റ്ക്ലാസ്/ഡിസ്റ്റിംഗ്ഷൻ അതിനുമുകളിലോ നേടുന്നവർക്ക് യഥാക്രമം 750, 1000 രൂപ വീതവും പ്ലസ് ടു പരീക്ഷയിൽ അത് 1000 രൂപയായും വിദ്യാഭ്യാസ പ്രോത്സാഹന സമ്മാനമായും ലക്ഷ്യവിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് മെഡിക്കൽ/എഞ്ചിനീയറിംഗ് എൻട്രൻസ് പരീക്ഷ പരിശീലനം നേടുന്നതിന് ട്യൂഷൻ ഫീസ്, ഹോസ്റ്റൽ ഫീസിനത്തിൽ 40,000 രൂപ വരെ ധനസഹായവും നൽകി വരുന്നുണ്ട്.

(സി) കേരള സംസ്ഥാന പിന്നാക്ക വികസന കോർപ്പറേഷൻ, കേരള സ്റ്റേറ്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ ഫോർ ക്രിസ്ത്യൻ കൺവേർട്ട്സ് ഫ്രം എസ്.സി. ആന്റ് അതർ റെക്കമൻഡഡ് കമ്മ്യൂണിറ്റീസ് എന്നിവ മുഖാന്തിരം നൽകി വരുന്ന ധനസഹായത്തിന്റെ തോത് വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

## കോടതി വ്യവഹാരങ്ങൾ മലയാളത്തിലാക്കാൻ നടപടി

39 (4595) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോടതി വ്യവഹാരങ്ങൾ മലയാളത്തിലാക്കാൻ സർക്കാർ എന്നെങ്കിലും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നാണ് ഉത്തരവ് പുറപ്പെടുവിച്ചത് എന്ന് വ്യക്തമാക്കാമോ;

(ബി) കോടതി വ്യവഹാരങ്ങൾ മാതൃഭാഷയിലാക്കാത്തതിനാൽ സാധാരണ ജനങ്ങൾ അനുഭവിച്ചു വരുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യവഹാരങ്ങൾ സാധാരണക്കാർക്ക് മനസ്സിലാകുന്ന മാതൃഭാഷയിലേക്ക് മാറ്റാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) ഭരണഭാഷ മലയാളം ആയതിനാൽ കോടതി വ്യവഹാരങ്ങൾ ഇംഗ്ലീഷിൽ നിന്നും മലയാളത്തിലേയ്ക്കാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കോടതി വ്യവഹാരഭാഷ മലയാളമാക്കുന്നതുമായി ബന്ധപ്പെട്ട് 19-12-2013-ലെ സർക്കാർ ഉത്തരവ് (കൈ) 223/13/നിയമം അനുസരിച്ച് ഔദ്യോഗിക ഭാഷാ ഉന്നതതല സമിതി വിപുലീകരിച്ച് ഉത്തരവായിട്ടുണ്ട്. ഈ ഉത്തരവനുസരിച്ച് പ്രസ്തുത പ്രവർത്തനങ്ങളുടെ പുരോഗതി വിവരം സംബന്ധിച്ചുള്ള തുടർനടപടികൾ ആഭ്യന്തരവകുപ്പും നിയമവകുപ്പും സ്വീകരിച്ചുവരുകയാണ്. 12-5-2014, 11-2-2015 എന്നീ തീയതികളിൽ പ്രസ്തുത സമിതിയുടെ യോഗം ചേരുകയും കീഴ്കോടതികളുടെ നടപടിക്രമങ്ങൾ പൂർണ്ണമായും മലയാളവത്കരിക്കുന്ന പ്രവർത്തനങ്ങൾ പുരോഗമിക്കുകയും ചെയ്തുകൊണ്ടിരിക്കുകയാണ്.

(ബി) സാക്ഷിവിസ്താരം ഇപ്പോൾ മലയാളത്തിലാണ് നടക്കുന്നത്. നോട്ടീസും സമൻസും കുറ്റപത്രവും മലയാളത്തിൽ തന്നെയാണ് തയ്യാറാക്കി വരുന്നത്.

(സി) കേസ് ഫയൽ ചെയ്യുന്നതും സത്യവാങ്മൂലം സമർപ്പിക്കുന്നതും മലയാളത്തിലാക്കുന്ന കാര്യം അവലോകനയോഗം പരിഗണിക്കുകയും അതിനുള്ള നടപടി പുരോഗമിച്ച് വരുകയും ചെയ്യുന്നു.

## കാലഹരണപ്പെട്ട നിയമങ്ങൾ

40 (4596) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് നിലവിലുള്ള കാലഹരണപ്പെട്ട നിയമങ്ങൾ റദ്ദാക്കുവാനും മുൻ തിരുവിതാംകൂർ, കൊച്ചിൻ, മലബാർ ഭാഗങ്ങളിൽ ബാധകമായിട്ടുള്ള ശേഷിക്കുന്ന നിയമങ്ങൾ ഏകീകരിക്കുവാനും ഉദ്ദേശിക്കുന്നുണ്ടോ; ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

### ഉത്തരം

കാലഹരണപ്പെട്ട സംസ്ഥാന നിയമങ്ങൾ കാലാകാലങ്ങളിൽ പരിശോധിച്ച് റദ്ദാക്കാൻ സംസ്ഥാന സർക്കാർ നടപടി സ്വീകരിക്കുന്നുണ്ട്. ഇതുസംബന്ധിച്ച് ജസ്റ്റിസ് വി. ആർ. കൃഷ്ണയ്യർ അദ്ധ്യക്ഷനായ നിയമ പരിഷ്കരണ കമ്മീഷൻ ശിപാർശപ്രകാരം 102 നിയമങ്ങൾ റദ്ദ് ചെയ്യുവാനായി കരട് ബിൽ പ്രസിദ്ധീകരിച്ചിരുന്നു. എന്നാൽ 13-ാം നിയമസഭയിൽ ഈ ബിൽ പാസ്സാക്കാനായില്ല. പ്രസ്തുത ബിൽ വീണ്ടും അവതരിപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. തിരുവിതാംകൂർ, കൊച്ചി, മലബാർ പ്രദേശങ്ങളിൽ ബാധകമായിട്ടുള്ള ശേഷിക്കുന്ന നിയമങ്ങൾ ഏകീകരിക്കുന്നത് സംബന്ധിച്ച് നടപടികളും നടന്നുവരികയാണ്.

## നന്ദികേശ ശില്പ പൈതൃക ഗ്രാമം പദ്ധതി

41 (4597) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നൂറനാട് നന്ദികേശ ശില്പ പൈതൃക ഗ്രാമം പദ്ധതി നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിക്കാവശ്യമായ പ്രോജക്ട് തയ്യാറാക്കുന്നതിനും റിപ്പോർട്ട് നല്കുന്നതിനുമായി ആരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) തയ്യാറാക്കിയ പ്രോജക്ടിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) നൂറനാട് പടനിലം, നന്ദികേശ ശില്പ പൈതൃക ഗ്രാമമായി അംഗീകരിക്കുന്നത് സംബന്ധിച്ച് വ്യക്തമായ മാനദണ്ഡങ്ങളോടെ റിപ്പോർട്ട് സർക്കാരിൽ സമർപ്പിക്കുവാൻ, ലളിതകലാ അക്കാദമിയോട് സർക്കാർ ആവശ്യപ്പെട്ടിരിക്കുകയാണ്.

(സി) പ്രോജക്ട് തയ്യാറാക്കിയിട്ടില്ല.

**കേരള ഉറുദു അക്കാദമി**

42 (4598) <u>ശ്രീ. എ. എൻ. ഷംസീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ഉപ്പളയിൽ സ്ഥാപിച്ച കേരള ഉറുദു അക്കാദമിയിലെ അഡ്ഹോക്ക് സമിതി അംഗങ്ങൾ ആരെല്ലാമാണ്; ഇവരിൽ ഓരോ അംഗത്തിന്റെയും വിദ്യാഭ്യാസ യോഗ്യത വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സമിതിയിൽ എത്ര അംഗങ്ങൾ ഉണ്ട്; ഈ സമിതി പുനഃസംഘടിപ്പിക്കുമോ;

(സി) കേരള ഉറുദു അക്കാഡമിയുടെ ബൈലോയിലെ ന്യൂനതകൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ബൈലോ പരിഷ്കരണം സമയബന്ധിതമായി പൂർത്തിയാക്കുമോ?

<u>ഉത്തരം</u>

(എ&ബി) കാസർഗോഡ് ജില്ലയിൽ ഉപ്പളയിൽ സ്ഥാപിതമായ ഉറുദു അക്കാദമിക്ക് മുൻ സർക്കാരിന്റെ കാലത്ത് ഒരു താൽക്കാലിക കമ്മിറ്റിയെ നിയോഗിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റിയിൽ 31 അംഗങ്ങളുണ്ട്. അംഗങ്ങളുടെ പേരുവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു* അംഗങ്ങളുടെ വിദ്യാഭ്യാസ യോഗ്യത സംബന്ധിച്ച വിശദാംശം സർക്കാരിൽ ലഭ്യമല്ല. സമിതി പുനഃസംഘടിപ്പിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുന്നതാണ്.

(സി) പുതിയ ഭരണസമിതിയെ നിയോഗിച്ചശേഷം ഇക്കാര്യം പരിശോധിക്കുന്നതാണ്.

**കേരള സാഹിത്യ അക്കാദമി**

43 (4599) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(എ) കേരള സാഹിത്യ അക്കാദമി പ്രവർത്തനം ആരംഭിച്ചിട്ട് എത്ര നാളായെന്ന് വ്യക്തമാക്കുമോ;

(ബി) അക്കാദമിക്ക് സ്വന്തം പേരിൽ കെട്ടിടവും വസ്തുവും ഇല്ലാത്തതിനാൽ കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കേണ്ട ഫണ്ട് കിട്ടാത്ത സാഹചര്യം നിലവിലുണ്ടോ;

(സി) അക്കാദമിക്ക് സ്വന്തം പേരിൽ വസ്തുവും കെട്ടിടവും ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) കേരള സാഹിത്യ അക്കാദമി പ്രവർത്തനം ആരംഭിച്ചിട്ട് 60 വർഷങ്ങളായി.

(ബി) ഉണ്ട്.

(സി) സാഹിത്യ അക്കാദമി നിലവിൽ പ്രവർത്തിക്കുന്ന പൊതുമരാമത്ത് വകുപ്പിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടവും സ്ഥലവും സാംസ്കാരിക വകുപ്പിന് കൈമാറുന്നത് സംബന്ധിച്ച് നടപടി സ്വീകരിച്ചുവരുന്നു.

**കലാകാര പെൻഷൻ**

44 (4600) <u>ശ്രീ. യു. ആർ. പ്രദീപ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കലാകാര പെൻഷന് അപേക്ഷിച്ചവരിൽ ഇനിയും എത്രപേരുടെ അപേക്ഷകളിൽ തീർപ്പുകൽപ്പിക്കാനുണ്ട്;

(ബി) കലാകാര പെൻഷൻ കാലോചിതമായി ഉയർത്തി നൽകുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) പുതുതായി കലാകാരപെൻഷൻ അനുവദിക്കുന്നതിലേയ്ക്കായി വിവിധ അക്കാദമികൾ ശിപാർശ ചെയ്ത 124 പേരുടെയും ശിപാർശ ചെയ്യപ്പെടാത്ത 41 പേരുടെയും പട്ടിക സാംസ്കാരിക വകുപ്പ് പരിശോധിച്ച വരികയാണ്.

(ബി) 24-10-2016 തീയതിയിലെ സ.ഉ.(കൈ) നമ്പർ 19/2016/CLAD ഉത്തരവ് പ്രകാരം കലാകാരപെൻഷൻ നിലവിലെ 750 രൂപയിൽ നിന്നും 1500 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

**കണ്ണപുരം കലാഗ്രാമം**

45 (4601) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കണ്ണപുരത്ത് കേരള ഫോക് ലോർ അക്കാദമിക്ക് അനുവദിച്ച സ്ഥലത്ത് കലാഗ്രാമം സ്ഥാപിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; ഇതിനായി കൂടുതൽ ഫണ്ട് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) 2015-16 സാമ്പത്തിക വർഷത്തിൽ എം.എൽ.എ.യുടെ ആസ്തിവികസനഫണ്ടിൽ ഉൾപ്പെടുത്തി കലാഗ്രാമത്തിന് അനുവദിച്ച അമ്പത് ലക്ഷം രൂപയുടെ നിർമ്മാണപ്രവൃത്തിയുടെ പുരോഗതി അറിയിക്കുമോ?

<u>ഉത്തരം</u>

(എ) അക്കാദമിക്ക് സർക്കാർ അനുവദിച്ച പത്തുലക്ഷം രൂപ ഉപയോഗിച്ച് കലാഗ്രാമത്തിനായുള്ള സ്ഥലം ചുറ്റുമതിൽ കെട്ടി സംരക്ഷിക്കുന്നതിനുള്ള നടപടി അവസാനഘട്ടത്തിലാണ്.

(ബി) ശ്രീ. റ്റി. വി. രാജേഷ് എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും അനുവദിച്ച 50 ലക്ഷം രൂപ ഉപയോഗിച്ച് സ്റ്റേജ്, ഗ്രീൻ റൂം എന്നിവയുടെ നിർമ്മാണ പ്രവർത്തനം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**നവോത്ഥാന സാംസ്കാരിക സമുച്ചയങ്ങൾ**

46 (4602) <u>ശ്രീ. എ. പി. അനിൽ കുമാർ</u> :
<u>ശ്രീ. വി. പി. സജീന്ദ്രൻ</u> :
<u>ശ്രീ. വി. ഡി. സതീശൻ</u> :
<u>ശ്രീ. റോജി എം. ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നവോത്ഥാന സാംസ്കാരിക സമുച്ചയങ്ങൾ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) എന്തെല്ലാം പ്രവർത്തനങ്ങളാണ് ഇവിടെ നടത്താനുദ്ദേശിക്കുന്നത്;

(സി) ഇതിനായി എന്തു തുക ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്; വിശദമാക്കുമോ?

ഉത്തരം

(എ) 2016-17 സാമ്പത്തിക വർഷത്തെ പുതുക്കിയ ബജറ്റ് പ്രസംഗത്തിൽ ജില്ലാ കേന്ദ്രങ്ങളിൽ എല്ലാ ജില്ലയിലും 40 കോടി രൂപ വീതം ചെലവിൽ നവോത്ഥാന സാംസ്കാരിക സമുച്ചയങ്ങൾ സ്ഥാപിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്.

(ബി) നവോത്ഥാന സാംസ്കാരിക സമുച്ചയങ്ങളിൽ ഒപേറ ഹൗസ്, സിനിമ തിയേറ്റർ, മ്യൂസിക് ഹാൾ, ആർട്ട് ഗ്യാലറി, സെമിനാർ ഹാൾ, കലാകാരന്മാർക്കുള്ള താമസസൗകര്യം, നാടക പരിശീലന കേന്ദ്രം തുടങ്ങി കലാ-സാംസ്കാരിക പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള സമഗ്രമായ സൗകര്യങ്ങൾ ഉൾക്കൊള്ളുന്ന പദ്ധതിയാണ് വിഭാവനം ചെയ്യുന്നത്. കൂടാതെ കേരളത്തിലെ വിവിധ പ്രദേശങ്ങളിലെ കരകൗശല നിർമ്മാണവുമായി ബന്ധപ്പെട്ട സ്റ്റാളുകൾ ഉൾപ്പെടുത്തുന്നതിനും ആയവ വില്പന ചെയ്യുന്നതിനുള്ള സൗകര്യം ഒരുക്കുവാനും തീരുമാനിച്ചിട്ടുണ്ട്.

(സി) 2016-17 സാമ്പത്തികവർഷത്തെ പുതുക്കിയ ബജറ്റിൽ സാംസ്കാരിക സമുച്ചയങ്ങളുടെ നിർമ്മാണം Kerala Infrastructure Investment Fund Board (KIIFB) -ൽ നിന്നുള്ള പ്രത്യേക ധനസഹായം മുഖേന പൂർത്തിയാക്കുമെന്നാണ് പ്രഖ്യാപിച്ചിട്ടുള്ളത്.

**സാംസ്കാരിക വകുപ്പ് നടപ്പിലാക്കാനായി ആവിഷ്കരിച്ച പദ്ധതികൾ**

47 (4603) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സാംസ്കാരിക വകുപ്പ് നടപ്പിലാക്കാനായി ആവിഷ്കരിച്ച പദ്ധതികൾ വിശദമാക്കുമോ;

(ബി) സാംസ്കാരിക സ്ഥാപനങ്ങളെയും ഗ്രന്ഥശാലകളെയും വൈ-ഫൈ കണക്റ്റിവിറ്റി കേന്ദ്രങ്ങളാക്കുമെന്ന പ്രഖ്യാപനത്തിന്റെ ഭാഗമായി കോഴിക്കോട് ജില്ലയിലെ ഏതെല്ലാം സ്ഥാപനങ്ങളെയാണ് പരിഗണിക്കുന്നത് എന്ന് വ്യക്തമാക്കുമോ; ഇവയുടെ പട്ടിക നൽകുമോ;

(സി) കൊയിലാണ്ടി നിയോജകമണ്ഡലത്തിലെ ഏതെല്ലാം സ്ഥാപനങ്ങൾ ഈ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ട്; പദ്ധതി നിർവ്വഹണത്തിന് സാംസ്കാരിക സ്ഥാപനം ഒരുക്കേണ്ട സൗകര്യങ്ങൾ വിശദമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സാംസ്കാരിക വകുപ്പ് നടപ്പിലാക്കാനായി ആവിഷ്കരിച്ച പ്രധാനപ്പെട്ട പദ്ധതികൾ താഴെപ്പറയുന്നവയാണ്.

1. എല്ലാ ജില്ലാ കേന്ദ്രങ്ങളിലും സാംസ്കാരിക സമുച്ചയങ്ങൾ സ്ഥാപിക്കുക;

2. അന്താരാഷ്ട്ര ഫിലിം ഫെസ്റ്റിവൽ നടത്തിപ്പിനായി മൾട്ടിപ്ലക്സ് ഫിലിംഫെസ്റ്റ് കോംപ്ലക്സ് നിർമ്മിക്കുക;

3. ചിത്രാഞ്ജലി സ്റ്റുഡിയോയെ അന്താരാഷ്ട്ര നിലവാരമുള്ള ഫിലിംസിറ്റിയായി രൂപാന്തരപ്പെടുത്തുക.

വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. *

(ബി&സി) 2016-17 -ലെ പുതുക്കിയ ബജറ്റ് പ്രസംഗത്തിൽ ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിൽ വരുന്ന 1300 ഒന്നാം ഗ്രേഡ് ലൈബ്രറികളിലും കൂടാതെ ബസ് സ്റ്റാൻഡുകൾ, റെയിൽവേ സ്റ്റേഷൻ, പാർക്കുകൾ മുതലായ പൊതു ഇടങ്ങളിലും വൈഫൈ സൗകര്യം ഏർപ്പെടുത്തുന്നതിന് 25 കോടി രൂപ വിവര സാങ്കേതിക വകുപ്പിന് വകയിരുത്തിയിട്ടുണ്ട്. വിശദാംശങ്ങൾ ആവിഷ്കരിച്ച് വരുന്നു.

## സാംസ്കാരിക സ്ഥാപനങ്ങളുടെ ഭരണ സമിതികൾ

48 (4604) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാംസ്കാരിക വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന സാംസ്കാരിക സ്ഥാപനങ്ങളിലെ ഭരണ സമിതികളുടെ നിയമനം പൂർത്തിയായിട്ടുണ്ടോ;

(ബി) ഏതെല്ലാം സ്ഥാപനങ്ങളിലാണ് ഭരണസമിതി നിലവിൽ വന്നതെന്ന് അറിയിക്കുമോ;

(സി) ഏതെല്ലാം സ്ഥാപനങ്ങളിലാണ് ഭരണസമിതി നിലവിൽ വരാത്തതെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) നിയമനപ്രക്രിയ നടന്നുവരുന്നു. പൂർത്തീകരിച്ചിട്ടില്ല.

(ബി) അനുബന്ധം I ആയി ചേർക്കുന്നു.*

(സി)അനുബന്ധം II ആയി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ആദിവാസികളുടെ തനത് കലാരൂപങ്ങൾ

49 (4605) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസികളുടെ തനത് കലാരൂപങ്ങൾ പരിപോഷിപ്പിക്കുന്നതിന് വേണ്ടി എന്തെല്ലാം പദ്ധതികൾ നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിനായി ഏതെങ്കിലും പുതിയ പദ്ധതികൾ ആവിഷ്കരിക്കുവാൻ പദ്ധതിയുണ്ടോയെന്ന് വ്യക്തമാക്കുമോ; ഉണ്ടെങ്കിൽ വിശദമാക്കുമോ?

ഉത്തരം

(എ&ബി)

1. കിർത്താഡ്സ് ആദികലാ ഗ്രാമത്തിന്റെ ആഭിമുഖ്യത്തിൽ അന്യം നിന്നുകൊണ്ടിരിക്കുന്ന പട്ടികവർഗ്ഗ കലാരൂപങ്ങളെ സംരക്ഷിക്കുന്നതിന് വേണ്ടി നൃത്ത പഠനകളരികൾ സംഘടിപ്പിക്കാറുണ്ട്. നടപ്പുസാമ്പത്തിക വർഷം മന്നാൻ സമുദായത്തിന്റെ തനത് കലാരൂപമായ മന്നാൻ കൂത്ത് പഠനകളരി സംഘടിപ്പിക്കുന്നുണ്ട്.

2. പട്ടികജാതി പട്ടികവർഗ്ഗ വികസനവകുപ്പുകളുടെയും കിർത്താഡ്സിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ എല്ലാ വർഷവും സംസ്ഥാനത്തെ രണ്ട് ജില്ലകളിൽ നടത്തുന്ന പ്രദർശന വിപണനമേളയുടെ ഭാഗമായി സംഘടിപ്പിക്കുന്ന ഗദ്ദിക എന്ന പരിപാടിയുടെ വേദികളിൽ പട്ടികവർഗ്ഗ തനത് കലാരൂപങ്ങൾ സംഘടിപ്പിച്ചുവരുന്നുണ്ട്.

3. സംസ്ഥാന സ്കൂൾ യുവജനോത്സവത്തിൽ അഞ്ച് ആദിവാസി കലാരൂപങ്ങൾ ഉൾപ്പെടുത്തുന്നതിനുവേണ്ടി വിദ്യാഭ്യാസവകുപ്പിന് അവതരണത്തെ സംബന്ധിക്കുന്ന മാനുവൽ പരിഷ്കരിക്കുന്നതിനായി ശില്പശാല സംഘടിപ്പിക്കുന്നതാണ്.

4. കിർത്താഡ്സിന്റെ ആഭിമുഖ്യത്തിൽ പട്ടികവർഗ്ഗ യുവജനങ്ങൾക്കായി കൂടുതൽ തനത് നൃത്തപഠനകളരികൾ വരും വർഷത്തിൽ സംഘടിപ്പിക്കുന്നതാണ്.

5. ഗോത്രവർഗ്ഗക്കാരുടെ കലയും സംസ്കാരവും എന്ന വിഷയത്തെ ആസ്പദമാക്കി കിർത്താഡ്സിന്റെ ആഭിമുഖ്യത്തിൽ ദേശീയ സെമിനാർ സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

## കാർട്ടൂൺ അക്കാദമി

50 (4606) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളത്ത് കേരള ലളിതകലാ അക്കാദമിയുടെ അധീനതയിൽ പ്രവർത്തിക്കുന്ന കൃഷ്ണപുരം ശങ്കർ സ്മാരക ദേശീയ കാർട്ടൂൺ മ്യൂസിയത്തിനോടനുബന്ധമായി ഒരു കാർട്ടൂൺ അക്കാദമി സ്ഥാപിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

കേരള ലളിതകലാ അക്കാദമിയിൽ നിന്ന് പ്രോജക്ട് ശിപാർശകൾ ലഭിക്കുന്ന മുറയ്ക്ക് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

## സാംസ്കാരിക സ്ഥാപനങ്ങളിലെ അനധികൃത നിയമനം

51 (4607) ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. എം. നൗഷാദ് :
ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലത്ത് സാംസ്കാരിക വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളിൽ അനധികൃത നിയമനങ്ങളും ബന്ധുനിയമനങ്ങളും നടത്തിയിരുന്നതായ ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) സർവ്വ വിജ്ഞാന കോശം ഡയറക്ടർ, ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ എന്നീ പ്രധാന തസ്തികകളിൽ നിയമിക്കപ്പെട്ട വ്യക്തികൾക്ക് ഏതെല്ലാം ജനപ്രതിനിധികളുമായി ബന്ധുത്വമുണ്ടായിരുന്നുവെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) പിറവം ബസേലിയോസ് പൗലോസ് II കത്തോലിക്കോസ് കോളേജിലെ അസിസ്റ്റന്റ് പ്രൊഫസറും മുൻ മന്ത്രി ശ്രീ. അനൂപ് ജേക്കബിന്റെ ഭാര്യയുമായ ശ്രീമതി അനില മേരി ഗീവർഗ്ഗീസിനെ 13-7-2011-ലെ സ.ഉ. (സാധാ) നം. 372/2011/CAD ഉത്തരവുപ്രകാരം കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിൽ അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിൽ അന്യത്രസേവന വ്യവസ്ഥയിൽ നിയമിച്ചിരുന്നു. ഇതിനെതിരെയുള്ള പരാതിയിന്മേൽ ബഹുമാനപ്പെട്ട ഗവർണറുടെ കൂടി നിർദ്ദേശപ്രകാരം വിജിലൻസ് അന്വേഷണം പ്രഖ്യാപിച്ചിട്ടുണ്ട്.

(ബി) കേരള സർവ്വവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ടിൽ 31-5-2013-ലെ സ.ഉ. (സാധാ)നമ്പർ 270/2013/CAD ഉത്തരവുപ്രകാരം ഡയറക്ടറായി നിയമിച്ചിരുന്ന ഇന്ദിരാഗാന്ധി നാഷണൽ ഓപ്പൺ യൂണിവേഴ്സിറ്റി ഡയറക്ടറും മുൻ കേരള യൂണിവേഴ്സിറ്റി പരീക്ഷ കൺട്രോളറുമായിരുന്ന ഡോ. എം.റ്റി. സുലേഖ, അക്കാലത്ത് കേരള നിയമസഭാ സ്പീക്കറായിരുന്ന അന്തരിച്ച ജി. കാർത്തികേയന്റെ ഭാര്യയാണ്.

**മതേതര മൂല്യങ്ങളുടെ ബോധവൽക്കരണം**

52 (4608) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്തെ പാർലമെന്ററി ജനാധിപത്യ സംവിധാനത്തിൽ, മതേതര മൂല്യങ്ങളുടെ പ്രാധാന്യത്തെ കേന്ദ്രീകരിച്ച് ബോധവൽക്കരണ ക്യാമ്പയിനുകൾ സംഘടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഈ പദ്ധതിയിൽ വിദ്യാർത്ഥികളെയും യുവജനങ്ങളേയും കൂടുതലായി ഉൾപ്പെടുത്താൻ നടപടി സ്വീകരിയ്ക്കുമോ?

ഉത്തരം

(എ&ബി) രാജ്യത്തെ പാർലമെന്ററി ജനാധിപത്യ സംവിധാനത്തിൽ മതേതര മൂല്യങ്ങളുടെ പ്രാധാന്യത്തെ കേന്ദ്രീകരിച്ച് ബോധവൽക്കരണ ക്യാമ്പയിനുകൾ സംഘടിപ്പിക്കുന്നതിന്റെ ഭാഗമായി കേരളത്തിലെ 140 നിയോജകമണ്ഡലത്തിലെയും ഓരോ സ്കൂളുകളിൽ 'മതേതര ജനാധിപത്യം' എന്ന വിഷയത്തെ ആസ്പദമാക്കി പാർലമെന്ററി കാര്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ നേതൃത്വത്തിൽ നിലവിൽ സെമിനാറുകൾ സംഘടിപ്പിച്ചുവരുന്നുണ്ട്. കൂടുതൽ ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് ഈ പദ്ധതി വിപുലപ്പെടുത്തുന്നതാണ്.

**കായംകുളത്ത് മൾട്ടിപ്ലെക്സ് തിയേറ്റർ**

53 (4609) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളത്ത് മൾട്ടിപ്ലെക്സ് തീയേറ്റർ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളുടെ പുരോഗതി വിശദമാക്കാമോ?

ഉത്തരം

കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന് തിയേറ്റർ നിർമ്മാണത്തിന് ആവശ്യമായ സ്ഥലം അനുവദിക്കാമെന്ന കായംകുളം മുനിസിപ്പാലിറ്റിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത സ്ഥലം പരിശോധിക്കുകയും തിയേറ്റർ നിർമ്മാണത്തിന് അനുയോജ്യമാണ് എന്ന് വിലയിരുത്തുകയും ചെയ്തിട്ടുണ്ട്. ടി സ്ഥലം കേരള ചലച്ചിത്ര വികസന കോർപ്പറേഷന് കൈമാറുന്നതിലേയ്ക്കായുള്ള നടപടിക്രമങ്ങൾ മുനിസിപ്പൽ അധികൃതർ സ്വീകരിക്കേണ്ടതുണ്ട്. ആയതിനുശേഷം തിയേറ്റർ നിർമ്മാണത്തിനായുള്ള മറ്റ് നടപടികൾ കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ സ്വീകരിക്കുന്നതാണ്.

## വനം വകുപ്പ് മുഖേന ഇക്കോ ടൂറിസം പദ്ധതികൾ

54 (4610) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനം വകുപ്പ് മുഖേന ഏതൊക്കെ ഇക്കോ-ടൂറിസം പദ്ധതികൾ നടപ്പിലാക്കി വരുന്നുവെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത പദ്ധതികളുടെ വിശദാംശങ്ങൾ അറിയിക്കുമോ;

(സി) ഇത്തരം കൂടുതൽ പദ്ധതികൾ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) സംസ്ഥാനത്ത് 60 കേന്ദ്രങ്ങളിൽ നിലവിൽ ഇക്കോ ടൂറിസം നടപ്പിലാക്കി വരുന്നു. പ്രസ്തുത പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(സി) പുതുതായി ഇക്കോ ടൂറിസം പദ്ധതികൾ നടപ്പിലാക്കുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല.

## വനം വകുപ്പിന് കീഴിൽ കോർപ്പറേഷൻ

55 (4611) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിന് കീഴിൽ എത്ര കോർപ്പറേഷനുകൾ പ്രവർത്തിക്കുന്നുണ്ടെന്നും അവ ഏതെല്ലാമാണെന്നും വ്യക്തമാക്കാമോ;

(ബി) ഇതിൽ ഏതെല്ലാം കോർപ്പറേഷനുകളിൽ പ്യൂൺ ആയി ജോലി ചെയ്യുന്നവർക്ക് മാനദണ്ഡങ്ങൾക്കനുസൃതമായി അസിസ്റ്റന്റ്/ക്ലാർക്ക് തസ്തികകളിലേക്ക് പ്രൊമോഷൻ നൽകുന്നുണ്ടെന്നും ഏത് ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് അപ്രകാരം പ്രൊമോഷൻ നൽകുന്നതെന്നും ഉത്തരവിന്റെ പകർപ്പുകൾ ഉൾപ്പെടെ വിശദമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) വനം വകുപ്പിന് കീഴിൽ കേരള വനം വികസന കോർപ്പറേഷൻ (കെ.എഫ്.ഡി.സി.), കേരളാ സ്റ്റേറ്റ് വുഡ് ഇൻഡസ്ട്രീസ് ലിമിറ്റഡ് എന്നീ കോർപ്പറേഷനുകളുണ്ട്. ആയതിൽ കേരള സ്റ്റേറ്റ് വുഡ് ഇൻഡസ്ട്രീസ് ലിമിറ്റഡ് (കെ.എസ്.ഡബ്ല്യു.ഐ.എൽ.) ഇപ്പോൾ പ്രവർത്തിക്കുന്നില്ല.

(ബി) കേരള വനം വികസന കോർപ്പറേഷനിൽ പ്യൂൺ ആയി ജോലി ചെയ്യുന്നവർക്ക് മാനദണ്ഡങ്ങൾക്കനുസൃതമായി അസിസ്റ്റന്റ്/ക്ലാർക്ക് തസ്തികളിലേയ്ക്ക് പ്രൊമോഷൻ നൽകുന്നതിന് വ്യവസ്ഥയുണ്ട്. കേരളാ വനം വികസന കോർപ്പറേഷൻ സർവ്വീസ് റൂൾ ജി.ഒ. (എം.എസ്) നമ്പർ 34/05/എഫ്. ആന്റ് ഡബ്യൂ.എൽ.ഡി. തീയതി 19-4-05 പ്രകാരമാണ് തസ്തികമാറ്റം വഴിയുള്ള പ്രൊമോഷൻ നൽകുന്നത്. ടി ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

**വനം കയ്യേറ്റം തടയുന്നതിനുള്ള നടപടികൾ**

56 (4612) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം കയ്യേറ്റം തടയുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കാമോ;

(ബി) വനാതിർത്തിയുടെ സർവ്വേയും ജെണ്ട കെട്ടി അടയാളപ്പെടുത്തലും സമയബന്ധിതമായി പൂർത്തിയാക്കുമോയെന്ന് വ്യക്തമാക്കാമോ;

(സി) വനാവകാശ നിയമപ്രകാരമുള്ള വ്യക്തിഗത അവകാശങ്ങൾ നൽകുന്നത് വേഗത്തിലാക്കുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) വനം കയ്യേറ്റങ്ങൾ തടയുന്നതിനായി വനാതിർത്തികളിൽ ജണ്ടകളും കയ്യാലകളും നിർമ്മിച്ചും ഫീൽഡ് പട്രോളിംഗ് നിരന്തരം നടത്തിയും വനസംരക്ഷണ സമിതികൾ മുഖേന ബോധവൽക്കരണം സംഘടിപ്പിച്ചും നടപടികൾ സ്വീകരിച്ചുവരുന്നു. അനധികൃത വനം കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനായി ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഉത്തരവുപ്രകാരം 1957-ലെ ഭൂസംരക്ഷണ നിയമം, 1961-ലെ കേരള വനനിയമം എന്നിവയിൽ അനുശാസിക്കുന്ന നടപടികളും സ്വീകരിച്ചുവരുന്നു.

(ബി) വനാതിർത്തിയുടെ സർവ്വേയും ജണ്ട കെട്ടി അടയാളപ്പെടുത്തലും സമയബന്ധിതമായി പൂർത്തിയാക്കാൻ നടപടി സ്വീകരിച്ചുവരുന്നു. ആയത് മൂന്ന് വർഷത്തിനുള്ളിൽ പൂർത്തിയാക്കുവാനാണ് ഉദ്ദേശിക്കുന്നത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) റവന്യൂ, വനം, പട്ടികവർഗ്ഗ വികസനം എന്നീ വകുപ്പുകൾ സംയുക്തമായിട്ടാണ് വനാവകാശം നൽകുന്നത്. വനം വകുപ്പ് വനാവകാശ നിയമം നടപ്പാക്കുന്നതിന് ആവശ്യമായ സഹായസഹകരണങ്ങൾ ഇതിന്റെ നോഡൽ ഏജൻസിയായ പട്ടികവർഗ്ഗ വികസന വകുപ്പുകൾക്ക് നൽകി വരുന്നു. 30-8-2016 വരെ വ്യക്തിഗത അവകാശങ്ങൾക്കായി ലഭിച്ച 38081 അപേക്ഷകളിൽ 24990 ടൈറ്റിലുകൾ വിതരണം ചെയ്തിട്ടുണ്ട്.

**വനം വകുപ്പിൽ ആശ്രിത നിയമനം**

57 (4613) <u>ശ്രീ. ആന്റണി ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 25-8-2015-ന്, ഇടുക്കി ജില്ലയിലെ രാജമല - അഞ്ചാം മൈൽ ഭാഗത്ത് ആനമുടി ഫോറസ്റ്റ് ഡെവലപ്മെന്റ് എജൻസി വക മിനി ബസ് അപകടത്തിൽ മരണപ്പെട്ട ടാക്സി ഡ്രൈവർ അജീഷ് മോഹനന്റെ ഭാര്യ രാജി.എൻ.ആർ., തൊണ്ടുംകുടി വീട്, പാണിയേലി. പി.ഒ. പെരുമ്പാവൂർ - 683546 എന്നയാളുടെ ആശ്രിത നിയമന നടപടികളുടെ പുരോഗതി വ്യക്തമാക്കുമോ;

(ബി) 30-1-2016-ലെ 9/എഫ്2/2016/ വനം നമ്പർ കത്തുപ്രകാരം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(സി) അടിയന്തരമായി നിയമനം നൽകുവാൻ നടപടി സ്വീകരിക്കുമോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) മൂന്നാർ രാജമലയിൽ വച്ച് വനം വകുപ്പിന്റെ വക മിനി ബസ് ഇടിച്ച് മരണപ്പെട്ട ശ്രീ. അജീഷിന്റെ ഭാര്യ ശ്രീമതി രാജി എൻ. ആർ.-ന് മാനുഷിക പരിഗണന നൽകി എറണാകുളം ജില്ലയിൽ ഓഫീസ് അറ്റൻഡന്റ് ആയി ജോലി നൽകാൻ 1-3-2016-ലെ മന്ത്രിസഭാ യോഗത്തിലെ ഇനം നമ്പർ 8647 പ്രകാരം തീരുമാനിച്ചിരുന്നുവെങ്കിലും ഇലക്ഷൻ പെരുമാറ്റച്ചട്ടം നിലവിൽ വന്നതിനാൽ തുടർനടപടികൾ സ്വീകരിക്കാൻ കഴിഞ്ഞില്ല. പുതിയ മന്ത്രിസഭ നിലവിൽ വന്നതിനുശേഷം ഇക്കാര്യം പുനഃപരിശോധിച്ചുവരികയാണ്.

(ബി) മൂന്നാർ വൈൽഡ് ലൈഫ് വാർഡന്റെ റിപ്പോർട്ടിൻപ്രകാരം ആനമുടി ഫോറസ്റ്റ് ഡെവലപ്മെന്റ് ഏജൻസി മിനി ബസ്സിന്റെ ഡ്രൈവറേയും അഡീഷണൽ ഡ്രൈവറേയും അന്വേഷണവിധേയമായി സസ്പെന്റ് ചെയ്തിട്ടുണ്ട്.

(സി) സർക്കാർ ഇക്കാര്യം പരിശോധിച്ചുവരികയാണ്.

## വനം ഡിപ്പോകളിലെ തടികളുടെ ലേലം

58 (4614) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം ഡിപ്പോകളിൽ തടികളുടെ ലേലം ഓൺലൈൻ സംവിധാനത്തിലാക്കിയത് എന്നുമുതലാണെന്ന് വ്യക്തമാക്കുമോ;

(ബി) ഓൺലൈൻ സംവിധാനം കാര്യക്ഷമമായി നടക്കാത്തതുമൂലം സർക്കാരിന് വരുമാന നഷ്ടം ഉണ്ടാകുന്നതും തടികൾ നശിക്കുന്നതുമായ സ്ഥിതി വിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) വനം ഡിപ്പോകളിലെ ഓൺലൈൻവൽക്കരണം പൂർത്തീകരിക്കുന്നതിനും ഓൺലൈൻ സംവിധാനം കാര്യക്ഷമമാക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) 19-11-2014 മുതലാണ് വനം ഡിപ്പോകളിൽ തടികളുടെ ലേലം ഓൺലൈൻ സംവിധാനത്തിലാക്കിയത്.

(ബി) ഓൺലൈൻ സംവിധാനം കാര്യക്ഷമമായി നടക്കാത്തതുമൂലം വരുമാന നഷ്ടം ഉണ്ടാകുന്നതും തടികൾ നശിക്കുന്നതുമായ സ്ഥിതിവിശേഷമില്ല.

(സി) വനം വകുപ്പിലെ എല്ലാ ഡിപ്പോകളിലും ഓൺലൈൻവൽക്കരണം പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ ഡിപ്പോകളിലെ സ്റ്റാഫിനും പൊതുജനങ്ങൾക്കും തടിക്കച്ചവടക്കാർക്കും ഇ-ലേലം സംബന്ധിച്ച് ബോധവൽക്കരണവും പരിശീലനവും നടത്തിയിട്ടുണ്ട്. നിലവിൽ ഇ-ലേലം കാര്യക്ഷമമായാണ് നടക്കുന്നത്.

## വനം കത്തിനശിക്കുന്നത് തടയാൻ നടപടി

59 (4615) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഈ വർഷം ഇതുവരെ എത്ര ഹെക്ടർ വനഭൂമി കത്തിനശിക്കുകയുണ്ടായി എന്ന് വിലയിരുത്തിയിട്ടുണ്ടോ;എങ്കിൽ വിശദമാക്കാമോ;

(ബി) ഇവ ഏതൊക്കെ പ്രദേശങ്ങളിലാണെന്ന് വ്യക്തമാക്കുമോ; ഇതുവഴി വകുപ്പിനുണ്ടായ നഷ്ടമെത്ര രൂപയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വെളിപ്പെടുത്താമോ;

(സി) മുളകളിൽ നിന്നും തീ പടരാനുള്ള സാധ്യത ഇപ്പോൾ വളരെ കുറവാണെന്ന കാര്യം വനം വകുപ്പ് കരുതുന്നുണ്ടോ;

(ഡി) എങ്കിൽ തീപിടുത്തത്തിന് പിന്നിലെ മനുഷ്യരുടെ ഇടപെടൽ വകുപ്പ് പരിശോധന വിധേയമാക്കിയിട്ടുണ്ടോ;

(ഇ) എങ്കിൽ ഇത് തടയുന്നതിന് വനം വകുപ്പ് എന്തൊക്കെ നടപടികൾ കൈക്കൊള്ളും; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ഈ വർഷം ഇതുവരെ 2089.6204 ഹെക്ടർ വനഭൂമിയിൽ തീ കത്തുകയുണ്ടായി.

(ബി)

| സർക്കിൾ | കത്തി നശിച്ച വനഭൂമിയുടെ വിസ്തൃതി (ഹെക്ടറിൽ ) |
|---|---|
| സതേൺ സർക്കിൾ, കൊല്ലം | 183.261 |
| ഹൈറേഞ്ച് സർക്കിൾ, കോട്ടയം | 349.462 |
| സെൻട്രൽ സർക്കിൾ, തൃശ്ശൂർ | 488.56 |
| ഈസ്റ്റേൺ സർക്കിൾ, പാലക്കാട് | 419.288 |
| നോർത്തേൺ സർക്കിൾ, കണ്ണൂർ | 390.2194 |
| വൈൽഡ്‌ലൈഫ് സർക്കിൾ, പാലക്കാട് | 156.81 |
| ഫീൽഡ് ഡയറക്ടർ, പ്രോജക്ട് ടൈഗർ, കോട്ടയം | 102.02 |
| അഗസ്ത്യവനം ബയോളജിക്കൽ പാർക്ക്, തിരുവനന്തപുരം | 0 |
| ആകെ | 2089.6204 |

സർക്കാരിനുണ്ടായ നഷ്ടം സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

(സി) മുളകളിൽ നിന്നും കാട്ടുതീ പടർന്ന സംഭവങ്ങൾ സമീപകാലങ്ങളിൽ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ലെങ്കിലും ആയതിനുള്ള സാധ്യത തള്ളിക്കളയാവുന്നതല്ല.

(ഡി) തീ പിടുത്തത്തിന് പിന്നിലെ മനുഷ്യരുടെ ഇടപെടൽ പരിശോധനാ വിധേയമാക്കിയിട്ടുണ്ട്.

(ഇ) ഓരോ വർഷവും തയ്യാറാക്കുന്ന ഫയർ മാനേജ്മെന്റ് പ്ലാനുകൾക്കനുസൃതമായാണ് കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ വേനൽക്കാലത്ത് നടത്തുന്നത്. വേനൽക്കാലത്തിന്റെ തുടക്കത്തിൽ, തീ പടരാൻ സാധ്യതയുള്ള വനത്തിനുള്ളിലും അതിർത്തിയിലും കുറ്റിക്കാടുകളും പുല്ലുകളും ചെത്തി ഫയർലൈൻ തയ്യാറാക്കി വരുന്നു.

ഇക്കാര്യത്തിൽ വർഷംതോറും കാട്ടുതീ വിപത്തിനെ സംബന്ധിച്ച ബോധവൽക്കരണറാലി, പരസ്യചിത്രങ്ങൾ, കാട്ടുതീയുടെ പ്രത്യാഘാതങ്ങൾ ജനങ്ങളെ ബോധ്യപ്പെടുത്തുന്ന ബോർഡുകൾ എന്നിവ സ്ഥാപിക്കുകയും ഫയർ ഗ്യാംഗ്, ഫയർ വാച്ചർമാർ തുടങ്ങിയവരുടെ കാര്യക്ഷമമായ പ്രവർത്തനങ്ങൾ പങ്കാളിത്ത വനപരിപാലനത്തിലൂടെ കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ എന്നിവ വഴിയും കാട്ടുതീ ഫലപ്രദമായി തടയുന്നുണ്ട്. അതികഠിനമായ വേനൽക്കാലത്ത് കാട്ടുതീ പടരാൻ സാധ്യതയുള്ള സംരക്ഷിത മേഖലകൾ ചീഫ് വൈൽഡ്ലൈഫ് വാർഡന്റെ അനുമതിയോടുകൂടി നിശ്ചിത കാലയളവിൽ അടച്ചിടാറുണ്ട്.

## വന്യമൃഗങ്ങൾമൂലമുള്ള വിളനാശം

60 (4616) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനവാസ പ്രദേശങ്ങളിൽ കാർഷിക വിളകൾക്ക് കാട്ടുപന്നി, കുരങ്ങ് തുടങ്ങിയവമൂലം ഉണ്ടാകുന്ന വിളനാശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവയെ നിയന്ത്രിക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കാർഷികവിളകൾക്ക് കൂടുതൽ നാശനഷ്ടം വരുത്തുന്ന കാട്ടുപന്നി, കുരങ്ങ് എന്നിവയെ നിയന്ത്രിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ ചുവടെ ചേർക്കുന്നു.

കൃഷിയിടങ്ങളിൽ പ്രവേശിച്ച് നാശനഷ്ടങ്ങളുണ്ടാക്കുന്ന കാട്ടുപന്നികളെ നിബന്ധനകൾക്കുവിധേയമായി culling (അവയുടെ വർദ്ധനവ് നിയന്ത്രിക്കുന്നതിനായി തെരഞ്ഞുപിടിച്ച് കൊല്ലുന്ന രീതി) നടത്തുന്നതിനുവേണ്ടി അനുവാദം

നൽകാവുന്നതാണെന്ന് സർക്കാർ നിയോഗിച്ച വിദഗ്ദ്ധ സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ കാലാവധി കഴിഞ്ഞതിനാൽ ആയത് നീട്ടി നൽകുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. കേരളത്തിൽ വർദ്ധിച്ചുവരുന്ന മനുഷ്യ-വന്യജീവി സംഘർഷത്തെക്കുറിച്ച് വിശദമായ പഠനം നടത്തുവാനും കുരങ്ങുകളിലെ വന്ധ്യംകരണം ഉൾപ്പെടെയുള്ള നിയന്ത്രണ രീതികളുടെ ശാസ്ത്രീയവശം പരിശോധിച്ച് പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുവാനും പെരിയാർ ടൈഗർ കൺസർവേഷൻ ഫൗണ്ടേഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

### കൃഷി നശിപ്പിക്കുന്ന വന്യമൃഗങ്ങൾ

61 (4617) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാട്ടിലിറങ്ങി കൃഷി നശിപ്പിക്കുന്ന വന്യമൃഗങ്ങളെ കൊല്ലാൻ കർഷകർക്ക് അനുവാദമുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ മൃഗങ്ങളെ കൊല്ലാനാണ് അനുവാദം ഉള്ളതെന്ന് പറയാമോ;

(ബി) ഇത്തരത്തിൽ വന്യമൃഗങ്ങളെ കൊല്ലുന്നതിന് എന്തെങ്കിലും നിബന്ധനകൾ ഉണ്ടോ; നിബന്ധനകൾ എന്തൊക്കെയെന്ന് വിശദീകരിക്കാമോ;

(സി) നാട്ടിലിറങ്ങുന്ന വന്യമൃഗങ്ങൾ വളർത്തുമൃഗങ്ങളെ ആക്രമിച്ചാൽ നഷ്ടപരിഹാരം ലഭിക്കുമോ; എങ്കിൽ കഴിഞ്ഞ 5 വർഷത്തിനിടെ ഇത്തരത്തിൽ എത്ര പേർക്ക് എത്ര രൂപ വീതം നഷ്ടപരിഹാരം നൽകിയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സർക്കാർ ഉത്തരവ് ജി.ഒ (എം.എസ്) നമ്പർ 95/2014/വനം തീയതി 17-11-2014 പ്രകാരം കൃഷിയിടങ്ങളിൽ നിരന്തരം കൃഷിനാശം വരുത്തുന്ന കാട്ടുപന്നികളെ ഉപാധികളോടെ വെടിവച്ചുകൊല്ലുവാൻ സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ഈ സർക്കാർ ഉത്തരവിന്റെ കാലാവധി കഴിഞ്ഞതിനാൽ ആയത് നീട്ടി നൽകുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) ഉണ്ട്. സർക്കാർ ഉത്തരവ് ജി.ഒ. (എം.എസ്) നമ്പർ 95/2014/വനം തീയതി 17-11-2014 പ്രകാരം കാർഷിക വിളകൾ നശിപ്പിക്കുന്ന കാട്ടുപന്നികളെ സ്വന്തം കൃഷിയിടത്തിൽ വച്ച് ലൈസൻസുള്ള തോക്ക് ഉപയോഗിച്ച് വെടിവച്ചോ അല്ലാതെയോ വേട്ടയാടുന്നതിന് കർഷകർക്ക് അനുവാദം നൽകിയിട്ടുണ്ട്. ഇതുസംബന്ധിച്ച വ്യവസ്ഥകൾ അനുബന്ധമായി ചേർത്തിരിക്കുന്നു*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) നാട്ടിലിറങ്ങുന്ന വന്യമൃഗങ്ങൾ വളർത്തുമൃഗങ്ങളെ ആക്രമിക്കുന്ന സംഭവങ്ങളിൽ പരിശോധിച്ച് അർഹമായ നഷ്ടപരിഹാരം നൽകാറുണ്ട്. കഴിഞ്ഞ 5 വർഷത്തിനുള്ളിൽ 1341 അപേക്ഷകളിന്മേൽ 2,37,00,207 രൂപ (രണ്ട് കോടി മുപ്പത്തിയേഴ് ലക്ഷത്തി ഇരുന്നൂറ്റിയേഴ് രൂപ മാത്രം) നഷ്ടപരിഹാരമായി നൽകിയിട്ടുണ്ട്.

**ലേലം ചെയ്യാനായി സംഭരിച്ചിരിക്കുന്ന തടികളുടെ അളവ്**

62 (4618) ശ്രീ. പി. ടി. തോമസ് :

ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിന്റെ വിവിധ ഡിപ്പോകളിൽ ലേലം ചെയ്യാനായി സംഭരിച്ചിരിക്കുന്ന തടികളുടെ അളവ് എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) യഥാസമയം ലേലം ചെയ്ത് നൽകാത്തതിനാൽ ഈ തടികൾ നശിച്ചുപോകുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകാമോ;

(സി) പിന്നോക്ക വിഭാഗങ്ങൾക്ക് ലേല വ്യവസ്ഥയിൽ ഇളവ് നൽകി കുറഞ്ഞ നിരക്കിൽ തടി നൽകുന്ന കാര്യം പരിഗണിക്കുമോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) വനം വകുപ്പിന്റെ വിവിധ ഡിപ്പോകളിൽ ലേലം ചെയ്യാനായി 18,829.316 ക്യൂ. മീറ്റർ തടി സംഭരിച്ചിട്ടുണ്ട്

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. തടികൾ യഥാസമയം ലേലം ചെയ്തു വരുന്നു.

(സി) സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 42/2015/വനം തീയതി 6-6-2015 പ്രകാരം ഭവന നിർമ്മാണത്തിന് സർക്കാർ പദ്ധതികൾ വഴി ധനസഹായം ലഭിക്കുന്ന പട്ടികവർഗ്ഗക്കാർക്ക് വനാവകാശ നിയമം അനുസരിച്ച് ലഭ്യമായതും അല്ലാതെയുമുള്ള കൈവശഭൂമിയിൽ വീട് പണിക്കായി അവർ നട്ടുവളർത്തിയ പ്ലാവ്, ആഞ്ഞിലി, മരുതി, ചടച്ചി, ഇരുൾ എന്നീ വൃക്ഷങ്ങളിൽ നിന്നും 1.5 ക്യൂ.മീ തടി ബന്ധപ്പെട്ട വനം വകുപ്പ് റെയിഞ്ച് ഓഫീസറുടെ അനുമതിയോടുകൂടി മുറിച്ചെടുത്ത് ഉപയോഗിക്കാവുന്നതാണ്.

## ശബരിമല മാസ്റ്റർ പ്ലാനിന് വനഭ്രമി

63 (4619) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല മാസ്റ്റർ പ്ലാൻ പദ്ധതി നടപ്പാക്കുന്നതിനായി എത്ര ഏക്കർ ഭ്രമി വിട്ടുനൽകാനാണ് വനം വകുപ്പിനോട് ആവശ്യപ്പെട്ടിരിക്കുന്നത്;

(ബി) ഇതിനായി ഭ്രമി വിട്ടുനൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര ഏക്കർ ഭ്രമിയെന്ന് വെളിപ്പെടുത്താമോ ;

(സി) ഭ്രമി വിട്ടു നൽകിയിട്ടില്ലെങ്കിൽ ഇതിനായുള്ള നടപടികൾ ഏതു ഘട്ടം വരെയായി എന്ന് വ്യക്തമാക്കുമോ; ഇതുസംബന്ധിച്ചുള്ള ഫയൽ ഇപ്പോൾ ആരുടെ പക്കലാണ് ഉള്ളത്; ഭ്രമി എന്നത്തേയ്ക്ക് കൈമാറാനാകും എന്ന് അറിയിക്കുമോ?

### ഉത്തരം

(എ) ശബരിമല മാസ്റ്റർ പ്ലാൻ നിലവിൽ വന്ന 2005-നുശേഷം നിലയ്ക്കൽ ബേസ് ക്യാമ്പ് നിർമ്മാണ ആവശ്യത്തിലേയ്ക്കായി റാന്നി വനം ഡിവിഷനിൽ നിന്നും 110.524 ഹെക്ടർ വനഭ്രമിയും പെരിയാർ ടൈഗർ റിസർവ്വിൽനിന്നും 12.675 ഹെക്ടർ വനഭ്രമിയും അനുവദിയ്ക്കാനാണ് തിരുവിതാംകൂർ ദേവസ്വം ബോർഡ് അപേക്ഷ നൽകിയിരുന്നത്.

(ബി) നിലയ്ക്കൽ ബേസ് ക്യാമ്പ് നിർമ്മാണ ആവശ്യത്തിലേയ്ക്കായി 110.524 ഹെക്ടർ വനഭ്രമി റാന്നി വനം ഡിവിഷനിൽ നിന്നും 12.675 ഹെക്ടർ വനഭ്രമി പെരിയാർ ടൈഗർ റിസർവ്വിൽനിന്നും തിരുവിതാംകൂർ ദേവസ്വം ബോർഡിന് വിട്ടുകൊടുത്തിട്ടുണ്ട്.

(സി) ഉത്തരം (ബി) യുടെ വെളിച്ചത്തിൽ ബാധകമല്ല.

## വനമേഖല സംരക്ഷിക്കാൻ ജീവനക്കാർ

64(4620) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വനമേഖല സംരക്ഷിക്കുന്നതിനായി എത്ര തസ്തികകളുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത തസ്തികകളിൽ നിലവിൽ എത്ര ജീവനക്കാരുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) വനപാലകർക്ക് ആധുനിക ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനും വന്യമൃഗങ്ങളെ കൈകാര്യം ചെയ്യുന്നതിന് പ്രത്യേക പരിശീലനം നൽകുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ വനമേഖല സംരക്ഷിക്കുന്നതിനായി 99 കാറ്റഗറികളിലായി 7758 തസ്തികകൾ നിലവിലുണ്ട്.

(ബി) നിലവിൽ 6857 ജീവനക്കാരുണ്ട്.

(സി) നിലവിൽ വനപാലകർക്ക് 313 സ്പോർട്ടിംഗ് റൈഫിൾ, 0.32 റിവോൾവർ എന്നിവ നൽകിയിട്ടുണ്ട്. വന്യമൃഗങ്ങളെ കൈകാര്യം ചെയ്യുന്നതിന് ദ്രുതകർമ്മ സേനകൾ എട്ടു സ്ഥലങ്ങളിൽ ഔദ്യോഗികമായി പ്രവർത്തിക്കുന്നുണ്ട്. ഈ സേനയിലെ അംഗങ്ങൾക്ക് പ്രത്യേക പരിശീലനം നൽകുന്നുണ്ട്.

**സാമൂഹ്യ വനവൽകരണ പദ്ധതി**

65 (4621) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാമൂഹ്യ വനവൽകരണ പദ്ധതിയുടെ ഭാഗമായി നിലവിൽ ഏതെല്ലാം മരങ്ങളാണ് വച്ചുപിടിപ്പിക്കുന്നത് എന്ന് അറിയിക്കുമോ;

(ബി) നിലവിൽ വച്ചുപിടിപ്പിച്ചിട്ടുള്ളതും ഭൂഗർഭ ജലം വളരെയധികം ചൂഷണം ചെയ്യുന്നതുമായ അക്കേഷ്യ, യൂക്കാലി തുടങ്ങിയ തരം മരങ്ങൾ മുറിച്ചു മാറ്റി ജലചൂഷണം നടത്താത്ത മരങ്ങൾ നട്ടുപിടിപ്പിക്കുന്നതിന് സർക്കാർ ആലോചിക്കുന്നുണ്ടോ;

(സി) ഉണ്ടെങ്കിൽ അവയുടെ വിശദാംശം അറിയിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് സാമൂഹ്യവനവൽക്കരണ പദ്ധതിയുടെ ഭാഗമായി പ്രധാനമായും തടി ലഭ്യതയ്ക്കുവേണ്ടി തേക്ക്, ഈട്ടി, കമ്പകം, കരിമരുത്, കുമിഴ്, കുന്നിവാക, മഹാഗണി, മണിമരുത്, പ്ലാവ്, താന്നി, വാക, ആഞ്ഞിലി, ഇലുപ്പ, മഞ്ചാടി, സിൽവർഓക്ക് എന്നിവയും ഔഷധയിനങ്ങൾക്കായി ഗന്ധപാല, കാഞ്ഞിരം, ആര്യവേപ്പ്, കറിവേപ്പ്, കരിങ്ങാലി, കൂവളം, കുടകംമ്പുളി, ലക്ഷ്മീതരു, മാതളം, മുള്ളാത്ത, മുരിങ്ങ, നെല്ലി, പുളി, ഞാവൽ, പതിമുഖം, രക്തചന്ദനം, ചന്ദനം, ഉങ്ങ്, വയണ, വേങ്ങ, കുളമാവ് എന്നിവയും ഫലവൃക്ഷങ്ങൾക്കായി ബദാം, കശുമാവ്, ചാമ്പ, പേര, റമ്പൂട്ടാൻ, സപ്പോട്ട, സീതപ്പഴം, ഉരുമാംപഴം, വുഡ്ആപ്പിൾ എന്നിവയും അലങ്കാര വൃക്ഷങ്ങൾക്കായി അശോകം, ചമത, ജക്രാന്ത, ചെമ്പകം,

ഇലഞ്ഞി, ഗുൽമോഹർ, കണിക്കൊന്ന, മഞ്ഞക്കൊന്ന, മന്ദാരം, നീർമരുത്, രാജമല്ലി, ടെക്കോമ, മുള എന്നിവയും തീരദേശ സംരക്ഷണത്തിനായി കാറ്റാടി, പൂവരശ്, കണ്ടൽച്ചെടികൾ എന്നിവയുമാണ് വച്ചുപിടിപ്പിക്കുവാൻ വേണ്ടി സാമൂഹ്യവനവൽക്കരണ വിഭാഗം വിതരണം ചെയ്യുന്നത്.

(ബി) ഉണ്ട്.

(സി) കേന്ദ്ര സർക്കാർ സ്ഥാപനമായ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ് (HNL)-ന് വേണ്ടി കരാറടിസ്ഥാനത്തിൽ അക്കേഷ്യ, യൂക്കാലിപ്റ്റസ് എന്നീ സോഫ്റ്റ്‌വുഡ് ഇനത്തിലുള്ള തടികൾ ലഭ്യമാക്കാൻ കേരള സർക്കാരിന് ബാദ്ധ്യതയുണ്ട്. ഈ പ്രതിബന്ധത നിറവേറ്റുന്നതിനായി വ്യാവസായികാവശ്യത്തിന് ഇത്തരം സോഫ്റ്റ്‌വുഡ് തടികളുടെ ലഭ്യമാക്കൽ തുടരേണ്ടതുണ്ട്. എങ്കിലും നിലവിലുള്ള അക്കേഷ്യ, യൂക്കാലിപ്റ്റസ് എന്നീ സോഫ്റ്റ് വുഡ് പ്ലാന്റേഷനുകൾ കാലാനുസൃതമായി വെട്ടിമാറ്റി ചില സ്ഥലങ്ങളിൽ തദ്ദേശീയ വൃക്ഷങ്ങൾ വച്ചുപിടിപ്പിച്ച് വനത്തിന്റെ സ്വാഭാവികത നിലനിർത്തുന്നതിലേക്കായി "വനദീപ്തി" എന്നൊരു പദ്ധതിക്ക് കേരള വനം വകുപ്പ് തുടക്കം കുറിച്ചിട്ടുണ്ട്.

## സാമൂഹ്യ വനവത്കരണ പദ്ധതി

66 (4622) <u>ശ്രീ. പി. ഉണ്ണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ സാമൂഹ്യ വനവൽക്കരണത്തിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയത്; വിശദാംശം ലഭ്യമാക്കാമോ;

(ബി) സാമൂഹ്യ വനവൽക്കരണത്തിനായി 1-7-2011 മുതൽ 31-3-2016 വരെയുള്ള കാലയളവിൽ എത്ര തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ;

(സി) റോഡരികിലുള്ള മരങ്ങൾ വ്യാപകമായി വെട്ടിനീക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് തടയുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദീകരിക്കാമോ?

<u>ഉത്തരം</u>

(എ) പാലക്കാട് ജില്ലയിൽ സാമൂഹ്യവനവൽക്കരണത്തിനായി ഹരിതകേരളം, കുട്ടിവനം, നദീതീര സംരക്ഷണം, ഫോറസ്ട്രി ക്ലബ്ബ് പുനരുദ്ധാരണം, നക്ഷത്രവനം, ഔഷധ സസ്യത്തോട്ടം, സിറ്റിസൺ കൺസർവേറ്റർ പ്രോഗ്രാം, പ്രകൃതി പരിചരണ പ്രോഗ്രാം, കാവുസംരക്ഷണം, പരിസ്ഥിതി ദിനാചരണ പ്രോഗ്രാം, ഫലവൃക്ഷത്തൈ നടീൽ, പ്രകൃതിമിത്രാ അവാർഡ് എന്നീ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. വിദ്യാർത്ഥികളിലും പൊതുജനങ്ങളിലും പ്രകൃതിയെക്കുറിച്ചും വനം-വന്യജീവി

സംരക്ഷണത്തെക്കുറിച്ചും അവബോധം സൃഷ്ടിക്കുന്നതിനായി വിവിധ പ്രകൃതിപഠന ക്യാമ്പുകൾ, ക്ലാസ്സുകൾ എന്നിവയും നടത്തി വരുന്നു. ഇത്തരത്തിലുള്ള പരിപാടികൾ സംഘടിപ്പിക്കുന്നതിലൂടെ പ്രകൃതി-വനം-വന്യ ജീവി സംരക്ഷണത്തിൽ വിദ്യാർത്ഥികളുടെയും പൊതുജനങ്ങളുടെയും സാമൂഹ്യപ്രതിബദ്ധത വർദ്ധിപ്പിക്കുന്നു.

(ബി) സംസ്ഥാന തലത്തിൽ ആകെ താഴെപ്പറയുന്ന വിധം തുക ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | വർഷം | തുക (ലക്ഷത്തിൽ) |
|---|---|---|
| 1 | 2011-12 | 946 |
| 2 | 2012-13 | 1095 |
| 3 | 2013-14 | 1185 |
| 4 | 2014-15 | 1246 |
| 5 | 2015-16 | 824 |
| Total | | 5296 |

(സി) റോഡിനരികിലുള്ള മരങ്ങൾ വ്യാപകമായി വെട്ടി നീക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ കൊച്ചി മെട്രോ റെയിൽ പ്രോജക്ട് നടപ്പിലാക്കുന്നതിലേയ്ക്ക് പൊതുസ്ഥലത്തുള്ള 1784 മരങ്ങളും കഴക്കൂട്ടം-മുക്കോല നാലുവരിപ്പാത നിർമ്മാണത്തോടനുബന്ധിച്ച് 4734 മരങ്ങളും സർക്കാർ ഉത്തരവ് GO(Rt) No. 68/2010/F&WLD dated 10-2-2010-ന് വിധേയമായി ട്രീ കമ്മിറ്റിയുടെ ശിപാർശയോടെ മുറിച്ചുമാറ്റാൻ അനുമതി നൽകിയിട്ടുണ്ട്.

**കണ്ടൽ സംരക്ഷണത്തിനായി പെട്രോനെറ്റ് എൽ.എൻ.ജി.യിൽ നിന്നും ലഭിച്ച തുക**

67 (4623) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ടൽ സംരക്ഷണത്തിനായി പെട്രോനെറ്റ് എൽ.എൻ.ജി.യിൽ നിന്നും ആകെ ലഭിച്ച തുക എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത തുക ഏതൊക്കെ കാര്യങ്ങൾക്കായാണ് വിനിയോഗിച്ചിട്ടുള്ളതെന്ന് വിശദീകരിക്കാമോ;

(സി) പ്രസ്തുത തുകയുടെ വിനിയോഗം സംബന്ധിച്ച കാര്യങ്ങൾ തീരുമാനിക്കുന്നത് ആരെന്ന് വ്യക്തമാക്കാമോ;

(ഡി) പെട്രോനെറ്റ് എൽ.എൻ.ജി.യുടെ കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റിയുടെ ഭാഗമായി ലഭിച്ച തുക വിനിയോഗിക്കുന്നത് സംബന്ധിച്ച കാര്യങ്ങൾ ജനപ്രതിനിധികളുമായി കൂടിയാലോചിച്ചാണോ നടപ്പാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കാമോ?

<u>ഉത്തരം</u>

(എ) പെട്രോനെറ്റ് എൽ.എൻ.ജി.യിൽ നിന്നും എറണാകുളം ജില്ലയിൽ കണ്ടൽ വനവൽക്കരണത്തിനുവേണ്ടി 30 ലക്ഷം രൂപ ലഭിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത തുക കണ്ടൽച്ചെടികൾ നട്ടുപിടിപ്പിക്കുന്നതിനും അനുബന്ധ പ്രവർത്തനങ്ങൾക്കുമായി വിനിയോഗിച്ചുകൊണ്ടിരിക്കുന്നു.

(സി) എറണാകുളം ജില്ലയിൽ കണ്ടൽവനവൽക്കരണത്തിന് സർക്കാർ അനുമതി നൽകിയിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ വനം വകുപ്പിലെ ഉദ്യോഗസ്ഥരും പെട്രോനെറ്റിലെ ഉദ്യോഗസ്ഥരും സംയുക്തമായാണ് പദ്ധതി നടപ്പിലാക്കി വരുന്നത്.

(ഡി) വാർഡ് മെമ്പറുമായും മറ്റു ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായും ചർച്ച നടത്തി അവരുടെ സഹകരണത്തോടെയാണ് പ്രവൃത്തികൾ നടപ്പിലാക്കി വരുന്നത്. ഭാവിയിലും ജനപ്രതിനിധികളുമായി കൂടിയാലോചന നടത്തുന്നതിനും അവരുടെ സഹകരണത്തോടെ പ്രവർത്തിക്കുന്നതിനും വകുപ്പ് തയ്യാറാണ്.

**ഹൈറേഞ്ച് മൗണ്ടൻ ലാന്റ്സ്കേപ്പ് പ്രോജക്ട്**

68 (4624) <u>ശ്രീ. ടി. വി. ഇബ്രാഹിം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്ത്യ ഹൈറേഞ്ച് മൗണ്ടൻ ലാന്റ് സ്കേപ്പ് പ്രോജക്ട് കേരളത്തിൽ നടപ്പിലാക്കുന്നുണ്ടോയെന്ന് വിശദമാക്കാമോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം പ്രദേശങ്ങളിലാണ് ഈ പ്രോജക്ട് നടപ്പിലാക്കുന്നതെന്ന് വിശദമാക്കാമോ;

(സി) ഈ പ്രോജക്ടിനായി പ്രതീക്ഷിക്കുന്ന വിദേശ സഹായം എത്രയെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) കേരളത്തിൽ നടപ്പിലാക്കാൻ ഉദ്ദേശമുണ്ട്. എന്നാൽ പ്രസ്തുത പദ്ധതിയെക്കുറിച്ച് ഉയർന്ന ആശങ്കകൾ 16-8-2016-ൽ ബഹുമാനപ്പെട്ട വനം, വന്യജീവി, ക്ഷീരവികസനം, മൃഗശാല വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ മേഖലയിലെ ജനപ്രതിനിധികളുമായി ചർച്ച ചെയ്യുകയും, തുടർന്ന് പുതുക്കിയ പദ്ധതി രൂപരേഖ തയ്യാറാക്കുന്നതിന് യു.എൻ.ഡി.പി.യെ ചുമതലപ്പെടുത്തുവാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) പെരിയാർ, ചാലക്കുടി, കാവേരി എന്നീ മൂന്ന് പ്രധാന നദികളുടെ വൃഷ്ടിപ്രദേശമായ മൂന്നാർ ഹൈറേഞ്ച് ലാൻഡ്സ്കേപ്പിലാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചിരുന്നത്. ഇടുക്കി, എറണാകുളം ജില്ലകളിലെ 33 ഗ്രാമപഞ്ചായത്തുകൾ, തൃശ്ശൂർ ജില്ലയിലെ ഒരു ഗ്രാമപഞ്ചായത്ത് എന്നീ പ്രദേശങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

(സി) ഈ പദ്ധതിക്കാവശ്യമായ തുക UNDP-യുടെ GEF (Global Environment Facility)-ൽ നിന്നും ലഭ്യമാകുന്ന ഗ്രാന്റാണ്. അംഗരാഷ്ട്രമെന്ന നിലയിൽ ഇന്ത്യയും GEF നിധിയിലേയ്ക്ക് സംഭാവന നൽകിവരുന്നുണ്ട്. ഇതിൽ GEF-ൽ നിന്നും ഏകദേശം 40 കോടി രൂപ ഗ്രാന്റായി ലഭ്യമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

## കണ്ണൂർ ജില്ലയിലെ കണ്ടൽക്കാടുകളുടെ സംരക്ഷണം

69 (4625) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിലെ കണ്ടൽക്കാടുകളെ സംരക്ഷിക്കുന്നതിനും അനുയോജ്യമായ പുതിയ സ്ഥലങ്ങളിൽ വ്യാപിപ്പിക്കുന്നതിനും ഇത് സന്നദ്ധ സംഘടനകളുടെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും സഹകരണത്തോടെ നടപ്പിലാക്കുന്നതിനും എന്തെങ്കിലും പദ്ധതി പരിഗണനയിലുണ്ടോ; വിശദാംശം നൽകുമോ?

### ഉത്തരം

സന്നദ്ധസംഘടനകളുടെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും സഹകരണത്തോടെ കണ്ണൂർ ജില്ലയിലെ കണ്ടൽക്കാടുകൾ സംരക്ഷിക്കുന്നതിനുള്ള പദ്ധതികൾ ഇപ്പോൾ വനം വകുപ്പിന്റെ പരിഗണനയിലില്ല.

എന്നാൽ കണ്ണൂർ ജില്ലയിലെ വിവിധ സർക്കാർ വകുപ്പുകളുടെ അധീനതയിലുള്ള 237.916 ഹെക്ടർ കണ്ടല വനപ്രദേശം റിസർവ് വനമായി പ്രഖ്യാപിച്ച് സംരക്ഷിച്ചുപോരുന്നു. ജില്ലാ ഭരണകൂടവും വനംവകുപ്പുമായി ചേർന്ന് സംയുക്തമായി നടപ്പിലാക്കുന്ന പദ്ധതിയായ മിഷൻ മാൻഗ്രോവിന്റെ സർവ്വേയിൽ കണ്ടെത്തിയ 496.77 ഹെക്ടർ കണ്ടൽ വനപ്രദേശം റിസർവ് വനമാക്കി സംരക്ഷിക്കുന്ന നടപടികൾ പ്രാരംഭദശയിലാണ്.

## പെരിയാർ വെസ്റ്റ് ഡെപ്യൂട്ടി ഡയറക്ടർക്കെതിരെയുള്ള അന്വേഷണം

70 (4626) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിയാർ വെസ്റ്റ് ഡെപ്യൂട്ടി ഡയറക്ടർ സി. ബാബുവിനെതിരെ വകുപ്പുതലത്തിലും, പോലീസ് തലത്തിലും, വിജിലൻസ് തലത്തിലും എത്ര അന്വേഷണങ്ങൾ നടന്നുവരുന്നുണ്ടെന്ന് വിശദമാക്കാമോ;

(ബി) ശ്രീ.സി. ബാബു ഈ തസ്തികയിൽ എത്ര കാലമായി തുടരുന്നുവെന്ന് വ്യക്തമാക്കാമോ;

(സി) വകുപ്പുതല അന്വേഷത്തിന്റെയോ പോലീസ് അന്വേഷണത്തിന്റെയോ അടിസ്ഥാനത്തിൽ ഇദ്ദേഹത്തിനെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) പെരിയാർ വെസ്റ്റ് ഡെപ്യൂട്ടി ഡയറക്ടർ സി. ബാബുവിനെതിരെ വകുപ്പുതലത്തിൽ നാല് കേസ്സുകൾ നിലവിലുണ്ട്. ടിയാനെതിരെ നിലവിൽ വിജിലൻസ് അന്വേഷണങ്ങളൊന്നും നടക്കുന്നില്ല. ടിയാനെതിരെ പോലീസ് തലത്തിൽ അന്വേഷണങ്ങൾ നടക്കുന്നുണ്ടോ എന്ന വിവരം ശേഖരിച്ചുവരുന്നു.

(ബി) ശ്രീ. സി. ബാബു 1-7-2014 മുതൽ ഈ തസ്തികയിൽ തുടർന്നു വരുന്നു.

(സി) റാന്നി ഡിവിഷനിലെ ഗൂഡ്രിക്കൽ റെയിഞ്ചിലെ കൊച്ചുകോയിക്കൽ ഫോറസ്റ്റ് സ്റ്റേഷന്റെ അധികാര പരിധിയിൽ വേലുത്തോട് 1967 തേക്ക് തോട്ടത്തിൽ നിന്നിരുന്ന രണ്ട് പച്ച തേക്ക് മരങ്ങൾ മുറിച്ചുനീക്കം ചെയ്തതുമായി ബന്ധപ്പെട്ട് ഒ.ആർ. 9/02 നമ്പർ കേസ്സിന്റെ അന്വേഷണം യഥാസമയം പൂർത്തിയാക്കി കോടതിയിൽ ചാർജ്ജ് ചെയ്യുന്നതിൽ പരാജയപ്പെട്ടതുമായി ബന്ധപ്പെട്ട വിഷയത്തിൽ സി. ബാബുവിനെതിരെ അച്ചടക്ക നടപടി സ്വീകരിച്ചു വരുന്നു.

റാന്നി ഡിവിഷനിലെ ഗൂഡ്രിക്കൽ റെയിഞ്ചിലെ കൊച്ചുകോയിക്കൽ ഫോറസ്റ്റ് സ്റ്റേഷന്റെ പരിധിയിൽ വരുന്ന ആനച്ചന്തഭാഗം ഫുഡ് പ്രൊഡക്ഷൻ ഏരിയായിൽ നിന്നും അനധികൃതമായി മൂന്ന് ആഞ്ഞിലി മരങ്ങൾ മുറിച്ച് ഉരുപ്പടികളാക്കിയതിനും വനത്തിൽ നിന്ന് പാലി, ചെന്നെല്ലി തുടങ്ങിയ കാട്ടുകഴകൾ മുറിച്ച് കെട്ടിടം പണിക്കുപയോഗിച്ചതിനും കൊച്ചുകോയിക്കൽ സ്റ്റേഷനിൽ ഒ.ആർ.2/2003, 3/2003 എന്നീ നമ്പർകേസ്സുകളിൽ തുടർനടപടി സ്വീകരിക്കുന്നതിൽ വീഴ്ചവരുത്തിയതുമായി ബന്ധപ്പെട്ട് സർക്കാർ നഷ്ടത്തിന്റെ ആനുപാതിക വിഹിതമായ 1986 രൂപ ഈടാക്കുക, ഒരു വാർഷിക വേതന വർദ്ധനവ് സഞ്ചിത ഫലമില്ലാതെ ഒരു വർഷത്തേയ്ക്ക് തടയുക എന്നീ ശിക്ഷകൾ നൽകിക്കൊണ്ട് ടിയാനെതിരെയുള്ള അച്ചടക്ക നടപടി തീർപ്പാക്കിയിരുന്നു. ടി

ഉത്തരവിനെതിരെ ടിയാൻ അപ്പീൽ അപേക്ഷ നൽകുകയും ടി അപ്പീൽ പരിഗണിച്ച് ടിയാനെ കുറ്റവിമുക്തമാക്കി ഉത്തരവാകുകയും ചെയ്തു.

കോട്ടയം ഡിവിഷനിലെ ചുരുളി-വാഴത്തോപ്പ് എൻ.ആർ.എഫ് ക്ലപ്പകളിൽ നിന്നും തടികൾ നഷ്ടപ്പെട്ടതുമായി ബന്ധപ്പെട്ട് ടിയാനെതിരെ കഠിന ശിക്ഷയുള്ള കുറ്റപത്രം നൽകി അച്ചടക്ക നടപടി ആരംഭിക്കുകയും ഔപചാരിക അന്വേഷണത്തിനായി ഉത്തരവാകുകയും ചെയ്തിട്ടുണ്ട്.

നേര്യമംഗലം റെയിഞ്ചിൽ ഈഞ്ചത്തോട്ടി സ്റ്റേഷൻ അതിർത്തിയിൽ റെയിഞ്ച് ഓഫീസിനോട് തൊട്ടടുത്ത ശ്രീ. കുഞ്ഞുമോന്റെ വീട്ടിലേയ്ക്കുള്ള റോഡ് അനധികൃതമായി ടാർ ചെയ്തത് സംബന്ധിച്ച് ടിയാന് കുറ്റപത്രം/കുറ്റാരോപണ പത്രിക നൽകി അച്ചടക്ക നടപടി ആരംഭിക്കുകയും തുടർന്ന നടന്ന ഔപചാരിക അന്വേഷണത്തിൽ ടി കേസ്സിൽ ടിയാൻ കുറ്റക്കാരനല്ലെന്ന് തെളിയുകയും അച്ചടക്കനടപടികളിൽ നിന്ന് ഒഴിവാക്കുകയും ചെയ്തു.

എരുമേലി റെയിഞ്ച് ഓഫീസറായിരുന്ന ടിയാൻ കേരള ഫോറസ്റ്റ് ഡെവലപ്മെന്റ് കോർപ്പറേഷനിൽ നിന്നും അഡ്വാൻസ് എടുത്ത വകയിൽ ബാധ്യത നിലവിൽ ഉണ്ടായിരുന്നുവെന്നും എന്നാൽ 17,275 രൂപ ഈടാക്കിയിട്ടുള്ളതായി ടിയാൻ കെ.എഫ്.ഡി.സി. മാനേജർക്ക് നൽകിയ കത്തിന്റെ അടിസ്ഥാനത്തിൽ ടിയാനെതിരായ ബാധ്യതയിൽ നിന്നും ടിയാനെ ഒഴിവാക്കിയതായി കെ.എഫ്.ഡി.സി. സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

മലയാറ്റൂർ ഡിവിഷനിലെ കുട്ടമ്പുഴ റെയിഞ്ച് പൂയംകുട്ടി ഫോറസ്റ്റ് സ്റ്റേഷനിലെ ഒ.ആർ.4/98-ാം നമ്പർ കേസ് സംബന്ധിച്ച് ടിയാനെതിരെ അച്ചടക്ക നടപടി ആരംഭിക്കുകയും ഔപചാരികാന്വേഷണത്തിൽ സർക്കാർ നഷ്ടമൊന്നും സംഭവിച്ചിട്ടില്ലായെന്ന വസ്തുത കണക്കിലെടുത്ത് ടിയാന് ശക്തമായ താക്കീത് നൽകി അച്ചടക്ക നടപടി തീർപ്പാക്കിയിട്ടുമുണ്ട്.

മലയാറ്റൂർ ഡിവിഷനിലെ കുട്ടമ്പുഴ റെയിഞ്ച് എണ്ണക്കൽ സ്റ്റേഷൻ പരിധിയിൽ ഒരു കൊമ്പനാനയുടെ ജഡം കണ്ടെത്തിയതുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത ഒ.ആർ.2/99 നമ്പർ കേസ്സിൽ ടിയാനെതിരെ കുറ്റപത്രം നൽകി അന്വേഷണം ആരംഭിച്ചിരുന്നു. എന്നാൽ ആനയുടെ മരണം സ്വാഭാവിക മരണമാണെന്ന് പോസ്റ്റുമോർട്ടത്തിൽ നിന്നും വ്യക്തമായതിനാലും സർക്കാർ നഷ്ടമായ 5,000 രൂപയും അതിന്റെ പിഴയായ 2,500 രൂപയും ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ് കമ്പനിയിൽ നിന്ന് കുറ്റാരോപിതർ ഈടാക്കിയിരുന്നതിന്റെയും വെളിച്ചത്തിൽ ടിയാനെതിരെയുള്ള അച്ചടക്കനടപടിയിൽ നിന്നും ടിയാനെ കുറ്റവിമുക്തനാക്കിക്കൊണ്ട് ഉത്തരവായിട്ടുള്ളതാണ്.

മലയാറ്റൂർ ഡിവിഷനിലെ കുട്ടമ്പുഴ റെയിഞ്ചിലെ ആനക്കുളം അതിർത്തിയിൽപ്പെട്ട കുന്ത്രപ്പുഴ പഴന്തണ്ണിഭാഗം റിസർവ്വിൽ അനധികൃതമായി പ്രവേശിച്ച് കാട്ടുതീ കയറി കത്തി വീണ കിടന്നിരുന്ന രണ്ട് ഉണക്ക തേക്ക് മരങ്ങളുടേയും ഒരു ഉണക്ക ഈട്ടി മരത്തിന്റെയും കഷണങ്ങൾ അറുത്ത് മുറിച്ച് നീക്കം ചെയ്തത് സംബന്ധിച്ച് ആനക്കുളം സ്റ്റേഷനിൽ ഒ.ആർ. 6/98 നമ്പരായി രജിസ്റ്റർ ചെയ്ത കേസ്സിൽ 60,000 രൂപ സർക്കാർ നഷ്ടം സംഭവിച്ചിട്ടുള്ളതാണ്. ഇതുസംബന്ധിച്ച് ടിയാനെതിരെ സർക്കാർ തലത്തിൽ കഠിന ശിക്ഷയുള്ള കുറ്റപത്രം നൽകി അച്ചടക്കനടപടി ആരംഭിക്കുകയും ഔപചാരികാന്വേഷണത്തിന് ഉത്തരവാകുകയും ചെയ്തു. അന്വേഷണ റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു.

മലയാറ്റൂർ ഡിവിഷനിലെ കുട്ടമ്പുഴ റെയിഞ്ചിലെ ആനക്കുളം സ്റ്റേഷനിൽപ്പെട്ട നാരകത്തറ റിസർവ്വിൽ കൊമ്പുകൾ നീക്കം ചെയ്ത നിലയിൽ കാട്ടാനയുടെ ജഡം കണ്ടെത്തിയതുമായി ബന്ധപ്പെട്ട് ഒ.ആർ.1/98 നമ്പർ കേസ്സിൽ ശക്തമായ അന്വേഷണം നടത്തുന്നതിനുള്ള പ്രേരണ കീഴുദ്യോഗസ്ഥർക്ക് നൽകുകയോ അന്വേഷണം സ്വയം ഏറ്റെടുക്കുകയോ ചെയ്യാതിരുന്നത് സംബന്ധിച്ച് ടിയാനെതിരെ കഠിനശിക്ഷയുള്ള കുറ്റപത്രം നൽകി ആരംഭിച്ച അച്ചടക്ക നടപടിയിൽ സർക്കാർ നഷ്ടത്തിൽ ടിയാന്റെ വിഹിതമായ 10,000 രൂപ ഈടാക്കുന്നതിനും ഒരു വാർഷിക വേതന വർദ്ധനവ് ഒരു വർഷത്തേയ്ക്ക് സഞ്ചിതഫലമില്ലാതെ തടഞ്ഞുകൊണ്ടും ടിയാനെതിരെയുള്ള അച്ചടക്ക നടപടി തിർപ്പാക്കിയിട്ടുണ്ട്.

മലയാറ്റൂർ ഡിവിഷനിലെ കുട്ടമ്പുഴ റെയിഞ്ചിലെ പൂയംകുട്ടി സ്റ്റേഷൻ പരിധിയിൽപ്പെട്ട 1998 ചൂരൽത്തോട്ടം നശിക്കാനിടയായത് സംബന്ധിച്ച് റെയിഞ്ചോഫീസറായിരുന്ന ടിയാനെതിരെ ആരംഭിച്ച അച്ചടക്ക നടപടിയിൽ സർക്കാർ നഷ്ടമായ 48,276 രൂപ ടിയാനിൽ നിന്ന് ഈടാക്കാനും ഇനിയുള്ള സർവ്വീസ് കാലയളവിൽ ഇത്തരത്തിലുള്ള വീഴ്ചകൾ, ഉണ്ടാകരുതെന്ന കർശനമായ താക്കീത് നൽകിക്കൊണ്ടും അച്ചടക്ക നടപടി തീർപ്പാക്കിയിട്ടുണ്ട്.

മലയാറ്റൂർ ഡിവിഷനിലെ കുട്ടമ്പുഴ റെയിഞ്ചിലെ ഒ.ആർ. 5/91, 6/91 എന്നീ നമ്പർ കേസ്സുകളിൽ ടിയാനെതിരെ സർക്കിൾ തലത്തിൽ അച്ചടക്ക നടപടി സ്വീകരിക്കുകയും കുറ്റവിമുക്തനാക്കുകയും ചെയ്തിട്ടുണ്ട്.

കോട്ടയം ജില്ലയിലെ കുമരകം പഞ്ചായത്തിൽ താജ്ഹോട്ടൽ സ്ഥിതി ചെയ്യുന്ന സ്ഥലത്ത് അനധികൃതമായി മരംമുറിച്ച് നീക്കുന്നത് സംബന്ധിച്ച് കോട്ടയം സോഷ്യൽ ഫോറസ്ട്രി വിഭാഗം അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്ററായിരുന്ന ടിയാനെതിരെ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയിൽ ലഭിച്ചിട്ടുള്ള പരാതിയിന്മേൽ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ വിജിലൻസ്

വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

ഏറ്റുമാനൂർ ഗ്രാമപഞ്ചായത്തിലെ പൊതുസ്ഥലത്ത് നിന്നിരുന്ന ആഞ്ഞിലി മരം മുറിച്ച് ലേലം ചെയ്ത് വിറ്റതിലെ അഴിമതിയുമായി ബന്ധപ്പെട്ട് ടിയാനെതിരെ സ്വീകരിച്ച അച്ചടക്ക നടപടികളിൽ നിന്ന് ഒഴിവാക്കിക്കൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്.

**പ്രോജക്ട് സാറ്റർഡേ പദ്ധതി**

71 (4627) <u>ശ്രീ. കെ. ഡി. പ്രസേനൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന "പ്രോജക്ട് സാറ്റർഡേ" കൊണ്ടുണ്ടാകുന്ന നേട്ടങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി നടത്തിപ്പിന് കൈക്കൊണ്ട നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) "സാറ്റർഡേ പ്രോഗ്രാം" എന്ന പേരിൽ ഒരു പ്രത്യേക പരിപാടി വനം വകുപ്പിൽ നടപ്പിലാക്കിയതുവഴി റെയിഞ്ച് തലം മുതൽ വകുപ്പ് ആസ്ഥാന ഓഫീസ് തലം വരെയുള്ള ഓഫീസുകളിൽ ദീർഘകാലമായി തീർപ്പാക്കാതെ കെട്ടിക്കിടന്ന ഫയലുകളുടെ ലിസ്റ്റ് തയ്യാറാക്കി അവ തീർപ്പാക്കുന്നതിനും ഡിവിഷൻ തലത്തിലും സർക്കിൾ തലത്തിലും അദാലത്തുകൾ സംഘടിപ്പിച്ച് പഴയ ഫയലുകളിൽ തുടർ നടപടി സ്വീകരിക്കുവാനും അന്തിമമായി തീർപ്പാക്കുവാനും സാധിച്ചിട്ടുണ്ട്. കൂടാതെ സാറ്റർഡേ പ്രോഗ്രാം വഴി വനം വകുപ്പിലെ എല്ലാ ഓഫീസുകളും പരിസരവും വൃത്തിയായി സൂക്ഷിക്കുന്നതിനും ഓഫീസുകൾ ആധുനികവൽക്കരിക്കുവാനും കഴിഞ്ഞിട്ടുണ്ട്.

(ബി) "സാറ്റർഡേ പ്രോഗ്രാം" നടപ്പിലാക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനായി എല്ലാ ഓഫീസ് മേധാവികൾക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ആഴ്ചതോറും അവലോകനം നടത്തി പുരോഗതി വിലയിരുത്തുന്നു. ഓരോ ജില്ലയിലെയും ഓഫീസുകൾ പരിശോധിച്ച് പ്രസ്തുത ഓഫീസുകളിൽ നടപ്പിലാക്കിയ പദ്ധതിയുടെ പുരോഗതി വിലയിരുത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ വനം വകുപ്പ് ആസ്ഥാനത്തുള്ള അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ/ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാർക്ക് ചുമതല നൽകിയിട്ടുണ്ട്.

**ആങ്ങാമൂഴി ചെക്ക്പോസ്റ്റിലൂടെ ഗവിയിലേയ്ക്ക് വാഹനങ്ങൾ**

72 (4628) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആങ്ങാമൂഴി ചെക്ക്പോസ്റ്റിലൂടെ ഗവിയിലേയ്ക്ക് വിനോദസഞ്ചാരികളുടെ എത്ര വാഹനങ്ങളാണ് ഓരോ ദിവസവും കടത്തി വിടുന്നത്;

(ബി) ഡി.റ്റി.പി.സി.യുടെ, ടൂറിസവുമായി ബന്ധപ്പെട്ട വാഹനങ്ങൾക്കും ഈ എണ്ണം നിഷ്കർഷിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഡി.റ്റി.പി.സി.യുടെ എത്ര വാഹനങ്ങളാണ് ദിനംപ്രതി കടത്തിവിടാറുള്ളത്;

(സി) ഇത്തരത്തിൽ വാഹന നിയന്ത്രണം ഏർപ്പെടുത്തിയിരിക്കുന്നതിന് കാരണം വ്യക്തമാക്കാമോ;

(ഡി) ദിവസേന രാവിലെ എത്ര മണി മുതലാണ് ആങ്ങാമൂഴിയിൽ നിന്നും വിനോദസഞ്ചാരികളുടെ വാഹനങ്ങൾ വിടുന്നത്; തിരികെ എത്താനുള്ള സമയം നിഷ്കർഷിച്ചിട്ടുണ്ടോ;

(ഇ) വിനോദസഞ്ചാരികളുടെ വരവ് വർദ്ധിച്ച സാഹചര്യത്തിൽ നിലവിലുള്ളത് കൂടാതെ അധികമായി 10 വാഹനങ്ങൾക്കുകൂടി പോകാനുള്ള അനുമതി നൽകാൻ നീക്കം നടക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) പ്രവൃത്തി ദിവസങ്ങളിൽ 10 വാഹനങ്ങളും ശനിയാഴ്ചയും മറ്റ് അവധി ദിവസങ്ങളിലും 30 വാഹനങ്ങളുമാണ് ആങ്ങാമൂഴി ചെക്ക്പോസ്റ്റിലൂടെ ഗവിയിലേയ്ക്ക് കടത്തിവിടുന്നത്.

(ബി) ഇല്ല.

(സി) പെരിയാർ ടൈഗർ റിസർവ്വിന്റെ പരിധിയിലുള്ള സംരക്ഷിത വനപ്രദേശമായതിനാൽ സന്ദർശകരുടെ ബാഹുല്യം നിയന്ത്രിക്കുന്നതിനും പരിസ്ഥിതിക്ക് കോട്ടംതട്ടാതെ സംരക്ഷിക്കുന്നതിനും വേണ്ടിയാണ് വാഹനങ്ങൾക്ക് നിയന്ത്രണം ഏർപ്പെടുത്തിയിരിക്കുന്നത്.

(ഡി) പകൽ 9 മണിമുതലാണ് ആങ്ങാമൂഴിയിൽ നിന്നും വിനോദസഞ്ചാരികളുടെ വാഹനങ്ങൾ ഗവിയിലേയ്ക്ക് വിടുന്നത്. ഈ റൂട്ടിൽ തിരിച്ച് വിനോദസഞ്ചാരികളുടെ യാത്ര അനുവദിച്ചിട്ടില്ല.

(ഇ) കൂടതൽ വാഹനങ്ങൾക്ക് അനുമതി നൽകുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ട്.

**മലക്കപ്പാറ, പുളിയിലപ്പാറ മേഖലകളിൽ വന്യജീവികളുടെ ആക്രമണം**

73 (4629) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അതിരപ്പിള്ളി പഞ്ചായത്തിലെ തോട്ടം, മലയോര മേഖലകളായ മലക്കപ്പാറ, പുളിയിലപ്പാറ മേഖലകളിൽ വന്യജീവികളുടെ ആക്രമണം വ്യാപകമായ സാഹചര്യത്തിൽ താമസിക്കുന്ന ഭൂമിയ്ക്ക് പട്ടയമില്ല എന്ന കാരണത്താൽ പ്രദേശവാസികൾക്ക് വനം വകുപ്പിൽ നിന്നും നഷ്ടപരിഹാരം ലഭിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വന്യജീവി ആക്രമണത്തിൽ നാശനഷ്ടമുണ്ടാകുന്ന എല്ലാവർക്കും നഷ്ടപരിഹാരം നൽകുവാൻ ആവശ്യമായ നടപടികൾ സർക്കാർ സ്വീകരിക്കുമോ?

ഉത്തരം

(എ) അതിരപ്പിള്ളി പഞ്ചായത്തിൽ തോട്ടം, മലക്കപ്പാറ, പുളിയിലപ്പാറ മേഖലകളിൽ താമസിക്കുന്നവർക്ക് പട്ടയം ലഭിച്ചിട്ടില്ല എന്ന കാരണത്താൽ വന്യജീവി ആക്രമണം ഉണ്ടാകുമ്പോൾ നഷ്ടപരിഹാരം ലഭ്യമാകുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നിലവിലുള്ള നിയമം അനുസരിച്ചും ഫണ്ടിന്റെ ലഭ്യതയനുസരിച്ചും നടപടി സ്വീകരിക്കുന്നതാണ്.

**ഇക്കോട്ടൂറിസം പദ്ധതി**

74 (T*4630) ശ്രീ. എം. സ്വരാജ് :
ശ്രീ. സി. കെ. ശശീന്ദ്രൻ :
ശ്രീ. എ. എൻ. ഷംസീർ :
ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരിസ്ഥിതി സംരക്ഷണത്തെക്കുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കുന്നതിനും പരിസ്ഥിതി വിദ്യാഭ്യാസം നൽകുന്നതിനും ഉതകും വിധം ഇക്കോട്ടൂറിസം പദ്ധതി വികസിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

---

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) തദ്ദേശീയരായ ആളുകളുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനും അവർക്ക് തൊഴിൽ പ്രദാനം ചെയ്യുന്നതിനും എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഇക്കോടൂറിസം കേന്ദ്രങ്ങൾ വികസിപ്പിക്കുന്നതിന്റെ മുന്നോടിയായി ഇത്തരം സ്ഥലങ്ങളിൽ ഇക്കോടൂറിസം കൊണ്ടുണ്ടാകുന്ന പാരിസ്ഥിതിക സാമൂഹിക പ്രത്യാഘാതങ്ങളെക്കുറിച്ച് പഠിക്കാറുണ്ടോ; ഇല്ലെങ്കിൽ ആയതിനുള്ള നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) പരിസ്ഥിതി സംരക്ഷണത്തെക്കുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കുന്നതിനും പരിസ്ഥിതി വിദ്യാഭ്യാസം നല്കുന്നതിനും വനാശ്രിത സമൂഹത്തിലെ ആദിവാസികൾ അംഗങ്ങളായിട്ടുള്ള വനസംരക്ഷണ സമിതികൾ/ഇക്കോഡെവലപ്മെന്റ് കമ്മിറ്റികൾ എന്നിവകളിൽ നിന്നും കൂടുതൽ ആളുകളെ ഗൈഡുകളായി നിയമിക്കുന്നതാണ്. കൂടാതെ പരിസ്ഥിതി പാഠങ്ങൾ ജനങ്ങൾക്ക് പകർന്ന് നല്കുന്നതിന് നിലവിലെ ഇന്റർപ്രെട്ടേഷൻ സെന്ററുകളിൽ സൗകര്യമൊരുക്കുന്നുണ്ട്.

(ബി) വനാശ്രിത സമൂഹത്തിലെ ആദിവാസികൾ അംഗങ്ങളായിട്ടുള്ള വനസംരക്ഷണ സമിതികൾ/ഇക്കോഡെവലപ്മെന്റ് കമ്മിറ്റികൾ എന്നിവ വഴിയാണ് ഇക്കോടൂറിസം പ്രവർത്തനങ്ങൾ നടത്തിവരുന്നത്. തദ്ദേശീയരായ ആളുകളുടെ കൂടുതൽ പങ്കാളിത്തം ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കുന്നതാണ്.

(സി) ഇക്കോടൂറിസം കൊണ്ടുണ്ടാകുന്ന പാരിസ്ഥിതിക സാമൂഹിക പ്രത്യാഘാതങ്ങളെക്കുറിച്ച് പഠിക്കുന്ന വിഷയം പരിശോധിച്ച് വരുന്നു.

**വനത്തിലുള്ള ആദിവാസി ഊരുകൂട്ടങ്ങൾ**

75 (4631) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനത്തിൽ എത്ര ആദിവാസി ഊരുകൂട്ടങ്ങൾ താമസിക്കുന്നുണ്ടെന്ന് വനം വകുപ്പ് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ;

(ബി) ഇതിൽ എത്ര ഊരുകൂട്ടങ്ങൾക്ക് വനവിഭവങ്ങളിലുള്ള സാമൂഹികാവകാശം കൽപ്പിച്ചു നൽകിയിട്ടുണ്ട്;

(സി) എങ്കിൽ ബാക്കിയുള്ള ഊരുകൂട്ടങ്ങൾക്ക് സാമൂഹികാവകാശം നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) ഇതിന്റെ നോഡൽവകുപ്പായ പട്ടിക വർഗവികസന വകുപ്പുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) വനത്തിനുള്ളിൽ ഏകദേശം 791 ഓളം ആദിവാസി സെറ്റിൽമെന്റുകൾ ഉണ്ട്. ഓരോ ആദിവാസി സെറ്റിൽമെന്റിലും കുറഞ്ഞത് ഒരു ഊരുകൂട്ടമെങ്കിലും ഉണ്ടായിരിക്കും.

(ബി) 30-8-2016 വരെ ലഭിച്ച 925 അപേക്ഷകളിൽ 155 അപേക്ഷകളിൽ സാമൂഹികാവകാശം കൽപ്പിച്ചു നല്കിയിട്ടുണ്ട്.

(സി) സാമൂഹികാവകാശം ലഭിക്കാനുള്ള ഊരുകൂട്ടങ്ങൾക്ക് ആയത് കൽപ്പിച്ചു നൽകുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) നടപടി സ്വീകരിക്കുന്നതാണ്. കേരളത്തിൽ വനാവകാശ നിയമം നടപ്പാക്കുന്നതിന്റെ നോഡൽ ഏജൻസി പട്ടികവർഗ്ഗ വികസന വകുപ്പാണ്. വനം വകുപ്പ് ടി നിയമം നടപ്പാക്കുന്നതിനാവശ്യമായ എല്ലാവിധ സഹായ സഹകരണങ്ങളും നൽകി വരുന്നു. കേരളത്തിൽ വനാവകാശ നിയമ പ്രകാരമുള്ള വ്യക്തിഗത, സാമൂഹിക, വികസനാവകാശം നൽകുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

## ഊരിനുണർവ് കാടിനുണർവ് പദ്ധതി

76 (4632) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസി ഊരുകളുടെ ഉന്നമനത്തിനായി 'ഊരിനുണർവ് കാടിനുണർവ്' എന്ന പേരിൽ ഒരു പദ്ധതി വനം വകുപ്പിന് കീഴിൽ നടപ്പാക്കിയിട്ടുണ്ടോ; എത്ര രൂപ ഇതിന് വേണ്ടി നീക്കിവച്ചു; വിശദമാക്കാമോ;

(ബി) എന്തെല്ലാം കാര്യങ്ങളാണ് ഈ പദ്ധതിയിലൂടെ നടപ്പിലാക്കിയത്; വ്യക്തമാക്കാമോ;

(സി) പദ്ധതി തിരിച്ചും ജില്ല തിരിച്ചും ഇതിലേയ്ക്കായി അനുവദിച്ച തുകയും ചെലവഴിച്ച തുകയും വ്യക്തമാക്കാമോ?

ഉത്തരം

(എ) ആദിവാസി ഊരുകളുടെ ഉന്നമനത്തിനായി 'ഊരിനുണർവ് കാടിനുണർവ് എന്ന പദ്ധതി വനം വകുപ്പ് നടപ്പാക്കിയിട്ടുണ്ട്. ഇതിനായി 85 ലക്ഷം രൂപയാണ് അനുവദിച്ചിട്ടുള്ളത്.

(ബി) പ്രസ്തുത പദ്ധതിയിലൂടെ സോളാർ എനർജി ഉപയോഗിച്ചുള്ള തെരുവ് വിളക്കുകൾ സ്ഥാപിക്കൽ, പച്ചക്കറി വിത്ത് വിതരണം, കോളനി റോഡ് നവീകരണം, ശൗചാലയ നിർമ്മാണം, കുടിവെള്ള പദ്ധതി, അംഗൻവാടി നിർമ്മാണം, സ്കൂൾ കെട്ടിടങ്ങളുടെ നവീകരണം, മുള ഉപയോഗിച്ച് കുട്ട, പനമ്പ്, നിർമ്മാണം തുടങ്ങിയ പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്.

(സി) 'ഊരിനുണർവ് കാടിനുണർവ്' പദ്ധതിയ്ക്കായി 85 ലക്ഷം രൂപ വനം വകുപ്പിലെ 8 സർക്കിളുകൾക്കായി അനുവദിച്ചു നല്കിയിട്ടുണ്ട്. കൊല്ലം, തിരുവനന്തപുരം, കോട്ടയം, പത്തനംതിട്ട, ഇടുക്കി, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, വയനാട്, കണ്ണൂർ എന്നീ ജില്ലകൾ ഇതിൽ ഉൾപ്പെടുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു:

| | |
|---|---|
| സതേൺ സർക്കിൾ, കൊല്ലം | 17.40 ലക്ഷം |
| ഹൈറേഞ്ച് സർക്കിൾ, കോട്ടയം | 17.40 ലക്ഷം |
| സെൻട്രൽ സർക്കിൾ, തൃശ്ശൂർ | 5.00 ലക്ഷം |
| ഈസ്റ്റേൺ സർക്കിൾ, പാലക്കാട് | 9.60 ലക്ഷം |
| നോർത്തേൺ സർക്കിൾ, കണ്ണൂർ | 22.40 ലക്ഷം |
| വൈൽഡ് ലൈഫ്, നോർത്തേൺ റീജിയൻ, പാലക്കാട് | 7.20 ലക്ഷം |
| ഫീൽഡ് ഡയറക്ടർ, പ്രോജക്ട് ടൈഗർ, കോട്ടയം | 2.40 ലക്ഷം |
| എ.ബി.പി. സർക്കിൾ, തിരുവനന്തപുരം | 3.60 ലക്ഷം |
| **ആകെ** | **85 ലക്ഷം** |

**ഇക്കോടൂറിസം കേന്ദ്രങ്ങളിൽ സുരക്ഷാ ക്രമീകരണങ്ങൾ**

77 (4633) ശ്രീ. പി.ടി. തോമസ് :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. വി.എസ്.ശിവകുമാർ :
ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കോടൂറിസം കേന്ദ്രങ്ങളിൽ സന്ദർശകർക്കായി എന്തെല്ലാം സുരക്ഷാ ക്രമീകരണങ്ങളാണ് ഒരുക്കുവാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) വനാശ്രിത സമൂഹത്തിലുള്ളവരെ ഇതിനായി പ്രയോജനപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കുമോ;

(സി) ഇതിനായി എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?

<u>ഉത്തരം</u>

(എ) ഓരോ ഇക്കോട്ടൂറിസം കേന്ദ്രങ്ങളിലും ആവശ്യമനുസരിച്ചുള്ള സുരക്ഷാക്രമീകരണങ്ങൾ നടത്തിവരുന്നു. സുരക്ഷാ വേലികൾ, സൈൻ ബോർഡുകൾ, ഗൈഡുകൾ/വാച്ചർമാരുടെ സേവനം എന്നിവ ഉറപ്പുവരുത്തുന്നുണ്ട്.

(ബി) വനാശ്രിത സമൂഹത്തിലുള്ളവർ അംഗങ്ങളായിട്ടുള്ള വനസംരക്ഷണ സമിതികൾ/ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികൾ എന്നിവ മുഖേനയാണ് ഇക്കോട്ടൂറിസം പദ്ധതികൾ പ്രവർത്തിക്കുന്നത്.

(സി) വനാശ്രിത സമൂഹത്തിന്റെ പങ്കാളിത്തം കൂടുതൽ ഉറപ്പുവരുത്തി ഇക്കോട്ടൂറിസം പദ്ധതികൾ കൂടുതൽ പരിസ്ഥിതി സൗഹാർദ്ദമാക്കാൻ നടപടി സ്വീകരിക്കും.

### വന്യമൃഗങ്ങൾ കൃഷി നശിപ്പിച്ചതിനുള്ള നഷ്ടപരിഹാരം

78 (4634) <u>ശ്രീ. ജോർജ് എം. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യമൃഗങ്ങൾ കൃഷി നശിപ്പിച്ചാൽ നഷ്ടപരിഹാരം നൽകുന്നതിന്റെ വിശദാംശം ലഭ്യമാക്കുമോ;

(ബി) ആനക്കാംപൊയിൽ പ്രദേശത്ത് വന്യമൃഗങ്ങൾ കൃഷി നശിപ്പിച്ചതിനുള്ള നഷ്ടപരിഹാരം നൽകുന്നതിന് കാലതാമസം നേരിട്ടകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) നഷ്ടപരിഹാരം അടിയന്തിരമായി വിതരണം ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) വന്യജീവി ആക്രമണം മൂലമുള്ള കൃഷിനാശത്തിന് 1980-ലെ കേരളാ റൂൾസ് ഫോർ പെയ്മെന്റ് ഓഫ് കോമ്പൻസേഷൻ റ്റു വിക്റ്റിംസ് ഓഫ് അറ്റാക്ക് ബൈ വൈൽഡ് ആനിമൽസ് പ്രകാരമാണ് നഷ്ടപരിഹാരം നല്കിവരുന്നത്. ഈ റൂളിന്റെ അടിസ്ഥാനത്തിൽ ഏറ്റവും ഒടുവിൽ പുതുക്കിയ സർക്കാർ ഉത്തരവ് പ്രകാരം നിലവിൽ കൃഷിനാശത്തിന് ഒരപേക്ഷയിൽ നിബന്ധനകൾക്ക് വിധേയമായി

പരമാവധി 75,000 രൂപയാണ് നല്കിവരുന്നത്. ഒരു വർഷത്തിൽ ഒരപേക്ഷകന് പരമാവധി 4 തവണയാണ് നഷ്ടപരിഹാരം നല്കിവരുന്നത്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആനക്കാംപൊയിൽ പ്രദേശം ഉൾപ്പെടുന്ന കോഴിക്കോട് ഫോറസ്റ്റ് ഡിവിഷനിൽ 2014 മുതലുള്ള ചില അപേക്ഷകളിൽ നഷ്ടപരിഹാരം നല്കാൻ ബാക്കിയുണ്ട്. അപേക്ഷകളിലെ ന്യൂനതകൾ പരിഹരിക്കുന്നതിലെ കാലതാമസവും ഫണ്ടിന്റെ ലഭ്യതക്കുറവും മൂലമാണ് നഷ്ടപരിഹാരം നല്കുന്നതിൽ കാലതാമസം ഉണ്ടായിട്ടുള്ളത്.

(സി) സ്വീകരിക്കുന്നതാണ്.

## ടൂറിസ്റ്റുകൾ സന്ദർശിക്കുന്ന പ്രധാന ഫോറസ്റ്റ് ഏരിയകൾ

79 (4635) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ടൂറിസ്റ്റുകൾ സന്ദർശിക്കുന്ന പ്രധാന ഫോറസ്റ്റ് ഏരിയകൾ ഏതൊക്കെയാണെന്ന് ജില്ല തിരിച്ചും ഡിവിഷൻ തിരിച്ചും വ്യക്തമാക്കുമോ;

(ബി) ഇവിടെ വരുന്ന ടൂറിസ്റ്റുകൾക്ക് എന്തൊക്കെ സൗകര്യങ്ങളാണ് ചെയ്തു കൊടുക്കപ്പെടുന്നത്; ഇതിന്റെ ഉത്തരവാദിത്വമുള്ള ഉദ്യോഗസ്ഥർ ആരൊക്കെയാണെന്ന് വ്യക്തമാക്കുമോ; കേരളത്തിലെ ഓരോ ഫോറസ്റ്റ് ടൂറിസ്റ്റ് കേന്ദ്രങ്ങളുടെയും ചാർജ്ജുള്ള ഓഫീസർമാരുടെ വിശദമായ വിവരം ലഭ്യമാക്കുമോ;

(സി) ടൂറിസ്റ്റുകൾ, അവർക്കുണ്ടായ അസൗകര്യങ്ങൾ ചൂണ്ടിക്കാട്ടി പരാതികൾ നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഓരോ പരാതിയിലും എടുത്ത നടപടി വിശദമായി വ്യക്തമാക്കുമോ;

(ഡി) ഓരോ കേന്ദ്രങ്ങളിലും സ്ഥിരം ജീവനക്കാർ, ദിവസവേതന ജീവനക്കാർ തുടങ്ങിയ ഉദ്യോഗസ്ഥർ ജോലി ചെയ്തുവരുന്നുണ്ടോ; ഈ ഉദ്യോഗസ്ഥരിൽ ഫോറസ്റ്റ് വകുപ്പിന്റെ ഉദ്യോഗസ്ഥർ എത്ര; മറ്റുള്ളവർ ആരൊക്കെയാണെന്ന് വ്യക്തമാക്കുമോ; വി.എസ്.എസ്. എന്ന വിഭാഗത്തെക്കുറിച്ച് വ്യക്തമായ വിവരം ലഭ്യമാക്കുമോ;

(ഇ) ഈ കേന്ദ്രങ്ങളിൽ ടൂറിസ്റ്റുകളിൽ നിന്നും പലതരത്തിലുള്ള ഫീസ് വസൂലാക്കുന്നതായി പരാതി ലഭിച്ചിട്ടുണ്ടോ; പണപിരിവിന്റെ വ്യക്തമായ കണക്ക്, ടൂറിസ്റ്റ് കേന്ദ്രം അടിസ്ഥാനമാക്കി വിശദമാക്കുമോ; അമിതമായി പണപ്പിരിവ് നടത്തുന്ന കേന്ദ്രങ്ങളിലെ ഉദ്യോഗസ്ഥർക്കെതിരെ അടിയന്തരമായി നടപടി സ്വീകരിക്കുമോ;

(എഫ്) സംസ്ഥാനത്തെ ഓരോ ഫോറസ്റ്റ് ടൂറിസ്റ്റ് കേന്ദ്രങ്ങളിലും കഴിഞ്ഞ 2011 ജനുവരി മുതലുള്ള വ്യക്തമായ വരവ്, ചെലവ് കണക്ക് വിശദമാക്കുമോ; വിശദമായ വിവരം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) കേരളത്തിൽ വനം വകുപ്പ് നടപ്പിലാക്കുന്ന ഇക്കോ ടൂറിസം പദ്ധതികളുടെ ജില്ല തിരിച്ചും ഡിവിഷൻ തിരിച്ചുമുള്ള വിശദാംശം അനുബന്ധം -1* ആയി ഉള്ളടക്കം ചെയ്യുന്നു.

(ബി) ഇക്കോ ടൂറിസം പ്രദേശങ്ങൾ സന്ദർശിക്കാനെത്തുന്ന വിനോദ സഞ്ചാരികൾക്ക് ആ പ്രദേശത്തിന്റെ ദൃശ്യഭംഗിയും തനത് പ്രത്യേകതകളും അറിയാനുള്ള സൗകര്യങ്ങളും സന്ദർശകർക്കുള്ള സുരക്ഷ ഉറപ്പുവരുത്തുന്നതിനുള്ള ക്രമീകരണങ്ങളും മറ്റ് അടിസ്ഥാനസൗകര്യങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. ഇക്കോടൂറിസം പദ്ധതി പ്രദേശം ഉൾപ്പെടുന്ന ടെറിട്ടോറിയൽ, വന്യജീവി ഡിവിഷനുകളുടെ ചാർജ്ജുള്ള ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാരും, വൈൽഡ് ലൈഫ് വാർഡന്മാരുമാണ് ആ പദ്ധതി നടത്തിപ്പിന്റെ മേൽനോട്ട ചുമതല വഹിക്കുന്നത്. ദൈനംദിന നടത്തിപ്പും, അനുബന്ധ ചുമതലകളും അതാത് സ്ഥലങ്ങളിലെ വനസംരക്ഷണ സമിതി/ഇക്കോഡെവലപ്മെന്റ് കമ്മിറ്റി ഇവകളുടെ ചാർജ്ജ് വഹിക്കുന്ന ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരും/സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാരും വഹിക്കുന്നു. ഓരോ ഇക്കോടൂറിസം പ്രദേശത്തിന്റെയും മേൽനോട്ടച്ചുമതല വഹിക്കുന്ന ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാരുടെയും, വൈൽഡ് ലൈഫ് വാർഡന്മാരുടെയും വിവരങ്ങൾ അനുബന്ധം1*ൽ ചേർത്തിരിക്കുന്നു.

(സി) സന്ദർശകരിൽ നിന്നുണ്ടാകുന്ന പരാതികൾ അതാത് സ്ഥലങ്ങളിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പരിഹരിച്ചു വരുന്നു. തികച്ചും സൗഹാർദ്ദപരമായി പ്രകൃതിയെ അടുത്തറിയുന്നതിനുള്ള അവസരം ഇക്കോടൂറിസം പ്രദേശങ്ങളിൽ എത്തുന്ന സഞ്ചാരികൾക്ക് നല്കി വരുന്നു. മേൽ ഉദ്യോഗസ്ഥർക്ക് ലഭിക്കുന്ന പരാതികൾക്ക് അപ്പപ്പോൾ പരിഹാര നിർദ്ദേശങ്ങൾ നല്കിവരുന്നു.

(ഡി) ഓരോ വനം ഡിവിഷനുകളിലും രൂപീകരിച്ച് രജിസ്റ്റർ ചെയ്തിട്ടുള്ള വന വികാസ ഏജൻസിയുടെ കീഴിൽ പ്രാദേശിക തലത്തിൽ രൂപീകരിച്ചിട്ടുള്ള വനാശ്രിതരായ തദ്ദേശവാസികൾ അംഗങ്ങളായിട്ടുള്ളതാണ് വന സംരക്ഷണ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

സമിതികൾ. വന സംരക്ഷണ സമിതിയുടെ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ സെക്രട്ടറി വനം വകുപ്പ് ഉദ്യോഗസ്ഥരായ ബീറ്റ് ഫോറസ്റ്റ് ഓഫീസർ/സെക്ഷൻ ഫോറസ്റ്റ് ഓഫീസർ ആയിരിക്കും. ഇക്കോടൂറിസം സെന്ററിന്റെ പ്രവർത്തനങ്ങളുടെ ആവശ്യാനുസരണം വനസംരക്ഷണ സമിതി അംഗങ്ങളെ ഗൈഡുകളായും മറ്റ് ജോലികൾക്കായും ദിവസവേതന വ്യവസ്ഥയിൽ നിയോഗിക്കാറുണ്ട്.

(ഇ) കേരളത്തിലെ ഇക്കോടൂറിസം കേന്ദ്രങ്ങളിൽ ഈടാക്കാവുന്ന സർവ്വീസ് ചാർജ്ജുകൾക്ക് പൊതുമാനദണ്ഡം നിലവിലുണ്ട്. അതാതിടത്ത് നല്കുന്ന സേവനങ്ങൾക്ക് നിഷ്കർഷിച്ചിട്ടുള്ള നിരക്കുകൾക്കുള്ളിൽ ഫീസ് ഈടാക്കി വരുന്നു. (പണപ്പിരിവിന്റെ കണക്ക് അനുബന്ധം-2* ആയി ഉള്ളടക്കം ചെയ്യുന്നു). വന്യജീവി കേന്ദ്രങ്ങളിലും, വാഴച്ചാൽ, കോടനാട് എന്നീ സ്ഥലങ്ങളിലും സർക്കാർ നിശ്ചയിച്ചിട്ടുള്ള പ്രവേശന ഫീസാണ് ഈടാക്കുന്നത്.

(എഫ്) സംസ്ഥാനത്തെ ഇക്കോടൂറിസം കേന്ദ്രങ്ങളിൽ 2011 മുതലുള്ള വരവ്, ചെലവ് കണക്കുകളുടെ വിശദാംശങ്ങൾ അനുബന്ധം-3* ആയി ഉള്ളടക്കം ചെയ്യുന്നു.

**ആദിവാസികൾക്ക് മരം മുറിച്ച് ഉപയോഗിക്കുന്നതിന് അനുമതി**

80 (4636) ശ്രീ. സി. കെ. ശശീന്ദ്രൻ :
ശ്രീ. പി. ടി. എ. റഹീം :
ശ്രീ. കെ. ബാബു :
ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആദിവാസികൾ സ്വയംനട്ടുവളർത്തിയതും പരിപാലിച്ച് പോരുന്നതുമായ ആഞ്ഞിലി, പ്ലാവ് തുടങ്ങിയ മരങ്ങൾ ഭവന നിർമ്മാണം അടക്കമുള്ള സ്വന്തം ആവശ്യങ്ങൾക്ക് പോലും മുറിച്ച് ഉപയോഗിക്കുന്നതിന് പ്രയാസം അനുഭവപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) ആദിവാസികൾക്ക് മരം മുറിച്ച് ഉപയോഗിക്കുന്നതിന് നിലവിൽ ആരുടെയെല്ലാം അനുമതിയാണ് ലഭിക്കേണ്ടതെന്ന് അറിയിക്കുമോ;

(ഡി) പുതിയ മരങ്ങൾ വച്ചു പിടിപ്പിക്കുന്നതിൽനിന്നും ആദിവാസികളെ നിരുത്സാഹപ്പെടുത്തുന്നതാണ് ഈ അവസ്ഥ എന്നത് പരിഗണിച്ചും പരിസ്ഥിതിയ്ക്ക് ദോഷം സംഭവിക്കാത്ത വിധത്തിലും ഇടനിലക്കാരുടെ ചൂഷണത്തിൽനിന്നു സംരക്ഷണം ഉറപ്പാക്കിയും ഇത്തരം മരങ്ങൾ മുറിയ്ക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കാൻ നടപടി സ്വീകരിക്കുമോ ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 6-6-2015-ലെ സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 42/15/വനം പ്രകാരം ഭവന നിർമ്മാണത്തിന് ധനസഹായം ലഭിക്കുന്ന പട്ടികവർഗ്ഗക്കാർക്ക് വനാവകാശനിയമം അനുസരിച്ച് ലഭ്യമായതും, അല്ലാതെയുമുള്ള കൈവശഭൂമിയിൽ വീട്ടു പണിക്കായി അവർ നട്ടു വളർത്തിയ പ്ലാവ്, ആഞ്ഞിലി, മരുതി, ചടച്ചി, ഇരുൾ എന്നീ വൃക്ഷങ്ങളിൽ നിന്നും 1.50 ക്യൂ.മീറ്റർ തടി വരെ ബന്ധപ്പെട്ട വനം വകുപ്പ് റെയിഞ്ച് ഓഫീസറുടെ അനുമതിയോടെ മുറിച്ചെടുത്ത് ഉപയോഗിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

(ബി) ബാധകമല്ല.

(സി) ബന്ധപ്പെട്ട റെയിഞ്ചാഫീസറുടെ അനുമതിയാണ് ലഭിക്കേണ്ടത്.

(ഡി) പുതിയ മരങ്ങൾ വച്ചുപിടിപ്പിക്കുന്നതിന് പ്രോത്സാഹനമായും ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കാനുമാണ് ആദിവാസികൾക്ക് അവർ നട്ടുവളർത്തിയ മരങ്ങളിൽ നിന്നും ഗൃഹ നിർമ്മാണത്തിന് 1.50 ക്യൂ.മീറ്റർ തടി വരെ മുറിച്ചെടുത്ത് ഉപയോഗിക്കാൻ അനുമതി നൽകിയത്.

**വനോത്പന്നങ്ങളുടെ ഇ – ലേലം**

81 (4637) <u>ശ്രീ. പി. വി. അൻവർ</u> :
<u>ശ്രീ. എസ്. രാജേന്ദ്രൻ</u> :
<u>ശ്രീ. ഡി. കെ. മുരളി</u> :
<u>ശ്രീ. വി. അബ്ദുറഹിമാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പ് ശേഖരിച്ച് വില്പന നടത്തുന്ന വനോത്പന്നങ്ങൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ വർഷവും ശരാശരി എത്ര കോടി രൂപയുടെ വില്പനയാണ് ഇപ്രകാരം നടത്തുന്നതെന്ന് വിശദമാക്കാമോ;

(സി) ലോക പ്രശസ്തമായ നിലമ്പൂർ തേക്ക്, മറയൂർ ചന്ദനം എന്നിവ ഉൾപ്പെടെയുള്ള വനോത്പന്നങ്ങളുടെ വില്പന നേരിട്ട് ഹാജരാകുന്നവർക്ക് മാത്രം പങ്കെടുക്കാവുന്ന രീതിയിൽ നിന്നും മാറ്റം വരുത്തി, ഇ-ലേലം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) തേക്ക്, ഈട്ടി, ചന്ദനം, മറ്റ് പലജാതി തടികളും വിറകും ശേഖരിച്ച് ഡിപ്പോകളിലൂടെ വിപണനം ചെയ്യുന്നു. ഇതു കൂടാതെ വനത്തിൽനിന്നും ആദിവാസികൾ ശേഖരിക്കുന്ന ചെറുകിട വനവിഭവങ്ങൾ വനശ്രീ വഴിയും പട്ടികജാതി പട്ടികവർഗ്ഗ വികസന സഹകരണ ഫെഡറേഷൻ വഴിയും വിപണനം നടത്തുന്നു.

(ബി) ഓരോ വർഷവും ശരാശരി 230 കോടി രൂപയുടെ വിൽപ്പനയാണ് നടത്തുന്നത്.

(സി) സർക്കാർ ഉത്തരവ് ജി.ഒ.(ആർ.റ്റി) നമ്പർ.132/2014/ എഫ് & ഡബ്യൂ.എൽ.ഡി., തീയതി 18-3-2014 അനുസരിച്ച് കേരള വനം വകുപ്പിന് കീഴിലുള്ള വിവിധ തടി ഡിപ്പോകളിൽ തേക്ക്, ഈട്ടി, മറ്റ് പലജാതി തടികൾ തുടങ്ങിയവ ഓൺലൈൻ ലേലംപ്രകാരം വിൽപ്പന നടത്തി വരുന്നു. മുൻകൂർ രജിസ്റ്റർ ചെയ്തിട്ടുള്ള ഏതൊരാൾക്കും ഡിപ്പോയിൽ നേരിട്ട് ഹാജരാകാതെ ഓൺലൈനായി ഇത്തരം ലേലങ്ങളിൽ പങ്കെടുക്കാവുന്നതാണ്. കേന്ദ്രസർക്കാരിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ M/s MSTC Ltd.ന്റെ സേവനങ്ങൾ ഇതിനായി പ്രയോജനപ്പെടുത്തിവരുന്നു.

**ആദിവാസി ക്ഷേമത്തിന് വനം വകുപ്പ് പദ്ധതികൾ**

82 (4638) ശ്രീ. പി. കെ. ബഷീർ :
ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് :
ഡോ. എം. കെ. മുനീർ :
ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസികളുടെ ക്ഷേമം ലക്ഷ്യമിട്ടു നടപ്പാക്കുന്ന തേനീച്ച വളർത്തൽ, ഔഷധസസ്യ കൃഷി എന്നിവ ഏതൊക്കെ മേഖലകളിൽ നടപ്പാക്കാനാണ് വനം വകുപ്പ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനായി ഇവർക്ക് വനം വകുപ്പ് എന്തൊക്കെ സഹായങ്ങൾ ലഭ്യമാക്കുമെന്ന് വിശദമാക്കുമോ;

(സി) ഉല്പന്ന വിപണനത്തിന് എന്തൊക്കെ സൗകര്യങ്ങൾ ഏർപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ) 8 വനം ഡിവിഷനുകളിലെ 10 സെറ്റിൽമെന്റുകളിലാണ് തേനീച്ച വളർത്തൽ നടപ്പാക്കാനുദ്ദേശിക്കുന്നത്.

ആ കേന്ദ്രങ്ങൾ താഴെപ്പറയുന്നു.

| ക്രമനമ്പർ | വനം ഡിവിഷൻ | സെറ്റിൽമെന്റ് |
|---|---|---|
| 1 | സൗത്ത് വയനാട് | കാരിമല |
| 2 | നോർത്ത് വയനാട് | ചുരുളി |
| 3 | മണ്ണാർക്കാട് | സിംഗപ്പാറ, ഇടവാണി |
| 4 | തൃശ്ശൂർ | താമരവെള്ളച്ചാൽ |
| 5 | വാഴച്ചാൽ | പൊകലപ്പാറ |
| 6 | കോട്ടയം | കോഴിമല, മുരിക്കാട്ട് കുടി |
| 7 | അച്ചൻകോവിൽ | ഗിരിജൻ കോളനി |
| 8 | കോന്നി | ഗിരിജൻ കോളനി |

ഔഷധ സസ്യകൃഷി നടത്താനുദ്ദേശിക്കുന്നത് 9 വനം ഡിവിഷനുകളിലെ 10 സെറ്റിൽമെന്റുകളിലാണ്.

ആ കേന്ദ്രങ്ങൾ താഴെപ്പറയുന്നു.

| ക്രമനമ്പർ | വനം ഡിവിഷൻ | സെറ്റിൽമെന്റ് |
|---|---|---|
| 1 | കണ്ണൂർ | ചിക്കേരി ബീറ്റ്-5 |
| 2 | തിരുവനന്തപുരം | ഒറ്റടപ്പ പാറ |
| 3 | തിരുവനന്തപുരം വന്യജീവി ഡിവിഷൻ | മൊളമുട |
| 4 | തെന്മല | പേരംകോവിൽ |
| 5 | പീച്ചി വന്യജീവി ഡിവിഷൻ | താമരവെള്ളച്ചാൽ |
| 6 | മലയാറ്റൂർ | അടിച്ചിൽ കൊട്ടി |
| 7 | മൂന്നാർ | നെല്ലിപെട്ടിക്കുടി, പ്ളാമല |
| 8 | പാലക്കാട് | ചാവടിപ്പാറ |
| 9 | വയനാട് നോർത്ത് | ചുരുളി |

(ബി) വനം വകുപ്പ് കേരള ഹോർട്ടികൾച്ചർ മിഷനുമായി സഹകരിച്ചാണ് തേനീച്ച വളർത്തൽ പദ്ധതി നടപ്പാക്കുന്നത്. ഇതിലേയ്ക്കാവശ്യമായ തേനീച്ചക്കൂടുകൾ സ്ഥാപിക്കുന്നതും ട്രെയിനിംഗ് ഉൾപ്പെടെയുള്ള സാങ്കേതിക സഹായം നൽകുന്നതും കേരളാ ഹോർട്ടികൾച്ചർ മിഷൻ ആണ്. ഔഷധ സസ്യ കൃഷി നടപ്പിലാക്കുന്നത് വനം വകുപ്പ് സ്റ്റേറ്റ് മെഡിസിനൽ പ്ലാന്റ്സ് ബോർഡും, നാഷണൽ മിഷൻ ഫോർ മെഡിസിനൽ പ്ലാന്റ്സുമായി സഹകരിച്ചാണ്.

(സി) തേൻ ഉൽപ്പന്നങ്ങൾ മൂല്യവർദ്ധനവുനടത്തി വനശ്രീ വഴി വിതരണം ചെയ്യുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്. ഔഷധ സസ്യങ്ങൾ സർക്കാർ സ്ഥാപനമായ ഔഷധിയ്ക്കും വിൽപ്പന നടത്തുവാനാണ് ഉദ്ദേശിക്കുന്നത്.

**വനോൽപ്പന്നങ്ങൾ വില്പന നടത്താൻ സംവിധാനം**

83 (4639) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. എം. വിൻസെന്റ് :
ശ്രീ. റോജി എം. ജോൺ :
ശ്രീ. എൽദോസ് കുന്നപ്പിള്ളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനോൽപ്പന്നങ്ങൾ ശേഖരിച്ച് വില്പന നടത്താൻ എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളത്; വിശദമാക്കുമോ;

(ബി) എന്തെല്ലാം തരം വനവിഭവങ്ങളാണ് വിൽപ്പന നടത്തുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഈ വർഷം എത്ര വരുമാനമാണ് ഇതുവഴി ലക്ഷ്യമിട്ടിരിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ചെറുകിട വനവിഭവങ്ങളുടെ വിപണനത്തിനായി വനം വകുപ്പ് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനമാണ് വനശ്രീ. വന സംരക്ഷണ സമിതികൾ/ ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികൾ എന്നിവവഴി ആദിവാസികൾ കാട്ടിൽനിന്നും ശേഖരിക്കുന്ന ചെറുകിട വന വിഭവങ്ങൾ ന്യായവില നൽകി വാങ്ങി അവയിൽനിന്നും തയ്യാറാക്കുന്ന ഗുണമേന്മയുള്ള വിഭവങ്ങൾ 'വനശ്രീ' എന്ന ബ്രാന്റ് നൽകി വിറ്റഴിക്കുന്നു. സംസ്ഥാനത്ത് നിലവിൽ 2 മൊബൈൽ യൂണിറ്റുകൾ ഉൾപ്പെടെ 37 വനശ്രീ വിപണന കേന്ദ്രങ്ങൾ, 23 വന വികാസ ഏജൻസികളിലായി പ്രവർത്തിച്ചുവരുന്നു. ഗുണമേന്മ ഉറപ്പുവരുത്തി ഇടനിലക്കാരില്ലാതെ വന വിഭവങ്ങൾ വിറ്റഴിക്കുന്നതിലൂടെ ആദിവാസികൾക്ക് മെച്ചപ്പെട്ട വിലയും മൂല്യവർദ്ധനവിലൂടെ ലാഭ വിഹിതവും ലഭിക്കുന്നുണ്ട്. ഓണം, റംസാൻ, ക്രിസ്തുമസ് മേളകൾ, പ്രദർശനങ്ങൾ

എന്നിവയോടനുബന്ധിച്ച് വനശ്രീ സ്റ്റാളുകൾ തുറന്ന് വന വിഭവങ്ങൾ വിപണനം നടത്തുന്നുണ്ട്. കൂടാതെ സംസ്ഥാനത്തൊട്ടാകെ ട്രെയ്ഡ് ഫെയറുകൾ വഴിയും വനശ്രീ വിഭവങ്ങൾ നിലവിൽ വിപണനം ചെയ്തുവരുന്നുണ്ട്.

(ബി) വനത്തിൽനിന്നും ശേഖരിച്ച് ശുദ്ധി ചെയ്ത തേൻ, കസ്തൂരി മഞ്ഞൾ, കുന്തിരിക്കം, ഇഞ്ച, കുരുമുളക്, കുടംപുളി, കച്ചോലം, രാമച്ചം, ചുക്ക്, പുൽതൈലം, പതിമുഖം, കരിങ്ങാലി, യൂക്കാലി തൈലം, പെയിൻ ബാം, കല്ലൂർവഞ്ചി, ദന്തപ്പാല എണ്ണ, തേൻ നെല്ലിക്ക തുടങ്ങിയ വന വിഭവങ്ങളും മറയൂർ ശർക്കരയും വനശ്രീ യൂണിറ്റുകൾ വഴി വിപണനം നടത്തുന്ന പ്രധാന ഇനങ്ങളാണ്.

(സി) ഈ വർഷം ഏതാണ്ട് 2.50 കോടി രൂപയുടെ വിൽപ്പനയാണ് വനശ്രീ വഴി ലക്ഷ്യമിടുന്നത്.

**മുൻ സർക്കാരിന്റെ കാലത്ത് നിയമിതരായ ഡി.എഫ്.ഒ. മാർ**

84 (4640) <u>ശ്രീ. എ. എൻ. ഷംസീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടെറിട്ടോറിയൽ വന്യജീവി ഡിവിഷനുകളിൽ മുൻസർക്കാരിന്റെ കാലത്ത് നിയമിതരായ ഡി.എഫ്.ഒ. മാരിൽ എത്ര പേർ അതേ ഡിവിഷനുകളിൽത്തന്നെ ഇപ്പോഴും തുടരുന്നുണ്ട്; ഇവരുടെ പേര്, തസ്തിക എന്നിവ ഡിവിഷൻ തിരിച്ച് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ഉദ്യോഗസ്ഥരിൽ എത്ര പേർക്കെതിരെ വകുപ്പ് തലത്തിലോ, പോലീസ്/വിജിലൻസ് അന്വേഷണമോ നിലവിലുണ്ട്; ഇവരുടെ പേര്, തസ്തിക എന്നിവ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) ടെറിട്ടോറിയൽ വന്യജീവി ഡിവിഷനുകളിൽ മുൻസർക്കാരിന്റെ കാലത്ത് നിയമിതരായവരിൽ 25 ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർ/വൈൽഡ് ലൈഫ് വാർഡൻമാർ പ്രസ്തുത തസ്തികകളിൽ ഇപ്പോഴും തുടരുന്നുണ്ട്. വിശദാംശം അനുബന്ധം I ആയി ചേർക്കുന്നു *.

(ബി) വകുപ്പുതലത്തിലോ, പോലീസ്/വിജിലൻസ് അന്വേഷണമോ നിലവിലുള്ളവരുടെ വിശദാംശം അനുബന്ധം II ആയി ചേർക്കുന്നു *.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാരുടെ അന്തർജില്ലാ സ്ഥലംമാറ്റം

85 (4641) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ് I, ഗ്രേഡ് II തസ്തികകളിൽ പത്തും പതിനഞ്ചും വർഷമത്തിലധികമായി വടക്കൻ ജില്ലകളിൽ ജോലി നോക്കുന്ന ഉദ്യോഗസ്ഥർ സ്വന്തം നാട്ടിലേയ്ക്ക് സ്ഥലം മാറ്റത്തിനായി അപേക്ഷിച്ചിട്ടും ലഭിക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കാൻ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്നറിയിക്കാമോ;

(ബി) ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർമാരുടെ അന്തർ ജില്ലാ സ്ഥലംമാറ്റത്തിന് നിലവിലുള്ള തടസ്സമെന്താണെന്ന് വ്യക്തമാക്കുമോ; ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ് I പ്രൊമോഷൻ ലഭിച്ചവർക്ക് ഇതുവരെ ജനറൽ ട്രാൻസ്ഫർ നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലായെങ്കിൽ കാരണം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ജില്ലാതല റിക്രൂട്ട്മെന്റ് വഴി ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ ആയി ഒരു ജില്ലയിൽ നിയമനം ലഭിച്ചവർക്ക് നിലവിലുള്ള സർക്കാർ ഉത്തരവ് പ്രകാരം അന്തർജില്ലാ സ്ഥലംമാറ്റത്തിന് വ്യവസ്ഥയുണ്ട്. അന്തർജില്ലാ സ്ഥലംമാറ്റവുമായി ബന്ധപ്പെട്ട ഉത്തരവുകളിലെ വ്യവസ്ഥകൾ പ്രകാരം ഒരു കാറ്റഗറിയിൽ ഒരു ജില്ലയിൽ ഒരു വർഷം ഉണ്ടാകുന്ന 10% വേക്കൻസികളിൽ മാത്രമേ അന്തർജില്ലാ സ്ഥലംമാറ്റം നൽകുവാൻ കഴിയുകയുള്ളൂ. ഒഴിവുകൾ ഉണ്ടാകുന്ന മുറയ്ക്ക് അർഹതപ്പെട്ടവർക്ക് അന്തർജില്ലാ സ്ഥലംമാറ്റം നൽകിവരുന്നുണ്ട്. നിലവിൽ ജീവനക്കാർക്ക് പൊതുവായി ബാധകമായ ചട്ടങ്ങൾ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാർക്കും ബാധകമാണ്.

(ബി) ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാർക്ക്, നിലവിലുള്ള വ്യവസ്ഥകൾ പ്രകാരമുള്ള അന്തർജില്ലാ സ്ഥലംമാറ്റത്തിന് തടസ്സങ്ങൾ ഒന്നുമില്ല.

ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ് I തസ്തിക ജില്ലാതല തസ്തിക ആയതിനാൽ ജില്ലാ തലത്തിൽ പൊതുസ്ഥലംമാറ്റം നൽകുന്നുണ്ട്. ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ് I, പ്രൊമോഷൻ ലഭിച്ചവർക്ക് ഇതുവരെ സംസ്ഥാന തലത്തിൽ ജനറൽ ട്രാൻസ്ഫർ നടപ്പിലാക്കിയിട്ടില്ല. ആയതിന്റെ കാരണം താഴെക്കൊടുക്കുന്നു.

മൃഗസംരക്ഷണ വകുപ്പിലെ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാർ ജില്ലാതല റിക്രൂട്ട്മെന്റ് വഴി ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ് II ആയി ജില്ലാതല നിയമനം ലഭിക്കുകയും റേഷ്യോ പ്രൊമോഷൻ വഴി ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ് I

ആയി മാറുകയും ചെയ്യുന്നു. പ്രൊമോഷന് ശേഷം ടി ജീവനക്കാർക്ക് ജോലിയുടെ സ്വഭാവത്തിൽ മാറ്റം വരുന്നില്ല. ടി ജീവനക്കാർ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ് II തസ്തികകളിൽ റേഷ്യോ പ്രൊമോഷൻ ലഭിച്ച് ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ് I ആയി മാറുന്നതല്ലാതെ സംസ്ഥാന തലത്തിൽ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ് I തസ്തികകൾ സൃഷ്ടിച്ചിട്ടില്ല. ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ് I ആയി റിട്ടയർ ചെയ്യുന്നവരുടെ വേക്കൻസികൾ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ് II വേക്കൻസികളായി ജില്ലാതലത്തിൽ പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്യുകയും ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ് II ആയി പുതിയ നിയമനം നടത്തുകയും ചെയ്യുന്നു. നിലവിൽ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ് I ജില്ലാതല തസ്തിക ആയതിനാൽ സംസ്ഥാന തലത്തിൽ പൊതുസ്ഥലംമാറ്റം നൽകുവാൻ കഴിയില്ല. ജില്ലാതല തസ്തികകൾക്ക് ജില്ലാതലത്തിൽ മാത്രമേ പൊതുസ്ഥലംമാറ്റം നൽകുവാൻ കഴിയൂ.

**കോഴി വളർത്തലും കന്നുകാലി വളർത്തലും**

86 (T* 4642) ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും ക്ഷീര വികസനവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴി വളർത്തലും കന്നുകാലി വളർത്തലും നിലവിൽ കൃഷിയായി അംഗീകരിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇവയ്ക്ക് അംഗീകാരം നൽകി, കൃഷിക്കാർക്ക് നൽകുന്ന ആനുകൂല്യങ്ങൾ കോഴി വളർത്തലിലും കന്നുകാലി വളർത്തലിലും ഏർപ്പെട്ടിരിക്കുന്നവർക്കും നൽകുമോ;വിശദമാക്കുമോ?

ഉത്തരം

(എ) 28-3-2015-ലെ കൃഷി വകുപ്പിന്റെ സ.ഉ.(പി) നമ്പർ 59/15/കൃഷി ഉത്തരവ് പ്രകാരം മുൻ സർക്കാർ അംഗീകരിച്ച കാർഷിക വികസന നയത്തിൽ കോഴി വളർത്തലും കന്നുകാലി വളർത്തലും കൃഷിയായി അംഗീകരിച്ചിട്ടുണ്ട്.

(ബി) മേൽ കാർഷിക നയത്തിൽ പൗൾട്രി വികസനത്തിനായുള്ള നയങ്ങൾ ചുവടെ ചേർക്കുന്നവയാണ്.

---

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

നയം 216: അന്യസംസ്ഥാനത്തുനിന്നും കൊണ്ടുവരുന്ന ബ്രോയിലർ കോഴികൾക്ക് പ്രവേശന നികുതി ഈടാക്കുകയും പ്രാദേശിക ഉൽപാദനത്തിനെ ഇതിൽനിന്നും ഒഴിവാക്കുകയും വേണം.

നയം 217: സംസ്ഥാനത്ത് ഒരു ഇറച്ചിക്കോഴി കർഷകന് ഒരു വർഷത്തെ വിറ്റുവരവിൽ 10 ലക്ഷം രൂപവരെയുള്ള തുകയ്ക്ക് നികുതിയിളവ് നൽകേണ്ടതാണ്.

നയം 218: ബ്രോയിലർ കൃഷിയെ ഒരു കാർഷിക പ്രവർത്തനമായി കണക്കാക്കി, ഇതിനാവശ്യമായ വൈദ്യുതി കാർഷിക വൈദ്യുതി നിരക്കിൽ ലഭ്യമാക്കണം.

മേൽനയങ്ങൾ സാമ്പത്തിക ബാധ്യത ഉള്ളതായതിനാൽ ബന്ധപ്പെട്ട വകുപ്പുകളുടെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ നടപ്പിലാക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

**കെപ്കോ വിൽക്കുന്ന കോഴിയിറച്ചി**

87 ( T*4643) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെപ്കോ വിൽക്കുന്ന ഇറച്ചി കോഴികളെ സ്വന്തം ഫാമിലാണോ വളർത്തിയെടുക്കുന്നത്; അല്ലെങ്കിൽ വേറെ എവിടെയൊക്കെയാണെന്നതിന്റെ വിശദാംശം ലഭ്യമാക്കുമോ;

(ബി) കെപ്കോ സ്വകാര്യ കോഴിവളർത്തുകാരെ ഇതിനായി ഏതെല്ലാം രീതിയിൽ ഉപയോഗപ്പെടുത്തിവരുന്നുവെന്ന് വിശദമാക്കുമോ;

(സി) കോഴിയിറച്ചിക്കായി സ്വകാര്യ കോഴിവളർത്തുകാരെ കെപ്കോ സമീപിക്കേണ്ടിവരുന്നതിന്റെ കാരണം അറിയിക്കുമോ?

ഉത്തരം

(എ) കെപ്കോ വിൽക്കുന്ന ഇറച്ചിക്കോഴികളെ കെപ്കോയുടെ സ്വന്തം ഇന്റഗ്രേഷൻ ഫാമുകളിലാണ് വളർത്തിയെടുക്കുന്നത്. ഈ ഇന്റഗ്രേഷൻ ഫാമുകളിൽ വളർത്തിയെടുക്കുന്ന കോഴികളെ ശാസ്ത്രീയമായി സംസ്കരിച്ചാണ് കെപ്കോ കോഴിയിറച്ചി ഉത്പാദിപ്പിക്കുന്നത്.

(ബി) സാധാരണഗതിയിൽ സ്വകാര്യ കോഴിവളർത്തുകാരെ കെപ്കോയുടെ ഇന്റഗ്രേഷൻ വ്യവസ്ഥയിൽ ഇറച്ചിക്കോഴികളെ വളർത്താൻ ഉപയോഗിക്കാറുണ്ട്. ഇപ്രകാരം വളർത്തുന്ന ഇറച്ചിക്കോഴികൾക്ക് 45 ദിവസം പ്രായമാകുമ്പോൾ കോർപ്പറേഷൻ തിരിച്ചെടുക്കുന്നു. വളർത്തുകൂലിയായി കിലോഗ്രാമിന് ഏഴ് രൂപ മുതൽ പത്തു രൂപ വരെ കർഷകർക്ക് നൽകുന്നു.

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(സി) കെപ്കോയുടെ കീഴിലുള്ള ഇന്റഗ്രേഷൻ ഫാമുകളിൽ ആവശ്യാനുസരണം ഇറച്ചിക്കോഴികൾ ലഭ്യമായതിനാൽ സാധാരണഗതിയിൽ സ്വകാര്യ കോഴിവളർത്തൽകാരെ സമീപിക്കേണ്ടി വരാറില്ല. എന്നാൽ കെപ്കോയുടെ ഫാമുകളിൽ വളർത്തപ്പെടുന്ന ഇറച്ചിക്കോഴികൾ മതിയാകാതെ വരുന്ന അപൂർവ്വം സന്ദർഭങ്ങളിലോ കെപ്കോ കോഴിയിറച്ചിക്ക് വേണ്ടിയുള്ള ആവശ്യം പ്രതീക്ഷിച്ചതിനേക്കാൾ കൂടുതലായിരിക്കുന്ന അവസരങ്ങളിലോ കേരളത്തിലെ ചെറുകിട സ്വകാര്യ കോഴി വളർത്തുകാരിൽ നിന്നും ജീവനുള്ള ഇറച്ചിക്കോഴികളെ വാങ്ങാറുണ്ട്.

## കാർഷിക വികസന നയത്തിൽ മൃഗസംരക്ഷണ വകുപ്പുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ

88 (4644) ശ്രീ. കെ. കൃഷ്ണൻകുട്ടി :
ശ്രീ. സി. കെ. നാണു :
ശ്രീ. കോവൂർ കുഞ്ഞുമോൻ :
ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ കാർഷിക വികസന നയത്തിൽ ഉൾപ്പെട്ട ഏതൊക്കെ നിർദ്ദേശങ്ങൾ മൃഗസംരക്ഷണ വകുപ്പ് നടപ്പിലാക്കിയിട്ടുണ്ട്; വിശദീകരിക്കാമോ;

(ബി) കാർഷിക വികസന നയത്തിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട് പ്രസ്തുത വകുപ്പ് ഇതേവരെ നടപ്പിലാക്കിയിട്ടുള്ള പ്രവർത്തനങ്ങൾ വിശദീകരിക്കുമോ ; ഇത് സംബന്ധിച്ച് എന്തെങ്കിലും രേഖകൾ ഉണ്ടെങ്കിൽ അവ ലഭ്യമാക്കാമോ;

(സി) കാർഷിക വികസന നയത്തിന് അനുസൃതമായി ഗോ ആധാർ എന്ന പദ്ധതിയുടെ നടത്തിപ്പിനെക്കുറിച്ച് വിശദമാക്കാമോ;

(ഡി) കേരളത്തിൽ വിൽക്കപ്പെടുന്ന കാലിത്തീറ്റയുടെയും ഗുണമേന്മ വളരെ കുറവാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) കാലിത്തീറ്റയുടെ ഗുണമേന്മ കണ്ടെത്തുന്നതിനും ഗുണമേന്മ ഉറപ്പാക്കുന്നതിനും വിഭാവനം ചെയ്തുകൊണ്ടുള്ള കാലിത്തീറ്റ ഗുണമേന്മ നിയന്ത്രണ ബില്ലിന്റെ നിലവിലെ അവസ്ഥ വ്യക്തമാക്കാമോ;

(എഫ്) ചെറുകിട പശു വളർത്തൽ, കോഴി വളർത്തൽ യൂണിറ്റുകൾക്ക് സബ്സിഡി നിരക്കിൽ വൈദ്യുതി ലഭ്യമാക്കണമെന്ന കാർഷിക വികസന നയത്തിലെ നിർദ്ദേശം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

(ജി) കേരളത്തിൽ വ്യാപകമായി കൃത്രിമ ചൈനീസ് മുട്ടകൾ വില്പന നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉപഭോക്താവ് വാങ്ങുന്ന കോഴി-താറാവ്-കാടമുട്ടകൾ ഭക്ഷ്യയോഗ്യമാണെന്ന് ഉറപ്പ് വരുത്തുവാൻ എന്തൊക്കെ നടപടികളാണ് മൃഗസംരക്ഷണ വകുപ്പ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) കാർഷിക വികസനനയത്തിൽ മൃഗസംരക്ഷണ വകുപ്പ് നടപ്പിലാക്കിയ നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു:

(i) **കേരള സംസ്ഥാന വളർത്തുമൃഗ വികസനം നയം (നയം - 175**) -24 മണിക്കൂർ മൃഗചികിത്സാ സേവനം - 24 മണിക്കൂർ മൃഗചികിത്സാ സേവനം എന്ന പദ്ധതി നടപ്പിലാക്കുക എന്ന ലക്ഷ്യം മുൻനിർത്തി രാത്രികാലങ്ങളിൽ അടിയന്തിര ചികിത്സാസഹായം ലഭ്യമാക്കുന്നതിന് കരാർ അടിസ്ഥാനത്തിൽ വെറ്ററിനറി സർജൻമാരെ നിയമിച്ചിട്ടുണ്ട്. 2015-16 സാമ്പത്തിക വർഷം നാല് കോർപ്പറേഷൻ ഉൾപ്പെടെ 45 ബ്ലോക്കുകളിൽ ഈ സേവനം നടപ്പിലാക്കിയിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷത്തിൽ പുതുതായി 20 ബ്ലോക്കുകളെ ഉൾപ്പെടുത്തി അഞ്ച് കോർപ്പറേഷൻ ഉൾപ്പെടെ മൊത്തം 65 ബ്ലോക്കുകളിൽ ഈ സേവനം ലഭ്യമാക്കിവരുന്നു.

(ii) സാങ്കേതിക ശാസ്ത്രത്തിന്റെ പ്രചരണത്തെയും പരിപാലനത്തെയും സംബന്ധിക്കുന്ന നയങ്ങൾ **(നയം - 66)** - സെന്റർ ഓഫ് എക്സലൻസ് ഓൺ ട്രെയിനിംഗ് ഇൻ ആനിമൽ ഹസ്ബന്ററി - 2014-15 സാമ്പത്തിക വർഷം 40 ലക്ഷം രൂപയും 2015-16 സാമ്പത്തിക വർഷം 2 കോടി രൂപയും 2016-17 സാമ്പത്തിക വർഷം 1.46 കോടി രൂപയും വകയിരുത്തി മൊത്തം 3.86 കോടി രൂപ അനുവദിച്ചുകൊണ്ട് തിരുവനന്തപുരം ജില്ലയിലെ കുടപ്പനക്കുന്ന് മൃഗസംരക്ഷണ പരിശീലനകേന്ദ്രം സെന്റർ ഓഫ് എക്സലൻസ് ആയി ഉയർത്തുന്നതിന് അനുമതി ലഭിച്ചിട്ടുണ്ട്. ഭാവിയിൽ കൂടുതൽ വിഷയങ്ങളിൽ കർഷക പരിശീലനങ്ങൾ നടപ്പിലാക്കാൻ കഴിയും.

(iii) **മൃഗ-പോഷണവുമായി ബന്ധപ്പെട്ട നയങ്ങൾ ( നയം - 181**) - കന്നുകുട്ടി പരിപാലന പദ്ധതി- സംസ്ഥാനത്ത് ജനിക്കുന്ന ഓരോ കന്നുകുട്ടിക്കും സമീകൃത തീറ്റ ലഭ്യമാക്കണമെന്ന ലക്ഷ്യത്തോടുകൂടി ഗോവർദ്ധിനി, കന്നുകുട്ടി പരിപാലന പദ്ധതി എന്നിവ നടപ്പിലാക്കിവരുന്നു. 2015-16, 2016-17 സാമ്പത്തിക വർഷങ്ങളിൽ ഈ രണ്ട് പദ്ധതികളിലായി ഒരു ലക്ഷത്തിന് മുകളിൽ കന്നുകുട്ടികളെ എൻറോൾ ചെയ്തിട്ടുണ്ട്.

(iv) **വിവര സാങ്കേതിക വിദ്യയുടെ പ്രയോഗവുമായി ബന്ധപ്പെട്ട നയങ്ങൾ (നയം - 54) കർഷക രജിസ്ട്രേഷൻ** - 5 ലക്ഷത്തിന് മുകളിൽ കർഷകരെ രജിസ്റ്റർ ചെയ്തിട്ടുണ്ട്. രജിസ്ട്രേഷൻ പൂർത്തിയാകുന്ന മുറയ്ക്ക് ഭാവിയിൽ ഈ രംഗത്തെ ആനുകൂല്യങ്ങൾ ഈ കർഷകർക്കാണ് നൽകുക.

(v) **കർഷക അവാർഡ്** - നിലവിൽ 5 വിഭാഗങ്ങളിലായി നൽകി വരുന്ന അവാർഡ് വ്യാവസായികാടിസ്ഥാനത്തിൽ പശുക്കളെ വളർത്തുന്ന കർഷകരെയും (Best Commercial Dairy Farmer) ഉൾപ്പെടുത്തിക്കൊണ്ട് കഴിഞ്ഞ വർഷം മുതൽ ആറ് ആക്കി ഉയർത്തി. സംസ്ഥാനത്തെ മികച്ച ക്ഷീരകർഷകൻ, മികച്ച യുവ കർഷകൻ, മികച്ച വനിതാസംരംഭക, മികച്ച സമ്മിശ്ര കർഷകൻ, മികച്ച പൗൾട്രി കർഷകൻ എന്നീ വിഭാഗങ്ങളിലാണ് അവാർഡുകൾ നൽകുന്നത്.

(vi) **തീറ്റ പരിശോധന ലാബ്** - തീറ്റയുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിന്റെ ഭാഗമായി തീറ്റ പരിശോധിക്കാനുള്ള അംഗീകൃത ലബോറട്ടറി തിരുവനന്തപുരത്ത് പാലോട് ചീഫ് ഡിസീസ് ഇൻവെസ്റ്റിഗേഷൻ ഓഫീസിലെ ലബോറട്ടറിയിൽ സ്ഥാപിക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(vii) **പൗൾട്രി വികസനത്തിനായുള്ള നയങ്ങൾ (നയം - 213)** - പിന്നാമ്പുറ കോഴിവളർത്തൽ വ്യാപിപ്പിക്കുന്നതിനായി 2015-16 സാമ്പത്തിക വർഷം 250 ലക്ഷം രൂപ ചെലവിൽ 766 സ്കൂളുകളിലായി 38300 കുട്ടികൾക്ക് 5 കോഴിക്കുഞ്ഞും തീറ്റയും മരുന്നും നൽകുന്ന പദ്ധതി നടപ്പിലാക്കി. 2016-17 സാമ്പത്തിക വർഷം 255 ലക്ഷം രൂപ ചെലവിൽ 701 സ്കൂളുകളിലായി 35050 കുട്ടികൾക്ക് കോഴിക്കുഞ്ഞും തീറ്റയും മരുന്നും ഉൾപ്പെടെ 725 രൂപ സബ്സിഡി നൽകുന്ന പദ്ധതി നടപ്പിലാക്കിവരുന്നു.

(viii) **നയം 213** - കോഴി വളർത്തൽ പദ്ധതി - വകുപ്പിന്റെ ഫാമുകൾ ശാക്തീകരിച്ച് ഗുണമേന്മയുള്ള കൂടുതൽ കോഴിക്കുഞ്ഞുങ്ങളെ കർഷകർക്ക് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മലപ്പുറം ജില്ലയിൽ എടവണ്ണയിൽ പുതിയ ഹാച്ചറി കോംപ്ലക്സ് സ്ഥാപിക്കാനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

(ix) **നയം 213 - പൗൾട്രി വികസന നയം :—**

(a) 2015-16 സാമ്പത്തിക വർഷം 968 കർഷകർക്കായി 10 താറാവിൻ കുഞ്ഞുങ്ങളെ വീതം നൽകുന്ന പദ്ധതി നടപ്പിലാക്കി. 2016-17 സാമ്പത്തിക വർഷം 1608 കർഷകർക്കായി 10 താറാവിൻകുഞ്ഞുങ്ങളെ വീതം നൽകുന്ന പദ്ധതി നടപ്പിലാക്കിവരുന്നു.

(b) ഏകജാലക സംവിധാനം - താറാവുകളിലെ രോഗനിർണ്ണയം, ചികിത്സ, വാക്സിൻ, സംഭരണം, വിതരണം തുടങ്ങി കർഷകർക്ക് സഹായകരമാകുന്ന പ്രവർത്തനങ്ങൾ ക്രോഡീകരിച്ച് നൽകുവാനായി ആലപ്പുഴ ജില്ലയിലെ മങ്കൊമ്പ് വെറ്ററിനറി പോളിക്ലിനിക്കിൽ സൗകര്യം ഒരുക്കിവരുന്നു.

(c) താറാവ് ഇൻഷ്വറൻസ് - 2015-16 സാമ്പത്തിക വർഷം കുട്ടനാട് മേഖലയിലെ പത്തനംതിട്ട, കോട്ടയം, ആലപ്പുഴ ജില്ലകളിൽ താറാവുകൾക്ക് സൗജന്യമായി ഇൻഷ്വറൻസ് നൽകാനുള്ള പദ്ധതി നടപ്പിലാക്കിയിരുന്നു. 2016-17 സാമ്പത്തിക വർഷം 20 ലക്ഷം രൂപ ചെലവാക്കി സംസ്ഥാനത്തെ മുഴുവൻ താറാവുകളെയും ഇൻഷ്വർ ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(d) ഉത്പന്ന വിപണന ശൃംഖല - താറാവിന്റെ മുട്ട, ഇറച്ചി എന്നീ ഉത്പന്നങ്ങൾ വിപണനം ചെയ്യുന്നതിന് താറാവ് കർഷകരെ സഹായിക്കുവാനായി 35 ലക്ഷം രൂപ ചെലവിൽ 5 മാർക്കറ്റിംഗ് നെറ്റ്‌വർക്ക് കുട്ടനാട് മേഖലയിൽ നടപ്പിലാക്കിവരുന്നു.

(e) താറാവ് ഹാച്ചറിയും പരിശീലന കേന്ദ്രവും തിരുവല്ല, മഞ്ഞാടി പക്ഷിരോഗ നിർണ്ണയ ലബോറട്ടറി കോംപ്ലക്സിൽ പണി പൂർത്തിയായി വരുന്നു. താറാവ് കർഷകർക്ക് ശാസ്ത്രീയ പരിശീലനവും മുട്ടവിരിയിച്ച് നൽകാനുള്ള ഹാച്ചറിയും അവിടെ സജ്ജമാക്കും. താറാവ് വളർത്തൽ പുനരുജ്ജീവിപ്പിക്കാനും പക്ഷിപ്പനിമൂലം കർഷകർക്കുണ്ടായ നഷ്ടം നികത്തുവാനും ഈ പ്രവർത്തനങ്ങൾ സഹായകരമാകും.

(x) **കേരള സംസ്ഥാന വളർത്തുമൃഗ വികസന നയം (നയം - 179)** - ആട് വളർത്തൽ- മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ കണ്ണൂർ ജില്ലയിലെ കൊമ്മേരി ആടുവളർത്തൽ കേന്ദ്രം ആർ.കെ.വി.വൈ. പദ്ധതിയിൽ ശാക്തീകരിച്ചുവരുന്നു. കാസർഗോഡ് ജില്ലയിൽ ബേദടുക്കയിൽ പുതിയ ആടുവളർത്തൽ കേന്ദ്രം തുടങ്ങുവാനും നടപടികൾ ആരംഭിച്ചുവരുന്നു.

(xi) **നയം 179**- നാടൻ ജനുസ്സുകളുടെ സംരക്ഷണം ലക്ഷ്യമിട്ട് കാസർഗോഡ് കുള്ളൻ പശുക്കളുടെ സംരക്ഷണത്തിനായി വകുപ്പ് കാസർഗോഡ് ബദിയഡുക്കയിൽ ഒരു ഫാം ആരംഭിച്ചു.

(xii) **കാർഷിക മേഖലയിലെ മാനവശേഷി വികസനവുമായി ബന്ധപ്പെട്ട നയങ്ങൾ (നയം - 48)**

സംസ്ഥാനത്ത് വിജ്ഞാനവ്യാപനമേഖലയിൽ പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥർ, ഏറ്റവും പുതിയ അറിവുകളും; കമ്പ്യൂട്ടർ, മൾട്ടിമീഡിയ, ഇന്റർനെറ്റ് തുടങ്ങിയ ഇലക്ട്രോണിക് സംവിധാനങ്ങൾ ഉപയോഗിക്കുന്നതിന് സമയബന്ധിതമായി പരിശീലനവും നൽകിവരുന്നു.

(xiii) **മൃഗസംരക്ഷണത്തിലേയും ക്ഷീരമേഖലയിലേയും യന്ത്രവത്കരണവുമായി ബന്ധപ്പെട്ട നയങ്ങൾ** :

അഞ്ചിൽ കൂടുതൽ കറവ പശുക്കളുള്ള ക്ഷീരകർഷകർക്ക് ഘട്ടംഘട്ടമായി കറവ യന്ത്രങ്ങൾ നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. 25,000 രൂപ സബ്സിഡി നിരക്കിൽ 696 പേർക്ക് ഈ സഹായം ഈ വർഷം നൽകുന്നതാണ്. വകുപ്പിന്റെ കീഴിലുള്ള എല്ലാ ഫാമുകളിലും സ്വയം നിറയുന്ന വെള്ളപാത്രങ്ങൾ ഘടിപ്പിക്കുകവഴി ഉത്പാദന വർദ്ധനവും ഉരുക്കളുടെ മെച്ചപ്പെട്ട ആരോഗ്യവും ഉറപ്പാക്കും.

(സി) ഗോ ആധാർ പദ്ധതി ഈ വകുപ്പ് നടപ്പിലാക്കുന്നില്ല.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) കാലിത്തീറ്റ ഗുണമേന്മ നിയന്ത്രണ ബില്ലിന്റെ കരട് പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

(എഫ്) 28-3-2015-ലെ സ.ഉ.(പി) നമ്പർ 59/15/കൃഷി പ്രകാരം മുൻ സർക്കാർ അംഗീകരിച്ച കാർഷിക വികസന നയത്തിൽ കോഴി വളർത്തൽ, കന്നുകാലി വളർത്തൽ തുടങ്ങിയവ കൃഷിയായി അംഗീകരിച്ചിട്ടുണ്ട്.

ചെറുകിട പശു വളർത്തൽ, കോഴി വളർത്തൽ യൂണിറ്റുകൾക്ക് സബ്സിഡി നിരക്കിൽ വൈദ്യുതി ലഭ്യമാക്കണമെന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

(ജി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഉപഭോക്താവ് വാങ്ങുന്ന കോഴി-താറാവ്-കാടമുട്ടകൾ ഭക്ഷ്യയോഗ്യമാണെന്ന് ഉറപ്പുവരുത്തേണ്ടത് ഭക്ഷ്യസുരക്ഷാ വകുപ്പാണ്.

**സ്വകാര്യ കന്നുകാലി ഫാമുകളുടെ വിവരശേഖരണം**

89 (4645) ശ്രീ. പാറക്കൽ അബ്ദുല്ല :
ശ്രീ. കെ. എം. ഷാജി :
ശ്രീ. ടി. എ. അഹമ്മദ് കബീർ :
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സ്വകാര്യ കന്നുകാലി ഫാമുകളുടെ വിവരശേഖരണം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) കന്നുകാലി ഫാമുകൾക്ക് നല്കുന്ന സഹായങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) സർക്കാർ ഫാമുകളിൽ നിന്ന് സ്വകാര്യസംരംഭകർക്ക് ലഭ്യമാവുന്ന സേവനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) നടത്തിയിട്ടുണ്ട്.

ആകെ 3966 സ്വകാര്യ കന്നുകാലി ഫാമുകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്. ജില്ല തിരിച്ചുള്ള വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു :

| | | |
|---|---|---|
| തിരുവനന്തപുരം | - | 346 |
| കൊല്ലം | - | 543 |
| പത്തനംതിട്ട | - | 30 |
| ആലപ്പുഴ | - | 76 |
| കോട്ടയം | - | 220 |
| ഇടുക്കി | - | 185 |
| എറണാകുളം | - | 250 |
| തൃശ്ശൂർ | - | 150 |
| പാലക്കാട് | - | 247 |
| മലപ്പുറം | - | 558 |
| കോഴിക്കോട് | - | 52 |
| വയനാട് | - | 481 |
| കണ്ണൂർ | - | 675 |
| കാസർഗോഡ് | - | 153 |
| ആകെ | - | 3966 |

(ബി) സ്വകാര്യ ഫാമുകൾക്ക് സാങ്കേതിക ഉപദേശം, ചികിത്സ, പ്രജനന സൗകര്യങ്ങൾ എന്നിവ ലഭ്യമാക്കുന്നു. മൃഗസംരക്ഷണ വകുപ്പ് വഴി മുൻവർഷങ്ങളിൽ, ബയോഗ്യാസ്, വീൽബാരോ, മാറ്റുകൾ മുതലായവ വിതരണം നടത്തിയിട്ടുണ്ട്. 2016-17 വർഷം ചെറുകിട ഫാമുകൾക്ക് കറവയന്ത്രം വാങ്ങാൻ സാമ്പത്തിക സഹായം നൽകുന്നു. ആയതിലേയ്ക്ക് 696 എണ്ണം വിതരണം നടത്തുന്നതിലേയ്ക്കായി 174 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ത്രിതല പഞ്ചായത്ത് തലത്തിൽ കന്നുകാലി ഫാമുകൾക്ക് ഉരുക്കളെ വാങ്ങാനും തൊഴുത്ത് നിർമ്മിക്കാനും അനുബന്ധ പ്രവർത്തനങ്ങൾക്കും സാമ്പത്തിക സഹായം നൽകുന്നുണ്ട്.

(സി) സ്വകാര്യ സംരംഭകർക്ക് സാറ്റലൈറ്റ് യൂണിറ്റുകൾ നടത്താനാവശ്യമായ ആട്ടിൻകുട്ടികൾ, പന്നിക്കുട്ടികൾ മുതലായവ വിതരണം നടത്തിവരുന്നു. സ്വകാര്യ സംരംഭകർക്ക് സാങ്കേതിക ഉപദേശം, പ്രായോഗിക പ്രവൃത്തി പരിശീലനം എന്നിവ നൽകുന്നതിനോടൊപ്പം അവ ഒരു മാതൃകാ സ്ഥാപനം/ഡെമോൺസ്ട്രേഷൻ യൂണിറ്റായി പ്രവർത്തിക്കുന്നു. പുൽക്കൃഷി നടത്തുന്നതിനാവശ്യമായ സാങ്കേതിക ഉപദേശവും പുൽക്കൂട വിതരണവും നടത്തുന്നു.

**പാലക്കാട് ജില്ലയിൽ വന്യമൃഗങ്ങളുടെ ആക്രമണ ഭീഷണിയുള്ള സ്ഥലങ്ങൾ**

90 (4646) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ വന്യമൃഗങ്ങളുടെ ആക്രമണ ഭീഷണിയുള്ള സ്ഥലങ്ങൾ ഏതെല്ലാമെന്ന് കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കാമോ;

(ബി) വന്യമൃഗ ആക്രമണ ഭീഷണി തടയുന്നതിനായി എന്തെല്ലാം മുൻകരുതൽ നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ; അതിനായി എത്ര തുക ചെലവഴിച്ചു; വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) കണ്ടെത്തിയിട്ടുണ്ട്. പാലക്കാട് ജില്ലയിലെ സൈലന്റ് വാലി ഫോറസ്റ്റ് ഡിവിഷനിലെ അമ്പലപ്പാറ, ഉപ്പുക്കളം, പൊതുവപ്പാടം, ചിണ്ടക്കി മേഖലകളിലും, നെന്മാറ ഡിവിഷൻ പരിധിയിലുള്ള എലവഞ്ചേരി, മുതലമട, ചപ്പക്കാട്, ചെമ്മണാംപതി, കൊളുമ്പ്, തിരുവഴിയാട്, പോത്തുണ്ടി, ചൂലന്നൂർ, വടക്കഞ്ചേരി മേഖലകളിലും, മണ്ണാർക്കാട് ഡിവിഷന്റെ പരിധിയിൽ വരുന്ന പുതൂർ, ഷോളയൂർ, ഒമ്മല, മണ്ണാർക്കാട്, പാലക്കയം മേഖലകളിലും, പാലക്കാട് ഫോറസ്റ്റ് ഡിവിഷനിലെ ഒലവക്കോട്, വാളയാർ എന്നീ മേഖലകളിലുമാണ് നിലവിൽ വന്യമൃഗങ്ങളുടെ ആക്രമണ ഭീഷണി ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത്.

(ബി) പാലക്കാട് ജില്ലയിൽ വന്യമൃഗ ആക്രമണ ഭീഷണി നേരിടുന്ന മേഖലകളിൽ സൗരോർജ്ജ കമ്പിവേലി, ആന പ്രതിരോധ കിടങ്ങ്, ആന പ്രതിരോധ മതിൽ എന്നിവ നിർമ്മിക്കുകയും നിലവിലുള്ളവയുടെ അറ്റകുറ്റപ്പണികൾ നടത്തിവരികയും ചെയ്യുന്നുണ്ട്. കൂടാതെ വനം വകുപ്പിലെ സംരക്ഷണ ജീവനക്കാരുടെയും, ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റി/വന സംരക്ഷണ സമിതി അംഗങ്ങളുടെയും തദ്ദേശവാസികളുടെയും കൂട്ടായ പ്രവർത്തനവും പ്രശ്നബാധിത മേഖലകളിൽ പട്രോളിംഗും നടന്നുവരുന്നുണ്ട്. കൂടാതെ ഇത്തരം മേഖലകളിൽ റാപിഡ് റെസ്പോൺസ് ടീമിന്റെ സേവനവും ആവശ്യാനുസരണം ഉപയോഗിക്കുന്നുണ്ട്.

ഇതിനായി 2010-11 മുതൽ നാളിതുവരെയായി 1,85,63,036 രൂപ (ഒരു കോടി എൺപത്തിയഞ്ചു ലക്ഷത്തി അറുപത്തിമൂന്നായിരത്തി മുപ്പത്തിയാറ് രൂപ മാത്രം) ചെലവഴിച്ചിട്ടുണ്ട്.

**വെറ്ററിനറി ഉപകേന്ദ്രങ്ങൾ**

91 (4647) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെറ്ററിനറി ഉപകേന്ദ്രങ്ങളുടെ നിയന്ത്രണം റീജിയണൽ ആനിമൽ ഹസ്ബന്ററി സെന്ററിന് കീഴിലാക്കാനുള്ള നടപടി സ്വീകരിക്കുമോ; സർക്കാർ കെട്ടിടങ്ങളിലും വാടക കെട്ടിടങ്ങളിലും പ്രവർത്തിക്കുന്ന വെറ്ററിനറി ഉപകേന്ദ്രങ്ങളുടെ എണ്ണമെത്രവീതമാണെന്ന് അറിയിക്കുമോ;

(ബി) ഈ സാമ്പത്തിക വർഷം എത്ര വെറ്ററിനറി ഉപകേന്ദ്രങ്ങൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുവാൻ പദ്ധതിയുണ്ട്; അവ ഏതെല്ലാം; വെറ്ററിനറി ഉപ കേന്ദ്രങ്ങളിൽ പ്രാഥമിക ചികിൽസയ്ക്കാവശ്യമായ വിരമരുന്നും മറ്റു മരുന്നുകളും ഗ്ലൗസും ലഭ്യമാക്കുമോ?

ഉത്തരം

(എ) നിലവിൽ വെറ്ററിനറി ഉപകേന്ദ്രങ്ങളുടെ നിയന്ത്രണം അതാത് മൃഗാശുപത്രികൾക്കാണ്. ഇവയുടെ നിയന്ത്രണം റീജിയണൽ ആനിമൽ ഹസ്ബന്ററി സെന്ററിന് കീഴിലാക്കുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. നിലവിലുള്ള വകുപ്പുതല കണക്കുകൾ പ്രകാരം 391 വെറ്ററിനറി കേന്ദ്രങ്ങൾ വാടക കെട്ടിടത്തിലും 211 എണ്ണം സർക്കാർ കെട്ടിടത്തിലും 733 എണ്ണം വാടക ഒഴിവായും പ്രവർത്തിക്കുന്നുണ്ട്.

(ബി) ഒന്ന്. ഇടുക്കി പന്നിയാർക്കുട്ടി വെറ്ററിനറി സബ്സെന്ററിന് പുതിയ കെട്ടിടം നിർമ്മിക്കാൻ അനുമതി ആയിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷത്തിൽ വെറ്ററിനറി ഉപകേന്ദ്രങ്ങളുടെ നിർമ്മാണത്തിനും അറ്റകുറ്റപ്പണികൾക്കുമായി 50 ലക്ഷം രൂപ ബജറ്റിൽ വക കൊള്ളിച്ചിട്ടുണ്ട്. ഉപകേന്ദ്രങ്ങളുടെ കെട്ടിട നിർമ്മാണത്തിന് പരമാവധി അഞ്ച് ലക്ഷം രൂപയും നവീകരണത്തിന് പരമാവധി മൂന്ന് ലക്ഷം രൂപയുമാണ് വകകൊള്ളിച്ചിട്ടുള്ളത്. പ്രൊപ്പോസലുകൾ ലഭ്യമാകുന്ന മുറയ്ക്ക് ഭരണാനുമതി ലഭ്യമാക്കുന്നതും ഫണ്ട് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് കൈമാറുന്നതുമാണ്. വെറ്ററിനറി ഉപകേന്ദ്രങ്ങളിൽ വിരമരുന്നും മറ്റ് മരുന്നുകളും ഗ്ലൗസും ലഭ്യമാക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ട്.

## കാലിത്തീറ്റയുടെ വിലവർദ്ധനവ്

92 (4648) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാലിത്തീറ്റയുടെ വില ക്രമാതീതമായി വർദ്ധിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കാലിത്തീറ്റയുടെ സബ്സിഡി തുക വർദ്ധിപ്പിക്കുന്നതിനും വില നിയന്ത്രിക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കേരളാ ഫീഡ്സ്, മിൽമ മുതലായ പൊതുമേഖലാ സ്ഥാപനങ്ങൾ വഴി വിൽപ്പന നടത്തുന്ന കാലിത്തീറ്റ നിയന്ത്രിത വിലയ്ക്ക് സർക്കാർ നൽകുന്നതുകൊണ്ട് പൊതുവിപണിയിൽ കാലിത്തീറ്റ വില ക്രമാതീതമായി വർദ്ധിപ്പിക്കുന്നതിനെ പിടിച്ചുനിർത്തുന്നു. കന്നുകുട്ടി പരിപാലന പദ്ധതി വഴി 4 മാസം മുതൽ 30 മാസംവരെയുള്ള പശുക്കുട്ടികൾക്ക് പകുതി വിലയ്ക്ക് കന്നുകുട്ടി തീറ്റ നൽകുന്നതുകൊണ്ട് കർഷകർക്ക് കാലിത്തീറ്റ വില വർദ്ധനയിൽ ഒരാശ്വാസമാണ്. ക്ഷീര സംഘങ്ങളിൽ അളക്കുന്ന പാലിന് ആനുപാതികമായി ലിറ്ററിന് ഒരു രൂപ നിരക്കിൽ കാലിത്തീറ്റയ്ക്ക് സബ്സിഡി നൽകിവരുന്നുണ്ട്. കാലിത്തീറ്റ സബ്സിഡി ഉയർത്തുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു. മിൽമ മുഖേന വിതരണം ചെയ്യുന്ന കാലിത്തീറ്റയ്ക്ക് മിൽമയുടെ മേഖലാ യൂണിയനുകൾ അവരുടെ പ്രവർത്തന ലാഭത്തിൽനിന്നും ക്ഷീരകർഷകർക്ക് സബ്സിഡി ലഭ്യമാക്കുന്നുണ്ട്. കൂടാതെ കേരളാ ഫീഡ്സ് നിലവിൽ വില വർദ്ധന നടപ്പാക്കിയിട്ടില്ല.

## ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ് - 1

93 (4649) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൃഗസംരക്ഷണ വകുപ്പിലെ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാരുടെ ആദ്യ പ്രൊമോഷൻ പോസ്റ്റായ ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ്-I കാർക്ക് മറ്റ് വകുപ്പുകളിലെപ്പോലെ ജനറൽ ട്രാൻസ്ഫർ നടപ്പിലാക്കുമോ; ഇല്ലെങ്കിൽ ഇതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) വർഷങ്ങളായി അന്യ ജില്ലകളിൽ ജോലി നോക്കുന്ന ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർമാർക്ക് അവരുടെ സ്വന്തം ജില്ലകളിലേയ്ക്ക് മാറ്റം ലഭിയ്ക്കുന്നതിന്

ജീവനക്കാരുടെ സൗകര്യാർത്ഥം ബദൽ സംവിധാനം എന്തെങ്കിലും സർക്കാർ ആലോചിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) മൃഗസംരക്ഷണ വകുപ്പിലെ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാരുടെ ആദ്യ പ്രൊമോഷൻ പോസ്റ്റായ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ് I കാർക്ക് മറ്റ് വകുപ്പുകളിലെപ്പോലെ ജനറൽ ട്രാൻസ്ഫർ നടപ്പിലാക്കാൻ കഴിയില്ല. ആയതിന്റെ കാരണം ചുവടെ ചേർക്കുന്നു.

മൃഗസംരക്ഷണ വകുപ്പിലെ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാർ ജില്ലാതല റിക്രൂട്ട്മെന്റ് വഴി ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ് II ആയി ജില്ലാതല നിയമനം ലഭിക്കുകയും റേഷ്യോ പ്രൊമോഷൻ വഴി ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ് I ആയി മാറുകയും ചെയ്യുന്നു. പ്രൊമോഷന് ശേഷം ടി ജീവനക്കാർക്ക് ജോലിയുടെ സ്വഭാവത്തിൽ മാറ്റം വരുന്നില്ല. ടി ജീവനക്കാർ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ് II തസ്തികകളിൽ റേഷ്യോ പ്രൊമോഷൻ ലഭിച്ച് ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ് I ആയി മാറുന്നതല്ലാതെ സംസ്ഥാന തലത്തിൽ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ് I തസ്തികകൾ സൃഷ്ടിച്ചിട്ടില്ല. ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ് I ആയി റിട്ടയർ ചെയ്യുന്നവരുടെ വേക്കൻസികൾ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ് II വേക്കൻസികളായി ജില്ലാതലത്തിൽ പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്യുകയും ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ് II ആയി പുതിയ നിയമനം നടത്തുകയും ചെയ്യുന്നു. നിലവിൽ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ് I ജില്ലാതല തസ്തിക ആയതിനാൽ സംസ്ഥാന തലത്തിൽ പൊതുസ്ഥലംമാറ്റം നൽകുവാൻ കഴിയില്ല. ജില്ലാതല തസ്തികകൾക്ക് ജില്ലാതലത്തിൽ മാത്രമേ പൊതുസ്ഥലംമാറ്റം നൽകുവാൻ കഴിയൂ.

(ബി) ജില്ലാതല റിക്രൂട്ട്മെന്റ് വഴി ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ ആയി ഒരു ജില്ലയിൽ നിയമനം ലഭിച്ചവർക്ക് നിലവിലുള്ള സർക്കാർ ഉത്തരവ് പ്രകാരം അന്തർജില്ലാ സ്ഥലംമാറ്റത്തിന് വ്യവസ്ഥയുണ്ട്. നിലവിൽ ജീവനക്കാർക്ക് പൊതുവായി ബാധകമായ ചട്ടങ്ങൾ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാർക്കും ബാധകമായതിനാൽ അവർക്ക് മാത്രമായി ബദൽ സംവിധാനം ഏർപ്പെടുത്തുവാൻ കഴിയില്ല.

**ഡെയറി സയൻസ് കോളേജ്**

94 (4650) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ഡെയറി സയൻസ് കോളേജുകളുണ്ട്; ഇവിടെ എന്ത് പാഠ്യപദ്ധതികളാണ് നിലവിലുള്ളത്; ഇവിടെ എത്ര വിദ്യാർത്ഥികൾ പഠിക്കുന്നുണ്ട്; ഇവർക്ക് എന്തെല്ലാം തൊഴിൽ സാധ്യതകളാണ് ഉള്ളത്; ക്ഷീരോത്പാദന രംഗത്തും കന്നുകാലി പരിപാലനത്തിലും ഡെയറി സയൻസ് കോളേജുകളുടെ പങ്ക് എന്താണെന്നുള്ളത് വ്യക്തമാക്കാമോ;

(ബി) വിതുര പഞ്ചായത്തിലെ ചെറ്റച്ചൽ ജെഴ്സി ഫാമിൽ ഡെയറി സയൻസ് കോളേജ് എന്നാണ് അനുവദിച്ചത്; ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; ചെറ്റച്ചൽ ജെഴ്സി ഫാമിൽ ഡെയറി സയൻസ് കോളേജ് തുടങ്ങുന്നതിന് സൗകര്യപ്രദമായ സ്ഥലം കണ്ടെത്തി ശിപാർശ ചെയ്തിട്ടുണ്ടോ; എങ്കിൽ ഇവിടെ കോളേജിനുള്ള ഭൂമി ലഭിയ്ക്കുന്നതിന് ഇപ്പോൾ തടസ്സം ഉണ്ടോ; തടസ്സമുണ്ടെങ്കിൽ എന്താണെന്ന് വ്യക്തമാക്കാമോ;

(സി) ഡെയറി സയൻസ് കോളേജ് പുതുതായി ആരംഭിയ്ക്കുന്നതിന് ഡെയറി ഫാമുകൾ അനിവാര്യമാണോ; എങ്കിൽ ചെറ്റച്ചലിൽ പ്രവർത്തിക്കുന്ന ഡെയറി ഫാം കോളേജിനായി പ്രയോജനപ്പെടുത്താമോ; ചെറ്റച്ചലിൽ ഡെയറി സയൻസ് കോളേജ് തുടങ്ങാൻ പ്രയോജനപ്രദമായ മറ്റ് ഭൗതിക സാഹചര്യങ്ങൾ എന്തെല്ലാമാണ്; കോളേജിന്റെ പ്രവർത്തനങ്ങൾക്ക് എത്ര സ്ഥലമാണ് വേണ്ടത്;

(ഡി) ചെറ്റച്ചലിലെ ജെഴ്സി ഫാമിന് എത്രസ്ഥലമാണുള്ളത്; ഇതിൽ എത്ര സ്ഥലത്താണ് ഡെയറി ഫാം പ്രവർത്തിക്കുന്നത്; ഇവിടെ പരിപാലിക്കപ്പെടുന്ന കന്നുകാലികൾ എത്രയാണ്;

(ഇ) ചെറ്റച്ചൽ ജെഴ്സി ഫാമിൽ അനുവദിച്ച ഡെയറി സയൻസ് കോളേജ് തിരുവനന്തപുരത്ത് എവിടെയാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്; എത്ര വിദ്യാർത്ഥികൾ പഠിക്കുന്നു; എത്രാമത്തെ ബാച്ചാണ് ഇപ്പോഴുള്ളത്; ചെറ്റച്ചലിൽ കോളേജ് ആരംഭിക്കുന്നതിലെ കാലതാമസം വിദ്യാർത്ഥികളുടെ തുടർ വിദ്യാഭ്യാസം തടസ്സപ്പെടുത്തുന്ന സാഹചര്യം ഉണ്ടോ; ഇതിനായി എന്തെല്ലാം കരുതലുകളാണ് സർക്കാർ എടുത്തിട്ടുള്ളതെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് 3 ഡെയറി സയൻസ് കോളേജുകളുണ്ട്. ദേശീയ കാർഷിക ഗവേഷണ കൗൺസിൽ (ICAR) നിർദ്ദേശിച്ച പാഠ്യപദ്ധതിയാണ് നിലവിലുള്ളത്. മണ്ണുത്തിയിൽ 260 വിദ്യാർത്ഥികളും പൂക്കോട് 56 വിദ്യാർത്ഥികളും തിരുവനന്തപുരത്ത് 58 വിദ്യാർത്ഥികളും പഠിക്കുന്നുണ്ട്. സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള ഡെയറി ഡെവലപ്മെന്റ് ഡിപ്പാർട്ട്മെന്റിൽ ക്ഷീരവികസന ഓഫീസർ തസ്തികയ്ക്കുള്ള അടിസ്ഥാന യോഗ്യത ബി. ടെക് (ഡെയറി ടെക്നോളജി) ആണ്.

മിൽമയുടെ കീഴിലുള്ള സംസ്കരണ പ്ലാന്റുകളിൽ ടെക്നിക്കൽ സൂപ്രണ്ട്, ഡെയറി കെമിസ്റ്റ്, കോളിറ്റി അനലിസ്റ്റ് മുതലായ തസ്തികകൾക്കും ഇതേ യോഗ്യതയാണ് നിഷ്കർഷിച്ചിട്ടുള്ളത്. ഇന്ത്യയ്ക്ക് അകത്തും പുറത്തുമുള്ള നിരവധി ക്ഷീര സംസ്കരണ/ ഭക്ഷ്യ സംസ്കരണ പ്ലാന്റുകളിൽ ഇവിടെനിന്നുള്ള ബി.ടെക് ബിരുദധാരികൾ ജോലി ചെയ്തുവരുന്നു.

(ബി) 2015-16 അക്കാദമിക് വർഷത്തിലാണ് തിരുവനന്തപുരത്ത് ചെറ്റച്ചൽ ഡെയറി സയൻസ് കോളേജ് പ്രവർത്തനമാരംഭിച്ചത്. പ്രസ്തുത ബി. ടെക് കോഴ്സ് താൽക്കാലികമായി കരകുളം കെൽട്രോൺ കോംപ്ലക്സിലെ കെട്ടിടത്തിലാണ് പ്രവർത്തിച്ചുവരുന്നത്. ചെറ്റച്ചൽ ജെഴ്സി ഫാമിൽ കോളേജ് ആരംഭിക്കുന്നതിന് സ്ഥലം നിർണ്ണയ സമിതി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ചെറ്റച്ചൽ ഫാമിന്റെ തെക്ക്-കിഴക്കേ മൂലയിലുള്ള 25 ഏക്കർ സ്ഥലം വെറ്ററിനറി സർവ്വകലാശാലയ്ക്ക് നൽകാൻ മൃഗസംരക്ഷണ വകുപ്പ് തീരുമാനിച്ചിട്ടുണ്ട്. വസ്തു കൈമാറ്റ നടപടികൾക്കായി തിരുവനന്തപുരം ജില്ലാ കളക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(സി) അനിവാര്യമാണ്. ചെറ്റച്ചലിൽ പ്രവർത്തിക്കുന്ന ജെഴ്സി ഫാം കോളേജിനായി പ്രയോജനപ്പെടുത്താവുന്നതാണ്.

ചെറ്റച്ചലിൽ ആവശ്യമായ ഭൗതിക സൗകര്യങ്ങൾ, അക്കാദമിക് ബ്ലോക്ക്, ഡെയറി പ്ലാന്റ്, ഹോസ്റ്റലുകൾ, ക്വാർട്ടേഴ്സുകൾ എന്നിവയ്ക്കുള്ള സ്ഥലം അനുവദിച്ചുകിട്ടുന്ന മുറയ്ക്ക് നിർമ്മിക്കുന്നതാണ്. കോളേജിന്റെ പ്രവർത്തനത്തിന് കുറഞ്ഞത് 25 ഏക്കർ സ്ഥലമാണ് ആവശ്യമായിട്ടുള്ളത്.

(ഡി) ജെഴ്സി ഫാമിന്റെ 58 ഏക്കർ സ്ഥലത്താണ് ഡെയറി ഫാം പ്രവർത്തിക്കുന്നത്. 200-ൽ പരം കന്നുകാലികളെ ഇവിടെ പരിപാലിക്കുന്നുണ്ട്.

(ഇ) തിരുവനന്തപുരത്ത് കരകുളത്ത് സ്ഥിതി ചെയ്യുന്ന കെൽട്രോൺ കോംപ്ലക്സിലെ കെട്ടിടത്തിലാണ് കോളേജ് താൽക്കാലികമായി പ്രവർത്തിച്ചുവരുന്നത്. ഇവിടെ ആകെ 58 വിദ്യാർത്ഥികൾ പഠിക്കുന്നു. 2 ബാച്ചുകൾ ഉണ്ട്. നിലവിലെ താൽക്കാലിക കേന്ദ്രത്തിൽ സൗകര്യങ്ങൾ പരിമിതമാണ്. കോളേജ് തുടങ്ങുന്നതിനായി ഭൂമി കൈമാറുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. ഭൂമി ലഭിച്ച ശേഷം തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

**ക്ഷീരകർഷകരുടെ ഉന്നമനവും ക്ഷേമവും**

95 (4651) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ക്ഷീര കർഷകരുടെ ഉന്നമനവും ക്ഷേമവും മുൻനിർത്തി

സർക്കാർ എന്തൊക്കെ നടപടികൾ കൈക്കൊള്ളുമെന്ന് വിശദമാക്കുമോ;

(ബി) കാലിത്തീറ്റ വില വർദ്ധനവ് പിടിച്ചു നിർത്താൻ സബ്സിഡിയായി കൂടുതൽ തുക വകയിരുത്തുമോ;

(സി) കാലിത്തീറ്റ ഗുണനിലവാരം പരിശോധിക്കാൻ എൻ. എ. ബി. എൽ. (നാഷണൽ അക്രഡിറ്റേഷൻ ബോർഡ് ഫോർ ടെസ്റ്റിംഗ് ആന്റ് കാലിബറേഷൻ ലാബ്) അക്രഡിറ്റേഷനോടു കൂടിയുള്ള സംവിധാനം സ്റ്റേറ്റ് ലാബിൽ ലഭ്യമാക്കുമോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ക്ഷീര കർഷകരുടെ ഉന്നമനം മുൻനിർത്തിയും ക്ഷീരോത്പാദനം വർദ്ധിപ്പിക്കുന്നതിനും ലക്ഷ്യമിട്ട് ക്ഷീരവികസന വകുപ്പ് വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. തീറ്റപ്പുൽ കൃഷി വികസന പദ്ധതി, കാലിത്തീറ്റ സബ്സിഡി, മിൽക്ക്ഷെഡ് ഡെലവപ്മെന്റ് പ്രോഗ്രാം (MSDP), ഇന്റഗ്രേറ്റഡ് ഡെയറി ഡെവലപ്മെന്റ് പ്രോഗ്രാം (IDDP), ആവശ്യാധിഷ്ഠിത ധനസഹായം എന്നീ പദ്ധതികളാണ് പ്രധാനമായും നടപ്പിലാക്കിവരുന്നത്. കൂടാതെ ക്ഷീര കർഷകരുടെ ക്ഷേമം ലക്ഷ്യമാക്കി ക്ഷീര കർഷക ക്ഷേമനിധിയുടെ പെൻഷൻ, കുടുംബ പെൻഷൻ, അവശതാ പെൻഷൻ, ചികിത്സാ ധനസഹായം, വിവാഹ ധനസഹായം, മരണാനന്തര ധനസഹായം എന്നിവയും നൽകിവരുന്നു.

(ബി) ക്ഷീര സംഘങ്ങളിൽ അളക്കുന്ന പാലിന് ആനുപാതികമായി ലിറ്ററിന് ഒരു രൂപ നിരക്കിൽ കാലിത്തീറ്റയ്ക്ക് സബ്സിഡി നൽകിവരുന്നുണ്ട്. കാലിത്തീറ്റ സബ്സിഡി ഉയർത്തുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

(സി) ലഭ്യമാണ്.

തിരുവനന്തപുരം പട്ടത്ത് പ്രവർത്തിക്കുന്ന എൻ.എ.ബി.എൽ. (നാഷണൽ അക്രഡിറ്റേഷൻ ബോർഡ് ഫോർ ടെസ്റ്റിംഗ് ആന്റ് കാലിബറേഷൻ ലബോറട്ടറീസ്) അക്രഡിറ്റേഷനോടുകൂടിയ സ്റ്റേറ്റ് ഡെയറി ലാബിൽ കാലിത്തീറ്റയുടെ ഗുണമേന്മ പരിശോധിക്കുന്നതിനുള്ള സംവിധാനം നിലവിലുണ്ട്.

**ക്ഷീര വികസനത്തിന് പുതിയ പദ്ധതികൾ**

96 (4652) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ക്ഷീര വികസനവുമായി ബന്ധപ്പെട്ട പുതിയ പദ്ധതികൾ പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

ഉണ്ട്.

1. MSDP (മിൽക്ക് ഷെഡ് ഡെലവപ്മെന്റ് പ്രോഗ്രാം), IDDP (Integrated Dairy Development Programme) പദ്ധതികൾ നടപ്പിലാക്കുന്നതോടൊപ്പം സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട മൂന്ന് ഗ്രാമപഞ്ചായത്തുകളിൽ ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കുന്നതാണ്.

2. തീറ്റപ്പുല്ലിന്റെ ദൗർലഭ്യം പരിഹരിക്കുന്നതിനായി സമഗ്ര തീറ്റപ്പുൽ കൃഷി വികസന പദ്ധതി നടപ്പിലാക്കുന്ന കാര്യം പരിഗണനയിലാണ്.

3. കാലിത്തീറ്റ സബ്സിഡി വർഷം മുഴുവൻ നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്.

4. പാലിന്റെയും പാലുല്പന്നങ്ങളുടെയും ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി ചെക്ക്പോസ്റ്റുകളിൽ സ്ഥിരം പരിശോധനാ സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിഗണനയിലാണ്.

5. സ്റ്റേറ്റ് ഡെയറി ലാബിൽ കാലിത്തീറ്റയുടെയും കുടിവെള്ളത്തിന്റെയും ഗുണനിലവാരം പരിശോധിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുന്നതാണ്.

6. ക്ഷീര പരിശീലന കേന്ദ്രങ്ങളെ സെന്റർ ഓഫ് എക്സലൻസ് ആക്കി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

7. കൊല്ലം ജില്ലയിൽ ക്ഷീരോത്പാദക രംഗത്ത് കടന്നുവരുന്ന പുതിയ കർഷകരെ സഹായിക്കുന്നതിനായി സംരംഭകത്വ വികസന കേന്ദ്രം ആരംഭിക്കുന്നത് പരിഗണനയിലാണ്.

8. കേരളത്തിൽ മുഴുവൻ ക്ഷീര സംഘങ്ങളുടെയും പ്രവർത്തനം കാര്യക്ഷമവും സുതാര്യവും ആക്കുന്നതിന്റെ ഭാഗമായി സമ്പൂർണ്ണ ഓട്ടോമേഷൻ നടപ്പിലാക്കുന്ന കാര്യം പരിഗണനയിലാണ്.

**ക്ഷീര കർഷകർക്ക് ക്ഷേമ പദ്ധതികൾ**

97 (4653) ശ്രീ. സി. ദിവാകരൻ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. എൽദോ എബ്രഹാം :
ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷീര കർഷകരുടെ ക്ഷേമത്തിനായി എന്തൊക്കെ പദ്ധതികളാണ് പരിഗണനയിലുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ക്ഷീരകർഷകർ അഭിമുഖീകരിക്കുന്ന മുഖ്യ പ്രശ്നമായ കറവക്കാരുടെ ക്ഷാമം പരിഹരിക്കുന്നതിന് എന്തൊക്കെ പദ്ധതികളാണ് പരിഗണനയിലുള്ളതെന്ന് അറിയിക്കുമോ;

(സി) ക്ഷീര സംഘങ്ങളിൽ പാൽ നൽകുന്ന ക്ഷീര കർഷകരെ ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ സംവിധാനത്തിലേക്ക് കൊണ്ടുവരുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ക്ഷീര കർഷകരുടെ ഉന്നമനം മുൻനിർത്തിയും ക്ഷീരോത്പാദനം വർദ്ധിപ്പിക്കുന്നതിനും ലക്ഷ്യമിട്ട് ക്ഷീരവികസന വകുപ്പ് വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. തീറ്റപ്പുൽ വികസന പദ്ധതി, കാലിത്തീറ്റ സബ്സിഡി, മിൽക്ക്ഷെഡ് ഡെവലപ്മെന്റ് പ്രോഗ്രാം (MSDP), ഇന്റഗ്രേറ്റഡ് ഡെയറി ഡെവലപ്മെന്റ് പ്രോഗ്രാം (IDDP), ആവശ്യാധിഷ്ഠിത ധനസഹായം എന്നീ പദ്ധതികളാണ് പ്രധാനമായും നടപ്പിലാക്കിവരുന്നത്. കൂടാതെ ക്ഷീര കർഷകരുടെ ക്ഷേമം ലക്ഷ്യമാക്കി ക്ഷീര കർഷക ക്ഷേമനിധിയുടെ പെൻഷൻ, കുടുംബ പെൻഷൻ, അവശതാ പെൻഷൻ, ചികിത്സാ ധനസഹായം, വിവാഹ ധനസഹായം, മരണാനന്തര ധനസഹായം എന്നിവയും നൽകിവരുന്നു.

(ബി) കറവക്കാരുടെ ക്ഷാമം പരിഹരിക്കുന്നതിന് കറവയന്ത്രം സ്ഥാപിക്കുന്നതിന് ധനസഹായം അനുവദിക്കുന്നു.

മിൽമയുടെ തിരുവനന്തപുരം മേഖലാ യൂണിയൻ 2016-17 വർഷത്തിലേയ്ക്ക് 50% ബെനിഫിഷ്യറി കോൺട്രിബ്യൂഷൻ ഉൾപ്പെടെ കറവ യന്ത്രം വാങ്ങുന്നതിനായി 90 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. എറണാകുളം മേഖലാ യൂണിയൻ നടപ്പുസാമ്പത്തിക വർഷം ഒരു ഇലക്ട്രിക് യന്ത്രത്തിന് 10,000 രൂപ നിരക്കിൽ ധനസഹായം അനുവദിക്കുന്നതിന് തുക വകയിരുത്തിയിട്ടുണ്ട്. ടൂ വീലറിൽ കറവയന്ത്രം ഘടിപ്പിച്ച് വീടുകൾ തോറും ചെന്ന് പശുക്കളെ കറന്ന് കൊടുക്കുന്ന സംവിധാനമായ മിൽക്കോ ബൈക്ക്, പരീക്ഷണാടിസ്ഥാനത്തിൽ തിരുവനന്തപുരം യൂണിയൻ നടപ്പിലാക്കുന്നുണ്ട്. മലബാർ മേഖലാ യൂണിയൻ മിൽമ നടപ്പാക്കുന്ന ഫാം സപ്പോർട്ട് പദ്ധതി വഴി കറവയന്ത്രം വാങ്ങുന്നതിന് സംഘങ്ങൾക്ക് 15,000 രൂപ പ്രകാരം സബ്സിഡി നൽകിവരുന്നുണ്ട്.

(സി) പരിഗണിക്കുന്നതാണ്.

ക്ഷീര സംഘങ്ങളിൽ പാൽ അളക്കുന്ന കർഷകരെ പൂർണ്ണമായും ബാങ്കിംഗ് സംവിധാനത്തിലേയ്ക്ക് കൊണ്ടുവരുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തിവരികയാണ്.

മിൽമയിലും ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ സംവിധാനം ഉപയോഗിച്ച് മേഖലാ യൂണിയനുകളിൽനിന്ന് ക്ഷീര കർഷകർക്ക് നൽകുന്ന വ്യക്തിഗത ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിനുള്ള ശ്രമം നടന്നുവരുന്നു. കർഷകരുടെ അക്കൗണ്ടിലേയ്ക്ക് സബ്സിഡികൾ ട്രാൻസ്ഫർ ചെയ്യുന്ന പദ്ധതി ഘട്ടംഘട്ടമായി നടപ്പിലാക്കിവരുന്നു.

## പാൽ ഉത്പാദനത്തിൽ സ്വയംപര്യാപ്തത

98 (4654) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പാൽ ഉല്പാദനത്തിൽ സ്വയംപര്യാപ്തത ലക്ഷ്യമാക്കിക്കൊണ്ട് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾക്കായി എത്ര തുക വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

പാൽ ഉത്പാദനത്തിൽ സ്വയം പര്യാപ്തത ലക്ഷ്യമാക്കിക്കൊണ്ട് നടപ്പിലാക്കുവാൻ 2016-17 വർഷത്തിൽ 8617.02 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. വിവിധ പദ്ധതികൾക്കായി വകയിരുത്തിയിട്ടുള്ള തുക ചുവടെ ചേർക്കുന്നു:

- ക്ഷീരവിജ്ഞാന വ്യാപന പ്രവർത്തനങ്ങളും ഉപദേശക സർവ്വീസും - 450 ലക്ഷം രൂപ
- ക്ഷീര സംഘങ്ങളുടെ ആധുനികവത്കരണം - 1950 ലക്ഷം രൂപ
- തീറ്റപ്പുൽ കൃഷി വികസന പദ്ധതി - 500 ലക്ഷം രൂപ
- MSDP (Milk Shed Development Programme)- 3892 ലക്ഷം രൂപ
- ക്വാളിറ്റി കൺട്രോൾ ലാബ് - 450 ലക്ഷം രൂപ
- കാലിത്തീറ്റ സബ്സിഡി - 1350 ലക്ഷം രൂപ
- ക്ഷീരകർഷക ക്ഷേമനിധി - 25 ലക്ഷം രൂപ
- കടക്കെണിയിലായ കർഷകർക്കുള്ള സഹായം - 1000 രൂപ (ടോക്കൺ പ്രൊവിഷൻ)
- വയനാട് ബ്രഹ്മഗിരി പ്രോജക്ടിനുള്ള സഹായം - 1000 രൂപ (ടോക്കൺ പ്രൊവിഷൻ)

ആകെ - 8617.02 ലക്ഷം രൂപ

**ചെറുകിട ക്ഷീരകർഷകർ**

99 (4655) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലുല്പാദനം വർദ്ധിപ്പിക്കുന്നതിന് ചെറുകിട ക്ഷീര കർഷകർക്ക് എന്തെല്ലാം സഹായങ്ങളാണ് ക്ഷീരവികസന വകുപ്പ് ഇപ്പോൾ നല്കിവരുന്നത്; മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പോലുള്ള പദ്ധതികൾ കൊണ്ട് ഉണ്ടായ നേട്ടങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ;

(ബി) കേരള ലൈവ് സ്റ്റോക്ക് ഡെവലപ്പ്മെന്റ് ബോർഡ് പോലുള്ള സ്ഥാപനങ്ങളുടെ സഹായത്തോടെ അത്യുല്പാദന ശേഷിയുള്ള പശുക്കളെ കർഷകർക്ക് ലഭ്യമാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) പാലുല്പാദനം വർദ്ധിപ്പിക്കുന്നതിനായി കർഷകർക്ക് കറവപ്പശുക്കളെ വാങ്ങുന്നതിനും കാലിത്തൊഴുത്ത് നിർമ്മിക്കുന്നതിനും ആവശ്യാധിഷ്ഠിത സഹായമായും ധനസഹായം നൽകുന്നു. കൂടാതെ പാൽ ഉത്പാദന ചെലവ് കുറയ്ക്കുന്നതിനായി തീറ്റപ്പുൽ കൃഷി വ്യാപിപ്പിക്കുന്നതിന് വിവിധ പദ്ധതിയും നടപ്പിലാക്കുന്നുണ്ട്. പാലിന്റെ വിപണന സംവിധാനം വിപുലപ്പെടുത്തിയും പാലിന്റെ ഗുണമേന്മ മെച്ചപ്പെടുത്തിയും മെച്ചപ്പെട്ട വില ലഭിക്കുന്നതിനുള്ള സാഹചര്യം ഉണ്ടാക്കിയിട്ടുണ്ട്. കൂടാതെ ക്ഷീര സംഘങ്ങളിൽ അളക്കുന്ന പാലിന് ആനുപാതികമായ ഇൻസെന്റീവ് നൽകുന്നു. ക്ഷീരകർഷകരുടെ ക്ഷേമപ്രവർത്തനത്തിനായി ക്ഷീരകർഷക ക്ഷേമനിധിയിലൂടെ പെൻഷൻ, കുടുംബ പെൻഷൻ, വിവാഹ ധനസഹായം, ചികിത്സാ സഹായം തുടങ്ങിയവ നൽകിവരുന്നുണ്ട്.

ഉത്പാദന ക്ഷമതയുള്ള സങ്കരയിനം പശുക്കളെ ക്ഷീര കർഷകർക്ക് ലഭ്യമാക്കുന്ന പദ്ധതിയാണ് മിൽക്ക് ഷെഡ് വികസന പദ്ധതി. തെരഞ്ഞെടുക്കപ്പെട്ട ക്ഷീര കർഷകർക്ക് 2 പശു, 5 പശു, 10 പശു, 5 കിടാരി, 10 കിടാരി വരെയുള്ള ഡെയറി യൂണിറ്റുകൾക്ക് ധനസഹായം, ക്ഷീര കർഷകന് ആവശ്യാധിഷ്ഠിത സഹായം, കറവയന്ത്രം, കാലിത്തൊഴുത്ത് നിർമ്മാണം, വുമൺ ക്യാറ്റിൽ കെയർ പ്രോഗ്രാം തുടങ്ങിയവ ഈ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്നു.

(ബി) പരിഗണിക്കുന്നതാണ്.

**മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പദ്ധതി**

100 (4656) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പദ്ധതി (എം.എസ്. ഡി.പി.) നടപ്പിലാക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; ഈ പദ്ധതി പ്രകാരം എന്തെല്ലാം ആനുകൂല്യങ്ങളാണ് ക്ഷീരകർഷകർക്ക് ലഭിക്കുന്നത്;

(ബി) ഈ പദ്ധതി പ്രകാരം ലോൺ അനുവദിക്കുന്നതിന് ഏതെല്ലാം ധനകാര്യ സ്ഥാപനങ്ങൾ നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു എന്നും പലിശ നിരക്ക് എത്രയാണെന്നും വ്യക്തമാക്കുമോ;

ഉത്തരം

(എ) സംസ്ഥാനത്ത് മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പദ്ധതി (MSDP) നടപ്പിലാക്കിവരുന്നു. പ്രസ്തുത പദ്ധതി പ്രകാരം ഗോദാനം (1 പശു യൂണിറ്റ്), 2 പശു യൂണിറ്റ്, 5 പശു യൂണിറ്റ്, 10 പശു യൂണിറ്റ്, 5 ഹീഫർ യൂണിറ്റ്, 10 ഹീഫർ യൂണിറ്റ് എന്നീ ഡെയറി യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് ധനസഹായം നൽകിവരുന്നു. കൂടാതെ കാലിത്തൊഴുത്ത് നിർമ്മിക്കുന്നതിനും കറവയന്ത്രം വാങ്ങുന്നതിനും ആവശ്യാധിഷ്ഠിത ധനസഹായവും നൽകുന്നു.

(ബി) MSDP പദ്ധതി പ്രകാരം ഗുണഭോക്താവ് നേരിട്ടാണ് ബാങ്ക് വായ്പ എടുക്കുന്നത്. ആയതിനാൽ പലിശ നിരക്കും ധനകാര്യ സ്ഥാപനങ്ങൾ സംബന്ധിച്ച വിവരവും ലഭ്യമല്ല.

**സംസ്ഥാനത്ത് പ്രതിദിനം ആവശ്യമായ പാൽ**

101 (4657) ശ്രീ. വി. ടി. ബൽറാം :
ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യത്തിന് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പ്രതിദിനം ആവശ്യമായ പാലിന്റെ എത്ര ശതമാനമാണ് സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്നതെന്ന് വിശദമാക്കുമോ;

ഉത്തരം

പ്രതിദിനം ആവശ്യമായ പാലിന്റെ ഏകദേശം 75%-80% വരെ സംസ്ഥാനത്ത് ഉത്പാദിപ്പിക്കുന്നുണ്ട്.

## തീറ്റപ്പുൽ കൃഷി വികസന പദ്ധതി

102 (4658) ശ്രീ. എം. വിൻസെന്റ് :
ശ്രീ. റോജി എം. ജോൺ :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീറ്റപ്പുൽ കൃഷി വികസന പദ്ധതി വിപുലമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) പദ്ധതിയനുസരിച്ച് ക്ഷീരകർഷകർക്ക് എന്തെല്ലാം ധനസഹായങ്ങളാണ് നൽകുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് ബജറ്റിൽ എന്തു തുക വകയിരുത്തിയിട്ടുണ്ട്; വിശദമാക്കുമോ?

ഉത്തരം

(എ) ഉദ്ദേശിക്കുന്നുണ്ട്. സംസ്ഥാനത്ത് തീറ്റപ്പുൽ കൃഷി വ്യാപകമാക്കുന്നതിനായി സമഗ്ര തീറ്റപ്പുൽ കൃഷി പദ്ധതി നടപ്പിലാക്കുന്നത് പരിഗണിച്ചുവരുന്നു.

മിൽമയുടെ കീഴിലുള്ള തിരുവനന്തപുരം മേഖലാ യൂണിയൻ 2016-17 വർഷം '*പുൽക്കൃഷി സംരംഭക പദ്ധതി*' എന്ന പേരിൽ മേഖലാ യൂണിയന്റെ നാല് ജില്ലകളിലായി ഒരു പദ്ധതി നടപ്പിലാക്കാൻ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. താൽപ്പര്യമുള്ള സംരംഭകരെ കണ്ടെത്തി വാണിജ്യാടിസ്ഥാനത്തിൽ പുൽക്കൃഷി നടത്തുകയും ഉത്പാദിപ്പിക്കുന്ന പുല്ല് ക്ഷീര സംഘങ്ങളിൽ എത്തിച്ച് കർഷകർക്ക് വില്പന നടത്താൻ ഉദ്ദേശിക്കുന്നതാണ് ടി പദ്ധതി.

എറണാകുളം മേഖലാ യൂണിയന്റെ 2016-17 വർഷത്തെ ബജറ്റിൽ വാണിജ്യാടിസ്ഥാനത്തിലുള്ള തീറ്റപ്പുൽ കൃഷിയിലേയ്ക്ക് സ്വകാര്യ സംരംഭകരെ ആകർഷിക്കുന്നതിനും ഇത്തരം സംരംഭകരിൽനിന്ന് അവർ ഉത്പാദിപ്പിക്കുന്ന പച്ചപ്പുല്ല് ആവശ്യക്കാരായ ക്ഷീര കർഷകർക്ക് എത്തിക്കുന്നതിനുമായി ഒരു ഫോഡർ ഗ്രിഡ് സ്ഥാപിക്കുന്നതിന് പത്ത് ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

മലബാർ മേഖലാ യൂണിയൻ പുൽകൃക്കൃഷി ചെയ്യുന്നതിന് ആവശ്യമായ വിത്തുകൾ കെ.എൽ.ഡി.ബി. (കേരളാ ലൈവ് സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡ്)-ൽ നിന്നും സംഭരിച്ച് സൗജന്യമായി കർഷകർക്ക് വിതരണം ചെയ്യുന്നു. 2015-16-ൽ ആഫ്രിക്കൻ ടോൾ ഇനത്തിൽപ്പെട്ട ചോളം, മണിചോളം, സ്റ്റൈലോ, സാന്തസ്, കോംഗോ സിഗ്നൽ എന്നീ ഇനങ്ങളിലൂടെ 27155 കിലോ വിത്തും 2016-17-ൽ 23990 കിലോ വിത്തും വിതരണം ചെയ്തിട്ടുണ്ട്.

(ബി) 20 സെന്റിൽ കൂടുതൽ പുൽക്കൃഷി ചെയ്യുന്നവർക്ക് നടീൽ വസ്തുക്കൾ ഉൾപ്പെടെ ഹെക്ടറിന് 20,000 രൂപ ധനസഹായം നൽകുന്നു. 20 സെന്റിൽ താഴെ കൃഷി ചെയ്യുന്നവർക്ക് സൗജന്യമായി പുൽക്കടകൾ ലഭ്യമാക്കുന്നുണ്ട്. കൂടാതെ ഹ്രസ്വവിളകളായ മക്കചോളം, വൻപയർ എന്നിവയുടെ വിത്തുകൾ സൗജന്യമായി കർഷകർക്ക് വിതരണം ചെയ്യുന്നുണ്ട്. ക്ഷീരസംഘം മുഖേന കുറഞ്ഞത് 5 വനിതകൾ അടങ്ങിയ ഗ്രൂപ്പിന് ഗോപാലിക പദ്ധതി പ്രകാരം ഒരു ഏക്കർ പുൽക്കൃഷി ചെയ്യുന്നതിന് 75,000 രൂപ ധനസഹായം നൽകുന്നു. കൂടാതെ ചാഫ് കട്ടർ, ജലസേചനം ഏർപ്പെടുത്തൽ എന്നിവയ്ക്കും ധനസഹായം നൽകുന്നുണ്ട്.

മിൽമയുടെ കീഴിലുള്ള തിരുവനന്തപുരം മേഖലാ യൂണിയൻ 2016-17 വർഷം 'പുൽക്കൃഷി സംരംഭക പദ്ധതി ' എന്ന പേരിൽ മേഖലാ യൂണിയന്റെ നാല് ജില്ലകളിലായി ഒരു പദ്ധതി നടപ്പിലാക്കാൻ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. പുല്ലിന് കിലോഗ്രാമിന് 5 രൂപ വിൽപന വില നിശ്ചയിച്ച് 2 രൂപ യൂണിയൻ വിഹിതം നൽകാനാണ് ഉദ്ദേശിക്കുന്നത്.

എറണാകുളം മേഖലാ യൂണിയന്റെ 2016-17 വർഷത്തെ ബജറ്റിൽ വാണിജ്യാടിസ്ഥാനത്തിലുള്ള തീറ്റപ്പുൽ കൃഷിയിലേയ്ക്ക് സ്വകാര്യ സംരംഭകരെ ആകർഷിക്കുന്നതിനും ഇത്തരം സംരംഭകരിൽനിന്ന് അവർ ഉത്പാദിപ്പിക്കുന്ന പച്ചപ്പുല്ല് ആവശ്യക്കാരായ ക്ഷീരകർഷകർക്ക് എത്തിക്കുന്നതിനുമായി ഒരു ഫോഡർ ഗ്രിഡ് സ്ഥാപിക്കുന്നതിന് 10 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

മലബാർ മേഖലാ യൂണിയൻ 25 സെന്റ് സ്ഥലത്ത് പുൽക്കൃഷി ചെയ്യുന്ന കർഷകർക്ക് നേരിട്ട് പരിശോധന നടത്തി കൃഷി ചെയ്യുന്നുവെന്ന് ഉറപ്പുവരുത്തി 2500 രൂപ വീതം ധനസഹായം നൽകുന്നു.

പ്രതിവർഷം 750 കർഷകർക്ക് ഈ ആനുകൂല്യം നൽകിവരുന്നു. വ്യാവസായികാടിസ്ഥാനത്തിൽ പുൽക്കൃഷി ചെയ്യുന്ന സംരംഭകർക്ക് പരമാവധി 1 ലക്ഷം രൂപവരെ ധനസഹായം നൽകുന്നു. സംരംഭകൻ ഉത്പാദിപ്പിക്കുന്ന പച്ചപ്പുല്ല് 3.50 രൂപയ്ക്ക് വാങ്ങി കർഷകന് 2.50 രൂപയ്ക്ക് വിതരണം ചെയ്യുന്നു. തൽപരരായ കർഷകർക്ക് ആവശ്യമായ അത്യുത്പാദന ശേഷിയുള്ള 123.5 കിലോ പുൽവിത്ത് കിലോയ്ക്ക് 100 രൂപ സബ്സിഡി നിരക്കിൽ വിതരണം ചെയ്തിട്ടുണ്ട്.

(സി) 500 ലക്ഷം രൂപ. പദ്ധതികളെ സംബന്ധിച്ചുള്ള വിശദ വിവരം ചുവടെ ചേർക്കുന്നു.

(1) തീറ്റപ്പുൽ കൃഷി - 338.325 ലക്ഷം

(2) ഫോഡർ സെമിനാർ, ഫോഡർ ദിനാചരണം - 4 ലക്ഷം

(3) അസോള കൃഷി - 15 ലക്ഷം

(4) ഡെയറി പ്രൊമോട്ടർ ഇൻസെന്റീവ് - 64.8 ലക്ഷം

(5) ഇറിഗേഷൻ അസിസ്റ്റൻസ് - 8 ലക്ഷം

(6) യന്ത്രവത്കരണവും ആധുനികവത്കരണവും തീറ്റപ്പുൽ കൃഷിയും - 4 ലക്ഷം

(7) ഫോഡർ വൃക്ഷവിള – 2.525 ലക്ഷം

(8) വൻപയർ, ചോളം കൃഷി - 14.75 ലക്ഷം

(9) ഗോപാലിക ഗ്രൂപ്പ് - 17 ലക്ഷം

(10) സ്റ്റേറ്റ് ഫോഡർ ഫാം അസിസ്റ്റൻസ് - 10 ലക്ഷം

(11) ഫോഡർ കം അസോള നഴ്സറി - 3.6 ലക്ഷം

(12) ഭരണപരമായ പ്രവർത്തനങ്ങൾ - 18 ലക്ഷം

ആകെ - 500 ലക്ഷം

മിൽമയുടെ കീഴിലുള്ള തിരുവനന്തപുരം മേഖലാ യൂണിയൻ 2016-17 വർഷത്തെ ബജറ്റിൽ തീറ്റപ്പുൽ കൃഷിക്കായി 1.25 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

എറണാകുളം മേഖലാ യൂണിയൻ 2016-17 വർഷത്തെ ബജറ്റിൽ വാണിജ്യാടിസ്ഥാനത്തിലുള്ള തീറ്റപ്പുൽ കൃഷിയിലേയ്ക്ക് ഒരു ഫോഡർ ഗ്രിഡ് സ്ഥാപിക്കുന്നതിന് 10 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

മലബാർ മേഖലാ യൂണിയൻ 2016-17 വർഷത്തെ ബജറ്റിൽ തീറ്റപ്പുൽ കൃഷി പദ്ധതിക്കായി 82.70 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**മൃഗശാലകൾ നവീകരിക്കാൻ നടപടി**

103 (4659) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യത്തിന് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ മൃഗശാലകൾ നവീകരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദീകരിക്കാമോ?

ഉത്തരം

മ്യൂസിയം മൃഗശാലാ വകുപ്പിന്റെ കീഴിലുള്ള തിരുവനന്തപുരം മൃഗശാലയുടെ ആധുനികവത്കരണത്തിന്റെ ഭാഗമായി ആവാസ വ്യവസ്ഥയ്ക്കനുസൃതമായി മൃഗങ്ങളുടെ പരിബന്ധനങ്ങളുടെ നിർമ്മാണം, മൃഗങ്ങളുടെ വാസസ്ഥലത്തിന്റെ വികസനവും അറ്റകുറ്റപ്പണികളും, കേന്ദ്ര മൃഗശാല അതോറിറ്റി അംഗീകരിച്ച മാസ്റ്റർ പ്ലാനിലെ കളക്ഷൻ പ്ലാനിൽ ഉൾപ്പെട്ടതും, മൃഗശാലയിൽ ലഭ്യമല്ലാത്തതുമായ മൃഗങ്ങളെ സ്വായത്തമാക്കൽ, മൃഗശാലാ ആശുപത്രിയുടെ വികസനം, ക്വാറന്റയിൻ സ്റ്റേഷന്റെ നിർമ്മാണം എന്നീ പദ്ധതികൾ നടപ്പിലാക്കി മൃഗശാല നവീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. തൃശ്ശൂർ മൃഗശാല നവീകരണത്തിന്റെ ഭാഗമായി അനാകോണ്ട പാമ്പിനെ പാർപ്പിക്കുന്നതിനുള്ള കൂട് നിർമ്മിക്കുന്നതിന് പൊതുമരാമത്ത് വകുപ്പിൽ തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്.

**മൃഗശാലകളുടെ നവീകരണത്തിന് പദ്ധതികൾ**

104 (4660) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൃഗശാലകളുടെ നവീകരണത്തിന് എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ&ബി) ഉണ്ട്. മൃഗശാലകളുടെ നവീകരണവുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു.

1. മൃഗശാലയുടെ ആധുനികവത്കരണത്തിന്റെ ഭാഗമായി കേന്ദ്ര മൃഗശാലാ അതോറിറ്റി അംഗീകരിച്ച മാസ്റ്റർ പ്ലാൻ പ്രകാരം മൃഗങ്ങളുടെ ആവാസ വ്യവസ്ഥയ്ക്കനുസൃതമായ രീതിയിൽ പരിബന്ധനങ്ങളുടെ നവീകരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

2. ആധുനികവത്കരണത്തിന്റെ ഭാഗമായി ജലപക്ഷികളുടെ ആവാസസ്ഥലത്തിനനുസൃതമായ വാസസ്ഥലത്തിന്റെ നിർമ്മാണം പൂർത്തീകരിച്ചുവരുന്നു.

3. ഇന്ത്യൻ കാട്ടുപോത്തിന്റെ വാസസ്ഥലത്തിന്റെ നിർമ്മാണത്തിന് കേന്ദ്ര മൃഗശാല അതോറിറ്റിയുടെ അംഗീകാരം ലഭ്യമാക്കിയിട്ടുണ്ട്.

4. വിദേശ പക്ഷികളെ പാർപ്പിക്കുന്ന കൂടുകളുടെ അറ്റകുറ്റപ്പണികൾക്ക് 1,50,00,000 രൂപയുടെ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകുകയും നവീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള അനുമതി പൊതുമരാമത്ത് വകുപ്പിന് മ്യൂസിയം മൃഗശാല വകുപ്പ് നൽകിയിട്ടുണ്ട്.

5. ഹിമാലയൻ കരടികളെ പാർപ്പിക്കുന്ന കൂടുകളിൽ മൃഗത്തിനെ നിരീക്ഷിക്കുന്നതിനും മൃഗത്തിന്റെ പരിശോധനകൾക്കുമായി സ്ക്വീസ് കൂടുകൾ നിർമ്മിക്കുന്നതിനാവശ്യമായ എസ്റ്റിമേറ്റ് പൊതുമരാമത്ത് വകുപ്പിൽനിന്നും ലഭ്യമാക്കി തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

6. മൃഗശാലയുടെ അക്വേറിയത്തിന്റെ നവീകരണ പ്രവൃത്തികൾക്കായി ഹിന്ദുസ്ഥാൻ പ്രീഫാബ് ലിമിറ്റഡ് എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

7. തിരുവനന്തപുരം മൃഗശാലയിൽ ലഭ്യമല്ലാത്ത മൃഗങ്ങളെ വിദേശ രാജ്യങ്ങളിൽ നിന്നും ഇന്ത്യയിലെ മറ്റ് മൃഗശാലകളിൽനിന്നും കൊണ്ടുവരുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

8. തൃശ്ശൂർ മൃഗശാല നവീകരണത്തിന്റെ ഭാഗമായി അനാകോണ്ട പാമ്പിനെ പാർപ്പിക്കുന്നതിനുള്ള കൂട് നിർമ്മിക്കുന്നതിന് പൊതുമരാമത്ത് വകുപ്പിൽ തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്.

**തീര സംരക്ഷണം**

105 (4661) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. എം. വിൻസെന്റ് :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തീര സംരക്ഷണത്തിനായി ജലസേചന വകുപ്പ് എന്തെല്ലാം കർമ്മ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) ഇതിനായി നൂതന സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അവ ഏതൊക്കെയെന്ന് വെളിപ്പെടുത്തുമോ;

(സി) പദ്ധതികൾ നടപ്പിലാക്കുന്നതിന് കേന്ദ്ര സഹായം ലഭ്യമാണോ; വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ&ബി) കേരളത്തിന്റെ കടൽത്തീരത്തിന്റെ പ്രത്യേകതയും കടലാക്രമണത്തിന്റെ-തിരയുടെ-തീവ്രതയും കണക്കിലെടുത്ത് തീര സംരക്ഷണത്തിനായി IIT/CWPRS പഠന പ്രകാരം കരിങ്കല്ല് ഉപയോഗിച്ചുള്ള കടൽഭിത്തി/പുലിമുട്ടുകളാണ് നിർമ്മിച്ചുവരുന്നത്. ഫലപ്രദമായ മറ്റ് മാർഗ്ഗങ്ങൾ പരിശോധിക്കുന്നതിനായി "കേരളത്തിന്റെ കടൽത്തീര സംരക്ഷണത്തെ സംബന്ധിച്ച്" ഈ മേഖലയിലെ പ്രശസ്തരായിട്ടുള്ള വിദഗ്ധരെ ഉൾപ്പെടുത്തി ഒരു ശിൽപ്പശാല സംഘടിപ്പിക്കുകയുണ്ടായി. Geo Textile Tube, Beach formation, sand bag for emergency works, ശരിയായ

രീതിയിൽ രൂപകൽപ്പന ചെയ്ത seawall/groins, കണ്ടൽ വനങ്ങൾ വച്ചുപിടിപ്പിക്കുക മുതലായ പദ്ധതികളെക്കുറിച്ച് ചർച്ച ചെയ്യുകയും ഓരോന്നിന്റെയും ഗുണദോഷങ്ങൾ വിലയിരുത്തുകയും ചെയ്തിട്ടുണ്ട്. വിദഗ്ദ്ധരുടെ നിർദ്ദേശങ്ങൾ പരിശോധിച്ചുവരുന്നു.

(സി) പതിമൂന്നാം ധനകാര്യ കമ്മീഷനിലുൾപ്പെടുത്തി 2010-2015 കാലയളവിൽ തീര സംരക്ഷണത്തിനായി 100 കോടി രൂപയുടെ ധനസഹായം നൽകിയിരുന്നു.

**ഒരു പഞ്ചായത്തിന് ഒരു കുളം പദ്ധതി**

106 (4662) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഏറനാട് മണ്ഡലത്തിലെ എത്ര കുളങ്ങൾ ഒരു പഞ്ചായത്തിന് ഒരു കുളം പദ്ധതി പ്രകാരം നവീകരിച്ചിട്ടുണ്ട്; വിശദാംശം നൽകുമോ?

ഉത്തരം

ഏറനാട് മണ്ഡലത്തിലെ 2 കുളങ്ങൾ ഒരു പഞ്ചായത്തിന് ഒരു കുളം പദ്ധതി പ്രകാരം നവീകരിക്കുവാൻ അനുമതി നൽകിയിരുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | പ്രവൃത്തി | നിലവിലെ സ്ഥിതി |
|---|---|---|
| 1 | കാവനൂർ പഞ്ചായത്തിലെ പാറോടിയിൽ പാറോടിക്കുളം അഭിവൃദ്ധിപ്പെടുത്തൽ | പ്രവൃത്തി പൂർത്തീകരിച്ചു. |
| 2 | ചാലിയാർ പഞ്ചായത്തിലെ മൈലാടി കോളനികുളം അഭിവൃദ്ധിപ്പെടുത്തൽ | ചാലിയാർ പഞ്ചായത്തിലെ മൈലാടി കോളനി കുളം, സ്ഥല തർക്കം കാരണം യഥാസമയം ആരംഭിക്കുവാൻ സാധിച്ചില്ല. പകരമായി സ്ഥലതർക്കമുള്ള സ്ഥലത്തുനിന്ന് 20 മീറ്റർ കിഴക്ക് മാറി മറ്റൊരു സ്ഥലത്ത് പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

**കേരള വാട്ടർ അതോറിറ്റിയിൽനിന്നും പിരിച്ചുവിടപ്പെട്ട കാഷ്വൽ ലേബർ**

107 (4663) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയിൽ നിന്നും പിരിച്ചുവിടപ്പെട്ട കാഷ്വൽ ലേബർ പമ്പ് ഓപ്പറേറ്റർമാരായ സർവ്വശ്രീ ആർ.ബിജു, എം.ഗോപകുമാരൻ നായർ, എസ്. രാജൻ എന്നിവരെ തിരിച്ചെടുക്കണമെന്ന് ആവശ്യപ്പെട്ട് മനുഷ്യാവകാശ കമ്മീഷൻ നൽകിയ ഉത്തരവ് വാട്ടർ അതോറിറ്റി നടപ്പാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(ബി) വാട്ടർ അതോറിറ്റി പ്രസ്തുത ജീവനക്കാർക്ക് തിരികെ നിയമനം നൽകുന്നതിന് ആവശ്യമായ ഭരണപരവും സാങ്കേതികവുമായ നടപടികൾ എന്തെന്ന് വ്യക്തമാക്കാമോ; ഈ ഫയൽ ഇപ്പോൾ ആരുടെ പക്കലാണെന്നും, ഫയൽ നമ്പർ എത്രയാണെന്നും അറിയിക്കാമോ?

ഉത്തരം

(എ &ബി) ശ്രീ. ആർ. ബിജു., ശ്രീ. എം. ഗോപകുമാരൻ നായർ, ശ്രീ. എസ്. രാജൻ എന്നിവർ കരാറുകാരുടെ പണിക്കാർ എന്ന നിലയിലാണ് വാട്ടർ അതോറിറ്റിയിൽ ഉണ്ടായിരുന്നത്. ടി കരാറുകളുടെ കാലാവധി അവസാനിച്ചപ്പോൾ ഇവരെ ജോലിയിൽനിന്നും പ്രസ്തുത കരാറുകാർ ഒഴിവാക്കി. വാട്ടർ അതോറിറ്റി ഇവർക്ക് നേരിട്ട് ജോലി നൽകുകയോ പിരിച്ചുവിടുകയോ ചെയ്തിട്ടില്ല. ബഹുമാനപ്പെട്ട മനുഷ്യാവകാശ കമ്മീഷൻ ഉത്തരവ് പുറപ്പെടുവിച്ചത് ബഹുമാനപ്പെട്ട ലേബർ കോടതി ഉത്തരവിന്റെ പശ്ചാത്തലത്തിലാണ്. തൊഴിൽ നിയമത്തിൽ ഉൾപ്പെട്ടിട്ടുള്ള ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട് ആക്ടിന്റെ പരിധിയിൽ വരാത്ത സ്ഥാപനമാണ് കേരള വാട്ടർ അതോറിറ്റി എന്നതിനാൽ കേരള വാട്ടർ അതോറിറ്റി ഈ വിഷയം സർക്കാരിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. ലേബർ കോടതി ഉത്തരവിനെതിരെ കേരള വാട്ടർ അതോറിറ്റി നൽകിയ അപ്പീൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ പരിഗണനയിലാണ്. കേരള വാട്ടർ അതോറിറ്റി സർക്കാരിൽ സമർപ്പിച്ച് ബി3/261/16/ജവിവ. നമ്പർ ഫയലിൽ കൈകാര്യം ചെയ്യുന്ന ഈ വിഷയം ഇപ്പോൾ നിയമവകുപ്പ് പരിശോധിച്ചുവരുന്നു.

**മണൽ സംസ്കരണം**

108 (4664) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ ഡാമുകളിൽ അടിഞ്ഞുകൂടിയിട്ടുള്ള മണൽ സംസ്കരിച്ചെടുത്ത് സർക്കാർ തലത്തിൽ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിയ്ക്കുമോ;എങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

സംസ്ഥാനത്തെ അണക്കെട്ടുകളിൽ എക്കൽ അടിയുന്നത് സംബന്ധിച്ച് കേരള എഞ്ചിനീയറിംഗ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (KERI) പീച്ചി, ഇന്റഗ്രേറ്റഡ് ബാത്തിമെട്രിക് സിസ്റ്റം (ഐ.ബി.എസ്.) ഉപയോഗിച്ച് പഠനം നടത്തിവരികയാണ്. ഇതിൻപ്രകാരം മലമ്പുഴ, പീച്ചി, കാഞ്ഞിരപ്പുഴ, മംഗലം, വാഴാനി, പോത്തുണ്ടി, ചുള്ളിയാർ, മീങ്കര, വാളയാർ, കുറ്റിയാടി, നെയ്യാർ, പഴശ്ശി, ശിരുവാണി എന്നീ അണക്കെട്ടുകളിൽ പഠനം പൂർത്തിയാക്കിയിട്ടുണ്ട്.

7-10-2015-ന് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ അണക്കെട്ടുകളിലെ മണൽ വാരൽ സംബന്ധിച്ച് യോഗം കൂടുകയുണ്ടായി. ആദ്യമായി ഡിസിൽറ്റിങ് പരീക്ഷണാടിസ്ഥാനത്തിൽ മംഗലം ഡാമിൽ നടത്തുവാൻ തീരുമാനിച്ചു. മണൽ വാരലിനും വേർതിരിക്കലിനുമുള്ള സാങ്കേതിക വിദ്യയുടെ ഒരു പ്രസന്റേഷൻ SILK (Steel Industries Kerala Ltd) നടത്തുകയുണ്ടായി. മംഗലം ഡാമിലെ എക്കലിന്റെ അളവും ഘടനയും കണക്കാക്കുവാൻ KERI-യെ ഏൽപ്പിച്ചു. ഡീസിൽറ്റിങ് സുഗമമായി നടപ്പാക്കുന്നതിനുള്ള Standard Operating Procedure (SOP) രൂപീകരിക്കുവാൻ മാനേജിംഗ് ഡയറക്ടർ, SILK-നെ ഏൽപ്പിച്ചു. ഇതിന്റെ തുടർയോഗം 29-10-2015-ന് കൂടുകയുണ്ടായി. മുൻ യോഗ തീരുമാനപ്രകാരം ഏൽപ്പിച്ച ചുമതലകൾ ത്വരിതപ്പെടുത്തുവാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**ചെക്ക് ഡാമുകൾ**

109 (4665) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എത്ര ചെക്ക് ഡാമുകളുടെ നിർമ്മാണം ആരംഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) മുൻസർക്കാരിന്റെ കാലത്തോ, ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷമോ നിർമ്മാണം ആരംഭിച്ച്, പൂർത്തിയാക്കിയ എത്ര ചെക്ക് ഡാമുകളുണ്ടെന്നും അവ ഏതെല്ലാമെന്നും വിശദമാക്കുമോ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതുതായി ചെക്ക് ഡാമുകളുടെ നിർമ്മാണം ആരംഭിച്ചിട്ടില്ല. ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും) യുടെ കീഴിൽ കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ 480 ചെക്ക് ഡാമുകളുടെ നിർമ്മാണം നടന്നുവരുന്നു. അതിൽ 315 ചെക്ക് ഡാമുകളുടെ നിർമ്മാണം പൂർത്തിയായി. അവയുടെ പട്ടിക അനുബന്ധം I-ൽ കാണാവുന്നതാണ്.

കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ മുൻസർക്കാരിന്റെ കാലത്ത് നിർമ്മാണം ആരംഭിച്ച് പൂർത്തിയാക്കിയ ചെക്ക് ഡാമുകളുടെ പട്ടിക അനുബന്ധം II-ൽ കാണാവുന്നതാണ്*.

**മഴയുടെ ദൗർലഭ്യം**

110 (4666) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജൂൺ മുതൽ സെപ്റ്റംബർ വരെയുള്ള മൺസൂൺ മഴയുടെ അളവ് കുറവായിരുന്നു എന്ന കാര്യം ശ്രദ്ധയിലുണ്ടോ; എങ്കിൽ ഓരോ ജില്ലയിലും പെയ്ത മഴയുടെ കണക്ക് നൽകാമോ;

(ബി) മഴ കുറഞ്ഞതുകാരണം സംസ്ഥാനത്തെ പുഴകൾ, തോടുകൾ, ജലാശയങ്ങൾ എന്നിവയിൽ ജലത്തിന്റെ അളവ് കുറഞ്ഞതായി കാണപ്പെടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത സാഹചര്യത്തിൽ ജലാശയങ്ങളുടെ നവീകരണത്തിനും മറ്റുമായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന കാര്യം വ്യക്തമാക്കാമോ;

(സി) ഭൂഗർഭ ജലവിതാനത്തിന്റെ അളവ് കുറയുന്നത് സംബന്ധിച്ച് എന്തെങ്കിലും ശാസ്ത്രീയ പഠനം നടത്തിയിട്ടുണ്ടോ;എങ്കിൽ റിപ്പോർട്ട് ലഭ്യമാക്കാമോ;

(ഡി) മഴ കുറഞ്ഞതും ഭൂഗർഭ ജലവിതാനത്തിലെ കുറവും കാരണം സംസ്ഥാനം അതിവേഗം വരൾച്ചയെ നേരിടുകയാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് അതിജീവിക്കുന്നതിനായി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കാമോ?

**ഉത്തരം**

(എ) ഉണ്ട്. വിവരം അനുബന്ധം I-ൽ ചേർക്കുന്നു*.

(ബി) ഉണ്ട്. 13-10-2016-ൽ ബഹു. മുഖ്യമന്ത്രിയുടെ സാന്നിധ്യത്തിൽ വിവിധ വകുപ്പു മന്ത്രിമാരും സെക്രട്ടറിമാരും കേന്ദ്ര കാലാവസ്ഥാ വകുപ്പും ദുരന്ത നിവാരണ അതോറിറ്റിയും യോഗം ചേർന്ന് നിലവിലെ വരൾച്ചാ സംബന്ധിയായ സ്ഥിതി അവലോകനം ചെയ്യുകയും താഴെപ്പറയുന്ന തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>പ്രധാന തീരുമാനങ്ങൾ</u>

1. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ജലനിധിയും 'ജല ദുരുപയോഗം ഇല്ലാതാക്കുക, പുനരുപയോഗത്തിന് ഊന്നൽ നൽകുക, ജലം പാഴാക്കാതിരിക്കുക, തുലാവർഷത്തിൽ ലഭ്യമാകുന്ന മഴ പൂർണ്ണമായും ഭൂമിയിൽ ആഴ്ന്നിറങ്ങുവാൻ വേണ്ടി എല്ലാ ഭൂവുടമകളും ഭൂമി കിളച്ച് ഇളക്കിയിടുവാനും കരിയില ഇട്ട് ബാഷ്പീകരണം തടയുവാനും വേണ്ടുന്ന നടപടി എടുക്കുക' എന്ന സന്ദേശങ്ങൾ ഉൾപ്പെടുത്തി വ്യാപകമായ പ്രചാരണം പ്രാദേശികമായി നടത്തുക.

2. വരൾച്ചാ പ്രതിരോധ പ്രവർത്തനങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഊർജ്ജിതമായി നടത്തണം. വരൾച്ചാ പ്രതിരോധ പ്രവർത്തനങ്ങളായ ചെക്ക് ഡാമുകൾ നിർമ്മിക്കുന്നതിനും കനാൽ വൃത്തിയാക്കുവാനും കുളങ്ങൾ വൃത്തിയാക്കുന്നതിനും വേണ്ടുന്ന പ്രവർത്തനങ്ങൾ തൊഴിലുറപ്പ് (MGNREGS) പദ്ധതിയിലെ ഫണ്ടിൽനിന്ന് നടത്തേണ്ടുന്നതാണ്. പുറമേ, പ്രാദേശികമായി സന്നദ്ധ സംഘടനകളുടെയും (NSS, NCC, Scouts & Guides, Nehru Yuva Kendra etc) ക്ലബ്ബുകളുടെയും സന്നദ്ധ സേവനം ഇതിനായി വിനിയോഗിക്കുക.

3. സർക്കാർ സ്ഥാപനങ്ങളിലെയും കാര്യാലയങ്ങളിലെയും മഴവെള്ള സംഭരണികൾ അടിയന്തിരമായി ഒരു മാസത്തിനുള്ളിൽ അതാത് വകുപ്പുകൾ തന്നെ പണം ചെലവഴിച്ച് പ്രവർത്തനക്ഷമമാക്കേണ്ടതാണ്. ഇതിനാവശ്യമായ പണം അതാത് വകുപ്പുകൾ ഉടൻ ലഭ്യമാക്കേണ്ടതാണ്.

4. ദുരന്ത നിവാരണ അതോറിറ്റിയുടെ സഹായത്തോടുകൂടി തൃശ്ശൂർ ജില്ലയിൽ നടപ്പാക്കിവരുന്ന മഴപ്പൊലിമ കേരളത്തിൽ ആകമാനം വ്യാപകമാക്കുവാൻ ആവശ്യമായ നടപടി എടുക്കുക.

5. വെള്ളം ഉപയോഗിക്കുന്നതിന് ഈ മുൻഗണനാ ക്രമം പാലിക്കുക – കുടിവെള്ളം, ഗാർഹിക ഉപയോഗം, വളർത്തുമൃഗങ്ങൾക്ക്, വന്യജീവികൾക്ക്, കൃഷിക്ക്, വ്യവസായത്തിന്- ഈ ക്രമം 2017 മേയ് മാസം വരെ പാലിക്കുക. വരൾച്ചയെക്കുറിച്ച് പൊതുജനങ്ങളെ ബോധവത്കരിക്കേണ്ടതുണ്ട്. കൂടുതൽ ജല സംരക്ഷണ മാർഗ്ഗങ്ങൾ അവലംബിക്കുന്നതിനായി പ്രോത്സാഹിപ്പിക്കേണ്ടതും ഉണ്ട്. ഇതിനാവശ്യമായ സന്ദേശങ്ങൾ ഉൾപ്പെടുത്തി റേഡിയോ-ദൃശ്യമാധ്യമങ്ങൾ വഴി വ്യാപകമായ പ്രചാരണം നടത്തുക.

6. അണക്കെട്ടുകളിലെ ജല വിനിയോഗം കാര്യക്ഷമമാക്കുവാൻ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ, വൈദ്യുതി വകുപ്പിന്റെയും ജലസേചന വകുപ്പിന്റെയും അഡീഷണൽ ചീഫ് സെക്രട്ടറിമാരും രണ്ട് വകുപ്പുകളിലെയും

ഓരോ ചീഫ് എഞ്ചിനീയർമാരും ഉൾപ്പെടുന്ന ഒരു കമ്മിറ്റിയെ നിയോഗിച്ചു. പ്രസ്തുത കമ്മിറ്റിയുടെ അനുമതിയോടുകൂടിവേണം അണക്കെട്ടുകളിലെ ജല വിനിയോഗം 2017 മേയ് മാസം വരെ നടത്തുവാൻ.

7. സംസ്ഥാന ദുരന്ത ലഘൂകരണ ആസൂത്രണ രേഖയിൽ പ്രതിപാദിച്ചിട്ടുള്ള ശുദ്ധജല കിയോസ്കുകൾ (Water Kiosk) സംസ്ഥാനത്തെ എല്ലാ വാർഡുകളിലും (ഒരു വാർഡിൽ ഒന്ന് എന്ന തോതിൽ) അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളോടുകൂടി ആലോചിച്ചതിനുശേഷം സ്ഥാപിക്കുക. ഇവയിലേയ്ക്ക് ജല അതോറിറ്റി സ്രോതസ്സുകളിൽനിന്നും ജില്ലാ കളക്ടറുടെ മേൽനോട്ടത്തിൽ ജലം ആവശ്യമനുസരിച്ച് എത്തിക്കുക. ഒരു വാർഡിൽ ആവശ്യമില്ലെങ്കിൽ അതാത് തദ്ദേശസ്വയംഭരണ പ്രദേശത്ത് മറ്റൊരു വാർഡിലേയ്ക്ക് മാറ്റി നൽകാവുന്നതാണ്. സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽനിന്നും ജില്ലയ്ക്ക് വരൾച്ചാ പ്രതിരോധത്തിന് അനുവദിച്ചിട്ടുള്ള തുകയിൽനിന്നും ഈ പ്രവൃത്തി ചെയ്യുവാൻ വേണ്ടുന്ന തീരുമാനം എടുക്കുവാൻ ആവശ്യമായ കുറിപ്പ് അടുത്ത ദുരന്ത നിവാരണ അതോറിറ്റി യോഗത്തിൽ അജണ്ടയായി സമർപ്പിക്കുക.

8. മഴക്കുഴികൾ സ്ഥാപിക്കുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പും മണ്ണ് സംരക്ഷണ വകുപ്പും ചേർന്ന് ആവശ്യമായ നടപടികൾ എടുക്കേണ്ടുന്നതാണ്. ഇതിനാവശ്യമായ പ്രവർത്തനം തൊഴിലുറപ്പ് (MGNREGS) പദ്ധതിയിലെ ഫണ്ടിൽനിന്ന് നടത്താവുന്നതാണ്. ജലസേചന വകുപ്പ് എഞ്ചിനീയർമാർ ഇതിനാവശ്യമായ സാങ്കേതിക രേഖാചിത്രങ്ങൾ കോൺടൂർ മാപ്പ് അടിസ്ഥാനത്തിൽ പ്രാദേശികമായി തയ്യാറാക്കി നൽകേണ്ടതാണ്.

ജലാശയങ്ങളുടെ നവീകരണവുമായി ബന്ധപ്പെട്ട പദ്ധതികൾ Pradhan Manthri Krishi Sinchai Yojana -യുമായും പുതിയ ഹരിത കേരള മിഷനുമായി ബന്ധപ്പെട്ടും IDRB ആസൂത്രണം ചെയ്തുവരുന്നു. ജലസ്രോതസ്സുകൾ പരിപോഷിപ്പിക്കുവാൻ ജല വർഷിണി, മഴപ്പൊലിമ എന്നീ പദ്ധതികൾ ദുരന്ത നിവാരണ അതോറിറ്റി നടത്തിവരുന്നു. ജലനിധി പദ്ധതിയുടെ ഭാഗമായി കിണറുകൾ റീചാർജ്ജ് ചെയ്യുന്നു. മാത്രമല്ല, നദികളിൽ തടയണകൾ, ജലസംരക്ഷണ ഭിത്തികൾ എന്നിവ ജലസുരക്ഷാ രൂപരേഖാ നിർദ്ദേശം അനുസരിച്ച് ജലനിധി പദ്ധതികളിൽ നടപ്പിലാക്കി വരുന്നു. ഭാവിയിൽ മഴ കുറഞ്ഞാലും ജല ദൗർലഭ്യം ബാധിക്കാതിരിക്കുന്നതിനായി പരമ്പരാഗത ജല സ്രോതസ്സുകളുടെ നവീകരണം, തോടുകളുടെ ശുചീകരണ പുനരുദ്ധാരണം എന്നിവ കൂടാതെ, നീർത്തടാടിസ്ഥാനത്തിൽ ജലവിഭവ സംരക്ഷണ പ്രവർത്തനങ്ങൾ ജലസേചന വകുപ്പ് നടത്തിവരുന്നു. ഇതുകൂടാതെ ജലവിഭവ സംരക്ഷണ പ്രവർത്തനങ്ങൾ കൂടുതൽ ഫലപ്രദമാക്കുന്നതിന് സംസ്ഥാനത്ത് നടപ്പിലാക്കാൻ പോകുന്ന 'ഹരിതമിഷൻ' വിഭാവനം ചെയ്യുന്നു.

(സി) കേരള ഭൂജലവകുപ്പും, കേന്ദ്ര ഭൂജലബോർഡും സംയുക്തമായി കേരളത്തിന്റെ ഭൂജല സ്ഥിതിയെപ്പറ്റി ബ്ലോക്കടിസ്ഥാനത്തിൽ പഠനം നടത്തി രണ്ട് വർഷത്തിലൊരിക്കൽ റിപ്പോർട്ട് പ്രസിദ്ധീകരിക്കാറുണ്ട്. 2011 മാർച്ചിൽ പ്രസിദ്ധീകരിച്ച റിപ്പോർട്ട് പ്രകാരം പാലക്കാട് ജില്ലയിലെ ചിറ്റൂർ ബ്ലോക്ക് അമിത ചൂഷണ ബ്ലോക്കായും, കാസർഗോഡ് ജില്ലയിലെ കാസർഗോഡ് ബ്ലോക്ക്, പാലക്കാട് ജില്ലയിലെ മലമ്പുഴ ബ്ലോക്ക് എന്നിവ ക്രിട്ടിക്കൽ വിഭാഗത്തിലും, 23 ബ്ലോക്കുകൾ സെമി ക്രിട്ടിക്കൽ വിഭാഗത്തിലും 126 ബ്ലോക്കുകൾ സുരക്ഷിത വിഭാഗത്തിലുംപെടുന്നു. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ഹൈഡ്രോളജി പ്രോജക്ടിന്റെ ഭാഗമായി സ്ഥാപിച്ചിട്ടുള്ള നിരീക്ഷണ കിണറുകളിലെ ജലവിതാനത്തെ അടിസ്ഥാനമാക്കിയാണ് റിപ്പോർട്ട് തയ്യാറാക്കുന്നത്. 2013-ലെ റിപ്പോർട്ട് അന്തിമ ഘട്ടത്തിലാണ്. 2011 മാർച്ചിൽ പ്രസിദ്ധീകരിച്ച ബ്ലോക്കടിസ്ഥാനത്തിലുള്ള ഭൂജല സ്ഥിതിയുടെ റിപ്പോർട്ട് അനുബന്ധം -2 ആയി ഉള്ളടക്കം ചെയ്യുന്നു.

(ഡി) ഉണ്ട്. കേരളത്തിൽ തുടർച്ചയായി പ്രാദേശികാടിസ്ഥാനത്തിൽ അനുഭവപ്പെടുന്ന കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന്റെ ഭാഗമായി ഭൂജല വകുപ്പ് മുഖേന ചെറുകിട കുടിവെള്ള പദ്ധതികൾ നടപ്പിലാക്കിവരികയാണ്. കുഴൽകിണർ/ ട്യൂബുകൾ നിർമ്മിച്ച് 50 മുതൽ 100 വരെ കുടുംബങ്ങൾക്ക് ഗുണപ്രദമാകുന്ന ജലവിതരണ പദ്ധതികളാണ് നടപ്പിലാക്കുന്നത്. തുറന്ന കിണറിന്റെ സാധ്യതകളില്ലാത്ത സ്ഥലങ്ങളിലും മലയോര പ്രദേശങ്ങളിലും ഇത്തരത്തിലുള്ള പദ്ധതികൾ നടപ്പിലാക്കുന്നതുമൂലം വേനൽക്കാലത്ത് ശുദ്ധമായ കുടിവെള്ളം ഉറപ്പുവരുത്താൻ സാധിക്കും. പുതിയ കുടിവെള്ള പദ്ധതികൾ നടപ്പിലാക്കുന്നതിന് പുറമേ കേടായി കിടക്കുന്ന ഹാന്റ് പമ്പുകൾ അറ്റകുറ്റപ്പണികൾ നടത്തി ഏകദേശം 10 കുടുംബങ്ങൾക്ക് ഗുണപ്രദമായ പദ്ധതിയും നടപ്പിലാക്കുന്നുണ്ട്.

2016 വരൾച്ചാ കാലത്ത് വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനായി 12 കോടി രൂപയുടെ ഭരണാനുമതി ലഭിക്കുകയും 6.31 കോടി രൂപയുടെ സാങ്കേതിക അനുമതി ഇതിനകം നൽകുകയും ചെയ്തു. 14 ജില്ലകളിലായി 60 ചെറുകിട കുടിവെള്ള പദ്ധതികളും 32 ഹാന്റ് പമ്പ് സ്കീമും 106 കുഴൽക്കിണർ/ട്യൂബുകൾ നിർമ്മാണത്തിനും 2066 ഹാന്റ് പമ്പ് റിപ്പയറിംഗിനുള്ള സാങ്കേതികാനുമതിയുമാണ് നൽകിയത്. ഇതിൽ 10 ചെറുകിട കുടിവെള്ള പദ്ധതികളും 44 കുഴൽക്കിണറുകളും 377 ഹാന്റ് പമ്പ് റിപ്പയറും 8 ഹാന്റ് പമ്പ് സ്കീമും പൂർത്തീകരിച്ചു. ബാക്കിയുള്ളവ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. സംസ്ഥാനത്ത് ഭൂജലത്തിന്റെ സംരക്ഷണത്തിനും കൃത്രിമ ഭൂജല സംപോഷണത്തിനുമായി ഭൂജലവകുപ്പ് പദ്ധതികൾ നടപ്പാക്കിവരുന്നു. ജലസ്രോതസ്സുകളിലെ ( പ്രത്യേകിച്ച് ഡാമുകളിലെ) ജലം ഉപയോഗിക്കുന്നത് സംബന്ധിച്ച് കൃത്യമായ മോണിറ്ററിംഗും ജലമാനേജ്മെന്റും

ജലസേചന വകുപ്പ് നടത്തിവരുന്നു. കൂടാതെ, ലഭ്യമായ ബജറ്റ് വിഹിതം ഉപയോഗിച്ച് കൂടുതൽ ശാസ്ത്രീയമായി ജലവിഭവ പരിപാലനം ഉറപ്പുവരുത്തണമെന്ന നിർദ്ദേശം ജലസേചന വകുപ്പിലെ ജില്ലാതല ഓഫീസർമാർക്ക് നൽകിയിട്ടുണ്ട്.

## ജലസേചന വകുപ്പിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (സിവിൽ) തസ്തിക

111 (4667) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജലസേചന വകുപ്പിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (സിവിൽ) തസ്തികയിൽ എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഈ ഒഴിവുകളിൽ ഡിഗ്രി/ഡിപ്ലോമ ക്വാട്ട എത്രയെണ്ണമെന്ന് വിശദമാക്കാമോ;

(സി) അർഹരായവരുടെ അഭാവംമൂലം ഒഴിഞ്ഞുകിടക്കുന്ന ഡിപ്ലോമ ക്വാട്ടയിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തികയിലെ ഒഴിവുകളിലേയ്ക്ക് ഡിഗ്രി വിഭാഗക്കാർക്ക് സ്ഥാനക്കയറ്റം നൽകി നിയമനം നൽകുവാൻ സ്പെഷ്യൽ റൂൾസിൽ വ്യവസ്ഥയുണ്ടോയെന്ന് വിശദമാക്കാമോ;

(ഡി) ഉണ്ടെങ്കിൽ അപ്രകാരം സ്ഥാനക്കയറ്റം നൽകി നിയമനം നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ജലസേചന വകുപ്പിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ 252 തസ്തികകൾ ഉള്ളതിൽ 15 ഒഴിവുകൾ നിലവിലുണ്ട്. ഇതിൽ പട്ടികവർഗ്ഗക്കാർക്ക് നേരിട്ടുള്ള നിയമനത്തിനായുള്ള 1 ഒഴിവ് പി.എസ്.സി.-യിലേയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി &സി) അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ ഒഴിവുകൾ 25-9-2010-ലെ സ.ഉ.(അച്ചടി) നമ്പർ 64/2010/ജ.വി.വ. സ്പെഷ്യൽ റൂൾ പ്രകാരം ഡിഗ്രി എഞ്ചിനീയർമാരെയും ഡിപ്ലോമ എഞ്ചിനീയർമാരെയും 8:2 എന്ന അനുപാതമനുസരിച്ച് സ്ഥാനക്കയറ്റം നൽകി നികത്താവുന്നതാണ്. എന്നാൽ പ്രസ്തുത റൂളിലെ റൂൾ 4 -ലെ കാറ്റഗറി 4, നോട്ട് (2) പ്രകാരം സീനിയറായ ഗ്രാഡ്വേറ്റ് അസിസ്റ്റന്റ് എഞ്ചിനീയർക്ക് മുകളിലായി ഡിപ്ലോമ ഹോൾഡർ അസിസ്റ്റന്റ് എഞ്ചിനീയർക്ക് പ്രൊമോഷൻ ലഭിക്കുവാൻ അർഹതയില്ല. പ്രസ്തുത റൂൾ പ്രകാരം അർഹരായ ഡിപ്ലോമ എഞ്ചിനീയർമാർ നിലവിലില്ല. പ്രസ്തുത ഒഴിവുകളിലേയ്ക്ക് ഡിഗ്രി വിഭാഗക്കാർക്ക് സ്ഥാനക്കയറ്റം നൽകി നിയമിക്കുന്നത് സംബന്ധിച്ച വ്യവസ്ഥകൾ സ്പെഷ്യൽ റൂളിൽ പ്രതിപാദിച്ചിട്ടില്ല.

(ഡി) മുൻപിരിവിലെ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസക്തമല്ല.

## മേജർ/മൈനർ ഇറിഗേഷൻ വകുപ്പുകളുടെ കീഴിൽ കാസർഗോഡ് നിയോജകമണ്ഡലത്തിലെ പ്രവർത്തനങ്ങൾ

112 (4668) ശ്രീ. എൻ .എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം മേജർ/മൈനർ ഇറിഗേഷൻ വകുപ്പുകളുടെ കീഴിൽ കാസർഗോഡ് നിയോജക മണ്ഡലത്തിൽ എന്തൊക്കെ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) മണ്ഡലത്തിൽ ആരംഭിക്കേണ്ട ചെറുതും വലുതുമായ പ്രവൃത്തികൾ സംബന്ധിച്ച് പ്രൊപ്പോസലുകൾ ലഭിച്ചിട്ടുണ്ടോ; ആ പ്രൊപ്പോസലിൻമേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) എത്ര തുകയുടെ പ്രൊപ്പോസലുകൾ ആണ് ലഭിച്ചത് എന്നും എസ്റ്റിമേറ്റുകൾ തയ്യാറായിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാസർഗോഡ് നിയോജകമണ്ഡലത്തിൽ ചുവടെ ചേർക്കുന്ന പ്രവൃത്തികൾ നടത്തിയിട്ടുണ്ട്.

1. കാസർഗോഡ് വികസന പാക്കേജ്- ചെങ്കള പഞ്ചായത്തിൽ ആലംപാടിയിൽ ട്രാക്ടർ പാസ്സേജോടുകൂടിയ വെന്റഡ് ക്രോസ് ബാർ - പണി പൂർത്തീകരിച്ചു.
2. കാസർഗോഡ് വികസന പാക്കേജ് - ബള്ളൂർ പഞ്ചായത്തിൽ മാലങ്കി പെർവത്തൊടി തോടിന് അഡ്വാലയിൽ വെന്റഡ് ക്രോസ് ബാർ - പ്രവൃത്തി പുരോഗമിക്കുന്നു.
3. ഫ്ലഡ് ഡാമേജ് - മൊഗ്രാൽ പുത്തൂർ പഞ്ചായത്തിൽ ഏരിയാൽ തോടിന് കുളങ്ങരയിൽ പാർശ്വസംരക്ഷണം - പ്രവൃത്തി പൂർത്തീകരിച്ചു.

(ബി) ഉണ്ട്. പ്രൊപ്പോസലുകൾ സംബന്ധിച്ച് സ്ഥലം പരിശോധിച്ച് പ്രായോഗിക ക്ഷമമായവയ്ക്ക് ഡി.പി.ആർ. തയ്യാറാക്കിവരുന്നു. കാസർഗോഡ് മണ്ഡലത്തിൽ ഉൾപ്പെടുന്ന കടൽത്തീരങ്ങളിൽ ചേരങ്കൈ, കാവുഗോളി എന്നീ പ്രദേശങ്ങളിൽ കടൽഭിത്തി നിർമ്മിക്കുവാനും ചന്ദ്രഗിരി, മൊഗ്രാൽ എന്നീ നദികളിൽ വിവിധ സ്ഥലങ്ങളിൽ ചെക്ക്ഡാമുകൾക്കും, കര സംരക്ഷണ പ്രവൃത്തികൾക്കും വേണ്ടി ലഭിച്ചിട്ടുള്ള പ്രൊപ്പോസലുകളുടെ എസ്റ്റിമേറ്റുകൾ തയ്യാറാക്കിവരുന്നു.

(സി) പദ്ധതി പരിപാലനം, ഫ്ലഡ് ഡാമേജ് എന്നിവ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് നടപ്പിലാക്കിവരുന്നു. പി.എം.കെ.എസ്.വൈ. പദ്ധതിയിലുൾപ്പെടുത്തി 145 ലക്ഷം രൂപയുടെ പ്രൊപ്പോസലുകളും കാസർഗോഡ് വികസന പാക്കേജിൽ ഉൾപ്പെടുത്തി 162 ലക്ഷം രൂപയുടെ പ്രൊപ്പോസലുകളുമാണ് ഉള്ളത്. ഇതിൽ കാസർഗോഡ് വികസന പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. കാസർഗോഡ് വികസന പാക്കേജിലുൾപ്പെടുത്തിയിട്ടുള്ള പദ്ധതികൾ ഇവയാണ്.

1. ചെങ്ങള പഞ്ചായത്തിൽ മുണ്ടാങ്കുലം കുളത്തിന്റെ പുനരുദ്ധാരണം - 25 ലക്ഷം
2. ബള്ളൂർ പഞ്ചായത്തിൽ പെർവത്തൊടി തോടിൽ പള്ളപ്പാടി മോസ്കിനുസമീപം വെന്റഡ് ക്രോസ് ബാർ - 55 ലക്ഷം
3. ബള്ളൂർ പഞ്ചായത്തിൽ ചിരണ്ടടുക്കൽ വെന്റഡ് ക്രോസ് ബാർ പുനരുദ്ധാരണം - 20 ലക്ഷം.
4. കുമ്പഡാജെ പഞ്ചായത്തിൽ നടുവനബയൽ വെന്റഡ് ക്രോസ് ബാർ പുനരുദ്ധാരണം - 37 ലക്ഷം
5. കുമ്പഡാജെ പഞ്ചായത്തിൽ കുമ്പഡാജെ വെന്റഡ് ക്രോസ് ബാർ പുനരുദ്ധാരണം - 20 ലക്ഷം.
6. കാറഡുക്ക പഞ്ചായത്തിൽ ചോനമ്പളം ചെക്ക് ഡാം - ഇൻവെസ്റ്റിഗേഷൻ - 5 ലക്ഷം.

**മഞ്ചേരി കുടിവെള്ള പദ്ധതി**

113 (4669) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിമ്പിളിയം - വളാഞ്ചേരി -മഞ്ചേരി കുടിവെള്ള പദ്ധതിയെ സംബന്ധിച്ച് ഇപ്പോൾ വാട്ടർ അതോറിറ്റിയിൽ നിലവിലുള്ള ഫയലുകൾ ഏതെല്ലാമെന്ന് വിശദമാക്കുമോ;

(ബി) മഞ്ചേരി പദ്ധതിക്ക് ചുറ്റുമതിൽ കെട്ടുവാനും ഗേറ്റ് സ്ഥാപിക്കുവാനും 15 ലക്ഷം രൂപ അനുവദിച്ചത് ഉപയോഗിക്കുവാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ;

(സി) റിനവേഷൻ ഓഫ് സിവിൽ ഹെഡ് (69) അനുസരിച്ച് ഫണ്ട് ഉപയോഗിച്ച് പ്രവൃത്തികൾ ഉടൻ നടപ്പിലാക്കുമോ; വിശദമായ വിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് ടാങ്ക് പരിസരം ചുറ്റുമതിൽ കെട്ടി സംരക്ഷിക്കാനുള്ള പ്രവൃത്തിയുടെ ഫയൽ, ഇരിമ്പിളിയം-വളാഞ്ചേരി ഉൾപ്പെടെ കോട്ടയ്ക്കൽ മണ്ഡലത്തിലെ വിവിധ പ്രവൃത്തികളുമായി ബന്ധപ്പെട്ട് ലഭിച്ച ഒരു നിവേദനത്തിന്റെ അടിസ്ഥാനത്തിലുള്ള ഫയൽ എന്നിവയാണ് വാട്ടർ അതോറിറ്റിയിൽ നിലവിലുള്ളത്. പ്രസ്തുത ഫയലുകളിൽ നടപടി സ്വീകരിച്ചുവരുന്നു.

(ബി) ഇരിമ്പിളിയം-വളാഞ്ചേരി പദ്ധതിയുടെ ടാങ്ക് പരിസരം (മങ്കേരി) ചുറ്റുമതിൽ കെട്ടി സംരക്ഷിക്കാനായി 2014 സെപ്റ്റംബർ മാസത്തിൽ 15 ലക്ഷം രൂപയുടെ സാമ്പത്തികാനുമതി നൽകുകയുണ്ടായി. എന്നാൽ ഡി.എസ്.ആർ. പ്രകാരം എസ്റ്റിമേറ്റ് പുതുക്കേണ്ടി വന്നതിനാൽ പ്രവൃത്തി നടപ്പിലാക്കാൻ കഴിഞ്ഞില്ല. പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം സാമ്പത്തികാനുമതിക്കുള്ള പ്രൊപ്പോസൽ ജല അതോറിറ്റിയിൽ പരിഗണനയിലാണ്.

(സി) പ്രവൃത്തികൾക്കുള്ള സാമ്പത്തികാനുമതി ലഭ്യമാക്കുന്നതിലേയ്ക്കായി നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.

**ജലവിതരണ പദ്ധതികൾ**

114 (4670) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എത്ര ജലവിതരണ പദ്ധതികൾ നടപ്പിലാക്കിയെന്നും അവ എവിടെയൊക്കെയാണെന്നും വ്യക്തമാക്കുമോ;

(ബി) ഇനി പൂർത്തിയാക്കാനുള്ള പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ &ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരള വാട്ടർ അതോറിറ്റി, തിരുവനന്തപുരം സർക്കിളിന് കീഴിൽ കല്ലിയൂർ, വെങ്ങാനൂർ പഞ്ചായത്തുകൾക്കും വിഴിഞ്ഞം കോർപ്പറേഷൻ ഏരിയയ്ക്കും കോവളം ടൂറിസ്റ്റ് ഏരിയയ്ക്കും വേണ്ടിയുള്ള കുടിവെള്ള പദ്ധതി ഭാഗീകമായി പൂർത്തീകരിച്ചു.

കോട്ടയം സർക്കിളിന് കീഴിൽ മണിമല ശുദ്ധജല പദ്ധതി ഭാഗീകമായി പൂർത്തീകരിച്ചു.

പത്തനംതിട്ട സർക്കിളിന് കീഴിൽ പന്തളം ശുദ്ധജലവിതരണ പദ്ധതിയും പൂർത്തീകരിച്ചിട്ടുണ്ട്.

തൃശ്ശൂർ ജില്ലയിൽ ഏറിയാട്-എടവിലങ്ങ് പഞ്ചായത്തുകളിലേയ്ക്കുള്ള വിതരണ ശൃംഖല ദീർഘിപ്പിക്കൽ പദ്ധതിയുടെ പണികൾ പൂർത്തീകരിച്ച് കുടിവെള്ളം വിതരണം ചെയ്തുവരുന്നു. ഇനി പൂർത്തീകരിക്കാനുള്ള പദ്ധതികൾ അനുബന്ധം - I* ആയി ചേർത്തിരിക്കുന്നു.

ജലനിധി രണ്ടാംഘട്ട പദ്ധതിയിൻകീഴിൽ 76 കുടിവെള്ള പദ്ധതികൾ പൂർത്തീകരിച്ച്. ഗുണഭോക്താക്കളെ തുടർ നടത്തിപ്പിനായി ഏൽപ്പിച്ചിട്ടുണ്ട്. ആയതിന്റെ ഗ്രാമപഞ്ചായത്ത് തിരിച്ചുള്ള കണക്കും നിലവിൽ പൂർത്തീകരിക്കാനുള്ള 944 പദ്ധതികളുടെ വിശദാംശങ്ങളും അനുബന്ധം -2-ൽ* ചേർത്തിരിക്കുന്നു.

## കോലുമാട് ശുദ്ധജല വിതരണ പദ്ധതി

115 (4671) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ വെങ്കിടങ്ങ്, മണലൂർ പഞ്ചായത്തുകൾക്കായുള്ള കോലുമാട് ശുദ്ധജല പദ്ധതിയുടെ നിർമ്മാണ പ്രവൃത്തികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി അടിയന്തരമായി പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ&ബി) മണലൂർ മണ്ഡലത്തിലെ വെങ്കിടങ്ങ്, മണലൂർ പഞ്ചായത്തുകൾക്കായുള്ള കോലുമാട് എന്ന ശുദ്ധജല പദ്ധതി നിലവിൽ ഇല്ല. എന്നാൽ മണലൂർ മണ്ഡലത്തിലെ പുരോഗമിക്കുന്ന കുടിവെള്ള പദ്ധതിയായ മണലൂർ വെങ്കിടങ്ങ് പദ്ധതി പൂർത്തീകരിച്ചാൽ വെങ്കിടങ്ങ് പഞ്ചായത്തിലെ കുടിവെള്ള ലഭ്യത വർദ്ധിപ്പിക്കുവാൻ സാധിക്കുന്നതാണ്. ഈ പദ്ധതി എച്ച്.ടി. ഇലക്ട്രിക്കൽ കണക്ഷൻ ലഭിക്കുന്ന മുറയ്ക്ക് പൂർണ്ണ തോതിൽ പ്രവർത്തിപ്പിക്കുവാൻ സാധിക്കും. ഇതിനുവേണ്ടി ഒളരി പമ്പ് ഹൗസിന്റെ ഇലക്ട്രിക്കൽ സ്റ്റാന്റ്ഡൈസേഷൻ പ്രവൃത്തികൾ പൂർത്തീകരിച്ച് കെ.എസ്.ഇ.ബി.-യുമായി എഗ്രിമെന്റ് വച്ചിട്ടുണ്ട്.

## ചെല്ലാനം പഞ്ചായത്തിലെ വിജയൻ കനാൽ നവീകരണം

116 (4672) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(എ) എറണാകുളം ജില്ലയിലെ ചെല്ലാനം പഞ്ചായത്തിലെ വിജയൻ കനാൽ നവീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത കനാൽ വീതികൂട്ടി ഇരുവശവും കല്ലുകെട്ടി സംരക്ഷിക്കുന്ന നടപടി ഏതു ഘട്ടം വരെയായെന്ന് വിശദീകരിക്കാമോ?

<u>ഉത്തരം</u>

(എ) പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

(ബി) 2008-ൽ പ്രസ്തുത കനാൽ വീതി കൂട്ടി കല്ലുകെട്ടി സംരക്ഷിക്കുന്ന പ്രവൃത്തി ഭാഗീകമായി പൂർത്തീകരിച്ചിട്ടുള്ളതാണ്. അതിനുശേഷം ഇപ്പോൾ പ്രവൃത്തിക്ക് ബജറ്റിൽ തുക വകയിരുത്തിയതുപ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു.

**ചിറ്റൂർ പുഴ, വാളയാർ ജലസേചന പദ്ധതികൾ**

117 (4673) <u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ ചിറ്റൂർപുഴ പദ്ധതി, വാളയാർ ജലസേചന പദ്ധതി എന്നിവയിൽ മൊത്തം എത്ര കനാലുകൾ, സബ് കനാലുകൾ എന്നിവയുണ്ട്; ഓരോന്നിന്റെയും പേര്, നീളം, ജലസേചനം നടത്തുന്ന പാടശേഖരങ്ങളുടെ വിസ്തൃതി എന്നിവ ലഭ്യമാക്കാമോ;

(ബി) ഈ കനാലിന്റെ കളർ രേഖാ ചിത്രങ്ങൾ ലഭ്യമാക്കാമോ;

(സി) ഈ കനാലുകളുടെ നിർമ്മാണത്തിന് ശേഷം അറ്റകുറ്റപ്പണികൾ ഇതുവരെയും നടത്തിയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനായി എന്തൊക്കെ കർമ്മ പദ്ധതികളാണ് ചെയ്യാൻ ഉദ്ദേശിക്കുന്നത്; അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ഡി) ചിറ്റൂർപുഴയിൽ ജലസംഭരണത്തിനും വിതരണത്തിനും ഇപ്പോൾ എത്ര റഗുലേറ്ററുകൾ ഉണ്ട്; പുതിയ എത്ര റഗുലേറ്ററുകൾക്ക് സാധ്യതയുണ്ടെന്നും നിലവിലുള്ള ഓരോ റഗുലേറ്ററുകളുടെ പേരും വ്യക്തമാക്കാമോ; പുതിയതിന് ഓരോന്നിനും എത്ര രൂപ ചെലവ് വരുമെന്നുള്ള ഏകദേശ കണക്ക് ലഭ്യമാണോ;

(ഇ) പറമ്പിക്കുളം-ആളിയാർ കരാർ പ്രകാരം ലഭിക്കുന്ന ജലം ശേഖരിച്ച് വയ്ക്കാനായി ചെറുതും വലുതുമായ എത്ര ജലസംഭരണികൾ ഇപ്പോൾ നിലവിലുണ്ട്; ഓരോ ജലസംഭരണിയുടെയും പേരും ജലസംഭരണ ശേഷിയും വ്യക്തമാക്കാമോ;

ഇവയുടെ സംഭരണ ശേഷി വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ പോകുന്നത് എന്ന് വ്യക്തമാക്കാമോ; ഇതിനുള്ള പണം എവിടെ നിന്നാണ് കണ്ടെത്താൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) വിശദ വിവരം അനുബന്ധം I ആയി ചേർക്കുന്നു*.

(ബി) കനാലുകളുടെ രേഖാചിത്രങ്ങൾ (ബ്ലാക്ക് ആന്റ് വൈറ്റ്) അനുബന്ധം II ആയി ചേർക്കുന്നു*.

(സി) വാർഷിക കർമ്മ പദ്ധതി, റീവാമ്പിംഗ് ആന്റ് കൺസോളിഡേഷൻ പ്രോഗ്രാം, 13-ാം ധനകാര്യ പദ്ധതി എന്നിവയിൽ ഉൾപ്പെടുത്തി കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ഫണ്ട് ഉപയോഗിച്ച് കനാലുകളുടെ അറ്റകുറ്റപ്പണികളും നവീകരണ പ്രവൃത്തികളും നടത്തിയിട്ടുണ്ട്. കൂടാതെ സംസ്ഥാന സർക്കാരിന്റെ ബജറ്റിൽ നോൺ പ്ലാൻ ശീർഷകത്തിൽ അനുവദിക്കുന്ന ഫണ്ടുപയോഗിച്ച് വാർഷിക അറ്റകുറ്റ പണികളും നടത്താറുണ്ട്.

(ഡി) നിലവിൽ മൂലത്തറ റെഗുലേറ്റർ വഴിയാണ് ജലവിതരണം ക്രമീകരിക്കുന്നത്. PMKSY പദ്ധതിയിൽ ഉൾപ്പെടുത്തി ചിറ്റൂർപുഴയ്ക്ക് കുറുകെ കേണമ്പുള്ളി (30 കോടി രൂപ) നർണി (30 കോടി രൂപ) എന്നിവിടങ്ങളിലും കോരയാറിന് കുറുകെ ചിന്നമൂലത്തറയിലും (10 കോടി രൂപ) റഗുലേറ്റർ നിർമ്മിക്കുന്നതിനുള്ള കരട് പദ്ധതി രേഖ സമർപ്പിച്ചിട്ടുണ്ട്.

(ഇ) പറമ്പിക്കുളം-ആളിയാർ കരാർ പ്രകാരം ലഭിക്കുന്ന ജലം ശേഖരിക്കുന്നതിനായി നിലവിൽ വെങ്കലക്കയം ഏരി, കമ്പാലത്തറ ഏരി, കുന്നംപിടാരി ഏരി എന്നീ സംഭരണികളാണ് ഉള്ളത്. ഇവയ്ക്ക് ഓരോന്നിനും യഥാക്രമം 3Mm3, 3Mm3, 0.833 Mm3 സംഭരണശേഷിയുണ്ട്. ഇവയുടെ സംഭരണശേഷി വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. PMKSY പദ്ധതിയിൽ ഉൾപ്പെടുത്തി 60 കോടി രൂപയുടെ കരട് പദ്ധതി രേഖ തയ്യാറാക്കിവരുന്നു.

**ഡാമുകളുടെ സുരക്ഷ**

118 (4674) ശ്രീ. അടൂർ പ്രകാശ് :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. എൽദോസ് കുന്നപ്പിള്ളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(എ) സംസ്ഥാനത്ത് ജലസേചന വകുപ്പിൻെറ കീഴിലുള്ള ഡാമുകളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഡാമുകളുടെ സുരക്ഷാ പരിശോധന ആരാണ് നടത്തുന്നതെന്ന് അറിയിക്കുമോ;

(സി) അവസാനമായി നടത്തിയ സുരക്ഷാ പരിശോധനയുടെ ഫലം എന്തായിരുന്നുവെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ജലസേചന വകുപ്പിന്റെ കീഴിലുള്ള ഡാമുകളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി ഡാം സേഫ്റ്റി ഓർഗനൈസേഷന്റെ (DSO) നേതൃത്വത്തിൽ എല്ലാ വർഷവും മഴക്കാലത്തിന് മുമ്പും മഴക്കാലത്തിന് ശേഷവും ഡാമുകളിൽ പരിശോധന നടത്തിവരുന്നു. കൂടാതെ ഡാം റീഹാബിലിറ്റേഷൻ ആന്റ് ഇംപ്രൂവ്മെന്റ് പ്രോജക്ട് (DRIP) -ന്റെ ഭാഗമായി രൂപീകരിച്ച ഡാം സേഫ്റ്റി റിവ്യൂ പാനൽ (DSRP) ഡാമുകളുടെ സുരക്ഷാ പരിശോധന നടത്തിയിരുന്നു. DSO-യുടെയും DSRP-യുടെയും നിർദ്ദേശാനുസരണമുള്ള ഡാം പുനരുദ്ധാരണ പണികൾ DRIP -ൽ ഉൾപ്പെടുത്തി ആരംഭിച്ചിട്ടുണ്ട്.

കൂടാതെ കേരള ഇറിഗേഷൻ ആന്റ് വാട്ടർ കൺസർവേഷൻ ആക്ട് 2003 പ്രകാരം കേരള സംസ്ഥാന അതിർത്തിക്കുള്ളിൽ സ്ഥിതി ചെയ്യുന്ന അണക്കെട്ടുകളുടെ സംരക്ഷണവും സുരക്ഷയും ഉറപ്പാക്കുന്നതിനുവേണ്ടി ഡാം സുരക്ഷാ അതോറിറ്റി രൂപീകരിച്ചിട്ടുണ്ട്. കേരള സംസ്ഥാനത്തിന്റെ അതിർത്തിക്കുള്ളിൽ സ്ഥിതി ചെയ്യുന്ന അണക്കെട്ടുകളുടെ സുരക്ഷ വിലയിരുത്തുക, പരിശോധനകൾ നടത്തുക, സംരക്ഷണത്തിനുള്ള നടപടികൾ നിർദ്ദേശിക്കുക, അണക്കെട്ടുകൾക്ക് ശക്തിക്ഷയം ഉണ്ടെങ്കിൽ ആയത് ബലപ്പെടുത്താൻ വേണ്ട നടപടികൾ എടുക്കാൻ സർക്കാരിനും അണക്കെട്ടുകളുടെ സംരക്ഷകർക്കും വേണ്ട ഉപദേശങ്ങൾ നൽകുക എന്നിവയാണ് അതോറിറ്റിയുടെ പ്രധാന കടമകൾ.

(ബി) ഡാം സേഫ്റ്റി ഓർഗനൈസേഷനും (DSO), കേരള ഡാം സേഫ്റ്റി അതോറിറ്റിയും ഡാമുകളുടെ സുരക്ഷാ പരിശോധന നടത്തിവരുന്നു.

(സി) ഡാം സേഫ്റ്റി ഓർഗനൈസേഷൻ (DSO) 7-10-2016-ൽ മലങ്കര ഡാം ഭൂതത്താൻകെട്ട് ബാരേജ് എന്നിവിടങ്ങളിലാണ് പരിശോധന നടത്തിയത്. DRIP-ലെ പണികളുടെ അവലോകനവും ഇതോടൊപ്പംതന്നെ നടത്തി. ഡ്രിപ്പിന്റെ ഭാഗമായി രൂപീകരിച്ച Dam Safety Review Panal (DSRP) നടത്തിയ

മുൻപരിശോധനയിലെ നിർദ്ദേശങ്ങളും DSO-യുടെ പരിശോധനയിലെ നിർദ്ദേശങ്ങളും അനുസരിച്ച് മലങ്കര ഡാമിന്റെ ചോർച്ച നിയന്ത്രിക്കുന്നതിനായി DRIP-ൽ ഉൾപ്പെടുത്തിയിട്ടുള്ള എർത്ത് ഡാമിന്റെയും masonry ഡാമിന്റെയും grouting ഉൾപ്പെടെയുള്ള പണികളും ഡാമിന്റെ ഷട്ടറിന്റെ ചോർച്ച മാറ്റുവാനുള്ള പണികളും മലങ്കര ഡാമിൽ പുരോഗമിച്ചുവരുന്നു. ഭൂതത്താൻകെട്ട് ബാരേജിൽ DSRP-യും DSO -യും മുൻകാലങ്ങളിൽ നടത്തിയ പരിശോധനാ റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ അനുസരിച്ച് ബാരേജിന്റെ തൂണുകൾ ബലപ്പെടുത്തുന്നതിനുള്ള പണികളും ഷട്ടർ മാറ്റി സ്ഥാപിക്കുന്നതിനുള്ള പണികളും നടന്നുവരുന്നു. കൂടാതെ ബാരേജിന്റെ മുകളിലൂടെയുള്ള ഗതാഗത നിയന്ത്രണത്തിനായി DSRP നിർദ്ദേശമനുസരിച്ച് പുതിയ പാലത്തിന്റെ പണി DRIP-ൽ ഉൾപ്പെടുത്തി ആരംഭിച്ചിട്ടുണ്ട്.

കേരള ഡാം സേഫ്റ്റി അതോറിറ്റി അവസാനമായി പരിശോധന നടത്തിയ ഡാമുകൾ പാലക്കാട് ജില്ലയിലുള്ള മംഗലവും പോത്തുണ്ടിയും ആണ്. 20-6-2016-നാണ് പരിശോധന നടത്തിയത്.

മംഗലം അണക്കെട്ട്

അണക്കെട്ടിന്റെ അപ്സ്ട്രീമിലും ഡൗൺസ്ട്രീമിലും കാട് നീക്കം ചെയ്യാനും അണക്കെട്ടിന്റെ അടിത്തട്ടിൽ അടിഞ്ഞുകൂടിയിട്ടുള്ള ചെളിയും മറ്റ് മാലിന്യങ്ങളും നീക്കം ചെയ്യാനും അണക്കെട്ടിന്റെ ഉയരം കൂട്ടാൻ വേണ്ട നടപടികൾ എടുക്കാനും അണക്കെട്ടിന്റെ മുകളിലുള്ള റോഡിലെ വിള്ളൽ പരിശോധിച്ച് വേണ്ട നടപടികൾ എടുക്കാനും ബന്ധപ്പെട്ടവർക്ക് അതോറിറ്റി നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ അണക്കെട്ടിന്റെ ഇരുവശങ്ങളിലും സിമന്റ് വാഷ് ചെയ്തു വൃത്തിയായി സൂക്ഷിക്കാനും ഗ്യാലറിക്കുള്ളിലെ ഡ്രെയിൻ ഹോളുകൾ തുറന്ന് എക്കൽ അടിഞ്ഞത് നീക്കം ചെയ്യാനും കനാൽ സ്ലൂയിസ് ഗേറ്റുകളും സ്പിൽവേ ഷട്ടറുകളും അറ്റകുറ്റപ്പണി ചെയ്യാൻ മെക്കാനിക്കൽ വിംഗുമായി ബന്ധപ്പെടാനും നിർദ്ദേശിച്ചിട്ടുണ്ട്. അണക്കെട്ട് വെള്ളത്തിന്റെ സീപ്പേജിന്റെ തോത് നിരീക്ഷിക്കാനും ഗ്യാലറിയുടെ നിലത്ത് ഉദ്ഗതി മർദ്ദമാപിനികൾ സ്ഥാപിക്കാനും അതോറിറ്റി ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

പോത്തുണ്ടി അണക്കെട്ട്

അണക്കെട്ടിന്റെ പുറത്ത് വളരുന്ന ചെടികളും മരങ്ങളും പൂർണ്ണമായും നീക്കം ചെയ്യാനും അണക്കെട്ടിലെ സീപ്പേജ് വെള്ളത്തിന്റെ തോത് അളക്കുവാനും ഡാമിലെത്തുന്ന സന്ദർശകരെ നിരീക്ഷിക്കാനും നിയന്ത്രിക്കാനും വേണ്ട നിർദ്ദേശം

നൽകിയിട്ടുണ്ട്. അണക്കെട്ടിന്റെ മുൻഭാഗത്ത്, ഡൗൺസ്ട്രീം ഭാഗത്ത് ഇപ്പോൾ വെറുതെ ഒഴിഞ്ഞുകിടക്കുന്ന സ്ഥലം ഒരു ഉദ്യാനമായി മാറ്റാനും അതുവഴി കൂടുതൽ വിനോദ സഞ്ചാരികളെ ആകർഷിക്കാനും അതോറിറ്റി ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**ഇറിഗേഷൻ വകുപ്പിന്റെ ഫണ്ട് വിനിയോഗിച്ചുള്ള പദ്ധതികൾ**

119 (4675) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ നിയമസഭ മണ്ഡലമുൾപ്പെടുന്ന പ്രദേശത്ത് ഇറിഗേഷൻ വകുപ്പിന്റെ ഫണ്ട് വിനിയോഗിച്ച് നിലവിൽ ഏതെല്ലാം പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ടെന്ന് വിശദമാക്കാമോ;

(ബി) ഈ സർക്കാർ വന്നശേഷം ആറ്റിങ്ങൽ നിയമസഭ മണ്ഡലമുൾപ്പെടുന്ന പ്രദേശത്ത് ഏതെല്ലാം പ്രവൃത്തികൾ നടപ്പിൽ വരുത്തുവാൻ ഇറിഗേഷൻ വകുപ്പ് ഫണ്ട് ലഭ്യമാക്കിയിട്ടുണ്ടെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ആറ്റിങ്ങൽ നിയമസഭാ മണ്ഡലമുൾപ്പെടുന്ന പ്രദേശത്ത് ഇറിഗേഷൻ വകുപ്പിന്റെ ഫണ്ട് വിനിയോഗിച്ച് കടയ്ക്കാവൂർ ഗ്രാമപഞ്ചായത്തിൽ മറ്റത്തിൻകാവിന് സമീപം വൈക്കക്കടവിൽ വാമനപുരം ആറിന്റെ വലതുകര സംരക്ഷണം (FD Head) എന്ന 15 ലക്ഷം രൂപയുടെ ഒരു പ്രവൃത്തി പൂർത്തീകരിച്ചു. കരവാരം പഞ്ചായത്തിൽ നാരാണത്തു ചിറയുടെ പുനരുദ്ധാരണ പ്രവൃത്തികൾക്കായി (PM Head) 20 ലക്ഷം രൂപയുടെയും പെരിങ്ങവിൽ കുളത്തിന്റെ സൈഡ്‌വാൾ ബലപ്പെടുത്തുന്നതിനായി (FD Head) 13 ലക്ഷം രൂപയുടെയും ഭരണാനുമതി നൽകിയിട്ടുണ്ട്. ഇവയുടെ ടെണ്ടർ നടപടികൾ നടന്നുവരുന്നു.

ആറ്റിങ്ങൽ മുനിസിപ്പാലിറ്റിയിൽ ആട്ടുക്കുളം തോടിന്റെ സൈഡ്‌വാൾ പുനരുദ്ധാരണത്തിനും ഓടയുടെ നിർമ്മാണത്തിനുമായി 38 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആറ്റിങ്ങൽ നിയമസഭാ മണ്ഡലം ഉൾപ്പെടുന്ന പ്രദേശത്ത് വിവിധ പ്രവൃത്തികളുടെ പ്രൊപ്പോസലുകൾ തയ്യാറാക്കിവരുന്നു.

## രണ്ടാംവിള നെൽകൃഷിക്ക് ആവശ്യമായ വെള്ളം

120 (4676) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പാലക്കാട് ജില്ലയിൽ രണ്ടാംവിള നെൽക്ക്യഷിക്ക് ആവശ്യമായ വെള്ളം കർഷകർക്ക് ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദീകരിക്കാമോ?

ഉത്തരം

പാലക്കാട് മൈനർ ഇറിഗേഷൻ ഡിവിഷന് കീഴിൽ 35 ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളും കൂടാതെ പുഞ്ചോല, പാമ്പൻതോട്, ആനമൂളി എന്നീ മൂന്ന് ഡൈവേർഷൻ സ്കീമുകളും പ്രവർത്തിക്കുന്നുണ്ട്. നെൽക്കൃഷിക്ക് ആവശ്യമായ വെള്ളം സുഗമമായി ലഭ്യമാക്കുന്നതിന് ഇവയുടെ പ്രവർത്തനം തടസ്സം കൂടാതെ നടത്തുന്നതിനുള്ള മുൻകരുതലുകൾ എടുത്തിട്ടുണ്ട്.

കൂടാതെ പാലക്കാട് ജില്ലയിൽ രണ്ടാം വിള നെൽക്കൃഷിക്കാവശ്യമായ വെള്ളം കർഷകർക്ക് ലഭ്യമാക്കുന്നതിന് ചീഫ് എഞ്ചിനീയർ പ്രോജക്ട് -I-ന്റെ കാര്യാലയത്തിനുകീഴിൽ വിവിധ പദ്ധതികളിൽ സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

മലമ്പുഴ, മംഗലം, പോത്തുണ്ടി പദ്ധതികളിൽനിന്നും ജലസേചനം നടത്തുന്നത് സംബന്ധിച്ച തീരുമാനമെടുക്കുന്നതിനായുള്ള ഉപദേശക സമിതി യോഗം 22-10-2016-ന് പാലക്കാട് ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ ചേരുകയും രണ്ടാം വിളയ്ക്കായുള്ള ജലസേചനം നടത്താൻ തീരുമാനിക്കുകയും ചെയ്തു. കാഞ്ഞിരപ്പുഴ ഡാമിൽ രണ്ടാംവിള നെൽക്കൃഷിക്കാവശ്യമായ ജലസേചനത്തിനുള്ള ജലം സംഭരിച്ചിട്ടുണ്ട്. മഹാത്മാഗാന്ധി നാഷണൽ റൂറൽ എംപ്ലോയ്മെന്റ് ഗ്യാരന്റി സ്കീം MNREGS പദ്ധതി പ്രകാരം കനാൽ ശുദ്ധീകരണം പൂർത്തിയായാൽ മാത്രമേ ജലസേചനം ആരംഭിക്കുവാൻ കഴിയുകയുള്ളൂ. ചിറ്റൂർ പുഴ പദ്ധതി ഡിവിഷൻ കീഴിലെ മീങ്കര, ചുള്ളിയാർ, വാളയാർ ഡാമുകളിൽ രണ്ടാംവിളയ്ക്ക് ജലസേചനത്തിന് ആവശ്യമായ ജലം നിലവിലില്ല. വടക്ക് കിഴക്കൻ കാലവർഷം നല്ല രീതിയിൽ ലഭിക്കുകയും മതിയായ ജലം സംഭരിക്കാൻ കഴിയുകയും ചെയ്യുന്ന മുറയ്ക്ക് രണ്ടാംവിള നെൽക്കൃഷിക്ക് ജലസേചനം നടത്താൻ കഴിയുന്നതാണ്. കൂടാതെ പറമ്പിക്കുളം-ആളിയാർ കരാർ പ്രകാരമുള്ള ജലം ലഭിച്ചാൽ ചിറ്റൂർ പുഴ പദ്ധതിയിൽ രണ്ടാം വിളയ്ക്കുള്ള ജലം നൽകാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

**കൊയിലാണ്ടി നിയോജകമണ്ഡല പരിധിയിൽ ഇറിഗേഷൻ വകുപ്പിനുള്ള ഭൂമി**

121 (4677) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി നിയോജക മണ്ഡല പരിധിയിൽ, ഇറിഗേഷൻ വകുപ്പിന് എവിടെയെല്ലാം ഭൂമിയുണ്ടെന്നുള്ളത് വിസ്തീർണം, റീ സർവ്വേ നമ്പർ, വില്ലേജ് എന്നീ വിശദാംശങ്ങളോടെ വ്യക്തമാക്കാമോ;

(ബി) കൊയിലാണ്ടി മിനി സിവിൽ സ്റ്റേഷൻ പരിസരത്തെ ഇറിഗേഷൻ വകുപ്പിന്റെ ക്വാർട്ടേഴ്സ് വർഷങ്ങളായി ജീർണിച്ച് കാടു മൂടിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ സ്ഥലം ഉപയോഗപ്പെടുത്തി വികസന പദ്ധതി ആവിഷ്കരിക്കുമോ;

(സി) കൊയിലാണ്ടി മിനി സിവിൽ സ്റ്റേഷൻ കോമ്പൗണ്ടിലെ ഇറിഗേഷൻ വകുപ്പിന്റെ കെട്ടിടം ജീർണാവസ്ഥയിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കെട്ടിടം പുതുക്കി പണിത് ഇറിഗേഷൻ ഓഫീസ് കൊയിലാണ്ടിയിൽ പ്രവർത്തിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കൊയിലാണ്ടി നിയോജകമണ്ഡല പരിധിയിൽ ജലസേചനം പദ്ധതി വിഭാഗം I ചീഫ് എഞ്ചിനീയറുടെ അധികാര പരിധിയിലുള്ള ഭൂമിയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.* ഇതുകൂടാതെ ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ അധികാരപരിധിയിൽ പന്തലായിനി വില്ലേജിൽ പന്തലായിനി ദേശത്ത് റീ-സർവ്വേ നമ്പർ 4/3 എ-യിൽ 17.63 സെന്റ് സ്ഥലംകൂടി ഉണ്ട്.

(ബി) ഉണ്ട്. കൊയിലാണ്ടി മിനി സിവിൽ സ്റ്റേഷൻ പരിസരത്തുള്ള ജലസേചന വകുപ്പിന്റെ ഭൂമിയിൽ 2 കെട്ടിടങ്ങളിലായുള്ള 4 ക്വാർട്ടേഴ്സുകൾ ഫണ്ടിന്റെ അപര്യാപ്തത മൂലം അറ്റകുറ്റപ്പണികൾ ചെയ്യാത്തതിനാൽ ഉപയോഗശൂന്യമായ അവസ്ഥയിലാണ്. ഈ സ്ഥലം ജലസേചന വകുപ്പിന്റെ വികസന പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്നത് പരിഗണിക്കാവുന്നതാണ്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കെട്ടിടം പുതുക്കിപ്പണിയുന്നതിന് 50 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിവരികയാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ജലത്തിന്റെ ദുരുപയോഗം കുറയ്ക്കുന്നതിനും കുടിവെള്ള സ്രോതസ്സുകൾ മലിനമാക്കുന്നത് തടയുന്നതിനുമുള്ള നടപടി

122 (4678) ശ്രീ. കെ. കുഞ്ഞിരാമൻ :
പ്രൊഫ. കെ. യു. അരുണൻ :
ശ്രീമതി യു. പ്രതിഭ ഹരി :
ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലത്തിന്റെ ദുരുപയോഗം കുറയ്ക്കുന്നതിനും, കുടിവെള്ള സ്രോതസ്സുകൾ മലിനമാക്കുന്നത് തടയുന്നതിനും, കുടിവെള്ള ഉപയോഗത്തിന് മുൻഗണനാക്രമം പാലിക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കുമോ;

(ബി) ഭാവിയിൽ ഉണ്ടാകാനിടയുള്ള കുടിവെള്ള ക്ഷാമത്തെക്കുറിച്ചും, അതിനെ നേരിടാനുതകുന്ന ജലസംരക്ഷണ മാർഗ്ഗങ്ങളെക്കുറിച്ചും ജനങ്ങളെ ബോധവൽക്കരിക്കുന്നതിന് എന്തെല്ലാം മാർഗ്ഗങ്ങൾ സ്വീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ജല അതോറിറ്റി വിതരണം ചെയ്യുന്ന ജലത്തിന്റെ ദുരുപയോഗം തടയുന്നതിനായി അസിസ്റ്റന്റ് എഞ്ചിനീയർമാർ കൂടെക്കൂടെ പരിശോധന നടത്തുകയും തദ്ദേശ സ്വയംഭരണ സംവിധാനങ്ങളുടെ സഹകരണത്തോടെ ജലം ദുരുപയോഗം ചെയ്യുന്നവർക്കെതിരെ നടപടി എടുക്കുകയും തുടർന്നുള്ള ഇത്തരം പ്രവൃത്തികൾ നിരുത്സാഹപ്പെടുത്തുന്നതിന് വേണ്ടി ബോധവത്കരണം ഉൾപ്പെടെയുള്ള നടപടി സ്വീകരിക്കുകയും ചെയ്തുവരുന്നുണ്ട്.

ജലാശയങ്ങളിലെ മലിനീകരണം തടയുന്നതിനുള്ള അധികാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും മലിനീകരണ നിയന്ത്രണ ബോർഡിനുമാണ്. എന്നിരുന്നാലും കേരള ജല അതോറിറ്റി പദ്ധതികളുടെ സ്രോതസ്സുകൾ മലിനമാകുന്നത് തടയുന്നതിനാവശ്യമായ മുൻകരുതലുകൾ സ്വീകരിക്കുന്നുണ്ട്. കൂടാതെ ഇത്തരം മലിനീകരണ പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ അത് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെയും മലിനീകരണ നിയന്ത്രണ ബോർഡിനെയും അറിയിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കാറുമുണ്ട്. ജലസ്രോതസ്സുകൾ വേലികൾ കെട്ടിയും ജലസ്രോതസ്സുകളുടെ പരിപാലനത്തിനും സംരക്ഷണത്തിനുവേണ്ടിയും ജനങ്ങളെ ബോധവത്കരിക്കുവാനുമായി പരസ്യ ബോർഡുകൾ സ്ഥാപിച്ച് സ്രോതസ്സുകൾ സംരക്ഷിക്കുവാനായി നടപടികൾ സ്വീകരിച്ചുവരുന്നു.

വാട്ടർ അതോറിറ്റിയുടെ കുടിവെള്ള സ്രോതസ്സുകൾ മലിനമാകുന്നത് ശ്രദ്ധയിൽപ്പെട്ടാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെയും റവന്യൂ അധികൃതരെയും വിവരം അറിയിക്കുകയും സാധ്യമായ രീതിയിൽ ജലത്തിന്റെ മലിനീകരണം തടയുകയും ചെയ്യാറുണ്ട്. ജലത്തിന്റെ ഉപയോഗരീതിയുടെ വ്യത്യാസമനുസരിച്ച് ഗാർഹികം, ഗാർഹികേതരം, വ്യാവസായികം എന്നിങ്ങനെ മൂന്നായി തിരിച്ച് വ്യത്യസ്ത നിരക്കുകൾ ഈടാക്കി മുൻഗണനാക്രമം രൂപീകരിച്ചിട്ടുണ്ട്.

ജലനിധി കുടിവെള്ള സ്രോതസ്സുകളുടെ നിശ്ചിത ദൂരപരിധിക്കുള്ളിൽ വരുന്ന കക്കൂസ് കുഴികൾ, സെപ്റ്റിക് ടാങ്ക് എന്നിവ മാറ്റി സ്ഥാപിച്ചും അഴുക്ക്ചാലുകൾ വഴി തിരിച്ചുവിട്ടും ജലസ്രോതസ്സുകൾ മലിനമാകുന്നത് തടയുന്നു. കൂടാതെ കുടിവെള്ളത്തിന്റെ ദുരുപയോഗം തടയുന്നത് സംബന്ധിച്ച് എല്ലാ ജലനിധി പഞ്ചായത്തുകളിലും Information Education Communication വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ ബോധവത്കരണ പരിശീലന പരിപാടികൾ നടത്തിവരുന്നു.

(ബി) ജലസംരക്ഷണത്തിന്റെയും പരിപാലനത്തിന്റെയും പ്രാധാന്യത്തെക്കുറിച്ച് ജനങ്ങളെ ബോധവത്കരിക്കുന്നതിനായി കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ പരിശീലന ബോധവത്കരണ പരിപാടികൾ നടപ്പിലാക്കിവരുന്നു. സംസ്ഥാനത്ത് സി.സി.ഡി.യു. വഴിയാണ് പ്രസ്തുത പരിപാടി നടപ്പിലാക്കിവരുന്നത്.

പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനായി താഴെ പ്രതിപാദിക്കുന്ന മാർഗ്ഗങ്ങൾ സ്വീകരിക്കുവാൻ കഴിയും.

1. AIR/Doordarsan തുടങ്ങിയ സർക്കാർ മാധ്യമങ്ങളിൽ പരസ്യം നൽകാവുന്നതും ചർച്ചകൾ സംഘടിപ്പിക്കാവുന്നതുമാണ്. സർക്കാർ ഇതര മാധ്യമങ്ങളുടെ (പത്രം, ചാനലുകൾ) പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനും കൂടുതൽ ജനങ്ങളിലേയ്ക്ക് വിഷയ സംബന്ധിയായ വാർത്തകൾ എത്തിക്കുന്നതിനും ജലസംരക്ഷണം, വരൾച്ച തുടങ്ങി ജലവുമായി ബന്ധപ്പെട്ട വിഷയങ്ങളുടെ അവതരണത്തിന് ഓരോ വർഷവും അല്ലെങ്കിൽ നിശ്ചിത കാലയളവിൽ അവാർഡ് ഏർപ്പെടുത്തുക.

2. താഴെത്തട്ടിലുള്ള ജനങ്ങളുമായി ജലം സംബന്ധിച്ച വിഷയങ്ങളെപ്പറ്റി ചർച്ച ചെയ്യുന്നതിനും പ്രദേശത്തുള്ള ജല സ്രോതസ്സുകളുടെ സംരക്ഷണവും മലിനീകരണം തടയലും ജനങ്ങളുടെയും സന്നദ്ധ സംഘടനകൾ, ക്ലബ്ബുകൾ തുടങ്ങി ആരോഗ്യ ശുചിത്വപോഷക സമിതികൾക്ക് (Ward Health Sanitation Nutrition Committee) പ്രത്യേക നിർദ്ദേശം നൽകുകയും ഇത് ഉറപ്പുവരുത്തുന്നതിന് വാർഡ് മെമ്പറെ (സമിതി ചെയർമാൻ) ചുമതലപ്പെടുത്തുകയും ചെയ്യാവുന്നതാണ്.

3. സംസ്ഥാനം നേരിടുന്ന മഴക്കുറവിന്റെയും വരൾച്ചയുടെയും പശ്ചാത്തലത്തിൽ Special sapling Planting Campaign സ്കൂൾ വിദ്യാർത്ഥികളുടെ സഹകരണത്തോടെ ആചരിക്കുക, Campaign Ambassador മാരായി അറിയപ്പെടുന്ന വ്യക്തിത്വങ്ങളെ നിശ്ചയിക്കുക.

4. ജലസംരക്ഷണ പ്രവർത്തനങ്ങൾ മികച്ച രീതിയിൽ നടപ്പാക്കുന്ന പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷന് അവാർഡ് നൽകുക.

5. മുഴവൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും വ്യക്തിഗത ജലസംരക്ഷണ മാർഗ്ഗങ്ങൾ (മഴവെള്ള സംഭരണി, മഴക്കുഴി, കിണർ റീചാർജ്ജിംഗ്) തുടങ്ങിയവ ജനങ്ങൾക്ക് കണ്ടുമനസ്സിലാക്കുന്നതിനായി മോഡലുകൾ നിർമ്മിക്കുക.

6. വിവിധ മാധ്യമങ്ങളിലൂടെ പ്രസ്തുത വിഷയത്തിൽ ജനങ്ങളിൽ അവബോധം വർദ്ധിപ്പിക്കുന്നതിനായി പരസ്യ പ്രചരണം നടത്തുക.

7. റോഡ് ഷോ, ശില്പശാലകൾ, കുട്ടികൾക്കിടയിൽ മത്സരങ്ങൾ തുടങ്ങിയവ സംഘടിപ്പിക്കുക.

8. പരിസ്ഥിതി ദിനം, ജലദിനം, ഭൗമദിനം തുടങ്ങിയ വിഷയങ്ങളുമായി ബന്ധപ്പെട്ട അന്താരാഷ്ട്ര/ദേശീയ ദിനാചരണങ്ങൾ സംഘടിപ്പിക്കുകയും അതിന് വാർത്താ പ്രാധാന്യം ലഭിക്കാൻ വേണ്ട പരമാവധി പ്രവർത്തനങ്ങൾ സംഘടിപ്പിക്കാവുന്നതാണ്.

## സ്കീമുകളുടെ അറ്റകുറ്റപ്പണി

123 (4679) <u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാർ കാലയളവിൽ ജലവിഭവ വകുപ്പിൻ കീഴിൽ നടത്തിയ സ്കീമുകളുടെ അറ്റകുറ്റപ്പണി, പമ്പ് ഹൗസുകളിലെ പ്രവർത്തനം, ഉപയോഗത്തിനുള്ള കെമിക്കൽസ് വാങ്ങൽ (ഏതെല്ലാം കമ്പനികളിൽ നിന്ന് എന്ന വിശദാംശം ഉൾപ്പെടെ) ചെലവായ തുക എത്ര എന്ന് വ്യക്തമാക്കുമോ;

(ബി) യു.ഡി.എഫ്. ഭരണ കാലയളവിൽ ഓരോ ജില്ലയിലും അറ്റകുറ്റപ്പണികൾക്കായി ഓരോ വർഷവും ചെലവായ തുക എത്രയെന്നും പ്രസ്തുത ചെലവ് തുക സംബന്ധിച്ച് വകുപ്പ് തലത്തിൽ ഓഡിറ്റിംഗ് നടത്തിയിട്ടുണ്ടോയെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ;

(സി) കാലപ്പഴക്കമുള്ള പൈപ്പുകൾ മാറ്റി സ്ഥാപിക്കാത്തതുമൂലം അറ്റകുറ്റപ്പണി നേരിടേണ്ടിവരുന്നതും ആയതിന്റെ ചെലവ് അതോറിറ്റിയെ നഷ്ടത്തിലെത്തിക്കും എന്നതും സർക്കാർ പരിശോധിച്ചുവോയെന്ന് വ്യക്തമാക്കാമോ;

(ഡി) എങ്കിൽ പ്രസ്തുത മേഖല കണ്ടെത്തി കാലപ്പഴക്കം വന്ന പൈപ്പുകൾ മാറ്റാൻ ഈ സർക്കാർ എന്ത് നടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) മുൻ സർക്കാർ കാലയളവിൽ ജലവിഭവ വകുപ്പിൻകീഴിൽ നടത്തിയ സ്കീമുകളുടെ അറ്റകുറ്റപ്പണി, പമ്പ് ഹൗസുകളിലെ പ്രവർത്തനം, ഉപയോഗത്തിനുള്ള കെമിക്കൽസ് വാങ്ങൽ എന്നീ ഇനത്തിൽ ചെലവായ തുകയുടെ വർഷം തിരിച്ചുള്ള വിവരങ്ങൾ അനുബന്ധം I* ആയും കെമിക്കൽ വാങ്ങൽ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം II ആയും ചേർത്തിരിക്കുന്നു*.

ചെലവുത്തുക സംബന്ധിച്ച് വകുപ്പുതല ഓഡിറ്റിംഗ് നടത്താറുണ്ട്.

(സി) പരിശോധിച്ചിട്ടുണ്ട്.

(ഡി) കാലപ്പഴക്കം ചെന്നതും തുടർച്ചയായി ചോർച്ചയുള്ളതുമായ പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്ന പ്രവൃത്തികൾക്കായി KIIFB-ൽ ഉൾപ്പെടുത്തി 526 കോടി രൂപയും സ്റ്റേറ്റ് പ്ലാനിൽ 50 കോടി രൂപയും പ്രൊപ്പോസലുകൾക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**കാഞ്ഞിരപ്പുഴ ഇറിഗേഷൻ പദ്ധതിയിലെ ഉദ്യാനം**

124 (4680) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോങ്ങാട് മണ്ഡലത്തിലെ കാഞ്ഞിരപ്പുഴ ഇറിഗേഷൻ പദ്ധതിയുമായി ബന്ധപ്പെട്ട ഉദ്യാനം മലമ്പുഴ മോഡലിൽ നവീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് സ്ഥലം എം.എൽ.എ. നൽകിയ കത്തിന്റെ അടിസ്ഥാനത്തിൽ നടപടികൾ എന്തെങ്കിലും ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

(എ) കാഞ്ഞിരപ്പുഴ ജലസേചന പദ്ധതി ഡിവിഷനിൽ ഉൾപ്പെടുന്ന ഉദ്യാനം മലമ്പുഴ മോഡലിൽ നവീകരിക്കുന്നതിനുവേണ്ട പ്രവൃത്തി ഇറിഗേഷൻ ഡിപ്പാർട്ട്മെന്റുമായി സഹകരിച്ച് നടത്താമെന്ന് ഡി.റ്റി.പി.സി. അറിയിച്ചിട്ടുണ്ട്. ആയതിന് അനുകൂല മറുപടി ഡി.റ്റി.പി.സി. ചെയർമാൻ കൂടിയായ പാലക്കാട് ജില്ലാ കളക്ടർക്ക്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

കാഞ്ഞിരപ്പുഴ എക്സിക്യൂട്ടീവ് എഞ്ചിനീയർ നൽകുകയും തുടർന്ന് ഇറിഗേഷൻ വകുപ്പുമായി ചേർന്ന് ഭാവി പ്രവർത്തനങ്ങളെ സംബന്ധിച്ച് വിശദമായ ചർച്ച ആകാമെന്നും ആയതിന് ഡി.റ്റി.പി.സി. മുൻകയ്യെടുക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

(ബി) ഇതുമായി ബന്ധപ്പെട്ട് സ്ഥലം എം.എൽ.എ. വകുപ്പുമന്ത്രിക്ക് നൽകിയ കത്ത് അടിസ്ഥാനപ്പെടുത്തി, എം.എൽ.എ.യുടെ സാന്നിദ്ധ്യത്തിൽ യോഗം ചേർന്ന് ഇറിഗേഷൻ, ഡി.റ്റി.പി.സി. വകുപ്പുകളെ ഏകോപിപ്പിച്ച് തുടർനടപടി സ്വീകരിക്കുവാൻ ജില്ലാ കളക്ടറോട് ആവശ്യപ്പെടുന്നതാണ്.

**നദീജലത്തിന്റെ ഗുണനിലവാര പരിശോധന**

125 (4681) <u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നദീജലത്തിന്റെ ഗുണനിലവാര പരിശോധന ശക്തിപ്പെടുത്താൻ നടപടികൾ ഉണ്ടാകുമോയെന്ന് വ്യക്തമാക്കുമോ;

(ബി) തലസ്ഥാനത്തെ അരുവിക്കര ഉൾപ്പെടെയുള്ള ഭാഗങ്ങളിൽ ജലത്തിന്റെ ഗുണനിലവാര പരിശോധന ശക്തിപ്പെടുത്താൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടെ National Rural Drinking Water Programme-ൽ ഉൾപ്പെടുത്തി കേരളത്തിലെ 44 നദികളിലെ 126 നിർദ്ദിഷ്ട സ്ഥലങ്ങളിലെ ജലസാമ്പിളുകളുടെ ഗുണനിലവാര പരിശോധന കേരള ജല അതോറിറ്റിയുടെ ക്വാളിറ്റി കൺട്രോൾ ലാബുകളിൽ നടത്തിവരുന്നുണ്ട്.

സംസ്ഥാനത്ത് ജലഗുണനിലവാര പരിശോധനയ്ക്കുവേണ്ടി കേരള വാട്ടർ അതോറിറ്റിക്ക് പ്രത്യേക ക്വാളിറ്റി കൺട്രോൾ വിഭാഗം ഉണ്ട്. ഇതിലേയ്ക്കായി 33 സബ്ഡിവിഷൻ ലാബുകളും 14 ജില്ലാതല ലാബുകളും സ്റ്റേറ്റ് റഫറൽ ഇൻസ്റ്റിറ്റ്യൂട്ടും ഇപ്പോൾ പ്രവർത്തിച്ചുവരുന്നു. ജലശുദ്ധീകരണ ശാലകളോട് അനുബന്ധിച്ചും ലാബുകൾ ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) അരുവിക്കര ജലസംഭരണിയിൽ നിന്നുള്ള ജലത്തിന്റെ ഗുണനിലവാര പരിശോധന ജല ശുദ്ധീകരണശാലകളോട് ചേർന്ന് പ്രവർത്തിക്കുന്ന ലാബുകളിൽ ദിവസേന നടത്തുന്നുണ്ട്. കൂടാതെ ക്വാളിറ്റി കൺട്രോൾ ലാബിൽ എല്ലാ മാസവും സ്രോതസ്സിൽ നിന്നുള്ള ജലം ശേഖരിച്ച് പരിശോധന നടത്തുന്നുണ്ട്. ഈ പരിശോധനാ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ആവശ്യമായ തിരുത്തൽ നടപടികൾ സ്വീകരിക്കുന്നുമുണ്ട്.

## പെരുമ്പുഴകടവ് പാലത്തിന്റെ പുനർനിർമ്മാണം

126 (4682) ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിൽ ഇറിഗേഷൻ വകുപ്പിന്റെ അധീനതയിലുള്ള അപ്രോച്ച് റോഡ് തകർന്ന പെരുമ്പുഴകടവ് പാലത്തിന്റെ പുനർനിർമ്മാണ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) പണി പൂർത്തീകരിക്കാനുള്ള കാലതാമസം ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പെരുമ്പുഴകടവ് പാലത്തിന്റെ പുനർനിർമ്മാണത്തിനായി 3.5 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത ഉത്തരവിൽ നിർദ്ദേശിച്ചതനുസരിച്ച് മണ്ണുപരിശോധനയ്ക്കായി തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജിനെ ചുമതലപ്പെടുത്തുകയും അവരുടെ മണ്ണ് പരിശോധനാ റിപ്പോർട്ട് 2016 ഫെബ്രുവരിയിൽ ചീഫ് എഞ്ചിനീയർക്ക് ലഭിക്കുകയും ചെയ്തു. രൂപരേഖ തയ്യാറാക്കുന്നതിലേയ്ക്ക് കൂടുതൽ സ്ഥലത്ത് മണ്ണ് പരിശോധന നടത്തണമെന്ന് ചീഫ് എഞ്ചിനീയർ, ഐ.ഡി.ആർ.ബി. ആവശ്യപ്പെട്ടുപ്രകാരം അതിനുള്ള ഇൻവെസ്റ്റിഗേഷൻ ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) സ്വീകരിക്കുന്നതാണ്.

## ഭാരതപ്പുഴയിൽ ചെക്ക് ഡാമുകൾ

127 (4683) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭാരതപ്പുഴയിൽ നിലവിൽ ഏതെല്ലാം ഭാഗത്ത് ചെക്ക് ഡാമുകൾ നിർമ്മിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) നിലവിൽ പണി നടന്നു കൊണ്ടിരിക്കുന്ന ചെക്ക് ഡാമുകൾ ഏതെല്ലാം; പ്രസ്തുത ചെക്ക് ഡാമുകളുടെ പ്രവർത്തനം അടിയന്തിരമായി പൂർത്തീകരിക്കുന്നതിനായി നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ;

(സി) ഭാരതപ്പുഴയിൽ പുതിയതായി ഏതെല്ലാം ചെക്ക് ഡാമുകൾ നിർമ്മിക്കുവാനാണ് പ്രോജക്ട് സമർപ്പിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ; അതിന്റെ കാലിക സ്ഥിതി വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഭാരതപ്പുഴയിൽ നിലവിൽ നിർമ്മിച്ചിട്ടുള്ള ചെക്ക് ഡാമുകളുടെ പട്ടിക അനുബന്ധമായി* ചേർക്കുന്നു.

(ബി) ഭാരതപ്പുഴയിൽ ch.31/300-ൽ മാന്നനൂരിലും ഓങ്ങല്ലൂർ പഞ്ചായത്തിലെ ചെങ്ങണാംകുന്നിലും ചെക്ക് ഡാമുകളുടെ പ്രവൃത്തി പുരോഗമിച്ചുകൊണ്ടിരിക്കുന്നു. ch 7/100-ൽ പുതുക്കോട് ഭാഗം ചെക്ക് ഡാം കരാറുകാരൻ പ്രവൃത്തി പൂർത്തിയാക്കാത്തതുകാരണം കരാർ നഷ്ടോത്തരവാദിത്വത്തിൽ റദ്ദാക്കി. പ്രസ്തുത പ്രവൃത്തിയുടെ പുനർ നടത്തിപ്പിനായി സർക്കാരിൽ ലഭിച്ച ദർഘാസ് ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും)-യുടെ അധികാര പരിധിയിൽ വരുന്നതിനാൽ അനുമതി നൽകുന്നതിനായി ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും)-ക്ക് തിരികെ നൽകിയിട്ടുണ്ട്. ചേലക്കര മണ്ഡലത്തിലെ ഭാരതപ്പുഴയ്ക്ക് കുറുകെ ചെറുതുരുത്തി പാലത്തിന് താഴ്ഭാഗത്തായി മുടങ്ങിക്കിടക്കുന്ന തടയണയുടെ നിർമ്മാണത്തിനായുള്ള പ്രൊപ്പോസൽ സമയബന്ധിതമായി തയ്യാറാക്കാനായി സൂപ്രണ്ടിംഗ് എഞ്ചിനീയർമാരുടെ ഒരു വിദഗ്ദ്ധ സമിതിയെ നിയോഗിച്ചിട്ടുണ്ട്. ch 11/100-ൽ മുണ്ടിയാൻകടവ് ചെക്ക് ഡാം കരാറുകാരൻ പ്രവൃത്തി പൂർത്തിയാക്കാത്തതുകാരണം കരാർ നഷ്ടോത്തരവാദിത്വത്തിൽ റദ്ദ് ചെയ്തു. റീടെണ്ടറിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. തൃത്താല കൂട്ടക്കടവ് റെഗുലേറ്ററിന് കരാർ നടപടി പൂർത്തീകരിച്ച് എഗ്രിമെന്റ് വച്ച് പണി ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(സി) പട്ടാമ്പി മുനിസിപ്പാലിറ്റിയിൽ 50/750-ൽ റെഗുലേറ്റർ, കാങ്കാപ്പുഴ റെഗുലേറ്റർ, തിരുൾവേഗപ്പുറയിൽ ചെക്ക് ഡാം എന്നിവയ്ക്കുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു.

**മീനച്ചിലാറിന്റെ ഇരുകരകളിലും സംരക്ഷണ ഭിത്തി**

128 (T*4684) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മീനച്ചിലാറിന്റെ ഇരുകരകളിലുമുള്ള ഇടിയുന്ന ഭാഗങ്ങളിൽ സംരക്ഷണ ഭിത്തി കെട്ടുന്നത് സംബന്ധിച്ച് എന്ത് നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

ഉത്തരം

മീനച്ചിലാറിന്റെ വിവിധ ഭാഗങ്ങളിൽ തീരങ്ങൾ ഇടിഞ്ഞതിന്റെ അടിസ്ഥാനത്തിൽ 321 ലക്ഷം രൂപയുള്ള 15 തീരസംരക്ഷണ പ്രവൃത്തികൾ ഏറ്റെടുക്കുകയും അതിൽ 234 ലക്ഷം രൂപയുള്ള 10 നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുള്ളതും 87 ലക്ഷം രൂപയുള്ള 5 പ്രവൃത്തികൾ പുരോഗമിക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ വിവിധ ഭാഗങ്ങളിൽ മീനച്ചിലാറിന്റെ തീര സംരക്ഷണത്തിനായി 80 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

**അച്ചൻകോവിലാറിന്റെ സംരക്ഷണ ഭിത്തി നിർമ്മിക്കുന്നതിന് നടപടി**

129 (4685) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡപത്തിൻകടവിന് സമീപം അച്ചൻകോവിലാറിന്റെ സംരക്ഷണ ഭിത്തി നിർമ്മിക്കുന്നതിനും മണ്ഡപത്തിൻകടവ് നവീകരണത്തിനുമായി തുക അനുവദിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തിക്ക് 84.00 ലക്ഷം രൂപയുടെ പുനർഭരണാനുമതി നൽകിയിട്ടുണ്ട്. സാങ്കേതികാനുമതിക്കായി ലഭിച്ച എസ്റ്റിമേറ്റിൽ ആവശ്യമായ ഭേദഗതി വരുത്തുന്നതിനായി ദക്ഷിണ മേഖലാ ജലസേചന വിഭാഗം സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**ഭൂഗർഭജല പരിരക്ഷയും പുനരുജ്ജീവനവും**

130 (4686) ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. വി. ആർ. സുനിൽ കുമാർ :
ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂഗർഭജലവിതാനം കുറഞ്ഞ് വരുന്നത് വിലയിരുത്തിയിട്ടുണ്ടോ; ആയതിന്റെ കാരണങ്ങൾ വിശദമാക്കുമോ;

(ബി) സംസ്ഥാനത്ത് ഏതൊക്കെ മാർഗ്ഗങ്ങളിലൂടെയാണ് ഭൂഗർഭജല പരിരക്ഷയും പുനരുജ്ജീവനവും നടത്തുന്നതിന് ആലോചിക്കുന്നതെന്ന് വിശദീകരിക്കുമോ;

(സി) ഭൂഗർഭജലവിഭവങ്ങളുടെ കാര്യക്ഷമത വിലയിരുത്തുന്നതിനായി ഒരു ഭൂഗർഭജല വിലയിരുത്തൽ സെൽ രൂപീകരിക്കുന്നതിന് പദ്ധതിയുണ്ടോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് ഭൂജലവിതാനം നിരീക്ഷിക്കുന്നതിനായി ഭൂജല വകുപ്പ് നിരീക്ഷണ കിണറുകൾ സ്ഥാപിച്ചിട്ടുണ്ട്. ഇതിൽനിന്നുള്ള ജലവിതാനവും വെള്ളത്തിന്റെ സാമ്പിളുകളും ശേഖരിച്ച് പഠന വിധേയമാക്കുന്നുണ്ട്. ഈ പഠനത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ ബ്ലോക്കുകളെ 'ഓവർ എക്സ്പ്ലോയിറ്റഡ്, ക്രിട്ടിക്കൽ, സെമി ക്രിട്ടിക്കൽ, സെയ്ഫ് എന്നിങ്ങനെ തരംതിരിച്ചിട്ടുണ്ട്.

(ബി) ജലനിധിയുടെ എല്ലാ പഞ്ചായത്തുകളിലും ജലസുരക്ഷാ രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്. അതിലെ നിർദ്ദേശമനുസരിച്ച് ഭൂഗർഭ ജല പരിരക്ഷയും പുനരുജ്ജീവനവും നടത്തിവരുന്നു. അതിന്റെ ഭാഗമായി ഭൂഗർഭജല പരിപോഷണ പദ്ധതികൾ ആവിഷ്കരിച്ച് കുടിവെള്ള സ്രോതസ്സുകളിൽ ജലസുരക്ഷ ഉറപ്പുവരുത്തുന്നു. ഇതിനുവേണ്ടി തടയണകൾ, ചെക്ക്ഡാമുകൾ, ജലസംരക്ഷണ ഭിത്തികൾ (കോണ്ടൂർ ബണ്ടുകൾ), റൂഫ് വാട്ടർ, വെൽ റീചാർജ്ജ്, മണ്ണിനടിയിൽ തടയണകൾ, കുളങ്ങളുടെ സംരക്ഷണം തുടങ്ങിയവ നടപ്പിലാക്കിവരുന്നു. കൂടാതെ ഭൂജല സംരക്ഷണവും കൃത്രിമ ഭൂജല സംപോഷണവും എന്ന പദ്ധതിയിൻകീഴിൽ കൃത്രിമ ഭൂജല സംപോഷണത്തിനായുള്ള പദ്ധതികൾ ഭൂജല വകുപ്പ് നടപ്പാക്കിവരുന്നുണ്ട്.

(സി) സംസ്ഥാനത്ത് ഭൂജലത്തിന്റെ ലഭ്യത, ഉപഭോഗം എന്നിവ ബ്ലോക്കടിസ്ഥാനത്തിൽ രണ്ട് വർഷത്തിലൊരിക്കൽ കേന്ദ്ര ഭൂജലബോർഡ്, സംസ്ഥാന ഭൂജല വകുപ്പ് എന്നിവ സംയുക്തമായി ചേർന്ന് പഠനം നടത്തുകയും റിപ്പോർട്ട് പ്രസിദ്ധീകരിക്കുകയും ചെയ്യുന്നുണ്ട്.

ഭൂജല വിഭവത്തിന്റെ കാര്യക്ഷമമായ വിലയിരുത്തലിനായി ഒരു പ്രത്യേക സെൽ രൂപീകരിക്കുന്നതിനുവേണ്ടിയുള്ള പ്രൊപ്പോസൽ ഭൂജല വകുപ്പ്, പ്ലാനിംഗ് ബോർഡിന് നൽകിയിട്ടുണ്ട്.

**കുഴൽക്കിണർ കുഴിക്കുന്നത് നിയന്ത്രിക്കാൻ നടപടി**

131 ( T*4687) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് മലയോര മേഖലയിൽ വ്യാപകമായ തോതിൽ കുഴൽക്കിണർ കുഴിക്കുന്നത് നിയന്ത്രിക്കാൻ നടപടികൾ ഉണ്ടാകുമോ;

(ബി) ഇതുമൂലം ഉണ്ടാകുന്ന പാരിസ്ഥിതിക പ്രശ്നം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈ ജില്ലയിൽ ഏതൊക്കെ പ്രദേശങ്ങളാണ് ജലലഭ്യതയുടെ കാര്യത്തിൽ ബ്ലാക്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; ഇവിടങ്ങളിൽ അനിയന്ത്രിതമായി നടക്കുന്ന ജലചൂഷണം നിയന്ത്രിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയിലെ പഴയ കാസർഗോഡ് ബ്ലോക്കിൽപ്പെട്ട മലയോര മേഖലകളായ ബേഡഡുക്ക, കുറ്റിക്കോൽ, ദേലമ്പാടി, കാറഡുക്ക പഞ്ചായത്തുകളിൽ കുഴൽക്കിണർ കുഴിക്കുന്നത് 2002-ലെ കേരള ഭൂജലം (നിയന്ത്രണവും ക്രമീകരണവും) ആക്ട് പ്രകാരം നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) ഗ്രൗണ്ട് വാട്ടർ എസ്റ്റിമേഷൻ കമ്മിറ്റിയുടെ തരംതിരിവിൽ കാസർഗോഡ് ബ്ലോക്ക് പ്രദേശം ക്രിട്ടിക്കൽ ഏരിയയായി നിജപ്പെടുത്തിയിട്ടുണ്ട്. കാസർഗോഡ് മുനിസിപ്പാലിറ്റി അടക്കമുള്ള പഴയ കാസർഗോഡ് ബ്ലോക്ക് പ്രദേശം (മൊഗ്രാൽ, പുത്തൂർ, മധൂർ, ചെമ്മനാട്, ചെങ്കള, മൂളിയാർ, കാറഡുക്ക, ബേഡഡുക്ക, കുറ്റിക്കോൽ, ദേലമ്പാടി എന്നീ പഞ്ചായത്തുകൾ) 2002-ലെ കേരള ഭൂജലം (നിയന്ത്രണവും ക്രമീകരണവും) ആക്ട് പ്രകാരം വിജ്ഞാപനം ചെയ്യപ്പെട്ട പ്രദേശമായതിനാൽ ഇവിടങ്ങളിൽ കുഴൽകിണർ കുഴിക്കുന്നതിന് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്.

**ഗുണമേന്മയുള്ള കുപ്പിവെള്ളം ലഭ്യമാക്കാൻ നടപടി**

132 (4688) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. പി. ടി. തോമസ് :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

---

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

(എ) മിതമായ നിരക്കിൽ ഗുണമേന്മയുള്ള കുപ്പിവെള്ളം ലഭ്യമാക്കാൻ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനായി കുപ്പിവെള്ള നിർമ്മാണ കേന്ദ്രം ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) നിർദിഷ്ട കുപ്പിവെള്ള നിർമ്മാണ കേന്ദ്രത്തിന്റെ ശേഷി എത്രയാണ്; വിവരിക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ?

ഉത്തരം

(എ&ബി) മിതമായ നിരക്കിൽ ഗുണമേന്മയുള്ള കുപ്പിവെള്ളം ലഭ്യമാക്കുന്നതിനായി കെ.ഐ.ഐ.ഡി.സി.യുടെ കീഴിൽ ഒരു കുപ്പിവെള്ള ഫാക്ടറി "ഹില്ലി അക്വാ" എന്ന പേരിൽ തൊടുപുഴയിൽ പ്രവർത്തിച്ചുവരുന്നു. കുപ്പിവെള്ളം ഉത്പാദിപ്പിച്ച് വിതരണം നടത്തുന്നതിനുമുമ്പ് ബി.ഐ.എസ്. നിഷ്കർഷിച്ചിട്ടുള്ള എല്ലാ ഗുണമേന്മാ ടെസ്റ്റുകളും ഹില്ലി അക്വാ ഫാക്ടറിയിൽ ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിന് ഭക്ഷ്യസുരക്ഷാ വിഭാഗത്തിന്റെ അനുമതിയും ഫാക്ടറിക്ക് ISO അംഗീകാരവും (നമ്പർ ISO 22000:2005) ലഭിച്ചിട്ടുണ്ട്.

കൂടാതെ, കേരള ജല അതോറിറ്റിയുടെ തിരുവനന്തപുരം സർക്കിളിന്റെ കീഴിൽ അരുവിക്കരയിൽ ഒരു കുപ്പിവെള്ള നിർമ്മാണ യൂണിറ്റ് ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. സർക്കാർ നിയന്ത്രണത്തിലുള്ള കെ.ഐ.ഐ.ഡി.സി.യുടെ കീഴിൽ കോഴിക്കോട് ജില്ലയിൽ പേരാമ്പ്രയിൽ കുറ്റിയാടി ജലസേചന പദ്ധതിയുടെ പരിസരത്ത് ഒരു ബോട്ടിലിംഗ് യൂണിറ്റ് തുടങ്ങുവാനുള്ള പ്രാരംഭ നടപടികൾ നടന്നുവരുന്നു. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നിഷ്കർഷിക്കുന്ന എല്ലാ ഗുണമേന്മാ മാനദണ്ഡങ്ങളും പാലിച്ചുകൊണ്ടായിരിക്കും ഇത് നടപ്പിലാക്കുക.

(സി&ഡി) കേരള ജലഅതോറിറ്റിയുടെ നിർദ്ദിഷ്ട കുപ്പിവെള്ള നിർമ്മാണ കേന്ദ്രത്തിന്റെ ശേഷി 7200 litre/hr ആണ്. ഹില്ലി അക്വാ ഫാക്ടറിയുടെ ഉത്പാദന ശേഷി മണിക്കൂറിൽ 7500 ബോട്ടിൽ ആണ്. അരുവിക്കരയിലെ കുപ്പിവെള്ള നിർമ്മാണത്തിന്റെ പ്രാരംഭ നടപടികളായി പ്ലാന്റിന്റെ സിവിൽ, ഇലക്ട്രിക്കൽ, മെക്കാനിക്കൽ എന്നീ മൂന്ന് വിഭാഗങ്ങളിലായി ദർഘാസുകൾ ക്ഷണിക്കുകയും സിവിൽ വർക്കിനുവേണ്ടി ചിക്കാഗോ കൺസ്ട്രക്ഷൻസ്, തിരുവനന്തപുരം; ഇലക്ട്രിക്കൽ വർക്കിനുവേണ്ടി ഇംപീരിയൽ എഞ്ചിനീയറിംഗ് കമ്പനി, കൊച്ചി; മെക്കാനിക്കൽ വർക്കിനുവേണ്ടി ഹൈടെക് സ്വീറ്റ് വാട്ടർ

ടെക്നോളജീസ്, ഗുജറാത്ത് എന്നീ കമ്പനികൾക്ക് ദർഘാസ് അംഗീകരിച്ച് നൽകുകയും ചെയ്തിട്ടുണ്ട്.

## ശുദ്ധജല വിതരണ പദ്ധതി

133 (4689) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ പ്രഖ്യാപിച്ച നഗരസഭ കേന്ദ്രീകരിച്ചുള്ള ശുദ്ധജല വിതരണ പദ്ധതിയുടെ ഭാഗമായി ഇതിനകം കോഴിക്കോട് ജില്ലയിൽ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് നടന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ; ഇത് സംബന്ധിച്ച വിശദമായ പദ്ധതി രേഖ തയ്യാറാക്കിയിട്ടുണ്ടോ;എങ്കിൽ പദ്ധതി രേഖയുടെയും റിപ്പോർട്ടിന്റെയും പകർപ്പ് ലഭ്യമാക്കുമോ;

(ബി) കൊയിലാണ്ടി നിയോജക മണ്ഡലത്തിലെ ഏതെല്ലാം തദ്ദേശസ്വയംഭരണ മേഖലകൾ ഈ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) 2016-17 ബജറ്റ് പ്രഖ്യാപനത്തിൽ കോഴിക്കോട് ജില്ലയിൽ കൊയിലാണ്ടി മുനിസിപ്പാലിറ്റിയിലേയ്ക്കുള്ള കുടിവെള്ള പദ്ധതിക്കായി 50 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കൊയിലാണ്ടി മുനിസിപ്പാലിറ്റിയിലേയ്ക്കുള്ള ഒന്നാംഘട്ട പദ്ധതിയുടെ 85 കോടി രൂപയ്ക്കുള്ള പ്രാഥമിക എഞ്ചിനീയറിംഗ് റിപ്പോർട്ട് പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരം ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. മേൽ പദ്ധതിയുടെ പ്രാഥമിക എഞ്ചിനീയറിംഗ് റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി* ചേർത്തിരിക്കുന്നു.

(ബി) പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ കൊയിലാണ്ടി മുനിസിപ്പാലിറ്റിയും കോട്ടൂർ, നടുവണ്ണൂർ, അരിക്കുളം പഞ്ചായത്തുകളും രണ്ടാംഘട്ടത്തിൽ കായണ്ണ, ഉള്ള്യേരി, അത്തോളി, ചേമഞ്ചേരി, ചെങ്ങോട്ടുകാവ് പഞ്ചായത്തുകളും ഉൾപ്പെടുന്നു.

## ശുദ്ധജല വിതരണം

134 (4690) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ശുദ്ധജല വിതരണം ശക്തിപ്പെടുത്തുന്നതിന് ചെറുകിട ജലവിതരണ പദ്ധതികൾ ആവിഷ്കരിക്കുന്ന കാര്യം പരിഗണിക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ജലക്ഷാമം രൂക്ഷമാകുന്ന പ്രദേശങ്ങളിൽ കുടിവെള്ള വിതരണത്തിന് പ്രത്യേക പദ്ധതികൾ ആവിഷ്കരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) ജലവിതരണം നടത്തേണ്ട പ്രദേശത്തിന് സമീപം പ്രധാന സ്രോതസ്സുകൾ ഒന്നും ഇല്ലാതിരിക്കുകയും അടുത്തുള്ള പ്രധാന സ്രോതസ്സുകളിൽനിന്നും ജലം എത്തിക്കുന്നത് വളരെ ചെലവേറിയതാവുകയും ചെയ്യുന്ന സന്ദർഭങ്ങളിൽ ഒരു പ്രത്യേക പ്രദേശത്തിനോ കോളനികൾക്കോ ആയി ചെറുകിട ജലവിതരണ പദ്ധതികൾ ധനലഭ്യതയ്ക്കനുസരിച്ച് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്ന പഞ്ചായത്തുകളെ തെരഞ്ഞെടുത്ത് കൂടുതലായും ചെറുകിട പദ്ധതികൾ ഉൾപ്പെടുത്തിക്കൊണ്ട് വിവിധ കുടിവെള്ള പദ്ധതികൾ നടപ്പിലാക്കി കുടിവെള്ള വിതരണം ശക്തിപ്പെടുത്തുന്നതിന് ജലനിധി പദ്ധതി വഴി സാധ്യമാകുന്നുണ്ട്.

## നൂറനാട് പാറ്റൂർ കുടിവെള്ള പദ്ധതി

135 (4691) <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നൂറനാട് പാറ്റൂർ കുടിവെള്ള പദ്ധതി പൂർത്തീകരിക്കുന്നതിന് ജലവിഭവ വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; ഇനിയും പൂർത്തീകരിക്കാനുള്ള പ്രവൃത്തികൾ ഏതൊക്കെ;

(ബി) പ്രസ്തുത പ്രവൃത്തികൾക്കായി ഇനിയും ചെലവഴിക്കേണ്ട തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; എത്ര മാസത്തിനുള്ളിൽ പ്രവൃത്തികൾ പൂർത്തീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) കടുത്ത ജലക്ഷാമം നേരിടുന്ന പ്രസ്തുത പ്രദേശത്ത് അടിയന്തിരമായി പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) നൂറനാട് പാറ്റൂർ കുടിവെള്ള പദ്ധതിക്കായി 2003-ൽ 425 ലക്ഷം രൂപയ്ക്കും 2008-ൽ 720 ലക്ഷം രൂപയ്ക്കും ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതിയ്ക്കായി ഇതുവരെ 1166.11 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. നൂറനാട് പാറ്റൂർ കുടിവെള്ള പദ്ധതി പൂർത്തീകരിക്കുന്നതിന് താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. ഇൻടേക്ക് വെല്ലിന് മുകളിലുള്ള പമ്പ് ഹൗസിന്റെ നിർമ്മാണം പുരോഗമിച്ചു വരുന്നു.
2. 400 mm DI (K9) പൈപ്പ് സ്ഥാപിക്കൽ പൂർത്തീകരിച്ചു.
3. റോ വാട്ടർ പമ്പ് സെറ്റ് 170 HP 2 എണ്ണം സപ്ലൈ ചെയ്തു സ്ഥാപിക്കുന്ന പ്രവൃത്തി പുരോഗമിച്ചു വരുന്നു.
4. 10 mld ജലശുദ്ധീകരണശാലയും 4.5 LL ജലസംഭരണിയും നിർമ്മാണം പൂർത്തീകരിച്ചു.
5. ട്രാൻസ്ഫോർമർ സപ്ലൈ ചെയ്തു സ്ഥാപിക്കുന്ന പ്രവൃത്തി പുരോഗമിച്ചു വരുന്നു.
6. ക്ലിയർ വാട്ടർ പമ്പിങ്ങ് മെയിൻ, 4.5 LL ഭൂതലജലസംഭരണി, ക്ലിയർ വാട്ടർ ഗ്രാവിറ്റി മെയിൻ എന്നിവ പൂർത്തീകരിച്ചു.

ഈ പദ്ധതിയിൽ ഇനിയും പൂർത്തീകരിക്കാനുള്ള പ്രവൃത്തികൾ ഇവയാണ്.

1. 130 HP 2 No. ക്ലിയർ വാട്ടർ പമ്പ് സെറ്റ്, 400 KVA ശേഷിയുള്ള സബ്സ്റ്റേഷൻ റോ വാട്ടർ പമ്പിങ്ങ് മെയിനും പമ്പ് സെറ്റും തമ്മിലുള്ള ഇന്റർ കണക്ഷൻ, നിലവിലെ മെഷിനുകളുടെ ഓവർ ഹോളിങ് വർക്ക് ഡിസ്ട്രിബ്യൂഷൻ ലൈനുകൾ എന്നീ പ്രവൃത്തികളുടെ വിശദമായ എസ്റ്റിമേറ്റ് കേരള വാട്ടർ അതോറിറ്റി തയ്യാറാക്കിവരുന്നു.

2. 8000 മീറ്റർ നീളത്തിൽ വിതരണ ശൃംഖല സ്ഥാപിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ടെങ്കിലും ഈ പദ്ധതിയുടെ പ്രയോജനം വിഭാവനം ചെയ്തിരുന്ന എല്ലാ പ്രദേശങ്ങളിലും പൂർണ്ണ തോതിൽ ലഭ്യമാക്കുന്നതിനായി ഏകദേശം 60 കിലോമീറ്റർ ദൈർഘ്യത്തിൽ കൂടി വിതരണ ശൃംഖലകൾ സ്ഥാപിക്കുകയും നൂറനാട് ചുനക്കര എന്നിവിടങ്ങളിൽ നിലവിൽ ഉള്ള ജലസംഭരണികളുടെ അറ്റകുറ്റപ്പണികൾ നടത്തുകയും വേണം. അതോടൊപ്പം താമരക്കുളം പച്ചക്കാട് പുതിയ സംഭരണി സ്ഥാപിക്കേണ്ടതുണ്ട്.

(ബി) മേൽ സൂചിപ്പിച്ച പ്രവൃത്തികൾ എല്ലാം പൂർത്തീകരിക്കുന്നതിനായി ഏകദേശം 8 കോടി രൂപ ആവശ്യമാണ്. 2017 മാർച്ച് മാസത്തിൽ പദ്ധതി ഭാഗികമായി കമ്മീഷൻ ചെയ്യാൻ സാധിക്കും എന്നു പ്രതീക്ഷിക്കുന്നു.

(സി) അടിയന്തരമായി പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## കുടിവെള്ള വിതരണ ശൃംഖല കാര്യക്ഷമമാക്കുന്നതിന് നടപടി

136 (4692) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. അനിൽ അക്കര :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കുടിവെള്ള വിതരണ ശൃംഖല കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്, വിശദമാക്കുമോ;

(ബി) ഇതിനായി എന്തെല്ലാം പദ്ധതികളാണ് നിലവിൽ നടപ്പാക്കി വരുന്നത്; വിവരിക്കുമോ;

(സി) എന്തെല്ലാം പുതിയ പദ്ധതികളാണ് ഈ ലക്ഷ്യത്തിനുവേണ്ടി ആസൂത്രണം ചെയ്യാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ-സി) കുടിവെള്ള വിതരണ ശൃംഖല കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി കാലപ്പഴക്കം ചെന്നതും തുടർച്ചയായി ചോർച്ചയുള്ളതുമായ പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്ന പ്രവൃത്തികളാണ് പ്രധാനമായും ഏറ്റെടുക്കുന്നത്. ഇത്തരം പ്രവൃത്തികൾക്കായി KIIFB -ൽ ഉൾപ്പെടുത്തി 526 കോടി രൂപയും സ്റ്റേറ്റ് പ്ലാനിൽ 50 കോടി രൂപയും പ്രൊപ്പോസലുകൾ തയ്യാറാക്കി അനുമതിയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. ഷൊർണ്ണൂർ, തിരുവല്ല, ചങ്ങനാശ്ശേരി, കൊല്ലം, കാസർഗോഡ്, പൊന്നാനി, കൊയിലാണ്ടി, തൊടുപുഴ, കോട്ടയം, തൃശ്ശൂർ, മട്ടന്നൂർ തുടങ്ങിയ 10 മുനിസിപ്പാലിറ്റികൾക്കും, സമീപ പഞ്ചായത്തുകൾക്കും കുടിവെള്ള വിതരണം മെച്ചപ്പെടുത്തുന്നതിനായി പ്രത്യേക നിക്ഷേപ പദ്ധതിയിൽ നിന്ന് 735 കോടി രൂപ ബജറ്റ് 2016-17-ൽ നീക്കി വച്ചിട്ടുണ്ട്. ഇതിനുപുറമേ കൊച്ചി സ്മാർട്ട് സിറ്റി 24X7 പദ്ധതിക്കായി 500 കോടി രൂപയും പുതുക്കിയ ബജറ്റ് 2016-17 -ൽ പ്രഖ്യാപിച്ചിട്ടുണ്ട്.

ഡിസ്ട്രിബ്യൂഷൻ ലൈനുകൾ ഇല്ലാത്തതുകൊണ്ട് മുടങ്ങി കിടക്കുന്ന കൊഴിഞ്ഞാംപാറ, ധർമ്മടം, കോട്ടയം, ഗ്രാമപഞ്ചായത്ത് (കണ്ണൂർ), മാനന്തവാടി സമീപ പഞ്ചായത്തുകളും, തിരുമാലി, നെൻമാറ, കടമക്കുടി, വരാപ്പുഴ, പെരുനാട് തുടങ്ങിയ 9 പദ്ധതികൾക്കായി ബജറ്റ് 2016-17-ൽ പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെടുത്തി 162 കോടി രൂപ നീക്കി വച്ചിട്ടുണ്ട്.

കുടിവെള്ള മേഖലയിൽ പുതിയ പദ്ധതികൾക്കായി ബജറ്റ് 2016-17-ലെ മറുപടി പ്രസംഗത്തിൽ 90 കോടി രൂപ പ്രത്യേക നിക്ഷേപ പദ്ധതിയിൽ നിന്നും ഉൾപ്പെടുത്തുകയും അവ സർക്കാർ പരിഗണനയിലുമാണ്. കൂടാതെ കേന്ദ്ര സർക്കാർ

സഹായത്തോടെ നടപ്പിലാക്കുന്ന അമൃത് (എ.എം.ആർ.യു.റ്റി.) പദ്ധതിയിൽ തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ കോർപ്പറേഷനുകളും ആലപ്പുഴ, ഗുരുവായൂർ, പാലക്കാട് മുനിസിപ്പാലിറ്റികളെയും ഉൾപ്പെടുത്തി 2015-16-ൽ ജലവിതരണത്തിൽ 235.76 കോടി രൂപയുടെ പദ്ധതികൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്. ഇതിൽ വിതരണ ശൃംഖല കാര്യക്ഷമമാക്കുന്നതിനുള്ള പദ്ധതികളും ഉൾപ്പെടുന്നു. ഈ പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു.

ജലനിധിപദ്ധതിയിൽ അംഗങ്ങളായ കുടുംബങ്ങൾക്ക് വിതരണശൃംഖല സ്ഥാപിച്ചാണ് അവരുടെ വീടുകളിൽ കുടിവെള്ളം എത്തിക്കുന്നത്. കേരള വാട്ടർ അതോറിറ്റിയുടേയും ഗ്രാമ പഞ്ചായത്തുകളുടേയും പഞ്ചായത്തുതല കുടിവെള്ള പദ്ധതികൾ ജലനിധി ഏറ്റെടുക്കുമ്പോൾ, വിതരണശൃംഖല പുനരുദ്ധരിച്ച് കാര്യക്ഷമമായി ഗുണഭോക്തൃ കുടുംബങ്ങൾക്ക് വീടുകളിൽ കുടിവെള്ള കണക്ഷൻ നൽകിയാണ് പദ്ധതി ഗുണഭോക്തൃസമിതിക്ക് കൈമാറുന്നത്.

കൂടാതെ സംസ്ഥാനത്ത് കുടിവെള്ള വിതരണ ശൃംഖല കാര്യക്ഷമമാക്കുന്നതിനായി എൻ.ആർ.ഡി.ഡബ്ല്യൂ.പി., നബാർഡ്, സാർക്ക്, പ്ലാൻ ഫണ്ട് എന്നിവയിൽ ഉൾപ്പെടുത്തി പദ്ധതികൾ നടപ്പിലാക്കി വരുന്നു.

## കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനും കുടിവെള്ളം എത്തിക്കുന്നതിനും പദ്ധതികൾ

137 (4693) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലവിഭവ വകുപ്പിൽ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനും ജനങ്ങൾക്ക് കുടിവെള്ളം എത്തിക്കുന്നതിനും ഏതെല്ലാം പദ്ധതികളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ജലവിഭവ വകുപ്പിന് കീഴിൽ കുഴൽക്കിണറുകൾ നിർമ്മിച്ചു കൊടുക്കാറുണ്ടോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം എത്ര കുഴൽക്കിണറുകൾ നിർമ്മിച്ചിട്ടുണ്ട്; മണ്ഡലം തിരിച്ചുള്ള കണക്ക് നൽകാമോ?

<u>ഉത്തരം</u>

(എ) കേരള ജല അതോറിറ്റിയുടെ കീഴിൽ ഗ്രാമ നഗര മേഖലകളിലായി 1076 കുടിവെള്ള പദ്ധതികൾ പ്രവർത്തിക്കുന്നുണ്ട്. NABARD,NRDWP, മറ്റു സർക്കാർ വകുപ്പുകൾ State Plan MLA-ADS, MP-LAD തുടങ്ങിയ നിരവധി ഏജൻസികളുടെ ധനസഹായത്തോടെ 6726 കോടി രൂപയുടെ പദ്ധതികൾ ഇപ്പോൾ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. 1600 കോടി രൂപയുടെ പദ്ധതികൾ KIIFB സഹായത്തിനും 137.5 കോടി രൂപയുടെ പദ്ധതികൾ NABARD സഹായത്തിനും സമർപ്പിച്ചിട്ടുണ്ട്. കുടിവെള്ള ക്ഷാമം

പരിഹരിക്കുന്നതിനും ജനങ്ങൾക്ക് കുടിവെള്ളം എത്തിക്കുന്നതിനുമായി ജല ദൗർലഭ്യം അനുഭവപ്പെടുന്ന പ്രദേശങ്ങളെ തരംതിരിച്ച് പുതിയ പദ്ധതികൾക്കായി സർവ്വേ നടത്തി വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കി ധനലഭ്യത ഉറപ്പ് വരുത്തി പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു.

ലോകബാങ്ക് ധനസഹായത്തോടെ സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് കെ.ആർ.ഡബ്ല്യൂ.എസ്.എ. മുഖേന നടപ്പിലാക്കുന്ന 1358 കോടി രൂപ മുതൽ മുടക്കുള്ള ജലനിധി രണ്ടാംഘട്ട പദ്ധതി ഗ്രാമീണ മേഖലയിൽ കുടിവെള്ള ക്ഷാമം നേരിടുന്ന ജനങ്ങൾക്ക് കുടിവെള്ളമെത്തിക്കുന്നതിന് ലക്ഷ്യമിടുന്നു. നിലവിൽ 115 ഗ്രാമ പഞ്ചായത്തുകളിൽ ഈ പദ്ധതി നടപ്പിലാക്കി വരുന്നു. പദ്ധതിയുടെ ഭാഗമായി ചെറുതും വലുതുമായ പുതിയ കുടിവെള്ള പദ്ധതികൾ വഴിയും ജല അതോറിറ്റിയുടേയും ഗ്രാമ പഞ്ചായത്തിന്റെയും ഏക പഞ്ചായത്ത് കുടിവെള്ള പദ്ധതികൾ ഏറ്റെടുത്ത് പുനരുദ്ധരിച്ച് അവ ഗുണഭോക്തൃ സമിതികൾക്ക് കൈമാറിയും ഗ്രാമീണ ജനതയ്ക്ക് കുടിവെള്ളമെത്തിക്കുന്നു. സുസ്ഥിര കുടിവെള്ള ലഭ്യത ഉറപ്പാക്കുന്നതിന് രണ്ടാംഘട്ട പദ്ധതിയിൽ സാധ്യമായ പഞ്ചായത്തുകളിൽ കേരള വാട്ടർ അതോറിറ്റിയുടെ ബൃഹദ് പദ്ധതികളിൽ നിന്നും കുടിവെള്ളം ബൾക്ക് ആയി വാങ്ങി ജലനിധി മാതൃകയിൽ വിതരണം ചെയ്യുന്നതിനുള്ള പദ്ധതികളും ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു. അതുപോലെ തന്നെ കേരള വാട്ടർ അതോറിറ്റിയുടെ മൾട്ടി ജി.പി. ബൃഹദ് പദ്ധതികൾ പുനരുദ്ധാരണ നവീകരണ പ്രവർത്തനങ്ങൾ നടത്തി, ഗ്രാമീണ ജനതയ്ക്ക് കുടിവെള്ളം നൽകുന്നതിന് ദീർഘകാലാടിസ്ഥാനത്തിലുള്ള പദ്ധതികളും ജലനിധി നടപ്പിലാക്കി വരുന്നു.

(ബി) ജലവിഭവവകുപ്പിൻ കീഴിൽ പ്രവർത്തിക്കുന്ന ഭൂജല വകുപ്പ് കുഴൽക്കിണർ നിർമ്മിച്ച് കൊടുക്കാറുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ജില്ല തിരിച്ചുള്ള കുഴൽക്കിണറുകളുടെ (നിർമ്മാണം) എണ്ണം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ജില്ല | മേയ് 2016 മുതൽ സെപ്റ്റംബർ 2016 വരെ കുഴിച്ച കുഴൽ കിണറുകളുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 89 |
| 2 | കൊല്ലം | 99 |
| 3 | പത്തനംതിട്ട | 11 |
| 4 | ആലപ്പുഴ | 90 |
| 5 | കോട്ടയം | 77 |

| | | |
|---|---|---|
| 6 | ഇടുക്കി | 12 |
| 7 | എറണാകുളം | 22 |
| 8 | തൃശ്ശൂർ | 41 |
| 9 | പാലക്കാട് | 10 |
| 10 | മലപ്പുറം | 21 |
| 11 | കോഴിക്കോട് | 21 |
| 12 | വയനാട് | 29 |
| 13 | കണ്ണൂർ | 46 |
| 14 | കാസർഗോഡ് | 45 |

**ദേശമംഗലം വായനശാല കുടിവെള്ളത്തിനായി ഉപയോഗിക്കുന്ന വാട്ടർ കണക്ഷൻ**

138 (4694) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമീണ വായനശാല ദേശമംഗലം, രജിസ്റ്റർ നമ്പർ 1063, ദേശമംഗലം പി.ഒ., തൃശ്ശൂർ, നോൺ ഡൊമസ്റ്റിക്കിൽ നിന്നും ഡൊമസ്റ്റിക്കായി വാട്ടർ ചാർജ്ജ് കുറവു ചെയ്തു നൽകണമെന്ന് ആവശ്യപ്പെട്ടു ബഹുമാനപ്പെട്ട മന്ത്രിക്ക് നൽകിയ അപേക്ഷയിൽ നടപടിക്രമങ്ങൾ ഏതു ഘട്ടത്തിലാണ്; വിശദാംശം നൽകുമോ;

(ബി) വായനശാല കുടിവെള്ളത്തിനായി ഉപയോഗിക്കുന്ന വാട്ടർ കണക്ഷൻ ഡൊമസ്റ്റിക് പദ്ധതിയിൽ ഉൾപ്പെടുത്തി വാട്ടർ ചാർജ്ജ് കുറവു ചെയ്തു നൽകുന്നതിന് അടിയന്തിര പരിഗണന നൽകുമോ; എങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

(എ&ബി) ദേശമംഗലം ഗ്രാമീണ വായനശാലയിലേയ്ക്കുള്ള വാട്ടർ കണക്ഷൻ ഗാർഹികേതര വിഭാഗത്തിൽ നിന്നും മാറ്റി ഗാർഹിക വിഭാഗത്തിൽ ഉൾപ്പെടുത്തണമെന്ന അപേക്ഷ കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ വിശദമായി പരിശോധിച്ചു. നിലവിലുള്ള ഗാർഹികേതര കണക്ഷൻ ഗാർഹിക കണക്ഷനാക്കി മാറ്റി വാട്ടർ ചാർജ്ജ് കുറവു ചെയ്യുന്നത് നിലവിലെ നിയമവ്യവസ്ഥകൾ പ്രകാരം അനുവദനീയമല്ല.

## കുടിവെള്ള ബോട്ടിലിംഗ്

139 (4695) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ ഉടമസ്ഥതയിലോ നിയന്ത്രണത്തിലോ പ്രവർത്തിക്കുന്ന കുടിവെള്ള ബോട്ടിലിംഗ് യൂണിറ്റുകൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത യൂണിറ്റുകളിൽ ജലഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(സി) പുതുതായി ബോട്ടിലിംഗ് യൂണിറ്റുകൾ ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ആയതിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ നിലവിൽ കുടിവെള്ള ബോട്ടിലിംഗ് യൂണിറ്റുകൾ ഇല്ല. അരുവിക്കരയിൽ ബോട്ടിലിംഗ് യൂണിറ്റിന്റെ പ്രവൃത്തി നടന്നു വരുന്നു. കെ.ഐ.ഐ.ഡി.സി.ഒ. (KIIDCO) യുടെ കീഴിൽ ഒരു കുപ്പിവെള്ള ഫാക്ടറി 'ഹില്ലി അക്വാ' എന്ന പേരിൽ തൊടുപുഴയിൽ പ്രവർത്തിച്ചു വരുന്നു.

(ബി) ഫാക്ടറിയിൽ നിന്നും കുപ്പിവെള്ളം ഉൽപ്പാദിപ്പിച്ച് വിതരണം നടത്തുന്നതിനു മുമ്പ് ബി.ഐ.എസ്. നിഷ്കർഷിച്ചിട്ടുള്ള എല്ലാ ഗുണമേന്മാ ടെസ്റ്റുകളും 'ഹില്ലി അക്വാ' ഫാക്ടറിയിൽ നടത്തിവരുന്നു. ഇതിന് ഭക്ഷ്യ സുരക്ഷാ വിഭാഗത്തിന്റെ അനുമതിയും ഐ.എസ്.ഒ. അംഗീകാരവും (ISO 22000:2005) ലഭിച്ചിട്ടുണ്ട്.

(സി) നിലവിൽ അരുവിക്കരയിൽ പണി നടന്നു കൊണ്ടിരിക്കുന്ന യൂണിറ്റ് കമ്മീഷൻ ചെയ്ത് അതിന്റെ വിപണി പ്രതികരണം വിലയിരുത്തിയതിനുശേഷം കേരള വാട്ടർ അതോറിറ്റി പുതുതായി ബോട്ടിലിംഗ് യൂണിറ്റുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു. കെ.ഐ.ഐ.ഡി.സി.ഒ.യുടെ കീഴിൽ കോഴിക്കോട് ജില്ലയിൽ, പേരാമ്പ്രയിൽ കുറ്റിയാടി ജലസേചന പദ്ധതിയുടെ പരിസരത്ത് ഒരു ബോട്ടിലിംഗ് യൂണിറ്റ് തുടങ്ങുന്നതിനുള്ള പ്രാരംഭ നടപടികൾ നടന്നുവരുന്നു. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നിഷ്കർഷിച്ചിട്ടുള്ള എല്ലാ ഗുണമേന്മാ മാനദണ്ഡങ്ങളും പാലിച്ചു കൊണ്ടായിരിക്കും ഇത് നടപ്പിലാക്കുക.

## കുടിവെള്ള ക്ഷാമം

140 (4696) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് കുടിവെള്ള ക്ഷാമം വർദ്ധിച്ചു വരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി എന്തൊക്കെ പദ്ധതികളാണ് അടിയന്തരമായി സ്വീകരിക്കുന്നതെന്ന് അറിയിക്കുമോ?

ഉത്തരം

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി ജല ദൗർലഭ്യം അനുഭവപ്പെടുന്ന പ്രദേശങ്ങളെ തരംതിരിച്ച് പുതിയ പദ്ധതികൾക്കായി സർവ്വേ നടത്തി വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കി ധനലഭ്യത ഉറപ്പ് വരുത്തി പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു. ഇപ്പോൾ 6726 കോടി രൂപയുടെ പദ്ധതികൾ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. കൂടാതെ 1600 കോടി രൂപയുടെ പദ്ധതികൾ KIIFB സഹായത്തിനും 137.5 കോടി രൂപയുടെ പദ്ധതികൾ NABARD സഹായത്തിനും സമർപ്പിച്ചിട്ടുണ്ട്. ഇതിനു പുറമേ കടുത്ത വരൾച്ച മുന്നിൽ കണ്ടു കൊണ്ട് താഴെപ്പറയുന്ന അടിയന്തിര നടപടികളും സ്വീകരിച്ചു വരുന്നു.

1. സ്രോതസ്സുകളിൽ തടയണ കെട്ടിയും നീർച്ചാലുകൾ നിർമ്മിച്ചും കൂടുതൽ ജലലഭ്യത ഉറപ്പുവരുത്തുവാൻ ഉദ്ദേശിക്കുന്നു.

2. ഇറിഗേഷൻ, വൈദ്യുത വകുപ്പുമായി സഹകരിച്ച് അവരുടെ ഉടമസ്ഥതയിലുള്ള അണകെട്ടുകളിലെ ജലം പരമാവധി കുടിവെള്ള ആവശ്യത്തിനായി വിവിധ സ്രോതസ്സുകളിൽ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

3. അടിക്കടി ലീക്കുമൂലം നഷ്ടം സംഭവിക്കുന്ന വിതരണ ലൈനുകൾ മാറ്റി പകരം പുതിയവ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

4. ജലലഭ്യതയുള്ള സ്ഥലങ്ങളിൽ പൈപ്പു ലൈൻ ദീർഘിപ്പിച്ചു ജലം എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

5. വാട്ടർ അതോറിറ്റി കിണറുകളിലെ ചെളിയും മണ്ണും നീക്കം ചെയ്തു പമ്പിംഗ് സ്റ്റേഷനുകളിൽ ജലലഭ്യത ഉറപ്പു വരുത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

6. ആവശ്യമായ സ്ഥലങ്ങളിൽ കിയോസ്കുകൾ സ്ഥാപിച്ച് റവന്യൂ, തദ്ദേശ സ്വയംഭരണ വകുപ്പുകൾ വഴി ടാങ്കറുകൾ മുഖേന പരമാവധി ശുദ്ധജല വിതരണ സൗകര്യം ഏർപ്പെടുത്തുന്ന കാര്യം പരിശോധിച്ചു വരുന്നു.

7. പമ്പിംഗ് കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി പമ്പ് സെറ്റുകളുടെ അറ്റകുറ്റ പണികൾ സമയബന്ധിതമായി നടത്തി പൂർണ്ണതോതിലുള്ള പ്രവർത്തനം ഉറപ്പാക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

8. കൂടുതൽ പമ്പിംഗ് ആവശ്യമാണെങ്കിൽ അഡീഷണൽ ഷിഫ്റ്റുകൾ ഏർപ്പെടുത്തുന്നതിനും ആവശ്യമാകുന്ന പക്ഷം വാൽവുകൾ നിയന്ത്രിക്കുന്നതിനുമുള്ള നടപടി സ്വീകരിച്ചുവരുന്നു. പണികൾ അവസാന ഘട്ടത്തിൽ എത്തി നിൽക്കുന്ന പദ്ധതികൾ അടിയന്തിരമായി പൂർത്തീകരിച്ച് ജലവിതരണം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

ജല ശുദ്ധീകരണ ശാലകളുടെ സ്ഥാപിതശേഷി പൂർണ്ണമായും ഉപയോഗിക്കുന്നതിന് ആവശ്യമായ പുനരുദ്ധാരണ പ്രവൃത്തികൾ നടപ്പിലാക്കി ശുദ്ധജല ലഭ്യത ഉറപ്പാക്കുന്നതിനു നടപടി സ്വീകരിച്ചുവരുന്നു.

ലോകബാങ്ക് ധനസഹായത്തോടെ സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് കെ.ആർ.ഡബ്ല്യൂ.എസ്.എ. മുഖേന നടപ്പിലാക്കുന്ന ജലനിധി രണ്ടാംഘട്ട പദ്ധതി ഗ്രാമീണ മേഖലയിൽ കുടിവെള്ള ക്ഷാമം നേരിടുന്ന ജനങ്ങൾക്ക് കുടിവെള്ളമെത്തിക്കുന്നതിന് ലക്ഷ്യമിടുന്നു. പദ്ധതിയുടെ ഭാഗമായി ചെറുതും വലുതുമായ പുതിയ കുടിവെള്ള പദ്ധതികൾ വഴിയും ജല അതോറിറ്റിയുടേയും ഗ്രാമ പഞ്ചായത്തിന്റെയും ഏക പഞ്ചായത്ത് കുടിവെള്ള പദ്ധതികൾ ഏറ്റെടുത്ത് പുനരുദ്ധരിച്ച് അവ ഗുണഭോക്തൃ സമിതികൾക്ക് കൈമാറിയും ഗ്രാമീണ ജനതയ്ക്ക് കുടിവെള്ളമെത്തിക്കുന്നു. സുസ്ഥിര കുടിവെള്ള ലഭ്യത ഉറപ്പാക്കുന്നതിന് രണ്ടാംഘട്ട പദ്ധതിയിൽ സാധ്യമായ പഞ്ചായത്തുകളിൽ കേരള വാട്ടർ അതോറിറ്റിയുടെ ബൃഹദ് പദ്ധതികളിൽ നിന്നും കുടിവെള്ളം ബൾക്ക് ആയി വാങ്ങി ജലനിധി മാതൃകയിൽ വിതരണം ചെയ്യുന്നതിനുള്ള പദ്ധതികളും ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു. അതുപോലെ തന്നെ കേരള വാട്ടർ അതോറിറ്റിയുടെ മൾട്ടി ജി.പി. ബൃഹദ് പദ്ധതികൾ പുനരുദ്ധാരണ നവീകരണ പ്രവർത്തനങ്ങൾ നടത്തി, ഗ്രാമീണ ജനതയ്ക്ക് കുടിവെള്ളം നൽകുന്നതിന് ദീർഘകാലാടിസ്ഥാനത്തിലുള്ള പദ്ധതികളും ജലനിധി നടപ്പിലാക്കി വരുന്നു.

**കുടിവെള്ള പദ്ധതികൾ**

141 (4697) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവമ്പാടി മണ്ഡലത്തിലെ വ്യത്യസ്ത പ്രദേശങ്ങളിൽ പുതിയതായി നിർദ്ദേശിക്കപ്പെട്ടതും എസ്റ്റിമേറ്റ് തയ്യാറാക്കിയതുമായ കുടിവെള്ള പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ചാത്തമംഗലത്തിനും സമീപത്തുള്ള 9 പഞ്ചായത്തുകൾക്കുമുള്ള സമഗ്ര കുടിവെള്ള പദ്ധതിയിൽ തിരുവമ്പാടി മണ്ഡലത്തിലെ മുക്കം, കാരശ്ശേരി, കൊടിയത്തൂർ എന്നീ പഞ്ചായത്തുകൾ ഉൾപ്പെട്ടിട്ടുണ്ട്. ഈ പദ്ധതിയുടെ 133 കോടി രൂപയുടെ പ്രാഥമിക എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ തിരുവമ്പാടിയ്ക്കും സമീപ പഞ്ചായത്തുകൾക്കുമായി ഒരു ശുദ്ധജല വിതരണ പദ്ധതിയുടെ പ്രാരംഭ പഠനം നടന്നു വരുന്നു. തിരുവമ്പാടി നിയോജക മണ്ഡലത്തിൽ ബഹു.എം.എൽ.എ. നിർദ്ദേശിച്ചത് അനുസരിച്ച് കൊടുവള്ളി അസിസ്റ്റന്റ് എഞ്ചിനീയർ താഴെപ്പറയുന്ന കുടിവെള്ള പദ്ധതികളുടെ പുനരുദ്ധാരണത്തിനും വിപുലീകരണത്തിനും ഏകദേശ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്.

1. കൊടുയത്തൂർ പഞ്ചായത്തിലെ തോട്ടുമുക്കം പദ്ധതിയുടെ പുനരുദ്ധാരണം - 24 ലക്ഷം
2. മുക്കം മുനിസിപ്പാലിറ്റിയിലെ മാമ്പറ്റ കുടിവെള്ള പദ്ധതി പുനരുദ്ധാരണം - 59 ലക്ഷം

(ബി) ധനലഭ്യതയ്ക്കനുസരിച്ച് പ്രസ്തുത പദ്ധതികൾക്ക് ഭരണാനുമതി നൽകുന്നതാണ്.

**കണ്ണോത്ത് കുടിവെള്ള പദ്ധതി**

142 (4698) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിൽ വെങ്കിടങ്ങ് പഞ്ചായത്തിലെ കണ്ണോത്ത് കുടിവെള്ള പദ്ധതിയുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കുടിവെള്ള പദ്ധതിയുടെ അവശേഷിക്കുന്ന പ്രവൃത്തികൾ അടിയന്തരമായി പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത കുടിവെള്ള പദ്ധതിയുടെ വിശദാംശങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) മണലൂർ നിയോജക മണ്ഡലത്തിലെ വെങ്കിടങ്ങിനും സമീപ വില്ലേജുകൾക്കും വേണ്ടിയുള്ള വെങ്കിടങ്ങ് ശുദ്ധജല വിതരണ പദ്ധതി 2002-ൽ ആരംഭിച്ചു. ഈ പദ്ധതിയിൽ,

1. ഒളരിയിൽ നിന്നും വെങ്കിടങ്ങ് കണ്ണോത്ത് ജല സംഭരണി വരെ 18.50 കിലോമീറ്റർ ഡി.ഐ. (കെ.9) പമ്പിംഗ് ലൈൻ സ്ഥാപിക്കൽ.
2. കണ്ണോത്ത് 7.20 ലക്ഷം ലിറ്റർ ശേഷിയുള്ള ഉന്നതതല സംഭരണിയുടെ നിർമ്മാണം.
3. വിതരണ ശൃംഖലയിൽ 15200 മീറ്റർ നീളത്തിൽ 160 മി.മീ മുതൽ 50 മി.മീ വരെയുള്ള പി.വി.സി. പൈപ്പ് ലൈൻ സ്ഥാപിക്കൽ.
4. ഒളരി പമ്പ് ഹൗസിന് ട്രാൻസ്ഫോർമർ സ്ഥാപിക്കൽ, പമ്പ് ഹൗസ് നവീകരണം.

എന്നീ 4 ഘടകങ്ങൾ ഉൾക്കൊള്ളുന്ന പ്രവൃത്തികളാണ് ഉള്ളത്. ഇവയിൽ ഭൂരിഭാഗം പ്രവൃത്തികളും പൂർത്തിയായിട്ടുണ്ട്. വൈദ്യുതി കണക്ഷൻ, ട്രയൽ പമ്പിംഗ്, വിതരണ ശൃംഖല കമ്മീഷൻ ചെയ്യുക എന്നീ പ്രവൃത്തികൾ പൂർത്തീകരിക്കുവാനുണ്ട്.

(ബി) എച്ച്.റ്റി. കണക്ഷൻ ലഭ്യമാക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു. ഒളരിയിൽ നിന്നുള്ള പരിശോധനാ പമ്പിംഗ് പൂർണ്ണമായതിനുശേഷം വിതരണ ശൃംഖലയുടെ കമ്മീഷനിംഗ് നടത്താമെന്ന് പ്രതീക്ഷിക്കുന്നു.

(സി) വെങ്കിടങ്ങ് പഞ്ചായത്തിലെ എല്ലാ വാർഡുകളിലെയും ജനങ്ങൾക്ക് (25662 Nos) ആളോഹരി പ്രതിദിനം 40 ലിറ്റർ കുടിവെള്ളം എത്തിക്കുന്നതിന് ലക്ഷ്യമിട്ടാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ഈ പദ്ധതിയുടെ സ്രോതസ്സ് തൃശ്ശൂർ നഗര ശുദ്ധജല വിതരണ പദ്ധതിയുടെ ഭാഗമായ ഒളരിയിലെ നിലവിലുള്ള ഭൂതല ജല സംഭരണിയാണ്. പീച്ചി ഡാമിൽ നിന്നാണ് ഒളരിയിലെ ജല സംഭരണിയിലേയ്ക്ക് ശുദ്ധജലം എത്തുന്നത്.

ഈ പദ്ധതിയുടെ പ്രധാന ഘടകങ്ങൾ മുകളിൽ 'എ' പിരിവിന്റെ മറുപടിയിൽ പറയുന്നവയാണ്.

## മാവേലിക്കര ഭരണിക്കാവ് കുടിവെള്ള പദ്ധതി

143 (4699) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മാവേലിക്കര ഭരണിക്കാവ് കുടിവെള്ള പദ്ധതി കമ്മീഷൻ ചെയ്യുന്നതിനുള്ള കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാലതാമസം നേരിടുന്നതിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ; ഇത് പരിഹരിക്കുന്നതിനുള്ള നടപടി അടിയന്തിരമായി സ്വീകരിക്കുമോ?

ഉത്തരം

ഉണ്ട്. ഭരണിക്കാവ് കുടിവെള്ള പദ്ധതിയുടെ ഭാഗമായി പ്രായിക്കരയിൽ പൂർത്തീകരിച്ച ട്രീറ്റ്മെന്റ് പ്ലാന്റിൽ നിന്നും കുറത്തിക്കാട് ടാങ്കിലേക്കുള്ള പൈപ്പ് ലൈൻ ജോലികൾ പൂർത്തീകരിക്കുവാൻ സാധിച്ചിട്ടില്ല. പ്രായിക്കര പാലത്തിൽ കൂടി പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് കെ.എസ്.റ്റി.പി. അനുമതി ലഭിക്കാത്തതിനാൽ പുഴയിൽ കൂടി 200 മീ. നീളത്തിൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. കല്ലുമല പാലത്തിൽ കൂടി പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് റെയിൽവേ അനുമതി ലഭ്യമായിട്ടില്ല. പ്രസ്തുത സ്ഥലം റെയിൽവേയുടെ നിർദ്ദിഷ്ട സബ് വേ നിർമ്മാണത്തിന് തെരഞ്ഞെടുത്തിട്ടുള്ളതിനാൽ സബ് വേ നിർമ്മാണം പൂർത്തിയായതിനുശേഷം സ്ഥലലഭ്യതക്കനുസരിച്ച് മാത്രമേ റെയിൽവേ അനുമതി ലഭിക്കാൻ സാധ്യതയുള്ളൂ. സമാന്തരമായി പൈപ്പ് ലൈൻ ബ്രിഡ്ജ് സ്ഥാപിക്കുന്നതിനുള്ള മണ്ണ് പരിശോധന നടത്തുന്നതിലേക്കായി റെയിൽവേയുടെ അനുമതിക്കായി 15-10-2016-ന് കേരള വാട്ടർ അതോറിറ്റി അപേക്ഷ നൽകിയിട്ടുണ്ട്. മേൽ അനുമതികൾ ലഭ്യമായാൽ മാത്രമേ കുറത്തിക്കാട് ടാങ്കിൽ ജലമെത്തിക്കുവാൻ സാധിക്കുകയുള്ളൂ.

## ഉദയംപേരൂർ പ്രദേശത്തെ രൂക്ഷമായ കുടിവെള്ള ക്ഷാമം

144 (4700) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്പൂണിത്തുറ മണ്ഡലത്തിലെ ഉദയംപേരൂർ പ്രദേശത്തെ രൂക്ഷമായ കുടിവെള്ള ക്ഷാമം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ പ്രദേശത്തെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുമോ;വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ & ബി) ഉണ്ട്.

ഉദയംപേരൂർ പഞ്ചായത്തിൽ കണ്ടനാട് വലിയകുളം പ്രദേശങ്ങളിൽ ചൂണ്ടി പദ്ധതിയിൽ നിന്നുള്ള വെള്ളം നാല് ദിവസം കൂടുമ്പോഴാണ് വിതരണം ചെയ്യുന്നത്. ചൂണ്ടി പദ്ധതിയുടെ വിപുലീകരണം പൂർത്തിയായാൽ 2 ദിവസം കൂടുമ്പോൾ ജല വിതരണം നടത്താൻ സാധിക്കും. കൂടാതെ പിറവം സബ് ഡിവിഷന് കീഴിലുള്ള കക്കാട് ജല ശുദ്ധീകരണ ശാലയിൽ നിന്നും ദിനംപ്രതി ഒരു ദശലക്ഷം ലിറ്റർ വെള്ളം ഉദയംപേരൂർ പഞ്ചായത്തിലെ ശുദ്ധജല വിതരണത്തിനായി നൽകുന്നുണ്ട്. ഇങ്ങനെ വിതരണം ചെയ്യുന്ന വെള്ളം മോട്ടോർ, വൈദ്യുതി വിതരണക്കുഴലുകളുടെ തകരാർ മുതലായവമൂലം പലപ്പോഴും തടസ്സപ്പെടാറുണ്ട്. കക്കാട് ജല ശുദ്ധീകരണ ശാലയിൽ നിന്നും പാഴൂർ പമ്പ് ഹൗസിലേക്ക് ഇപ്പോൾ വെള്ളം എത്തിക്കുന്നത് 250 എം.എം. എ.സി പൈപ്പ് വഴിയാണ്. എ.സി. പൈപ്പുകൾ മാറ്റി പകരം ഡി.ഐ. പൈപ്പുകൾ സ്ഥാപിക്കാൻ KIIFB-ൽപ്പെടുത്തി പദ്ധതി നിർദ്ദേശം കേരള വാട്ടർ അതോറിറ്റി സമർപ്പിച്ചിട്ടുണ്ട്. ഈ പൈപ്പ് ലൈൻ മാറ്റി ഇടുന്നതോടെ അടിക്കടി എ.സി. പൈപ്പിലുണ്ടാകുന്ന അറ്റകുറ്റപ്പണി ഒഴിവാക്കി പൂർണ്ണതോതിൽ ശുദ്ധജലം പാഴൂർ സംഭരണിയിൽ എത്തിക്കാനും അങ്ങനെ ഉദയം പേരൂർ പഞ്ചായത്തിലെ ജല വിതരണം മെച്ചപ്പെടുത്താനും സാധിക്കും.

**കുപ്പിവെള്ള കമ്പനികൾ സ്ഥാപിച്ചിട്ടുള്ള കുഴൽക്കിണറുകളുടെ ആഴം**

145 (4701) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് സ്ഥാപിക്കുന്ന കുഴൽ കിണറുകളുടെ ആഴം സംബന്ധിച്ച നിബന്ധനകൾ എന്തെല്ലാമാണെന്നും, കുപ്പിവെള്ള കമ്പനികൾ സ്ഥാപിച്ചിട്ടുള്ള കുഴൽ കിണറുകളുടെ ആഴം സംബന്ധിച്ച് ജലവിഭവ വകുപ്പ് പരിശോധിക്കാറുണ്ടോയെന്നും വിശദീകരിക്കുമോ?

ഉത്തരം

കുഴൽക്കിണറുകൾ നിർമ്മിക്കുന്നതിന് ഭൂജല വകുപ്പ് വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും വിശദമായ ശാസ്ത്രീയമായ പഠനങ്ങൾ നടത്തി സ്ഥാനനിർണ്ണയം നടത്തിക്കൊടുക്കുന്നുണ്ട്. ഭൂജല വകുപ്പ് നൽകുന്ന ശിപാർശയിൽ സുരക്ഷിതമായ അളവിലുള്ള ആഴം കുഴൽക്കിണറുകൾക്ക് നിർദ്ദേശിക്കുന്നുണ്ട്.

സംസ്ഥാനത്ത് കുപ്പിവെള്ള കമ്പനികൾക്ക് ഭൂജല അതോറിറ്റിയുടെ നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് നിർബന്ധമാക്കിയിട്ടുണ്ട്. പമ്പിംഗ് ടെസ്റ്റ് ഉൾപ്പെടെയുള്ള വിശദമായ പഠനങ്ങൾക്ക് ശേഷമാണ് ഇത്തരം കമ്പനികൾക്ക് നോ ഒബ്ജക്ഷൻ

സർട്ടിഫിക്കറ്റ് നൽകുന്നത്. ഇവയ്ക്ക് പ്രതിദിനം ഉപയോഗിക്കാവുന്ന ജലത്തിന്റെ അളവ് നിജപ്പെടുത്തുകയും ആയത് പാലിക്കുന്നുണ്ടോ എന്ന് ഉറപ്പ് വരുത്തുകയും ചെയ്യുന്നുണ്ട്.

**നബാർഡിൽ ഉൾപ്പെടുത്തുന്നതിനായി സമർപ്പിച്ച പ്രോജക്ടുകൾ**

146 (4702) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നബാർഡിന്റെ ആർ.ഐ.ഡി.എഫ്.-22 സ്കീമിൽ ഉൾപ്പെടുത്തുന്നതിനായി കല്ല്യാശ്ശേരി മണ്ഡലത്തിലെ ഏതൊക്കെ പ്രോജക്ടുകളുടെ എസ്റ്റിമേറ്റുകളാണ് ജലവിഭവ വകുപ്പ് തയ്യാറാക്കി സമർപ്പിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത പ്രോജക്ടുകൾക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) നബാർഡ് ആർ.ഐ.ഡി.എഫ്.-22 സ്കീമിൽ ഉൾപ്പെടുത്തുന്നതിനായി കല്യാശ്ശേരി മണ്ഡലത്തിലെ താഴെപ്പറയുന്ന പ്രോജക്ട് പ്രൊപ്പോസലുകൾ തയ്യാറാക്കിയിരിക്കുന്നു.

1. കടന്നപ്പള്ളി-പാണപ്പുഴ പഞ്ചായത്തിലെ പൂരക്കടവിൽ ഏരിയം പുഴയ്ക്ക് കുറുകെ ട്രാക്ടർ വേയും പാലത്തോടു കൂടിയുള്ള വിയറിന്റെ നിർമ്മാണം

എസ്റ്റിമേറ്റ് തുക - 380 ലക്ഷം

2. ചെറുകുന്ന് പഞ്ചായത്തിലെ മുട്ടിൽ കാപ്പ് റഗുലേറ്ററിന്റെ പുനരുദ്ധാരണം

എസ്റ്റിമേറ്റ് തുക - 151.70 ലക്ഷം

ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഭരണാനുമതി നൽകുന്നതാണ്.

**ചങ്ങനാശ്ശേരി കുടിവെള്ള വിതരണ പദ്ധതി**

147 (4703) ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നടപ്പ് സാമ്പത്തിക വർഷത്തെ സംസ്ഥാന ബജറ്റിൽ പ്രഖ്യാപിച്ചിരുന്ന ചങ്ങനാശ്ശേരി ഉൾപ്പെടെയുള്ള നഗരങ്ങൾക്കും സമീപ പഞ്ചായത്തുകൾക്കും വേണ്ടിയുള്ള കുടിവെള്ള വിതരണ പദ്ധതിയുടെ ജോലികൾ എന്നത്തേക്ക് ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) ഈ കാര്യത്തിൽ ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിലുള്ള നിർമ്മാണ പദ്ധതിക്ക് പ്രാഥമിക നടപടികളെന്തെങ്കിലും സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ&ബി) 2016-17 ബജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള തിരുവല്ല ചങ്ങനാശ്ശേരി മുനിസിപ്പാലിറ്റികൾക്കും തിരുവൻവണ്ടൂർ, കുറ്റൂർ എന്നീ പഞ്ചായത്തുകൾക്കും വേണ്ടിയുള്ള 58 കോടി രൂപയുടെ സമഗ്ര എഞ്ചിനീയറിംഗ് റിപ്പോർട്ട് പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരം ലഭിക്കുന്നതിനായി കേരള വാട്ടർ അതോറിറ്റി സമർപ്പിച്ച ശിപാർശ പരിശോധിച്ചുവരുന്നു.

**കോട്ടക്കൽ നഗരസഭയിലെ കുടിവെള്ള ക്ഷാമം**

148 (4704) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ നഗരസഭയിലെ 1, 2, 3, 4, 6, 27, 28, 29, 30, 32 എന്നീ വാർഡുകളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കണമെന്നത് സംബന്ധിച്ച നിവേദനം ജലവിഭവ വകുപ്പിൽ നിലവിലുണ്ടോ; ഉണ്ടെങ്കിൽ ബന്ധപ്പെട്ട ഫയലിന്റെ അവസ്ഥ എന്തെന്ന് വ്യക്തമാക്കുമോ;

(ബി) കടലുണ്ടിപ്പുഴയിൽ ക്ലമൻകല്ല് ഭാഗത്ത് തടയണ കെട്ടി വെള്ളം സംഭരിച്ച് വിതരണം ചെയ്യുവാൻ നടപടി സ്വീകരിക്കുമോ;

(സി) ജലവിതരണം നടത്തുന്ന സ്ഥലത്ത് നിലവാരമുള്ള ജനറേറ്റർ സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) കേരള വാട്ടർ അതോറിറ്റിയുടെ നേതൃത്വത്തിൽ കോട്ടക്കൽ നഗരസഭയിലെ കുടിവെള്ള ക്ഷാമത്തിന് പരിഹാരം ഉണ്ടാക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കോട്ടയ്ക്കൽ നഗരസഭയ്ക്കും സമീപ പഞ്ചായത്തുകൾക്കും വേണ്ടി കുടിവെള്ളം വിതരണം ചെയ്യുന്ന പറപ്പൂരിലെ കുടിവെള്ള പദ്ധതി പുനരുജ്ജീവിപ്പിക്കണമെന്ന് ആവശ്യപ്പെട്ടുള്ള ഒരു നിവേദനം കേരള ജലഅതോറിറ്റിയിൽ നിലവിലുണ്ട്. ഇതനുസരിച്ച് 10 കോടി രൂപയുടെ ഒരു റഫ് കോസ്റ്റ് എസ്റ്റിമേറ്റ് തയ്യാറാക്കി കോട്ടക്കൽ മുനിസിപ്പാലിറ്റിക്ക് കേരള ജല അതോറിറ്റി സമർപ്പിച്ചിട്ടുണ്ട്.

(ബി) ക്ലമൻകല്ല് ഭാഗത്ത് തടയണ കെട്ടി വെള്ളം സംഭരിക്കുന്നതിനെ കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നത് കേരള ജല അതോറിറ്റിയുടെ പരിഗണനയിലാണ്.

(സി) പമ്പിംഗ് സ്റ്റേഷനുകളുടെ പ്രവർത്തനത്തിനായി ജനറേറ്റർ സ്ഥാപിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

(ഡി) കോട്ടക്കൽ നഗരസഭയ്ക്കുവേണ്ടി കുടിവെള്ളപദ്ധതി തയ്യാറാക്കുന്നത് കേരള ജല അതോറിറ്റിയുടെ പരിഗണനയിലാണ്.

**ശുദ്ധജലക്ഷാമം**

149 (4705) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഓരോ മേഖലയിലും ആവശ്യമായ ജലത്തിന്റെ അളവും ലഭ്യതയും സംബന്ധിച്ച് എന്തെങ്കിലും കണക്കുകൾ കൈവശമുണ്ടോയെന്ന് അറിയിക്കുമോ;

(ബി) ശുദ്ധജലക്ഷാമം നേരിടുന്നതിന് പടിഞ്ഞാറൻ കൊച്ചിയിൽ നടപ്പിലാക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) **കേരള ജല അതോറിറ്റി**

സംസ്ഥാനത്ത് കുടിവെള്ള ആവശ്യത്തിന് ഓരോ മേഖലയിലും ലഭ്യമായ ജലത്തിന്റെ കൃത്യമായ കണക്ക് ലഭ്യമല്ല. എന്നാൽ ആവശ്യമായ ജലത്തിന്റെ അളവും ലഭ്യതയും സംബന്ധിച്ച ഏകദേശ കണക്ക് താഴെ പറയുംപ്രകാരമാണ്.

ഉത്തരമേഖല

ജലത്തിന്റെ അളവ് - 1672 ദശലക്ഷം ലിറ്റർ

ജലലഭ്യത - 1098.30 ദശലക്ഷം ലിറ്റർ

മദ്ധ്യമേഖല

ജലത്തിന്റെ അളവ് - 1354.42 ദശലക്ഷം ലിറ്റർ

ജലലഭ്യത - 934.38 ദശലക്ഷം ലിറ്റർ

ദക്ഷിണ മേഖല

ജലത്തിന്റെ അളവ് - 1380 ദശലക്ഷം ലിറ്റർ

ജലലഭ്യത - 1334.50 ദശലക്ഷം ലിറ്റർ

മേൽപ്പറഞ്ഞ കണക്കിൽ വരുമാന രഹിത ജലം, ഗാർഹികേതര ആവശ്യങ്ങൾക്കുള്ള ജലത്തിന്റെ അളവ് എന്നിവ ഉൾപ്പെടുന്നില്ല.

**ഭൂജല വകുപ്പ്**

സംസ്ഥാനത്തിന്റെ ഭൂഗർഭ ജലത്തിന്റെ സ്ഥിതിയും ലഭ്യതയും സംബന്ധിച്ച് ബ്ലോക്കടിസ്ഥാനത്തിലുള്ള ഡയനാമിക് ഗ്രൗണ്ട് വാട്ടർ റിസോഴ്സ് ഓഫ് കേരള മാർച്ച് 2011 - എന്ന പേരിലുള്ള റിപ്പോർട്ട് പ്രസിദ്ധീകരിച്ചിട്ടുണ്ട്.

2011-ലെ പഠന റിപ്പോർട്ട് പ്രകാരം സംസ്ഥാനത്തെ ആകെ വാർഷിക ഭൂജല സംപോഷണം 6.69 BCM-ഉം ആകെ ഭൂജല ലഭ്യത 6.07 BCM-ഉം എന്നാണ് കണക്കാക്കിയിട്ടുള്ളത്.

(ബി) ശുദ്ധജലക്ഷാമം നേരിടുന്നതിന് പടിഞ്ഞാറൻ കൊച്ചിയിൽ കേരള ജല അതോറിറ്റി നടപ്പിലാക്കുന്ന പദ്ധതികൾ താഴെപ്പറയുന്നു:

1. പെരുമാനൂർ പമ്പ് ഹൗസ് മുതൽ കരുവേലിപ്പടി പമ്പ് ഹൗസ് വരെ പമ്പിംഗ് മെയിൻ മാറ്റി സ്ഥാപിക്കൽ

<u>റീച്ച് I-</u> പെരുമാനൂർ പമ്പ് ഹൗസ് മുതൽ തേവര വരെ നിലവിലുള്ള പഴയ 700 മി.മീ. പമ്പിംഗ് മെയിൻ മാറ്റി 700 മി.മീ. ഡി.ഐ. സ്ഥാപിക്കുന്നതിനുള്ള പണികൾ.

<u>റീച്ച് II-</u> പഴയ മട്ടാഞ്ചേരി പാലത്തിനടിയിൽ പഴകിയതും കേടായതുമായ 600 മി.മീ. എം.എസ്. പമ്പിംഗ് മെയിൻ മാറ്റി സ്ഥാപിക്കുന്നതിനുള്ള പണികൾ.

<u>റീച്ച് III</u> - പഴയ മട്ടാഞ്ചേരി പാലം മുതൽ കരുവേലിപ്പടി പമ്പ് ഹൗസ് വരെയുള്ള പഴകിയതും കേടായതുമായ 700 mm പ്രിമോ പൈപ്പ് മാറ്റി 700 mm ഡി.ഐ. പൈപ്പ് സ്ഥാപിക്കുന്നതിനുള്ള പണികൾ.

2. പശ്ചിമ കൊച്ചിയിലേക്ക് ജൻറം കുടിവെള്ള വിതരണ പദ്ധതി നീട്ടുന്ന പ്രവൃത്തി - ജൻറം പദ്ധതിയിൽ സ്ഥാപിച്ചിട്ടുള്ള 700 മി.മീ. ഡി.ഐ. പൈപ്പ് മട്ടാഞ്ചേരി ഹാൾട്ട് മുതൽ തോപ്പുംപടി പാലം വരെ നീട്ടി സ്ഥാപിക്കുന്ന പ്രവൃത്തി.

3. ചെല്ലാനം പഞ്ചായത്തിൽ ഫിഷറീസ് ഡിപ്പാർട്ട്മെന്റിന്റെ ഡെപ്പോസിറ്റ് വർക്കുകൾ.

a. കണക്കടവ് ടാങ്ക് മുതൽ കണ്ണമാലി ടാങ്ക് വരെ 450 mm ഡി.ഐ. പൈപ്പ് സ്ഥാപിക്കുന്ന പ്രവൃത്തി.

b. തെക്കേ ചെല്ലാനം പ്രദേശത്തെ വിതരണ ശൃംഖല.

c. വടക്കേ ചെല്ലാനം പ്രദേശത്തെ വിതരണ ശൃംഖല.

d. കട്ടിക്കാട് പാലം മുതൽ കുതിരക്കുർക്കരി വരെ 200 mm പൈപ്പ് സ്ഥാപിക്കുന്ന പ്രവൃത്തി.

4. പശ്ചിമ കൊച്ചിയിലെ പഴയ വിതരണ ശൃംഖല മാറ്റി സ്ഥാപിക്കുന്ന പണികൾ.

a. കൊച്ചി കോർപ്പറേഷനിൽ 1-15 വരെയുള്ള ഡിവിഷനുകളിലെ പ്രവൃത്തികൾ.

b. കൊച്ചി കോർപ്പറേഷനിൽ 16-19 വരെയുള്ള ഡിവിഷനുകളിലെ പ്രവൃത്തികൾ.

കൂടാതെ പടിഞ്ഞാറൻ കൊച്ചിയിൽ ശുദ്ധജലക്ഷാമം നേരിടുന്നതിന് ഭൂജലവകുപ്പ്, 'ജലക്രാന്തി അഭിയാൻ' പദ്ധതിയിൽപ്പെടുത്തി ഞാറയ്ക്കൽ, നായരമ്പലം എന്നീ പഞ്ചായത്തുകളിൽ മഴവെള്ള സംഭരണികൾ നിർമ്മിക്കുന്നതിനുള്ള പദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ട്.

**കുടിവെള്ളത്തിന്റെ ദുർവ്യയം തടയാൻ നടപടി**

150 (4706) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. സി. എഫ്. തോമസ് :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാട്ടർ അതോറിറ്റി പ്രതിദിനം ശരാശരി എത്ര ലിറ്റർ കുടിവെള്ളം പമ്പ് ചെയ്യുന്നുണ്ടെന്ന് അറിയിക്കുമോ;

(ബി) ഇപ്രകാരം പമ്പ് ചെയ്യപ്പെടുന്നവയിൽ പ്രതിദിനം മീറ്റർ ചെയ്യപ്പെടുന്നത് എത്ര ലിറ്ററാണെന്ന് വ്യക്തമാക്കുമോ;

(സി) ഇപ്രകാരം പമ്പു ചെയ്യപ്പെടുന്നതും മീറ്റർ ചെയ്യപ്പെടുന്നതുമായ വെള്ളത്തിന്റെ അന്തരം എത്ര ലിറ്ററാണ്; വെള്ളത്തിന്റെ അളവിൽ ഇപ്രകാരം അന്തരം സംഭവിക്കുന്നതിന്റെ പ്രധാന കാരണമെന്താണെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഇപ്രകാരമുള്ള വെള്ളത്തിന്റെ ദുർവ്യയം ഒഴിവാക്കാൻ നിലവിൽ എന്തെല്ലാം കാര്യങ്ങളാണ് ചെയ്തുവരുന്നത്; നടപ്പു സാമ്പത്തിക വർഷം എന്തെല്ലാം ചെയ്യാൻ ഉദ്ദേശിക്കുന്നു; ആയതിലേക്ക് എത്ര തുക നീക്കിവച്ചുവെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) വാട്ടർ അതോറിറ്റി പ്രതിദിനം ഏകദേശം 2517 ദശലക്ഷം ലിറ്റർ കുടിവെള്ളം പമ്പ് ചെയ്യുന്നു. ഉൽപ്പാദന കേന്ദ്രങ്ങളിൽ ആവശ്യമായ ബൾക്ക് മീറ്ററുകൾ സ്ഥാപിച്ചിട്ടില്ലാത്തതിനാൽ കൃത്യമായ കണക്ക് ലഭ്യമല്ല.

(ബി) പമ്പ് ചെയ്യപ്പെടുന്നവയിൽ പ്രതിദിനം ഏകദേശം 50 ശതമാനം മാത്രമേ മീറ്റർ ചെയ്യപ്പെടുന്നുള്ളൂ.

(സി) പമ്പ് ചെയ്യപ്പെടുന്നതും മീറ്റർ ചെയ്യപ്പെടുന്നതുമായ വെള്ളത്തിന്റെ അന്തരം ഏകദേശം 1258.5 ദശലക്ഷം ലിറ്ററാണ്. ഗാർഹിക കണക്ഷനുകളിൽ ശ്രദ്ധയിൽപ്പെടാതെയുള്ള ലീക്കുകൾ, പ്രവർത്തനരഹിതമായ വാട്ടർ മീറ്ററുകൾ, മീറ്റർ എറർ, കാലപ്പഴക്കംമൂലം പൈപ്പ് ലൈനിൽ ഉണ്ടാകുന്ന ചോർച്ച, മണ്ണിനടിയിലുള്ള അറിയപ്പെടാത്ത ലീക്കുകൾ, പൊതുടാപ്പുകളിലൂടെയുള്ള ദുരുപയോഗം, ജലമോഷണം, അറ്റകുറ്റ പണികൾ നടത്തുമ്പോൾ തുറന്ന് വിടേണ്ടി വരുന്ന വെള്ളം എന്നിവയാണ് ഇപ്രകാരം അന്തരം സംഭവിക്കുന്നതിന്റെ പ്രധാന കാരണങ്ങൾ.

(ഡി) ചോർച്ചകൾ കണ്ടെത്തി യഥാസമയം പരിഹരിച്ചും മോഷണം കണ്ടെത്തുന്നതിന് സെൽ രൂപീകരിച്ച് പരിശോധന നടത്തിയും വെള്ളത്തിന്റെ ദുർവ്യയം ഒഴിവാക്കാൻ ശ്രമിക്കുന്നുണ്ട്. പ്രവർത്തനരഹിതമായ വാട്ടർ മീറ്ററുകൾ പ്രവർത്തനക്ഷമമാക്കിയും ഗാർഹിക കണക്ഷനുകളിലെ ലീക്കുകൾ സമയബന്ധിതമായി പരിഹരിക്കാനും പൊതുടാപ്പുകളിലെ ദുരുപയോഗം തടയാൻ വേണ്ടി ഉപഭോക്താക്കളെ ബോധവൽക്കരിച്ചും ജലമോഷണം തടയാനുള്ള സംഘങ്ങളെ രൂപീകരിച്ചും സമയബന്ധിതമായും കാര്യക്ഷമമായും വാൽവുകൾ ക്രമീകരിച്ചും അറ്റകുറ്റപ്പണികൾ നടത്തിയും വെള്ളത്തിന്റെ ദുർവ്യയം തടയാൻ ശ്രമിക്കുന്നുണ്ട്. നടപ്പു സാമ്പത്തിക വർഷത്തിലും മേൽ നടപടികൾ കൂടുതൽ കാര്യക്ഷമമായി നടത്താൻ ഉദ്ദേശിക്കുന്നു. ജലനഷ്ടം ഒഴിവാക്കാനായി തുടർച്ചയായി പൊട്ടുന്ന കാലപ്പഴക്കം ചെന്ന പൈപ്പുകൾ മാറ്റി സ്ഥാപിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. KIIFB-യിൽ ഉൾപ്പെടുത്തി 526 കോടി രൂപയുടെ പൈപ്പുകൾ മാറ്റി സ്ഥാപിക്കാനുള്ള നടപടികൾ പുരോഗമിക്കുന്നു. കൂടാതെ സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തി ഏകദേശം 50 കോടി രൂപയുടെ പദ്ധതികളും പരിഗണനയിലുണ്ട്.

### പൂർത്തീകരിക്കാത്ത സമഗ്ര കുടിവെള്ള പദ്ധതികൾ

151 (4707) <u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി സ്മാർട്ട് സിറ്റി ഉൾപ്പെടെ സമഗ്ര കുടിവെള്ള പദ്ധതികൾ തുടങ്ങാനായി ഈ സർക്കാർ പ്രത്യേക നിക്ഷേപ പദ്ധതിയിൽ നിന്നും എത്ര തുക വകയിരുത്തി; ഏതെല്ലാം പദ്ധതികളിൻമേൽ നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദാംശം ലഭ്യമാക്കുമോ;

(ബി) മുൻസർക്കാരുകളുടെ കാലങ്ങളിൽ സംസ്ഥാനത്ത് പണികൾ തുടങ്ങിയതും നാളിതുവരെ പൂർത്തീകരിക്കാൻ സാധിക്കാത്തതുമായ കുടിവെള്ള പദ്ധതികൾ ഏതെല്ലാം; ഓരോന്നിന്റേയും പ്രവൃത്തി ഇപ്പോൾ ഏതു ഘട്ടത്തിലാണ്; വിശദാംശം വ്യക്തമാക്കുമോ;

(സി) ഓരോ പദ്ധതിക്കുമായി നാളിതുവരെ ചെലവാക്കിയ തുക എത്രയെന്നും പദ്ധതി പൂർത്തീകരിക്കാൻ ഇനി എത്ര തുക വേണ്ടി വരുമെന്നും ഇവ ഓരോന്നിന്റേയും പണി എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നും വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതികളുടെ പണികൾ പൂർത്തീകരിക്കാനായി വകുപ്പിൻ കീഴിൽ ഒരു പ്രത്യേക വിഭാഗത്തെ നിയോഗിച്ച് പണികൾ സമയ ബന്ധിതമായി പൂർത്തീകരിക്കാനും പ്രസ്തുത പദ്ധതികൾ പൂർണ്ണമായി കമ്മീഷൻ ചെയ്യുവാനും നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഷൊർണ്ണൂർ, തിരുവല്ല, ചങ്ങനാശ്ശേരി, കൊല്ലം, കാസർഗോഡ്, പൊന്നാനി, കൊയിലാണ്ടി, തൊടുപുഴ, കോട്ടയം, തൃശ്ശൂർ, മട്ടന്നൂർ തുടങ്ങിയ 10 മുനിസിപ്പാലിറ്റികൾക്കും സമീപ പഞ്ചായത്തുകൾക്കും വേണ്ടി പ്രത്യേക നിക്ഷേപ പദ്ധതിയിൽ നിന്ന് 735 കോടി രൂപ ബജറ്റ് 2016-17-ൽ നീക്കിവച്ചിട്ടുണ്ട്. ഇതിനുപുറമേ കൊച്ചി സ്മാർട്ട് സിറ്റി 24X7 പദ്ധതിക്കായി 500 കോടി രൂപയും ബജറ്റ് 2016-17-ൽ നീക്കിവച്ചിട്ടുണ്ട്.

(i) ഡിസ്ട്രിബ്യൂഷൻ ലൈനുകൾ ഇല്ലാത്തതുകൊണ്ട് മുടങ്ങിക്കിടക്കുന്ന കൊഴിഞ്ഞാംപാറ, ധർമ്മടം, കോട്ടയം ഗ്രാമപഞ്ചായത്ത് (കണ്ണൂർ), മാനന്തവാടി സമീപ പഞ്ചായത്തുകളും, തിരുമാലി, നെന്മാറ, കടമക്കുടി, വരാപ്പുഴ, പെരുനാട് തുടങ്ങിയ 9 പദ്ധതികൾക്കുമായി ബജറ്റ് 2016-17-ൽ പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെടുത്തി 162 കോടി രൂപ നീക്കിവച്ചിട്ടുണ്ട്.

(ii ) കുടിവെള്ള മേഖലയിൽ പുതിയ പദ്ധതികൾക്കായുള്ള ബജറ്റ് 2016-17-ലെ മറുപടി പ്രസംഗത്തിൽ 90 കോടി രൂപ പ്രത്യേക നിക്ഷേപ പദ്ധതിയിൽ നിന്നും ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതു കൂടാതെ കാലപ്പഴക്കം ചെന്ന പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിക്കാനായി 526 കോടി രൂപയും പഴയ പമ്പുകൾ മാറ്റി സ്ഥാപിക്കാനായി 141 കോടി രൂപയും പ്രത്യേക നിക്ഷേപനിധിയിൽ വകയിരുത്തിയിട്ടുണ്ട്.

മേൽപ്പറഞ്ഞ പദ്ധതികളുടെ അംഗീകാരം ലഭ്യമാകുന്നതിനായി വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് കേരള വാട്ടർ അതോറിറ്റി സമർപ്പിച്ചിട്ടുണ്ട്. പദ്ധതികളുടെ പേരുവിവരങ്ങൾ അനുബന്ധം I (i) & (ii) ആയി ചേർക്കുന്നു*. ആയതു പരിശോധിച്ചുവരുന്നു.

(ബി) മുൻസർക്കാരുകളുടെ കാലത്ത് സംസ്ഥാനത്ത് പണികൾ തുടങ്ങിയതും നാളിതുവരെ പൂർത്തീകരിക്കാൻ സാധിക്കാത്തതുമായ കേരള വാട്ടർ അതോറിറ്റിയുടെ കുടിവെള്ള പദ്ധതികളുടെ വിശദാംശം അനുബന്ധം-II ആയി ചേർത്തിരിക്കുന്നു*.

ജലനിധി രണ്ടാംഘട്ട പദ്ധതിയിൽ ഉൾപ്പെട്ടതും മുൻസർക്കാരിന്റെ കാലത്ത് പണികൾ തുടങ്ങി ഇനിയും പണി പൂർത്തിയാകാത്ത 374 കുടിവെള്ള പദ്ധതികളാണുള്ളത്. അവയുടെ പഞ്ചായത്തുതിരിച്ചുള്ള വിശദാംശങ്ങളും അവ ഓരോന്നിന്റെയും നിർമ്മാണ പ്രവർത്തന പുരോഗതിയും അനുബന്ധം-III-ൽ ചേർത്തിരിക്കുന്നു*.

(സി) കേരള വാട്ടർ അതോറിറ്റി ഓരോ പദ്ധതിക്കുമായി നാളിതുവരെ ചെലവാക്കിയ തുകയും, പദ്ധതി പൂർത്തീകരിക്കുവാൻ എത്ര തുക വേണ്ടി വരുമെന്നും പദ്ധതി എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നുമുള്ള വിവരം അനുബന്ധം II-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്*.

30-9-2016 വരെ ഓരോ ജലനിധി പദ്ധതിക്കും ചെലവായ തുകയും അവ ഓരോന്നും പൂർത്തീകരിക്കുവാൻ ആവശ്യമായ തുകയും അനുബന്ധം-IV-ൽ ചേർത്തിരിക്കുന്നു*.

തെന്നല മൾട്ടി ജി.പി. പദ്ധതിയും ഊരകം മൾട്ടി ജി.പി. പദ്ധതിയും സെപ്റ്റംബർ 2017-ലും ബാക്കിയുള്ള കുടിവെള്ള പദ്ധതികൾ 2017 മാർച്ചിലും പൂർത്തീകരിക്കുവാനാണ് ലക്ഷ്യമിടുന്നത്.

(ഡി) പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനായി പ്രത്യേക പ്രോജക്ട് ഡിവിഷനുകൾ വീതം രൂപീകരിച്ചിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിലെ പുരോഗതി സംബന്ധിച്ച് വിവിധ തലങ്ങളിൽ അവലോകനയോഗങ്ങൾ നടത്തി പദ്ധതി നടത്തിപ്പിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ പദ്ധതി നിർവ്വഹണത്തിലെ തടസ്സങ്ങൾ പരിഹരിക്കുന്നതിനായി ആവശ്യമായ ഘട്ടങ്ങളിൽ ജനപ്രതിനിധികൾ ഉൾപ്പെടെയുള്ളവരുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കുന്നതാണ്. പ്രസ്തുത പദ്ധതികളെല്ലാം തന്നെ സമയബന്ധിതമായി പൂർണ്ണമായി കമ്മീഷൻ ചെയ്യാനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി, കേരള റൂറൽ വാട്ടർ സപ്ലൈ ആന്റ് സാനിട്ടേഷൻ ഏജൻസി എന്നിവ സ്വീകരിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## സ്റ്റാഫ് നേഴ്സ് ഉൾപ്പെടെയുള്ള പാരാമെഡിക്കൽ ജീവനക്കാരുടെ മിനിമം ശമ്പളം

152 (4708) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ ഹോസ്പിറ്റലുകളിലെ സ്റ്റാഫ് നേഴ്സ് ഉൾപ്പെടെയുള്ള പാരാ മെഡിക്കൽ ജീവനക്കാർക്ക് മിനിമം ശമ്പളം നൽകണമെന്ന ഉത്തരവുകൾ ലഭ്യമാക്കുമോ;

(ബി) സ്വകാര്യ ഹോസ്പിറ്റലുകളിലെ സ്റ്റാഫ് നേഴ്സ് ഉൾപ്പെടെയുള്ള പാരാ മെഡിക്കൽ ജീവനക്കാർക്ക് ഇപ്പോൾ ലഭിക്കുന്ന മിനിമം ശമ്പളത്തിന്റെ വിശദാംശം നൽകുമോ;

(സി) ഹോസ്പിറ്റലുകളുടെ വലിപ്പത്തിന് (രോഗികളുടെ എണ്ണം) അനുസരിച്ച് ജീവനക്കാരുടെ മിനിമം ശമ്പളത്തിൽ വ്യത്യാസം വരുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ഡി) ഗവൺമെന്റ് നിർദ്ദേശിച്ച മിനിമം ശമ്പളം നൽകാത്ത ഹോസ്പിറ്റലുകൾ നിലവിലുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ഇ) ഇത്തരം ഹോസ്പിറ്റലുകൾക്ക് എതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(എഫ്) സ്റ്റാഫ് നേഴ്സ് ഉൾപ്പെടെയുള്ള പാരാ മെഡിക്കൽ ജീവനക്കാരുടെ ജോലി സമയം എത്ര മണിക്കൂർ വീതം ആണെന്ന് വ്യക്തമാക്കുമോ;

(ജി) ഗവൺമെന്റ് ഹോസ്പിറ്റൽ ഉൾപ്പെടെ രോഗി-സ്റ്റാഫ് നേഴ്സ് അനുപാതം എത്രയെന്ന് വിശദമാക്കുമോ?

### ഉത്തരം

(എ) സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികളിലെ എല്ലാ വിഭാഗം ജീവനക്കാരുടെയും കൂലി നിരക്കുകൾ പുതുക്കി നിശ്ചയിച്ചുകൊണ്ടുള്ള 5-11-2013-ലെ സ.ഉ.(എം.എസ്) നമ്പർ 135/2013/തൊഴിൽ നമ്പർ ഉത്തരവ് അനുബന്ധമായി 1-ൽ ചേർക്കുന്നു*.

(ബി) വിശദാംശം അനുബന്ധം 2-ൽ ചേർത്തിരിക്കുന്നു*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) ആശുപത്രികളുടെ വലിപ്പത്തിനനുസരിച്ച് തൊഴിലാളികളുടെ അടിസ്ഥാനക്കൂലിയിൽ വ്യത്യാസം വരുത്തിയിട്ടില്ല. എന്നാൽ കൂടുതൽ വലിപ്പമുള്ള (രോഗികൾ ഉള്ള) ആശുപത്രികളിലെ ജീവനക്കാർക്ക് കൂടുതൽ വേതനം ലഭിക്കുന്ന രീതിയിൽ സ്പെഷ്യൽ അലവൻസ് ഏർപ്പെടുത്തിയിട്ടുണ്ട്.

(ഡി) സംസ്ഥാനമൊട്ടാകെ 57 സ്വകാര്യ ആശുപത്രികൾ മിനിമം വേതനം നടപ്പാക്കുന്നില്ല എന്ന് കണ്ടെത്തിയിട്ടുണ്ട്.

(ഇ) മേൽപ്പറഞ്ഞ പ്രകാരമുള്ള ആശുപത്രികൾക്കെതിരെ ക്ലെയിം പെറ്റീഷൻ ഫയൽ ചെയ്തിട്ടുണ്ട്.

(എഫ്) സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികൾ കേരള ഷോപ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റിന്റെ പരിധിയിൽ വരുന്നവയാണ്, കേരള ഷോപ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട്, 1960-ന്റെ വ്യവസ്ഥകൾ പ്രകാരം ജീവനക്കാരുടെ ജോലി സമയം 8 മണിക്കൂർ ആണ്. ഇത് സ്പ്രെഡ് ഓവർ ടൈം ഉൾപ്പെടെ 10.30 മണിക്കൂർ ആയി നിജപ്പെടുത്തിയിട്ടുണ്ട്.

(ജി) ജനറൽ വാർഡ് - 4:1 (3 ഷിഫ്റ്റുകളിൽ)

ഐ.സി.യു. - 1:1 (3 ഷിഫ്റ്റുകളിൽ) എന്നിരുന്നാലും നിലവിൽ സർക്കാർ മെഡിക്കൽ കോളേജുകളിൽ 40 മുതൽ 100 വരെയുള്ള രോഗികൾക്ക് 1 സ്റ്റാഫ് നേഴ്സ് എന്ന രീതിയിലാണ് പ്രവർത്തിക്കുന്നത്. ഐ.സി.യു.വിൽ 4:1 എന്ന അനുപാതത്തിലാണ് പ്രവർത്തിക്കുന്നത്.

**ഐ.ടി.ഐ.കളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന്**

153 (4709) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ. ടി. ഐ.-കളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചു വരുന്നുണ്ടോ;

(ബി) എങ്കിൽ അവയുടെ വിശദാംശം അറിയിക്കുമോ;

(സി) കാലാനുസൃതമായി പുതിയ തൊഴിൽ മേഖലകളിൽ പരിശീലനം ലഭിച്ചവരെ സൃഷ്ടിക്കുന്നതിലേക്കായി കൂടുതൽ മേഖലകളിൽ ഐ. ടി. ഐ.-കളിൽ പരിശീലനം നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഐ.ടി.ഐ.-കളുടെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പുതിയ കെട്ടിട നിർമ്മാണം, നിലവിലുള്ള കെട്ടിടങ്ങളുടെ നവീകരണം (ക്ലാസ്സ് റൂം/വർക്ക്ഷോപ്പ്), ഇലക്ട്രിഫിക്കേഷൻ/റീവയറിംഗ്, പഠനോപകരണങ്ങളുടെ സംഭരണം, ഐ.ടി.ഐ.-കൾക്ക് ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ എന്നിവയ്ക്കായി നടപ്പു സാമ്പത്തിക വർഷം 57.61 കോടി രൂപ ബജറ്റിൽ അനുവദിച്ചിട്ടുണ്ട്. ഇതിൻപ്രകാരമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഐ.ടി.ഐ.-കൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനായി സിവിൽ വർക്ക്സ് ശീർഷകത്തിൽ ബജറ്റിൽ തുക വകയിരുത്തി വരുന്നുണ്ട്. 2016-17 സാമ്പത്തിക വർഷം ഇതിനായി മേല്പറഞ്ഞ തുകയിൽ 20 കോടി രൂപ വകകൊള്ളിക്കുകയും ഇതുവരെ 14.8 കോടി രൂപയുടെ ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഐ.ടി.ഐ.-കളിൽ റീവയറിംഗ് ഉൾപ്പെടെയുള്ള ഇലക്ട്രിഫിക്കേഷൻ വർക്കുകൾ നടത്തിവരുന്നു. നടപ്പു സാമ്പത്തിക വർഷം ഇലക്ട്രിഫിക്കേഷൻ വർക്കുകൾക്കായി 2.18 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

ഐ.ടി.ഐ.-കളിൽ പരിശീലനം നടത്തിവരുന്ന ട്രെയിനികൾക്കായുള്ള ഹോസ്റ്റൽ, ടോയ്‌ലറ്റ് ബ്ലോക്ക്, കാന്റീൻ, ക്വാർട്ടേഴ്സ്, ചുറ്റുമതിൽ എന്നിവ ഉൾപ്പെടെയുള്ള നിരവധി നിർമ്മാണ പ്രവർത്തനങ്ങൾ വിവിധ ഐ.ടി.ഐ.കളിൽ നടന്നുവരുന്നു. കൂടാതെ ഐ.ടി.ഐ.കളിൽ വർക്ക്ഷോപ്പ്, ക്ലാസ് റൂം എന്നിവയുടെ മെയിന്റനൻസ് വർക്കുകൾ നടത്തിവരുന്നുണ്ട്. ഐ.ടി.ഐ.-കളുടെ ചെറുകിട മരാമത്തു പണികൾക്കായി നടപ്പുസാമ്പത്തിക വർഷം 2.5 കോടി രൂപ അനുവദിക്കുകയും അതനുസരിച്ചുള്ള തുടർ നടപടികൾ കൈക്കൊണ്ടു വരികയും ചെയ്യുന്നുണ്ട്.

സ്വന്തമായി സ്ഥലമില്ലാത്ത ഐ.ടി.ഐ.കൾക്ക് സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടികൾ വകുപ്പിൽ സ്വീകരിച്ചുവരുന്നു.

2016-17 സാമ്പത്തിക വർഷത്തെ ബജറ്റ് പ്രസംഗത്തിൽ 10 ഐ.ടി.ഐ.-കൾ ലോകോത്തര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനുവേണ്ടി 50 കോടി രൂപ പ്രത്യേക നിക്ഷേപ പദ്ധതിയിൽ നിന്നും വകയിരുത്തിയിട്ടുണ്ട്. ഈ പദ്ധതി കേരള സ്റ്റേറ്റ് ഇൻഫ്രാസ്ട്രക്ച്ചർ ആന്റ് ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ്(KIIFB) വഴി നടപ്പിലാക്കുന്നതിന് KIIFB-യുടെ വെബ്സൈറ്റിൽ പ്രോജക്ട് വിവരങ്ങൾ അപ്‌ലോഡ് ചെയ്തിട്ടുണ്ട്.

(സി) കാലഹരണപ്പെട്ടതും തൊഴിൽ സാധ്യത കുറഞ്ഞതുമായ ട്രേഡുകൾ നിർത്തലാക്കി പകരം നൂതനവും തൊഴിൽ സാധ്യത കൂടിയതുമായ ട്രേഡുകൾ നടപ്പിലാക്കുന്നതിന് അനുമതി നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ

വ്യാവസായിക പരിശീലന വകുപ്പ് നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഐ.ടി.ഐ.-കളിൽ ഇനിയും അപ്രകാരം അവശേഷിക്കുന്ന തൊഴിൽ സാധ്യത കുറഞ്ഞ ട്രേഡുകൾ കണ്ടെത്തി ആയത് നിർത്തലാക്കി പകരം തൊഴിൽ സാധ്യത കൂടിയ ട്രേഡുകൾ തുടങ്ങുന്നതിനുള്ള നടപടിയും വകുപ്പുതലത്തിൽ സ്വീകരിച്ചുവരുന്നു.

## ഇ.എസ്.ഐ. ആശുപത്രികളിലെ പ്രശ്നങ്ങൾ

154 (4710) ശ്രീ. എ. എം. ആരിഫ് :
ശ്രീ. എം. മുകേഷ് :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഇ.എസ്.ഐ. ആശുപത്രികളിൽ നിലവിലുള്ള പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇ.എസ്.ഐ. ആശുപത്രികളും ഡിസ്പെൻസറികളും മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) ഇ.എസ്.ഐ. കോർപ്പറേഷൻ റഫറൽ ആശുപത്രികളായി അംഗീകരിച്ച സ്വകാര്യ ആശുപത്രികൾക്ക് നൽകേണ്ടതായ പണം നൽകാത്തതിനാൽ അത്തരം ആശുപത്രികൾ ചികിത്സ നിഷേധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതു പരിഹരിക്കുന്നതിനായി നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇ.എസ്.ഐ. ആശുപത്രികളുടെയും ഡിസ്പെൻസറികളുടെയും മോണിട്ടറിംഗിനും അടിസ്ഥാനസൗകര്യ വികസനത്തിനുമായി തൊഴിലും നൈപുണ്യവും വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി/സെക്രട്ടറി ചെയർമാനായ ഒരു സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. കൂടാതെ ആശുപത്രികളുടെയും അതിന്റെ അനുബന്ധമായി വരുന്ന ഡിസ്പെൻസറികളുടെയും വികസനത്തിനായി ഹോസ്പിറ്റൽ ഡെവലപ്മെന്റ് കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്.

ഇ.എസ്.ഐ. കോർപ്പറേഷൻ വക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന 9 ഇ.എസ്.ഐ. ആശുപത്രികളുടെയും 48 ഇ.എസ്.ഐ. ഡിസ്പെൻസറികളുടെയും കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി ഗവൺമെന്റ് അംഗീകൃത ഏജൻസികളെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ടി ഏജൻസികൾ തയ്യാറാക്കിയിട്ടുള്ള എസ്റ്റിമേറ്റ് സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ വച്ചാണ് അംഗീകരിക്കുന്നത്.

(സി) ചില സ്വകാര്യ ആശുപത്രികൾ ചികിത്സ നിഷേധിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) നടപടികൾ സ്വീകരിച്ചുവരുന്നു.

**മരംകയറ്റ തൊഴിലിൽ ഏർപ്പെട്ടിട്ടുള്ള തൊഴിലാളികൾ**

155 (4711) ശ്രീ. എം. ഉമ്മർ :
ശ്രീ. പി. കെ. ബഷീർ :
ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് :
ഡോ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മരം കയറ്റ തൊഴിലിൽ ഏർപ്പെട്ടിട്ടുള്ള തൊഴിലാളികളുടെ സംസ്ഥാനതല വിവരശേഖരണം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) ജോലിക്കിടയിൽ അപകടം സംഭവിക്കുന്ന മരം കയറ്റത്തൊഴിലാളികൾക്ക് തൊഴിൽ വകുപ്പിൽ നിന്നും എന്തൊക്കെ ആനുകൂല്യങ്ങൾ നല്കുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത ആനുകൂല്യം ലഭിക്കുന്നതിനുള്ള നടപടിക്രമം വ്യക്തമാക്കുമോ?

ഉത്തരം

(എ) വിവരശേഖരണം നടത്തിയിട്ടില്ല. എന്നാൽ മരംകയറ്റത്തൊഴിലിൽ ഏർപ്പെട്ടിട്ടുള്ള തൊഴിലാളികൾ കൈത്തൊഴിലാളി വിദഗ്ദ്ധ തൊഴിലാളി ക്ഷേമപദ്ധതിയിൽ രജിസ്റ്റർ ചെയ്യുന്നുണ്ട്. നിലവിൽ 16,197 തൊഴിലാളികൾ പ്രസ്തുത ക്ഷേമപദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) മരംകയറ്റത്തൊഴിലിനിടയിൽ അപകടം സംഭവിച്ച് തുടർന്ന് ജോലി ചെയ്യാൻ കഴിയാത്തവിധം അവശരാകുന്ന തൊഴിലാളികൾക്ക് തൊഴിൽ വകുപ്പ് മുഖേന 50,000 (അൻപതിനായിരം രൂപ മാത്രം) ധനസഹായവും തുടർന്ന് പ്രതിമാസം 1000 രൂപ നിരക്കിൽ പെൻഷൻ ആനുകൂല്യം നൽകിവരുന്നുണ്ട്. അപകടംമൂലം മരണം സംഭവിക്കുന്നവരുടെ ആശ്രിതർക്ക് 1,00,000 രൂപ (ഒരു ലക്ഷം രൂപ മാത്രം) ധനസഹായവും നൽകിവരുന്നു.

(സി) മരംകയറ്റ ധനസഹായത്തിനുള്ള അപേക്ഷ ജില്ലാ ലേബർ ഓഫീസർക്ക് നൽകേണ്ടതും ആയത് ലഭിക്കുന്ന മുറയ്ക്ക് അസിസ്റ്റന്റ് ലേബർ ഓഫീസർ നേരിട്ട് അന്വേഷണം നടത്തി അപേക്ഷകന്റെയും തൊഴിലുടമയുടെയും സാക്ഷിയുടെയും മൊഴി രേഖപ്പെടുത്തി അർഹമാണെന്ന് കാണുന്നപക്ഷം റിപ്പോർട്ട് ജില്ലാ ലേബർ ഓഫീസർക്ക് നൽകുകയും ജില്ലാ ലേബർ ഓഫീസർ പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ധനസഹായം അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുകയും സർക്കാരിൽ നിന്ന് ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് ആനുകൂല്യം അപേക്ഷകന് നൽകുകയും ചെയ്തുവരുന്നു.

## ഇതര സംസ്ഥാന തൊഴിലാളി ക്ഷേമനിധി

156 (4712) <u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇതര സംസ്ഥാന തൊഴിലാളികൾക്കായി " ഇതര സംസ്ഥാന തൊഴിലാളി ക്ഷേമനിധി "നടപ്പിൽ വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇതിനായി നാളിതുവരെ എന്തു നടപടികൾ സ്വീകരിച്ചു; എന്തു തുക വകയിരുത്തി; വിശദാംശം ലഭ്യമാക്കുമോ;

(സി) ഇവർക്ക് ക്ഷേമനിധിയിൽ അംഗമാകാൻ വേണ്ടതായ നിബന്ധനകൾ എന്തെല്ലാം എന്നും ഏതെല്ലാം സംസ്ഥാനങ്ങളിൽ നിന്നും ഉള്ള തൊഴിലാളികൾ നിലവിൽ സംസ്ഥാനത്ത് തൊഴിൽ ചെയ്യുന്നു എന്നും വ്യക്തമാക്കുമോ;

(ഡി) ഇവരിൽ ക്രിമിനലുകൾ ഉള്ളതിനാൽ കർശന നിബന്ധനകൾക്ക് വിധേയമായി മാത്രം ഇവർക്ക് ക്ഷേമനിധി അംഗത്വം നൽകുവാൻ എന്തു നടപടികൾ സ്വീകരിക്കും എന്നു വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) കേരള സംസ്ഥാനത്തിനകത്ത് ജോലി ചെയ്തുവരുന്ന അന്യസംസ്ഥാനത്തു നിന്നുമുള്ള കുടിയേറ്റ തൊഴിലാളികളുടെ ക്ഷേമത്തിനായി 29-3-2010-ലെ സ.ഉ. (എം.എസ്) നമ്പർ 46/2010/തൊഴിൽ നമ്പർ ഉത്തരവ് പ്രകാരം 2010-ലെ കേരള കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതി രൂപീകരിച്ചിട്ടുണ്ട്.

(ബി) 6-2-2010-ലെ സ.ഉ.(സാ) നമ്പർ 228/2010/തൊഴിൽ നമ്പർ ഉത്തരവ് പ്രകാരം കേരള കെട്ടിട നിർമ്മാണത്തൊഴിലാളി ക്ഷേമബോർഡിന്റെ കീഴിൽ ഒരു പ്രത്യേക പദ്ധതിയായി കേരള കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതി ആരംഭിക്കുന്നതിനായി ഭരണാനുമതി നൽകുകയും പദ്ധതിയുടെ വിനിയോഗത്തിലേയ്ക്കായി 10 കോടി രൂപ 2230-01-103-36 എന്ന ശീർഷകത്തിൽ അനുവദിച്ചുനൽകുകയും ചെയ്തിട്ടുണ്ട്.

(സി) കേരള കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതി പ്രാബല്യത്തിൽ വന്ന തീയതിക്കുമുമ്പ് ഒരു മാസമോ, പദ്ധതി പ്രാബല്യത്തിൽ വന്നതിനുശേഷമോ കുടിയേറ്റ തൊഴിലാളിയായി ജോലി ചെയ്തുവരുന്ന 18 വയസ്സു പൂർത്തിയായതും 60 വയസ്സ് പൂർത്തിയാകാത്തതുമായ ആൾ ഒരു മാസക്കാലം പൂർത്തിയാകുന്ന മുറയ്ക്ക് പദ്ധതിയിൽ അംഗമാകുന്നതിന് തന്റെ പേര് രജിസ്റ്റർ ചെയ്തിരിക്കേണ്ടതാണ്.

അംഗത്വത്തിനുള്ള അപേക്ഷാ ഫോറം നമ്പർ -1 ൽ വയസ്സും തൊഴിലും തെളിയിക്കുന്ന രേഖകളും രണ്ട് പാസ്പോർട്ട് സൈസ് ഫോട്ടോയും സഹിതം ബന്ധപ്പെട്ട ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർക്ക് സമർപ്പിച്ചിരിക്കേണ്ടതാണ്. ആസാം, ബംഗാൾ, ഒഡീഷ, ചണ്ഡീഗഢ്, ബീഹാർ, തമിഴ്നാട് എന്നീ സംസ്ഥാനങ്ങളിൽ നിന്നുള്ള തൊഴിലാളികൾ നിലവിൽ സംസ്ഥാനത്ത് തൊഴിൽ ചെയ്യുന്നുണ്ട്.

(ഡി) അംഗത്വ രജിസ്ട്രേഷൻ അപേക്ഷയോടൊപ്പം അപേക്ഷകൻ ഇതുവരെ ഏതെങ്കിലും വിധ്വംസക പ്രവൃത്തിയിൽ ഏർപ്പെട്ടിട്ടില്ല എന്നും എന്തെങ്കിലും ക്രിമിനൽ കുറ്റം ചെയ്യുകയോ ക്രിമിനൽ കേസ്സുകളിൽ ഉൾപ്പെടുകയോ ചെയ്തിട്ടില്ലായെന്നും ഉള്ള ഒരു സത്യപ്രസ്താവന നൽകേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

## ഈറ്റ, കാട്ടുവള്ളി, തഴപ്പായ് തൊഴിലാളികൾക്കുള്ള ക്ഷേമപദ്ധതികൾ

157 (4713) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. പി. ഉബൈദുള്ള :
ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഈറ്റ, കാട്ടുവള്ളി, തഴപ്പായ് തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർക്കു വേണ്ടിയുള്ള ക്ഷേമ പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇവർക്കായുള്ള ക്ഷേമനിധി ബോർഡ് ഈ തൊഴിലാളികൾക്കുവേണ്ടി നടപ്പാക്കുന്ന പദ്ധതികൾ ഏതൊക്കെയാണ് എന്ന് വിശദമാക്കുമോ;

(സി) ക്ഷേമനിധി ആനുകൂല്യങ്ങൾ കുടിശ്ശികയായിട്ടുണ്ടോ; എങ്കിൽ ആയത് സംബന്ധിച്ച വിശദവിവരം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കേരളത്തിലെ ഈറ്റ, കാട്ടുവള്ളി, തഴപ്പായ് തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് 1998-ലെ കേരള ഈറ്റ, കാട്ടുവള്ളി, തഴപ്പായ് തൊഴിലാളി ക്ഷേമപദ്ധതി ആരംഭിച്ചിട്ടുണ്ട്.

(ബി) ടി ക്ഷേമനിധി ബോർഡിൽനിന്നും പെൻഷൻ പദ്ധതി, ഇതര പെൻഷൻ, വിവാഹാനുകൂല്യം, പ്രസവാനുകൂല്യം, സാമ്പത്തിക താങ്ങൽ പദ്ധതി, സ്കോളർഷിപ്പ്, അപകടമരണ ധനസഹായം, സ്ഥായിയായ അവശതയ്ക്കുള്ള ചികിൽസാ സഹായം എന്നിവ നൽകിവരുന്നു.

(സി) ഉണ്ട്. വിവാഹധനസഹായം പ്രസവാനുകൂല്യം എന്നിവ 2015 മാർച്ച് മാസംവരെ കൊടുത്തിട്ടുണ്ട്. 2015 ഏപ്രിൽ മുതൽ ലഭിച്ച വിവാഹാനുകൂല്യം പ്രസവാനുകൂല്യം എന്നിവയുടെ അപേക്ഷകൾ തീർപ്പാക്കാൻ ബാക്കിയുണ്ട്.

**ലേബർ കമ്മീഷണർക്ക് ലഭിക്കുന്ന പരാതികൾ**

158 (4714) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ പ്രശ്നങ്ങളുമായി ബന്ധപ്പെട്ട് 1-1-2016 മുതൽ ലേബർ കമ്മീഷണർക്ക് ലഭിച്ച പരാതികളിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) 2016 ജനുവരി മുതൽ ലഭിച്ച പരാതികൾ എത്ര; ഇതിൽ എത്ര എണ്ണം പരിഹരിച്ചു;

(സി) ഇത്തരം പരാതികൾ പരിഹരിക്കുന്നതിന് ജില്ലാ തലത്തിൽ സംവിധാനം രൂപീകരിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) പരാതികൾ നൽകുന്നതിനുള്ള രീതി പൊതുജനങ്ങൾക്ക് മാധ്യമങ്ങൾ വഴിയും ബോധവൽക്കരണം വഴിയും അറിയിക്കുമോ; വിശദമാക്കുമോ ?

ഉത്തരം

(എ) തൊഴിൽ പ്രശ്നങ്ങളുമായി ബന്ധപ്പെട്ട് ലഭിക്കുന്ന പരാതികളിൽ ലേബർ കമ്മീഷണർ തലത്തിൽ നടപടി സ്വീകരിക്കേണ്ട വിഷയങ്ങളിൽ ലേബർ കമ്മീഷണറേറ്റ് തലത്തിൽ നടപടി സ്വീകരിച്ചുവരുന്നു. ജില്ലാതലത്തിൽ നടപടി സ്വീകരിക്കേണ്ട വിഷയങ്ങളിൽ പരാതി ജില്ലാ ഓഫീസർക്ക് അയച്ചുകൊടുത്ത് നടപടി സ്വീകരിക്കുന്നു.

(ബി) 1507 പരാതികൾ ലഭിച്ചു. ഇതിൽ 740 പരാതികൾ തീർപ്പാക്കിയിട്ടുണ്ട്. മറ്റ് പരാതികളിൽ നടപടി സ്വീകരിച്ചുവരുന്നു.

(സി) ജില്ലാ തലത്തിൽ നടപടി സ്വീകരിക്കേണ്ട പരാതികൾ അതത് ജില്ലകളിലെ ഉദ്യോഗസ്ഥർ നടപടി സ്വീകരിച്ച് ജില്ലാതലത്തിൽ തന്നെയാണ് പരിഹരിച്ചുവരുന്നത്.

(ഡി) തൊഴിൽ പ്രശ്നങ്ങൾ സംബന്ധിച്ച് പരാതികൾ പരിഹരിക്കുന്നതിനായി വകുപ്പ് ആരംഭിച്ചിട്ടുള്ള ടോൾഫ്രീ കാൾസെന്ററിന്റെ വിശദാംശങ്ങൾ 2016 ഫെബ്രുവരി 1-ന് കേരളത്തിലെ എല്ലാ പത്ര ദൃശ്യ മാധ്യമങ്ങളിലും വലിയ

വാർത്തയായി നൽകിയിരുന്നു. ടോൾഫ്രീ നമ്പർ സംബന്ധിച്ചും പരാതികൾ നൽകുന്നത് സംബന്ധിച്ചും ഉള്ള വിവരങ്ങൾ എഫ്.എം. റേഡിയോ പരസ്യം, തൊഴിൽ ക്ഷേമരംഗം ദ്വൈമാസിക, കമ്മീഷണറേറ്റിന്റെ ഔദ്യോഗിക വെബ്സൈറ്റ്, നവമാധ്യമങ്ങൾ, വകുപ്പ് ആസൂത്രണം ചെയ്യുന്ന മറ്റ് ബോധവൽക്കരണ പരിപാടികൾ എന്നിവയിലൂടെയും പരസ്യപ്പെടുത്തിയിട്ടുണ്ട്.

**കായംകുളം ഫിഷിംഗ് ഹാർബറിലെ തൊഴിലാളികൾക്ക് തൊഴിൽ കാർഡ് വിതരണം**

159 (4715) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം ഫിഷിംഗ് ഹാർബറിലെ തൊഴിലാളികൾക്ക് തൊഴിൽ കാർഡ് വിതരണം ചെയ്യപ്പെട്ടിട്ടില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തൊഴിൽ കാർഡ് വിതരണവുമായി ബന്ധപ്പെട്ട് ഏതെങ്കിലും തരത്തിലുള്ള കേസ് നിലവിലുണ്ടോ; വിശദീകരിക്കുമോ;

(സി) ഫിഷിംഗ് ഹാർബറിലെ സമാധാനാന്തരീക്ഷം നിലനിർത്തുന്നതിനും സുരക്ഷിതത്വം ഉറപ്പാക്കുന്നതിനും വേണ്ടി തൊഴിൽ കാർഡ് വിതരണം ചെയ്യുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. കായംകുളം ഫിഷിംഗ് ഹാർബറിൽ ജോലിചെയ്യുന്ന നാന്നൂറോളം തൊഴിലാളികളിൽ 26 പേർ കേരള ചുമട്ടുതൊഴിലാളി നിയമപ്രകാരമുള്ള രജിസ്ട്രേഷനായി കരുനാഗപ്പള്ളി അസിസ്റ്റന്റ് ലേബർ ഓഫീസർ മുമ്പാകെ സമർപ്പിച്ച അപേക്ഷകൾ, അപേക്ഷകർ മൽസ്യത്തൊഴിലാളികളാണ് എന്ന കാരണത്താൽ നിരസിച്ചിരുന്നു. തുടർന്ന് അപേക്ഷകർ കൊല്ലം ജില്ലാ ലേബർ ഓഫീസിൽ അപ്പീൽ സമർപ്പിക്കുകയും ടി അപേക്ഷകർ ഹാർബറിൽ മൽസ്യബന്ധനവുമായി ബന്ധപ്പെട്ട ജോലികൾ ചെയ്യുന്നവരാണെന്നും മൽസ്യത്തൊഴിലാളി ക്ഷേമനിധിയിൽ അംഗങ്ങളാണെന്നും ബോദ്ധ്യപ്പെട്ടതിനെത്തുടർന്ന് അപ്പീൽ അപേക്ഷകൾ നിരസിച്ചിട്ടുള്ളതുമാണ്.

(ബി) തൊഴിൽ വകുപ്പ് മുമ്പാകെ കേസ്സുകൾ നിലവിലില്ല.

(സി) ടി 26 തൊഴിലാളികൾക്ക് കേരള ചുമട്ടുതൊഴിലാളി നിയമപ്രകാരമുള്ള രജിസ്ട്രേഷൻ അനുവദിക്കുവാൻ ചട്ടപ്രകാരം സാധിക്കുകയില്ല. എന്നാൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിൽനിന്നും ആവശ്യപ്പെട്ടതുപ്രകാരം ലേബർ പാസ്

നൽകുന്നതിലേയ്ക്ക് 330 പേരുടെ ലിസ്റ്റ് അവിടേയ്ക്ക് അയച്ചുകൊടുത്തിട്ടുണ്ട്. ലേബർ പാസ് വിതരണത്തിനുള്ള തുടർനടപടികൾ ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റാണ് സ്വീകരിക്കേണ്ടത്.

**അമിതകൂലി ഈടാക്കൽ**

160 (4716) ശ്രീ. പി. ടി. തോമസ് :

ശ്രീ. അനിൽ അക്കര :

ശ്രീ. സണ്ണി ജോസഫ് :

ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തൊഴിൽ മേഖലയിലുള്ള അമിതകൂലി ഈടാക്കൽ പ്രശ്നം പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്; വിശദമാക്കുമോ;

(ബി) ഇതുസംബന്ധിച്ച പരാതികൾ നൽകുന്നതിന് തൊഴിൽ വകുപ്പിൽ എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്; വിശദമാക്കുമോ;

(സി) പ്രസ്തുത പരാതികൾ സമയബന്ധിതമായി പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് തൊഴിൽ വകുപ്പ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, പാലക്കാട്, കണ്ണൂർ എന്നീ 10 ജില്ലകളിൽ ഏകീകൃത കയറ്റിറക്ക് കൂലി പ്രാബല്യത്തിൽ വന്നിട്ടുണ്ട്. മലപ്പുറം, വയനാട് ജില്ലകളിലും ഏകീകൃത കയറ്റിറക്ക് കൂടി സംബന്ധിച്ച് ധാരണയായിട്ടുണ്ട്. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലകളെ നോക്കുകൂലി വിമുക്ത ജില്ലകളായി പ്രഖ്യാപിച്ചിട്ടുണ്ട്. കൂലി ഏകീകരിക്കാത്ത ജില്ലകളിൽ ഇതുസംബന്ധിച്ച ചർച്ചകൾ നടന്നുവരുന്നു.

(ബി) ചുമട്ടുതൊഴിലുമായി ബന്ധപ്പെട്ട അമിതകൂലി ഈടാക്കുന്ന പ്രശ്നങ്ങളിൽ സത്വര നടപടികൾ സ്വീകരിക്കുന്നതിനായി തൊഴിൽവകുപ്പ് കോൾസെന്റർ ആരംഭിച്ചിട്ടുണ്ട്. 180042555214/155214 എന്നീ ടോൾഫ്രീ നമ്പരുകളിൽ വിളിച്ച് പരാതി രേഖപ്പെടുത്താവുന്നതാണ്.

(സി) അമിതകൂലി സംബന്ധിച്ച പരാതി ശ്രദ്ധയിൽപ്പെട്ടാൽ ഉടൻതന്നെ അസിസ്റ്റന്റ് ലേബർ ഓഫീസർമാർ പ്രശ്നത്തിൽ ഇടപെടുകയും അമിതമായോ അനർഹമായോ വാങ്ങിയ കൂലി തൊഴിലാളികളിൽനിന്നും തൊഴിലുടമയ്ക്ക് തിരികെ വാങ്ങിക്കൊടുക്കുകയും തൊഴിലാളികളുടെ ഭാഗത്തുനിന്നും ഗുരുതരമായ ക്രമക്കേടുകൾ സംഭവിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടാൽ രജിസ്ട്രേഷൻ കാർഡ് റദ്ദ് ചെയ്യുകയും കൂടാതെ തൊഴിലുടമയെ അധിക്ഷേപിക്കുകയോ ഭീഷണിപ്പെടുത്തുകയോ ആക്രമിക്കുകയോ ചെയ്യുന്ന പരാതികൾ പോലീസിന് കൈമാറി ഉചിതമായ നിയമ നടപടി സ്വീകരിക്കുകയും ചെയ്യാറുണ്ട്.

**തൊഴിൽ മേഖലയിൽ മിനിമംകൂലി**

161 (4717) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തൊഴിൽ മേഖലയിൽ മിനിമം കൂലി നിശ്ചയിക്കപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതൊക്കെ മേഖലകളിൽ മിനിമം കൂലി നിശ്ചയിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) മിനിമം കൂലി നിശ്ചയിക്കപ്പെട്ട മേഖലയിലും മിനിമം കൂലി ലഭ്യമല്ലാത്ത വിവരം ശ്രദ്ധിക്കപ്പെട്ടിട്ടുണ്ടോ;

(ഡി) ഇനിയും മിനിമം കൂലി നിശ്ചയിക്കപ്പെടാത്ത മേഖലകളിൽ എപ്പോൾ മിനിമം കൂലി നിശ്ചയിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പുതുതായി മിനിമം വേതന ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുള്ള മിഡ് ഡേ മീൽ പ്രോഗ്രാം ഇൻ സ്കൂൾസ് ഉൾപ്പെടെ സംസ്ഥാനത്തെ 75 മേഖലകളിൽ മിനിമം വേതനം നിശ്ചയിച്ചിട്ടുണ്ട്. കൂടാതെ പുതിയതായി മിനിമം വേതനനിയമത്തിന്റെ ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുള്ള ഫൂട്ട് വെയർ മാനുഫാക്ച്ചറിംഗ്, പേപ്പർ ഇൻഡസ്ട്രി, ഫോട്ടോഗ്രാഫി ആന്റ് വീഡിയോഗ്രാഫി, പ്രൈവറ്റ് ഫൈനാൻസ് ഇൻസ്റ്റിറ്റ്യൂഷൻസ് എന്നീ മേഖലകളിൽ മിനിമം വേതനം നിശ്ചയിക്കുന്നതിനായി പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ കേബിൾ ടി.വി. മേഖലയെ മിനിമം വേതന നിയമത്തിന്റെ ഷെഡ്യൂളിൽ പുതിയതായി ഉൾപ്പെടുത്തിയിട്ടുണ്ട്. മിനിമം വേതനം നിശ്ചയിച്ചിട്ടുള്ള തൊഴിൽ മേഖലകളും അവ ഒടുവിൽ പുതുക്കിയ തീയതിയും അനുബന്ധമായി ചേർക്കുന്നു*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) ഉണ്ട്.

(ഡി) ഏതെങ്കിലും തൊഴിൽമേഖലയിൽ മിനിമം കൂലി നിശ്ചയിക്കേണ്ടതായി ബന്ധപ്പെട്ട മേഖലയിലെ ട്രേഡ് യൂണിയൻ സംഘടനകളോ തൊഴിലാളികളോ ശ്രദ്ധയിൽപ്പെടുത്തുന്നപക്ഷം ആയത് പരിശോധിച്ച് പ്രസ്തുത മേഖലകളെ മിനിമം വേതന നിയമത്തിന്റെ ഷെഡ്യൂളിൽ പുതിയതായി ഉൾപ്പെടുത്താനും മിനിമം കൂലി നിശ്ചയിക്കാനും ആവശ്യമായ സമയബന്ധിത നടപടികൾ സ്വീകരിക്കുന്നതാണ്.

**തൊഴിൽ നഷ്ടപ്പെടുന്ന തൊഴിലാളികൾ**

162 (4718) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഏതെല്ലാം വിഭാഗങ്ങൾക്ക് തൊഴിൽ നഷ്ടമുണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ആധാരം എഴുത്ത് തൊഴിലാളികളുടേതിന് സമാനമായി തൊഴിലും തൊഴിൽ ദിനങ്ങളും നഷ്ടപ്പെടുന്ന വിഭാഗങ്ങളുടെ സംരക്ഷണത്തിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) വിവിധ വകുപ്പുകളുടെ തീരുമാന പ്രകാരം തൊഴിൽ നഷ്ടപ്പെടുന്ന തൊഴിലാളികളുടെ സംരക്ഷണത്തിന് തൊഴിൽ വകുപ്പ് ഏതെങ്കിലും തരത്തിലുള്ള ഇടപെടൽ നടത്താറുണ്ടോ; എങ്കിൽ ആധാരം സ്വയം തയ്യാറാക്കാൻ ഉത്തരവ് നൽകുക വഴി തൊഴിൽ നഷ്ടപ്പെട്ട ആധാരം എഴുത്തുകാരുടെ വിഷയത്തിൽ തൊഴിൽ വകുപ്പ് എന്തെല്ലാം ഇടപെടൽ നടത്തിയിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെടുന്ന സാഹചര്യം ഉണ്ടായിട്ടില്ല. എന്നാൽ പാലക്കാട് ജില്ലയിൽ കഞ്ചിക്കോട് കിറ്റെക്സ് ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ തൊഴിലാളി സമരത്തെത്തുടർന്ന് ലോക്കൗട്ട് ആയതിന്റെ ഫലമായി 500 തൊഴിലാളികൾക്കും ഗ്രേറ്റ് സ്കാഫോൾഡിംഗ്സ് എന്ന സ്ഥാപനത്തിൽ സമരംമൂലമുള്ള ലോക്കൗട്ടിനെത്തുടർന്ന് 12 തൊഴിലാളികൾക്കും തൊഴിൽ ദിനങ്ങൾ നഷ്ടപ്പെട്ടിട്ടുണ്ട്. മറ്റ് ജില്ലകളിൽ ഒരു വിഭാഗങ്ങളിലും തൊഴിൽ നഷ്ടപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി&സി) തൊഴിൽ വകുപ്പിനുകീഴിലുള്ള മേഖലകളിൽ തൊഴിലും തൊഴിൽദിനങ്ങളും നഷ്ടപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ആധാരം എഴുത്തുകാരുടെ പ്രശ്നം പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാനായി ഒരു കമ്മീഷനെ ചുമതലപ്പെടുത്തി സർക്കാർ ഉത്തരവ് നികുതിവകുപ്പിൽനിന്നും പുറപ്പെടുവിച്ചിട്ടുണ്ട്.

**മോട്ടോർ വാഹന തൊഴിലാളിക്ഷേമനിധി ബോർഡ്**

163 (T* 4719) ശ്രീ. കെ. ബാബു :
ശ്രീ. കെ. ദാസൻ :
ശ്രീ. സി. കെ. ശശീന്ദ്രൻ :
ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മോട്ടോർ വാഹന തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യാറുണ്ടോ;

(ബി) ക്ഷേമനിധിയിലേയ്ക്ക് തൊഴിലാളി-ഉടമസ്ഥ-സർക്കാർ വിഹിതമായി അടയ്ക്കേണ്ട തുക എത്രയൊക്കെയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി)ക്ഷേമനിധിയിലേക്ക് തൊഴിലാളി-ഉടമസ്ഥ-സർക്കാർ വിഹിതമായി അടയ്ക്കേണ്ട തുകയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

**മരവ്യവസായ സ്ഥാപന ഉടമകൾ അടയ്ക്കേണ്ട ക്ഷേമനിധിവിഹിതം**

164 (T 4720) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളത്തെ പെരുമ്പാവൂരും സമീപപ്രദേശങ്ങളിലുമുള്ള മരവ്യവസായ സ്ഥാപനങ്ങളിലെ എല്ലാ തൊഴിലാളികളുടെയും മുഴുവൻ ക്ഷേമനിധിത്തുകയും (തൊഴിലുടമയുടെ വിഹിതമായ 27 ശതമാനവും തൊഴിലാളിയുടെ വിഹിതമായ 11 ശതമാനവും) തൊഴിലാളികൾ തന്നെയാണ് അടയ്ക്കുന്നത് എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത മേഖലയിൽ ക്ഷേമനിധി അടയ്ക്കുന്ന മരവ്യവസായ സ്ഥപനങ്ങളുടെ പേരുവിവരം ലഭ്യമാക്കുമോ;

(സി) തൊഴിലുടമകൾ അടയ്ക്കേണ്ട ക്ഷേമനിധി വിഹിതം അവരെക്കൊണ്ടുതന്നെ അടപ്പിയ്ക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ചോദ്യത്തിൽ ഉന്നയിച്ചിട്ടുള്ള വിധത്തിൽ അംശദായം അടയ്ക്കുന്ന ക്ഷേമനിധി ബോർഡുകളൊന്നും തൊഴിൽവകുപ്പിന് കീഴിലില്ല.

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) എറണാകുളം ജില്ലയിലെ പെരുമ്പാവൂരിൽ കേരള തൊഴിലാളി ക്ഷേമനിധി ബോർഡിൽ 103 സ്ഥാപനങ്ങളുടെ പേര് അനുബന്ധമായി* ചേർത്തിട്ടുണ്ട്.

(സി) കേരള തൊഴിലാളി ക്ഷേമനിധി ബോർഡിൽ തൊഴിലാളികളുടെയും തൊഴിലുടമകളുടെയും വിഹിതം തൊഴിലുടമയാണ് അടയ്ക്കുന്നത്. ഒരു വർഷത്തേയ്ക്ക് തൊഴിലാളി വിഹിതമായ 8 രൂപയും തൊഴിലുടമ വിഹിതമായ 16 രൂപയും ചേർന്ന് 24 രൂപ തൊഴിലുടമയാണ് അടയ്ക്കുന്നത്.

## വ്യത്യസ്ത നൈപുണ്യ വികസന പ്രവർത്തനങ്ങൾ

165 (4721) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ മേഖലയിലെ വ്യത്യസ്ത നൈപുണ്യ വികസന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും നടപ്പിൽ വരുത്തുന്നതിനും എന്തെല്ലാം കർമ്മ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(ബി) ഏതെല്ലാം തൊഴിൽ മേഖലകളാണ് ഇതിനായി തെരഞ്ഞെടുക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്; വിവരിക്കുമോ;

(സി) ഇതിനായി പ്രത്യേക മിഷൻ ആരംഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം ?

### ഉത്തരം

(എ-സി) ഭാരതത്തിലുടനീളമുള്ള എല്ലാ നൈപുണ്യവികസന മേഖലകളുടെയും പ്രവർത്തനം ഏകോപിപ്പിക്കുന്നതിനുള്ള കേന്ദ്രസർക്കാർ തീരുമാനപ്രകാരം സംസ്ഥാനത്തെ നൈപുണ്യ വികസന പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് നടപ്പിലാക്കുന്നതിനായി ഒരു കേന്ദ്രീകൃത സ്ഥാപനമായി സ്കിൽ ഡെവലപ്മെന്റ് മിഷൻ രൂപീകരിക്കുന്നതിനുള്ള നിർദ്ദേശം കേന്ദ്രസർക്കാരിൽ നിന്നും ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ആയത് രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നിലവിൽ വിവിധ മേഖലകളിൽ തൊഴിലധിഷ്ഠിത നൈപുണ്യ പരിശീലന പദ്ധതികൾ നടപ്പിലാക്കി അതിവിദഗ്ധ തൊഴിൽ പ്രൊഫഷണലുകളെ വാർത്തെടുക്കുന്നതിനായി തൊഴിൽ വകുപ്പിന്റെ കീഴിൽ കേരള അക്കാദമി ഫോർ സ്കിൽ എക്സലൻസ് സ്ഥാപിതമായിട്ടുണ്ട്. KASE വിവിധ തൊഴിൽ മേഖലകളിൽ ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ താഴെപ്പറയുന്നവയാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

I. NICE (നഴ്സിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കരിയർ എൻഹാൻസ്മെന്റ്)

നഴ്സിംഗ് മേഖലയിൽ നൈപുണ്യ വികസനത്തിനായി NICE (നഴ്സിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കരിയർ എൻഹാൻസ്മെന്റ്) എന്ന സ്ഥാപനം തിരുവനന്തപുരം ജില്ലയിലെ കിൻഫ്രയിൽ 2-7-2015 മുതൽ പ്രവർത്തിച്ചുവരുന്നു.

II. CATS (സെന്റർ ഫോർ അഡ്വാൻസ്ഡ് ട്രെയിനിംഗ് ഇൻ സെക്യൂരിറ്റി)

സെക്യൂരിറ്റി (നാഷണൽ) മേഖലയിൽ നൈപുണ്യ വികസനത്തിനായി CATS (സെന്റർ ഫോർ അഡ്വാൻസ്ഡ് ട്രെയിനിംഗ് ഇൻ സെക്യൂരിറ്റി) എന്ന സ്ഥാപനം തിരുവനന്തപുരം ജില്ലയിൽ കിൻഫ്രയിൽ 29-9-2015 മുതൽ പ്രവർത്തിച്ചുവരുന്നു.

III. ESPOIR (എൻലൈറ്റൻ സ്കിൽസ് പ്രോഗ്രാം ഫോർ ഓയിൽ & റിഗ്)

ഓയിൽ & റിഗ് മേഖലയിൽ മികവിന്റെ കേന്ദ്രമായ എൻലൈറ്റൻ സ്കിൽസ് പ്രോഗ്രാം ഫോർ ഓയിൽ & റിഗ് (ESPOIR) എറണാകുളം ജില്ലയിലെ അങ്കമാലിയിലുള്ള ഇന്റർനാഷണൽ സ്കിൽസ് പാർക്കിൽ 6-12-2015 മുതൽ പ്രവർത്തിച്ചുവരുന്നു.

IV. CRETT (സെന്റർ ഫോർ റിസർച്ച് ഇൻ എഡ്യൂക്കേഷൻ ആന്റ് ടീച്ചർ ട്രെയിനിംഗ്)

ടീച്ചിംഗ് മേഖലയിലെ മികവിന്റെ കേന്ദ്രമായ CRETT (സെന്റർ ഫോർ റിസർച്ച് ഇൻ എഡ്യൂക്കേഷൻ ആന്റ് ടീച്ചർ ട്രെയിനിംഗ്) കോഴിക്കോട് ജില്ലയിലെ വെള്ളിപറമ്പിലെ സദ്ഭാവന ക്യാമ്പസിൽ 2-2-2016-ന് പ്രവർത്തനം ആരംഭിച്ചു.

V. CEED (സെന്റർ ഫോർ എക്സലൻസ് ഇൻ എന്റർപ്രെണർഷിപ്പ് ഡെവലപ്മെന്റ്)

തൊഴിൽ രഹിതരായ ചെറുപ്പക്കാർക്ക് പുതിയ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിലേയ്ക്കുവേണ്ടി എന്റർപ്രണർഷിപ്പ് ഡെവപ്മെന്റ് ഇൻഡ്യ അഹമ്മദാബാദ് എന്ന സ്ഥാപനവുമായി ചേർന്ന് സെന്റർ ഫോർ എക്സലൻസ് ഇൻ എന്റർപ്രെണർഷിപ്പ് ഡെവലപ്മെന്റ് (CEED) എന്ന മികവിന്റെ കേന്ദ്രം എറണാകുളം ജില്ലയിലെ അങ്കമാലിയിലുള്ള ഇന്റർനാഷണൽ സ്കിൽസ് പാർക്കിൽ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചുകഴിഞ്ഞു.

## IIIC (ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ച്ചർ & കൺസ്ട്രക്ഷൻ)

കൺസ്ട്രക്ഷൻ മേഖലകളിൽ ഉരുത്തിരിയുന്ന തൊഴിലവസരങ്ങളെ പ്രയോജനപ്പെടുത്താൻ ശാസ്ത്രീയമായി തയ്യാറാക്കിയ പ്രത്യേക പരിശീലന പദ്ധതികളിലൂടെ തീവ്രപരിശീലനം നൽകി അതിവിദഗ്ധ തൊഴിൽ പ്രൊഫഷനലുകളെ വാർത്തെടുക്കുകയെന്ന ലക്ഷ്യത്തോടെ കൊല്ലം ജില്ലയിലെ ചവറയിൽ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ച്ചർ & കൺസ്ട്രക്ഷൻ (IIIC)-ന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ പുരോഗമിച്ചുവരുന്നു. IIIC-ൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള കൺസ്ട്രക്ഷൻ എഞ്ചിനീയറിംഗ് ആന്റ് മാനേജ്മെന്റ് കോഴ്സുകളും മേസണറി, കാർപെന്ററി, പ്ലംബിംഗ്, ഇലക്ട്രിക്കൽ, ഡ്രാഫ്റ്റ്സ്മാൻ, സൂപ്പർവൈസർ, സൈറ്റ് മാനേജർ എന്നീ വ്യത്യസ്ത മേഖലകളിൽ നൈപുണ്യ വികസനത്തിനുതകുന്ന കോഴ്സുകളും ലഭ്യമാക്കുന്നുണ്ട്. ഐ.ടി.ഐ. സർട്ടിഫിക്കറ്റ്/ഡിപ്ലോമ എഞ്ചിനീയറിംഗ് ബിരുദധാരികൾക്ക് രാജ്യത്തിനകത്തും പുറത്തും തൊഴിൽ ലഭ്യത ഉറപ്പുവരുത്തുവാൻ IIIC യിലൂടെ സാധിക്കും. ബിൽഡിംഗ് കൺസ്ട്രക്ഷൻ അക്കാദമി ഓഫ് സിങ്കപ്പൂർ, നാഷണൽ കൺസ്ട്രക്ഷൻ കോളേജ് ഓഫ് യുണൈറ്റഡ് കിങ്ഡം തുടങ്ങിയ അന്താരാഷ്ട്ര സ്ഥാപനങ്ങളുടെ അതേ നിലവാരത്തിലുള്ള പഠന സൗകര്യങ്ങളാണ് IIIC ൽ ഒരുക്കുന്നത്. ഇതിനായി ഓപ്പറേറ്ററെ കണ്ടെത്തി കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

പുതുതായി ആർക്കിടെക്ച്ചർ ആന്റ് ഇന്റീരിയർ ഡിസൈൻ, ആട്ടോമോട്ടീവ്, ആയുർവ്വേദ, ബ്യൂട്ടി ആന്റ് വെൽനെസ്, ഡേറ്റാ അനാലിറ്റിക്സ്, ജെംസ് ആന്റ് ജ്വല്ലറി, ഹൈടെക് ഓട്ടോമേഷൻ ആന്റ് മെക്കാട്രോണിക്സ്, മീഡിയ ആന്റ് എന്റർടെയിൻമെന്റ്, ഫിസിയോതെറാപ്പി, റീട്ടെയിൽ, റോബോട്ടിക്സ്, സ്പോർട്ട്സ്, ടൂറിസം ആന്റ് ഹോസ്പിറ്റാലിറ്റി, വെയിസ്റ്റ് വാട്ടർ ട്രീറ്റ്മെന്റ് എന്നിവയിൽ മികവിന്റെ കേന്ദ്രങ്ങൾ സ്ഥാപിക്കാനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

### കൗശൽ കേന്ദ്രങ്ങൾ

നൈപുണ്യ വികാസത്തിനും വ്യക്തിത്വവികസനത്തിനും തൊഴിൽ നേടുന്നതിനും വേണ്ടിയുള്ള ലോകോത്തര നിലവാരം പുലർത്തുന്ന സ്ഥാപനമാണ് കൗശൽ കേന്ദ്ര. ഗ്രാമീണ മേഖലയിലെ സ്കൂൾ-കോളേജ് വിദ്യാർത്ഥികൾ ഉൾപ്പെടുന്ന യുവസമൂഹത്തിന് തൊഴിൽ നൈപുണ്യ പരിശീലനം ഉറപ്പാക്കുന്നതോടൊപ്പം ആഗോള മത്സരരംഗത്ത് അവരെ മുൻനിരയിലെത്തിക്കാൻ പ്രാപ്തരാക്കുക കൂടിയാണ് കൗശൽ കേന്ദ്രയിലൂടെ ലക്ഷ്യമിടുന്നത്.

സ്കൂൾ, കോളേജ് തലത്തിലുള്ള വിദ്യാർത്ഥികളുടെ തൊഴിൽ അഭിരുചി മനസ്സിലാക്കി അവർക്ക് ഉചിതമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനുള്ള അസ്സസ്മെന്റ് ആന്റ് കരിയർ ഗൈഡൻസ് സെൽ, ഇംഗ്ലീഷ് ഭാഷയിൽ നൈപുണ്യ

പരിശീലനം നേടുന്നതിനുള്ള ലാംഗ്വേജ് ലാബ് ഉൾപ്പെട്ട കമ്മ്യൂണിക്കേഷൻ സ്കിൽ ഡെവലപ്മെന്റ് സെൽ, എംപ്ലോയബിലിറ്റി സ്കീൽ ഡെവലപ്മെന്റ് സെൽ, വിവിധ മേഖലകളിൽ അത്യന്താധുനിക സാങ്കേതിക പരിശീലന സൗകര്യത്തോടൊപ്പം വീഡിയോ കോൺഫറൻസിംഗ് സംവിധാനം എന്നിവ കൗശൽ കേന്ദ്രയിൽ ഒരുക്കിയിരിക്കുന്നു.

എംപ്ലോയബിലിറ്റി സെന്ററുകൾ

തൊഴിലന്വേഷകരുടെ അഭിരുചിയ്ക്കനുസരിച്ച് തൊഴിൽ നേടിയെടുക്കുവാൻ അവരെ പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെ കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് ഡയറക്ടറേറ്റ് ഓഫ് എംപ്ലോയ്മെന്റുമായി സഹകരിച്ച് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ എംപ്ലോയബിലിറ്റി സെന്ററുകളാക്കി മാറ്റി നൈപുണ്യ വികസന പദ്ധതി നടത്തിവരുന്നു. ഇതുപ്രകാരം എംപ്ലോയബിലിറ്റി സെന്ററുകളിൽ രജിസ്റ്റർ ചെയ്യുന്ന ഉദ്യോഗാർത്ഥികൾക്ക് അവരുടെ യോഗ്യതയും, കഴിവും, അഭിരുചിയും മനസ്സിലാക്കി കുറവുകൾ പരിഹരിക്കുന്നതിന് ആവശ്യമായ തരത്തിലുള്ള പരിശീലനങ്ങൾ നൽകി തൊഴിലിന് പ്രാപ്തരാക്കുകയും എംപ്ലോയബിലിറ്റി സെന്ററിനകത്തും പുറത്തുമായി ചെറുതും വലുതുമായ തൊഴിൽമേളകൾ സംഘടിപ്പിച്ച് സ്വകാര്യമേഖലയിൽ തൊഴിൽ നേടിയെടുക്കുവാൻ അവരെ സഹായിക്കുകയും ചെയ്യുന്നു.

കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ (KSID)

ഡിസൈൻ രംഗത്ത് ഊർജ്ജസ്വലരായ ഒരു സമൂഹത്തെ സൃഷ്ടിക്കുന്നതിന് വേണ്ടിയാണ് കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ സ്ഥാപിച്ചത്. കരകൗശല വിഭാഗങ്ങൾ, പ്രൊഫഷണൽ ഡിസൈനർമാർ, പൊതുജനങ്ങൾ എന്നിവരുടെ പങ്കാളിത്തത്തോടെയാണ് ഇത് രൂപകൽപ്പന ചെയ്തത്. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ (NID, AHMEDABAD) ന്റെ സഹായത്തോടെയാണ് ഇത് ആരംഭിച്ചത്. ഡിസൈൻ വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കലാണ് KSID -യുടെ പ്രാഥമിക ലക്ഷ്യം. ഇന്റഗ്രേറ്റഡ് ടെക്സ്റ്റൈൽ ആന്റ് അപ്പാരൽ ഡിസൈൻ, ഐ.ടി. ഇന്റഗ്രേറ്റഡ് കമ്മ്യൂണിക്കേഷൻ ഡിസൈൻ, ഇന്റഗ്രേറ്റഡ് ലൈഫ് സ്റ്റൈൽ പ്രൊഡക്ട് ഡിസൈൻ തുടങ്ങിയ പി.ജി. ഡിപ്ലോമ കോഴ്സുകൾ നിലവിൽ നടന്നുവരുന്നു.

## നിർമ്മാണ മേഖലയിലെ അന്യസംസ്ഥാന തൊഴിലാളികൾക്ക് ഇൻഷ്വറൻസ്

166 (4722) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നിർമ്മാണ മേഖലയിൽ പണിയെടുക്കുന്ന അന്യസംസ്ഥാന തൊഴിലാളികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടുണ്ടോ;വ്യക്തമാക്കുമോ;

ഉത്തരം

ഇതര സംസ്ഥാന തൊഴിലാളികളുടെ രജിസ്ട്രേഷനും ആരോഗ്യ പരിരക്ഷയും ലക്ഷ്യമിട്ട് "ആവാസ്" എന്ന പേരിൽ ഒരു ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്ന കാര്യം പരിഗണിച്ചുവരുന്നു. പദ്ധതിയുടെ പ്രാരംഭ നടപടികളുടെ ഭാഗമായി ഐ.ടി. മിഷൻ, ചിയാക്ക്, അക്ഷയ, യു.ഐ.ഡി. എന്നീ ഏജൻസികളുമായും ആരോഗ്യം, ആഭ്യന്തരം, റവന്യൂ, തദ്ദേശ സ്വയംഭരണം എന്നീ വകുപ്പുകളുമായും ബന്ധപ്പെട്ട് അവലോകന യോഗങ്ങൾ നടന്നുവരുന്നു. പദ്ധതി പ്രാബല്യത്തിൽ വരുന്നതോടുകൂടി ഇൻഷ്വറൻസ് പദ്ധതി മുഖേന ഇതര സംസ്ഥാന തൊഴിലാളികളുടെ ആരോഗ്യ സുരക്ഷിതത്വം ഉറപ്പുവരുത്താനും അതോടൊപ്പം വിവരശേഖരണം നടത്തി തിരിച്ചറിയൽ കാർഡ് വിതരണം ചെയ്യുവാനും കഴിയും.

**കരാറുകാരായ പരമ്പരാഗത നിർമ്മാണ തൊഴിലാളികളുടെ പ്രശ്നങ്ങൾ**

167 (4723) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരാറുകാരായ പരമ്പരാഗത നിർമ്മാണ തൊഴിലാളികൾക്ക് കോൺട്രാക്ടർ ലൈസൻസ് ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) ഈ വിഭാഗത്തിലുൾപ്പെടുന്ന തൊഴിലാളികൾക്ക് ക്ഷേമനിധി ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ;

(സി) നിർമ്മാണ തൊഴിലാളികൾക്ക് തൊഴിൽ സമയത്തെ അപകടത്തിൽ നിന്ന് പരിരക്ഷ നൽകാൻ 'സൈറ്റ് ഇൻഷ്വറൻസ്' നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 1970-ലെ കരാർ തൊഴിലാളി നിയമപ്രകാരം അപേക്ഷ സമർപ്പിക്കുന്ന തൊഴിലുടമകൾക്ക് കോൺട്രാക്ട് ലേബർ ലൈസൻസ് തൊഴിൽ വകുപ്പ് മുഖേന നൽകി വരുന്നുണ്ട്.

(ബി) കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡിൽ അംഗത്വമെടുക്കുന്ന ടി വിഭാഗം തൊഴിലാളികൾക്ക് ബോർഡ് മുഖേന ലഭ്യമാകുന്ന എല്ലാ ക്ഷേമനിധി ആനുകൂല്യങ്ങൾക്കും അർഹതയുണ്ടായിരിക്കുന്നതാണ്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

**സംരംഭകത്വം സംബന്ധിച്ച നിലപാട്**

168 (4724) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംരംഭകത്വം തൊഴിലായി അംഗീകരിക്കുന്ന കാര്യത്തിൽ നിലപാട് വ്യക്തമാക്കുമോ;

(ബി) ചെറുകിട/സ്റ്റാർട്ട് അപ്പ് സംരംഭകർക്ക് തൊഴിലാളികളുടെ പദവിയും ആനുകൂല്യങ്ങളും നൽകുന്ന കാര്യത്തിൽ നയം വ്യക്തമാക്കുമോ;

(സി) നിലവിലെ തൊഴിൽ നിയമങ്ങളിലെ 'തൊഴിലാളി', 'തൊഴിൽ ദാതാവ്' എന്നീ നിർവ്വചനങ്ങളിൽ കാലാനുസൃതമായ മാറ്റം വരുത്തുന്ന കാര്യത്തിൽ നിലപാട് വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി) സ്റ്റാർട്ട് അപ്പ് സംരംഭങ്ങളെ തൊഴിൽ സ്ഥാപനങ്ങളായി അംഗീകരിച്ച് പ്രോത്സാഹിപ്പിക്കുന്നതാണ് സർക്കാർ നയം.

(സി) ഇപ്പോൾ പരിഗണനയിലില്ല.

**ഇതരസംസ്ഥാന തൊഴിലാളികൾക്കായി തിരിച്ചറിയൽ കാർഡ്, ഹെൽത്ത് കാർഡ്**

169 (4725) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇതരസംസ്ഥാന തൊഴിലാളികൾക്കായി തിരിച്ചറിയൽ കാർഡ്, ഹെൽത്ത് കാർഡ് എന്നിവ നിർബന്ധമാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

(ബി) ഇതരസംസ്ഥാന തൊഴിലാളികൾ ജോലി ചെയ്യുന്ന ഇടങ്ങളിലെ തൊഴിൽദായകരും താമസസൗകര്യം ഒരുക്കിക്കൊടുക്കുന്നവരും കൃത്യമായ രജിസ്റ്റർ സൂക്ഷിക്കുന്നതിനുള്ള നിർദ്ദേശം നൽകുമോ;

(സി) ഇതരസംസ്ഥാന തൊഴിലാളികൾക്ക് തൊഴിൽ നൽകുന്നതിന് മുന്നോടിയായി പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ് ഉണ്ടായിരിക്കണമെന്ന നിർദ്ദേശം നൽകുന്നതിന് നടപടി സ്വീകരിക്കാമോ?

ഉത്തരം

(എ) നിർബന്ധമാക്കുവാൻ ഉദ്ദേശിക്കുന്നില്ല. ഇതരസംസ്ഥാന തൊഴിലാളികളുടെ രജിസ്ട്രേഷനും ആരോഗ്യ പരിരക്ഷയും ലക്ഷ്യമിട്ട് ആവാസ് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്ന കാര്യം പരിഗണിച്ചുവരുന്നു. പദ്ധതിയുടെ ഭാഗമായി ഇൻഷ്വറൻസ് ലിങ്ക്ഡ് തിരിച്ചറിയൽ കാർഡ് നൽകുവാൻ ഉദ്ദേശിക്കുന്നു.

(ബി) അഞ്ചും അതിൽ കൂടുതലും തൊഴിലാളികളെ കരാറുകാരൻ മുഖേന ജോലി എടുപ്പിക്കുകയാണെങ്കിൽ 1979-ലെ ഇതരസംസ്ഥാന തൊഴിലാളി നിയമപ്രകാരം തൊഴിലുടമ രജിസ്ട്രേഷനും കരാറുകാരൻ ലൈസൻസും നിർബന്ധമായും എടുക്കേണ്ടതാണ്. ഈ സാഹചര്യത്തിൽ ടി നിയമപ്രകാരം കരാറുകാരനും തൊഴിലുടമയും ടി തൊഴിലാളികളുടെ പേരു വിവരങ്ങൾ രജിസ്റ്ററിൽ സൂക്ഷിക്കേണ്ടതാണെന്ന് നിലവിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(സി) പരിഗണനയിലില്ല.

**കിളിമാനൂർ കേന്ദ്രമായി തൊഴിൽ പരിശീലനകേന്ദ്രം**

170 (4726) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിളിമാനൂർ കേന്ദ്രമായി തൊഴിൽ വകുപ്പിന്റെ കീഴിൽ തൊഴിൽ പരിശീലന കേന്ദ്രം തുടങ്ങുന്നതിന് ശിപാർശ ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിൻമേലുള്ള നടപടി ക്രമങ്ങൾ നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) കിളിമാനൂർ കേന്ദ്രമായി തൊഴിൽ വകുപ്പിന്റെ കീഴിൽ തൊഴിൽ പരിശീലന കേന്ദ്രം തുടങ്ങുന്നതിന് ശിപാർശ ലഭിച്ചിട്ടില്ല.

**ടെക്സ്റ്റയിൽ മേഖലയിൽ ജോലി ചെയ്യുന്ന സ്ത്രീ തൊഴിലാളികൾക്ക് ഇരിക്കുന്നതിനുള്ള അനുമതി**

171 (4727) ശ്രീ. സി. ദിവാകരൻ :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :
ശ്രീ. ഇ. കെ. വിജയൻ :
ശ്രീമതി സി.കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തൊഴിൽ മേഖലയിൽ, പ്രത്യേകിച്ച് ടെക്സ്റ്റയിൽസ് മേഖലയിൽ ജോലി ചെയ്യുന്ന സ്ത്രീ തൊഴിലാളികൾക്ക് ഇരിക്കുന്നതിനുള്ള അനുമതി ഇല്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഇത്തരത്തിൽ പന്ത്രണ്ട് മണിക്കൂറോളം തുടർച്ചയായി നിൽക്കുന്നതുമൂലം സ്ത്രീകൾക്ക് കഠിനമായ ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാകുന്നത് കണക്കിലെടുത്ത് തിരക്ക് കുറവുള്ള സമയങ്ങളിൽ സ്ത്രീകൾക്ക് ഇരിക്കുന്നതിനുള്ള അനുമതി ലഭ്യമാക്കുന്നതിനും, ആയത് ഉറപ്പുവരുത്തുന്നതിനുമുള്ള നടപടി സ്വീകരിക്കുമോ;

(സി) ഇരിക്കാനുള്ള അവകാശമുൾപ്പെടെയുള്ള ആവശ്യങ്ങൾ ഉന്നയിച്ച് മുൻപ് സമരങ്ങൾ നടന്ന തുണി വ്യാപാര സ്ഥാപനങ്ങളിൽ ഇപ്പോഴും സ്ത്രീ തൊഴിലാളികൾക്ക് ഇരിക്കുന്നതിനുള്ള അനുമതി ഇല്ലായെന്നത് സർക്കാർ ഗൗരവമായി കാണുന്നുണ്ടോ; ആയത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. അസംഘടിത മേഖലയിലുള്ള സ്ത്രീ തൊഴിലാളികൾക്ക് അടിസ്ഥാനസൗകര്യങ്ങൾ ലഭ്യമാക്കാത്തതും മതിയായ വിശ്രമം അനുവദിക്കാത്തതും സംബന്ധിച്ച് പരാതികൾ ലഭിച്ചിട്ടുണ്ട്. തുടർന്ന് കേരള ഷോപ്പ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമത്തിലും ചട്ടങ്ങളിലും ആവശ്യമായ ഭേദഗതികൾ വരുത്തുകയുണ്ടായി. ഭേദഗതിപ്രകാരമുള്ള സൗകര്യങ്ങൾ തൊഴിൽ സ്ഥാപനങ്ങളിൽ ഏർപ്പെടുത്തിയിട്ടുണ്ടോയെന്ന് പരിശോധിക്കുവാനായി തൊഴിൽവകുപ്പിന്റെ എൻഫോഴ്സ്മെന്റ് വിഭാഗം പരിശോധനകൾ ശക്തമാക്കുകയും ചെയ്തിട്ടുണ്ട്.

(ബി) 16-9-2015 തീയതിയിലെ ജി.ഒ. (പി) നമ്പർ 134/15/തൊഴിൽ നമ്പർ വിജ്ഞാപനപ്രകാരമുള്ള കേരള ഷോപ്പ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ഭേദഗതി ചട്ടത്തിലെ ചട്ടം 5(എ) പ്രകാരം ടി സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് വിശ്രമത്തിനും വിശ്രമവേളകളിൽ ഇരിക്കുവാനുള്ള സൗകര്യവും തൊഴിലുടമ സജ്ജീകരിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഭേദഗതി പ്രകാരമുള്ള സൗകര്യങ്ങൾ തൊഴിൽ സ്ഥാപനങ്ങളിൽ ഏർപ്പെടുത്തിയിട്ടുണ്ടോയെന്ന് പരിശോധിക്കുവാനായി തൊഴിൽ വകുപ്പിന്റെ എൻഫോഴ്സ്മെന്റ് വിഭാഗം പരിശോധനകൾ ശക്തമാക്കുകയും ചെയ്തിട്ടുണ്ട്.

(സി) ഉണ്ട്. തൊഴിൽ വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗം 18-6-2016-ന് സംസ്ഥാന വ്യാപകമായി 42 തുണിക്കടകളിൽ നടത്തിയ മിന്നൽ പരിശോധനയിൽ, തൊഴിലാളികൾക്ക് നൽകേണ്ടതായ അടിസ്ഥാന സൗകര്യങ്ങളും അവർക്ക്

ലഭിക്കേണ്ട ആനുകൂല്യങ്ങളും ലഭ്യമാകുന്നുണ്ടോയെന്ന് പരിശോധിക്കുകയുണ്ടായി. പരിശോധനാവേളയിൽ കാണപ്പെട്ട നിയമ ലംഘനങ്ങൾക്കെതിരെ നോട്ടീസ് നൽകി നിയമനടപടികൾ സ്വീകരിച്ചുവരുന്നു.

**വീട്ടുജോലിക്കാർക്ക് രജിസ്ട്രേഷൻ**

172 (T*4728) <u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ചില ജില്ലകളിൽ അടിമകളെപ്പോലെ ജോലി ചെയ്യുകയും എല്ലാവിധ പീഡനങ്ങളും അനുഭവിച്ച് ജീവിക്കുകയും ചെയ്യുന്ന ഇന്നാട്ടിലെയും ഇതരസംസ്ഥാനങ്ങളിലെയും ദരിദ്രരായ പെൺകുട്ടികൾ ഉൾപ്പെടെയുള്ളവരുടെ ലിസ്റ്റും അനുബന്ധ രേഖകളും ലഭ്യമാണോ;

(ബി) ഇത്തരത്തിലുള്ളവർ പീഡനത്തിനും മരണത്തിനും ഇരയാകുമ്പോൾ മാത്രം പോലീസ് അന്വേഷണം നടത്തുന്നതിനുപകരം ഇവരുടെ ക്ഷേമത്തിനായുള്ള പദ്ധതികൾ കൂടി തയ്യാറാക്കാൻ നടപടി സ്വീകരിയ്ക്കുമോ;

(സി) കണ്ണൂർ ജില്ലയിൽ ബാലവേല ചെയ്തിരുന്ന കുട്ടികളെ രക്ഷപ്പെടുത്തിയത് പോലെയുള്ള പദ്ധതികൾ ആസൂത്രണം ചെയ്തും പ്രസ്തുത ജില്ലയിൽ വീട്ടുവേലയ്ക്ക് നിൽക്കുന്നവർക്ക് രജിസ്ട്രേഷൻ ഉൾപ്പെടെയുള്ള ക്ഷേമപദ്ധതികൾ ആസൂത്രണം ചെയ്തും പീഡനങ്ങൾക്കിരയാകുന്ന പാവപ്പെട്ടവരെ സംരക്ഷിക്കാൻ നടപടികൾ ഉണ്ടാകുമോ?

<u>ഉത്തരം</u>

(എ) ലഭ്യമല്ല.

(ബി) ഇത്തരം വിഷമ സാഹചര്യങ്ങളിൽ കഴിയുന്ന പെൺകുട്ടികളുടെ സംരക്ഷണത്തിനായി സംസ്ഥാനത്ത് ചിൽഡ്രൻസ് ഹോമുകൾ പ്രവർത്തിക്കുന്നു. ചൈൽഡ് വെൽഫെയർ കമ്മിറ്റികൾ മുഖേനയാണ് ചിൽഡ്രൻസ് ഹോമുകളിൽ കുട്ടികളെ പ്രവേശിപ്പിക്കുന്നത്. സംസ്ഥാനത്ത് നാല് ചിൽഡ്രൻസ് ഹോമുകൾ പെൺകുട്ടികൾക്കായി പ്രവർത്തിക്കുന്നു.

(സി) ബാലവേലയ്ക്ക് നിയോഗിക്കപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടാൽ സർക്കാർ കർശന നടപടി സ്വീകരിക്കുന്നതാണ്. വീട്ടുജോലി ചെയ്യുന്ന അസംഘടിതരായ തൊഴിലാളികളുടെ ക്ഷേമം ഉദ്ദേശിച്ച് 2011-ൽ കേരള ഗാർഹിക തൊഴിലാളി ക്ഷേമനിധി പദ്ധതി രൂപീകരിച്ചിട്ടുണ്ട്. ടി തൊഴിലാളികൾക്ക് പ്രസ്തുത പദ്ധതിയിൽ അംഗത്വം എടുക്കാവുന്നതാണ്.

---

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

**കൊഴിഞ്ഞാമ്പാറ ഐ.ടി.ഐ. യുടെ പ്രവർത്തനം**

173 (4729) ശ്രീ. കെ. കൃഷ്ണൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊഴിഞ്ഞാമ്പാറ ഐ.റ്റി.ഐ. യുടെ പ്രവർത്തനം താൽക്കാലിക അധ്യാപകരെ ഉപയോഗിച്ചാണ് നടന്നുവരുന്നത് എന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവിടെ പുതുതായി തസ്തികകൾ സൃഷ്ടിക്കുന്നതിനും അധ്യാപകരെയും മറ്റ് മിനിസ്റ്റീരിയൽ സ്റ്റാഫിനെയും നിയമിക്കുന്നതിനും എന്തൊക്കെ നടപടികളാണ് ഇന്നേവരെ സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

ഉത്തരം

(എ) ഉണ്ട്.

(ബി) കൊഴിഞ്ഞാമ്പാറ ഐ.ടി.ഐ.യിൽ ആവശ്യം വേണ്ട തസ്തികകൾ അനുവദിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

**പാരിപ്പള്ളി ഇ.എസ്.ഐ. മെഡിക്കൽ കോളേജ്**

174 (4730) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം പാരിപ്പള്ളി ഇ.എസ്.ഐ. മെഡിക്കൽ കോളേജിന്റെ പരിധി എവിടെവരെയാണ്; ഇ.എസ്.ഐ. മെഡിക്കൽ കോളേജുകൾക്ക് ഭൂമിശാസ്ത്രപരമായ പരിധി നിലവിലുണ്ടോ;

(ബി) ഈ പരിധിക്കകത്ത് മറ്റേതെങ്കിലും ഇ.എസ്.ഐ. മെഡിക്കൽ കോളേജ് ആരംഭിക്കുവാൻ മുൻസർക്കാർ ഔദ്യോഗികമായി നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ ഔദ്യോഗിക രേഖകളുടെ പകർപ്പ് ലഭ്യമാക്കുമോ; സ്വീകരിച്ച നടപടികളുടെയും, കേന്ദ്ര സർക്കാരിൽനിന്നും ലഭിച്ച അനുവാദത്തിന്റെയും പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) ഇ.എസ്.ഐ.മെഡിക്കൽ കോളേജുകൾക്ക് ഭൂമിശാസ്ത്രപരമായ പരിധി നിലവിലില്ല. പാരിപ്പള്ളി മെഡിക്കൽ കോളേജ് ഇപ്പോൾ മെഡിക്കൽ എഡ്യൂക്കേഷൻ വകുപ്പിന് കൈമാറിയിട്ടുണ്ട്.

മുൻസർക്കാരിന്റെ സമയത്ത് 19-9-2013-ന് ചേർന്ന ഇ.എസ്.ഐ. കോർപ്പറേഷന്റെ 160-ാമത് യോഗം മാവേലിക്കരയിൽ ഒരു മെഡിക്കൽ കോളേജ് ആരംഭിക്കുന്നതിന് തീരുമാനമെടുത്തിരുന്നു. എന്നാൽ ഇതുസംബന്ധിച്ച ഉത്തരവുകളൊന്നും പിന്നീട് കേന്ദ്ര സർക്കാരിൽനിന്നും ലഭിച്ചിട്ടില്ല.

മാവേലിക്കരയിൽ ഇ.എസ്.ഐ. മെഡിക്കൽ കോളേജ് ആരംഭിക്കുന്നതിനായി ഏകദേശം 30 ഏക്കർ സ്ഥലം ഏറ്റെടുത്ത് നൽകണമെന്ന് മുൻ കേന്ദ്രതൊഴിൽ വകുപ്പുമന്ത്രി 13-11-2013-ൽ സംസ്ഥാന സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു. (കത്തിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.*) സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സംസ്ഥാന സർക്കാർ ആരംഭിച്ചിരുന്നു. എന്നാൽ പിന്നീട് ഇ.എസ്.ഐ. കോർപ്പറേഷൻ മെഡിക്കൽ വിദ്യാഭ്യാസ രംഗത്തുനിന്നും പിൻവാങ്ങാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല.

**കേരള ലഹരിവർജ്ജന മിഷൻ**

175 (4731) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മദ്യം, മയക്കുമരുന്ന്, പുകയില എന്നിവയ്ക്കെതിരെയുള്ള ബോധവൽക്കരണത്തിന് 'വിമുക്തി' എന്ന പേരിൽ കേരള ലഹരി വർജ്ജന മിഷൻ രൂപീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

കേരള സംസ്ഥാന ലഹരിവർജ്ജന മിഷൻ, "വിമുക്തി" ജി.ഒ. (എം.എസ്) നമ്പർ 94/2016/റ്റി.ഡി. 6-10-2016 തീയതിയിലെ സർക്കാർ ഉത്തരവ് പ്രകാരം രൂപീകരിച്ചിട്ടുണ്ട്.

യുവജനങ്ങളും വിദ്യാർത്ഥികളും ഉൾപ്പെടെയുള്ളവരിൽ ലഹരി ഉപയോഗത്തിന്റെ ദൂഷ്യവശങ്ങൾ ബോദ്ധ്യപ്പെടുത്തി വ്യാപകമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക എന്നുള്ളതാണ് കേരള സംസ്ഥാന ലഹരിവർജ്ജന മിഷന്റെ പരമപ്രധാനമായ ലക്ഷ്യം. സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്, സ്കൂൾ-കോളേജ് ലഹരിവിരുദ്ധ ക്ലബ്ബുകൾ, എൻ.എസ്.എസ്., കുടുംബശ്രീ, സംസ്ഥാന ലൈബ്രറി കൗൺസിൽ, മദ്യവർജ്ജന സമിതികളടക്കമുള്ള സന്നദ്ധസംഘടനകൾ, വിദ്യാർത്ഥി-യുവജന-മഹിളാ സംഘടനകൾ എന്നിവരുടെ പങ്കാളിത്തത്തോടുകൂടി ലഹരിവിമുക്ത കേരളം കെട്ടിപ്പടുക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചെയർമാനായ മിഷന്റെ ഗവേണിംഗ് ബോഡിയിൽ ബഹുമാനപ്പെട്ട എക്സൈസ് വകുപ്പുമന്ത്രി വൈസ് ചെയർമാനും നികുതി വകുപ്പ് സെക്രട്ടറി കൺവീനറുമാണ്. ബഹുമാനപ്പെട്ട എക്സൈസ് വകുപ്പ് മന്ത്രി ചെയർമാനായും എക്സൈസ് കമ്മീഷണർ കൺവീനറായും ഒരു എക്സിക്യൂട്ടീവ് കമ്മിറ്റിയും ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായും ജില്ലാ കളക്ടർ കൺവീനറായും ജിലാതല എക്സിക്യൂട്ടീവ് കമ്മിറ്റിയും മിഷന് ഉണ്ടായിരിക്കും. തദ്ദേശ സ്വയംഭരണ സ്ഥാപനതലം, വാർഡ്തലം, ഭരണതലം - സ്റ്റേറ്റ് ഭരണതലം- ജില്ലാതലം എന്നീ ഘടനകൾ കൂടി ഉണ്ടായിരിക്കുന്നതുമാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ലഹരി വർജ്ജന മിഷന്റെ മാർഗ്ഗരേഖ പ്രകാരമുള്ള പ്രവർത്തനങ്ങൾ, ഓഫീസ് സംവിധാനം ആരംഭിക്കൽ, മറ്റ് ഭരണതല ചെലവുകൾ എന്നിവ കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷനിലൂടെ വിൽപ്പന നടത്തുന്ന മദ്യത്തിന്മേൽ ഏർപ്പെടുത്തിയ 5 ശതമാനം പുനരധിവാസ സെസ് ഇനത്തിൽ സമാഹരിക്കുന്ന തുകയിൽ നിന്നും കണ്ടെത്തുന്നതാണ്. വിമുക്തിയുടെ സംസ്ഥാനതല ഉദ്ഘാടനം 2016 നവംബർ മാസത്തിൽ നടത്തുവാൻ ഉദ്ദേശിക്കുന്നു.

**മദ്യ ഉപഭോഗം കുറയ്ക്കാൻ കാംപയിനുകൾ**

176 (4732) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മദ്യവർജ്ജനത്തിലൂടെ മദ്യത്തിന്റെ ഉപഭോഗം കുറയ്ക്കുവാൻ ലക്ഷ്യമിട്ട് സംഘടിപ്പിക്കുന്ന കാംപയിനുകളിലൂടെ മദ്യ ഉപഭോഗം എത്ര ശതമാനം കുറയ്ക്കുവാൻ കഴിയുമെന്നാണ് വിലയിരുത്തിയിട്ടുള്ളതെന്ന് അറിയിക്കുമോ?

ഉത്തരം

മദ്യവർജ്ജനത്തിലൂടെ മദ്യത്തിന്റെ ഉപഭോഗം എത്ര ശതമാനം കുറയ്ക്കുവാൻ കഴിയുമെന്ന് വിലയിരുത്തിയിട്ടില്ല. എന്നാൽ മദ്യവർജ്ജനത്തിലൂടെ മദ്യത്തിന്റെ ഉപഭോഗം കുറയ്ക്കാൻ ലക്ഷ്യമിട്ട് 6-10-2016-ലെ സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 94/2016/നി.വ. പ്രകാരം ലഹരിവർജ്ജന മിഷൻ, "വിമുക്തി" എന്ന പദ്ധതിക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ട്.

**കള്ള് വ്യവസായ രംഗം നേരിടുന്ന തകർച്ച**

177 (4733) ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. ആർ. രാമചന്ദ്രൻ :
ശ്രീ. വി. ആർ. സുനിൽ കുമാർ :
ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കള്ള് വ്യവസായരംഗം നേരിടുന്ന തകർച്ച വിലയിരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ കാരണങ്ങൾ വിശദമാക്കുമോ;

(ബി) വ്യാജ കള്ള് വില്പന നടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിനെതിരെ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) കള്ള് ഷാപ്പുകൾക്ക് ഗ്രേഡിംഗ് നല്കി ആധുനികവല്ക്കരണം നടത്തുന്നതിന് തയ്യാറാകുമോ;

(ഡി) വിനോദസഞ്ചാരികൾ കൂടുതലായി എത്തുന്ന സ്ഥലങ്ങളിൽ ശുദ്ധമായ കള്ള് വില്ക്കുന്നതിന് സൗകര്യം ഏർപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) പരമ്പരാഗത വ്യവസായം എന്ന തരത്തിൽ കള്ള് ചെത്ത് വ്യവസായത്തെ കഴിയുന്നത്ര പരിപോഷിപ്പിക്കുക എന്നതാണ് സർക്കാർ നയം. സംസ്ഥാനത്തെ ആകെയുള്ള 5185 കള്ള് ഷാപ്പുകളിൽ 308 കള്ള് ഷാപ്പുകൾ മാത്രമാണ് 2014-17 വർഷത്തേയ്ക്ക് ഇനിയും വിൽപ്പനയിൽ പോകാത്തത്. കള്ള് ഷാപ്പുകൾ നടത്തിക്കൊണ്ടുപോകുന്നതിന് നിശ്ചിത എല്ലുകയ്ക്കുള്ളിൽ സൗകര്യപ്രദമായ കെട്ടിടം ലഭിക്കാത്തതാണ് ടി കള്ള് ഷാപ്പുകൾ വിൽപ്പനയിൽ പോകാത്തതിനുള്ള പ്രധാനപ്പെട്ട കാരണം. നിശ്ചിത കള്ള് ഷാപ്പിന്റെ പരിധിയിൽ ചെത്ത് വൃക്ഷങ്ങൾ കിട്ടാത്തതും പരിചയസമ്പന്നരായ ചെത്തുകാരുടെ കുറവും ടി മേഖലയുടെ വളർച്ചയ്ക്ക് പ്രധാനപ്പെട്ട തടസ്സം തന്നെയാണ്.

(ബി) ഉണ്ട്. സംസ്ഥാനത്ത് വ്യാജകള്ള് വിൽപ്പനയ്ക്കെതിരെ എക്സൈസ് വകുപ്പ് ശക്തമായ നടപടികളാണ് സ്വീകരിച്ചുവരുന്നത്. നിരന്തരമായ കള്ള് ഷാപ്പ് പരിശോധനയിലൂടെയും രഹസ്യാന്വേഷണത്തിലൂടെയും കള്ള് ഷാപ്പുകളിലൂടെ വ്യാജ കള്ള് വിൽക്കുന്നില്ലായെന്ന് ഉറപ്പുവരുത്തുന്നതിന് ശ്രമിക്കുന്നുണ്ടെങ്കിലും സംസ്ഥാനത്ത് ചില കള്ള് ഷാപ്പുകളിൽ നിന്ന് രാസപരിശോധനയ്ക്ക് ശേഖരിച്ച കള്ളിൽ ഈഥൈൽ ആൽക്കഹോളിന്റെ അളവ് നിയമാനുസരണം ഉള്ളതിനെക്കാൾ കൂടുകയോ സ്റ്റാർച്ച്, സാക്രീൻ പോലുള്ള അന്യപദാർത്ഥങ്ങൾ ചേർക്കുകയോ ചെയ്തതായി കണ്ടെത്തിയിട്ടുണ്ട്. അത്തരത്തിൽ കണ്ടെത്തുന്ന ഷാപ്പുകളുടെ ലൈസൻസ് റദ്ദ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുകയും ലൈസൻസിക്കെതിരെ കഠിനമായ ശിക്ഷ ലഭിക്കുന്ന തരത്തിലുള്ള വകുപ്പുകൾ ചേർത്തുള്ള കേസ്സുകൾ രജിസ്റ്റർ ചെയ്യുകയും ചെയ്തുവരുന്നു.

(സി) നിലവിലുള്ള ഓരോ എക്സൈസ് റെയിഞ്ചിന്റെ പരിധിയിലും സർക്കാർ നിശ്ചയിച്ച പ്രകാരമുള്ള ആധുനിക സൗകര്യങ്ങളേർപ്പെടുത്തിക്കൊണ്ടുള്ള ഒരു കള്ള് ഷാപ്പിനെ മാതൃക കള്ള് ഷാപ്പായി വിജ്ഞാപനം ചെയ്തിട്ടുണ്ട്.

(ഡി) വിനോദസഞ്ചാര മേഖലകളിൽ ആധുനിക സൗകര്യങ്ങളോടുകൂടിയ കള്ള് ഷാപ്പുകളിൽ കൂടി ശുദ്ധമായ കള്ള് വിൽക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## ലഹരിവസ്തുക്കളുടെ ലഭ്യതയും ഉപയോഗവും

178 (4734) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലഹരിവസ്തുക്കളുടെ ലഭ്യതയും ഉപയോഗവും നിയന്ത്രിക്കുവാൻ ഇപ്പോൾ എക്സൈസ് വകുപ്പ് നടപ്പിലാക്കുന്ന പരിപാടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; ലഹരിവസ്തുക്കളുടെ ലഭ്യതയും ഉപയോഗവും പൂർണ്ണമായി നിയന്ത്രിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ലഹരി വസ്തുക്കൾ നിയന്ത്രിക്കുന്നതിന് നിലവിലുള്ള ചട്ടങ്ങൾ പരിഷ്കരിക്കുമോയെന്ന് വ്യക്തമാക്കുമോ;

(സി) ഇക്കാര്യത്തിൽ യുവാക്കൾക്ക് ആവശ്യമായ ബോധവൽക്കരണം നൽകുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) ഇത് സംബന്ധിച്ച് എക്സൈസ് വകുപ്പ് നേരിടുന്ന പ്രശ്നങ്ങൾ എന്തെല്ലാമാണ്; അവ പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) സംസ്ഥാനത്ത് വ്യാജമദ്യം, സ്പിരിറ്റ്, മയക്കുമരുന്ന് എന്നിവയുടെ ഉൽപ്പാദനം, വിപണനം, കടത്ത് എന്നിവ തടയുന്നതിന് എക്സൈസ് വകുപ്പ് ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളാണ് നടത്തി വരുന്നത്. നിലവിൽ മദ്യ-മയക്കുമരുന്ന് വ്യാപനം തടയുന്നതിനായി എക്സൈസ് ഷാഡോ സംവിധാനം ഉൾപ്പെടെയുള്ള പ്രവർത്തനങ്ങളിലൂടെ എൻഫോഴ്സ്മെന്റ് ശക്തമാക്കിയിട്ടുണ്ട്. എക്സൈസ് കമ്മീഷണറുടെ നേതൃത്വത്തിലുള്ള സ്ക്വാഡും കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു. അന്യസംസ്ഥാനങ്ങളിൽ നിന്നും അനധികൃതമദ്യവും ലഹരി പദാർത്ഥങ്ങളും സംസ്ഥാനത്തേയ്ക്ക് കടത്തിക്കൊണ്ടുവരുന്നത് തടയുന്നതിനായി എക്സൈസ് ചെക്ക്പോസ്റ്റുകളുടെ പ്രവർത്തനവും അതിർത്തി പ്രദേശങ്ങളിൽ ബോർഡർ പട്രോളിംഗ് യൂണിറ്റുകളുടെ പ്രവർത്തനവും ശക്തിപ്പെടുത്തിയിട്ടുണ്ട്. ട്രെയിൻ മുഖാന്തിരമുള്ള മദ്യത്തിന്റെയും ലഹരിവസ്തുക്കളുടെയും കടത്ത് തടയുന്നതിന് പോലീസ്, റെയിൽവേ, ആർ.പി.എഫ്., വിഭാഗങ്ങളുമായി സഹകരിച്ച് കർശനമായ പരിശോധനകൾ നടത്തുന്നുണ്ട്. ലൈസൻസ് സ്ഥാപനങ്ങളിൽ കൃത്യമായ ഇടവേളകളിൽ പരിശോധനകൾ നടത്തുകയും സാമ്പിളുകൾ ശേഖരിച്ച് രാസപരിശോധനയ്ക്ക് വിധേയമാക്കുകയും ചെയ്യുന്നുണ്ട്. ഈ നടപടികൾമൂലം ലൈസൻസ് സ്ഥാപനങ്ങളിൽ അനധികൃതമദ്യം വിൽക്കുന്നില്ലായെന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നുണ്ട്. ഡ്രഗ്സ് കൺട്രോൾ വകുപ്പുമായി ചേർന്ന് മെഡിക്കൽ സ്റ്റോറുകളിൽ പരിശോധന നടത്തുകയും ലഹരിക്കായി ദുരുപയോഗം ചെയ്യപ്പെടുന്ന മരുന്നുകളുടെ അനധികൃത വിൽപ്പന തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നുണ്ട്.

വ്യാജമദ്യം, മയക്കുമരുന്നുകൾ, പുകയില ഉൽപ്പന്നങ്ങൾ മുതലായവയുടെ ഉൽപ്പാദനം, കടത്ത്, വിപണനം, വിൽപ്പന, ഉപഭോഗം തുടങ്ങിയ അബ്കാരി എൻ.ഡി.പി.എസ്./എം.&റ്റി.പി./കോട്പ കുറ്റകൃത്യങ്ങൾ സംബന്ധിച്ച വിവരങ്ങളും പരാതികളും പൊതുജനങ്ങളിൽ നിന്നും സോഷ്യൽ മീഡിയ അടക്കമുള്ള വിവിധ മാർഗ്ഗങ്ങളിലൂടെ സ്വീകരിച്ച് സമയബന്ധിതമായി നടപടികൾ കൈക്കൊള്ളുന്നുണ്ട്. ശക്തമായ ബോധവൽക്കരണ പ്രവർത്തനങ്ങളിലൂടെ പൊതുജനങ്ങളിൽ മദ്യത്തിനും മയക്കുമരുന്നിനും എതിരായി അവബോധം ഉണ്ടാക്കുകയും മേൽപ്രകാരം പ്രവർത്തനങ്ങളിൽ പൊതുജനങ്ങളുടെ സഹകരണം ഉറപ്പുവരുത്തുകയും ചെയ്യുന്നുണ്ട്. അയൽ സംസ്ഥാനങ്ങളിൽ എൻഫോഴ്സ്മെന്റ് ഏജൻസികളുമായി ചേർന്ന് അതിർത്തി പ്രദേശങ്ങളിൽ പരിശോധനകൾ നടത്തി വരുന്നു. സംസ്ഥാനത്തിനകത്ത് പോലീസ്, ഫോറസ്റ്റ്, റവന്യൂ വകുപ്പുകളുമായി ചേർന്ന് സംയുക്ത റെയ്ഡുകൾ സംഘടിപ്പിച്ചുവരുന്നു.

(ബി) കഞ്ചാവ് അടക്കമുള്ള മയക്കുമരുന്നുകൾ വിൽപ്പന നടത്തുന്നവർക്കെതിരെ എൻ.ഡി.പി.എസ്. ആക്ട് പ്രകാരവും പുകയില ഉൽപ്പന്നങ്ങൾ വിൽപ്പന നടത്തുന്നവർക്കെതിരെ കോട്പ ആക്ട് പ്രകാരവുമാണ് എക്സൈസ് വകുപ്പ് നിലവിൽ കേസുകൾ രജിസ്റ്റർ ചെയ്ത് നിയമനടപടികൾ സ്വീകരിക്കുന്നത്. പ്രസ്തുത നിയമങ്ങൾ കേന്ദ്രനിയമങ്ങളാണ്. നിലവിലെ എൻ.ഡി.പി.എസ്. നിയമപ്രകാരം 999 ഗ്രാം വരെ കഞ്ചാവ് കൈവശം വച്ച് കൈകാര്യം ചെയ്യുന്ന കുറ്റവാളികളെ കോടതിയിൽ ഹാജരാക്കുമ്പോൾ തന്നെ ജാമ്യം കിട്ടുന്ന നിയമ വ്യവസ്ഥയാണുള്ളത്. ഇത്തരം പ്രതികൾക്ക് ലഭിക്കാവുന്ന ശിക്ഷ ആറ് മാസം വരെ കഠിനതടവോ പതിനായിരം രൂപ വരെ പിഴയോ രണ്ടും കൂടിയോ ആണ്. ഇത്തരത്തിലുള്ള കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവർക്കുള്ള ടി ശിക്ഷ തുലോം കുറവായതിനാൽ, കുറ്റകൃത്യങ്ങൾ കൂടി വരുന്ന സാഹചര്യത്തിൽ കേന്ദ്രനിയമമായ എൻ.ഡി.പി.എസ്. ആക്ട് 1985-ൽ ചില നിർണ്ണായക ഭേദഗതികൾ വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് കേന്ദ്ര സർക്കാരിലേയ്ക്ക് ശിപാർശ സമർപ്പിച്ചിട്ടുണ്ട്.

(സി) മയക്കുമരുന്നുകളുടെയും മദ്യത്തിന്റെയും മറ്റ് ലഹരിവസ്തുക്കളുടെയും ഉപയോഗം മൂലമുണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങളെ സംബന്ധിച്ച് പൊതുജനങ്ങളിൽ, പ്രത്യേകിച്ച് യുവജനങ്ങൾക്കും വിദ്യാർത്ഥികൾക്കും ഇടയിൽ അവബോധം ഉണ്ടാക്കുന്നതിന് ശക്തമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ സംസ്ഥാനതലത്തിൽ എക്സൈസ് വകുപ്പ് നടപ്പിലാക്കി വരുന്നു. സ്കൂൾ-കോളേജ് വിദ്യാർത്ഥികൾക്ക് ലഹരിവസ്തുക്കളുടെ ദൂഷ്യവശങ്ങളെക്കുറിച്ച് അവബോധം വളർത്തുന്നതിന് എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ലഹരിവിരുദ്ധ ക്ലബ്ബുകൾ

രൂപീകരിച്ച് പ്രചാരണം നടത്തിവരുന്നു. അതോടൊപ്പം ലഹരിവിരുദ്ധ ആശയങ്ങൾ അടങ്ങിയ ഹ്രസ്വചിത്രങ്ങൾ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും പ്രദർശനം നടത്തുകയും ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുകയും ചെയ്യുന്നു. വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും രക്ഷിതാക്കൾക്കും മദ്യത്തിന്റെയും ലഹരി വസ്തുക്കളുടെയും വിൽപ്പന, ഉപഭോഗം തുടങ്ങിയവ സംബന്ധിച്ച പരാതികളും വിവരങ്ങളും വകുപ്പിന് കൈമാറുന്നതിനായി വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പരാതിപ്പെട്ടികൾ സ്ഥാപിച്ചിട്ടുള്ളതും സംസ്ഥാനത്തെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിക്കുന്നതിനും പരാതിപ്പെട്ടികൾ സ്ഥാപിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എക്സൈസ് കമ്മീഷണർ ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥർ സ്കൂളുകളിലും കോളേജുകളിലും ഈ വിഷയത്തിൽ ബോധവൽക്കരണ ക്ലാസ്സുകൾ എടുക്കുന്നുണ്ട്. എക്സൈസ് കമ്മീഷണർ ഇതിനോടകം നൂറിലധികം കോളേജുകളിലും സ്കൂളുകളിലും നേരിട്ട് വിദ്യാർത്ഥികൾക്ക് ക്ലാസ്സുകൾ എടുത്തിട്ടുണ്ട്. സ്കൂളുകളിലെ പ്രധാനാദ്ധ്യാപകർ, കോളേജ് പ്രിൻസിപ്പൽമാർ, പി.റ്റി.എ. പ്രസിഡന്റുമാർ തുടങ്ങിയവരും മറ്റ് അദ്ധ്യാപകരുമായി എക്സൈസ് കമ്മീഷണർ നേരിട്ട് ബന്ധപ്പെട്ട് ആവശ്യമായ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നുണ്ട്.

(ഡി) കഞ്ചാവ് അടക്കമുള്ള ലഹരിവസ്തുക്കൾ വിപണനം ചെയ്യുന്നവർക്കെതിരായി കേന്ദ്രനിയമമായ എൻ.ഡി.പി.എസ്. ആക്ട് 1985 പ്രകാരം 999 ഗ്രാം വരെ കഞ്ചാവ് കൈവശം വച്ച് കൈകാര്യം ചെയ്യുന്ന കുറ്റവാളികളെ കോടതിയിൽ ഹാജരാക്കുമ്പോൾതന്നെ ജാമ്യം കിട്ടുന്ന നിയമവ്യവസ്ഥയാണുള്ളത്. ഇത്തരം പ്രതികൾക്ക് ലഭിക്കാവുന്ന പരമാവധി ശിക്ഷ ആറ് മാസം വരെ കഠിന തടവോ പതിനായിരം രൂപ വരെ പിഴയോ രണ്ടും കൂടിയോ ആണ്. ഇത്തരത്തിലുള്ള കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവർക്കുള്ള ടി ശിക്ഷ തുലോം കുറവായതിനാൽ, കുറ്റകൃത്യങ്ങൾ കൂടി വരുന്ന സാഹചര്യത്തിൽ കേന്ദ്രനിയമമായ എൻ.ഡി.പി.എസ്. ആക്ട് 1985-ൽ ചില നിർണ്ണായക ഭേദഗതികൾ വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് കേന്ദ്ര സർക്കാരിലേക്ക് സംസ്ഥാന സർക്കാർ ശിപാർശ സമർപ്പിച്ചിട്ടുണ്ട്. പുകയില ഉൽപ്പന്നങ്ങൾ വിൽപ്പന നടത്തുന്നവർക്കെതിരെ കേന്ദ്രനിയമമായ കോട്പ ആക്ട് പ്രകാരമാണ് എക്സൈസ് വകുപ്പ് നിലവിൽ കേസ്സുകൾ രജിസ്റ്റർ ചെയ്യുന്നത്. പ്രസ്തുത നിയമപ്രകാരം ടി കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്ന കൂടുതൽ ആളുകൾക്കും 200 രൂപ പിഴ ശിക്ഷ മാത്രമാണ് ലഭിക്കുന്നത്. കൂടാതെ എക്സൈസ് വകുപ്പിലെ പരിമിതമായ അംഗബലവും വകുപ്പിന്റെ ഫലപ്രദവും സുഗമവുമായ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്നുണ്ട്.

## മദ്യ ഉപയോഗത്തിൽ നിന്ന് വിട്ടുനിൽക്കുവാൻ അവയർനസ് മിഷൻ

179 (4735) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനങ്ങളിൽ മദ്യ ഉപയോഗം നിരുത്സാഹപ്പെടുത്തുന്നതിനും, മയക്കുമരുന്ന് വിരുദ്ധ പ്രവർത്തനങ്ങൾ സംബന്ധിച്ച് അവബോധം ശക്തിപ്പെടുത്തുന്നതിനും വേണ്ടി ഒരു അവയർനസ് മിഷൻ രൂപീകരിക്കുവാൻ നടപടി സ്വീകരിക്കുമെന്ന് 24-6-2014-ലെ ബഹു, ഗവർണറുടെ പ്രസംഗത്തിൽ പ്രസ്താവിച്ചതിന്റെ അടിസ്ഥാനത്തിൽ ഇതിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്നും എന്തൊക്കെ നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്നും വിശദമാക്കുമോ;

(ബി) തൃശ്ശൂരിലെ എക്സൈസ് അക്കാദമി ആന്റ് റിസർച്ച് സെന്റർ, നാഷണൽ അക്കാദമി ആക്കി ഉയർത്തുന്ന നടപടികൾ ഏത് ഘട്ടം വരെയായി എന്ന് വിവരിക്കുമോ?

ഉത്തരം

(എ) 2016-17-ലെ ഗവർണറുടെ നയപ്രഖ്യാപനത്തിലും സർക്കാരിന്റെ പുതുക്കിയ ബജറ്റ് പ്രസംഗത്തിലും സമൂഹത്തിന്റെ എല്ലാ മേഖലകളിലും വ്യാപരിക്കുന്ന വിപത്തായി മാറിയിട്ടുള്ള മദ്യം, മയക്കുമരുന്ന്, പുകയില എന്നിവയുടെ ഉപഭോഗത്തിനെതിരെയുള്ള അതിശക്തമായ പ്രചരണപ്രവർത്തനങ്ങൾ സംഘടിപ്പിക്കുവാനും നിയമവിരുദ്ധ ലഹരി വസ്തുക്കളുടെ ശേഖരണം, കടത്തൽ എന്നിവയുടെ ഉറവിടം കണ്ടെത്തി അവ ഇല്ലായ്മ ചെയ്യുന്നതിനുമായി ബഹുജനപങ്കാളിത്തത്തോടുകൂടി ഒരു ബോധവൽക്കരണ മിഷന് രൂപം നൽകുമെന്ന് സൂചിപ്പിച്ചിരുന്നു. സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്, സ്കൂൾ-കോളേജ് ലഹരിവിരുദ്ധ ക്ലബ്ബുകൾ, എൻ.എസ്.എസ്., കുടുംബശ്രീ, സംസ്ഥാന ലൈബ്രറി കൗൺസിൽ, മദ്യവർജ്ജന സമിതികളടക്കമുള്ള സന്നദ്ധ സംഘടനകൾ, വിദ്യാർത്ഥി-യുവജന-മഹിളാ സംഘടനകൾ എന്നിവരുടെ പങ്കാളിത്തത്തോടുകൂടി ലഹരിവിമുക്ത കേരളം എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുവാൻ കേരള സംസ്ഥാന ലഹരിവർജ്ജന മിഷൻ "വിമുക്തി" ജി.ഒ. (എം.എസ്) 94/2016/റ്റി.ഡി. 6-10-2016 തീയതിയിലെ സർക്കാർ ഉത്തരവ് പ്രകാരം രൂപീകരിച്ചിട്ടുണ്ട്.

യുവജനങ്ങളേയും വിദ്യാർത്ഥികളേയും ലഹരി ഉപയോഗത്തിന്റെ ദൂഷ്യവശങ്ങൾ ബോധ്യപ്പെടുത്തി വ്യാപകമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക എന്നുള്ളതാണ് കേരള സംസ്ഥാന ലഹരിവർജ്ജന മിഷന്റെ പരമപ്രധാനമായ

ലക്ഷ്യം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചെയർമാനായ മേൽ മിഷന്റെ ഗവേണിംഗ് ബോഡിയിൽ ബഹുമാനപ്പെട്ട എക്സൈസ് വകുപ്പുമന്ത്രി വൈസ് ചെയർമാനും നികുതി വകുപ്പ് സെക്രട്ടറി കൺവീനറുമാണ്. ബഹുമാനപ്പെട്ട എക്സൈസ് വകുപ്പുമന്ത്രി ചെയർമാനായും എക്സൈസ് കമ്മീഷണർ കൺവീനറായും ഒരു എക്സിക്യൂട്ടീവ് കമ്മിറ്റിയും ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായും ജില്ലാ കളക്ടർ കൺവീനറായും ജില്ലാതല എക്സിക്യൂട്ടീവ് കമ്മിറ്റിയും തദ്ദേശ സ്വയംഭരണ സ്ഥാപനതലം, വാർഡ്തലം, ഭരണതലം - സ്റ്റേറ്റ് ഭരണതലം - ജില്ലാതലം എന്നീ ഘടനകളും "വിമുക്തി" -ക്ക് ഉണ്ടായിരിക്കുന്നതാണ്.

ലഹരിവർജ്ജന മിഷന്റെ മാർഗ്ഗരേഖ പ്രകാരമുള്ള പ്രവർത്തനങ്ങൾ, ഓഫീസ് സംവിധാനം ആരംഭിക്കൽ, മറ്റ് ഭരണതല ചെലവുകൾ എന്നിവ കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷനിലൂടെ വിൽപ്പന നടത്തുന്ന മദ്യത്തിന്മേൽ ഏർപ്പെടുത്തിയ അഞ്ച് ശതമാനം പുനരധിവാസ സെസ് ഇനത്തിൽ സമാഹരിക്കുന്ന തുകയിൽ നിന്നും കണ്ടെത്തുന്നതാണ്. വിമുക്തിയുടെ സംസ്ഥാനതല ഉദ്ഘാടനം 2016 നവംബർ മാസത്തിൽ നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) തൃശ്ശൂരിലെ എക്സൈസ് അക്കാദമി ആന്റ് റിസർച്ച് സെന്ററിനെ നാഷണൽ അക്കാദമി ആക്കി ഉയർത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരികയാണ്.

1. എക്സൈസ് അക്കാദമിയുടെ വികസനത്തിനായി അക്കാദമിയോട് ചേർന്ന് കിടക്കുന്ന 5 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.
2. എക്സൈസ് അക്കാദമിയിൽ ബെൽ ഓഫ് ആംസിന്റെ പണി പൂർത്തീകരിച്ചിട്ടുണ്ട്. 0.303 റൈഫിളുകൾ 122 എണ്ണം അനുവദിച്ച് കിട്ടിയിട്ടുണ്ട്.
3. ആധുനിക രീതിയിലുള്ള ക്ലാസ് റൂമുകളും കമ്പ്യൂട്ടർ ലാബും ലൈബ്രറിയും നിലവിലുണ്ട്.
4. വീഡിയോ കോൺഫറൻസിംഗ് റൂം സജ്ജമാക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.
5. നീന്തൽക്കുളത്തിന്റെ പണി പുരോഗമിച്ചുവരുന്നു.
6. ഫയറിംഗ് ബട്ട് നിർമ്മാണത്തിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.
7. എക്സൈസ് അക്കാദമിയിലെ ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനായി നടപടികൾ കൈക്കൊണ്ടുവരുന്നുണ്ട്.

**വനിതാ സിവിൽ എക്സൈസ് ഓഫീസർമാരുടെ ഒഴിവുകൾ**

180 (4736) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ എക്സൈസ് വകുപ്പിൽ വനിതാ സിവിൽ എക്സൈസ് ഓഫീസർമാരുടെ ആകെ എത്ര ഒഴിവുകളുണ്ടെന്ന് അറിയിക്കാമോ;

(ബി) നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്നും ഇതേവരെ എത്രപേർക്ക് നിയമനം നൽകിയെന്ന് വ്യക്തമാക്കാമോ;

(സി) തസ്തിക നിർണ്ണയത്തിന്റെ മാനദണ്ഡം എന്തെന്ന് വ്യക്തമാക്കാമോ;

(ഡി) അതിർത്തി ജില്ലയായതിനാൽ പാലക്കാട് ജില്ലയിൽ കൂടുതൽ വനിതാ സിവിൽ എക്സൈസ് ഓഫീസർമാരുടെ തസ്തികകൾ അനുവദിക്കുന്ന കാര്യം പരിഗണിക്കാമോ?

ഉത്തരം

(എ) പാലക്കാട് ജില്ലയിൽ എക്സൈസ് വകുപ്പിൽ വനിതാ സിവിൽ എക്സൈസ് ഓഫീസർമാരുടെ മൂന്ന് ഒഴിവുകൾ നിലവിലുണ്ട്.

(ബി) നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്നും ഇതുവരെ 6 പേർക്ക് നിയമനം നൽകിയിട്ടുണ്ട്.

(സി) എക്സൈസ് വകുപ്പിലെ ജോലിഭാരവും ഭരണപരമായ ആവശ്യകതയും സർക്കാരിന്റെ സാമ്പത്തിക സ്ഥിതിയും കണക്കിലെടുത്താണ് തസ്തിക നിർണ്ണയം നടത്താറുള്ളത്.

(ഡി) പരിശോധിക്കുന്നതാണ്.

**പുതിയ ബാറുകൾ**

181 (4737) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതിയ ബാറുകൾക്ക് അനുമതി നൽകിയിട്ടുണ്ടോ; ഏത് പദവിയിലുള്ള ബാറുകൾക്കാണ് അനുമതി നൽകിയതെന്ന് വിവരിക്കുമോ;

(ബി) അനുമതി നൽകിയിട്ടുണ്ടെങ്കിൽ പ്രസ്തുത ബാറുകളുടെ പേരു വിവരം ഉൾപ്പെടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) കോടതി ഉത്തരവിലൂടെ അനുമതി നേടിയ ബാറുകൾ ഏതൊക്കെ എന്ന് വിശദമാക്കുമോ;

(ഡി) പുതിയ ബാർ ലൈസൻസിനായി എത്ര അപേക്ഷകൾ നാളിതുവരെ ലഭിച്ചിട്ടുണ്ട്; ഇവ ഏതൊക്കെയെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. 5 സ്റ്റാർ പദവിയുള്ള ഒരു ഹോട്ടലിന്.

(ബി) ഹോട്ടൽ ഡ്യൂ ലാൻഡ്, കോടനാട്, എറണാകുളം.

(സി) ഈ സർക്കാർ അധികാരത്തിൽവന്നശേഷം അനുമതി നൽകിയിട്ടില്ല.

(ഡി) ഈ സർക്കാർ അധികാരമേറ്റശേഷം പുതിയ ബാർ ലൈസൻസിനായി ഒരു അപേക്ഷ ലഭിച്ചിട്ടുണ്ട്. ഹോട്ടൽ ബ്രന്റൺ ബോട്ട് യാർഡ്, എറണാകുളം.

## പുതിയ ബാറുകൾക്ക് ലൈസൻസ്

182 (4738) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതിയ ബാറുകൾക്ക് ലൈസൻസ് നൽകിയിട്ടുണ്ടോ;

(ബി) ബാർ ലൈസൻസ് ലഭിക്കുന്നതിന് എത്ര അപേക്ഷകൾ നിലവിലുണ്ട് എന്ന് അറിയിക്കാമോ; ഇക്കാര്യത്തിൽ നയം വ്യക്തമാക്കാമോ?

ഉത്തരം

(എ) 5 സ്റ്റാർ പദവിയുള്ള എറണാകുളത്തെ ഹോട്ടൽ ഡ്യൂ ലാൻഡിന് ബാർ ലൈസൻസിന് അനുമതി നൽകിയിട്ടുണ്ട്. ലൈസൻസ് നൽകുന്നതിനുള്ള നടപടിക്രമങ്ങൾ എക്സൈസ് കമ്മീഷണർ സ്വീകരിച്ചുവരുന്നു.

(ബി) പുതിയ ബാർ ലൈസൻസ് ലഭിക്കുന്നതിന് ഒരു അപേക്ഷ മാത്രമേ നിലവിലുള്ളൂ. ഹോട്ടൽ ബ്രന്റൺ ബോട്ട് യാർഡ്, എറണാകുളം. സർക്കാർ പുതിയ അബ്കാരി നയം താമസംവിനാ പ്രഖ്യാപിക്കുന്നതാണ്.

## സ്കൂൾ, കോളേജ് പരിസരങ്ങളിലെയും വിനോദസഞ്ചാര കേന്ദ്രങ്ങളിലെയും മയക്കുമരുന്ന് ലഭ്യത

183(T*4739) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

---

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(എ) സംസ്ഥാനത്ത് പലയിടങ്ങളിലും, വിശിഷ്യാ സ്കൂൾ, കോളേജ് പരിസരങ്ങൾ, വിനോദസഞ്ചാര കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ വർണ്ണാഭമായ പായ്ക്കറ്റുകളിലും ടിന്നുകളിലും ചെറിയ ട്യൂബുകളിലും വാനില, പിസ്ത, സ്റ്റോബറി, ബദാം തുടങ്ങിയ പേരുകളിൽ മയക്കുമരുന്ന് ചേർത്ത സാധനങ്ങൾ വിൽക്കപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇവ നിർമ്മിച്ച് പാക്കറ്റിലാക്കുന്ന സ്ഥലങ്ങളിലും വില്പന നടത്തുന്ന ഇടങ്ങളിലും ഉദ്യോഗസ്ഥർ എത്ര തവണ മിന്നൽ പരിശോധന നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; വിശദവിവരം ലഭ്യമാക്കുമോ;

(സി) അന്വേഷണ ഉദ്യോഗസ്ഥരുടെ അനാസ്ഥ, പ്രശ്നം ഗുരുതരമാക്കി തീർക്കുകയാണെന്ന ആക്ഷേപം പരിഗണിച്ച് ഇതിനെതിരെ എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) പരാതികളുടെയും രഹസ്യവിവരങ്ങളുടെയും അടിസ്ഥാനത്തിൽ വിവിധയിടങ്ങളിലായി നടത്തിയ 72 മിന്നൽ പരിശോധനകളിൽ നിയമലംഘനങ്ങൾ കണ്ടെത്തിയിട്ടില്ല.

(സി) അന്വേഷണ ഉദ്യോഗസ്ഥരുടെ അനാസ്ഥ പ്രശ്നം ഗുരുതരമാക്കി തീർക്കുകയാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## ബിവറേജസ് കോർപ്പറേഷന്റെ ചില്ലറ മദ്യവിൽപ്പനശാല

184 (4740) <u>ശ്രീ. എസ്. ശർമ്മ</u> : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചെറായി ദേവസ്വംനട ജംഗ്ഷനിൽ പള്ളിപ്പുറം സർവ്വീസ് സഹകരണ ബാങ്ക് കെട്ടിടത്തിന്റെ സമീപം സ്വകാര്യ വ്യക്തിയുടെ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ബിവറേജസ് കോർപ്പറേഷന്റെ ചില്ലറ മദ്യവിൽപ്പനശാല മാറ്റി സ്ഥാപിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നിവേദനം ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ സ്വീകരിച്ച നടപടി വിശദീകരിക്കുമോ?

<u>ഉത്തരം</u>

ലഭിച്ചിട്ടുണ്ട്. എല്ലാ മാനദണ്ഡങ്ങളും പാലിച്ചുകൊണ്ടാണ് ചെറായി ദേവസ്വം നടയിലെ ബിവറേജസ് കോർപ്പറേഷന്റെ ചില്ലറ വിൽപ്പനശാല പ്രവർത്തിക്കുന്നതെന്ന് അന്വേഷണത്തിൽ വ്യക്തമായിട്ടുണ്ട്. ആയതിനാൽ പരാതിയുമായി ബന്ധപ്പെട്ട് മറ്റ് നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

## ബിവറേജസ് ഔട്ട്‌ലെറ്റുകളിലെ തിരക്ക് ഒഴിവാക്കുന്നതിനുള്ള നടപടി

185 (4741) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബിവറേജസ് ഔട്ട്‌ലെറ്റുകളിലെ തിരക്ക് ഒഴിവാക്കുന്നതിനുവേണ്ടി കൂടുതൽ കൗണ്ടറുകൾ തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ;

(ബി) കൗണ്ടറിലെ തിരക്ക് കാരണം ബിവറേജസ് ഔട്ട്‌ലെറ്റുകൾക്ക് സമീപമുള്ള റോഡുകളിൽ ഉണ്ടാകുന്ന ഗതാഗതക്കുരുക്കും മറ്റ് ക്രമസമാധാന പ്രശ്നങ്ങളും ഒഴിവാക്കുന്നതിന്, ഉപഭോക്താക്കൾക്ക് വേഗം കൗണ്ടർ വിട്ടുപോകത്തക്ക തരത്തിലുള്ള കാര്യക്ഷമമായ ആധുനിക സംവിധാനങ്ങൾ നടപ്പിലാക്കുന്നതിന് പദ്ധതിയുണ്ടോ; വിശദീകരിക്കുമോ;

(സി) അധികമായി ആരംഭിക്കുന്ന കൗണ്ടറുകളിൽ കൂടുതൽ അസിസ്റ്റന്റുമാരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ?

ഉത്തരം

(എ&ബി) ഔട്ട്‌ലെറ്റുകളിലെ തിരക്ക് ഒഴിവാക്കുന്നതിനായി സെൽഫ് സർവ്വീസ് സംവിധാനം, പ്രീമിയം കൗണ്ടറുകൾ എന്നിവ നടപ്പാക്കിവരുന്നു. കൂടാതെ സ്റ്റാഫിന്റെയും നിലവിലുള്ള ബില്ലിംഗ് കൗണ്ടറുകളുടെയും എണ്ണം വർദ്ധിപ്പിച്ചും ഷോപ്പുകളിൽ കൂടുതൽ സ്ഥലസൗകര്യങ്ങൾ ഏർപ്പെടുത്തിയും നിലവിലുള്ള സ്ഥിതിവിശേഷം പരിഹരിക്കാൻ ശ്രമിച്ചുവരുന്നു.

(സി) നടപടികൾ സ്വീകരിച്ചുവരുന്നു.

## ബിവറേജസ് കോർപ്പറേഷനിൽ അസിസ്റ്റന്റ് നിയമനം

186 (4742) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷനിൽ എൽ.ഡി. ക്ലാർക്ക് തസ്തികയിൽ ജോലി ചെയ്യുന്നവർക്ക് അസിസ്റ്റന്റ് കാറ്റഗറിയിലേക്ക് സ്ഥാനക്കയറ്റം നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ഇത് സംബന്ധിച്ച് സർക്കാർ തീരുമാനമെടുത്തിട്ടുണ്ടോ;എങ്കിൽ ഉത്തരവിൻെറ പകർപ്പ് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ഉത്തരവു പ്രകാരം ബിവറേജസ് കോർപ്പറേഷനിൽ ഉണ്ടാകുന്ന അസിസ്റ്റന്റ് തസ്തികയിലെ എല്ലാ ഒഴിവുകളിലും നിയമനം നടത്തുന്നത് സ്ഥാനക്കയറ്റം വഴി മാത്രമാണോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. സർക്കാർ അംഗീകരിച്ചിട്ടുള്ള നിയമനചട്ടപ്രകാരം, യോഗ്യരായ എൽ.ഡി. ക്ലാർക്ക് ജീവനക്കാരിൽ നിന്നും 41 പേർക്ക് അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകിയിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധം A യും B യുമായി ചേർത്തിരിക്കുന്നു*.

(ബി) അസിസ്റ്റന്റ് ഗ്രേഡ് II ഒഴിവിലേയ്ക്ക് നിയമനം അനുവദിക്കുന്നത് താഴെപ്പറയുന്ന പ്രകാരമാണ്.

1. യോഗ്യരായ എൽ.ഡി. ക്ലാർക്കുമാരിൽ നിന്നും പ്രൊമോഷൻ മുഖേനയും ടൈപ്പിസ്റ്റ് ഗ്രേഡ് II-ൽ നിന്നും 5:1 റെഷ്യോയിൽ തസ്തികമാറ്റ നിയമനവും.
2. പ്രൊമോഷൻ ലഭിക്കുവാൻ യോഗ്യരല്ലാത്തവരുടെ അഭാവത്തിൽ നേരിട്ടുള്ള നിയമനം.

**മദ്യനിരോധനം**

187 (4743) ശ്രീ. കെ. കൃഷ്ണൻകുട്ടി :
ശ്രീ. സി. കെ. നാണു :
ശ്രീ. കെ. ബി. ഗണേഷ് കുമാർ :
ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ മദ്യനിരോധനം നടപ്പിലാക്കിയതുമൂലം മദ്യ ഉപഭോഗത്തിൽ വന്ന കുറവിനെ/വർദ്ധനവിനെപ്പറ്റി ഏതെങ്കിലും തരത്തിലുള്ള പഠനങ്ങൾ നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പഠന റിപ്പോർട്ട് ലഭ്യമാക്കാമോ;

(ബി) 2014-2016 കാലയളവിൽ മദ്യവർജ്ജന പ്രവർത്തനങ്ങളുടെ ഭാഗമായി എന്തൊക്കെ പരിപാടികളാണ് നടപ്പിലാക്കിയതെന്ന് വ്യക്തമാക്കാമോ; മദ്യവർജ്ജന പ്രവർത്തനങ്ങൾക്ക് വേണ്ടി മദ്യത്തിന്റെ വിലയിൽ സെസ്സ് ഏർപ്പെടുത്തിയതിലൂടെ എത്ര രൂപ പിരിച്ചെടുത്തുവെന്ന് വ്യക്തമാക്കാമോ; ഈ ഇനത്തിൽ ഓരോ വർഷവും എത്ര രൂപ വീതം ചെലവാക്കിയിട്ടുണ്ട് എന്ന് വിശദമാക്കാമോ;

(സി) 2013-2016 കാലയളവിൽ മദ്യവില്പനമൂലം ഓരോ സർക്കാർ ഏജൻസിക്കും എത്ര രൂപയാണ് ലാഭമുണ്ടായത് എന്ന് അറിവുണ്ടോ; ഉണ്ടെങ്കിൽ ഓരോ വർഷവും എത്ര ലാഭം ലഭിച്ചുവെന്ന് വ്യക്തമാക്കാമോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) മദ്യവ്യവസായ മേഖലയിൽ നിന്ന് 2013-2016 കാലയളവിൽ നികുതി ഇനത്തിൽ ലഭിച്ച തുകയുടെ കണക്ക് ക്രോഡീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ കണക്ക് ലഭ്യമാക്കാമോ;

(ഇ) മയക്കുമരുന്ന്, മദ്യേതര ലഹരിവസ്തുക്കൾ എന്നിവയിൽ ഏതൊക്കെയിനങ്ങൾ കേരളത്തിൽ അനധികൃത വില്പന നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്; ഓരോ ലഹരി വസ്തുവിന്റെയും ഏകദേശവില ഇനം തിരിച്ച് ലഭ്യമാക്കാമോ;

(എഫ്) ഇവയുടെ ഉപഭോഗം പൂർണ്ണമായും ഇല്ലാതാക്കാനാകുമെന്ന് കരുതുന്നുണ്ടോ; ഉണ്ടെങ്കിൽ അതിനായി എന്തൊക്കെ കർമ്മ പദ്ധതികളാണ് ആലോചിക്കുന്നത് എന്ന് വിശദമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് മദ്യനിരോധനം ഏർപ്പെടുത്തിയിട്ടില്ല. മദ്യ ഉപഭോഗത്തിൽ വന്ന കുറവിനെ/വർദ്ധനവിനെപ്പറ്റി പഠനങ്ങൾ ഒന്നും തന്നെ നടത്തിയിട്ടില്ല.

(ബി) സംസ്ഥാനത്ത് മദ്യം, മയക്കുമരുന്ന് വ്യാപനത്തിനെതിരെ റാലികൾ, ഡോക്യുമെന്ററി പ്രദർശനം, പോസ്റ്റർ പ്രദർശനം, ക്വിസ് മത്സരം, ചിത്രരചനാ മത്സരം, പ്രസംഗ മത്സരം, എക്സിബിഷനുകൾ, ലഹരിവിരുദ്ധ സന്ദേശ ബോർഡുകൾ സ്ഥാപിക്കൽ മുതലായവും കൂടാതെ ഓണാഘോഷം, സംസ്ഥാന സ്കൂൾ യുവജനോത്സവം, പൂരം, മറ്റ് ആഘോഷ പരിപാടികൾ തുടങ്ങിയ ഉത്സവങ്ങളോടനുബന്ധിച്ചും ശക്തമായ ബോധവൽരണ പ്രവർത്തനങ്ങൾ നടത്തി വരുന്നുണ്ട്.

2014-16 കാലയളവിൽ മദ്യവർജ്ജന പ്രവർത്തനങ്ങൾക്കുവേണ്ടി മദ്യത്തിന്റെ വിലയിൽ സെസ്സ് ഏർപ്പെടുത്തിയതിലൂടെ 2014-16 കാലയളവിൽ (സെപ്റ്റംബർ മാസം വരെ) 574.77 കോടി രൂപ പിരിച്ചെടുത്തിട്ടുണ്ട്. വർഷം തിരിച്ചുള്ള വിശദാംശം ചുവടെ ചേർക്കുന്നു:

2014-15 - 124.80 കോടി രൂപ

2015-16 - 293.75 കോടി രൂപ

2016-17 - 156.22 കോടി രൂപ (സെപ്റ്റംബർ മാസം വരെ)
2015-16-ൽ സുബോധം പദ്ധതി നടത്തിപ്പിനായി 3 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

(സി) 2013-2016 കാലയളവിൽ മദ്യവില്പനമൂലം ഓരോ സർക്കാർ ഏജൻസിക്കും ലഭിച്ച ലാഭത്തിന്റെ വിശദാംശം ചുവടെ ചേർക്കുന്നു:

| വർഷം | സർക്കാർ ഏജൻസിയുടെ പേര്/ലാഭത്തുക | |
|---|---|---|
| | കെ.എസ്.ബി.സി | കെ.എസ്.സി.സി. എഫ്. (കൺസ്യൂമർ ഫെഡ്) |
| 2013-14 | 123.54 കോടി (Profit after Income Tax) | 27.13 കോടി (താൽക്കാലിക കണക്ക്) |
| 2014-15 | 151.05 കോടി (Profit after Income Tax) | 82.60 കോടി (താൽക്കാലിക കണക്ക്) |
| 2015-16 | 35.14 കോടി (Profit after Income Tax & Pre- Audit) | 109.51 കോടി (താൽക്കാലിക കണക്ക്) |

(ഡി) മദ്യവ്യവസായ മേഖലയിൽ നിന്ന് 2013-2016 കാലയളവിൽ നികുതി ഇനത്തിൽ വിൽപ്പന നികുതി ഉൾപ്പെടെ ലഭിച്ച തുകയുടെ കണക്ക് ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| 2013-14 | - | 7575 കോടി രൂപ |
| 2014-15 | - | 8283 കോടി രൂപ |
| 2015-16 ( Pre-Audit) | - | 9787 കോടി രൂപ |

(ഇ) മയക്കുമരുന്ന്, മദ്യേതര ലഹരി വസ്തുക്കൾ എന്നിവയിൽ ഓപ്പിയം, മോർഫിൻ, ഹെറോയിൻ, കൊക്കയിൻ, ഹാഷിഷ്, കഞ്ചാവ് എന്നിവ കേരളത്തിൽ അനധികൃത വില്പന നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ടി ലഹരി വസ്തുക്കളുടെ ഇപ്പോഴത്തെ വില ലഭ്യമല്ല.

(എഫ്) സംസ്ഥാനത്ത് ലഹരി പദാർത്ഥങ്ങളുടെ ലഭ്യത തടയുന്നതിന് എക്സൈസ് വകുപ്പ് ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളും ബോധവൽക്കരണ പ്രവർത്തനങ്ങളും നടപ്പിലാക്കി വരുന്നുണ്ട്.

2016-17-ലെ ഗവർണറുടെ നയപ്രഖ്യാപനത്തിലും സർക്കാരിന്റെ പുതുക്കിയ ബജറ്റ് പ്രസംഗത്തിലും മദ്യം, മയക്കുമരുന്ന്, പുകയില എന്നിവയുടെ

ഉപഭോഗത്തിനെതിരെയുള്ള അതിശക്തമായ പ്രചരണ പ്രവർത്തനങ്ങൾ സംഘടിപ്പിയ്ക്കുവാനും ബഹുജന പങ്കാളിത്തത്തോടുകൂടി ഒരു ബോധവൽരണ മിഷന് രൂപം നൽകുമെന്ന് പ്രഖ്യാപിച്ചിരുന്നതിന്റെ അടിസ്ഥാനത്തിൽ കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ, " വിമുക്തി" ജി.ഒ. (എം.എസ്) നമ്പർ 94/2016/റ്റി.ഡി 6-10-2016 തീയതിയിലെ സർക്കാർ ഉത്തരവ് പ്രകാരം രൂപീകരിച്ചിട്ടുണ്ട്.

**കഞ്ചാവുമായി ബന്ധപ്പെട്ട നിയമഭേദഗതി**

188 (4744) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളും കോളേജുകളും കേന്ദ്രീകരിച്ചുള്ള കഞ്ചാവ് മാഫിയയുടെ വളർച്ച ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കഞ്ചാവ് കെട്ടുകളുമായി പിടിയിലാവുന്ന വിൽപ്പനക്കാർ ഒരു കിലോയിൽ താഴെ കഞ്ചാവ് മാത്രമേ കൈവശം വെച്ചിട്ടുള്ളൂ എന്ന കാരണത്താൽ കോടതിയിൽ എത്തുമ്പോൾ ജാമ്യം ലഭിച്ച് രക്ഷപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; നിയമത്തിൽ ഏതു വകുപ്പിലാണ് ഇത്തരത്തിൽ ഒരു കിലോയിൽ താഴെയുള്ള കഞ്ചാവ് മാത്രമേ കൈവശമുള്ളൂവെങ്കിൽ ജാമ്യം നൽകാം എന്ന് അനുശാസിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) കഴിഞ്ഞ ഒരു വർഷത്തിനിടെ ഇത്തരത്തിൽ എത്ര പേർക്ക് ജാമ്യം ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) കേരളത്തിൽ കഞ്ചാവ് മാഫിയയുടെ പ്രവർത്തനം ശക്തിപ്പെട്ടുവരുന്ന സാഹചര്യത്തിൽ നിയമത്തിലെ ഇത്തരം പഴുതുകൾ അടച്ച് കഞ്ചാവ് കൈവശം വയ്ക്കുന്ന ഏതൊരു വ്യക്തിക്കും ജാമ്യം ലഭിക്കാതിരിക്കത്തക്ക വിധത്തിൽ നിയമം ഭേദഗതി ചെയ്യുവാൻ എന്തെങ്കിലും നീക്കം നടത്തുന്നുണ്ടോ; ഇല്ലെങ്കിൽ സമൂഹത്തിന്റെ നന്മയെ കരുതി ഇത്തരത്തിൽ നിയമം ഭേദഗതി ചെയ്യുന്ന കാര്യം പരിഗണിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 1985-ലെ എൻ.ഡി.പി.എസ്. നിയമം 20(b)(ii)(A) വകുപ്പ് പ്രകാരം ഒരു കിലോയിൽ താഴെമാത്രം കഞ്ചാവ് കൈവശം വച്ച് കൈകാര്യം ചെയ്ത

കുറ്റത്തിന് അറസ്റ്റ് ചെയ്യുന്ന പ്രതികൾക്ക് ലഭിക്കാവുന്ന പരമാവധി ശിക്ഷ 6 മാസം വരെ കഠിന തടവോ പതിനായിരം രൂപ വരെ പിഴയോ രണ്ടും കൂടിയോ ആണ്. 1973-ലെ ക്രിമിനൽ നടപടിക്രമപ്രകാരം ഒന്നാം ഷെഡ്യൂളിലോ എൻ.ഡി.പി.എസ്. നിയമത്തിലോ ജാമ്യം നൽകാൻ കഴിയാത്ത വകുപ്പായി പരാമർശിക്കാത്തതിനാലും പരമാവധി തടവുശിക്ഷ മൂന്ന് വർഷത്തിൽ താഴെ ആയതിനാലുമാണ് പ്രസ്തുത വകുപ്പുപ്രകാരമുള്ള കുറ്റത്തിന് നിലവിൽ ജാമ്യം നൽകി വരുന്നത്.

(സി) എക്സൈസ് വകുപ്പ് രജിസ്റ്റർ ചെയ്ത എൻ.ഡി.പി.എസ്. കേസുകളിൽ കഴിഞ്ഞ ഒരു വർഷത്തിനിടെ 1934 പ്രതികൾക്ക് ഇത്തരത്തിൽ ജാമ്യം ലഭിച്ചിട്ടുണ്ട്.

(ഡി) കഞ്ചാവ് അടക്കമുള്ള ലഹരി വസ്തുക്കൾ വിപണനം ചെയ്യുന്നവർക്കെതിരായി കേന്ദ്ര നിയമമായ എൻ.ഡി.പി.എസ്. ആക്ട്, 1985 പ്രകാരമാണ് കേസുകൾ രജിസ്റ്റർ ചെയ്യുന്നത്. നിലവിലെ എൻ.ഡി.പി.എസ്. നിയമപ്രകാരം ഒരു കിലോയിൽ താഴെ മാത്രം കഞ്ചാവ് കൈവശം വച്ച് കൈകാര്യം ചെയ്യുന്ന കുറ്റവാളികളെ കോടതിയിൽ ഹാജരാക്കുമ്പോൾ തന്നെ ജാമ്യം കിട്ടുന്ന നിയമവ്യവസ്ഥയാണുള്ളത്. ഇത്തരം പ്രതികൾക്ക് ലഭിക്കാവുന്ന പരമാവധി ശിക്ഷ ആറ് മാസം വരെ കഠിന തടവോ പതിനായിരം രൂപ വരെ പിഴയോ രണ്ടും കൂടിയോ ആണ്. ഇത്തരത്തിലുള്ള കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവർക്കുള്ള ടി ശിക്ഷ തുലോം കുറവായതിനാൽ കുറ്റകൃത്യങ്ങൾ കൂടി വരുന്ന സാഹചര്യത്തിൽ കേന്ദ്ര നിയമമായ എൻ.ഡി.പി.എസ്. ആക്ട് 1985-ൽ കാലോചിതമായ ചില നിർണ്ണായക ഭേദഗതികൾ വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് കേന്ദ്രസർക്കാരിലേയ്ക്ക് സംസ്ഥാന സർക്കാർ ശിപാർശ സമർപ്പിച്ചിട്ടുണ്ട്.

### വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സമീപം ലഹരിവസ്തുക്കളുടെ വില്പന

189 (4745) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സ്കൂളുകൾ, കോളേജുകൾ എന്നിവയ്ക്ക് സമീപം ലഹരി വസ്തുക്കളുടെ വില്പനയുമായി ബന്ധപ്പെട്ട് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; വിശദമാക്കുമോ;

(ബി) വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സമീപം ലഹരി വസ്തുക്കളുടെ വില്പനയും ഉപഭോഗവും തടയുന്നതിന് സ്വീകരിച്ചിട്ടുള്ള സംവിധാനങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സ്കൂളുകൾ കോളേജുകൾ എന്നിവയ്ക്ക് സമീപത്തുനിന്നും മദ്യം, മയക്കമരുന്ന്, പുകയില ഉല്പന്നങ്ങൾ തുടങ്ങിയവയുടെ വില്പനയുമായി ബന്ധപ്പെട്ട് 73 അബ്കാരി കേസ്സുകളും 97 എൻ.ഡി.പി.എസ്. കേസ്സുകളും 3652 കോട്പ കേസ്സുകളും അടക്കം ആകെ 3822 കേസ്സുകൾ എക്സൈസ് വകുപ്പ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) സ്കൂൾ, കോളേജ് പരിസരങ്ങൾ കേന്ദ്രീകരിച്ച് മദ്യം, മയക്കമരുന്നുകൾ, പുകയില ഉത്പന്നങ്ങൾ തുടങ്ങിയ ലഹരി പദാർത്ഥങ്ങളുടെ വിപണനം, ഉപയോഗം തുടങ്ങിയ പ്രശ്നങ്ങൾ വ്യാപകമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിദ്യാർത്ഥികളുടെ ഇടയിൽ ഇത്തരം ലഹരി പദാർത്ഥങ്ങളുടെ ഉപയോഗം വർദ്ധിച്ചുവരുന്നതും വിദ്യാർത്ഥികളെ ഇത്തരം പദാർത്ഥങ്ങളുടെ വാഹകരായി ഉപയോഗിക്കുന്നതും വളരെ ഗുരുതരമായ സാമൂഹ്യ പ്രശ്നമായാണ് സർക്കാർ കാണുന്നത്. ഇത്തരം അനാരോഗ്യ-സാമൂഹ്യവിരുദ്ധ പ്രവണതകൾ വിദ്യാർത്ഥി-യുവജനങ്ങൾക്കിടയിൽ വർദ്ധിച്ചുവരുന്നത് തടയുന്നതിന് ശക്തമായ പ്രവർത്തനങ്ങളാണ് എക്സൈസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടത്തി വരുന്നത്. സ്കൂൾ, കോളേജ്, പരിസരങ്ങൾ കേന്ദ്രീകരിച്ച് മദ്യം, മയക്കമരുന്നുകൾ തുടങ്ങിയ ലഹരി പദാർത്ഥങ്ങളുടെ വിപണനം, ഉപയോഗം തുടങ്ങിയ പ്രവർത്തനങ്ങൾ തടയുന്നതിന് എക്സൈസ് ഷാഡോ സംവിധാനവും ഇന്റലിജൻസ് വിഭാഗവും ഉപയോഗിച്ച് രഹസ്യ നിരീക്ഷണം നടത്തുകയും വിവരങ്ങൾ ശേഖരിക്കുകയും ബന്ധപ്പെട്ട വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ലഹരിവിരുദ്ധ ക്ലബ്ബുകളുടെയും പി.റ്റി.എ.യുടെയും പൊതുജനങ്ങളുടെയും സഹകരണത്തോടെ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സമീപം ഇത്തരം നിയമവിരുദ്ധ പ്രവർത്തനങ്ങൾ നടക്കാനിടയുള്ള സ്ഥലങ്ങളിൽ കർശന പരിശോധനകൾ നടത്തുകയും കുറ്റക്കാർക്കെതിരെ ശക്തമായ നിയമനടപടികൾ സ്വീകരിച്ചുവരുന്നുമുണ്ട്. വിദ്യാർത്ഥികൾക്ക് മയക്കമരുന്നും പുകയില ഉൽപ്പന്നങ്ങളും എത്തിച്ചു നൽകുന്നവർക്കെതിരെ നിലവിലുള്ള നിയമത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി സാധ്യമായ പരമാവധി ശിക്ഷ ലഭിക്കുന്ന രീതിയിൽ പഴുതുകളില്ലാത്ത നടപടികൾ സ്വീകരിച്ചുവരുന്നതാണ്. കഞ്ചാവ് അടക്കമുള്ള മയക്കമരുന്നുകൾ വിൽപ്പന നടത്തുന്നവർക്കെതിരെ എൻ.ഡി.പി.എസ്. ആക്ട് പ്രകാരവും പുകയില ഉൽപ്പന്നങ്ങൾ വിൽപ്പന നടത്തുന്നവർക്കെതിരെ കോട്പ ആക്ട് പ്രകാരവും കേസ്സുകൾ രജിസ്റ്റർ ചെയ്ത് കർശനമായ നിയമ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

മയക്കുമരുന്നുകളുടെയും പുകയില ഉല്പന്നങ്ങളുടെയും മറ്റ് ലഹരി പദാർത്ഥങ്ങളുടെയും ഉപയോഗം മൂലമുണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങളെ സംബന്ധിച്ച് പൊതുജനങ്ങളിൽ, പ്രത്യേകിച്ച് യുവജനങ്ങൾക്കിടയിൽ, അവബോധം ഉണ്ടാക്കുന്നതിന് ശക്തമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ സംസ്ഥാനതലത്തിൽ എക്സൈസ് വകുപ്പ് നടപ്പിലാക്കി വരുന്നുണ്ട്. മദ്യത്തിനും ലഹരിക്കുമെതിരെ സമഗ്രമായ ബോധവൽക്കരണം നടത്തുന്നതിന് കേരള സംസ്ഥാന ലഹരിവർജ്ജന മിഷൻ 'വിമുക്തി' രൂപീകരിച്ചിട്ടുണ്ട്. ലഹരി വസ്തുക്കളുടെ ദൂഷ്യവശങ്ങളെക്കുറിച്ച് അവബോധം വളർത്തുന്നതിന് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് പ്രചാരണം നടത്തിവരുന്നു. അതോടൊപ്പം ലഹരിവിരുദ്ധ ആശയങ്ങൾ അടങ്ങിയ ഹ്രസ്വചിത്രങ്ങൾ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും പ്രദർശനം നടത്തുകയും ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുകയും ചെയ്യുന്നുണ്ട്. വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും രക്ഷിതാക്കൾക്കും മദ്യത്തിന്റെയും ലഹരി വസ്തുക്കളുടെയും വിൽപ്പന, ഉപഭോഗം തുടങ്ങിയവ സംബന്ധിച്ച പരാതികളും വിവരങ്ങളും വകുപ്പിന് കൈമാറുന്നതിനായി വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പരാതിപ്പെട്ടികൾ സ്ഥാപിച്ചിട്ടുള്ളതും സംസ്ഥാനത്തെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിക്കുന്നതിനും പരാതിപ്പെട്ടികൾ സ്ഥാപിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എക്സൈസ് കമ്മീഷണർ ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥർ സ്കൂളുകളിലും കോളേജുകളിലും ഈ വിഷയത്തിൽ ബോധവൽക്കരണ ക്ലാസ്സുകൾ എടുക്കുന്നുണ്ട്. എക്സൈസ് കമ്മീഷണർ ഇതിനോടകം നൂറിലധികം കോളേജുകളിലും സ്കൂളുകളിലും നേരിട്ട് വിദ്യാർത്ഥികൾക്ക് ക്ലാസ്സുകൾ എടുത്തിട്ടുണ്ട്. സ്കൂളുകളിലെ പ്രധാന അദ്ധ്യാപകർ, കോളേജ് പ്രിൻസിപ്പൽമാർ, പി.റ്റി.എ. പ്രസിഡന്റുമാർ തുടങ്ങിയവരും മറ്റ് അദ്ധ്യാപകരുമായി എക്സൈസ് കമ്മീഷണർ നേരിട്ട് ബന്ധപ്പെട്ട് ആവശ്യമായ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചു വരുന്നു.

**ബാറുകൾക്ക് ലൈസൻസ്**

190 (4746) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലത്ത് എത്ര ബാറുകളാണ് പൂട്ടിയതെന്ന് വ്യക്തമാക്കാമോ;

(ബി) പൂട്ടിയ ബാറുകളിൽ എത്രയെണ്ണമാണ് ബിയർ- വൈൻ പാർലറുകളാക്കിയതെന്ന് അറിയിക്കുമോ;

(സി) ഈ സർക്കാർ ബിയർ- വൈൻ പാർലറുകൾ അനുവദിച്ചിട്ടുണ്ടോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം എത്ര ബാറുകൾക്ക് ലൈസൻസ് നൽകാൻ കോടതി നിർദ്ദേശിച്ചിട്ടുണ്ട്; ഇക്കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) 712

(ബി) 674

(സി) രണ്ട് ബിയർ/വൈൻ പാർലറുകൾ അനുവദിച്ചിട്ടുണ്ട്.

(ഡി) കോടതി നിർദ്ദേശിച്ചിട്ടില്ല.

**പാൻമസാലയുടെയും സിഗരറ്റിന്റെയും കച്ചവടം**

191 (4747) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാൻമസാലയും സിഗരറ്റും കച്ചവടം ചെയ്യുന്നത് നിയമവിരുദ്ധമാണോ എന്ന് വ്യക്തമാക്കാമോ;

(ബി) പാൻമസാലയും സിഗരറ്റും കച്ചവടം ചെയ്യുന്ന എല്ലാ കട ഉടമകൾക്കെതിരെയും കേസ് എടുക്കാൻ നിയമപരമായ സാധ്യതയുണ്ടോയെന്ന് വിശദമാക്കാമോ;

(സി) സിഗരറ്റ് കടകളിൽ കച്ചവടത്തിനായി സൂക്ഷിക്കാമെങ്കിൽ പരമാവധി അനുവദിച്ചിട്ടുള്ള എണ്ണം എത്രയാണെന്ന് വിശദമാക്കാമോ;

(ഡി) പാൻമസാല കച്ചവടം ചെയ്യുന്നതും ഉപയോഗിക്കുന്നതും നിയമവിരുദ്ധമാണെങ്കിൽ അത് കേരളത്തിൽ എത്തിക്കുന്ന വഴികൾ അടയ്ക്കുന്നതിനും എത്തിക്കുന്നവർക്കെതിരെയും നടപടികൾ സ്വീകരിക്കാമോ;

(ഇ) സ്കൂളുകളുടെ എത്ര കിലോമീറ്റർ പരിധിക്കുള്ളിൽ സിഗരറ്റ് കച്ചവടം നടത്തുന്നത് അനുവദനീയമല്ല എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പാൻമസാല കേരളത്തിൽ നിരോധിച്ചിട്ടുള്ളതാണ്. എന്നാൽ സിഗരറ്റ് കച്ചവടം ചെയ്യുന്നത് നിയമവിധേയമാണ്. എന്നാൽ സ്കൂളുകളുടെ 100 വാര

ചുറ്റളവിനുള്ളിൽ സിഗരറ്റ് കച്ചവടം നടത്തുന്നത് അനുവദനീയമല്ല. കൂടാതെ 18 വയസ്സിന് താഴെയുള്ളവർക്ക് പുകയില ഉൽപ്പന്നങ്ങൾ വിൽക്കുവാനും പാടുള്ളതല്ല.

(ബി) പാൻമസാല കച്ചവടം ചെയ്യുന്ന കടയുടമകൾക്കെതിരെ കേസ് എടുക്കാവുന്നതാണ്. കോട്പ ആക്ട് പ്രകാരമാണ് ഇത്തരം വസ്തുക്കൾ വിൽക്കുന്നവർക്കെതിരെ കേസ് എടുത്തുവരുന്നത്.

(സി) കച്ചവടത്തിനായി സൂക്ഷിക്കാവുന്ന എണ്ണത്തിന് പരിമിതി നിശ്ചയിച്ചിട്ടില്ല.

(ഡി) സംസ്ഥാനത്ത് ലഹരി പദാർത്ഥങ്ങളുടെ ലഭ്യത തടയുന്നതിന് എക്സൈസ് വകുപ്പ് ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്. കൂടാതെ മയക്കുമരുന്നുകളുടെയും മദ്യത്തിന്റെയും ഉപയോഗം മൂലമുണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങളെ സംബന്ധിച്ച് പൊതുജനങ്ങളിൽ പ്രത്യേകിച്ച് യുവജനങ്ങൾക്കിടയിൽ അവബോധം ഉണ്ടാക്കുന്നതിന് ശക്തമായ ബോധവൽക്കരണ പ്രവർത്തനങ്ങളും എക്സൈസ് വകുപ്പ് നടപ്പിലാക്കി വരുന്നുണ്ട്. നിലവിൽ മയക്കുമരുന്ന് വ്യാപനം തടയുന്നതിനായി എക്സൈസ് ഷാഡോ സംവിധാനം ഉൾപ്പെടെയുള്ള പ്രവർത്തനങ്ങളിലൂടെ എൻഫോഴ്സ്മെന്റ് ശക്തമാക്കിയിട്ടുണ്ട്. എക്സൈസ് കമ്മീഷണറുടെ നേതൃത്വത്തിലുള്ള സ്ക്വാർഡും കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു.

കൂടാതെ മറ്റ് സംസ്ഥാനങ്ങളിൽ നിന്നും കഞ്ചാവ് അടക്കമുള്ള ലഹരി പദാർത്ഥങ്ങൾ സംസ്ഥാനത്തേക്ക് കടത്തിക്കൊണ്ടുവരുന്നത് തടയുന്നതിനായി എക്സൈസ് ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനവും അതിർത്തി പ്രദേശങ്ങളിൽ ബോർഡർ പട്രോളിംഗ് യൂണിറ്റുകളുടെ പ്രവർത്തനവും ശക്തിപ്പെടുത്തിയിട്ടുണ്ട്. ട്രെയിൻ മുഖാന്തിരമുള്ള ലഹരി വസ്തുക്കളുടെ കടത്ത് തടയുന്നതിന് പോലീസ് റെയിൽവേ, ആർ.പി.എഫ്. വിഭാഗങ്ങളുമായി സഹകരിച്ച് കർശനമായ പരിശോധനകൾ നടത്തുന്നുണ്ട്. മദ്യം, മയക്ക് മരുന്നുകൾ പുകയില ഉൽപ്പന്നങ്ങൾ മുതലായവയുടെ ഉൽപ്പാദനം, കടത്ത്, വിപണനം, വിൽപ്പന, ഉപഭോഗം തുടങ്ങിയ അബ്കാരി/എൻ.ഡി.പി.എസ്./എം&റ്റി.പി/കോട്പ കുറ്റകൃത്യങ്ങൾ സംബന്ധിച്ച വിവരങ്ങളും പരാതികളും പൊതുജനങ്ങളിൽ നിന്നും വിവിധ മാർഗ്ഗങ്ങളിലൂടെ സ്വീകരിച്ച് സയമബന്ധിതമായി നടപടികൾ സ്വീകരിക്കുന്നുണ്ട്.

(ഇ) സ്കൂളുകളുടെ 100 വാര ചുറ്റളവിനുള്ളിൽ സിഗരറ്റ് കച്ചവടം നടത്തുന്നത് അനുവദനീയമല്ല.

**മദ്യക്കുപ്പികളിൽ പതിക്കുന്ന സുരക്ഷാഹോളോഗ്രാം**

192 (4748) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന ബിവറേജസ് കോർപ്പറേഷനുവേണ്ടി മദ്യക്കുപ്പികളിൽ പതിക്കുന്ന സുരക്ഷാ ഹോളോഗ്രാം നിർമ്മിക്കുന്നതാരാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഹോളോഗ്രാം നിർമ്മാണം സംബന്ധിച്ച് നിലവിലുള്ള രീതി എന്തെന്ന് അറിയിക്കുമോ;

(സി) നിലവിൽ പൊതുമേഖലയിലാണോ സ്വകാര്യമേഖലയിലാണോ പ്രസ്തുത ഹോളോഗ്രാം നിർമ്മാണം നടക്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സെന്റർ ഫോർ ഡെവലപ്മെന്റ് ഓഫ് ഇമേജിംഗ് ടെക്നോളജി (സി-ഡിറ്റ്)

(ബി) ആവശ്യമായ ഹോളോഗ്രാമിനുള്ള ഓർഡർ കേരള സംസ്ഥാന ബിവറേജസ് കോർപ്പറേഷൻ നൽകുന്ന മുറയ്ക്ക് എക്സൈസ് വകുപ്പിന്റെ മേൽനോട്ടത്തിൽ സി-ഡിറ്റ് ഹോളോഗ്രാം നിർമ്മിച്ച് ബിവറേജസ് കോർപ്പറേഷന് നൽകുന്നു. ഇതുസംബന്ധിച്ച് കേരള സംസ്ഥാന ബിവറേജസ് കോർപ്പറേഷനും സി-ഡിറ്റും എക്സൈസ് കമ്മീഷണറും കാലാകാലങ്ങളിൽ Tripartiate agreement -ൽ ഒപ്പുവയ്ക്കാറുണ്ട്.

(സി) ' സി-ഡിറ്റ് സർക്കാർ പൊതുമേഖല സ്ഥാപനമാണ്.

**വിദ്യാർത്ഥികൾക്കിടയിൽ ലഹരി ഉപഭോഗം**

193 (4749) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്കിടയിൽ ലഹരി ഉപഭോഗം വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവ നിയന്ത്രിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഇതിനായി സ്കൂൾ, കോളേജ് കാമ്പസുകളിൽ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി&സി) വിദ്യാർത്ഥികളുടെ ഇടയിൽ ഇത്തരം ലഹരി പദാർത്ഥങ്ങളുടെ ഉപയോഗം വർദ്ധിച്ചുവരുന്നതും വിദ്യാർത്ഥികളെ ഇതിന്റെ വാഹകരായി ഉപയോഗിക്കുന്നതും വളരെ ഗുരുതരമായ സാമൂഹ്യപ്രശ്നമായാണ് സർക്കാർ

കാണുന്നത്. ഇത്തരം അനാരോഗ്യ-സാമൂഹ്യ വിരുദ്ധ പ്രവണതകൾ വിദ്യാർത്ഥി-യുവജനങ്ങൾക്കിടയിൽ വർദ്ധിച്ചുവരുന്നത് തടയുന്നതിന് ശക്തമായ പ്രവർത്തനങ്ങളാണ് എക്സൈസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടത്തിവരുന്നത്. മയക്കുമരുന്നുകളുടെയും പുകയില ഉൽപ്പന്നങ്ങളുടെയും മറ്റ് ലഹരി പദാർത്ഥങ്ങളുടെയും ഉപയോഗം മൂലമുണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങളെ സംബന്ധിച്ച് പൊതുജനങ്ങളിൽ, പ്രത്യേകിച്ച് യുവജനങ്ങൾക്കിടയിൽ, അവബോധം ഉണ്ടാക്കുന്നതിന് ശക്തമായ ബോധവൽക്കരണപ്രവർത്തനങ്ങൾ സംസ്ഥാനതലത്തിൽ എക്സൈസ് വകുപ്പ് നടപ്പിലാക്കി വരുന്നുണ്ട്. സമഗ്രമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിന് സംസ്ഥാന ലഹരി വർജ്ജന മിഷൻ 'വിമുക്തി' രൂപീകരിച്ചിട്ടുണ്ട്. സ്കൂൾ, കോളേജ് പരിസരങ്ങൾ കേന്ദ്രീകരിച്ച് മദ്യം, മയക്കുമരുന്നുകൾ തുടങ്ങിയ ലഹരി പദാർത്ഥങ്ങളുടെ വിപണനം, ഉപയോഗം തുടങ്ങിയ പ്രവർത്തനങ്ങൾ തടയുന്നതിന് എക്സൈസ് ഷാഡോ സംവിധാനവും ഇന്റലിജൻസ് വിഭാഗവും ഉപയോഗിച്ച് രഹസ്യനിരീക്ഷണം നടത്തുകയും വിവരങ്ങൾ ശേഖരിക്കുകയും ബന്ധപ്പെട്ട വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ലഹരിവിരുദ്ധ ക്ലബ്ബുകളുടെയും പി.റ്റി.എ.യുടെയും പൊതുജനങ്ങളുടെയും സഹകരണത്തോടെ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സമീപം ഇത്തരം നിയമവിരുദ്ധ പ്രവർത്തനങ്ങൾ നടക്കാനിടയുള്ള സ്ഥലങ്ങളിൽ കർശന പരിശോധനകൾ നടത്തുകയും കുറ്റക്കാർക്കെതിരെ ശക്തമായ നിയമനടപടികൾ സ്വീകരിച്ചുവരുന്നതുമാണ്. വിദ്യാർത്ഥികൾക്ക് മയക്കുമരുന്നും പുകയില ഉൽപ്പന്നങ്ങളും എത്തിച്ച് നൽകുന്നവർക്കെതിരെ നിലവിലുള്ള നിയമത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി സാധ്യമായ പരമാവധി ശിക്ഷ ലഭിക്കുന്ന രീതിയിൽ പഴുതുകളില്ലാത്ത നടപടികൾ സ്വീകരിച്ചുവരുന്നതാണ്. കഞ്ചാവ് അടക്കമുള്ള മയക്കുമരുന്നുകൾ വിൽപ്പന നടത്തുന്നവർക്കെതിരെ NDPS Act പ്രകാരവും കോട്പ ആക്ട് പ്രകാരവും കേസ്സുകൾ രജിസ്റ്റർ ചെയ്ത് കർശനമായ നിയമനടപടികൾ എടുത്തുവരുന്നുണ്ട്. സ്കൂൾ-കോളേജ് വിദ്യാർത്ഥികൾക്ക് ലഹരി വസ്തുക്കളുടെ ദൂഷ്യവശങ്ങളെക്കുറിച്ച് അവബോധം വളർത്തുന്നതിന് എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ലഹരിവിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് പ്രചാരണം നടത്തിവരുന്നു. അതോടൊപ്പം ലഹരി വിരുദ്ധ ആശയങ്ങൾ അടങ്ങിയ ഹ്രസ്വചിത്രങ്ങൾ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും പ്രദർശനം നടത്തുകയും ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുകയും ചെയ്യുന്നു. വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും രക്ഷിതാക്കൾക്കും മദ്യത്തിന്റെയും ലഹരിവസ്തുക്കളുടെയും വിൽപ്പന, ഉപഭോഗം തുടങ്ങിയവ സംബന്ധിച്ച പരാതികളും വിവരങ്ങളും വകുപ്പിന് കൈമാറുന്നതിനായി വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പരാതിപ്പെട്ടികൾ സ്ഥാപിച്ചിട്ടുള്ളതും

സംസ്ഥാനത്തെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ലഹരിവിരുദ്ധ ക്ലബ്ബുകൾ രൂപീകരിക്കുന്നതിനും പരാതിപ്പെട്ടികൾ സ്ഥാപിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എക്സൈസ് കമ്മീഷണർ ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥർ സ്കൂളുകളിലും കോളേജുകളിലും ഈ വിഷയത്തിൽ ബോധവൽക്കരണ ക്ലാസ്സുകൾ എടുക്കുന്നുണ്ട്. എക്സൈസ് കമ്മീഷണർ ഇതിനോടകം നൂറിലധികം കോളേജുകളിലും സ്കൂളുകളിലും നേരിട്ട് വിദ്യാർത്ഥികൾക്ക് ക്ലാസ്സുകൾ എടുത്തിട്ടുണ്ട്. സ്കൂളുകളിലെ പ്രധാനാദ്ധ്യാപകർ, കോളേജ് പ്രിൻസിപ്പൽമാർ, പി.ടി.എ. പ്രസിഡന്റുമാർ തുടങ്ങിയവരും മറ്റ് അദ്ധ്യാപകരുമായി എക്സൈസ് കമ്മീഷണർ നേരിട്ട് ബന്ധപ്പെട്ട് ആവശ്യമായ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നുണ്ട്.

## വിദ്യാർത്ഥികൾക്കിടയിലുള്ള ലഹരിവസ്തു ഉപഭോഗം

194 (4750) <u>ശ്രീ. എസ്. ശർമ്മ</u> : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മദ്യം, മയക്കുമരുന്ന് എന്നിവ ഉൾപ്പെടെയുള്ളവയുടെ ഉപഭോഗവും വ്യാപനവും സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്കിടയിൽ വർദ്ധിച്ചു വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരം സാഹചര്യങ്ങൾ നേരിടുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

<u>ഉത്തരം</u>

ഉണ്ട്. വിദ്യാർത്ഥികളുടെ ഇടയിൽ ലഹരി പദാർത്ഥങ്ങളുടെ ഉപയോഗം വർദ്ധിച്ചുവരുന്നതും വിദ്യാർത്ഥികളെ ഇത്തരം പദാർത്ഥങ്ങളുടെ വാഹകരായി ഉപയോഗിക്കുന്നതും വളരെ ഗുരുതരമായ സാമൂഹ്യപ്രശ്നമായാണ് സർക്കാർ കാണുന്നത്. മയക്കുമരുന്നുകളുടെയും പുകയില ഉൽപ്പന്നങ്ങളുടെയും മറ്റ് ലഹരി പദാർത്ഥങ്ങളുടെയും ഉപയോഗം മൂലമുണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങളെ സംബന്ധിച്ച് പൊതുജനങ്ങളിൽ പ്രത്യേകിച്ച് യുവജനങ്ങൾക്കിടയിൽ, അവബോധം ഉണ്ടാക്കുന്നതിന് ശക്തമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ സംസ്ഥാനതലത്തിൽ എക്സൈസ് വകുപ്പ് നടപ്പിലാക്കി വരുന്നുണ്ട്. ബോധവൽക്കരണ പ്രവർത്തനങ്ങൾ വിപുലമാക്കുന്നതിനായി കേരള സംസ്ഥാന ലഹരിവർജ്ജന മിഷൻ 'വിമുക്തി' രൂപീകരിച്ചിട്ടുണ്ട്. സ്കൂൾ, കോളേജ് പരിസരങ്ങൾ കേന്ദ്രീകരിച്ച് മദ്യം, മയക്കുമരുന്നുകൾ തുടങ്ങിയ ലഹരി പദാർത്ഥങ്ങളുടെ വിപണനം, ഉപയോഗം തുടങ്ങിയ പ്രവർത്തനങ്ങൾ തടയുന്നതിന് എക്സൈസ് ഷാഡോ സംവിധാനവും ഇന്റലിജൻസ് വിഭാഗവും ഉപയോഗിച്ച് രഹസ്യനിരീക്ഷണം നടത്തുകയും വിവരങ്ങൾ ശേഖരിക്കുകയും ബന്ധപ്പെട്ട

വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ലഹരിവിരുദ്ധ ക്ലബ്ബുകളുടെയും പി.റ്റി.എ.യുടെയും പൊതുജനങ്ങളുടെയും സഹകരണത്തോടെ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സമീപം ഇത്തരം നിയമവിരുദ്ധ പ്രവർത്തനങ്ങൾ നടക്കാനിടയുള്ള സ്ഥലങ്ങളിൽ കർശന പരിശോധനകൾ നടത്തുകയും കുറ്റക്കാർക്കെതിരെ ശക്തമായ നിയമ നടപടികൾ സ്വീകരിച്ചുവരുന്നതുമാണ്. വിദ്യാർത്ഥികൾക്ക് മയക്കുമരുന്നും പുകയില ഉൽപ്പന്നങ്ങളും എത്തിച്ച് നൽകുന്നവർക്കെതിരെ നിലവിലുള്ള നിയമത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി സാധ്യമായ പരമാവധി ശിക്ഷ ലഭിക്കുന്ന രീതിയിൽ പഴുതുകളില്ലാത്ത നടപടികൾ സ്വീകരിച്ചുവരുന്നതാണ്. കഞ്ചാവ് അടക്കമുള്ള മയക്കുമരുന്നുകൾ വിൽപ്പന നടത്തുന്നവർക്കെതിരെ കോട്പ ആക്ട് പ്രകാരവും കേസ്സുകൾ രജിസ്റ്റർ ചെയ്ത് കർശനമായ നിയമനടപടികൾ എടുത്തുവരുന്നുണ്ട്.

സ്കൂൾ കോളേജ് വിദ്യാർത്ഥികൾക്ക് ലഹരി വസ്തുക്കളുടെ ദൂഷ്യവശങ്ങളെക്കുറിച്ച് അവബോധം വളർത്തുന്നതിന് എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ലഹരിവിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് പ്രചാരണം നടത്തിവരുന്നു. അതോടൊപ്പം ലഹരി വിരുദ്ധ ആശയങ്ങൾ അടങ്ങിയ ഹ്രസ്വചിത്രങ്ങൾ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും പ്രദർശനം നടത്തുകയും ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുകയും ചെയ്യുന്നു. വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും രക്ഷിതാക്കൾക്കും മദ്യത്തിന്റെയും ലഹരിവസ്തുക്കളുടെയും വിൽപ്പന, ഉപഭോഗം തുടങ്ങിയവ സംബന്ധിച്ച പരാതികളും വിവരങ്ങളും വകുപ്പിന് കൈമാറുന്നതിനായി വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പരാതിപ്പെട്ടികൾ സ്ഥാപിച്ചിട്ടുള്ളതും സംസ്ഥാനത്തെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ലഹരിവിരുദ്ധ ക്ലബ്ബുകൾ രൂപീകരിക്കുന്നതിനും പരാതിപ്പെട്ടികൾ സ്ഥാപിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എക്സൈസ് കമ്മീഷണർ ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥർ സ്കൂളുകളിലും കോളേജുകളിലും ഈ വിഷയത്തിൽ ബോധവൽക്കരണ ക്ലാസ്സുകൾ എടുക്കുന്നുണ്ട്. എക്സൈസ് കമ്മീഷണർ ഇതിനോടകം നൂറിലധികം കോളേജുകളിലും സ്കൂളുകളിലും നേരിട്ട് വിദ്യാർത്ഥികൾക്ക് ക്ലാസ്സുകൾ എടുത്തിട്ടുണ്ട്. സ്കൂളുകളിലെ പ്രധാനാദ്ധ്യാപകർ, കോളേജ് പ്രിൻസിപ്പൽമാർ, പി.ടി.എ. പ്രസിഡന്റുമാർ തുടങ്ങിയവരും മറ്റ് അദ്ധ്യാപകരുമായി എക്സൈസ് കമ്മീഷണർ നേരിട്ട് ബന്ധപ്പെട്ട് ആവശ്യമായ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നുണ്ട്.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

9.30 AM]

## II അറിയിപ്പ്

### നിയമസഭാ സമിതി റിപ്പോർട്ട് ചർച്ച ചെയ്യുന്നത് സംബന്ധിച്ച്

മി. സ്പീക്കർ : റൂൾ 50 എടുക്കുന്നതിനുമുമ്പ് ഒരു കാര്യം സഭയെ ഓർമ്മപ്പെടുത്താൻ ആഗ്രഹിക്കുകയാണ്. നിയമസഭാ സമ്മേളനങ്ങളിൽ അപൂർവ്വമായിട്ടാണ് നിയമസഭാ സമിതികളുടെ റിപ്പോർട്ട് ചർച്ച ചെയ്യപ്പെടുന്നത്. ഇന്ന് ചട്ടം 205 (ബി) പ്രകാരം നിയമസഭാ സമിതിയുടെ റിപ്പോർട്ട് ചർച്ച ചെയ്യുന്നുണ്ട്. ബി.എ.സി. തീരുമാന പ്രകാരം ധനകാര്യബില്ലും അനന്തര നടപടിക്രമങ്ങളും അതിനുമുമ്പ് പൂർത്തീകരി ക്കേണ്ടതാണ്. അതിന് എല്ലാ അംഗങ്ങളും പരമാവധി സഹകരിക്കണം. സീറോ അവർ, സീറോ അവർ എന്ന നിലയിൽത്തന്നെ പരിഗണിച്ച് സബ്മിഷനുകളും ശ്രദ്ധ ക്ഷണിക്കലുകളും ഏറ്റവും ചുരുങ്ങിയ സമയത്തിനുള്ളിൽ പൂർത്തീകരിച്ചാൽ സഭാനടപടിക്രമങ്ങൾ കൃത്യമായി പൂർത്തീകരിക്കാൻ സാധിക്കും. സമയം വൈകുമ്പോൾ അസ്വസ്ഥത പ്രകടിപ്പിച്ചിട്ട് കാര്യമില്ല. രാവിലെ 9.30 മുതൽ 10.30 വരെയാണ് സീറോ അവർ. ആ സമയം ഫലപ്രദമായി ഉപയോഗപ്പെടുത്താൻ എല്ലാവരും സഹകരിക്കണം.

## III അടിയന്തരപ്രമേയം

### ഭക്ഷ്യഭദ്രതാ നിയമം

മി. സ്പീക്കർ : ദേശീയ ഭക്ഷ്യസുരക്ഷാനിയമം നടപ്പിലാക്കുന്നതിന്റെ ഭാഗമായി തയ്യാറാക്കിയ റേഷൻ മുൻഗണനാ കരട് പട്ടികയിലെ അപാകതകൾ പരിഹരിക്കുന്നതിനുള്ള അപേക്ഷകൾ സ്വീകരിക്കുന്നതിലുണ്ടായ ഗുരുതരമായ വീഴ്ചകൾ കാരണം ജനങ്ങൾക്കുണ്ടായ ബുദ്ധിമുട്ടുകളും ആശങ്കകളുംമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ അനൂപ് ജേക്കബ്, പി.ടി. തോമസ്, റ്റി. എ. അഹമ്മദ് കബീർ എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): സർ, ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം പാസ്സാക്കിയത് 2013 ജൂലൈ മാസത്തിലാണ്. ജൂലൈയിൽ പാസ്സാക്കിയെങ്കിലും ജൂൺ മുതൽ പ്രസ്തുത നിയമം നമുക്കെല്ലാം

ബാധകമായിരുന്നു. സംസ്ഥാനത്ത് ഈ നിയമം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ടുണ്ടായ പ്രശ്നങ്ങൾ കഴിഞ്ഞ ദിവസം വളരെ വിശദമായി സഭ ചർച്ച ചെയ്തതാണ്. ഈ നിയമം നടപ്പിലാക്കുന്നതിന് ഒട്ടേറെ കാര്യങ്ങൾ ചെയ്യേണ്ടതുണ്ടായിരുന്നു. അതിൽ പ്രധാനപ്പെട്ടത് മുൻഗണനാ പട്ടികയിലെ യഥാർത്ഥ അവകാശികളെ കണ്ടെത്തുക എന്നുള്ളതാണ്. മുൻഗണനാ പട്ടിക തയ്യാറാക്കുന്നതിനായി സ്ത്രീശാക്തീകരണത്തിന്റെ ഭാഗമായി സ്ത്രീകൾ കുടുംബനാഥയായിട്ടുള്ള കുടുംബങ്ങൾക്ക് റേഷൻകാർഡ് വിതരണം ചെയ്യുന്നതിന് കഴിഞ്ഞ ഗവൺമെന്റ് 1-1-2015-ലാണ് ഫാറം വിതരണം ചെയ്തത്. 2013 ജൂലൈയിൽ നിയമം പാസ്സാക്കി. 2015 ജനുവരി 1-നാണ് ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനായി ഫാറം അച്ചടിച്ചുവിതരണം ചെയ്തത്. പ്രസ്തുത ഫാറം ഓരോ കുടുംബങ്ങളും സ്വമേധയാ തയ്യാറാക്കേണ്ടതിനെയും ഉദ്യോഗസ്ഥർ ആ ഫാറം കളക്ട് ചെയ്യേണ്ടതിനെയും പ്രോസസ്സ് ചെയ്യേണ്ടതിനെയും സംബന്ധിച്ച് ആക്ടിൽ പറയുന്നുണ്ട്. ഗ്രാമപ്രദേശങ്ങളിൽ 52.63 ശതമാനം, നഗരപ്രദേശങ്ങളിൽ 39.5 ശതമാനം, ഇപ്രകാരമാണ് ഗുണഭോക്താക്കളെ കണ്ടെത്തേണ്ടത്. പ്രോസസ്സ് നടത്തുന്നതിന് അന്നത്തെ ഗവൺമെന്റ് റാങ്കിംഗ് നിശ്ചയിച്ചത് താലൂക്കടിസ്ഥാനത്തിലാണ്. താലൂക്കടിസ്ഥാനത്തിൽ റാങ്കിംഗ് നടത്തി നിശ്ചയിച്ച കൊടുങ്ങല്ലൂർ താലൂക്കിലെയും എറണാകുളം സിറ്റി റേഷനിംഗ് ആഫീസറുടെ പരിധിയിൽ വരുന്ന പ്രദേശങ്ങളിലെയും ലിസ്റ്റ് പ്രസിദ്ധീകരിച്ചു. കൊടുങ്ങല്ലൂർ താലൂക്കിൽ പ്രസിദ്ധീകരിച്ച ലിസ്റ്റിൽ അപാകതകൾ കടന്നുകൂടിയിട്ടുണ്ടെന്ന് കാണിച്ച് പതിനാലായിരത്തിലധികം പരാതികളാണ് ലഭിച്ചത്. എന്നാൽ എറണാകുളം നഗരപ്രദേശങ്ങളിലെ ലിസ്റ്റ് പ്രസിദ്ധീകരിച്ചപ്പോൾ നൂറിൽ താഴെ പരാതികൾ മാത്രമാണ് ലഭിച്ചത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നിട്ട് അഞ്ച് മാസം കഴിഞ്ഞതേയുള്ളൂ. ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന് എൻ.എഫ്.എസ്. ആക്ട് (നാഷണൽ ഫുഡ് സെക്യൂരിറ്റി ആക്റ്റ്) നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങൾ പരിശോധിച്ചപ്പോൾ സംസ്ഥാനാടിസ്ഥാനത്തിൽ റാങ്കിംഗ് നിശ്ചയിച്ചാൽ മാത്രമേ പ്രയോറിറ്റി ലിസ്റ്റ് തയ്യാറാക്കാൻ കഴിയൂ എന്ന മനസ്സിലായി. സംസ്ഥാനാടിസ്ഥാനത്തിൽ പ്രയോറിറ്റി ലിസ്റ്റ് തയ്യാറാക്കാൻ തീരുമാനമെടുത്തതിനെ തുടർന്ന് തയ്യാറാക്കിയ കരട് പട്ടികയാണിത്. മുൻ ഗവൺമെന്റ് ഫാറം കൊടുത്ത് പൂരിപ്പിച്ച് ലഭ്യമാക്കിയ വിവരങ്ങൾ, ഈ ഗവൺമെന്റ് വന്നതിനുശേഷം താലൂക്കുതല റാങ്കിംഗ് എന്നതിനുപകരം സംസ്ഥാനാടിസ്ഥാനത്തിൽ എന്നുനിശ്ചയിച്ച് കുറേക്കൂടി ശരിയായ ഒരു കരട് പട്ടികയാണ് ഒക്ടോബർ 20-ന് എല്ലാ താലൂക്ക് സപ്ലൈ ഓഫീസുകളിലും പഞ്ചായത്ത്-മുനിസിപ്പൽ ഓഫീസുകളിലും വില്ലേജ് ഓഫീസുകളിലും പ്രസിദ്ധീകരിച്ചത്. പ്രസിദ്ധീകരിക്കപ്പെട്ട കരട് പട്ടികയിൽ ആക്ഷേപങ്ങൾ/

പരാതികൾ നൽകാൻ ഒക്ടോബർ 30 വരെ സമയം നൽകിയിരുന്നു. അതിന്റെ അടിസ്ഥാനത്തിലാണ് ഒക്ടോബർ 24 മുതൽ പരാതികൾ/ആക്ഷേപങ്ങൾ നൽകാൻ ജനങ്ങൾ ഓരോ ആഫീസുകളിലും എത്തിച്ചേർന്നത്. താലൂക്ക് സപ്ലൈ ഓഫീസുകളിലും പഞ്ചായത്ത്/മുനിസിപ്പൽ ഓഫീസുകളിലും വില്ലേജ് ഓഫീസുകളിലും എല്ലാ ക്രമീകരണങ്ങളും നടത്തുവാൻ നിർദ്ദേശം നൽകിയിരുന്നതാണ്. എന്നാൽ ഏതാനും വില്ലേജ് ഓഫീസുകളിലും പഞ്ചായത്ത് ആഫീസുകളിലും ഇതുസംബന്ധിച്ച് അറിയിപ്പ് കിട്ടാത്തതിന്റെ പേരിൽ വേണ്ടത്ര ക്രമീകരണങ്ങളുണ്ടായില്ല. എന്നാൽ ഇന്നലെ ക്രമീകരണങ്ങളെല്ലാം പൂർത്തിയായി. ആക്ഷേപങ്ങളും പരാതികളും സ്വീകരിക്കാനുള്ള തീയതി അഞ്ച് ദിവസം കൂടി നീട്ടി നൽകി. ഇതുവരെ ആകെ 147947 പരാതികൾ/ ആക്ഷേപങ്ങളാണ് ലഭിച്ചത്. ആദ്യത്തെ ദിവസം ലഭിച്ചത് 89178 പരാതികൾ/ ആക്ഷേപങ്ങളാണ്. അതിൽ 139644 പരാതികൾക്കാണ് പരിഹാരമുണ്ടാകേണ്ടത്. 7375 പരാതികൾ/ആക്ഷേപങ്ങൾക്ക് പരിഹാരമുണ്ടായിട്ടുണ്ട്. ഇപ്പോൾ കാര്യങ്ങളെല്ലാം സാധാരണരീതിയിൽ നടക്കുന്നുണ്ട്. ആ പ്രോസസ്സ് നമ്മൾ തുടർന്നുകൊണ്ടു പോകണം. പതിനയ്യായിരത്തിലധികം റേഷൻ കാർഡുടമകൾക്ക് റേഷൻ വേണ്ട എന്ന് അവർ സ്വയം ഡിക്ലെയർ ചെയ്തിട്ടുണ്ട്. അത് പ്രോത്സാഹിപ്പിച്ചാൽ കുറേപ്പേർ കൂടി ആ ഗണത്തിൽ വരും എന്ന കാര്യം ഉറപ്പാണ്. നിശ്ചയിച്ച മാനദണ്ഡപ്രകാരം അർഹതയില്ലാത്തവർ മുൻഗണനാ പട്ടികയിൽ കടന്നു കൂടുകയാണെങ്കിൽ കർശനമായി പരിശോധിച്ച് തീരുമാനമെടുക്കേണ്ടതുണ്ട്. വെരിഫിക്കേഷൻ കമ്മിറ്റി ആ പ്രോസസ്സ് പഞ്ചായത്ത്/മുനിസിപ്പാലിറ്റി തലത്തിൽ നിർവ്വഹിക്കും. അതിനുശേഷവും അപ്പീൽ കൊടുക്കാൻ സന്ദർഭമൊരുക്കിയിട്ടുണ്ട്. അപ്പീൽ കൊടുത്ത് കുറ്റമറ്റ ഒരു പട്ടികയാണ് തയ്യാറാക്കേണ്ടത്. അതിനുള്ള പ്രവർത്തനങ്ങളാണ് എല്ലാവരും ചേർന്ന് നടത്തേണ്ടത്. അതിന് മികച്ച ഇടപെടൽ ആവശ്യമാണ്. കുടുംബങ്ങൾ സ്വയം തയ്യാറാക്കി നൽകിയ ഫാറങ്ങളിൽ വസ്തുതകൾ മറച്ചുവച്ചതുണ്ടാകാം, വസ്തുതകൾ ശരിയായ രൂപത്തിൽ നല്കിയതുണ്ടാകാം. അതിന്റെയടിസ്ഥാനത്തിൽ തയ്യാറാക്കിയ ഒരു പട്ടികയാണ് ഇപ്പോൾ പ്രസിദ്ധീകരിക്കപ്പെട്ടത്. അതിന്മേലാണ് ഇപ്പോൾ ആക്ഷേപങ്ങൾ സ്വീകരിക്കുന്നത്. ഇനിയാണ് പ്രോസസ്സിംഗ് ശരിയായി നടക്കേണ്ടത്. അക്കാര്യം ശരിയായ രീതിയിൽ നിർവ്വഹിച്ചാൽ, യഥാർത്ഥ അർഹർക്ക് റേഷൻ വിതരണം ചെയ്യാൻ കഴിയുന്ന ഒരു സംവിധാനമുണ്ടാക്കാൻ കഴിയും. ഈ വിഷയത്തിന്മേൽ സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതില്ല എന്നാണ് എനിക്ക് പറയാനുള്ളത്.

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചതുപോലെ കുറ്റമറ്റരീതിയിൽ പട്ടിക തയ്യാറാക്കുകയാണ് ആവശ്യം. അതിനാവശ്യമായ സമയ

ക്രമീകരണങ്ങൾ നടത്താൻ കഴിഞ്ഞിട്ടില്ല എന്നുള്ള കാര്യമാണ് ഈ അടിയന്തര പ്രമേയത്തിലൂടെ മുമ്പോട്ടുവയ്ക്കുന്നതും ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെടുന്നതും.

20-10-2016-ലാണ് റേഷൻ മുൻഗണനാ കരട് പട്ടിക ഔദ്യോഗികമായി പ്രസിദ്ധീകരിച്ചത്. ബഹുമാനപ്പെട്ട മന്ത്രി എല്ലാ നിയമസഭാ സാമാജികർക്കും ജനപ്രതിനിധികൾക്കും 20-ാം തീയതി പട്ടിക പ്രസിദ്ധീകരിക്കുമെന്ന കത്ത് 18-ാം തീയതിതന്നെ നൽകിയിരുന്നു. 20-ാം തീയതി പട്ടിക പ്രസിദ്ധീകരിക്കുകയും അതിനടുത്ത ദിവസം മുതൽ പരാതികൾ സ്വീകരിച്ചുതുടങ്ങുകയും ചെയ്തു. പക്ഷേ ഇതുസംബന്ധിച്ച് ഉദ്യോഗസ്ഥർക്ക് ട്രെയിനിംഗ് കൊടുക്കുന്നത് ഇന്നലെയാണ്. 'മുൻഗണനാ പട്ടിക സംബന്ധിച്ചുള്ള പരാതികൾ കേൾക്കാനുള്ള ട്രെയിനിംഗ് ഉദ്യോഗസ്ഥർക്ക് ' എന്ന് ഇന്നലത്തെ ദിനപത്രങ്ങളിൽ ഉണ്ടായിരുന്നു. 20-ാം തീയതി പട്ടിക പ്രസിദ്ധീകരിച്ചുകഴിഞ്ഞ് അതിലെ പരാതികൾ സ്വീകരിക്കുവാനുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിച്ച് അഞ്ചുദിവസങ്ങൾക്കുശേഷമാണ് ഇതുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകുന്നത്. പട്ടിക പ്രസിദ്ധീകരിക്കുന്ന സമയം 20-ാം തീയതി ആണെങ്കിൽ അതിനുമുമ്പ് ഉദ്യോഗസ്ഥർക്ക് ആവശ്യമായ ക്രമീകരണങ്ങളോ പരിശീലനങ്ങളോ കൊടുക്കണമായിരുന്നു. അങ്ങനെ ചെയ്യാതിരുന്നതു മൂലമാണ് നെയ്യാറ്റിൻകര, നെടുമങ്ങാട്, ചിറ്റൂർ ഉൾപ്പെടെയുള്ള പല താലൂക്കുകളിലും അനിയന്ത്രിതമായ ജനപ്രവാഹമുണ്ടായത്. കൃത്യമായ ഇടപെടലുകളും ക്രമീകരണങ്ങളും ചെയ്തിരുന്നുവെങ്കിൽ അനിഷ്ട സംഭവങ്ങൾ ഒഴിവാക്കാൻ കഴിയുമായിരുന്നു.

പഞ്ചായത്തുകളിലും വില്ലേജ് ഓഫീസുകളിലും പരാതി സ്വീകരിക്കുമെന്ന് ബഹുമാനപ്പെട്ട മന്ത്രി മിനിഞ്ഞാന്ന് നിയമസഭയിൽ സൂചിപ്പിച്ചിരുന്നു. ആ പ്രസ്താവനയുടെ അടിസ്ഥാനത്തിൽ ഇന്നലെ വില്ലേജ് ഓഫീസുകളിലേക്കും പഞ്ചായത്ത് ഓഫീസുകളിലേക്കും പരാതിയുമായി ജനങ്ങൾ എത്തുകയുണ്ടായി. പക്ഷേ പല വില്ലേജ് ഓഫീസുകളിലും പരാതികൾ സ്വീകരിക്കാൻ വില്ലേജ് ഓഫീസർമാർ തയ്യാറായില്ല. പഞ്ചായത്ത് സെക്രട്ടറിമാർക്കിടയിൽ അതുസംബന്ധിച്ച് അനിശ്ചിതത്വമുണ്ടായി. അവർ സിവിൽ സപ്ലൈസ് ഓഫീസുകളിലേയ്ക്ക് വിളിച്ചപ്പോൾ ഓഫീസിൽ ഉദ്യോഗസ്ഥർ എത്തിയിട്ടില്ലെന്നാണ് അറിയാൻ കഴിഞ്ഞത്. ഞാൻ അന്വേഷിച്ചപ്പോൾ താലൂക്ക് സപ്ലൈ ഓഫീസർമാർക്കോ റേഷനിംഗ് ഇൻസ്പെക്ടർമാർക്കോ ഇതുസംബന്ധിച്ച് യാതൊരു നിർദ്ദേശവും മേൽത്തട്ടിൽനിന്നും കൊടുത്തിട്ടില്ല എന്നാണ് അറിയാൻ കഴിഞ്ഞത്. ഇന്നലെ ശ്രീ. സി. എഫ്. തോമസ് ഈ പ്രശ്നം ഇവിടെ ചൂണ്ടിക്കാണിക്കുകയുണ്ടായി. പരാതികളുമായി വില്ലേജ് ഓഫീസുകളിലേയ്ക്കും പഞ്ചായത്ത് ഓഫീസുകളിലേയ്ക്കും

ജനങ്ങൾ ചെല്ലുന്നു. പരാതി സ്വീകരിക്കുന്നത് എങ്ങനെയെന്നും എന്താണ് ചെയ്യേണ്ടത് എന്നതിനെ സംബന്ധിച്ചൊന്നും പഞ്ചായത്ത് ഓഫീസ്, വില്ലേജ് ഓഫീസ്, സിവിൽ സപ്ലൈസ് ഡിപ്പാർട്ട്മെന്റ് എന്നിവിടങ്ങളിലെ ഉദ്യോഗസ്ഥർക്കാർക്കും ഒരു വ്യക്തതയുമില്ല. അതുകൊണ്ടാണ് ഞങ്ങൾ പറഞ്ഞത് വരാൻ പോകുന്ന വിഷയങ്ങളെ മുൻകൂട്ടി കാണാൻ കഴിഞ്ഞില്ല എന്ന്. നവംബർ 5-ാം തീയതിവരെ ഇതിനായി സമയം നൽകുന്നുവെന്ന് സൂചിപ്പിച്ചു. 5-ാം തീയതിക്കുള്ളിൽ പരാതികൾ കൊടുക്കണമെന്ന് പറഞ്ഞു. 5-ാം തീയതിക്കുള്ളിൽ പരാതികൾ ലഭിച്ചാൽ അതിന്റെ വെരിഫിക്കേഷൻ പൂർത്തിയാക്കാനായി കൊടുത്തിരിക്കുന്നത് 10 ദിവസമാണ്. 15-11-2016-ൽ വെരിഫിക്കേഷൻ പൂർത്തിയാക്കണമെന്നാണ് നിർദ്ദേശം കൊടുത്തിരിക്കുന്നത്. പുതിയ ടൈംടേബിൾ അനുസരിച്ച് 10 ദിവസവും പഴയ ടൈംടേബിൾ അനുസരിച്ചാണെങ്കിൽ 15 ദിവസവുമാണ് തീർപ്പുകൽപ്പിക്കാൻ വെരിഫിക്കേഷൻ കമ്മിറ്റിക്കുള്ളത്. 10-15 ദിവസംകൊണ്ട് വെരിഫിക്കേഷൻ പൂർത്തിയാക്കി മുൻഗണനാ കരട് പട്ടികയിലുള്ള അപാകതകൾ പരിഹരിക്കാൻ കഴിയുമെന്ന് തോന്നുന്നില്ല. ഉദ്യോഗസ്ഥരെ ധൃതിപിടിപ്പിച്ചാൽ ഇപ്പോഴുള്ള തെറ്റുകൾ ആവർത്തിക്കുന്ന സാഹചര്യമുണ്ടാകും. ഈ വെരിഫിക്കേഷൻ കമ്മിറ്റിക്കുമേൽ പരാതിയുള്ളവർക്ക് കളക്ടർ, ഡി.എസ്.ഒ. ലെവലിലേയ്ക്ക് അപ്പീൽ കൊടുക്കാൻ പ്രൊവിഷനുണ്ട്. അപ്പീൽ കമ്മിറ്റിക്ക് ഏഴ് ദിവസത്തെ സമയമാണ് കൊടുത്തിരിക്കുന്നത്. സമയക്രമീകരണം വളരെ പരിമിതമായ നിലയിലേയ്ക്ക് മാറിയിരിക്കുന്നു. വെരിഫിക്കേഷൻ കമ്മിറ്റി ഉദ്യോഗസ്ഥരോട് 15 ദിവസം കൊണ്ട് തീർക്കാൻ പറഞ്ഞാൽ അവർ തീർക്കും. അപ്പോഴും ഈ കരട് മുൻഗണനാ പട്ടികയിൽ നിലനിൽക്കുന്ന വിഷയങ്ങൾ അവിടെത്തന്നെ തുടരുകയും ഈ പട്ടിക കാണിച്ചുകൊണ്ട് കേന്ദ്രത്തിൽനിന്നും നമ്മൾ അരി വാങ്ങുകയും ചെയ്യും. ഈ കരട് മുൻഗണനാ പട്ടികയിൽ വന്നിട്ടുള്ളവരുടെ പഴയ കാർഡിൽ സീൽ പതിപ്പിച്ചുകൊണ്ടാണ് നവംബർ 1 മുതൽ ഈ നിയമം താൽക്കാലികമായി നടപ്പിലാക്കാൻ പോകുന്നത്. കരട് മുൻഗണനാ പട്ടികയെക്കുറിച്ചുള്ള പരാതികളാണ് കഴിഞ്ഞ ഏതാനും ദിവസങ്ങളായി നാം കേട്ടുകൊണ്ടിരിക്കുന്നത്.

കരട് മുൻഗണനാ പട്ടികയിലുള്ള അപാകതകൾ തീർക്കാനുള്ള സമയവും സാഹചര്യവും പരാതിക്കാർക്കും ആവശ്യമായ മൈൻഡ് അപ്ലൈ ചെയ്ത് പരാതി പരിഹരിക്കുന്നതിനുള്ള സമയം ഉദ്യോഗസ്ഥർക്കും കൊടുക്കേണ്ടത് ആവശ്യമാണ്. അല്ലെങ്കിൽ നിലവിലെ തെറ്റ് നിലനിർത്തി മുമ്പോട്ടുപോകുന്ന സാഹചര്യം ഉണ്ടാകുമെന്നുള്ളതുകൊണ്ട് ഈ വിഷയം വളരെ ഗൗരവത്തിൽത്തന്നെ ഗവൺമെന്റ്

എടുക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. പഴയ റേഷൻ കാർഡിൽ സീൽ പതിച്ചുനൽകുമ്പോൾ കരട് ലിസ്റ്റിൽനിന്നും ഒരുപാട് ആളുകൾ ഒഴിവാക്കപ്പെട്ടു പോകുന്ന സാഹചര്യമുണ്ടാകും.

കഴിഞ്ഞ ഗവൺമെന്റ് സ്റ്റേറ്റ് പ്രയോറിറ്റി ഉണ്ടാകണമെന്ന ഒരു തീരുമാനം എടുത്തിരുന്നു. കിഡ്നി സംബന്ധമായതോ കാൻസർ പോലുള്ള മാരകമായ രോഗങ്ങളോ പിടിപെട്ട വ്യക്തികളെ അവരുടെ ഒരേക്കർ ഭൂമിയോ 1000 സ്ക്വയർ ഫീറ്റുള്ള വീടോ നോക്കാതെ അവർക്കുണ്ടാകുന്ന സാമ്പത്തിക ബുദ്ധിമുട്ട് കണക്കിലെടുത്ത് ഭക്ഷ്യ ആനുകൂല്യത്തെക്കാളുപരിയായി ചികിത്സാ ആനുകൂല്യങ്ങൾ ലഭ്യമാക്കണമെന്ന ആശയത്തിലാണ് അത് വച്ചത്. ആശ്രയ പദ്ധതിയിൽപ്പെട്ട എല്ലാവരെയും ഇതിൽ ഉൾപ്പെടുത്തണമെന്ന ഒരു തീരുമാനവും എടുത്തിരുന്നു. ഈ കരട് മുൻഗണനാ പട്ടിക വന്നപ്പോൾ ആശ്രയ പദ്ധതിയിൽപ്പെട്ട എല്ലാവരും ഇതിൽ വന്നിട്ടില്ല എന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞത്. അത്തരത്തിലുള്ള ഒട്ടനവധി വിഷയങ്ങൾ ഇവിടെ കടന്നുവന്നിട്ടുണ്ട്.

2013 ഒക്ടോബർ മാസത്തിലാണ് ഈ നിയമം പ്രാബല്യത്തിൽ വരുന്നത്. 2013 ഡിസംബർ മാസംതന്നെ ഈ നിയമം നടപ്പിലാക്കുവാനുള്ള തീരുമാനം യു.ഡി.എഫ്. ഗവൺമെന്റ് എടുക്കുകയുണ്ടായി. നിലവിലുള്ള ബി.പി.എൽ. കാർഡുകൾ മുൻഗണനാ കാർഡുകളാക്കി മറ്റ് സംസ്ഥാനങ്ങൾ നിയമം നടപ്പിലാക്കിയതു പോലെ നടപ്പിലാക്കേണ്ട, യഥാർത്ഥ മുൻഗണനക്കാരെ കണ്ടെത്തിയതിനുശേഷം മതിയെന്ന ഒരു തീരുമാനമെടുക്കുകയും അതിനനുസൃതമായി 2014 ജൂലൈ മാസം റേഷൻ കാർഡുകൾ പുനഃക്രമീകരിക്കുവാനുള്ള നടപടികളിലേക്ക് കടക്കുകയും ചെയ്തു. തെരഞ്ഞെടുപ്പ് വിജ്ഞാപനം വരുന്നതിനുമുമ്പുള്ള ഒരു വർഷവും ഏഴ് മാസവും കൊണ്ടാണ് ഈ പ്രോസസ്സുകളെല്ലാം നടത്തിയത്. ഒരു വർഷവും ഏഴ് മാസവും ആവശ്യമായ സമയമായിരുന്നില്ലേയെന്ന് സ്വാഭാവികമായും ചോദിക്കാം.

കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് റേഷൻ കാർഡ് കൊടുത്തത് മൂന്ന് മുതൽ നാല് വർഷം വരെ സമയം എടുത്താണ്. അത് അവരുടെ കുഴപ്പംകൊണ്ടല്ല. നമുക്ക് ലഭ്യമായ പരിമിതമായ സൗകര്യങ്ങൾ ഉപയോഗിച്ചാണ് ഇതെല്ലാം ചെയ്തുകൊണ്ടിരിക്കുന്നത്. കഴിഞ്ഞ ഗവൺമെന്റ് ഒന്നര വർഷംകൊണ്ട് കുറേ കാര്യങ്ങൾ ചെയ്തു. അതിനുശേഷം ഇപ്പോഴത്തെ ഗവൺമെന്റ് ഈ നിയമത്തിന്റെ മറ്റ് കാര്യങ്ങളിലേക്ക് പോയി. അതൊന്നും ഞാൻ ചെറുതായി കാണുന്നില്ല.

ഇവിടെ ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ച വളരെ പ്രസക്തമായ ഒരു കാര്യം, താലൂക്ക് ലെവലിൽ റാങ്കിംഗ് നടത്താനാണ് കഴിഞ്ഞ ഗവൺമെന്റ് തീരുമാനിച്ചതെന്നും താലൂക്ക് ലെവൽ റാങ്കിംഗ് നടത്തി കൊടുങ്ങല്ലൂർ താലൂക്കിലും കൊച്ചി താലൂക്കിലും ലിസ്റ്റ് പ്രസിദ്ധീകരിച്ചതിന്റെ അടിസ്ഥാനത്തിൽ ഒട്ടനവധി പരാതികൾ വന്നുവെന്നും അദ്ദേഹം ഇവിടെ സൂചിപ്പിച്ചു. അതുകൊണ്ട് താലൂക്ക് റാങ്കിംഗ് മാറ്റി സ്റ്റേറ്റ് റാങ്കിംഗ് ആക്കണമെന്ന് അവർ തീരുമാനിച്ചു. സ്റ്റേറ്റ് റാങ്കിംഗ് നടത്തിയ മുൻഗണനാ പട്ടികയാണ് ഇപ്പോൾ പ്രസിദ്ധീകരിച്ചിരിക്കുന്നതും അതിന്മേലുള്ള പരാതി പ്രവാഹങ്ങളാണ് കഴിഞ്ഞ ദിവസങ്ങളായി നമ്മൾ കണ്ടുവരുന്നതും. നയപരമായ ഒരു മാറ്റം ഈ ഗവൺമെന്റ് കൊണ്ടുവന്നു. അതായത്, താലൂക്ക് റാങ്കിംഗ് സ്റ്റേറ്റ് റാങ്കിംഗാക്കി മാറ്റി. ഒപ്പംതന്നെ ആധാർ സീഡിംഗ് നടപ്പിലാക്കാനും തീരുമാനിച്ചു. ഇത് ഈ ഗവൺമെന്റിന്റെ തീരുമാനമായിരുന്നു. എൽ.ഡി.എഫ്. ഗവൺമെന്റ് കേരളത്തിൽ അധികാരത്തിൽ വരികയും പോളിസി ചെയ്ഞ്ച് വരികയും ചെയ്തപ്പോൾ കാർഡിന് അതിന്റേതായ സമയമെടുക്കുമെന്നുള്ള കാര്യം കേന്ദ്രഗവൺമെന്റിനെ ബോദ്ധ്യപ്പെടുത്തുവാൻ കഴിയാതെ പോയതാണ് പെട്ടെന്ന് ഭക്ഷ്യധാന്യ വിഹിതത്തിൽ കുറവുവരുത്തുന്നതിന് കേന്ദ്രം തയ്യാറായത്. അത് അവരുടെ നയപരമായ കാര്യമാണെന്നത് മറ്റൊരു കാര്യം. ഒരു തീരുമാനം വരുമ്പോൾ അത് കൃത്യമായി കേന്ദ്രത്തെ ധരിപ്പിക്കേണ്ടിയിരുന്നു എന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

ഭക്ഷ്യ ഭദ്രതാ നിയമത്തെക്കുറിച്ച് പറയുമ്പോൾ, കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നിങ്ങൾ എന്ത് ചെയ്തു, ഏത് രീതിയിൽ പോയി, ഭക്ഷ്യ ഭദ്രതാ നിയമം വൈകിയതുകൊണ്ടാണ് അരിയുടെ വിഹിതത്തിൽ കുറവ് വരുന്നത് എന്നൊക്കെ ബഹുമാനപ്പെട്ട മന്ത്രി പറയാറുണ്ട്.

ഇവിടെ മണ്ണെണ്ണയുടെ വിഹിതം കുറഞ്ഞു. മണ്ണെണ്ണയ്ക്ക് ഭക്ഷ്യ ഭദ്രതാ നിയമവുമായി ഒരു ബന്ധവുമില്ല. മണ്ണെണ്ണയ്ക്ക് 36 ശതമാനത്തിന്റെ കുറവാണ് ഇപ്പോഴുണ്ടായിരിക്കുന്നത്. എന്തുകൊണ്ട് മണ്ണെണ്ണയുടെ ലഭ്യത കുറഞ്ഞു. മണ്ണെണ്ണ, പെട്രോളിയം മന്ത്രാലയത്തിന്റെ കീഴിൽ വരുന്നതാണ്. വ്യത്യസ്തങ്ങളായ രണ്ട് വകുപ്പുകളുടെ കീഴിൽവരുന്ന ഭക്ഷ്യ ഭദ്രതാ നിയമവും മണ്ണെണ്ണയുമായി യാതൊരു ബന്ധവുമില്ല. നമ്മുടെ ആവശ്യങ്ങൾ കൃത്യമായി അവതരിപ്പിച്ച് നേടിയെടുക്കാൻ നമുക്ക് കഴിയാതെ പോകുന്നുവെന്നുള്ളത് ഒരു വിഷയമായി ഇവിടെ ചൂണ്ടിക്കാട്ടേണ്ടതായിട്ടുണ്ട്. കേന്ദ്രത്തോട് ഔദാര്യമോ ഭിക്ഷയോ അല്ല നമ്മുടെ അവകാശമാണ് ചോദിക്കുന്നത്. അത് നമുക്ക് നിലനിർത്തി കിട്ടണം. കരട് മുൻഗണനാ പട്ടിക വച്ച് 14.25 ലക്ഷം മെട്രിക് ടൺ ഭക്ഷ്യധാന്യം ലഭിക്കുമെന്നാണ് മനസ്സിലാകുന്നത്. 16.5 ലക്ഷം

മെട്രിക് ടൺ ഭക്ഷ്യധാന്യം ലഭിക്കണമെന്ന നമ്മുടെ ക്ലെയിം അപ്പോഴും അവിടെ കിടക്കുകയാണ്. കൃത്യമായ നിലയിൽ കൂടുതൽ ഇടപെടലുകൾ നടത്തി അർഹതപ്പെട്ടത് നേടിയെടുക്കാനുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

മി. സ്പീക്കർ : യെസ്....... പ്ലീസ്......ശ്രീ. അനൂപ് ജേക്കബ്.... പ്ലീസ്... സഹകരിക്കു.

ശ്രീ. അനൂപ് ജേക്കബ് : ഞാൻ ചുരുക്കുകയാണ്. ഈ കരട് മുൻഗണനാ പട്ടിക ടൈംലിമിറ്റിനുള്ളിൽ പൂർത്തിയാക്കി ഫൈനൽ ലിസ്റ്റ് പ്രസിദ്ധീകരിച്ച് പോകാനാണ് ഉദ്ദേശിക്കുന്നതെങ്കിൽ കൂടുതൽ വിഷയങ്ങളിലേയ്ക്ക് കടന്നുപോകും. പരാതികൾ തുടർച്ചയായി വരുന്ന ഒരു സാഹചര്യമുണ്ടാകും. അതുകൊണ്ട് ആവശ്യമായ സമയം കൊടുക്കാനും ഇതിന്റെ അപാകതകൾ പരിഹരിക്കാനുമുള്ള സാഹചര്യം ഗവൺമെന്റ് ഒരുക്കണം. ഈ വിഷയം വളരെ ഗൗരവമേറിയതാണ്. അതുകൊണ്ട് നിയമസഭ നിർത്തിവച്ച് ഈ വിഷയം ചർച്ച ചെയ്യണമെന്നാണ് എനിക്ക് ആവശ്യപ്പെടാനുള്ളത്.

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ) : സർ, ഞാൻ വളരെ ജാഗ്രതയോടുകൂടി പ്രവർത്തിക്കണമെന്നാണ് ബഹുമാന്യനായ അനൂപ് ജേക്കബ് അഡ്വൈസ് ചെയ്തത്. താങ്കൾ ആ ജാഗ്രത കാണിച്ചിരുന്നെങ്കിൽ നമ്മുടെ സംസ്ഥാനം ഈ ഒരവസ്ഥയിൽ എത്തുമായിരുന്നോ; നമ്മുടെ കയ്യിലുള്ള റേഷൻ കാർഡ് 2007-ലേതാണ്. ഓരോ 5 വർഷം കഴിയുമ്പോഴും റേഷൻ കാർഡ് പുതുക്കേണ്ടതായിരുന്നു. 2012-ൽ പുതുക്കേണ്ടതായിരുന്നു. 2013-ൽ എൻ.എഫ്.എസ്.എ. (National Food Security Act) വന്നപ്പോഴും നിങ്ങൾ പുതുക്കിയില്ലല്ലോ; 2015 ജനുവരി 1-നാണ് റേഷൻ കാർഡ് പുതുക്കുന്നതിനുള്ള ഫോറം തയ്യാറാക്കി കൊടുത്തത്. വർഷങ്ങൾ ഏറെ നഷ്ടപ്പെടുത്തിയിട്ട് എന്നോടാണ് ജാഗ്രതയോടുകൂടി കാര്യങ്ങളെ കാണണമെന്ന് പറയുന്നത്. താങ്കളും അന്നത്തെ ഗവൺമെന്റുമാണ് ജാഗ്രതയോടുകൂടി പ്രവർത്തിക്കേണ്ടിയിരുന്നത്. വകുപ്പിലെ ഉദ്യോഗസ്ഥർക്ക് ഇപ്പോഴാണ് ട്രെയിനിംഗ് കൊടുത്തതെന്ന് പറയുന്നത് തികച്ചും തെറ്റാണ്. ഞങ്ങൾ വളരെ നേരത്തേ വകുപ്പിലെ മുഴുവൻ ഉദ്യോഗസ്ഥർക്കും ട്രെയിനിംഗ് കൊടുത്തിരുന്നു. വെരിഫിക്കേഷൻ കമ്മിറ്റി അംഗങ്ങൾക്കായി ജില്ലാ തലത്തിൽ നടത്തുന്ന പരിശീലന പരിപാടിയാണ് ഇപ്പോൾ നടക്കുന്നത്. നേരത്തേ ഞങ്ങളുടെ വകുപ്പിലെ മുഴുവൻ ഉദ്യോഗസ്ഥർക്കുമായി രണ്ട് വർക്ക്ഷോപ്പുകളാണ് നടത്തിയത്. നിങ്ങൾ അത് നടത്തിയിരുന്നില്ല. അത് നടത്തിക്കൊണ്ട് ഈ പരിമിതമായ ദിവസങ്ങൾക്കുള്ളിൽ ചെയ്യാവുന്നതിന്റെ മാക്സിമം കാര്യങ്ങൾ ചെയ്തു കൊണ്ടാണ് ഞങ്ങൾ മുന്നോട്ടുപോകുന്നത്. അർഹതപ്പെട്ട മുഴുവൻ ആളുകളേയും മുൻഗണനാപട്ടികയിൽ ഉൾപ്പെടുത്താൻ കഴിയണം എന്നുതന്നെയാണ് ഈ

സർക്കാരിന്റേയും തീരുമാനം. അശ്രയ പദ്ധതിയിൽപ്പെട്ടവർ, തൊഴിലുറപ്പ് പദ്ധതിയിൽപ്പെട്ടവർ, പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗങ്ങൾ എന്നിവർക്കൊക്കെ അരി കൊടുക്കാൻ നമുക്ക് സാധിക്കണം. അതിനായി നമ്മളെല്ലാം ആ പ്രോസസ്സിൽ ആത്മാർത്ഥമായി പങ്കെടുക്കണം. അങ്ങനെയായാൽ ശരിയായ ഒരു പട്ടിക തയ്യാറാക്കിക്കൊടുക്കാൻ നമുക്ക് സാധിക്കും. വളരെ കുറച്ചുസമയം മാത്രമേ ഈ സർക്കാരിന് ഇക്കാര്യത്തിൽ ലഭിച്ചുള്ളൂ എന്നത് പ്രയാസമുണ്ടാക്കിയിരുന്നു. സമയബന്ധിതമായി, കുറ്റമറ്റ രീതിയിൽ ഒരു പട്ടിക തയ്യാറാക്കുന്നതിന് ഏറ്റവും ചുരുങ്ങിയത് ആറ് മാസം തരണമെന്ന് ഞങ്ങൾ കേന്ദ്രത്തോട് ആവശ്യപ്പെട്ടിരുന്നു. ഈ ഗവൺമെന്റ് അധികാരത്തിൽവന്ന ഉടൻതന്നെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇതുമായി ബന്ധപ്പെട്ട് കേന്ദ്രത്തിലേയ്ക്ക് കത്തെഴുതുകയും ബന്ധപ്പെട്ടവരോട് നേരിട്ട് സംസാരിക്കുകയും ചെയ്തു. ഇക്കാര്യങ്ങളെല്ലാം കേന്ദ്രം ആവശ്യപ്പെട്ട രീതിയിൽ നിർവ്വഹിക്കുന്നതിന് അൽപ്പം സാവകാശം തരണമെന്നും അതുവരെ കടുത്ത നടപടികളിലേയ്ക്ക് പോകരുതെന്നും അഭ്യർത്ഥിച്ചിരുന്നു. എന്നാൽ ഈ സർക്കാർ അധികാരത്തിൽവന്ന് കുറേയധികം കാര്യങ്ങൾ ചെയ്തുകൊണ്ടിരിക്കുന്ന സന്ദർഭത്തിലാണ്, ഓണത്തിന് മുൻപ് അഡ്ഹോക്ക് അലോക്കേഷൻ നിർത്തിയത്. എന്നിരുന്നാലും അഡ്ഹോക്ക് അലോക്കേഷൻ ലഭിക്കുമെന്ന് ഞങ്ങൾ വിചാരിച്ചിരുന്നു. ആ സമയത്ത് ഞങ്ങൾ വീണ്ടും ഇടപെട്ടെങ്കിലും അത് കേന്ദ്രം തന്നില്ലെന്നു മാത്രമല്ല ഓണം കഴിയുന്നതുവരെ നമുക്കത് തരാതിരിക്കാനാണ് ശ്രമിച്ചത്. ഓണം കഴിഞ്ഞപ്പോൾ എ.പി.എൽ. കാർഡുടമകൾക്ക് നൽകിയിരുന്ന സൗജന്യ റേറ്റ് നിർത്തിക്കൊണ്ട് കുറേക്കൂടി കടുത്ത നടപടികളുമായി കേന്ദ്രം മുന്നോട്ടുപോയി. ആ സന്ദർഭത്തിൽ ഇവിടെ ചെയ്തുകൊണ്ടിരിക്കുന്ന കാര്യങ്ങളെ സംബന്ധിച്ച് കേന്ദ്രത്തെ അറിയിക്കുന്നതിൽ വീഴ്ചവരുത്തിയെന്ന് ബഹുമാനപ്പെട്ട അംഗം ഇവിടെ ചൂണ്ടിക്കാണിക്കുകയുണ്ടായി. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അടക്കമുള്ളവർ ഇക്കാര്യത്തിൽ ശക്തമായി ഇടപെട്ട് അത് നേടിയെടുത്തു. ഇന്നലെ കേന്ദ്ര സർക്കാരിന്റെ ഉത്തരവ് വന്നു, 8.30 രൂപ എന്ന പഴയ റേറ്റിന് എ.പി.എൽ. കാർഡുകാർക്ക് കൊടുത്തിരുന്ന അരി തരുമെന്ന്. നമുക്ക് പ്രയാസമുള്ളത് എവിടെയാണ്? ഈ ആക്ട് പ്രകാരം 14.25 ലക്ഷം മെട്രിക് ടൺ അരിയാണ് നമുക്ക് ഇപ്പോൾ കേന്ദ്രം തരുന്നത്. എന്തുകൊണ്ടാണ് അതങ്ങനെ ആയതെന്നത് പരിശോധിക്കേണ്ടത് താങ്കളാണ്. ഞാനല്ല. ഞാൻ വായിക്കാം. യു.പി. ഒന്നാം സ്ഥാനത്ത് - 96.15 ലക്ഷം, ബീഹാർ രണ്ടാം സ്ഥാനത്ത് - 55.27 ലക്ഷം, മഹാരാഷ്ട്ര മൂന്നാം സ്ഥാനത്ത് - 45.02 ലക്ഷം, ബംഗാൾ - 38.49 ലക്ഷം, തമിഴ്നാട് - 36.78 ലക്ഷം, മധ്യപ്രദേശ് - 34.68 ലക്ഷം, ആന്ധ്രാപ്രദേശ് - 32.11 ലക്ഷം, രാജസ്ഥാൻ - 27.92 ലക്ഷം, കർണ്ണാടക - 25.56 ലക്ഷം, ഗുജറാത്ത് - 23.95 ലക്ഷം, ഒഡീസ്സ - 21.09 ലക്ഷം, ജാർഖണ്ഡ് - 16.96 ലക്ഷം, ആസ്സാം - 16.95 ലക്ഷം, കേരളം അതുകഴിഞ്ഞിട്ടാണ് 14.25 ലക്ഷം. ഇൻഡ്യയിൽ ഏറ്റവും കൂടുതൽ ഭക്ഷ്യകമ്മി നേരിടുന്ന കേരളം ഈ സംസ്ഥാനങ്ങളുടെയൊക്കെ പിറകിലാണ് എന്നോർക്കണം. ആക്ട് താങ്കളൊന്ന്

വായിച്ചുനോക്കണം. ഓരോ സംസ്ഥാനത്തിനുമുള്ള അർഹത അതിൽ വിശദമായി പറയുന്നുണ്ട്. നമ്മുടെ ഓഫ്ടേക്ക് 12.26 ആയിരുന്നു. അതിൽ ഒരു അലവൻസുകൂടി നിശ്ചയിച്ചുകൊണ്ടാണ് 14.25 ലക്ഷം കേരളത്തിന്റെ വിഹിതമായി ഈ ആക്ടിൽ പറഞ്ഞിരിക്കുന്നത്. ആ സന്ദർഭത്തിൽ എന്ത് ക്ലെയിമാണ് ഈ സംസ്ഥാനത്തിന് വേണ്ടി താങ്കൾ കേന്ദ്രത്തിൽ സമർപ്പിച്ചത്. പാർലമെന്റിൽ ഈ വിഷയം ആർക്കെങ്കിലും ഉന്നയിക്കാൻ കഴിഞ്ഞോ; ആരെക്കൊണ്ടെങ്കിലും ഉന്നയിപ്പിച്ചോ; മറ്റെല്ലാ സംസ്ഥാനങ്ങളും അവർക്ക് അർഹതപ്പെട്ടത് ചോദിച്ച് വാങ്ങിക്കൊണ്ടു പോയപ്പോൾ ഭക്ഷ്യക്ഷാമം നേരിടുന്ന നമ്മുടെ സംസ്ഥാനത്തിന് അർഹതപ്പെട്ടത് വാങ്ങിയെടുക്കാൻ കഴിയാതിരുന്നിട്ട് ആരോടാണ് ഇപ്പോൾ പറയുന്നത്; വേണ്ട സമയത്ത് പ്രവർത്തിക്കാതിരുന്നതുകൊണ്ടാണ് 14.25-ലേക്ക് നമ്മൾ താഴ്ന്നുപോയത്. മലയാളിയായ ശ്രീ. കെ. വി. തോമസ് ഭക്ഷ്യ സഹമന്ത്രിയായിരിക്കെ അദ്ദേഹം പൈലറ്റ് ചെയ്ത ബില്ലിലാണ് നമ്മുടെ ക്ലെയിം നേടിയെടുക്കാൻ കഴിയാതിരുന്നത് എന്ന ദുഃഖകരമായ യാഥാർത്ഥ്യംകൂടി നാം മനസ്സിലാക്കണം.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല) : സർ, ഭക്ഷ്യ ഭദ്രതാ നിയമം നടപ്പാക്കുന്നതിന് മുൻപ് നമുക്കുണ്ടായിരുന്നത് 10 ലക്ഷം മെട്രിക് ടൺ ആയിരുന്നു. ഈ നിയമം നടപ്പാക്കുന്ന സന്ദർഭത്തിൽ അന്നത്തെ യു.ഡി.എഫ്. ഗവൺമെന്റ് ശക്തമായി ഇടപെട്ടതിന്റെ ഫലമായാണ് 14.25 ലക്ഷം മെട്രിക് ടണ്ണാക്കി ഉയർത്തിയത്. നമ്മുടെ ക്ലെയിം 16.50 ലക്ഷം മെട്രിക് ടണ്ണാണ്. ഉത്തർപ്രദേശിന് കിട്ടുന്നത് കേരളത്തിന് കിട്ടുമോ; അവിടത്തെ ജനസംഖ്യയും കേരളത്തിലെ ജനസംഖ്യയും തമ്മിൽ താരതമ്യം ചെയ്യാൻ പറ്റുമോ. യു.ഡി.എഫ്. ഗവൺമെന്റിന്റെ ഇടപെടൽ മൂലമാണ് 14.25 ആയി വർദ്ധിപ്പിച്ചതെന്നുള്ള കാര്യം അങ്ങ് ഓർക്കുന്നുണ്ടോ?

ശ്രീ. പി. തിലോത്തമൻ : സർ, ആ പറഞ്ഞ വാദഗതി ഞാൻ അങ്ങോട്ട് ചോദിച്ചോട്ടെ. ആസ്സാം, ഒഡീഷ, ജാർഖണ്ഡ് എന്നീ സംസ്ഥാനങ്ങൾക്കെല്ലാം നമ്മുടേതിനേക്കാൾ കൂടുതൽ കിട്ടിയല്ലോ. എന്തുകൊണ്ടാണ് നമുക്ക് കുറഞ്ഞുപോയത്; സ്റ്റാറ്റ്യൂട്ടറി റേഷൻ സമ്പ്രദായം നിലനിൽക്കുന്ന ഈ സംസ്ഥാനത്തിന് എന്തുകൊണ്ട് കുറഞ്ഞുപോയി.......(...ബഹളം...)

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി, അങ്ങ് പറഞ്ഞ് അവസാനിപ്പിക്കൂ.

ശ്രീ. പി. തിലോത്തമൻ: സർ, ഈ 14.25 എന്നുള്ളത് എങ്ങനെയാണ് നമുക്ക് ലഭിക്കുന്നതെന്ന് ആക്ടിൽ പറയുന്നുണ്ട്. ഞാൻ താങ്കൾക്ക് ആക്ടിന്റെ കോപ്പി തരാം. താങ്കൾ അത് വായിച്ചുനോക്കിയാൽ മതി. അതിന് മുൻപുള്ള മൂന്ന് വർഷത്തെ നമ്മുടെ ഉപഭോഗം 12.26 ആണ്.

## IV ക്രമപ്രശ്നം

### (1) അംഗങ്ങൾ സീറ്റ് മാറിയിരിക്കുന്നത് സംബന്ധിച്ച്

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ) : സർ, ഞാൻ ഒരു പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കുന്നു. അംഗങ്ങൾ സ്ഥലം മാറി ഇരിക്കുകയും ഇരിക്കുന്ന സ്ഥലത്തുനിന്ന് ബഹളമുണ്ടാക്കുകയും ചെയ്യുന്നത് ഓർഡറിലാണോ. ഇത് ചട്ടപ്രകാരം വിരുദ്ധമാണ്. ഏത് സീറ്റിലേയ്ക്കും മാറിയിരിക്കാം. പക്ഷേ അവിടെ ഇരുന്ന് അഭിപ്രായം പറയാൻ പാടില്ല. അംഗങ്ങൾക്ക് അനുവദിക്കപ്പെട്ട സീറ്റിലിരുന്നുമാത്രമേ പ്രതികരിക്കാൻ പാടുള്ളൂ. നിങ്ങൾ ബഹളമുണ്ടാക്കാനായി അൺലോഫുൾ അസംബ്ലിയാണ് ഇവിടെ ഉണ്ടാക്കുന്നത്. (...ബഹളം...)

### റൂളിംഗ്

മി. സ്പീക്കർ : അംഗങ്ങൾ സ്ഥലം മാറി ഇരിക്കുകയും ഇരിക്കുന്ന സ്ഥലത്തു നിന്ന് ബഹളമുണ്ടാക്കുകയും ചെയ്യുന്നത് ഓർഡറിലല്ല. ബഹുമാനപ്പെട്ട നിയമസഭാ സാമാജികർ അവരവരുടെ സീറ്റുകളിൽ ഇരിക്കണം. പരസ്പരം സംസാരിക്കുന്നതും സീറ്റ് മാറി ഇരിക്കുന്നതും അപൂർവ്വമായ കാര്യമല്ല. പക്ഷേ മാറിയ സീറ്റിലിരുന്നു കൊണ്ട് ബഹളമുണ്ടാക്കുന്നത് ശരിയല്ല. സൗഹൃദ ഭാഷണത്തിനായി അംഗങ്ങൾ സീറ്റ് മാറിയിരിക്കുന്നത് ഒരു പുതിയ കാര്യമല്ല. പക്ഷേ ആ സീറ്റുകളിലിരുന്ന് സഭാനടപടികളിൽ പങ്കെടുക്കുന്നത് അംഗീകരിക്കാൻ പറ്റുന്നതല്ല. അത് ശരിയല്ല. അത് ആവർത്തിക്കാൻ പാടില്ല.

ശ്രീ. കെ. എം. മാണി : സർ, ഈ ചട്ടം പറയുന്ന ബഹുമാനപ്പെട്ട മന്ത്രി ശ്രീ. എ. കെ. ബാലൻ, ഒരു മന്ത്രി സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കാൻ പാടുണ്ടോ; അത് ചട്ടപ്രകാരമാണോ?

മി. സ്പീക്കർ: അദ്ദേഹം ചോദിച്ചിട്ടാണ് അനുവാദം കൊടുത്തത്. ബഹുമാനപ്പെട്ട മന്ത്രി ഇരുന്നിരുന്നു. (...ബഹളം...)

ശ്രീ. എ. കെ. ബാലൻ: സഭയിൽ ഒരു ബിസിനസ്സ് നടന്നുകൊണ്ടിരിക്കുന്ന സമയത്ത് ചട്ടപ്രകാരമല്ല സഭ നടക്കുന്നത് എങ്കിൽ ഏത് സമയത്തും ക്രമപ്രശ്നം ഉന്നയിക്കാം.(...ബഹളം...)

മി. സ്പീക്കർ: മന്ത്രി സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ പോയിന്റ് ഓഫ് ഓർഡർ ഉന്നയിച്ചു. മന്ത്രി ഇരുന്നു. അദ്ദേഹം പോയിന്റ് ഓഫ് ഓർഡർ ഉന്നയിച്ചു. അതാണ് ഇവിടെ ഉണ്ടായത്. (...ബഹളം...)

പ്ലീസ്..പ്ലീസ്...മന്ത്രി ഇരുന്നതിനുശേഷമാണ് അദ്ദേഹത്തിന് അവസരം കൊടുത്തത്. അതിലൊരു തെറ്റും സംഭവിച്ചിട്ടില്ല. ബഹുമാനപ്പെട്ട ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി, അങ്ങ് മറുപടി പൂർത്തീകരിക്കുക.

**അടിയന്തരപ്രമേയം (തുടർച്ച)**

ശ്രീ. പി. തിലോത്തമൻ: സർ, ഈ 14.25 ലക്ഷം മെട്രിക് ടൺ എന്നുള്ളത് എങ്ങനെയാണ് നമുക്ക് ലഭിക്കുന്നതെന്ന് ആക്ടിൽ പറയുന്നുണ്ട്. അതിനുമുൻപുള്ള മൂന്നുവർഷക്കാലത്തെ ഉപഭോഗം 12.26 ലക്ഷം മെട്രിക് ടൺ ആണ്. അതാണ് ബേസിക്കായിട്ട് കേന്ദ്രം എടുത്തത്. അവിടെ നമുക്ക് പിശക് പറ്റി. നമ്മുടെ അന്നത്തെ ഉപഭോഗം 16 ലക്ഷം മെട്രിക് ടൺ ആണ്. ആ 16 ലക്ഷം മെട്രിക് ടൺ ഉപഭോഗത്തെ സംബന്ധിച്ച് കേന്ദ്രത്തെ അറിയിക്കുന്നതിൽ വന്ന വീഴ്ചയാണ് 12.26 എന്ന ശരാശരി ഉപഭോഗത്തിലേയ്ക്ക് എത്തിച്ചത്. അവിടെയാണ് അന്നത്തെ സർക്കാരിന് പിടിപ്പുകേടുണ്ടായത്. അതിന് ഞങ്ങളോട് വഴക്കിട്ടിട്ട് വല്ല കാര്യവുമുണ്ടോ.

2013 ജൂണിൽ പ്രാവർത്തികമായ ഈ നിയമം 2016 വരെ നടപ്പാക്കാതെ വന്നപ്പോൾ എത്ര കോടി രൂപയാണ് സംസ്ഥാനത്തിന് നഷ്ടപ്പെട്ടത്? അഞ്ചിൽ ചില്വാനം രൂപയ്ക്കും 8.30 രൂപയ്ക്കും കിട്ടിക്കൊണ്ടിരുന്ന അരി ഈ ആക്ട് പ്രകാരം നമുക്ക് 3 രൂപയ്ക്കാണ് ലഭിക്കുന്നത്. ആറിൽ ചില്വാനം രൂപയ്ക്ക് കിട്ടിക്കൊണ്ടിരുന്ന ഗോതമ്പ് ലഭിക്കുന്നത് 2 രൂപയ്ക്കാണ്. ആ രണ്ടു രൂപയുടേയും മൂന്ന് രൂപയുടേയും അന്തരം കാരണം ഏതാണ്ട് 600-700 കോടി രൂപയാണ് ഓരോ വർഷവും ഇവർ നഷ്ടപ്പെടുത്തിയത്. അരിയുടെ അളവിലും ഗോതമ്പിന്റെ അളവിലും അൽപ്പസ്വല്പം വ്യത്യാസമുണ്ടായിട്ടുണ്ട്. കോടിക്കണക്കിന് രൂപ സംസ്ഥാനത്തിന് നഷ്ടപ്പെടുത്തിയ ആളുകളാണ് ഇപ്പോൾ ഈ ഗവൺമെന്റിനെ വെല്ലുവിളിക്കുന്നത്. ഇവർ എന്തുകൊണ്ടാണ് ഈ ആക്ട് നടപ്പാക്കാതിരുന്നതെന്ന് എനിക്ക് നന്നായിട്ടറിയാം. പൊതുവിതരണ രംഗത്തെ മധ്യവർത്തികളായ 333 ഹോൾസെയിൽ ഉടമകളായിരുന്നു നിങ്ങളുടെ മുൻപിൽ. നിങ്ങളുടെ കണ്ണി അവരായിരുന്നു. നിങ്ങൾ അവരെ മാത്രം

നോക്കി നടന്നു. അതുകൊണ്ട് ഈ നിയമം നടപ്പാക്കുന്നതിൽ നിങ്ങൾ കാലതാമസം വരുത്തി. മനഃപൂർവ്വം താമസിപ്പിച്ച് ഞങ്ങളുടെ പിടലിക്ക് കൊണ്ടു വയ്ക്കാൻവേണ്ടി വച്ചിരുന്നു. അത് ഒരു കാരണവശാലും സമ്മതിക്കില്ല. ഈ ആക്ട് ഞങ്ങൾ എല്ലാ അർത്ഥത്തിലും സുതാര്യമായും കാര്യക്ഷമമായും നടപ്പാക്കും. അർഹതപ്പെട്ട മുഴുവൻ ആളുകൾക്കും അരിയും ഗോതമ്പും കൊടുക്കും.

മണ്ണെണ്ണ വെട്ടിക്കുറച്ചതുസംബന്ധിച്ച് ബഹുമാനപ്പെട്ട അംഗം ചോദിച്ചു. മണ്ണെണ്ണ വെട്ടിക്കുറച്ചതിന് ഞങ്ങളാരും ഉത്തരവാദിയല്ല. സംസ്ഥാനത്തെ പാവപ്പെട്ട ആളുകൾക്ക് വെളിച്ചത്തിനും പാചകത്തിനും വേണ്ടിയാണ് കേന്ദ്രം മണ്ണെണ്ണ തരുന്നത്. എന്നാൽ അതിലൊരു ഡൈവേർഷൻ നമ്മൾ കാലങ്ങളായി വരുത്തുന്നു. പാവപ്പെട്ട മത്സ്യത്തൊഴിലാളികളുടെ മത്സ്യബന്ധന യാനങ്ങൾ പ്രവർത്തിപ്പിക്കാൻ ഇതിൽനിന്ന് മണ്ണെണ്ണ വിഭജിച്ച് അവർക്ക് കൊടുക്കുമായിരുന്നു. അത് കേന്ദ്രം അംഗീകരിക്കുന്നില്ല. കഴിഞ്ഞ കോൺഗ്രസ് സർക്കാരും അംഗീകരിക്കുമായിരുന്നില്ല. ഇപ്പോൾ ബി.ജെ.പി. സർക്കാർ ഒട്ടും അംഗീകരിക്കുന്നില്ല. മത്സ്യത്തൊഴിലാളികളൊന്നും അവർക്ക് വലിയ കാര്യമല്ല. മത്സ്യത്തൊഴിലാളികൾക്ക് കൊടുത്ത മണ്ണെണ്ണയാണ് വെട്ടിക്കുറച്ചതെന്ന് മനസ്സിലാക്കണം. അത് മനസ്സിലാക്കാതെ എന്നോട് പറഞ്ഞിട്ടെന്താണ് കാര്യം. സംസ്ഥാനത്തിന് അർഹതപ്പെട്ടതും അവകാശപ്പെട്ടതും കേന്ദ്രത്തിൽനിന്ന് വാങ്ങിയെടുക്കാൻ ഒരുമിച്ച് നിൽക്കുക. അതിനാണ് നാം മുൻകൈ എടുക്കേണ്ടത്. ഈ പ്രശ്നം സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതില്ല എന്നാണ് എന്റെ അഭിപ്രായം.

മി. സ്പീക്കർ: ബഹുമാനപ്പെട്ട ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചിരിക്കുന്നു.

(അടിയന്തരപ്രമേയാവതരണാനുമതി നിഷേധിച്ചു.)

10.00 AM]

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, കേന്ദ്രത്തിലെ ബി.ജെ.പി. ഗവൺമെന്റിന്റെയും കേരളത്തിലെ എൽ.ഡി.എഫ്. ഗവൺമെന്റിന്റെയും പിടിപ്പുകേടുകൊണ്ട് നമ്മുടെ പൊതുവിതരണമേഖലയാകെ തകർന്നിരിക്കുകയാണ്. ഈ മേഖലയിലാകെ ഇപ്പോൾ അനിശ്ചിതത്വവും അരാജകത്വവുമാണുള്ളത്. സർക്കാരിന്റെ പിടിപ്പുകേടിന് പ്രതിപക്ഷത്തിനുനേരെ അങ്ങ് എന്തിനാണ് ഇത്രയും ചൂടായതെന്ന് എനിക്ക് മനസ്സിലാകുന്നില്ല. ശ്രീ. തിലോത്തമൻ ശാന്തസ്വഭാവിയായ

ഒരാളാണ്. അങ്ങ് ഇത്രയും ചൂടായതെന്താണെന്ന് എനിക്ക് മനസ്സിലായില്ല. എൽ.ഡി.എഫ്., റേഷൻ കടകളിലേയ്ക്ക് സമരം നടത്താൻ പോകുകയാണ് എന്നാണ് പറയുന്നത്. ഇവിടെ റേഷൻ കടക്കാർ സമരം ചെയ്യുന്നു, അവരുടെ അടുത്തേക്ക് എൽ.ഡി.എഫ്.കാർ സമരം ചെയ്യാൻ പോകുകയാണ്. എന്താണ് ഈ നാട്ടിൽ നടക്കുന്നത്? ഭരണവും സമരവും പുനർജനിക്കുകയാണോ ഇവിടെ? കേന്ദ്രത്തിലെ ബി.ജെ.പി. ഗവൺമെന്റ് നമ്മളോട് ചിറ്റമ്മനയം കാണിക്കുന്നു എന്ന കാര്യത്തിൽ തർക്കം വേണ്ട. ഞാൻ അങ്ങയോട് ഒരു കാര്യം പറയാൻ ആഗ്രഹിക്കുന്നു. ഈ നിയമം നടപ്പിലാക്കിക്കഴിഞ്ഞാൽ കേരളത്തിലെ ജനങ്ങൾക്ക് ഇന്ന് ലഭിച്ചുകൊണ്ടിരിക്കുന്ന റേഷനരി കുറഞ്ഞാൽ അങ്ങേയ്ക്കായിരിക്കും അതിന്റെ ഉത്തരവാദിത്വം. അതുകൂടി പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഭക്ഷ്യഭദ്രതാ നിയമം നടപ്പിലാക്കുന്നതിന്റെ ഭാഗമായി, അങ്ങ് പറഞ്ഞു; ഇവിടെ എന്താണ് നടക്കുന്നത്? ഇവിടെ ഒരു കുഴപ്പവുമില്ല എന്നല്ലേ. "റേഷൻ കാർഡ് പീഡനമാകരുത്- മലയാളമനോരമ. "പരാതി ഒരു ലക്ഷം കടന്നു" - മാതൃഭൂമി, "റേഷൻ കാർഡിനായി എന്തെല്ലാം സഹിക്കണം" - കേരളകൗമുദി, "റേഷൻ മുൻഗണനാ പട്ടിക ദരിദ്ര ജനദ്രോഹമാകരുത്"-ദീപിക. "ആശങ്കയകറ്റണം" - മംഗളം "അരിയില്ല മക്കളേ, മണ്ണെണ്ണയും" -കേരള കൗമുദി. (പത്രങ്ങളുടെ കോപ്പി ഉയർത്തിക്കാട്ടി.) കേരളത്തിലെ എല്ലാ ദിനപത്രങ്ങളും ഇന്ന് എഡിറ്റോറിയൽ എഴുതുകയും വാർത്തകൾ കൊടുക്കുകയും ചെയ്തിട്ടുള്ളത് കേരളത്തിലെ പൊതുവിതരണ മേഖലയിൽ ഉണ്ടായിരിക്കുന്ന അനിതരസാധാരണമായ ഒരു സാഹചര്യമാണ്. ഇവിടെ എന്താണ് സ്ഥിതി ? ...... (ബഹളം).... ........

<u>മി. സ്പീക്കർ :</u> പ്ലീസ്.... പ്ലീസ് ... അങ്ങ് പ്രസംഗം തുടരൂ. ശ്രീ. രാജൻ,... ഇരിക്കൂ, ശ്രീ. മുരളീധരൻ അങ്ങ് എപ്പോഴും ക്ഷുഭിതനാകാറുണ്ട്. അങ്ങയുടെ രണ്ട് വശത്തിരിക്കുന്ന ആളുകളും ഇത് ചെയ്യാറുണ്ടോയെന്ന് ആലോചിക്കണം. മന്ത്രി സംസാരിക്കുമ്പോഴും ഇതായിരുന്നല്ലോ സ്ഥിതി. ആരും ചെയ്യാൻ പാടില്ലായെന്ന് ചെയർ എപ്പോഴും പറയാറുണ്ട്. പക്ഷേ മന്ത്രി സംസാരിക്കുമ്പോഴും ഇതു തന്നെയായിരുന്നു സ്ഥിതി. ചെയർ ഇതെല്ലാം കാണുന്നുണ്ട്. ശ്രീ. ഷംസീർ... ശ്രീ. ബാബു, ശ്രീ. അബ്ദുറഹിമാൻ, ഇരിക്കൂ.

<u>ശ്രീ. രമേശ് ചെന്നിത്തല:</u> കേരളത്തിലെ മുൻഗണനാ പട്ടികയിൽ പരാതി കൊടുത്തിട്ടുള്ള ആളുകൾ ധാരാളമുണ്ട്. ഇന്ന് സ്വൈരമായി ഒരു പരാതി കൊടുക്കാനുള്ള അവസ്ഥയില്ല. താലൂക്കാഫീസുകളിൽ സംഘർഷാവസ്ഥയാണ്. താലൂക്കാഫീസുകളിൽ

സ്ത്രീകൾ തലകറങ്ങി വീഴുന്നു, ചിലർ വാവിട്ടുകരയുന്നു. ഒരു ജനാധിപത്യ സർക്കാർ ഒഴിവാക്കേണ്ട ഗുരുതരമായ സാഹചര്യമാണ് ഇത്. മുൻഗണനാ ലിസ്റ്റിൽ കഴിഞ്ഞ ഗവൺമെന്റ് താലൂക്ക് തലത്തിലുള്ള ക്രമീകരണമാണ് ചെയ്തത്. അത് മാറ്റിയതോടു കൂടിയാണ് ഈ അപാകതകൾ വന്നത്. ഞാൻ മുഖ്യമന്ത്രിയെ കണ്ടപ്പോൾ അദ്ദേഹത്തോട് ഈ കാര്യം പറഞ്ഞതാണ്. ഇത് മാറ്റരുത്, മാറ്റിയാൽ ഇത് കുഴയും. തുഗ്ലക്കിനേയും അതിശയിപ്പിക്കുന്ന പരീക്ഷണമാണ് ശ്രീ. തിലോത്തമൻ ഇവിടെ നടത്തിക്കൊണ്ടിരിക്കുന്നത്. ഇന്നലെയാണ് ഉദ്യോഗസ്ഥൻമാരുടെ ബോധവൽക്കരണം നടക്കുന്നത്, എല്ലാ പത്രങ്ങളിലും ഉണ്ട്. ഇന്നലെയാണ് നടന്നത്. തിരക്ക് കൂടിയപ്പോൾ ഉദ്യോഗസ്ഥൻമാർ പലരും മുങ്ങി, സ്ഥലം വിട്ടു. നെയ്യാറ്റിൻകരയിൽ താലൂക്ക് സപ്ലൈ ഓഫീസർ സ്ഥലത്തില്ലായിരുന്നു. ആയിരക്കണക്കിന് ആളുകളാണ് നെയ്യാറ്റിൻകരയിൽ, മൂവാറ്റുപുഴയിൽ, അങ്ങനെ കേരളത്തിന്റെ പല ഭാഗത്തും തടിച്ചുകൂടിയത്. ഇപ്പോഴാണോ ഉദ്യോഗസ്ഥൻമാർക്ക് പരിശീലനം കൊടുക്കേണ്ടത്? അങ്ങ് പറഞ്ഞു, വില്ലേജ് ഓഫീസിലും പഞ്ചായത്ത് ഓഫീസിലും ക്രമീകരണം ഏർപ്പെടുത്തിയിരിക്കുന്നുവെന്ന്. ഇന്നത്തെ റിപ്പോർട്ട് എന്താണ്? പല വില്ലേജ് ഓഫീസുകളിലും ഇന്നലെ ചെന്ന ആളുകളോട് അവിടത്തെ ഉദ്യോഗസ്ഥൻമാർ പറയുന്നു; ഞങ്ങൾക്ക് ഇതുസംബന്ധിച്ച് ഒരു വിവരവുമില്ല. അതിനേക്കാൾ ഗൗരവമായ ഒരു കാര്യം ഞാൻ പറയാൻ ആഗ്രഹിക്കുന്നു. റേഷൻ ഉപഭോക്താക്കളുടെ വ്യക്തിപരമായ ഡാറ്റാ പുറത്തു വരുന്നതിനെപ്പറ്റി നിരവധി പരാതികൾ ഉയർന്നുവന്നിരിക്കുകയാണ്. ഇന്ത്യയിൽ ഡാറ്റാ പ്രൊട്ടക്ഷൻ, പ്രൈവസി എന്നിവയ്ക്ക് ഒരു നിയമം ഇല്ല. എന്നാൽ നിരവധി സുപ്രീംകോടതി വിധികളിൽ ഇത് ഫണ്ടമെന്റൽ റൈറ്റായി ചൂണ്ടിക്കാണിക്കുന്നുണ്ട്. ഇത് ദുരുപയോഗപ്പെടുത്താനുള്ള സാധ്യതകൾ വളരെയേറെയാണ്. ഇതിനുവേണ്ടി ചെയ്യേണ്ട കാര്യങ്ങൾ ചെയ്തില്ല എന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. പേഴ്സണൽ ഡാറ്റാ പ്രൊട്ടക്ട് ചെയ്യാൻ വേണ്ടിയുള്ള നടപടികൾ ഉണ്ടാകേണ്ടതായിരുന്നു. അത് ഉണ്ടായിട്ടില്ല എന്നുമാത്രമല്ല ഇത് പലർക്കും മിസ്‌യൂസ് ചെയ്യാൻ കഴിയത്തക്ക നിലയിലേക്ക് മാറുകയാണ്. പാസ്സ്‌വേർഡ് പ്രൊട്ടക്ഷൻ സിസ്റ്റം, - പ്രൊട്ടക്റ്റിംഗ് ദ ഡാറ്റാ ഫ്രം മിസ്‌യൂസ് എന്നുള്ള നിലയിൽ ഇതിനെ ക്രമീകരിക്കേണ്ടതായിരുന്നു. അത് ഉണ്ടായിട്ടില്ല. വില്ലേജ് ഓഫീസിൽ ചെന്നാൽ, പഞ്ചായത്ത് ഓഫീസിൽ ചെന്നാൽ ജീവനക്കാർ കൈമലർത്തുകയാണ്. അവർ പറയുന്നു ഞങ്ങൾക്ക് ഇതിനെപ്പറ്റി വ്യക്തമായ നിർദ്ദേശങ്ങൾ ഇല്ല. മന്ത്രി ഇവിടെ ബഹളമുണ്ടാക്കിയല്ലോ,... മുന്നൊരുക്കങ്ങളില്ലാതെ എങ്ങനെ ആളുകൾക്ക് ഇത് തിരുത്താനുള്ള നടപടികൾ ഉണ്ടാകും? ഡിമാന്റ് ചർച്ചയ്ക്ക് മറുപടി പറഞ്ഞുകൊണ്ട് മന്ത്രി പറഞ്ഞു. 1-ാം തീയതിക്കപ്പുറം നീട്ടാൻ കഴിയുകയില്ല,

ഞങ്ങൾ വാക്കുകൊടുത്തിരിക്കുകയാണ്. ഇന്നലെ എങ്ങനെ മന്ത്രി 5-ാം തീയതി വരെ നീട്ടി. എനിക്ക് ഗവൺമെന്റിനോട് പറയാനുള്ളത് 5-ാം തീയതിവരെ നീട്ടിയെങ്കിൽ എന്തുകൊണ്ട് 10 ദിവസം കൂടി കൊടുത്തുകൂടാ. ഈ പ്രശ്നത്തിന് പരിഹാരമുണ്ടാക്കരുതോ? നൂറു കണക്കിന് ആളുകൾ വില്ലേജ് ഓഫീസിലും പഞ്ചായത്ത് ഓഫീസിലും ക്യൂ നിൽക്കുകയാണ്. പാവപ്പെട്ടവരാണ്, സാധാരണക്കാരാണ്, ആയിരങ്ങൾ വലയുകയാണ്. ബി.പി.എൽ. കുടുംബങ്ങളിൽപ്പെട്ട പാവപ്പെട്ട ആളുകൾ, അവർ ചെല്ലുമ്പോൾ ഉദ്യോഗസ്ഥൻമാർ വേണ്ട രീതിയിൽ പ്രതികരിക്കുന്നില്ല. എല്ലായിടത്തും പരാതിയാണ്. 1-ാം തീയതി കട്ട് ഓഫ് ഡേറ്റായി വച്ചെങ്കിൽ എന്തുകൊണ്ട് ഇപ്പോൾ അഞ്ചാം തീയതിയാക്കി മാറ്റി. എന്തുകൊണ്ട് 15 അല്ലെങ്കിൽ 10 ദിവസം കൂടി കൊടുത്തുകൂടാ. കുറ്റമറ്റ രീതിയിൽ ലിസ്റ്റുണ്ടാക്കാൻ കഴിയില്ലേ? ഒരു ഹോം വർക്കും ചെയ്യാതെ ശ്രീ. തിലോത്തമൻ ഈ കാര്യത്തിൽ ഗുരുതരമായ പിഴവ് വരുത്തിയിരിക്കുകയാണ്. യാതൊരു ഹോം വർക്കുമുണ്ടായിട്ടില്ല. ഉദ്യോഗസ്ഥന്മാർ പറയുന്നതനുസരിച്ച് അതൊന്ന് വെരിഫൈ ചെയ്യാനുള്ള നടപടിപോലും മന്ത്രി എടുത്തില്ല എന്നാണ് എനിക്ക് പറയാനുള്ളത്. മുൻഗണനാ പട്ടിക തയ്യാറാക്കാൻ കേന്ദ്രത്തോട് സമയം കൂട്ടി ചോദിക്കാമായിരുന്നു. നിങ്ങൾക്ക് പറയാമായിരുന്നു; ഞങ്ങൾ പുതിയ ഗവൺമെന്റ് ആണ്, ഞങ്ങൾക്ക് സമയം വേണം എന്ന്. അങ്ങനെ പറയാമായിരുന്നല്ലോ. അങ്ങനെ സമയം കൂട്ടി വാങ്ങിക്കാമായിരുന്നല്ലോ, ഇന്ന് സ്ഥിതിയെന്താണ്? ബി.പി.എൽ. കാർഡുകാർക്ക് അരി കിട്ടുന്നില്ല. എ.പി.എൽ. അരി വിതരണം പൂർണ്ണമായും ഇല്ലാതായിരിക്കുന്നു. നമ്മുടെ സംസ്ഥാനത്തെ പൊതുവിതരണ മേഖലയാകെ തകരാറിലായിരിക്കുന്നു.

മണ്ണെണ്ണയുടെ കാര്യം പറഞ്ഞു, മണ്ണെണ്ണ പണ്ടും വെട്ടിക്കുറയ്ക്കാൻ ശ്രമം ഉണ്ടായിട്ടുണ്ട്. അന്ന് കേന്ദ്രത്തിൽ ഇടപെടൽ നടത്തിയിട്ടുണ്ട്. കേന്ദ്രം പറയുന്നത് മൽസ്യത്തൊഴിലാളികൾക്ക് മണ്ണെണ്ണ കൊടുക്കരുതെന്നാണ്. പക്ഷേ നമ്മൾ ഇടപെട്ട് അർഹതപ്പെട്ട മണ്ണെണ്ണ വാങ്ങിയെടുക്കാറുണ്ട്. കേരളത്തിലെ പരമ്പരാഗത മൽസ്യത്തൊഴിലാളികൾക്ക് ആവശ്യമായ മണ്ണെണ്ണ ലഭിക്കാത്ത സ്ഥിതിയാണിന്നുള്ളത്. വാചകമടിച്ചിട്ടു കാര്യമില്ല. മന്ത്രി വെറുതെ വർത്തമാനം പറഞ്ഞിട്ടു കാര്യമില്ല. കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്താൻ ഗവൺമെന്റിന് കഴിയണം. ബി.ജെ.പി. ഗവൺമെന്റിന്റെ ചിറ്റമ്മനയം ഒരു ഭാഗത്ത്, എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാര്യക്ഷമതയില്ലായ്മ മറുഭാഗത്ത്. ഈ രണ്ട് കാരണങ്ങൾക്കൊണ്ട് സംസ്ഥാനത്തെ പൊതുവിതരണ മേഖലയാകെ തകർന്നിരിക്കുകയാണ്. ജനങ്ങൾക്ക് രക്ഷയില്ലാത്ത അവസ്ഥയാണ്. അതുകൊണ്ട് ഗവൺമെന്റിന്റെ ഈ നടപടികൾ തിരുത്താൻ

തയ്യാറാകണം. 10-15 ദിവസംകൂടി കൊടുക്കാൻ തയ്യാറാകണം. അല്ലെങ്കിൽ ഈ ലിസ്റ്റ് പൂർണ്ണമായി സുതാര്യമായ നിലയിൽ, കുറ്റമറ്റ നിലയിൽ പൂർത്തീകരിക്കാൻ സാധ്യമല്ല. അങ്ങുതന്നെ പരിശോധിക്കണം. കേരളത്തിൽ അങ്ങോളമിങ്ങോളം വലിയ ആശയക്കുഴപ്പമാണ്, വലിയ പ്രശ്നങ്ങൾ നിലനിൽക്കുകയാണ്. അത് ചർച്ച ചെയ്യാൻ തയ്യാറാകാത്ത സർക്കാർ നടപടിയിൽ പ്രതിഷേധിച്ച് ഞങ്ങൾ വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷനേതാവ് ശ്രീ. രമേശ് ചെന്നിത്തലയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തു പോയി.)

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, റേഷൻ കാർഡുകളുടെ വിതരണം സംബന്ധിച്ച വിഷയത്തിൽ ഗുരുതരമായ ഒരവസ്ഥ വരരുതെന്ന നിലയ്ക്കാണ് ഈ അടിയന്തര പ്രമേയത്തിന് നോട്ടീസ് കൊടുത്തിട്ടുള്ളത്. ഒരു കൗണ്ടറിൽ പത്ത് ഇരുപതിനായിരം പേർ തള്ളിലും ഉന്തിലുംപെട്ട് വളരെ കഷ്ടപ്പെടുന്നുവെന്നാണ് പത്രറിപ്പോർട്ടുകൾ പറയുന്നത്. മറ്റൊരു പ്രധാനപ്പെട്ട വിഷയം സമയം ദീർഘിപ്പിച്ച് നൽകില്ലെന്ന ആശങ്കയാണ്. അതുകൊണ്ടാണ് ഇങ്ങനെ ഒരു വിഷയം മുൻ ഭക്ഷ്യവകുപ്പുമന്ത്രി ശ്രീ. അനൂപ് ജേക്കബ് കൊണ്ടുവരാൻ തീരുമാനിച്ചത്. ഒരു വാക്കൗട്ടിന്റെ ആവശ്യമുണ്ടോയെന്ന് ഞാനും പ്രതിപക്ഷ നേതാവും തമ്മിൽ സംസാരിക്കുകയായിരുന്നു. പക്ഷേ മന്ത്രി ആകെ പ്രകോപിതനാണ്. ആവേശ ഭരിതനായി പ്രസംഗിക്കുയും എന്റെ സുഹൃത്ത് ശ്രീ. എ. കെ. ശശീന്ദ്രൻ കൈ കൊട്ടുകയും ചെയ്തു. ആവേശപൂർവ്വം അങ്ങ് പ്രസംഗിച്ചത് കണ്ടപ്പോൾ എനിക്ക് തോന്നുന്നത് എന്തോ ഒരു പന്തികേടുണ്ടെന്നാണ്. നിങ്ങൾ കഴിഞ്ഞ ഗവൺമെന്റിനെ താരതമ്യം ചെയ്യുമ്പോൾ അതിന് മുമ്പത്തെ ഗവൺമെന്റ് ഈ കാര്യം പൂർത്തിയാക്കാൻ നാലു കൊല്ലമാണ് എടുത്തത് എന്ന് മനസ്സിലാക്കണം. കഴിഞ്ഞ ഗവൺമെന്റ് മൂന്ന് കൊല്ലമെടുത്തു. കാരണം ഇപ്പോൾ റേഷൻവിതരണ രംഗത്ത് കേന്ദ്ര ഗവൺമെന്റ് എന്തൊക്കെയോ പോളിസിയിൽ മാറ്റം വരുത്തിയെന്നാണ് അറിയുന്നത്. ഫ്രീ റേഷനിംഗും സ്റ്റാറ്റ്യൂട്ടറി റേഷനിംഗും നഷ്ടമാകും. അതുപോലെ തന്നെ കാർഡുവിതരണം സംബന്ധിച്ച് വേണ്ടത്ര സമയം കിട്ടിയില്ലെങ്കിൽ പ്രശ്നമാകും.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, അങ്ങ് റേഷൻ കാർഡുകളെപ്പറ്റിയാണ് പറയുന്നത്. റേഷൻ കാർഡിനുള്ള അപേക്ഷ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് വാങ്ങിവച്ചിട്ട് മൂന്ന് കൊല്ലം കഴിഞ്ഞില്ലേ? ആ ഗവൺമെന്റ് കാർഡ് വിതരണം ചെയ്യാത്തതിന് ഈ ഗവൺമെന്റിനെ കുറ്റം പറഞ്ഞിട്ട് എന്താണ് കാര്യം?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, അനൂപ് ജേക്കബ് ഈ സർക്കാരിനെ കുറ്റപ്പെടുത്താനല്ല പ്രസംഗിച്ചത്. ഇനി വരാൻപോകുന്ന കാര്യത്തെപ്പറ്റി സംസാരിക്കാൻ അനുവദിക്കില്ലെന്നുവച്ചാൽ എന്തുചെയ്യും. അതിനുമുമ്പ് നാല് കൊല്ലമെടുത്തു. അതിന്മേലുള്ള റേഷൻവിഹിതം ആളുകൾ വാങ്ങി ഭക്ഷണം ഉണ്ടാക്കി തിന്നുപോയി. കഴിഞ്ഞ ഗവൺമെന്റ് മൂന്ന് കൊല്ലമെടുത്തു. അതും കഴിഞ്ഞു. ഇപ്പോൾ ഒരു ആശങ്കയുള്ളത് ഇനി ഭക്ഷിക്കാൻ കിട്ടുമോ എന്നാണ്. അത് പറയുമ്പോൾ നിങ്ങൾ ചെയ്തോ എന്നാണോ ചോദിക്കേണ്ടത്? ഞങ്ങൾ വേണ്ടത്ര ചെയ്തില്ലെന്ന് വച്ചോളൂ. അതുകൊണ്ടല്ലേ ജനങ്ങൾ നിങ്ങളെ തെരഞ്ഞെടുത്തത്. എന്നാൽ നിങ്ങൾ ആ കാര്യങ്ങൾ ശരിയായി പൂർത്തിയാക്കണ്ടേ? അതല്ലാതെ വെറുതെ ദേഷ്യത്തിൽ സംസാരിച്ചിട്ട് കാര്യമുണ്ടോ? ഇങ്ങനെ ആവേശപൂർവ്വം പ്രസംഗിക്കുന്നത് കാണുമ്പോൾ ആശങ്ക കൂടുകയാണ്. അങ്ങ് പത്രം നോക്കൂ. ഒരു കൗണ്ടറിന്റെ മുന്നിൽ പത്ത് ഇരുപതിനായിരം ആളുകൾ തളർന്നുകിടക്കുന്നത് നല്ലൊരു കാര്യമല്ല. ഉത്തർപ്രദേശിൽ സൗജന്യമായി സാരി വിതരണം ചെയ്തപ്പോൾ തിക്കിലും തിരക്കിലുംപെട്ട് ആളുകൾ മരിച്ചുവെന്ന് പറഞ്ഞതുപോലെ പത്രവാർത്തകളും റിപ്പോർട്ടുകളുമൊക്കെ വന്നപ്പോഴാണ് അടിയന്തരപ്രമേയത്തിന് നോട്ടീസ് കൊടുത്തത്. ആവേശപൂർവ്വം പ്രസംഗിച്ചിട്ട് കാര്യമില്ല. കാര്യങ്ങൾ നേരെ ചൊവ്വെ ചെയ്യാൻ ശ്രമിക്കൂ. പ്രസംഗിക്കാൻ കഴിയും, പ്രവൃത്തി നന്നായില്ലെങ്കിൽ പിടിക്കപ്പെടുമെന്ന കാര്യം അങ്ങ് ഓർക്കുന്നത് നല്ലത്. ഇത് റേഷന്റെ കാര്യമാണ്. ഞങ്ങളുടെ ഗവൺമെന്റ് എന്ത് പ്രശ്നമുണ്ടായെങ്കിലും റേഷൻ വിതരണം മുടങ്ങാതെ നടത്തിയിട്ടുണ്ട്. അതിനെ സംബന്ധിച്ച് ഗൗരവമായ ഒരു കൺഫ്യൂഷൻ നിങ്ങൾക്കുണ്ടെന്ന് തോന്നുന്നു. അത് ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞങ്ങളും വാക്കൗട്ടിൽ പങ്കുചേരുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

ശ്രീ. അനൂപ് ജേക്കബ്: സർ, അടിയന്തരപ്രമേയം ചർച്ചയ്ക്കെടുക്കണമെന്നു പറഞ്ഞത് ഈ നിയമം നടപ്പിലാക്കുമ്പോൾ പ്രശ്നങ്ങളുണ്ടാകാം എന്നുള്ളതുകൊണ്ടാണ്. അതിന്റെ ചില പ്രശ്നങ്ങളാണ് ഇപ്പോൾ കണ്ടുതുടങ്ങിയത്. മുൻഗണനാപട്ടിക

പ്രസിദ്ധീകരിക്കുന്നതും അതുമായി ബന്ധപ്പെട്ട വിഷയങ്ങളും ചർച്ചചെയ്യണമെന്ന് ചൂണ്ടിക്കാണിച്ചപ്പോൾ ബഹുമാനപ്പെട്ട മന്ത്രി കാടുകയറി സംസാരിക്കുകയാണ് ചെയ്യുന്നത്. ബഹുമാനപ്പെട്ട കുഞ്ഞാലിക്കുട്ടി സാഹിബും അതാണ് ഇവിടെ ചൂണ്ടിക്കാണിച്ചത്. കഴിഞ്ഞ ഗവൺമെന്റ് എന്തുചെയ്തുവെന്ന് താങ്കൾ ചോദിക്കുമ്പോൾ താങ്കളുടെ ഗവൺമെന്റ് കഴിഞ്ഞ അഞ്ചുമാസംകൊണ്ട് ചെയ്യേണ്ട പല കാര്യങ്ങളും ചെയ്തിട്ടില്ലെന്നാണ് ഞങ്ങൾ സൂചിപ്പിച്ചത്. കഴിഞ്ഞ ഗവൺമെന്റ് റേഷൻ കാർഡുവിതരണം ചെയ്യാൻ മൂന്ന് വർഷമെടുത്തുവെന്നാണ് അവർ പറയുന്നത്. ഞാൻ അതിനെപ്പറ്റി വളരെ കൃത്യമായി പറയാം. അങ്ങേയ്ക്ക് അത് പരിശോധിക്കാം. 2014 ജൂലൈ മാസത്തിലാണ് റേഷൻ കാർഡുകളുടെ നടപടികളിലേയ്ക്ക് യു.ഡി.എഫ്. ഗവൺമെന്റ് കടക്കുന്നത്. അതായത് തെരഞ്ഞെടുപ്പ് വിജ്ഞാപനം നിലവിൽ വരുന്നതിന് ഒന്നര വർഷം മുമ്പ്. അതിനുള്ളിൽ ഞങ്ങൾ ചെയ്ത ഒട്ടനവധി കാര്യങ്ങളുണ്ട്. അങ്ങേയ്ക്ക് ബന്ധപ്പെട്ട ഫയലുകൾ പരിശോധിക്കാവുന്നതാണ്. കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റ് കാർഡുകൾ വിതരണം ചെയ്തുവെന്ന് അങ്ങ് പറഞ്ഞില്ലേ. അങ്ങ് മനസ്സിലാക്കണം, ശ്രീ. വി. എസ്. അച്ചുതാനന്ദന്റെ നേതൃത്വത്തിലുള്ള എൽ.ഡി.എഫ്. ഗവൺമെന്റിന്റെ സമയത്തെ കാർഡുകൾ കൊടുത്തുതീർത്തത് യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷമായിരുന്നു. 2011-ൽ ആയിരുന്നു കാർഡുകൾ കൊടുത്തുതീർത്തത്. ഇത് 2009-ലെ ഒരു പത്രവാർത്തയാണ്. "റേഷൻ കാർഡ് വിതരണം മന്ദഗതിയിൽ, പഴയതിന്റെ കാലാവധി നീട്ടി, സർവ്വെ കഴിഞ്ഞിട്ട് ഒന്നരവർഷം." 2010-ലെ അടുത്ത പത്രവാർത്ത "പുതിയ റേഷൻ കാർഡ് നടപടികൾ ഇഴയുന്നു." അന്നത്തെ മാധ്യമം, മലയാള മനോരമ, മാതൃഭൂമി എന്നീ പത്രങ്ങളിൽ വന്ന വാർത്തകളാണിത്. 29-6-2010-ൽ വന്ന വാർത്ത "പുതിയ റേഷൻ കാർഡ്; നടപടികൾ ഇഴയുന്നു." ശ്രീ. വി. എസ്. അച്ചുതാനന്ദൻ ഗവൺമെന്റിന്റെ കാലത്ത് തുടങ്ങിവച്ച റേഷൻ കാർഡ് വിതരണം നാലുവർഷം പിന്നിട്ട് 2011-ൽ യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നശേഷമാണ് ആ റേഷൻ കാർഡുകൾ കൊടുത്തുതീർത്തത്. അതുകൊണ്ട് അങ്ങ് സഭയെ തെറ്റിദ്ധരിപ്പിക്കരുത്. അത് അന്നത്തെ ഗവൺമെന്റിന്റെ കുറ്റമാണെന്ന് ഞാൻ പറഞ്ഞില്ല. പരിമിതമായ സൗകര്യങ്ങളിലാണ് ഈ ഡിപ്പാർട്ട്മെന്റ് പ്രവർത്തിക്കുന്നത്. പരിമിതമായ സൗകര്യങ്ങളുപയോഗിച്ചുകൊണ്ട് ഒന്നര വർഷംകൊണ്ടാണ് നടപടിക്രമങ്ങൾ പൂർത്തിയാക്കാൻ കഴിഞ്ഞത്. ഇതോടൊപ്പം ഒരു കാര്യംകൂടി സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്.

മി. സ്പീക്കർ: പോയിന്റ് ഓഫ് ഓർഡർ.

## ക്രമപ്രശ്നം

### (2) പ്രമേയാവതാരകനായ ഏകാംഗത്തിന് വാക്കൗട്ട് പ്രസംഗം നടത്തുന്നതിനുള്ള അനുമതി സംബന്ധിച്ച്

ശ്രീ. ഇ. പി. ജയരാജൻ: സർ, ഈ സഭയിൽ അടിയന്തരപ്രമേയം ബഹുമാനപ്പെട്ട ഒരംഗം അവതരിപ്പിക്കുന്നു. അദ്ദേഹം അവതരിപ്പിച്ചശേഷം ഗവൺമെന്റിന് പറയാനുള്ള കാര്യങ്ങൾ പറഞ്ഞു. സഭ നിർത്തിവയ്ക്കുന്നില്ലെന്ന് പറഞ്ഞ് അവസാനിപ്പിച്ചു. അതിൽ പ്രതിഷേധിച്ച് പ്രതിപക്ഷം വാക്കൗട്ട് നടത്തി ഇറങ്ങിപ്പോയി. ആ പ്രമേയം അവതരിപ്പിച്ചവർക്കുതന്നെ വീണ്ടും അതുസംബന്ധിച്ച് സംസാരിക്കാൻ നമ്മുടെ നിയമസഭാ ചട്ടങ്ങൾ അനുവദിക്കുന്നില്ല. ഇതുസംബന്ധിച്ച് അങ്ങ് ഒരു റൂളിംഗ് നൽകണമെന്നാണ് എനിക്ക് പറയാനുള്ളത്.

മി. സ്പീക്കർ: പരിശോധിച്ചിട്ട് പറയാം.

## അടിയന്തരപ്രമേയം (തുടർച്ച)

ശ്രീ. അനൂപ് ജേക്കബ്: സർ, ഞാൻ പറയുന്ന കാര്യങ്ങൾ കേട്ട് അങ്ങ് അസ്വസ്ഥതപ്പെടേണ്ട കാര്യമില്ല. ഞാൻ ചില യാഥാർത്ഥ്യങ്ങൾ മാത്രമേ പറയുന്നുള്ളൂ. അതുസംബന്ധിച്ച് ബഹുമാനപ്പെട്ട സ്പീക്കർ റൂളിംഗ് നൽകട്ടെ.

മി. സ്പീക്കർ: അദ്ദേഹത്തിന്റെ പാർട്ടിയിൽ വേറെ അംഗങ്ങളില്ലാത്തതു കൊണ്ടാണ്.

ശ്രീ. അനൂപ് ജേക്കബ്: ഈ സഭയിൽ അടിയന്തരപ്രമേയം അവതരിപ്പിച്ചവർ വീണ്ടും സംസാരിച്ച പ്രീസിഡന്റുണ്ട്. രണ്ടാമത്തെ കാര്യം എന്തുകൊണ്ട് നമുക്ക് 14.25 ലക്ഷം ടണ്ണായി ഭക്ഷ്യവിഹിതം കുറഞ്ഞുവെന്ന് അദ്ദേഹം ചോദിച്ചു. അത് വളരെ പ്രസക്തമായ ഒരു ചോദ്യമാണ്. കഴിഞ്ഞ യു.പി.എ. ഗവൺമെന്റ് എൻ.എഫ്.എസ്.എ. എന്ന നിയമം ആദ്യമായി പ്രാബല്യത്തിൽ കൊണ്ടുവന്നപ്പോൾ പത്ത് ലക്ഷം ടൺ ആയിരുന്നു. ഞങ്ങൾ വളരെ ശക്തമായി 16 ലക്ഷം ടൺ ഭക്ഷ്യധാന്യവിഹിതം എന്നതിൽ ഉറച്ചുനിൽക്കുകയും അത് 14.25 ലക്ഷം ടണ്ണായി ആ സർക്കാർ വർദ്ധിപ്പിച്ചുതരികയും ചെയ്തു. അപ്പോഴും ഞങ്ങളുടെ ശക്തമായ ആവശ്യം 16.5-ൽ എത്തണമെന്നായിരുന്നു.

ശ്രീ. സി. ദിവാകരൻ: സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. അനൂപ് ജേക്കബ് വാസ്തവവിരുദ്ധമായ പ്രസ്താവനകൾ നടത്തരുത്. അങ്ങ് ഒരു മന്ത്രിയായിരുന്ന ആളാണ്. ശ്രീ. വി. എസ്. അച്ചുതാനന്ദൻ ഗവൺമെന്റിന്റെ കാലത്ത് ഞാനായിരുന്നു ഭക്ഷ്യ വകുപ്പുമന്ത്രി. ശ്രീ. വി.എസ്. അച്ചുതാനന്ദന്റെ കാലത്തെ മന്ത്രിസഭയിൽ പരിപൂർണ്ണമായും അവസാനത്തെ കാർഡും ഫോട്ടോപതിച്ച് ലാമിനേറ്റ് ചെയ്ത്

കേരളത്തിൽ വിതരണം ചെയ്തത് എൽ.ഡി.എഫ്. ഗവൺമെന്റ് മാത്രമാണ്. നിങ്ങൾ ഒന്നും ചെയ്തില്ല.

ശ്രീ. അനൂപ് ജേക്കബ്: സർ, ആ രേഖകൾ അങ്ങേയ്ക്കുതന്നെ പരിശോധിക്കാവുന്നതാണ്. നിങ്ങൾ ലാമിനേറ്റഡ് റേഷൻ കാർഡുകൾ വിതരണം ചെയ്തുവെന്നത് സത്യമാണ്. പക്ഷേ റേഷൻ കാർഡുകളുടെ വിതരണം പൂർത്തിയായില്ലായിരുന്നുവെന്നതും ഒരു വസ്തുതയാണ്.

മി. സ്പീക്കർ : യെസ്...യെസ്.....അങ്ങ് അങ്ങയുടെ വാക്കൗട്ട് പ്രസ്താവന നടത്തി അവസാനിപ്പിക്കൂ.

ശ്രീ. അനൂപ് ജേക്കബ്: അത് ഗവൺമെന്റ് രേഖയാണ്. അങ്ങേയ്ക്ക് പരിശോധിക്കാം. വാദപ്രതിവാദങ്ങളിലേയ്ക്ക് പോകേണ്ട വിഷയമല്ല. ഇവരുടെ കാലത്ത് നാല് വർഷമെടുത്തുവെന്നത് ഒരു വസ്തുതയാണ്. സർക്കാർ അതുസംബന്ധിച്ച് പരിശോധിച്ച് മേശപ്പുറത്ത് വയ്ക്കട്ടെ. കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റ് എന്നാണ് പൂർത്തിയാക്കിയതെന്ന് നിങ്ങൾതന്നെ പരിശോധിച്ച് മേശപ്പുറത്ത് വച്ചോളൂ...(ബഹളം).........

മി. സ്പീക്കർ: കക്ഷിനേതാവെന്ന നിലയിൽ അദ്ദേഹം വാക്കൗട്ട് പ്രസ്താവന നടത്തി പോകട്ടെ.

ശ്രീ. അനൂപ് ജേക്കബ്: ഞാൻ വാക്കൗട്ട് പ്രസംഗം നടത്തി അവസാനിപ്പിക്കാം.

ശ്രീ. കെ. ബി. ഗണേഷ് കുമാർ : സർ, പോയിന്റ് ഓഫ് ഓർഡർ .....

മി. സ്പീക്കർ: ശ്രീ. കെ. ബി. ഗണേഷ് കുമാർ അദ്ദേഹം വഴങ്ങുന്നില്ല.

ശ്രീ. അനൂപ് ജേക്കബ്: സർ, ഇങ്ങനെ തടസ്സപ്പെടുത്തുന്നത് ശരിയല്ല. ഞാൻ വാക്കൗട്ട് പ്രസംഗം നടത്തി അവസാനിപ്പിക്കാൻ പോകുകയാണ്.

മി. സ്പീക്കർ പോയിന്റ് ഓഫ് ഓർഡർ ഉണ്ടെങ്കിൽ പറയൂ.

## ക്രമപ്രശ്നം (തുടർച്ച)

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, ഈ സഭയിൽ ഒരംഗത്തിന് നീതി നിഷേധിക്കുകയാണ്. രണ്ട് പേർക്ക് രണ്ട് വിളമ്പ് പാടില്ല. ഞാൻ ഈ സഭയിൽ വന്നിട്ട് പതിനഞ്ച് കൊല്ലമായി. എന്റെ കക്ഷിക്ക് ഒരംഗമേയുള്ളൂ. അന്നും അങ്ങനെയായിരുന്നു. ബഹുമാനപ്പെട്ട മുൻഅംഗം ശ്രീ. കെ. രാധാകൃഷ്ണൻ സ്പീക്കറായിരുന്ന സമയത്ത്, അന്ന് ഞാൻ പ്രതിപക്ഷത്തായിരുന്നു. അന്ന് ഒരംഗമുള്ള കക്ഷിക്ക് സഭയിൽ വാക്കൗട്ട് പ്രസംഗം നടത്താൻ അനുവാദം

കൊടുത്തിട്ടില്ലായിരുന്നു. കീഴ്വഴക്കത്തെക്കുറിച്ചാണ് പറയുന്നതെങ്കിൽ ഇന്നുവരേയും സഭയിൽ അനുവദിച്ചിരുന്നില്ല. ഇന്ന് ഇങ്ങനെയൊരു കീഴ്വഴക്കം അനുവദിക്കുന്നത് തെറ്റാണ്. കാരണം എനിക്ക് നിഷേധിച്ച നീതി വേറെ ഒരാൾക്ക് അനുവദിക്കുമ്പോൾ മിണ്ടാതിരിക്കാൻ ബുദ്ധിമുട്ടുണ്ട്. ഞാൻ ഈ വിഷയം അങ്ങയുടെ മുമ്പിൽ നേരത്തേ നേരിട്ട് സൂചിപ്പിച്ചതായിരുന്നു. അത് തെറ്റാണ്. ഈ വിഷയം അങ്ങ് പരിഹരിക്കണം. കീഴ്വഴക്കങ്ങൾ ഈ സഭയ്ക്കുണ്ട്. ആ കീഴ്വഴക്കങ്ങളിൽ ഒരംഗമുള്ള കക്ഷിക്ക് പ്രസംഗിക്കാം. വാക്കൗട്ട് പ്രസംഗം അനുവദിച്ചിട്ടില്ല. ഞാൻ അംഗമായിരുന്ന മൂന്ന് സഭയിലേയും നടപടിക്രമം അങ്ങേയ്ക്ക് പരിശോധിക്കാം.

മി. സ്പീക്കർ: ഏതായാലും പതിനാലാം നിയമസഭ തുടങ്ങിയ സമയം മുതൽ അദ്ദേഹത്തെ അനുവദിച്ചുവരികയാണ്. അത് പരിശോധിക്കാം.

ശ്രീ. കെ. ബി. ഗണേഷ് കുമാർ: അങ്ങ് പരിശോധിക്കണം. എനിക്ക് നിഷേധിച്ച നീതി ഇപ്പോൾ കൊടുക്കുന്നുണ്ടോയെന്ന് അങ്ങ് പറഞ്ഞാൽ മതി.

മി. സ്പീക്കർ: അത് പരിശോധിക്കാം.

ശ്രീ. അനൂപ് ജേക്കബ്: സർ, അതുസംബന്ധിച്ച് അങ്ങ് പരിശോധിച്ച് പറഞ്ഞാൽ മതി.

മി. സ്പീക്കർ : അങ്ങ് വാക്കൗട്ട് പ്രസംഗം നടത്തി വേഗം അവസാനിപ്പിക്കൂ.

## അടിയന്തരപ്രമേയം (തുടർച്ച)

ശ്രീ. അനൂപ് ജേക്കബ്: സർ, ഒരു മിനിട്ടിനകം അവസാനിപ്പിക്കാം. ഇവിടെ മത്സ്യത്തൊഴിലാളികൾക്കുള്ള മണ്ണെണ്ണ നിർത്തിയത് എന്തിനാണെന്ന് ചോദിച്ചു. കഴിഞ്ഞ കുറെ വർഷങ്ങളായി (1980 മുതൽ) തുടരുന്ന ഒരു കീഴ്വഴക്കമാണ്. മണ്ണെണ്ണ ഡൈവേർട്ട് ചെയ്യുന്നതുമായി ബന്ധപ്പെട്ടാണ്. മണ്ണെണ്ണയുടെ അളവ് കുറച്ചുവെന്നു പറയുന്നതിൽ യാതൊരു അർത്ഥവുമില്ല. അത് നേടിയെടുക്കാൻ ഗവൺമെന്റിന് കഴിയാതെപോയി എന്നതാണ് സത്യം. അങ്ങ് കാടുകയറി സംസാരിച്ചു. എനിക്കെതിരെ വ്യക്തിപരമായ ഒന്നുരണ്ട് ആക്ഷേപം അദ്ദേഹമുന്നയിച്ചു. അതിന് എനിക്ക് മറുപടി പറയാനുള്ള സമയം കൂടി അനുവദിക്കണം.

മി. സ്പീക്കർ: അത് വേറെ എഴുതിത്തന്നോളൂ. ഇതിനോടൊപ്പം വേണ്ട. പ്ലീസ് അങ്ങ് വേഗം അവസാനിപ്പിക്കണം.

ശ്രീ. അനൂപ് ജേക്കബ്: അങ്ങ് പറഞ്ഞു, നിയമം നടപ്പാക്കാൻ വൈകുന്നത് ചില മധ്യവർത്തികളെ, ഹോൾസെയിലേഴ്സിനെ സഹായിക്കാനാണെന്ന്. അത് തെളിയിക്കാൻ കഴിയുമോയെന്ന് ഞാൻ വെല്ലുവിളിക്കുകയാണ്. അങ്ങ് എന്തിന്റെ അടിസ്ഥാനത്തിലാണ് അങ്ങനെ പറയുന്നത്? നിയമം നടപ്പിലാക്കാൻ വൈകുമ്പോൾ അതിന് അതിന്റേതായ കാരണങ്ങൾ ഉണ്ട്.

മി. സ്പീക്കർ: പ്ലീസ് അങ്ങ് അവസാനിപ്പിക്കു. പ്ലീസ് കൺക്ലൂഡ് ചെയ്യൂ. പ്ലീസ്...

ശ്രീ. അനൂപ് ജേക്കബ്: സർക്കാരിന്റെ കൈവശം അതുമായി ബന്ധപ്പെട്ട എല്ലാ ഫയലുകളുമുണ്ട്. അങ്ങേയക്ക് വേണമെങ്കിൽ അത് പരിശോധിക്കാം. മുൻ സർക്കാർ ഈ നിയമം മനഃപൂർവ്വമാണ് വൈകിച്ചതെന്ന് അങ്ങേയ്ക്ക് തെളിയിക്കാമോ? അത് നടപ്പിലാക്കാൻ അതിന്റേതായ സമയം മാത്രമേ എടുത്തുള്ളൂ. മനഃപൂർവ്വമായി വൈകിപ്പിച്ചിട്ടില്ല. കാടുകയറി ആരോപണങ്ങളും ആക്ഷേപങ്ങളും ഉന്നയിക്കുന്നത് വളരെ നിർഭാഗ്യകരമാണെന്ന് പറയുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. റേഷൻ കാർഡുകൾ കൊടുക്കുമ്പോഴും മുൻഗണനാ ലിസ്റ്റുകൾ തയ്യാറാക്കുമ്പോഴുമുള്ള വിഷയങ്ങൾ സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട വിഷയമാണ്. അതിനെക്കുറിച്ച് യാതൊന്നും പറയാതെ മന്ത്രി കഴിഞ്ഞ ഗവൺമെന്റിന്റെ കുറ്റങ്ങൾ മാത്രം പറയുന്നു. ചോദ്യോത്തര വേളകളിലും ശ്രദ്ധ ക്ഷണിക്കലിലുമെല്ലാം അദ്ദേഹം കഴിഞ്ഞ ഗവൺമെന്റിന്റെ കുറ്റങ്ങൾ മാത്രമാണ് പറയുന്നത്. നിങ്ങൾ ചെയ്ത കാര്യങ്ങളിലെ തെറ്റുകൾ ഞങ്ങൾ ചൂണ്ടിക്കാണിക്കുമ്പോൾ അതിന് മറുപടി പറയാൻ വകുപ്പുമന്ത്രി തയ്യാറാകാത്തത് നിർഭാഗ്യകരമാണ്. അതിൽ പ്രതിഷേധിച്ചുകൊണ്ട് ഞാൻ ഈ വാക്കൗട്ടിൽ പങ്കുചേരുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബ് സഭ വിട്ട് പുറത്തുപോയി.)

ശ്രീ. കെ. എം. മാണി: സർ, ഉയർന്ന വരുമാനക്കാർ ബി.പി.എൽ. വിഭാഗത്തിലും പാവപ്പെട്ടവർ എ.പി.എൽ വിഭാഗത്തിലുമായ ക്രമക്കേടുള്ള ലിസ്റ്റാണ് ഇന്നുള്ളത്. താലൂക്ക് തലത്തിലായിരുന്ന പ്രയോറിറ്റി ലിസ്റ്റ് സംസ്ഥാനാടിസ്ഥാനത്തിലാക്കിയത് എൽ.ഡി.എഫ്. ഗവൺമെന്റാണ്. സംസ്ഥാനാടിസ്ഥാനത്തിലാക്കിയതുകൊണ്ടാണ് ഇത്തരം ക്രമക്കേടുകളുണ്ടായതെന്നാണ് എനിക്ക് തോന്നുന്നത്. എന്തുകൊണ്ടാണ് സംസ്ഥാനാടിസ്ഥാനത്തിലാക്കിയത് എന്ന് ഗവൺമെന്റ് വിശദീകരിച്ചാൽ നന്നായിരിക്കും. പാവപ്പെട്ട ആളുകൾ വളരെയേറെ ബുദ്ധിമുട്ടുന്നുണ്ട്. അനർഹരായ ആളുകളെ ഒഴിവാക്കിക്കൊണ്ടു പട്ടിക തയ്യാറാക്കിയാൽ മാത്രമേ അർഹരായവർക്ക് പ്രയോജനം കിട്ടുകയുള്ളൂ. പഴയ കാര്യങ്ങളെപ്പറ്റി കുറ്റം പറഞ്ഞിട്ട് കാര്യമില്ല. അടിയന്തര നടപടികളെടുത്തുകൊണ്ട് അനർഹരായ ആളുകളെ ഒഴിവാക്കിക്കൊണ്ട് കുറ്റമറ്റനിലയിൽ പട്ടിക തയ്യാറാക്കണം. നവംബർ 5-നുമുമ്പ് പരിഹരിക്കണമെന്നാണ് പറഞ്ഞിരിക്കുന്നത്.

സമയം വളരെ കുറവാണ്. ഒന്നുകിൽ സമയം നീട്ടി വാങ്ങണം അല്ലെങ്കിൽ ദ്രുതഗതിയിൽ നടപടികൾ സമ്പൂർണ്ണമാക്കണം. ഇതിനെല്ലാം പരിഹാരമുണ്ടാക്കണം എന്നുമാത്രമേ പറയുവാനുള്ളൂ. ഉദ്യോഗസ്ഥന്മാർക്ക് പരിശീലനം കൊടുക്കുന്നത് better late than never. ഏതായാലും താമസിച്ചുപോയി. ഇപ്പോഴെങ്കിലും നടപടിയെടുക്കാൻ തോന്നിയത് നന്നായി എന്നുമാത്രമേ എനിക്ക് പറയാൻ കഴിയൂ. മാരക രോഗികളെ ബി.പി.എൽ.-ൽ ഉൾപ്പെടുത്തേണ്ടതാണ്. പരാതികൾ സ്വീകരിക്കുവാനും കേൾക്കുവാനുമുള്ള സംവിധാനമുണ്ടാക്കണം. ആശയക്കുഴപ്പങ്ങൾക്ക് പരിഹാരമുണ്ടാക്കണം. ഇതൊന്നും ചെയ്യാത്ത, ഈ പ്രശ്നങ്ങൾക്കുമേൽ ഒരു നടപടിയും സ്വീകരിക്കാത്ത ഗവൺമെന്റിന്റെ അനാസ്ഥയിൽ പ്രതിഷേധിച്ചു കൊണ്ട് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുകയാണ്.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. കെ. എം. മാണിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

ശ്രീ. ഒ. രാജഗോപാൽ: സർ, ഇന്നലെ പത്രങ്ങളിൽ വന്ന ചിത്രങ്ങളിൽനിന്ന് പല സ്ഥലങ്ങളിലും സ്ത്രീകൾക്ക് അനുഭവിക്കേണ്ടി വന്ന കഷ്ടപ്പാടുകളെ സംബന്ധിച്ച് എല്ലാവരും പറയുന്നുണ്ട്. അത് അങ്ങേയറ്റം ഖേദകരമായ സംഭവമാണ്. എനിക്ക് ചൂണ്ടിക്കാണിക്കാനുള്ളത് 2013-ൽ പാസ്സാക്കിയ നിയമം 2016-ൽ നടപ്പാക്കാൻ സർക്കാർ തയ്യാറായത് നല്ല കാര്യമാണ്. അത് നടപ്പാക്കാൻ തീരുമാനിച്ചപ്പോൾ പുതിയ കരട് പട്ടികയുണ്ടാക്കുന്നതുവരെ 8 രൂപയ്ക്ക് തന്നെ റേഷൻ നൽകാൻ തയ്യാറാണെന്ന് കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടുള്ള കാര്യവും ബഹുമാനപ്പെട്ട മന്ത്രി ചൂണ്ടിക്കാണിക്കുകയുണ്ടായി. അതും നല്ല കാര്യമാണ്. ധൃതിപിടിച്ച് കാർഡുകളുണ്ടാക്കുന്നത് ദൂരവ്യാപകമായ ഫലമുളവാക്കുന്ന ഒന്നാണ്. മറ്റ് പലതിനും അവകാശങ്ങൾ നിഷേധിക്കാൻ ഇത് ഇടയാക്കും. അതുകൊണ്ട് ഇപ്പോഴെങ്കിലും കൃത്യത വരുത്താൻ ശ്രമിക്കണം. പാർട്ടി പരിഗണനയും രാഷ്ട്രീയ സ്വാധീനവും വച്ചുകൊണ്ട് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നു എന്നുള്ള വ്യാപകമായ പരാതി എനിക്ക് പല സ്ഥലത്തുനിന്നും ലഭിക്കുന്നുണ്ട്. ഇത് കറക്റ്റ് ചെയ്യാനുള്ള ഒരവസരമാണ്. 3 ദിവസംകൊണ്ട് ലക്ഷക്കണക്കിന് പരാതികൾ പരിശോധിച്ച് പരിഹാരം കണ്ടെത്താൻ സാധിക്കുമെന്നുള്ള വിശ്വാസം എനിക്കില്ല. കുറച്ചുസമയംകൂടി കൂടുതൽ കൊടുത്താൽ എന്താണ് കുഴപ്പം? ഇപ്പോഴുള്ള സിസ്റ്റം തുടരുമെന്ന് കേന്ദ്രസർക്കാർ പറഞ്ഞുകഴിഞ്ഞ സാഹചര്യത്തിൽ പാർട്ടിക്കാരെ കുത്തിനിറയ്ക്കുന്ന സമ്പ്രദായത്തിൽ മാറ്റംവരുത്തി ക്രമക്കേടുകൾ പരിഹരിക്കാൻ ശ്രമിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

ഡോ. ടി. എം. തോമസ് ഐസക്: സർ, ഒരു ക്ലാരിഫിക്കേഷനുവേണ്ടി പറയുകയാണ്. അപേക്ഷ സ്വീകരിച്ച് ഡാറ്റാ എന്റർ ചെയ്തു കഴിയുമ്പോൾ താലൂക്കടി സ്ഥാനത്തിലായാലും സംസ്ഥാനാടിസ്ഥാനത്തിലായാലും അതു കമ്പ്യൂട്ടറൈസ്ഡ്

റാങ്കിംഗ് ആകും. ഡാറ്റാ തിരുത്തിയാലല്ലാതെ റാങ്കിംഗ് മാറ്റാൻ പറ്റില്ല. എ.പി.എൽ.നെ ബി.പി.എൽ. ആക്കാനോ തിരിച്ചോ പറ്റില്ല. ഇതൊരു വ്യാപകമായ തെറ്റിദ്ധാരണയാണ്.

ശ്രീ. ഒ. രാജഗോപാൽ: ലിസ്റ്റിൽ ഉൾപ്പെടുത്തുമ്പോൾ അതിനെ കറക്ട് ചെയ്യാൻ സാധിക്കുമല്ലോ. അത് ചെയ്യണമെന്നാണ് ആവശ്യപ്പെടുന്നത്. ഇക്കാര്യത്തിൽ എന്റെ പ്രതിഷേധം രേഖപ്പെടുത്തുകയാണ്.

(പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അൽപ്പസമയത്തിനുശേഷം സഭയിൽ വീണ്ടും ഹാജരായി.)

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, സീറോ അവർ 10.30 വരെയാണ് എന്ന് അങ്ങുതന്നെ ഓർമ്മിപ്പിച്ചതാണ്. 10.30-ന് രണ്ടു മിനിട്ടേയുള്ളൂ. ഇവിടെ അടിയന്തരപ്രമേയം അവതരിപ്പിച്ചുകഴിഞ്ഞ് അതിന് ഗവൺമെന്റിന്റെ ഭാഗത്തു നിന്നുള്ള മറുപടി പറഞ്ഞുകഴിഞ്ഞാൽ പ്രതിപക്ഷം സ്വാഭാവികമായും വാക്കൗട്ട് പ്രസംഗം നടത്തും. ഒരുപാട് കാര്യങ്ങൾ പറഞ്ഞു എന്നുവരും. അതിന് സർക്കാർ ഭാഗത്തുനിന്ന് വേണമെങ്കിൽ ഇടപെട്ട് സംസാരിക്കാം, പക്ഷേ സാധാരണ പറയാറില്ല. ഇന്ന് ഇവിടെ കണ്ടതെന്താണ്? പ്രമേയാവതാരകൻ തന്നെ രണ്ടാമതും ഒരു അവതാരകന്റെ മട്ടിൽ അവതരിപ്പിക്കുന്നതാണ്. അങ്ങനെ ഒരു നടപടിക്രമമുണ്ടായാൽ സഭാനടപടികൾ ദീർഘിച്ചുപോകുന്ന അവസ്ഥയുണ്ടാകും. പ്രതിപക്ഷ നേതാവിനെക്കാളും, മറുപടി പറഞ്ഞ മന്ത്രിയെക്കാളും കൂടുതൽ സമയം ഈ അവതാരകൻ വാക്കൗട്ട് പ്രസംഗത്തിന് എടുത്തതായിട്ടാണ് കാണുന്നത്. അതിനൊക്കെ കുറച്ചുകൂടി നിയന്ത്രണം വേണ്ടതുണ്ട്.

മി. സ്പീക്കർ: കക്ഷിനേതാവെന്ന നിലയിൽ വാക്കൗട്ട് പ്രസ്താവന നടത്തുന്ന കീഴ്വഴക്കമുള്ളതാണ്. അത് പരിശോധിക്കാം.

ശ്രീ. പിണറായി വിജയൻ: കക്ഷിനേതാവെന്ന നിലയിലുള്ള അവകാശം ഒരംഗത്തിനുണ്ട്, ഇല്ലായെന്നല്ല. എനിക്ക് അത്ര പരിചയമില്ല. എന്റെ പരിചയംവച്ച് ഞാൻ കണ്ടിട്ടുള്ളത് ഇത്തരത്തിൽ ഒരു ഏകാംഗം അടിയന്തരപ്രമേയം അവതരിപ്പിച്ചാൽ പിന്നെ വാക്കൗട്ടിൽ ചേർന്നുകൊണ്ട് വാക്കൗട്ട് നടത്തുന്നതാണ്. അവർക്ക് സംസാരിക്കാൻ അനുമതി നൽകിയതായി എന്റെ അനുഭവത്തിലില്ല.

## റൂളിംഗ്

മി. സ്പീക്കർ: ഗൗരവമായിട്ടുള്ള ഈ പ്രശ്നം സഭയിൽ സഭാനാഥൻതന്നെ ഉന്നയിച്ചിരിക്കുകയാണ്. അത് ചെയർ ഗൗരവമായിട്ടുതന്നെ പരിശോധിക്കും, ആവശ്യമായ നടപടികൾ ഭാവിയിൽ സ്വീകരിക്കും. ആവശ്യമായ തിരുത്തലുകളുണ്ടാകും.

# (V) ശ്രദ്ധ ക്ഷണിക്കൽ

## (1) ലഹരി മാഫിയ പ്രവർത്തനം

മി. സ്പീക്കർ: അവതരണവും മറുപടിയും വളരെ ചുരുക്കിയാൽ നന്നായിരിക്കും.

ശ്രീ. മുല്ലക്കര രത്നാകരൻ: സർ, വളരെ പ്രധാനപ്പെട്ട ഒരു വിഷയമാണ് ശ്രദ്ധ ക്ഷണിക്കലിലൂടെ ഇവിടെ അവതരിപ്പിക്കുന്നത്. ലഹരി മാഫിയകളുടെ പ്രവർത്തനം സമൂഹത്തിന്റെ വികസന കാര്യങ്ങളെയും ഭാവിയേയും ആപത്തിലാക്കുന്ന തരത്തിലുള്ളതാണ്. ഇരുട്ടിലേയ്ക്കുള്ള ഒരു യാത്രയാണ്. കേരളത്തിലെ ലഹരി മാഫിയകൾക്ക് സംസ്ഥാനത്തിനകത്തു മാത്രമല്ല ബന്ധം, പുറത്തുമുണ്ടെന്നാണ് കേൾവി. അതിനൊരു റൂട്ട് ഉണ്ടെന്നാണ് അറിയുന്നത്. അങ്ങനെ കിട്ടുന്ന പണത്തിന്റെ പങ്ക് നന്മയില്ലാത്ത പ്രവർത്തനങ്ങൾക്കുവേണ്ടി ഉപയോഗിക്കുന്നു എന്നാണ് പൊതുവെ പറയപ്പെടുന്നത്. അതിനെ നിയന്ത്രിക്കുന്നതിന് സംസ്ഥാന ത്തിനകത്തെ പ്രവർത്തനംകൊണ്ടുമാത്രം സാധിക്കാത്ത സ്ഥിതിയുണ്ട്. അതിനാവശ്യമായ നിയമങ്ങളോ ഇടപെടലുകളോ ഉണ്ടാകേണ്ടതുണ്ട്.

നമ്മുടെ ഗവൺമെന്റിന്റെ പൊതുവായ ഒരു നയം മദ്യവർജ്ജനമാണ്. 2500 വർഷങ്ങൾക്കുമുമ്പ് ഇൻഡ്യ ലോകത്തിന് സംഭാവന ചെയ്ത ഏറ്റവും മഹാനായ മനുഷ്യനാണ് ശ്രീബുദ്ധൻ. ശ്രീബുദ്ധന്റെ കാലത്തും മദ്യം ഒരു പ്രശ്നമായിരുന്നു, ലഹരി ഒരു പ്രശ്നമായിരുന്നു. അദ്ദേഹം അതിനെക്കുറിച്ച് പറഞ്ഞത് 'മദ്യപാനം അധഃപതനത്തിലേക്കുള്ള വഴിയാണ്, അത് വർജ്ജിക്കുന്നവൻ ജീവിത വിജയം നേടും' എന്നാണ്. മദ്യം വർജ്ജിച്ചുകൊണ്ടേ ജീവിതവിജയം നേടൂ എന്നാണ് 2500 വർഷംമുമ്പ് ശ്രീബുദ്ധൻ പറഞ്ഞത്. ശ്രീബുദ്ധൻ പറഞ്ഞ കാര്യം എൽ.ഡി.എഫ്. ഗവൺമെന്റ് നടപ്പാക്കുകയാണെങ്കിൽ അത് ലോകത്തിന്, ബുദ്ധനെ സംഭാവന ചെയ്ത ഇൻഡ്യയിൽ, കേരളം സംഭാവന ചെയ്യുന്ന ഒരു വലിയ കാര്യമായിരിക്കും. അത് ലളിതമായ വിഷയമല്ല. ഒരുപാട് പ്രശ്നങ്ങളും റിസ്കുമുള്ള ഒരു പ്രവർത്തനമാണ്. ഏറ്റവും പ്രധാനപ്പെട്ട കാര്യം നമ്മുടെ കുട്ടികൾ മദ്യപാനത്തിലേയ്ക്ക് വരുന്നതാണ്. അവരെ ഇരയാക്കുന്നത് സ്കൂളുകളിലും കോളേജുകളിലും നടക്കുന്ന പ്രവർത്തനമാണ്. അതിന്റെ ഭയാനകമായ ഡാറ്റ എന്നുപറയുന്നത് ഇങ്ങനെയാണ്; 1980-ലെ ഒരു സർവ്വേ അനുസരിച്ച് കുട്ടികൾ കുടി തുടങ്ങുന്നത് പത്തൊൻപതാമത്തെ വയസ്സിലാണ്. 1990-ൽ അത് പതിനേഴാമത്തെ വയസ്സിലായി. പുതിയ സർവ്വേ അനുസരിച്ച് കുട്ടികളിൽ ഒരു വിഭാഗം കുടിച്ചുതുടങ്ങുന്നത് പന്ത്രണ്ടാമത്തെ വയസ്സിലാണ്. പന്ത്രണ്ടാമത്തെ വയസ്സിൽ കുട്ടികൾ കുടിച്ചു തുടങ്ങുന്നു എന്നുപറഞ്ഞാൽ അതിന്റെ

അർത്ഥം അവരെ ഒരു ട്രാപ്പിൽപ്പെടുത്തുകയാണ് എന്നല്ലേ? കുട്ടികളിലേയ്ക്ക് മൂല്യബോധത്തിന്റെ പ്രസരണം എത്തുന്നത് കുടുംബത്തിൽ നിന്നാണ്. നമ്മുടെ കുടുംബങ്ങളെക്കുറിച്ച് അങ്ങ് പരിശോധിക്കണം. ഇങ്ങനെ കെണിയിൽപ്പെടുന്ന വിദ്യാർത്ഥികളുടെ കുടുംബാന്തരീക്ഷം എന്തായിരിക്കും ; ആ കുടുംബാന്തരീക്ഷത്തിൽ മദ്യപാനത്തിനുള്ള പ്രേരണ കിട്ടുന്നത് എങ്ങനെയാണ്; അവിടെ നടക്കുന്നത് എന്താണ്? നമ്മുടെ സമൂഹത്തെയും സമൂഹത്തിലെ ഏറ്റവും ചെറിയ കണ്ണിയായ കുടുംബത്തെയും കുടുംബാന്തരീക്ഷത്തിൽ വന്നിട്ടുള്ള മാറ്റങ്ങളെയും ശാസ്ത്രീയമായി പരിശോധിക്കേണ്ടിയിരിക്കുന്നു. മരണം നടക്കുമ്പോഴും കല്യാണം നടക്കുമ്പോഴും കുട്ടികളുടെ മുന്നിൽവച്ച് മദ്യപിക്കുന്ന ശീലം ഒരുപാട് കുടുംബങ്ങളിലുണ്ട്. പ്രത്യേകിച്ച് ഇടത്തരം കുടുംബങ്ങളിൽ. ഇതൊക്കെ എങ്ങനെയാണ് കുട്ടികളെ സ്വാധീനിക്കുന്നത്? നിയമംമൂലം ഇതൊക്കെ നിരോധിക്കുന്നത് എളുപ്പമല്ല. നമുക്ക് ഇതിൽ എങ്ങനെ ഇടപെടാൻ സാധിക്കും? അത് എക്സൈസ് വകുപ്പിന്റെ മാത്രം ചുമതലയല്ല. ആരോഗ്യവകുപ്പിനും അവരുടേതായ പങ്ക വഹിക്കേണ്ടിവരും. ഇവിടെ ഒരുപാട് തരത്തിലുള്ള കഫ് സിറപ്പുകൾ ഉപയോഗിക്കുന്നുണ്ട്. ഇത് എല്ലാ മെഡിക്കൽ സ്റ്റോറുകളിൽനിന്നും കിട്ടും. അഞ്ച് മില്ലിഗ്രാമിൽ കൂടുതൽ കഫ് സിറപ്പ് ഏതു കുട്ടി ഉപയോഗിച്ചാലും മയങ്ങിപ്പോകും. മരുന്നായി കിട്ടുന്നതോ അല്ലെങ്കിൽ കൂട്ടിച്ചേർക്കപ്പെടുന്നതോ ആയവ. അങ്ങനെ ലഹരിയാക്കാവുന്ന ഒരുപാട് വിദ്യകളുണ്ട്, ഒരുപക്ഷേ ഈ സഭയിലുള്ളവർക്കും പ്രായമായവർക്കും അറിഞ്ഞുകൂടാത്ത വിദ്യകളിൽ പലതും കുട്ടികളിൽ എത്തപ്പെടുകയാണ്. കുട്ടികൾ മയങ്ങിവീണ സ്കൂളുകൾ എനിക്കറിയാം. ഞാൻ സ്കൂളിന്റെ പേരൊന്നും പറയുന്നില്ല. മയക്കുമരുന്ന് എന്നുപറയുന്ന വാക്കുതന്നെ തെറ്റാണ്. മരുന്ന് എന്ന വാക്കിന് "ഒരു പ്രശ്നം പരിഹരിക്കുന്ന ഒന്ന്" എന്നർത്ഥമുണ്ട്. സത്യത്തിൽ ഇത് വിഷമാണ്. അതുകൊണ്ട് മയക്കുമരുന്ന് എന്ന പേരുതന്നെ ഉപയോഗിക്കാതിരിക്കാൻ ശ്രദ്ധിക്കണം. മരുന്ന് എന്ന വാക്കിന്റെ അർത്ഥത്തിന് നേർ വിപരീതമാണ് ഇത്. സ്കൂളുകളെ ലഹരിമുക്തമാക്കി, പുതിയ തലമുറ ഇതിലേയ്ക്ക് വരാതെ തടഞ്ഞുനിർത്തണം. സ്കൂളുകളിൽ ഇപ്പോൾ നടക്കുന്ന ലഹരി ക്ലബ്ബുകളൊന്നും മതിയാകാതെവരും. അതൊന്നും വിജയിച്ചില്ല എന്നുള്ളത് സത്യമാണ്. പരാജയ പ്പെട്ടുവെന്ന് ഞാൻ പറയുന്നില്ല. എന്നാൽ നമ്മുടെ സ്കൂളുകളിൽ കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റ് നടപ്പിലാക്കിയ എസ്.പി.സി. യൂണിറ്റ് പ്രായോഗികമായി വിജയിച്ച ഒരു കാര്യമാണ്. എക്സൈസ്, ആരോഗ്യം, വിദ്യാഭ്യാസം എന്നീ വകുപ്പുകൾ ചേർന്ന് ലഹരിമുക്തമായ സ്കൂളുകളാക്കാനും അങ്ങനെ ഒരു യൂണിറ്റുണ്ടാക്കാൻ കഴിയുമോ എന്നും അതിന്റെ നേതൃത്വത്തിൽ കൗൺസിലിംഗ് നടത്താനും ഇത്തരം കുട്ടികളുടെ വീടുകളുമായി ബന്ധപ്പെടാനും വേണ്ടിയുള്ള നിയമങ്ങൾ നിർമ്മിക്കാൻ കഴിയണം.

18 വയസ്സിനുമുമ്പ് മാനഭംഗത്തിനിരയാക്കിയാൽ അത് വലിയ കുറ്റമാണ്. അതുപോലെ 18 വയസ്സിന് താഴെയുള്ളവനെ ലഹരിക്ക് അടിമപ്പെടുന്ന തരത്തിലേയ്ക്ക് എത്തിച്ചാൽ അതിനെയും വലിയ കുറ്റമായി കാണാനും വലിയ ശിക്ഷ നൽകുവാനുമുള്ള സംവിധാനമുണ്ടാകണം. എക്സൈസ് വകുപ്പ് മുൻകയ്യെടുത്ത് വിദ്യാഭ്യാസ വകുപ്പുമായിചേർന്ന് ഈ സഭയിൽതന്നെ ഒരു നിയമം കൊണ്ടുവരണം. ശാസ്ത്രീയമായി പരിശോധിക്കാൻ സംസ്ഥാനതല സമിതി രൂപീകരിക്കണം. ഇത്തരം കാര്യങ്ങളിൽ അന്തർദ്ദേശീയ തലത്തിൽ പ്രവർത്തിക്കുന്ന ആളുകളെക്കൂടി ഉൾപ്പെടുത്തണം. നമ്മുടെ സമൂഹത്തെ നാളെയുടെ ഇരുട്ടിൽനിന്ന് രക്ഷിക്കുന്നതിനുവേണ്ടി വെളിച്ചം പകരാനുള്ള മദ്യവർജ്ജന, ലഹരി വിമോചന പ്രവർത്തനങ്ങൾ നടപ്പാക്കണം. സ്കൂളുകളുടെ കാവൽക്കാരായി മാറാൻ നമുക്ക് സാധിക്കണം. അതിനുവേണ്ട നിർദ്ദേശം നല്കണം.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): സർ, ബഹുമാനപ്പെട്ട മുല്ലക്കര രത്നാകരൻ ഇവിടെ ഉന്നയിച്ച പ്രശ്നങ്ങൾ വളരെ ഗൗരവത്തോടുകൂടി തന്നെയാണ് കാണുന്നത്. ഗവൺമെന്റ് പുതിയതായി ആവിഷ്കരിച്ച 'വിമുക്തി' എന്ന പദ്ധതി നടപ്പിലാക്കുമ്പോൾ ഇവിടെ ഉന്നയിച്ചിട്ടുള്ള എല്ലാ പ്രശ്നങ്ങളും പരിശോധിക്കാനും ആവശ്യമായ നടപടികൾ സ്വീകരിച്ച് മുന്നോട്ടുപോകാനും കഴിയുന്നതാണ്. സ്കൂൾ-കോളേജ് പരിസരങ്ങൾ കേന്ദ്രീകരിച്ച് മദ്യം, മയക്കുമരുന്ന്, പുകയില ഉല്പന്നങ്ങൾ തുടങ്ങിയ ലഹരി പദാർത്ഥങ്ങളുടെ വിപണനം, ഉപയോഗം എന്നിവ വ്യാപകമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിദ്യാർത്ഥികളുടെയിടയിൽ ഇത്തരം ലഹരിപദാർത്ഥങ്ങളുടെ ഉപയോഗം വർദ്ധിച്ചുവരുന്നതും വിദ്യാർത്ഥികളെ ഇത്തരം പദാർത്ഥങ്ങളുടെ വാഹകരായി ഉപയോഗിക്കുന്നതും വളരെ ഗുരുതരമായ ഒരു സാമൂഹ്യ പ്രശ്നമായാണ് സർക്കാർ കാണുന്നത്. ഇത്തരം അനാരോഗ്യ സാമൂഹ്യവിരുദ്ധ പ്രവണതകൾ വിദ്യാർത്ഥി-യുവജനങ്ങൾക്കിടയിൽ വർദ്ധിച്ചുവരുന്നത് തടയുന്നതിന് ശക്തമായ പ്രവർത്തനങ്ങളാണ് എക്സൈസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ ഇപ്പോൾ നടത്തി വരുന്നത്. സ്കൂൾ-കോളേജ് പരിസരങ്ങൾ കേന്ദ്രീകരിച്ച് മദ്യം, ലഹരി പദാർത്ഥങ്ങൾ എന്നിവയുടെ വിപണനവും ഉപയോഗവും തടയുന്നതിന് എക്സൈസ് ഷാഡോ സംവിധാനവും ഇന്റലിജൻസ് വിഭാഗവും ചേർന്ന് രഹസ്യനിരീക്ഷണം നടത്തി വിവരങ്ങൾ ശേഖരിക്കുകയും ബന്ധപ്പെട്ട വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ലഹരി വിരുദ്ധ ക്ലബ്ബുകളുടെയും പി.റ്റി.എ.കളുടെയും പൊതുജനങ്ങളുടെയും സഹകരണത്തോടെ നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. ഇത്തരം നിയമവിരുദ്ധ പ്രവർത്തനങ്ങൾ നടക്കാനിടയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സമീപപ്രദേശങ്ങളിൽ കർശന പരിശോധനകൾ നടത്തുകയും കുറ്റക്കാർക്കെതിരെ ശക്തമായ നിയമനടപടികൾ

സ്വീകരിച്ചുവരികയും ചെയ്യുന്നുണ്ട്. ഇതുപോലുള്ള നിയമവിരുദ്ധമായ ലഹരി പദാർത്ഥങ്ങൾ സ്കൂൾ പരിസരത്തുവച്ച് കണ്ടുകിട്ടുന്ന നില ഉണ്ടായാൽ അത് വില്പന നടത്തുന്ന സ്ഥാപനങ്ങൾ ഒരു തരത്തിലും തുടർന്നുപ്രവർത്തിപ്പിക്കാത്ത രീതിയിലുള്ള നിലപാട് ഈ പ്രശ്നത്തിൽ ഗവൺമെന്റ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. വിദ്യാർത്ഥികൾക്ക് മയക്കുമരുന്നും പുകയില ഉല്പന്നങ്ങളും എത്തിച്ചു നൽകുന്നവർക്കെതിരെ നിലവിലുള്ള നിയമത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി സാധ്യമായ പരമാവധി ശിക്ഷ ലഭിക്കുന്ന രീതിയിൽ പഴുതുകളില്ലാത്ത നടപടികളാണ് സ്വീകരിക്കുന്നത്. കൂടാതെ കഞ്ചാവ് അടക്കമുള്ള ലഹരി പദാർത്ഥങ്ങൾ വില്പന നടത്തുന്നവർക്കെതിരെ എൻ.ഡി.പി.എസ്. ആക്ട് (Narcotic Drugs and Psychotropic Substances Act) പ്രകാരവും പുകയില ഉല്പന്നങ്ങൾ വില്പന നടത്തുന്നവർക്കെതിരെ COTPA (Cigarettes and Other Tobacco Products Act) പ്രകാരവും കേസ്സുകൾ രജിസ്റ്റർ ചെയ്ത് കർശനമായ നിയമനടപടികൾ എടുത്തുവരുന്നുണ്ട്. ഈ നിയമത്തിന്റെ അപര്യാപ്തതയ്ക്ക് പരിഹാരമുണ്ടാക്കുന്നതിന് കേന്ദ്ര ഗവൺമെന്റിൽ സംസ്ഥാന ഗവൺമെന്റ് അഭിപ്രായം പ്രകടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. മയക്കുമരുന്നുകളുടെയും പുകയില ഉല്പന്നങ്ങളുടെയും മറ്റു ലഹരിപദാർത്ഥങ്ങളുടെയും ഉപയോഗംമൂലമുണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങളെ സംബന്ധിച്ച് പൊതുജനങ്ങളിൽ പ്രത്യേകിച്ച്, യുവജനങ്ങൾക്കിടയിൽ അവബോധമുണ്ടാക്കുന്നതിന് ശക്തമായ ബോധവത്ക്കരണ പ്രവർത്തനങ്ങളാണ് സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നത്. സ്കൂൾ-കോളേജ് വിദ്യാർത്ഥികളിൽ ലഹരിവസ്തുക്കളുടെ ദൂഷ്യവശങ്ങളെക്കുറിച്ച് അവബോധം വളർത്തുന്നതിന് വൻതോതിലുള്ള പ്രചാരണം നടത്തിവരുന്നുണ്ട്. അതോടൊപ്പം ലഹരിവിരുദ്ധ ആശയങ്ങളടങ്ങിയ ഹ്രസ്വചിത്രങ്ങൾ പ്രദർശിപ്പിക്കുകയും ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുകയും ചെയ്യുന്നു. വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും രക്ഷിതാക്കൾക്കും മദ്യത്തിന്റെയും ലഹരിവസ്തുക്കളുടെയും വിൽപ്പന/ഉപഭോഗം തുടങ്ങിയവ സംബന്ധിച്ച പരാതികളും വിവരങ്ങളും വകുപ്പിന് കൈമാറുന്നതിനായി വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രത്യേക പരാതിപ്പെട്ടികൾ സ്ഥാപിച്ച് പരാതികൾ സ്വീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എക്സൈസ് കമ്മീഷണർ ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥർ സ്കൂളുകളിലും കോളേജുകളിലും ഈ വിഷയത്തിൽ ബോധവൽക്കരണ ക്ലാസ്സുകൾ നടത്തിവരുന്നുണ്ട്. സ്കൂളുകളിലെ പ്രധാന അദ്ധ്യാപകർ, കോളേജ് പ്രിൻസിപ്പാൾമാർ, പി.ടി.എ. പ്രസിഡന്റുമാർ തുടങ്ങിയവരും മറ്റ് അദ്ധ്യാപകരുമായി എക്സൈസ് കമ്മീഷണർ നേരിട്ട് ബന്ധപ്പെട്ട് ആവശ്യമായ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നുണ്ട്. മദ്യത്തിനും ലഹരിക്കുമെതിരെ സമഗ്രമായ ബോധവൽക്കരണം നടത്തുന്നതിന് കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ

'വിമുക്തി' എന്ന പദ്ധതി ഗവൺമെന്റ് ഉത്തരവ് പ്രകാരം നടപ്പിലാക്കി തുടങ്ങിയിട്ടുണ്ട്. ഇതിന്റെ വിവിധ പദ്ധതികളുമായി ഗവൺമെന്റ് മുന്നോട്ടുപോകുകയാണ്. അങ്ങ് ഇവിടെ ചൂണ്ടിക്കാണിച്ച ഒരു കാര്യം വളരെ പ്രധാനപ്പെട്ടതാണ്. ഇക്കാര്യങ്ങളിൽ രക്ഷിതാക്കൾ ഗൗരവമായ നിലപാട് സ്വീകരിക്കണം. കുട്ടികളുടെ മുന്നിൽ, വിദ്യാർത്ഥികളുടെ മുന്നിൽ അരുതാത്ത ഒരു നടപടിയും രക്ഷിതാക്കൾ പ്രദർശിപ്പിക്കാൻ പാടില്ല. കുട്ടികളുടെ സ്വഭാവ രീതികളിൽ വരുന്ന മാറ്റങ്ങളിൽ രക്ഷിതാക്കൾക്കുകൂടി പങ്കുണ്ടെന്ന് തിരിച്ചറിഞ്ഞുകൊണ്ട് ഇതിനെ ഒഴിവാക്കുന്നതിനുള്ള നടപടികളാണ് പൊതുവെ സ്വീകരിക്കേണ്ടത്. അതിന് സഹായകരമായ എല്ലാ ബോധവൽക്കരണ പ്രവർത്തനങ്ങളും ഗവൺമെന്റ് നടപ്പിലാക്കുന്നുണ്ട്.

ശ്രീ. മുല്ലക്കര രത്നാകരൻ: സർ, ഗവൺമെന്റ് മുൻകയ്യെടുത്ത് നടപ്പിലാക്കുന്ന ലഹരി വിമുക്ത പ്രോജക്ടുകൾ നമ്മുടെ സംസ്ഥാനത്തുണ്ട്. കേരളത്തിലെ എല്ലാ പഞ്ചായത്തുകളിലും ഇതൊരു പൈലറ്റ് പ്രോജക്ടായി എടുക്കണം. എന്റെ മണ്ഡലത്തിലെ ഇട്ടിവ ഗ്രാമപഞ്ചായത്തിൽ ഇത് ചെയ്തുവരുന്നുണ്ട്. ആ ഗ്രാമത്തെ മദ്യവിമുക്തമാക്കുന്നതിനായി എല്ലാവരും ചേർന്നുള്ള ഒരു കർമ്മ പദ്ധതിയാണ്. അത്തരം പദ്ധതികൾക്ക് ഗവൺമെന്റ് അംഗീകാരം നൽകുമോ?

ശ്രീ. റ്റി. പി. രാമകൃഷ്ണൻ: സർ, മദ്യത്തിന്റെയും ലഹരി പദാർത്ഥങ്ങളുടെയും ഉപയോഗത്തിൽനിന്നും സമൂഹത്തെ മോചിപ്പിക്കുന്നതിനായി നടക്കുന്ന ചെറുതും വലുതുമായ പരിശ്രമങ്ങൾക്കൊപ്പം ഗവൺമെന്റുമുണ്ട്. അത്തരം നടപടികളെ പ്രോത്സാഹിപ്പിക്കുന്ന സമീപനമാണ് ഇക്കാര്യത്തിൽ ഗവൺമെന്റ് സ്വീകരിക്കുന്നത്.

### (2) കൊച്ചി മെട്രോ റെയിൽ പദ്ധതി

ശ്രീ. ഹൈബി ഈഡൻ: സർ, കൊച്ചി മെട്രോ റെയിൽ കേരളത്തിന്റെ അഭിമാനത്തിന്റെ ചിഹ്നമാണ്, the state of the art. ട്രാൻസ്പോർട്ടേഷൻ സംവിധാനം നമ്മുടെ നഗരത്തിന് ലഭിക്കുമ്പോൾ ഒരു പുതിയ വികസന സംസ്കാരവും തൊഴിൽ സംസ്കാരവും കേരളത്തിലേയ്ക്ക് കൊണ്ടുവരാൻ സാധിക്കും. കേന്ദ്രഗവൺമെന്റിന്റെയും സംസ്ഥാന ഗവൺമെന്റിന്റെയും എല്ലാ ക്ലിയറൻസും ലഭിച്ചതിനുശേഷമാണ് കൊച്ചി മെട്രോയുടെ പ്രവർത്തനങ്ങൾ 2012 ജൂൺ 7-ാം തീയതി ആരംഭിച്ചത്. ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് പ്രകാരം 2017-ലാണ് കൊച്ചി മെട്രോ കമ്മീഷൻ ചെയ്യേണ്ടത്. നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ച് 4 വർഷംകൊണ്ട് പൂർത്തീകരിക്കണമെന്നാണ് ഡി.എം.ആർ.സി.യുമായുള്ള വ്യവസ്ഥ. നിർമ്മാണരംഗത്ത് പുതിയ ടെക്നോളജി ഇൻട്രൊഡ്യൂസ് ചെയ്ത് കേരളത്തിന്റെ ഇൻഫ്രാസ്ട്രക്ചർ രംഗത്ത് പുതിയ മാറ്റം

സൃഷ്ടിക്കാൻ ഇതിലൂടെ സാധിക്കുകയുണ്ടായി. പ്രധാനമായും മനസ്സിലാക്കേണ്ട ഒരു കാര്യം, കൊച്ചി മെട്രോയുടെ ട്രയൽ റൺ ആരംഭിച്ചത് മുട്ടം യാർഡിൽനിന്നും പാലാരിവട്ടം വരെയാണ്. നവംബർ മാസത്തിൽ ആലുവ മുതൽ പാലാരിവട്ടം വരെയാണ് ഇതിന്റെ ട്രയൽ റൺ നടക്കാനിരിക്കുന്നത്. കേരളത്തിന്റെ വികസന രംഗത്ത് വലിയൊരു കാഴ്ചപ്പാടോടുകൂടിയാണ് ഡോ. ഇ. ശ്രീധരന്റെ നേതൃത്വത്തിൽ കൊച്ചി മെട്രോ ആരംഭിച്ചത്. കൊച്ചിയിലെ പൊതുസമൂഹം ഒരുപാട് ത്യാഗം സഹിച്ചാണ്, ഗതാഗതരംഗത്ത് ഒരുപാട് നിയന്ത്രണങ്ങൾ ഉണ്ടാക്കിയാണ് ഇതിനെ മുന്നോട്ടുകൊണ്ടുപോയത്. ഇന്നും അനിശ്ചിതത്വത്തിൽ നിൽക്കുന്ന ഒരു വിഷയമാണ് ഈ ഗവൺമെന്റിന്റെ ശ്രദ്ധയിൽകൊണ്ടുവരാൻ ആഗ്രഹിക്കുന്നത്. ഇതിന്റെ പണി ഡിസംബർ മാസം പൂർത്തീകരിച്ച് ആദ്യഘട്ടം കമ്മീഷൻ ചെയ്യുമെന്നാണ് അറിയിച്ചിട്ടുള്ളത്. അതിൽ പ്രധാനമായും തീർക്കേണ്ട ജോലികൾ പ്രത്യേകിച്ച്, സിഗ്നലിംഗ് ജോലികൾ പൂർത്തീകരിച്ചിട്ടില്ല, പ്രധാനപ്പെട്ട സ്റ്റേഷനുകൾ കൈമാറേണ്ട സമയം ആഗസ്റ്റിലായിരുന്നു, ട്രാക് സിഗ്നലിംഗ്, ട്രാക്ഷൻ കമ്മ്യൂണിക്കേഷൻ തുടങ്ങിയവയെല്ലാം ഏകോപിപ്പിക്കേണ്ട സമയമാണ്. അതിന് പറ്റിയ സാങ്കേതിക മികവുള്ള ഡി.എം. ആർ.സി.യുടെ ഒരു ടീം കൊച്ചിയിൽ കേന്ദ്രീകരിച്ച് പ്രവർത്തിക്കേണ്ട സമയമാണ്. അതിന് ഡി.എം.ആർ.സി.യുടെ ടീമിൽ ഇന്ന് പര്യാപ്തമായ ആളുകളില്ലെന്നാണ് ഞങ്ങൾ മനസ്സിലാക്കുന്നത്. ഇതെല്ലാം ബാധിക്കുന്നത് ഇതിന്റെ ക്വാളിറ്റേറ്റീവ് ആസ്പെക്ടിനെയാണ്. കാരണം ഗുണനിലവാരമുള്ള, ഏറ്റവും മോഡേണായ ഒരു മെട്രോയാണ് കൊച്ചിയിൽ വരാൻ പോകുന്നത്. അതിന്റെ ക്വാളിറ്റിയെ ബാധിക്കുന്ന രീതിയിലാണ് ഇത് കടന്നുപോകുന്നത്. നിലവിൽ മഹാരാജാസ് കോളേജ് വരെയുള്ള സ്ട്രെച്ചിന്റെ സിവിൽ വർക്കാണ് ഭൂരിഭാഗവും പൂർത്തീകരിച്ചിട്ടുള്ളത്. സാങ്കേതിക പ്രവർത്തനങ്ങൾ നടക്കേണ്ടതുണ്ട്. അതിനുശേഷം മഹാരാജാസ് കോളേജ് മുതലുള്ള അടുത്ത സ്ട്രെച്ചിന്റെ കാന്റിലിവറിലുള്ള, മേൽപ്പാലം ഉൾപ്പെടെയുള്ള കാര്യങ്ങൾ, സൗത്ത് പാലത്തിനോട് പാരലലായി വരേണ്ട പാലം, അതിന്റെ പണിക്ക് ഒന്നരവർഷം സമയമെടുക്കുമെന്നാണ് പറയുന്നത്. നമ്മൾ വിഭാവന ചെയ്തത് ആലുവ മുതൽ പേട്ട വരെയുള്ള മേജർ പോർഷനാണ്. അതിന്റെ പ്രവർത്തനങ്ങൾ ഇനിയും ആരംഭിച്ചിട്ടില്ല, ഭൂമി ഏറ്റെടുക്കൽ പ്രക്രിയയും മറ്റ് നിർമ്മാണപ്രവർത്തനങ്ങളും മഹാരാജാസ് സ്റ്റേഷനുശേഷമുള്ളത് ഇനിയും നടക്കേണ്ടിയിരിക്കുന്നു. അതുപോലെ റോഡിന്റെ വികസനവും ഡ്രെയിനേജ് റീകൺസ്ട്രക്ഷനും വാക്ക്‌വേ അടക്കമുള്ള പ്രവർത്തനങ്ങളും നടക്കേണ്ടതുണ്ട്. ഒരു മെട്രോ നിർമ്മാണം successful ആകണമെങ്കിൽ അതുമായി ബന്ധപ്പെട്ടുള്ള കുറേ കാര്യങ്ങളുണ്ട്. എല്ലാവരും വാഹനവുമായി നിരത്തിലിറങ്ങിയാൽ ഇതൊരു successful പ്രോജക്ടാകില്ല. സീനിയർ

സിറ്റിസൺസിനും കാൽനടയാത്രക്കാർക്കും കൂടുതൽ പ്രാധാന്യം നൽകുന്ന അനുബന്ധ വാക്ക്‌വേകൾ പുരോഗമിക്കേണ്ടിയിരിക്കുന്നു. എം.ജി. റോഡിൽ ഒരു പ്രോജക്ട് നിലവിലുണ്ടായിരുന്നു. അത് കാൽനടയാത്രക്കാർക്ക് അനുകൂലമായ ഒരു പദ്ധതിയായിരുന്നു. അതിന്റെ സ്ഥിതിയും ഇന്ന് അനിശ്ചിതാവസ്ഥയിലാണ്. മെട്രോയുടെ പ്രവർത്തനങ്ങൾ പരിപൂർണ്ണമായി പൂർത്തീകരിക്കുന്നതിനുവേണ്ടിയുള്ള, ഇത്തരം സാങ്കേതിക വിഷയങ്ങൾകൂടി പരിഗണിച്ചുകൊണ്ട് അതിനെ ഏകോപിപ്പിക്കാൻവേണ്ടിയുള്ള പ്രവർത്തനങ്ങൾ സർക്കാരിന്റെ ഭാഗത്തു നിന്നുണ്ടാകണമെന്നാണ് ഞാൻ ഈ ശ്രദ്ധ ക്ഷണിക്കലിലൂടെ ആവശ്യപ്പെടുന്നത്.

നികുതിയുമായി ബന്ധപ്പെട്ട് സംസാരിക്കാനുണ്ട്. കൊച്ചി മെട്രോയ്ക്കുവേണ്ടി സ്ഥലമേറ്റെടുത്ത സമയത്ത് ഭൂമി വിട്ടുകൊടുത്ത ആളുകൾക്ക് നികുതിയിളവ് നൽകാൻ ഈ ഗവൺമെന്റ് ധാരണയായതാണ്. പുതിയ LARRA (Land Acquisition, Rehabilitation and Resettlement Act) പ്രകാരമാണ് ഭൂമി ഏറ്റെടുക്കൽ പ്രക്രിയ മുന്നോട്ടുപോയതെങ്കിൽ സ്റ്റേറ്റ് ലാന്റ് അക്വിസിഷൻ റൂൾസ് വേണ്ടിവരും. അതനുസരിച്ച് കൂടുതൽ സമയമെടുക്കുന്നതിൽനിന്നുംമാറി ഒരു നെഗോഷ്യേറ്റഡ് പർച്ചേസാണ് കെ.എം.ആർ.എൽ. നടത്തിയത്. ഭൂമി വിട്ടുനൽകിയ ആളുകൾ ഒരു ശതമാനം ടാക്സ് മാത്രം കൊടുത്താൽ മതിയെന്നുള്ള വ്യവസ്ഥയുണ്ടായിരുന്നു. അതിനെക്കുറിച്ചു കൂടിയുള്ള തീരുമാനം ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണമെന്ന് ഈ സന്ദർഭത്തിൽ അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, 2017 ഏപ്രിൽ മാസത്തിൽ ആദ്യറീച്ച് പൂർത്തീകരിക്കുക എന്ന ലക്ഷ്യത്തോടെയാണ് കൊച്ചി മെട്രോയുടെ നിർമ്മാണ പ്രവൃത്തികൾ പുരോഗമിക്കുന്നത്. 2016 ഒക്ടോബർ 18-ന് കേന്ദ്ര നഗര വികസന മന്ത്രാലയ സെക്രട്ടറി പങ്കെടുത്ത ഒരു അവലോകന യോഗം ചേർന്നിട്ടുണ്ട്. പദ്ധതി വളരെയേറെ പുരോഗമിച്ച അവസരത്തിൽ സാങ്കേതിക വിദഗ്ദ്ധരുടെ സേവനം ആവശ്യാനുസരണം ലഭ്യമാക്കണമെന്ന് പ്രസ്തുത യോഗത്തിൽ ഡി.എം.ആർ.സി.യോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആദ്യറീച്ചിലെ സ്റ്റേഷനുകൾ ഉൾപ്പെടെയുള്ള എല്ലാ സിവിൽ നിർമ്മാണപ്രവർത്തനങ്ങളും 2017 ജനുവരിയോടെ പൂർത്തീകരിക്കുന്നതിനായി കരാറുകാരുടെ ജോലികൾ വേഗത്തിലാക്കുന്നതിന് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. മഹാരാജാസ് മുതൽ പേട്ട വരെയുള്ള രണ്ടാംറീച്ചിന്റെ പ്രവൃത്തികളിൽ വീഴ്ചവരുത്തിയ രണ്ട് കരാറുകാരുടെ പ്രവൃത്തികൾ ഭാഗികമായി ഡി.എം.ആർ.സി. മാറ്റി നൽകിയിട്ടുണ്ട്. 1894-ലെ പഴയ സ്ഥലമെടുപ്പ് നിയമം മാറ്റി 2013-ൽ പുതിയ നിയമം നടപ്പിൽ വരുത്തിയതുമൂലം കാലതാമസം നേരിട്ടിട്ടുണ്ടെങ്കിലും പുതിയ

നിയമത്തിന്റെ ചട്ടങ്ങൾ വേഗത്തിൽ നടപ്പിൽവരുത്തിയതിനാൽ സ്ഥലമെടുപ്പ് വേഗത്തിലാക്കാനുള്ള ശ്രമങ്ങൾ നടന്നുവരികയാണ്. സാദ്ധ്യമായ സ്ഥലങ്ങളിൽ മൾട്ടിലെവൽ പാർക്കിംഗ് ഉൾപ്പെടെ ഏർപ്പെടുത്തുന്നതിനായി കെ.എം.ആർ.എൽ. ശ്രമിക്കുന്നുമുണ്ട്. ആലുവ മുതൽ മഹാരാജാസ് കോളേജ് വരെയുള്ള റോഡുകളുടെ BM&BC പുനരുദ്ധാരണ പ്രവൃത്തികൾ തുടങ്ങിയിട്ടുണ്ട്. ഇതുകൂടാതെ ഇടപ്പള്ളി മുതൽ ജവഹർലാൽ നെഹ്റു സ്റ്റേഡിയം വരെയുള്ള ഓടകളുടെയും ഡക്ടുകളുടെയും നിർമ്മാണത്തിനായി സംസ്ഥാന സർക്കാർ 39.41 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രവൃത്തികൾ ഉടനെ ആരംഭിക്കും. മുതിർന്ന പൗരന്മാരുടെയും ഭിന്നശേഷിയുള്ളവരുടെയും പ്രത്യേക ആവശ്യങ്ങൾ പരിഗണിച്ചുകൊണ്ടാണ് കൊച്ചി മെട്രോ സിസ്റ്റം രൂപകൽപ്പന ചെയ്തിട്ടുള്ളത്.

സ്ഥലമെടുപ്പിനുള്ള നഷ്ടപരിഹാരത്തുകയിൽനിന്നും ആദായ നികുതി ഈടാക്കുന്നതിനുള്ള ശ്രമത്തെക്കുറിച്ച് അദ്ദേഹം ഉന്നയിക്കുകയുണ്ടായി. ആദായനികുതി കുറയ്ക്കുന്നത് കേന്ദ്രസർക്കാരിന്റെ പരിഗണനയിൽവരുന്ന വിഷയമാണ്. സ്ഥലമുടമകൾക്ക് ആദായനികുതിയിളവുകൾ അനുവദിക്കണമെന്നാണ് അഭിപ്രായം. ആദായ നികുതി ഇളവുകൾ സ്ഥലമുടമകൾക്ക് അനുവദിക്കണമെന്നാവശ്യപ്പെട്ട് കെ.എം. ആർ.എൽ. ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ റിട്ട് ഫയൽ ചെയ്തിട്ടുണ്ട്. പദ്ധതി യാഥാർത്ഥ്യമാകുമ്പോൾ കൊച്ചി മെട്രോ ഏഷ്യയിലെതന്നെ ഏറ്റവും ആധുനികമായ മെട്രോ സിസ്റ്റങ്ങളിലൊന്നായിത്തീരും. കൂടാതെ എല്ലാ ആധുനിക യാത്രാസൗകര്യങ്ങളും കമ്മ്യൂണിക്കേഷൻ ബേസ്ഡ് ട്രെയിൻ കൺട്രോൾഡ് സിസ്റ്റമുള്ള ഇന്ത്യയിലെ ആദ്യ മെട്രോകളിലൊന്നായി കൊച്ചി മെട്രോ മാറും.

ശ്രീ. ഹൈബി ഈഡൻ: സർ, മുഖ്യമന്ത്രിയെന്ന നിലയിൽ മെട്രോയുടെ പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകാൻവേണ്ടി പല റിവ്യൂ മീറ്റിംഗുകളിലും പങ്കെടുത്തുകൊണ്ട് വലിയ പിന്തുണയാണ് അങ്ങ് നൽകിയിട്ടുള്ളത്. ഇതിൽ മനസ്സിലാക്കേണ്ട ഒരു കാര്യം, ഇൻഫോ പാർക്കിലേയ്ക്കായാലും നെടുമ്പാശ്ശേരി വിമാനത്താവളത്തിലേയ്ക്കായാലും, മെട്രോയുമായി ബന്ധപ്പെട്ട വികസന പദ്ധതികൾ ഭാവിയിൽ നമ്മൾ നടത്തേണ്ടിയിരിക്കുന്നു. അതിൽ പ്രധാനപ്പെട്ട ഒന്നാണ് ഞാൻ പറഞ്ഞ രണ്ടാമത്തെ റീച്ച്. ഭൂമി ഏറ്റെടുക്കൽ പ്രക്രിയകളും സിവിൽ നിർമ്മാണവും മറ്റ് നിർമ്മാണങ്ങളുമൊക്കെ വളരെയേറെ കാലതാമസമെടുക്കാനുള്ള പ്രധാന കാര്യം അന്യസംസ്ഥാനങ്ങളിലേയ്ക്ക് കരാറുകാർ തൊഴിലാളികളെ കൊണ്ടുപോകുന്നു എന്നതാണ്. തമിഴ്നാട്ടിൽ ജയലളിത രണ്ടാമത് മുഖ്യമന്ത്രിയായപ്പോൾ കേരളത്തിലെ ധാരാളം തൊഴിലാളികളെ കോൺട്രാക്ടർമാർ അന്യസംസ്ഥാനങ്ങളിലേയ്ക്ക് കൊണ്ടു

പോവുകയും ഇവിടെ തൊഴിലാളികളില്ലാത്ത അവസ്ഥയുണ്ടാകുകയും ചെയ്യു. ഒരു രാഷ്ട്രീയപ്പാർട്ടിപോലും പണിമുടക്കാതെ നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങളാണ് മെട്രോയിൽ നടക്കുന്നത്. രാത്രിയും പകലും അവിടെ പണി നടക്കുന്നുണ്ട്. സാങ്കേതിക വൈദഗ്ദ്ധ്യമുള്ള തൊഴിലാളികൾ വരുന്നത് ഇതര സംസ്ഥാനങ്ങളിൽ നിന്നാണ്. അവരെ പൊളിറ്റിക്കൽ പ്രഷറുപയോഗിച്ച് പലപ്പോഴും മറ്റ് സംസ്ഥാനങ്ങളുടെ മെട്രോ പ്രവർത്തനങ്ങളിലേയ്ക്ക് കരാറുകാർ കൊണ്ടുപോകുകയാണ്. അതോടൊപ്പം അങ്ങുപറഞ്ഞ വളരെ പ്രധാനപ്പെട്ട ഒരു കാര്യം - ഈ റോഡുകൾ പി.ഡബ്ല്യൂ.ഡി. 2012 മുതൽ മെട്രോയ്ക്ക് കൈമാറിയിരിക്കുകയാണ്. പാലാരിവട്ടം വരെയുള്ളത് അങ്ങ് പറഞ്ഞു. തുടർന്നുള്ള ബി.എം.ആന്റ് ബി.സി. ടാറിംഗും അനുബന്ധ പ്രവർത്തനങ്ങളും നടത്തുന്നതോടൊപ്പം ഈ കരാറുകാരെ നിയന്ത്രിച്ചുകൊണ്ട് തൊഴിലാളികളെ കൂടുതലായി വിന്യസിച്ചാൽ മാത്രമേ രണ്ടാംഘട്ടം പൂർത്തീകരിക്കാൻ സാധിക്കുകയുള്ളൂ. അതിനാവശ്യമായ നടപടികൾ അങ്ങ് സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ശ്രീ. പിണറായി വിജയൻ: സർ, ഇപ്പോൾത്തന്നെ കരാറുകാരുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ഈ യോഗത്തിൽ ചർച്ചചെയ്തിട്ടുണ്ട്. കരാറുകാരുടെ പ്രവർത്തനം കൂടുതൽ ഊർജ്ജസ്വലമാക്കുന്നതിനുള്ള ഇടപെടൽ നടത്തിക്കഴിഞ്ഞിട്ടുണ്ട്. അത് കൂടുതൽ ശക്തമായി ഡി.എം.ആർ.സി.യോട് ആവശ്യപ്പെടുന്ന നിലപാട് സ്വീകരിക്കുകയും ചെയ്യാം.

## VI സബ്മിഷൻ

മി. സ്പീക്കർ: ചെയർ നേരത്തേ ഓർമ്മപ്പെടുത്തിയതുപോലെ നിയമസഭാ സമിതിയുടെ റിപ്പോർട്ട് ഇന്ന് ചർച്ച ചെയ്യേണ്ടതാണ്. സബ്മിഷനുകൾ ഒരു മിനിട്ടിൽ അവതരിപ്പിക്കണം, അതുപോലെ മറുപടിയും ഒരു മിനിട്ടിൽ ഒതുക്കി സഹകരിക്കണം.

### (1) ജയിലിലെ മൊബൈൽ ഫോൺ ഉപയോഗം

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഈ സബ്മിഷൻ ഒരു മിനിട്ടുകൊണ്ട് അവതരിപ്പിക്കാൻ കഴിയില്ല. ഇരട്ട ജീവപര്യന്തം തടവിന് വിധിച്ച നിസ്സാം എന്ന പ്രതി കണ്ണൂർ ജയിലിൽ കഴിയുകയാണ്. കണ്ണൂർ ജയിലിൽ കഴിയുന്ന നിസ്സാം ജയിലിൽ സുൽത്താനെപ്പോലെ പെരുമാറുന്നുവെന്നാണ് മാധ്യമ റിപ്പോർട്ടിൽനിന്ന് മനസ്സിലാക്കുന്നത്. നിസ്സാം ജയിലിൽ മൊബൈൽ ഫോൺ ഉപയോഗിക്കുന്നു. ആ ഫോൺ നമ്പർ എന്റെ കൈവശമുണ്ട്, 8769731302, 9746576553. രണ്ടാമത്തെ

നമ്പർ രാജസ്ഥാനിലെ നമ്പറാണ്. ഒരു സ്ത്രീയുടെ പേരിലാണ് ഈ ഫോൺ എടുത്തിരിക്കുന്നത്. ഈ ഫോണിൽനിന്നാണ് നിസ്സാം വിളിക്കുന്നത്. ജയിലിൽ അതീവ സുരക്ഷയുള്ള 10-ാം ബ്ലോക്കിലാണ് നിസ്സാം കഴിയുന്നത്. അദ്ദേഹം ഒക്ടോബർ 20-ാം തീയതി നടത്തിയ ഫോൺവിളിയെക്കുറിച്ച് എനിക്ക് പരാതിയില്ല. കാരണം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ അതുസംബന്ധിച്ച അന്വേഷണം നടക്കുന്നുണ്ട്. സെപ്റ്റംബർ 20-ാം തീയതി ജോഷി കുര്യൻ എന്ന മാധ്യമ പ്രവർത്തകൻ നേരിട്ട് നിസ്സാമുമായി സംസാരിച്ച് രണ്ട് ഫോൺ നമ്പരും ചെക്ക് ചെയ്തിരുന്നു. നിസ്സാം ജയിലിൽ ഫോൺ വളരെ സ്വതന്ത്രമായി ഉപയോഗിക്കുകയാണ്. ഇത് ജയിലിന്റെ സുരക്ഷിതത്വത്തെ തന്നെ ബാധിക്കുന്ന ഒരു പ്രശ്നമാണ്. ജയിലിൽ കഴിയുന്ന വ്യക്തി സ്വതന്ത്രമായി പെരുമാറാനും ആളുകളെ ഭീഷണിപ്പെടുത്താനും ശ്രമിക്കുന്നു എന്നാണ് മനസ്സിലാകുന്നത്. അവരുടെ കുടുംബപ്രശ്നങ്ങളിലേയ്ക്ക് ഞാൻ കടക്കുന്നില്ല. സഹോദരങ്ങൾ പരാതി കൊടുത്തുവെന്നും പരാതി പിൻവലിച്ചുവെന്നും ഇന്ന് മാധ്യമങ്ങളിൽ കണ്ടിരുന്നു. എന്നാൽ പരാതിക്കാധാരമായ ഫോൺവിളി അവിടെ നടന്നിട്ടുണ്ട്. അതുസംബന്ധിച്ച് അവർതന്നെ പോലീസിൽ പരാതി നൽകിയിട്ടുണ്ട്. ജയിലിൽ കഴിയുന്ന ആളുകൾ ഇങ്ങനെ പെരുമാറുന്നത് ശരിയാണോ? എന്റെ കയ്യിൽ ഒരു രേഖയുണ്ട് (ഉയർത്തി കാണിക്കുന്നു). കണ്ണൂരിൽനിന്ന് നിസ്സാമും മൂന്ന് പോലീസുകാരും കർണ്ണാടക ബസ്സിൽ ബാംഗ്ലൂരിൽ പോയി മടങ്ങിവന്ന ടിക്കറ്റാണ്. ആ ബസ്സിൽത്തന്നെ നിസ്സാമിന്റെ രണ്ട് അസിസ്റ്റന്റുമാരും യാത്ര ചെയ്തിരുന്നു. പ്രതിക്ക് കമ്പനിയെ കൊണ്ടുപോകുന്ന രീതി ശരിയല്ല. അത് ജയിലിന്റെ സുരക്ഷിതത്വത്തെ ബാധിക്കും. അതുകൊണ്ട് അടിയന്തരമായി ഇതുസംബന്ധിച്ച് അന്വേഷിച്ച് നടപടി സ്വീകരിക്കണം. കുറ്റക്കാരായ ആളുകൾക്കെതിരെ ഗവൺമെന്റ് ശക്തമായ നടപടി സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഈ പ്രശ്നം വാർത്തയിലൂടെ ശ്രദ്ധയിൽപ്പെട്ടപ്പോൾത്തന്നെ ശക്തമായി ഇടപെട്ടിട്ടുള്ളതാണ്. തൃശ്ശൂർ ശോഭാ സിറ്റിയിലെ സെക്യൂരിറ്റി ജീവനക്കാരനായ ചന്ദ്രബോസിനെ കൊലപ്പെടുത്തിയ കേസ്സിലാണ് മുഹമ്മദ് നിസ്സാം ശിക്ഷിക്കപ്പെട്ടത്. 21-1-2016 മുതൽ പ്രതി കണ്ണൂർ സെൻട്രൽ ജയിലിൽ കഴിഞ്ഞുവരികയാണ്. നിസ്സാമിനെ ബാംഗ്ലൂർ സെഷൻസ് കോടതിയിൽ ഹാജരാക്കുന്നതിനായി കണ്ണൂർ ജയിലിൽനിന്നും പോലീസ് എസ്കോർട്ടിൽ ബാംഗ്ലൂരിൽ കൊണ്ടുപോയി വരുന്നതിനിടയിൽ നിസ്സാം തന്റെ സഹോദരങ്ങളെ

ഫോണിൽവിളിച്ച് ഭീഷണിപ്പെടുത്തിയെന്നുള്ള വാർത്തകൾ പത്ര-ദൃശ്യ മാധ്യമങ്ങളിലൂടെ പുറത്ത് അറിഞ്ഞതിനെത്തുടർന്ന് കണ്ണൂർ സ്പെഷ്യൽ ബ്രാഞ്ച് ഡിവൈ.എസ്.പി. നടത്തിയ പ്രാഥമിക അന്വേഷണത്തിൽ അബ്ദുൾ നിസാർ, അബ്ദുൾ റസാഖ് എന്നിവരുടെ മൊബൈൽ ഫോണുകളിലേയ്ക്ക് വിളിക്കുകയും മെസ്സേജ് അയയ്ക്കുകയും ചെയ്തതായി കണ്ടെത്തുകയുണ്ടായി. പത്രവാർത്ത വന്നപ്പോൾ ഇതുസംബന്ധിച്ച് അന്വേഷിക്കാൻ ജയിൽ ഡി.ജി.പി.യോടുതന്നെ ആവശ്യപ്പെട്ടു. അതിന്റെ ഭാഗമായി അവർ അന്വേഷിച്ചപ്പോൾ ജയിലിനുള്ളിൽവച്ച് ഇങ്ങനെയൊരു ഫോൺവിളി നടന്നിട്ടില്ല. നിസ്സാം യാത്രയ്ക്കിടയിലാണ് ഫോൺവിളിച്ചത് എന്നാണ് മനസ്സിലായത്. അതിന്റെ അടിസ്ഥാനത്തിലാണ് സ്പെഷ്യൽ ബ്രാഞ്ച് ഡിവൈ.എസ്.പി. അന്വേഷണം നടത്തുന്ന സ്ഥിതിയുണ്ടായത്. മുഹമ്മദ് നിസ്സാം ഫോണിൽ വിളിച്ച് അസഭ്യം പറയുകയും കൊല്ലുമെന്നുപറഞ്ഞ് ഭീഷണിപ്പെടുത്തുകയും ചെയ്തതായി നിസ്സാമിന്റെ സഹോദരങ്ങളായ അബ്ദുൾ നിസാർ, അബ്ദുൾ റസാഖ് എന്നിവർ തൃശ്ശൂർ റൂറൽ ജില്ലാ പോലീസ് മേധാവിക്ക് നൽകിയ പരാതികളുടെ അടിസ്ഥാനത്തിൽ അന്തിക്കാട് പോലീസ് സ്റ്റേഷനിൽ രണ്ട് കേസ്സുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. പോലീസ് എസ്കോർട്ട് ഉണ്ടായിരിക്കെ നിസ്സാമിന് മൊബൈൽ ഫോൺ ഉപയോഗിക്കാനുള്ള സാഹചര്യമൊരുക്കി ഡ്യൂട്ടിയിൽ വീഴ്ചവരുത്തിയ സീനിയർ സി.പി.ഒ. അജിത്, സി.പി.ഒ.മാരായ വിജേഷ്, രതീഷ് എന്നിവരെ ജില്ലാ പോലീസ് മേധാവിയുടെ 23-10-2016-ലെ ഉത്തരവുപ്രകാരം അന്വേഷണ വിധേയമായി സർവ്വീസിൽനിന്ന് സസ്പെന്റ് ചെയ്തിട്ടുണ്ട്. ജയിലിനുപുറത്തുവച്ച് നടന്ന സംഭവമായതിനാൽ ഇക്കാര്യത്തിൽ ജയിൽസുരക്ഷാ പാളിച്ചയുണ്ടായിട്ടില്ലെന്നും ജയിൽ ഉദ്യോഗസ്ഥർക്ക് വീഴ്ചയുണ്ടായിട്ടില്ലെന്നും അന്വേഷണത്തിൽ വ്യക്തമായിട്ടുണ്ട്. എന്നാൽ ഇവിടെ ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ ചൂണ്ടിക്കാണിച്ച കാര്യം, ഒരു മാധ്യമ പ്രവർത്തകനായ ജോഷി കുര്യൻ നിസ്സാമുമായി നേരിട്ട് സംസാരിച്ചു എന്നാണ്. അത് ഗൗരവമായ ആരോപണമായിത്തന്നെ കാണുന്നു. അതുസംബന്ധിച്ച് പരിശോധിക്കാനുള്ള സംവിധാനങ്ങളുണ്ടാക്കാം. അക്കാര്യത്തിൽ ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. ബസ്സിൽ ബാംഗ്ലൂരിലേക്ക് യാത്ര ചെയ്യുന്നത് ഒഴിവാക്കാൻ സാധ്യമല്ല. ബാംഗ്ലൂരിലേയ്ക്ക് ബസ്സും ട്രെയിനുമുണ്ട്. ട്രെയിനിലോ ബസ്സിലോ അവർക്ക് യാത്ര ചെയ്യാവുന്നതാണ്. സാധാരണ നിലയ്ക്ക് അതിൽ മറ്റാരും കയറേണ്ടതില്ല എന്നുപറഞ്ഞ് തടസ്സപ്പെടുത്താനും കഴിയില്ല. എന്നാൽ അനാവശ്യമായതോ ഏതെങ്കിലും തരത്തിലുള്ള വഴിവിട്ട സൗകര്യങ്ങളോ നിസ്സാമിന് നൽകുന്നതിനോട് സർക്കാരിന് യാതൊരു യോജിപ്പുമില്ല. അങ്ങനെയൊരു കാര്യം സംഭവിക്കുകയുമില്ല.

11.00 AM]

## (2) ജലജയുടെ കൊലപാതകം

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, ഹരിപ്പാട്, ചേപ്പാട് വില്ലേജിൽ നങ്ങ്യാർകുളങ്ങര മുട്ടം ഭാരതിയിൽ ശ്രീ. സുരന്റെ ഭാര്യ 47 വയസ്സുള്ള ജലജ 13-8-2015 പട്ടാപ്പകൽ അവരുടെ വീട്ടിനുള്ളിൽത്തന്നെ തലയ്ക്ക് 26-ലധികം അടിയേറ്റ് മരിച്ച് ഒരുവർഷവും രണ്ടുമാസവും പിന്നിടുമ്പോഴും ഈ കേസ്സിന്റെ അന്വേഷണം എവിടെയും എത്തിയിട്ടില്ല. ബഹുമാന്യനായ പ്രതിപക്ഷ നേതാവ് ആഭ്യന്തരമന്ത്രി ആയിരിക്കുന്ന സമയത്ത് അദ്ദേഹത്തിന്റെ മണ്ഡലത്തിലാണ് ഈ സംഭവം നടന്നിരിക്കുന്നത്. എന്നിട്ടുപോലും ഒരുവർഷവും രണ്ടുമാസവും കഴിഞ്ഞിട്ടും ഈ സഹോദരിക്ക് നീതി ലഭിച്ചിട്ടില്ല. വളരെ നല്ലനിലയിൽ അന്തസ്സായി ജീവിച്ചിരുന്ന ഈ സ്ത്രീയുടെ വീട്ടിൽ പട്ടാപ്പകൽ കടന്നുചെന്ന് അവരെ കൊന്നവരെ കുറിച്ചുള്ള അന്വേഷണം ദ്രുതഗതിയിൽ നടത്തുമ്പോൾ അന്ന് ഹരിപ്പാട് സി.ഐ. ആയിരുന്ന ശ്രീ. ഉദയഭാനു അന്വേഷണത്തിന്റെ പല തെളിവുകളും ആദ്യ ഘട്ടത്തിൽത്തന്നെ നശിപ്പിക്കുകയും മരിച്ച സ്ത്രീയുടെ പിതാവിനെ ഭീഷണിപ്പെടുത്തുകയും ചെയ്തു. ഇദ്ദേഹംതന്നെ ഇപ്പോൾ വീണ്ടും ഈ കേസ് അന്വേഷിക്കുകയാണ്. ആലപ്പുഴ ക്രൈംബ്രാഞ്ച് കഴിഞ്ഞ 9 മാസങ്ങളായി ഈ കേസ് അന്വേഷിക്കുകയാണ്. അതാണ് ഇതിലെ വിരോധാഭാസം. ആഭ്യന്തരമന്ത്രിയുടെ മണ്ഡലത്തിൽ പട്ടാപ്പകൽ നടന്ന കൊലപാതകം, വളരെ അന്തസ്സായി ജീവിച്ച ഒരു സ്ത്രീ ഒറ്റയ്ക്കിരിക്കുമ്പോൾ അവരെ ആക്രമിച്ച് കൊല്ലുകയാണ്. 26-ലധികം അടി തലയിൽ അടിച്ചിട്ടുണ്ട്. ഭീകരമായ നിലയിൽ നിലവിളക്കുകൊണ്ട് അവരെ തലയ്ക്കടിച്ചാണ് കൊലപ്പെടുത്തിയത്. ഈ കേസ് അന്വേഷിക്കാൻ മുൻകൈ എടുത്ത കരീലക്കുളങ്ങര പോലീസ് സ്റ്റേഷനിലെ അലി അക്ബർ എന്ന എ.എസ്.ഐ.യുടെയും ഈ കേസ്സിന്റെ അന്വേഷണത്തിന് താൽപ്പര്യത്തോടെ മുന്നോട്ടുവന്ന പ്രവാസി സംഘടനയുടെ നേതാവിന്റെയും വീടിന് തീ വച്ചു. ബഹുമാനപ്പെട്ട അന്നത്തെ പ്രതിപക്ഷ നേതാവടക്കമുള്ള ആളുകൾ അവിടെ എത്തുകയും സി.പി.ഐ.(എം)-ന്റെ ജില്ലാ സെക്രട്ടറി അടക്കമുള്ളവർ ഇതിന്റെ പേരിൽ വലിയ സമരങ്ങൾ സംഘടിപ്പിക്കുകയും ചെയ്തിരുന്നു. അന്ന് ആഭ്യന്തര വകുപ്പുമന്ത്രിയും, അവിടത്തെ എം.പി.യായ ശ്രീ. കെ. സി. വേണുഗോപാലും കുറ്റവാളികളെ അറസ്റ്റ് ചെയ്യുമെന്ന് അവർക്ക് ഉറപ്പുകൊടുത്തിരുന്നു. പക്ഷേ ഇന്നുവരെ അതിനൊരു നീക്കവും ഉണ്ടായിട്ടില്ല. ജിഷ സംഭവം പോലെയാണ്. എൽ.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി നേരിട്ട് ഇടപെട്ടതിന്റെ ഫലമായിട്ടാണ് ഇരുട്ടിൽ

തപ്പിയിരുന്ന പോലീസ് വകുപ്പ്, താൽപ്പര്യവും കഴിവുമുള്ള ഉദ്യോഗസ്ഥരെ നിയമിച്ചതുവഴി ദിവസങ്ങൾക്കുള്ളിൽ ജിഷയുടെ ഘാതകരെ അറസ്റ്റ് ചെയ്യാൻ കഴിഞ്ഞത്. ഇവിടെയും താൽപ്പര്യമില്ലായ്മയും കഴിവില്ലായ്മയും നിറഞ്ഞുനിൽക്കുന്ന ഒരു സാഹചര്യത്തിൽ കഴിവുള്ള ഉദ്യോഗസ്ഥരെ നിയമിച്ചുകൊണ്ട്, ജിഷയുടെ മരണത്തിലെടുത്ത അതേ താൽപ്പര്യം വ്യക്തിപരമായി എടുത്തുകൊണ്ട് ഈ കേസ് അന്വേഷിച്ച് ഈ പാവപ്പെട്ട സഹോദരിക്ക് നീതി ലഭ്യമാക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ആലപ്പുഴ ജില്ലയിൽ കാർത്തികപ്പള്ളി താലൂക്കിൽ ചേപ്പാട് നിവാസിയായ ശ്രീ. സുരൻ എന്നയാളുടെ ഭാര്യയായ ജലജയെ ബഹുമാന്യനായ അംഗം പ്രസ്താവിച്ചതുപോലെ 13-8-2015 ഉച്ചയ്ക്ക് 1.30-നും രാത്രി 12.15-നും ഇടയ്ക്കുള്ള സമയം വീട്ടിൽ അതിക്രമിച്ചുകയറി കൊലപ്പെടുത്തിയതിന് ശേഷം ഏഴരപ്പവൻ സ്വർണ്ണാഭരണങ്ങളും മൊബൈൽ ഫോണും 30,000 രൂപയും കവർച്ച ചെയ്തു. ഇതുസംബന്ധിച്ച് കരീലക്കുളങ്ങര പോലീസ് സ്റ്റേഷനിൽ 1204/2015 നമ്പരായി കേസ് രജിസ്റ്റർ ചെയ്യുകയും തുടർന്ന് കേസ്സന്വേഷണം ക്രൈംബ്രാഞ്ച് ഏറ്റെടുത്ത് ഇക്കണോമിക് ഒഫൻസ് വിംഗ് II പോലീസ് സൂപ്രണ്ടിന്റെ മേൽനോട്ടത്തിൽ പ്രത്യേക അന്വേഷണസംഘം രൂപീകരിച്ച് ശാസ്ത്രീയമായ മാർഗ്ഗങ്ങളിലൂടെ ഊർജ്ജിതമായ അന്വേഷണം നടത്തിവരികയുമായിരുന്നു. ക്രൈം ബ്രാഞ്ച് അന്വേഷണം തുടർന്നുവരവേ കേസ്സന്വേഷണം ഫലപ്രാപ്തിയിലെത്തിയില്ല എന്നതിന്റെ അടിസ്ഥാനത്തിൽ സി.ബി.ഐ.ക്ക് കൈമാറുവാൻ സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചു. കേസ്സന്വേഷണം സി.ബി.ഐ. ഏറ്റെടുക്കണമെന്ന് കേന്ദ്ര പേഴ്സണൽകാര്യ മന്ത്രാലയത്തോട് അഭ്യർത്ഥിക്കുകയും ചെയ്തു. കേന്ദ്ര സർക്കാരിൽനിന്നും ഇതുസംബന്ധിച്ച് യാതൊരു മറുപടിയും ലഭ്യമായിട്ടില്ല. സി.ബി.ഐ. അന്വേഷണം ആവശ്യപ്പെട്ട സാഹചര്യം നിലനിൽക്കുന്നുണ്ട്. എന്നാൽ നിലവിൽ ഈ കേസ്സിന്റെ അന്വേഷണം ക്രൈംബ്രാഞ്ചിന്റെ നേതൃത്വത്തിലാണ് നടക്കുന്നത്. അത് കൂടുതൽ കാര്യക്ഷമമാക്കാൻ എന്താണ് ചെയ്യേണ്ടത് എന്നാലോചിച്ച് ആവശ്യമായ ഇടപെടൽ നടത്താം.

## (3) സംഗീത ഗ്രാമം

ശ്രീ. കോവൂർ കുഞ്ഞുമോൻ: സർ, തമിഴ്നാട്ടിലെ തഞ്ചാവൂർ ഗ്രാമം, പാലക്കാട്ട് കൽപ്പാത്തി ഗ്രാമം, ആറന്മുള പൈതൃക ഗ്രാമം എന്നൊക്കെ അറിയുന്നതു പോലെയാണ് ആനയടി ഗ്രാമവും അറിയപ്പെടുന്നത്. 70 വർഷം നീണ്ടുനിൽക്കുന്ന സംഗീത പാരമ്പര്യ ചരിത്രമുള്ള ഒരു ഗ്രാമമാണ് ആനയടി. 70 വർഷങ്ങൾക്കുമുമ്പ്

ചെറുകണ്ടാളത്തിൽ നാരായണൻ തുടങ്ങിവച്ച സംപ്രാതിക സംഗീതത്തിലൂടെയാണ് (ഭജന) ഈ ഗ്രാമം അറിയപ്പെട്ടത്. ഒരു വീട്ടിൽ ഒരു കലാകാരൻ എന്നനിലയിൽ ആ ഗ്രാമം ഇപ്പോൾ വളർന്നുവന്നിരിക്കുകയാണ്. സംഗീത ലോകത്തെ കുലപതികളായ സർവ്വശ്രീ. ടി. എൻ. ശേഷഗോപാൽ, ട്രിച്ചി ഗണേശ്, ചെങ്കോട്ട ഹരിഹര സുബ്രഹ്മണ്യ അയ്യർ, ചിദംബരം രാജശേഖര റാവു, മധുരൈ ശങ്കരനാരായണൻ, നെയ്യാറ്റിൻകര വാസുദേവൻ, ദക്ഷിണാമൂർത്തി, ഉമയാൾപുരം ശിവരാമൻ, മാവേലിക്കര കൃഷ്ണൻകുട്ടി നായർ, ജയവിജയന്മാരിൽ വിജയൻ, മദ്രാസ് വസന്ത, എം.ജി. നന്ദിനി, ബാലമുരളീകൃഷ്ണ എന്നിങ്ങനെ നൂറുകണക്കിന് സംഗീത വിദ്വാന്മാർ വന്ന് പരിപാടികൾ അവതരിപ്പിക്കപ്പെട്ട ഒരു ഗ്രാമമാണ് ആനയടി ഗ്രാമം. അവിടെ എല്ലാ വർഷവും നവരാത്രി മഹോത്സവം നടക്കുന്നുണ്ട്. 48 മണിക്കൂർ നീണ്ടുനിൽക്കുന്ന സംഗീത കച്ചേരി അഖണ്ഡ സംഗീതാരാധന എന്നാണ് അറിയപ്പെടുന്നത്. ആദ്യം ഒരാൾ തുടങ്ങി ഇങ്ങനെ തുടർച്ചയായി 48 മണിക്കൂർ സംഗീതം നടത്തുന്ന ഒരു ഗ്രാമം. എം.എൽ.എ. ആയതിനുശേഷം 16 വർഷവും തുടർച്ചയായി ആ ചടങ്ങിൽ പങ്കെടുക്കുന്ന ഒരാളാണ് ഞാൻ. ഇപ്പോൾ ഒരു സ്കൂൾതന്നെ നടത്തുന്നുണ്ട്. വായ്പാട്ട്, വയലിൻ, മൃദംഗം, ഗഞ്ചിറ, വീണ, ഢക്കയും തബലയും, ചെണ്ട, ഗിത്താർ, കീബോർഡ് എന്നിങ്ങനെ വിവിധ സംഗീതോ പകരണങ്ങളുടെ പരിശീലനം നൽകുന്ന കേരളത്തിലെതന്നെ വളരെ പ്രധാനപ്പെട്ട സംഗീതഗ്രാമമാണ് ആനയടി. അതുമാത്രമല്ല നാടൻ പാട്ട്, ഡാൻസ്, കരാട്ടെ ഇങ്ങനെയുള്ള പരിശീലനങ്ങളെല്ലാം കൊടുക്കുന്ന ഈ ഗ്രാമം എന്തുകൊണ്ടും അറിയപ്പെടുന്ന സംഗീതഗ്രാമമാണ്. അതുകൊണ്ട് തഞ്ചാവൂരിലെ ഗ്രാമവും, പാലക്കാട് കൽപ്പാത്തി ഗ്രാമവും, ആറന്മുള പൈതൃകഗ്രാമവും അറിയപ്പെടുന്നതുപോലെതന്നെ കേരളത്തിലെതന്നെ ഏറ്റവും പ്രാമാണികന്മാർ വന്നുപോകുന്ന, സംഗീത കച്ചേരിയും അതുപോലെ വിവിധ പരിപാടികളും നടത്തുന്ന ആനയടി ഗ്രാമത്തെ സംഗീത ഗ്രാമമായി പ്രഖ്യാപിക്കണമെന്ന് ബഹുമാനപ്പെട്ട സാംസ്കാരിക വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

(അദ്ധ്യക്ഷവേദിയിൽ ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ)

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ആനയടി ഗ്രാമത്തെപ്പറ്റി പറഞ്ഞതെല്ലാം നൂറുശതമാനം ശരിയാണ്. അതുകൊണ്ട് ആ ഗ്രാമത്തിന്റെ പ്രത്യേകതകളെ സംബന്ധിച്ചൊന്നും പറയാനാഗ്രഹിക്കുന്നില്ല. ആനയടി ഗ്രാമത്തെ ഒരു സംഗീത ഗ്രാമമാക്കി മാറ്റുന്നതിനെ സംബന്ധിക്കുന്ന യാതൊരു നിർദ്ദേശവും ഇതുവരെ സർക്കാരിന് ലഭിച്ചിട്ടില്ല. ബഹുമാനപ്പെട്ട മെമ്പർ മുൻകയ്യെടുത്ത്

വിശദാംശങ്ങൾ സമർപ്പിക്കുകയാണെങ്കിൽ ഇക്കാര്യത്തിൽ കേരള സംഗീത നാടക അക്കാദമിയുമായി ആലോചിച്ച് അനുകൂലമായ തീരുമാനം എടുക്കുന്നതായിരിക്കും.

## (4) തടയണ നിർമ്മാണം

<u>ശ്രീ. യു. ആർ. പ്രദീപ്</u>: സർ, അടിയന്തര പ്രാധാന്യമുള്ളതും യുദ്ധ കാലാടിസ്ഥാനത്തിൽ നടത്തേണ്ടതുമായ ഒരു വിഷയമാണ് ഞാൻ ഈ സഭയുടെ മുമ്പിൽ കൊണ്ടുവരാനുദ്ദേശിക്കുന്നത്. ഭാരതപ്പുഴയ്ക്കു കുറുകെ ചെറുതുരുത്തിയിൽ ഒരു തടയണ നിർമ്മാണം 2007-ൽ തുടങ്ങിയെങ്കിലും നിർമ്മാണം എവിടെയും എത്തിയിട്ടില്ല. കരാറുകാരൻ മരണപ്പെട്ടതുമൂലം ജലവിഭവ വകുപ്പ് പ്രവൃത്തി നിർത്തിവച്ചിരിക്കുകയാണ്. ഏതാണ്ട് 2.8 കോടി രൂപ കരാറുകാരന് കൊടുത്തിട്ടുണ്ട്. 2013-ൽ ഈ എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിനായി അന്നത്തെ എം.എൽ.എ. ആയിരുന്ന ശ്രീ. കെ. രാധാകൃഷ്ണൻ ജില്ലാ കളക്ടറുമായി കൂടിയാലോചിച്ച് 14.5 കോടി രൂപയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് സർക്കാരിന് സമർപ്പിക്കുകയുണ്ടായി. എന്നാൽ സമർപ്പിച്ച എസ്റ്റിമേറ്റ് അംഗീകരിച്ചില്ല. മാത്രവുമല്ല, പുതുക്കിയ ഭരണാനുമതി കൊടുക്കാൻ അന്നത്തെ ഗവൺമെന്റ് പരാജയപ്പെട്ടിരിക്കുന്നു എന്ന് 2016-ൽ എ.ജി. കുറ്റപ്പെടുത്തുകയുമുണ്ടായി. ഭാരതപ്പുഴ വറ്റിവരണ്ട് പുൽക്കാട് പിടിച്ചുകിടക്കുകയാണ്. ഭാരതപ്പുഴയുടെ തീരത്ത് ആയിരക്കണക്കിന് കർഷകർ ഇറക്കിയ കൃഷി വെള്ളമില്ലാതെ നശിച്ചുകൊണ്ടിരിക്കുകയാണ്. എന്റെ മണ്ഡലമായ ചേലക്കരയിൽ വള്ളത്തോൾനഗർ പഞ്ചായത്തിനും പാഞ്ഞാൾ പഞ്ചായത്തിനും മുള്ളൂർക്കര പഞ്ചായത്തിനും ആവശ്യമായ വെള്ളം കിട്ടാത്ത ഒരവസ്ഥ നിലനിൽക്കുന്നുണ്ട്. പഞ്ചകർമ്മ ആയുർവ്വേദാശുപത്രി, കേരള കലാമണ്ഡലം, വള്ളത്തോൾ റെയിൽവേ സ്റ്റേഷൻ, ഷൊർണ്ണൂർ റെയിൽവേ സ്റ്റേഷൻ, വാണിയംകുളം പഞ്ചായത്ത്, ഷൊർണ്ണൂർ നഗരസഭ എന്നിവിടങ്ങളിലേയ്ക്കാവശ്യമായ വെള്ളം ഈ തടയണയെ ആശ്രയിച്ചാണ് നിൽക്കുന്നത്. 24-9-2016-ൽ ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ കൂടിയ ഡി.ഡി.സി. യോഗത്തിൽ ഇതിനാവശ്യമായ തുക ആർ.എം.എഫ്.-ൽ ഉണ്ടെന്നും അത് അടിയന്തരമായി തുടങ്ങണമെന്നു മാവശ്യപ്പെട്ടുകൊണ്ട് സർക്കാരിലേയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. അതുകൊണ്ട് അടിയന്തരമായി ആർ.എം.എഫ്.ൽ നിന്ന് ഈ തുക അനുവദിക്കാൻ റവന്യൂവകുപ്പ് മുൻകൈ എടുക്കണമെന്നും അതോടൊപ്പംതന്നെ ജലവിഭവ വകുപ്പ് ഇതിന്റെ പ്രവൃത്തി യുദ്ധകാലാടിസ്ഥാനത്തിൽ തുടങ്ങണമെന്നും ഞാൻ ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ) : സർ, ചെറുതുരുത്തി വള്ളത്തോൾനഗർ ഗ്രാമപഞ്ചായത്തിൽ ഭാരതപ്പുഴയ്ക്കു കുറുകെ ചെക്ക് ഡാം നിർമ്മിക്കുന്നതിനുള്ള 12.20 കോടി രൂപയുടെ റിവേഴ്സ് എസ്റ്റിമേറ്റ് ജില്ലാ കളക്ടർ ഭരണാനുമതിക്കായി സമർപ്പിച്ചിരുന്നു. എന്നാൽ 27-1-2014-ൽ റവന്യൂ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ചെറുതുരുത്തി തടയണ നിർമ്മാണം പൂർത്തിയാക്കുന്നതിനാവശ്യമായ തുക തൃശ്ശൂർ ജില്ലയിലെ റിവർ മാനേജ്മെന്റ് ഫണ്ടിൽ ലഭ്യമല്ലാത്തതിനാൽ പ്രസ്തുത പ്രവൃത്തി ഏറ്റെടുത്ത് പൂർത്തിയാക്കുന്നതിന് ജലവിഭവ വകുപ്പിനോട് അഭ്യർത്ഥിക്കാൻ തീരുമാനിക്കുകയും ആയതുപ്രകാരം പ്രൊപ്പോസൽ ജലവിഭവ വകുപ്പിന് കൈമാറിയിട്ടുള്ളതുമായിരുന്നു. എന്നാൽ പ്രസ്തുത പ്രവൃത്തി പൂർത്തിയാക്കുവാൻ ഫണ്ട് ലഭ്യമല്ലായെന്ന് ജലസേചന വകുപ്പ് അറിയിക്കുകയും ചെയ്തിരുന്നു. തടയണ നിർമ്മാണത്തിന്റെ 30 ശതമാനവും റിവർ മാനേജ്മെന്റ് ഫണ്ടുപയോഗിച്ച് നടത്തിയിട്ടുള്ളതിനാൽ ശേഷിക്കുന്ന പ്രവൃത്തികൂടി റിവർ മാനേജ്മെന്റ് ഫണ്ടുപയോഗിച്ച് നടത്തണമെന്നുള്ളതാണ് പൊതുവായ ആവശ്യം. പ്രസ്തുത പ്രവൃത്തിയുടെ ഡി.എസ്.ഒ.ആർ. 2013-ന് റിവൈസ്ഡ് റേറ്റ് പ്രകാരമുള്ള 14.50 കോടി രൂപയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് റിവർ മാനേജ്മെന്റ് ഫണ്ടുപയോഗിച്ച് നടത്തുന്നതിനായി ജില്ലാ കളക്ടർ സമർപ്പിച്ചിട്ടുണ്ട്. ഇത്തരം പ്രവൃത്തിയുടെ അനുമതി നൽകേണ്ടത് സംസ്ഥാന ഉന്നതതല സമിതിയാണ്. നിലവിലെ സമിതിയുടെ കാലാവധി 2016 മേയ് 29-ന് അവസാനിച്ചിട്ടുള്ളതുമാണ്. 2001-ലെ കേരള നദീതീര സംരക്ഷണ ആക്ടിലെ വ്യവസ്ഥകൾ പ്രകാരം നദീ തീരത്തിന്റെയോ അതിന്റെ ഏതെങ്കിലും വൃഷ്ടി പ്രദേശത്തിന്റെയോ സമഗ്ര വികസനത്തിനും നദീതീരം സംരക്ഷിക്കുന്നതിനും നദീതീരങ്ങളിൽ കടവ് നിർമ്മിക്കുന്നതിനും നദീതീരങ്ങളുടെ ജൈവ ഭൗതിക പരിസ്ഥിതി സംരക്ഷിക്കുന്നതിനുമാണ് റിവർ മാനേജ്മെന്റ് ഫണ്ടിലെ തുക വിനിയോഗിക്കേണ്ടത്. ഇതിനനുസൃതമായ പ്രവൃത്തികൾക്കാണ് മുൻഗണന നൽകിവരുന്നത്. ചെറുതുരുത്തി തടയണ നിർമ്മാണം ജില്ലയിലെ കുടിവെള്ള പ്രശ്നത്തിന് പരിഹാരമാകുമെന്നുള്ള ജില്ലാ കളക്ടറുടെ റിപ്പോർട്ട് മുൻനിർത്തി സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുന്നതും ഉന്നതതല സമിതിയുടെ നിർദ്ദേശങ്ങൾക്കനുസൃതമായി തീരുമാനം കൈക്കൊള്ളുന്നതുമാണ്. ജില്ലാ കളക്ടറുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ അതിനാവശ്യമായ നടപടികൾ ഉന്നതതല സമിതി തീരുമാനിക്കും.

## (5) പാലം നിർമ്മാണം

ശ്രീ. പി. കെ. ബഷീർ : സർ, എന്റെ നിയോജക മണ്ഡലത്തിലെ ചാലിയാർ പഞ്ചായത്തിലെ ചാലിയാർ പുഴയ്ക്ക് മൊടവണ്ണക്കടവിൽ ഒരു പാലം നിർമ്മിക്കുന്നതിന് സംസ്ഥാന സർക്കാർ 19-11-2015-ന് അനുമതി നൽകുകയും നടപടിക്രമങ്ങൾ പൂർത്തീകരിക്കുകയും എഗ്രിമെന്റ് വയ്ക്കുകയും ചെയ്തു. റിവർ മാനേജ്മെന്റ് ഫണ്ടിൽ നിന്ന് ഇതിന് പണം കൊടുക്കണമെന്നാണ് ഡിസാസ്റ്റർ മാനേജ്മെന്റ് അന്നത്തെ ഉത്തരവുപ്രകാരം പറയുന്നത്. ഹൈലെവൽ കമ്മിറ്റി കൂടുകയും ഫണ്ട് അനുവദിക്കാൻ ഉത്തരവിടുകയും അതിനനുസരിച്ച് സംസ്ഥാന സർക്കാർ ഒരു ഉത്തരവിറക്കുകയും ചെയ്തു. ഇപ്പോൾ ആ പാലം ടെണ്ടർ ചെയ്യുകയും ഒരു കമ്പനി അത് ഏറ്റെടുക്കുകയും അവർ എഗ്രിമെന്റ് ഒപ്പ് വയ്ക്കുകയും ചെയ്തു. മൊബിലൈസേഷൻ അഡ്വാൻസ് കൊടുക്കാത്തതിന്റെ പേരിലാണ് ഇപ്പോൾ നിർമ്മാണപ്രവർത്തനം ആരംഭിക്കാത്തത്. പിന്നീട് ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റിന്റെ അനുമതി വേണമെന്നുപറഞ്ഞു. അവിടെ കാടൊന്നുമില്ല. പുഴയ്ക്കാണ് ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റിന്റെ അനുമതി വേണമെന്ന് പറഞ്ഞത്. ഞാൻ ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രിയുമായി ബന്ധപ്പെടുകയും അദ്ദേഹം ഈ പ്രശ്നത്തിൽ ഇടപെടുകയും ചെയ്തു. കഴിഞ്ഞ ഡിമാന്റ് ചർച്ചയിലും ഞാൻ ഇതിനെക്കുറിച്ച് പറഞ്ഞിട്ടുണ്ട്. വനം ഇല്ലാത്ത സ്ഥലത്ത് പുഴയ്ക്ക് ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റിന്റെ അനുമതി കാത്ത് വികസനപ്രവർത്തനങ്ങൾക്ക് ഒന്നും രണ്ടും കൊല്ലം കാലതാമസമുണ്ടാകുന്നുണ്ട്. അതിനൊരു മാറ്റം വരണം. ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രി അക്കാര്യത്തിൽ വളരെ പോസിറ്റീവായ തീരുമാനമെടുത്തിട്ടുണ്ട്. ഈ പ്രവൃത്തി ഏറ്റെടുത്ത കമ്പനിയുടെ എഗ്രിമെന്റിൽ മൊബിലൈസേഷൻ അഡ്വാൻസ് 20 ശതമാനം കൊടുക്കണമെന്നുപറയുന്നുണ്ട്. മലപ്പുറത്തെ റിവർ മാനേജ്മെന്റ് ഫണ്ടിൽനിന്ന് ഇതിന്റെ ഫണ്ട് റിലീസിംഗ് എത്തിയിട്ടില്ലായെന്ന് പറയുന്നുണ്ട്. അതുകൊണ്ട് മൊടവണ്ണക്കാട് പാലത്തിന്റെ നിർമ്മാണത്തിന് ആവശ്യമായ അടിയന്തര നടപടി സ്വീകരിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ) : സർ, 19-11-2015-ലെ ഗവൺമെന്റ് ഉത്തരവുപ്രകാരം മലപ്പുറം ജില്ലയിലെ മൊടവണ്ണക്കാട് പാലം ഉൾപ്പെടെ 9 പാലങ്ങൾക്ക് 32 കോടി രൂപ ചെലവിൽ ഭരണാനുമതി നൽകിയിരുന്നു. ഈ പാലങ്ങളുടെ പണി പൂർത്തിയാക്കുന്നതിനായി പത്തനംതിട്ട ജില്ലാ നിർമ്മിതി കേന്ദ്രത്തെ നോഡൽ ഏജൻസിയായി തീരുമാനിക്കുകയും ചെയ്തിരുന്നു. 28-12-2015-ലെ സർക്കാർ ഉത്തരവ് അനുസരിച്ച് മലപ്പുറം, കൊല്ലം, തൃശ്ശൂർ, എറണാകുളം ജില്ലകളിൽ റിവർ മാനേജ്മെന്റ് ഫണ്ടിൽനിന്ന് മേൽത്തുക പത്തനംതിട്ട ജില്ലാ റിവർ മാനേജ്മെന്റ് ഫണ്ടിലേയ്ക്ക് മാറ്റുവാനും പ്രസ്തുത തുക

ഉപയോഗിച്ച് പാലങ്ങളുടെ പണി പൂർത്തിയാക്കാനുമാണ് ഉത്തരവായിരുന്നത്. ഇതിൽ കൊല്ലം ജില്ല 8 കോടി രൂപയും എറണാകുളം ജില്ല ഒരു കോടി രൂപയും നൽകിയിട്ടുണ്ട്. എന്നാൽ നിരന്തരം ആവശ്യപ്പെട്ടിട്ടും മലപ്പുറം ജില്ല 20 കോടി രൂപയും തൃശ്ശൂർ ജില്ല 5 കോടി രൂപയും പത്തനംതിട്ട ജില്ലയ്ക്ക് നൽകിയിട്ടില്ലെന്ന് പത്തനംതിട്ട ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്. മൊടവണ്ണക്കാട് പാലം നിർമ്മിക്കേണ്ട ഭൂമി ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചതുപോലെ വനം വകുപ്പിന്റെ അധീനതയിലാണെന്നതിനാൽ വനംവകുപ്പിന്റെ അനുമതിക്കായുള്ള ശ്രമം നടന്നുവരുന്നുണ്ടെന്നുമാണ് മലപ്പുറം ജില്ലാ കളക്ടർ അറിയിച്ചിരിക്കുന്നത്. തീർച്ചയായും വനംവകുപ്പിൽനിന്ന് അനുകൂലമായ സമീപനം സ്വീകരിക്കുകയും അനുകൂലമായ തീരുമാനമുണ്ടാവുകയും ചെയ്തിട്ടുണ്ടെങ്കിൽ ഈ വിഷയത്തിൽ കാലതാമസം നേരിട്ടതിനെ സംബന്ധിച്ച് മലപ്പുറം ജില്ലാ കളക്ടറോട് റിപ്പോർട്ട് ആവശ്യപ്പെടുന്നതാണ്. ആ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് പദ്ധതി നടപ്പാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

## (6) റീ സർവ്വേ

<u>ശ്രീ. അനിൽ അക്കര</u>: സർ, വടക്കാഞ്ചേരി മണ്ഡലത്തിലെ തൃശ്ശൂർ, തലപ്പള്ളി എന്നീ താലൂക്കുകളിലെ ഒട്ടുമിക്ക വില്ലേജുകളിലും റീ സർവ്വേയുടെ അപാകതമൂലം അവിടെയുള്ള കുടുംബങ്ങൾക്ക് ഭൂനികുതി അടയ്ക്കാൻ കഴിയുന്നില്ല. അതുപോലെ തന്നെ ലാൻഡ് അസൈൻമെന്റ് കമ്മിറ്റി രൂപീകരിക്കാത്തതുകാരണം പുതിയ പട്ടയങ്ങൾ നൽകാൻ കഴിയുന്നില്ല. പല വില്ലേജുകളിലും റീ സർവ്വേ പൂർത്തിയായ പല സ്ഥലങ്ങളിലും റീ സർവ്വേയുടെ അപാകതമൂലം അവിടെ കന്നുകാലി മേച്ചിൽ സ്ഥലങ്ങൾ, റവന്യൂ പുറമ്പോക്ക്, ഇറിഗേഷന്റെ കൈവശമുള്ള സ്ഥലങ്ങൾ അങ്ങനെ പലതും തെറ്റായി രേഖപ്പെടുത്തിയിരിക്കുകയാണ്. അതുകൊണ്ട് നിലവിൽ ലോണുകളുണ്ടായിരുന്ന ഭൂമികൾക്കുപോലും ഇന്ന് നികുതി അടയ്ക്കാൻ കഴിയാത്ത ഗുരുതരമായ സ്ഥിതിവിശേഷമാണുള്ളത്. ഏഴെട്ട് വർഷങ്ങൾക്കുമുമ്പ് പഞ്ചായത്തുകളുടെ കൈവശമുണ്ടായിരുന്ന കന്നുകാലി മേച്ചിൽസ്ഥലങ്ങൾ കൈവശക്കാർക്ക് പതിച്ചുകൊടുക്കാൻ വേണ്ടി സർക്കാർ ഉത്തരവിന്റെ ഭാഗമായി പഞ്ചായത്തുകൾ തീരുമാനമെടുക്കുകയും അത് സർക്കാരിലേയ്ക്ക് ഫോർവേഡ് ചെയ്യുകയും ചെയ്തു. പക്ഷേ അതും ഇതേവരെ ഒന്നുമായിട്ടില്ല. അടാട്ട് പഞ്ചായത്തിനകത്ത് ചിറ്റലപ്പിള്ളി വില്ലേജിൽ കുറേ കുടുംബങ്ങൾക്ക് ഇത്തരത്തിലുള്ള പ്രതിസന്ധിയുണ്ടായതിന്റെ അടിസ്ഥാനത്തിൽ അവർ ഹൈക്കോടതിയെ സമീപിച്ചപ്പോൾ ഹൈക്കോടതി ആറ് മാസത്തിനകം പട്ടയം കൊടുക്കണമെന്ന് പറയുകയുണ്ടായി. പക്ഷേ ആറുമാസം കഴിഞ്ഞ് ഒരു വർഷമായിട്ടും അവർക്ക് പട്ടയം കൊടുക്കാൻ കഴിയാത്ത സാഹചര്യമാണുള്ളത്. റീ സർവ്വേ ഇങ്ങനെ പൂർത്തിയാക്കാൻ കഴിയാതെ പോകുന്നത് വളരെ കഷ്ടമാണ്.

നമ്മുടെ നാട്ടിൽ ആധുനിക സംവിധാനങ്ങളുണ്ട്. സൂര്യനിലേയ്ക്കുള്ള വഴിപോലും അളക്കാൻ കഴിയുന്ന സാഹചര്യമുള്ള ഈ സമയത്ത് കേരളത്തിലെ ചെറിയ താലൂക്കുകളിലുള്ള സ്ഥലങ്ങളുടെ റീ സർവ്വേ പൂർത്തിയാക്കാൻ കഴിയാത്തത് വലിയ കഷ്ടമാണ്. അവിടെയുള്ളവരൊക്കെ പാവപ്പെട്ട ആളുകളാണ്. ഹാരിസന്റെയോ അതുപോലെ വലിയ കമ്പനികളുടേതുപോലെയുള്ള ഭൂമിയല്ല. ആളുകളുടെ അഞ്ചു സെന്റും പത്തുസെന്റുമുള്ള ഭൂമി അളന്ന് ശരിയായ രീതിയിൽ ഡോക്യുമെന്റ് ചെയ്യാൻ കഴിയാത്തത് വലിയ അപരാധമാണ്. അത് അടിയന്തരമായി പരിഹരിച്ച് ഇവർക്ക് ഭൂനികുതി അടയ്ക്കാനുള്ള സംവിധാനമുണ്ടാക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി ( <u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>): സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ച കാര്യത്തിൽ റീ സർവ്വേ പ്രവർത്തനങ്ങൾ കഴിഞ്ഞ നാലുവർഷക്കാലമായി നടക്കുന്നില്ല. നിർത്തിവച്ചിരിക്കുന്ന റീ സർവ്വേ പ്രവർത്തനങ്ങൾ പുനരാരംഭിക്കാനുള്ള ആലോചനയാണ് നടത്തിക്കൊണ്ടിരിക്കുന്നത്. അത് 2017 മുതൽ ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്. സർവ്വേ അതിരടയാള നിയമങ്ങളിലേയും ചട്ടങ്ങളിലേയും വ്യവസ്ഥകൾപ്രകാരം വില്ലേജ് റിക്കോർഡുകളിൽ പേരുചേർത്തിട്ടുള്ള കക്ഷികളെ റീ സർവ്വേ റിക്കോർഡുകൾ ഉൾപ്പെടുത്തിയാണ് റീ സർവ്വേ ബി.റ്റി.ആർ. തയ്യാറാക്കുന്നത്. കൂടാതെ പട്ടയം ലഭിച്ചിട്ടുള്ള കക്ഷികൾക്കും നിയമാനുസൃതം അവകാശ രേഖകൾ ലഭിച്ചിട്ടുള്ള കക്ഷികൾക്കും പ്രസ്തുത രേഖകൾ ഹാജരാക്കി റീ സർവ്വേ റിക്കോർഡുകളിൽ തങ്ങളുടെ പേര് ചേർക്കാവുന്നതാണ്. ബന്ധപ്പെട്ട രേഖകൾ ലഭ്യമല്ലാത്ത സാഹചര്യത്തിലും വില്ലേജ് റിക്കോർഡുകളിൽ പേര് ചേർത്തിട്ടില്ലാത്ത സ്ഥലങ്ങളെ സംബന്ധിച്ച് നിലവിൽ വില്ലേജ് റിക്കോർഡുകൾ പ്രകാരം പ്രസ്തുത ഭൂമി ഏതുതരത്തിലും ഇനത്തിലുമാണോ രേഖപ്പെടുത്തിയിരിക്കുന്നത് അതേ രേഖപ്പെടുത്തൽ ഉൾപ്പെടുത്തി നിയമാനുസൃതമായി റീ സർവ്വേ റിക്കോർഡുകൾ തയ്യാറാക്കും. സംസ്ഥാനത്തുള്ള പല വില്ലേജുകളിലും സർവ്വേ പൂർത്തിയാക്കാത്തതിനാൽ വില്ലേജ് ഓഫീസർമാർ ഭൂനികുതി സ്വീകരിക്കാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പൊതുജനങ്ങൾക്കുണ്ടാകുന്ന ഈ ബുദ്ധിമുട്ട് കണക്കിലെടുത്ത് റീ സർവ്വേ നടപടികൾ പൂർത്തിയാകാത്ത എല്ലാ വില്ലേജുകളിലും നിലവിലുള്ള മുൻ സർവ്വേ നമ്പരിൽ കരമൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാനും ഭൂമിയുടെ അവകാശം സംബന്ധിച്ച് സംശയമുള്ള കേസ്സുകളിൽ ബന്ധപ്പെട്ട രേഖകളുടെ അടിസ്ഥാനത്തിലും ഭൂമി പരിശോധന നടത്തി ഭൂനികുതി സ്വീകരിക്കാൻ എല്ലാ വില്ലേജ് ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. അതിനാൽ സർവ്വേ നടക്കാത്ത വില്ലേജുകളിൽ ഭൂനികുതി സ്വീകരിക്കുന്നതിന് യാതൊരു നിയമതടസ്സവുമില്ല. പഞ്ചായത്തുകളുടെ കൈവശമുണ്ടായിരുന്ന കന്നുകാലി മേച്ചിൽ സ്ഥലങ്ങളിൽ വർഷങ്ങളായി വീടുവച്ച് താമസിച്ചുവരുന്നതായാലും നിയമാനുസൃതം പ്രസ്തുത സ്ഥലം പതിവ് നടത്തി പട്ടയം

നൽകിയതിനുശേഷം ടി പട്ടയപ്രകാരം വില്ലേജ് റിക്കോർഡുകളിൽ മാറ്റം വരുത്തുന്ന മുറയ്ക്ക് കൈവശക്കാരനിൽനിന്ന് ഭൂനികുതി സ്വീകരിക്കാവുന്നതാണ്. റീ സർവ്വേയ്ക്കുശേഷം ബി.റ്റി.ആർ.-ൽ കന്നുകാലി മേച്ചിൽ സ്ഥലങ്ങളെന്ന് തെറ്റായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിൽ റീ സർവ്വേ അദാലത്തിൽ അപേക്ഷ സമർപ്പിച്ച് തെറ്റ് തിരുത്തുന്ന മുറയ്ക്ക് ഭൂനികുതി സ്വീകരിക്കാൻ യാതൊരു തടസ്സവുമുണ്ടാകുന്നതല്ല.

## (7) ശാരീരിക പീഡകൾ

ശ്രീ. കെ. രാജൻ: സർ, അംഗപരിമിതരും ഭിന്നശേഷിക്കാരുമായ മനുഷ്യരുടെ പ്രശ്നങ്ങളിലേയ്ക്ക് ഈ സഭയുടെ ശ്രദ്ധ ക്ഷണിക്കുകയാണ്. സ്വന്തം കുറ്റം കൊണ്ടല്ലാതെ സാധാരണ മനുഷ്യരെപ്പോലെ ജീവിക്കാൻ കഴിയാത്ത അംഗപരിമിതരും ഭിന്ന ശേഷിക്കാരുമായ ഒരു വലിയ ജനവിഭാഗം നമ്മുടെ നാട്ടിലുണ്ട്. വിധിയെന്ന് പലരും വിളിക്കുന്ന ഈ പ്രതിഭാസത്തെ തരണം ചെയ്യുന്നതിനുവേണ്ടി വലിയ ജീവിതയുദ്ധമാണ് അവർ നടത്തിക്കൊണ്ടിരിക്കുന്നത്. കേരളത്തിലെ സർക്കാർ ഓഫീസുകളിലും സ്ക്കൂളുകളിലും പ്രധാനപ്പെട്ട കെട്ടിടങ്ങളിലും ഉൾപ്പെടെ ലിഫ്റ്റ് നിലവിലില്ല. ലിഫ്റ്റ് ഇല്ലാത്തിടത്ത് ഏറ്റവും ചുരുങ്ങിയത് റാമ്പ് എങ്കിലും വേണം എന്ന ആവശ്യം ദീർഘകാലമായി അവർ ഉന്നയിക്കുകയാണ്. ഇതിനുവേണ്ടി കേരളത്തിലെ ബിൽഡിംഗ് റൂൾസിൽ മാറ്റം വരുത്താനുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിക്കേണ്ടതുണ്ട്. ഞാൻ കഴിഞ്ഞ ദിവസം ആൽഫ പെയിൻ ആന്റ് പാലിയേറ്റീവിന്റെ ഒരു സമ്മേളനത്തിൽ പങ്കെടുക്കാൻ പോയപ്പോൾ അവിടെ കൂടിയ അമ്പതോളം അംഗപരിമിതരായ മനുഷ്യർ ആവശ്യപ്പെട്ട ഏറ്റവും പ്രധാനപ്പെട്ട കാര്യമാണിത്. തൃശ്ശൂരിലെ കളക്ടേറ്റിന്റെ ഏറ്റവും മുകളിലുള്ള ലോട്ടറി ഓഫീസിൽ കടന്നുചെല്ലാൻ ലിഫ്റ്റുമില്ല, റാമ്പുമില്ല.

ഇവരുടെ പെൻഷൻ 800 രൂപയിൽ നിന്ന് 1000 രൂപയായി വർദ്ധിപ്പിച്ചത് സ്വാഗതാർഹമാണ്. പക്ഷേ 80 ശതമാനം വൈകല്യമുള്ളവർക്ക് 1100 രൂപ എന്നുള്ള പെൻഷൻ ഇപ്പോൾ വർദ്ധിപ്പിച്ചിട്ടില്ല. ഇക്കാര്യം ബഹുമാനപ്പെട്ട മന്ത്രി ശ്രദ്ധിക്കുമെന്ന് വിചാരിക്കുന്നു. അംഗപരിമിതരായ ആളുകൾക്ക് പെൻഷൻ ലഭിക്കണമെങ്കിൽ അവരുടെ കുടുംബ വാർഷിക വരുമാനം ഒരു ലക്ഷം രൂപയേ പാടുള്ളൂ എന്നതാണ് ഇപ്പോഴത്തെ നിയമം. അതൊരു പ്രധാന പ്രശ്നമാണ്, കാരണം ഇവർക്ക് ഒറ്റയ്ക്ക് ജീവിക്കാൻ കഴിയില്ല. കൂട്ടുകുടുംബമായി ജീവിക്കുമ്പോൾ ആ വീട്ടിൽ ഏതെങ്കിലും ഒരാൾ സർക്കാർ ജീവനക്കാരനാണെങ്കിൽ, അല്ലെങ്കിൽ ആർക്കെങ്കിലും സർക്കാർ പെൻഷൻ കിട്ടുന്നുണ്ടെങ്കിൽ, ആ വ്യക്തിക്ക് വാർഷിക വരുമാനത്തിന്റെ നിയമത്തിനനുസരിച്ച് അംഗപരിമിതരുടെ പെൻഷൻ കിട്ടാൻ യാതൊരു അവകാശവുമില്ല

എന്ന സ്ഥിതിയാണുള്ളത്. കുടുംബവരുമാനം പരിശോധിക്കുന്നതിനുപകരം വ്യക്തിപരമായ വരുമാനം പെൻഷന് പരിഗണിക്കണമെന്നുള്ളതാണ് ആവശ്യം. ശാരീരിക സ്ഥിതിക്കനുസരിച്ച് ചെയ്യാവുന്ന തൊഴിൽ പരിശീലിപ്പിക്കാവുന്ന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കണം. അംഗവൈകല്യം തെളിയിക്കുന്ന മെഡിക്കൽ ബോർഡിന്റെ സർട്ടിഫിക്കറ്റ് കിട്ടണമെങ്കിൽ മെഡിക്കൽ കോളേജുകളിൽ പോകണം. താലൂക്ക് കേന്ദ്രങ്ങളിലെ ആശുപത്രികളിലെങ്കിലും ജോലിക്കോ മറ്റാവശ്യങ്ങൾക്കോ ആവശ്യമായിട്ടുള്ള അംഗപരിമിതരുടെ സർട്ടിഫിക്കറ്റ് ലഭ്യമാക്കാനുള്ള അവസരം കൊടുക്കണമെന്നുള്ളതാണ് എന്റെ ആവശ്യങ്ങളിൽ ഒന്ന്. വീൽച്ചെയറുകളിൽ യാത്ര ചെയ്യുന്നയാളുകൾ, ലോട്ടറി വില്പനയുൾപ്പെടെയുള്ള കാര്യങ്ങൾക്ക് ചെറിയ മുച്ചക്ര വാഹനങ്ങൾ ഉപയോഗിക്കുന്നുണ്ട്. ഇവർക്ക് ലൈസൻസ് കൊടുക്കുന്ന കാര്യത്തിൽ ഇളവ് അനുവദിക്കുന്നതിന് നടപടിയെടുക്കണം. പൊതുസ്ഥലങ്ങളിലും സർക്കാർ ഓഫീസുകളിലും സ്കൂളുകളിലും ഉൾപ്പെടെ ഇത്തരം സംവിധാനങ്ങൾ ആലോചിക്കേണ്ടതാണ്. ശാരീരിക പ്രശ്നങ്ങളും മാനസിക സംഘർഷങ്ങളും സാമൂഹികമായ ഒറ്റപ്പെടലുകളുംമൂലം ദുരന്തമേറ്റുവാങ്ങേണ്ടി വരുന്ന ഇവരുടെ ജീവിതത്തിലേയ്ക്ക് വെളിച്ചം വീശാൻ ഗവൺമെന്റ് അനുകൂലമായ ഒരു നിലപാട് എടുക്കണമെന്ന് സവിനയം ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, ഭിന്നശേഷിയുള്ളവരെ സംബന്ധിച്ച് ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ചത് വളരെ പ്രധാനപ്പെട്ട ഒരു വിഷയമാണ്. അംഗപരിമിതർക്ക് തുല്യനീതിയും അവസരവും ഉറപ്പാക്കുന്നതിനായി 1995-ൽ കേന്ദ്ര ഗവൺമെന്റ് പാസ്സാക്കിയ Persons with Disabilities Act സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന് ഒരു വികലാംഗ കമ്മീഷണറേറ്റ് ഇവിടെ പ്രവർത്തിച്ചുവരുന്നുണ്ട്. അവർക്കാവശ്യമായ സഹായങ്ങൾ, ഉപകരണ വിതരണം, മറ്റു ക്ഷേമപ്രവർത്തനങ്ങൾ തുടങ്ങിയ കാര്യങ്ങൾ വികലാംഗ കോർപ്പറേഷൻ മുഖേന നടപ്പിലാക്കി വരുന്നുണ്ട്. നേരത്തേ പാസ്സാക്കിയ ആക്ട് അനുസരിച്ച് സർക്കാർ നിയമനങ്ങളിൽ 3% സംവരണം വികലാംഗർക്ക് നൽകിവരുന്നുണ്ട്. അതിനുപുറമേ ഇവരെ മുഖ്യധാരയിൽ എത്തിക്കുന്നതിനുവേണ്ടി എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലികമായി ജോലി ചെയ്തുവരുന്ന ആളുകളെ സ്ഥിരപ്പെടുത്തുന്നതിന് വിവിധ ഘട്ടങ്ങളിലായി ഗവൺമെന്റ് തയ്യാറായിട്ടുണ്ട്. അങ്ങനെ കുറേപ്പേരെ സ്ഥിരപ്പെടുത്തുന്നതിനും സാധിച്ചിട്ടുണ്ട്. ഭിന്നശേഷിയുള്ളവർക്ക് സർക്കാർ ഓഫീസുകളിൽ പോകുന്നതിനും അവരുടെ സങ്കടങ്ങൾ ബോധിപ്പിക്കുന്നതിനും ആവശ്യമായ പശ്ചാത്തല സൗകര്യമുണ്ടാക്കണമെന്നതാണ്

ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച ഒരു കാര്യം. പൊതു മേഖലയിലുള്ള ഗവൺമെന്റ് കെട്ടിടങ്ങൾ ബാരിയർ ഫ്രീയാക്കി മാറ്റുന്നതിനുള്ള തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കണ്ണൂർ ജില്ല പൂർണ്ണമായും ബാരിയർ ഫ്രീയായി പ്രഖ്യാപിച്ചുകഴിഞ്ഞു. അവിടെ അന്നുണ്ടായിരുന്ന ജില്ലാ കളക്ടറുടെ പ്രത്യേക താല്പര്യാർത്ഥം ആ വർക്ക് മുന്നോട്ടുകൊണ്ടുപോകുകയും അതിന്റെ ഭാഗമായി 2802 പൊതു കെട്ടിടങ്ങൾ, ആശുപത്രികൾ, സ്കൂളുകൾ തുടങ്ങിയ സ്ഥാപനങ്ങൾ പൂർണ്ണമായും ബാരിയർ ഫ്രീയാക്കി മാറ്റി. കളക്ടേറ്റിൽ അംഗപരിമിതർക്ക് മാത്രമായി ഉപയോഗിക്കാൻ കഴിയുന്ന ലിഫ്റ്റുകളും റാമ്പുകളും ഏർപ്പെടുത്തിയിട്ടുണ്ട്. ഈ ഗവൺമെന്റിന്റെ കാലാവധി പൂർത്തിയാകുന്നതിനുമുമ്പ് സംസ്ഥാനത്തെ ബാരിയർ ഫ്രീയായി മാറ്റാനുള്ള തീരുമാനം എടുക്കുന്നതാണ്. എല്ലാ സർക്കാർ ഓഫീസുകളിലും ഈ സംവിധാനമുണ്ടാക്കുന്നതിനുള്ള തീരുമാനം ഇപ്പോൾ എടുത്തിട്ടുണ്ട്. ആ രീതിയിലുള്ള പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകും. കെട്ടിടങ്ങളിൽ റാമ്പുകൾ, ടോയ്ലെറ്റുകൾ, പാർക്കിംഗ് സൗകര്യങ്ങൾ എന്നിവയൊക്കെ ഉണ്ടാക്കിക്കൊണ്ട് സമ്പൂർണ്ണ ബാരിയർ ഫ്രീ സംസ്ഥാനമായി കേരളത്തെ മാറ്റുമെന്നാണ് പറയാനുള്ളത്. അതുപോലെ നിർദ്ധനരായ, അംഗപരിമിതരായ വിദ്യാർത്ഥികൾക്ക് തൊഴിൽ പരിശീലനം നൽകുന്ന കേന്ദ്രങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്താനുള്ള ആലോചന സർക്കാർ കൈക്കൊണ്ടിട്ടുണ്ട്. കാഴ്ചവൈകല്യമുള്ള അംഗപരിമിതർക്ക് കമ്പ്യൂട്ടർ പരിശീലനം നൽകാനുള്ള പദ്ധതി ഇപ്പോൾ നടപ്പിലാക്കുന്നുണ്ട്. ആ പദ്ധതി കുറേക്കൂടി വ്യാപിപ്പിക്കുന്നതിന് സർക്കാർ ആലോചിച്ചിട്ടുണ്ട്. അവരുടെ ആരോഗ്യ പരിപാലനത്തിനായി സർക്കാർ കോർപ്പസ് ഫണ്ടിൽനിന്നും ചികിത്സാ സഹായമായി 5000 രൂപ വീതം നൽകുന്നുണ്ട്. കാഴ്ച വൈകല്യമുള്ള അമ്മമാർക്ക് പ്രസവാനന്തരം കുഞ്ഞിന്റെ സംരക്ഷണത്തിന് 2 വയസ്സുവരെ 2000 രൂപ വീതം ധനസഹായം നൽകുന്നുണ്ട്. കിടപ്പുരോഗികളായി കഴിയുന്നവരെ ശുശ്രൂഷിക്കുന്ന ആളുകൾക്കുവേണ്ടി ഒരു പ്രത്യേക സഹായംതന്നെ ഏർപ്പാടാക്കിയിട്ടുണ്ട്. 'ആരോഗ്യകിരണം' പദ്ധതിയിലൂടെ കിടപ്പുരോഗികളായിട്ടുള്ളവരെയും ബുദ്ധിമാന്ദ്യം സംഭവിച്ച ആളുകളെയും ശുശ്രൂഷിക്കുന്നവർക്ക് 525 രൂപവീതം നൽകുന്ന ഒരു പദ്ധതിയുണ്ട്. 2015 ഡിസംബറിനുശേഷം അത് മുടങ്ങിക്കിടക്കുകയായിരുന്നു. അത് പൂർണ്ണമായും പുനഃസ്ഥാപിക്കുന്നതിന് ഗവൺമെന്റ് തയ്യാറായിട്ടുണ്ട്. 'ആശ്വാസകിരണം' പദ്ധതി നിലച്ചുപോയത് ഇപ്പോൾ പുനഃസ്ഥാപിച്ചിട്ടുണ്ട്. 2012 മുതൽ പെൻഡിംഗായിരുന്ന ഇത്തരം പദ്ധതിയിലെ 29258 അപേക്ഷകളിന്മേൽ ഈ ഗവൺമെന്റ് വന്നതിന് ശേഷം പുതുതായി ധനസഹായം അനുവദിച്ചിട്ടുണ്ട്. ലൈഫ് സർട്ടിഫിക്കറ്റ് സമർപ്പിക്കാൻ വൈകിയതിന്റെ ഭാഗമായി മുടങ്ങിപ്പോയിരുന്ന 36710 പേർക്ക് സർട്ടിഫിക്കറ്റ് ലഭ്യമാക്കി ധനസഹായം പുനഃസ്ഥാപിച്ചിട്ടുണ്ട്. 65968 പേർക്ക് ഈ ഗവൺമെന്റ് വന്നതിനുശേഷം ഈ ആനുകൂല്യം പുനഃസ്ഥാപിച്ചിട്ടുണ്ട്. അതുപോലെ ഒരു

യുണിക് ഐഡന്റിറ്റി കാർഡ് നൽകുന്നതിനുവേണ്ട തീരുമാനവും ഗവൺമെന്റ് കൈക്കൊണ്ടിട്ടുണ്ട്. 793936 പേരാണ് ഭിന്നശേഷിയുള്ളവരായി രജിസ്റ്റർ ചെയ്തിട്ടുള്ളത്. അതിൽ 583000 പേർക്ക് ഡിസെബിലിറ്റി കാർഡ് നൽകാൻ യോഗ്യതയുള്ളവരായി കണ്ടെത്തിയിട്ടുണ്ട്. അതിൽ പകുതിപേർക്ക് മാത്രമേ ഐഡന്റിറ്റി കാർഡ് ഇപ്പോൾ ലഭ്യമായിട്ടുള്ളൂവെന്നാണ് പരിശോധിച്ചപ്പോൾ മനസ്സിലാക്കാൻ കഴിഞ്ഞത്. 583000 പേർക്കും യുണിക് ഐ.ഡി. കാർഡ് നൽകാൻ ഇപ്പോൾ ഗവൺമെന്റ് തീരുമാനിച്ചു. അതിന്റെ പ്രവർത്തനവുമായി മുന്നോട്ടുപോകുകയാണ്. ഈ കാർഡ് ലഭ്യമാക്കുന്നവർക്ക് ഒരു സമഗ്ര ഇൻഷ്വറൻസ് പദ്ധതി ആരംഭിക്കുന്നതിനും സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ആ പദ്ധതിയിലൂടെ ഒരു കുടുംബത്തിലെ ഒരാൾക്ക് 2 ലക്ഷം രൂപയുടെ ആനുകൂല്യം ലഭ്യമാക്കും. ചികിത്സാ സഹായവും ഇതുവഴി ലഭ്യമാകും. മാത്രമല്ല, അംഗവൈകല്യം സംഭവിച്ചവരുടെ ഡാറ്റ, പഞ്ചായത്തുകളിലേയ്ക്ക് കൈമാറാൻ ഗവൺമെന്റ് തീരുമാനിച്ചിരിക്കുകയാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതികൾ രൂപപ്പെടുത്തുമ്പോൾ ഭിന്നശേഷിക്കാർക്കുവേണ്ടി പ്രത്യേക പദ്ധതി രൂപപ്പെടുത്താൻ ഈ ഡാറ്റ അവരിലേയ്ക്ക് കൈമാറുന്നതിലൂടെ സാധിക്കുമെന്നാണ് പ്രത്യേകം എടുത്തുപറയാനുള്ളത്. മെഡിക്കൽ സർട്ടിഫിക്കറ്റ് പെൻഡിംഗായത് കൊടുക്കാനുള്ള നടപടി അടിയന്തരമായി സ്വീകരിക്കും. ലോട്ടറിക്കച്ചവടം മുതലായവ ചെയ്യുന്നതിന് വാഹനങ്ങളുടെ ലൈസൻസിന്റെ കാര്യത്തിൽ എവിടെയെങ്കിലും തടസ്സമുണ്ടാകുന്നുണ്ടെങ്കിൽ അത്തരം കാര്യങ്ങളും പരിഹരിക്കാൻ ഗവൺമെന്റ് ഇടപെടും. പെൻഷൻ ആനുകൂല്യം എവിടെയെങ്കിലും നിഷേധിക്കപ്പെടുന്നുണ്ടെങ്കിൽ അതും പരിശോധിക്കും. യൂണിക് ഐ.ഡി. ലഭ്യമാകുന്നതിലൂടെയും ഇൻഷ്വറൻസ് പദ്ധതി ലഭ്യമാകുന്നതിലൂടെയും ഭിന്നശേഷിയുള്ളവരുടെ ഒരുപാട് പ്രശ്നങ്ങൾ പരിഹരിക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഭിന്നശേഷിക്കാർക്ക് ഈ ഗവൺമെന്റ് പ്രത്യേക പരിഗണന നൽകും. അടിസ്ഥാന വരുമാനം നോക്കി പെൻഷൻ കൊടുക്കുമ്പോഴുണ്ടാകുന്ന ബുദ്ധിമുട്ടുകളെക്കുറിച്ച് ബഹുമാനപ്പെട്ട അംഗം സൂചിപ്പിക്കുകയുണ്ടായി. അതു പരിശോധിച്ച് നിയമപരമായി കൊടുക്കാൻ സാധ്യതയുള്ളതാണെങ്കിൽ അതും പരിഗണിക്കുന്നതാണ്.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

## (8) ആശുപത്രി വികസന പ്രവർത്തനങ്ങൾ

ശ്രീ. കെ. ആൻസലൻ: സർ, നെയ്യാറ്റിൻകര ജനറൽ ആശുപത്രി 1900-ൽ ഒരു ഡിസ്പെൻസറിയായിട്ടാണ് ആരംഭിച്ചത്. 1955 വരെ ഈ സ്ഥിതി തുടർന്നു. 1955-നുശേഷമാണ് ഐ.പി. ആരംഭിച്ചത്. ഇന്ത്യയിലെ ആദ്യത്തെ പി.എച്ച്.സി.യാണ് ഈ ആശുപത്രി. 1907 മുതൽ 1912 വരെ പ്രഗത്ഭനായ ഡോ. പൽപ്പു ഈ ആശുപത്രിയിൽ സേവനമനുഷ്ഠിച്ചിരുന്നു. 1976-ൽ താലൂക്ക് ആശുപത്രിയായും

1997-ൽ താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയായും അപ്ഗ്രേഡ് ചെയ്തു. 1997-ൽ 286 കിടക്കകളുണ്ടായിരുന്ന ഐ.പി. വിഭാഗത്തിൽ ഒരു വർഷം 8000 രോഗികളെവരെ കിടത്തി ചികിത്സിച്ചിരുന്നു. ഒ.പി.യിൽ ഒരു വർഷം 75000 രോഗികളെ പരിശോധനയ്ക്ക് വിധേയമാക്കിയിരുന്നു. ഇന്ന് 436 കിടക്കകളുണ്ട്. ഒരു വർഷം 50000-ത്തിലധികം രോഗികൾ ഐ.പി.യിൽ കിടപ്പുരോഗികളായി ചികിത്സ തേടുന്നു. ഒരു വർഷം 650000 രോഗികൾ ഒ.പി.യിൽ ചികിത്സയ്ക്കായി എത്തുന്നു. 2011-ൽ ജില്ലാ ആശുപത്രിയായും 2013-ൽ ജനറൽ ആശുപത്രിയായും അപ്ഗ്രേഡ് ചെയ്തു. ഇന്ന് ആവശ്യമായ ഡോക്ടർമാരുടെ എണ്ണം 68 ആണ്, ഇപ്പോൾ ലഭ്യമാകുന്നത് 37 ഡോക്ടർമാരാണ്. പാരാമെഡിക്കൽ വിഭാഗത്തിൽ വേണ്ടത് 261 ജീവനക്കാരാണ്, ഇപ്പോൾ ലഭ്യമായിട്ടുള്ളത് 100 പേരാണ്. അഡ്മിനിസ്ട്രേറ്റീവ് വിഭാഗത്തിൽ ഇപ്പോൾ ലഭ്യമായിട്ടുള്ളത് 14 പേരാണ്, വേണ്ടത് 26 പേർ. കുട്ടികളുടെയും അമ്മമാരുടെയും പുതിയ ബ്ലോക്ക് കൂടി ഇപ്പോൾ പ്രവർത്തനക്ഷമമാകുമ്പോൾ സാങ്ഷനായി വരുന്ന ബെഡ്ഡുകളുടെ എണ്ണം 560 ആകും. അപ്പോൾ വേണ്ട ഡോക്ടർമാരുടെ എണ്ണം 68-ഉം പാരാമെഡിക്കൽ സ്റ്റാഫ് 325-ഉം അഡ്മിനിസ്ട്രേറ്റീവ് 29-ഉം ആയി മാറുകയാണ്. വളരെ ഗൗരവതരമായ ഒരു വിഷയമാണ്. നെയ്യാറ്റിൻകരയുടെ കേന്ദ്രത്തിൽ സ്ഥിതിചെയ്യുന്ന ഈ ആശുപത്രി, സമീപത്തെ പത്തുപതിനഞ്ച് പഞ്ചായത്തുകളിലെയും തമിഴ്നാട് പ്രാന്തപ്രദേശങ്ങളിലെയും സാധാരണക്കാരുടെ ഒരു ആശ്രയ കേന്ദ്രമാണ്. പക്ഷേ ഈ ആശുപത്രിയിൽ മതിയായ ഡോക്ടർമാരെയും മറ്റ് പാരാമെഡിക്കൽ സ്റ്റാഫുകളെയും അനുവദിക്കുന്ന കാര്യത്തിൽ ഗുരുതരമായ വീഴ്ച വരുന്നുണ്ട്. ആരോഗ്യ വകുപ്പുമന്ത്രി ഈ വിഷയത്തിൽ ഇടപെടുകയും ഒരു യോഗം വിളിച്ചുകൂട്ടി പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുകയും വേണം. ആവശ്യമായ ഡോക്ടർമാരെ നിയമിക്കേണ്ടതായിട്ടുണ്ട്. വൈകുന്നേരങ്ങളിൽ കാഷ്വാലിറ്റിയിൽ ഒരു ഡോക്ടറുടെ സേവനം മാത്രമാണ് ലഭിക്കുന്നത്. ഇതുമൂലം ഗുരുതരമായ അസുഖം ബാധിച്ചു വരുന്ന ആളുകൾ സ്വകാര്യ ആശുപത്രികളിലേയ്ക്ക് എത്തപ്പെടുകയും വലിയ തോതിൽ സാമ്പത്തിക പ്രതിസന്ധികളിൽ ഏർപ്പെടുകയും ചെയ്യുന്നു. ഗവൺമെന്റ് അടിയന്തരമായി ഈ കാര്യത്തിൽ ഇടപെടണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിലെ ശരാശരി ഒ.പി. 1800-2000-നും ഇടയിലാണ്. ഐ.പി. 400-നടുത്ത് വരുന്നുണ്ട്. ഈ ആശുപത്രിയിൽ ഓർത്തോ, ത്വക്ക് രോഗ വിഭാഗം, ഒഫ്ത്താൽമോളജി, പീഡിയാട്രിക്, ഗൈനക്കോളജി, ഇ.എൻ.ടി., സർജറി, മെഡിസിൻ എന്നീ സ്പെഷ്യാലിറ്റി വിഭാഗം ഡോക്ടർമാരുടെ സേവനം ഇപ്പോൾ ലഭ്യമാണ്. കൂടാതെ എക്സ്റേ, ഇ.സി.ജി., പാലിയേറ്റീവ് കെയർ, ലാബ്, ആംബുലൻസ് എന്നീ സൗകര്യങ്ങളും ലഭ്യമാണ്. നെയ്യാറ്റിൻകര ജില്ലാ

ആശുപത്രിയെ ജനറൽ ആശുപത്രിയായി 2013-ൽ ഉയർത്തിയെങ്കിലും അതിനനുസരിച്ച് പുതിയ തസ്തികകളൊന്നും സൃഷ്ടിക്കപ്പെട്ടിരുന്നില്ല. സംസ്ഥാനത്തെ ആരോഗ്യ സ്ഥാപനങ്ങളിൽ സ്റ്റാന്റേർഡൈസേഷൻ അനുസരിച്ച് തസ്തികകൾ സൃഷ്ടിക്കുന്നതിനു വേണ്ടിയുള്ള സമാഹൃത പ്രൊപ്പോസൽ സമർപ്പിക്കുവാൻ ഗവൺമെന്റ് ആരോഗ്യ വകുപ്പ് ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത പ്രൊപ്പോസലിൽ നെയ്യാറ്റിൻകര ജനറൽ ആശുപത്രിക്ക് ആവശ്യമായ അധിക തസ്തികകളും ഉൾപ്പെടുത്തുന്നതാണ്. നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിലെ നിലവിലുള്ള സ്റ്റാഫ് സ്ട്രെങ്ത് അനുബന്ധമായി ചേർത്തിട്ടുണ്ട്. അതിൽ വരുന്ന പോരായ്മകൾ അടുത്തുതന്നെ പരിഹരിക്കും. അതോടൊപ്പംതന്നെ പ്രത്യേക മീറ്റിംഗ് വിളിച്ചുചേർത്ത് പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്ന കാര്യവും ഗവൺമെന്റ് പരിഗണിക്കുന്നതാണ്.

## (9) റോഡ് പുനരുദ്ധാരണം

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, എന്റെ നിയോജകമണ്ഡലത്തിലെ അന്തർ സംസ്ഥാന പാതയുടെ ശോച്യാവസ്ഥയെക്കുറിച്ച് സഭയുടെയും ബഹുമാനപ്പെട്ട മന്ത്രിയുടെയും ശ്രദ്ധയിൽപ്പെടുത്തുന്നതിനുവേണ്ടിയാണ് ഞാൻ ഈ സബ്മിഷൻ ഉന്നയിക്കുന്നത്. മണ്ണാർക്കാട് നിയോജകമണ്ഡലത്തിലെ നെല്ലിപ്പുഴയിൽ നിന്നാരംഭിച്ച് ആദിവാസി മലയോര മേഖലയായ അട്ടപ്പാടിയിലൂടെ കടന്നുപോകുന്ന അന്തർ സംസ്ഥാന പാതയായ മണ്ണാർക്കാട്-ചിന്നത്തടാകം റോഡ് പലയിടത്തും പൊട്ടിപ്പൊളിഞ്ഞുകിടക്കുകയാണ്. മൊത്തം 53 കി.മീ. നീളമുള്ള റോഡ് എന്റെ നിയോജകമണ്ഡലത്തിലാണ് സ്ഥിതിചെയ്യുന്നത്. ഏറ്റവും കൂടുതൽ ടൂറിസ്റ്റുകളുള്ള, സൈലന്റ്‌വാലിയിലേയ്ക്കുൾപ്പെടെ ഈ റോഡിലൂടെയാണ് കടന്നുപോകേണ്ടത്. ഈ റോഡിന്റെ ചുരം ഭാഗങ്ങളൊക്കെ വലിയ ഡാമേജിലാണ്. 22 കി.മീറ്റർ ദൂരമാണ് ബി.എം.&ബി.സി. ചെയ്തത്. അതിന്റെ കാലാവധിയും കഴിഞ്ഞിട്ടുണ്ട്. ഇപ്പോൾ 3 കി.മീ. ദൂരം മാത്രമാണ് അറ്റകുറ്റപ്പണിക്ക് അനുവദിച്ചിട്ടുള്ളത്. ബാക്കി ഭാഗങ്ങളെല്ലാം വളരെ ശോച്യാവസ്ഥയിലാണ്. കോയമ്പത്തൂരിലേയ്ക്കുള്ള വളരെ പ്രധാനപ്പെട്ട പാതയാണിത്. ഈ റോഡ് (മണ്ണാർക്കാട്-ചിന്നത്തടാകം) ആധുനിക രീതിയിൽ നവീകരിക്കുന്നതിനുള്ള സത്വരമായ ഇടപെടൽ സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകണം. ഇതിനുവേണ്ടി പ്രത്യേക പദ്ധതി തന്നെ ഉണ്ടാക്കണം. ഇത്രയേറെ ശോച്യമായ റോഡ്, അന്തർ സംസ്ഥാന പാത നമ്മുടെ സംസ്ഥാനത്ത് വേറെയുണ്ടാകില്ല. ആദിവാസിമേഖല കൂടിയാണിത്. സൈലന്റ്‌വാലിപോലുള്ള പ്രധാന കേന്ദ്രങ്ങളിലേയ്ക്ക് പോകുന്നത് ഈ റോഡിലൂടെയാണ്. ഇതെല്ലാം പരിഗണിച്ചുകൊണ്ട് ഈ റോഡ് പുനരുദ്ധാരണം ചെയ്യുന്നതിനുവേണ്ടി ഒരു നല്ല പദ്ധതി പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ ഉണ്ടാകണമെന്ന് ആവശ്യപ്പെടുകയാണ്.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, മണ്ണാർക്കാട്-ചിന്നത്തടാകം പാത 52.692 കി.മീറ്റർ ആണ്. തമിഴ്നാട് അതിർത്തിയായ ആനക്കട്ടിയിലാണ് റോഡ് അവസാനിക്കുന്നത്. ഇതിൽ 22 കി.മീറ്റർ ബി.എം.& ബി.സി. ചെയ്തതിന്റെ കാലാവധി കഴിഞ്ഞിട്ട് നാലുവർഷം കഴിഞ്ഞു. ബാക്കി ഭാഗവും കാലാവധി കഴിഞ്ഞുകിടക്കുകയാണ്. 22 കി.മീറ്റർ പണി ചെയ്യാൻ 2.43 കോടി രൂപയുടെ നാല് പ്രധാന പ്രവൃത്തികൾ തീരുമാനമായിട്ടുണ്ട്. ഡിസംബറിൽ അതിന്റെ പ്രവൃത്തികൾ ആരംഭിക്കും. അതിന്റെ മറ്റ് കാര്യങ്ങൾ ഇപ്പോൾ നടന്നുവരികയാണ്. ബാക്കിയുള്ള 31 കി.മീ. പുതുക്കിപ്പണിത് ബി.എം.&ബി.സി. ആക്കുന്നതിന് 80 കോടി രൂപ വേണം. അതിന് ഗവൺമെന്റിൽനിന്ന് പണം അനുവദിച്ചിട്ടില്ല. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തുതന്നെ തകർന്ന റോഡുകളാണ്. അന്ന് അതിന് പണം അനുവദിച്ചില്ല. പി.ഡബ്ല്യൂ.ഡി. എസ്റ്റിമേറ്റ് പ്രകാരം റോഡുകൾ പുനഃനിർമ്മിക്കാൻ ഏതാണ്ട് 5000 കോടി രൂപ ആവശ്യമുണ്ട്. അറ്റകുറ്റപ്പണികളെല്ലാം നടന്നു കൊണ്ടിരിക്കുന്നുണ്ട്. അതിൽ ഇതെല്ലാം ഉൾപ്പെടും. ഇപ്പോൾ 2.43 കോടി രൂപയുടെ നാല് പ്രധാന പ്രവൃത്തികൾ നടക്കും. ബാക്കി പണം ശരിയാക്കി നമുക്ക് ചെയ്യാവുന്നതാണ്.

### (10) ബ്ലാവനക്കടവ് പാലം നിർമ്മാണം

ശ്രീ. ആന്റണി ജോൺ: സർ, എന്റെ നിയോജകമണ്ഡലത്തിലെ കുട്ടമ്പുഴ പഞ്ചായത്തിൽ പത്തോളംവരുന്ന ആദിവാസി കുടികളിൽ അധിവസിക്കുന്ന 1500-ൽപ്പരം വരുന്ന ആളുകൾക്ക് ചികിത്സയ്ക്കോ മറ്റാവശ്യങ്ങൾക്കോ കോതമംഗലത്ത് എത്തിച്ചേരണമെങ്കിൽ 80 കി.മീറ്ററോളം ദൂരം യാത്രചെയ്യണം. അവിടെ അധിവസിക്കുന്നതിൽ മഹാഭൂരിപക്ഷവും പൊതുവാൻ സമുദായത്തിൽപ്പെട്ടവരാണ്. ആദിവാസി വിഭാഗത്തിൽ ഏറ്റവും പിന്നോക്കാവസ്ഥ അനുഭവിക്കുന്നവരാണിവർ. കുടികളിൽനിന്ന് കാട്ടുപാതകളിലൂടെ ഏതാണ്ട് 40 കി.മീറ്റർ ദൂരം സഞ്ചരിച്ചുവേണം ഇവർക്ക് ബ്ലാവന കടവിലെത്താൻ. കടത്തുവഞ്ചിയിൽ ജീപ്പും മറ്റ് വാഹനങ്ങളുമെല്ലാം കടന്ന് തൊട്ടപ്പുറത്തുള്ള പൂയംകുട്ടിയിലെത്തി, അവിടെനിന്ന് വീണ്ടും 30 കി.മീറ്റർ ദൂരം കടന്ന് കോതമംഗലത്ത് എത്തിയാൽ മാത്രമേ ചികിത്സ ലഭ്യമാവുകയുള്ളൂ. കഴിഞ്ഞ ഒന്നര ആഴ്ചയ്ക്കിടയിൽത്തന്നെ ഇവിടെ ഏതാണ്ട് മൂന്ന് പേരുടെ ജീവൻ നഷ്ടപ്പെട്ടിട്ടുണ്ട്. ഒരു വിദ്യാർത്ഥിയും മറ്റ് രണ്ടുപേരുമടക്കം മൂന്ന് പേരെ യഥാസമയം ആശുപത്രിയിൽ എത്തിക്കാൻ കഴിയാതെ ജീവൻ നഷ്ടപ്പെട്ട അവസ്ഥയുണ്ടായിട്ടുണ്ട്. ഒരു ആദിവാസി യുവതിയെ യഥാസമയം ആശുപത്രിയിൽ എത്തിക്കാൻ കഴിയാതെ ഓട്ടോറിക്ഷയിൽ പ്രസവിച്ച സംഭവവുമുണ്ടായി. മറ്റൊരു ആദിവാസി യുവതിക്ക് യാത്രാസൗകര്യം ലഭിക്കാത്തതിനാൽ ഏറുമാടത്തിൽ പ്രസവിച്ച സംഭവവുമുണ്ടായി.

ഇത് കേവലം ഒറ്റപ്പെട്ട സംഭവമല്ല. ഇത്തരത്തിൽ പല സംഭവങ്ങളും പൊതുസമൂഹം അറിയാതെ പോവുകയാണ്. ഇതിന് ശാശ്വത പരിഹാരമെന്നുള്ള നിലയ്ക്ക്, ആ പ്രദേശത്തെ ആളുകളുടെ ഏറെക്കാലമായിട്ടുള്ള ആവശ്യമെന്ന നിലയ്ക്ക് ബ്ലാവനക്കടവിൽ ഒരു പാലം നിർമ്മിക്കണമെന്ന ആവശ്യമാണ് ഇതിലൂടെ ഞാൻ ഉന്നയിക്കുന്നത്.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, പൂയംകുട്ടിയിലെ ബ്ലാവനക്കടത്ത് കടവിൽ പാലം നിർമ്മിക്കുന്നതിന്റെ ഭാഗമായി അപ്രോച്ച് റോഡ് നിർമ്മിക്കേണ്ടത് വനം മേഖലയിലാണ്. അതുപ്രകാരം ബ്ലാവന, കല്ലുമേട് എന്നീ കരകളിൽ 11 സെന്റും 15 സെന്റും വനഭൂമി അപ്രോച്ച് റോഡ് നിർമ്മാണത്തിന് ആവശ്യമുണ്ട്. അതിനായി വനം വകുപ്പിന്റെ സമ്മതം ആവശ്യമാണ്. മലയാറ്റൂർ ഫോറസ്റ്റ് ഡിവിഷൻ ഡി.എഫ്.ഒ. മുഖേനയാണ് അപേക്ഷ സമർപ്പിക്കേണ്ടത്. ഇതിനായി പാലത്തിന്റെ പ്രധാന ഉപഭോക്താക്കളായ ആദിവാസിക്കൂട്ടം ഗ്രാമസഭയുടെ തീരുമാനത്തിന്റെ പകർപ്പ് നിർബന്ധമാണ്. ആ തീരുമാനം ഉണ്ടായിട്ടില്ല. അത് ലഭിക്കുന്ന മുറയ്ക്ക് വനം വകുപ്പിന് അപേക്ഷ സമർപ്പിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്.

## VII ധനകാര്യം

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, 2016-17 സാമ്പത്തിക വർഷത്തെ ബജറ്റിലേയ്ക്കുള്ള ആദ്യ ബാച്ച് ഉപധനാഭ്യർത്ഥനകളുടെ സ്റ്റേറ്റ്മെന്റ് ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

മി. സ്പീക്കർ: 2016-ലെ കേരള ധനകാര്യ ബിൽ, 2016 ജൂലൈ 18-ാം തീയതി സഭയിൽ അവതരിപ്പിച്ചതാണ്. ഈ ബില്ലിന്റെ അവതരണത്തിനെതിരായി ശ്രീ. കെ. എം. മാണി ഒരു തടസ്സവാദം ഉന്നയിച്ച് ഒരു കത്ത് നൽകിയിട്ടുണ്ട്. യഥാർത്ഥത്തിൽ സഭയിൽ അവതരിപ്പിക്കപ്പെട്ട ബില്ലിന്റെ അവതരണത്തിനെതിരെ ഇനിയൊരു തടസ്സവാദം ഉന്നയിക്കുന്നതിൽ ഔചിത്യക്കുറവുണ്ട്. എന്നിരുന്നാലും ബില്ലിന്റെ അവതരണവേളയിൽ ബഹുമാനപ്പെട്ട അംഗത്തിന് അതിന് അവസരം ലഭിക്കാത്ത സാഹചര്യത്തിൽ അദ്ദേഹത്തിന് അത് ഉന്നയിക്കാൻ അവസരം നൽകുന്നു. ബഹുമാനപ്പെട്ട കെ.എം. മാണിക്ക് തടസ്സവാദം ഉന്നയിക്കാവുന്നതാണ്.

## VIII ക്രമപ്രശ്നം

ഗവർണറുടെ മുൻകൂർ അനുമതി സംബന്ധിച്ച്

ശ്രീ. കെ. എം. മാണി: സർ, ക്രമപ്രശ്നം അവതരിപ്പിക്കാൻ എനിക്ക് അവസരം നൽകിയതിന് ഞാൻ പ്രത്യേകം നന്ദി രേഖപ്പെടുത്തുന്നു. ഞാൻ അധികം സമയം എടുക്കുന്നില്ല. ഈ ബില്ലിന് ഗവർണറുടെ ശിപാർശ കിട്ടിയിട്ടില്ല. ആർട്ടിക്കിൾ

199-ൽ പറയുന്ന മണി ബില്ലിൽ നികുതി ചുമത്തുകയോ വസൂലാക്കുകയോ കുറയ്ക്കുകയോ കൂട്ടുകയോ അങ്ങനെയുള്ള നടപടികൾ ഏതെങ്കിലും ഉൾക്കൊണ്ടിട്ടുണ്ടെങ്കിൽ അതിന് ഗവർണറുടെ ശിപാർശ വേണം. ആ ഒരു ശിപാർശ കിട്ടിയിട്ടുണ്ട്. പക്ഷേ, ആർട്ടിക്കിൾ 207(3) അനുസരിച്ചുള്ള ശിപാർശ വാങ്ങേണ്ടതായിരുന്നു, അത് കിട്ടിയിട്ടില്ല. ആർട്ടിക്കിൾ 207 (3)-ൽ പറയുന്നത്, A Bill which, if enacted and brought into operation, would involve expenditure from the Consolidated Fund of a State shall not be passed by a House of the Legislature of the State unless the Governor has recommended to that House the consideration of the Bill...... ഒരു നിയമം പാസ്സായിക്കഴിഞ്ഞ് അത് നടപ്പിലാക്കുമ്പോൾ വരുന്ന ചെലവിന് ഗവർണറുടെ അനുമതി വേണമെന്നുള്ളതാണ്.

ഞാനിത് പറയാനുള്ള കാരണമെന്താണെന്നുചോദിച്ചാൽ ബഹുമാനപ്പെട്ട മന്ത്രി അദ്ദേഹത്തിന്റെ ബജറ്റ് പ്രസംഗത്തിൽ പറഞ്ഞിരിക്കുന്നത്, വാണിജ്യ നികുതി വകുപ്പിൽനിന്നും അയയ്ക്കുന്ന നോട്ടീസുകൾ, ഉത്തരവുകൾ എന്നിവ ഇ-മെയിൽ ആയിട്ടാണ് വ്യാപാരികളെ അറിയിക്കുന്നത് എന്നാണ്. ബജറ്റ് പ്രസംഗത്തിന്റെ 277-ാം ഖണ്ഡത്തിൽ ഇത്തരം നോട്ടീസുകൾ, ഉത്തരവുകൾ എന്നിവ എസ്.എം.എസ്. അലെർട്ട് സഹിതം നൽകുന്നതിന് നിയമഭേദഗതി വരുത്തുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. ഫിനാൻസ് ബില്ലിലെ 9, 15 ഖണ്ഡത്തിൽ, നിലവിലെ ഇ-മെയിൽ സംവിധാനത്തിന് പുറമേ നോട്ടീസും ഉത്തരവുകളും സംബന്ധിച്ച് വാണിജ്യ നികുതി വകുപ്പിൽനിന്നും വ്യാപാരിയുടെ ഫോൺ നമ്പറിലേയ്ക്ക് ഒരു എസ്.എം.എസ്. കൂടി അയയ്ക്കുവാൻ വ്യവസ്ഥ ചെയ്യുന്നു. ഇ-മെയിലിന് പുറമേ അധികച്ചെലവ് വരുന്നതാണിത്. ഈ അധികത്തുക സഞ്ചിതനിധിയിൽനിന്നും ചെലവുചെയ്യേണ്ടിവരും. ആ നിലയ്ക്ക് ഗവർണർ ശിപാർശ ചെയ്തിട്ടുണ്ടെങ്കിൽമാത്രമേ, ഭരണഘടനയുടെ 207(3) അനുച്ഛേദം അനുസരിച്ച് ഒരു ബിൽ നിയമമാക്കി പ്രവർത്തനപഥത്തിൽ കൊണ്ടുവരുമ്പോൾ സഞ്ചിതനിധിയിൽനിന്നും ചെലവ് ചെയ്യാൻ കഴിയുകയുള്ളൂ. നിയമമാക്കി പാസ്സാക്കുന്ന ഘട്ടത്തിൽ ചെലവ് വരുന്നുണ്ട്. അതിന് ഭരണഘടനയുടെ 207 (3) അനുച്ഛേദം അനുസരിച്ച് ഗവർണറുടെ അനുമതി ആവശ്യമാണ്. ഇ-മെയിലിന് പുറമേ ഫോണിലൂടെ എസ്.എം.എസ്. കൂടി അയയ്ക്കുമ്പോഴുണ്ടാകുന്ന അധികച്ചെലവുകളും അനുബന്ധ ചെലവുകളും ധനകാര്യ മെമ്മോറാണ്ടത്തിൽ കാണിച്ചിട്ടില്ല. അത് ധനകാര്യ മെമ്മോറാണ്ടത്തിൽ പറയണമെന്ന് റൂൾസ് ഓഫ് ബിസിനസ്സിൽ വളരെ വ്യക്തമായി പറഞ്ഞിട്ടുണ്ട്. അങ്ങനെയുള്ള പുതിയ ചെലവുകളൊന്നും വരികയില്ലെന്നാണ് ധനകാര്യ മെമ്മോറാണ്ടത്തിൽ പറഞ്ഞിരിക്കുന്നത്. ഇ-മെയിലിന് പുറമേ ടെലഫോണിൽ അലെർട്ട് ചെയ്യുമ്പോൾ ചെലവുവരും. അതിന് അധികച്ചെലവുണ്ട്. അതിന് ഗവർണറുടെ ശിപാർശ വാങ്ങിയിട്ടില്ല. ഇത് ടെക്നിക്കൽ ആയ കാര്യമല്ല. വളരെ പ്രധാനപ്പെട്ടതാണ്. അധികച്ചെലവ് വരുന്നുണ്ടെങ്കിൽ ഗവർണറുടെ ശിപാർശ വേണം.

ധനകാര്യവും കയറും വകുപ്പുമന്ത്രി (<u>ഡോ. ടി. എം. തോമസ് ഐസക്</u>): സർ, ബഹുമാനപ്പെട്ട മെമ്പർ അതീവ സൂക്ഷ്മതയോടെ ഇത് കണ്ടുപിടിച്ചതിൽ ഞാൻ പ്രത്യേക അഭിനന്ദനം അറിയിക്കുന്നു. നിയമസഭാ ചട്ടത്തെക്കുറിച്ചും ഭരണഘടനാ വകുപ്പിനെക്കുറിച്ചുമെല്ലാം പറഞ്ഞ കാര്യങ്ങൾ പൂർണ്ണമായും ശരിയാണ്. പക്ഷേ അത് ഇതിന് ബാധകമാവുകയില്ല. നോട്ടീസുകളൊക്കെ അയയ്ക്കുമ്പോൾ വ്യാപാരികൾ പലപ്പോഴും പറയും അവർ അറിഞ്ഞില്ലായെന്ന്. അതുകൊണ്ട് നോട്ടീസ് അയച്ചിട്ടുണ്ടെന്നുള്ള എസ്.എം.എസ്. സന്ദേശവുംകൂടി അയയ്ക്കുകയാണ്. ഇത് അയയ്ക്കുന്നത് സി.ഡാക്-ന്റെ ഫെസിലിറ്റി വഴിയാണ്. സി.ഡാക്-ന് ഇങ്ങനെ സർവ്വീസ് ഫെസിലിറ്റിയുണ്ട്. അതിന് പ്രത്യേക പണച്ചെലവില്ല. ചെക്ക് പോസ്റ്റുകളിൽ വാഹനങ്ങൾ കടന്നു വരുമ്പോൾ ബന്ധപ്പെട്ട ആളിന് നിങ്ങളുടെ പേരിൽ ഒരു കൺസൈൻമെന്റ് വന്നിട്ടുണ്ട് എന്നൊരു അലെർട്ട് അയയ്ക്കുന്നുണ്ട്. ഇതും സി.ഡാക് വഴിയാണ്. അതിന് പൈസയൊന്നും കൊടുക്കുന്നില്ല. അതുകൊണ്ടാണ് മാണി സാർ പറഞ്ഞതു പോലെയുള്ള നടപടികളൊന്നും സ്വീകരിക്കാതിരിക്കുന്നത്. അതുകൊണ്ട് ഈ തടസ്സവാദം തള്ളിക്കളയണം.

<u>ശ്രീ. കെ. എം. മാണി</u>: സർ, സഞ്ചിതനിധിയിൽനിന്നും ചെലവ് ചെയ്യേണ്ടതാണിത്. സി.ഡാക് ചെലവ് ചെയ്യുമെന്ന് പറയാൻ കഴിയുമോ? ഇതിനൊക്കെ വ്യവസ്ഥാപിതങ്ങളായ ചില നിയമങ്ങളുണ്ട്. ഇത് കൺസോളിഡേറ്റഡ് ഫണ്ടിൽനിന്നും ചെലവുചെയ്യേണ്ട കാര്യമാണ്. അതുകൊണ്ട് അങ്ങനെ പറഞ്ഞ് ഒഴിഞ്ഞുമാറരുത്. ഇത് നിസ്സാരകാര്യമല്ല. ഇതിന് ഗവർണറുടെ ശിപാർശ ആവശ്യമാണ്.

<u>ഡോ. ടി. എം. തോമസ് ഐസക്</u>: സർ, സർക്കാരിന്റെ കൺസോളിഡേറ്റഡ് ഫണ്ടിൽനിന്ന് ഒന്നും ചെലവാകുന്നില്ല. വേറെ ഏതെങ്കിലും സർക്കാരിന് അങ്ങനെ ചെലവുണ്ടോയെന്ന് എനിക്ക് അറിയില്ല. കേരള സർക്കാരിനെ സംബന്ധിച്ചിടത്തോളം സഞ്ചിതനിധിയിൽനിന്നും പണം ചെലവാകുന്നില്ല. ഫ്രീ ആയി നമുക്ക് ലഭിക്കുന്ന സേവനമാണിത്.

<u>ശ്രീ. കെ. എം. മാണി</u>: സർ, അങ്ങ് ഗൗരവപൂർവ്വം ഇത് പരിശോധിച്ചാൽ മതി. ഈ പറയുന്നത് ശരിയല്ല. ഇത് കൺസോളിഡേറ്റഡ് ഫണ്ടിൽനിന്നും ചെലവ് വരുന്നതാണ്.

**റൂളിംഗ്**

<u>മി. സ്പീക്കർ</u>: ഉന്നയിക്കപ്പെട്ട തടസ്സവാദവും ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയും ചെയർ പരിശോധിച്ചു. മന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ തടസ്സവാദം നിലനിൽക്കുന്നതല്ലെന്ന് റൂൾ ചെയ്യുന്നു.

## IX നിയമനിർമ്മാണകാര്യം

### 2016-ലെ കേരള ധനകാര്യ ബിൽ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയം

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, 2016-ലെ കേരള ധനകാര്യ ബിൽ മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച V-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയും ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച XIV-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയും ചേർന്ന് സംയുക്തമായി പരിഗണിക്കുന്നതിന് സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച VIII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ഡോ. ടി. എം. തോമസ് ഐസക്: സർ, ചർച്ചയ്ക്കുള്ള മറുപടിയായി വിശദമായി സംസാരിക്കാം. ഒരു കാര്യം സഭയുടെ ശ്രദ്ധയിൽപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുകയാണ്. പാരമ്പര്യവിധിപ്രകാരമുള്ള അവസാനത്തെ ഫിനാൻസ് ബിൽ ആയിരിക്കും ഇത്. അടുത്ത ഫിനാൻസ് ബിൽ മിക്കവാറും ജി.എസ്.ടി. നിയമം തന്നെയായിരിക്കും. ജി.എസ്.ടി. നിലവിൽ വന്നാൽ നികുതികളിലൊക്കെ മാറ്റം വരുത്താൻ വളരെ തുച്ഛമായ അധികാരമേ കാണുകയുള്ളൂ. അതുകൊണ്ടാണ് ഞാൻ പറഞ്ഞത് മാമൂൽ പ്രകാരമുള്ള ഫിനാൻസ് ആക്ടിന്റെ അവസാനത്തെ ആക്ടുകളിൽ ഒന്നായിരിക്കും ഇതെന്ന്. സംസ്ഥാനം ഗൗരവമായ ഒരു സാമ്പത്തിക പ്രതിസന്ധിയെയാണ് അഭിമുഖീകരിക്കുന്നതെന്നത് എല്ലാവർക്കും അറിവുള്ള കാര്യമാണ്. അത് പൊടുന്നനെ മെച്ചപ്പെടുന്നതിനുള്ള സാദ്ധ്യതകളും കാണാനില്ല. ഈ വർഷം 19 ശതമാനം വരുമാനം വർദ്ധിക്കുമെന്നാണ് കണക്കാക്കിയതെങ്കിലും 14 ശതമാനത്തിനപ്പുറം പ്രതീക്ഷിക്കണ്ട എന്നുള്ളതാണ് ഇപ്പോഴത്തെ അവസ്ഥ. ഈയൊരു സാഹചര്യത്തിൽ പരമാവധി അധിക വിഭവസമാഹരണം നടത്തുന്നതിന് സർക്കാർ പരിശ്രമിക്കുന്നുണ്ട്. കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് മദ്യത്തിനുള്ള നികുതി ഒഴികെ ഇതിൽ പരാമർശിച്ചിട്ടുള്ളതുപോലെയുള്ള നികുതികൾ ഒരിക്കൽപ്പോലും ഉണ്ടായിട്ടില്ല. കേന്ദ്രസർക്കാർ വാറ്റ് നികുതി ഉയർത്തുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകിയപ്പോഴും കേരളം അത് തള്ളിക്കളയുകയാണ് ചെയ്തത്. എന്നാൽ സ്ഥിതിവിശേഷം ഇന്ന് വളരെ വ്യത്യസ്തമാണ്. പുതിയ നികുതിനിർദ്ദേശങ്ങളും വേദനാജനകമാണ്. എന്നാൽ ചില കാര്യങ്ങളിൽ ജനങ്ങൾക്കിടയിൽ വലിയ അഭിപ്രായവ്യത്യാസമുണ്ടെന്നുള്ളത് വ്യക്തമാണ്. സബ്ജക്ട് കമ്മിറ്റിയിൽ ചർച്ച ചെയ്ത് അതിലൊക്കെ ചില മാറ്റങ്ങൾ

വരുത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. പ്രത്യേകിച്ച് ഭാഗാധാരങ്ങളുടെമേലുള്ള നികുതിയിൽ ഒരു ശതമാനത്തിന്റെ പഴയ വ്യവസ്ഥയിലേയ്ക്ക് മുന്നോട്ടോ പിന്നോട്ടോ കൊണ്ടുപോകാൻ സർക്കാർ ഉദ്ദേശിക്കുന്നു. 1000 രൂപയുടെ threshold limit എവിടെ വേണമെന്നുള്ളത് സബ്ജക്ട് കമ്മിറ്റിയിലെ ചർച്ചയുടെ അടിസ്ഥാനത്തിൽ തീരുമാനിക്കാവുന്നതാണ്.

ശ്രീ. കെ. സി. ജോസഫ്: സർ, കഴിഞ്ഞ സഭയിൽ അവതരിപ്പിച്ച ധനകാര്യ ബിൽ സഭ ചർച്ചചെയ്ത് സബ്ജക്ട് കമ്മിറ്റിക്ക് പോയതിനുശേഷം വരുത്തിയ ഇളവുകൾപോലും പിന്നീട് അഴിമതി ആരോപണമായി ഉന്നയിക്കപ്പെടുകയും അതിന് ധനകാര്യമന്ത്രിമാർ ലയബിളാകുന്ന ഒരു സാഹചര്യം വരുകയും ചെയ്തത് മുന്നിൽ കണ്ടുകൊണ്ട് സഭ ചർച്ചചെയ്യുമ്പോഴും സബ്ജക്ട് കമ്മിറ്റിയിൽ ഇളവ് വരുത്തുമ്പോഴും ഇത്തരം ആനുകൂല്യങ്ങൾ നൽകുന്നത് നേർവഴിക്കാണോ എന്ന് ഗൗരവമായി ആലോചിക്കണം.

ഡോ. ടി. എം. തോമസ് ഐസക്: സർ, അത് ഗൗരവമായിത്തന്നെ ആലോചിക്കും. അതുകൊണ്ടാണ് ശരിയായിട്ടുള്ള കാര്യങ്ങൾ ചിലർ ആവശ്യപ്പെട്ടിട്ടും അത് പരിഗണിക്കണമെങ്കിൽ പ്രതിപക്ഷം ഔപചാരികമായി സഭയിൽ ആവശ്യപ്പെടണമെന്ന് പറഞ്ഞത്. എന്നാൽ ഞാൻ ഇപ്പോൾ സൂചിപ്പിച്ചതുപോലെയുള്ള ആക്ഷേപങ്ങളൊന്നും ആരുടെ ഭാഗത്തുനിന്നും വരാൻ സാധ്യതയില്ലാത്തതാണ്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ ജാഗ്രത എപ്പോഴും ഉണ്ടാകുമെന്ന് ഞാൻ ഉറപ്പുതരികയാണ്. കഴിഞ്ഞ പ്രാവശ്യം ശ്രീ. വി. ഡി. സതീശൻ ഉന്നയിച്ച കമ്പനികളുടെ അമാൽഗമേഷൻ സംബന്ധിച്ചുള്ള നികുതി തുടങ്ങിയ കാര്യങ്ങളൊക്കെ സബ്ജക്ട് കമ്മിറ്റിയിൽ പരിശോധിച്ച് ഉൾപ്പെടുത്തുന്നതിന് തടസ്സമുണ്ടാവുകയില്ല. ചർച്ചയിൽ ക്രിയാത്മകമായ സമീപനം എല്ലാവരും സ്വീകരിക്കണമെന്ന് അപേക്ഷിക്കുകയാണ്.

മി. സ്പീക്കർ: ശ്രീ. വി. അബ്ദുറഹിമാൻ, അങ്ങേയ്ക്ക് 1 (എ) നമ്പർ ഭേദഗതി അവതരിപ്പിക്കാവുന്നതാണ്.

ശ്രീ. വി. അബ്ദുറഹിമാൻ: സർ, 2016-ലെ കേരള ധനകാര്യ ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 31-10-2016 വരെ സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. സി. ജോസഫ്: സർ, 2016-ലെ കേരള ധനകാര്യ ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2 (ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. വി. എസ്. അച്ചുതാനന്ദൻ</u>: സർ, ഈ ധനകാര്യ ബില്ലിനെ ഞാൻ പിന്താങ്ങുകയാണ്. കഴിഞ്ഞ ഉമ്മൻചാണ്ടി സർക്കാർ നശിപ്പിച്ച് നാമാവശേഷമാക്കിയ കേരളത്തിന്റെ രാഷ്ട്രീയ സാമ്പത്തികരംഗങ്ങളെ സംശുദ്ധമാക്കാനും കൂടുതൽ ഉയരങ്ങളിലേയ്ക്ക് കൊണ്ടുപോകുവാനുമുള്ള ശ്രമങ്ങൾക്കുവേണ്ടിയാണ് ഈ ധനകാര്യ ബിൽ. അതുകൊണ്ടാണ് ഞാൻ അതിനെ ശക്തമായി പിന്തുണയ്ക്കുന്നത്. കഴിഞ്ഞ ഉമ്മൻചാണ്ടി സർക്കാർ ഈ നാടിനെ കുളംതോണ്ടിയതിന്റെ തെളിവുകളിൽ ഒന്നല്ലേ ഈയടുത്ത ദിവസം കേരളം കണ്ടത്. പണം തട്ടിച്ച കേസ്സിൽ കേരളത്തിന്റെ മുഖ്യമന്ത്രിയായിരുന്ന ഉമ്മൻചാണ്ടിയല്ലേ ഇപ്പോൾ ശിക്ഷിക്കപ്പെട്ടിരിക്കുന്നത്; ഇത് കേരളീയർക്കാകെ നാണക്കേടല്ലേ? ഐക്യരാഷ്ട്രസഭയുടെ അവാർഡ് വാങ്ങിയ ലോകത്തെ ആദ്യത്തെ മുഖ്യമന്ത്രിയെന്നാണ് അന്ന് എന്റെ ബഹുമാന്യരായ കോൺഗ്രസ്സ് സുഹൃത്തുക്കൾ പറഞ്ഞത്. ഇപ്പോൾ ശ്രീ. ഉമ്മൻ ചാണ്ടിക്ക് പണം തട്ടിച്ച കേസ്സിൽ ഒരു അന്താരാഷ്ട്ര അവാർഡുകൂടി ലഭിച്ചിരിക്കുകയാണ്. ഒരു വൃത്തികെട്ട കേസ്സിൽ ശിക്ഷിക്കപ്പെട്ട ലോകത്തെ ആദ്യത്തെ മുഖ്യമന്ത്രിയെന്ന പദവിയും അദ്ദേഹം സ്വന്തമാക്കിയിരിക്കുകയാണ്. എന്നിട്ട് അദ്ദേഹം എന്താണ് പറയുന്നത്, തന്റെ ഭാഗം കേൾക്കാതെയാണ് കോടതി ഉത്തരവ് പുറപ്പെടുവിച്ചത് എന്നാണ്. തന്റെ ഭാഗം കോടതിയെ ബോധ്യപ്പെടുത്തുന്നതിൽ നിന്ന് കോടതി ശ്രീ. ഉമ്മൻ ചാണ്ടിയെ തടസ്സപ്പെടുത്തിയിരുന്നുവെന്ന് അദ്ദേഹം പറയുന്നു. അതല്ലല്ലോ ഉണ്ടായത്, പ്രതി ഹാജരായിട്ടുണ്ടോ; എന്ന് കോടതി ചോദിച്ചപ്പോൾ ശ്രീ. ഉമ്മൻ ചാണ്ടി ഏതുമാളത്തിൽ ഒളിച്ചിരിക്കുകയായിരുന്നു? ശ്രീ. ഉമ്മൻ ചാണ്ടിയുടെ കേസ്സുകൾ ഇനി വരാനിരിക്കുന്നതേയുള്ളൂ. ഇതൊരു ടെസ്റ്റ് ഡോസ് മാത്രമാണ്. സോളാറിന്റെ ചെറിയൊരു ഭാഗംമാത്രം. സോളാർ തന്നെ ഇനിയും ഒത്തിരി വരാനുണ്ട്. പിന്നെ പാമോയിൽ, ടൈറ്റാനിയം അങ്ങനെ പലതും. ശ്രീ. ഉമ്മൻ ചാണ്ടി പ്രതിപക്ഷ നേതൃസ്ഥാനം ഏറ്റെടുക്കണ്ടായെന്ന് തീരുമാനിച്ചതിന്റെ ഗുട്ടൻസ് ഇപ്പോഴല്ലേ മനസ്സിലായത്. എൽ.ഡി.എഫ്. സർക്കാർ വിവിധ രംഗങ്ങളിൽ ജനക്ഷേമകരമായ നടപടികളുമായി മുന്നോട്ടുപോകുമ്പോൾ കോൺഗ്രസ്സുകാർ ഉപയോഗശൂന്യമായ സമരങ്ങൾ നടത്തി കാലിട്ടടിക്കുകയാണ്. കൊട്ടിഘോഷിച്ച് ഒരു സ്വാശ്രയ സമരം കൊണ്ടുവന്നു; അത് ഏതുവഴിക്ക് പോയി എന്ന് പ്രതിപക്ഷനേതാവിനുപോലും ഒരു നിശ്ചയവുമില്ല. ഇപ്പോൾ പല കോഴക്കേസ്സുകളും തെളിഞ്ഞുവന്നുകൊണ്ടിരിക്കുകയാണ്. ബാർ കോഴയുടെ കാര്യമെടുക്കാം. ബാർ കോഴക്കേസ് അട്ടിമറിക്കാൻ ശ്രീ. ഉമ്മൻചാണ്ടിയുടെ കാലത്തെ വിജിലൻസ് ഡയറക്ടർമാർതന്നെ ഇടപെട്ടതിന്റെ രേഖകൾ കോടതിക്കുമുന്നിൽ എത്തിയിരിക്കുകയാണ്. പഴയ മന്ത്രിയായിരുന്ന ശ്രീ. കെ. ബാബുവിനാണെങ്കിൽ വിജിലൻസിന്റെ ചോദ്യം ചെയ്യലിൽനിന്ന് മാറിനിൽക്കാൻ സമയം കിട്ടുന്നില്ല. തിരുവനന്തപുരത്തുവരാൻ പോലും അദ്ദേഹത്തിന് സമയം കിട്ടുന്നില്ല. വിജിലൻസ് ഓഫീസിൽ തന്നെയാണ്

പൊറുതി. ഇപ്പോൾ ബാർ കോഴക്കേസ്സിനുപുറമേ അനധികൃത സ്വത്തുസമ്പാദനത്തിന്റെ തെളിവുകളും ബാബുവിനുനേരെ ഉയർന്നിരിക്കുകയാണ്.

ശ്രീ. കെ. സി. ജോസഫ്: സർ, പോയിന്റ് ഓഫ് ഓർഡർ. വിജിലൻസ് കോടതിയുടെ പരിഗണനയിലുള്ള ഒരു കാര്യം സംബന്ധിച്ച വിഷയം സഭയിൽ പരാമർശിക്കുന്നത് ശരിയാണോ? അതുപോലെ ശ്രീ. കെ. ബാബുവുമായി ബന്ധപ്പെട്ട് വിജിലൻസ് കോടതിയുടെ പരിഗണനയിലിരിക്കുന്ന കേസ്സും ബാംഗ്ലൂരിലെ സിവിൽ കോടതിയിൽവന്ന എക്സ്പാർട്ടിവിധിയും സംബന്ധിച്ച് നടത്തിയ പരാമർശങ്ങൾ ഓർഡറിലല്ല. അത് പരിശോധിക്കണം. സഭാരേഖകളിൽ നിന്ന് നീക്കം ചെയ്യണം.

മി. സ്പീക്കർ: അത് പരിശോധിച്ച് ചെയ്യാവുന്നതാണ്.

ശ്രീ. വി. എസ്. അച്യുതാനന്ദൻ: സർ, ബാബുവിനെ മാത്രമല്ല, ബാബുവിന്റെ അസ്മാദികളായ പലരേയും വിജിലൻസ് പിടികൂടിയിട്ടില്ലേ? ശ്രീ. കെ. എം. മാണിയുടെ കാര്യം പറയാനില്ല. കോഴ എങ്ങനെയൊക്കെ വാങ്ങാമെന്ന് മാണി ഗവേഷണം നടത്തിയിരുന്നോയെന്നുപോലും തോന്നിപ്പിക്കുന്ന മട്ടിലാണ് ഓരോ രേഖയിലും മാണി കൈപ്പറ്റിയ കോഴയെ സംബന്ധിച്ച വിവരങ്ങൾ പുറത്തു വന്നുകൊണ്ടിരിക്കുന്നത്.......(ബഹളം) ........

മി. സ്പീക്കർ: .....പ്ലീസ്...... അദ്ദേഹം സംസാരിക്കട്ടെ.....പ്ലീസ്....... അങ്ങേയ്ക്ക് സംസാരിക്കാം.

ശ്രീ. വി. എസ്. അച്യുതാനന്ദൻ: സർ, ബഹുമാന്യനായ പ്രതിപക്ഷ നേതാവിനെ വട്ടമിട്ടും ചില കോഴ ആരോപണങ്ങൾ കറങ്ങുന്നുണ്ട്. ഹരിപ്പാട് മെഡിക്കൽ കോളേജിന്റെ പിന്നിലുള്ള ഉള്ളുകള്ളികളെല്ലാം പുറത്തുവന്നാൽ ചിലപ്പോൾ പ്രതിപക്ഷനേതാവും കുടുങ്ങുമെന്നുവരാം. ചുരുക്കിപ്പറഞ്ഞാൽ യു.ഡി.എഫ്. നേതാക്കളാകെ കോഴക്കേസ്സിൽ 'കൊഴകൊഴാ' കിടന്ന് കാലിട്ടടിക്കുകയാണ്. യു.ഡി.എഫ്.ന്റെ കെട്ടുറപ്പിനെപ്പറ്റി വാചാലരായവർക്ക് ഇപ്പോൾ ഒന്നും പറയാനില്ലേ? മത്സരിച്ച് കോഴ വാങ്ങിക്കൊണ്ടിരുന്നപ്പോൾ നല്ല കെട്ടുറപ്പായിരുന്നു. കോഴക്കേസ്സുകളിൽ പിടിക്കപ്പെടുകയും ഭരണം നഷ്ടപ്പെടുകയും ചെയ്തപ്പോൾ കെട്ടുറപ്പാകെ പൊട്ടിച്ചിതറിപ്പോയി. അതുകൊണ്ടല്ലേ മാണിയും കൂട്ടരും ഒളിച്ചിരിക്കുന്നത്?

ശ്രീ. കെ. എം. മാണി: സർ, എന്റെ പേരിൽ യാതൊരു തെളിവുമില്ല. ഇങ്ങനെ അസംബന്ധം പറയരുത്. ഇത് എഴുതിത്തന്നത് ആരാണ്?............ (മൈക്ക് ഓഫ്)..................

ശ്രീ. വി. എസ്. അച്യുതാനന്ദൻ: സർ, ഏതായാലും മാണിക്ക് എഴുതി കൊടുത്ത ആളല്ല. മാണിയും കൂട്ടരും മാറി ഒളിച്ചിരിക്കുന്നത്, താമസിയാതെ മറ്റ്

പലതും ഇതിൽ നിന്നൊക്കെ മാറിയിരിക്കും എന്നാണ് തോന്നുന്നത്. ജനങ്ങളെ കൂടെനിർത്താൻ ശ്രമിക്കുക. അല്ലാതെ വെറുതെ 'ഗ്വോ ഗ്വോ' വിളിച്ചതുകൊണ്ട് ഒരുകാര്യവുമില്ല.

12.00 Noon]

കേരളത്തിന്റെ രാഷ്ട്രീയമായ സാമൂഹ്യ ജീവിതം ചിട്ടപ്പെടുത്താനും മെച്ചപ്പെടുത്താനുമുള്ള ശ്രമങ്ങളുമായി എൽ.ഡി.എഫ്. സർക്കാർ മുന്നോട്ടുപോകുക തന്നെ ചെയ്യും. ഇവിടെ അവതരിപ്പിക്കപ്പെട്ട ധനകാര്യ ബില്ലിന് ഒരു ജനപക്ഷ മുഖമുണ്ട്. വികസന പ്രതിസന്ധിയിൽനിന്നും കരകയറാൻ മൂർത്തമായ പാതകൾ ചൂണ്ടിക്കാണിച്ചു കൊണ്ടാണ് ധനകാര്യ ബിൽ അവതരിപ്പിച്ചിട്ടുള്ളത്. സഹകരണ മേഖലയിലെ ധന സമാഹരണം സംസ്ഥാനത്തിന്റെ വികസന താൽപ്പര്യങ്ങൾക്ക് ഇണങ്ങുന്ന രീതിയിൽ പുനഃസംഘടിപ്പിക്കുവാനുള്ള നിർദ്ദേശങ്ങളിൽതുടങ്ങി കേരളം നേടിയ സാമൂഹ്യ പുരോഗതിയുടെ നേട്ടങ്ങൾ ദളിത് ആദിവാസി സമൂഹത്തിൽ എത്തിക്കാനുള്ള ശിപാർശകൾവരെ പരിശോധിച്ചാൽ ധനകാര്യ ബിൽ എത്രമാത്രം ജനപക്ഷത്താണെന്ന് കാണാൻ കഴിയും. കാർഷിക വിളകളുടെ വിപണിയിൽ നമുക്ക് വലിയ തോതിൽ ഇടപെടാനാവില്ലെന്ന് ബജറ്റ് പ്രസംഗത്തിൽ ധനകാര്യവകുപ്പുമന്ത്രി വ്യക്തമാക്കിയതാണ്. തീർച്ചയായും കേരളത്തിലെ ഭൂരിപക്ഷം വിഭാഗങ്ങളും പ്രവർത്തിക്കുന്ന കാർഷിക പരമ്പരാഗത തൊഴിൽ മേഖലയിൽ വലിയ ഊന്നലാണ് ഇടതു പക്ഷജനാധിപത്യമുന്നണി സർക്കാരിന് നൽകാനുള്ളത്. നിർമ്മാണ പ്രവർത്തനങ്ങൾ, ചുങ്കവരി അടക്കം ജനങ്ങളുടെ മടിശ്ശീല പിഴിഞ്ഞൂറ്റുന്ന രീതി അനുവർത്തി ക്കില്ലായെന്ന് ധനകാര്യവകുപ്പുമന്ത്രി വ്യക്തമാക്കിയിട്ടുണ്ട്. നേരിട്ടുള്ള ചുങ്കത്തിനുപകരം പരോക്ഷമായി ചുങ്കം പിരിച്ചെടുക്കാൻ ഇടതുപക്ഷജനാധിപത്യമുന്നണി സർക്കാർ ശ്രമിക്കില്ലായെന്ന് ഉറപ്പാണ്. ബി.ജെ.പി.യുടെ നേതൃത്വത്തിലുള്ള കേന്ദ്ര സർക്കാരിന്റെ സമീപനം എന്താണ്? റോഡുകളും പാലങ്ങളും കെട്ടുന്നതിന്റെ പേരിൽ ജനങ്ങളുടെ മടിശ്ശീല പിഴിഞ്ഞൂറ്റുന്ന യൂസർഫീ സമ്പ്രദായം നടപ്പിലാക്കാൻ ചുങ്കപ്പിരിവുകൾ കെട്ടിയുയർത്തി വഴിയാത്രക്കാരെ കൊള്ളയടിക്കുന്ന രീതിയാണ് അവിടെ നടന്നുകൊണ്ടിരിക്കുന്നത്. ഇതിനൊരു അവസാനം കാണുമെന്നാണ് കേരളത്തിന്റെ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പ്രഖ്യാപിച്ചിട്ടുള്ളത്. വ്യവസായവും കൃഷിയും തകരുന്ന ഒരു കാലഘട്ടത്തിൽ സംസ്ഥാനത്തിന്റെ ഉൽപ്പാദന മണ്ഡലങ്ങളെ പരിഗണിച്ച് തികച്ചും ആസൂത്രണത്തിന് പ്രാമുഖ്യം കൊടുത്തുകൊണ്ട് അദ്ധ്വാധിക്കുന്ന ജനവിഭാഗങ്ങളിൽ ഊന്നിക്കൊണ്ടുള്ള ഒരു വികസന കാഴ്ചപ്പാട് ഈ ബജറ്റിൽ തെളിഞ്ഞുകാണാം. ആ ജനപക്ഷ നിലപാടുകൾക്ക് ശക്തിപകരാനുള്ള ഈ ബില്ലിനെ ഒരിക്കൽ കൂടി പിന്താങ്ങുകയാണ്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, ഞാൻ ഒരു പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കുന്നു.

284. A member while speaking shall not -(I) refer to any matter of fact on which a judicial decision is pending. ശ്രീ. കെ. സി. ജോസഫ് ഉന്നയിച്ചുകഴിഞ്ഞതിനുശേഷവും ശ്രീ. വി.എസ്. അച്യുതാനന്ദൻ അത് ആവർത്തിച്ചു. ശ്രീ. കെ. സി. ജോസഫ് ഉന്നയിച്ച ചട്ടം 284 അനുസരിച്ച്, ഒരു അംഗം സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ judicial proceedings-ൽപ്പെട്ട ഒരു കാര്യം ഇവിടെ റഫർ ചെയ്യാൻ കഴിയില്ല. ശ്രീ. കെ. സി. ജോസഫ് ഉന്നയിച്ചത് അങ്ങ് പരിഗണിക്കുമെന്ന് പറഞ്ഞു. അങ്ങ് പരിഗണിക്കുമെന്ന് പറഞ്ഞതിനുശേഷവും അദ്ദേഹം അത് ഉന്നയിച്ചു. അത് എക്സ്പഞ്ച് ചെയ്യണമെന്നുമാത്രമല്ല അത് മാധ്യമങ്ങളിൽ വരാതിരിക്കുന്നതിനുള്ള നിർദ്ദേശംകൂടി അങ്ങ് കൊടുക്കണം. മാധ്യമങ്ങളിൽ വന്നതിനുശേഷം സഭയിൽ പിൻവലിച്ചുവെന്ന് നാളെ അങ്ങയുടെ റൂളിംഗ് വന്നാലും ഈ പ്രസംഗം നടത്തിയതായിട്ടുതന്നെ ജനങ്ങളുടെ മുൻപിൽവരും. judicial proceedings-ൽ ഇരിക്കുന്ന കാര്യമായതുകൊണ്ട് ചട്ടം 284 അനുസരിച്ച് അങ്ങ് എക്സ്പഞ്ച് ചെയ്യുകയും മാധ്യമങ്ങൾക്ക് ഇത് പബ്ലിഷ് ചെയ്യരുതെന്ന് നിർദ്ദേശം കൊടുക്കുകയും ചെയ്യണം.

<u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u>: സർ, ശ്രീ. കെ. ബാബുവിനെതിരായ അന്വേഷണത്തെ സംബന്ധിച്ച വിശദമായ റിപ്പോർട്ട് മാധ്യങ്ങളിൽ വരുന്നുണ്ട്. അത് നിയമസഭയിൽ പറയാൻ പാടില്ലായെന്നുപറയുന്നതിൽ എന്താണ് അർത്ഥം?...(ബഹളം)...

<u>മി. സ്പീക്കർ</u>: ചട്ടം 307 പ്രകാരമാണ് ശ്രീ. കെ. സി. ജോസഫ് ഇവിടെ ക്രമപ്രശ്നം ഉന്നയിച്ചത്. അത് ചെയർ പരിശോധിച്ച് നിലപാട് സ്വീകരിക്കാമെന്ന് അറിയിക്കുകയുണ്ടായി. ചട്ടം 284 പ്രകാരം അങ്ങ് ഉന്നയിച്ചതും പരിശോധിക്കുന്നതാണ്. പക്ഷേ കേസ്സിന്റെ മെറിറ്റിലേയ്ക്കൊന്നും അദ്ദേഹം പോയതായി ചെയറിന് തോന്നിയിട്ടില്ല. എന്തായാലും അങ്ങ് ഉന്നയിച്ച സാഹചര്യത്തിൽ അത് പരിശോധിക്കാവുന്നതാണ്....(ബഹളം)...

<u>ശ്രീ. കെ. എം. മാണി</u>: സർ, എനിക്കെതിരെ അദ്ദേഹം സഭയിൽ ഉന്നയിച്ച കാര്യങ്ങളും രേഖയിൽനിന്നും നീക്കം ചെയ്യണം. (മൈക്ക് ഓഫ്)

<u>മി. സ്പീക്കർ</u>: അങ്ങേയ്ക്ക് ചട്ടം 288 പ്രകാരം വ്യക്തിപരമായ വിശദീകരണം ആവശ്യപ്പെട്ടാൽ നൽകാവുന്നതാണ്.

ശ്രീ. രമേശ് ചെന്നിത്തല: സർ, റൂൾ 288. ബഹുമാന്യനായ പ്രതിപക്ഷ നേതാവ് ഹരിപ്പാട് മെഡിക്കൽ കോളേജുമായി ബന്ധപ്പെട്ട് ചിലപ്പോൾ ഞാൻ കുടുങ്ങുമെന്ന് ശ്രീ. വി.എസ്. അച്ചുതാനന്ദൻ ഒരു വാചകം പറഞ്ഞു. പക്ഷേ ശ്രീ. വി. എസ്. അച്ചുതാനന്ദന്റെ ശ്രദ്ധയിൽപ്പെടുത്തട്ടെ, ചിലപ്പോഴെന്നല്ല ഒരിക്കലും ഞാൻ കുടുങ്ങാൻ പോകുന്നില്ല. നിങ്ങൾ ഏത് അന്വേഷണം വേണമെങ്കിലും നടത്തിക്കോളൂ. എതായാലും എന്റെ പേരിലോ എന്റെ മക്കളുടെ പേരിലോ ഒരു വിജിലൻസും എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തിട്ടില്ലായെന്നുകൂടി പറയാൻ ആഗ്രഹിക്കുന്നു.

മി. സ്പീക്കർ: അങ്ങേക്ക് വേണമെങ്കിൽ വ്യക്തിപരമായ വിശദീകരണം നൽകാവുന്നതാണ്.

ശ്രീ. വി. ഡി. സതീശൻ: സർ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇവിടെ അവതരിപ്പിച്ച ധനകാര്യബില്ലിനെ എതിർക്കുകയാണ്. ... (ബഹളം).....

മി. സ്പീക്കർ: നിങ്ങൾ ചില സമയത്തുമാത്രം പ്രകോപിതരായാൽ മതിയോ. കമന്റ് പറയുന്ന രീതി എല്ലാവരും സ്വീകരിക്കുന്നുണ്ട്. ഈ രീതി അവസാനിപ്പിക്കണമെന്ന് ചെയർ പലപ്രാവശ്യം പറഞ്ഞിട്ടുണ്ട്. .... (ബഹളം)...

ശ്രീ. വി. ഡി. സതീശൻ: സർ, ഇത് എപ്പോഴും പറയുന്നതെന്താണ്.

മി. സ്പീക്കർ: ശ്രീ. വി. ഡി. സതീശൻ പരിധി വിടേണ്ട.... ഈ സഭയിലെ ആർക്കും പ്രത്യേകം പ്രിവിലേജൊന്നും ഇല്ല. ശ്രീ. വി. എസ്. അച്ചുതാനന്ദൻ സംസാരിച്ചപ്പോൾപോലും കമന്റ് വന്നിരുന്നില്ലേ. കമന്റ് പറയരുതെന്ന് ചെയർ പറഞ്ഞിട്ടുണ്ട്. കമന്റ് പറയുന്നവർക്കൊന്നും ചെയർ മൈക്ക് കൊടുക്കുന്നില്ലല്ലോ? ഈ സഭയിലെ 140 അംഗങ്ങളുടെയും അടുത്തുപോയി ചെയറിന് നിയന്ത്രിക്കാൻ സാധിക്കുമോ? അതൊക്കെ സഭാനടപടിക്രമങ്ങളുടെ ഭാഗമായി അംഗങ്ങൾ പാലിക്കേണ്ട മര്യാദയാണ്. അല്ലാതെ സ്കൂൾ ഹെഡ്മാസ്റ്ററെപ്പോലെ വടിയെടുത്ത് അംഗങ്ങളെ നിയന്ത്രിക്കാൻ പറ്റുമോ, രണ്ടുഭാഗത്തുനിന്നും അങ്ങനെ ചെയ്യാറുണ്ട്. ചെയ്യുന്നത് ശരിയല്ലായെന്ന് പലവട്ടം പറഞ്ഞിട്ടുമുണ്ട്.

ശ്രീ. രമേശ് ചെന്നിത്തല: സർ, മുൻമുഖ്യമന്ത്രി ശ്രീ. വി.എസ്. അച്ചുതാനന്ദൻ പ്രസംഗിച്ചുകൊണ്ടിരുന്നപ്പോൾ ഞങ്ങൾക്ക് അഭിപ്രായവ്യത്യാസമുള്ള നിരവധി കാര്യങ്ങൾ പറഞ്ഞു. ഞങ്ങൾ ആരെങ്കിലും ബഹളമുണ്ടാക്കിയോ; സാമാന്യ മര്യാദ വേണ്ടേ? ശ്രീ. ഉമ്മൻ ചാണ്ടിയെപ്പറ്റി എന്തെല്ലാം കാര്യങ്ങൾ പറഞ്ഞു. ഞങ്ങൾ ബഹളം ഉണ്ടാക്കിയോ; ശ്രീ. വി. ഡി. സതീശന്റെ പ്രസംഗം ആരംഭിക്കുന്നതിനു മുൻപുതന്നെ ഇങ്ങനെ ബഹളം ഉണ്ടാക്കുന്നത് ശരിയാണോ?

മി. സ്പീക്കർ: അത് ചെയ്യാൻ പാടില്ലായെന്ന് ചെയർ പറയുന്നുണ്ട്.

ശ്രീ. രമേശ് ചെന്നിത്തല: ബഹുമാനപ്പെട്ട ചെയർ രണ്ടുഭാഗത്തുനിന്നും പറയരുത്.

മി. സ്പീക്കർ: ഉച്ചഭാഷിണി കൊടുക്കുകയോ അവരെ സഹായിക്കുകയോ ചെയ്യുന്നുണ്ടോ; ചെയറിന് എന്ത് ചെയ്യാൻ പറ്റും? സഭയിൽ പാലിക്കേണ്ട മര്യാദകൾ എല്ലാവരും പാലിക്കാതെ... (ബഹളം)... ശ്രീ. വി. ടി. ബൽറാം ഈ രീതി പലപ്പോഴും തുടരുന്ന ആളാണ്. അങ്ങ് അസഹിഷ്ണുതയോടെ പലപ്പോഴും കമന്റ് പറയുന്ന ആളാണ്. അങ്ങത് മറക്കേണ്ട.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഞങ്ങൾ ചെയറിന്റെ തീരുമാനത്തെയും അഭിപ്രായത്തെയും മാനിച്ചുകൊണ്ടാണ് ഇവിടെ ഇരിക്കുന്നത്. ഞങ്ങൾക്ക് objectionable ആയിട്ടുള്ള എന്തെല്ലാം കാര്യങ്ങൾ ശ്രീ. വി. എസ്. അച്യുതാനന്ദൻ പ്രസംഗിച്ചപ്പോൾ പറഞ്ഞു. ഞങ്ങൾ ആരെങ്കിലും ബഹളം ഉണ്ടാക്കിയോ? അങ്ങ് അപ്പുറത്തുള്ളവരെ നിയന്ത്രിക്കണം. ഇപ്പുറത്ത് കുഴപ്പമുണ്ടായപ്പോൾ ഞങ്ങൾ അത് നിയന്ത്രിച്ചു. പക്ഷേ അപ്പുറത്ത് കുഴപ്പമുണ്ടാകുമ്പോൾ അങ്ങ് അവരെ നിയന്ത്രിക്കാത്തതെന്ത്?

മി. സ്പീക്കർ: പേരെടുത്തുവിളിച്ച് ഇരിക്കണമെന്ന് ചെയർ പറയാറുണ്ട്. മൈക്ക് കൊടുക്കാറില്ല. പിന്നെ എന്ത് ചെയ്യാൻ പറ്റും? നിയമസഭാ നടപടിക്രമങ്ങളിൽ പാലിക്കേണ്ട മര്യാദ പാലിക്കാത്തവർ ഇത് ജനങ്ങൾ കാണുന്നുണ്ടെന്നുള്ളത് ഓർമ്മിച്ചാൽ മതി. നിരവധിതവണ ചെയർ ഇത് ആവശ്യപ്പെട്ടിട്ടുണ്ട്. ഒരുഭാഗം പ്രസംഗിക്കുമ്പോൾ സഹിഷ്ണുതയോടുകൂടി കേട്ടിരിക്കുകയും അതിന് മറുപടി പറയാനുള്ള അവസരം ലഭിക്കുമ്പോൾ അത് പറയുകയും ചെയ്യുകയെന്നുള്ളതാണ് സ്വീകരിക്കേണ്ട മര്യാദ.

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ ഈ ധനകാര്യബില്ലിനെ എതിർക്കുന്നു. ഇതിൽ ധാരാളം നികുതി നിർദ്ദേശങ്ങളുണ്ട്. സർക്കാർ കൊണ്ടുവരുന്ന എല്ലാ നികുതി നിർദ്ദേശങ്ങളേയും കണ്ണടച്ച് എതിർക്കുക എന്നുള്ള സമീപനമല്ല ഞങ്ങളുടേത്. ഈ ബജറ്റിൽ കൊണ്ടുവന്നിരിക്കുന്ന നികുതിനിർദ്ദേശങ്ങളുടെ ഭാഗമായി എട്ട് പ്രധാനപ്പെട്ട ആക്ടുകളാണ് ഇന്ന് ഭേദഗതി ചെയ്യുന്നത്. ബജറ്റിലുള്ള എല്ലാ നികുതി നിർദ്ദേശങ്ങളേയും എതിർക്കാതെ ജനങ്ങളെ ബാധിക്കുന്ന അശാസ്ത്രീയമായ ചില നികുതിനിർദ്ദേശങ്ങളെ മാത്രമാണ് ഞങ്ങൾ എതിർക്കുന്നത്.

ബജറ്റിൽ 248, 249, 250 എന്നീ ഖണ്ഡികകളിൽ ഗോതമ്പിനും ഗോതമ്പുൽപ്പന്നങ്ങൾക്കും ബസുമതി അരിക്കും വെളിച്ചെണ്ണയ്ക്കും 5 ശതമാനം നികുതി ഏർപ്പെടുത്തുന്നതിനുള്ള നിർദ്ദേശമുണ്ട്. അരി, ഗോതമ്പ്, പഞ്ചസാര തുടങ്ങിയവ പ്രധാനപ്പെട്ട ഭക്ഷ്യവസ്തുക്കളാണ്. നമ്മുടെ സംസ്ഥാനത്ത് ഇത്തരം

ഭക്ഷ്യവസ്തുക്കൾക്കോ അതിന്റെ ഉൽപ്പന്നങ്ങൾക്കോ നികുതി വർദ്ധിപ്പിച്ചാൽ അതുമായി ബന്ധപ്പെട്ട പതിമൂന്ന് നിത്യോപയോഗ സാധനങ്ങളുടെ കറസ്പോണ്ടിംഗായ വിലവർദ്ധനവിന് സാദ്ധ്യതയുണ്ട്. പല ഗവൺമെന്റുകളും ആദ്യം നികുതി പ്രഖ്യാപിക്കുമെങ്കിലും അരി, ഗോതമ്പ്, പഞ്ചസാര, വെളിച്ചെണ്ണ തുടങ്ങിയവയ്ക്ക് സാധാരണ പുതിയ നികുതികൾ കൊണ്ടുവരാറില്ല.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്) : സർ, അരി, ഗോതമ്പ്, ആട്ട എന്നല്ല പറയേണ്ടത്. പാക്കേജ്ഡായിട്ടുള്ള എം.ആർ.പി. വിലയുള്ള ഉൽപ്പന്നങ്ങൾ എന്നാണ്. ഇവിടെ എം.ആർ.പി. എന്നുപറയുന്നത് എല്ലാ നികുതിയും ഉൾപ്പെടെയുള്ള വിലയല്ലേ; ആ നികുതി സർക്കാരിന് കിട്ടേണ്ടതല്ലേ?

ശ്രീ. വി. ഡി. സതീശൻ: സർ, അതുകൊണ്ടാണ് ഞാൻ ബജറ്റിൽ പറഞ്ഞിരിക്കുന്നത് ശരിയല്ലെന്ന് പറഞ്ഞത്. ബജറ്റിൽ പറഞ്ഞിരിക്കുന്ന നികുതി കൊണ്ടുവന്നതിനുശേഷവും എം.ആർ.പി.യിൽ ആ സാധനങ്ങൾ വിൽക്കുന്നുണ്ടെങ്കിൽ അവർക്കെതിരെ നടപടിയെടുക്കേണ്ടതാണ്. സർക്കാരിൽ നികുതി അടയ്ക്കാത്തതിന്റെ പേരിൽ, പുതിയ നികുതിനിർദ്ദേശം കൊണ്ടുവരുന്ന ലോജിക്കിനെയാണ് ഞാൻ പ്രധാനമായും എതിർത്തത്.

ഈ ബജറ്റിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു വിഷയമായ ഭാഗപത്രം, ഒഴിമുറി, ദാനം, ധനനിശ്ചയം എന്നിവയ്ക്ക് 3 ശതമാനം സ്റ്റാമ്പ് ഡ്യൂട്ടി ഏർപ്പെടുത്താനുള്ള നീക്കത്തിനെതിരെയാണ് കോൺഗ്രസ്സിന്റെ നേതൃത്വത്തിലും യു.ഡി.എഫ്.ന്റെ നേതൃത്വത്തിലും സംസ്ഥാനതലം മുതൽ വില്ലേജുതലം വരെ സമരപരിപാടികൾ നടത്തിയത്. ഇത് കേരളത്തിലെ പാവപ്പെട്ടവരുടെയും സാധാരണക്കാരുടെയുമിടയിൽ ഗുരുതരമായ പ്രശ്നമുണ്ടാക്കിയിട്ടുണ്ട്. ഞങ്ങൾ ബജറ്റ് പ്രസംഗത്തിലുടനീളം ഇക്കാര്യത്തെക്കുറിച്ച് സൂചിപ്പിച്ചു. ബജറ്റ്പ്രസംഗത്തിന്റെ അവസാനം ഇത് പിൻവലിക്കുമെന്നാണ് കരുതിയത്. കഴിഞ്ഞ മൂന്നുനാല് മാസമായി, ബജറ്റ് വന്നതിനുശേഷം രജിസ്ട്രേഷൻ നടത്താതെ, ഭാഗംവയ്ക്കാൻ കഴിയാതെ, ഒഴിമുറി വയ്ക്കാൻ കഴിയാതെ, അതിന്റെ പേരിൽ ലോൺ എടുക്കാൻ കഴിയാതെ അനിശ്ചിതത്വത്തിലാണ് കേരളത്തിലെ നല്ലൊരു വിഭാഗം ജനങ്ങളും. ഇതിനുണ്ടാകുന്ന തീരുമാനം എന്താണെന്നറിയാൻ ആളുകൾ ആകാംക്ഷയോടെ കാത്തിരിക്കുകയാണ്. ഈ അനിശ്ചിതത്വം ബഹുമാനപ്പെട്ട മന്ത്രി ബജറ്റ് അവതരിപ്പിച്ച വേളയിൽത്തന്നെ ഒഴിവാക്കേണ്ടതായിരുന്നു. ഇത് ഒരു അശാസ്ത്രീയമായ നിർദ്ദേശമാണ്. സാധാരണക്കാരന്റെ തലയിൽ അമിതഭാരം കെട്ടിവയ്ക്കുന്ന ഒന്നാണിത്. കൗടില്യന്റെ അർത്ഥശാസ്ത്രത്തിൽ ഒരു ഭരണാധികാരി എങ്ങനെയാണ് നികുതി പിരിക്കേണ്ടതെന്ന് കൃത്യമായി പറഞ്ഞിട്ടുണ്ട്. ഒരു വണ്ട് പൂവിൽനിന്നും തേൻ നുകരുന്നതുപോലെയായിരിക്കണം ഒരു ഭരണാധികാരി നികുതി ശേഖരിക്കേണ്ടത്. പൂവുപോലും അറിയാതെ, പൂവിന് നോവാതെ, പൂവ് ഒന്ന് ചലിക്കുകപോലും

ചെയ്യാതെയാണ് വണ്ട് തേൻ നുകരുന്നത്. അതുപോലെ സാധാരണക്കാരന് ഒരു ഭാരമായി തോന്നാതെ, അവന് ഒരു പ്രയാസമുണ്ടാകാതെ വേണം നികുതി പിരിക്കേണ്ടത്. വണ്ട് തേൻ നുകരുന്നതായിട്ടാണ് കൗടില്യൻ അർത്ഥശാസ്ത്രത്തിൽ പറഞ്ഞിരിക്കുന്നതെങ്കിൽ, ജെ.സി.ബി. കൊണ്ട് ഒരു ചെടിയുടെ വേരോടുകൂടി പിഴുതെടുക്കുന്നതിന് തുല്യമായിട്ടാണ് ഇവിടെ സ്റ്റാമ്പ് ഡ്യൂട്ടി ഏർപ്പെടുത്തിയിരിക്കുന്നത്. അങ്ങയെപ്പോലുള്ള നീതിമാനായ ഒരു ഭരണാധികാരിക്ക് ചേർന്നതല്ല ഇത്. ചില മാറ്റങ്ങൾ വരുത്തുമെന്ന് അങ്ങ് ആമുഖമായി പറഞ്ഞു. സ്റ്റാമ്പ് ഡ്യൂട്ടി പൂർണ്ണമായി ഒഴിവാക്കി, മുമ്പുള്ളതുപോലെ ആക്കണമെന്ന് വിനയപുരസ്സരം ഞാൻ അഭ്യർത്ഥിക്കുകയാണ്.

വിലയാധാരങ്ങളുടെ കാര്യത്തിൽ (8+2) 10 ശതമാനമാണ് നികുതി. 8 ശതമാനം മുദ്രപ്പത്രത്തിന്റേതാണ്. ഇതിന് പറഞ്ഞിരിക്കുന്ന ന്യായമെന്താണ്? മുദ്രപ്പത്രത്തിന്റെ വിലകൾ കുറച്ചുവെങ്കിലും ന്യായവിലയിൽ കാലോചിതമായ വർദ്ധനവ് നടത്താനായില്ല എന്നാണ്. ഫെയർ വാല്യൂവിന്റെ 50 ശതമാനം വർദ്ധിപ്പിച്ചില്ലേ; ന്യായവില വർദ്ധിപ്പിച്ചില്ലായെന്ന് ബജറ്റിൽ അങ്ങ് എന്ത് ആധികാരികമാക്കിയിട്ടാണ് എഴുതിയത്. നേരത്തേയുണ്ടായിരുന്ന ഫെയർവാല്യൂ 50 ശതമാനം വർദ്ധിപ്പിച്ചത് ഖജനാവിന് കനത്ത റവന്യൂ നഷ്ടമാണ് ഉണ്ടാക്കി യിരിക്കുന്നതെന്നാണ് സൂചിപ്പിച്ചിരിക്കുന്നത്. രാജ്യത്ത് ഏറ്റവും കൂടുതൽ സ്റ്റാമ്പ് ഡ്യൂട്ടി വാങ്ങുന്ന സംസ്ഥാനമായി കേരളം മാറുകയാണ്. ഇപ്പോൾ മാത്രമല്ല, ഇത് മുൻ ഗവൺമെന്റിന്റെ കാലത്താണെങ്കിലും. അതുകൊണ്ട് സ്റ്റാമ്പ് ഡ്യൂട്ടിയുടേയും രജിസ്ട്രേഷൻ ഫീസിന്റെയും കാര്യത്തിൽ വളരെ ശാസ്ത്രീയമായ സമീപനവും ഏകീകരണവും ആവശ്യമാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് കൊണ്ടുവന്ന സ്റ്റാമ്പ് ഡ്യൂട്ടിയിലെ ചില നികുതി നിർദ്ദേശങ്ങളൊന്നും ശാസ്ത്രീയമായ നികുതി നിർദ്ദേശങ്ങളായിരുന്നില്ല. എനിക്ക് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോട് നിർദ്ദേശിക്കാനുള്ളത്, അങ്ങ് ഇതിനെക്കുറിച്ച് പരിശോധിക്കണം. കേരളത്തിന്റെ സാമൂഹിക പശ്ചാത്തലംകൂടി നോക്കണം. കേരളം ഉയർന്ന ജനസാന്ദ്രതയുള്ള ഒരു സംസ്ഥാനമാണ്. ഒരു തുണ്ട് ഭൂമിയോ കിടപ്പാടമോ ഇല്ലാത്ത രണ്ടര ലക്ഷത്തോളം ആളുകൾ കേരളത്തിലുണ്ട്. വലിയ വില്ലകളും, കെട്ടിടങ്ങളും വരുമ്പോൾ സാധാരണക്കാരന് വീടുവയ്ക്കാൻ ഒരു തുണ്ട് ഭൂമി നൽകുന്നതിനുള്ള സാദ്ധ്യതകൾ ഇല്ലാതായി കൊണ്ടിരിക്കുകയാണ്. മൾട്ടിറൈസ്ഡ് ബിൽഡിംഗുകളാണ് കേരളത്തിൽ ഏറ്റവും കൂടുതൽ വരേണ്ടത്. സ്റ്റാൻഡേർഡ് ഫ്ലാറ്റുകൾ വരണം. ഒരു സിംഗിൾ റൂം ഫ്ലാറ്റ്, ഡബിൾ റൂം ഫ്ലാറ്റ് ഒക്കെ ഇവിടത്തെ പാവപ്പെട്ടവനോ ഇടത്തരക്കാരനോ വാങ്ങാൻ കഴിയുമോ? കേരളത്തിൽ ഒരു ഫ്ലാറ്റ് വാങ്ങുന്നതിനേക്കാൾ എളുപ്പം ബാംഗ്ലൂരിലോ ഡൽഹിയിലോ ബോംബെയിലോ ഒരു ഫ്ലാറ്റ് വാങ്ങുന്നതാണ്. ഇവിടെ എത്രമാത്രം നികുതി ഭാരമാണ് ഫ്ലാറ്റ് വാങ്ങുന്ന ഒരു ഉപഭോക്താവിന്റെ തലയിൽ കെട്ടിവയ്ക്കുന്നത്.

സാധാരണ എല്ലാ ബിൽഡർമാരും ഇവിടെ അവർക്ക് സ്വന്തമായി സ്ഥലമില്ലാത്തതു കൊണ്ട് ലാന്റ് ലോഡുമായി ഒരു പവർ ഓഫ് അറ്റോർണിയിൽ എഗ്രിമെന്റ് വച്ചിട്ടാണ് ബിൽഡിംഗിന്റെ നിർമ്മാണം തുടങ്ങുന്നത്. അത് കൺവേയൻസ് അല്ലല്ലോ? ഒരു പവർ ഓഫ് അറ്റോർണി വയ്ക്കുമ്പോൾ സെയിൽ ഡീഡിന് തുല്യമായ കൺവേയൻസ് അല്ല നടക്കുന്നത്. അത് താൽക്കാലികമായ ഒരു സംവിധാനം മാത്രമാണ്. Developer is not transferring the property, but only holding the power for the purpose of development. ഇപ്പോൾ 10 ശതമാനം നികുതി കൊടുക്കേണ്ട സ്ഥിതിയാണ്. എല്ലാ സ്റ്റേറ്റിലും അത് ഒരു ശതമാനമാണ്. ബിനാമിയായിട്ടുള്ളതും ഫ്രാഡുലെന്റുമായിട്ടുള്ള വിൽപ്പനകൾ തടയുന്നതിനുവേണ്ടി അത് നിലനിർത്തണം. ഇപ്പോൾ എന്താണ് സ്ഥിതി? കേരളത്തിൽ പവർ ഓഫ് അറ്റോർണി ആരെങ്കിലും റെയ്സ് ചെയ്യുന്നുണ്ടോ? എന്തെങ്കിലുമൊരു വരുമാനം അതിൽ നിന്നുമുണ്ടാകുന്നുണ്ടോ? ഒന്നും കൊടുക്കണ്ടായെന്ന് ഞാൻ പറയുന്നില്ല. ഒന്നുകിൽ ഒരു ശതമാനം അല്ലെങ്കിൽ ക്യാപ്പുള്ള/സീലിംഗുള്ള ഒരു തുക വയ്ക്കണം. ഒരു വരുമാനവും നമ്മുടെ സംസ്ഥാനത്തിന് അതിൽനിന്നും ലഭിക്കുന്നില്ല. കൺവേയൻസിന് തുല്യമായ സ്റ്റാമ്പ് ഡ്യൂട്ടി പവർ ഓഫ് അറ്റോർണിക്ക് കൊടുക്കണമെന്നുവന്നപ്പോൾ പവർ ഓഫ് അറ്റോർണി കേരളത്തിൽ ആരും റെയ്സ് ചെയ്യുന്നില്ല. യഥാർത്ഥത്തിൽ സംസ്ഥാനഖജനാവിന് വരുമാനം നഷ്ടപ്പെടുകയാണ്. പവർ ഓഫ് അറ്റോർണിക്കു ശേഷമുള്ളത് Stamp duty on agreements for conveyance. ഒരു തീറാധാരം നടത്തുന്നതിനുമുമ്പുള്ള എഗ്രിമെന്റ് വയ്ക്കണമെങ്കിൽ അതിലും ഈ കൺവേയൻസിന് തുല്യമായ നികുതിയാണ് വീണ്ടും ഈടാക്കുന്നത്. എന്തു നീതിയാണിത്. ആ എഗ്രിമെന്റ് നടപ്പാകാതെ പോയാലോ? അങ്ങനെവന്നാൽ പിന്നെവരുന്ന എഗ്രിമെന്റിൽ ആ തുക അഡ്ജസ്റ്റ് ചെയ്യാൻ പറ്റുമോ? അഡ്ജസ്റ്റ് ചെയ്യാൻ പറ്റില്ല. അയാൾ വീണ്ടും 8 ശതമാനം അല്ലെങ്കിൽ 10 ശതമാനം സ്റ്റാമ്പ് ഡ്യൂട്ടി കൊടുക്കേണ്ട സ്ഥിതിയിലേയ്ക്കാണ് പോകുന്നത്. പല എഗ്രിമെന്റുകളും കേരളത്തിൽ നടപ്പാകാറില്ല. ഒരു പ്രാവശ്യം കൊടുക്കുന്ന പണം പോസ്റ്റാഫീസിലിട്ടതു പോലെയാണ്. വിൽപ്പനയ്ക്കു വേണ്ടി വീണ്ടും എഗ്രിമെന്റ് വയ്ക്കണം. അതുപോലെ ജോയിന്റ് ഡെവലപ്മെന്റ് എഗ്രിമെന്റ് വച്ചാൽ, fare value of the land plus total cost of the project, ഇത് രണ്ടിന്റെയും തുക കണക്കാക്കി, അതിന്റെ 10 ശതമാനം, അതായത് equivalent to the conveyance. ഇത് കണക്കാക്കി വീണ്ടും 10 ശതമാനം നികുതി കൊടുക്കുകയാണ്. ജോയിന്റ് ഡെവലപ്മെന്റ് എഗ്രിമെന്റ് കേരളത്തിൽ ആരും റെയ്സ് ചെയ്യുന്നില്ല. ഇതിൽ നിന്നും ഒരു വരുമാനവും സംസ്ഥാന സർക്കാരിന് കിട്ടുന്നില്ല. ഇതെല്ലാം രേഖയിൽ ബജറ്റ് നിർദ്ദേശങ്ങളായി കിടക്കുകയാണ്. ഒരു രൂപയുടെ വരുമാനംപോലും ഇതിൽ നിന്നും ലഭ്യമാകുന്നില്ല. മറ്റു സംസ്ഥാനങ്ങളിൽ ജോയിന്റ് ഡെവലപ്മെന്റ് എഗ്രിമെന്റ് വയ്ക്കണമെങ്കിൽ മാക്സിമം 5 ലക്ഷം രൂപ

ക്യാപ്പ് വച്ചിരിക്കുകയാണ്. ഇവിടത്തെ സ്ഥിതിയെന്താണ്; ഒരു ഫ്ലാറ്റ് പണിയുമ്പോൾ ആദ്യം പവർ ഓഫ് അറ്റോർണി വയ്ക്കണമെങ്കിൽ 8 ശതമാനമാണ് സ്റ്റാമ്പ് ഡ്യൂട്ടി. എഗ്രിമെന്റ് ഫോർ കൺവേയൻസിന് 10 ശതമാനം സ്റ്റാമ്പ് ഡ്യൂട്ടി. ജോയിന്റ് എഗ്രിമെന്റ് വയ്ക്കണമെങ്കിൽ 10 ശതമാനം നികുതി. അഡ്വാൻസ് കൊടുക്കുകയാണെങ്കിൽ ആ അഡ്വാൻസിന്റെ 2 ശതമാനമാണ് നികുതി. പിന്നീടാണ് സെയിൽ ഡീഡ്. ഒരു ഫ്ലാറ്റ് നിർമ്മിച്ച് അൺഡിവൈഡഡ് ഷെയർ കൊടുക്കുകയാണെങ്കിൽ അതിന്റെ 10 ശതമാനം നികുതി കൊടുക്കണം. കൺസ്ട്രക്ഷൻ കോസ്റ്റ് ഓഫ് ദ ബിൽഡിംഗിനും കൊടുക്കണം 10 ശതമാനം നികുതി. കൂടാതെ ലാന്റിനും നികുതി കൊടുക്കണം. സ്വന്തമായി ഫ്ലാറ്റ് പണിയുന്ന ആൾ കൊടുക്കുന്നതിനേക്കാൾ കൂടുതൽ തുക ഇത്തരത്തിൽ ഫ്ലാറ്റ് പണിയുന്നവർ കൊടുക്കണം. സെൻട്രൽ ഗവൺമെന്റിന്റെ സർവ്വീസ് ടാക്സും വാറ്റും ചേർന്ന് 10 ശതമാനം നികുതിവരും. അപ്പോൾ എത്ര ടാക്സ് ആയി. ഇതിന്റെയെല്ലാം പരിണിതഫലം ആരാണ് അനുഭവിക്കുന്നത്; ഒരു ഫ്ലാറ്റ് വാങ്ങാൻ പോകുന്ന സാധാരണക്കാരനായ ഒരാൾക്കാണ് ഇതിന്റെ ബുദ്ധിമുട്ടുണ്ടാകുന്നത്. സാധാരണക്കാർക്ക് അപ്രാപ്യമായ നിലയിലേക്ക് കേരളം പോകുന്നു. കേരളംപോലെ ഇത്രയും ജനസാന്ദ്രതയുള്ള ഒരു സംസ്ഥാനത്ത് ഇതുമായി ബന്ധപ്പെട്ട സ്റ്റാമ്പ് ഡ്യൂട്ടികൾ ശാസ്ത്രീയമായി ഏകീകരിക്കുന്നതിനുള്ള നടപടികൾ അങ്ങ് സ്വീകരിക്കണം. മാത്രമല്ല വാറ്റ് പ്രിൻസിപ്പിളിന് എതിരാണിത്. cascading effect ആണ് ഉണ്ടാക്കുന്നത്. ഡബിൾ ടാക്സേഷനാണ് വരുന്നത്. അതിന്റെ അടിസ്ഥാനതത്വത്തിന് എതിരായുള്ള ധാരാളം നികുതിനിർദ്ദേശങ്ങളുണ്ട്. ഇതൊന്നും വാങ്ങരുത്, സംസ്ഥാന സർക്കാരിന് വരുമാനം വേണ്ട എന്നല്ല ഞാൻ നിർദ്ദേശിക്കുന്നത്. ഇവിടെയൊക്കെ ശാസ്ത്രീയമായി ഏകീകരിച്ചുകൊണ്ടുള്ള നിലപാടുകൾ എടുക്കേണ്ടതുണ്ട്. അതുപോലെതന്നെ വാറ്റ് സെക്ഷൻ 6 (1), 6(2) എന്നിവ പ്രകാരമാണ് normal dealer pay ചെയ്യുന്നത്. സെക്ഷൻ 6(5) presumptive dealer ആണ്. അതായത് അനുമാന നികുതി കൊടുക്കുന്ന ആളാണ്.

മി. സ്പീക്കർ: ബഹളം കാരണം അങ്ങേയ്ക്ക് 2 മിനിട്ട് നഷ്ടപ്പെട്ടു. ഞാൻ മൂന്ന് മിനിട്ട് തരികയും ചെയ്തു. ആ മൂന്നുമിനിട്ടും കഴിഞ്ഞു.

ശ്രീ. വി. ഡി. സതീശൻ: സർ, ഒരു മിനിട്ടുകൊണ്ട് നിർത്താം. 20 ലക്ഷം രൂപയ്ക്കും 60 ലക്ഷം രൂപയ്ക്കും ഇടയിൽ വിറ്റുവരവുള്ള ആളുകൾക്ക് presumptive tax അടയ്ക്കേണ്ടിവരുന്നുണ്ട്. അങ്ങ് ആംനസ്റ്റി സ്കീം പ്രഖ്യാപിച്ചിട്ടുണ്ട്. 20 ലക്ഷം രൂപയ്ക്കും 60 ലക്ഷം രൂപയ്ക്കും ഇടയിൽ കച്ചവടം നടത്തുന്നവർക്കുവേണ്ടിയാണ് ആംനസ്റ്റി സ്കീം പ്രഖ്യാപിച്ചിട്ടുള്ളത്. എന്റെ നിയോജകമണ്ഡലത്തിലെ പറവൂർ മാർക്കറ്റിൽ ചായപ്പൊടിക്കച്ചവടക്കാരന് ആംനസ്റ്റി സ്കീം വച്ച് 16 ലക്ഷം രൂപയുടെ

അസസ്മെന്റാണ് ലഭിച്ചിരിക്കുന്നത്. 60 ലക്ഷം രൂപയുടെ ടേൺ ഓവറിനുതാഴെയുള്ള ചായപ്പൊടിക്കച്ചവടക്കാരനാണ്. 0.5% ടാക്സ് വാങ്ങുന്ന ആളാണ്. അയാൾ ചെയ്ത തെറ്റ് എന്തെന്നുപറഞ്ഞാൽ ഒരു മാസത്തെയോ രണ്ടുമാസത്തെയോ അക്കൗണ്ട് ഉൾപ്പെടുത്തിയിട്ടില്ല എന്നതാണ്. അയാൾ പർച്ചേസ് ടാക്സ് അടച്ചിട്ടുണ്ട്. അയാൾക്ക് കൊടുത്തിരിക്കുന്നത് 16 ലക്ഷം രൂപയുടെ അസസ്മെന്റാണ്. മന്ത്രിയുടെ നാട്ടിലെ കോട്ടപ്പുറം മാർക്കറ്റിൽ ഒരു സ്റ്റേഷനറി ഷോപ്പുകാരന് ലഭിച്ചിരിക്കുന്നത് 3 കോടിരൂപയുടെ അസസ്മെന്റാണ്. ആകെ അയാളുടെ അസെറ്റ് 65 ലക്ഷം രൂപ മാത്രമേയുള്ളൂ. ആലുവയ്ക്കടുത്തുള്ള ഒരു വില്ലേജിലെ ഹാർഡ്‌വെയർ ഷോപ്പുകാരന് ലഭിച്ചിരിക്കുന്നത് ഒരു കോടിരൂപയുടെ അസസ്മെന്റാണ്. വാറ്റ് കൊടുത്ത് വാങ്ങിയത് മന്ത്‌ലി റിട്ടേണിലോ അക്കൗണ്ടിലോ ഉൾപ്പെടുത്തിയിട്ടില്ല. അല്ലെങ്കിൽ ചെറുതായി പരിധിവിട്ടു. ഇത് ആൾറെഡിതന്നെ KVATIS-ൽ വന്നിട്ടുണ്ട്. വാറ്റ് ഇൻഫർമേഷൻ സിസ്റ്റത്തിൽ അവർ വാങ്ങിച്ച സ്ഥലത്തെ ടാക്സ് ആൾറെഡി വന്നിട്ടുണ്ട്. അങ്ങനെയുള്ള ആളുകൾക്കെതിരായി ഇങ്ങനെ ചെയ്യുന്നത് ശരിയാണോ; സാധാരണക്കാരെ ഇങ്ങനെ പ്രയാസപ്പെടുത്തുന്ന തരത്തിലുള്ള പരിപാടികൾ അവസാനിപ്പിക്കണം. ജി.എസ്.ടി. നടപ്പിൽ വരുത്തുന്നതിനുമുമ്പ് പെൻഡിംഗ് കേസ്സുകളിൽ പലിശ ഒഴിവാക്കിക്കൊണ്ട് വൺടൈം സെറ്റിൽമെന്റ് നടത്തണം. ഞാൻ അവസാനിപ്പിക്കുകയാണ്. കാളിദാസൻ രഘുവംശത്തിൽ പറയുന്നത് 'ഒരു ഭരണകൂടം നികുതി പിരിക്കുമ്പോൾ ഒരു സമുദ്രത്തിലെ ജലം സൂര്യൻ സ്വാംശീകരിച്ച് പിന്നീടത് മഴയാക്കി പെയ്ത് മണ്ണിനെ ഫലഭൂയിഷ്ഠമാക്കുന്നതുപോലെ വേണമെന്നാണ്.' സാധാരണക്കാരിൽ നിന്നും പിരിക്കുന്ന നികുതി സാധാരണക്കാർക്ക് ഗുണകരമായ രീതിയിൽ മഴയായി പെയ്തിറങ്ങി ഈ ഭൂമിയെ ഫലഭൂയിഷ്ഠമാക്കണം. നടപടി ക്രമങ്ങളിൽ സാധാരണക്കാരനെ ഇങ്ങനെ പീഡിപ്പിക്കുന്ന നടപടികൾ ഉണ്ടെങ്കിൽ അങ്ങ് അത് ഒഴിവാക്കാൻ ശ്രദ്ധിക്കണം എന്നുകൂടി അഭ്യർത്ഥിച്ചുകൊണ്ട് ഈ നിർദ്ദേശങ്ങൾ പിൻവലിക്കുന്നതുവരെ ഈ ധനകാര്യബില്ലിലെ നിർദ്ദേശങ്ങളെ ഞാൻ എതിർക്കുന്നു.

ശ്രീമതി ഇ. എസ്. ബിജിമോൾ: സർ, ഞാൻ ഈ ധനകാര്യബില്ലിനെ അനുകൂലിക്കുകയാണ്. 1985-ലെ താൽക്കാലിക റവന്യൂ പിരിച്ചെടുക്കൽ ആക്ട് പ്രകാരമുള്ള പ്രഖ്യാപനമാണ് ഇവിടെ വന്നിട്ടുള്ളത്. അവതരിപ്പിച്ച തീയതി മുതൽ പ്രാബല്യമുണ്ടായിരിക്കുമെന്നുപറഞ്ഞാണ് ഈ ബിൽ തുടങ്ങുന്നത്. ബഹുമാനപ്പെട്ട വി.ഡി. സതീശൻ പ്രകടിപ്പിച്ച ഉത്കണ്ഠ അവസാനിപ്പിക്കാൻ കഴിയുമെന്നാണ് ഞാൻ വിചാരിക്കുന്നത്. മുൻകാലപ്രാബല്യം ഉണ്ടാകുന്നില്ലെങ്കിൽ ആളുകൾക്ക് ഇപ്പോൾ കൊടുത്തിരിക്കുന്ന നോട്ടീസിന്റെ അടിസ്ഥാനത്തിൽ അവരുടെ ലിമിറ്റിനകത്ത് നിന്നുകൊണ്ടുള്ള പേമെന്റിലേക്ക് പോകാൻ കഴിയും. ഈ ബിൽ വരുന്നതോടുകൂടി

ഏകദേശം 8 നിയമങ്ങൾ ഭേദഗതി ചെയ്യപ്പെടുകയാണ്. ആ ഭേദഗതിയാണ് ഈ ബിൽ പ്രധാനമായും ടാർഗറ്റ് ചെയ്യുന്നത്. അതിൽ കാർഷികാദായ നികുതി, മൂല്യ വർദ്ധിത നികുതി ആക്ട് അടക്കമുള്ള എട്ടോളം ആക്ടുകളിൽ ഗൗരവതരമായ ഭേദഗതികളുണ്ടാകുന്നുണ്ട്. അതിൽ ആഡംബര നികുതിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങളും ഫ്ലാറ്റുമായി ബന്ധപ്പെട്ട വിഷയങ്ങളുമുണ്ട്. എന്റെ കയ്യിൽ പണമുള്ളതുകൊണ്ട് ഞാൻ വീട് നിർമ്മിച്ച് പൂട്ടിയിടുന്നു എന്നുപറഞ്ഞ് ആർഭാടം കാണിക്കുന്ന ആളുകളുടെ പേരിൽ ഗവൺമെന്റ് നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. ലക്ഷക്കണക്കിന് വീടുകളാണ് ഇത്തരത്തിൽ നിർമ്മിച്ച് കാലിയാക്കിയിട്ടിരിക്കുന്നത് എന്ന കാര്യം സർക്കാർ ഗൗരവമായി കാണണം. എന്റെ കയ്യിൽ പണമുണ്ട്, ഞാൻ വീട് നിർമ്മിക്കുന്നു, എനിക്ക് ഇഷ്ടമുള്ളത് ചെയ്യുന്നു. അത്തരം നിലപാടുകൾ സ്വീകരിക്കുന്നവരുടെ മേൽ സംസ്ഥാന സർക്കാരിന് ഇടപെടാൻ കഴിയും. അക്കാര്യത്തിൽ ഗവൺമെന്റ് ഗൗരവതരമായ ഇടപെടൽ നടത്തണമെന്നാണ് ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ളത്.

മറ്റൊന്ന്, ഹരിത നികുതിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങളാണ്. ഹരിത നികുതിയുമായി ബന്ധപ്പെട്ട് ഒട്ടനവധി വിഷയങ്ങൾ ചർച്ചചെയ്യപ്പെടേണ്ടതുണ്ട്. പാരിസ്ഥിതിക മാറ്റവുമായി ബന്ധപ്പെട്ട് ലോകവ്യാപകമായി ഗൗരവതരമായ ചർച്ചകൾ ഉയർന്നുവരുമ്പോൾ അർഹതപ്പെട്ടത് വാങ്ങിയെടുക്കാൻ പലപ്പോഴും നമുക്ക് കഴിയുന്നില്ല. അതിന് ഏറ്റവും വലിയ ഉദാഹരണമാണ് ഗ്രീൻ ക്ലൈമറ്റ് ഫണ്ട്. വിദേശ രാജ്യങ്ങളിൽനിന്ന് നമ്മുടെ രാജ്യത്തേക്ക് ഫണ്ട് എത്തുന്നതുമായി ബന്ധപ്പെട്ട് വ്യത്യസ്ത അഭിപ്രായങ്ങളും ചർച്ചകളും നമ്മളെത്തന്നെ ആകാംക്ഷയിലാക്കുന്ന സന്ദർഭങ്ങളുമൊക്കെ ഉണ്ടായിട്ടുണ്ട്. ആശയങ്ങൾ വരുന്നതിലല്ല, ആശയങ്ങൾ അവതരിപ്പിക്കപ്പെടുന്ന രീതിയിൽ, ആ ആശയങ്ങളുമായി ബന്ധപ്പെട്ട് ആളുകൾക്കുണ്ടാകുന്ന ഉത്കണ്ഠകൾ പരിഹരിക്കുന്നതിൽ ഗവൺമെന്റുകൾ നടത്തുന്ന ഇടപെടലുകളാണ് ആളുകളുടെ ആശങ്ക വർദ്ധിപ്പിക്കുകയും വലിയ പ്രശ്നങ്ങളിലേക്ക് ചെന്നെത്തുകയും ചെയ്യുന്നത്. ഇടുക്കി ജില്ലയിലെ സ്റ്റേറ്റ് (ലാന്റ്) ഹോൾഡേഴ്സിന്റെ ബന്ധപ്പെട്ട ആളുകൾ വിളിച്ചുകൂട്ടിയ മീറ്റിംഗിൽ ഇടുക്കിക്ക് ലഭിച്ചിട്ടുള്ള 268 കോടി രൂപയുടെ HRML (High Range Mountain Landscape) ഫണ്ട് അവിടെ ചെലവഴിക്കേണ്ടതില്ലെന്ന് തീരുമാനമെടുത്തു. അത്രമാത്രം ആശങ്കയാണ്. ഇതിന്റെ അവസാന ലക്ഷ്യമെന്നു പറയുന്നത് ടൈഗർ കോറിഡോറാണെന്ന് പറയുന്നതോടുകൂടി HRML എന്ന പ്രോജക്ട് എത്ര ആകർഷകമാണെങ്കിൽപ്പോലും അവിടെ നടപ്പാക്കാൻ കഴിയാത്ത സാഹചര്യങ്ങളുണ്ടാകുന്നു. പരിസ്ഥിതി സംരക്ഷിക്കപ്പെടേണ്ടതാണെന്ന കാര്യത്തിൽ ഒരു തർക്കവുമില്ല. പശ്ചിമഘട്ടം സംരക്ഷിക്കപ്പെടേണ്ടതാണ്. നമുക്ക് അവകാശപ്പെട്ട ഗ്രീൻ ക്ലൈമറ്റ് ഫണ്ട് അടക്കമുള്ള സംവിധാനങ്ങൾ വാങ്ങിയെടുക്കേണ്ടതാണ്.

ഈ ഫണ്ടുവിനിയോഗിച്ചുകൊണ്ട് നമ്മുടെ സംസ്ഥാനത്ത് പദ്ധതികൾ നടപ്പാക്കാൻ കഴിയുമോ എന്ന കാര്യത്തിൽ, ആശങ്കയ്ക്ക് ഇടനൽകാത്തവിധം ആളുകളെ വിശ്വാസത്തിലെടുത്തുകൊണ്ട് തീരുമാനമെടുക്കണം. ഭൂപ്രശ്നങ്ങളുമായി ബന്ധപ്പെട്ട നിരവധി വിഷയങ്ങൾ ഇടുക്കി ജില്ലയിലുണ്ട്. ഈ നിയമസഭാ സമ്മേളനം ആരംഭിച്ചതിനുശേഷം ഇടുക്കി ജില്ലയിൽ നിന്നുള്ള രണ്ട് എം.എൽ.എ.മാർ - ബഹുമാന്യനായ എം.എം.മണി, എസ്. രാജേന്ദ്രൻ എന്നിവർ ശ്രദ്ധ ക്ഷണിക്കൽ പ്രമേയം കൊണ്ടുവന്നു. ശ്രീ. റോഷി അഗസ്റ്റിൻ സബ്മിഷൻ അവതരിപ്പിച്ചു. റൂൾ 64 പ്രകാരം ഈ സംസ്ഥാനത്ത് ആർക്ക് പട്ടയം ലഭിച്ചാലും ആ പട്ടയപ്രകാരം തിരുവനന്തപുരത്താണെങ്കിലും ഇടുക്കിയിലാണെങ്കിലും ഒരേഅവകാശമാണെന്നിരിക്കെ, ഇടുക്കിയിലുള്ളവരുടെ ചില അവകാശങ്ങൾ നിഷേധിക്കുകയും സംസ്ഥാനത്തെ മറ്റ് ജില്ലകളിൽ റൂൾ 64 മറ്റൊരു തരത്തിൽ നടപ്പിലാക്കാൻ ശ്രമിക്കുകയും ചെയ്യുമ്പോൾ രണ്ടുതരം നീതി നടപ്പാക്കുന്നുവെന്ന ഒരു വിവേചനം തങ്ങൾക്കുണ്ടാകുന്നുവെന്നൊരു തോന്നലിൽ ആളുകൾ തെരുവിലേയ്ക്ക് ഇറങ്ങുകയും ചെയ്യുന്ന സാഹചര്യമുണ്ടാകുന്നുണ്ട്. റൂൾ 64, റൂൾ 93 എന്നീ അമെന്റ്മെന്റുകൾ കൊണ്ടുവന്നു. ഇപ്പോൾ കെ.എം. മാണി കൊണ്ടുവന്ന ധനകാര്യബില്ലിൽ ആവശ്യമാണെന്ന് ഞാൻ കരുതുന്നില്ല. നിലം നികത്തലുമായി ബന്ധപ്പെട്ട് അദ്ദേഹം കൊണ്ടുവന്ന ഫിനാൻസ് മെമ്മോറാണ്ടം ക്യാബിനറ്റ് റദ്ദ് ചെയ്തു. പകരം ഒരു സംവിധാനം അടിയന്തരമായി കൊണ്ടുവരേണ്ടതുണ്ട്. ഫിനാൻസ് മെമ്മോറാണ്ടം വന്നതോടുകൂടി ആളുകൾ കടുത്ത ആശങ്കയിലായി. മൂന്ന് സെന്റ് സ്ഥലം സ്വന്തമായുള്ള ഒരാൾക്ക് വീടുവയ്ക്കണമെങ്കിൽ, നിലം എന്ന ഒരൊറ്റ കാരണത്താൽ മാർക്കറ്റ് വിലയുടെ 25 ശതമാനം അടച്ചെങ്കിൽ മാത്രമേ അവർക്ക് വീട് വയ്ക്കാൻ കഴിയൂ എന്ന ദുഃസ്ഥിതിയിലേക്ക് കാര്യങ്ങൾ വന്നിരിക്കുകയാണ്. ഐ.എ.വൈ, മറ്റ് ഭവന നിർമ്മാണ പദ്ധതികൾവഴി സൗജന്യമായി കിട്ടുന്ന ആളുകൾക്കുപോലും അവർക്ക് കിട്ടുന്ന സൗജന്യ പണത്തെക്കാൾ കൂടുതൽ, 25 ശതമാനം അധികത്തുക അടയ്ക്കേണ്ടിവന്ന സാഹചര്യത്തിലാണ് ജനങ്ങൾ അതിനോട് വ്യാപകമായ എതിർപ്പ് പ്രകടിപ്പിച്ചത്. ഏതാണ്ട് 56 അപേക്ഷ കിട്ടിയതിൽ 52 അപേക്ഷകൾ ന്യായീകരിക്കപ്പെട്ടു. മൂന്നോ നാലോ അപേക്ഷകൾ മാത്രമാണ് പെന്റിംഗിൽ നിൽക്കുന്നത്. ഒരുവശത്ത് ചില വൻകിട ആളുകൾക്ക് അതിന്റെ ഗുണമുണ്ടാകുമ്പോൾ അതുമായി ബന്ധപ്പെട്ട മറ്റുചിലയാളുകൾ,പ്രത്യേകിച്ച് ദരിദ്രർ അനുഭവിക്കേണ്ടിവരുന്ന ഗതികേടിനെ ഒരിക്കലും ന്യായീകരിക്കാൻ നമുക്ക് കഴിയില്ല. അത്തരം വിഷയങ്ങളെ സംബന്ധിച്ചിടത്തോളം ഈ ഗവൺമെന്റ് എടുക്കുന്ന സമീപനങ്ങളെ അഭിനന്ദിക്കുകയാണ്. അധികാരത്തിൽവന്ന് 100 ദിവസങ്ങൾകൊണ്ട് ഒരു ഗവൺമെന്റിന് ചെയ്യാൻ കഴിയുന്ന പരമാവധി കാര്യങ്ങൾ ഈ ഗവൺമെന്റ് ചെയ്തു. അതിനെ ഞാൻ അഭിനന്ദിക്കുകയാണ്. പെൻഷനുകൾ കൊടുത്തുതീർത്തതടക്കം ഒട്ടനവധി വിഷയങ്ങളിൽ സംസ്ഥാന സർക്കാർ മാതൃകാപരമായ

പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുന്നു. ഗവൺമെന്റ് ജനങ്ങളുടെമേൽ വലിയ നികുതിഭാരം ചുമത്തുന്നുവെന്ന അഭിപ്രായമൊന്നും ഞങ്ങൾക്കില്ല. കിഫ്ബി അടക്കം അങ്ങ് ഇവിടെ പ്രഖ്യാപിച്ച പദ്ധതികൾ വഴി ഇൻഫ്രാസ്ട്രക്ചർ മേഖലയിൽ നടത്താൻ പോകുന്ന ഇൻവെസ്റ്റ്മെന്റിനെ സംബന്ധിച്ച് ഏറെ പ്രതീക്ഷയോടു കൂടിയാണ് കേരളത്തിലെ ജനങ്ങൾ കാണുന്നത്. അവരുടെ പ്രതിനിധികളായി നിയമസഭയിൽ ഇരിക്കുന്ന 141 എം.എൽ.എ.മാരും ഏറെ പ്രതീക്ഷയോടു കൂടിയാണ് അങ്ങയുടെ പ്രവർത്തനങ്ങളെ നോക്കിക്കാണുന്നത്. കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഗുണങ്ങൾ ഇവിടെ ഉണ്ടാക്കിയെടുക്കാൻ പലപ്പോഴും നമുക്ക് കഴിയുന്നില്ല. അതിൽ പ്രധാനപ്പെട്ട ഒന്നാണ് പി.എം.കെ.എസ്.വൈ. പദ്ധതി. ഏകദേശം ആറോളം ഡിപ്പാർട്ട്മെന്റുകളെ ഏകോപിപ്പിച്ച് നമ്മുടെ സംസ്ഥാനത്തേയ്ക്ക് കേന്ദ്ര ഗവൺമെന്റിന്റെ ഫണ്ട് കൊണ്ടുവരാമെന്നിരിക്കെ, സമയബന്ധിതമായി പ്രൊപ്പോസലുകൾ കൊടുക്കുന്ന കാര്യത്തിൽ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും ക്രിയാത്മകമായ ഇടപെടൽ ഉണ്ടാകാത്തതുമൂലം പി.എം.കെ.എസ്.വൈ. ഫണ്ട് പലപ്പോഴും നമുക്ക് ലഭ്യമാകാതെ പോയിട്ടുണ്ട്. രാജ്യത്ത് നടപ്പാക്കുന്ന ഒരു നിയമത്തിൽനിന്ന് കേരളമാണെന്നുള്ളതുകൊണ്ട് നമുക്കൊരിക്കലും മാറി നിൽക്കാൻ കഴിയില്ല. നമുക്ക് നമ്മുടെ അഭിപ്രായങ്ങൾ പറയാം. ഭേദഗതികൾ വേണമെന്ന് നമുക്കാവശ്യപ്പെടാം. ഇത് കേരളത്തിൽ നടപ്പിലാക്കുന്ന രീതികളെക്കുറിച്ചും ബുദ്ധിമുട്ടുകളെ സംബന്ധിച്ചും കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്താം. ജി.എസ്.ടി.യുമായി ബന്ധപ്പെട്ടു നടന്ന ധനകാര്യ വകുപ്പുമന്ത്രിമാരുടെ യോഗത്തിൽ ഡോ. ടി. എം. തോമസ് ഐസക് രേഖപ്പെടുത്തിയ അഭിപ്രായങ്ങൾ രാജ്യത്താകമാനമുള്ള ധനകാര്യ വകുപ്പുമന്ത്രിമാരുടെയിടയിൽ ഏറെ ശ്രദ്ധിക്കപ്പെട്ടു. കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രി അദ്ദേഹത്തെ അഭിനന്ദിച്ചുകൊണ്ട് സംസാരിച്ചു. ജി.എസ്.ടി. നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ഒട്ടനവധി ആകാംക്ഷകളും ആശങ്കകളും ആളുകളുടെയിടയിലുണ്ട്. പ്രത്യേകിച്ച് അവശ്യസാധനങ്ങളുടെ വില വർദ്ധനവുമായി ബന്ധപ്പെട്ട് ആളുകളുടെയിടയിൽ കടുത്ത ആശങ്കകളുമുണ്ട്. കാർ അടക്കമുള്ള മറ്റ് ആഡംബര വസ്തുക്കൾക്കൊക്കെ വില കുറയുമ്പോൾ അവശ്യ വസ്തുക്കളുടെ വില കൂടുന്നുവെന്ന വിഷയം ജി.എസ്.ടി.യുമായി ബന്ധപ്പെട്ട് വളരെ ഗൗരവമായി കാണേണ്ടതാണ്. ജി.എസ്.ടി. നടപ്പിലാക്കുമ്പോൾ സാധാരണ ജനങ്ങൾ ഏറ്റവും ആകാംക്ഷയോടുകൂടി കാണുന്നത്, ഇന്ന് പഞ്ചായത്തുകൾക്കും സംസ്ഥാനങ്ങൾക്കുമുള്ള അധികാരം കവർന്നെടുക്കുന്നതിന് ജി.എസ്.ടി. കാരണമാകുന്നുവെന്നതാണ്. നികുതിപിരിവിന്റെ കാര്യത്തിൽ. ജി.എസ്.ടി. നടപ്പിലാക്കാനായി നമ്മൾ അതിന്റെ ഭാഗമാകുമ്പോൾ സംസ്ഥാനത്തിന്റെ അവകാശങ്ങൾ കവർന്നെടുക്കാതെ നമ്മൾ പാലിക്കേണ്ട ജാഗ്രതകളെ സംബന്ധിച്ച് ഗൗരവതരമായ ചർച്ചകൾ ഉണ്ടാകണം. ഈ വിഷയത്തിൽ ഒരു അഭിപ്രായ രൂപീകരണം

നടത്തേണ്ടതുണ്ട്. വളരെ ഗൗരവമായി അതിനെ സമീപിക്കുന്നില്ലെങ്കിൽ ഒരുപക്ഷേ നമ്മുടെ സംസ്ഥാനത്തിനായിരിക്കും അതിന്റെ ഏറ്റവും വലിയ ആഘാതം അനുഭവിക്കേണ്ടി വരുന്നത്. അവശ്യവസ്തുക്കൾക്ക് വിലക്കയറ്റം ഉണ്ടാകുമ്പോൾ ഏത് തരത്തിലാണ് അതിൽ ഇടപെടാൻ കഴിയുക? മാർക്കറ്റ് ഇടപെടലിന്റെ ഭാഗമായി ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പിന് 406 കോടിയോളം രൂപ ആവശ്യമാണെന്നിരിക്കെ ഈ ഗവൺമെന്റ് വന്ന് ചുരുങ്ങിയ ദിവസങ്ങൾക്കുള്ളിൽ 180 കോടി രൂപ പ്രഖ്യാപിച്ചു. അത് പര്യാപ്തമാണെന്ന് പറയാനാവില്ല. മാർക്കറ്റ് ഇന്റർവെൻഷന്റെ ഭാഗമായി ആവശ്യമായ പണം കൊടുക്കുന്നില്ലെങ്കിൽ വലിയ സാമ്പത്തിക പ്രതിസന്ധിയിലേയ്ക്കും പൊതുവിപണിയിൽ വില ഉയരുന്നതിലേയ്ക്കുമായിരിക്കും കാര്യങ്ങൾ കൊണ്ടുചെന്നെത്തിക്കുക. 1.5 ലക്ഷം കോടി രൂപയിലധികം ബാധ്യതയുള്ള ഒരു ചെറിയ ഉപഭോഗ സംസ്ഥാനത്തിന് എത് തരത്തിലാണ് ഈ പ്രതിസന്ധിയെ അതിജീവിക്കാൻ കഴിയുക എന്നുള്ളത് സംബന്ധിച്ച് ഗൗരവതരമായ ചർച്ചകൾ ഉണ്ടാകണം. ശ്രീ. വി. ഡി. സതീശൻ സൂചിപ്പിച്ചതുപോലെ ആളുകളെ വേദനിപ്പിക്കാതെ, ആളുകൾക്ക് പരിക്കേൽക്കാത്തവിധത്തിൽ അങ്ങ് എടുക്കുന്ന ഒരുപാട് തന്ത്രങ്ങൾ അതിന്റെ ഭാഗമായുണ്ടാകുന്നുണ്ട്. വലിയ പരിക്ക് ആളുകളിൽ ഏൽപ്പിക്കുന്നില്ല. എങ്കിൽ പോലും മുദ്രപ്പത്രങ്ങളുമായും കുടുംബാധാരം ഭാഗം വയ്ക്കുന്നതുമായും പവർ ഓഫ് അറ്റോർണി കൊടുക്കുന്നതുമായും ബന്ധപ്പെട്ട് ചില ആശങ്കകൾ ആളുകൾക്കിടയിലുണ്ടെന്നത് ഇതിന് മുമ്പുതന്നെ ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുള്ളതാണ്. പ്രസ്തുത വിഷയം ഈ ബില്ലിലും റിപ്പീറ്റ് ചെയ്തുവരുന്നുവെന്നുള്ളതുകൊണ്ട് ആ പ്രശ്നങ്ങളെ സാധാരണ ജനങ്ങൾക്ക് ബാധകമാകാത്തവിധത്തിൽ എങ്ങനെയാണ് അതിജീവിക്കാൻ കഴിയുക എന്നതുസംബന്ധിച്ച നിർദ്ദേശം അങ്ങയുടെ മറുപടിയിൽ തീർച്ചയായും ഉണ്ടാകുമെന്ന് കരുതുന്നു.

അതോടൊപ്പംതന്നെ വളരെ ഗൗരവമായി പരിഗണിക്കേണ്ട മറ്റൊരു വിഷയമുണ്ട്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് വളരെ കൊട്ടിഘോഷിച്ച് നടപ്പിലാക്കിയ സർവ്വീസ് ടാക്സുമായി ബന്ധപ്പെട്ട് ഞാനടക്കം നമ്മളെല്ലാവരും ചർച്ച ചെയ്ത സേവനാവകാശ നിയമം പാസ്സാക്കുമ്പോൾ വേണ്ടത്ര തയ്യാറെടുപ്പുകൾ സംസ്ഥാന ഗവൺമെന്റ് നടത്തിയിരുന്നില്ല എന്നതാണ് വസ്തുത. സേവനാവകാശ നിയമവുമായി ബന്ധപ്പെട്ട് ഗൗരവതരമായ ഒരു ക്യാമ്പയിൻ സംസ്ഥാനത്താകമാനം ഉയർന്നു വരേണ്ടതുണ്ട്. ഓരോ ഫയലും ഓരോ ജീവിതങ്ങളാണെന്ന് മുഖ്യമന്ത്രി പറയുമ്പോൾ അത് താഴെത്തട്ടിൽ ഉദ്യോഗസ്ഥരുടെ മനസ്സിലേയ്ക്ക് എത്തിച്ചേരുന്നില്ല എന്ന എക്സിക്യൂട്ടീവിന്റെ എക്കാലത്തെയും ഒരു ബ്യൂറോക്രാറ്റിക് നിലപാട്, അത് ഗൗരവതരമായ ഒരു പ്രശ്നമായി കണ്ട് എക്സിക്യൂട്ടീവിനെ ശക്തിപ്പെടുത്തുന്നതിനും നിയമം കൂടുതൽ ഫലപ്രദമായി താഴെത്തട്ടിൽ നടപ്പിലാക്കുന്നതിനുമുള്ള ഇടപെടൽ ഉണ്ടാകണമെന്നാണ് സേവനാവകാശ നിയമവുമായി ബന്ധപ്പെട്ട് പറയാനുള്ളത്.

മറ്റു പലതും ഇതുമായി ബന്ധപ്പെട്ടാണ് എത്തിച്ചേരുന്നത് എന്നുള്ളതുകൊണ്ടുതന്നെ ഇത് കണകൂഡായി നിൽക്കുകയാണ്. സേവനാവകാശ നിയമം ഫലപ്രദമായി നടപ്പിലാക്കിയെങ്കിൽ മാത്രമേ ഗൗരവതരമായ ഇടപെടലുമായി പോകാൻ കഴിയൂ.

കാർഷികാദായ നികുതിയുമായി ബന്ധപ്പെട്ട് തോട്ടംമേഖല വലിയ പ്രതിസന്ധിയിലേയ്ക്ക് പോകുകയാണ്. റബ്ബർ, കാപ്പി, കുരുമുളക് എന്നീ മേഖലകളിൽ പണിയെടുക്കുന്ന മൂന്നുലക്ഷം തൊഴിലാളികളുമായി ബന്ധപ്പെട്ട പ്ലാന്റേഷൻ മേഖലയിലെ പ്രശ്നങ്ങളെ കുറിച്ച്, പ്രത്യേകിച്ച് ടി ഓക്ഷനുമായി ബന്ധപ്പെട്ട് കഴിഞ്ഞ ദിവസം ചർച്ച ചെയ്തതാണ്. കേന്ദ്ര ആക്ടായതുകൊണ്ട് നമുക്ക് അതിൽ ഇടപെടുന്നതിന് പരിമിതികളുണ്ടെന്നുപറഞ്ഞ് നിസ്സഹായാവസ്ഥ പ്രകടിപ്പിക്കുന്ന ഒരു സാഹചര്യമാണ് പലപ്പോഴുമുണ്ടാകുന്നത്. ഓക്ഷൻ പോലുള്ള കാര്യങ്ങളിൽ നടക്കുന്ന കൃത്രിമങ്ങളിൽ എതുതരത്തിലാണ് ഗവൺമെന്റിന് ഇടപെടാൻ കഴിയുകയെന്നുള്ളതിനെ സംബന്ധിച്ച് ആലോചിക്കണം. പണ്ട് കേന്ദ്ര ഗവൺമെന്റ് ഇതുമായി ബന്ധപ്പെട്ട് ഒരു പാർലമെന്ററി കമ്മിറ്റിയെത്തന്നെ നിയോഗിച്ചിരുന്നു. ആ പാർലമെന്ററി കമ്മിറ്റിയുടെ ശിപാർശകളുണ്ട്. ആ വിഷയങ്ങളെ ഗൗരവതരമായി എടുക്കണം. വാറ്റ് വന്നു കഴിഞ്ഞതോടെ 60-80 രൂപയ്ക്ക് ഓക്ഷനിൽ പിടിക്കുന്ന തേയിലപ്പൊടി മനോഹരമായ കവറിലിട്ട് ഒരു പരസ്യത്തോടൊപ്പം, വാല്യൂ ആഡഡ് പ്രോഡക്ട് എന്നുള്ള നിലയിൽ നമ്മുടെ മുമ്പിലേക്ക് എത്തിക്കുന്നത് അൽപ്പം ബ്ലെൻഡിംഗാണ്. പക്ഷേ മൂന്നുമുതൽ അഞ്ച് ഇരട്ടിവരെ തുക വാല്യൂ ആഡഡ് പ്രോഡക്ട് എന്നതിന്റെ പേരിൽ അവർ വാങ്ങുമ്പോൾ സാധാരണ ആളുകൾക്ക്, തോട്ടത്തിൽ പണിയെടുക്കുന്ന ആളുകൾക്ക് ഇതിന്റെ ഗുണം ലഭിക്കുന്നില്ല. ഒരിക്കൽ ചർച്ചയുടെ ഭാഗമായിത്തന്നെ അങ്ങത് ചൂണ്ടിക്കാട്ടിയതാണ്. ഇത്തരത്തിൽ നമ്മുടെ കൈകളിലേയ്ക്ക് വരുന്ന ടാക്സുകൾ ഏത് തരത്തിലാണ് താഴെത്തട്ടിൽ പണിയെടുക്കുന്ന ആളുകൾക്ക് പ്രയോജനപ്പെടുത്താൻ കഴിയുക എന്നുള്ളതിനെ സംബന്ധിച്ച് ഗൗരവമായി ആലോചിക്കണം. ഒരു വ്യവസായംതന്നെ കടുത്ത പ്രതിസന്ധിയിലേക്ക് പോകുകയാണ്. ഇപ്പോൾ കാലാവസ്ഥയിൽ വന്നിട്ടുള്ള മാറ്റം ആ വ്യവസായത്തിന് പൂർണ്ണാന്ത്യം കുറിക്കുന്ന ഒരു സാഹചര്യത്തിലാണ് എത്തിനിൽക്കുന്നത്. ഇനി ഒരു ശമ്പള പരിഷ്കരണംകൂടി വന്നാൽ ആ വ്യവസായത്തിന് അത് താങ്ങാൻ കഴിയില്ല. എന്നാൽ ശമ്പള പരിഷ്കരണമെന്നത് നടപ്പാക്കാതെ നമുക്ക് പോകാനും കഴിയാത്ത ഒരവസ്ഥ നമ്മുടെ മുമ്പിലുണ്ട്. ഡയറക്ടായി പണിയെടുക്കുന്ന ഏകദേശം മൂന്നുലക്ഷം തൊഴിലാളികളും ഇൻഡയറക്ടായി അവരെ ആശ്രയിക്കുന്ന ലക്ഷക്കണക്കിനാളുകളും ഉണ്ടെന്നുള്ളതുകൊണ്ട് തോട്ടം മേഖലയുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിൽ അങ്ങയുടെ ഗൗരവതരമായ ഇടപെടൽ ഉണ്ടാകണം.

മറ്റൊന്ന്, റൂൾ 64 പ്രകാരം പട്ടയം കിട്ടിയിട്ടുള്ളതും എന്നാൽ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കിയിട്ടുള്ളതുമായ ബിൽഡിംഗുകളുടെ കാര്യത്തിൽ ഗവൺമെന്റിന്റെ നയപരമായ ഒരു പ്രഖ്യാപനം ഉണ്ടാകണം. ബിൽഡിംഗുകൾ പൊളിച്ചുകളയുന്നതിൽ വലിയ കാര്യമില്ല. ആ വിഷയങ്ങളിൽ ഗവൺമെന്റ് ഒരു നയം പ്രഖ്യാപിക്കേണ്ടതുണ്ട്. ഇന്ന് ആളുകൾ കടുത്ത ആശങ്കയിലാണ്. അവിടെ മരം മുറിക്കാൻ കഴിയുന്നില്ല, കരമടയ്ക്കാൻ കഴിയുന്നില്ല, ഈ വിഷയം വന്നതോടുകൂടി അവരുടെ ലാന്റ് വാല്യൂ സീറോ ലാന്റ് വാല്യൂവിലേയ്ക്ക് പോയിരിക്കുന്നു. ബാങ്കുകൾ ലോൺ കൊടുക്കുന്നില്ല. ഇതുമായി ബന്ധപ്പെട്ടതന്നെയാണ് രാജമാണിക്യം റിപ്പോർട്ട് നമ്മുടെ മുമ്പിലുള്ളത്. ബഹുമാനപ്പെട്ട എം.എൽ.എ. ശ്രീ. സി. കെ. ശശീന്ദ്രൻ ഒരു ശ്രദ്ധ ക്ഷണിക്കൽ പ്രമേയം ഈ നിയമസഭയിൽ കൊണ്ടുവന്നു. രാജ്യം സ്വതന്ത്രമാകുന്നതിനുമുമ്പ് വിദേശികളുമായി ഉണ്ടാക്കിയ കരാറിന്റെ അടിസ്ഥാനത്തിൽ അഞ്ച് ലക്ഷത്തിലധികം ഹെക്ടർ ഭൂമി ഇപ്പോഴും തോട്ടമായി തന്നെയാണ് പ്രവർത്തിക്കുന്നത്. പല ഷെയർ ഹോൾഡേഴ്സും ഇന്ന് ലണ്ടനിലും ബ്രിട്ടനിലുമൊക്കെയാണെങ്കിലും, നമ്മുടെ രാജ്യത്തുനിന്നും ഒഴിഞ്ഞുപോയെന്ന് പറയപ്പെടുന്ന വിദേശാധിപത്യം മറ്റൊരു രൂപത്തിൽ ഇപ്പോഴും ഇവിടെ നിലനിൽക്കുന്നുവെന്നുള്ളതിന്റെ പ്രത്യക്ഷമായ തെളിവാണ് ഇത്തരം സംവിധാനങ്ങൾ. അത് ഒരു വ്യവസായത്തെ പ്രതിസന്ധിയിലാക്കുന്നെങ്കിൽ ഗവൺമെന്റ് അതുമായി ബന്ധപ്പെട്ട് ഒരു നയം പ്രഖ്യാപിക്കേണ്ടതുണ്ട്. ആ നയം എന്താണെന്നതിനെ സംബന്ധിച്ച് വ്യക്തമാക്കിയെങ്കിൽ മാത്രമേ ഈ വ്യവസായവുമായി മുന്നോട്ടു പോകാൻ കഴിയുകയുള്ളൂ.

രാജമാണിക്യം റിപ്പോർട്ട് വന്നതോടുകൂടി ബാങ്കുകളെല്ലാം ബന്ധപ്പെട്ട കമ്പനികൾക്ക് നോട്ടീസ് അയയ്ക്കാൻ തുടങ്ങിയിരിക്കുന്നു. അവർക്ക് ലോൺ കിട്ടുന്നില്ല. ലോൺ കൊടുത്തിട്ടുള്ള ആളുകൾ നിങ്ങളുടെ ഡോക്യുമെന്റ് ഫ്രീയാക്കണം, പണം ലഭിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് കമ്പനികൾക്ക് നോട്ടീസ് അയയ്ക്കുന്നു. പുതുതായി ബാങ്കുകളാരും കമ്പനികൾക്ക് ഫിനാൻസ് ചെയ്യാത്ത സാഹചര്യമുണ്ട്. പ്രതിസന്ധിയിൽനിൽക്കുന്ന ഒരു വ്യവസായത്തിന്റെ പ്രതിസന്ധിയുടെ ആക്കം വർദ്ധിപ്പിക്കുന്നതിനുവേണ്ടിയാണ് ഈ സാഹചര്യങ്ങൾ കൊണ്ടെത്തിച്ചിരിക്കുന്ന തെന്നുള്ളതുകൊണ്ട് ഗവൺമെന്റ് ഈ കാര്യത്തിൽ വ്യക്തമായ ഒരു നയം പ്രഖ്യാപിക്കണം. ഗവൺമെന്റ് പ്രഖ്യാപിക്കുന്ന നയമാണ് ഈ കാര്യത്തിൽ ഏറ്റവും പ്രധാനമായിട്ടുള്ളത്.

ശ്രീ. പി. ടി. തോമസ്: സർ, ഏകദേശം 5 ഹെക്ടർ സ്ഥലം വിദേശ പങ്കാളിത്തമുണ്ടായിരുന്ന, TR&T അടക്കമുള്ള സ്ഥലങ്ങൾ ഏറ്റെടുക്കുന്നതിനുവേണ്ടി ശ്രീ. എം. ജി. രാജമാണിക്യം ഐ.എ.എസ്.നെ ചുമതലപ്പെടുത്തി മുന്നോട്ടു കൊണ്ടുപോയിരുന്നു. എന്നാൽ..

"കൊല്ലനമറിഞ്ഞില്ല,

കൊല്ലത്തിയുമറിഞ്ഞില്ല,

തിത്തൈ എന്നൊരു കൊച്ചരിവാൾ" എന്ന പാട്ടുപോലെ കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട ഹൈക്കോടതിയിൽനിന്ന് ഈ കമ്പനി സ്റ്റേ വാങ്ങിക്കൊണ്ടു പോയ വിവരം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീമതി ഇ. എസ്. ബിജിമോൾ: സർ, കമ്പനി സ്റ്റേ വാങ്ങിയതുമായി ബന്ധപ്പെട്ട വിഷയങ്ങൾ കോടതിയുടെ പരിഗണനയിലാണ്. സ്റ്റേ വാങ്ങാനുണ്ടായ സാഹചര്യം എന്താണെന്ന് അങ്ങേയ്ക്ക് നന്നായി അറിയാമല്ലോ. അതുകൊണ്ട് ഞാനതിന്റെ വിശദാംശങ്ങളിലേയ്ക്ക് വരുന്നില്ല. ഇക്കാര്യങ്ങളിൽ ഗവൺമെന്റ് നയം പ്രഖ്യാപിക്കണം എന്നുപറഞ്ഞത് അതുകൊണ്ടു തന്നെയാണ്. ശ്രീ. എം. ജി. രാജമാണിക്യം ഐ.എ.എസ്.ന്റെ റിപ്പോർട്ടിൽ അവിടെയുള്ള നൂറുകണക്കിന് ചെറുകിട കർഷകർക്ക് കരമടയ്ക്കാൻ സാധിക്കാത്തവിധവും, കോടതിവിധിക്ക് വിധേയം എന്നുപറഞ്ഞ് അവരുടെ കരം അടച്ചുകൊടുക്കുന്ന സാഹചര്യവുമുണ്ട്. ഞാൻ ആ പ്രശ്നങ്ങളാണ് ചൂണ്ടിക്കാണിക്കുന്നത്. ഈ കാര്യത്തിൽ സർക്കാർ ഒരു നയം പ്രഖ്യാപിക്കണം. ശ്രീ. എം. ജി. രാജമാണിക്യം ഐ.എ.എസ്.ന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 5 ലക്ഷം ഹെക്ടർ ഭൂമി സംസ്ഥാന സർക്കാർ ഏറ്റെടുക്കാനാഗ്രഹിക്കുകയും പ്ലാന്റേഷനേയോ മറ്റേതെങ്കിലും ഏജൻസിയെ കൊണ്ടോ ഏറ്റെടുത്തു നടത്തിക്കുന്നതിന് താൽപ്പര്യം കാണിക്കുന്നുണ്ട് എങ്കിൽ അത്തരത്തിൽ സർക്കാരിന്റെ ഒരു പ്രഖ്യാപനം ഉണ്ടാകണം. ഇക്കാര്യത്തിൽ സംസ്ഥാന സർക്കാർ ഒരു നയം പ്രഖ്യാപിച്ചെങ്കിൽ മാത്രമേ കോടതിക്കാണെങ്കിലും മറ്റാർക്കാണെങ്കിലും തീരുമാനങ്ങൾ എടുക്കാൻ കഴിയുകയുള്ളൂ. ശ്രീ. പി. ടി. തോമസ് ഇവിടെ സൂചിപ്പിച്ച T R & T സ്വാമി എന്ന ആളെ സംബന്ധിച്ച് ഈ സഭതന്നെ ഗൗരവതരമായി പലവട്ടം ചർച്ച ചെയ്തിട്ടുള്ളതാണ്. അതുകൊണ്ട് ഇതിൽനിന്നൊക്കെ കുറച്ചുകൂടി വ്യത്യസ്തമായിട്ടുള്ള ഗൗരവതരമായ പ്രശ്നമാണ് TR&T ഭൂമിയുമായി ബന്ധപ്പെട്ടുള്ളത്. ഒരിക്കൽ സർക്കാർ പണം കൊടുത്ത് ഏറ്റെടുത്ത ഭൂമി വീണ്ടും സ്വാമി കൈവശം വച്ചുകൊണ്ടിരിക്കുന്നു എന്നുള്ളതാണ് TR&T ഭൂമിയുമായി ബന്ധപ്പെട്ട പ്രശ്നം. അതടക്കം ഭൂമിയുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ വളരെ ഗൗരവതരമായിട്ടുള്ള ഒരു ഇടപെടൽ സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതുണ്ട്. എച്ച്.ആർ.എൽ.മായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാർ നിലപാട് പ്രഖ്യാപിക്കണം. ആവശ്യമില്ലാത്ത പദ്ധതികൾ ജനങ്ങളുടെമേൽ കെട്ടിവയ്ക്കുന്ന ഒരു നിലപാടും ഇടുക്കി ജില്ലയ്ക്കുണ്ടാവില്ല എന്ന ഉറച്ച വിശ്വാസവും പ്രതീക്ഷയുമാണ് ഇക്കാര്യങ്ങളിലുള്ളത്. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയുമ്പോൾ, 400 കോടി രൂപ ആയാലും എത്ര രൂപയായാലും നമുക്ക്

ലഭിക്കുന്ന പണം ജനങ്ങൾക്ക് ആവശ്യമുള്ളതാണോ, ഏത് തരത്തിലാണ് താഴെത്തട്ടിൽ ഫലപ്രദമായി വിനിയോഗിക്കാൻ കഴിയുക എന്നത് സംബന്ധിച്ച് സർക്കാരിന്റെ നിലപാട് വ്യക്തമാക്കുമെന്ന പ്രതീക്ഷിച്ചുകൊണ്ട്, ഈ ബില്ലിനെ അനുകൂലിച്ചുകൊണ്ട് നിർത്തുന്നു.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. എം. ഉമ്മർ)

ശ്രീ. റ്റി. എ. അഹമ്മദ് കബീർ: സർ, ഈ ഫിനാൻസ് ബില്ലിനെ ഞാൻ എതിർക്കുന്നത് പ്രധാനമായും മൂന്ന് കാരണങ്ങളാലാണ്. ശ്രീമതി ഇ. എസ്. ബിജിമോൾ പറഞ്ഞതുപോലെ വളരെ ഗൗരവതരമായ ഒരു നിയമനിർമ്മാണം കേന്ദ്രതലത്തിൽ നടന്നപ്പോൾ ജി.എസ്.ടി.യുടെ കാര്യത്തിൽ ഒരു മുന്നൊരുക്കവും നടത്താൻ നമുക്ക് കഴിഞ്ഞില്ല. ഒരു സാമ്പത്തിക വിദഗ്ദ്ധനെന്ന നിലയ്ക്ക് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അക്കാര്യത്തിൽ വേണ്ടത്ര ശ്രദ്ധിച്ചിട്ടുണ്ടാകാം. പക്ഷേ ഈ സഭ അത് ചർച്ച ചെയ്തില്ല എന്നത് വളരെ ഗുരുതരമായ ഒരു വീഴ്ചയാണ്. അതുമാത്രമല്ല ഒരു റിവൈസ്ഡ് ബജറ്റ് എന്നുള്ള നിലയ്ക്ക് ഇത്രയും വലിയ നികുതിഭാരം ജനങ്ങളുടെമേൽ അടിച്ചേൽപ്പിക്കാൻ, അതും ആദ്യകൊല്ലംതന്നെ തെരഞ്ഞെടുത്ത രീതിയോട് യോജിക്കാനാവില്ല. അതുകൊണ്ടാണ് ഈ ഫിനാൻസ് ബില്ലിനെ ഞാൻ എതിർക്കുന്നത്.

ആധാരങ്ങളുടെ സ്റ്റാമ്പ് ഡ്യൂട്ടിയും രജിസ്ട്രേഷൻ ഫീസും ഒരു കാരണവശാലും വർദ്ധിപ്പിക്കാൻ പാടില്ല. കാരണം ഇവിടെ ഫെയർ വാല്യു ഉണ്ട്. 50 ശതമാനം ഫ്ലാറ്റായി വർദ്ധിപ്പിച്ചിട്ടുണ്ട്. അതുകൊണ്ട് ആ രംഗത്ത് തട്ടിപ്പ് നടക്കാത്ത സ്ഥിതിക്ക് ഒരു കാരണവശാലും ആ നികുതി നിർദ്ദേശം ഉണ്ടാകാൻ പാടില്ല. ഇഷ്ടദാനം, കുടുംബസ്വത്തിന്റെ ഭാഗപത്രം, കുടുംബാംഗങ്ങളുടെ ഒഴിമുറി തുടങ്ങിയ കാര്യങ്ങളിൽ നിലവിലുള്ള സമ്പ്രദായം തുടർന്നേ മതിയാകൂ. അതേസമയം 1,000 രൂപ എന്ന പരിധി നിശ്ചയിച്ചത് പ്രായോഗികമായി വേണമെങ്കിൽ മാറ്റാവുന്നതാണ്. ഫ്ലാറ്റുകളും അപ്പാർട്ടുമെന്റുകളും രജിസ്റ്റർ ചെയ്യുമ്പോൾ കേന്ദ്ര പി.ഡബ്ല്യൂ.ഡി. വാല്യുവേഷൻ സർട്ടിഫിക്കറ്റ് വേണം എന്ന് ശഠിക്കേണ്ടതുണ്ടോ, നിലവിലുള്ള ഷെഡ്യൂൾഡ് റേറ്റ് പോരേ എന്നത് ബഹുമാനപ്പെട്ട മന്ത്രി ദയവായി പരിശോധിക്കേണ്ടതാണ്. പ്ലാസ്റ്റിക് ഉപകരണങ്ങൾ കുറയ്ക്കുന്നതിന്റെ ഭാഗമായി സർചാർജ്ജ് വർദ്ധിപ്പിച്ച സാഹചര്യത്തിൽ കുടിവെള്ളത്തിന്റെ വില വർദ്ധിക്കാതെ നോക്കണം എന്ന് അഭ്യർത്ഥിക്കുകയാണ്.

മോട്ടോർ വാഹന നികുതി വർദ്ധിപ്പിക്കുമ്പോൾ സ്വയംതൊഴിൽ കണ്ടെത്തിയതിന്റെ ഭാഗമായി ഒന്നോ രണ്ടോ വാഹനങ്ങൾ ഉള്ളവരെ ഫ്ലീറ്റ് ഓണേഴ്സിന്റെ കൂട്ടത്തിൽ പെടുത്തുന്നത് ശരിയല്ല. അവർക്കാവശ്യമായ പരിഗണന കൊടുക്കേണ്ടതാണ്.

മോട്ടോർ വെഹിക്കിൾ ടാക്സേഷൻ ആക്ടിലെ ആറാമത്തെ ക്ലോസ്സിൽ കൊടുത്തിട്ടുള്ള വിശദീകരണം ദുരുപയോഗപ്പെടുത്താനും അഴിമതിക്ക് വാതിൽതുറക്കാനും സാധ്യതയുണ്ട്. അതിനാൽ ഡ്രൈവറുടെ ക്യാബിൻ അടക്കം യാത്രക്കാരെ ഉൾക്കൊള്ളാൻ സാധിക്കുന്ന സ്ഥലം, അതായത് ഇന്നർ സ്പേസ് മാത്രം എന്ന് കണക്കാക്കി നിരക്ക് തീരുമാനിക്കണം. മൈദയുടെയും മറ്റ് ഭക്ഷ്യ വസ്തുക്കളുടെയും വിലവർദ്ധിപ്പിക്കുന്ന നികുതി നിർദ്ദേശങ്ങൾ പിൻവലിക്കണം.

കഴിഞ്ഞ കുറേ വർഷങ്ങളായി സാമ്പത്തിക രംഗത്ത് താങ്കളുടെ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തും യു.ഡി.എഫ്.ന്റെ കാലത്തും ഒരു വികസന പ്രക്രിയ നടക്കുകയാണ്. ഫണ്ട് കണ്ടെത്താൻവേണ്ടി താങ്കൾ നടത്തുന്ന ശ്രമങ്ങളോട് ഞങ്ങളാരും വിയോജിക്കുകയില്ല. അതേസമയം യാഥാർത്ഥ്യ ബോധത്തോടു കൂടിയാണോ അത് എന്ന കാര്യം ആലോചിക്കണം. ഏതാണ്ട് 12,000 കോടി രൂപയുടെ ഒരു ധനമാന്ദ്യ പാക്കേജ്, കിഫ്ബിയുടെ ഒരു ലക്ഷം കോടി രൂപയുടെ ധനസമാഹരണം, ടാക്സ് കളക്ഷൻ 25 ശതമാനം വർദ്ധിപ്പിക്കുക, അതേസമയം 2003-ലെ ഗ്യാരന്റി ആക്ടിൽ 14,000 കോടി രൂപയായി പരമാവധി നിശ്ചയിച്ചത് വേണ്ടിവന്നാൽ മാറ്റുമെന്നുപറയുന്ന ഒരു സ്ഥിതിയാണ് ഇതിലുള്ളത്. അത് ഒരു യാഥാർത്ഥ്യ ബോധത്തോടുകൂടി ഉണ്ടാകണം എന്നുപറയുകയാണ്.

ജി.എസ്.ടി.യുടെ കാര്യത്തിൽ ഗൗരവതരമായ സമീപനം ആവശ്യമായിരുന്നു. ജി.എസ്.ടി. കൗൺസിലിൽ തീരുമാനം എടുക്കാൻ നാലിൽ മൂന്ന് ഭൂരിപക്ഷം വേണം. സെൻട്രൽ ഗവൺമെന്റിന് വീറ്റോ ഉണ്ട്. നമ്മുടെ താൽപ്പര്യങ്ങൾ പരിരക്ഷിക്കുന്നതിന് സഹായകരമായ രീതിയിൽ ഒരു ശ്രമം ഉണ്ടായില്ല. ജി.എസ്.ടി.യിൽ കുറേ അനുകൂല ഘടകങ്ങൾ ഉണ്ടെന്നത് സത്യമാണ്. താങ്കൾ ആദ്യം എഴുതിയ ലേഖനങ്ങളും കഴിഞ്ഞ ദിവസം ഫേസ്ബുക്കിൽ പോസ്റ്റ് ചെയ്തതും തമ്മിൽ വലിയ വ്യത്യാസമുണ്ട് എന്ന് ഞാൻ പറയേണ്ടതില്ലല്ലോ. ജി.എസ്.ടി. വരുമ്പോൾ ഒറിജിനേഷൻ പോയിന്റിന് പകരം ഡെസ്റ്റിനേഷൻ പോയിന്റ് വരുന്നത് നമുക്ക് ഗുണകരമാണ്. അതുമാത്രമല്ല ഈ നികുതിരേഖകളെല്ലാം ഐ.ടി. സങ്കേതങ്ങൾ ഉപയോഗപ്പെടുത്തുന്നതുകൊണ്ടും നമുക്ക് ആ രംഗത്ത് മെച്ചമുണ്ടാകും. എന്നാൽ രാജ്യം ശേഖരിക്കുന്ന സേവനനികുതിയിൽ കേരളത്തിൽനിന്ന് ലഭിച്ചത് കേവലം ഒരു ശതമാനം മാത്രമാണ്. അത് സൂചിപ്പിക്കുന്നത് വ്യവസായരംഗത്തുവന്ന പിന്നോട്ടടിയാണ്. നമ്മൾ കഴിഞ്ഞ കുറേ കൊല്ലങ്ങളിൽ ആദർശം പ്രസംഗിച്ച് വ്യവസായങ്ങളെ ആട്ടിയോടിച്ചതിന്റെ ഫലമാണ് സേവനനികുതിയുടെ കാര്യത്തിൽ വന്ന ഈ കുറവ് എന്ന് നമുക്കറിയാം. എന്നാൽ ജി.എസ്.ടി.യിൽ കാണുന്ന മറ്റൊരു ഗുണം അസംസ്കൃത വസ്തുക്കൾക്കും യന്ത്രസാമഗ്രികൾക്കും വിലകുറയാൻ സാധ്യത

ഉണ്ട്. അക്കാര്യം കണക്കിലെടുത്ത് ചെറുകിട, മീഡിയം വ്യവസായ സ്ഥാപനങ്ങൾ തുടങ്ങാനുള്ള കാലാവസ്ഥ സൃഷ്ടിച്ച് വ്യവസായവൽക്കരണത്തിലേയ്ക്ക് തിരിച്ചു വരാനുള്ള ഒരു ശ്രമം നാം കൂട്ടായി എടുക്കേണ്ടതുണ്ട്. എന്നാൽ ജി.എസ്.ടി.യുടെ കാര്യത്തിൽ ചെറിയ സംസ്ഥാനങ്ങൾ അനാഥത്വം പേറേണ്ടി വരുമോ എന്നുള്ള പ്രശ്നമുണ്ട്. അതായത് വലിയ സംസ്ഥാനങ്ങളുടെ സാമ്പത്തിക ബജറ്റും ചെറിയ സംസ്ഥാനങ്ങളുടെ ബജറ്റും തമ്മിൽ വലിയ ഏറ്റക്കുറച്ചിലുണ്ട്. അവർക്ക് ജി.എസ്.ടി. കൗൺസിലിൽ എന്ത് പ്രാധാന്യമാണ് കിട്ടുക എന്ന് നമ്മൾ ആലോചിക്കേണ്ടതാണ്. സെപ്റ്റംബറിലെ മീറ്റിംഗിനെ സംബന്ധിച്ച് താങ്കൾ ഫേസ്ബുക്ക് പോസ്റ്റിൽ പറയുന്നത് 'ആഹ്ലാദമയമായിരുന്നു' എന്നാണ്. എന്നാൽ ഒക്ടോബറിലെ മീറ്റിംഗോ; സാമന്തൻമാരുടെ സ്ഥാനത്തേക്ക് സംസ്ഥാനങ്ങളെ മാറ്റിയിരിക്കുന്നു എന്ന് താങ്കൾക്കുതന്നെ പോസ്റ്റ് ചെയ്യേണ്ടിവന്നു. ഇത് ഗൗരവതരമായി എടുക്കുന്നതിൽ സർക്കാർ പരാജയപ്പെട്ടു എന്നാണ് ഞാനിവിടെ സൂചിപ്പിച്ചത്. ജി.എസ്.ടി. പ്രാബല്യത്തിൽ വരുമ്പോൾ ഭക്ഷ്യവസ്തുക്കൾക്ക് വില കൂടുകയും ആഡംബര വസ്തുക്കൾക്ക് വിലകുറയുകയും ചെയ്യുന്ന വളരെ നിർഭാഗ്യകരമായ സാഹചര്യം ഉണ്ടാകരുത്. കേന്ദ്ര സർക്കാർ നാല് സ്ലാബുകളിലായി നികുതി നിർദ്ദേശങ്ങൾ നിശ്ചയിക്കുകയാണ്. നാലിൽപ്പെടാത്തതിന് സെസ്സ് വേണം എന്ന കേന്ദ്രനിർദ്ദേശത്തെ താങ്കൾ ചോദ്യം ചെയ്തത് സംസ്ഥാനം സ്വാഗതം ചെയ്യുന്നു. ഈ രംഗത്ത് സഭയുടെ വികാരം അനുസരിച്ച് മുന്നോട്ടുപോകാൻ കഴിഞ്ഞിരുന്നുവെങ്കിൽ, ഈ നിയമം സംസ്ഥാനങ്ങൾ അംഗീകരിക്കുന്നതിനുമുമ്പ് നമ്മുടെ സംസ്ഥാനത്തിന് അഭിപ്രായം പറയാൻ കഴിഞ്ഞിരുന്നുവെങ്കിൽ, ഭരണ പരിഷ്കാര കമ്മീഷൻ നിയമിക്കാനെടുത്ത ആവേശം ജി.എസ്.ടി.യുടെ കാര്യത്തിൽ നമ്മൾ എടുത്തിരുന്നുവെങ്കിൽ നമുക്ക് കുറേക്കൂടി നല്ല ഒരു നിലവാരം ഉണ്ടാകുമായിരുന്നു.

നമ്മുടെ സംസ്ഥാനത്തിന് വലിയ റവന്യൂ ലോസ് വരുമെന്ന് പറയുന്നല്ലോ. വലിയ അളവിൽ ഉണ്ടാകുന്ന റവന്യൂ ലോസ് നികത്താൻ നാല് സ്ലാബ് കൂടാതെ സെസ്സ് പിരിക്കാൻ സംസ്ഥാനം തയ്യാറാകണം എന്നുപറയുന്ന രീതിയോടും നമുക്ക് യോജിക്കാൻ കഴിയില്ല. സേവന നികുതിനിരക്ക് 18 ശതമാനമായി ഉറപ്പിച്ചാൽ കേരളം പോലെയുള്ള ഒരു സംസ്ഥാനത്തിന് അത് താങ്ങാൻ കഴിയുന്ന ഭാരമായിരിക്കില്ല എന്നാണ് ഒറ്റനോട്ടത്തിൽ എനിക്ക് തോന്നുന്നത്. ഇവിടെ പ്രശ്നമെന്താണെന്നുവച്ചാൽ തനതു വരുമാനത്തിന്റെ കാര്യത്തിൽ നമുക്ക് പരിമിതിയുണ്ട്. എല്ലാവർക്കും അറിയുന്ന കാര്യങ്ങളാണ്. 2016-17 സാമ്പത്തിക വർഷം 1,800 കോടി രൂപയാണ് റവന്യൂ കമ്മി. റവന്യൂ വരുമാനം റവന്യൂ ചെലവുകൾക്ക് തികയുന്നില്ല എന്നാണ് അതുകൊണ്ട് ഉദ്ദേശിക്കുന്നത്. ഇവിടെ ഒരു വൈരുദ്ധ്യമുണ്ട്.

വിദ്യാഭ്യാസവും ആരോഗ്യവും ഒഴികെ മറ്റെല്ലാ സാമൂഹിക മേഖലകളിലും തെക്കേ ഇൻഡ്യൻ സംസ്ഥാനങ്ങളേക്കാൾ കുറവാണ് നമ്മുടെ റവന്യൂച്ചെലവ്. അപ്പോൾ എങ്ങനെ ഈ വൈരുദ്ധ്യം വന്നു എന്നത് ഗൗരവതരമായി പരിശോധിക്കേണ്ട കാര്യമാണ്. വൈദ്യുതോൽപ്പാദനരംഗത്തും ഗ്രാമവികസനരംഗത്തും നമ്മൾ പിന്നിലാണ്. അതുപോലെതന്നെ റവന്യൂ ചെലവിന്റെയും തനതു വരുമാനത്തിന്റെയും കാര്യത്തിൽ നേരിയ അളവിലാണെങ്കിലും നമ്മൾ താഴെയാണ് നിൽക്കുന്നത്, വർദ്ധനവില്ല. എന്നാൽ ആളോഹരി നികുതിഭാരത്തിൽ കേരളമാണ് മുന്നിലെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. തനതുവരുമാനം വിലയിരുത്തുമ്പോൾ നികുതിയിനത്തിൽ കൂടുതലും, നികുതിയേതര വരുമാനത്തിൽ തുടക്കം മുതലേ നാം താഴേയുമാണ് നിൽക്കുന്നത് എന്ന് കാണാനാവും. എന്നാൽ അതിൽ കാണുന്ന ഒരു പ്രവണത പരോക്ഷനികുതി കൂടുതലും പ്രത്യക്ഷനികുതി കുറവുമായി ഇവിടെ തുടരുകയാണ്. ഇതിനുപരിഹാരം കാണാൻ എന്താണ് മാർഗ്ഗം; ഈ പ്രവണതമൂലം നികുതി ഇനത്തിലെ വരുമാനം കുത്തനെ ഉയർന്ന് 90 ശതമാനം വരെയായി എന്നതാണ്. എന്താണ് അതിനു കാരണം? കാരണം കീഴ്ത്തട്ടുകാരായ ആളുകളുടെ എണ്ണം ഗണ്യമായി കുറയുകയും ഇടത്തട്ടുകാരുടെ എണ്ണം അവിശ്വസനീയമായി വർദ്ധിക്കുകയും ചെയ്തതിന്റെയും ഫലമായി ഉപഭോഗം വർദ്ധിച്ചതിന്റെ ഒരു ദുരന്തമാണ്. 90 ശതമാനമായി കുത്തനെ ഉയർന്നു. എന്നാൽ 10 ശതമാനത്തിനടുത്താണ് പ്രത്യക്ഷനികുതി ഉള്ളത്. പരോക്ഷ നികുതി 70 ശതമാനമാണ്, അതിന്റെ അർത്ഥം നമ്മുടെ ഉപഭോഗ സംസ്കാരമാണ്. അതുകൊണ്ട് എനിക്ക് ചില നിർദ്ദേശങ്ങൾ പറയാനുണ്ട്. എന്റെ മനസ്സിൽ വരുന്ന നാലഞ്ചുനിർദ്ദേശങ്ങൾ; 1. പ്രത്യക്ഷ പരോക്ഷ നികുതിയുടെ വല വിശാലമായി വീശാൻ ആ രംഗത്ത് താങ്കൾ മുന്നോട്ടുവരണം. 2. സർക്കാർ ഭൂമിയുടെ പാട്ടനിരക്ക് വർദ്ധിപ്പിച്ചേ മതിയാകൂ. (ഇത് കുറേ ആളുകൾ കയ്യടക്കി വച്ചിരിക്കുകയാണ്, അതുകൊണ്ട് പാട്ടനിരക്ക് വർദ്ധിപ്പിക്കണം.) 3. ഖനനത്തിനുമേലുള്ള റോയൽറ്റി വർദ്ധിപ്പിച്ചേ മതിയാകൂ. 4. പൊതുമേഖലാ സ്ഥാപനങ്ങളിൽനിന്നുള്ള വരുമാനം വർദ്ധിപ്പിക്കാൻ പ്രൊഫഷണൽ മാനേജ്മെന്റിനെ ചുമതലപ്പെടുത്തണം, അതുവഴി ലാഭവും ഡിവിഡന്റും വർദ്ധിപ്പിക്കാൻ നീക്കമുണ്ടാകണം. ഈ കാര്യങ്ങളിൽ സർക്കാർ ശ്രദ്ധിക്കണം എന്നപേക്ഷിക്കുകയാണ്.

എന്റെ മനസ്സിനെ അലട്ടിയ ഒരു വിഷയംകൂടി പറഞ്ഞ് ഞാൻ ചുരുക്കുകയാണ്. നമ്മുടെ തനത് വരുമാനത്തിൽ 35 ശതമാനത്തിലധികം വരുന്നത് മദ്യത്തിൽ നിന്നും ലോട്ടറിയിൽ നിന്നുമാണ്. ഇത് എന്റെ മനസ്സിനെ വല്ലാതെ അസ്വസ്ഥമാക്കുന്ന കാര്യമാണ്. ലോട്ടറി ടിക്കറ്റ് വാങ്ങുന്നതും മദ്യം കഴിക്കുന്നതും സാധാരണക്കാരും തൊഴിലാളികളുമാണ്. ഇത് വലിയ അസമത്വമാണ്. അവർ അന്നന്ന് ജീവിക്കാൻ പ്രയാസപ്പെടുമ്പോൾ എന്തോ പ്രതീക്ഷയോടുകൂടി അവർ ലോട്ടറിയെടുക്കുന്നു. അവർ

ദുഃഖം അകറ്റാൻ മദ്യം കുടിക്കുന്നു. സംസ്ഥാനവരുമാനത്തിന്റെ 35 ശതമാനവും ലഭിക്കുന്നത് പാവപ്പെട്ട തൊഴിലാളികളും സാധാരണക്കാരനും ഒടുക്കുന്ന നികുതിയിൽ നിന്നാണ്. ഇത് നാണക്കേടാണ്. ഇതൊരു നല്ല സൂചനയായി എനിക്ക് തോന്നുന്നില്ല. ഈ കാര്യങ്ങളിൽ സർക്കാരിന്റെ ശ്രദ്ധയുണ്ടാകണം എന്ന് അഭ്യർത്ഥിക്കുന്നു. ശ്രീ. വി. ഡി. സതീശൻ പറഞ്ഞതുപോലെ ഈ നികുതി നിർദ്ദേശങ്ങളെല്ലാം പരിശോധിച്ച് അടുത്തകൊല്ലം വേണമെങ്കിൽ ആവാം, ഇപ്പോൾ പിൻവലിച്ച് സംസ്ഥാനത്തിന് ഒരു പ്രത്യാശ കൊടുക്കാൻ കഴിയണം. നികുതി വർദ്ധിപ്പിക്കുന്ന തീരുമാനം പിൻവലിക്കണം. പഴയ ഫിനാൻസ് ബില്ലുകളിലെ ചില പൊരുത്തക്കേടുകൾ കഴിഞ്ഞ സബ്ജക്ട് കമ്മിറ്റിയിൽ ചർച്ച ചെയ്ത കാര്യമാണ്. ആ ഫയൽ റീ ഓപ്പൺ ചെയ്ത് സബ്ജക്ട് കമ്മിറ്റിയുടെ നിർദ്ദേശങ്ങൾക്ക് വിധേയമായി മുൻ ഫൈനാൻസ് ബില്ലുകളിൽ വന്നിട്ടുള്ള പൊരുത്തക്കേടുകൾകൂടി പരിഹരിച്ച് മുന്നോട്ടുപോകാൻ കഴിയണം എന്നഭ്യർത്ഥിച്ചുകൊണ്ടും ഈ ബില്ലിനെ എതിർത്തുകൊണ്ടും ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. കെ. ദാസൻ: സർ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ധനകാര്യ ബില്ലിനെ ഞാൻ പിന്തുണയ്ക്കുകയാണ്. കഴിഞ്ഞ കാലങ്ങളിൽനിന്നും വ്യത്യസ്തമായി ധന ഉത്തരവാദിത്വ നിയമത്തിന്റെ പരിമിതികൾ എല്ലാം മറികടന്നു കൊണ്ടുമാത്രമേ നാടിന്റെ വികസനം സാധ്യമാകൂ എന്ന ശരിയായ തിരിച്ചറിവിന്റെ വെളിച്ചത്തിലാണ് ഈ ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. 2001-05 കാലയളവിൽ കേരളം ഭരിച്ചിരുന്നത് യു.ഡി.എഫ്. ആയിരുന്നു. ആ കാലത്തെ ശരാശരി റവന്യൂ കമ്മി 3.45 ശതമാനമായിരുന്നു. പിന്നീട് 2006-10 കാലയളവിൽ വന്ന എൽ.ഡി.എഫ്. സർക്കാർ റവന്യൂ കമ്മി 1.86 ശതമാനമായി താഴ്ത്തിക്കൊണ്ടുവന്നു. ധനക്കമ്മി 4.49 ശതമാനത്തിൽനിന്നും 3.09 ശതമാനമായി താഴ്ന്നു. സംസ്ഥാന ആഭ്യന്തര വരുമാനം വേഗതയിൽ വളർന്നതുകൊണ്ട് കടം കൂടിയെങ്കിലും ദേശീയ വരുമാനത്തിന്റെ അനുപാതമായി കടബാധ്യത 35.55 ശതമാനത്തിൽ നിന്ന് 31.17 ശതമാനമായി താഴ്ന്നു. അക്കാലത്ത് സാമൂഹിക സുരക്ഷാ പദ്ധതികൾ വെട്ടിക്കുറയ്ക്കുകയോ, ആ രീതിയിൽ എന്തെങ്കിലും പ്രവർത്തനം നടത്തുകയോ ചെയ്യാതെ, കേരളത്തിന്റെ ധനസ്ഥിതി സുസ്ഥിരവും വികസനോന്മുഖവുമായി വളരുന്നതിനാവശ്യമായിട്ടുള്ള നടപടിയാണ് അന്നത്തെ ഇടതുപക്ഷ ഗവൺമെന്റ് സ്വീകരിച്ചിരുന്നത്. എന്നാൽ പിന്നീട് വന്ന യു.ഡി.എഫ്. ഗവൺമെന്റ് ഇതെല്ലാം ആകെ അട്ടിമറിക്കുന്ന കാഴ്ചയാണ് നമ്മൾ കണ്ടത്. റവന്യൂ ചെലവ് ചുരുക്കാനാവശ്യമായ ഒരു നടപടിയും സ്വീകരിക്കാൻ ആ ഗവൺമെന്റ് തയ്യാറായില്ല. അന്ന് ഞങ്ങൾ പ്രതിപക്ഷത്തിരുന്നപ്പോൾ ഒരുപാട് നിർദ്ദേശങ്ങൾ മുന്നോട്ടുവച്ചു. ബഹുമാനപ്പെട്ട അന്നത്തെ ധനകാര്യ വകുപ്പുമന്ത്രി ഒന്നും സ്വീകരിച്ചിരുന്നില്ല എന്നുമാത്രമല്ല, കൊണ്ടുവന്ന ഭേദഗതികളെല്ലാം

ഭൂരിപക്ഷമുപയോഗിച്ചുകൊണ്ട് തള്ളിക്കളയുന്ന സമീപനമാണ് സ്വീകരിച്ചത്. അതിന്റെയെല്ലാം ഫലമായി കേരളത്തിൽ ഉണ്ടായിട്ടുള്ള ഒട്ടനവധി ജനക്ഷേമ പദ്ധതികൾ മരവിച്ചുപോയി എന്നത് ഒരു യാഥാർത്ഥ്യം മാത്രമാണ്. ക്ഷേമ പെൻഷനുകൾക്ക് കൊടുക്കാനുള്ള പതിനൊന്നുമാസത്തെ പെൻഷൻ കുടിശ്ശികയായി വന്നതും പൊതുവിതരണ രംഗത്ത് സ്തംഭനം ഉണ്ടായതും മത്സ്യത്തൊഴിലാളി കടാശ്വാസം വേണ്ടെന്നുവച്ചതും കാർഷിക സംഭരണ പരിപാടികളെല്ലാം നിർത്തലാക്കിയതും അന്നത്തെ ഗവൺമെന്റ് ഈ പദ്ധതികളെല്ലാം നടത്തിക്കൊണ്ടുപോകാൻ സന്നദ്ധത കാണിച്ചില്ല എന്നതിന്റെ തെളിവുകൂടിയാണ്. കേരളത്തിന്റെ ധനകാര്യ സ്ഥിതിയിൽ മാരകമായ പരിക്കേൽപ്പിച്ചാണ് ഉമ്മൻ ചാണ്ടി സർക്കാർ പടിയിറങ്ങിയിട്ടുള്ളത്. അന്ന് പ്രതിപക്ഷത്തായിരുന്ന ഞങ്ങൾ ഈ കാര്യം ചൂണ്ടിക്കാണിച്ചുകൊണ്ട് ശക്തമായ ഒരു നിലപാട് സ്വീകരിച്ചപ്പോൾ, ഭരണപക്ഷം വാദിച്ചുകൊണ്ടിരുന്നത് നമ്മുടെ ധനസ്ഥിതി സുരക്ഷിതമാണ്, അതിൽ ആശങ്കപ്പെടേണ്ടതില്ല എന്നാണ്. കേരളാ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. തോമസ് ഐസക് സഭാതലത്തിൽ ധവളപത്രം അവതരിപ്പിച്ചപ്പോൾ നമുക്കെല്ലാം കാര്യങ്ങൾ വ്യക്തമായി. അത് നമ്മുടെ ധനസ്ഥിതിയെ സംബന്ധിച്ചുള്ള ശരിയായ ചിത്രമാണ് നൽകിയത്. പഴയ ഗവൺമെന്റിന്റേത് വികസനവും കരുതലുമാണ്, ഇതാണ് തങ്ങളുടെ പരിപാടി എന്നാണ് അവർ ആവർത്തിച്ചാവർത്തിച്ച് പറഞ്ഞത്. കരുതിവച്ചതെല്ലാം എവിടെപ്പോയി? കരുതിവച്ചതെല്ലാം നാട്ടിൽ പലരുടെ കൈകളിലേയ്ക്ക് പോയി. അതിന്റെ തെളിവുകൾ ഓരോന്നും ഇപ്പോൾ പുറത്തുവന്നുകൊണ്ടിരിക്കുകയല്ലേ, കഴിഞ്ഞ അഞ്ചു വർഷ കാലത്തെ ഭരണത്തിന്റെ കാലയളവിൽ ഉണ്ടായിട്ടുള്ള ഒട്ടനവധി തെളിവുകളാണ് ഓരോ ദിവസവും പുറത്തുവന്നുകൊണ്ടിരിക്കുന്നത്. അതിൽ ഏറ്റവും ഒടുവിലത്തേതാണ് കഴിഞ്ഞ ദിവസം ബാംഗ്ലൂർ കോടതി പുറപ്പെടുവിച്ച വിധി. തട്ടിപ്പുകാരേയും വെട്ടിപ്പുകാരേയും കൂട്ടുപിടിച്ചുനടത്തിയ സേവ ഇനിയും തെളിയാനിരിക്കുന്നു. ആദ്യ കോടതിവിധി വന്നപ്പോൾതന്നെ, ഗാന്ധാരിവിലാപംപോലെ, മലയാള ഭാഷയുടെ പിതാവ് എഴുത്തച്ഛൻ മഹാഭാരതം കിളിപ്പാട്ടിൽ സൂചിപ്പിച്ചതുപോലെ,

'വീണിതല്ലോ കിടക്കുന്നു ധരണിയിൽ

ശോണിതവുമണിഞ്ഞയ്യോ ശിവ ശിവ'. എന്റെ നാട്ടിൽ ഒരുതരം അട്ടയുണ്ട്, വിളിക്കപ്പെടുന്നത് കുളയട്ടയെന്നാണ്. ഈ സാധനം നമ്മളറിയാതെ നമ്മുടെ ശരീരത്തിൽ കടന്നുകയറും, എന്നിട്ട് ചോരകുടിച്ച് ചീർത്തു വരുമ്പോഴാണ് ഇത് കടിച്ചിരിക്കുന്നു എന്ന കാര്യം നമ്മൾ അറിയുന്നത്. പിന്നെ എങ്ങനെയെങ്കിലും അതിനെ പിഴുതെറിയാനുള്ള ഒരു പരാക്രമമാണ്. എത്ര വലിച്ചാലും അത് പിടിവിടില്ല. ഒടുവിൽ ഉപ്പോ പുകയിലയോ പ്രയോഗിക്കും. ആ പ്രയോഗത്തിൽ നിൽക്കക്കള്ളിയില്ലാതെ

കുളയട്ട പിടിവിടും. ഈ കുളയട്ടയെപ്പോലെ അധികാര കസേരയിൽ നാണംകെട്ടും ഒട്ടിപ്പിടിച്ചിരുന്നവരാണ് ഇവർ. ഒടുക്കം കേരള ജനത പ്രയോഗിച്ച ഉപ്പിലാണ് അവർ പിടിവിട്ടുപോയത്. കേരളജനത ഇപ്പോൾ പുഞ്ചിരി തൂകുകയാണ്. ഓണക്കാലത്ത് കയ്യിൽ കിട്ടിയ പെൻഷൻതുകയുടെ നിറചിരി, പുത്തൻ ഉണർവ്വോടെ നമ്മുടെ വിദ്യാഭ്യാസം സടകുടഞ്ഞെഴുന്നേൽക്കുന്നതിന്റെ ആവേശച്ചിരി, വിഷരഹിത പച്ചക്കറിയുടെ നന്മ ആരോഗ്യജീവിതം സമ്മാനിക്കുന്നുവെന്ന പുത്തനുണർവ്വിന്റെ ആഹ്ലാദച്ചിരി, ഭിന്നശേഷിക്കാരോടും പാർശ്വവൽക്കരിക്കപ്പെട്ടവരോടും അനുഭാവപൂർവ്വം ഇടപെടുന്നതിൽ നിന്ന് ആർജ്ജിക്കുന്ന ആത്മവിശ്വാസത്തിന്റെ ചിരി. ആ 'ചിരി'യുടെ പുറത്താണ് ഇടതുപക്ഷ സർക്കാർ പുതിയ ആകാശവും പുതിയ ഭൂമിയും പണിയുന്നത്; നവകേരള സൃഷ്ടിക്കായി ഇവിടെ ശ്രമിച്ചുകൊണ്ടിരിക്കുന്നത്.

1.00 PM]

സർ, പുതിയ കേരളം എന്ന ആശയത്തിലേയ്ക്ക് മുന്നേറണമെങ്കിൽ കേരളത്തിന്റെ ധനകാര്യ ചരിത്രത്തിൽ പുതിയ അദ്ധ്യായങ്ങൾ എഴുതിച്ചേർക്കേണ്ടതായിട്ടുണ്ട്. അതാണ് ധനകാര്യവകുപ്പുമന്ത്രി ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്നത്. കമ്പോളത്തിൽ നിന്ന് കടമെടുത്ത് മുമ്പോട്ടുപോകാനാണ് ധനകാര്യവകുപ്പുമന്ത്രി ശ്രമിച്ചുകൊണ്ടിരിക്കുന്നത്. എല്ലാ മേഖലകളിലും പുതിയ പദ്ധതികൾ വന്നിട്ടുണ്ട്. മാന്ദ്യത്തിന്റെ പടുകുഴിയിലേയ്ക്ക് പതിയിരുന്ന കേരളത്തെ ഉത്തേജിപ്പിക്കാൻ കഴിയുന്ന സാമ്പത്തിക രീതിയാണ് പൊതുവിൽ സ്വീകരിച്ചിരിക്കുന്നത്. നികുതിപിരിവിൽ അഴിമതിയും സ്വജനപക്ഷപാതവും വരുമാനത്തെ പ്രതികൂലമായി ബാധിച്ചു. കഴിഞ്ഞ സർക്കാരിന്റെ ഐക്യമില്ലായ്മ ഈ പ്രതിസന്ധിക്ക് ആക്കംകൂട്ടി. അച്ചടക്കമില്ലായ്മ കാരണം ഭരണനിർവ്വഹണത്തിൽ വേണ്ടത്ര ഊർജ്ജസ്വലത പുലർത്താൻ കഴിഞ്ഞില്ല. വൻകിടക്കാർക്കെല്ലാം നിർബാധം സ്റ്റേ നൽകി. 2016 മാർച്ചിൽ 1661 കോടി രൂപയുടെ സ്റ്റേയാണ് അനുവദിക്കപ്പെട്ടത്. നികുതി പിരിക്കുന്നതിൽ കഴിഞ്ഞ സർക്കാർ കാണിച്ച ഗുരുതരമായ വീഴ്ച ഇപ്പോഴത്തെ പ്രതിസന്ധിക്ക് പ്രധാന കാരണമായി മാറി. ഇതിന്റെ പിന്നിൽ അഴിമതിയുടെ നാറ്റമുണ്ട്. ധൂർത്തും അഴിമതിയുംകൂടി ആയപ്പോൾ ഖജനാവ് കാലിയായി. പദ്ധതിച്ചെലവ് ഗണ്യമായി വെട്ടിക്കുറച്ചു. തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ വികസനപ്രവർത്തനങ്ങളെല്ലാം മുടങ്ങിപ്പോയി. കരാറുകാർക്ക് മൂവായിരം കോടിയിലധികം രൂപ കുടിശ്ശികയായി. അതിന്റെ ഭാഗമായി മരാമത്ത് പ്രവൃത്തികൾ സ്തംഭിച്ചു. ക്ഷേമപദ്ധതികളും പെൻഷനുൾപ്പെടെയുള്ള ആനുകൂല്യങ്ങളുടെ വിതരണവും മുടങ്ങി. ഒരിക്കലും നേരിട്ടിട്ടില്ലാത്ത സാമ്പത്തിക പ്രതിസന്ധിയാണ് കഴിഞ്ഞ അഞ്ചുവർഷക്കാലം കേരളം അനുഭവിക്കേണ്ടി വന്നത്. യു.ഡി.എഫ്. സർക്കാരിന്റെ കെടുകാര്യസ്ഥതയുടെ ഫലമായിട്ടുളവായ സാമ്പത്തിക പ്രതിസന്ധിയുടെ ഭാരം ജനങ്ങളുടെമേൽ അടിച്ചേൽപ്പിച്ചു. വെള്ളക്കരവും വസ്തു നികുതിയും സർക്കാർ

ഫീസുകളുമെല്ലാം കുത്തനെ വർദ്ധിപ്പിക്കാൻ കഴിഞ്ഞ സർക്കാർ തീരുമാനിച്ചു. ഏകദേശം നാലായിരം കോടിരൂപയാണ് ജനങ്ങളുടെ തലയിൽ കെട്ടിവച്ചത്. നിയമസഭയെ നോക്കുകുത്തിയാക്കി സഭാതലത്തിൽ ചർച്ചചെയ്യാതെ സർക്കാർ ഏകപക്ഷീയമായി പ്രഖ്യാപിച്ച നികുതിവർദ്ധനവിൽ രാഷ്ട്രീയഭേദമില്ലാതെ കേരളത്തിൽ പ്രതിഷേധം അലയടിച്ചു. 2014-15 വർഷത്തെ ബജറ്റിൽ അന്നത്തെ സർക്കാർ 1500 കോടി രൂപയുടെ നികുതി ചുമത്തിയിട്ടുണ്ട്. യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം വൈദ്യുതി ചാർജ്ജ് മൂന്നു തവണ വർദ്ധിപ്പിച്ചു. ബസ് യാത്രാക്കൂലിയും വർദ്ധിപ്പിച്ചിട്ടുണ്ട്. ജനങ്ങളുടെ ജീവിതഭാരം വർദ്ധിപ്പിക്കാൻ സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരിനോട് മത്സരിക്കുന്ന സമീപനമാണ് കഴിഞ്ഞ അഞ്ചുവർഷക്കാലം കേരളത്തിൽ കണ്ടത്. പൊതുവിതരണ സമ്പ്രദായം തകർത്ത് കൺസ്യൂമർഫെഡിൽ അഴിമതിക്ക് വഴിയൊരുക്കി. സിവിൽ സപ്ലൈസ് കോർപ്പറേഷൻ, മാവേലി സ്റ്റോറുകൾവഴി വിൽക്കുന്ന അവശ്യവസ്തുക്കളുടെ വിലവർദ്ധിപ്പിച്ച് കമ്പോളത്തിൽ ഭക്ഷ്യധാന്യങ്ങൾ ഉൾപ്പെടെയുള്ള അവശ്യവസ്തുക്കളുടെ വിലകൂട്ടി പൊതുവിതരണ സംവിധാനങ്ങളെ തകർക്കുന്ന സമീപനമാണ് കഴിഞ്ഞ ഗവൺമെന്റ് സ്വീകരിച്ചത്. അതിന്റെ ഭാഗമായി കാർഷിക മേഖലയിൽ ഗുരുതരമായ പ്രതിസന്ധിയുണ്ടായി. റബ്ബർ ഉൾപ്പെടെയുള്ള നാണ്യവിളകളുടെ വിലയിടിഞ്ഞു. വൻകിട ടയർ കമ്പനികൾക്ക് മുൻ യു.പി.എ. സർക്കാർ വിലകുറഞ്ഞ റബ്ബർ ഇറക്കുമതി ചെയ്യാൻ സൗകര്യം ചെയ്തു കൊടുത്തതുകൊണ്ടാണ് സ്വാഭാവിക റബ്ബറിന്റെ വിലയിടിഞ്ഞത്. രാസവളത്തിന്റെ വിലവർദ്ധനവ് കൃഷിക്കാരെ വിഷമത്തിലാഴ്ത്തി. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന കേന്ദ്ര പൊതുമേഖലാ വ്യവസായങ്ങളെല്ലാം തകർച്ചയിലാണ്. പൊതുമേഖലയെ സംരക്ഷിക്കുന്ന ഒരു സമീപനമോ നയമോ ആ ഗവൺമെന്റ് സ്വീകരിച്ചിരുന്നില്ല. പൊതുമേഖലാ വ്യവസായരംഗത്ത് ഒരു മുന്നേറ്റവും കേരളത്തിലുണ്ടാക്കാൻ കഴിഞ്ഞില്ല. എമർജിംഗ് കേരള നിക്ഷേപ സംഗമം ഒന്നുമല്ലാതായിപ്പോകുകയാണ് ചെയ്തത്. കേരളത്തിന്റെ കോച്ച് ഫാക്ടറി, ചേർത്തല വാഗൺ ഫാക്ടറി, ഐ.ഐ.റ്റി., റെയിൽവേ വികസനം എന്നിവയെല്ലാം വാക്കുകളിലും പ്രസ്താവനകളിലും മാത്രമൊതുങ്ങി. അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ രൂക്ഷമായി വളർന്നു. ഡിഗ്രിക്കാരും ഡിപ്ലോമ സമ്പാദിച്ചവരുമെല്ലാം തൊഴിലന്വേഷകരായി തൊഴിൽ കമ്പോളത്തിൽ വന്നത് നാം കണ്ടതാണ്. സംസ്ഥാനത്തെ വിദ്യാഭ്യാസ രംഗമാകെ അടിയറവുവയ്ക്കുന്ന ഹയർസെക്കന്ററിയിലെ ക്രമക്കേടുകൾ. വൈദ്യുതി ഉൽപ്പാദനം മെച്ചപ്പെടുത്തുന്നതിൽ ഒരു നടപടിയും സ്വീകരിക്കാത്ത സമീപനമായിരുന്നു കഴിഞ്ഞ കാലങ്ങളിലുണ്ടായിരുന്നത്. രാജ്യത്തിന് തന്നെ മാതൃകയാകേണ്ട ക്ഷേമ പദ്ധതികളെല്ലാം ഇല്ലാതാക്കി. മുൻ ഗവൺമെന്റ് വീണ്ടുവിചാരമില്ലാതെ കാര്യങ്ങൾ മുന്നോട്ടുകൊണ്ടുപോകുകയാണ് ചെയ്തത്. ലക്ഷക്കണക്കിനാളുകളുടെ തൊഴിലും തൊഴിലവസരങ്ങളും സംരക്ഷിക്കുന്നതിനോ പരമ്പരാഗത വ്യവസായങ്ങൾ സംരക്ഷിക്കുന്നതിനോ ആവശ്യമായ നടപടി

സ്വീകരിക്കാൻ കഴിയാതെ യു.ഡി.എഫ്. ഗവൺമെന്റ് കേരള ജനതയെ പൊതുവിലും തൊഴിലെടുത്ത് ജീവിക്കുന്നവരെ വിശേഷിച്ചും ദുരിതത്തിലേയ്ക്ക് തള്ളിവിടുന്ന കാഴ്ചയാണ് നാം കണ്ടത്. ആ സമീപനത്തിൽ നിന്നു വ്യത്യസ്തമായി കേരളത്തെ ഉയർത്തിക്കൊണ്ടു വരാനുതകുന്ന സമഗ്രമായൊരു കാഴ്ചപ്പാട് വികസിപ്പിച്ചുകൊണ്ട് മുന്നേറുവാൻ ഈ ഗവൺമെന്റിന് സാധിച്ചിട്ടുണ്ട്. അതുകൊണ്ടുതന്നെ ഞാൻ ഈ ബില്ലിനെ പിന്തുണയ്ക്കുന്നു.

<u>ശ്രീ. സണ്ണി ജോസഫ്</u>: സർ, ഈ ബില്ലിന്റെ ചർച്ച തുടങ്ങിവച്ചുകൊണ്ട് ബഹുമാന്യനായ മുൻ മുഖ്യമന്ത്രി ശ്രീ. വി. എസ്. അച്ചുതാനന്ദൻ, മുൻ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടിക്കെതിരെ പറഞ്ഞ പരാമർശങ്ങൾ തെറ്റാണെന്നും അത് നീക്കം ചെയ്യണമെന്നും നേരത്തേ ആവശ്യപ്പെട്ടിരുന്നു. ബാംഗ്ലൂർ കോടതിയിൽ ഒ.എസ്.നമ്പർ 1271/2015-ന്റെ ഉത്തരവാണ്. അഡീഷണൽ സിറ്റി സിവിൽ ആന്റ് സെഷൻസ് ജഡ്ജ് ആ ഉത്തരവിന്റെ ആമുഖത്തിൽ തന്നെ പറഞ്ഞിട്ടുണ്ട്; defendants placed ex-parte. ഈ കേസ്സിലെ എതിർകക്ഷികൾ കോടതിയിലില്ലാതെ അവരുടെ ഭാഗം കേൾക്കാതെയാണ് ഇങ്ങനെയൊരു വിധി പറഞ്ഞതെന്ന്. ഈ പ്രശ്നം രണ്ടു വർഷങ്ങൾക്കുമുമ്പ് മാധ്യമങ്ങളിൽ ചർച്ചയ്ക്ക് വന്നപ്പോൾ ഞാനും ആ ചർച്ചയിൽ പങ്കെടുത്തതാണ്. ഈ കേസ്സിലെ അന്യായക്കാരൻ ശ്രീ. കുരുവിള, ചില വ്യക്തികൾ അദ്ദേഹത്തെ കബളിപ്പിച്ച് അദ്ദേഹത്തിൽനിന്നും പണംവാങ്ങിയെന്നും ആ പണം തിരികെ കിട്ടാൻ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് അന്നത്തെ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടിക്ക് ഒരു പരാതി കൊടുത്തു. അതിന്മേൽ സമഗ്ര അന്വേഷണം നടത്തണമെന്ന് നിർദ്ദേശിച്ചുകൊണ്ട് അന്നത്തെ മുഖ്യമന്ത്രി പരാതി ഡി.ജി.പി.ക്ക് ഫോർവേഡ് ചെയ്തു. ഡി.ജി.പി. ആ കേസ് അന്വേഷിച്ചു കൊണ്ടിരിക്കെ കേസ്സന്വേഷണം തൃപ്തിയാകാത്തതുകൊണ്ട് ശ്രീ. കുരുവിള ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ ഒരു റിട്ട് പെറ്റീഷൻ ഫയൽ ചെയ്തു. ആ റിട്ട് പെറ്റീഷനിലെ വാക്കുകൾ ഞാൻ ഓർമ്മിക്കുന്നു. ഒരു ചാനൽ ചർച്ചയ്ക്കുവേണ്ടി അതിന്റെ കോപ്പിയെടുത്തത് ഓർക്കുകയാണ്. അതിന്റെ കോപ്പി എന്റെ കയ്യിലില്ല. റിട്ട് പെറ്റീഷനിലെ പ്രയർ പോർഷൻ വളരെ പ്രധാനപ്പെട്ടതാണ്. റിട്ട് പെറ്റീഷനിലെ പ്രയർ പോർഷനിൽ, 'There shall be a direction to conduct a Comprehensive Enquiry in Exhibit P1 as directed by the Hon'ble Chief Minister of Kerala.' കേരളത്തിലെ മുഖ്യമന്ത്രി നിർദ്ദേശിച്ചതുപോലെ....., ശ്രീ. കുരുവിള മുഖ്യമന്ത്രിക്ക് നൽകിയ പരാതിയുടെ കോപ്പിയാണ് Exhibit P1. പ്രസ്തുത പരാതിയിൽ മുഖ്യമന്ത്രി നിർദ്ദേശിച്ചതുപോലെ സമഗ്രമായ അനേഷണം നടത്താൻ ഉത്തരവുണ്ടാകണമെന്ന അപേക്ഷയുമായി ശ്രീ. കുരുവിള കേരള ഹൈക്കോടതിയെ

സമീപിച്ചു. കേരള ഹൈക്കോടതിയിൽ ഈ വിഷയത്തിൽ റിട്ട് ഹർജിയുമായി പോകുമ്പോൾ മുഖ്യമന്ത്രി പ്രതിയുമല്ല സാക്ഷിയുമല്ല. മുഖ്യമന്ത്രി നിർദ്ദേശിച്ചതു പോലെ ഒരന്വേഷണം ആവശ്യപ്പെട്ടുകൊണ്ട് ഹർജി ഫയൽ ചെയ്ത ശ്രീ. കുരുവിളയാണ് ബാംഗ്ലൂർ കോടതിയിൽ പോയി ഒരു എക്സ്പാർട്ടി വിധി സമ്പാദിച്ചത്. അത്തരത്തിലുള്ള ഒരു കാര്യമാണ് ബഹുമാനപ്പെട്ട മുൻ മുഖ്യമന്ത്രി ശ്രീ. വി.എസ് അച്ചുതാനന്ദൻ ഈ സഭയിൽ മുഖ്യമന്ത്രിയായും പ്രതിപക്ഷ നേതാവായും പ്രവർത്തിച്ച് ദീർഘകാലത്തെ പരിചയമുള്ള ശ്രീ. ഉമ്മൻ ചാണ്ടിയുടെ അസാന്നിദ്ധ്യത്തിൽ അദ്ദേഹത്തിനെതിരെ സംസാരിച്ചത്. എന്തുകൊണ്ടാണ് അദ്ദേഹം ഇങ്ങനെ പറഞ്ഞത്? അതിലെ അടിസ്ഥാനരഹിതമായ കാര്യങ്ങൾ മനസ്സിലാക്കണം. അതുകൊണ്ടാണ് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞത് ഇത് മാധ്യമങ്ങളിൽ വരരുതെന്ന്. തെറ്റായിവരുന്ന വാർത്തകളാണ് ആളുകൾ വായിക്കുന്നത്. തിരുത്തിയ വാർത്തകൾ ആളുകൾ കേൾക്കുന്നില്ല. ഞാൻ ശ്രീ. വി. എസ്. അച്ചുതാനന്ദന്റെ കേസ്സിലേയ്ക്ക് പോകുന്നില്ല. വിജിലൻസ് ഡയറക്ടർ ശ്രീ. ജേക്കബ് തോമസ് സ്ഥാനമൊഴിയണമെന്നാവശ്യപ്പെട്ടപ്പോൾ ശ്രീ. വി. എസ്. അച്ചുതാനന്ദനാണ് ഒഴിയാൻ പാടില്ലെന്ന് ആദ്യം പറഞ്ഞത്. വിജിലൻസ് ഡയറക്ടർക്കെതിരെ ഒരു കേസ് വന്നപ്പോൾ ആ കേസ് സി.ബി.ഐ. അന്വേഷിക്കാൻ തയ്യാറാകുന്നു. അദ്ദേഹംതന്നെ പറയുന്നു, എന്റെ കേസ് സി.ബി.ഐ. അന്വേഷിക്കരുതെന്ന്. ശ്രീ. വി.എസ്. അച്ചുതാനന്ദൻ മാത്രം ചാടിക്കയറി വിജിലൻസ് ഡയറക്ടർ സ്ഥാനം ഒഴിയരുതെന്ന പരസ്യ നിലപാട് സ്വീകരിച്ചു. വിജിലൻസ് രജിസ്റ്റർചെയ്ത ശ്രീ. അരുൺ കുമാറിന്റെ കേസ് എഴുതിത്തള്ളിയതിലൂടെ അദ്ദേഹത്തിന് പ്രതിഫലം കിട്ടി.

100 ദിവസത്തെ വികസന കാര്യങ്ങൾ സംബന്ധിച്ച് ഗവൺമെന്റ് ഒരു രേഖ പുറത്തിറക്കിയിട്ടുണ്ട്. ആ രേഖയിലെ പ്രധാനപ്പെട്ട ഒരു കാര്യം "വൻ സ്വപ്നങ്ങളുമായി വൻകിട പദ്ധതി. ആ വൻകിട പദ്ധതികളിൽ ഏഴാം സ്ഥാനത്ത് "ഇക്കുറി കണ്ണൂർ പറക്കും", കാത്തിരിപ്പുകൾ വിഫലമാവില്ല, രാജ്യത്തെ വലിയ വിമാനത്താവളങ്ങളിലൊന്നായി 2017 ഏപ്രിലിൽ കണ്ണൂർ വിമാനത്താവളം പ്രവർത്തനമാരംഭിക്കും. ഇതുസംബന്ധിച്ച് 26-9-2016-ൽ സർവ്വശ്രീ കെ. സി. ജോസഫ്, സണ്ണി ജോസഫ്, ഷാഫി പറമ്പിൽ, ഐ. സി ബാലകൃഷ്ണൻ എന്നിവരുടെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 72-ൽ (എ) " കണ്ണൂർ വിമാനത്താവളം എന്നത്തേയ്ക്ക് പ്രവർത്തനമാരംഭിക്കുവാനാണ് ലക്ഷ്യമിടുന്നത്? കണ്ണൂർ വിമാനത്താവളത്തിന്റെ പ്രവർത്തനം മേയ് മാസത്തിൽ പൂർത്തീകരിക്കാനും

അതിനുശേഷം ടെസ്റ്റിംഗ് കമ്മീഷൻ നടത്താനുമാണ് ഉദ്ദേശിക്കുന്നത്. (ബി) വിമാനത്താവളവുമായി ബന്ധപ്പെട്ട എന്തെല്ലാം പ്രവൃത്തികൾ ഇതുവരെ പൂർത്തീകരിച്ചിട്ടുണ്ട്?"

ശ്രീ. രാജു എബ്രഹാം:........(മൈക്ക് ഓഫ്)........

ശ്രീ. സണ്ണി ജോസഫ്: ഞാൻ പറയാം, ശ്രീ. രാജു എബ്രഹാം. I will come to the point. ശ്രീ. ഉമ്മൻ ചാണ്ടിയുടെ കാലത്ത് അവിടെ പരീക്ഷണ പറക്കലിന് വന്നപ്പോൾ കളിയാക്കിയവർക്കുള്ള മറുപടിയാണിത്. നിയമസഭാ ചോദ്യോത്തരം. മറുപടി ഞാൻ വായിക്കാം. എന്തൊക്കെ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു; ഇത് കേൾക്കാൻ തയ്യാറാകണം. " 1) 3500 മീറ്റർ റൺവേ. 2) 20 എയർക്രാഫ്റ്റ് പാർക്കിംഗിനായുള്ള ഏപ്രൺ. 3) പാരലൽ ടാക്സി ട്രാക്ക് - 889 മീറ്റർ. 4) റൺവേ ലിങ്ക് ടാക്സി - 2 എണ്ണം. 5) ഏപ്രൺ ലിങ്ക് ടാക്സി - 4 എണ്ണം. 6) ചുറ്റുമതിൽ - 18 മീറ്റർ. 7) ഓപ്പറേഷണൽ വാൾ - 4 കി. മീറ്റർ. 8) എയർ ട്രാഫിക് കൺട്രോൾ ടവർ ബിൽഡിംഗ് - 85%. 9) ഫയർ സ്റ്റേഷൻ (2) - 75 %. 10) സ്റ്റോം വാട്ടർ ഡ്രെയിൻ - 35%, 11) ഐസൊലേഷൻ ബേ - 50%, 12) ടെർമിനൽ ബിൽഡിംഗ് - 75%, 13)ഫ്ലൈ ഓവർ - 90%, മറ്റൊരു ഫ്ലൈ ഓവർ-90%, അങ്ങനെ തുടങ്ങി കെ.എസ്.ഇ.ബി. സപ്ലൈ-95%, വാട്ടർ സപ്ലൈ കെ.ഡബ്ല്യൂ.എ.- 100%." ഇങ്ങനെയാണ് മറുപടി. ഇത് 26-9-2016-ന്റെ മറുപടിയാണ്. ഇത് ശ്രീ. ഉമ്മൻചാണ്ടി സർക്കാരിന്റെ കാലത്ത് ശ്രീ. കെ. ബാബു ഈ വകുപ്പ് കൈകാര്യം ചെയ്തിരുന്ന സമയത്ത് നടത്തിയ പ്രവർത്തനമാണ്. അതല്ലാതെ എ.കെ.ജി. സെന്ററിൽനിന്ന് ടെർമിനൽ പണിതിട്ട് ഈ ഗവൺമെന്റ് വന്നപ്പോൾ അവിടെ കൊണ്ടുപോയി ഫിറ്റ് ചെയ്തതല്ല. ഇന്നലെ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ആകാശ ഇടനാഴി ഉദ്ഘാടനം ചെയ്തു. ഇന്നത്തെ പത്രങ്ങളിലെ വാർത്തയാണ്. അത് സംഘടിപ്പിച്ച അന്നത്തെ ആരോഗ്യ വകുപ്പുമന്ത്രി ശ്രീ. വി. എസ്. ശിവകുമാർ ഇവിടെ ഇരിക്കുകയാണ്. അദ്ദേഹത്തെ ക്ഷണിക്കാനോ അദ്ദേഹത്തെക്കുറിച്ച് ഒരു വാക്കുപോലും പറയാനോ ഇടനൽകാതെയാണ് ആകാശ ഇടനാഴി ഉദ്ഘാടനം ചെയ്തത്. കഴിഞ്ഞ ദിവസം എറണാകുളത്ത് ഫ്ലൈ ഓവർ ഉദ്ഘാടനം ചെയ്തു. ആരാണ് കൊണ്ടുവന്നത്? അതുസംബന്ധിച്ച് ശ്രീ. ബെന്നി ബെഹനാൻ ഉൾപ്പെടെയുള്ളവർ എത്രയോവട്ടം ഈ നിയമസഭയിൽ സംസാരിച്ചത് ഞാൻ ഓർമ്മിക്കുകയാണ്. കഴിഞ്ഞ സർക്കാർചെയ്ത നല്ല കാര്യങ്ങൾ അംഗീകരിക്കാൻ തയ്യാറല്ല. തെറ്റായ വാർത്തകൾ വരുത്തി കഴിഞ്ഞ സർക്കാരിനെ ആക്ഷേപിക്കാൻ, പ്രതിപക്ഷ നേതാവിനെ ഉൾപ്പെടെ, പ്രതിപക്ഷ നേതാവ് അതിന് മറുപടി പറഞ്ഞുകഴിഞ്ഞു, നടത്തുന്ന ശ്രമങ്ങൾ ജനങ്ങളുടെ മുൻപിൽ വിലപോകില്ല. അതിന് വ്യക്തമായ മറുപടിയുണ്ട്.

സ്പോർട്സ് മേഖലയിൽ രാജ്യത്തിന്റെയും കേരളത്തിന്റെയും അഭിമാനം ജിമ്മി ജോർജ്ജായിരുന്നു. ജിമ്മി ജോർജ്ജിന്റെ കുടുംബത്തെ വേദനിപ്പിച്ച്,

അഞ്ജു ബോബി ജോർജ്ജിനെ കരയിപ്പിച്ച് അവരെ സ്പോർട്സ് കൗൺസിലിന്റെ ചെയർമാൻ സ്ഥാനത്തുനിന്ന് ഇറക്കിവിട്ട് പകരം നിയമിച്ച വ്യക്തിയുടെ ട്രാക്ക് റെക്കോർഡ് ഞാൻ ഇവിടെ പറയുന്നില്ല.

മി. ചെയർമാൻ: യെസ്......പ്ലീസ്....കൺക്ലൂഡ്......

ശ്രീ. സണ്ണി ജോസഫ്: അഞ്ജു ബോബി ജോർജ്ജിന്റെ കണ്ണുനീർ കേരളം കണ്ടു. രാഷ്ട്രീയ പക്ഷപാതപരമായിട്ടുള്ള നിലപാടുകളാണ് സ്വീകരിക്കുന്നത്. വികസന കാര്യത്തിലും ധനകാര്യ ബില്ലിലും ബജറ്റിലും ആ നിലപാട് പ്രതിഫലിച്ചു കണ്ടിട്ടുണ്ട്. പ്രതിപക്ഷ എം.എൽ.എ.മാരെ അവഗണിച്ചുകൊണ്ടുള്ള നിലപാടുകളാണ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. മാണിസാർ കൊണ്ടുവന്ന കാരുണ്യ ബെനവലന്റ് ഫണ്ട് തുടരുന്നത് നല്ല കാര്യമാണ്. റബ്ബർ കൃഷിക്കാർക്ക് 500 രൂപയെങ്കിലും വച്ചത് നല്ല കാര്യമാണ്. പക്ഷേ കേന്ദ്രത്തിൽനിന്ന് പത്ത് പൈസപോലും അധികം വാങ്ങാൻ ഈ സർക്കാരിന് സാധിച്ചിട്ടില്ല. ചില കാര്യങ്ങളിൽ ഞങ്ങളെ കോപ്പിയടിച്ചിട്ടുണ്ട്. മറ്റ് കാര്യങ്ങളിൽ സ്വീകരിക്കുന്ന ജനദ്രോഹനടപടികൾ ഈ ധനകാര്യ ബില്ലിൽ നിഴലിക്കുന്നു. അതിനെ എതിർക്കുന്നു. എന്റെ വാക്കുകൾ ചുരുക്കുന്നു.

ശ്രീമതി പി. അയിഷാ പോറ്റി: സർ, കഴിഞ്ഞ 5 വർഷക്കാലം യു.ഡി.എഫ്. ഗവൺമെന്റ് നടപ്പാക്കിയ ജനദ്രോഹ നയങ്ങളുടെയും സാമ്പത്തിക മേഖലയിലെ കെടുകാര്യസ്ഥതയുടെയും ഫലമായി സംസ്ഥാനത്തുണ്ടായ കഠിനമായ സാഹചര്യങ്ങളെ അതിജീവിച്ചുകൊണ്ടുവേണം ഈ സർക്കാരിന് മുന്നോട്ടുപോകാൻ. അപ്പുറത്തുനിന്ന് ബഹുമാനപ്പെട്ട സണ്ണി ജോസഫ്, പൂർത്തീകരിക്കാത്ത നിരവധി പദ്ധതികൾ ഉദ്ഘാടനം ചെയ്തതിന്റെ തെളിവുകൾ എന്റെ മണ്ഡലത്തിലുൾപ്പെടെ ഉണ്ടെന്ന് പറഞ്ഞതിനുള്ള വിശദീകരണം ഞാൻ പിന്നീട് പറയാം. പ്രതിസന്ധികളെ തരണം ചെയ്യാനുള്ള മാർഗ്ഗങ്ങളും വഴികളും കണ്ടെത്തി അവ ചിട്ടയായി നടപ്പാക്കാനുള്ള ശ്രമങ്ങളാണ് കഴിഞ്ഞ നാലുമാസംകൊണ്ട് ഈ ഗവൺമെന്റ് ചെയ്തു കൊണ്ടിരിക്കുന്നത്. മെച്ചപ്പെട്ട ധനകാര്യ മാനേജ്മെന്റിലൂടെയും വകുപ്പുകളുടെ ഏകോപിതമായ പ്രവർത്തനങ്ങളിലൂടെയും മുഖ്യമന്ത്രിയുടെ മേൽനോട്ടത്തിലൂടെയും എല്ലാ കാര്യങ്ങൾക്കും ഒരു അടുക്കും ചിട്ടയുമൊക്കെ ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. സമ്പൂർണ്ണ സാക്ഷരത, ജനകീയാസൂത്രണം, ജനമൈത്രി പോലീസ്, നീതി മെഡിക്കൽ സ്റ്റോർ, കുടുംബശ്രീ തുടങ്ങിയ ജനകീയ പദ്ധതികളെല്ലാം തുടക്കമിട്ടത് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ കാലത്താണെന്നുള്ളത് രേഖകൾ പരിശോധിച്ചാൽ മനസ്സിലാക്കാൻ കഴിയും. ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ അഴിമതി വിരുദ്ധമായി പ്രവർത്തിച്ചതുകൊണ്ട്, അഴിമതി

ആരോപണങ്ങൾക്ക് വിധേയരായി ആർക്കുംതന്നെ ആ സീറ്റിലിരിക്കാൻ കഴിഞ്ഞിട്ടില്ല എന്നുള്ള കാര്യവും നമുക്കറിയാം. അഴിമതിക്കേസ്സുകളിലും അഴിമതി ആരോപണങ്ങളിലും മുങ്ങിക്കൊണ്ടാണ് കഴിഞ്ഞ 5 വർഷക്കാലവും കേരളത്തിൽ യു.ഡി.എഫ്. ഗവൺമെന്റ് ഭരിച്ചതെന്നും നമുക്കറിയാം. വിദ്യാഭ്യാസമേഖലയിൽത്തന്നെ എത്രയെത്ര ആരോപണങ്ങളാണ് ഉണ്ടായിട്ടുള്ളത്. ആ സർക്കാരിന്റെ കാലത്തുള്ള ഓരോ വകുപ്പും എടുത്തുപരിശോധിച്ചാൽ അറിയാം. വിദ്യാഭ്യാസമേഖല ഇത്രയും തച്ചുടച്ച ഒരു സന്ദർഭം മുമ്പുണ്ടായിട്ടില്ല. കേരളത്തിൽ എത്ര നാണംകെട്ട ഒരു ഭരണമായിരുന്നു കഴിഞ്ഞ 5 വർഷക്കാലം നടന്നത് എന്ന കാര്യം പുറത്തുവന്നിട്ടുള്ള വാർത്തകളുടേയും നടന്നിട്ടുള്ള സമരങ്ങളുടേയും ആകെത്തുകയായി ജനങ്ങൾ നൽകിയ വിധി പരിശോധിക്കുമ്പോൾ നമുക്ക് മനസ്സിലാകും.

കോഴിക്കോട് സർവ്വകലാശാലയുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട രാജേഷ് എത്രയെത്ര പ്രശ്നങ്ങളാണ് ചൂണ്ടിക്കാണിച്ചിട്ടുള്ളത്. സർവ്വകലാശാലയിൽ കഴിഞ്ഞ കാലത്ത് നടപ്പിലാക്കിയ ചില പരിപാടികളെ സംബന്ധിച്ച് നമുക്കറിയാം. മലബാറിന്റെ ഉന്നത വിദ്യാഭ്യാസ രംഗത്തെ പിന്നോക്കാവസ്ഥയ്ക്ക് പരിഹാരമായി സ്ഥാപിതമായ കാലിക്കറ്റ് സർവ്വകലാശാല കഴിഞ്ഞ ഭരണത്തിലുടനീളം വിവാദങ്ങളുടെ കേന്ദ്ര ബിന്ദുവായിരുന്നുവെന്ന് നമുക്കറിയാം. പത്രങ്ങളാകെ റിപ്പോർട്ട് ചെയ്തതാണ്. ആ ഭരണത്തിൽ സർവ്വകലാശാല, ഘടകകക്ഷിയായ മുസ്ലീം ലീഗിന്റെ അധികാര രാഷ്ട്രീയത്തിന്റെ ഇരയും അരങ്ങും ആയി മാറി എന്ന് പത്രവാർത്തകളുണ്ടായിരുന്നു. 17-2-2016-ൽ വന്നിട്ടുള്ള പത്രവാർത്തയാണ് ഞാൻ വായിക്കുന്നത്. പെൺകുട്ടികളുടെ കേവലമായ മനുഷ്യാവകാശങ്ങൾപോലും നിരന്തരം ധ്വംസിക്കപ്പെട്ട വിവരങ്ങൾ നമുക്കറിയാം. കോഴിക്കോട് സർവ്വകലാശാലയിലെ പെൺകുട്ടികൾ ഹോസ്റ്റലിൽ അനുഭവിക്കുന്ന പ്രയാസങ്ങൾ, യൂണിവേഴ്സിറ്റിയിൽ പഠിക്കുമ്പോഴുണ്ടാകുന്ന പ്രശ്നങ്ങൾ, വി.സി.യുടെ ഭാഗത്തുനിന്നുണ്ടാകുന്ന പ്രശ്നങ്ങൾ എന്നിവയെല്ലാം വനിതകളുടെ ഒരു യോഗത്തിൽവച്ച് ഞങ്ങളോട് പറഞ്ഞിട്ടുള്ളതാണ്. അഴിമതി നിയമനമെന്ന കട്ടുംവെട്ടിന്റെ കഥകളാണ് ഏറ്റവും അവസാനം പുറത്തുവരുന്നത്. 320 തസ്തികകളിൽ സർവ്വകലാശാല അസിസ്റ്റന്റ് നിയമനത്തിനായി നടന്ന എഴുത്തു പരീക്ഷയിൽ കൃത്രിമം നടന്നതായി ആരോപണമുയർന്നിരുന്നു. ആയിരത്തോളം ഉദ്യോഗാർത്ഥികളുടെ ലിസ്റ്റ് ജനുവരി 30-ന് അതായത്, ഒരു ശനിയാഴ്ച 12 മണിക്ക് പുറത്തുവന്നു, ഞായറാഴ്ച അവധിയാണെന്നിരിക്കെ തിങ്കളാഴ്ച 80-ൽപ്പരംപേർ ജോലിയിൽ പ്രവേശിച്ചു. ഇതുവരെ 287 പേർ. ഇത്തരം എത്രയെത്ര വാർത്തകൾ. "ഉന്നതവിദ്യാഭ്യാസ മേഖലയിൽ കോടികളുടെ കൊള്ള" പത്രവാർത്തയാണിത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തേതാണ്. 7-10-2016-ൽ ആ കാലഘട്ടത്തെ കാര്യങ്ങൾ റിപ്പോർട്ടായി

വന്നിരിക്കുകയാണ്. സംസ്ഥാനത്ത് ഇ-ഗവേണൻസ് നടപ്പാക്കുന്നതിന്റെ ഭാഗമായി 200 കോടി രൂപ ചെലവഴിച്ച് വിവരസാങ്കേതിക ഉപകരണങ്ങൾ വാങ്ങിയതിൽ വൻ അഴിമതി കണ്ടെത്തിയതിനെത്തുടർന്ന് വിജിലൻസ് അന്വേഷണം തുടങ്ങി. 100 കോടി രൂപയുടെ ഉപകരണങ്ങൾക്ക് 200 കോടി രൂപ നൽകി. അതാണ് വാർത്തയുടെ തലക്കെട്ട് തന്നെ. ഇക്കാര്യത്തിൽ ഇപ്പോൾ അന്വേഷണം നടക്കുകയാണ്. വിദ്യാഭ്യാസ ഗുണനിലവാരം മെച്ചപ്പെടുത്താനാണ് ഇ-ഗവേണൻസ് കൊണ്ടുവന്നത്. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി ആന്റ് മാനേജ്മെന്റ് കേരളയാണ് ഇതിന്റെ സൂപ്പർവിഷൻ നടത്തേണ്ടത്. അവരുടെ ഒബ്ജക്ഷൻപോലും വകവയ്ക്കാതെയാണ് ഇത്തരമൊരു പർച്ചേസ് നടത്തിയിട്ടുള്ളത്. ഇതെല്ലാം കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തെ കാര്യങ്ങളാണ്. എന്റെ മണ്ഡലത്തിൽത്തന്നെ റൂറൽ എസ്.പി. ഓഫീസിന്റെ കെട്ടിട നിർമ്മാണ ഉദ്ഘാടനം നടത്തി. ഞാൻ ആരെയും കുറ്റപ്പെടുത്തുകയല്ല. അതിനാവശ്യമായ ഭൂമി വിട്ടുകിട്ടിയ കടലാസ് മാത്രമേയുള്ളൂ. അവിടെ താലൂക്ക് ഓഫീസ് പ്രവർത്തിക്കുന്നുണ്ട്. അത് ഷിഫ്റ്റ് ചെയ്യേണ്ടതായിട്ടുണ്ട്. അതിനാവശ്യമായ തുക അനുവദിച്ചിട്ടില്ല. ഇതൊക്കെ പൂർത്തിയാകാതെത്തന്നെ മാസങ്ങൾക്കുമുൻപ് അതിന്റെ തറക്കല്ലിട്ട് ഉദ്ഘാടനവും നടത്തി. ഒരു നടപടിയും മുന്നോട്ടുപോയിട്ടില്ല. ഇനി പുതുതായി കാര്യങ്ങൾ ചെയ്തുതുടങ്ങേണ്ട സ്ഥിതിയാണ്.

അതുപോലെയാണ് നിലച്ചുപോയ പദ്ധതികൾ. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തെ എല്ലാ പദ്ധതികളും ഇഴഞ്ഞിഴഞ്ഞ് പോകുകയാണ്. ഉദാഹരണത്തിന് കൊട്ടാരക്കരയിലെ സിവിൽ സ്റ്റേഷൻ. കഴിഞ്ഞ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ കാലത്ത് അനുവദിച്ച് 2012-ൽ യു.ഡി.എഫ്. ഗവൺമെന്റ് വന്നപ്പോഴാണ് അതിന്റെ നടപടിക്രമങ്ങൾ പൂർത്തീകരിച്ചുകൊണ്ട് ആക്ച്വലായിട്ടുള്ള പണിയിലേക്ക് പോയത്. അന്ന് അതിന് റിവിഷൻ നടത്തി ഒരു നില കട്ട് ചെയ്ത് ടെണ്ടർ ചെയ്തു. 2 കോടിയിലധികം രൂപ കൊടുക്കാനുണ്ടായിരുന്നതിനെത്തുടർന്ന് കരാറുകാരൻ കുറെ പണികൾ ചെയ്തുകഴിഞ്ഞപ്പോൾ പണി ഉപേക്ഷിച്ചുപോയി. അതിൽ കുറച്ചുപണം കൊടുത്തു. അതൊരു അസ്ഥികൂടംപോലെ കാട്ടുമൂടി തെരുവുനായ്ക്കൾ വിലസുന്ന സ്ഥിതിയിലേയ്ക്ക് എത്തിയിരിക്കുകയാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ശക്തമായ ഇടപെടലിനെത്തുടർന്ന് ഇപ്പോൾ അത് പൂർത്തീകരിക്കാൻ നടപടി സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. ഒരു തുണ്ടു ഭൂമി ഇല്ലാത്തവർക്ക് ഭൂമി കൊടുക്കണ്ടേ എന്നൊക്കെ ഇവിടെ ചോദിച്ചു. കഴിഞ്ഞ സർക്കാർ ചെയ്തതെന്താണ്? പെരുമാറ്റച്ചട്ടം നിലവിൽ വരുമെന്നുപേടിച്ച് അവസാന മന്ത്രിസഭാ യോഗങ്ങളിൽ ഒറ്റയടിക്ക് 822 തീരുമാനങ്ങൾ എടുക്കുകയാണ് ചെയ്തത്; ശരിയാണോ അത്? റവന്യൂ വകുപ്പിൻകീഴിൽ വൻ അഴിമതികളാണ് അരങ്ങേറിയത്. ഇതെല്ലാം പത്രവാർത്തകളാണ്. മെത്രാൻ കായലിൽ 378 ഏക്കർ കുമരകം ഇക്കോ ടൂറിസം പ്രോജക്ടിനുവേണ്ടി നികത്താനും എറണാകുളം ജില്ലയിലെ കടമക്കുടിയിൽ

മൾട്ടി സ്പെഷ്യാലിറ്റി ആശുപത്രി പണിയാൻ 47 ഏക്കർ നികത്താനും പ്രസ്തുത ഭൂമി 2007 മുതൽ തരിശിട്ടിരിക്കുന്നു എന്ന ന്യായം പറഞ്ഞുകൊണ്ട് അനുവാദം കൊടുത്തു. തണ്ണീർത്തട-നെൽവയൽ സംരക്ഷണ നിയമത്തെ അട്ടിമറിച്ചുകൊണ്ട് എന്തെല്ലാം കാര്യങ്ങളാണ് ചെയ്തിട്ടുള്ളത്? അതുപോലെ കഴിഞ്ഞ കാലങ്ങളിൽ സീറോ ലാന്റ്ലെസ് എന്നൊരു പദ്ധതി കൊണ്ടുവന്നു. എന്റെ മണ്ഡലത്തിലെ നെടുവത്തൂരിൽ പാറപ്പുറത്ത് വരച്ചുകൊടുത്തിട്ടാണ് ഭൂമി കൊടുത്തത്. അതുമായി ബന്ധപ്പെട്ട് പത്തുപന്ത്രണ്ടാളുകൾ പരാതി പറയാൻ വന്നിരുന്നു. അന്ന് മന്ത്രിയോട് ആ കാര്യം സൂചിപ്പിച്ചപ്പോൾ തീർച്ചയായിട്ടും പരിശോധിക്കാമെന്ന് അദ്ദേഹം പറഞ്ഞു. പക്ഷേ ഒരു നടപടിയുമുണ്ടായില്ല. പാറപ്പുറത്ത് എങ്ങനെയാണ് വീടുവയ്ക്കുന്നത്? ഇതെല്ലാം പരിശോധിക്കേണ്ടതാണ്. സീറോ ലാൻഡ്ലെസിന് അലോട്ട് ചെയ്ത എല്ലാ ഭൂമിയും കേസ്സുകൾ നിലവിലുള്ളതായിരുന്നു. അതുകൊണ്ട് ഭൂമി ലഭിച്ച ഇവരെ ഒഴിപ്പിക്കേണ്ട സ്ഥിതിവിശേഷം കൂടിയുണ്ട്. ഇത്തരത്തിലുള്ള നിരവധി പ്രശ്നങ്ങളാണ് കഴിഞ്ഞ കാലങ്ങളിൽ ഉണ്ടായിട്ടുള്ളതെന്ന് നമുക്കറിയാം. അതോടൊപ്പം തന്നെ നികുതിയിളവിലൂടെ 265 കോടി രൂപയുടെ വെട്ടിപ്പ്. കോഴിക്കച്ചവടക്കാർക്കും ആയുർവ്വേദ മരുന്നുകമ്പനിക്കാർക്കും അനധികൃതമായി നികുതിയിളവ് നൽകിയത് ബഹുമാനപ്പെട്ട മുൻ ധനകാര്യ വകുപ്പുമന്ത്രിയുമായി ബന്ധപ്പെട്ട് മാതൃഭൂമി പത്രത്തിൽ വന്നിട്ടുള്ള വാർത്തയാണ്. ഇതെല്ലാം കഴിഞ്ഞ കാലങ്ങളിലുണ്ടായ ഭരണത്തിന്റെ ബാക്കിപത്രമായി കാണാവുന്നതാണ്. എന്ത് ധനപ്രതിസന്ധിയായിരുന്നു? വെള്ളക്കരം വർദ്ധിപ്പിച്ചും വീടുകൾക്ക് ടാക്സ് വർദ്ധിപ്പിച്ചും ബജറ്റിനെ അധികരിച്ചുകൊണ്ട് ജനങ്ങളുടെമേൽ അമിതഭാരം അടിച്ചേൽപ്പിച്ചുകൊണ്ടുമുള്ള ഒരു ഭരണമാണ് നടത്തിയിരുന്നത്.

ക്ഷേമ പെൻഷനുകളെല്ലാം കുടിശ്ശികയാക്കിയിട്ട് പോയ കാര്യവും നമുക്കറിയാം. ഐ.എ.വൈ. ഭവന പദ്ധതി മൂന്നുലക്ഷം രൂപയാക്കി ഉയർത്തുമെന്ന് മാണി സാർ പറഞ്ഞപ്പോൾ ഞങ്ങളൊക്കെ സന്തോഷിച്ചു. കുറെ ആശ്വാസം കിട്ടുമെന്ന് വിചാരിച്ചു. രണ്ടു ലക്ഷം രൂപയുടെ പണി പൂർത്തിയാക്കി ബാക്കി ഒരു ലക്ഷം രൂപ കൂടി കിട്ടാൻവേണ്ടി ആൾക്കാർ നടക്കുകയാണ്. ഒരു ലക്ഷം രൂപ എവിടെ കൊടുത്തു? അതിന് ഉത്തരവുള്ളതായി തോന്നുന്നില്ല. ഇങ്ങനെ ഒട്ടേറെ പ്രശ്നങ്ങളുണ്ട്.

വിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട പ്രശ്നം നിലനിൽക്കുന്നുണ്ട്. നാഷണൽ സ്കിൽ ക്വാളിഫിക്കേഷൻ ഫ്രെയിംവർക്കിലേയ്ക്ക് കേരളമൊഴികെയുള്ള എല്ലാ സംസ്ഥാനങ്ങളും വന്നുവെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ചെയ്യേണ്ട നിരവധി കാര്യങ്ങൾ ചെയ്യാതെ ഇപ്പോഴത്തെ സർക്കാരിന് ഭാരിച്ച പ്രശ്നമുണ്ടാക്കുന്ന നിലയിലേയ്ക്ക് കര്യങ്ങൾ എത്തിച്ചിട്ടാണ് കഴിഞ്ഞ സർക്കാർ പോയത്. 2015-ലെ ഒരു മീറ്റിംഗിൽ അന്നത്തെ മന്ത്രി പറഞ്ഞിരുന്നു; " ....Government Institutions imparting Education and Training Programmes will have to comply with National Skill Qualification Frame Work after three years of the grants." അപ്പോൾ 2017 കഴിഞ്ഞാൽ 10 പൈസ വൊക്കേഷണൽ ഹയർ സെക്കന്ററിക്ക് കിട്ടാൻ

പോകുന്നില്ല. അതിനുവേണ്ട നടപടിക്രമങ്ങളൊന്നും ആ ഗവൺമെന്റ് ചെയ്തിട്ടില്ല. അധികാരത്തിൽ വന്നയുടനെ ഇതൊന്നും ചെയ്യാൻ കഴിയുന്ന കാര്യങ്ങളല്ല. ഇത്തരത്തിൽ കെടുകാര്യസ്ഥതയ്ക്കുപുറമേ നികുതി പിരിവിലുള്ള ചോർച്ചയും നികുതി വരുമാനത്തിലുള്ള കുറവും ബജറ്റിൽ പ്രഖ്യാപിക്കുന്നതിനപ്പുറമുള്ള പ്രഖ്യാപനങ്ങൾ നടത്തിക്കൊണ്ടും ഭരണപക്ഷവും പ്രതിപക്ഷവുമെന്ന വേർതിരിവ് കാണിച്ചുകൊണ്ടുമുള്ള നടപടിക്രമങ്ങളുമായാണ് മുന്നോട്ടു കൊണ്ടുപോയിട്ടുള്ളത്. അപ്പുറത്തിരിക്കുന്നവരെല്ലാം ചോദിക്കുന്നത്, ഭരണപക്ഷത്തിന് തരുന്നതുപോലെ ഞങ്ങൾക്കും തരുമോയെന്നാണ്. ഞാൻ എത്ര പ്രാവശ്യം റോഡ് നിർമ്മാണ അനുമതിക്കുവേണ്ടി നടന്നിട്ടുണ്ട്, ഒരു സ്റ്റേഡിയം കിട്ടാൻവേണ്ടി ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണനെ 100 തവണയെങ്കിലും സമീപിച്ചിട്ടുണ്ട്. ഒരു ദാക്ഷിണ്യവും കാണിച്ചില്ല. ബസ്സുകൾ അനുവദിച്ചിട്ടില്ല. ഉള്ള ബസ്സുകളെല്ലാം പിൻവലിച്ചു. ഒരു ബസ്റൂട്ട് അനുവദിച്ചതിനു ശേഷം രാഷ്ട്രീയം കാണിച്ച് അത് തരാതിരുന്നു. അവസാനം സമരംചെയ്യേണ്ട ഗതികേട് വരെവന്നിട്ടുണ്ട്. ജനദ്രോഹനയങ്ങളുടെ ഒരു പരമ്പര തന്നെയായിരുന്നു. നല്ല കാര്യങ്ങൾ ചെയ്തു കുറച്ചുപേരുണ്ട്. ധനകാര്യ മാനേജ്മെന്റിൽ കെടുകാര്യസ്ഥതയായിരുന്നു എന്നുള്ളത് രേഖകൾ പരിശോധിക്കുമ്പോൾ മനസ്സിലാകും. ഇതിനെയെല്ലാം അതിജീവിച്ചുകൊണ്ട് ചിട്ടയായ ധനകാര്യ മാനേജ്മെന്റിൽക്കൂടി എല്ലാ വകുപ്പുകൾക്കും ആവശ്യമായ തുക കൊടുത്തുകൊണ്ടും ധനസമാഹരണം നടത്തിക്കൊണ്ടും ഒരു നല്ല കേരളത്തെ സൃഷ്ടിക്കാൻ ഈ ഗവൺമെന്റിന് അഞ്ചുവർഷ കാലംകൊണ്ട് സാധിക്കുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. അതിനായി ഇവിടെ അവതരിപ്പിച്ച ധനകാര്യ ബില്ലിനെ ഞാൻ പൂർണ്ണമായി പിന്തുണയ്ക്കുന്നു.

<u>ശ്രീ. സി. കെ. നാണു</u> : സർ, ശ്രീ. സണ്ണി ജോസഫ് സംസാരിച്ചപ്പോൾ മുൻ മുഖ്യമന്ത്രിയായിരുന്ന ശ്രീ. ഉമ്മൻ ചാണ്ടിയുടെ പേരിൽ ആക്ഷേപം ഉന്നയിച്ചുവെന്നുപറഞ്ഞു. അദ്ദേഹത്തിന്റെ ഓഫീസിലുണ്ടായിരുന്ന ചില ജീവനക്കാരെ അദ്ദേഹത്തിനുതന്നെ ഒഴിവാക്കേണ്ടിവന്നു. അങ്ങനെയൊരു സംഭവം നടന്നപ്പോൾ, ഒരു അപകടത്തിലേയ്ക്ക് അദ്ദേഹം നീങ്ങുന്നു, അല്ലെങ്കിൽ ആരെങ്കിലും അദ്ദേഹത്തെ നീക്കുന്നു എന്നുതോന്നിയാൽ അദ്ദേഹത്തെ സംരക്ഷിക്കാനുള്ള ചുമതല നിങ്ങൾക്ക് ഉണ്ടായിരുന്നില്ലേ? സംരക്ഷിക്കാനുള്ള ചുമതലയുണ്ടായിരുന്നിട്ടും, അതുചെയ്യാതെ, പ്രതിപക്ഷ നേതാവായിരുന്ന ശ്രീ. വി. എസ്. അച്യുതാനന്ദൻ അന്നു നടന്ന സംഭവത്തെക്കുറിച്ച് പറഞ്ഞതിനെ ആക്ഷേപിച്ചിട്ട് കാര്യമില്ല. കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഈ സംഭവം നടന്നപ്പോൾ സെക്രട്ടേറിയറ്റ് വളഞ്ഞ് സമാധാനപരമായി സമരം നടത്തിയവരാണ്. മുൻമുഖ്യമന്ത്രിക്കെതിരായി ബാംഗ്ലൂർ കോടതിയിൽനിന്ന് ഒരു വിധി വന്നു. ആ വിധിക്കുശേഷം അദ്ദേഹം മറുപടി പറഞ്ഞപ്പോൾ, അദ്ദേഹത്തെ രക്ഷിക്കുന്നതിന് സഹായകരമായ രീതിയിൽ ഒരു പത്രസമ്മേളനം നിങ്ങൾ നടത്തിയോ? ഇവിടെ ശ്രീ. വി. എസ്. അച്യുതാനന്ദൻ

ഒരു അഭിപ്രായം പറഞ്ഞപ്പോൾ, അതിനെ എതിർക്കാൻ ശ്രമിച്ചത് ശരിയാണോ? ഇതൊരു പ്രധാന പ്രശ്നമാണ്. മുൻമുഖ്യമന്ത്രിക്കെതിരായി ഞങ്ങളാരും ആക്ഷേപം ഉന്നയിച്ചിട്ടില്ല. ഉണ്ടായ സംഭവത്തിന്റെ പേരിൽ അദ്ദേഹത്തിനെതിരെ കേസ്സെടുത്തു, വിധിയും വന്നു. കോടതിയിൽ വിശദീകരിക്കേണ്ട ന്യായീകരണങ്ങൾ ഇവിടെനിന്ന് വിശദീകരിച്ചാൽ അക്കാര്യത്തിൽ ശ്രീ.ഉമ്മൻചാണ്ടിയെ രക്ഷപ്പെടുത്തി കൊണ്ടുപോകാൻ സാധിക്കുകയില്ലല്ലോ? അങ്ങനെയൊരു നിലപാട് സ്വീകരിക്കേണ്ടതായിരുന്നു. അത്തരം നിലപാടുകൾ സ്വീകരിക്കാതെ ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെയും ശ്രീ. വി. എസ്. അച്ചുതാനന്ദന്റെയും പേരിൽ ആക്ഷേപം ഉന്നയിച്ചിട്ട് ഫലമില്ല.

ശ്രീ. വി. എസ്. അച്ചുതാനന്ദന്റെ മകന്റെ പേരിൽ ഒരു ആരോപണം വന്നു. അതുസംബന്ധിച്ച് അന്വേഷിക്കാൻ ശ്രീ. വി.ഡി. സതീശൻ ചെയർമാനായ ഒരു കമ്മിറ്റിയെ നിയോഗിച്ചു. ഞാൻ ആ കമ്മിറ്റിയിൽ അംഗമായിരുന്നു. പല സാക്ഷികളെയും വരുത്തി ഞങ്ങൾ വിസ്തരിച്ചു. ഭരണകക്ഷിയിലെയും പ്രതിപക്ഷ പാർട്ടിയിലെയും അംഗങ്ങളിൽ നിന്നും തെളിവെടുപ്പ് നടത്തി തീരുമാനങ്ങളെടുത്തു. ശ്രീ. വി. ഡി. സതീശന്റെ നേതൃത്വത്തിലുള്ള കമ്മിറ്റി, അവരുടെ അഭിപ്രായങ്ങൾ പറഞ്ഞു. പക്ഷേ, നിങ്ങൾ 5 വർഷം ഭരിച്ചിട്ടും അദ്ദേഹത്തിന്റെ പേരിൽ നടപടി സ്വീകരിച്ചില്ല. പിന്നീട് പല തരത്തിലുള്ള വിജിലൻസ് അന്വേഷണങ്ങൾ നടത്തി. അദ്ദേഹം കുറ്റക്കാരനല്ലെന്ന് പറഞ്ഞു. അതുകൊണ്ട് ഇവിടെയുണ്ടായ ഒരു സംഭവത്തെക്കുറിച്ച് ശ്രീ. വി. എസ്. അച്ചുതാനന്ദൻ അഭിപ്രായം പറഞ്ഞാൽ ഉടൻതന്നെ വേറൊരു കാര്യം പറഞ്ഞുകൊണ്ട് ആ പ്രശ്നങ്ങളെ കാണരുത്. നിങ്ങളുടെ കൂടെ നിന്നിരുന്ന സ്നേഹമുള്ള ഒരു മുഖ്യമന്ത്രിയെ കുറെയാളുകൾ വട്ടമിട്ട് തകർക്കാൻ ശ്രമിക്കുന്നുവെന്നുവന്നപ്പോൾ അദ്ദേഹത്തെ രക്ഷിക്കാനുള്ള ശ്രമങ്ങൾ നടത്താതെ അഞ്ചുകൊല്ലക്കാലം ഒരു കെണിയിൽപ്പെടുത്തി ഈ സ്ഥിതിയിലേക്ക് കാര്യങ്ങൾ കൊണ്ടുചെന്നെത്തിച്ചതിന്റെ മുഴുവൻ ഉത്തരവാദിത്വവും നിങ്ങൾക്കല്ലാതെ ഉത്തരവാദിത്വത്തിന്റെ ഒരു ശതമാനമെങ്കിലും പ്രതിപക്ഷത്തുള്ളവർക്ക് ഉണ്ടായിരുന്നോ? നൂറുശതമാനം ഉത്തരവാദിത്വവും നിങ്ങൾക്കാണ്. അതുകൊണ്ട് അത്തരം കാര്യങ്ങളെ സംബന്ധിച്ചൊന്നും പറയുന്നത് ശരിയല്ല. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഭരിച്ചിരുന്നപ്പോൾ ആർക്കും ഒരു ആക്ഷേപവും പറഞ്ഞുകൊണ്ടു നടക്കേണ്ടി വന്നില്ല. പെൻഷൻ കിട്ടാത്ത പാവപ്പെട്ട ആളുകൾ വീട്ടിൽ വരും, ആറുമാസമായി അല്ലെങ്കിൽ ഒരു കൊല്ലമായി ഞങ്ങൾക്ക് പെൻഷൻ ലഭിക്കുന്നില്ലെന്ന് പറയുമായിരുന്നു, നിങ്ങളുടെ ഗവൺമെന്റ് ഇറങ്ങിപ്പോകുന്ന അവസരത്തിൽ ഇതായിരുന്നു അവസ്ഥ. ധനകാര്യ വകുപ്പുമന്ത്രിയുടെ ചുമതലയെന്താണ്; ധനകാര്യ വകുപ്പുമന്ത്രിയുടെ ചുമതല ഈ പ്രശ്നങ്ങൾ പരിഹരിക്കുക എന്നുള്ളതാണ്. ഈ ഗവൺമെന്റ് അധികാരത്തിൽവന്ന് ഒരു മാസമായപ്പോഴേക്കും പാവപ്പെട്ട ആളുകൾക്ക് മാസങ്ങളായി ലഭിക്കാനുണ്ടായിരുന്ന

പെൻഷൻ ലഭിച്ചു. എല്ലാഭാഗത്തും സന്തോഷത്താൽ നൃത്തമായിരുന്നു. ഒരു സുഹൃത്ത് എന്നോടുപറഞ്ഞു; എന്റെ അമ്മയുടെ കൈവശം പണമൊട്ടും ഇല്ലായിരുന്നു. പെട്ടെന്ന് അമ്മ എന്റെ മക്കളെ വിളിച്ചു, എന്നിട്ട് പറയുകയാണ്; നാളെ വൈകുന്നേരം തന്റെ കൂടെ അങ്ങാടിയിൽ വരണം എന്ന്. എന്തിനാണ് എന്ന് അമ്മയോട് ചോദിച്ചു. നിങ്ങൾക്ക് ഓരോ ഷൂസും റെഡിമെയ്ഡ് ഷർട്ടും വാങ്ങിനൽകാനാണ് എന്ന് അമ്മ മറുപടി നൽകി. അവർക്ക് അതൊരു സന്തോഷമായിരുന്നു. ഞാൻ വ്യക്തമായി പറയാം, എന്റെ സഹപ്രവർത്തകൻ ലോഹ്യ എന്നോടുപറഞ്ഞു, തന്റെ അമ്മയ്ക്ക് പെൻഷൻ ലഭിച്ചപ്പോൾ അമ്മ അദ്ദേഹത്തിന്റെ രണ്ട് മക്കളോട് വിളിച്ചു പറഞ്ഞതാണ്. യാഥാർത്ഥ്യമാണിത്. ഇത്തരത്തിലുള്ള അടിസ്ഥാനപരമായ പ്രശ്നങ്ങൾ പരിഹരിച്ചു മുന്നോട്ടുപോകണം.

വിദ്യാലയം - കഴിഞ്ഞ കാലത്തൊന്നും ഉണ്ടായിട്ടില്ലാത്തവിധം എന്റെ മണ്ഡലത്തിലെ 8 ഹയർ സെക്കന്ററി സ്കൂളുകളെ ഏറ്റവും നല്ല നിലവാരത്തിൽ ഈ സർക്കാർ കൊണ്ടുവരികയുണ്ടായി. ലക്ഷക്കണക്കിനുരൂപയാണ് ഓരോ ഹയർ സെക്കന്ററി സ്കൂളിലേയും കെട്ടിടങ്ങൾ പണിയുന്നതിന് ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ അനുവദിച്ചുനൽകിയത്. എന്റെ മണ്ഡലത്തിലെ നാല് പഞ്ചായത്തുകളിൽ യു.ഡി.എഫ്. ആണ് ഭരിക്കുന്നത്. ആ പഞ്ചായത്തുകളിലെ പ്രസിഡന്റുമാരും ഞാനും ജില്ലാ/ ബ്ലോക്ക് പഞ്ചായത്ത് പ്രതിനിധികളും ഉൾപ്പെടെയുള്ളവർ ഒരുമിച്ച് മന്ത്രിമാരെ സമീപിച്ചു. പ്രസ്തുത സ്കൂളുകളെ ദേശീയ നിലവാരത്തിലേയ്ക്കുയർത്തുന്നതിനാവശ്യമായ ഫണ്ട് ധനകാര്യ വകുപ്പുമന്ത്രി അനുവദിച്ചുനൽകി. നമ്മുടെ സംസ്ഥാനത്ത് പല മേഖലകളിലും സാമ്പത്തിക പ്രതിസന്ധി ഉണ്ടായിട്ടും കേരളത്തെ മുൻപന്തിയിലെത്തിക്കാൻ സാധിക്കുമെന്ന് വെല്ലുവിളിച്ചുകൊണ്ട്, ഞങ്ങളെയൊക്കെ അത്ഭുതപ്പെടുത്തിക്കൊണ്ട് ധനകാര്യ വകുപ്പുമന്ത്രി, വർഷങ്ങളുടെ തപസ്യയുടെ ഫലമായി അതിനുള്ള മാർഗ്ഗം കണ്ടുപിടിക്കുകയുണ്ടായി. സംസ്ഥാനത്തിന് ഗുണകരമല്ലാത്തവ, ദോഷമായവയുണ്ടെങ്കിൽ മാറ്റുമെന്ന് അദ്ദേഹം ആരംഭത്തിൽതന്നെ പറഞ്ഞു. ഞങ്ങൾ മുൻപ് ഭരണ പക്ഷത്തുണ്ടായിരുന്ന ആരേയും ആക്ഷേപിച്ചിരുന്നില്ല. പലതരത്തിലുള്ള പീഡനങ്ങളും ആക്ഷേപങ്ങളും കേട്ട ഒരാളാണ് ശ്രീ. വി. എസ്. അച്ചുതാനന്ദൻ. അദ്ദേഹം മറുപടി പറയുന്ന അവസരത്തിൽ, ശക്തമായ ഭാഷയിൽ അതിന് മറുപടി വിശദീകരിച്ചിട്ടുണ്ടാകും. അതൊരു കുറ്റമല്ല. ഏത് മേഖലയിൽ പ്രവർത്തിക്കുമ്പോഴും ഭരണാധികാരികൾ സംശുദ്ധരായിരിക്കണമെന്നുള്ളത് രാഷ്ട്രീയത്തിൽ പ്രധാനപ്പെട്ട ഒന്നാണ്. കുറച്ചു കാലമായി നിയമസഭയിൽ തെറ്റായ ഒരു പ്രവണത കാണുന്നുണ്ട്. തെറ്റായ മാർഗ്ഗങ്ങൾ സ്വീകരിച്ച സഹപ്രവർത്തകരെ രക്ഷിക്കാൻ ശ്രമിക്കാതെ, അവർ കുഴിയിൽ വീണുകഴിഞ്ഞാൽ ഇന്നയിന്ന കാരണങ്ങൾ കൊണ്ടാണ് തെറ്റുപറ്റിപ്പോയതെന്ന് ആരെങ്കിലും വിശദീകരിക്കുന്നത് ന്യായമല്ല എന്ന് പറയുന്നത് ശരിയാണോ?

ഡൽഹിയിൽ ധനകാര്യ വകുപ്പുമന്ത്രിമാരുടെ യോഗത്തിൽ പങ്കെടുത്തുകൊണ്ട് ചില കാര്യങ്ങൾ അവതരിപ്പിച്ചപ്പോൾ അദ്ദേഹത്തിന് അംഗീകാരം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ലോകം അദ്ദേഹത്തെ ശ്രദ്ധിക്കുകയുണ്ടായി. കേരളത്തിന്റെ ധനകാര്യ വകുപ്പുമന്ത്രി, ഡോ. ടി. എം. തോമസ് ഐസക് ഈ 5 കൊല്ലക്കാലം അദ്ദേഹത്തിന്റെ കഴിവുകൾ ഉപയോഗിച്ച്, വെല്ലുവിളികൾ സ്വീകരിച്ച് കേരളത്തെ മുന്നോട്ടുകൊണ്ടുപോകുകതന്നെ ചെയ്യും. രാഷ്ട്രീയവ്യത്യാസമില്ലാതെ എല്ലാവരേയും ഒരുപോലെയാണ് അദ്ദേഹം കാണുന്നത്. ഭരണ-പ്രതിപക്ഷ ഭേദമെന്യേ സമ്പത്ത് വീതംവയ്ക്കുന്ന കാര്യത്തിൽ വ്യത്യാസം കാണിക്കാൻ അദ്ദേഹത്തിന്റെ ഉയർന്ന ചിന്താഗതിക്ക് സാധിക്കില്ലെന്ന കാര്യത്തിൽ സംശയമില്ല. മുൻപ് ഞങ്ങളുടെ പാർട്ടിക്കാർക്കുമാത്രം കിട്ടണമെന്നാണ് ഉണ്ടായിരുന്നത്. ആ പക്ഷാഭേദം നല്ലതു പോലെഅനുഭവിച്ചവരാണ് ഞങ്ങൾ. ഇവിടെ ആ അനുഭവം സൂചിപ്പിക്കപ്പെട്ടു. അതുകൊണ്ട് ഞാൻ പറയുന്നില്ല. തെരഞ്ഞെടുപ്പുകാലത്ത് ചാനലിലൂടെ ഞങ്ങൾക്ക് ഇന്നകാര്യം കിട്ടി എന്നുപറയുമ്പോൾ കമ്മിറ്റിക്കാർ എന്നോട് ചോദിക്കും, നമുക്കില്ലേ എന്ന്. ഞാൻ മറുപടി ഒരു ചിരിയിൽ നിർത്തും. ആ അനുഭവം ഡോ. തോമസ് ഐസക്കിന്റെ കാലത്തുണ്ടാവുകയില്ല. ധനകാര്യ വകുപ്പുമന്ത്രി എന്നുള്ള നിലയിൽ നമ്മുടെ സമ്പദ്ഘടനയെ നല്ല നിലയിൽ കൊണ്ടുപോകാൻ അദ്ദേഹത്തിന് സാധിക്കുമെന്നുള്ള കാര്യത്തിൽ സംശയമില്ല. അദ്ദേഹം കൊണ്ടുവന്ന ഈ ധനകാര്യ ബില്ലിനെ ഞാൻ അനുകൂലിക്കുന്നു.

<u>ശ്രീ. വി. കെ. സി. മമ്മത് കോയ</u>: സർ, ഈ ധനകാര്യ ബില്ലിനെ ഞാൻ അനുകൂലിക്കുകയാണ്. കടുത്ത സാമ്പത്തിക പ്രതിസന്ധിയും മാന്ദ്യവുംമൂലം ജനജീവിതം ദുസ്സഹമായ സാഹചര്യത്തിലാണ് എൽ.ഡി.എഫ്. സർക്കാർ അധികാരം ഏറ്റെടുത്തത്. കേരളത്തിലെ സമസ്ത തൊഴിൽ-വ്യവസായ മേഖലകളും പരമ്പരാഗത ഉപജീവന മാർഗ്ഗങ്ങളും ഒരു ഉയർത്തെഴുന്നേൽപ്പിന് സാധ്യമല്ലാത്തവിധം തകർന്നു പോയ ഒരു സാഹചര്യത്തിലാണ് ഈ ബജറ്റ് അവതരിപ്പിക്കപ്പെട്ടത്. അതുകൊണ്ടുതന്നെ ഈ ബജറ്റിന് ഏറെ പ്രത്യേകതകളുമുണ്ട്.

കഴിഞ്ഞ സർക്കാരിന്റെ ബജറ്റ് കൊടിയ അഴിമതിയുടെയും ജനദ്രോഹത്തിന്റെയും ധവളപത്രങ്ങളായിരുന്നു. ബജറ്റ് നിർദ്ദേശങ്ങൾപോലും ചോർത്തി വിൽപ്പന നടത്തി എന്ന അതീവഗുരുതരമായ ആരോപണങ്ങളും ഉയർന്നുവരികയുണ്ടായി. വേലി തന്നെ വിളവ് തിന്നുക എന്നത് ഒരു പഴഞ്ചൊല്ല് മാത്രമാണെന്നാണ് അന്നുവരെ കേരളത്തിലെ ജനങ്ങൾ വിചാരിച്ചിരുന്നത്. എന്നാൽ അത് സാധ്യമാണെന്ന് മുൻ യു.ഡി.എഫ്. സർക്കാർ കാണിച്ചുതന്നിട്ടുണ്ട്. ഇതെല്ലാം വലിയ അവമതിപ്പാണ് കേരളത്തിനുണ്ടാക്കിയത്. ഒരുകെട്ട് കടലാസ്സ് പെട്ടിയിലാക്കി നിയമസഭയുടെ മേശപ്പുറത്തുവച്ച് ഓരോ ലഡുവും കഴിച്ച് പിരിഞ്ഞുപോകുന്നതാണ്

ബജറ്റ് അവതരണം എന്ന ധാരണയാണ് എൽ.ഡി.എഫ്. സർക്കാർ തിരുത്തിയത്. അന്ന് ലഡുകഴിച്ച് പിരിഞ്ഞവർ ഇന്ന് തല്ലിപ്പിരിഞ്ഞുവെന്നത് ചരിത്രത്തിന്റെ തിരിച്ചടിയാകാം. എൽ.ഡി.എഫ്. സർക്കാർ വന്നതിനുശേഷം അക്ഷരാർത്ഥത്തിൽ സമൃദ്ധിയുടെയും സന്തോഷത്തിന്റെയും ഒരു പൊന്നോണവും പ്രത്യാശാനിർഭരമായ ഒരു പെരുനാളും കേരള ജനത ആഘോഷിച്ച കഴിഞ്ഞിരിക്കുകയാണ്. കഴിഞ്ഞ സർക്കാർ ബജറ്റ് അവതരിപ്പിച്ചിരുന്നത് കോഴിക്കച്ചവടക്കാർക്കും കുത്തക ഭീമന്മാരായ മരുന്നുകമ്പനികൾക്കും മറ്റ് കോർപ്പറേറ്റുകൾക്കും നികുതി ഇളവിനും നികുതി വെട്ടിപ്പിനും വേണ്ടിയായിരുന്നുവെന്ന് ആർക്കും മനസ്സിലാകും. എന്നാൽ എൽ.ഡി.എഫ്.ന്റെ ഈ ബജറ്റ് സമസ്ത ജനവിഭാഗങ്ങൾക്കും ക്ഷേമവും പുരോഗതിയും സമ്മാനിക്കുന്നതാണ്. വിൽപ്പനനികുതി ഉദ്യോഗസ്ഥർ നിർണ്ണയിച്ച നൽകുന്ന നികുതി ഡിമാന്റ് ന്യായമാണെങ്കിൽപോലും അതിൽ ഉന്നതങ്ങളിൽ നിന്നും ഇടപെട്ട് സ്റ്റേ സമ്പാദിക്കുന്ന ഒരു പ്രവണത കഴിഞ്ഞ കാലങ്ങളിൽ ഉണ്ടായിരുന്നു. ഇത്തരം തടസ്സങ്ങൾ നീക്കി കിട്ടേണ്ട പണം ഖജനാവിൽ എത്തിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണം. എന്നാൽ തികച്ചും അന്യായമായ ചില നടപടികൾ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും നികുതിദായകർക്കെതിരായി ഉണ്ടാകുന്നുമുണ്ട്. ഇതിനും പരിഹാരമുണ്ടാകണം. നികുതിവരുമാനം വർദ്ധിപ്പിക്കുന്നതിന് അവശ്യംവേണ്ട ഘടകങ്ങളിൽ ഒന്നാണ് അഴിമതിരഹിതമായതും കാര്യക്ഷമവുമായ ചെക്കുപോസ്റ്റുകൾ. കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാർ ഭരണത്തിൽ വാളയാർ, അമരവിള തുടങ്ങിയ ചെക്കുപോസ്റ്റുകളെ അഴിമതിമുക്തമാക്കി മാതൃകാ ചെക്കുപോസ്റ്റുകളാക്കി മാറ്റിയിരുന്നു. അതുവഴി സംസ്ഥാനത്തിന് ലഭിക്കേണ്ട നികുതിവരുമാനം ഗണ്യമായി വർദ്ധിക്കുകയുണ്ടായി. എന്നാൽ തുടർന്നുവന്ന യു.ഡി.എഫ്. സർക്കാരിന്റെ കെടുകാര്യസ്ഥതയും അനാസ്ഥയും കാരണം ഈ സ്ഥിതി നിലനിർത്താൻ സാധിച്ചില്ല. ചെക്കുപോസ്റ്റുകൾ അഴിമതിയുടെയും നികുതിവെട്ടിപ്പിന്റെയും കേന്ദ്രങ്ങളായി മാറി. ഇതുമൂലം വൻ വരുമാനച്ചോർച്ചയാണ് കേരളത്തിനുണ്ടായത്. അമരവിള ചെക്കുപോസ്റ്റിൽ കൈക്കൂലി തടയുന്നതിന് അഞ്ച് ക്യാമറകൾ സ്ഥാപിക്കുകയുണ്ടായി. ആ അഞ്ച് ക്യാമറകളും താമസിയാതെ പ്രവർത്തനരഹിതമായി എന്നതാണ് വാസ്തവം. അതുവരെ മുഖ്യമന്ത്രിയുടെ ഓഫീസിൽ മാത്രമാണ് പ്രവർത്തനരഹിത ക്യാമറകൾ ഉണ്ടായിരുന്നത് എന്നാണ് നാം മനസ്സിലാക്കിയിരുന്നത്. പക്ഷേ കഴിഞ്ഞ ഭരണകാലത്ത് ക്യാമറകൾക്കെല്ലാം ഇത്തരം അസുഖം വ്യാപകമായിരുന്നു. ചെക്കുപോസ്റ്റുകളിൽ കേട്ടുപോയ ക്യാമറകളും നിശ്ചലമായ വേബ്രിഡ്ജുകളും പുനഃസ്ഥാപിക്കാൻ അടിയന്തരനടപടികൾ സ്വീകരിക്കണം. ചെക്കുപോസ്റ്റുകളെ സോഷ്യൽ ഓഡിറ്റിന് വിധേയമാക്കണം. രാഷ്ട്രീയ യജമാനന്മാരുടെ ഇഷ്ടംനോക്കി ചീട്ടുകൾ തെരഞ്ഞെടുക്കുന്ന തത്തകളെ മാത്രമാണ് കഴിഞ്ഞ യു.ഡി.എഫ്. ഭരണകാലത്ത് കേരളം കണ്ടിരുന്നത്. എന്നാൽ ഇന്ന് അഴിമതി

നടത്തുന്ന ഏത് ഉദ്യോഗസ്ഥന്റെയും ഭാവി കൃത്യമായി പ്രവചിക്കാൻ കഴിവുള്ള സ്വതന്ത്രരായ തത്തകളാണ് ചീട്ടെടുക്കാൻ നടക്കുന്നത് എന്ന കാര്യം മുൻ സർക്കാരിലെ ചിലരെ ദുഃസ്വപ്നംപോലെ പിന്തുടരുന്നുണ്ട്.

കേരളത്തിലെ മുൻ മുഖ്യമന്ത്രിയെ സാമ്പത്തിക തട്ടിപ്പുകേസ്സിൽ ശിക്ഷിച്ചതായി വാർത്തകൾ കാണാനിടയായി. ബാംഗ്ലൂരിലെ ഒരു കോടതിയാണ് ശിക്ഷിച്ചത്. ഇനി മനഃസാക്ഷിയുടെ കോടതിയിൽ അപ്പീൽ പോകുന്നത് കാത്തിരിക്കാം.

കേരളത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിന് കിഫ്ബി വഴി 50,000 കോടി രൂപ സമാഹരിക്കാനുള്ള നീക്കം തികച്ചും സ്വാഗതാർഹവും നിരാശ ബാധിച്ച കേരള ജനതയ്ക്ക് ഉത്തേജനം നൽകുന്നതുമാണ്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വർഷാവർഷം കടപ്പത്രമിറക്കിയാണ് ധനം സമാഹരിച്ചിരുന്നത് എന്നതും ഓർക്കേണ്ടതാണ്. കഴിഞ്ഞ സർക്കാർ അധികാരമൊഴിയുമ്പോൾ കേരളത്തിന്റെ സ്ഥിതി പരിതാപകരമായിരുന്നു. അഴിമതിയിലും കെടുകാര്യസ്ഥതയിലുംപെട്ട് തകർന്നുപോയ പൊതുമേഖലാ സ്ഥാപനങ്ങൾ, പെൻഷൻ മുടങ്ങിപ്പോയതിനാൽ ആത്മഹത്യ ചെയ്ത കെ.എസ്.ആർ.ടി.സി.യിലെ പെൻഷൻകാർ തുടങ്ങി എല്ലാ പ്രതീക്ഷകളും കരിഞ്ഞുപോയ കേരളത്തെ പുനർനിർമ്മിക്കാൻ കിഫ്ബി വളരെ സഹായകരമാകും എന്ന് ഞാൻ കരുതുന്നു. കേരളത്തിൽ വളരെയേറെ സാധ്യതകളുള്ള ഒരു മേഖലയാണ് ടൂറിസം. ടൂറിസം മേഖലയുടെ പ്രോത്സാഹനത്തിന് നല്ല പരിഗണനയാണ് ഈ ബജറ്റ് നൽകുന്നത് എന്ന് കാണാം. ബജറ്റിലെ 253-ാം ഖണ്ഡികയിൽ ലക്ഷ്വറി ടാക്സിൽ വരുത്തുന്ന മാറ്റങ്ങൾ ഇതിന് ഉദാഹരണമാണ്. ഈ മേഖലയിൽ സമഗ്ര വികസനം സാധ്യമാകുന്ന മറ്റ് പദ്ധതികളും അനുബന്ധമായി രൂപപ്പെടുത്തിയെടുക്കാൻ നമുക്ക് സാധിക്കും എന്ന കാര്യം തീർച്ചയാണ്.

രജിസ്ട്രേഷൻ നടപടികളിൽ സുതാര്യതകൊണ്ടുവരുന്നതിനുള്ള നിർദ്ദേശങ്ങൾ ബജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. ഭൂമിക്ക് ഇപ്പോൾ തീരുമാനിച്ചിട്ടുള്ള ന്യായവില പലപ്പോഴും യഥാർത്ഥ വിലയുടെ അടുത്തുപോലും എത്തുന്നില്ല എന്നത് ഏവർക്കും അറിയാവുന്നതാണ്. ഭൂമിയുടെ ന്യായവില കാലോചിതമായി പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. കുടുംബസ്വത്ത് ഭാഗംവയ്ക്കുമ്പോൾ രജിസ്റ്റർ ചെയ്യുന്നതിന് ഇപ്പോൾ തീരുമാനിച്ച മൂന്ന് ശതമാനം ഫീസ്, വളരെ കുറച്ചുമാത്രം ഭൂമിയുള്ളവരുടെ കാര്യത്തിൽ ഒരിളവ് നൽകുന്നതുസംബന്ധിച്ച് ആലോചിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. ബജറ്റിലെ 257 മുതൽ 260 വരെയുള്ള ഖണ്ഡികകളിൽ പ്രഖ്യാപിച്ച നികുതിയിളവുകളെ സ്വാഗതം ചെയ്യുന്നു. സ്ക്രാപ്പ് ബാറ്ററിയുടെ നികുതി കുറച്ചത് ഈ മേഖലയിൽ പ്രവർത്തിക്കുന്നവരുടെ ദീർഘകാലത്തെ ആവശ്യമാണ്. അതുപോലെ മുനിസിപ്പൽ പ്ലാസ്റ്റിക് വേസ്റ്റിന് അഞ്ച് ശതമാനം നികുതി എടുത്തു കളഞ്ഞതും സ്വാഗതം ചെയ്യുന്നു. കോമ്പൗണ്ട് ചെയ്യുന്ന സ്വർണ്ണവ്യാപാരികൾ

പുതിയ ബ്രാഞ്ചുകൾ ആരംഭിക്കുമ്പോൾ അവയ്ക്കും മറ്റുള്ള കടകളുടെ ശരാശരി നികുതി നൽകേണ്ടിവരുന്ന സമ്പ്രദായം ഭേദഗതി വരുത്തിയ ബജറ്റ് നിർദ്ദേശത്തെ സ്വാഗതം ചെയ്യുന്നു. ഇത് സംസ്ഥാനത്തിന്റെ മുഖ്യനികുതിദായകരിൽപ്പെട്ട വ്യാപാരികളെ കോമ്പൗണ്ടിംഗ് സമ്പ്രദായത്തിലേയ്ക്ക് ആകർഷിക്കുന്നതിന് സഹായകമാകും. കഴിഞ്ഞ സാമ്പത്തികവർഷം കോമ്പൗണ്ട് ചെയ്ത് പണമടച്ച സ്വർണ്ണവ്യാപാരികളും കരാർ പ്രവൃത്തി ചെയ്തുവരുമായവർ ഇന്ന് വലിയ പ്രതിസന്ധി നേരിടുകയാണ്. കോമ്പൗണ്ട് ചെയ്തപ്രകാരം തുക അടച്ചാൽ നടപടികൾ അവസാനിച്ചിരുന്നതിന് പകരം അവർ പർച്ചേസ് നികുതികൂടി അടയ്ക്കണമെന്ന സ്ഥിതി വന്നു ചേർന്നിരിക്കുകയാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ബജറ്റിൽ കടന്നു കൂടിയ ഒരു തെറ്റായ വാചകമാണ് മേൽപ്പറഞ്ഞ പ്രശ്നമുണ്ടാക്കിയത്. മാണി സാർ അവിടെ ഇരിക്കുന്നുണ്ട്. ഈ തെറ്റ് തിരുത്തുന്നതിന് മാണി സാർ ഇടപെടണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഇതിന് പരിഹാരം കാണുന്നതിൽ കഴിഞ്ഞ ബജറ്റ് അവതരിപ്പിച്ചവർക്കുകൂടി ബാധ്യതയുണ്ടെന്നാണ് ഞാൻ കരുതുന്നത്. കോമ്പൗണ്ട് ചെയ്യുന്ന ഗവൺമെന്റ് കരാറുകാർക്ക് 12-ാം സഭയിൽ താങ്കൾ 3 ശതമാനം നികുതി നിശ്ചയിച്ചത് പിന്നീട് കഴിഞ്ഞ ഗവൺമെന്റ് 4 ശതമാനമാക്കി ഉയർത്തി. ഈ ബില്ലിൽ അത് 5 ശതമാനമാക്കിയതായി കാണുന്നു. ഇത് ഒഴിവാക്കി 4 ശതമാനത്തിൽത്തന്നെ നിർത്തണം. നികുതി നിയമ പരിപാലനത്തിൽ കൃത്യത പാലിക്കുന്ന ഡീലർമാർക്ക് അക്രെഡിറ്റേഷൻ ഗ്രീൻ കാർഡ് ലഭ്യമാക്കുന്ന നടപടിയെ അത്യധികം സ്വാഗതം ചെയ്യുന്നു. മുൻ എൽ.ഡി.എഫ്. സർക്കാർ ഇത്തരത്തിലൊരു സംവിധാനം കൊണ്ടുവന്നിരുന്നു. എന്നാൽ തുടർന്നുവന്ന സർക്കാർ ഇത് ഉപേക്ഷിച്ചു. ബില്ലിൽ പറഞ്ഞ കണക്കനുസരിച്ച് 24336 അപ്പീൽ കേസ്സുകൾ കെട്ടിക്കിടക്കുകയാണ്. സർക്കാരിന് 1412.41 കോടി രൂപ ലഭിക്കാനുണ്ട്. ഇത് തീർപ്പാകാതെ കാലം കടന്നുപോകുകയാണ്. ഇതിൽ പല കേസ്സുകളും യാതൊരടിസ്ഥാനവുമില്ലാത്തതാണ്. പല കേസ്സുകളും അപ്പീലിൽ എത്തുന്നത് അസസ്സ് ചെയ്യുന്ന ഓഫീസർമാരുടെ മനസ്സിന്റെ തകരാറാണെന്നു പോലും തോന്നിപ്പോകാറുണ്ട്. കാലതാമസം വന്ന് അപ്പീൽ പരിഗണിക്കുമ്പോൾ അസസ്സ് ചെയ്ത ഓഫീസർതന്നെ അപ്പീൽ അധികാരിയാകുന്ന സ്ഥിതിയും ഉണ്ടാകാറുണ്ട്. ഇതിനെല്ലാം പരിഹാരമെന്ന നിലയിൽ ബജറ്റ് പ്രസംഗത്തിൽ പറഞ്ഞതുപോലെ കൂടുതൽ അപ്പീൽ സെന്ററുകൾ സ്ഥാപിച്ച് കേസ് തീർപ്പാക്കാനുള്ള നടപടി കഴിയുംവേഗത്തിൽ നടപ്പാക്കണം.

എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വരുമ്പോൾ മാത്രമാണ് വ്യാപാരി ക്ഷേമനിധി ഫണ്ട് അനുവദിക്കുന്നത്. അത് പ്രവർത്തനക്ഷമമാകുന്നതിനുള്ള താങ്കളുടെ ഈ നടപടിയെ ഹൃദയപൂർവം അഭിനന്ദിക്കുന്നു. ഈ ക്ഷേമനിധി മറ്റ് പല

ക്ഷേമനിധികളെയുംപോലെ സ്റ്റാറ്റ്യൂട്ടറിയായി പ്രഖ്യാപിക്കണം. അതുപോലെ 60 ലക്ഷം ടേൺ ഓവർ എത്തിയാൽ ചാർട്ടേർഡ് അക്കൗണ്ടന്റ് സർട്ടിഫൈ ചെയ്യണമെന്ന വ്യവസ്ഥ പരിഷ്കരിച്ച് ടേൺ ഓവർ ഒരു കോടി രൂപവരെ എങ്കിലുമാക്കണം. ബജറ്റ് പ്രസംഗത്തിലെ 248-ാം ഖണ്ഡികയിൽ പറയുന്ന പായ്ക്കറ്റിൽ വിൽക്കുന്ന ഗോതമ്പുൽപ്പന്നങ്ങൾക്ക് ഏർപ്പെടുത്തിയ നികുതി എത്ര കിലോഗ്രാം വരെയുള്ളതിന് എന്നത് കൃത്യമായി പറയണം. ഇല്ലെങ്കിൽ പിന്നീട് അത് വലിയ പ്രശ്നങ്ങളുണ്ടാക്കും. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഇൻപുട്ട് ടാക്സ് വകയിൽ കോടിക്കണക്കിന് രൂപ കൊടുക്കാനുണ്ട്. ഇത് ഉടനെ തിരിച്ചുനൽകുകയോ അല്ലാത്തപക്ഷം അടയ്ക്കേണ്ട നികുതിയിൽ അഡ്ജസ്റ്റ് ചെയ്യാൻ അനുവദിക്കുകയോ ചെയ്യണം. നികുതിദായകർക്ക് ഓഫീസുകളിൽ വന്നാൽ ഇരിക്കാനുള്ള സൗകര്യംപോലും ഇതുവരെ ഉണ്ടായിരുന്നില്ല. ആ സൗകര്യത്തിനായി 100 കോടി രൂപ വകയിരുത്തിയ നടപടിയെ അഭിനന്ദിക്കുന്നു. ഈ ധനകാര്യ ബില്ലിനെ ഒന്നുകൂടി അനുകൂലിച്ചുകൊണ്ട് നിർത്തുന്നു.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

ശ്രീ. കെ. എം. മാണി: സർ, ഈ ബിൽ ഏഴ് നികുതി നിയമങ്ങൾ ഭേദഗതി ചെയ്യുന്നതിനാണ്. നികുതി നിയമങ്ങൾ നടപ്പിലാക്കുമ്പോൾ സാധാരണക്കാർക്ക് ബുദ്ധിമുട്ടുണ്ടാകാത്ത രീതിയിൽ നടപ്പിലാക്കുന്നതോടൊപ്പം ന്യായമായി കിട്ടേണ്ട നികുതി വരുമാനത്തിൽ ചോർച്ചയുണ്ടാകാതിരിക്കാനും ശ്രദ്ധിക്കണം. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ രാവിലത്തെ പ്രസ്താവന പരിഭ്രമിപ്പിക്കുന്ന ഒന്നാണ്. നികുതി വരുമാനം 50 ശതമാനത്തോളം ലക്ഷ്യമിടുന്നതിൽ പകുതിപോലും എത്താൻ കഴിയുന്നില്ല. 19-20 ശതമാനമാണ് ലക്ഷ്യമിട്ടത്. 14 ശതമാനം വരെയെങ്കിലും എത്തുമോയെന്ന് സംശയമാണെന്ന് പറഞ്ഞു. ഇത് വളരെ ഉത്കണ്ഠ ജനിപ്പിക്കുന്ന ഒരു കാര്യമാണ്. എന്താണ് ഇതിന് കാരണം? സാമ്പത്തിക മാന്ദ്യത്തിന്റെ കാലത്ത് കൈവരിക്കാൻ പറ്റാത്ത പുരോഗതി നമുക്ക് ഇപ്പോൾ കൈവരുത്താൻ കഴിയില്ലേ? ഇപ്പോൾ സാമ്പത്തിക മാന്ദ്യം കഴിഞ്ഞല്ലോ. നികുതി വരുമാനം 50 ശതമാനത്തോളം കുറഞ്ഞുപോയി എന്നത് അഭിമാനകരമായ കാര്യമല്ല. അതിന്റെ കാരണമെന്താണെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇവിടെ വിശദമാക്കുമെന്ന് ഞാൻ വിചാരിക്കുകയാണ്. കുടുംബവസ്തുക്കൾ കുടുംബാംഗങ്ങൾ തമ്മിൽ ഭാഗം വയ്ക്കുമ്പോഴുള്ള രജിസ്ട്രേഷൻ ചാർജ്ജ് 1000 രൂപ മതിയെന്ന് ഞാൻ ധനകാര്യ വകുപ്പുമന്ത്രിയായിരുന്നപ്പോൾ ബജറ്റിൽ പറഞ്ഞിരുന്നു. എൽ.ഡി.എഫ്. ഗവൺമെന്റ് മാർക്കറ്റ് വാല്യൂവിന്റെ 3 ശതമാനമാക്കി സ്റ്റാമ്പ് ഡ്യൂട്ടി വർദ്ധിപ്പിച്ചു, രജിസ്ട്രേഷൻ ഫീസ് വർദ്ധിപ്പിച്ചു. ഇത് ജനങ്ങൾക്ക് വലിയ ബുദ്ധിമുട്ടുണ്ടാക്കി. ഞാനത് പലതവണ സഭയിൽ സൂചിപ്പിച്ചിരുന്നു. ഇന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അത് പുനഃപരിശോധിക്കും എന്നുപറഞ്ഞത് ആശ്വാസകരമാണ്. എത്രയുംവേഗം

അതിനുള്ള നടപടികൾ സ്വീകരിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. കോർട്ട് ഫീസ് ആന്റ് സ്യൂട്ട് വാല്യുവേഷൻ ആക്ട് 76-ാം വകുപ്പിന്റെ ഭേദഗതിയിൽ സിവിൽ കോടതിയുടെ എല്ലാ ഒറിജിനൽ കേസ്സുകളുടെയും ഫീസ് ഒരു ശതമാനത്തിൽനിന്ന് അഞ്ച് ശതമാനമായി വർദ്ധിപ്പിക്കുമെന്ന് പറഞ്ഞിരിക്കുന്നത് ശരിയല്ല. അത് പുനഃ പരിശോധിക്കണം. അങ്ങനെയുള്ള കാര്യങ്ങൾ ബാർ കൗൺസിലുമായി ആലോചിക്കുന്നത് നല്ലതായിരിക്കും എന്ന് തോന്നുന്നു. ആലോചിച്ചിട്ടുണ്ടോയെന്ന് എനിക്കറിയില്ല. ഒറ്റയടിക്ക് ഒരു ശതമാനത്തിൽനിന്ന് അഞ്ച് ശതമാനമായി വർദ്ധിപ്പിച്ചത് ശരിയല്ലാ എന്നാണ് എന്റെ അഭിപ്രായം. ബജറ്റ് പ്രസംഗത്തിൽ പറയാതെയാണ് 4 (2) രണ്ടാം പട്ടികയിൽ ആർട്ടിക്കിൾ 3-ലെ 3-ാം ഇനത്തിൽ എ, ബി വകുപ്പുകളിൽ ഇൻകം ടാക്സ്, വെൽത്ത് ടാക്സ് തുടങ്ങിയ കേസ്സുകളുടെ ഹൈക്കോർട്ട് ഫീസ് വർദ്ധിപ്പിച്ചത്. സാധാരണഗതിയിൽ ബജറ്റ് പ്രസംഗത്തിൽ പറയുന്നതാണ് ധനകാര്യബില്ലിൽ വരുന്നത്. ബജറ്റ് പ്രസംഗത്തിൽ പരാമർശിക്കാത്ത ഒരു പുതിയ വിഷയം ധനകാര്യ ബില്ലിൽകൂടി കൊണ്ടുവന്നിരിക്കുന്നു. ഇത് വാസ്തവത്തിൽ നമ്മുടെ ഫിനാൻസ് ബില്ലിന്റെ ക്രെഡിബിലിറ്റിയെത്തന്നെ നശിപ്പിക്കുന്നതാണ്. ബജറ്റിൽ പറയാത്ത കാര്യം ധനകാര്യ ബില്ലിൽകൂടി കൊണ്ടുവരുന്ന നടപടിക്രമം ശരിയല്ല. അത് പരിശോധിക്കണം. ശ്രീ. വി. എസ്. അച്ചുതാനന്ദനെ എപ്പോഴും ദോഷൈകദൃക്കായിട്ടാണ് ഞാൻ കാണുന്നത്. എവിടെ ദോഷമുണ്ടെന്ന് നോക്കുന്ന ആളാണ് അദ്ദേഹം. ഏതായാലും ഒരു കാര്യത്തിൽ എനിക്ക് സന്തോഷമുണ്ട്. ശ്രീ. വി. എസ്. അച്ചുതാനന്ദൻ ഇക്കഴിഞ്ഞ ദിവസം വിജിലൻസിന് കൊടുത്ത ഗുഡ് സർവ്വീസ് സർട്ടിഫിക്കറ്റ് വളരെ രസകരമായിരുന്നു. അദ്ദേഹത്തിന്റെ മകന്റെ പേരിലുള്ള ഒരു കേസ് ഒഴിവാക്കിയപ്പോൾ ഉപകാരസ്മരണ നടത്തി. ഉപകാരസ്മരണ എപ്പോഴും വേണം. ഇനി 10 കേസ്സുകൾ കൂടിയുണ്ട്. 10 ഉപകാരസ്മരണ കൂടി ശ്രീ. വി.എസ്. അച്ചുതാനന്ദന്റെ ഭാഗത്തുനിന്നുണ്ടാകുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്. ഉപകാരസ്മരണ എപ്പോഴും വേണം, മനുഷ്യന് നന്ദി വേണം. ശ്രീ. വി. എസ്. അച്ചുതാനന്ദൻ നല്ല നിലയിൽ നന്ദി പ്രകടിപ്പിക്കുന്നു എന്നുള്ളതിൽ എനിക്ക് വളരെ സന്തോഷമുണ്ട്. ഞാൻ ധനകാര്യ വകുപ്പുമന്ത്രിയായിരിക്കെ അകറ്റി നിർത്തിയിരുന്ന സാന്റിയാഗോ മാർട്ടിനെപ്പോലുള്ള ചെമ്പരുന്തുകൾ ഇപ്പോൾ റാകിപ്പറക്കാൻ തുടങ്ങുന്നുവെന്ന് കേൾക്കുന്നു, എനിക്കതിന്റെ സത്യാവസ്ഥ അറിയില്ല. അങ്ങനെയുണ്ടെങ്കിൽ അകറ്റി നിർത്തേണ്ടതായിവരും. ഞാൻ മന്ത്രിയായിരിക്കെ കൊണ്ടുവന്നതാണ് 'കാരുണ്യ പദ്ധതി'. അത് ഏറ്റവും ആശ്വാസകരമായ ഒരു പദ്ധതിയായി എനിക്ക് തോന്നുന്നു. ഏതാണ്ട് 1500 കോടി രൂപ, ഒന്നരലക്ഷത്തോളം രോഗികൾക്കായി നൽകിയ ഒരു ജീവകാരുണ്യ പദ്ധതിയാണിത്. ലോകത്തിൽ ഇതുപോലെയൊരു പദ്ധതി ഉണ്ടായിട്ടില്ല. ആ പദ്ധതി ഏതാണ്ട് നിലച്ച രീതിയിലാണ്. അത് ദുർബ്ബലപ്പെട്ടുവാൻ ഒരിക്കലും അനുവദിക്കരുത്. കാര്യക്ഷമമായിത്തന്നെ മുന്നോട്ടുകൊണ്ടുപോകണം.

ആ പദ്ധതിക്ക് ശക്തമായ സംരക്ഷണം നൽകി നല്ല നിലയിൽ കൊണ്ടു പോകണമെന്നുമാത്രമാണ് എനിക്ക് പറയാനുള്ളത്. റബ്ബർ വില സ്ഥിരതാ ഫണ്ട് - 150 രൂപ മിനിമം വില, മുമ്പ് ഞാൻ ധനകാര്യ വകുപ്പുമന്ത്രിയായിരിക്കെ കൊണ്ടു വന്ന ഏറ്റവും പ്രധാനപ്പെട്ട കാര്യം റബ്ബർ കർഷകരുടെ രക്ഷയ്ക്കായി 300 കോടി രൂപ മാറ്റിവയ്ക്കുകയുണ്ടായി എന്നതാണ്. മിനിമം വില 150 രൂപ. കമ്പോള വിലയും പ്രഖ്യാപിത വിലയും തമ്മിലുള്ള വ്യത്യാസം അവരുടെ ബാങ്ക് അക്കൗണ്ടുകൾവഴി നൽകുമെന്നായിരുന്നു വാഗ്ദാനം. അതനുസരിച്ച് ബാങ്ക് അക്കൗണ്ടിലേയ്ക്ക് കൊടുത്തു കൊണ്ടിരിക്കുകയായിരുന്നു. ഇപ്പോൾ കുറേ മാസങ്ങളുടെ തുക കുടിശ്ശികയുണ്ട്. കൃഷിക്കാരെ സംബന്ധിച്ചിടത്തോളം അവർക്ക് നൽകാനുള്ള തുക യഥാസമയം നൽകണം. അതിൽ കാലതാമസം വരുത്തുന്നത് ശരിയല്ല.

അതുപോലെതന്നെ നാളികേര സംഭരണം എല്ലാ കേന്ദ്രങ്ങളിലും ശരിയായി നടക്കുന്നില്ല. നാളികേര കർഷകരും ധർമ്മസങ്കടത്തിലാണ്. നെല്ല് സംഭരണം മുടങ്ങിപ്പോയി. നെല്ല് കളത്തിൽ കൂട്ടിയിട്ടിരിക്കുന്ന കാഴ്ചയാണ് നമ്മൾ കാണുന്നത്. നെൽകർഷകർക്കും നാളികേര കർഷകർക്കും റബ്ബർ കർഷകർക്കും സംരക്ഷണം ഈ ഗവൺമെന്റിന്റെ കീഴിലുണ്ടായിട്ടില്ല. വിപണിയിൽ ഇടപെടണം. അതാണ് പ്രധാനപ്പെട്ട ഒരു കാര്യം. ന്യായവില ഇല്ലാതെവരുമ്പോൾ ആ വിളകളെ സംരക്ഷിക്കുന്നതിനുവേണ്ടി വിപണിയിൽ ഇടപെടേണ്ടത് ഏറ്റവും വലിയ ആവശ്യമാണ്. അങ്ങനെയുള്ള കാര്യങ്ങൾ ശക്തമാക്കിക്കൊണ്ട് മുന്നോട്ടുപോകണം. കർഷക രക്ഷയ്ക്കാവശ്യമായ എല്ലാ കാര്യങ്ങളും ചെയ്യണം എന്നാണ് എനിക്ക് പറയാനുള്ളത്. നല്ല കാര്യങ്ങൾ ചെയ്താൽ നല്ലതാണെന്നുപറയും. അതുകൊണ്ട് ഡോ. ടി. എം. തോമസ് ഐസക്കിൽനിന്ന് നല്ല പ്രഖ്യാപനങ്ങൾ ഉണ്ടാകട്ടെ എന്നു ഞാൻ ആശിക്കുന്നു. എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

<u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u>: സർ, നിയമസഭയിൽ നാമെല്ലാം ബഹുമാനിക്കുന്ന പ്രതിപക്ഷത്തെ ശ്രീ. വി. ഡി. സതീശൻ എം.എൽ.എ. പ്രസംഗമദ്ധ്യേ കേരളത്തിലെ നികുതി പിരിവിനെയും കൗടില്യന്റെ 'അർത്ഥശാസ്ത്ര'ത്തിലെ നികുതി പിരിവിനെയും സംബന്ധിച്ച് ഉപമിക്കുകയുണ്ടായി. ഈ ഉപമയാണ് ഇൻഡ്യയിൽ ഏറെക്കാലം രാജ്യം ഭരിച്ച കോൺഗ്രസ് പാർട്ടി ഭരണരംഗത്ത് സ്വീകരിച്ചതെന്ന് ഇൻഡ്യയിലെ സാധാരണക്കാരായ ആളുകൾക്ക് നേരിട്ട് അനുഭവമുള്ളതാണ്. ഒരു കൈകൊണ്ട് കൊടുക്കുകയും മറുകൈകൊണ്ട് തിരിച്ചെടുക്കുകയും ചെയ്യുന്ന സമീപനമായിരുന്നു അവർ സ്വീകരിച്ചത്. ഇൻഡ്യയിലെ ലക്ഷക്കണക്കിനുവരുന്ന ഗ്രാമങ്ങളിലെ സാധാരണക്കാരായ ആളുകൾ പാർശ്വവൽക്കരിക്കപ്പെട്ടതിന്റെ ഒരു ചിത്രമാണ് സ്വതന്ത്ര ഇൻഡ്യയിൽ കാണാൻ കഴിഞ്ഞത്. ജനങ്ങളുടെ അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റപ്പെട്ടില്ല. 2005-ൽ പാർലമെന്റിൽ ഇടതുപക്ഷത്തിന്റെ

പിന്തുണയോടുകൂടി യു.പി.എ. രാജ്യം ഭരിക്കുമ്പോഴാണ് ഇൻഡ്യയിലെ ലക്ഷക്കണക്കിനു വരുന്ന ഗ്രാമങ്ങളിൽ പാർശ്വവൽക്കരിക്കപ്പെട്ടവർക്ക് ദേശീയ തൊഴിലുറപ്പ് നിയമംപോലും പാസ്സാക്കിയെടുക്കാൻ കഴിഞ്ഞത്. അതുവഴി കോടിക്കണക്കിന് ആളുകളുടെ ദാരിദ്ര്യം ലഘൂകരിക്കാൻ കഴിഞ്ഞു എന്ന യാഥാർത്ഥ്യം നമ്മുടെ മുന്നിലുണ്ട്. ഇൻഡ്യയിൽ മാതൃകാപരമായി ഈ പദ്ധതി നടപ്പിലാക്കുന്നത് ഇടതുപക്ഷത്തിന് സ്വാധീനമുള്ള സംസ്ഥാനങ്ങളിലാണെന്നും നമുക്കറിയാം. കേരളത്തിൽ 31 ലക്ഷത്തിൽപ്പരംവരുന്ന കുടുംബങ്ങൾ ദേശീയ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട തൊഴിലിനുവേണ്ടി കാർഡ് എടുത്തിട്ടുള്ളവരാണ്. ഇന്ന് പതിനാല് ലക്ഷത്തിൽപ്പരം വരുന്ന ആളുകൾക്ക് ഇതിലൂടെ തൊഴിലെടുക്കാൻ കഴിയുന്നുണ്ട്. കഴിഞ്ഞ മൂന്നുനാലുവർഷക്കാലത്തെ കണക്കുകൾ പരിശോധിക്കുമ്പോൾ ഈ വർഷം തൊഴിൽ ദിനങ്ങൾ വളരെ കുറവാണെന്ന് കാണാൻ കഴിയും. കേന്ദ്രസർക്കാർ ഇടക്കാല ഗൈഡ്ലൈൻ കൊണ്ടുവന്ന് ഈ പദ്ധതിയെ ഇല്ലാതാക്കാനുള്ള പരിശ്രമം നടത്തിപ്പോരുന്നുണ്ട്. ഗ്രാമങ്ങളും നഗരങ്ങളും തമ്മിൽ വലിയ വ്യത്യാസമില്ലാത്ത കേരളംപോലുള്ള സംസ്ഥാനത്തിൽ ഇടതുപക്ഷ ഗവൺമെന്റിന്റെ കാലത്ത് കൊണ്ടുവന്ന അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതി നഗരങ്ങളിൽ മാത്രമായി ഒതുങ്ങിനിൽക്കുകയാണ്. കേന്ദ്ര ഗവൺമെന്റിൽ ശക്തമായ സമ്മർദ്ദം ചെലുത്തി കേരളത്തിലെ ഗ്രാമങ്ങളിൽക്കൂടി ഇത് നടപ്പിലാക്കാനുള്ള നടപടി അടിയന്തരമായി സ്വീകരിക്കണമെന്ന അഭിപ്രായമാണ് എനിക്കുള്ളത്. ഈ വർഷം ഇതുവരെ 21 തൊഴിൽ ദിനങ്ങളാണ് അവർക്ക് ലഭിച്ചിട്ടുള്ളത്, കൂലി 240 രൂപ മാത്രമാണ്. ലക്ഷക്കണക്കിനുവരുന്ന കുടുംബങ്ങൾ പട്ടിണിയിൽനിന്ന് രക്ഷനേടുന്നതിനായി ചുരുങ്ങിയ തുകയ്ക്കാണെങ്കിൽപ്പോലും ഈ തൊഴിൽരംഗത്ത് ഉറച്ചുനിൽക്കുകയാണ്. അവരുടെ പ്രശ്നങ്ങൾ അനുഭാവപൂർവ്വം പരിഗണിക്കാനുള്ള ഇടപെടൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഭരണരംഗത്ത് സ്വീകരിച്ച നടപടികൾ നമുക്ക് ഓർമ്മയുള്ളതാണ്. യു.ഡി.എഫ്.ന്റെ കാലത്ത് പൊതുവിദ്യാഭ്യാസത്തിനും പൊതുജനാരോഗ്യത്തിനും പൊതുവിതരണത്തിനും സാമൂഹ്യക്ഷേമത്തിനും പൊതുമേഖലയ്ക്കും പരമ്പരാഗത വ്യവസായങ്ങൾക്കും മറ്റുമുള്ള പദ്ധതി-പദ്ധതിയേതര വിഹിതം വെട്ടിക്കുറയ്ക്കപ്പെട്ടു. പൊതുകാര്യങ്ങളിൽനിന്ന് ഭരണകൂടം പിൻമാറുകയാണെന്നും ആ ഇടം കമ്പോള ശക്തികൾക്ക് അഥവാ മൂലധന ശക്തികൾക്ക് വിട്ടുകൊടുക്കുകയും ചെയ്യുകയായിരുന്നുവെന്ന തോന്നലുളവാക്കി, അത് ശരിയുമായിരുന്നു. സർക്കാർ ഉദ്യോഗസ്ഥരുടെ തസ്തിക വെട്ടിക്കുറച്ചു, ശമ്പളം മരവിപ്പിച്ചു. പൊതുമേഖലയെ വിൽപ്പനയ്ക്കുവച്ചു. കാടും കായലും കടലോരങ്ങളും പുഴയും റവന്യൂ ഭൂമിയും എന്നുവേണ്ട പൊതുസ്വത്തും പൊതുവിഭവങ്ങളും കയ്യേറ്റക്കാരുടെ സ്വാതന്ത്ര്യത്തിന് വിട്ടുകൊടുക്കുന്ന സ്ഥിതി കേരളത്തിൽ കഴിഞ്ഞ യു.ഡി.എഫ്.ന്റെ കാലത്തുണ്ടായി. കേരളത്തിന്റെ വികസനരംഗത്ത് ഘടനാപരമായ

അപഭ്രംശത്തിന് യു.ഡി.എഫ്. സർക്കാരിന്റെ നടപടികൾ ഇടയാക്കി എന്നത് കേരളത്തിലെ ജനങ്ങൾ കണ്ടതാണ്. കേരളം പട്ടിണിമരണങ്ങളുടെയും കർഷക ആത്മഹത്യകളുടെയും നാടായി മാറിയ ഒരു കാലമുണ്ടായിരുന്നു. നിർമ്മാർജ്ജനം ചെയ്യപ്പെട്ടുവെന്ന് കരുതിയ പകർച്ചവ്യാധികൾ യു.ഡി.എഫ്.ന്റെ ഭരണകാലത്ത് തിരിച്ചുവന്നു. സാമൂഹിക സംഘർഷങ്ങൾ വർഗ്ഗീയ കലാപങ്ങളായി വളർന്ന ഒരു കാലമായിരുന്നു കേരളത്തിൽ നാം കണ്ടത്. കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ ബ്ലേഡ് മാഫിയകളെ നിയന്ത്രിക്കാനെന്നപേരിൽ കൊണ്ടുവന്ന 'ഓപ്പറേഷൻ കുബേര' ബ്ലേഡ്കാരിൽനിന്നും പണം പിരിവിനുള്ള സൗകര്യമൊരുക്കി. ഏതാനുമാളുകൾ അതുവഴി നേട്ടമുണ്ടാക്കി. മദ്യനിരോധനത്തിന്റെ പേരിൽ മദ്യ രാജാക്കന്മാരിൽനിന്ന് പണം പിരിക്കുന്ന അവസ്ഥ നാം കണ്ടു. ബാർകോഴയുടെ പേരിൽ ഇപ്പോഴും പലരെയും വേട്ടയാടിക്കൊണ്ടിരിക്കുകയാണ്. നമ്മളെല്ലാം ആദരിക്കുന്ന മാണി സാറിനെപ്പോലും ഇക്കാര്യത്തിൽ ദുഷിപ്പിച്ചു എന്നുപറയുന്നതിൽ വളരെ ലജ്ജയും ഖേദവുമുണ്ട്. നിക്ഷേപകർക്ക് സുരക്ഷിതത്വം ഉറപ്പാക്കാൻ അദ്ധ്വാനിക്കുന്നവരുടെ അവകാശങ്ങൾ അടിയറവ് വയ്ക്കാനാവില്ല. ഇവ രണ്ടും സമന്വയിപ്പിക്കുന്ന വികസന നയമാണ് നമുക്ക് വേണ്ടത്. അങ്ങനെയാവണം ഈ കേരളത്തെ സംബന്ധിച്ച് എല്ലാം ശരിയാക്കാൻ. ഐ.ടി. മേഖലയിൽ നിർണ്ണായക മുന്നേറ്റം സൃഷ്ടിച്ച നമ്മുടെ സംസ്ഥാനത്തെ ഐ.ടി. രംഗത്തെ കയറ്റുമതി വരുമാനം ആയിരം കോടി രൂപയാണെങ്കിൽ കർണ്ണാടകയിൽ അത് 1.5 ലക്ഷം കോടി രൂപയും തമിഴ്നാട്ടിൽ 75,000 കോടി രൂപയും ആന്ധ്രാപ്രദേശിൽ 57,000 കോടി രൂപയുമാണ്. ആശ്ചര്യത്തോടും അത്ഭുതത്തോടുംകൂടിയാണ് നാമിത് നോക്കിനിൽക്കുന്നത്. ഭാവനാപൂർണ്ണമായ ആസൂത്രണവും അതിലേയ്ക്കുനയിക്കുന്ന കൃത്യമായ രാഷ്ട്രീയ ഇച്ഛാ ശക്തിയും പ്രതിബദ്ധതയോടുകൂടിയുള്ള പ്രവർത്തനവുമാണ് ഇന്നത്തെ പ്രതിസന്ധി മറികടക്കാനുള്ള വഴി. നമുക്ക് അർഹതപ്പെട്ടത് നേടിയെടുക്കുന്നതിനുള്ള പരിശ്രമത്തിൽ ഇടപെടേണ്ടതായിട്ടുണ്ട്. കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി ഇക്കാര്യത്തിൽ ദീർഘദൃഷ്ടിയോടുകൂടിയാണ് നീങ്ങുന്നതെന്ന് ബജറ്റ് പ്രസംഗത്തിലൂടെയും ഇന്നലെ കേരളത്തിലെ ആദരണീയനായ മുഖ്യമന്ത്രി വ്യാവസായിക മേഖലയുമായി ബന്ധപ്പെട്ട് നടത്തിയ ചർച്ചയ്ക്ക് മറുപടി പറയുമ്പോഴും വ്യക്തമാക്കിയിട്ടുള്ളതാണ്. ഭൂമിയും പൊതുസ്വത്തും കയ്യടക്കി കോർപ്പറേറ്റുകൾ നേടുന്ന സാമ്പത്തിക കുതിപ്പിൽ മേന്മ നടിക്കുന്ന വികസന രാഷ്ട്രീയം കേരളത്തിന് സ്വീകാര്യമല്ല.

2.00 PM]

നമ്മുടെ പാരിസ്ഥിതിക സന്തുലിതാവസ്ഥ, ഒരു low level equilibrium ഈ സംസ്ഥാനത്ത് കാണാൻ കഴിയുന്നുണ്ട്. അത് തകിടം മറിക്കുന്ന ഒരു വികസന നയത്തിനേയും പിന്തുണയ്ക്കാനാവില്ല. വിനാശത്തിന്റെ വക്കിലാണ് കേരളം. വിദ്യാഭ്യാസം,

വിവര സാങ്കേതിക വിദ്യ, വിനോദസഞ്ചാരം തുടങ്ങിയ മേഖലകളിലെ അടിസ്ഥാന സൗകര്യ വികസനത്തിന് പ്രത്യേക പരിഗണന നൽകി ഇടതുപക്ഷം മുന്നേറുകയാണ്. പുതിയ മേഖലകൾക്ക് ഊന്നൽ നൽകുമ്പോഴും കൃഷിയും പരമ്പരാഗത വ്യവസായങ്ങളും അവഗണിക്കപ്പെടാതിരിക്കാൻ ഇടതുപക്ഷം പ്രത്യേകം ജാഗ്രത പുലർത്തുന്നുവെന്നുള്ളത് അഭിമാനകരമായ കാര്യമാണ്. പരമ്പരാഗത വ്യവസായങ്ങളുടെ പുനഃസംഘടനയും പൊതുമേഖലാ സ്ഥാപനങ്ങളുടെ നവീകരണവും സഹകരണ നിക്ഷേപ സമാഹരണവും അതുവഴി ഒരു ലക്ഷംപേർക്ക് പുതിയ തൊഴിലവസരവും ഇതര മേഖലകൾവഴി അഞ്ച് ലക്ഷംപേർക്ക് പുതിയ തൊഴിലവസരം എന്ന പ്രഖ്യാപനവും കൃഷി പ്രോത്സാഹിപ്പിക്കാനുള്ള പുത്തൻ തീരുമാനവും സാമൂഹ്യ ക്ഷേമ പദ്ധതികൾ വ്യാപിപ്പിച്ചതും വിദ്യാർത്ഥി കേന്ദ്രീകൃത സ്കൂൾ പാഠ്യപദ്ധതിയായി നവീകരിച്ചതും സർക്കാരിന്റെ പ്രധാനപ്പെട്ട വികസന നയങ്ങളായി ഇതിനകം പ്രഖ്യാപിക്കപ്പെട്ടു കഴിഞ്ഞിരിക്കുന്നു. അതിദ്രുത വികസനത്തിനുള്ള സാമൂഹ്യ പശ്ചാത്തലമൊരുക്കുകയാണ് എൽ.ഡി.എഫ്. ചെയ്തുവരുന്നതെന്ന് കേരളത്തിലെ ജനങ്ങൾക്കറിയാം. അതുകൊണ്ടു തന്നെ ഇടതുപക്ഷ ജനാധിപത്യമുന്നണിയെ കേരളത്തിലെ സാധാരണക്കാരായ ആളുകൾ വളരെ പ്രതീക്ഷയോടുകൂടിയാണ് നോക്കിക്കാണുന്നത്. കേരളത്തിൽ രണ്ട് ദിവസങ്ങൾക്കുമുമ്പുനടന്ന ഉപതെരഞ്ഞെടുപ്പുകളിൽ നാം കണ്ടത് അതാണ്. കഴിഞ്ഞ ഏതാനും ദിവസങ്ങളായി ഭരണത്തിൽ വന്ന ഇടതുപക്ഷ ഗവൺമെന്റ് നമ്മുടെ സംസ്ഥാനത്ത് ജനപക്ഷത്തുനിന്നുകൊണ്ടുനടത്തിയ ഭരണരംഗത്തെ നടപടികളെല്ലാം കേരളത്തിലെ ഭൂരിപക്ഷംവരുന്ന ജനങ്ങൾ അംഗീകരിക്കുന്നു എന്നതിന്റെ തെളിവാണ് ഉപതെരഞ്ഞെടുപ്പുകളിൽ ഇടതുപക്ഷത്തിനുണ്ടായിട്ടുള്ള ഉജ്ജ്വല വിജയമെന്ന് ഈ സഭയെ ഓർമ്മിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. നാടിന്റെ അഭിവൃദ്ധിക്കുവേണ്ടി, പുരോഗതിക്കുവേണ്ടി, വിവിധ മേഖലകളിൽ ഇടപെട്ട് നടത്തിക്കൊണ്ടിരിക്കുന്ന പ്രവർത്തനങ്ങളെ ജനങ്ങൾ ശ്രദ്ധാപൂർവ്വം ഉറ്റുനോക്കുന്നുണ്ട്. ജനങ്ങൾ കാണുന്ന രീതിയിൽ നിയമസഭയിലെ പ്രതിപക്ഷവും കാണണം. ഇടതുപക്ഷ ജനാധിപത്യമുന്നണി അതിദ്രുതഗതിയിൽ കേരളത്തെ വികസന പന്ഥാവിലേയ്ക്ക് നയിക്കാനുതകുന്ന സാമ്പത്തിക രംഗത്തെടുക്കുന്ന നയങ്ങൾക്ക് പിന്തുണ നൽകാൻ പ്രതിപക്ഷം സഹകരിക്കുന്നതാണ് ഏറ്റവും ഉചിതമായിട്ടുള്ള രാഷ്ട്രീയ കടമയെന്ന് അവരെ ഓർമ്മിപ്പിക്കാൻ ഞാൻ ഈ സന്ദർഭം വിനിയോഗിക്കുന്നു. ആ നിലയിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണിക്ക് ഒരവസരം നൽകി മുന്നണി സ്വീകരിക്കുന്ന ഭരണനയങ്ങൾക്ക് ആവശ്യമായിട്ടുള്ള പിന്തുണ നൽകി മുന്നോട്ടു പോകാൻ യത്നിക്കണമെന്ന് അവരോട് വിനയപൂർവ്വം അഭ്യർത്ഥിക്കുന്നു. ഞാൻ ഈ ധനബില്ലിനെ ശക്തമായി പിന്തുണയ്ക്കുന്നു.

ശ്രീ. പി. കെ. ബഷീർ: സർ, ഞാൻ ഈ ധനകാര്യ ബില്ലിനെ എതിർക്കുകയാണ്. എല്ലാം ശരിയാകും, എല്ലാം ശരിയാകും എന്നുപറഞ്ഞിട്ട് കഴിഞ്ഞ അഞ്ചുകൊല്ലം ഞങ്ങൾ നടപ്പിലാക്കിയ പദ്ധതികൾ ഇന്ന് ഉദ്ഘാടനം ചെയ്യുന്ന പരിപാടിയാണ് നിങ്ങൾക്ക്. അതിന്റെ കുറ്റങ്ങൾ നിങ്ങൾ പറയണ്ട. അതിന്റെ ശില്പികളായ ആളുകൾ ഇവിടെയുണ്ട്. അവരിലാരെയെങ്കിലും ഒരു പരിപാടിക്ക് നിങ്ങൾ വിളിക്കാറുണ്ടോ? ആരാന്റെ കുട്ടിയുടെ പിതൃത്വം നിങ്ങൾ ഏറ്റെടുക്കേണ്ട ആവശ്യമില്ലല്ലോ. അത് നിങ്ങളുടെ നേട്ടമല്ലല്ലോ. ഒരു ഓവർബ്രിഡ്ജും ഒരു പാലവുമൊക്കെ ഇപ്പോൾ എങ്ങനെയാണ് വരുന്നത്; അത് കഴിഞ്ഞ അഞ്ചുകൊല്ലത്തെ യു.ഡി.എഫ്. ഗവൺമെന്റിന്റെ നേട്ടങ്ങളാണ്. ആ നേട്ടങ്ങളുടെ ഉദ്ഘാടനമാണ് നിങ്ങൾ നടത്തുന്നത്. അതിന് നിങ്ങൾ മേന്മ പറഞ്ഞുനടക്കേണ്ട ആവശ്യമില്ല. പത്രത്തിൽ അതിന്റെ ഫോട്ടോയും കൊടുത്ത് ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ നേട്ടമെന്നു പറയണ്ട. ഇന്നലെ ശ്രീ. എ. എൻ. ഷംസീർ ഇവിടെ സംസാരിച്ചപ്പോൾ പറഞ്ഞു; ലീഗ് ന്യൂനപക്ഷങ്ങൾക്കുവേണ്ടി ഒന്നും ചെയ്തിട്ടില്ലായെന്ന്. പൊന്നാര ഷംസീറെ, കമ്മ്യൂണിസ്റ്റ് ചരിത്രമെടുത്തു നോക്കണം; 38 കൊല്ലമായി നിങ്ങൾ ബംഗാൾ ഭരിച്ചിട്ട്, അവിടത്തെ ന്യൂനപക്ഷങ്ങളായ രണ്ടേമുക്കാൽ കോടി മുസ്ലീങ്ങൾക്ക് എന്താണ് കൊടുത്തത്; സച്ചാർ കമ്മീഷൻ റിപ്പോർട്ടിനെക്കുറിച്ച് മാതൃഭൂമിയിൽ ലീലാ മേനോൻ എഴുതിയ ഒരു റിപ്പോർട്ടുണ്ട്. എവിടെയാണോ ഒരു റോഡ് ടാറിട്ട് അവസാനിക്കുന്നത്, അവിടന്നങ്ങോട്ട് വികസനം നടക്കാത്ത പ്രദേശമുണ്ടെങ്കിൽ അത് ന്യൂനപക്ഷ വിഭാഗങ്ങളുടെ സ്ഥലങ്ങളാണെന്ന് ആ റിപ്പോർട്ടിൽ പറയുന്നുണ്ട്. എന്തേ നിങ്ങൾ ബംഗാളിൽ പോയത്; 38 കൊല്ലമായിട്ട് അവിടെ നിങ്ങൾക്ക് ന്യൂനപക്ഷ പ്രേമമില്ലായിരുന്നോ; നേരെമറിച്ച് മുസ്ലീംലീഗിന് സ്വാധീനമുള്ള കേരളത്തിലെ നേട്ടങ്ങൾ നിങ്ങൾ നോക്കണം. അവിടത്തെ മുസ്ലീങ്ങൾ, അമീർ ഉൾ ഇസ്ലാമും കമർ ഉൾ ഇസ്ലാമും ഒക്കെ ഇങ്ങോട്ടുവരികയാണ്. ഇവിടെ വന്നാൽ എല്ലാ കാര്യങ്ങളും നടക്കും. പിന്നെ നിങ്ങൾ നേട്ടങ്ങൾ എന്നുപറയുന്നത് എവിടെയാണ്? ഞങ്ങളുടെ ഭരണകാലത്ത് മദ്രസയിൽ പഠിപ്പിക്കുന്ന മതപണ്ഡിതർക്ക് പെൻഷൻ കൊടുത്തപ്പോൾ അതിന് മുല്ല-മുക്രി പെൻഷനെന്നു പറഞ്ഞ് നാടുനീളെ എതിർത്ത് ഒരു വർഗ്ഗീയ ചേരിതിരിവുണ്ടാക്കിയത് ഇടതുപക്ഷക്കാരാണ്, ഞങ്ങളല്ല. മന്ത്രി ഡോ. കെ. ടി. ജലീൽ വഖഫ് ബോർഡിനെപ്പറ്റി പറഞ്ഞു, വഖഫ് ബോർഡ് ഇന്നും ഇന്നലെയും തുടങ്ങിയതല്ല. വഖഫ് ബോർഡിൽ മഹാനായ സി.എച്ച്. മുഹമ്മദ് കോയ സാഹിബും അവുക്കാദർക്കുട്ടി നഹാ സാഹിബും ഒക്കെ ഉണ്ടായിരുന്നു. സുന്ദരേശൻ കമ്മീഷൻ വന്നു. ഡോ. ജലീലിന് കുഞ്ഞാലിക്കുട്ടി സാഹിബിന്റെ പേര് പറയാൻ കുറച്ചുബുദ്ധിമുട്ടുണ്ടാകും. 2003-ൽ പി. കെ. കുഞ്ഞാലിക്കുട്ടി സാഹിബാണ് കേരളത്തിന്റെ വഖഫ് ബോർഡ് മന്ത്രി. ആ കാലത്താണ് റവന്യൂ സെക്രട്ടറി ശ്രീ.

സുന്ദരേശനെ കമ്മീഷൻ സെക്രട്ടറിയായി നിയമിക്കുന്നത്. ആ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അന്നത്തെ ഗവൺമെന്റാണ് പദ്ധതി നടപ്പിലാക്കുന്നത്. ഇപ്പോൾ 100 വീട് കൊടുക്കുന്നതിന് ഇമ്പിച്ചിബാവയുടെ പേരും പറഞ്ഞുനടക്കുകയാണ്. 100 വീട് കൊടുക്കുന്നു എന്ന് ആരെങ്കിലും പറഞ്ഞുകൊണ്ടു നടക്കുമോ? ഞങ്ങൾ നിങ്ങളെപ്പോലെയല്ല. കുറച്ച് ക്വാളിറ്റിയുള്ള ആൾക്കാരാണ്. അതിനനുസരിച്ചുള്ള നിലവാരമൊക്കെ ഞങ്ങൾക്കുണ്ടാകും. ഞങ്ങൾ പേരും നാളുമൊന്നും വച്ചുകൊണ്ട് നടക്കാറില്ല. ഞങ്ങൾക്ക് വേണമെങ്കിൽ സെയ്ദ് അബ്ദുറഹിമാൻ ബാഫക്കി തങ്ങളുടെയും ശിഹാബ് തങ്ങളുടെയുമൊക്കെ പേര് വച്ചുകൂടായിരുന്നോ; കെ. ടി. ജലീലും, സി.എച്ചും എവിടെ കിടക്കുന്നു; സി.എച്ച്. ഏതാ മുതല്, അത് മുത്താണ്, തങ്കക്കുടമാണ്. ജലീലിന്റെ മൂന്നാമത്തെ സത്രുമാണിത്. നിങ്ങൾ മനസ്സിലാക്കണം. ഒന്ന്, സിമി. രണ്ട്, ലീഗ്. മൂന്ന്, നിങ്ങൾ. നാലാമത്തേത് ബി.ജെ.പി.. ഓൻ എവിടെയാ മെച്ചം കിട്ടുകാന്ന് വച്ചാൽ അവിടെ പോകും. ഞാൻ ചോദിക്കട്ടെ, ഷംസീറെ, പ്രദീപെ, നിങ്ങളൊക്കെ പെറ്റവീണ കമ്മ്യൂണിസ്റ്റുകാരാണ്. നിങ്ങളെയൊക്കെ അവിടെ നിർത്തിയിട്ടാണ് വന്നുകൂടിയവർക്കൊക്കെ കൊടുക്കുന്നത്. എനിക്ക് അതാണ് സങ്കടം. നിങ്ങൾ ഒന്ന് ആലോചിച്ചുനോക്കിയേ. ടി. വി. ഇബ്രാഹിം പറഞ്ഞത് പോലീസുകാർക്ക് താടിവയ്ക്കാൻ അനുവാദം കൊടുക്കണമെന്നാണ്. എന്നാൽ ......... (ബഹളം)......... ***

ശ്രീ. എ. എൻ. ഷംസീർ : സർ, പോയിന്റ് ഓഫ് ഓർഡർ.

മി. ഡെപ്യൂട്ടി സ്പീക്കർ : എന്താണ് പോയിന്റ് ഓഫ് ഓർഡർ.

ശ്രീ. എ. എൻ. ഷംസീർ: .........*** അത് രേഖയിൽ കാണാൻ പാടില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ : അത് പരിശോധിക്കാം.

ശ്രീ. പി. കെ. ബഷീർ : സർ, ഇംഗ്ലീഷിൽ ഫാദർ എന്നുപറഞ്ഞാൽ മലയാളത്തിൽ അച്ഛനെന്ന് പറയും. മുസ്ലീങ്ങളാണെങ്കിൽ ബാപ്പ എന്നുപറയും, ക്രിസ്ത്യാനികളാണെങ്കിൽ പപ്പ എന്നുപറയും. ആ അർത്ഥത്തിലാണ് ഞാൻ അത് പറഞ്ഞിട്ടുള്ളത്. എന്റെ ബാപ്പയെ ഞാൻ ബാപ്പ എന്നല്ലേ പറയുകയുള്ളൂ. ഇംഗ്ലീഷുകാർ who is your father എന്നു ചോദിച്ചാൽ അത് ഇംഗ്ലീഷല്ലേ. അത് നിങ്ങൾ മനസ്സിലാക്കണ്ടേ. നിങ്ങൾ വെറുതെ എന്തെങ്കിലുമൊക്കെ പറഞ്ഞിട്ട് കാര്യമുണ്ടോ? ഒരു കാര്യം നിങ്ങൾ മനസ്സിലാക്കണം. അക്ഷര വിദ്യാഭ്യാസമില്ലാത്ത സമൂഹത്തിന്റെ .......(ബഹളം)..... ഇതിൽ ഒരു പോയിന്റുമില്ല, ഓർഡറുമില്ല,

ശ്രീ. പി. ടി. എ. റഹീം : സർ, പോയിന്റ് ഓഫ് ഓർഡർ.

*** ബഹുമാനപ്പെട്ട സ്പീക്കറുടെ ഉത്തരവിൻപ്രകാരം (നമ്പർ 487U/ഇ.ബി./2016/നി.സെ./തീയതി 27/10/2016) സഭാരേഖയിൽ നിന്നും നീക്കം ചെയ്തു.

മി. ഡെപ്യൂട്ടി സ്പീക്കർ : എന്താണ് പോയിന്റ് ഓഫ് ഓർഡർ.

ശ്രീ. പി. ടി. എ. റഹീം: സർ, ........*** അനാവശ്യ പരാമർശം നടത്തിയത് സഭാരേഖയിൽനിന്ന് നീക്കം ചെയ്യണം.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

മി. സ്പീക്കർ: അത് പരിശോധിക്കാം.

ശ്രീ. പി. കെ. ബഷീർ: സർ, വിവരമില്ലാത്ത വക്കീലന്മാർ പലതും പറയും. അതൊന്നും അങ്ങ് നോക്കണ്ട.....(ബഹളം).....വിദ്യാഭ്യാസ.....(ബഹളം)........ നിങ്ങൾ വക്കീലന്മാരെ ന്യായീകരിക്കണ്ട. കോടതിയിൽ പോകാത്ത ധാരാളം വക്കീലന്മാരുണ്ട്.

മി. സ്പീക്കർ: പ്ലീസ്. ശ്രീ. ബഷീർ വിഷയത്തിൽ ഒതുങ്ങിനിന്ന് സംസാരിക്കണം.

ശ്രീ. പി. കെ. ബഷീർ : സർ, ഒരു കാര്യം ഞാൻ പറയാം. ഇവിടെ ഒരൊറ്റ കുട്ടി പ്രസംഗിക്കില്ല, മര്യാദയ്ക്കു നിന്നുകൊള്ളിൻ അവിടെ.........(ബഹളം)........... ലീഗിനെകൊണ്ടു നേട്ടമുണ്ടായില്ല എന്ന് നിങ്ങൾ പറഞ്ഞു. അക്ഷര വിദ്യാഭ്യാസമില്ലാത്ത സമൂഹത്തിന്റെ വിരൽത്തുമ്പിൽ അക്ഷയ വഴി കമ്പ്യൂട്ടറിന്റെ മൗസ് നൽകിയത് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി കേരളത്തിന്റെ ഐ. ടി. വകുപ്പുമന്ത്രിയായിരുന്നപ്പോഴാണ്. അത് നിങ്ങൾ മനസ്സിലാക്കണം. പാവങ്ങളിൽ പാവങ്ങളായ ജനസമൂഹത്തെ ഉന്നതവിദ്യാഭ്യാസ ശ്രേണിയിലേയ്ക്ക് കൈപിടിച്ചുയർത്തിയത് മുസ്ലീം ലീഗ് എന്ന രാഷ്ട്രീയ പ്രസ്ഥാനമാണെന്ന് നിങ്ങൾ മനസ്സിലാക്കണം. അതിന് ശക്തമായ പിന്തുണ നൽകിയത് കോൺഗ്രസ്സ് എന്ന പാർട്ടിയാണ്.

എനിക്ക് ചോദിക്കാനുള്ളത് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോടാണ്. അങ്ങേയ്ക്ക് എന്താണ് പറ്റിയത്; അങ്ങ് നല്ലൊരു ധനമന്ത്രിയാണ്, നല്ലൊരു സാമ്പത്തിക ശാസ്ത്രജ്ഞനാണ്. പക്ഷേ അങ്ങയുടെ വേറൊരു രൂപമാണ് ഇപ്പോൾ കാണുന്നത്. മുഖ്യമന്ത്രിയുടെ അമേരിക്കൻ ഉപദേശക വന്നതിനുശേഷം ഒരു കാര്യത്തിലും അങ്ങ് മിണ്ടുന്നില്ല. എനിക്ക് അങ്ങയെ ഇഷ്ടമാണ്. അങ്ങേയ്ക്ക് അത്യാവശ്യം നല്ല വിവരമുണ്ട്; നല്ല കോമൺസെൻസുള്ള ഒരു മനുഷ്യനാണ്, പ്രാക്ടിക്കലാണ്, ശാസ്ത്ര-സാഹിത്യ പരിഷത്തുമൊക്കെയായി നടക്കുന്ന നല്ലയാളാണ്. ഞാൻ പഞ്ചായത്ത് മെമ്പറായിരിക്കുന്ന കാലത്ത് ജനകീയാസൂത്രണം നടപ്പിലാക്കുമ്പോൾ അതിലെ പ്രായോഗിക സമീപനത്തിനുവേണ്ടി തിരുവനന്തപുരത്തുനിന്ന് കാസർഗോഡു വരെ അങ്ങ് ട്രെയിനിൽ യാത്രചെയ്തു. എല്ലാ കാര്യങ്ങളും പ്രായോഗികമായി കാണുന്നയാളാണ്. അതുകൊണ്ട് അങ്ങയെ ബഹുമാനിക്കുന്നുണ്ട്, അങ്ങേയ്ക്ക് വിവരമില്ലെന്ന് ഞാൻ പറയില്ല. കമ്മ്യൂണിസ്റ്റ് പാർട്ടി മറ്റൊരു പ്രസ്ഥാനത്തെ വളരാൻ അനുവദിക്കില്ലായെന്ന് എല്ലാവർക്കുമറിയാം. അതുകൊണ്ട് മുഖ്യമന്ത്രി

*** ബഹുമാനപ്പെട്ട സ്പീക്കറുടെ ഉത്തരവിൻപ്രകാരം (നമ്പർ 487U/ഇ.ബി./2016/നി.സെ./തീയതി 27/10/2016) സഭാരേഖയിൽ നിന്നും നീക്കം ചെയ്തു.

ധനകാര്യ വകുപ്പുമന്ത്രിയെ മിണ്ടാൻ അനുവദിക്കാത്തത് ഏത് അടവുനയമാണെന്ന് പറഞ്ഞാൽ കൊള്ളാം. തൊട്ടടുത്ത മുറിയിൽ ഒരു മൂലധനം ഇരിക്കുമ്പോൾ മുഖ്യമന്ത്രി ശ്രീമതി ഗീതാ ഗോപിനാഥിനെ തേടി അമേരിക്കയിൽ പോകേണ്ട യാതൊരു ആവശ്യവുമില്ല.

ഈ ധനബില്ലിൽ, 37-ാം പേജിൽ, ഫോൺ പാക്കേജിലുള്ള മൊബൈൽ ചാർജ്ജറിന് 14 ശതമാനം.....,സാംസങ്, എൽ.ജി., വോഡഫോൺ തുടങ്ങിയ കമ്പനികൾ നടത്തിയ കോടികളുടെ നികുതി വെട്ടിപ്പ് എ.ജി. കണ്ടെത്തി. ഈ ധനകാര്യ ബില്ലിൽ അവരുടെ 2005 മുതലുള്ള കുടിശ്ശിക ഒഴിവാക്കിക്കൊടുത്തിരിക്കുന്നു. എ.ജി. കണ്ടെത്തിയ വെട്ടിപ്പ് എന്തിനാണ് ഒഴിവാക്കി നൽകുന്നത്? ഇതാണോ നിങ്ങളുടെ കുത്തകവിരുദ്ധ നിലപാട്? സ്വർണ്ണക്കച്ചവടക്കാരെ സംബന്ധിച്ച് മാണി സാറിന്റെ കാലത്തും നിങ്ങളുടെ കാലത്തും ഒരു അബദ്ധം പറ്റി. ആ നികുതി എന്താണ് തിരിച്ചുകൊടുക്കാത്തത്. അത് നിങ്ങൾ ചെയ്യേണ്ടതല്ലേ?

ശ്രീ. ഉമ്മൻ ചാണ്ടി ധനകാര്യ വകുപ്പുമന്ത്രിയായിരുന്നപ്പോൾ വലിയ ഒച്ചപ്പാടുണ്ടാക്കിയ വിഷയമാണ് അനുമാന നികുതി. അന്ന് ആലപ്പുഴയിൽ ഒരു വ്യാപാരി ആത്മഹത്യ ചെയ്തു. തുടർന്നുണ്ടായ ഒച്ചപ്പാട് എല്ലാവർക്കുമറിയാം. ഒരു വ്യാപാരിയുടെ കുടിശ്ശിക നികുതി ഒഴിവാക്കിക്കൊടുത്തത് നല്ല കാര്യം തന്നെയാണ്. അനുമാന നികുതി സംബന്ധിച്ച് അങ്ങ് ഒരു ആംനസ്റ്റി സ്കീം പ്രഖ്യാപിച്ചു. ഈ സ്കീമിന്റെ ഇപ്പോഴത്തെ സ്ഥിതിയെന്താണ്? എത്ര പേർക്ക് അതിന്റെ അനുകൂല്യം ലഭിക്കുമെന്നും സംസ്ഥാനത്തിന് എത്ര തുക ലഭിക്കുമെന്നുമുള്ള കണക്ക് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഈ സഭയിൽ വ്യക്തമാക്കുമോ? കഴിഞ്ഞ ഇടതുസർക്കാരിന്റെ കാലത്ത് തേങ്ങ, കൊപ്ര, വെളിച്ചെണ്ണ എന്നിവയെ ഒക്കെ നികുതിയിൽനിന്ന് ഒഴിവാക്കി. ഇപ്പോൾ വെളിച്ചെണ്ണയ്ക്ക് 5 ശതമാനം നികുതി കൊണ്ടുവന്നു. തേങ്ങയ്ക്ക് വലിയ വില കിട്ടണമെന്നൊക്കെയാണ് ശ്രീ. വി. എസ്. സുനിൽ കുമാർ പറയുന്നത്. ആ സാഹചര്യത്തിലാണ് വെളിച്ചെണ്ണയ്ക്ക് 5 ശതമാനം നികുതി ഏർപ്പെടുത്തിയത്. ഇങ്ങനെയാണോ നാളികേര കർഷകരെ സഹായിക്കുന്നത്; ഭക്ഷ്യ എണ്ണ ഉല്പാദിപ്പിക്കുന്ന വലിയ വലിയ കമ്പനികൾക്കുവേണ്ടി മുഖ്യമന്ത്രിയുടെ ഉപദേശക ശ്രീമതി ഗീതാ ഗോപിനാഥാണോ കുത്തകകളെ സഹായിക്കുന്ന നിലപാട് അങ്ങേയ്ക്ക് പകർന്നുനൽകിയത്. ചരക്കുസേവന നികുതി (ജി.എസ്.ടി.) വരുന്നുവെന്ന് കണ്ടപ്പോൾ ശ്രീ. സീതാറാം യെച്ചൂരിയെ ഖണ്ഡിച്ചയാളാണ് അങ്ങ്. ഇപ്പോൾ ഒന്നും പറയാത്തതെന്താണ്, അന്ന് കണ്ട സന്തോഷമൊന്നും ഇപ്പോൾ കാണുന്നില്ലല്ലോ. അങ്ങയുടെ ഡൽഹിയിലെ രണ്ട് മീറ്റിംഗുകളും ഞാൻ മീഡിയയിൽ കണ്ടു. ചരക്കുസേവന നികുതിയുടെ അപകടവും കേന്ദ്ര അജണ്ടയും ആദ്യംതന്നെ ശ്രീ. സീതാറാം യെച്ചൂരി അങ്ങയോട് വ്യക്തമായി പറഞ്ഞതാണ്. അന്ന്

മുഖ്യമന്ത്രിക്കും ധനമന്ത്രിക്കും ശ്രീ. അരുൺ ജെയ്റ്റ്ലിയായിരുന്നു പടച്ചോൻ. ധനമന്ത്രി സത്യം പറയുമോ, ഇപ്പോഴെന്താണ് സ്ഥിതി? സംസ്ഥാനത്തിനുണ്ടാകുന്ന നഷ്ടം സെസ് വഴി നികത്തണമെന്ന കേന്ദ്ര നയത്തോട് അങ്ങ് യോജിക്കുന്നുണ്ടോ? ഇപ്പോഴത്തെ സ്ഥിതിയിൽ ചരക്കുസേവന നികുതിക്ക് എത്ര തലമുണ്ട്? ഏക മുഖമാണോ; ദ്വിമുഖമാണോ; ത്രിമുഖമാണോ; ചതുർമുഖമാണോ? കേന്ദ്ര സർക്കാരിന് മുന്നിൽ സംസ്ഥാന സർക്കാർ യാചിച്ച് നിൽക്കേണ്ടിവരുന്ന അവസ്ഥയല്ലേ ഇന്ന്. പണ്ട് കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് ഒരു നിലവാരമുണ്ടായിരുന്നു. കാര്യങ്ങളൊക്കെ വെട്ടിത്തുറന്ന് പറഞ്ഞിരുന്നു. നിങ്ങൾ ശ്രീ. നരേന്ദ്ര മോദിയെയും ശ്രീ. അരുൺ ജെയ്റ്റ്ലിയുമൊക്കെ കണ്ടു, എന്തിനാണ്, അവർ നിങ്ങളെ സഹായിക്കുമോ; നിങ്ങൾ നിങ്ങളുടെ നിലവാരത്തിൽ നിന്നാലേ നിങ്ങളെ എല്ലാവരും പേടിക്കുകയുള്ളൂ എന്ന് അപ്പുറത്തുള്ളവർ മനസ്സിലാക്കണ്ടേ. സേവനനികുതി സംബന്ധിച്ച് ഒരു സെമിനാർ അങ്ങ് അവതരിപ്പിക്കണം. ആളുകൾക്ക് ഇത് പറഞ്ഞുകൊടുക്കണമല്ലോ. ബഹുമാനപ്പെട്ട ചെയർ നിയമസഭ കഴിഞ്ഞിട്ട് ആ സെമിനാർ നടത്തണം. അതിന്റെ സ്ഥിതി എന്താണെന്നുള്ളതുകൂടി വ്യക്തമാക്കണം.

കുടുംബസ്വത്ത് ഓഹരി വയ്ക്കുമ്പോൾ, ഭാഗപത്രം...., അതിനെ സംബന്ധിച്ച് രണ്ടുപ്രാവശ്യം ഈ സഭയിൽ പറഞ്ഞതാണ്. ഞാൻ ആവർത്തിക്കുന്നില്ല. ഇക്കാര്യത്തിൽ പാവപ്പെട്ടവർക്ക് അനുകൂലമായ തീരുമാനമെടുക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. പിന്നെ അപ്പുറത്തിരിക്കുന്ന കമ്മ്യൂണിസ്റ്റ് പാർട്ടി സഖാക്കളോട് പറയാനുള്ളത്, നിങ്ങൾ കമ്മ്യൂണിസ്റ്റ് പാർട്ടിയാണ്, ഞങ്ങൾ കോൺഗ്രസ്സാണ്, ലീഗുമാണ്, ഇതൊക്കെ രാഷ്ട്രീയമാണ്......, ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി പറഞ്ഞതുപോലെ ഞങ്ങളുടെ കേടുകൊണ്ടല്ലേ ഞങ്ങൾക്ക് ഇപ്പുറത്ത് ഇരിക്കേണ്ടിവന്നത്, അതുകൊണ്ടല്ലേ നിങ്ങൾ അപ്പുറത്തുവന്നത്. അതിനൊന്നും ഞങ്ങൾക്ക് കുഴപ്പമില്ല. പക്ഷേ എല്ലാ ദിവസവും കുറ്റം പറയാൻ നിൽക്കണ്ട. ഇനി അവനവൻ അങ്ങ് ഭരിച്ചാൽ മതി. സെക്രട്ടേറിയറ്റിൽ ഏതെങ്കിലും സെക്രട്ടറിമാർ ഒരു ഫയൽ ഒപ്പിടുമോ? 50,000 രൂപ പാസ്സാക്കണമെങ്കിൽ എത്ര കടമ്പ കടക്കണം. മന്ത്രിമാരോട് ഒരു കാര്യം പറയാനുണ്ട്. നമ്മളൊക്കെ ജനപ്രതിനിധികളാണ്. എം.എൽ.എ.മാരിൽ ഒന്നാമതാണ് മന്ത്രി. മന്ത്രിമാരിൽ ഒന്നാമനാണ് മുഖ്യമന്ത്രി. നമ്മൾ ഒരു പരാതി കൊടുത്താൽ മറുപടി തരാൻ മന്ത്രിമാർ തയ്യാറാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഈ ധനകാര്യ ബില്ലിനെ എതിർക്കുന്നു.

<u>ശ്രീ. എം. എം. മണി</u>: സർ, ഞാൻ ഈ ധനകാര്യ ബില്ലിനെ അനുകൂലിക്കുകയാണ്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ബജറ്റും ഇപ്പോൾ അവതരിപ്പിച്ചുകൊണ്ടിരിക്കുന്ന ബില്ലും നിശ്ചയമായും കേരള സംസ്ഥാനത്തിന്റെ വികസനരംഗത്ത് ഒരു പുതിയ മുന്നേറ്റമുണ്ടാകുമെന്നതിന്റെ വ്യക്തമായ സൂചനയാണ്

ഈ സാമ്പത്തിക നയവും കേരള നിയമസഭ അംഗീകരിച്ച ഈ ബജറ്റും എന്ന് ഞാൻ കരുതുകയാണ്. അതുകൊണ്ട് ഇതിനെ സർവ്വാത്മനാ പിന്താങ്ങുകയാണ്. പ്രതിപക്ഷം ഇതിനെ ശക്തമായി എതിർക്കുകയാണ്. ഒരു ലക്ഷത്തി മുപ്പതിനായിരം കോടിയിലധികം രൂപ കടബാദ്ധ്യതയുള്ള ഒരു സംസ്ഥാനമാണ് കേരളം. ആ കടബാദ്ധ്യത വരുത്തിയതിന്റെ മുഖ്യ ഉത്തരവാദിത്വം യു.ഡി.എഫ്. നേതൃത്വത്തിനും കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിനുമുണ്ട് എന്ന കാര്യം ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാക്കന്മാർ, ബഹുമാന്യനായ പി. കെ. ബഷീർ അടക്കമുള്ളവർ നിർഭാഗ്യവശാൽ മറക്കുന്നുവെന്ന കാര്യം ഈയവസരത്തിൽ ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്. ഇവിടെ പുതിയ ബജറ്റ് കൊണ്ടുവന്നു, പുതിയ നികുതി നിർദ്ദേശങ്ങളുണ്ട്. ധനകാര്യ വകുപ്പുമന്ത്രി അത് പുനഃക്രമീകരിക്കുന്നതിനാവശ്യമായ ക്രമീകരണം നടത്തുന്നതിനോടെല്ലാം യോജിപ്പാണെന്നുള്ള കാര്യവും ഞാൻ അറിയിക്കാൻ ആഗ്രഹിക്കുകയാണ്. പതിനായിരക്കണക്കിന് കോടി രൂപയുടെ വികസന മുന്നേറ്റത്തിനാണ് കേരള നിയമസഭ അംഗീകരിച്ച ഈ ബജറ്റ് അംഗീകാരം കൊടുത്തിരിക്കുന്നത്. വലിയ തോതിൽ വികസനരംഗത്ത് മുന്നേറ്റമുണ്ടാക്കും, നിസ്സാരമല്ല. അതിലെല്ലാമുപരി നിങ്ങൾ പൂർണ്ണമായും അവഗണിച്ച അധഃസ്ഥിത വിഭാഗം - 36 ലക്ഷം വരുന്ന പാവപ്പെട്ടയാളുകൾക്ക് ആയിരക്കണക്കിന് കോടി രൂപയുടെ പെൻഷനും മറ്റു ആനുകൂല്യങ്ങളും നൽകിയ കാര്യം മറക്കാൻ കഴിയില്ല. ബഹുമാന്യനായ മാണി സാർ കഴിഞ്ഞ അഞ്ചുവർഷവും ബജറ്റുകൾ അവതരിപ്പിച്ചു. കടബാദ്ധ്യതകളും നികുതി നിർദ്ദേശങ്ങളുമെല്ലാം ജനങ്ങളുടെ തലയിൽ കെട്ടിവച്ചു. ഈ രാജ്യത്തെ അധഃസ്ഥിതരായ പാവപ്പെട്ടയാളുകൾക്ക് ഒരു ചില്ലിക്കാശിന്റെ സഹായം നൽകാതെ, അവർക്ക് നൽകുമെന്ന് പ്രഖ്യാപിച്ച ആനുകൂല്യങ്ങളെല്ലാം ഫലത്തിൽ കുടിശ്ശിക വരുത്തിക്കൊണ്ട് വലിയ പ്രതിസന്ധിയിലെത്തിച്ചു. നിങ്ങൾ ബഡ്ജറ്റിൽ പുതിയ സാമ്പത്തിക നിർദ്ദേശവും നികുതി നിർദ്ദേശവും വച്ചിരുന്നുവെന്ന കാര്യം ഒരിക്കലും മറക്കാൻ കഴിയില്ല. പക്ഷേ അതെല്ലാം ജനങ്ങളുടെ തലയിൽ കെട്ടിവയ്ക്കുകയാണ് ചെയ്തത്. നാടിനാവശ്യമായ വികസനപ്രവർത്തനമോ പാവപ്പെട്ടയാളുകൾക്ക് സാമ്പത്തിക സഹായമോ ചെയ്യാൻ യു.ഡി.എഫ്. ഗവൺമെന്റ് തയ്യാറായില്ല. ഡോ. ടി. എം. തോമസ് ഐസക് അവതരിപ്പിച്ച ബജറ്റ് അങ്ങനെയല്ല. എൽ.ഡി.എഫ്. ഗവൺമെന്റിന്റെ നയം അങ്ങനെയല്ല എന്ന് അടിവരയിട്ട് വ്യക്തമാക്കുന്നതാണ് ഈ സഭ അംഗീകരിച്ച ബജറ്റ് നിർദ്ദേശങ്ങൾ എന്ന കാര്യം പ്രത്യേകിച്ച് എടുത്തുപറയാൻ ഞാനാഗ്രഹിക്കുകയാണ്. നിങ്ങളും ഞങ്ങളുമായി വ്യത്യാസമുണ്ട്. നിങ്ങൾ നികുതി നിർദ്ദേശം കൊണ്ടുവരും. ഇന്നാട്ടിലെ സാധാരണക്കാരായ, പാവപ്പെട്ട തൊഴിലാളികൾക്കും കൃഷിക്കാർക്കും അർഹതയുള്ളവർക്കും ഒരു ചില്ലിക്കാശുപോലും കൊടുക്കാതെ സമ്പന്നവർഗ്ഗത്തെ താലോലിക്കുന്ന നയമാണ് എക്കാലവും യു.ഡി.എഫ്. ഗവൺമെന്റുകൾ സ്വീകരിക്കുന്നത്. ശ്രീ. ഉമ്മൻ

ചാണ്ടിയുടെ നേതൃത്വത്തിലുള്ള ഗവൺമെന്റും ആ മാർഗ്ഗമാണ് സ്വീകരിച്ചത്. അതിന്റെ പ്രതിസന്ധി കേരള സമൂഹത്തിൽ വലിയ തോതിൽതന്നെ സ്വാധീനം ചെലുത്തിയെന്നുപറഞ്ഞാൽ ബഹുമാന്യരായ പ്രതിപക്ഷ നേതാക്കന്മാരേ, നിങ്ങൾക്ക് ഒരിക്കലും എതിർക്കാൻ കഴിയില്ലെന്നാണ് ഞാൻ വിശ്വസിക്കുന്നത്. അതിൽ നിന്ന് തികച്ചും വ്യത്യസ്തമായി പുതിയ പ്രതീക്ഷ നൽകുന്ന, വികസന രംഗത്ത് മുന്നേറ്റംനൽകുന്ന, 141 എം.എൽ.എ.മാർക്കും അർഹമായ എല്ലാ പരിഗണനയും നൽകിക്കൊണ്ടുള്ള ബജറ്റ് നിർദ്ദേശങ്ങളാണ് എന്നത് നിഷേധിക്കാൻ കഴിയില്ല. ധനകാര്യവകുപ്പുമന്ത്രി നിങ്ങളുടെ മണ്ഡലത്തിലെ എല്ലാ കാര്യങ്ങളും പരിഗണിക്കുന്നില്ലേ; എല്ലാം പരിഗണിക്കുന്നുണ്ട്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് എൽ.ഡി.എഫ്. പ്രതിനിധികളുടെ മണ്ഡലത്തിൽ ചില്ലിക്കാശിന്റെ സഹായം ചെയ്യാത്തവരാണ് നിങ്ങളുടെ ഗവൺമെന്റ് എന്നുള്ള കാര്യം മറക്കണ്ട. അതിൽനിന്നും തികച്ചും വ്യത്യസ്തമായ നിലപാടാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് സ്വീകരിച്ചു കൊണ്ടിരിക്കുന്നത്. വികസന രംഗത്ത് മുന്നേറ്റം വേണം, നാട്ടിൽ പുരോഗതി വേണം, സാമൂഹിക സുരക്ഷിതത്വ നടപടികൾ സ്വീകരിക്കണം, ഭവനനിർമ്മാണ പദ്ധതി പൂർണ്ണമായും നടപ്പിലാക്കണം. ഇതെല്ലാം ചെയ്യുകയും വേണം, നികുതി പിരിക്കാനും പാടില്ലായെന്നു പറഞ്ഞാൽ അത് എങ്ങനെ നടക്കുമെന്ന് എത്ര ആലോചിച്ചിട്ടും മനസ്സിലാകുന്നില്ല. വികസന മുന്നേറ്റമുണ്ടാകണമെങ്കിൽ നികുതി പിരിക്കണം, അല്ലാതെ വേറെ മാർഗ്ഗമില്ല. ഭാഗഉടമ്പടിയുമായി ബന്ധപ്പെട്ട വിമർശനങ്ങൾ പുനഃപരിശോധിക്കണം. നാട്ടിൽ വികസനം വരണമെങ്കിൽ ജനങ്ങൾ നികുതി കൊടുക്കേണ്ടിവരും. ഉത്പാദനരംഗത്ത്, ബിസിനസ്സ് നടത്തുന്നവർ ന്യായമായ നികുതി കൊടുക്കാതെ മറ്റുമാർഗ്ഗമില്ലായെന്ന കാര്യം നമുക്കാർക്കും നിഷേധിക്കാൻ സാധിക്കുന്നതല്ല.

യു.പി.എ. ഗവൺമെന്റ് കൊണ്ടുവന്ന നിയമമാണ് ഭക്ഷ്യസുരക്ഷാ നിയമം. കേന്ദ്രത്തിൽ എൻ.ഡി.എ. ഗവൺമെന്റാണ് അത് തുടർന്നുകൊണ്ടുവരുന്നത്. അതുസംബന്ധിച്ച് ഇന്ന് രാവിലെ ചർച്ചയും തുടർന്ന് വാക്കൗട്ടും നടത്തി. യു.പി.എ. ഗവൺമെന്റ് കൊണ്ടുവന്നത് തെറ്റാണെന്ന് പറയാൻ നിങ്ങൾ മറന്നുപോയി. ഇപ്പോൾ ബി.ജെ.പി. ഗവൺമെന്റ് കൊണ്ടുവന്നത് തെറ്റാണെന്ന് പറയാൻ നിങ്ങൾ തയ്യാറല്ല. നിങ്ങളുടെ ഗവൺമെന്റും എൻ.ഡി.എ. ഗവൺമെന്റും കൊണ്ടുവന്ന പാപഭാരം ഇപ്പോൾ സംസ്ഥാന ഗവൺമെന്റിന്റെ തലയിൽ കെട്ടിവയ്ക്കാനാണ് ശ്രമിക്കുന്നതെന്നുപറഞ്ഞാൽ ആർക്കും അത് നിഷേധിക്കാൻ സാധിക്കില്ല. അത് അങ്ങേയറ്റം നിഷേധാത്മകമായ നിലപാടാണ്. ഈ ഗവൺമെന്റിനെ പ്രവർത്തിക്കാൻ അനുവദിക്കില്ല, എങ്ങനെ തടസ്സമുണ്ടാക്കാം, അത്തരത്തിലുള്ള നിലപാടുകളാണ് ഇവിടെ സ്വീകരിച്ചുകൊണ്ടിരിക്കുന്നതെന്ന് ഭക്ഷ്യസുരക്ഷാ പ്രശ്നവുമായി ബന്ധപ്പെട്ട്

നിങ്ങൾ നടത്തിയ ചർച്ചയും വാക്കൗട്ടും പരിശോധിച്ചാൽ മനസ്സിലാക്കാൻ കഴിയും. മോദിയുടെ ഗവൺമെന്റിനെ സംബന്ധിച്ച് എന്തെങ്കിലും വിമർശനം യു.ഡി.എഫ്. മെമ്പർമാർക്കുണ്ടോ; ഇല്ലെന്നുള്ളത് വളരെ ശ്രദ്ധേയമായ കാര്യമാണ്.

പതിനായിരം കോടി രൂപയുടെ സോളാർ തട്ടിപ്പിന്റെ പ്രശ്നം വന്നു. ഞങ്ങൾ ശക്തമായ പ്രക്ഷോഭം നടത്തി. പ്രക്ഷോഭം പരാജയമായിരുന്നു, മോശമായിരുന്നു എന്നുപറഞ്ഞ് വിമർശിച്ചല്ലോ; പ്രതിപക്ഷ നേതാക്കന്മാരോട് ചോദിക്കുകയാണ്, ഞങ്ങൾ സോളാർ തട്ടിപ്പിന്റെ പേരിൽ നടത്തിയ പ്രക്ഷോഭങ്ങളെല്ലാം 100 ശതമാനവും ശരിയാണെന്നല്ലേ ഇപ്പോൾ വന്നിരിക്കുന്ന ബാംഗ്ലൂർ കോടതിയുടെ വിധി. ബഹുമാനപ്പെട്ട മുൻ മുഖ്യമന്ത്രി പറയുന്നത്, കോടതി അദ്ദേഹം പറയുന്ന വാദം കേട്ടില്ലായെന്നാണ്. കോടതി അദ്ദേഹത്തിന്റെ പുറകെ നടന്ന് വാദം കേൾക്കണമെന്ന ന്യായമാണ് ബഹുമാനപ്പെട്ട ഉമ്മൻചാണ്ടി ഇപ്പോൾ ഉന്നയിച്ചതെന്ന് പറഞ്ഞാൽ, നിങ്ങൾ എന്നോട് പ്രകോപനം കാണിക്കരുതെന്ന് അഭ്യർത്ഥിക്കുകയാണ്. നാലുപ്രാവശ്യം അദ്ദേഹത്തിന് നോട്ടീസ് അയച്ചുവെന്നാണ് അറിയുന്നത്. എന്നിട്ട് അങ്ങോട്ടുതിരിഞ്ഞുനോക്കാതെ വിധി വന്നുകഴിഞ്ഞപ്പോൾ 'ഞാനൊന്നുമറിഞ്ഞില്ലേ രാമനാരായണ' എന്ന മട്ടിൽ എന്റെ വാദം കേട്ടില്ലെന്നുപറയുന്നത്, മിതമായ ഭാഷയിൽ പറഞ്ഞാൽ ഒന്നാന്തരം തട്ടിപ്പാണ് എന്നാണ് എന്റെ വിനീതമായ അഭിപ്രായം. അത് പാർലമെന്ററിയാണോയെന്ന് എനിക്ക് അറിഞ്ഞുകൂടാ. എങ്കിലും ഞാൻ ആ പദം ഇവിടെ പ്രയോഗിക്കുകയാണ്. ഇതുകൊണ്ടൊന്നും ആയില്ല, ബാക്കി വരാൻ പോകുന്നതേയുള്ളൂ. 14 മണിക്കൂറാണ് കമ്മീഷന്റെ മുമ്പിൽ മുഖ്യമന്ത്രിയിരുന്നത്. എത്രകുപ്പി വെള്ളം കുടിച്ചുവെന്ന കാര്യം കേരള ജനതയ്ക്ക് അറിയാം. മുൻമുഖ്യമന്ത്രിയുടെ ഓഫീസിൽ സോളാറിലെ കഥാപാത്രങ്ങൾ കയറിമേയുകയായിരുന്നുവെന്ന കാര്യം നിങ്ങൾ മറന്നോ? ക്ലിഫ്ഹൗസിൽപോലും മേച്ചിൽ ആയിരുന്നുവെന്നുപറഞ്ഞാൽ.... നിങ്ങൾ അപ്പോൾ എവിടെ ആയിരുന്നു?

ഇപ്പോൾ ഞങ്ങളുടെ മുഖ്യമന്ത്രിയെ കടന്നാക്രമിക്കുകയാണ്. ഒരു ആക്ഷേപം വന്നപ്പോൾ മാന്യമായി ആണത്തത്തോടുകൂടി ശ്രീ. ജയരാജൻ രാജിവച്ചു. അത് ശരിയായിയെന്ന് പറയാതെ അതിനെ പിന്താങ്ങാതെ മുഖ്യമന്ത്രിയെക്കൂടി കടന്ന് ആക്രമിക്കുകയാണ്. ഒരു കാര്യം വളരെ വ്യക്തമാണ്, എൽ.ഡി.എഫ്. മുഖ്യമന്ത്രിയുടെ ഓഫീസിൽ സോളാർ തട്ടിപ്പിലെ കഥാപാത്രങ്ങളെപ്പോലെയുള്ളവർ കയറി നിരങ്ങില്ലായെന്ന കാര്യത്തിൽ യാതൊരു സംശയവും വേണ്ടാ എന്ന് ശ്രീ. പി. കെ. ബഷീറിനെക്കൂടി ഓർമ്മപ്പെടുത്താൻ ആഗ്രഹിക്കുകയാണ്. എനിക്ക് വലിയ തത്വമൊന്നും അറിയില്ല. എന്റേതായ രീതിയിൽ ഞാൻ കാര്യങ്ങൾ പറയുന്നുവെന്നു കൂട്ടിയാൽ മതി, അത്രയേയുള്ളൂ.

ശ്രീ. പി. കെ. ബഷീർ : സർ,......

ശ്രീ. എം. എം. മണി: സർ, ഞാൻ വഴങ്ങുന്നില്ല.

മി. സ്പീക്കർ : ശ്രീ. പി. കെ. ബഷീർ, അദ്ദേഹം വഴങ്ങുന്നില്ല.

ശ്രീ. എം. എം. മണി: സർ, സോളാർ തട്ടിപ്പിൽ ഒന്നുമായില്ല. ബാക്കി വരാൻ പോകുന്നതേയുള്ളൂ. അക്കാര്യത്തിൽ ഒരു സംശയവുംവേണ്ട. ബഷീർ ചുമ്മാ കൂവണ്ട, നിർത്തുന്നതാണ് നല്ലത്. ബഷീർ കൂവിയാൽ എനിക്ക് അതിലും ശബ്ദത്തിൽ കൂവേണ്ടിവരും. അത് വീണ്ടും വഷളാകും. അതുകൊണ്ട് ഞാൻ ഇതിനൊന്നും വഴങ്ങുന്നില്ലായെന്ന കാര്യം ഓർമ്മപ്പെടുത്തുകയാണ്. ബാക്കി കമ്മീഷൻ റിപ്പോർട്ട് വരുന്ന മുറയ്ക്ക് നന്നായി വന്നുകൊള്ളും, പോരാത്തതൊക്കെ വന്നുകൊണ്ടിരിക്കും. ഒരു സംശയവും വേണ്ട. ഇതുകൊണ്ടൊന്നും സോളാർ തീരില്ല. വിജിലൻസിനെപ്പറ്റി എന്തോ സംസാരിച്ചു എന്ന് ആദരണീയനായ 93 വയസ്സായ വി.എസ്. അച്യുതാനന്ദനെ കുറിച്ചാണല്ലോ പറഞ്ഞത്. വിജിലൻസ് കേസ്സിൽനിന്നും ഒഴിവാകാൻ ആർക്കും നിർവ്വാഹമില്ലാത്ത നിലയിലല്ലേ ബാബുവും കൂട്ടരുമെല്ലാം നടന്നുകൊണ്ടിരിക്കുന്നത്. വേണ്ട നിലയിലെല്ലാംതന്നെ അതും വന്നുകൊള്ളും. വിജിലൻസിലൊന്നും രാഷ്ട്രീയ നേതൃത്വം ഇടപെടുന്നില്ലല്ലോ; സ്വതന്ത്രമായി വിട്ടിരിക്കുകയല്ലേ; അന്വേഷിക്കട്ടെ. അതുകൊണ്ടാണ് ഫോൺ ചോർത്തിയെന്ന് വിജിലൻസ് ഡയറക്ടർ പറഞ്ഞപ്പോൾ, അന്വേഷണത്തെപ്പറ്റി വലിയ വാദം നടത്തിയിട്ടുണ്ട്, സി.ബി.ഐ. പറയുകയാണ് അന്വേഷിക്കാൻ തയ്യാറാണെന്ന്. സി.ബി.ഐ. അല്ലേയുള്ളൂ ഇവിടെ അന്വേഷിക്കാൻ, വേറെ വല്ല സംവിധാനവുമുണ്ടോ ഇതൊക്കെ അന്വേഷിക്കാൻ, ചുമ്മാ ഒരുമാതിരി ഏർപ്പാടല്ലേ. വിജിലൻസ് കേസ്സുകളെന്നുകേൾക്കുമ്പോൾ നിങ്ങൾക്ക് വെപ്രാളവും പ്രഷറുമാണെങ്കിൽ ഞങ്ങൾക്കൊന്നും ഇവിടെ ഒരു പേടിയുമില്ല. വിജിലൻസ് കേസ് വന്നുകൊണ്ടിരിക്കുകയാണ്, ആരും വിഷമിക്കണ്ട. ഉപ്പുതിന്നവൻ വെള്ളം കുടിക്കും, ഉറപ്പാണ്. അങ്ങോട്ടാണ് കാര്യങ്ങൾ പൊയ്ക്കൊണ്ടിരിക്കുന്നതെന്ന കാര്യത്തിൽ യാതൊരു സംശയവും വേണ്ടായെന്നാണ് എന്റെ വിനീതമായ അഭിപ്രായം.

ഇവിടെ മുസ്ലീങ്ങൾക്കുള്ള സഹായത്തെക്കുറിച്ച് ബഹുമാന്യനായ സ്നേഹിതൻ ബഷീർ പറഞ്ഞത്, മുസ്ലീം ലീഗ് വളരെ ശക്തമായതുകൊണ്ടാണ് അവർ ആണുങ്ങളെപോലെ നടക്കുന്നതെന്നാണ്. ഇന്ത്യയുടെ ചരിത്രം നോക്കിക്കേ, എന്റെ പ്രിയപ്പെട്ട മാന്യ ബഷീറേ... യു.പി., ബീഹാർ, മഹാത്മാ ഗാന്ധിയുടെ നാടായ ഗുജറാത്ത് തുടങ്ങിയ സംസ്ഥാനങ്ങളിൽ മുസ്ലീങ്ങൾ കേരളത്തിലേക്കാളും കൂടുതലുണ്ട്. വീണപറമ്പിൽ തലയില്ല. അവിടെ വർഗ്ഗീയവാദികൾ അവരെ കൊന്നൊടുക്കി കൊണ്ടിരിക്കുകയാണ്. ഒരുകാര്യം മുസ്ലീം ലീഗിന്റെ ബഷീർ മനസ്സിലാക്കണം.

സച്ചാർ കമ്മീഷന്റെ കാര്യമൊക്കെ പറഞ്ഞല്ലോ.. ബംഗാളിൽ ജ്യോതിബസു ഭരിച്ച 33 വർഷക്കാലം ഒരു മുസ്ലീമിനെപ്പോലും നുള്ളിനോവിക്കാൻ സമ്മതിച്ചിരുന്നില്ലായെന്ന കാര്യം ഇന്ത്യൻ യൂണിയൻ ലീഗിന്റെ നേതാക്കന്മാർ മനസ്സിലാക്കുന്നത് നന്നായിരിക്കും. അതുകൊണ്ട് ബംഗാളിലും ത്രിപുരയിലും ഞങ്ങളുണ്ട്. ഇവിടെ നിങ്ങളുടെ കൂട്ടുകാരുണ്ടല്ലോ, ബഹുമാന്യനായ പ്രതിപക്ഷ നേതാവിന്റെ പാർട്ടി...... ഞങ്ങൾ ഉള്ളതുകൊണ്ട് രക്ഷയുണ്ട്. അക്കാര്യത്തിൽ യാതൊരു സംശയവും വേണ്ട. വെറുതെ ജലീലിന്റെ മെക്കിട്ട് കയറിയിട്ട് യാതൊരു കാര്യവുമില്ല. എന്റെ മാന്യ ബഷീർ ഒരു കാര്യം മനസ്സിലാക്കിക്കോ..... മുസ്ലീം ജനവിഭാഗം വലിയ തോതിൽ എൽ.ഡി.എഫ്.-ന് വോട്ട് ചെയ്തില്ലേ; ചെയ്തത് എന്തുകൊണ്ടാണ്? ഞങ്ങളെ അവർക്കറിയാം. നിങ്ങൾ കച്ചവട രാഷ്ട്രീയമാണ് കൈകാര്യം ചെയ്യുന്നതെന്നും കമ്മ്യൂണിസ്റ്റുകാരായ ഞങ്ങൾ ന്യൂനപക്ഷങ്ങളുടെ, മുസ്ലീം, ക്രിസ്ത്യൻ ജനവിഭാഗത്തിന്റെ രക്ഷയ്ക്കുവേണ്ടി എന്ത് ത്യാഗവും സഹിക്കുമെന്നും അവർക്കറിയാം ബഷീറേ... അതുകൊണ്ട് ഇവിടുത്തെ ലീഗിന്റെ ശക്തികൊണ്ട് ആർ.എസ്.എസ്സുകാർ അവരെ കൊല്ലുന്നില്ലായെന്നൊന്നും പറഞ്ഞ് ബഷീർ മേനിനടിക്കണ്ട. ഞങ്ങൾ ദുർബ്ബലപ്പെട്ടാൽ, സി.പി.ഐ.(എം) ദുർബ്ബലപ്പെട്ടാൽ നിങ്ങൾക്ക് ആപത്താണെന്ന് കുഞ്ഞാലിക്കുട്ടി സാഹിബിനറിയാമെന്നാണ് ഞാൻ കരുതുന്നത്. അതുകൊണ്ട് അതിന്റെയൊന്നും മേനിനടിച്ച് ഞങ്ങളെ പറഞ്ഞ് ഇരുത്താൻ നോക്കണ്ടെന്നാണ് എനിക്ക് ഈ അവസരത്തിൽ പറയാനുള്ളത്.

ഇവിടെ തോട്ടത്തിന്റെ പ്രശ്നമുണ്ട്. തോട്ടം ഏറ്റെടുക്കുന്നതിനെക്കുറിച്ച് പറഞ്ഞു. ഗവൺമെന്റ് ഉടമസ്ഥതയിൽ തോട്ടം ഏറ്റെടുത്ത് നടത്തുന്നതിനോടൊന്നും എനിക്ക് യോജിപ്പില്ല. അതൊരു പുതിയ പാരയാണ്. തോട്ടം സംരക്ഷിക്കാൻ ആവശ്യമായ കാര്യങ്ങൾ ചെയ്തുകൊടുക്കണം. ചെയ്യാവുന്ന സഹായങ്ങൾ ചെയ്തുകൊണ്ട് തൊഴിലാളികളുടെ താൽപ്പര്യം സംരക്ഷിക്കപ്പെടണം. ഇവിടത്തെ പ്രതിസന്ധി ഗവൺമെന്റ് ഏറ്റെടുത്തു നടത്താമെന്നുവിചാരിച്ചാൽ കെ.എസ്.ആർ.ടി.സി.പോലെ പുതിയ ഒരു പാരയെടുത്ത് വയ്ക്കലായിരിക്കും അത്. അതൊന്നും വേണ്ട. ഉത്പാദന ഉപകരണങ്ങൾ പൊതു ഉടമയിലാണെങ്കിൽ സോഷ്യലിസം നടപ്പിലാക്കുന്നതിനോട് എനിക്ക് യോജിപ്പാണ്. അപ്പോൾ ആകെയൊരു മാറ്റം വരുമല്ലോ; ഇതൊന്നുമില്ലാതെ വയ്യാവേലിയെടുത്ത് തലയിൽ വയ്ക്കേണ്ട വല്ല കാര്യമുണ്ടോ? ഉത്പാദന ഉപകരണങ്ങൾ പൊതു ഉടമയിലാക്കുകയാണെങ്കിൽ നമുക്ക് സമ്മതമാണ്, ഞാനും യോജിക്കുകയാണ്. ഇതൊന്നുമില്ല അവിടെ. ഇപ്പോൾ പ്രതിസന്ധിയിലായ തോട്ടം, ലാഭമെല്ലാം നല്ല സമയത്ത് മുതലാളിമാർ കൊണ്ടുപോയി. ഇനി ഇപ്പോൾ ഗവൺമെന്റ് ഏറ്റെടുത്തു കൊള്ളാൻ പറഞ്ഞാൽ അതത്ര ഗുണകരമാവില്ലായെന്നാണ് എന്റെ അഭിപ്രായം. അതുകൊണ്ട് തോട്ടം മെച്ചപ്പെടുത്താൻ സഹായിക്കണം. അക്കാര്യത്തിലൊന്നും എനിക്ക് സംശയമില്ല. ഞങ്ങളുടെ ജില്ലയിലെ ഭൂമിയുടെ പ്രശ്നത്തിനൊക്കെ

പരിഹാരം കാണാൻ കഴിയുന്നത്ര ശ്രമം നടത്തുകയും അതിന് എല്ലാ സഹായം നൽകുകയും വേണം. പട്ടയത്തിന്റെയും, നിർമ്മാണ പ്രവർത്തനങ്ങൾക്ക് സ്റ്റോപ് മെമ്മോ കൊടുത്തതിന്റെയും പ്രശ്നങ്ങളുണ്ട്. എന്റെ മാന്യ സഹോദരി ശ്രീമതി ബിജിമോൾ പറഞ്ഞ കാര്യങ്ങളോടെല്ലാം ഞാൻ പൂർണ്ണമായും യോജിക്കുകയാണ്. അതിനെല്ലാം പരിഹാരം ഉണ്ടാക്കി ഞങ്ങൾക്ക് സ്വസ്ഥമായി, സ്വൈരമായി ജീവിക്കാനുള്ള അവസരം ഉണ്ടാക്കിത്തരണമെന്നുകൂടി ഈ അവസരത്തിൽ അഭ്യർത്ഥിക്കുന്നു. ഈ ബജറ്റ് ദിശാബോധമുള്ളതാണ്. ഈ ഗവൺമെന്റിന്റെ സാമ്പത്തിക നയത്തെ സർവ്വാത്മന പിന്താങ്ങുന്നുവെന്ന് അറിയിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു. നന്ദി.

ശ്രീ. കെ. മുരളീധരൻ: സർ, ഈ ധനകാര്യ ബില്ലിനെ ഞാൻ എതിർക്കുകയാണ്. ജി.എസ്.ടി. വരുന്നതിനുമുമ്പുള്ള അവസാനത്തെ ഫിനാൻസ് ബില്ലാണ് ഇന്നിവിടെ ചർച്ച ചെയ്യുന്നതെന്നാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി നേരത്തേ പറഞ്ഞത്. അത്തരത്തിൽ അവസാനത്തെ ബില്ലിന്റെ ചർച്ചയിൽ പങ്കെടുക്കുന്ന അവസാനത്തെ ആൾ എന്ന നിലയിൽ ഞാനും, ഇതിന് അവസാനം മറുപടി പറയുന്ന വ്യക്തിയെന്നുള്ള നിലയിൽ ബഹുമാനപ്പെട്ട മന്ത്രിയും ചരിത്രത്തിന്റെ ഭാഗമാവുകയാണ്. അതിൽ വളരെ സന്തോഷമുണ്ട് എന്ന് പറയാൻ കഴിയില്ല. കാരണം ജി.എസ്.ടി.യുടെ ഭാവി എന്താണെന്ന് പറയാനായിട്ടില്ല. ബജറ്റ് അവതരിപ്പിച്ചതിനുശേഷം ഇന്നുവരെ നടന്ന എല്ലാ ചർച്ചകളിലും അങ്ങയുടെ ഏറ്റവും വലിയ പ്രതീക്ഷ കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡിനെക്കുറിച്ചാണ്. ഞാൻ ഒരു ജ്യോത്സ്യനൊന്നുമല്ല. അത് നടക്കുമെന്നോ നടക്കുകയില്ലെന്നോ ഞാനിപ്പോൾ പറയുന്നില്ല. അങ്ങയുടെ ഉദ്ദേശ്യത്തിൽ ഇനി എല്ലാ ഡെവലപ്മെന്റ് വർക്കുകളും കിഫ്ബിയിലൂടെയാണ് മുന്നോട്ടുപോകുക. തിരുവനന്തപുരം നഗരത്തിലെ എല്ലാ പൊട്ടിയ പൈപ്പുകളും റീപ്ലേസ് ചെയ്യുമെന്ന് ഇന്ന് രാവിലെ ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രിയുടെ മറുപടിയിൽ പറഞ്ഞപ്പോൾ എനിക്ക് വലിയ സന്തോഷം തോന്നി. പിന്നീടാണ് അത് കിഫ്ബിയിൽകൂടിയാണ് ചെയ്യുന്നതെന്ന് അറിഞ്ഞത്. വിഭവ സമാഹരണത്തിൽ കിഫ്ബികൊണ്ട് അങ്ങ് ഉദ്ദേശിച്ച നേട്ടം ഉണ്ടായില്ലെങ്കിൽ ഇപ്പോൾ പ്രഖ്യാപിച്ച പല വികസന പ്രവർത്തനങ്ങളും കടലാസ്സിൽ മാത്രമേ ഉണ്ടാവുകയുള്ളൂ. അതുകൊണ്ട് ആൾട്ടർനേറ്റീവായ കാര്യങ്ങളെ കുറിച്ച് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ചിന്തിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

ഈ സർക്കാർ വന്നിട്ട് അഞ്ചുമാസമേ ആയിട്ടുള്ളൂ. ഈ അഞ്ചുമാസം കൊണ്ട് സർക്കാരിനെ വിലയിരുത്താറായിട്ടില്ല. ഇന്ന് ഈ സർക്കാരിനുണ്ടായിട്ടുള്ള തിരിച്ചടികൾക്ക് ഞങ്ങളാരും ഉത്തരവാദികളല്ല. ഈ അഞ്ച് മാസത്തിനുള്ളിൽ

ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വലതുവശത്ത് ഇരുന്ന മന്ത്രി രാജിവച്ചു. അദ്ദേഹം രാജിവച്ച് ഈ സഭയിൽ ഒരു സ്റ്റേറ്റ്മെന്റ് ഇറക്കിയപ്പോൾ അദ്ദേഹം പറഞ്ഞു, എന്നെ അകത്തും പുറത്തുമുള്ളവർ വേട്ടയാടുന്നു എന്ന്. ഞങ്ങളാരും അദ്ദേഹത്തെ വേട്ടയാടിയിട്ടുമില്ല, അദ്ദേഹത്തിന്റെ രക്തം ദാഹിച്ചിട്ടുമില്ല. ഞങ്ങൾ ദാഹിച്ചിട്ട് കാര്യമില്ല. കാരണം ഞങ്ങൾ പ്രതിപക്ഷത്താണ് ഇരിക്കുന്നത്. ഞങ്ങളെല്ലാവരെയും ചേർത്ത് 47 പേരെയാണ് ജനങ്ങൾ ജയിപ്പിച്ചത്. ഇപ്പോൾ കോൺഗ്രസ്സിൽ 41 അംഗങ്ങളുണ്ട്. എന്തുകൊണ്ടാണ് അദ്ദേഹത്തിന് രാജിവയ്ക്കേണ്ടിവന്നതെന്നു ചോദിച്ചാൽ അത് ഞങ്ങളുടെ കുറ്റംകൊണ്ട് അല്ല. ഒരു സർക്കാർ സ്ഥാപനത്തിലെ എക്സിക്യൂട്ടീവ് പോസ്റ്റിലേയ്ക്ക് സ്വന്തം ബന്ധുവിനെ വച്ചുകൊണ്ടാണല്ലോ പാർട്ടിക്കും അദ്ദേഹത്തിനെ കൈ ഒഴിയേണ്ടിവന്നത്. അത് ഞങ്ങളുടെ കുറ്റം കൊണ്ടാണോ? അദ്ദേഹത്തിന്റെ ഭാര്യാസഹോദരിയുടെ മകൻ സുധീർ നമ്പ്യാരെ കേരളാ സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസിൽ എക്സിക്യൂട്ടീവ് പോസ്റ്റിലുള്ള എം.ഡി. ആയി നിയമിച്ചു. അങ്ങനെ നിയമിച്ചതിന്റെ ബഹളത്തിലാണല്ലോ അദ്ദേഹത്തിന് രാജിവയ്ക്കേണ്ടിവന്നത്. അങ്ങനെ രാജിവയ്ക്കേണ്ടിവന്നതിന് ഞങ്ങളെ കുറ്റം പറഞ്ഞിട്ട് കാര്യമുണ്ടോ? ശ്രീ. ഇ. പി. ജയരാജനെപ്പോലെ ഇത്രയും സീനിയറായ ഒരു രാഷ്ട്രീയ പ്രവർത്തകൻ ഇങ്ങനെയൊരു നിയമനം നടത്താൻ എന്തുകൊണ്ട് തയ്യാറായി എന്നുള്ളതാണ് എന്നെ ഇപ്പോഴും അത്ഭുതപ്പെടുത്തുന്നത്. രാഷ്ട്രീയ നിലപാടിൽ അദ്ദേഹത്തിന് അഭിപ്രായ വ്യത്യാസമുണ്ടാകാം. പക്ഷേ രാഷ്ട്രീയത്തിൽ ഒരുപാട് പരിചയമുള്ള ഒരു വ്യക്തിയാണ്. അദ്ദേഹത്തിന്റെ സ്റ്റേറ്റ്മെന്റ്കളിലൊന്നും അദ്ദേഹം എന്തുകൊണ്ട് നിയമിച്ചു എന്നുള്ളതിനെക്കുറിച്ച് പറയുന്നില്ല. അതിനെ കുറിച്ച് ആക്ഷേപമുണ്ടായത് സ്വന്തം പാർട്ടിയിൽ തന്നെയാണ്. തെറ്റുകൾ കണ്ടതുകൊണ്ട് അദ്ദേഹം രാജിവയ്ക്കാൻ ആഗ്രഹം പ്രകടിപ്പിച്ചു, അത് ഞങ്ങൾ അംഗീകരിച്ചു എന്ന് സ്വന്തം പാർട്ടി സെക്രട്ടറി നടത്തിയ പത്രസമ്മേളനത്തിലാണ് പറഞ്ഞത്. തെറ്റ് അംഗീകരിച്ച സ്ഥിതിക്ക് ത്വരിതാന്വേഷണത്തിന്റെ ആവശ്യമെന്താണ്? ഏതായാലും മന്ത്രിയുടെ രാജിയിൽ ഞങ്ങൾക്ക് ഉത്തരവാദിത്വമില്ല. ഞങ്ങൾക്ക് ഒരു കാര്യം നന്നായിട്ടറിയാം. ഞങ്ങൾ അഞ്ച് വർഷവും പ്രതിപക്ഷത്താണ് ഇരിക്കാൻ പോകുന്നത്. പക്ഷേ ജനങ്ങൾ നിങ്ങളെ വിശ്വസിച്ചാണ് ഭരണം ഏൽപ്പിച്ചത്. നിങ്ങൾ എല്ലാം ശരിയാക്കാമെന്ന് പറഞ്ഞിട്ടാണല്ലോ ഭരണം തുടങ്ങിയത്. ഒരു സ്വയം വിലയിരുത്തൽ നിങ്ങൾ നടത്തുക. ഈ അഞ്ച് മാസം കൊണ്ട് ആര് എവിടെ ശരിയാക്കി. വികസനം തുടങ്ങേണ്ട സമയമായില്ലെന്നുള്ളത് ഞാൻ സമ്മതിക്കുന്നു. നേരത്തേ ശ്രീ. പി. കെ. ബഷീർ പറഞ്ഞതുപോലെ ഞങ്ങളുടെ കാലത്ത് 90 ശതമാനവും പൂർത്തിയാക്കിയതാണ് നിങ്ങൾ ഇപ്പോൾ ഉദ്ഘാടനം

ചെയ്യുന്നത്. ഇന്നലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിർവ്വഹിച്ച ആകാശ ഇടനാഴി...........

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, നിങ്ങൾ ഉദ്ഘാടനം നടത്തുന്നതും അങ്ങനെയാണ്.

ശ്രീ. കെ. മുരളീധരൻ: സർ, അത് ജനാധിപത്യത്തിൽ പതിവാണ്. ഞങ്ങളുടെ കാലത്ത് പൂർത്തിയാക്കിയത് നിങ്ങൾ ഉദ്ഘാടനം ചെയ്യൂ. അത് സ്വാഭാവികമാണ്. അഞ്ചുവർഷം കൂടുമ്പോൾ ഭരണമാറ്റം നടക്കുന്ന സംസ്ഥാനമാണിത്. അതൊരു വികസനം അല്ലല്ലോ. പക്ഷേ ഒരു കാര്യം ചെയ്യാമായിരുന്നു. അതിന് നേരെയുള്ള ഒരു റോഡ് കഴിഞ്ഞാൽ എന്റെ നിയോജകമണ്ഡലമാണ്. എന്നെ വിളിക്കണ്ട. ഇതിന്റെ 90 ശതമാനവും പൂർത്തിയാക്കിയ മുൻ ആരോഗ്യ വകുപ്പുമന്ത്രി ഇപ്പോൾ ഈ നിയമസഭയിലുണ്ടല്ലോ. അദ്ദേഹത്തിന്റെ പേര് വച്ചു എന്നുവിചാരിച്ച് ആകാശമൊന്നും ഇടിഞ്ഞുവീഴില്ലല്ലോ. എന്റെ നിയോജക മണ്ഡലത്തിൽ എന്റെ മുൻഗാമിയായിരുന്ന ശ്രീ. എം. വിജയകുമാറിന്റെ കാലത്ത് ആരംഭിച്ച ഒരു പാലം പൂർത്തീകരിച്ചത് ഞാൻ വന്നപ്പോഴാണ്. അതിന്റെ ഉദ്ഘാടനത്തിന് അന്നത്തെ മുഖ്യമന്ത്രിയോടൊപ്പം അതേ സ്റ്റാറ്റസിൽ തന്നെയാണ് ശ്രീ. എം. വിജയകുമാറിന്റെ പേരും വച്ചത്. പക്ഷേ അദ്ദേഹം അതിൽ പങ്കെടുത്തില്ല. അതിൽ പങ്കെടുക്കാൻ അദ്ദേഹത്തിന് ചില അസൗകര്യമുണ്ടെന്ന് എന്നെ വിളിച്ചുപറഞ്ഞു. ഏതായാലും അതിനെക്കുറിച്ച് പറയുന്നില്ല.

ഇവിടത്തെ ചർച്ചയിൽ അപ്പുറത്തിരിക്കുന്ന സുഹൃത്തുക്കൾ വലിയ സന്തോഷത്തിലാണ്. പ്രതീക്ഷിക്കാത്ത നല്ല ഒരു വിജയമുണ്ടായി. പക്ഷേ കഴിഞ്ഞ അഞ്ചുകൊല്ലത്തെ ഭരണത്തെക്കുറിച്ച്, ഞങ്ങളെ നോക്കി നിങ്ങൾ അഞ്ചുകൊല്ലം തെറ്റ് ചെയ്തു എന്ന് ദിവസേന പറഞ്ഞുകൊണ്ടിരുന്നാൽ നിങ്ങൾ എന്താണ് ചെയ്യുന്നതെന്ന് ജനം ചോദിച്ചുതുടങ്ങേണ്ട സമയമായിട്ടുണ്ട്. ഞങ്ങൾക്ക് തെറ്റ് സംഭവിച്ചതുകൊണ്ടാണല്ലോ പ്രതിപക്ഷത്തുപോയത്. ഇപ്പോൾ നിങ്ങളെല്ലാവരും വലിയ സന്തോഷത്തിലാണ്. കാരണം ചോദ്യോത്തര വേളയിൽപോലും കഴിഞ്ഞ ഗവൺമെന്റിന്റെ കുറ്റങ്ങളെ കുറിച്ചാണല്ലോ ചോദിക്കുന്നത്. 50 വർഷം ഇനി ഞങ്ങളാണ് ഭരിക്കുന്നതെന്ന് എന്റെ ബഹുമാന്യനായ സ്നേഹിതൻ ശ്രീ. എ. എൻ. ഷംസീർ ഇന്നലെ വളരെ ആവേശത്തോടുകൂടി പറഞ്ഞു. ഒരു 35 കൊല്ലമെങ്കിലും കഴിഞ്ഞാൽ ഞങ്ങൾക്കൊരു ചാൻസ് തരാമായിരുന്നു. 35 കൊല്ലം ഭരിച്ച ബംഗാളിലെ ഇന്നത്തെ സ്ഥിതി എന്താണ്? ബംഗാളിൽ ഇപ്പോൾ നമ്മൾ തമ്മിലാണ് സഖ്യം. ബി.ജെ.പി.-ക്കും മമതാ ബാനർജിക്കും എതിരായി മാർക്സിസ്റ്റ് പാർട്ടി കോൺഗ്രസ്സുമായിട്ടാണ് സഖ്യം. ഇവിടെ ഞാനും ഷംസീറുമൊക്കെ മത്സരിച്ച തെരഞ്ഞെടുപ്പിൽ നമ്മൾ പരസ്പരം പോരാടിയപ്പോൾ അതേ ദിവസം ബംഗാളിൽ നടന്ന തെരഞ്ഞെടുപ്പിൽ

നമ്മൾ തമ്മിൽ സഖ്യത്തിലാണ് മത്സരിച്ചത്. എന്റെ നിയോജക മണ്ഡലത്തിൽ തെരഞ്ഞെടുപ്പ് കഴിഞ്ഞതിനുശേഷം മാർക്സിസ്റ്റ് പാർട്ടിയുടെ വട്ടിയൂർക്കാവ് ബ്രാഞ്ച് കമ്മിറ്റിയുടെ ചുമരെഴുത്ത്, 'വർഗ്ഗീയ കക്ഷികളെ കെട്ടുകെട്ടിച്ച വട്ടിയൂർക്കാവിലെ ജനങ്ങൾക്ക് അഭിവാദ്യങ്ങൾ' എന്നായിരുന്നു. അങ്ങനെ ചിന്തിക്കുന്ന മാർക്സിസ്റ്റ് പാർട്ടിയുടെ പ്രവർത്തകരും കേരളത്തിലും ഇന്ത്യയിലും ഉണ്ടെന്ന് അങ്ങ് മനസ്സിലാക്കണം. അതുകൊണ്ട് ഇന്ത്യയിൽ ജനാധിപത്യ മതേതര കക്ഷികൾ ഒരുമിച്ചുകൂടേണ്ട സമയമാണിത്. ഇപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് മറ്റാർക്കും കിട്ടാത്ത ഒരു സൗഭാഗ്യം കിട്ടിയിട്ടുണ്ട്. മുൻകാലങ്ങളിൽ ഭരിച്ച മുഖ്യമന്ത്രിമാരോടൊപ്പം അവരുടെ രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെ പരിപൂർണ്ണ പിന്തുണ കിട്ടിയിരുന്നില്ല. ഇന്ന് മാർക്സിസ്റ്റ് പാർട്ടിയുടെയും ഗവൺമെന്റിന്റേയും അവസാന വാക്ക് അങ്ങ് ആണ്. അതനുസരിച്ചുള്ള നിലവാരത്തിലേയ്ക്ക് ഉയരാൻ കഴിഞ്ഞോയെന്ന് അങ്ങ് ചിന്തിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. അങ്ങ് ഇവിടെ പറഞ്ഞകാര്യം ശരിയാണ്. കൊലപാതക രാഷ്ട്രീയത്തിന് ആദ്യം തുടക്കമിട്ടത് ബി.ജെ.പി.ക്കാരാണ്. അങ്ങയുടെ വിജയാഹ്ളാദ പ്രകടനത്തിന്റെ സമയത്ത് നടത്തിയ അക്രമങ്ങളിൽ, അവിടെ ധനരാജ് എന്നുപറയുന്ന സി.പി.എം. പ്രവർത്തകൻ കൊല്ലപ്പെട്ടു. എവിടെ ക്രമസമാധാനത്തകർച്ചയുണ്ടായാലും അതിന്റെ ഉത്തരവാദിത്വം ഗവൺമെന്റിനല്ലേ? കൊലയാളികളെ നിയമത്തിന്റെ മുന്നിൽ കൊണ്ടുവരേണ്ടത് അങ്ങയുടെ ഡിപ്പാർട്ട്മെന്റല്ലേ? അതിനുപകരം 'പാടത്ത് പണിക്ക് വരമ്പത്ത് കൂലി' കൊടുക്കാൻ നിന്നതുകൊണ്ടല്ലേ ഈ പ്രശ്നമൊക്കെ ഉണ്ടായത്? പരസ്പരം കൊല്ലുന്ന രീതിയിലേയ്ക്ക് കാര്യങ്ങൾ പോകുന്നു. അങ്ങനെത്തെ അവസ്ഥയുണ്ടാകരുത്. കുറ്റം ചെയ്യുന്നവരെ മാതൃകാപരമായി ശിക്ഷിക്കണം. ഒരു കാരണവശാലും കണ്ണിന് കണ്ണ്, മൂക്കിന് മൂക്ക് എന്നുള്ള തത്വം ഇവിടെ നടപ്പാക്കാൻ പാടില്ല. മറ്റെല്ലാ സംസ്ഥാനങ്ങളിലും രാഷ്ട്രീയ കൊലപാതകങ്ങൾ നടക്കുന്നത് ഭരണകക്ഷിയും പ്രതിപക്ഷവും തമ്മിലാണ്. എന്നാൽ കേരളത്തിലെ രാഷ്ട്രീയ കൊലപാതകമെന്നുപറയുന്നത്, സംസ്ഥാനം ഭരിക്കുന്ന കക്ഷിയും കേന്ദ്രം ഭരിക്കുന്ന കക്ഷിയും തമ്മിലാണ്. ഇങ്ങനെ രണ്ടു ഭരണകക്ഷിക്കാർ തമ്മിൽ പരസ്പരം മത്സരിച്ചുകൊല്ലുന്നു. അതിന്റെ ഫലമായി ഇവിടെ ഹർത്താൽ വന്നില്ലേ? ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പാർട്ടി കണ്ണൂരിലും ബി.ജെ.പി. കേരളത്തിലും ഹർത്താൽ നടത്തി. ഹർത്താൽ നടത്തിയാലുള്ള ക്ഷീണം ആർക്കാണ്? അതുകൊണ്ട് അങ്ങുതന്നെ മുൻകൈ എടുത്ത് ക്രമസമാധാനനില ഭദ്രമാക്കാൻ ശ്രമിക്കണം.

<u>മി. സ്പീക്കർ:</u> ......പ്ലീസ്... കൺക്ലൂഡ്......

<u>ശ്രീ. കെ. മുരളീധരൻ:</u> സർ, ഒരു കാര്യം കൂടി പറഞ്ഞ് ഞാൻ അവസാനിപ്പിക്കാം. ഇവിടെ മഞ്ഞ കാർഡും ചുവന്ന കാർഡും കാണിക്കുന്ന ചില തത്തകൾ ഇപ്പോൾ ഇറങ്ങിയിട്ടുണ്ട്. ഒരാളെക്കുറിച്ച് ഒരാരോപണം വന്നാൽ അന്വേഷിക്കുന്നതിൽ ഒരു

കുഴപ്പവുമില്ല. അത് അന്വേഷിച്ചാൽ പോരേ; മുൻകാലങ്ങളിലും അന്വേഷിച്ചിട്ടില്ലേ; ആരെങ്കിലും ചുവപ്പും മഞ്ഞയും കാർഡുകൾ കാണിച്ചിട്ടുണ്ടോ? അങ്ങനെ ചുവപ്പും മഞ്ഞയും കാർഡുകൾ കാണിച്ച് ആൾക്കാരെ പേടിപ്പിക്കാൻ കഴിയുമോ? തെറ്റ് ചെയ്തിട്ടുണ്ടെങ്കിൽ അന്വേഷിച്ച് ശിക്ഷിക്കണം. ചുവപ്പും മഞ്ഞയും കാണിക്കുന്നത് പബ്ലിസിറ്റിക്ക് വേണ്ടിയാണ്. നാളെ ഇതേ മുഖ്യമന്ത്രിക്കെതിരായി അന്വേഷണം നടത്താനും ഈ തത്തകൾ മടിക്കില്ലായെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി മനസ്സിലാക്കണം. അങ്ങനെ ചുവപ്പും മഞ്ഞയും കാണിച്ച് ഞങ്ങളെ പേടിപ്പിക്കേണ്ട. സ്വതന്ത്ര തിരുവിതാംകൂർ പ്രഖ്യാപിച്ച സർ. സി. പി. രാമസ്വാമി അയ്യർ ഓടിയ വഴിയിൽ പുല്ലുപോലും മുളച്ചിട്ടില്ലായെന്നുള്ളത് ഈ കാർഡ് കാണിക്കുന്നവർ മനസ്സിലാക്കണമെന്നുമാത്രമേ പറയുന്നുള്ളൂ. ബഹുമാനപ്പെട്ട സ്പീക്കർ ഇങ്ങനെ ഇടയ്ക്കിടയ്ക്ക് ഇടപെടുന്നതുകൊണ്ട് സംസാരത്തിന്റെ ഫ്ലോ നഷ്ടപ്പെടുകയാണ്.

മറ്റൊന്ന്, സ്വാശ്രയ സമരം പരാജയപ്പെട്ടതിനെ സംബന്ധിച്ചാണ്. ഞാൻ ബഹുമാനപ്പെട്ട എ. എൻ. ഷംസീർ ഉൾപ്പെടെയുള്ളവരോട് ചോദിക്കുകയാണ്, നമ്മൾ നടത്തിയ എല്ലാ സമരങ്ങളും വിജയിച്ചിട്ടുണ്ടോ; നിങ്ങൾ നടത്തിയ സെക്രട്ടേറിയറ്റ് സമരം വിജയിച്ചോ; എന്നുവിചാരിച്ച് ഇവിടെ കഴിഞ്ഞ ഇലക്ഷൻ വന്നപ്പോൾ നിങ്ങൾ വിജയിച്ചില്ലേ?

മി. സ്പീക്കർ: .......ദയവായി കൺക്ലൂഡ് ചെയ്യൂ .....ദയവായി കൺക്ലൂഡ് ചെയ്യൂ.....

ശ്രീ. കെ. മുരളീധരൻ: സർ, സ്വാശ്രയ സമരംകൊണ്ടു കിട്ടിയ മെച്ചം അവിടത്തെ കൊള്ള പുറത്തുകൊണ്ടുവരാൻ കഴിഞ്ഞുവെന്നുള്ളതാണ്. മാനേജ്മെന്റുകളുടെ കൊള്ളയും അതിന് ഭരണകക്ഷി കൂട്ടുനിന്നതും പുറത്തുകൊണ്ടുവരാൻ കഴിഞ്ഞു എന്നതാണ് സ്വാശ്രയ സമരത്തിന്റെ ഏറ്റവും വലിയ നേട്ടം. ഒരു കാര്യം മാത്രമേ ഞാൻ പറയുന്നുള്ളൂ, ജനങ്ങൾ ഏല്പിച്ച അധികാരം നല്ല നിലയിൽ വിനിയോഗിച്ചാൽ നിങ്ങൾക്ക് നല്ലത്. അല്ലാതെ എന്നും യു.ഡി.എഫ്.നെ കുറ്റം പറയുകയും വികസനത്തെപ്പറ്റി പറയുമ്പോൾ 'ഓം കിഫ്ബിയായ നമഃ' എന്നും പറഞ്ഞു കൊണ്ടിരിക്കുകയും ചെയ്താൽ നിങ്ങൾ എവിടെയുമെത്താൻ പോകുന്നില്ല എന്നുമാത്രം പറഞ്ഞുകൊണ്ട് ഈ ബില്ലിനെ ഞാൻ ഒരിക്കൽ കൂടി എതിർക്കുകയാണ്.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, ബഹുമാനപ്പെട്ട മെമ്പർ ശ്രീ. വി. ഡി. സതീശൻ രാജധർമ്മത്തെക്കുറിച്ച് ഒരു കാവ്യവർണ്ണന നടത്തുകയുണ്ടായി. കടലിൽനിന്ന് സൂര്യൻ എങ്ങനെ ജലം

ശേഖരിച്ച് മേഘങ്ങളാക്കിമാറ്റി മഴയായി ഭൂമിയെ ഹരിതമാക്കുന്നുവോ അതുപോലെ വേണമെന്നുള്ളതാണ്. ശ്രീ. വി. ഡി. സതീശന്റെ പ്രശ്നം ശേഖരിക്കുന്നതിനെ കുറിച്ചാണ്. എന്ത് ശേഖരിച്ചാലും അതിന്റെ പലമടങ്ങ് നാട്ടിൽ പുഷ്ടിപ്പെടുത്താൻ തീരുമാനിച്ചിരിക്കുകയാണ്. ഞാൻ അതിന്റെ വർണ്ണനയിലേയ്ക്ക് പോകുന്നില്ല. ക്ഷേമ പെൻഷന്റെ വർദ്ധനവ്, ഇനി വരാൻപോകുന്ന സമ്പൂർണ്ണ പാർപ്പിട പദ്ധതി, സമ്പൂർണ്ണ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി എന്നിവയിൽ പണം ഒരു തടസ്സമല്ല. കഴിഞ്ഞവർഷം 30 കോടി രൂപയാണ് കയറിന് വകയിരുത്തിയത്. ഇത്തവണ അത് 300 കോടി രൂപയോളംവരും. കശുവണ്ടിക്ക് ഏകദേശം 250-300 കോടി രൂപയോളം വരും. അതുപോലെ പരമ്പരാഗത മേഖലകൾ, പാവങ്ങൾ പണിയെടുക്കുന്ന സ്ഥലങ്ങൾ, അതിന്റെ സംരക്ഷണം അങ്ങനെ തുടങ്ങി അതവിടെ നിൽക്കുന്നില്ല; അതാണ് ബഹുമാനപ്പെട്ട കെ. മുരളീധരൻ പറഞ്ഞ കിഫ്ബി. കഴിഞ്ഞ സർക്കാരിന്റെ കാലത്ത്, 50,000 കോടി രൂപവരെ പ്രത്യേക വെഹിക്കിൾസ് വഴി പുറത്തുനിന്ന് സമാഹരിക്കുന്നതിനെക്കുറിച്ച് ഞാൻ പറഞ്ഞപ്പോൾ നിങ്ങളെല്ലാം എന്നെ കളിയാക്കി. ഭരണത്തിൽ വന്നപ്പോൾ ഞാൻ വിചാരിച്ച യഥാർത്ഥത്തിൽ അത് ഏറ്റെടുക്കണമെന്ന്. നാലാം വർഷമായപ്പോഴാണ് ഇത് നോക്കിക്കളയാമെന്ന് തീരുമാനിച്ചത്. ആ റിപ്പോർട്ടാണ് ഞാൻ ഉപയോഗിക്കുന്നത്. ക്യാപിറ്റൽ ലിമിറ്റഡിനെക്കുറിച്ചുള്ള പഠനത്തിൽ, എന്തെങ്കിലും സംശയം മനസ്സിൽ ഉണ്ടായിരുന്നെങ്കിൽ കഴിഞ്ഞ ദിവസം കിഫ്ബി ഉദ്യോഗസ്ഥർക്കുവേണ്ടി നടത്തിയ പരിശീലന പരിപാടിയിൽവച്ച് അത് അപ്രത്യക്ഷമായി. 'സെബി'യുടെ എക്സിക്യൂട്ടീവ് ഡയറക്ടർ ബെറുവാള ക്ലാസ്സെടുത്തു. ഇൻഡ്യയിലെ ഒരു സംസ്ഥാന സർക്കാർ ഇങ്ങനെയൊരു സാദ്ധ്യതയെ ഉപയോഗപ്പെടുത്താൻ ശ്രമിക്കുന്നതിനെ എങ്ങനെ സഹായിക്കാൻ പറ്റുമെന്നാണ് പല ഉദ്യോഗസ്ഥന്മാരും ചിന്തിക്കുന്നത്. അതുകൊണ്ട് വിജയത്തെ കുറിച്ചൊന്നും യാതൊരു സംശയവുമില്ല. അതിന്റെ ഫലമായിട്ട് തീരദേശ ഹൈവേ, മലയോര ഹൈവേ, പതിനായിരം കോടി രൂപയുടെ കുടിവെള്ള പദ്ധതികൾ, കളിസ്ഥലങ്ങൾ തുടങ്ങിയവയൊക്കെ ഉണ്ടാക്കിക്കഴിഞ്ഞാൽ 50 വർഷത്തേയ്ക്കല്ലെങ്കിലും 10 വർഷത്തേയ്ക്കെങ്കിലും ലക്ഷ്യമിടാമല്ലോ. ഞങ്ങളുടെ സ്ഥിതിയെക്കുറിച്ച് വിഷമിക്കരുത്; സ്വയം ഒന്നു വിലയിരുത്തുക. അപ്പുറത്തുപോയതിന്റെ പ്രധാന കാരണമെന്താണ്? നിങ്ങൾ ചെയ്ത പല കാര്യങ്ങളിലും തെറ്റുകളും പോരായ്മകളുമുണ്ട്. രാഷ്ട്രീയമായ പ്രധാന കാരണം, ഹിന്ദുവർഗ്ഗീയ ശക്തികളോട് നിങ്ങൾ സോഫ്റ്റ് കോർണർ എടുത്തു എന്നതല്ലേ സത്യം? ഈ ശക്തികൾ കേരളത്തിലെ എസ്.എൻ. ഡി.പി.യെയും മറ്റും വിഴുങ്ങാൻ നടത്തുന്ന ശ്രമത്തിനെതിരെ ചില നേതാക്കന്മാർ ഒഴികെ, നിങ്ങൾ, വിട്ടുവീഴ്ചയില്ലാത്ത കർശനമായ നിലപാട് സ്വീകരിക്കാത്തതിന്റെ പരിണിതഫലമെന്താണ്? ഇനിയും ഈ പ്രവണത തുടർന്നാൽ എന്തായിരിക്കും നിങ്ങളുടെ രാഷ്ട്രീയസ്ഥിതി. ആരുടെ ചെലവിലായാലും കേരളത്തിൽ ബി.ജെ.പി.

വളരാൻ പാടില്ലായെന്നുള്ള രാഷ്ട്രീയം അപ്പുറത്തുമിപ്പുറത്തും നിൽക്കുമ്പോൾ ഉയർത്തിപ്പിടിക്കാം. അതുകൊണ്ട് ഈ രാഷ്ട്രീയം നിങ്ങൾതന്നെ ഒന്നു പരിശോധിക്കുക. കൂടുതൽ രാഷ്ട്രീയ കാര്യങ്ങളിലേയ്ക്ക് ഞാൻ കടക്കുന്നില്ല. ഫിനാൻസ് ബില്ലുമായി ബന്ധപ്പെട്ട് നല്ലൊരു ചർച്ച നടക്കുകയുണ്ടായി. അതിൽ വന്ന പ്രധാനപ്പെട്ട ഒരു വിമർശനം ഭൂമിയുടെ മേലുള്ള രജിസ്ട്രേഷൻ, സ്റ്റാമ്പ് ഡ്യൂട്ടി നികുതികളെ കുറിച്ചായിരുന്നു. എല്ലാവർക്കും വ്യത്യസ്ത നിലപാടുകളുണ്ട്. എന്റെ നിലപാട് ഞാൻ വ്യക്തമാക്കി. നികുതി എവിടെ നിന്നാണ് പിരിക്കുന്നത്? ചരക്കുകളിൽനിന്നും മറ്റു വരുമാനത്തിൽ നിന്നുമാണ് നികുതി പിരിക്കുന്നത്. യഥാർത്ഥത്തിൽ ഭൂമിയുടെ ക്യാപിറ്റൽ ഗെയിൻസിന്റെ ടാക്സ് അല്ലേ മുദ്രവിലയെന്നുപറയുന്നത്. ഭൂമിയുടെ വില നാലുമടങ്ങായി കൂടുന്നത് നമ്മുടെ ആരുടെയും പ്രയത്നത്തിന്റെ ഫലമായിട്ടല്ല. നാട്ടിലുണ്ടായ വികസന പ്രവർത്തനങ്ങളുടെ ഫലമായിട്ടാണ് വിലകൂടുന്നത്. അതിനാൽ മറ്റ് ഏത് നികുതിയേക്കാളും കൂടുതൽ ഇക്വിറ്റിയായിട്ടുള്ള നികുതിയാണ് സ്റ്റാമ്പ് ഡ്യൂട്ടി. പലതവണ പറഞ്ഞുകഴിഞ്ഞ കാര്യങ്ങൾ ഞാൻ വീണ്ടും ആവർത്തിക്കുന്നില്ല. എന്റെ നിലപാട് എന്തുതന്നെയായിരുന്നാലും ജനങ്ങൾ കൂടി അംഗീകരിച്ചാൽ മാത്രമേ കാര്യങ്ങൾ ചെയ്യാൻ സാധിക്കുകയുള്ളൂ. നാനാ കോണുകളിൽനിന്ന് ഭാഗാധാരത്തിനും ദാന മുദ്രവിലകൾക്കുംവേണ്ടി നികുതിയിൽ ഏർപ്പെടുത്തിയ വർദ്ധനവിനെതിരെ വിമർശനങ്ങൾ വന്നിട്ടുണ്ട്. ആ വിമർശനങ്ങളെല്ലാം ഉൾക്കൊള്ളുന്നു. നിലപാടുകളൊന്നും പ്രായോഗികമായ സമീപനം കൈക്കൊള്ളുന്നതിന് തടസ്സമല്ല. ഇന്ന് രണ്ടുപക്ഷത്തു നിന്നും ചർച്ചയിൽ പങ്കെടുത്തവർ അതിനെ വിമർശിച്ചു. ആ വിമർശനം പൂർണ്ണമായും ഉൾക്കൊണ്ടുകൊണ്ട് പഴയ സ്ഥിതിയിലേയ്ക്ക് പോകണോ, 1000 രൂപയുടെ ലിമിറ്റ് വരെ നിലനിർത്തണോ തുടങ്ങിയ കാര്യങ്ങൾ സബ്ജക്ട് കമ്മിറ്റിയിൽ ചർച്ചചെയ്ത് തീരുമാനിക്കാം. ചർച്ചയുടെ അടിസ്ഥാനത്തിൽ ആ വർദ്ധനവിനുവേണ്ടി എടുത്ത നിലപാട് മാറ്റിവയ്ക്കുകയാണ്. ഫ്ലാറ്റുകളുടെ മേലുള്ള നികുതിയെക്കുറിച്ചാണ് ശ്രീ. വി. ഡി. സതീശൻ ഉയർത്തിയ മറ്റൊരു പ്രധാനപ്പെട്ട വിമർശനം. അതിൽ എനിക്ക് അഭിപ്രായവ്യത്യാസവുമില്ല. കേരളത്തെ സംബന്ധിച്ചിടത്തോളം ഫ്ലാറ്റുകൾ നികുതിഘടനയിലൂടെ പ്രോൽസാഹിപ്പിക്കേണ്ട ഒന്നാണ്. ഡെവലപ്പേഴ്സിനെ മുഴുവനും മാഫിയയായി കാണുന്ന കാഴ്ചപ്പാടിൽ മാറ്റംവരണം. സാമ്പത്തിക വളർച്ചയെ നയിക്കാൻ വളരെ പോസിറ്റീവായ റോൾ വഹിക്കുന്നത് സംരംഭകർ തന്നെയാണ്. ഒരുപാട് കാസ്കേഡിംഗ് ആയിട്ടുള്ള, ഒന്നിനുമുകളിൽ ഒന്നായി നികുതികളുടെ ലിസ്റ്റ് പറയുകയുണ്ടായി. ഇതെല്ലാം പരിശോധിക്കാം. ഇപ്പോഴല്ലെങ്കിൽ അടുത്ത ബജറ്റിൽ ഒരു bipartite പരിശോധന നടത്താം. ഇതൊന്നും ഈ ബജറ്റിൽ ഉണ്ടാക്കിയിട്ടുള്ളതല്ല. ആകെയുള്ളത് ആക്ട് രജിസ്റ്റർ ചെയ്യുമ്പോൾ ഭൂമിയുടെ വില കൃത്യമായിട്ട് എടുക്കുന്നു എന്നതാണ്. അതിൽ ഫ്ലാറ്റിന്റെ പോർഷന് ഒരു മാനദണ്ഡമുണ്ട്. കേന്ദ്ര പി.ഡബ്ല്യൂ.ഡി. റേറ്റ് പാടില്ലായെന്ന് ശ്രീ. റ്റി. എ. അഹമ്മദ് കബീർ പറഞ്ഞു. എന്നാലത്

ഷെഡ്യൂൾഡ് റേറ്റ് ആക്കുന്നതിന് തടസ്സമൊന്നുമില്ല. പക്ഷേ ഒരു മാനദണ്ഡം വേണം. ഇത് എഞ്ചിനീയർമാർ സർട്ടിഫൈ ചെയ്യേണ്ട കാര്യമില്ല. ഏതെങ്കിലും ഇവാല്യുവേറ്റർ സർട്ടിഫൈ ചെയ്താൽ മതി. But there must be a norm. കെട്ടിടത്തിന് 1000 രൂപ വിലയെന്നുപറഞ്ഞാൽ അത് സ്വീകരിച്ചു പോകണമെന്നുള്ളത് ശരിയല്ല. അതുമാത്രമാണ് അക്കാര്യത്തിൽ ഉദ്ദേശിച്ചിട്ടുള്ളത്. സമയമെടുത്ത് ഇക്കാര്യം ഗൗരവമായി ചർച്ചചെയ്യാം. ജി.എസ്.ടി. വരുമ്പോൾ അതിന്റേതായിട്ടുള്ള മാറ്റങ്ങളും വരും. കാരണം ഇന്നുള്ള വർക്ക്സ് കോൺട്രാക്ടിന്റെ കോമ്പസിഷൻ ഉണ്ടാകുമോയെന്ന് എനിക്കറിയില്ല. അങ്ങനെ പല കാര്യങ്ങളുമുണ്ട്. എല്ലാം ചേർത്ത് ഒരു ചിത്രമായതിന് ശേഷം ഇക്കാര്യത്തിൽ യോജിച്ചൊരു നിലപാട് സ്വീകരിക്കാം. കഴിഞ്ഞ ബജറ്റ് ചർച്ചയിൽവന്ന പ്രധാനപ്പെട്ട ഒരു ആശയം ഇന്നത്തെ ചർച്ചയിൽ ഉയർന്നുവന്നില്ല.

ശ്രീ. വി. ഡി. സതീശൻ: സർ, രജിസ്ട്രേഷൻ ഇനത്തിൽ വൻ തുക സംസ്ഥാന ഖജനാവിന് നഷ്ടപ്പെടുന്നു എന്ന പ്രധാനപ്പെട്ട പ്രശ്നം കഴിഞ്ഞ ബജറ്റ് ചർച്ചയിൽ ഉയർന്നിരുന്നു. അതിനൊരു ഉദാഹരണം പറഞ്ഞത്, എറണാകുളം നഗരത്തിൽ 400 കോടി രൂപയുടെ റിയൽ എസ്റ്റേറ്റ് ബിസിനസ്സ് നടന്നിട്ട് ഒരു രൂപപോലും സംസ്ഥാന ഖജനാവിലേയ്ക്കുവന്നില്ല എന്നാണ്. കാരണം വാങ്ങുന്നവരും വിൽക്കുന്നവരും കമ്പനികൾ ഫോം ചെയ്ത് കമ്പനികളുടെ ഷെയർ ട്രാൻസ്ഫർ ചെയ്താണ് ബിസിനസ്സ് നടത്തിയിരിക്കുന്നത്. കമ്പനികളുടെ ഷെയർ ട്രാൻസ്ഫർ ചെയ്യുന്നതിന് കമ്പനി ആക്ടനുസരിച്ച് 5000 രൂപയുടെ സ്റ്റാമ്പ് പേപ്പർ മതി. ഈ 5000 രൂപയുടെ സ്റ്റാമ്പ് പേപ്പർ ഉപയോഗിച്ചിട്ടാണ് 400 കോടി രൂപയുടെ കച്ചവടം നടത്തിയത്. നമ്മുടെ ഇപ്പോഴത്തെ കണക്കനുസരിച്ച് 10 ശതമാനം (8 ശതമാനവും, 2 ശതമാനവും) അതായത് 40 കോടി രൂപ സംസ്ഥാന സർക്കാരിന്റെ ഖജനാവിലേക്ക് വരേണ്ടത് നഷ്ടമായിരിക്കുകയാണ്. തുക കൂടുമ്പോൾ ഇടത്തരക്കാർക്കും ഇങ്ങനെയുള്ള കമ്പനികൾ ഫോം ചെയ്യാൻ യാതൊരു ബുദ്ധിമുട്ടും ഇല്ല. അതാണ് പ്രധാനപ്പെട്ട പ്രശ്നമായി ഉന്നയിച്ചത്. ഇത്തരത്തിൽ റിലയൻസ് 40000 കമ്പനികളും സഹാറ ഗ്രൂപ്പ് 80000 കമ്പനികളും ഉണ്ടാക്കിയിട്ടുണ്ട്. ഇങ്ങനെ നമുക്ക് നഷ്ടപ്പെടുന്ന പണം തിരിച്ചുപിടിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുമോയെന്നുള്ളതാണ് എന്റെ ചോദ്യം.

ഡോ. ടി. എം. തോമസ് ഐസക്: ഇതുസംബന്ധിച്ച് കഴിഞ്ഞ ബജറ്റ് ചർച്ചയിൽവന്ന നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ഒരു പരിശോധന നടത്തിയിട്ടുണ്ട്. മഹാരാഷ്ട്ര പോലുള്ള സംസ്ഥാനങ്ങൾ ഇതിനൊരു പ്രതിവിധി കണ്ടെത്തിയിട്ടുണ്ട്. നാളെ ചേരുന്ന സബ്ജക്ട് കമ്മിറ്റിയിൽ ചർച്ചചെയ്ത് ഇത് നിയമമാക്കാൻ കഴിയുമോ എന്നു പരിശോധിക്കുന്നതാണ്. മോട്ടോർ വെഹിക്കിൾ ടാക്സിനെ സംബന്ധിച്ച് പ്രതിപക്ഷത്തുനിന്നും ഭരണപക്ഷത്തുനിന്നും അധിക വരുമാനം പ്രതീക്ഷിക്കുന്നില്ല

എന്ന രിതിയിലുള്ള ചില പരാമർശങ്ങൾ വന്നു. സർക്കാരിന്റെ വരുമാനം, സീറ്റിന്റെ എണ്ണം കുറഞ്ഞുപോകുന്നതിന്റെ ഫലമായി കുറഞ്ഞുപോകരുത്. ലക്ഷ്വറി ബസ് ആകുമ്പോഴാണ് സീറ്റിന്റെ എണ്ണം കുറയുന്നത്. അപ്പോഴാണ് വരുമാനം കുറയുന്നത്. എവിടെയെങ്കിലും ക്രമാതീതമായ വർദ്ധനവുവരുന്ന രീതിയിൽ നിരക്കുണ്ടോയെന്ന് പരിശോധിച്ച് അത് rationalize ചെയ്യാം. Presumptive tax-ന് (അനുമാന നികുതിദായകർക്ക്) ഒരു ആംനസ്റ്റി പ്രോഗ്രാം നടപ്പിലാക്കിയിരിക്കുന്നുവെന്ന കാര്യം പലരും വിട്ടുപോയി. ശ്രീ. പി. കെ. ബഷീറിന്റെ വെല്ലുവിളി എത്രപേർക്ക് ഗുണംകിട്ടുമെന്നാണ് വിചാരിക്കുന്നത്? കേവലം ഇരുപത്തിനാലായിരം പേർക്കു മാത്രമേ അതിന്റെ ഗുണം കിട്ടുകയുള്ളൂ. നിലവിലുള്ള നിയമത്തിന്റെയടിസ്ഥാനത്തിലാണ് ഉദ്യോഗസ്ഥർ നോട്ടീസ് നൽകിയിട്ടുള്ളത്. നിയമമനുസരിച്ചേ അവർക്ക് പ്രവർത്തിക്കാൻ സാധിക്കുകയുള്ളൂ. നിയമം അനുശാസിക്കുന്നതു മാത്രമാണ്. ഉദാഹരണത്തിന്, നിങ്ങൾ 60 ലക്ഷത്തിലേറെ വിറ്റുവരുമാനമുള്ള ഒരാളാണ്. എന്നാൽ കണക്ക് സമർപ്പിക്കുമ്പോൾ അത് കാണിക്കുന്നില്ല. ഈ 60 ലക്ഷത്തിനും അതിനുമുകളിൽ വരുന്നതിനും ഷെഡ്യൂൾ റേറ്റിൽ നിങ്ങൾ നികുതി നൽകണം. അതിന്റെ മൂന്നുമടങ്ങ് പെനാൽറ്റിയും അടക്കണമെന്ന് അക്കൗണ്ടന്റ് ജനറൽ ഉൾപ്പെടെ പറഞ്ഞിട്ടുണ്ട്. അത് ചോദിച്ചില്ല, അപ്പോഴാണ് ഈ പറഞ്ഞ വലിയ തുകകളുടെ പേര് വന്നത്. ഇതുമായി ബന്ധപ്പെട്ട് എന്റെ മണ്ഡലമായ ആലപ്പുഴയിൽ ഒരാൾ ആത്മഹത്യ ചെയ്തു. എന്തുകൊണ്ട് കഴിഞ്ഞ ബജറ്റിൽ നിങ്ങൾക്ക് ഒരു ആംനസ്റ്റി സ്കീം കൊണ്ടുവരാൻ കഴിഞ്ഞില്ല? എത്രയോ വട്ടം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മധ്യസ്ഥതയിൽ എത്ര മണിക്കൂർ ചർച്ച നടത്തി. നമ്മൾ ഒരു ഇഷ്യൂ തീർക്കുകയാണ്.

ശ്രീ. വി. ഡി. സതീശൻ: സർ, അങ്ങ് കൊണ്ടുവന്ന ആംനസ്റ്റി സ്കീമിനെ പൂർണ്ണമായും സ്വാഗതം ചെയ്യുന്നു. അതല്ല പ്രശ്നം. സെക്ഷൻ 6 (5) അനുസരിച്ച് 60 ലക്ഷം ടേണോവറിൽ താഴെയുള്ളവരുടെ അനുമാന നികുതിയാണിത്. അവർ പർച്ചേസ് ടാക്സ് കൊടുത്തിട്ടുണ്ട്. അത് KVATIS-ൽ വളരെ വ്യക്തമാണ്. ഒരു കച്ചവടക്കാരൻ തിരുവനന്തപുരത്തുനിന്നും വാങ്ങിച്ചുകൊണ്ടുപോയി നെയ്യാറ്റിൻകരയിൽ വിൽക്കുകയാണ്. ഇവിടത്തെ കടക്കാരന്റെ റിട്ടേണിൽ അത് ക്ലിയറാണ്, KVATIS-ൽ വന്നിട്ടുണ്ട്. അടച്ചിട്ടുണ്ടെന്ന് വളരെ വ്യക്തമാണ്. ചിലപ്പോൾ മിസ് ആയി പോകുകയോ അധികരിക്കപ്പെട്ടുപോയതോ ആയ ചെറിയ വ്യത്യാസത്തിനാണ് ഇത്രയും വലിയ തുക വരുന്നത്.

ഡോ. ടി. എം. തോമസ് ഐസക്: ഇപ്പോൾ ആംനസ്റ്റി സ്കീം വളരെയേറെ ലഘൂകരിച്ചിട്ടുണ്ട്. 60 ലക്ഷം രൂപയുടെ വിറ്റുവരുമാനമെങ്കിലും വേണം. 70 ലക്ഷം രൂപയ്ക്ക് വിറ്റതിൽ, 50 ലക്ഷം രൂപ ഇയാളുടെ ഡിക്ലയേർഡ് കണക്കിലുണ്ട്. ബാക്കി 20 ലക്ഷത്തിനുമാത്രം നികുതി നിർണ്ണയിച്ചാൽ മതി. അതിന് പലിശയോ

പെനാൽറ്റിയോ ഇല്ല. പക്ഷേ പ്രശ്നമുള്ളത്, വ്യാപാരികൾക്ക് ഇത് ഇപ്പോഴും മനസ്സിലായിട്ടില്ല എന്നുള്ളതാണ്. ശ്രീ. വി. ഡി. സതീശൻ പറഞ്ഞതുപോലെ വിറ്റിരിക്കുന്നത് എത്ര എന്നുള്ളതിന്റെ കണക്ക് ഓരോർത്തർക്കും കമ്പ്യൂട്ടറിൽനിന്നും കിട്ടും. അതുകൊണ്ട് 60 ലക്ഷത്തിൽ വന്നില്ലെങ്കിൽ ആംനസ്റ്റി പിരീഡ് കഴിഞ്ഞാൽ ഈ കഥ വീണ്ടും ആവർത്തിക്കും. അതുകൊണ്ടാണ് എത്രയുംപെട്ടെന്ന് വരികയെന്ന പറഞ്ഞ് പരസ്യം കൊടുത്തുകൊണ്ടിരിക്കുന്നത്. ആംനസ്റ്റി സ്കീമിന് കുറച്ചുകൂടുതൽ വേണ്ടിവരും. കാരണം നമ്മൾ ജി.എസ്.ടി.യിലേയ്ക്ക് പോകുകയാണ്. നമ്മൾ പഴയതൊന്നും കെട്ടിപ്പിടിച്ച് കുത്തിമറിയേണ്ട കാര്യമില്ല. എത്രത്തോളം തള്ളിവിടാൻ പറ്റുമോ അത്രയും തള്ളിവിടുന്നതായിരിക്കും നല്ലത്. ബാക്കി എന്തൊക്കെ ചെയ്യണമെന്നുള്ളത് അടുത്ത ബജറ്റിൽ പരിശോധിക്കാം.

3.00 PM]

ശ്രീ. പി. ഉബൈദുള്ള: കേരളത്തിലെ സ്വർണ്ണവ്യാപാരമേഖല വലിയ പ്രതിസന്ധിയിലാണെന്ന പത്രവാർത്തയുടെ അടിസ്ഥാനത്തിൽ രണ്ടുദിവസം മുമ്പ് ഞാൻ ഒരു സബ്മിഷൻ അവതരിപ്പിച്ചിരുന്നു. സ്വർണ്ണവ്യാപാരികൾ വാങ്ങുന്ന പഴയ സ്വർണ്ണാഭരണങ്ങൾക്ക് 5 ശതമാനം പുതിയ പർച്ചേസ് ടാക്സ് ചുമത്തി, അവർക്ക് ഭീമമായ തുക കുടിശ്ശികയിനത്തിൽ അടയ്ക്കണമെന്ന് നോട്ടീസ് അയയ്ക്കാൻ ധനകാര്യ വകുപ്പ് മുന്നോട്ടുവന്നതിന്റെ അടിസ്ഥാനത്തിൽ പല വ്യാപാരികളും കട അടച്ചുപൂട്ടി പുറത്തേയ്ക്കുപോകുകയാണ്. ഇവർ ഇങ്ങനെ പുറത്തേയ്ക്കുപോകുമ്പോൾ നമ്മുടെ സംസ്ഥാനത്തിന് ലഭിക്കേണ്ട വരുമാനം കുറയുകയാണ്, ഇവിടെ തൊഴിലവസരം നഷ്ടപ്പെടുകയാണ്. അവർ കോടതിയെ സമീപിച്ചപ്പോൾ ഇത് തികച്ചും അന്യായമാണെന്ന് ബഹുമാനപ്പെട്ട കോടതിയും അഭിപ്രായപ്പെട്ടു. ആ സാഹചര്യത്തിൽ ഇത് പുനഃപരിശോധിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ഡോ. ടി. എം. തോമസ് ഐസക്: മുൻകാലപ്രാബല്യത്തിൽ ഇളവ് ചെയ്യുന്നതിനെ കുറിച്ച് ജാഗ്രത വേണമെന്ന് ഇന്ന് രാവിലെ ശ്രീ. കെ. സി. ജോസഫ് മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. ആ ജാഗ്രത പുലർത്താതിരിക്കാൻ എനിക്കാവില്ല. ഇതിന്റെ ലെജിസ്ലേറ്റീവ് ഇന്റെന്റ് ഇതായിരുന്നില്ലെന്നും ഇതിന്റെ അർത്ഥം ഇന്നതാണെന്നും മുൻധനകാര്യ വകുപ്പുമന്ത്രി പറയട്ടെ, പ്രതിപക്ഷനേതാവ് സഭയിൽ റിക്വസ്റ്റ് ചെയ്യട്ടെ, നമുക്ക് റെക്കോർഡിലാക്കാം. അങ്ങനെ ഉഭയകക്ഷിധാരണയുടെ അടിസ്ഥാനത്തിൽ ചർച്ചചെയ്ത് സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കാം. അല്ലാതെയുള്ള മുൻകാലപ്രാബല്യത്തോടെയുള്ള ഒരു പിൻവലിക്കൽ ഒരു കാര്യത്തിലുമുണ്ടാകില്ല. അത് വളരെ വ്യക്തമാണ്. ഞാൻ പ്രയാസപ്പെട്ടത്..., നിങ്ങൾക്ക് അന്നുതന്നെ ഞാൻ ഉത്തരം നൽകി, പക്ഷേ ഇന്ന് ശ്രീ. കെ. സി. ജോസഫ് മുന്നറിയിപ്പ് നൽകിയപ്പോൾ ഇത് പുലിവാലാകുമല്ലോ എന്നോർത്ത് ഞാനൊന്നു ഭയന്നു.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: ഇത്തരമൊരു സ്ഥിതി വളരെ അപകടകരമല്ലേ? വൻകിട സ്വർണ്ണവ്യാപാരികളല്ല, വ്യാപാരിസമൂഹം ഒന്നിച്ചുവന്ന് തെറ്റുപറ്റിയിട്ടുണ്ടെന്ന് പറഞ്ഞാൽ, ധനകാര്യ വകുപ്പുമന്ത്രിക്ക് അത് ബോദ്ധ്യമുണ്ടെങ്കിൽ, സബ്ജക്ട് കമ്മിറ്റിയിൽ എല്ലാവരുമായി ചർച്ചചെയ്ത് അതിന്റെ മെറിറ്റ് നോക്കുകയല്ലേ വേണ്ടത്? മാണിസാർ കൊണ്ടുവന്നതാണെന്നാണ് പറയുന്നത്, മാണിസാർ നാലുവർഷം ഇത് കളക്ട് ചെയ്തിട്ടുപോലുമില്ല. കളക്ട് ചെയ്തിട്ടുണ്ടോ ഇല്ലയോ എന്ന് മാണിസാർ പറയട്ടെ.

ശ്രീ. കെ. എം. മാണി: ഞാൻ കൊണ്ടുവന്നതാണെങ്കിൽപോലും തെറ്റുണ്ടെങ്കിൽ പരിഹരിച്ചോ. പരിശോധിച്ചോ.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: തെറ്റുണ്ടെന്ന് ബോദ്ധ്യമായി. അത് കോടതിയും കണ്ടെത്തി. ധനകാര്യ വകുപ്പുമന്ത്രിക്കും അത് ബോദ്ധ്യമുണ്ടെങ്കിൽ ചർച്ച ചെയ്യണം. അല്ലാതെ അത് നിലനിൽക്കട്ടെ എന്നുവയ്ക്കുകയാണോ വേണ്ടത്. അത് ശരിയാണോ? അത് ഒരു ബിസിനസ്സ് ഫ്രണ്ട്‌ലി അപ്രോച്ചാണോ?

ഡോ. ടി. എം. തോമസ് ഐസക്: 2014-ൽ കൊണ്ടുവന്നു, ഉദ്യോഗസ്ഥന്മാർ ഇതുവായിച്ച് നടപടിക്രമങ്ങളിലേയ്ക്ക് നീങ്ങി. നിയമത്തിൽ ഇപ്പോഴത്തെ വ്യവസ്ഥ പ്രത്യേക ടാക്സ് കൊടുക്കണമെന്നാണ്; അതൊന്നും കളക്ട് ചെയ്യണ്ടായെന്ന് ധനകാര്യ വകുപ്പുമന്ത്രി വാക്കാൽ പറഞ്ഞു. അതിനാൽ കളക്ട് ചെയ്തില്ല. ഇപ്പോൾ സി.&എ.ജി. അത് കണ്ടുപിടിച്ചു. മൂന്ന് വർഷമായി അഞ്ച് ശതമാനം വച്ച് നികുതി പിരിക്കാൻ പറഞ്ഞിട്ട് നിങ്ങളെന്താ പിരിക്കാത്തത്, ഇത് ഗുരുതരമായ പ്രശ്നമാണെന്നു പറഞ്ഞ് സി.&എ.ജി. സെക്രട്ടേറിയറ്റിൽ വന്നു, ഈ മൂന്നുവർഷംകൊണ്ട് എന്തുകൊണ്ട് നികുതി പിരിക്കുന്നില്ല എന്ന ചോദ്യം ഈ സർക്കാരിന്റെ മുന്നിലുണ്ട്.

ശ്രീ. രമേശ് ചെന്നിത്തല: അതുസംബന്ധിച്ച് ധനകാര്യ വകുപ്പുമന്ത്രി രണ്ട് സർക്കുലർ ഇറക്കിയിട്ടുണ്ടെന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞത്. സി.&എ.ജി.-യോട് അത് ചൂണ്ടിക്കാണിച്ചുകൂടേ; കളക്ട് ചെയ്യാത്ത നികുതി എങ്ങനെ കൊടുക്കാൻ കഴിയും?

ഡോ. ടി. എം. തോമസ് ഐസക്: ഞാൻ contest ചെയ്യാനോ debate ചെയ്യാനോ പോകുന്ന ആളല്ല. ഞാൻ ടെലിവിഷനിലൂടെ പരസ്യമായി എന്റെ നിലപാടിനെക്കുറിച്ച് പറഞ്ഞിട്ടുണ്ട്. ആ നിലപാടിന്റെയടിസ്ഥാനത്തിൽ കശുവണ്ടിക്ക് ഇതുപോലെ കൊടുത്തു. കുത്തക ഉപഭോഗത്തിന്റെ അടിസ്ഥാനത്തിൽ, എനിക്കെതിരെ വിജിലൻസ് കേസ്സുണ്ടായില്ലേ? പക്ഷേ ഒന്നും ഉണ്ടായില്ല. മാധ്യമങ്ങളിലൊന്നും

വന്നില്ല. ആലോചിച്ച് തീരുമാനത്തിലേയ്ക്ക് പോകാം. കോടതിവിധിയിൽ കൊടുക്കാൻ പറഞ്ഞിട്ടില്ല. സ്റ്റേ ചെയ്തിട്ടേയുള്ളൂ.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: പരമ്പരാഗതമായ ബീഡി വ്യവസായത്തിന് 14½ ശതമാനം നികുതി ഏർപ്പെടുത്തിയ നടപടി പുനരാലോചിക്കണം. ആ വ്യവസായം തകർന്നുകൊണ്ടിരിക്കുകയാണ്. പലരും ഇത് ഉപേക്ഷിക്കുകയാണ്.

ഡോ. ടി. എം. തോമസ് ഐസക്: ബീഡിക്ക് 26 ശതമാനം നികുതിയും അതിന്റെ കൂടെ കേന്ദ്രത്തിന്റെ സെസ്സും അടക്കം 40 ശതമാനം വരാൻ പോകുകയാണ്. ഇതാണ് നാലഞ്ചുമാസം കഴിഞ്ഞാലുള്ള സ്ഥിതി. ഒറ്റ വഴിയേയുള്ളൂ, നികുതി പിരിക്കുക, ആ നികുതി ആരിൽനിന്ന് പിരിച്ചുവോ അവർക്ക് കൊടുക്കുക അതാണ് ഇപ്പോഴത്തെ വ്യവസ്ഥ. നിങ്ങൾക്ക് ആരെയെങ്കിലും സഹായിക്കണമെങ്കിൽ നികുതിയിളവ് കൊടുക്കാൻ സാധിക്കില്ല. ഇക്കാര്യം നമുക്ക് ആലോചിക്കാം.

ശ്രീ. പി. കെ. ബഷീർ: ബഹുമാന്യനായ കുഞ്ഞാലിക്കുട്ടി സാഹിബ് സ്വർണ്ണത്തിന് കളക്ട് ചെയ്യാത്ത നികുതി ഒഴിവാക്കുന്നതിനെക്കുറിച്ച് പറഞ്ഞപ്പോൾ അങ്ങ് കുറേ ബുദ്ധിമുട്ടും പ്രയാസവും പറഞ്ഞു. അങ്ങനെയാണെങ്കിൽ സാംസംഗ്, എൽ.ജി., വോഡഫോൺ തുടങ്ങിയ മൊബൈൽ ഫോണുകളുടെ ചാർജ്ജറിന് 14 ശതമാനം നികുതി വാങ്ങിയത്..,നികുതി വെട്ടിപ്പ് നടത്തിയതായി എ.ജി. കണ്ടെത്തിയ 15 കോടി രൂപയുടെ 2005 മുതലുള്ള കുടിശ്ശിക ഒഴിവാക്കി കൊടുത്തിരിക്കുന്നുവെന്ന് ഈ ധനകാര്യബില്ലിലെ പേജ് 37-ൽ പറയുന്നുണ്ട്. എ.ജി. കണ്ടെത്തിയ വെട്ടിപ്പ് ഒഴിവാക്കാമെങ്കിൽ കളക്ട് ചെയ്യാത്ത സാധാരണക്കാരായ സ്വർണ്ണക്കച്ചവടക്കാരുടെ നികുതി ഒഴിവാക്കാൻ സാധിക്കില്ല എന്നുപറയുന്നത് ഏത് ലോജിക്കിലാണ്.

ഡോ. ടി. എം. തോമസ് ഐസക്: ഒരു മൊബൈൽ വാങ്ങുമ്പോൾ അതിനോടൊപ്പമാണ് ചാർജ്ജറും കിട്ടുന്നത്. അല്ലാതെ പുതിയ മൊബൈൽ ചാർജ്ജറില്ലാതെ കിട്ടുമോ; മൊബൈലിന് 5 ശതമാനമാണ് നികുതി. അതിന് ആക്സസറിയായി കൂടെ ഒരു പാക്കറ്റായി കിട്ടുന്നതാണ് ചാർജ്ജർ. എന്നാൽ ഈ ചാർജ്ജർ ഒറ്റയ്ക്ക് വാങ്ങുകയാണെങ്കിൽ 14½ ശതമാനത്തിലും കടക്കും. ഇതുസംബന്ധിച്ചുള്ള തർക്കം നടന്നുകൊണ്ടിരിക്കുകയാണ്. ഇപ്പോൾ ഭേദഗതിയെന്താണ്? നിങ്ങൾ മൊബൈലിനോടൊപ്പമാണ് ചാർജ്ജർ വാങ്ങുന്നതെങ്കിൽ 5 ശതമാനമേ നികുതിയുള്ളൂ, എന്നാൽ ചാർജ്ജർ ഒറ്റയ്ക്ക് വാങ്ങുകയാണെങ്കിൽ 14½ ശതമാനമാണ് നികുതി. ശ്രീ. പി. കെ. ബഷീർ പറഞ്ഞതിന്റെയടിസ്ഥാനത്തിൽ സാംസംഗിന്റേയും എൽ.ജിയുടേയും വോഡഫോണിന്റെയും നികുതി പുനഃസ്ഥാപിക്കുകയാണ്.

കോർട്ട് ഫീ സംബന്ധിച്ച് എന്റെ ബജറ്റ് സ്പീച്ചിലുണ്ടായിരുന്നില്ല. പക്ഷേ ഉമ്മൻ ചാണ്ടി സാറിന്റെ സ്പീച്ചിലും ബില്ലിലും ഉണ്ടായിരുന്നു. ഒരു

ശതമാനമാക്കുന്നതിനോട് എനിക്ക് വ്യക്തിപരമായി വിയോജിപ്പുണ്ട്. അത് മറ്റൊന്നും കൊണ്ടല്ല, നിങ്ങൾ പറഞ്ഞതുപോലെ, നികുതി നിർണ്ണയം വെസ്റ്റ് ജഡ്ജ്മെന്റാണ്, തെളിവുകളൊന്നുമില്ലല്ലോ, ഒരു കോടിയേ അടിക്കുകയുള്ളൂ. പിന്നെ അപ്പീൽ കൊടുത്ത് കുറച്ചുകൊള്ളാനാണ് പറയുന്നത്. വ്യാപാരികളെ സംബന്ധിച്ചിടത്തോളം ഒരു കോടിയുടെ ഒരു ശതമാനമെന്നുപറയുമ്പോൾ അത് വലിയൊരു തുകയാണ്. അതുകൊണ്ട് ഞാൻ അത് എന്റെ ബജറ്റ് പ്രസംഗത്തിൽ നിന്നും മാറ്റിവച്ചു. പക്ഷേ പിന്നീടാണ് ഞാൻ മനസ്സിലാക്കുന്നത് നിങ്ങളുടെ ബില്ലിൽ അതുണ്ടായിരുന്നുവെന്ന്. അങ്ങനെയൊരു വിഭാഗം ആളുകൾക്ക് ഒരു ശതമാനം കൊടുക്കാൻ തീരുമാനിച്ചിട്ട് അതിൽനിന്നും എനിക്ക് മാറാൻ പറ്റുമോ? അതുകൊണ്ട് ഒരു ശതമാനം പുനഃസ്ഥാപിക്കുക മാത്രമേ ചെയ്തിട്ടുള്ളൂ. ഫോണും ചാർജ്ജറും ഉമ്മൻ ചാണ്ടി സാറിന്റെ ബജറ്റിലെ നിർദ്ദേശമാണ്. എന്റേയല്ല. പക്ഷേ ഞാനത് പിൻവലിച്ചു.

ജി.എസ്.ടി.യെ സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ഞാൻ സംസാരിച്ചു. നമുക്ക് സഭയിൽ ഒരു സർവ്വകക്ഷിയോഗം ചേരാം. മൂന്നാം തീയതിയാണ് അടുത്ത ജി.എസ്.ടി. കൗൺസിൽ. ഗൗരവമായ തീരുമാനങ്ങളൊന്നും ആയിട്ടില്ല. ഗൗരവമായ തീരുമാനങ്ങളിലേയ്ക്ക് പോകുകയാണ്. റേറ്റെന്താണ്; ആര് ആരിൽനിന്നും നികുതി പിരിക്കും; കോമ്പൻസേഷൻ എങ്ങനെ; യുണൈറ്റഡായിട്ടുള്ള ഒരു സ്റ്റാന്റേടുക്കാൻ എങ്ങനെ കഴിയും? അഭിപ്രായവ്യത്യാസമുണ്ടാകേണ്ട കാര്യമില്ല. ശ്രീ. പി. കെ. ബഷീറിന് മനസ്സിലാക്കാൻവേണ്ടി പറയുകയാണ്, ഇത് ബി.ജെ.പി. കൊണ്ടു വന്നതല്ല. യു.പി.എ. സർക്കാർ, ശ്രീ. ചിദംബരം കൊണ്ടുവന്നതാണിത്. ബി.ജെ.പി. സർക്കാർ സഹകരിച്ചെങ്കിൽ ഇത് പാസ്സായിപ്പോയേനെ. 2011 അവസാനം എത്തിയപ്പോഴേയ്ക്കും ബി.ജെ.പി. കാലുമാറി. അതിന്റെ ചൊരുക്ക് തീർക്കാനാണ് കോൺഗ്രസ് ബി.ജെ.പി. ഭരിച്ചപ്പോൾ 'എന്നാൽ കുറച്ചുനേരം നിൽക്ക്' എന്നുള്ള നിലപാട് സ്വീകരിച്ചത്. ഇക്കാര്യത്തിൽ നമ്മൾ തമ്മിൽ അഭിപ്രായ വ്യത്യാസങ്ങൾക്ക് ഇടയില്ല. ബഹുമാനപ്പെട്ട സ്പീക്കർ നിശ്ചയിക്കുന്ന ദിവസം സർവ്വകക്ഷിയോഗം വിളിക്കാം. സൗകര്യം നോക്കി ചെയ്യാം. ഇതുസംബന്ധിച്ച ക്ലാസ്സൊന്നുമല്ല. പ്രോബ്ലംസ് ഐഡന്റിഫൈ ചെയ്യാം. അതിന്റെ അടിസ്ഥാനത്തിൽ പൊതുചർച്ച നടത്താം.

ശ്രീ. വി. ഡി. സതീശൻ: സർ, ചോദ്യോത്തര വേളയിൽ അങ്ങയോട് അങ്ങനെയൊരു നിർദ്ദേശം വച്ചിരുന്നു. കാരണം സംസ്ഥാനത്തിന്റേതായ പൊതുവായ പല കാര്യങ്ങളും കേന്ദ്രഗവൺമെന്റുമായി ചർച്ച നടത്തേണ്ടതുണ്ട്. പ്രത്യേകിച്ച് ടാക്സ് സീലിംഗിന്റെ ശതമാനമടക്കമുള്ള കാര്യത്തിൽ സമന്വയത്തോടെ സംസാരിക്കുന്നതാണ് നല്ലതെന്ന് പറഞ്ഞു. മീറ്റിംഗ് വയ്ക്കുമ്പോൾ സംസ്ഥാന ഗവൺമെന്റിന്റെ അഭിപ്രായം

പ്രത്യേകം പ്രകടിപ്പിക്കേണ്ടതുണ്ട് എന്നുള്ളതിന്റെ അജണ്ട വച്ച് ഒരു സർവ്വകക്ഷി യോഗം ചേരുന്നതാണ് നല്ലത്. അതാണ് അങ്ങയോട് നിർദ്ദേശിച്ചത്.

ഡോ. ടി. എം. തോമസ് ഐസക്: സർ, അക്കാര്യം വളരെ ആവശ്യമായതാണ്. കാരണം ജി.എസ്.ടി. കൗൺസിലിൽ ബി.ജെ.പി.ക്ക് ഭൂരിപക്ഷമില്ല. 19 സംസ്ഥാനങ്ങൾ കൂടി ലഭിച്ചാൽ മാത്രമേ ഭൂരിപക്ഷമുണ്ടാകുകയുള്ളൂ. ഇപ്പുറത്തും ഭൂരിപക്ഷമില്ല. Situation ആകും. കോൺഗ്രസ്സും ബാക്കിയെല്ലാവരും ഒരു നിലപാട് സ്വീകരിച്ച് നിന്നിരുന്നുവെങ്കിൽ സംസ്ഥാനങ്ങൾക്ക് അനുകൂലമായ ചില തീരുമാനങ്ങളിലേയ്ക്കും ചില തീർപ്പുകളിലേയ്ക്കും പോകാൻ പറ്റും. ഇപ്പോൾ ജി.എസ്.ടി. നടപ്പാക്കാനുള്ള പ്രിപ്പറേഷൻസ് എല്ലാം നമ്മൾ ഇവിടെ ആരംഭിച്ചിട്ടുണ്ട്. ഇനിയും ഒന്നുരണ്ട് പ്രസംഗങ്ങൾ കൂടിയുണ്ട്. ആ സന്ദർഭത്തിൽ ഇതിനെക്കുറിച്ച് സംസാരിക്കാം.

ക്ഷേമനിധിയെക്കുറിച്ച് പറയുകയുണ്ടായി. ക്ഷേമനിധിയുടെ പ്രവർത്തനം ഊർജ്ജിതപ്പെടുത്താം. അല്പം കാലതാമസം വന്നിട്ടുണ്ട്. അത് എത്രയും പെട്ടെന്ന് പരിഹരിക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്. ബാക്കിയുള്ള കാര്യങ്ങൾ....

ശ്രീ. സണ്ണി ജോസഫ്: സർ, ധനകാര്യ വകുപ്പുമന്ത്രി മറുപടി പറഞ്ഞു തുടങ്ങിയപ്പോൾ കോർട്ട് ഫീ ആന്റ് സ്യൂട്ട് വാല്യുവേഷൻ ആക്ടിലെ വർദ്ധനവിനെ കുറിച്ച് സംസാരിക്കാൻ തുടങ്ങി. പിന്നീടത് മറന്നുപോയി. അതിലെ ഒരു ശതമാനം എന്നുള്ളത് അഞ്ചുശതമാനമാക്കി വർദ്ധിപ്പിക്കുമോ? കെ. എം. മാണി സാറിന്റെ പ്രസംഗത്തിൽ അത് ചൂണ്ടിക്കാണിച്ചതാണ്.

ഡോ. ടി. എം. തോമസ് ഐസക്: സർ, ഇല്ല. ഒരു ശതമാനം തന്നെയാണ് ഇപ്പോഴുമുള്ളത്. നേരത്തേ ബാധകമല്ലാതിരുന്ന ചില കാര്യങ്ങൾക്കുകൂടി ഇത് ബാധകമാക്കുക മാത്രമേ ചെയ്തിട്ടുള്ളൂ. വർദ്ധിപ്പിച്ചിട്ടില്ല. വേണമെങ്കിൽ സബ്ജക്ട് കമ്മിറ്റിയിൽ ഇക്കാര്യം പരിശോധിക്കാം. ഇതുസംബന്ധിച്ചൊക്കെ സർക്കാർ വളരെ ഓപ്പൺ മൈൻഡാണ്. നിലപാട് ഇല്ലാത്തതുകൊണ്ടല്ല, തുറന്ന മനസ്സാണ്. നിലപാടും അടഞ്ഞ മനസ്സുമായി പോകാൻ ഉദ്ദേശിക്കുന്നില്ല. നിലപാടും തുറന്ന മനസ്സുമായിട്ട് പോകാനാണ് ഉദ്ദേശിക്കുന്നത്. ഇക്കാര്യങ്ങൾ സബ്ജക്ട് കമ്മിറ്റിയിൽ ചർച്ചചെയ്ത് വേണ്ട ഭേദഗതി വരുത്തി വീണ്ടും സഭയിൽ കൊണ്ടുവരാം.

മി. സ്പീക്കർ: ശ്രീ. വി. അബ്ദുറഹിമാൻ, അങ്ങയുടെ 1 (എ) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. വി. അബ്ദുറഹിമാൻ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. വി. അബ്ദുറഹിമാൻ അവതരിപ്പിച്ച 1 (എ) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. സി. ജോസഫ് അങ്ങയുടെ 2 (ബി) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. സി. ജോസഫ്: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. കെ.സി. ജോസഫ് അവതരിപ്പിച്ച 2(ബി) നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

2016-ലെ കേരള ധനകാര്യ ബിൽ മരാമത്തും ഗതാഗതവും വാർത്താ വിനിമയവും സംബന്ധിച്ച V-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയും ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച XIV-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയും ചേർന്ന് സംയുക്തമായി പരിഗണിക്കുന്നതിന് സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച VIII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ..........

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ...........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

## X ചട്ടം 205 (ബി) പ്രകാരമുള്ള ചർച്ച

### ഭരണ നവീകരണ പരിപാടി സംബന്ധിച്ച എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ പതിനാറാമത് റിപ്പോർട്ട്

മി. സ്പീക്കർ: ഇനി ചട്ടം 205 ബി പ്രകാരമുള്ള നോട്ടീസിന്മേലുള്ള ചർച്ചയാണ്. ഒരുപക്ഷേ ഏറെക്കാലത്തിനുശേഷമായിരിക്കും ഇങ്ങനെയൊരു ചർച്ച നമ്മൾ നടത്തുന്നത്. നിയമസഭാ സമിതിയുടെ റിപ്പോർട്ടുമായി ബന്ധപ്പെട്ട ചർച്ചയാണ്. ഒരു മണിക്കൂറാണ് ചർച്ചയുടെ സമയം. എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ പതിനാറാമത് റിപ്പോർട്ടിന്മേൽ ശ്രീ. കെ. സി. ജോസഫ് നൽകിയ നോട്ടീസിന്മേലുള്ള ചർച്ചയാണ്. ശ്രീ. കെ. സി. ജോസഫിന് ചർച്ച ആരംഭിച്ചുകൊണ്ട് സംസാരിക്കാവുന്നതാണ്.

ശ്രീ. കെ. സി. ജോസഫ്: സർ, അങ്ങ് ചൂണ്ടിക്കാണിച്ചതുപോലെ 31-3-2010-ലാണ് നിയമസഭാചട്ടങ്ങളിൽ 205 ബി എന്ന വകുപ്പ് ഉൾക്കൊള്ളിച്ചത്. നിയമസഭാ സമിതികളുടെ റിപ്പോർട്ടുകൾ ആഴ്ചയിൽ ഒരു തവണ ഒരു മണിക്കൂർ ചർച്ചചെയ്യാൻ വ്യവസ്ഥയുണ്ടെങ്കിലും ആദ്യമായിട്ടാണ് ഈ സഭ ഒരു റിപ്പോർട്ട് ചർച്ചചെയ്യുന്നത്. അതിന് അവസരമുണ്ടാക്കിയ ബഹുമാന്യനായ സ്പീക്കറോട് ആദ്യമായി ഞാൻ നന്ദി അറിയിക്കുകയാണ്. നമ്മുടെ നിയമസഭാ സമിതികളുടെ റിപ്പോർട്ടുകൾ ഒന്നും പുറംലോകം കാണാറില്ല. ഓരോ സമിതികളും പല സ്ഥലങ്ങളിലും

പോയി പഠിച്ച് സമഗ്രമായ റിപ്പോർട്ടാണ് സമർപ്പിക്കുന്നത്. എന്നാൽ അത് പരിഗണിക്കപ്പെടാതെ, ഫോളോ അപ്പ് ആക്ഷനില്ലാതെ, ആക്ഷൻ ടേക്കൺ ഇല്ലാതെ മുമ്പോട്ടുപോകുന്ന അവസരത്തിലാണ് ശ്രീ. വി. ഡി. സതീശൻ ചെയർമാനായ എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ പതിനാറാമത് റിപ്പോർട്ട് സഭയിൽ ചർച്ചചെയ്യാൻ ആദ്യമായി അങ്ങ് അവസരമുണ്ടാക്കിയത്. ഭരണ നവീകരണ പരിപാടിയെപ്പറ്റിയാണ് റിപ്പോർട്ട് സമർപ്പിച്ചിരിക്കുന്നത്. എസ്റ്റിമേറ്റ്സ് കമ്മിറ്റി വളരെ സമഗ്രമായി ഇക്കാര്യം പഠിച്ചു. അതിന്റെയടിസ്ഥാനത്തിൽ ഏതാണ്ട് 15 വകുപ്പുകളിൽ വരുത്തേണ്ട കാതലായ മാറ്റങ്ങളുമായി ബന്ധപ്പെട്ട 27 ശിപാർശകൾ ഈ സമിതി സമർപ്പിക്കുകയുണ്ടായി. പക്ഷേ എനിക്ക് ആദ്യമായി ചൂണ്ടിക്കാണിക്കാനുള്ളത് ചട്ടത്തിൽ വ്യവസ്ഥയുള്ളതുപോലെ തന്നെ ഈ റിപ്പോർട്ടിന്റെ ആക്ഷൻ ടേക്കൺ കൂടി എത്രയുംവേഗം സമർപ്പിക്കുന്നതിനുള്ള നിർദ്ദേശം കൊടുക്കണം എന്നാണ്. ഭരണ നവീകരണ പരിപാടി 2002-ൽ ആരംഭിച്ച് 2008-ൽ അവസാനിച്ചു. എ.ഡി.ബി.യുടെ സഹായത്തോടെയാണ് അതാരംഭിച്ചത്. അന്ന് എ.ഡി.ബി. 200 ദശലക്ഷം ഡോളറാണ് കേരളത്തിന് നൽകിയത്. കേന്ദ്രഗവൺമെന്റിൽ നിന്നും 25 ദശലക്ഷം ഡോളർ സഹായം ലഭിച്ചു. നെതർലാന്റ്സിൽനിന്നും 25 ദശലക്ഷം ഡോളർ സഹായം ലഭിച്ചു. അങ്ങനെ ഏതാണ്ട് 250 ദശലക്ഷം ഡോളറാണ് ഈ പദ്ധതിക്കുവേണ്ടി അനുവദിച്ചുകിട്ടിയത്. 1548.5 കോടി രൂപയാണ് മൊത്തം അനുവദിച്ചുകിട്ടിയ തുക. പക്ഷേ നിർഭാഗ്യമെന്നുപറയട്ടെ, ഉദ്ദേശിച്ചതുപോലെ ആവശ്യമായ ഒരു നവീകരണവും ഭരണത്തിൽ വരുത്താൻ സാധിച്ചില്ല. 2002 മുതൽ 2008 വരെ നമ്മൾ രണ്ടുകൂട്ടരും ഭരിച്ചതാണ്. നിങ്ങളും ഭരണകക്ഷിയായിരുന്നു, ഞങ്ങളും ഭരണകക്ഷിയായിരുന്നു. ആവശ്യമായ സാമ്പത്തികസഹായം ലഭ്യമായിട്ടു പോലും ഭരണനവീകരണത്തിന്റെ കാതലായ മേഖലയിലേയ്ക്ക് കടക്കാൻ കഴിഞ്ഞില്ല എന്നതാണ് ഏറ്റവും ദുഃഖകരമായ അവസ്ഥ. ഇവിടെ ലഭിച്ച സംഖ്യയിൽ 536 കോടിരൂപ മാത്രമാണ് എം.ജി.പി.ക്കുവേണ്ടി മാറ്റിവച്ചത്. ബാക്കി 756 കോടിരൂപ ഊർജ്ജ വകുപ്പിന് കൊടുത്തു. 12 കോടിരൂപ അഴീക്കൽ പോർട്ടിന് കൊടുത്തു. മതിയായ സൗകര്യങ്ങളും സാമ്പത്തിക പിൻബലവുമുണ്ടായിട്ടും ഭരണ നവീകരണ ത്തിനാവശ്യമായ സംവിധാനങ്ങൾ ഉണ്ടാക്കാൻ കഴിയാതെ പോയത് വളരെയേറെ നിർഭാഗ്യകരമാണ്. 1957-ൽ സംസ്ഥാനത്തെ ആദ്യത്തെ മുഖ്യമന്ത്രി ഇ.എം. ശങ്കരൻ നമ്പൂതിരിപ്പാട് ചെയർമാനായ ഒന്നാമത്തെ ഭരണ പരിഷ്കാര കമ്മീഷൻ റിപ്പോർട്ട് 1958-ലാണ് ഗവൺമെന്റിന് സമർപ്പിച്ചത്. അന്ന് വിദ്യാഭ്യാസ വകുപ്പുമന്ത്രിയായിരുന്ന ജോസഫ് മുണ്ടശ്ശേരി അടക്കം 7 പേർ കമ്മീഷനിൽ അംഗങ്ങളായിരുന്നു. അത് കേരളത്തിന്റെ ആദ്യ ഗവൺമെന്റാണ്. പുതിയ സംസ്ഥാനം ഉണ്ടായ അവസരത്തിൽ കേരളത്തിന്റെ ഭരണ നവീകരണം സംബന്ധിച്ച് ഒരു ദിശാബോധം കൊടുക്കാനും സെക്രട്ടേറിയറ്റിന്റെയും കേരളത്തിലെ ഓരോ ഡിപ്പാർട്ട്മെന്റുകളുടെയും പുനഃസംഘടനയെ സംബന്ധിച്ചുമെല്ലാം ഇ.എം.എസ്. സമർപ്പിച്ച റിപ്പോർട്ടിലുണ്ടായിരുന്നു. ഇപ്പോഴും ആ റിപ്പോർട്ടിലെ പല കാര്യങ്ങളും

നടപ്പിലാക്കാൻ സാധിച്ചിട്ടില്ല. കാലം മാറി. സെക്രട്ടേറിയറ്റിന്റെ ഭരണനവീകരണം, ഗവൺമെന്റുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളിലും കേരളം പിൻതുടരേണ്ട കാതലായ ശിപാർശകൾ ഇവയെല്ലാം ആ റിപ്പോർട്ടിലുണ്ടായിരുന്നു. ചിലത് നടപ്പിലാക്കി, ചിലത് മാറ്റിവച്ചു. ഇന്ന് കേരളത്തിലെ കാഴ്ചപ്പാട് മാറി. 1958-ൽ ആദ്യ റിപ്പോർട്ട് വരുമ്പോൾ കേരള പോലീസിൽ ഒരു ഐ.ജി.യും രണ്ട് അഡീഷണൽ ഐ.ജി.മാരും മാത്രമേയുണ്ടായിരുന്നുള്ളൂ. ഇന്ന് ഡി.ജി.പി.മാർ തന്നെ ആറോ ഏഴോ ആയി. അതുപോലെ തന്നെ അഡീഷണൽ ഡി.ജി.പി., ഐ.ജി. തുടങ്ങിയവരുടെ എണ്ണവും വർദ്ധിച്ചു. ചീഫ് സെക്രട്ടറി അന്ന് ഒന്നേയുള്ളൂ. ഇന്ന് ചീഫ് സെക്രട്ടറി റാങ്കിൽ മൂന്നോ നാലോ അഡീഷണൽ ചീഫ് സെക്രട്ടറിമാരുണ്ട്. ഭരണത്തിന്റെ വ്യാപ്തി കൂടി, ഭരണത്തിന്റെ റെയ്ഞ്ച് മാറി. കാഴ്ചപ്പാടിനനുസരിച്ച് സമഗ്രമായ മാറ്റങ്ങൾ വരുത്താൻ ഇനിയും വൈകിക്കൂടാ. അധികാരത്തിലേറിയ ഗവൺമെന്റിന്റെ ആദ്യദിവസങ്ങളാണ്. ഗവൺമെന്റിന്റെ മുൻഗണനയിൽ ഈ കാര്യങ്ങൾ വരണം. ഇന്ന് നമ്മുടെ വോള്യം ഓഫ് വർക്ക് മാറി. ഗവൺമെന്റിനെപ്പറ്റിയുള്ള നമ്മുടെ കാഴ്ചപ്പാട് മാറി. ആ കാഴ്ചപ്പാടിനനുസരിച്ച് ആവശ്യമായ മാറ്റങ്ങൾ ഉണ്ടാക്കാൻ സാധിക്കണം. ഒന്നാം കമ്മീഷനുശേഷം രണ്ടാമത് വെള്ളോടി കമ്മീഷൻ വന്നു. ഇപ്പോൾ വേറൊരു കമ്മീഷനുണ്ടായി. അതിന്റെ ചെയർമാൻ ശ്രീ. വി. എസ്. അച്ചുതാനന്ദൻ ആണ്. ആ കമ്മീഷൻ റിപ്പോർട്ടിന്റെ ടേംസ് ഓഫ് റഫറൻസ് എന്റെ കയ്യിലുണ്ട്. ഈ കമ്മീഷൻ രൂപീകരിച്ചത് എന്തടിസ്ഥാനത്തിലാണ്; നിങ്ങൾക്കറിയാം. പേഴ്സണൽ ആന്റ് അഡ്മിനിസ്ട്രേറ്റീവ് റിഫോംസിനു വേണ്ടിയാണ് കമ്മീഷൻ രൂപീകരിച്ചത്. ഏകദേശം 14 ചുമതലകൾ ടേംസ് ഓഫ് റഫറൻസിൽ പറഞ്ഞിട്ടുണ്ട്. To review the structure and functioning of the administrative machinery of the State and suggest measures for improving its responsiveness, efficiency and effectiveness as is required in a welfare state...... തുടങ്ങി 14 കാര്യങ്ങളോട്ടുകൂടിയ ടേംസ് ഓഫ് റഫറൻസ് ആണ്. ഈ കമ്മീഷനെ വച്ചത് ഈ ഉദ്ദേശ്യത്തിലാണോ? ഇത് ഭരണപരിഷ്കാര കമ്മീഷനല്ല. ഒരു അക്കോമഡേഷൻ കമ്മീഷൻ ആയിരുന്നുവെന്ന ഞങ്ങളുടെ വാദം തെളിയിക്കപ്പെടുകയാണ്. മുൻമുഖ്യമന്ത്രിയായ ശ്രീ. വി. എസ്. അച്ചുതാനന്ദൻ ചെയർമാനായി കമ്മീഷനെ വച്ചു. ആ കമ്മീഷൻ ചുമതലയേറ്റോ; ചില കൊച്ചുകുട്ടികൾ കളിപ്പാട്ടത്തിനുവേണ്ടി ചോദിക്കുന്നതുപോലെ സെക്രട്ടേറിയറ്റിൽ മുറി വേണം, ഐ.എം.ജി.യിൽ പോകില്ല, കവടിയാർ ഹൗസിലേ യോഗം കൂടുകയുള്ളൂ എന്നിങ്ങനെ ആവശ്യപ്പെടുകയാണ്. ഇനിയും ജനിച്ചുവീഴാത്ത ഒരു കുഞ്ഞായി കമ്മീഷൻ മാറിയില്ലേ; ഒരു ചാപിള്ളയായി മാറിയില്ലേ;

<u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ:</u> അങ്ങ് പറഞ്ഞ 1958-ലെ ഭരണ പരിഷ്കാര കമ്മീഷന്റെ ശിപാർശകൾ വളരെ പ്രസക്തമായിരുന്നു. അന്ന് ആ കമ്മീഷൻ നൽകിയ ശിപാർശകളിൽ പലതും ഇന്നും പ്രാവർത്തികമായിട്ടില്ല. ഉദാഹരണങ്ങൾ

പലതുമുണ്ട്. മലയാള ഭാഷ ഔദ്യോഗിക ഭാഷയായി പ്രഖ്യാപിച്ചു. ഇന്നും നമ്മുടെ വിവിധ വകുപ്പുകളിലെ പരിശോധനയിൽ അത് പൂർണ്ണമായി നടപ്പിലാക്കപ്പെട്ടിട്ടില്ലെന്ന് മനസ്സിലാകും. അന്ന് പ്രഖ്യാപിച്ചിട്ടും നടപ്പിലാക്കാത്ത കാര്യങ്ങളെ സംബന്ധിച്ചും ഭരണ നടപടികളെ സംബന്ധിച്ചും അതിന്റെ പരിഷ്കാരത്തെ സംബന്ധിച്ചും ആലോചിക്കാൻ ഒരു കമ്മീഷനെ നിയോഗിച്ചത് എങ്ങനെ തെറ്റാകും?

ശ്രീ. കെ. സി. ജോസഫ് : തെറ്റാണെന്ന് ഞാൻ പറഞ്ഞില്ല.

ശ്രീ. എസ്. ശർമ്മ: ചർച്ചയ്ക്ക് വിധേയമാക്കണമെന്ന് ഉദ്ദേശിച്ചത് എ.ഡി.ബി. വായ്പയുടെ അടിസ്ഥാനത്തിൽ നടപ്പാക്കിയ മോഡേണൈസേഷൻ ഓഫ് ഗവൺമെന്റ് പ്രോഗ്രാം സംബന്ധിച്ച് ശ്രീ. വി. ഡി. സതീശൻ ചെയർമാനായി 2014-16-ലെഎസ്റ്റിമേറ്റ്സ് കമ്മിറ്റി തയ്യാറാക്കിയ റിപ്പോർട്ടാണ്. ആ റിപ്പോർട്ടിനെ കുറിച്ചുള്ള ചർച്ചയാണ് ഉദ്ദേശിച്ചത്. അല്ലാതെ ശ്രീ. കെ. സി. ജോസഫ് ഇവിടെ പറയുന്നതുപോലെ ഒരു ഉദ്ദേശ്യം ഉണ്ടായിരുന്നില്ല.

ശ്രീ. കെ. സി. ജോസഫ്: ബഹുമാനപ്പെട്ട എസ്. ശർമ്മ, ഇവിടെ ഫിനാൻസ് ബില്ലിന്റെ ചർച്ചയിൽ പറഞ്ഞതെന്താണ്; അങ്ങയുടെ മുമ്പിൽ ഇരിക്കുന്ന മുൻമുഖ്യമന്ത്രി എന്താണ് പറഞ്ഞത്. അത് കേട്ടല്ലോ; ധനകാര്യ ബില്ലിന്റെ ചർച്ചയിൽ ആ ബില്ലുമായി പുലബന്ധം പോലുമില്ലാത്ത കാര്യങ്ങൾ പറഞ്ഞില്ലേ; അപ്പോൾ ഇതും കേൾക്കേണ്ടിവരും.

മി. സ്പീക്കർ: ബഹുമാന്യനായ കെ. സി. ജോസഫ്, ചെയർ അങ്ങയുടെ പ്രസംഗത്തിൽ ഇടപെടുകയല്ല. അങ്ങ് ആഗ്രഹിക്കുന്നത് മാത്രമേ അങ്ങേയ്ക്ക് പറയാൻ സാധിക്കൂ. അതിൽ ചെയർ എന്നുള്ള നിലയ്ക്ക് ഇടപെടുന്നില്ല. പക്ഷേ, നമ്മുടെ നിയമസഭയിലെ ഇരുവിഭാഗത്തുനിന്നുമുള്ള ബഹുമാന്യരായ അംഗങ്ങൾ ഭരണ നവീകരണവുമായി ബന്ധപ്പെട്ട് പഠനം നടത്തി തയ്യാറാക്കിയ റിപ്പോർട്ടിനെ സംബന്ധിച്ചാണ് ചർച്ചനടത്തുന്നത്. ആ ചർച്ചയിൽ കഴിയുമെങ്കിൽ രാഷ്ട്രീയ തർക്കങ്ങൾ ഒഴിവാക്കുന്നതായിരിക്കും നല്ലതെന്നാണ് എനിക്ക് തോന്നുന്നത്.

ശ്രീ. കെ. സി. ജോസഫ്: രാഷ്ട്രീയ തർക്കങ്ങളല്ല. ഭരണ നവീകരണം ഭരണ പരിഷ്കാരത്തിന് അവിഭാജ്യമായ ഘടകമാണ്.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): നമ്മുടെ രാജ്യത്ത് നിരവധി ഭരണ പരിഷ്കാര കമ്മീഷനുകൾ ഉണ്ടായിട്ടുണ്ട്. നമ്മളുടേത് ഒരു ഫെഡറേഷൻ ഓഫ് സ്റ്റേറ്റ്സ് ആണ്. കേന്ദ്രത്തിൽ ഒരു ഗവൺമെന്റും സംസ്ഥാനങ്ങളിൽ മറ്റ് ഗവൺമെന്റുകളും. കേന്ദ്ര ഗവൺമെന്റുതന്നെ ധാരാളം ഭരണ പരിഷ്കാര കമ്മീഷനുകളെ വച്ചിട്ടുണ്ട്. ഏറ്റവും ലേറ്റസ്റ്റായി വന്നത് ശ്രീ. വീരപ്പമൊയ്‌ലി ചെയർമാനായുള്ള ഭരണ പരിഷ്കാര കമ്മീഷനാണ്. ഏറ്റവും നല്ല റിപ്പോർട്ടാണ് ആ ഭരണ പരിഷ്കാര

കമ്മീഷൻ ഗവൺമെന്റിന് സമർപ്പിച്ചിട്ടുള്ളത്. സംസ്ഥാനങ്ങളിലുണ്ടാകുന്ന ഭരണ പരിഷ്കാര കമ്മീഷന്റെയും കേന്ദ്രത്തിലുണ്ടാകുന്ന ഭരണ പരിഷ്കാര കമ്മീഷന്റെയും റിപ്പോർട്ടുകൾ താരതമ്യപഠനം നടത്തി സംസ്ഥാനങ്ങൾ നടപ്പാക്കുകയെന്നുള്ളതാണ് ഏറ്റവും ഫലപ്രദമായിട്ടുള്ളത് എന്ന് അങ്ങേയ്ക്ക് അറിയാമോ?

ശ്രീ. കെ. സി. ജോസഫ്: അത് ശരിയാണ്. ഞാൻ പറഞ്ഞത്, ഭരണ നവീകരണത്തിനുവേണ്ടിയുള്ള റിപ്പോർട്ട് ചർച്ചചെയ്യുമ്പോൾ ഇന്ന് ഗവൺമെന്റിന് മുന്നിലുള്ള വിഷയമാണ് ഭരണ പരിഷ്കാര കമ്മീഷൻ. ആ കമ്മീഷൻ രൂപീകരിച്ചത് എന്തിനുവേണ്ടിയാണ്; ഭരണ നവീകരണത്തിനുവേണ്ടിയാണ്. ആ കമ്മീഷൻ രൂപീകരിച്ചശേഷവും അതിന് പ്രവർത്തിക്കാൻ സാധിക്കുന്നില്ല. ആ കമ്മീഷൻ യോഗം ചേരുന്നില്ല. ഞാൻ ഒന്നുചോദിക്കട്ടെ, മൂന്ന് അംഗങ്ങളാണ് കമ്മീഷനിലുള്ളത്. രണ്ടുപേർ റിട്ടയേർഡ് ചീഫ് സെക്രട്ടറിമാരാണ്. അവർ പ്രഗൽഭരാണ്. എന്നാൽ സേവനാവകാശനിയമം പാസ്സാക്കി ഗവൺമെന്റിന്റെ ചുമതലകൾ വർദ്ധിച്ച ഇന്നത്തെ കാലഘട്ടത്തിനനുസരിച്ച് ജനങ്ങൾക്ക് ആവശ്യമായ സേവനം നിശ്ചിതസമയത്തിനുള്ളിൽ നൽകുവാൻ ഇപ്പോൾ നിയമിച്ച കമ്മീഷന് സാധിക്കുമോ; ഭരണ നവീകരണത്തിന്റെ അവിഭാജ്യ ഘടകമാണ് ഭരണ പരിഷ്കാരം. അങ്ങനെ വരുമ്പോൾ പുതിയ ശാസ്ത്ര - സാങ്കേതിക മേഖലയിലെ മാറ്റങ്ങൾക്കനുസരിച്ച് ഭരണത്തിന്റെ സൗകര്യങ്ങളും സേവനാവകാശ നിയമങ്ങളും ലഭ്യമാക്കുന്ന തരത്തിലുള്ള മാറ്റങ്ങളുണ്ടാക്കാൻ സാധിക്കണം. ആ മാറ്റങ്ങൾക്കുള്ള വേദിയായി ഭരണ പരിഷ്കാര കമ്മീഷൻ മാറിയില്ലെങ്കിൽ സംഭവിക്കാൻ പോകുന്നത് അഞ്ചുകൊല്ലക്കാലം ഒരാളെ പ്രൊവൈഡ് ചെയ്യാനുള്ള ഒന്നായി കമ്മീഷൻ മാറും എന്നുള്ളതാണ്. അത് സംഭവിക്കാതിരിക്കട്ടെയെന്ന് ഞാൻ ആശംസിക്കുകയാണ്.

ശ്രീമതി യു. പ്രതിഭ ഹരി: സർ, സഭയുടെ പ്രവർത്തനം ഊർജ്ജസ്വലമാക്കുന്നതിന് ചട്ടമനുസരിച്ച് ധാരാളം നടപടിക്രമങ്ങൾ നമ്മൾ ഏറ്റെടുക്കാറുണ്ടെങ്കിലും, വിവിധ കമ്മിറ്റികൾകൂടി റിപ്പോർട്ട് സമർപ്പിക്കാറുണ്ടെങ്കിലും അതിന്മേൽ ഒരു ചർച്ച അനുവദിച്ചുവെന്നുള്ളത് വളരെയധികം പ്രതീക്ഷ നൽകുന്ന കാര്യമാണ്. ആദ്യംതന്നെ വളരെ ഹൃദ്യമായ ഒരു നന്ദി അങ്ങേയ്ക്ക് രേഖപ്പെടുത്തുകയാണ്. ഇവിടെ ബഹുമാന്യനായ കെ. സി. ജോസഫ് വളരെ വ്യക്തമായിത്തന്നെ അദ്ദേഹത്തിന്റെ പ്രസംഗത്തിൽ, ആഴ്ചയിൽ ഒരു മണിക്കൂർ ചർച്ചചെയ്യേണ്ട വിഷയം, നിയമസഭാ സമിതിയുടെ റിപ്പോർട്ട് വെളിച്ചം കാണുന്നില്ല തുടങ്ങിയ കാര്യങ്ങൾ പരാമർശിക്കുകയുണ്ടായി. 536 കോടി രൂപ എം.ജി.പി.ക്ക് ചെലവഴിച്ചതിനെ സംബന്ധിച്ച് ഇവിടെ പറയുകയുണ്ടായി. അത്രയുമൊക്കെ പറഞ്ഞ് വളരെ പോസിറ്റീവായ ചർച്ചയിലേയ്ക്കാണ് വന്നത്. വളരെ എക്സ്പീരിയൻസുള്ള അങ്ങ് നല്ലൊരു ഭരണ നവീകരണ ചർച്ചയിലേയ്ക്കായിരിക്കും വരുന്നതെന്നാണ് ഞാൻ വിചാരിച്ചത്. പക്ഷെ അതിലും

രാഷ്ട്രീയത്തിന്റെ ചെറിയ ചുവ നൽകിക്കൊണ്ടുള്ള സംസാരമാണ് നടന്നതെന്ന് മനസ്സിലായി. ഭരണ-പ്രതിപക്ഷ അംഗങ്ങളെല്ലാവരും ചേരുമ്പോൾ മാത്രമാണ് സംസ്ഥാനത്തിന്റെ ആരോഗ്യപരമായ വികസനത്തിന് നേതൃത്വം നൽകാൻ കഴിയുന്നത്. എപ്പോൾ ഞങ്ങൾ ഇവിടെനിന്ന് എഴുന്നേറ്റാലും പ്രതിപക്ഷത്തെ നോക്കി കുറ്റപ്പെടുത്തുന്ന ഒരു സമീപനമാണ് സ്വീകരിക്കുന്നതെന്ന് പലപ്പോഴും അപ്പുറത്തുനിന്നും ഉയർന്നു കേൾക്കാറുണ്ട്. ഉള്ളതുപറയുമ്പോൾ അത് കുറ്റമാണെന്ന് എന്തിനാണ് നിങ്ങൾക്ക് തോന്നുന്നത്. ഉള്ള കാര്യങ്ങളല്ലേ പറയുന്നത്. കഴിഞ്ഞ അഞ്ച് വർഷക്കാലം നിങ്ങൾ ഇവിടെ നടപ്പാക്കിയ ഭരണത്തെ സ്വാഭാവികമായും വിലയിരുത്തുക എന്ന ഒരു പ്രതിഭാസമാണ് ഞങ്ങൾ ചെയ്യുന്നത്. ഇപ്പോൾ നടക്കുന്ന ഭരണത്തെ തീർച്ചയായും പ്രതിപക്ഷാംഗങ്ങൾക്കും വിലയിരുത്താവുന്നതാണ്. സഭയുടെ പ്രവർത്തനം കൂടുതൽ ഊർജ്ജസ്വലമാക്കുന്നതിനുവേണ്ടി ഭരണ നവീകരണ പ്രവർത്തനങ്ങൾ ബഹുമാന്യനായ കേരള മുഖ്യമന്ത്രി ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിൽ നടപ്പായിത്തുടങ്ങിയിട്ടുണ്ട്. പോസിറ്റീവായ മാറ്റങ്ങൾ എന്തുകൊണ്ട് പ്രതിപക്ഷം കാണുന്നില്ലായെന്ന് അതിശയോക്തിയോടുകൂടിത്തന്നെ ഞാൻ നിങ്ങളോട് ചോദിക്കുകയാണ്. എന്തുകൊണ്ടാണ് നിങ്ങൾക്കത് കാണാൻ കഴിയാത്തത്; മന്ത്രിമാരെല്ലാവരും ആഴ്ചയിൽ അഞ്ചുദിവസം സെക്രട്ടേറിയറ്റിൽ ഉണ്ടാകണമെന്ന കർശന നിർദ്ദേശം നൽകിയത് പ്രകടമായ മാറ്റമല്ലേ; നമ്മുടെ ബഹുമാന്യനായ മുഖ്യമന്ത്രിയുടെ ഒരു സ്റ്റേറ്റ്മെന്റ് ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങളെല്ലാവരും വായിച്ചുകാണുമെന്ന് ഞാൻ കരുതുന്നു. മുഖ്യമന്ത്രിയായി ചുമതലയേറ്റ ഉടൻതന്നെ കേരളത്തിലെ ജനങ്ങളെയും ഉദ്യോഗസ്ഥരെയും അഭിസംബോധന ചെയ്തുകൊണ്ട് അദ്ദേഹം പറഞ്ഞത് ഓരോ ഫയലും ഓരോ ജീവിതമാണെന്നാണ്. അതാണ് ഭരണ നവീകരണം. കോടിക്കണക്കിനുരൂപ ചെലവഴിച്ചുകൊണ്ട് കുറെ കെട്ടിടങ്ങൾ ഉണ്ടാക്കിയെടുക്കുക, കുറെ പദ്ധതികൾ പ്രഖ്യാപിക്കുക, കുറെ ഉദ്ഘാടന മാമാങ്കങ്ങൾ നടത്തുക ഇതൊന്നുമല്ല മാറ്റങ്ങളെന്നു പറയുന്നത്. ചില ആശയങ്ങൾ കൊണ്ടുതന്നെ നമുക്ക് ചില മാതൃകകൾ സൃഷ്ടിക്കാൻ കഴിയാറുണ്ട്. എല്ലാവരുടെയും മനസ്സിലേയ്ക്ക് ചില ആശയങ്ങൾ പ്രദാനം ചെയ്തുകൊടുക്കുന്നതുതന്നെ ഒരു ഭരണ നവീകരണമാണ്. നമുക്ക് ജാതിയില്ലായെന്ന ശ്രീനാരായണ ഗുരുവിന്റെ ദർശനം എത്ര ധൈര്യത്തോടുകൂടിയാണ് ജനത സ്വീകരിച്ചത്. ഞങ്ങൾ ഉയർത്തിയ ഒരു മുദ്രാവാക്യമുണ്ട്, 'അഴിമതിമുക്ത മതനിരപേക്ഷ വികസിത കേരളം' എന്ന മുദ്രാവാക്യം. ഇടതുപക്ഷത്തിന്റെ തെരഞ്ഞെടുപ്പ് പ്രകടനപത്രികയിൽത്തന്നെ പറഞ്ഞിട്ടുണ്ട്. എത്ര നല്ല മുദ്രാവാക്യമാണ്. ഈ നാട്ടിലെ എല്ലാവർക്കും സമാധാനമായി ജീവിക്കാൻ കഴിയുന്ന സാഹചര്യം ഉണ്ടാക്കുമെന്നുപറഞ്ഞുകൊണ്ടാണ് ഇടതുപക്ഷം അധികാരത്തിലേയ്ക്ക് വന്നത്. അതിന്റെ ഏറ്റവും വലിയ ഉദാഹരണമാണ് നമുക്ക് ജാതിയില്ലായെന്ന് ശ്രീനാരായണ ഗുരുദേവൻ 1916-ൽ പ്രബുദ്ധകേരളം മാസികയിൽ

പറഞ്ഞതിന്റെ 100-ാം വാർഷികം സമുചിതമായി എല്ലാ സ്ഥലങ്ങളിലും ആഘോഷിച്ചത്. അതിലൂടെ സാംസ്കാരികമായ ഒരു മുന്നേറ്റത്തിനുകൂടി നമ്മൾ വഴി തെളിച്ചു കൊടുക്കുകയാണ്. അതൊരു മാറ്റമാണ്. ഭരണത്തിൽ വരുന്നവർ കേവലമായ പദ്ധതിപ്രവർത്തനത്തിൽ മാത്രമല്ല ആശയത്തിന്റെ വലിയ പ്രചരണംകൂടി നടത്തുന്നുവെന്നുള്ളത് വളരെ പോസിറ്റീവായ കാര്യമാണ്. അത് ബഹുമാന്യരായ പ്രതിപക്ഷാംഗങ്ങൾ കാണേണ്ടതാണ്. ഒരു ഫയൽ ഒരു ജീവിതമാണെന്ന ബോധ്യത്തോടുകൂടി നിങ്ങൾ പ്രവർത്തിക്കണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു. അത് പറയുന്നതിന് ഒരുപാട് പണം ചെലവഴിക്കേണ്ട കാര്യമില്ല. വളരെ വ്യക്തമായി പറഞ്ഞ കാര്യമാണ്. അദ്ദേഹം പറഞ്ഞ ഒരു കാര്യം നമ്മൾ ഇവിടെ ചർച്ച ചെയ്യേണ്ടതാണ്.

<u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ:</u> ഭരണ പരിഷ്കാരവുമായി ബന്ധപ്പെട്ട് സംസാരിക്കുമ്പോൾ നമ്മുടെ സെക്രട്ടേറിയറ്റിനകത്തെ ഫയൽ സിസ്റ്റത്തിൽ നവീകരിക്കേണ്ട ഒട്ടേറെ പ്രശ്നങ്ങളുണ്ടെന്നാണ് ഒരു അംഗമെന്ന നിലയിൽ എനിക്ക് തോന്നിയിട്ടുള്ളത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചൂണ്ടിക്കാണിച്ചതുപോലെ ഒരു ഫയൽ എന്നുപറയുന്നത് ഒരു മനുഷ്യന്റെ ജീവിതമാണ്. സെക്രട്ടേറിയറ്റിലും ഡയറക്ടറേറ്റിലും അയയ്ക്കുന്ന ഫയലുകൾ മാസങ്ങളോളം അങ്ങോട്ടുമിങ്ങോട്ടും തട്ടിക്കൊണ്ടുപോകുന്ന അവസ്ഥയ്ക്ക് പരിഹാരം കാണേണ്ട കാര്യങ്ങളല്ലേ ഈ ചർച്ചയിലൂടെ പ്രധാനമായും കൊണ്ടുവരേണ്ടത്.

<u>ശ്രീമതി യു. പ്രതിഭ ഹരി</u>: സർ, തീർച്ചയായിട്ടും അതു തന്നെയാണ് വേണ്ടത്. അദ്ദേഹം പറഞ്ഞ പ്രധാനപ്പെട്ടതും പ്രസക്തവുമായ ഒരു സ്റ്റേറ്റ്മെന്റ് ഞാനിവിടെ വായിക്കാൻ ആഗ്രഹിക്കുകയാണ്. മാന്യമായ നമ്മുടെ പെരുമാറ്റംപോലും ഒരു സംസ്കാരമാണെന്നാണ് അദ്ദേഹം പറഞ്ഞത്. ഒരു ആശുപത്രിയിലേയ്ക്കോ സർക്കാർ സ്ഥാപനത്തിലേക്ക് കടന്നുചെല്ലുമ്പോൾ ഒരു സാധാരണക്കാരന് സാമാന്യമായി കിട്ടേണ്ട ന്യായമായ കാര്യമാണെങ്കിലും നമുക്ക് ചെയ്യാൻ കഴിയാത്ത കാര്യമാണെങ്കിൽ പോലും അക്കാര്യം പുഞ്ചിരിച്ചുകൊണ്ട് അവരെ പറഞ്ഞ് ബോധ്യപ്പെടുത്താൻ കഴിയണം. മാന്യമായ പെരുമാറ്റംപോലും ഒരു സംസ്കാരമാണെന്ന് കേരളത്തിലെ ഉദ്യോഗസ്ഥരോട് പറഞ്ഞുകൊണ്ടാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി അദ്ദേഹത്തിന്റെ പ്രവർത്തനം തുടങ്ങിയത്. അതുതന്നെ ഒരു നവീകരണമാണ്. അതുകൊണ്ടാണ് നവകേരളത്തിന്റെ ശിൽപ്പിയാണ് കേരളത്തിന്റെ മുഖ്യമന്ത്രിയെന്ന് ഞങ്ങൾ അഭിമാനത്തോടുകൂടി പല ആവർത്തി പറയുന്നത്. അതുകേട്ട് പലപ്പോഴും പ്രതിപക്ഷത്തിരിക്കുന്നവർ ചില അസ്വസ്ഥതകളൊക്കെ പ്രകടിപ്പിക്കാറുണ്ടെങ്കിലും വസ്തുത നിങ്ങൾ ഉൾക്കൊള്ളണമെന്ന് വളരെ സ്നേഹപൂർവ്വം അഭ്യർത്ഥിക്കാൻകൂടി ഈ അവസരം ഉപയോഗിക്കുകയാണ്.

ഇവിടെ ഭരണനവീകരണ പരിപാടികളുടെ ഭാഗമായി കുറേ പ്രൊപ്പോസലുകൾ വന്നിട്ടുണ്ട്. അതിൽ ചില കാര്യങ്ങൾ ഈ കമ്മിറ്റിതന്നെ കണ്ടുപിടിച്ചിട്ടുണ്ട്. സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ യോഗം ചേരുമ്പോൾ 16 വർഷത്തിനുമുൻപുള്ള കാര്യംവരെ ഞങ്ങൾ അതിൽ ചർച്ചചെയ്യുന്നു. ബഹുമാന്യയായ ശ്രീമതി പി. അയിഷാ പോറ്റി ചെയർമാനായിട്ടുള്ള ആ കമ്മിറ്റിയിൽ ഏതോ ഒരവസരത്തിൽ ആദിവാസി കുട്ടികൾക്ക് വസ്ത്രം ഇല്ലാതിരുന്ന കാര്യത്തെ സംബന്ധിച്ച് ചർച്ചവന്നു. 16 വർഷം മുൻപുള്ള കാര്യമാണ് ഇപ്പോൾ ചർച്ച ചെയ്യുന്നത്. യഥാസമയം പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിയാതിരിക്കരുതെന്നും അതിൽ ഫലപ്രദമായി ഇടപെടണമെന്നുമാണ് പറഞ്ഞത്. നിർദ്ധനർക്ക് നിശ്ചിത നിലവാരത്തിലുള്ള അടിസ്ഥാന സേവനങ്ങൾ ഉറപ്പുവരുത്തണമെന്ന ഈ സമിതിയുടെ ശിപാർശ അങ്ങനെതന്നെ നടപ്പിലാക്കാനുള്ള ഒരു പരിശ്രമമാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ ഏറ്റെടുത്തിരിക്കുന്നത്. ഇന്നത്തെ പ്രതിപക്ഷം ഭരണപക്ഷ ത്തിരുന്നപ്പോഴുള്ള ഒരു കാര്യം ഞാനിപ്പോൾ ഓർക്കുന്നു. അന്ന് കേന്ദ്രം ഭരിച്ചിരുന്നത് യു.പി.എ. സർക്കാരായിരുന്നു. സമൃദ്ധമായ രാഷ്ട്രം സംതൃപ്തമായ സംസ്ഥാനം എന്ന് അന്ന് നിങ്ങൾ പറഞ്ഞിരുന്നു. അക്കാര്യം സംബന്ധിച്ച് നിങ്ങൾതന്നെ ഒന്നാലോചിച്ചു നോക്കണം. കോടിക്കണക്കിനുരൂപ ചെലവഴിച്ചു എങ്കിലും സംതൃപ്തമായൊരു സംസ്ഥാനം രൂപീകരിക്കാൻ നിങ്ങൾക്ക് കഴിഞ്ഞിട്ടില്ല. അതിന്റെ തെളിവാണ് ഇന്നും ലക്ഷക്കണക്കിനാളുകൾക്ക് ഭൂമിയില്ല എന്നത്. ഭരണനവീകരണ പരിപാടികൾക്കുവേണ്ടി കൊട്ടിഘോഷിച്ച് കോടിക്കണക്കിനു രൂപ ചെലവാക്കിയിട്ടും അടിസ്ഥാന പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിഞ്ഞില്ലെന്ന ദൗർഭാഗ്യകരമായ സംഭവംകൂടി ചൂണ്ടിക്കാണിക്കുന്നു. ഇതുപോലെയുള്ള കാര്യങ്ങൾ ചർച്ചചെയ്യുമ്പോൾ കുറച്ചുകൂടി ആത്മാർത്ഥമായ ഇടപെടൽ ഭരണ-പ്രതിപക്ഷ ഭാഗത്തുനിന്ന് വരണം. കക്ഷിരാഷ്ട്രീയത്തിനതീതമായി അക്ഷരാർത്ഥത്തിൽ ഒരു നവീന കേരളം സൃഷ്ടിക്കാൻ ബഹുമാനപ്പെട്ട കേരളത്തിന്റെ ഇപ്പോഴത്തെ മുഖ്യമന്ത്രി ശ്രമിക്കുമ്പോൾ നിങ്ങളുടെയെല്ലാം സഹകരണംകൂടി ഉറപ്പാക്കിക്കൊണ്ട് സാധാരണക്കാർക്ക് നീതികൊടുക്കാൻ നമുക്കൊന്നിച്ച് നിൽക്കാം എന്നുപറയാൻ ഈ അവസരം ഉപയോഗിക്കുകയാണ്.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, 205 ബി പ്രകാരമുള്ള ഈ നോട്ടീസ് ഏറ്റവും പ്രാധാന്യമുള്ളതും കേരള നിയമസഭയുടെ ചരിത്രത്തിൽ ഏറ്റവും അത്ഭുതമുണ്ടാക്കുന്നതുമാണ്. ആ റിപ്പോർട്ടിന്റെ ഉള്ളടക്കം എന്നുപറയുന്നത് ഒരു ഗവൺമെന്റ്, അതുമായി ബന്ധപ്പെട്ടുകൊണ്ടുള്ള ഉദ്യോഗസ്ഥൻമാർ അവരുടെ അക്കൗണ്ടബിലിറ്റി കാണിച്ചില്ല എന്നുള്ളതാണ്. ഓഡിറ്റുപോലും നടത്താത്ത 1,300 കോടി രൂപയുടെ ഞെട്ടിപ്പിക്കുന്ന..(ബഹളം)...ഞാൻ പറയുന്നത്

എന്താണെന്നുവച്ചാൽ അത്രയും പ്രാധാന്യമുള്ള ഒരു റിപ്പോർട്ടാണ് ശ്രീ. വി. ഡി. സതീശൻ ചെയർമാനായിരിക്കുന്ന സമയത്ത് കൊണ്ടുവന്നത്. ഇത് അവതരിപ്പിക്കുന്ന സമയത്തുതന്നെ പിശകുപറ്റി. സ്വാഭാവികമായിട്ടും ഇനി ഉണ്ടാകാൻ പോകുന്ന ചർച്ചയും ആ ദിശയിലായിരിക്കും.

ശ്രീ. കെ. സി. ജോസഫ്: സർ, അങ്ങയുടെ ഉപദേശം എനിക്ക് ആവശ്യമില്ല.

ശ്രീ. എ. കെ. ബാലൻ: സർ, ഞാൻ താങ്കളോടല്ല പറഞ്ഞത്. ഈ നോട്ടീസ് വളരെ ഗൗരവത്തിലാണ് ഈ സഭ കണ്ടത്.

ശ്രീ. കെ. സി. ജോസഫ്: സർ, നിങ്ങൾ ഏകപക്ഷീയമായിട്ടാണ് കാണുന്നത്.

ശ്രീ. എ. കെ. ബാലൻ: സർ, ശ്രീ. വി. ഡി. സതീശൻ എം.എൽ.എ.യുടെ റിപ്പോർട്ടിലുള്ള ഏതെങ്കിലുമൊരു കാര്യം ഈ സഭയുടെ മുൻപിൽ നിങ്ങൾ അവതരിപ്പിച്ചോ; ഇല്ല. അതാണ് ഞാൻ പറഞ്ഞത്. നിങ്ങൾ കൊടുത്ത നോട്ടീസിന്റെ ഉദ്ദേശ്യശുദ്ധിയെ ചോദ്യം ചെയ്യുന്നില്ല. നല്ല നോട്ടീസാണ്. പക്ഷേ ഇതിന്റെ ഉള്ളിലുള്ള കാര്യങ്ങളെ ഗൗരവത്തിൽ കണ്ടുകൊണ്ട് രണ്ടു വാക്കെങ്കിലും താങ്കൾ പറയേണ്ടതായിരുന്നു. അതുകൊണ്ടാണ് പറഞ്ഞത്. അതുകൊണ്ട് ചർച്ച അങ്ങനെയാണ് പോകുക.

മി. സ്പീക്കർ: റിപ്പോർട്ടിന്റെ ചർച്ചയെ എങ്ങനെ സമീപിക്കണമെന്ന് തുടക്കത്തിലേ ചെയർ പറയുകയുണ്ടായി. ആ നിലയിൽത്തന്നെ ബഹുമാനപ്പെട്ട അംഗങ്ങൾ അത് പരിഗണിക്കണമെന്ന് ഒരിക്കൽക്കൂടി അഭ്യർത്ഥിക്കുന്നു.

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, എസ്റ്റിമേറ്റ്സ് കമ്മിറ്റി റിപ്പോർട്ടിന്മേലുള്ള ചർച്ച ഈ സഭ തുടങ്ങിവച്ചത് നന്നായി എന്നാണ് എന്റെ അഭിപ്രായം. ശ്രീ. വി. ഡി. സതീശൻ ചെയർമാനായിട്ടുള്ള എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ റിപ്പോർട്ട് വായിക്കുമ്പോൾ തീർച്ചയായും വലിയ ആശങ്കകളാണുണ്ടാകുന്നത്. ഈ റിപ്പോർട്ടിനെ കഴിഞ്ഞ സർക്കാരിന്റെ കാലത്തെ പ്രവർത്തനത്തിന്റെ ഒരു സാക്ഷ്യപത്രമായി വേണമെങ്കിൽ വിലയിരുത്താവുന്നതാണ്. ഭരണ നവീകരണം, അതിന്റെ ഗുണം, കണക്ക് എന്നിവ സംബന്ധിച്ച് കൃത്യതയോടുകൂടിയ മറുപടി പറയാനുള്ള സൗകര്യം ഉണ്ടായിരുന്നില്ലെന്നാണ് ഇതുകാണുമ്പോൾ പൊതുവെ നമുക്ക് തോന്നുന്നത്.

കേരള രാഷ്ട്രീയത്തിൽ വലിയ ഒച്ചപ്പാട് സൃഷ്ടിച്ച എ.ഡി.ബി. വായ്പ സംബന്ധിച്ച്, അതിന്റെ ഭീമമായ സംഖ്യ, ഏകദേശം 200 ദശലക്ഷം ഡോളർ, അതിന്റെ ചെലവുകൾ, വായ്പയുടെ മറ്റ് സ്ഥിതികളൊക്കെ പരിശോധിക്കുമ്പോൾ ആ

തുക തിരിച്ചടയ്ക്കുന്നതുസംബന്ധിച്ച്, അതിന്റെ കണക്ക് സംബന്ധിച്ച്, അതിന്റെ ഗുണഫലങ്ങൾ സാധാരണക്കാർക്ക് ലഭിച്ചതുസംബന്ധിച്ചൊക്കെ നിരുത്തരവാദപരമായിട്ടുള്ള സമീപനമാണ് ഈ റിപ്പോർട്ടിൽ സൂചിപ്പിക്കപ്പെട്ടിട്ടുള്ളത്. അന്ന് ഇടതുപക്ഷ കക്ഷികൾ ഉയർത്തിപ്പിടിച്ച ആശങ്കകളൊക്കെ ശരിവയ്ക്കുന്ന ഒരു റിപ്പോർട്ടായി വേണം ഇതിനെ കാണാൻ. ഭരണനവീകരണം സംബന്ധിച്ച് വലിയ വലിയ കാര്യങ്ങൾ പറഞ്ഞിട്ടുണ്ട്. നിർദ്ധനർക്ക് നിശ്ചിത നിലവാരത്തിലുള്ള അടിസ്ഥാന സേവനങ്ങൾ ഉറപ്പുവരുത്തും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഫലപ്രദവും പ്രാപ്തവുമായവ പടുത്തുയർത്തും, സർക്കാരിന്റെ പ്രവർത്തനം വ്യാപിപ്പിക്കും, വളർച്ചയ്ക്ക് സഹായകമായിട്ടുള്ള സാഹചര്യമുണ്ടാക്കും, സാമ്പത്തിക സുസ്ഥിരത കൈവരിക്കും എന്നിങ്ങനെ വലിയ ലക്ഷ്യങ്ങളൊക്കെ ഇതിൽ പറഞ്ഞിട്ടുണ്ട്. പക്ഷേ റിപ്പോർട്ട് പരിശോധിക്കുമ്പോൾ കണക്കുപോലും സമർപ്പിക്കാത്ത, എങ്ങനെ ചെലവഴിച്ചു എന്നുപോലും പറയാൻ കഴിയാത്ത, ഇരുട്ടിൽതപ്പുന്ന ഒരു സമീപനമാണ് യഥാർത്ഥത്തിൽ കാണുന്നത്. ദശലക്ഷക്കണക്കിന് ഡോളർ ചെലവഴിച്ചതിന്റെ റിപ്പോർട്ടാണ് എസ്റ്റിമേറ്റ്സ് കമ്മിറ്റി ഇതിൽ സൂചിപ്പിക്കുന്നത്. സർക്കാർ ജീവനക്കാരുടെ തീവ്ര പരിശീലന പരിപാടി സമയബന്ധിതമായി പൂർത്തിയാക്കു മെന്നുപറയുന്നുണ്ട്. അത് സമയബന്ധിതമായി പൂർത്തീകരിച്ചിട്ട് അതിന്റെ ഭരണ പരമായിട്ടുള്ള നേട്ടങ്ങൾ സാധാരണ ജനങ്ങൾക്ക് എത്രമാത്രം കിട്ടിയെന്നു ചോദിച്ചാൽ, വളരെ കുറച്ചുമാത്രമേ ഉണ്ടായിട്ടുള്ളൂ എന്നു കാണാൻ കഴിയും. സേവന മേഖലയിലുള്ള ഓഫീസുകളുടെ കമ്പ്യൂട്ടർവൽക്കരണം നടപ്പാക്കാൻ, പ്രമാണങ്ങൾ രജിസ്റ്റർ ചെയ്യാൻ, കരമൊടുക്കാൻ, വിവിധ സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കാൻ അങ്ങനെ കാലതാമസം കൂടാതെ കാര്യങ്ങളൊക്കെ ചെയ്യുന്നതിനുവേണ്ടിയാണ് ഈ പണം മുടക്കിയത്. പക്ഷേ ഇപ്പോഴും നമ്മുടെ ഓഫീസുകളുടെ പൊതുസ്ഥിതി മെച്ചപ്പെട്ടിട്ടില്ല എന്നുകാണാം. അതന്വേഷിക്കേണ്ട കാര്യമുണ്ടെന്ന് എനിക്ക് തോന്നുന്നില്ല. മഴവെള്ള സംഭരണി സംബന്ധിച്ച് വലിയ നേട്ടമായി റിപ്പോർട്ട് ചൂണ്ടിക്കാണിക്കുന്നുണ്ട്. മഴവെള്ള സംഭരണി തെറ്റായ ഒന്നാണെന്ന് ഞാൻ പറയുന്നില്ല. എന്നാൽ അതിന്റെ നടത്തിപ്പുസംബന്ധിച്ച്, അതിന്റെ ഉപയോഗം സംബന്ധിച്ച്, സംഭരണി വച്ച സ്ഥലങ്ങളിലെ രീതി സംബന്ധിച്ചൊക്കെ പരിശോധിക്കുമ്പോൾ, ജനങ്ങളിൽ ഇതുസംബന്ധിച്ച് അവബോധമുണ്ടാക്കാതെ ഏതെങ്കിലുമൊരു വകുപ്പിന്റെ നിയന്ത്രണത്തിൽ അത് കൊണ്ടുവച്ചതിന്റെ ദുരനുഭവങ്ങൾ ആളുകൾ അനുഭവിക്കുകയാണ് എന്ന് കാണാൻ കഴിയും. അതുപോലെ മിക്കവാറും എല്ലാ പേജിലും കാണുന്നത് റിപ്പോർട്ടുകൾ ആവശ്യപ്പെടുക, ബന്ധപ്പെട്ട കമ്മിറ്റികളോടും ജീവനക്കാരോടും മറ്റുമൊക്കെ അതിന്റെ വിശദാംശം തേടുക എന്നിങ്ങനെയാണ്.

ഡോ. എൻ. ജയരാജ്: സർ, നമ്മുടെ സംസ്ഥാനത്ത് കാര്യക്ഷമമായ ഒരു സിവിൽ സർവ്വീസ് നടപ്പാക്കുന്നതിന്റെ ഭാഗമായിട്ടുള്ള കാര്യങ്ങളാണ് യഥാർത്ഥത്തിൽ ഈ റിപ്പോർട്ടിൽ സൂചിപ്പിച്ചത്. അതുമായി ബന്ധപ്പെട്ട് ഏതാണ്ട് പതിനെട്ടോളം

വകുപ്പുകൾ ഇതിന്റെ കീഴിൽ കൊണ്ടുവരാനുള്ള ശ്രമങ്ങളുണ്ടായി. ഇതുമായി ബന്ധപ്പെട്ട് വിവിധ സംഘടനകളുമായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഒരു ചർച്ച അടുത്ത കാലത്ത് സംഘടിപ്പിക്കുമെന്ന് മനസ്സിലാക്കാനായി. പക്ഷേ അതിലെ വളരെ പ്രധാനപ്പെട്ട ഒരു കാര്യം സെക്രട്ടേറിയറ്റിനെ പൂർണ്ണമായി ഇതിൽനിന്ന് ഒഴിവാക്കിയിരിക്കുന്നു എന്നതാണ്. ഏറ്റവും കൂടുതൽ കേഡർ സ്വഭാവമുള്ള നല്ല ഉദ്യോഗസ്ഥർ കടന്നുവരേണ്ട ഒരു മേഖലയാണ് സെക്രട്ടേറിയറ്റ്. പക്ഷേ അവരെ ഒഴിവാക്കിയിരിക്കുന്നു. അവരെക്കൂടി ഉൾപ്പെടുത്തേണ്ടതാണെന്നതുസംബന്ധിച്ച് അങ്ങയുടെ അഭിപ്രായം എന്താണ്?

<u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ</u>: സർ, ഇത് മൊത്തം പരിശോധിക്കുമ്പോൾ നയത്തിന്റെ വിഷയമാണ് കാണാൻ കഴിയുക. പണവും മറ്റുമല്ല കാര്യം. ഒരു സർക്കാരിന്റെ ഇച്ഛാശക്തിയില്ലായ്മ ഇതിൽ വ്യക്തമായി നിഴലിക്കുന്നുണ്ടെന്നാണ് എനിക്ക് തോന്നുന്നത്. ശ്രീ. ആനന്ദിന്റെ 'മരണ സർട്ടിഫിക്കറ്റ്' എന്ന വളരെ പ്രസിദ്ധമായ ഒരു കൃതിയുണ്ട്. അച്ഛന്റെ മരണ സർട്ടിഫിക്കറ്റ് തേടി വിവിധ ഓഫീസുകളിൽപോയി ഏറ്റവും അവസാനം തന്റെ അച്ഛൻ ജീവിച്ചിരിക്കുന്നുണ്ടോ എങ്കിൽ ആ സർട്ടിഫിക്കറ്റ് വേണം എന്നു ചോദിക്കുന്ന ഗതികേടിലാണ് ആ കഥ അവസാനിക്കുന്നത്. അതുപോലെ ഇത്രയും പണം ചെലവഴിച്ചിട്ടും അത് എന്തിനു വേണ്ടി, എങ്ങനെ, ആരുടെ ക്ഷേമം നിലനിർത്താൻവേണ്ടിയാണ് എന്ന ഗൗരവതരമായ ചിന്തയാണ് എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ ഈ റിപ്പോർട്ട് കാണുമ്പോൾ എനിക്ക് തോന്നുന്നത് എന്നാണ് സൂചിപ്പിക്കാനുള്ളത്.

<u>ശ്രീ. സി. എഫ്. തോമസ്</u>: സർ, ഞാൻ രാഷ്ട്രീയത്തിലേക്ക് പോകുന്നില്ല, പക്ഷേ ഇപ്പോൾ ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ പറഞ്ഞത് യു.ഡി.എഫ്. ഗവൺമെന്റിനെതിരായ ഒരു കുറ്റപത്രം പോലെയാണ്. ഇതിൽ പേജ് 3-ൽ 2002-ൽ ആരംഭിച്ച് 2008-ൽ അവസാനിച്ച എം.ജി.പി. 19 വകുപ്പുകളിലായി നടപ്പിലാക്കി. 2002 മുതൽ 2008 വരെ കേരളം ആരു ഭരിച്ചു എന്ന് പരിശോധിക്കുക. ഞാൻ സ്പീക്കറെ പ്രത്യേകം അനുമോദിക്കുന്നു, നന്ദി പറയുന്നു. നിയമസഭയിൽ എല്ലാ കാര്യങ്ങളും വിശദമായി ചർച്ചചെയ്യാൻ പറ്റുന്നില്ല. പലപ്പോഴും രാഷ്ട്രീയം കടന്നു വരുന്നു. ഇക്കാര്യങ്ങൾ വിശദമായി പഠിച്ച് ഗവൺമെന്റിനും നിയമസഭയ്ക്കും കൊടുക്കുന്ന റിപ്പോർട്ടുകൾ നടപ്പിലാക്കാനുള്ള ഉത്തരവാദിത്വം ഏത് ഗവൺമെന്റ് ഭരിച്ചാലും വേണം. ശ്രീ. വി.ഡി. സതീശൻ എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ ചെയർമാനായിരുന്ന കാലത്ത് ഞാനും അതിലെ മെമ്പറായിരുന്നു. ഇതിൽ കക്ഷിരാഷ്ട്രീയം നോക്കേണ്ട, അതാണ് നിയമസഭയുടെ നല്ല സ്പിരിറ്റ്. ഇതിലെ 11-ഉം 12-ഉം പേജുകൾ, ബഹുമാനപ്പെട്ട ജലസേചന വകുപ്പുമന്ത്രി ഇവിടെയുണ്ട്, എനിക്ക് തോന്നുന്ന ഈ ചർച്ചകൊണ്ട് ഇന്ന് പ്രയോജനപ്പെടുത്താവുന്ന ഒരു നല്ലകാര്യം എന്നത് സമയത്ത്

ചെയ്യേണ്ട കാര്യങ്ങൾ സമയത്ത് ചെയ്യാൻ തീരുമാനിക്കുക എന്നതാണ്. ഞാനൊരു കാര്യത്തിൽ ഊന്നൽ കൊടുക്കുകയാണ്, ഇന്ന് രാവിലെ അടിയന്തരപ്രമേയ ചർച്ചയിൽ റേഷൻ വിഷയത്തിൽ സമയബന്ധിതമായി നടപടിയെടുത്തില്ല എന്ന് അപ്പുറത്തുനിന്നും ഇപ്പുറത്തുനിന്നും പറഞ്ഞു. ഈ റിപ്പോർട്ടിലെ 11,12 പേജുകളിൽ കേരളത്തിലെ കുടിവെള്ളപ്രശ്നം വലിയ പ്രശ്നമായി പറയുന്നുണ്ട്. നമ്മൾ വരൾച്ചയെ നേരിടാൻ പോകുന്നു. ഇന്ന് രാവിലെ ബഹുമാനപ്പെട്ട ജലസേചന വകുപ്പുമന്ത്രി നല്ല കുറേ കാര്യങ്ങളും തീരുമാനങ്ങളും പറഞ്ഞു. 13-ാം തീയതി മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിലെ ചില തീരുമാനങ്ങളും പറഞ്ഞു. തീരുമാനങ്ങളൊക്കെ നല്ലതാണ്, പക്ഷേ എല്ലാവർക്കും ഉൽക്കണ്ഠയുള്ളത്, ഈ വരൾച്ച നേരിടാനായി എന്തെങ്കിലും നടപടി ആരംഭിച്ചോ; ഈ വരൾച്ചയെ നേരിടാൻ ധനകാര്യ വകുപ്പുമന്ത്രിയുടെ പുതിയ പദ്ധതിവരെ വെയ്റ്റ് ചെയ്യാൻ സാധിക്കുമോ? ഈ കമ്മിറ്റി റിപ്പോർട്ട് പറയുന്ന സമയത്ത് ആക്ഷൻ എടുക്കാത്തതിനെക്കുറിച്ചാണ് കുറ്റപ്പെടുത്തിയത്. അതിരൂക്ഷമായ ഇത്തരമൊരു സാഹചര്യം നിലനിൽക്കുമ്പോൾ, ബഹുമാനപ്പെട്ട ജലസേചനവകുപ്പുമന്ത്രി രാവിലെ പറഞ്ഞ കാര്യങ്ങളും 13-ാം തീയതി മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ എടുത്ത തീരുമാനങ്ങളും നടപ്പിലാക്കാൻ ഈ ഗവൺമെന്റ് അടിയന്തരമായി എന്തെങ്കിലും ചെയ്തില്ലെങ്കിൽ നാട്ടിലെ ജനങ്ങൾ വലയും. അത്തരം വലിയ ജനകീയ പ്രശ്നങ്ങളാണ് ഇതുപോലെയുള്ള കമ്മിറ്റി റിപ്പോർട്ടിലൂടെ വരുന്നത്. അത് ഗൗരവത്തിലെടുക്കണം, അല്ലെങ്കിൽ റേഷൻ വിഷയത്തിൽ ഉണ്ടായതുപോലെയുള്ള വ്യാപകമായ പ്രശ്നം കേരളത്തിലുമുണ്ടാകും. ഈ റിപ്പോർട്ടിൽ പറയുന്നതുപോലെ കുടിവെള്ളപ്രശ്നം അതിന്റേതായ സ്പിരിറ്റിലെടുത്ത് മുഖ്യമന്ത്രിയും ധനകാര്യ വകുപ്പുമന്ത്രിയും മതിയായ ഫണ്ട് ലഭ്യമാക്കി ജലസേചന വകുപ്പുവഴി പരിപാടികൾ നടപ്പിലാക്കണമെന്ന് ഞാൻ നിർദ്ദേശിക്കുന്നു.

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u>: സർ, ബഹുമാനപ്പെട്ട നിയമ വകുപ്പുമന്ത്രി പറഞ്ഞതിനോട് ഞാനും യോജിക്കുന്നു. ഈ റിപ്പോർട്ട് വളരെ ഗൗരവമുള്ളതാണ്. ഈ റിപ്പോർട്ടിലെ മൂന്നാമത്തെ ഖണ്ഡിക, " ഭരണ നവീകരണ പരിപാടിയുമായി ബന്ധപ്പെട്ട ലഭിച്ച വായ്പയുടേയും ഓരോ വകുപ്പിലും ചെലവഴിച്ച തുകയുടേയും വിശദാംശങ്ങൾ സമർപ്പിക്കണമെന്ന് പൊതുഭരണ വകുപ്പിനോട് സമിതി ആവർത്തിച്ച് ആവശ്യപ്പെട്ടിട്ടും ബന്ധപ്പെട്ട സെക്രട്ടേറിയറ്റിൽനിന്ന് ഒന്നിലേറെ തവണ തെളിവെടുപ്പുനടത്തിയിട്ടും പ്രസ്തുത വിവരങ്ങൾ സമിതി മുൻപാകെ സമർപ്പിക്കാൻ പൊതുഭരണ വകുപ്പിന് കഴിഞ്ഞില്ല " ഇതാണ് പ്രശ്നം. ഈ സമിതി ഇത്രയും തുക ചെലവഴിച്ച് ബന്ധപ്പെട്ട എല്ലാവരെയും വിളിച്ചുവരുത്തിയിട്ടും ഒരു വിവരംപോലും സമിതിക്ക് തരുന്നില്ലായെന്ന് റിപ്പോർട്ടിൽ വിശദമായി പറഞ്ഞിട്ടുണ്ട്. അന്നത്തെ ബന്ധപ്പെട്ട വകുപ്പുമന്ത്രിമാർ ആ സമിതിക്ക് ഇത് കൊടുക്കണമെന്ന് ആവശ്യപ്പെട്ടിരുന്നുവെങ്കിൽ ഇങ്ങനെയൊരു റിപ്പോർട്ടിന്റെ ആവശ്യമുണ്ടാകുമായിരുന്നോ?

സമിതിയോടുള്ള ഡിപ്പാർട്ട്മെന്റുകളുടെ സമീപനമെന്താണ്? അതാണ് ഇവിടത്തെ പ്രശ്നം. ഈ സമിതി മാത്രമല്ല, ഇതുപോലെ 1993-ൽ മുല്ലപ്പെരിയാറിനെക്കുറിച്ച് ഒരു സമിതിയുടെ റിപ്പോർട്ടുണ്ടായിരുന്നു. ആ റിപ്പോർട്ട് കൃത്യമായി നടപ്പിലാക്കിയിരുന്നുവെങ്കിൽ കേരളത്തിൽ ഇന്ന് 222 ടി.എം.സി. വെള്ളം ഒഴുകിപ്പോകുന്നത് ഒഴിവാക്കാമായിരുന്നു. അത് ചെയ്തില്ല. പോലീസിനെക്കുറിച്ചുള്ള ശ്രീ. പി.എം. അബൂബക്കർ ചെയർമാനായിട്ടുള്ള കമ്മിറ്റിയുടെ ഒരു റിപ്പോർട്ടുണ്ടായിരുന്നു. അത് ഇവിടെ നടപ്പാക്കിയോ? അതുപോലെ ഇടമലയാർ ഉൾപ്പെടെയുള്ള ഇലക്ട്രിസിറ്റിയെ സംബന്ധിച്ച് വിശദമായ ഒരു റിപ്പോർട്ടുണ്ടായിരുന്നു. അങ്ങനെയുള്ള റിപ്പോർട്ടുകൾ പരിശോധിക്കുകയോ നടപ്പിലാക്കുകയോ ചെയ്യുന്ന രീതി ഇല്ല. പിന്നീട് എന്തായി എന്നുപോലും അറിയാത്ത ഒരു അവസ്ഥയാണ്. നടപ്പിലാക്കിയിട്ടില്ലെങ്കിൽ അത് ചെയ്യാത്തതിന്റെ കാരണങ്ങൾ വിശദീകരിക്കണ്ടേ, നിശ്ചിത തീയതിക്കകം ഇന്ന കാരണങ്ങൾ കൊണ്ടാണ് ചെയ്യാൻ പറ്റാത്തതെന്ന് ആ കമ്മിറ്റി മുൻപാകെ പറയണ്ടേ? അല്ലെങ്കിൽ നടപ്പിലാക്കാൻ പറ്റാത്ത നിർദ്ദേശങ്ങളാണ് പറഞ്ഞതെന്ന് പറയണ്ടേ? അങ്ങനെയുള്ള ഒരു സംവിധാനമുണ്ടാക്കിയാൽ മാത്രമേ മുന്നോട്ടു പോകാൻ സാധിക്കുകയുള്ളൂ. സമിതിയെ ഗൗരവമായി കാണുന്ന ഒരു സമീപനം ഭരണകൂടത്തിന്റെ അല്ലെങ്കിൽ ഉദ്യോഗസ്ഥതലത്തിൽ ഉണ്ടാകണം. അത് ഉണ്ടാകുന്നില്ലെന്നുള്ളതാണ് പ്രശ്നം. ഈ സമിതിയുടെ റിപ്പോർട്ടിലും അതുതന്നെയല്ലേ പറയുന്നത്, സമിതിക്ക് ആ റിപ്പോർട്ട് ഇതുവരെ കിട്ടിയിട്ടില്ല, ഇപ്പോഴും കൊടുത്തിട്ടില്ല. എല്ലാ സമിതികളുമാവശ്യപ്പെടുന്ന റിപ്പോർട്ടുകൾ കൃത്യമായി സമർപ്പിക്കാനുള്ള നിയമപരമായ ബാദ്ധ്യത ഉദ്യോഗസ്ഥർക്കുണ്ടാകണമെന്നാണ് എനിക്കുപറയാനുള്ളത്.

ശ്രീ. എം. ഉമ്മർ: സർ, ഈ റിപ്പോർട്ട് ചർച്ച ചെയ്യാൻ മുൻകയ്യെടുത്ത അങ്ങയേയും ബി.എ.സി.യെയും ഞാൻ ആദ്യമായി അഭിനന്ദിക്കുകയാണ്. നിയമസഭാ കമ്മിറ്റികൾ നിയമസഭയുടെ ഒരു പരിച്ഛേദമാണല്ലോ, കക്ഷി രാഷ്ട്രീയത്തിനതീതമായി എല്ലാവരും ഒരേരൂപത്തിൽ ചർച്ചചെയ്യുന്ന കമ്മിറ്റികളാണ്. വളരെ ഫലപ്രദമായിട്ടാണ് പല കമ്മിറ്റികളിലും ചർച്ചയുണ്ടാകുന്നത്. അതിന്റെ അടിസ്ഥാനത്തിൽ തന്നെയാണ് റിപ്പോർട്ട് വന്നിട്ടുള്ളത്. റിപ്പോർട്ടിൽ വളരെ പ്രസക്തമായ കാര്യങ്ങളാണ് പറഞ്ഞിട്ടുള്ളത്. അതുകൊണ്ട് യഥാർത്ഥത്തിൽ കമ്മിറ്റി റിപ്പോർട്ട് ചർച്ചചെയ്യുമ്പോൾ അങ്ങ് ടൈം ഷെഡ്യൂൾ ചെയ്ത് അവസാനത്തേക്ക് വയ്ക്കാതെ സീറോ അവർ കഴിഞ്ഞ ഉടനെ ചർച്ചചെയ്യാൻ സമയം കാണണമെന്നാണ് എനിക്ക് പറയാനുള്ളത്. അത്ര പ്രധാനപ്പെട്ടതായതുകൊണ്ടാണ് ഞാൻ ഇക്കാര്യം പറയുന്നത്. ബഹുമാനപ്പെട്ട അംഗങ്ങളുടെയും മന്ത്രിമാരുടെയുമൊക്കെ സജീവ പങ്കാളിത്തം ഉണ്ടാകുകയും അതനുസരിച്ചുള്ള തുടർനടപടികൾ ഉണ്ടാകണമെന്നുമാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. അതുപോലെ 19 വകുപ്പുകളിലായി 100 പദ്ധതികൾ നടപ്പിലാക്കി, തൊണ്ണൂറ്റി

മൂന്നോളം പദ്ധതികൾ പൂർത്തിയാക്കിയിട്ടുണ്ട്. പക്ഷേ പൂർത്തിയാക്കിയിട്ടുണ്ടെങ്കിലും ഇതുകൊണ്ട് സാധാരണക്കാരന് ഉദ്ദേശിച്ച പ്രയോജനം ലഭിച്ചിട്ടുണ്ടോ എന്നുള്ളതാണ് ഒരു പദ്ധതിയുടെ വിജയമായി നമ്മൾ കണക്കാക്കേണ്ടത്. അങ്ങനെ വരുമ്പോൾ 1300 കോടി രൂപ നീക്കിവച്ചതിൽ 756 കോടിരൂപ ഊർജ്ജവകുപ്പിന്റെ റവന്യൂ കമ്മി കൊടുക്കാനാണ്, സാധാരണക്കാരന് അതുകൊണ്ട് എന്ത് പ്രയോജനമാണ് ലഭിക്കുക? അതുപോലെ വ്യവസായ വകുപ്പിൽ 216 കോടി രൂപ വി.ആർ.എസ്.ഉം ഒ.ടി.പി.യും കൊടുക്കാനാണ് ചെലവായിട്ടുള്ളത്. ഫലത്തിൽ 536 കോടി രൂപ മാത്രമാണ് ഗവൺമെന്റിന്റെ വിവിധ വകുപ്പുകളിലെ നവീകരണത്തിനുവേണ്ടി ഉപയോഗപ്പെടുത്തിയിട്ടുള്ളത്. ഇവിടെ നേരത്തേ സൂചിപ്പിച്ചതുപോലെ പലതിന്റെയും അക്കൗണ്ടുകൾ ഓഡിറ്റ് ചെയ്യപ്പെട്ടിട്ടില്ല, കണക്കുകൾ ലഭ്യമല്ല, ഈ സംവിധാനത്തോടു തന്നെ പരമ പുച്ഛമുണ്ടാക്കുന്ന വിധത്തിലാണ് പല സംഗതികളും വരുന്നത്. ഓഡിറ്റ് ചെയ്യപ്പെടുന്നില്ല, ഓഡിറ്റ് ചെയ്യുന്നതിനെപ്പറ്റി ചോദിച്ചാൽ ഒരു വ്യക്തതയുമില്ല. പരസ്പരം കുറ്റപ്പെടുത്തുകയാണ്, ഞാനല്ല, എനിക്ക് മുൻപുണ്ടായിരുന്ന ആളാണ് എന്നുപറഞ്ഞ് മുൻപുള്ള ആളുകളെ കുറ്റപ്പെടുത്തി ഒരാളുപോലും ഒരു പദ്ധതിയിലും ഉത്തരവാദിത്വം ഏറ്റെടുക്കാത്ത അവസ്ഥയുണ്ട്. ഇത് മാറിമാറിവരുന്ന ഗവൺമെന്റുകൾ ഗൗരവമായി ആലോചിക്കണം. ഒരു ഗവൺമെന്റിനേയോ അല്ലെങ്കിൽ ഏതെങ്കിലും ഒന്നോ രണ്ടോ ഉദ്യോഗസ്ഥൻമാരേയോ മാത്രം കുറ്റപ്പെടുത്തുന്നതിനുപകരം നമ്മുടെ കണ്ണു തുറപ്പിക്കേണ്ടതാവണം ഇത്. ഇങ്ങനെയുള്ള കമ്മിറ്റികൾ വയ്ക്കുന്ന റിപ്പോർട്ടുകൾ ഇവിടെ വിശദമായി ചർച്ച ചെയ്യണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഉദ്യോഗസ്ഥൻമാരെ സമൺ ചെയ്യാൻ കമ്മിറ്റികൾക്ക് അധികാരമുണ്ട്. അവർ സമൺ ചെയ്താൽ ഉദ്യോഗസ്ഥർ വരും. പക്ഷേ വന്നുകഴിഞ്ഞാൽ അവരുടെ പേരിൽ ആക്ഷനെടുക്കാനോ, ഒന്നു ശാസിക്കാനോപോലും അധികാരമില്ല. കമ്മിറ്റി റിപ്പോർട്ട് സഭയുടെ മുൻപാകെ വച്ചുകഴിഞ്ഞാൽ റിപ്പോർട്ടിന്റെ പ്രസക്തി അതോടുകൂടി തീരുകയാണ്. അതുകൊണ്ട് ഇങ്ങനെയുള്ള സമിതികൾ സമർപ്പിക്കുന്ന റിപ്പോർട്ടുകളിൽ എന്ത് തുടർ നടപടികൾ സ്വീകരിക്കാൻ കഴിയുമെന്നും ഇതുമായി ബന്ധപ്പെട്ട് അനാസ്ഥ കാണിച്ച ആളുകൾക്കെതിരായി എന്ത് നടപടിയെടുക്കാൻ കഴിയുമെന്നും ആലോചിക്കണം. ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റ് സംബന്ധിച്ച് ചോദിച്ചാൽപോലും മറുപടി ലഭിക്കുന്നില്ല. അതിനുവേണ്ടി സമൺസ് അയച്ചാൽ ഒരിക്കലും വരുന്നില്ല. ഉദ്യോഗസ്ഥർ തങ്ങളുടെ കമ്മിറ്റികൾ മുൻപാകെ അക്കൗണ്ടബിലിറ്റി കാണിക്കുക എന്നുപറഞ്ഞാൽ നിയമസഭ മുൻപാകെ കാണിക്കുക എന്നുള്ളതാണ്. നിയമസഭയ്ക്കുവേണ്ടി രൂപീകരിച്ച കമ്മിറ്റികൾ ഫലപ്രദമായിട്ടുണ്ടോയെന്ന് അറിയണമെങ്കിൽ ഇതുപോലെ ചർച്ചകളുണ്ടാകണം, ചർച്ചക്കുശേഷമുള്ള തീരുമാനങ്ങളുണ്ടാകണം. പത്തുമിനിട്ടുനേരം മാത്രമാണ് മന്ത്രിമാർക്ക്

മറുപടിക്കുവേണ്ടി വച്ചിട്ടുള്ളത്, ആ മറുപടി വെറും കേവലമായ മറുപടികളാകാതെ അതിന്റെ തുടർനടപടികളുണ്ടായി മറ്റുള്ള കമ്മിറ്റികൾക്കുകൂടി ഫലപ്രദമായി പ്രവർത്തിക്കാൻ ഈ കമ്മിറ്റിയുടെ ചർച്ച പ്രയോജനകരമാകട്ടെ എന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ധാരാളം നല്ലകാര്യങ്ങൾ കമ്മിറ്റികളിൽ ചർച്ച ചെയ്യപ്പെടുന്നുണ്ട്. പക്ഷേ അത് എവിടേയും എത്തപ്പെടുന്നില്ല. പല ഉദ്യോഗസ്ഥൻമാരും കമ്മിറ്റികളിൽ വലിയ അനാസ്ഥയാണ് കാണിക്കുന്നത്. പലരും പല കമ്മിറ്റികളിലും അംഗങ്ങളായിരുന്നിരിക്കും. എത്ര നിയമങ്ങളാണ് പലപ്പോഴും നിയമസഭയെ ബൈപ്പാസ് ചെയ്യുന്ന റൂളുകളായി ഇവിടെ വരുന്നത്. ഈ റൂളുകളൊക്കെത്തന്നെ ഉണ്ടാക്കുന്നത് തെറ്റായ രീതിയിലാണ്. പല റൂളുകളും അത്യപൂർവ്വമായ ഒന്നോ രണ്ടോ കറക്ഷനുവേണ്ടി മാത്രമാണ് ഇവിടെ വരുന്നത്. അതുകൊണ്ട് ഇങ്ങനെയുള്ള കമ്മിറ്റികൾക്ക് പ്രസക്തിയുണ്ടാകണം. ബഹുമാനപ്പെട്ട സ്പീക്കർ ഈ റിപ്പോർട്ടുകൾ സംബന്ധിച്ച് പഠിക്കണം, പഠിക്കാനുള്ള സംവിധാനങ്ങളുണ്ടാകണം. ഇങ്ങനെയുള്ള റിപ്പോർട്ടുകളുടെ ചർച്ചയ്ക്ക് കൂടുതൽ സമയം കണ്ടെത്തണം. ഈ ടൈറ്റ് ഷെഡ്യൂളിനകത്തും ഇങ്ങനെയൊരു ചർച്ചയ്ക്കുവേണ്ടി മുൻകയ്യെടുത്ത അങ്ങയെ ഞാൻ പ്രത്യേകം അഭിനന്ദിച്ചുകൊണ്ട് എല്ലാവരും സൂചിപ്പിച്ചതുപോലെ ഇതിന്റെ സ്പിരിറ്റ് ഉൾക്കൊണ്ടുകൊണ്ട് മുന്നോട്ടു പോകുവാൻ നിയമസഭാ സമിതികൾക്കും മന്ത്രിമാർക്കും ഗവൺമെന്റിനും കഴിയണമെന്നുമാത്രം പറഞ്ഞുകൊണ്ട് എന്റെ വാക്കുകൾ നിർത്തുന്നു.

ശ്രീ. റ്റി. വി. രാജേഷ്: സർ, ഇന്ത്യാരാജ്യത്ത് നിയമസഭാ കമ്മിറ്റികളുണ്ടാക്കി മാതൃക കാണിച്ച കേരളം, നിയമസഭാ സമിതികളുടെ റിപ്പോർട്ട് ചർച്ചചെയ്യാൻ അവസരമൊരുക്കിയതിലൂടെ ബഹുമാന്യനായ നിയമസഭാ സ്പീക്കർ നമ്മുടെ രാജ്യത്തെ നിയമസഭകൾക്ക് ഒരു മാതൃകയായിത്തീർന്നിരിക്കുകയാണ്. ഈ റിപ്പോർട്ട് തയ്യാറാക്കാൻ ശ്രീ. വി. ഡി. സതീശന്റെ നേതൃത്വത്തിലുള്ള കമ്മിറ്റിയിലെ പ്രഗത്ഭരായ അംഗങ്ങൾ വഹിച്ച പങ്കിനെയും പ്രശംസിക്കാൻ ആഗ്രഹിക്കുകയാണ്. യഥാർത്ഥത്തിൽ ഈ റിപ്പോർട്ട് പരിശോധിക്കുമ്പോൾ മനസ്സിലായ കാര്യം എ.ഡി.ബി.യുടെ വായ്പയുമായി ബന്ധപ്പെട്ട് ഞങ്ങൾ നേരത്തേ സൂചിപ്പിച്ച കാര്യങ്ങൾ പൂർണ്ണമായും ശരിവയ്ക്കുന്നതാണ് എന്നതാണ്. ഈ ഭരണ നവീകരണ പരിപാടി ഒരു പരാജയമായിരുന്നുവെന്ന കുറ്റസമ്മതമാണെന്ന് പതിമൂന്നാം കേരള നിയമസഭയുടെ എസ്റ്റിമേറ്റ്സ് കമ്മിറ്റി സമർപ്പിച്ച ഈ റിപ്പോർട്ട് വായിച്ചാൽ നമുക്ക് മനസ്സിലാക്കാൻ കഴിയും. ഭരണ സംവിധാനത്തെ നവീകരിക്കാനും കൂടുതൽ കാര്യക്ഷമമാക്കാനും വേണ്ടിയാണ് എം.ജി.പി. (മോഡേണൈസിംഗ് ഗവൺമെന്റ് പ്രോഗ്രാം) ആരംഭിച്ചത്. പക്ഷേ ഈ റിപ്പോർട്ട് വായിച്ചുനോക്കുമ്പോൾ, ഇതിന്റെ 40-ാം ഖണ്ഡികയിൽ പറയുന്ന കാര്യമെന്താണ്; അതിൽ പറയുന്നത് ഭരണ നവീകരണ പരിപാടിയുടെ

വായ്പായിനത്തിൽ ലഭിച്ച ആകെത്തുക, ആയതിൽനിന്നും ഓരോ വകുപ്പിനും അനുവദിച്ച തുക, ഓരോ വകുപ്പും നടപ്പിലാക്കിയ പദ്ധതികൾ, ചെലവഴിച്ച തുക, ബാക്കി വന്ന തുക, പദ്ധതിയുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥർ നടത്തിയ വിദേശയാത്രകൾ തുടങ്ങിയ നിരവധി വിവരങ്ങൾ സമിതി ആവശ്യപ്പെട്ടിട്ടും സമർപ്പിക്കാതിരിക്കുന്ന ഒരു നിലപാടാണ് സ്വീകരിച്ചതെന്ന് മനസ്സിലാക്കാൻ കഴിയും. ഇത് സഭയോടുള്ള ഗുരുതരമായ അനാദരവാണ്. ഇത് ആവർത്തിക്കാതിരിക്കാനുള്ള ശക്തമായ നടപടി ബഹുമാനപ്പെട്ട ചെയറിന്റെ ഭാഗത്തുനിന്നും ഉണ്ടാകണമെന്ന് വിനയപുരസ്സരം അഭ്യർത്ഥിക്കുകയാണ്. ഇതു സർക്കാരിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കാൻ നടപ്പാക്കിയിട്ടുള്ള ഒരു പദ്ധതിയാണ്. പക്ഷേ ഈ പദ്ധതിയുടെ കണക്കുപോലും ലഭ്യമല്ലാത്ത ഒരു സാഹചര്യമുണ്ടാവുകയെന്നു പറഞ്ഞാൽ അത് അങ്ങേയറ്റം പരിതാപകരമാണ്. അത് ഈ റിപ്പോർട്ടിന്റെ 46-ാം ഖണ്ഡിക വായിച്ചു നോക്കിയാൽ നമുക്ക് വ്യക്തമായി മനസ്സിലാക്കുവാൻ കഴിയും. ഇത് കടുത്ത ആശങ്കയാണ് ഉളവാക്കുന്നത്. ലഭിച്ച ഗ്രാന്റ്, വായ്പാത്തുക, ഏതൊക്കെ പദ്ധതികളിൽ ചെലവഴിച്ചു എന്നത് നിയമസഭാ സമിതിക്കുപോലും കണ്ടെത്താൻ കഴിയാത്തൊരു സാഹചര്യം അങ്ങേയറ്റം ഗുരുതരവും ആശങ്കാജനകവുമാണെന്ന് ചൂണ്ടിക്കാണിക്കുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. അതുപോലെതന്നെ ഇതിന്റെ 50-ാം ഖണ്ഡികയിൽ എം.ജി.പി.യുമായി ബന്ധപ്പെട്ട പദ്ധതികൾ രൂപീകരിച്ചതിന്റെ നടപടിക്രമങ്ങളെക്കുറിച്ച് പറയുന്നുണ്ട്. ഓരോ വകുപ്പും തയ്യാറാക്കിയ നവീകരണത്തെ കുറിച്ചുള്ള അവരുടെ പദ്ധതിയുടെ അവലോകനമാകട്ടെ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായുള്ള ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരുടെ സമിതിക്കാണ്. അതിനുശേഷം റിയാബാണ് ഈ പദ്ധതി പരിശോധിച്ചത്. റിയാബ് വ്യവസായ വകുപ്പിനുകീഴിലുള്ള ഒരു സ്ഥാപനമാണ്. റിയാബിനെപ്പോലെയുള്ള ഒരു സ്ഥാപനത്തിന് ഇത്തരത്തിലുള്ള കാര്യങ്ങൾ പരിശോധിക്കാനുള്ള capability ഉണ്ടോയെന്ന് പരിശോധിക്കേണ്ടതാണ്. അതിനുള്ള വൈദഗ്ദ്ധ്യം റിയാബിനില്ലെന്നാണ് എനിക്ക് ചൂണ്ടിക്കാണിക്കാനുള്ളത്. മാത്രമല്ല റിയാബിനെക്കുറിച്ച് ഇതിൽ പറയുന്നത്, റിയാബ് വ്യവസായ വകുപ്പിന്റെ പദ്ധതികൾ മാത്രം നടപ്പാക്കാനുള്ളതാണ്. അത്തരം പ്രോജക്ട് റിപ്പോർട്ടുകൾ മാത്രമാണ് തയ്യാറാക്കിയതെന്നും ഈ റിപ്പോർട്ടിനകത്ത് സൂചിപ്പിക്കുകയാണ്. യഥാർത്ഥത്തിൽ കേരളത്തിലെ ജനജീവിതത്തിൽ വലിയ സ്വാധീനം ചെലുത്താൻ എ.ഡി.ബി.യുടെ എം.ജി.പി.എന്ന പദ്ധതിക്ക് കഴിഞ്ഞിട്ടില്ലെന്ന് അടിവരയിടുന്നതാണ് എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ റിപ്പോർട്ടെന്ന് ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. 2002-ൽ ശ്രീ. എ. കെ. ആന്റണിയുടെ നേതൃത്വത്തിലുള്ള സർക്കാരാണ് എം.ജി.പി. ആരംഭിക്കുന്നത്. 2008-ൽ അതിന്റെ കാലാവധി അവസാനിച്ചു. ഇത് യഥാർത്ഥത്തിൽ നമുക്ക് നല്ലൊരു പാഠമാണ്. ഭരണപരിഷ്കാര നടപടികൾ വേണമെന്ന കാര്യത്തിൽ

യാതൊരു അഭിപ്രായവ്യത്യാസവുമില്ല. കേരളത്തിലുണ്ടായിട്ടുള്ള വിപ്ലവകരമായ മാറ്റം, കേരളത്തെ ഇന്ത്യയ്ക്ക് മാതൃകയായ ഒരു സംസ്ഥാനമാക്കി മാറ്റി. ജീവിത നിലവാര സൂചികയുടെ കാര്യത്തിൽ ഒരു വികസിത രാജ്യത്തോടൊപ്പം എത്തി നിൽക്കാൻ കഴിയുന്നൊരു സാഹചര്യം ഇവിടെയുണ്ടായിട്ടുണ്ട്. അതിന്റെയെല്ലാം പിന്നിൽ കേരളത്തിലെ മഹാനായ ആദ്യ മുഖ്യമന്ത്രി സഖാവ് ഇ.എം.എസ്. നമ്പൂതിരിപ്പാട്-ന്റെ നേതൃത്വത്തിലുള്ള ഭരണ പരിഷ്കാര കമ്മീഷനായിരുന്നു. പിന്നീട് വന്ന വെള്ളോടി കമ്മീഷൻ, സഖാവ് ഇ. കെ. നായനാർ നേതൃത്വം കൊടുത്ത കമ്മീഷൻ തുടങ്ങിയ കമ്മീഷനുകളാണ് ഇത്തരത്തിലുള്ള വിപ്ലവകരമായ പരിഷ്കാരങ്ങൾ നടപ്പിലാക്കാനാവശ്യമായ ഉപദേശങ്ങളും നിർദ്ദേശങ്ങളും നൽകിയതെന്ന് നമുക്ക് കാണാൻ കഴിയും. ഇവിടെ ഉദ്യോഗസ്ഥ കേന്ദ്രീകൃതമായ ഭരണകൂട സ്ഥിതിയാണുള്ളത്. ഇത് യഥാർത്ഥത്തിൽ ഉടച്ചുവാർക്കേണ്ടതായിട്ടുണ്ട്. സിറ്റിസൺ സെന്റേർഡായിട്ടുള്ള അതായത് ജനപക്ഷത്തുനിന്നുകൊണ്ട് പൗരകേന്ദ്രീകൃതമായ ഒരു പരിഷ്കാരത്തെ ക്കുറിച്ചാണ് നാം ആലോചിക്കേണ്ടത്. ഭരണരീതിയിൽ ജനകീയവൽക്കരണം ആവശ്യമാണ്. ആ ജനകീയവൽക്കരണത്തിന് കേരളത്തിലെ ജനകീയ സർക്കാർ തുടക്കം കുറിച്ചുകഴിഞ്ഞിരിക്കുകയാണ്. ബഹുമാന്യനായ കെ. സി. ജോസഫ് കേരളത്തിലെ ഭരണപരിഷ്കാര കമ്മീഷനെപ്പറ്റി സംസാരിക്കുകയുണ്ടായി. ഭരണപരിഷ്കാക്കാര കമ്മീഷനെ നയിക്കുന്ന സഖാവ് വി. എസ്. അച്ചുതാനന്ദന് എന്ത് അയോഗ്യതയാണുള്ളത്. ഏഴ് പതിറ്റാണ്ടുകാലത്തെ പൊതുജീവിതത്തിന് ഉടമയാണദ്ദേഹം. അദ്ദേഹം നിയമസഭാംഗമായിരുന്നു, പ്രതിപക്ഷ നേതാവായിരുന്നു, മുഖ്യമന്ത്രിയായിരുന്നു. ബഹുമാന്യനായ അദ്ദേഹത്തിന്റെ ഏഴ് പതിറ്റാണ്ടുകാലത്തെ പൊതുജീവിതത്തിൽ ഭരണപരമായ അനുഭവത്തിന്റെ എല്ലാ തലത്തിലുള്ള അറിവുകളും ഈ കമ്മീഷന് ഒരു മുതൽക്കൂട്ടായി മാറുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ഭരണ പരിഷ്കാര കമ്മീഷന് നേതൃത്വം കൊടുക്കുക മാത്രമല്ല ഈ സർക്കാർ ചെയ്തത്. കേരളത്തിന്റെ ഇന്നത്തെ ഉദ്യോഗസ്ഥ കേന്ദ്രീകൃതമായ ചുവപ്പുനാടയിൽ കുരുങ്ങുന്ന സമ്പ്രദായത്തെ ജനപക്ഷത്തുനിന്നുകൊണ്ട് പൊളിച്ചെഴുതാനുള്ള നടപടികൾക്ക് ഈ സർക്കാർ തുടക്കം കുറിച്ചുകഴിഞ്ഞിരിക്കുകയാണ്. കെട്ടിക്കിടക്കുന്ന ഫയലുകളെ പറ്റി കഴിഞ്ഞ നിയമസഭയിൽ ബഹുമാന്യനായ ശ്രീ. പി. ടി. എ. റഹീമിന്റെ ഒരു ചോദ്യമുണ്ടായിരുന്നു. 130000 ഫയലുകളാണ് കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലാവധി തീരുമ്പോൾ 2011-ൽ തീർപ്പുകൽപ്പിക്കാനുണ്ടായിരുന്നത്. എന്നാൽ യു.ഡി.എഫ്. ഭരിക്കുമ്പോൾ കെട്ടിക്കിടന്ന ഫയലുകളെക്കുറിച്ച് സർക്കാർ അവസാനമായി ഔദ്യോഗിക കണക്കെടുപ്പ് നടത്തി. ആ കണക്കെടുപ്പുപ്രകാരം സെക്രട്ടേറിയറ്റിൽമാത്രം 173833 ഫയലുകളും വിവിധ വകുപ്പുകളിലായി 214636 ഫയലുകളുമാണ് കെട്ടിക്കിടക്കുന്നത്. ഇത് തീർപ്പാക്കാൻ ചീഫ് സെക്രട്ടറിയുടെ

നേതൃത്വത്തിൽ ഒരു ശ്രമം നടന്നു. പക്ഷേ ആ ശ്രമം ഫലപ്രദമായില്ല. പ്രതിദിനം അഞ്ഞൂറോളം ഫയലുകൾ തീർപ്പുകാത്ത് സർക്കാരിന്റെ മുന്നിലെത്തുന്നുണ്ട്. അങ്ങനെ വരുമ്പോൾ ഏതാണ്ട് മൂന്നര ലക്ഷത്തോളം ഫയലുകൾ തീർപ്പു കൽപ്പിക്കാനുണ്ടെന്നാണ് നാം മനസ്സിലാക്കേണ്ടത്. ഇവിടെയാണ് കേരളത്തോട് ഇച്ഛാശക്തിയുള്ള, ജനങ്ങളോട് പ്രതിബദ്ധതയുള്ള ഒരു സർക്കാരിന്റെ നിലപാട് നാം ചർച്ചചെയ്യേണ്ടത്. കേരളത്തിന്റെ മുഖ്യമന്ത്രി അധികാരമേറ്റെടുത്തശേഷം കേരളത്തിലെ സെക്രട്ടേറിയറ്റ് ജീവനക്കാരുടെ യോഗം വിളിച്ചുചേർത്തു. അതിൽ ബഹുമാന്യനായ മുഖ്യമന്ത്രി നടത്തിയ ഒരു പ്രസംഗം കേരളത്തിലെ എല്ലാ മാധ്യമങ്ങളും മുഖപ്രസംഗമെഴുതി മുക്തകണ്ഠം പ്രശംസിക്കുകയുണ്ടായി. എന്താണ് മുഖ്യമന്ത്രി പറഞ്ഞത്? നിങ്ങളുടെ മുമ്പിൽവരുന്ന ഓരോ ഫയലിലും പാവപ്പെട്ടവരിൽ പാവപ്പെട്ടവന്റെ ജീവിതമാണെന്ന് ഓർക്കണം. ആ ഫയലുകളിൽ നിങ്ങൾ എഴുതുന്ന കുറിപ്പുകൾ ഒരുപക്ഷേ അവരിൽ അപൂർവ്വമായി ചിലരെങ്കിലും തുടർന്ന് ജീവിക്കണമോ മരിക്കണമോ എന്ന് നിശ്ചയിക്കുന്നതാണ്. ആലോചിച്ചുനോക്കൂ. ഇതാണ് കേരളത്തിലെ സർക്കാരിന്റെ ജനങ്ങളോടുള്ള നിലപാടെന്നുപറയുന്നത്. എല്ലാ ഫയലുകളും അനുകൂലമായി എഴുതാൻ കഴിയണമെന്നില്ല. എന്നാൽ ഫയലിലുള്ളത് ജീവിതമാണെന്നും കഴിയുന്നത്ര കരുതലോടെ അത് കൈകാര്യം ചെയ്യേണ്ടതാണെന്നുമുള്ള ബോധ്യത്തോടെയാണ് ഒരു ഫയലിനെ നിങ്ങൾ സമീപിക്കേണ്ടതെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉദ്യോഗസ്ഥരെ ഓർമ്മപ്പെടുത്തിയത്. അതുമാത്രമല്ല, കേരളത്തിന്റെ വികസനത്തെ കുറിച്ച് നാം ചർച്ചചെയ്യുമ്പോൾ നമുക്കറിയാം, വികസനത്തിന് പ്രതിബന്ധമായി നിൽക്കുന്നത് ലാന്റ് അക്വിസിഷനുമായി ബന്ധപ്പെട്ട കാര്യങ്ങളാണെന്ന്. വളരെ നീണ്ട ഒരു പ്രോസസ്സാണത്. പലപ്പോഴും അത് ഡെഡ്‌ലോക്കായി മാറുകയാണ്. ഇതിനെ മറികടക്കാൻ നടപടിയുണ്ടാകണം. പാലമുണ്ടാക്കിയാൽ അപ്രോച്ച് റോഡില്ല, കോടിക്കണക്കിന് രൂപ ചെലവഴിച്ചിട്ടും അതിന്റെ ഫലം ജനങ്ങൾക്ക് അനുഭവിക്കാൻ കഴിയാത്ത സാഹചര്യമുണ്ട്. ഇക്കാര്യത്തിൽ പരിഹാരമുണ്ടാകണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ജില്ലാ കളക്ടർമാരുടെ യോഗം വിളിച്ചുചേർത്തു. മുഖ്യമന്ത്രി പറഞ്ഞതെന്താണ്; ഇനി നിങ്ങളുടെ അജണ്ടയിൽ നീട്ടിവയ്ക്കലും ഒഴിവാക്കലും പാടില്ലെന്നാണ്. അങ്ങനെ കർശനമായി നിർദ്ദേശം കൊടുക്കാൻ കഴിഞ്ഞ മുഖ്യമന്ത്രി നേതൃത്വം കൊടുക്കുന്ന ഒരു ഗവൺമെന്റാണ് ഇന്ന് കേരളത്തിലുള്ളത്. അതാണ് ഞങ്ങൾ പറഞ്ഞത് ഭരണപരിഷ്കാര കമ്മീഷൻ ഒരു അക്കോമഡേഷനുവേണ്ടി ഉണ്ടാക്കിയതല്ല, മറിച്ച് കേരളത്തിലെ ജനങ്ങൾക്കുവേണ്ടി ഈ ഭരണത്തെ മാറ്റാൻ വേണ്ടിയാണ് എന്ന്. അദ്ദേഹം ജില്ലാകളക്ടർമാർക്ക് കൊടുത്ത നിർദ്ദേശമെന്താണ്? പൊതു ആവശ്യങ്ങൾക്കുവേണ്ടി ഭൂമി ഏറ്റെടുക്കേണ്ടി വരുമ്പോൾ അതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ ലഘൂകരിക്കേണ്ടതായിട്ടുണ്ട്. അങ്ങനെ ലഘൂകരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കാൻ കളക്ടറെ ചുമതലപ്പെടുത്താൻ ബഹുമാന്യനായ മുഖ്യമന്ത്രി

തയ്യാറായി. ഇങ്ങനെയൊരു സമീപനമാണ് നമുക്കാവശ്യമായിട്ടുള്ളത്. കഴിഞ്ഞ അഞ്ചുവർഷമായി ഹൈവേ വികസനത്തെക്കുറിച്ചും പൈപ്പ് ലൈനിനെക്കുറിച്ചുമൊക്കെ പറഞ്ഞു. ഇതിനൊക്കെ യോഗം വിളിച്ചുവെന്നല്ലാതെ, യഥാർത്ഥത്തിൽ എന്താണ് സംഭവിച്ചത്? ഞാൻ അപ്പുറത്തിരിക്കുന്ന ബഹുമാന്യരായ സുഹൃത്തുക്കളോട് ചോദിക്കട്ടെ, അക്കാര്യത്തിൽ ശക്തമായ നടപടി കേരളത്തിലുണ്ടായിട്ടുണ്ടോ? ഉണ്ടായിട്ടില്ല. ധാരാളം യോഗങ്ങൾ നടന്നു, ചായകുടിച്ച് നമ്മൾ പിരിഞ്ഞുപോയി. അതല്ല ഇപ്പോൾ ഇവിടെയുണ്ടായത്. ഇവിടെ ഒരു മാറ്റമുണ്ടായി. ഇച്ഛാശക്തിയുള്ള ഒരു ഗവൺമെന്റ് വന്നാൽ എന്തുമാറ്റവും ഉണ്ടായിക്കൂടെ? നാഷണൽ ഹൈവേയുടെ കാര്യത്തിൽ 100 ശതമാനം ഭൂമിയേറ്റെടുത്താൽ മാത്രമെ ഹൈവേയുടെ പണി തുടങ്ങാൻ കഴിയൂ. ഇങ്ങനെയല്ലേ നമ്മൾ പറഞ്ഞുകൊണ്ടിരുന്നത്. പക്ഷേ ബഹുമാന്യനായ മുഖ്യമന്ത്രി ഡൽഹിയിൽ പോയി ഉപരിതല ഗതാഗത വകുപ്പുമന്ത്രിയുമായി സംസാരിച്ചു. കേരളത്തിലെ ഗവൺമെന്റിന്റെ സുദൃഢമായ നിലപാട് അറിയിച്ചു. അപ്പോൾ കേന്ദ്ര സർക്കാർ പറഞ്ഞത് 60 ശതമാനം ഭൂമി ഏറ്റെടുത്താൽ നിങ്ങൾക്ക് ഹൈവേയുടെ പ്രവൃത്തി ആരംഭിക്കാമെന്നാണ്. 100 ശതമാനം ഭൂമി ഏറ്റെടുത്താലേ ഹൈവേയുടെ പണി ആരംഭിക്കാൻ കഴിയൂ എന്ന രൂപത്തിലാണ് നേരത്തേ പറഞ്ഞുകൊണ്ടിരുന്നത്. എനിക്ക് ബഹുമാന്യനായ മുഖ്യമന്ത്രിയോട് പറയാനുള്ളത് ഭൂമി ഏറ്റെടുക്കൽ വേഗത്തിലാകണമെങ്കിൽ നമ്മുടെ മുൻപിൽ രണ്ട് മാതൃകകളുണ്ട്. ആ രണ്ട് മാതൃകകളെന്നുപറയുന്നത് കഴിഞ്ഞ ഇടതുപക്ഷ സർക്കാരിന്റെ കണ്ണൂർ വിമാനത്താവളത്തിന്റെ ഭൂമി ഏറ്റെടുക്കലാണ്. ഒരാൾക്കും പരാതിയില്ലാതെ പരിഭവമില്ലാതെ ഒരു പ്രതിഷേധത്തിനും അവസരം കൊടുക്കാതെ ജനങ്ങളെ പരിപൂർണ്ണമായി വിശ്വാസത്തിലെടുത്തുകൊണ്ട് കണ്ണൂർ വിമാനത്താവളത്തിന്റെ ഭൂമി ഏറ്റെടുക്കൽ മാതൃകയായി. അതുപോലെ നാഷണൽ ഹൈവേയുടെ കാര്യത്തിലും ഗവൺമെന്റ് നടപടി സ്വീകരിച്ചുവരുന്നു. അത് വളരെ സ്വാഗതാർഹമാണെന്ന് ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. അതുപോലെ പുനരധിവാസം-മതിയായ നഷ്ടപരിഹാരത്തിന്റെ കാര്യത്തിൽ ഒരു വ്യക്തതയുണ്ടാകണമെന്ന് ബഹുമാന്യനായ മുഖ്യമന്ത്രിയോട് ഞാൻ ആവശ്യപ്പെടുകയാണ്. പ്രധാനമായും മനസ്സിലാക്കേണ്ട ചില കാര്യങ്ങളുണ്ട്. ഇടതുപക്ഷ ജനാധിപത്യ മുന്നണി വളരെ വ്യക്തമായി ഭരണപരിഷ്കാര നിലപാട് വ്യക്തമാക്കിയിട്ടുണ്ട്. അതിൽ ഏറ്റവും പ്രധാനപ്പെട്ടത് മുൻ മുഖ്യമന്ത്രി ഇ. കെ. നായനാർ അധ്യക്ഷനായിട്ടുള്ള ഭരണ പരിഷ്കാര കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമെന്നതാണ്. അതിൽ ഒട്ടേറെ കാര്യങ്ങൾ വിശദീകരിക്കുന്നുണ്ട്. ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് കടക്കുന്നില്ല. എം.എൽ.എ.മാരായ ഞങ്ങൾപോലും നിസ്സാരമായ ഒരു ഫയലിൽ തീർപ്പുണ്ടാക്കുന്നതിനുവേണ്ടി സെക്രട്ടേറിയറ്റിൽ എത്ര തവണ കയറിയിറങ്ങേണ്ടി വരുന്നു. ഇക്കഴിഞ്ഞ ദിവസം എനിക്ക് തിക്തമായൊരു അനുഭവമുണ്ടായി. എന്റെ

നാടായ പിലാത്തറയിൽ ചെറുതാളം പഞ്ചായത്തിൽ എം.എൽ.എ. ഫണ്ടിൽനിന്ന് ഒന്നരക്കോടി രൂപയുടെ ഇൻഡോർ സ്റ്റേഡിയം നിർമ്മിക്കണം. അതിന് ഒരു സ്റ്റേജ് പൊളിച്ചുമാറ്റണം. നാലുമാസം എനിക്ക് അതിന്റെ പിന്നാലെ നടക്കേണ്ടിവന്നു. അവസാനം സ്പെഷ്യൽ സെക്രട്ടറി എഴുതിയിരിക്കുന്നത് അത് ചീഫ് എഞ്ചിനീയർ കാണണമെന്നാണ്. അതിന് വിലയിട്ടിരിക്കുന്നത് ഇരുപത്തൊന്നായിരം രൂപയാണ്. ഒന്ന് ആലോചിച്ചുനോക്കൂ. നമ്മുടെ നൂലാമാലകൾ എത്ര സങ്കീർണ്ണമാണെന്ന്. ഞാൻ അദ്ദേഹത്തോട് പറഞ്ഞു. ഞാൻ ഒരു എം.എൽ.എ.യാണ്, ജനപ്രതിനിധിയാണ്.

മി. സ്പീക്കർ: ശ്രീ. റ്റി. വി. രാജേഷ് അങ്ങയുടെ സമയം കഴിഞ്ഞു.

ശ്രീ. റ്റി. വി. രാജേഷ്: അതുകൊണ്ട് ഇത്തരം കാര്യങ്ങളിലൊക്കെ ഒരു മാറ്റമുണ്ടാകണം. തീർച്ചയായും കേരളത്തിലെ സർക്കാർ ജനങ്ങളുടെ വികാരം പൂർണ്ണമായും മാനിക്കുന്ന സർക്കാരാണ്. അതുകൊണ്ടുതന്നെ കേരളത്തിൽ ഭരണ രംഗത്ത് ഒരു സമൂലമായ മാറ്റമുണ്ടാകുമെന്ന് ഞാൻ കരുതുന്നു. അതിന് തീർച്ചയായും ഇത്തരം ചർച്ചകൾ സഹായകരമാണ്. നിയമസഭാ കമ്മിറ്റികളുടെ റിപ്പോർട്ടുകൾ ചർച്ചചെയ്യാൻ അങ്ങ് തുടങ്ങിവച്ച ഈ മാതൃക കേരള നിയമസഭയുടെ അന്തസ്സ് വർദ്ധിപ്പിക്കും. അത് ഈ രാജ്യത്തിന് മാതൃകയായിത്തീരുമെന്ന് സൂചിപ്പിച്ചുകൊണ്ട് എന്റെ വാക്കുകൾ ചുരുക്കുന്നു.

ശ്രീ. വി. ഡി. സതീശൻ: സർ, ഈ റിപ്പോർട്ട് ചർച്ചയ്ക്കെടുക്കാൻ അനുവദിച്ച അങ്ങയോടും ഇത് അവതരിപ്പിക്കാൻ മുൻകൈ എടുത്ത ശ്രീ. കെ. സി. ജോസഫിനോടും ഞാൻ നന്ദി പറയുന്നു. ശ്രീ. എ. കെ. ബാലൻ അടക്കമുള്ള ഇപ്പോഴത്തെ നാല് മന്ത്രിമാരും ശ്രീ. സി. എഫ്. തോമസ് അടക്കമുള്ള മുൻ മന്ത്രിമാരും ശ്രീ. കെ. മുരളീധരനും ഉൾപ്പെടെയുള്ള ഈ കമ്മിറ്റിയിലെ അംഗങ്ങളും നിയമസഭാ ജീവനക്കാരും വളരെ പ്രത്യേകമായെടുത്ത ഉത്സാഹമാണ് ഇങ്ങനെയൊരു റിപ്പോർട്ട് അവതരിപ്പിക്കാൻ കാരണമായത്. സാധാരണ നമ്മുടെ നിയമസഭാ കമ്മിറ്റികൾ ചർച്ചചെയ്യുന്നത് പത്ത്-പതിനഞ്ച് കൊല്ലത്തിനുമുൻപുള്ള റിപ്പോർട്ടുകളാണ്. ഞങ്ങളുടെ എസ്റ്റിമേറ്റ്സ് കമ്മിറ്റി അതുവരെയുള്ള എല്ലാ റിപ്പോർട്ടുകളും അപ്ഡേറ്റ് ചെയ്തതുകാരണം ഇപ്പോൾ കറണ്ട് ഇഷ്യൂസ് മാത്രം ചർച്ച ചെയ്യാൻ ശ്രീ. ശർമ്മ ചെയർമാനായ ഇപ്പോഴത്തെ കമ്മിറ്റിക്ക് സാഹചര്യമുണ്ടാക്കിയിട്ടുണ്ട്. വളരെ ഞെട്ടിപ്പിക്കുന്ന ഗൗരവതരമായ ഒരു വിഷയമാണിത്. ഇവിടെ സൂചിപ്പിച്ചതുപോലെ 250 മില്ല്യൺ ഡോളറാണ് ഏഷ്യൻ ഡെവലപ്മെന്റ് ബാങ്കിൽനിന്ന് നമുക്ക് സഹായമായി ലഭിച്ചത്. 1148 കോടി രൂപയാണ് ഇവിടെ ചെലവാക്കിയത്. അതിൽ 536 കോടി രൂപ മാത്രമാണ് യഥാർത്ഥത്തിൽ എം.ജി.പി.ക്കുവേണ്ടി ചെലവഴിച്ചിട്ടുള്ളത്. ഓരോ ഗവൺമെന്റുകളും അതാത് കാലത്തെ സാമ്പത്തിക പ്രതിസന്ധി, അന്ന് ഇലക്ട്രിസിറ്റി ബോർഡൊക്കെ വലിയ വിഷയമായിരുന്നു

കൊണ്ട് ഊർജ്ജ വകുപ്പിനുവേണ്ടിയാണ് 756 കോടി രൂപ ചെലവാക്കിയത്. അഴീക്കൽ പോർട്ടിന് 12 കോടി രൂപ കൊടുത്തു. ഭരണപരമായ സുതാര്യതയും എഫിഷ്യൻസിയും ഉറപ്പുവരുത്തുക, കാലതാമസമില്ലാതെ തീരുമാനങ്ങളെടുക്കുക ഇവയൊക്കെയാണ് ഭരണ നവീകരണംകൊണ്ട് നമ്മൾ ഉദ്ദേശിക്കുന്നത്. ഞെട്ടിപ്പിക്കുന്ന മറ്റൊരു വിഷയം ഇതുസംബന്ധിച്ച പരിശോധനകൾക്കായി യാതൊരു ഫയലുകളും സെക്രട്ടേറിയറ്റിൽ ഇല്ലായെന്നുള്ളതാണ്. ചീഫ് സെക്രട്ടറി അടക്കമുള്ള 15-ഓളം സെക്രട്ടറിമാരെ ഞങ്ങൾ രണ്ടുപ്രാവശ്യം വിളിച്ചുവരുത്തി സംസാരിച്ചിട്ടും അവർക്കാർക്കും ഒരു അക്കൗണ്ടബിലിറ്റിയുമില്ല. അവർ പരസ്പരം പഴിചാരുകയാണ്. ഫയലുകൾ ഐ.ടി. ഡിപ്പാർട്ട്മെന്റിലേയ്ക്ക് കൊടുത്തു എന്നുപറഞ്ഞപ്പോൾ ഐ.ടി. ഡിപ്പാർട്ട്മെന്റ് സെക്രട്ടറി ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥരെ വിളിച്ചുവരുത്തി. ഡിജിറ്റലൈസേഷന് പോയ കുറച്ചുഫയൽ ഐ.ടി. വകുപ്പിലുണ്ടെന്ന് അറിയാൻകഴിഞ്ഞു. 1150 കോടി രൂപ ചെലവാക്കിയതിന്റെ ഫയലുകൾ സെക്രട്ടേറിയറ്റിൽനിന്നും എവിടെ പോയി? ഇത് എങ്ങനെയാണ് റിവ്യൂ ചെയ്തിട്ടുള്ളത്; ഈ പദ്ധതികൾ എങ്ങനെയാണ് നടന്നിട്ടുള്ളത്; ഇത് കൃത്യമായി ഓഡിറ്റ് ചെയ്യപ്പെട്ടിട്ടുണ്ടോ എന്നതിനെ സംബന്ധിച്ചൊന്നും യാതൊരു രേഖകളും സെക്രട്ടേറിയറ്റുമായി ബന്ധപ്പെട്ട് ഇല്ല. സംസ്ഥാനത്ത് നടപ്പിലാക്കിയ പദ്ധതിയുമായി ബന്ധപ്പെട്ട് അതിന്റെ വായ്പ, വിനിയോഗം, വായ്പാതിരിച്ചടവിന്റെ രേഖകൾ ഇതൊന്നും പലപ്രാവശ്യം ആവശ്യപ്പെട്ടിട്ടും നമുക്ക് ലഭ്യമായില്ല. വിവിധ വകുപ്പുകളിൽ വിവിധ പദ്ധതികളുടെ നടത്തിപ്പിനായി തെരഞ്ഞെടുക്കപ്പെട്ട ഓരോ കൺസൾട്ടൻസിയുണ്ട്. ആ സ്ഥാപനങ്ങളുടെ പട്ടിക ചോദിച്ചിട്ടും അതിന്റെ വിവരവും സെക്രട്ടേറിയറ്റിലില്ല. പ്രോജക്ട് റിപ്പോർട്ടുകൾ ഏതൊക്കെ ഏജൻസികളാണ് തയ്യാറാക്കിയത്; അവയ്ക്ക് ഓരോന്നിനും ഏതെല്ലാം തീയതികളിലാണ് അംഗീകാരം കൊടുത്തത് എന്നിവ സംബന്ധിച്ച രേഖകളുമില്ല. പദ്ധതിയുടെ നിർവ്വഹണം സംബന്ധിച്ച ഈ ഏജൻസി അന്തിമമായ വിലയിരുത്തൽ നടത്താതിരുന്നത് ഏത് സാഹചര്യത്തിലാണ് എന്നതിനെ സംബന്ധിച്ചും അറിയില്ല. ഭരണനവീകരണ പരിപാടിയുടെ നിർവ്വഹണം സംബന്ധിച്ച് സർക്കാർ തലത്തിലോ മറ്റേതെങ്കിലും തലത്തിലോ വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; ഇത്രയും പണം ചെലവഴിച്ചിട്ട് അതിന്റെ ഇംപാക്ട് എന്താണ്; ഏതെങ്കിലുമൊരു രംഗത്ത് അഭിമാനകരമായ, ഗുണപരമായ ഒരു മാറ്റമുണ്ടായിട്ടുണ്ടോ; 1150 കോടി രൂപ ചെലവഴിച്ചിട്ട് അതിന്റെ പത്തോ ഇരുപതോ ശതമാനമെങ്കിലും ഗുണഫലം ഉണ്ടായിട്ടുണ്ടോ? 2002 മുതലാണ് ഇത് ചെലവഴിക്കാൻ തുടങ്ങിയത്, വായ്പായിനത്തിൽ 2006 മുതൽ ഓരോ വർഷവും നാളിതുവരെ മുതലിനത്തിലും പലിശയിനത്തിലും എത്ര രൂപവീതം തിരിച്ചടച്ചിട്ടുണ്ട്; ഇനി എത്ര രൂപ അടയ്ക്കണം; തിരിച്ചടവിന്റെ ഷെഡ്യൂൾ എന്താണ് എന്ന് ചോദിച്ചിട്ട് അതിനെ സംബന്ധിച്ചും ആർക്കും അറിയില്ല. ഇങ്ങനെ ഒരു പദ്ധതിയുണ്ടോ, ഇതാണോ നമ്മുടെ സർക്കാരുകളുടെ

പ്രവർത്തനം? ഏതെങ്കിലുമൊരു ഗവൺമെന്റിനെ സംബന്ധിച്ചല്ല പറയുന്നത്. 2002 മുതൽ 2008 വരെയുള്ള കാലഘട്ടത്തിലാണ് ഇങ്ങനെയൊരു സംഭവം നടന്നിട്ടുള്ളത്. വിശ്വസിക്കാൻ കഴിയാത്ത വിധത്തിലാണ് ഗവൺമെന്റ് സെക്രട്ടറിമാർ പറയുന്നത്. അവർ പറയുന്നത് ഞാനല്ല അന്ന് സെക്രട്ടറി വേറെ ആളാണ് എന്നാണ്. ഗവൺമെന്റ് എന്നത് ഒരു തുടർച്ചയല്ലേ? ശ്രീ. എ. കെ. ബാലൻ നേരത്തേ സൂചിപ്പിച്ചതുപോലെ അക്കൗണ്ടബിലിറ്റി എന്നുള്ള ഒരു പ്രധാനപ്പെട്ട പ്രശ്നമാണ് നമ്മുടെ മുൻപിൽ ഉയരുന്നത്. ഭരണനവീകരണവുമായി ബന്ധപ്പെട്ട യഥാർത്ഥ പദ്ധതികളാണോ ഇതിലൊക്കെ ഉണ്ടായിരുന്നത്? 1920-ൽ ടോട്ടൻഹാം എന്ന ഒരു ഇംഗ്ലീഷുകാരനാണ് സെക്രട്ടേറിയറ്റിൽ ഇന്നത്തെ hierarchy സിസ്റ്റമുണ്ടാക്കിയത്. അന്ന് സെക്രട്ടേറിയറ്റിൽ നാലായിരം ഫയലുകളാണുണ്ടായിരുന്നത്. ഇപ്പോൾ പെന്റിംഗ് തന്നെ ലക്ഷക്കണക്കിനുഫയലുകളാണെന്ന് കണക്കുദ്ധരിച്ചുകൊണ്ട് ശ്രീ. രാജേഷ് ഇവിടെ പറഞ്ഞു. നാലായിരം ഫയലുള്ളകാലത്ത് തുടങ്ങിയ ഒരു സിസ്റ്റമാണ്. ഒരു ക്ലാർക്കിന്റെ കയ്യിൽനിന്നാണ് ഒരു ഫയർ ഒറിജിനേറ്റ് ചെയ്യുന്നത്. ക്ലാർക്ക്, സെക്ഷൻ ഓഫീസർ, അണ്ടർ സെക്രട്ടറി, ഡെപ്യൂട്ടി സെക്രട്ടറി, ജോയിന്റ് സെക്രട്ടറി, സെക്രട്ടറി, പ്രിൻസിപ്പൽ സെക്രട്ടറി അങ്ങനെ പോകുകയാണ് ഈ hierarchy. ഇങ്ങനെ ഒരു ഫയൽ യാത്ര ചെയ്യുകയാണ്. എവിടെയെങ്കിലും വച്ച് ആർക്കെങ്കിലും ഒരു കുസൃതി തോന്നി ഒരു ക്വറിയിട്ടുകഴിഞ്ഞാൽ വീണ്ടും ആ ഫയൽ തിരിച്ച് യാത്ര തുടങ്ങുകയാണ്. ഒരിക്കലും തീരാത്ത അന്തമില്ലാത്ത യാത്രയാണ്. എല്ലാ സ്ഥലങ്ങളിലും ഫയലുകൾ കെട്ടിക്കിടക്കുകയാണ്. ഒരു ഗൗരവതരമായ കാര്യം നമ്മൾ ആലോചിക്കണം. നേരത്തേ തീരുമാനിച്ച ഒരു വിഷയം, അതുസംബന്ധിച്ച് ഒരു പോളിസി ഇവിടെയുണ്ട്. നയപരമായ തർക്കമില്ലാത്ത ഒരു കേസ് എന്തിനാണ് പ്രിൻസിപ്പൽ സെക്രട്ടറി വരെ പോകുന്നത്? അത് അണ്ടർ സെക്രട്ടറി തലത്തിൽ വച്ച് തീരുമാനമെടുത്ത് ആ ഫയൽ ഡിസ്പോസ് ചെയ്തുകൂടെ? ഗൗരവതരമായി ആലോചിച്ചാൽ അങ്ങനെ എന്തെല്ലാം കാര്യങ്ങൾ നമുക്ക് ചെയ്യാൻ സാധിക്കും. ഈ വിഷയം കൊണ്ടുവരാൻ കാരണമുണ്ട്. പല പദ്ധതികളും വരുന്നുണ്ട്. ഉദാഹരണത്തിന് 50 കോടി രൂപയുടെ എസ്റ്റിമേറ്റിൽ ഒരു പദ്ധതി തുടങ്ങുന്നു. 500 കോടി രൂപ ചെലവാക്കിയാലും ആ പ്രോജക്ട് തീരില്ല. പിന്നെയും ഒരു 300 കോടി രൂപകൂടി വേണമെന്നാണ് പറയുന്നത്. അങ്ങനെയുള്ള എത്ര പ്രോജക്ടുകൾ കേരളത്തിലുണ്ട്. ഇറിഗേഷൻ ഡിപ്പാർട്ട്മെന്റുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ, ഇലക്ട്രിസിറ്റി ജനറേറ്റ് ചെയ്യുന്നതുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ. സാധാരണക്കാരുടെ പണമെടുത്ത് കൊള്ളയടിക്കുന്ന, കടലിൽ മുക്കിക്കളയുന്നതരം സംവിധാനമാണ് നമ്മുടെ എസ്റ്റാബ്ലിഷ്മെന്റിൽ നിലവിലിരിക്കുന്നത്.

മി. സ്പീക്കർ: യെസ്....അങ്ങയുടെ സമയം.....

<u>ശ്രീ. വി. ഡി. സതീശൻ</u>: ഞാൻ അവസാനിപ്പിക്കുന്നു. ഇതിന് കാലാനുസൃതമായ മാറ്റം വേണ്ടേ; നമ്മൾ ഉദ്ദേശിക്കുന്നത് സ്പീഡി ഡിസ്പോസലല്ലേ? നമ്മുടെയെല്ലാവരുടേയും ജീവിതത്തിൽ ഉണ്ടായിരിക്കുന്ന സ്പീഡ് എന്താണ്. നമ്മുടെ വണ്ടി, മൊബൈൽ ഫോൺ എല്ലാം നമ്മുടെ ഓഫീസാണ്. സ്പീഡിൽ നമുക്ക് കമ്മ്യൂണിക്കേഷൻ നടത്താൻ സാധിക്കും. എന്നാൽ നമ്മുടെ ഡിസിഷൻ ഇംപ്ലിമെന്റ് ചെയ്യുന്നത്, പ്രോജക്ട് മാനേജ്മെന്റ് തുടങ്ങിയ കാര്യങ്ങളിൽ പത്ത്-നൂറ് വർഷം മുൻപുള്ള ഒരു സിസ്റ്റവും കൊണ്ടിരുന്നാൽ എത്ര എഫിഷ്യന്റായ ഗവൺമെന്റ് വന്നാലും എത്ര മിടുമിടുക്കൻമാരായ മന്ത്രിമാർ വന്നാലും എത്ര വലിയ ഭരണാധികാരികൾ വന്നാലും റിസൾട്ട് നമ്മൾ ഉദ്ദേശിക്കുന്ന ലെവലിലേയ്ക്ക് പോകില്ല. ഒരു ചർച്ച വന്നപ്പോൾ ശ്രീ. തോമസ് ഐസക് പറഞ്ഞു, ഒരു സോഫ്റ്റ്‌വെയറിൽ കൂടി കമ്പ്യൂട്ടർ തന്നെ ചെക്ക് ചെയ്ത് റിട്ടേണിൽ എന്ത് തെറ്റുണ്ട് എന്നൊക്കെ വിലയിരുത്താൻ കഴിയുന്ന സിസ്റ്റം ലോകത്തെല്ലായിടത്തും വന്നു എന്ന്. ഭരണ നവീകരണം എന്നൊക്കെ നാം ഉദ്ദേശിക്കുന്നത് അത്തരം കാര്യങ്ങളിലാണ്. ജോലിയിൽ താല്പര്യമുള്ള കുറെ നല്ല ഉദ്യോഗസ്ഥരുണ്ട്. ഞാൻ അവരെയൊന്നും കുറ്റപ്പെടുത്തുന്നില്ല. ഒരു കാര്യം എങ്ങനെ ഭംഗിയായി ചെയ്യാൻ കഴിയും എന്ന് ആലോചിക്കുന്ന ന്യൂനപക്ഷ ഉദ്യോഗസ്ഥരുണ്ട്. പക്ഷേ മെജോറിറ്റി നെഗറ്റീവാണ്. കാരണമെന്താണ്; നടക്കില്ല എന്നുപറയുന്നത് ഏറ്റവും എളുപ്പമുള്ള കാര്യമാണ്. പിന്നെ വേറെ ഒന്നും അന്വേഷിക്കേണ്ടല്ലോ. എന്നാൽ നടത്തണമെന്ന് തീരുമാനിച്ചാൽ കാര്യങ്ങളൊക്കെ ചെയ്യാൻ കുറച്ചു ബുദ്ധിമുട്ടുണ്ടാകും. ഇത് നടക്കില്ല, നടത്താതിരിക്കാൻ എന്ത് മാർഗ്ഗമുണ്ടെന്ന് ആലോചിക്കുന്ന പത്ത് തലയുള്ള രാവണന്മാരുടെ ബുദ്ധിയുള്ള ഉദ്യോഗസ്ഥർ പ്രത്യേകിച്ച് ധനകാര്യ വകുപ്പ് ഉൾപ്പെടെയുള്ള സ്ഥലങ്ങളിലുണ്ട്. ഒരു ചുവന്ന മഷിയുള്ള പേനയുമായി ഇരിക്കുകയാണ്. ഇതെങ്ങനെ വെട്ടിക്കളയാം, ഇതെങ്ങനെ ഇല്ലാതാക്കാം, ഇതെങ്ങനെ വഷളാക്കാമെന്നാണ് അവർ ആലോചിക്കുന്നത്. നമുക്ക് ജനങ്ങളോട് accountability ഇല്ലേ? ജനപ്രതിനിധി എന്നുള്ള നിലയിൽ നമ്മളാണ് ജനങ്ങളോട് ഉത്തരം പറയേണ്ടത്. ഓരോ പദ്ധതികളും വൈകുമ്പോൾ, അതിന് എസ്കലേഷൻ വരുമ്പോൾ, അതിന്റെ എസ്റ്റിമേറ്റ് റിവൈസ് ചെയ്യുമ്പോൾ അവസാനം നമ്മൾ ഒന്നും പ്രതീക്ഷിക്കാത്ത തരത്തിലുള്ള വലിയ എമൗണ്ടാണ് വരുന്നത്. പലപ്പോഴും ഒരു ജനപ്രതിനിധി എന്നുള്ള നിലയിൽ നമുക്ക് ഇതൊന്നും ശരിയാക്കാൻ കഴിയുന്നില്ലല്ലോ എന്ന കുറ്റബോധമുണ്ടാകാറുണ്ട്. അഞ്ചുകോടി രൂപയുടെ പദ്ധതി പത്തുകോടി രൂപയ്ക്ക് തീർക്കുമ്പോൾ തലകുനിച്ചുകൊണ്ടാണ് അതിന്റെ ഉദ്ഘാടനത്തിന് പോകുന്നത്. ഗൗരവതരമായ ഒരു ചർച്ച എല്ലാ രാഷ്ട്രീയവും മാറ്റിവച്ച്, പ്രബുദ്ധരായ ജനങ്ങളുള്ള, ഇത്രയും അഡ്വാൻസായ സംവിധാനങ്ങളുള്ള ഈ സംസ്ഥാനത്ത്, നമ്മുടെ ഭരണ സംവിധാനത്തെ മികവുറ്റതാക്കാനുള്ള ഒരു കൂട്ടായ പരിശ്രമത്തിന്റെ തുടക്കമായി ഈ ചർച്ച മാറട്ടെ എന്നു ഞാൻ ആഗ്രഹിക്കുന്നു. ഞാൻ നിർത്തുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഇത്തരമൊരു ചർച്ചയ്ക്കിട നൽകിയ ബഹുമാനപ്പെട്ട സ്പീക്കറെ ആദ്യമേ തന്നെ അഭിനന്ദിക്കുന്നു. 2014-16-ലെ എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ റിപ്പോർട്ടാണ് ചർച്ച ചെയ്യുന്നത്. എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ റിപ്പോർട്ടിനുപിന്നിൽ ഒരു ചരിത്രമുണ്ടോ എന്നൊരു സംശയമുണ്ട്. 2013 ജൂൺ മാസം 17-ാം തീയതി അസംബ്ലിയിൽ ശ്രീ. എ. കെ. ബാലൻ മോഡണൈസേഷൻ ഓഫ് ഗവൺമെന്റ് പ്രോഗ്രാമിനെക്കുറിച്ച് ഏഴ് പിരിവികളുള്ള ഒരു ചോദ്യം ചോദിച്ചിരുന്നു. സമയക്കുറവുകൊണ്ട് ഞാൻ അവ ഉദ്ധരിക്കുന്നില്ല. നാലെണ്ണത്തിനും മറുപടി നൽകിയില്ല. ഇതുമായി ബന്ധപ്പെട്ട വിവരങ്ങൾ മറച്ചുവയ്ക്കുന്നതിന് എന്തോ ഒരു താല്പര്യമുണ്ടായിട്ടുണ്ടെന്നാണ് തോന്നുന്നത്. എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ സത്ത അന്നത്തെ എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ അധ്യക്ഷനായിരുന്ന ശ്രീ. വി. ഡി. സതീശൻതന്നെ വ്യക്തമാക്കുകയുണ്ടായി. അതിൽ പാരഗ്രാഫ് 62-ൽ അദ്ദേഹം പറഞ്ഞ കാര്യങ്ങളെല്ലാം ഇവിടെ ഓരോന്നായി പറയുന്നുണ്ട്. സമയച്ചുരുക്കംകൊണ്ട് അതും ഞാൻ എടുത്തുപറയുന്നില്ല. അത് പറഞ്ഞുകൊണ്ട് തുടങ്ങണമെന്നായിരുന്നു ഞാൻ ആഗ്രഹിച്ചത്. പക്ഷേ, അദ്ദേഹംതന്നെ അത് പറഞ്ഞതുകൊണ്ട് ഞാനതിലേയ്ക്ക് കടക്കുന്നില്ല. പക്ഷേ, ഒരു സമിതി നമ്മുടെ സംസ്ഥാനത്തെ ഭരണ നവീകരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളെക്കുറിച്ചുള്ള ഗൗരവമായ വിലയിരുത്തലാണ് നടത്തിയിരിക്കുന്നത്. "തുകകൾ ചെലവഴിക്കുന്നതിൽ സാധാരണ പാലിക്കേണ്ട നടപടിക്രമങ്ങൾ പല വകുപ്പുകളും പാലിച്ചിട്ടില്ലെന്നും ചെലവഴിക്കുന്ന ഓരോ തുകയ്ക്കും കൃത്യമായ കണക്കുകൾ ചട്ടപ്രകാരം സൂക്ഷിക്കണമെന്നും ഉള്ളപ്പോൾ ഫണ്ട് വിനിയോഗം അലസമായി കൈകാര്യം ചെയ്തിരിക്കുകയാണെന്നും സമിതി വിലയിരുത്തുന്നു". ഇത് ഒരു വാചകം മാത്രമേ ആകുന്നുള്ളൂ. ഇനി ഓരോ വാചകവും ഇതിനെക്കാൾ കടുപ്പമുള്ളതാണ്. "ഭരണ നവീകരണ പരിപാടിയുടെ ഭാഗമായി ആരംഭിച്ച പല പദ്ധതികളും പൂർത്തീകരിക്കേണ്ടതുള്ളതായും പൂർത്തിയാക്കിയിട്ടുള്ളവയിൽത്തന്നെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് മുതലായ രേഖകൾ തയ്യാറാക്കിയിട്ടില്ലെന്നും സമിതിയുടെ പഠനത്തിൽ നിന്നും വ്യക്തമാകുന്നു. ഇത് ക്വാളിറ്റി എക്സ്പെന്റിച്ചർ അല്ലെന്നും സമിതി വിലയിരുത്തുന്നു." ജനങ്ങൾക്ക് മെച്ചപ്പെട്ട സേവനങ്ങൾ ലഭ്യമാക്കുന്നതിനാണ് എം.ജി.പി. ലക്ഷ്യമിട്ടതെങ്കിലും ലഭ്യമായ കണക്കുകൾ പരിശോധിച്ചതിൽ അനുവദിച്ച 1300 കോടിയിൽപ്പരം രൂപയിൽ 756.46 കോടി രൂപ ഊർജ്ജ വകുപ്പിന്റെ റവന്യൂകമ്മി നികത്തുന്നതിനാണ് ചെലവഴിച്ചത്. വ്യവസായ വകുപ്പിന് അനുവദിച്ച 216 കോടി രൂപയിൽ കൂടുതലും പൊതുമേഖലാ സ്ഥാപനങ്ങളിലെ വി.ആർ.എസ്., ഒ.റ്റി.എസ്, കടങ്ങൾ തീർക്കുക തുടങ്ങിയവയ്ക്കാണ് ഉപയോഗിച്ചത്. ഫലത്തിൽ എം.ജി.പി.യിൽ 536 കോടി രൂപ മാത്രമാണ് വിവിധ വകുപ്പുകളുടെ പുനരുദ്ധാരണ പദ്ധതികൾക്കായി ചെലവഴിച്ചതെന്ന് കാണാം. അതായത് അനുവദിച്ച 1300 കോടി രൂപയിൽ 536 കോടി രൂപ മാത്രമേ ഇതിനുവേണ്ടി

ചെലവഴിച്ചിട്ടുള്ളൂ. ഏതായാലും നമ്മുടെ സംസ്ഥാനത്ത് നടപ്പാക്കിയ ഒരു പദ്ധതിയെ സംബന്ധിച്ച് നിയമസഭ ഗൗരവമായി ചർച്ച നടത്തി എന്നുതന്നെയാണ് ഈ ചർച്ചയെ കാണേണ്ടത്, പലരും ഈ വിഷയത്തിനകത്തേയ്ക്ക് കടന്നില്ലെങ്കിലും ഇതിനെക്കുറിച്ച് ഗൗരവമായ ഒരു ചർച്ചയാണ് നമ്മൾ നടത്തിയത്. അതെന്തുകൊണ്ടും ശുഭോദർക്കമായ കാര്യമാണ്. ഈ പദ്ധതിക്ക് മറ്റൊരു പ്രത്യേകതയുണ്ട്. ഈ ഫണ്ട് അനുവദിച്ചതും ഉണ്ടായതും ചെലവഴിച്ചതും മാത്രമല്ല, ഇത് സംസ്ഥാനത്ത് വ്യാപകമായ പ്രതിഷേധത്തിന് ഇടയാക്കിയ ഒരു പദ്ധതിയായിരുന്നു. ഈ ചർച്ച ഏതുപദ്ധതി നടപ്പാക്കുമ്പോഴും പാലിക്കേണ്ട ജാഗ്രതയ്ക്ക് കാരണമാകും. സർക്കാർ നടപ്പാക്കിയ ഒരു പദ്ധതി എന്നതിലുപരി അതു നടപ്പാക്കാൻ സ്വീകരിച്ച നടപടികളാണ് ഒരുപക്ഷേ ഈ ചർച്ചയ്ക്കുതന്നെ കാരണമായിട്ടുള്ളത്. നാടിന്റെ വികസന പരിപാടി നടപ്പിലാക്കുന്നതിന് ഭരണയന്ത്രം മെച്ചപ്പെട്ടതാക്കുക എന്നത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. ശ്രീ. വി. ഡി. സതീശൻ പ്രസ്താവിച്ചതുപോലെ കൊളോണിയൽ കാലഘട്ടത്തിൽ രൂപംകൊണ്ട ഭരണസംവിധാനമാണ്. ഇതിനെ ജനകീയവും വികസനോന്മുഖവുമാക്കി തീർക്കണമെങ്കിൽ ഭരണയന്ത്രത്തിൽ മാറ്റംവരുത്തി മുന്നോട്ടുപോകണം. അതാണ് അവതാരകൻ ശ്രീ. കെ. സി. ജോസഫ് 1957-ലെ സർക്കാരിന്റെ കാലത്തെ ഒന്നാം ഭരണ പരിഷ്കാര കമ്മീഷന്റെ കാഴ്ചപ്പാടിനെക്കുറിച്ച് പറഞ്ഞത്. 1965-ൽ രണ്ടാം ഭരണ പരിഷ്കാര കമ്മീഷനുണ്ടായി. 1997-ൽ ഇ.കെ. നായനാർ അധ്യക്ഷനായുള്ള മൂന്നാം ഭരണപരിഷ്കാര കമ്മീഷനും ഇതേ പ്രശ്നം ഉന്നയിച്ചിരുന്നു. ഇത്തരം ഒരു പശ്ചാത്തലത്തിലാണ് ഇവിടെ ചർച്ച ചെയ്ത എം.ജി.പി. ആവിഷ്കരിക്കുന്നത്. വിദേശവായ്പയും അതടിസ്ഥാനപ്പെടുത്തി നടന്ന ഘടനാപരമായ പരിഷ്കാരവും സംബന്ധിച്ച് ഏഷ്യൻ വികസന ബാങ്കുമായി ചർച്ച നടത്തി അവരുടെ കാഴ്ചപ്പാടുകളുടെ അടിസ്ഥാനത്തിൽ കൂടിയാണ് ഈ പദ്ധതി ആവിഷ്കരിച്ചത്. നമ്മളെല്ലാവരും ഓർക്കുന്ന ഒരു കാര്യം, എ.ഡി.ബി.യെക്കുറിച്ച് ഏറെ ചർച്ച ചെയ്യപ്പെട്ട ഒരു കാലമുണ്ടായിരുന്നു. അത് ഇതിന്റെയും കൂടി ഭാഗമായിരുന്നു. എ.ഡി.ബി. എല്ലാ രാഷ്ട്രീയക്കാരുടെ നാവിൽ തത്തിക്കളിച്ച ഒരു വാക്കായിരുന്നു. വിദേശ വായ്പകൾ സംസ്ഥാനത്തിന്റെ വികസനത്തെയും താല്പര്യങ്ങളെയും സംരക്ഷിച്ചുകൊണ്ടുമാത്രം ഉപയോഗിക്കേണ്ടതാണ് എന്ന കാര്യത്തിൽ തർക്കമൊന്നുമില്ല. 2002-ൽ എ.ഡി.ബി. മുഖേന കേരളം എടുത്ത വായ്പ സംസ്ഥാന താല്പര്യങ്ങൾ തകർക്കുന്നതായിരുന്നോ എന്നതാണ് ഈ പദ്ധതിയുമായി ബന്ധപ്പെട്ട എതിർപ്പ് രൂപപ്പെടുത്തിയത്. സംസ്ഥാനത്ത് ഈ പദ്ധതി വിവാദങ്ങൾ സൃഷ്ടിച്ചു. എന്നുമാത്രമല്ല ഇതിന്റെ ശിപാർശകളിൽ ഇതിന്റെ ഭാഗമായുള്ള നയം നടപ്പാക്കാൻ തുടങ്ങുമ്പോൾ ആ നയത്തിനെതിരായി കേരളത്തിലെ ജീവനക്കാർ ഒന്നടങ്കം പ്രക്ഷോഭരംഗത്തേയ്ക്കുവരുന്ന സ്ഥിതി ഉണ്ടാക്കിവച്ചു. ഈ വിഷയവുമായി ബന്ധപ്പെട്ട് കേരളത്തിലെ ആദ്യ അനുഭവം ഇതായിരുന്നു. അതിന്റെ ഭാഗമായി സംസ്ഥാനത്ത്

വലിയ പ്രക്ഷോഭങ്ങൾ ഉയർന്നുവന്നു. ആ പ്രക്ഷോഭത്തിൽ ഏറ്റവും പ്രധാനപ്പെട്ടത് 32 ദിവസം നീണ്ടുനിന്ന സർക്കാർ ജീവനക്കാരുടെ പണിമുടക്കായിരുന്നു. ഇതിൽ വന്ന നിർദ്ദേശങ്ങൾ സർക്കാരിന്റെ വലിപ്പം കുറയ്ക്കണം, സിവിൽ സർവ്വീസിനെ ചെറുതാക്കണം, ജനക്ഷേമം അല്ല സർക്കാരിന്റെ ഉത്തരവാദിത്വം, മറിച്ച് ഫെസിലിറ്റേറ്റഡ് ആകണം, സിവിൽ സർവ്വീസിന്റെ ആകർഷണീയത കുറയ്ക്കണം, സേവനങ്ങൾ ഔട്ട്സോഴ്സ് ചെയ്യണം, പെൻഷൻ പാടില്ല, വേണമെങ്കിൽ പങ്കാളിത്ത പെൻഷൻ ആകാം, വി.ആർ.എസ്. പ്രോത്സാഹിപ്പിക്കണം എന്നിങ്ങനെ നിരവധി വ്യവസ്ഥകൾ ഈ പദ്ധതിയുടെ ഭാഗമായി നടപ്പാക്കാൻ എ.ഡി.ബി. സർക്കാരിൽ സമ്മർദ്ദം ചെലുത്തുകയായിരുന്നു. ഇതിന്റെ ഭാഗമായി ദിവസക്കൂലി, കരാർ നിയമനങ്ങൾ എന്നിവ വ്യാപകമായി. ഔട്ട്സോഴ്സിംഗ്, പെൻഷൻ സ്വകാര്യവത്കരണം ഇവയെല്ലാം യാഥാർത്ഥ്യമായി. 1990-കളിലെ പുതിയ സാമ്പത്തിക പരിഷ്കാരത്തോടെ വ്യാപകമായി ഉയർന്നുവന്ന ഇത്തരം കാഴ്ചപ്പാടാണ് ഈ രേഖകൾ മുന്നോട്ടുവച്ചത്. സംസ്ഥാനത്ത് ഉയർന്നുവന്ന ശക്തമായ എതിർപ്പ്, 2006-ൽ അധികാരത്തിൽവന്ന എൽ.ഡി.എഫ്. സർക്കാരിന്റെ സമീപനം എന്നിവ ഇത്തരം കാഴ്ചപ്പാടുകൾ അതുപോലെ പ്രാവർത്തികമാക്കുന്നത് തടഞ്ഞുവെന്നത് യാഥാർത്ഥ്യമാണ്. കേന്ദ്ര സർക്കാർ മുന്നോട്ടുവയ്ക്കുന്ന ഇത്തരം നയങ്ങൾക്കകത്തുനിന്നുകൊണ്ട് പ്രവർത്തിക്കുമ്പോൾ, ഇത്രയേ പ്രവർത്തിക്കാനാകൂ എന്ന പരിമിതിയുണ്ടെങ്കിലും, ഈ നയങ്ങൾക്കെതിരായ ബദൽ സമീപനമാണ് എൽ.ഡി.എഫ്. ആവിഷ്കരിച്ചതും നടപ്പാക്കുകയും ചെയ്തിട്ടുള്ളത്. അക്കാലത്ത് ഉയർന്നുവന്ന ആശങ്കകൾ ശരിയാണെന്ന് ബോദ്ധ്യപ്പെടുത്തുന്നതാണ് നിയമസഭാസമിതിയുടെ കണ്ടെത്തലുകൾ എല്ലാം. സമിതിയുടെ പല കണ്ടെത്തലുകളിൽ പദ്ധതിയുടെ സുതാര്യതയില്ലായ്മയാണ് ഇതിലെ പ്രധാന പ്രശ്നമായി ഉയർന്നുവന്നത്. അന്നത്തെ പ്രതിപക്ഷകക്ഷികളോടോ ഭരണരംഗത്തുള്ളവരോടോ ഒരു ചർച്ചയ്ക്ക് തയ്യാറായിരുന്നില്ല. അന്നത്തെ യു.ഡി.എഫ്.ന്റെ ഉന്നതാധികാര സമിതി 2002 ജനുവരി 9-ന് കോവളത്തുചേർന്ന് സർക്കാർ ജീവനക്കരുടെ ആനുകൂല്യങ്ങൾ കവർന്നെടുക്കാൻ തീരുമാനിച്ചതിനെത്തുടർന്ന് ഇറങ്ങിയ ഉത്തരവിൽനിന്നാണ് ഇതിന്റെ പിന്നാമ്പുറങ്ങൾ കേരളം അറിഞ്ഞുതുടങ്ങിയത്. പല ഗഡുക്കളായി 200 ദശലക്ഷം ഡോളറാണ് കേരളത്തിന് ലഭിച്ചത്. അതിന്റെ കണക്ക് ഇവിടെ ഉദ്ധരിച്ചുകൊണ്ട് ഞാൻ ആവർത്തിക്കേണ്ടതില്ല. 2006 മുതൽ എം.ജി.പി. മുഖേന നടപ്പാക്കിയ പദ്ധതികളുടെ മൊത്തം ചെലവ് സംബന്ധിച്ച് ലഭിച്ച മറുപടി - 1154.12 കോടിരൂപ വായ്പയായി ലഭിച്ചുവെന്നും സംസ്ഥാനം 150 കോടിരൂപ ചെലവഴിച്ചിട്ടുണ്ടെന്നും 1300 കോടി രൂപയാണ് പദ്ധതിയുടെ യഥാർത്ഥ ചെലവെന്നുമാണ് സമിതിയെ അറിയിച്ചത്. 2006 മുതൽ തിരിച്ചടവ് ആരംഭിച്ചു. തുടക്കത്തിൽ 11.5 ശതമാനവും നിലവിൽ 9.5 ശതമാനവുമാണ് പലിശ. ഇക്കാര്യം ധനകാര്യവകുപ്പ് സമിതിയെ അറിയിക്കുകയുണ്ടായി. വായ്പയുടെ 30 ശതമാനം കേന്ദ്രഗ്രാന്റും ബാക്കി

70 ശതമാനം 15 വർഷംകൊണ്ട് തിരിച്ചടയ്ക്കണമെന്നും തിരിച്ചടവിൽ 5 വർഷത്തെ മൊറട്ടോറിയം ഉണ്ടായിരുന്നുവെന്നും ധനകാര്യവകുപ്പ് അറിയിക്കുകയുണ്ടായി. എന്നാൽ 9.8 ശതമാനം പലിശയും 25 വർഷം കാലാവധിയുമാണ് പദ്ധതിക്കുള്ളത്. ഇപ്രകാരമുള്ള വൈരുദ്ധ്യങ്ങളുടെ കണക്ക് പദ്ധതിയിലുടനീളം കാണാം.

സർക്കാർ സർവ്വീസിൽ എത്ര പഴക്കംചെന്ന ഫയലും സൂക്ഷിക്കാൻ സംവിധാനമുണ്ട്. പക്ഷേ എം.ജി.പി.യുടെ ഫയലുകൾ മാത്രം ലഭ്യമല്ല എന്ന വിശദീകരണം യുക്തിക്ക് നിരക്കുന്നതല്ല. അതായത് അന്ന് ഉയർന്ന വിമർശനത്തെ സാധൂകരിക്കുന്നതാണിത്. എസ്റ്റിമേറ്റ്സ് കമ്മിറ്റിക്കും ഇത് ബോദ്ധ്യമായിട്ടുണ്ട്. പൊതുഭരണവകുപ്പിനോട് ഫയലുകൾ ആവശ്യപ്പെടുമ്പോൾ അത് ഐ.ടി. വകുപ്പിലാണെന്നും ഐ.ടി. വകുപ്പിനോട് ആവശ്യപ്പെടുമ്പോൾ അത് സ്കാനിംഗിലാണെന്നും എല്ലാ ഫയലുകളും ലഭ്യമല്ലെന്നുമുള്ള ഉഴപ്പൻ മറുപടിയാണ് ലഭിച്ചത്. കേന്ദ്രസർക്കാർ മുഖേന ബജറ്റിൽ ഉൾപ്പെടുത്തിയാണ് ഈ ഫണ്ട് ലഭിച്ചത്. അതുകൊണ്ട് ഈ ഫണ്ടിന്റെ വിനിയോഗം ഓഡിറ്റിന് വിധേയമാക്കേണ്ടതാണ്. ഇവിടെ അവസാനത്തെ രണ്ടുവർഷത്തെ ഓഡിറ്റ് നടത്തിയതായി മാത്രമേ രേഖയുള്ളൂ. അതും റിപ്പോർട്ടായി പുറത്തുവന്നിട്ടില്ല. ഈ പദ്ധതി സംബന്ധിച്ച് ആവശ്യപ്പെട്ട വിവരങ്ങൾ പൂർണ്ണമായി നൽകാൻ ഉദ്യോഗസ്ഥർക്ക് കഴിഞ്ഞിട്ടില്ല. വിവിധ വകുപ്പുകൾക്ക് ലഭിച്ച തുക, ചെലവഴിച്ച തുക, ബാക്കി തുക, ഈ പദ്ധതിയുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥർ നടത്തിയ വിദേശയാത്രകൾ, തുക ചെലവഴിച്ചതിന്റെ ഓഡിറ്റ് റിപ്പോർട്ടുകൾ, പദ്ധതിയുടെ അവലോകന റിപ്പോർട്ടുകൾ, വായ്പാതിരിച്ചടവിന്റെ രേഖകൾ തുടങ്ങിയ, ഭരണസംവിധാനം കാര്യക്ഷമമാക്കാൻ കൊണ്ടുവന്ന ഈ പദ്ധതിയുമായി ബന്ധപ്പെട്ടവ പൂർണ്ണമായും ലഭ്യമായില്ല. ഇതെല്ലാം റിപ്പോർട്ടിൽ പ്രസ്താവിക്കുന്ന തീർത്തും വിരോധാഭാസമായ കാര്യങ്ങളാണ്. വിവിധ വകുപ്പുകൾ വിഭാവനം ചെയ്ത രീതിയിലായിരുന്നില്ല ഫണ്ട് വിനിയോഗം നടത്തിയത്. റവന്യൂ കമ്മി നികത്തൽ, വൺ ടൈം സെറ്റിൽമെന്റ്, ജീവനക്കാർക്ക് വി.ആർ.എസ്. നൽകൽ, സോഷ്യൽ സെക്യൂരിറ്റി നെറ്റ്വർക്ക് പ്രോജക്ട്, റിവൈവൽ വർക്കിംഗ് ക്യാപ്പിറ്റൽ, കോർപ്പറേഷനുകൾക്കുള്ള പ്രവർത്തനഫണ്ട് സ്വരൂപിക്കൽ തുടങ്ങിയവയ്ക്കൊക്കെയാണ് പ്രധാനമായും തുക ചെലവഴിച്ചത്. സർക്കാരിന്റെ ഓരോ രൂപയും ചെലവഴിക്കുന്നതിന് കൃത്യമായ നിയമവും വ്യവസ്ഥയും ഉണ്ടെന്നിരിക്കേ ഈ പദ്ധതിക്കായി വിവിധ വകുപ്പുകൾ തുക ചെലവഴിച്ചതുസംബന്ധിച്ച് മാർഗ്ഗരേഖകൾ ഇല്ലെന്നുള്ളത് അത്യന്തം ഗുരുതരമാണ്. 'കാട്ടിലെ മരം തേവരുടെ ആന വലിയെടാവലി' എന്ന് പണ്ട് നാട്ടിൽ ഒരു ചൊല്ലുണ്ട്. ആ മട്ടിലാണ് കാര്യങ്ങൾ നീങ്ങിയത്. പദ്ധതി നടപ്പാക്കുന്നതിന് ഏതെങ്കിലും ഏജൻസി തയ്യാറാക്കിയ മാർഗ്ഗരേഖയോ, ഒരു മാനദണ്ഡമോ ഉണ്ടായിരുന്നില്ല. വ്യവസായ വകുപ്പിൽ മാത്രമാണ് റിയാബ് മുഖേന പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കിയതായി കാണുന്നത്. പദ്ധതി നടപ്പാക്കിയ വകുപ്പുകളിൽ 10 ശതമാനം

സ്ഥാപനങ്ങളെ മാതൃകാസ്ഥാപനങ്ങളാക്കും എന്ന വാഗ്ദാനമുണ്ടായിരുന്നു. അത് എവിടെ, ഏതെല്ലാം വകുപ്പ് നടപ്പാക്കി എന്നുള്ളതിന് ഒരു രേഖയുമില്ല. പദ്ധതിയുടെ ഭാഗമായി ആരംഭിച്ച പല പദ്ധതികളും ഇതുവരെയും പൂത്തിയായിട്ടില്ല. പൂർത്തിയായവയുടെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റും ലഭ്യമല്ല. ജനങ്ങൾക്ക് മെച്ചപ്പെട്ട സേവനങ്ങൾ ലഭ്യമാക്കുന്നതിന് ലക്ഷ്യമിട്ട ഈ പദ്ധതിയിൽ പണം ചെലവഴിച്ചത് സിവിൽ സർവ്വീസിന്റെ ഘടനാപരമായ മാറ്റത്തിനും റവന്യൂ കമ്മി നികത്താനും പൊതുമേഖലാസ്ഥാപനങ്ങളിലെ ജീവനക്കാരുടെ വി.ആർ.എസ്. നൽകാനും കടങ്ങൾ തീർക്കാനുമായിരുന്നു. ഇതിലൂടെ എം.ജി.പി.യെക്കുറിച്ച് ഉയർന്നുവന്ന വിമർശനങ്ങൾ ശരിയായിരുന്നുവെന്നാണ് തെളിഞ്ഞത്. മഴവെള്ള സംഭരണികളുടെ നിർമ്മാണം, അംഗൻവാടികളുടെ നിർമ്മാണം, സ്പാർക്ക്, അക്ഷയാ സെന്റർ, ഇ-ഗവേണൻസ്, ജീവനക്കാരുടെ പരിശീലനം തുടങ്ങി ചില മാറ്റങ്ങൾ നടപ്പായിട്ടുണ്ട് എന്നുള്ളത് വസ്തുതയാണ്. എന്നാൽ ഇന്നും തുടരുന്ന ഈ പദ്ധതികളെല്ലാം പൂർണ്ണമായി നടപ്പാക്കിയത് ഈ ഫണ്ട് ഉപയോഗിച്ചാണോ; അത് വ്യക്തമല്ല. 2008-ൽ അന്നത്തെ എൽ.ഡി.എഫ്. സർക്കാർ ഈ പദ്ധതി അവസാനിപ്പിച്ചതാണ്. ഇത് നടപ്പാക്കാൻ തീരുമാനിച്ച എ.കെ. ആന്റണി സർക്കാർ പറഞ്ഞത് ജീവനക്കാരുടെ ആനുകൂല്യങ്ങളിൽനിന്നും 500 കോടി രൂപ പിടിച്ചെടുത്ത് കർഷകർക്ക് ആശ്വാസം നൽകാൻ പോകുന്നുവെന്നായിരുന്നു. ഇത്തരത്തിൽ ജീവനക്കാരെയും ബഹുജനങ്ങളെയും തമ്മിലടിപ്പിക്കുന്നതിനുള്ള ശ്രമങ്ങളും ഈ പദ്ധതിയുടെ ഭാഗമായി നടക്കുകയുണ്ടായി. അക്കാലത്ത് കർഷകത്തൊഴിലാളികൾ ഉൾപ്പെടെയുള്ളവരുടെ ക്ഷേമപെൻഷനുകൾ കുടിശ്ശികയാകുന്ന സ്ഥിതിയാണ് സംസ്ഥാനത്തുണ്ടായത്. യുവാക്കളുൾപ്പെടെയുള്ളവർക്ക് തൊഴിലവസരങ്ങൾ നഷ്ടപ്പെടുമെന്ന ആശങ്കയാണ് അത് സൃഷ്ടിച്ചത്.

നമ്മുടെ ആരോഗ്യമേഖല വിശ്വപ്രസിദ്ധമാണ്. അതിനെ ഗുണപരമായി നയിക്കുന്നതിനുപകരം തകർക്കപ്പെടുന്ന അവസ്ഥയാണ് ഇതിലെ പല ശിപാർശകളിലും കണ്ടത്. അതും ജനങ്ങളിൽ വ്യാപകമായ ആശങ്കയ്ക്കിടയാക്കി. സുതാര്യവും കാര്യക്ഷമവും ഘടനാപരവുമായ മാറ്റത്തിനാണ് എം.ജി.പി. ലക്ഷ്യമിട്ടതെന്നാണ് പറഞ്ഞതെങ്കിലും കാര്യങ്ങൾ നീങ്ങിയത് ആ ദിശയിലായിരുന്നില്ല. ഈ പദ്ധതി നടപ്പാക്കിയപ്പോൾ ഒരു കാര്യത്തിലും സുതാര്യതയും കാര്യക്ഷമതയും ഉണ്ടായില്ല എന്നുള്ളതാണ് നമുക്ക് കാണാൻ കഴിയുന്നത്.

എസ്റ്റിമേറ്റ്സ് കമ്മിറ്റിക്ക് അത് പൂർണ്ണമായി ബോദ്ധ്യപ്പെട്ടിരിക്കുന്നു. ആ റിപ്പോർട്ടാണ് നമ്മുടെ മുന്നിലുള്ളത്. ഒരു പദ്ധതി നടപ്പാക്കുമ്പോൾ അതിനോട് ആർക്കെങ്കിലും ഒരു അക്കൗണ്ടബിലിറ്റി വേണം. ഇക്കാര്യത്തിൽ അത് ഉണ്ടായില്ല. പണം ചെലവഴിച്ചതിന് കൃത്യമായ കണക്കോ ഓഡിറ്റിംഗോ ഉണ്ടായില്ല. ഫയലുകൾ പോലും കാണാനില്ല. പദ്ധതി അവലോകനമോ കൃത്യമായ മോണിറ്ററിംഗോ

ഉണ്ടായില്ല. ഇതെല്ലാം വ്യക്തമാക്കുന്നത് അന്ന് ഉയർന്നുവന്ന വിമർശനങ്ങളെല്ലാം ശരിയായിരുന്നുവെന്നുള്ളതാണ്. കുടിവെള്ളം സ്വകാര്യവത്കരിക്കുന്നതിനും ചാർജജ് വർദ്ധിപ്പിക്കുന്നതിനും കഴിഞ്ഞ സർക്കാർ എടുത്ത തീരുമാനം, ജീവനക്കാരുടെ ആനുകൂല്യങ്ങൾ കവർന്നെടുത്തത്, പെൻഷൻ സ്വകാര്യവത്കരണം എല്ലാം ഈ പദ്ധതിയുടെ ഭാഗമായിരുന്നു. അതുകൊണ്ടാണ് 2008-ലെ എൽ.ഡി.എഫ്. സർക്കാർ ഈ പദ്ധതി അവസാനിപ്പിക്കാൻ തയ്യാറായത്. എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ കണ്ടെത്തലുകളും സഭയുടെ വികാരവും മാനിച്ച് ഇതുസംബന്ധിച്ച് സർക്കാർ വിശദമായ പരിശോധന നടത്തുമെന്ന് അറിയിക്കാൻ എനിക്ക് സന്തോഷമുണ്ട്. ഭരണപരിഷ്കരണ രംഗത്ത് ഭരണയന്ത്രം ഫലപ്രദമായെങ്കിൽ മാത്രമേ സർക്കാർ നടപ്പിലാക്കുന്ന ക്ഷേമപദ്ധതികൾ ജനങ്ങളിലേയ്ക്ക് എത്തിച്ചേരുകയുള്ളൂ. ഇത്തരം പരിഷ്കാരങ്ങൾ ജനതാൽപ്പര്യം കണക്കിലെടുത്തുകൊണ്ട് നടപ്പിലാക്കിയില്ലെങ്കിൽ ജനങ്ങളിൽ നിന്ന് ശക്തമായ പ്രതിഷേധം ഉയർന്നുവരുമെന്നതിന്റെ അനുഭവം കൂടിയാണ് എം.ജി.പി. വ്യക്തമാക്കുന്നത്. കേരളത്തിന്റെ ഭരണരംഗം നവീകരിക്കപ്പെടണം എന്ന കാര്യത്തിൽ എല്ലാവരും യോജിച്ചിട്ടുണ്ട്. അതിൽ ആർക്കും തർക്കമില്ല. അതിന് ഉതകുന്ന ഇടപെടൽ ഈ സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകും. കേരളത്തിൽ അതത് ഘട്ടങ്ങളിൽ നിലവിലുണ്ടായിരുന്ന ഭരണകമ്മീഷന്റെ അനുഭവങ്ങൾ ഉൾക്കൊണ്ടുകൊണ്ട് വർത്തമാനകാലത്ത് ഈ രംഗത്തുവന്നിട്ടുള്ള പുതിയ പ്രശ്നങ്ങളെ അഭിമുഖീകരിക്കുന്നതിനുവേണ്ടിയുള്ള ശിപാർശകൾ സമർപ്പിക്കുന്നതിനുവേണ്ടിയാണ് ശ്രീ. വി. എസ്. അച്യുതാനന്ദൻ അധ്യക്ഷനായ കമ്മീഷൻ രൂപീകരിച്ചിട്ടുള്ളത്. അത് ശ്രീ. കെ. സി. ജോസഫിനും വ്യക്തതയുള്ള കാര്യമാണ്. സിവിൽ സർവ്വീസിന്റെ നവീകരണം ജനകീയ താല്പര്യങ്ങൾ മുൻനിർത്തിക്കൊണ്ട് നടപ്പിലാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. ആരോഗ്യകരമായ തൊഴിൽബന്ധങ്ങൾ വളർത്തിയെടുക്കാനും ജനകീയ താല്പര്യങ്ങൾ സംരക്ഷിക്കാനുമുതകുന്ന ഭരണപരിഷ്കാരങ്ങൾക്കായിരിക്കും സർക്കാർ നേതൃത്വം നൽകുന്നത്. ഇ-ഗവേണൻസ് സമ്പ്രദായമുൾപ്പെടെ ഫലപ്രദമായി ഈ രംഗത്തെ ഉപയോഗപ്പെടുത്തുന്നതിനും സർക്കാർ മുന്തിയ പരിഗണന നൽകിക്കൊണ്ട് ഭരണയന്ത്രത്തെ ജനകീയമാക്കുന്നതിൽ ഇടപെടും. ഭരണയന്ത്രത്തെ ജനസൗഹാർദ്ദപരമാക്കുന്നതിനുള്ള നടപടികളുമായി സർക്കാർ മുന്നോട്ടുപോകും. ജനങ്ങളുടെ ജീവിതപ്രശ്നങ്ങളാണ് ഓരോ ഫയലിലും ഉള്ളത് എന്നിടത്തുതന്നെയാണ് സർക്കാർ നിൽക്കുന്നത്. അവ നീങ്ങുന്നതിന് എടുക്കുന്ന കാലതാമസം പരിഹരിക്കുന്നതിനുള്ള നടപടികൾ ശക്തമായി മുന്നോട്ടുകൊണ്ടുപോകുന്നുണ്ട്. ഏകജാലക സംവിധാനം ശക്തിപ്പെടുത്തുകതന്നെ ചെയ്യും. സ്റ്റേറ്റ് സിവിൽ സർവീസ് കേഡർ രൂപീകരിക്കും. ഡയറക്ടറേറ്റ് മാതൃകയിൽ വികേന്ദ്രീകൃതവും ഫലപ്രദവുമായ സംവിധാനം കൊണ്ടുവരും. കാലഹരണപ്പെട്ട നിയമങ്ങൾ റദ്ദാക്കിയും മറ്റുള്ളവ പരിഷ്കരിച്ചും മുന്നോട്ടു പോകും. ഭരണ നിർവ്വഹണ മാന്വൽ സമഗ്രമായി പരിഷ്കരിക്കും. ഭരണഭാഷ മലയാളത്തിലാക്കുകയും കോടതിഭാഷ ഘട്ടംഘട്ടമായി മലയാളത്തിലാക്കുന്നതിനുള്ള

ഇടപെടലുകൾ നടത്തുകയും ചെയ്യും. ഇത്തരത്തിൽ ജനസൗഹാർദ്ദപരമായ ഒരു സിവിൽ സർവ്വീസിനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. എങ്കിൽമാത്രമേ ജനോപകാര പ്രദമായ പദ്ധതികൾ ശരിയായ അർത്ഥത്തിൽ നടപ്പിലാക്കാൻ കഴിയൂ എന്ന് സർക്കാർ തിരിച്ചറിയുന്നു. അതിനായുള്ള ഇടപെടലിന് സർക്കാർ നേതൃത്വം നൽകും. ആ ഇടപെടലുകൾക്ക് ഈ ചർച്ചയും ഒരു ഉത്തേജകമായി മാറും എന്നാണ് എനിക്ക് പ്രസ്താവിക്കാനുള്ളത്.

<u>ശ്രീ. പി. ടി. തോമസ്</u>: സർ, ഭരണനവീകരണ ചർച്ചയ്ക്ക് മറുപടി പറഞ്ഞു കൊണ്ട് ഗവൺമെന്റിന്റെ നയപരിപാടികളും എ.ഡി.ബി.യുടെ പോരായ്മകളും ആ കാലത്ത് നടന്ന സർക്കാർ ജീവനക്കാരുടെ സമരമുൾപ്പെടെയുള്ള ഒട്ടേറെ കാര്യങ്ങൾ പരാമർശിച്ചു. എന്നാൽ 1996-2001 -ലെ നായനാർ ഗവൺമെന്റിൽ ധനകാര്യ വകുപ്പുമന്ത്രിയായിരുന്ന ബഹുമാന്യനായ ടി. ശിവദാസമേനോനും, എന്റെ ഓർമ്മ ശരിയാണെങ്കിൽ, ഇപ്പോഴത്തെ ധനകാര്യ വകുപ്പുസെക്രട്ടറിയായ ഡോ. കെ. എം. എബ്രഹാമും ഉൾപ്പെടെയുള്ളവരാണ് എ.ഡി.ബി. കരാറുണ്ടാക്കുന്നതിനുള്ള എല്ലാ നടപടികളും പൂർത്തിയാക്കിയത്. ആ കരാറിന്റെ അടിസ്ഥാനത്തിലുള്ള പണം ചെലവഴിച്ചത് എ. കെ. ആന്റണി ഗവൺമെന്റിന്റെ കാലത്താണ് എന്ന ഉത്തരവാദിത്വം മാത്രമാണ് യു.ഡി.എഫ്. ഗവൺമെന്റിനുള്ളത്, അതിനുശേഷം ശ്രീ. വി. എസ്. അച്യുതാനന്ദനും. 2001-2006-ൽ ഈ സഭയിലുണ്ടായിരുന്ന ഒരു എളിയ അംഗമെന്ന നിലയിൽ ഇതുസംബന്ധിച്ച് 10-12 പ്രാവശ്യം സഭയിൽ തർക്കം നടക്കുകയും അതുമായി ബന്ധപ്പെട്ട് "എ.ഡി.ബിയും പ്രത്യയശാസ്ത്രശാഠ്യങ്ങളും" എന്നുപറഞ്ഞ് ഞാനൊരു പുസ്തകം പബ്ലിഷ് ചെയ്യുകയും ചെയ്തിട്ടുണ്ട്. അതിൽ ഇടതുപക്ഷ ഗവൺമെന്റുണ്ടാക്കിയ മുഴുവൻ കരാറുകളുടെയും രേഖ ഞാൻ ചേർത്തിട്ടുണ്ട്. ആ പുസ്തകം ഇന്ന് എന്റെ കൈവശമില്ല. അത് ഞാൻ ഹാജരാക്കാം. അതുകൊണ്ട് യു.ഡി.എഫ്. ഗവൺമെന്റിനെ കുറ്റപ്പെടുത്താൻ അങ്ങയെപ്പോലുള്ള ഒരു മുഖ്യമന്ത്രി ശ്രമിച്ചത് അത്യന്തം ഖേദകരമാണ്, അത് തെറ്റാണ്. ആ പരാമർശം ദയവായി അങ്ങ് പിൻവലിക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു.

<u>ശ്രീ. പിണറായി വിജയൻ</u>: സർ, ഇവിടെ എ.ഡി.ബി. എന്ന പേരിനോടല്ല എതിർപ്പുള്ളത്. ഏത് വായ്പയും വാങ്ങാമെന്ന കാര്യം ഞാൻ നേരത്തേ പറഞ്ഞിരുന്നു. പക്ഷേ വ്യവസ്ഥകൾ സംസ്ഥാനത്തിന്റെ താല്പര്യങ്ങൾ സംരക്ഷിക്കാനുതകുന്ന വയായിരിക്കണം. എ.ഡി.ബി. സംസ്ഥാനത്തിനുമേൽ അടിച്ചേൽപ്പിക്കാൻ ശ്രമിച്ച വ്യവസ്ഥകൾ സംസ്ഥാനത്തിന് തീർത്തും ഹാനികരമായിരുന്നു. അതാണ് ഈ പദ്ധതിയുടെ ഏറ്റവും അപകടകരമായ അവസ്ഥ. അതുകൊണ്ടാണ് ആ ഘട്ടത്തിൽ തന്നെ കടുത്ത എതിർപ്പ് ഉയർന്നുവരാനിടയായത്. അങ്ങ് അത് മനസ്സിലാക്കാതെയാണ് അങ്ങയുടെ പുസ്തകത്തെക്കുറിച്ച് പ്രതിപാദിച്ചത് എന്നാണ് തോന്നുന്നത്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, ഈ പറയുന്ന കരാറിലെ വ്യവസ്ഥയിൽ 500 കോടി രൂപ ചെലവാക്കിയിരിക്കുന്നത് വാട്ടർ സപ്ലൈ സ്കീമിനാണ്. വാട്ടർ സപ്ലൈ സ്കീമിനെക്കുറിച്ച് അന്ന് എ.ഡി.ബി.യുടെ നിബന്ധനയുണ്ടായിരുന്നു.

ബൾക്ക് വാട്ടർ സപ്ലൈ ആയി ജലവിതരണം നിർത്തുകയും അതേ സമയം ഡിസ്ട്രിബ്യൂഷൻ മുഴുവൻ അതിനപ്പുറത്തേയ്ക്ക് കൊടുക്കുകയും ചെയ്യുക. എല്ലാ കാലത്തും അധികാരത്തിൽവന്ന ഗവൺമെന്റുകൾ അതിനെ എതിർത്തിട്ടുണ്ട്. പക്ഷേ ഇന്ന് ജലവിഭവ വകുപ്പുമന്ത്രി ഇവിടെ സംസാരിച്ചപ്പോൾ ബൾക്ക് വാട്ടർ സപ്ലൈയാണ് ഞങ്ങൾ നടത്താൻ പോകുന്നത് എന്ന ധ്വനി വരത്തക്കവിധത്തിൽ, ഒരു പക്ഷേ വാക്കുകൾ അതായിരിക്കില്ല, ഈ സഭയിൽ രണ്ട് പ്രാവശ്യം പറഞ്ഞു.

മി. സ്പീക്കർ: ദയവായി അതിന്റെ ചർച്ചയിലേയ്ക്ക് പോകരുത്. ഇപ്പോൾ റിപ്പോർട്ടിനെ സംബന്ധിച്ചാണ് ചർച്ച ചെയ്യുന്നത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: അങ്ങ് സ്വീകരിച്ച നിലപാടിനോട് ഞാൻ പൂർണ്ണമായും യോജിക്കുന്നു. ഗവൺമെന്റിന്റെ സ്റ്റാന്റ് ബൾക്ക് വാട്ടർ സപ്ലൈയിൽ മാത്രമായി നിൽക്കുന്നതാണോ അതോ ഡിസ്ട്രിബ്യൂഷൻ സിസ്റ്റം കൂടി നമ്മുടെ ഗവൺമെന്റിന്റെ ഉത്തരവാദിത്വത്തിൽ ഉൾപ്പെടുത്തുമോ?

മി. സ്പീക്കർ: അദ്ദേഹം സംസാരിക്കട്ടെ.

ശ്രീ. മാത്യൂ റ്റി. തോമസ്: പണം ചെലവഴിച്ച് നടപ്പാക്കിയ ജലനിധിയിൽ ജലലഭ്യതയില്ലാത്ത സ്ഥലങ്ങളിൽ വാട്ടർ അതോറിറ്റി ബൾക്ക് വാട്ടർ ജലനിധി പദ്ധതിക്ക് കൊടുക്കുമെന്നാണ് പറഞ്ഞത്.

മി. സ്പീക്കർ: കേരള നിയമസഭയിൽ രണ്ടാമതായാണ് നിയമസഭാ സമിതിയുടെ ഒരു റിപ്പോർട്ട് ചർച്ചചെയ്യുന്നത്. നിയമസഭാ സമിതി എന്നത് നിയമസഭയുടെ ഒരു പരിച്ഛേദം തന്നെയാണ്. നിയമസഭാ സമിതിയുടെ അന്തസ്സും അധികാരവും ഉയർത്തിപ്പിടിക്കാൻ ചെയർ ബാദ്ധ്യസ്ഥമാണ്. അതുകൊണ്ട് ഇനിയും ഇത്തരം അവസരങ്ങൾ ഉപയോഗപ്പെടുത്തുവാൻ ചെയർ ശ്രമിക്കും. ബഹുമാനപ്പെട്ട അംഗങ്ങൾ അതിനോട് സഹകരിക്കണമെന്ന് അറിയിക്കുകയാണ്. ഈ ചർച്ചയിൽ സജീവമായി പങ്കെടുക്കുകയും കൃത്യമായ അഭിപ്രായപ്രകടനങ്ങൾ നടത്തുകയുംചെയ്ത എല്ലാ അംഗങ്ങളേയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെയും ചെയർ അനുമോദിക്കുകയാണ്. നിയമസഭാ സമിതി റിപ്പോർട്ട് ഗൗരവമായികണ്ട് നടപടികൾ സ്വീകരിക്കുമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി അറിയിച്ചിട്ടുണ്ട്.

ഓർഡർ...... ഓർഡർ........ സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2016 ഒക്ടോബർ മാസം 27-ാം തീയതി വ്യാഴാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ വൈകുന്നേരം 4.39-ന് പിരിഞ്ഞു.)

---